# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

2023 ഫെബ്രുവരി 27, തിങ്കൾ

## ഔദ്യോഗിക റിപ്പോർട്ട്

വാല്യം 191 - നമ്പർ 9

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### എട്ടാം സമ്മേളനം

2023 ഫെബ്രുവരി 27, തിങ്കൾ

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ശ്രീ. എ. എം. ബഷീർ

ചീഫ് എഡിറ്റർ
ശ്രീമതി എസ്. ജയശ്രീ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി | : | ശ്രീ. എം. ബി. രാജേഷ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ് |

## ഉള്ളടക്കം

### I. ചോദ്യോത്തരങ്ങൾ

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ
(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു)

### II. അടിയന്തരപ്രമേയം

യൂത്ത് കോൺഗ്രസ് നേതാക്കൾക്ക് പോലീസ് മർദ്ദനം
( അവതരണാനുമതി നിഷേധിച്ചു)

### III. റിപ്പോർട്ടുകളുടെ സമർപ്പണം

1. 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനസംബന്ധിച്ച I മുതൽ XIV വരെയുള്ള സബ്ജക്ട് കമ്മിറ്റികളുടെ മൂന്നാമത് റിപ്പോർട്ട്
2. ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട്

### IV. നിയമനിർമ്മാണകാര്യം:

(1) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും:

(i) 2022-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ.

(ii) 2022-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ.

(2) 2023-ലെ കേരള ധനവിനിയോഗ ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

**അനുബന്ധം** I,II,III

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### എട്ടാം സമ്മേളനം

2023 ഫെബ്രുവരി 27, തിങ്കൾ

---

വാല്യം 191} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 9

---

നിയമസഭ 2023 ഫെബ്രുവരി മാസം 27-ാം തീയതി തിങ്കളാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**I ചോദ്യോത്തരങ്ങൾ**

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ..... ഓർഡർ.... ചോദ്യം നം. (*181)

### കേരള ബാങ്കിന്റെ നിഷ്ക്രിയ ആസ്തി കുറയ്ക്കാൻ നടപടി

1 (*181) ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന്റെ നിഷ്ക്രിയ ആസ്തി കുറച്ചുകൊണ്ടുവരുന്നതിന് ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്ലാൻ കാര്യക്ഷമമായി നടപ്പിലാക്കിയതിലൂടെ നിഷ്ക്രിയ ആസ്തി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കടക്കെണിയിൽനിന്നും ചെറുകിട കച്ചവടക്കാരെ രക്ഷിക്കാനായി കുടിശ്ശികയുള്ള വായ്പകളുടെ മുതലിൽ ഇളവ് നൽകാൻ കേരള ബാങ്ക് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നതിനും ചെറുകിട കച്ചവടക്കാർ, കുടുംബശ്രീ അംഗങ്ങൾ തുടങ്ങിയവർക്ക് ജാമ്യമില്ലാതെ വായ്പ

നൽകുന്നതിനുമായി കേരള ബാങ്ക് കെ. ബി. 'സുവിധ' പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, (എ) കേരള ബാങ്കിന്റെ നിഷ്ക്രിയ ആസ്തി കുറച്ചുകൊണ്ടുവരുന്നതിന് ആക്ഷൻ പ്ലാൻ നടപ്പിലാക്കുകയും അപ്രകാരം ജില്ലകളിൽ നല്ല രീതിയിലുള്ള പ്രവർത്തനം നടന്നുവരുകയും ചെയ്യുന്നുണ്ട്. ആക്ഷൻ പ്ലാൻ (SMA (Special Mentioned Asset) Management, NPA Recovery) പ്രകാരമുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കിയതോടെ കേരളാ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. കേരള ബാങ്കിന്റെ രൂപീകരണത്തിനുശേഷം നിഷ്ക്രിയ ആസ്തിയിൽ ചുവടെ പറയും പ്രകാരം കുറവ് വരുത്തുന്നതിന് സാധിച്ചിട്ടുണ്ട്.

| തീയതി | തുക കോടിയിൽ |
|---|---|
| 29-11-2019 | 8833.95 |
| 31-03-2020 | 6126.55 |
| 31-03-2021 | 5738.60 |
| 31-03-2022 | 5466.53 |

നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിനായി 31-03-2023 വരെയുള്ള കാലയളവിൽ കേരളാ ബാങ്കിൽ നവകേരളീയം ഒറ്റതവണ തീർപ്പാക്കൽ പദ്ധതി എന്ന പേരിൽ കുടിശ്ശിക നിവാരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ബാങ്കിന്റെ നിഷ്ക്രിയ ആസ്തി 7 ശതമാനത്തിൽ താഴെ എത്തിക്കുന്നതിനാണ് പദ്ധതിയിലൂടെ ലക്ഷ്യമാക്കുന്നത്.

(ബി) കടക്കെണിയിൽനിന്നും ചെറുകിട കച്ചവടക്കാരെ രക്ഷിക്കാനായി നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി പ്രകാരവും റിക്കവറി മാനേജ്മെന്റ് പോളിസി കോംപ്രമൈസ് സെറ്റിൽമെന്റ് സ്കീം പ്രകാരവും ഇളവുകളോടുകൂടി വായ്പ കുടിശ്ശിക തീർക്കുന്നതിന്/വായ്പാ കണക്ക് അവസാനിപ്പിക്കുന്നതിന് അവസരമുണ്ട്. എന്നാൽ യാതൊരുവിധ ആസ്തിയോ വരുമാനമോ ഇല്ലാത്ത ചെറുകിട കച്ചവടക്കാരുടെ കുടിശ്ശിക വായ്പകളിൽ സഹകരണ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ബാങ്കിന്റെ പൊതുയോഗം, സഹകരണ സംഘം രജിസ്ട്രാർ എന്നിവരുടെ അംഗീകാരത്തോടുകൂടി മുതലിൽ ഇളവ് അനുവദിച്ച് വായ്പാ കണക്ക് അവസാനിപ്പിക്കുന്നതിന് അവസരം നൽകാറുണ്ട്.

(സി) ഉല്പാദന, സേവന, വിപണന മേഖലയിലെ സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും ഉപജീവനത്തിനായി ഇരുചക്ര വാഹനങ്ങൾ

ഉൾപ്പെടെയുള്ള ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നവർക്കും ബസ് ഉടമകൾക്കും ലഘു ജാമ്യവ്യവസ്ഥയിൽ കേരള ബാങ്ക് അനുവദിക്കുന്ന വായ്പയാണ് കെ. ബി. പ്ലസ് വായ്പ. പരമാവധി 5 ലക്ഷം രൂപ (ബസ് ഉടമകൾക്കും ചെറുകിട കച്ചവടക്കാർക്കും 2 ലക്ഷം രൂപ വരെ) അനുവദിച്ചുവരുന്നുണ്ട്. കെ.ബി മൈക്രോഫിനാൻസ് വായ്പാ പദ്ധതി മുഖേന കുടുംബശ്രീ ഗ്രൂപ്പുകൾക്കും മറ്റ് അംഗീകൃത NGO ഗ്രൂപ്പുകൾക്കും പരമാവധി 20 ലക്ഷം രൂപ വരെ അനുവദിച്ചുവരുന്നു.

<u>ശ്രീ. പി. ബാലചന്ദ്രൻ</u>: സർ, കേരള ബാങ്കിന്റെ നിഷ്ക്രിയ ആസ്തി ഏത് ജില്ലയിലാണ് ഏറ്റവും കൂടുതലെന്ന് വിവരിക്കാമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, ജില്ല തിരിച്ചുള്ള കണക്കെടുത്തിട്ടില്ല. സംസ്ഥാനത്തെ പൊതുകണക്ക് എടുത്തപ്പോൾ, ലയനപ്രക്രിയയുടെ സമയത്ത് 29 ശതമാനമായിരുന്ന നിഷ്ക്രിയ ആസ്തി പതിമൂന്ന് ശതമാനത്തോളമായി കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിരിക്കുന്നുവെന്നതാണ് ഏറ്റവും അവസാനത്തെ ഓഡിറ്റ് റിപ്പോർട്ട്.

<u>ശ്രീ. പി. ബാലചന്ദ്രൻ</u>: സർ, നിഷ്ക്രിയ ആസ്തി കുറച്ചു കൊണ്ടുവരുന്നതിനുവേണ്ടിയുള്ള പദ്ധതികളെപ്പറ്റി അങ്ങ് വിശദീകരിച്ചു. ഏതെങ്കിലും ഏജൻസികളെ ഇതിനായി നിയോഗിച്ചിട്ടുണ്ടോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, കേരള ബാങ്ക് ഏജൻസിയെ നിയോഗിച്ചിട്ടില്ല. എന്നാൽ അടുത്ത കാലത്ത് ലയിച്ച മലപ്പുറം ജില്ലാ ബാങ്കിൽ അത്തരം ചില നടപടികൾ സ്വീകരിച്ചിരുന്നതായി കണ്ടിട്ടുണ്ട്. അക്കാര്യം പരിശോധിച്ചുവരികയാണ്.

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, കേരളത്തിലെ സഹകരണ പ്രസ്ഥാനം രാജ്യത്തിനുതന്നെ മാതൃകയാണ്. ഈ മേഖലയിലെ ഒറ്റപ്പെട്ട ചില സംഭവങ്ങളെ പർവതീകരിച്ച് കാണിക്കുവാനും സഹകരണമേഖല ആകെ കുഴപ്പത്തിലാണെന്ന് വരുത്തിത്തീർക്കാനുമുള്ള സംഘടിത ശ്രമങ്ങൾ നടക്കുന്നുണ്ട്. കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ കുറ്റമറ്റനിലയിൽ മുന്നോട്ട് നയിക്കുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, ഇതിനോടകം നടപടികൾ സ്വീകരിച്ച് കഴിഞ്ഞിട്ടുണ്ട്. ഇക്കഴിഞ്ഞ നിക്ഷേപ സമാഹരണത്തിൽ 6,000 കോടി രൂപ ലക്ഷ്യമിട്ടതിൽ 9,960 കോടി രൂപ സമാഹരിക്കാൻ കഴിഞ്ഞുവെന്നുള്ളത് ഈ മേഖലയിലെ സ്വീകാര്യതയും വിശ്വാസ്യതയും സൂചിപ്പിക്കുന്നതാണ്. അതോടൊപ്പം വരുംകാലങ്ങളിൽ ഏതെങ്കിലും

തരത്തിലുള്ള ക്രമക്കേടുകളുണ്ടാകാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുകഴിഞ്ഞിട്ടുമുണ്ട്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, നമ്മുടെ രാജ്യത്ത് മോദി സർക്കാർ വന്നതിനുശേഷം കിട്ടാക്കടമായി കിടക്കുന്ന തുകയിൽ ഏതാണ്ട് 10 ലക്ഷം കോടി രൂപ എഴുതിത്തള്ളിയതിൽ ഏതാണ്ട് 90 ശതമാനവും കോർപ്പറേറ്റുകളുടെ ലോണുകളാണ്. സഹകരണ പ്രസ്ഥാനത്തിൽനിന്ന് ലോണെടുക്കുന്നവർ വളരെ സാധാരണക്കാരും പാവപ്പെട്ടവരുമാണ്. അത്തരം ലോണുകൾ എഴുതിത്തള്ളുകയോ തിരിച്ചടവിന്റെ ഭാഗമായി എന്തെങ്കിലും സ്കീമുകൾ ആരംഭിക്കുകയോ ചെയ്തിട്ടുണ്ടോ; അതോടൊപ്പം കേന്ദ്ര സർക്കാർ സഹകരണ മേഖലയിൽ ഇടപെട്ട് പ്രാദേശികമായി പ്രാഥമിക കാർഷിക വായ്പാ സൊസൈറ്റികളും സഹകരണ സൊസൈറ്റികളും രൂപീകരിച്ചുകൊണ്ട് ലോണുകളെടുക്കുന്ന ആളുകളെ ബുദ്ധിമുട്ടിക്കാനുള്ള ശ്രമങ്ങൾ നടത്തുമ്പോൾ അതിനെ നിയന്ത്രിക്കാനും അത്തരം ആളുകളെ സഹായിക്കാനും കഴിയാത്ത സാഹചര്യം വരും. അതിനുള്ള എന്തെങ്കിലും നടപടി സർക്കാർ മുൻകൂട്ടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, സംസ്ഥാനത്ത് വായ്പ എടുക്കുന്നവരെ സഹായിക്കാനായി വൺ ടൈം സെറ്റിൽമെന്റ് പ്രഖ്യാപിച്ച് പിഴപ്പലിശയും

അതുപോലെ പലിശയുടെ 50 ശതമാനവും ഇളവ് ചെയ്യുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്. നമുക്ക് വായ്പ പൂർണ്ണമായും എഴുതിത്തള്ളാനുള്ള വകുപ്പില്ല. നാട്ടുകാരുടെ പണമാണ് ബാങ്കിൽ വരുന്നത്. അവർക്കത് തിരികെ കൊടുത്തേ മതിയാകൂ. അതോടൊപ്പം കേന്ദ്ര സർക്കാർ പുതുതായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സംഘങ്ങളുടെ കാര്യം സൂചിപ്പിച്ചു. ഇപ്പോൾതന്നെ കാർഷിക ക്ഷീരമേഖലകളിലും മത്സ്യബന്ധന മേഖലയിലും മറ്റിതര പരമ്പരാഗത വ്യവസായങ്ങളിലുമൊക്കെ നമുക്ക് സംഘങ്ങളുണ്ട്. അതിലേയ്ക്ക് പുതിയതായി സംഘങ്ങൾ കടന്നുവരേണ്ടകാര്യം ഇന്ന് നമ്മുടെ സംസ്ഥാനത്തില്ല. ആ നീക്കം പ്രതിഷേധാർഹമാണ്. നമ്മുടെ നിലപാട് കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, കേരള ബാങ്കിന്റെ നിഷ്ക്രിയ ആസ്തി കുറച്ചുകൊണ്ടുവരാനുള്ള നടപടി ഫലം കണ്ടുതുടങ്ങിയിട്ടുണ്ട്. അത് നല്ല ഇടപെടലായി കണക്കാക്കുകയാണ്. കേന്ദ്ര സർക്കാർ രൂപീകരിച്ച നാഷണൽ അസറ്റ് റീകൺസ്ട്രക്ഷൻ കമ്പനി ലിമിറ്റഡ് ബാഡ് ബാങ്ക് എന്നാണ് അറിയപ്പെടുന്നത്. അതിന്റെ സഹായം ബാങ്കുകളുടെ കിട്ടാക്കടത്തിന്റെ പ്രതിസന്ധി പരിഹരിക്കുന്നതിനായി കേരള ബാങ്കിന് ലഭിക്കാൻ സാധ്യതയുണ്ടോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, ഇതുവരെ ഒന്നും ലഭ്യമായിട്ടില്ല.

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, അങ്ങേയ്ക്ക് അറിയാവുന്നതുപോലെ ഇന്ന് കേരളത്തിലെ ബഹുഭൂരിപക്ഷം ആളുകളും ആശ്രയിക്കുന്നത് ഷെഡ്യൂൾഡ് ബാങ്കുകളെയാണ്. അവർ സർഫാസി ആക്ട് പ്രകാരം നടപടിയെടുക്കുമ്പോൾ കൂടുതൽ പ്രയാസപ്പെടുന്നത് 5 സെന്റും 4 സെന്റും 3 സെന്റും സ്ഥലമുള്ള പാവപ്പെട്ട ആളുകളാണ്. കേരള ബാങ്കിന്റെ കാര്യം സർക്കാരിന് തീരുമാനിക്കാവുന്നതേയുള്ളൂ. എന്നാൽ മറ്റ് ബാങ്കുകളോട് സർക്കാരിന് റിക്വസ്റ്റ് ചെയ്യാൻ മാത്രമേ സാധിക്കുകയുള്ളൂ. സർക്കാരിന്റെ ആർജ്ജവും ഇച്ഛാശക്തിയും ഉപയോഗിച്ച് തീരുമാനമെടുക്കാൻ കഴിയുന്ന കാര്യമാണിത്. കോവിഡിനും പ്രളയത്തിനും ശേഷമുള്ള ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ ഒന്നോ രണ്ടോ വർഷത്തേയ്ക്കെങ്കിലും 5 സെന്റിലും 3 സെന്റിലും താഴെയുള്ളതിന്റെ റിക്കവറി സസ്പെൻഡ് ചെയ്യാൻ കേരള ബാങ്കിന് കഴിയുമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, കേരള ബാങ്ക് പൂർണ്ണമായും റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിയന്ത്രണത്തിലാണ്. 5 സെന്റിൽ താഴെ സ്ഥലമുള്ളവരുടെ സ്ഥലം റിക്കവറി ചെയ്ത് അവരെ ഇറക്കിവിടുന്ന സമീപനം

സ്വീകരിക്കുകയെന്നത് ഗവൺമെന്റിന്റെ പൊതുനയമല്ല. അത് ഇതിനോടകംതന്നെ ഞങ്ങൾ നടപ്പാക്കിക്കഴിഞ്ഞിട്ടുമുണ്ട്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, എൻ.പി.എ. കുറയ്ക്കാനെന്നപേരിൽ ബാങ്ക് ജപ്തിപോലുള്ള നടപടികളിലേയ്ക്ക് കടക്കുന്നതായി വലിയ വാർത്തകൾ വരാറുണ്ട്. അത്തരം കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, എൻ.പി.എ. കുറച്ചുകൊണ്ടുവരാൻ പരമാവധി വായ്പക്കാരെ കണ്ടും വൺ ടൈം സെറ്റിൽമെന്റ് നടപ്പാക്കിയും നല്ല ശ്രമങ്ങളാണ് ബാങ്കുകൾ നടത്തിക്കൊണ്ടിരിക്കുന്നത്. സർഫാസി ആക്ട് നടപ്പാക്കുകയെന്നത് കേന്ദ്ര ഗവൺമെന്റിന്റെ നയമാണ്. അത് കേരള ബാങ്ക് നടപ്പാക്കണമെന്ന് ആർ.ബി.ഐ. നിഷ്കർഷിക്കുന്നുമുണ്ട്. അതിൽ സംസ്ഥാന ഗവൺമെന്റിന് ഇടപെടുന്നതിന് പരിമിതിയുമുണ്ട്.

ശ്രീ. പി. കെ. ബഷീർ: സർ, വൺ ടൈം സെറ്റിൽമെന്റിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. അത് നല്ലൊരു കാര്യമാണ്. പക്ഷെ പത്ത് ലക്ഷം രൂപ ലോണെടുത്ത ഒരാൾക്ക് 22 ലക്ഷത്തോളം രൂപയുടെ അടവ് വന്നാൽ പലിശനിരക്ക് നൂറ് ശതമാനമായി. അങ്ങനെയുള്ള കേസുകളിൽ വൺ ടൈം സെറ്റിൽമെന്റിലൂടെ പരമാവധി ഇളവ് നൽകാനുള്ള എന്തെങ്കിലും നടപടി സർക്കാരിന്റെ

ഭാഗത്തുനിന്നുണ്ടാകുമോ; ജീവിത സാഹചര്യംകൊണ്ട് പത്ത് ലക്ഷം രൂപ ലോണെടുത്ത ഒരാൾ മൂന്നോ നാലോ വർഷംകൊണ്ട് 23 ലക്ഷം രൂപ വരെ അടയ്ക്കുകയാണ്. ഇപ്പോൾ ജില്ലാ ബാങ്കുകളൊക്കെ കേരള ബാങ്കിൽ ലയിച്ചിരിക്കുകയാണ്. അതുകൊണ്ട് വൺ ടൈം സെറ്റിൽമെന്റിന്റെ മാനദണ്ഡം പുതുക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇപ്പോൾ അത്തരം കാര്യത്തിൽ അങ്ങ് സൂചിപ്പിച്ചതുപോലെയാണ് സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്. പൂർണ്ണമായും പിഴപ്പലിശ ഒഴിവാക്കിയും പലിശയുടെ 50 ശതമാനം വേവ് ചെയ്തും അതിൽ അധികരിച്ച് വരുന്ന ഏതെങ്കിലും കേസ് അർഹിക്കുന്നതുണ്ടെങ്കിൽ തീരുമാനമെടുത്ത് ഗവൺമെന്റ് അനുമതിക്കായി അയച്ചുകഴിഞ്ഞാൽ അത്തരം കാര്യങ്ങളിൽ പ്രത്യേക പരിഗണന നൽകുന്നുണ്ട്.

ശ്രീ. എം. രാജഗോപാലൻ: സർ, കേരള ബാങ്ക് സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിൽ നിർണ്ണായക ഇടപെടലുകൾ നടത്താൻ പ്രാപ്തമായിരിക്കുകയാണ്. സംസ്ഥാന സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉത്തേജകമാകുന്ന വിധത്തിൽ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കാൻ കേരള ബാങ്കിന് നിർദ്ദേശം നൽകാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, നിശ്ചയമായും അക്കാര്യത്തിൽ ചില നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുകയും സ്കീമുകൾ അവതരിപ്പിക്കുകയും ചിലയിടത്ത് ഫൈനാൻസ് ചെയ്ത് തുടങ്ങുകയും ചെയ്തിട്ടുണ്ട്.

ശ്രീ. സണ്ണി ജോസഫ്: സർ, സഹകരണ മേഖലയിൽ ജനങ്ങളും/ കൃഷിക്കാരും ആശ്രയിക്കുന്നത് അധികവും പ്രൈമറി സംഘങ്ങളെയാണ്. വായ്പ കുടിശ്ശിക പെരുകുന്നതുവഴി പ്രൈമറി സംഘങ്ങൾ വലിയ സാമ്പത്തിക പ്രതിസന്ധിയിലാണ്. ജില്ലാ ബാങ്ക് ഉണ്ടായിരുന്നപ്പോൾ കൃഷിക്കാരെ പരിഗണിക്കാനും ആവശ്യങ്ങൾ അംഗീകരിക്കുന്നതിനും കാര്യങ്ങൾ നിയന്ത്രിക്കുന്നതിനും ഉണ്ടായിരുന്ന സംവിധാനം ഇല്ലാതായിരിക്കുകയാണ്. കൃഷിക്കാരുമായി നേരിട്ട് ഇടപെടുന്ന പ്രൈമറി സംഘങ്ങളുടെ പ്രതിസന്ധി പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, പ്രൈമറി സംഘങ്ങളുടെ പ്രതിസന്ധി പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ച വിവരം നേരത്തെ ഇവിടെ വ്യക്തമാക്കിയിട്ടുണ്ട്. ഇപ്പോൾ സഹകരണ സംരക്ഷണ സഞ്ചിത നിധി രൂപീകരിച്ച് പ്രത്യേകം ഓഫീസറെ നിയമിച്ച് സ്കീം നിലവിൽ വന്നുകഴിഞ്ഞു.

ശ്രീ. കെ. വി. സുമേഷ്: സർ, രാജ്യത്തിനുതന്നെ മാതൃകയാകുന്ന രീതിയിലാണ് സഹകരണ മേഖലയെ നമ്മുടെ ഗവൺമെന്റ് മുന്നോട്ടു കൊണ്ടുപോകുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ മേഖലയിൽ സൃഷ്ടിച്ച തൊഴിലവസരങ്ങൾ എത്രയെന്ന് വ്യക്തമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, കേരള ബാങ്ക് മുഖാന്തരം ഇതിനോടകം 60339 പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. സഹകരണ മേഖല ആകെയെടുക്കുമ്പോൾ മറ്റിതര പ്രൈമറി സംഘങ്ങളെയെല്ലാം ചേർത്ത് 56279 പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

ശ്രീ യു. എ. ലത്തീഫ്: സർ, മലപ്പുറം ജില്ലാ ബാങ്കിനെ കേരള ബാങ്കുമായി ലയിപ്പിക്കുന്നതിനുവേണ്ടി ബാങ്കിങ് റെഗുലേഷൻ ആക്ടിലെ 44(എ) വകുപ്പ് പ്രകാരം റിസർവ് ബാങ്കിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, പൂർണ്ണമായും സഹകരണ മേഖലയിൽ നിലനിർത്തിക്കൊണ്ട് ലയനം പൂർത്തിയാക്കണമെന്നായിരുന്നു റിസർവ് ബാങ്കിന്റെ വ്യവസ്ഥ. അതിനുശേഷം ഇത് സംബന്ധിച്ച് വന്ന തർക്കങ്ങൾ കോടതിയിലെ സിംഗിൾ/ഡിവിഷൻ ബഞ്ചും സുപ്രീംകോടതിയും

പരിഗണിച്ചതാണ്. ഇതിനോടെല്ലാം ഗവൺമെന്റ് സ്വീകരിച്ച നിലപാട് ശരിയാണെന്ന് അംഗീകാരം ലഭിച്ചിട്ടുണ്ട്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, വായ്പയെടുത്തവർ മരണപ്പെട്ടാൽ അവർക്ക് റിസ്ക് ഫണ്ട് കവറേജ് ലഭിക്കുന്നുണ്ട്. ആ വായ്പക്കാർ കുടിശ്ശികക്കാരായിരിക്കാൻ പാടില്ലെന്നാണ് വ്യവസ്ഥ പലപ്പോഴും റിസ്ക് ഫണ്ടിന്റെ പ്രയോജനം ലഭിക്കാതെവരുന്ന സാഹചര്യമുണ്ടാകുന്നു. അതുകൊണ്ട് കുടിശ്ശികക്കാരായിട്ടുള്ളവർക്കും റിസ്ക് ഫണ്ട് കവറേജിന്റെ ആനുകൂല്യം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ:സർ, അർഹതപ്പെട്ടവർക്ക് അത് കൊടുക്കാനാവശ്യമായ ക്രമീകരണമുണ്ട്. സഹകരണ വികസന ക്ഷേമനിധി ബോർഡ് ചെയർമാൻ കൂടിയായ വകുപ്പുമന്ത്രിയുടെ വിവേചനാധികാരം പ്രയോജനപ്പെടുത്തി കൊടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം. വിൻസെന്റ്: സർ, കേരള ബാങ്ക് രൂപീകരിക്കുന്നതിന് മുമ്പ് സർവീസ് സഹകരണ ബാങ്കുകളും മറ്റ് സഹകരണ ബാങ്കുകളുമെടുക്കുന്ന വായ്പ കാലാകാലങ്ങളിൽ പുതുക്കി നൽകാനുള്ള അവസരമുണ്ടായിരുന്നു. റിസർവ് ബാങ്കിന്റെ കർശന നിയന്ത്രണങ്ങൾ കാരണം പലതും പുതുക്കിനൽകാൻ കഴിയുന്നില്ല. ഒരു വായ്പ കുടിശ്ശികയായാൽ മറ്റെല്ലാ വായ്പകളും

കുടിശ്ശികയാകുന്നത് സഹകരണ സംഘങ്ങളുടെ കുടിശ്ശിക ക്രമാതീതമായി വർദ്ധിച്ചുവരുന്നതിന് കാരണമായിട്ടുണ്ട്. ഈ സാഹചര്യം കണക്കിലെടുത്ത് സംഘങ്ങളുടെ വായ്പ പുതുക്കിനൽകാൻ എന്തെങ്കിലും പ്രത്യേക സംവിധാനമുണ്ടാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: ഇക്കാര്യത്തിൽ നിലവിലെ സ്ഥിതിയനുസരിച്ച്  വായ്പ വ്യക്തിഗതമോ ഏതെങ്കിലും സംഘത്തിന്റേതോ ആയാലും പലിശയെങ്കിലും അടയ്ക്കാതെ ഒരു വായ്പയും പുതുക്കേണ്ടതില്ലെന്നാണ്  പൊതുവിലുള്ള തീരുമാനം.  വായ്പ പുതുക്കുമ്പോൾ യഥാർത്ഥത്തിൽ പണം വരാതെ വലിയ തുക ലാഭം സംഘത്തിന് ഉണ്ടാകുന്നതായി കാണിച്ച് അതിന്റെ ലാഭവിഹിതം വാങ്ങിക്കൊണ്ടുപോകുന്ന തെറ്റായ ഒരു പ്രാക്ടീസ് ഇവിടെ ഉണ്ടായിരുന്നു. അത് സഹകരണ മേഖലയെത്തന്നെ തകർക്കുന്ന രൂപത്തിലേയ്ക്ക് വരുമെന്നുള്ളതുകൊണ്ട് പലിശ പൂർണ്ണമായും അടച്ചുകൊണ്ട് മാത്രം പുതുക്കിയ തുക കൊടുക്കുക എന്നതാണ് ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന നിലപാട്. സംഘങ്ങളുടെ കാര്യം പ്രത്യേകമായി പരിശോധിക്കുന്നതാണ്.

## പുതിയ വൈദ്യുത പദ്ധതികൾ

2(*182) ശ്രീ.പി.ജെ. ജോസഫ്
ശ്രീ.മോൻസ് ജോസഫ്
ശ്രീ.അനൂപ് ജേക്കബ്
ശ്രീ. മാണി. സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ വൈദ്യുത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ ഫലമായി എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്ര വിഹിതമായി കൂടുതൽ വൈദ്യുതി സംസ്ഥാനത്തിന് ലഭിക്കാൻ സാധ്യതയുണ്ടോ; ഇത് നേടിയെടുക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) നിലവിലുള്ള ജനറേറ്ററുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും അവ ആധുനികവല്കരിക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) കേന്ദ്ര വിഹിതമായി ലഭിക്കുന്ന വൈദ്യുതി കേരളത്തിലെത്തിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണുള്ളതെന്നും

പ്രസരണ, വിതരണ നഷ്ടം തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ഇ) സംസ്ഥാനത്ത് വൈദ്യുതി ചാർജ് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, (എ) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആകെ 466.5 MW ശേഷിയുള്ള വൈദ്യുത പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആയതിൽ ജലവൈദ്യുത പദ്ധതികൾ 38.5 MW-ഉം പുനരുപയോഗ ഊർജ്ജ പദ്ധതികൾ 428 MW-ഉം ആണ്. നിലവിൽ 105.5 MW വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇതിനുപുറമെ 149.10 MW-ന്റെ ജലവൈദ്യുതി പദ്ധതികളുടെയും 367.5 MW പുനരുപയോഗ ഊർജ്ജ പദ്ധതികളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുതുതായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതി (800 MW), മൂഴിയാർ രണ്ടാം ഘട്ടം (300 MW), ലക്ഷ്മി (240 MW), കാരപ്പാറ (19 MW), പൂയംകുട്ടി (210 MW) എന്നീ

പദ്ധതികളുടെയും പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. വിശദവിവരങ്ങൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

ഇതിനു പുറമെ കേരളത്തിലെ ജലാശയങ്ങളിൽ വർഷങ്ങളായി തരിശ് കിടക്കുന്ന നിലങ്ങളിൽനിന്നും ഫ്ളോട്ടിംഗ് സോളാർ പദ്ധതികളിലൂടെ 3000 MW വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ കഴിയുമെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. നെയ്‌വേലി ലിഗ്നൈറ്റ് കോർപ്പറേഷന്റെ തലാബിര പിറ്റ് ഹെഡ് കൽക്കരി നിലയത്തിൽ നിന്നും 400 MW വൈദ്യുതി (ഇൻഡിക്കേറ്റീവ് താരീഫ്- 3.06 രൂപ) വാങ്ങുന്നതിന് KSEBL കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ആയത് 2027-28-ൽ മാത്രമേ ലഭ്യമാവുകയുള്ളൂ. കൂടംകുളം ആണവ നിലയത്തിലെ യൂണിറ്റ് II & IV-ൽ നിന്നും 120 MW വൈദ്യുതിയും NTPC-യുടെ താൽച്ചാർ താപനിലയത്തിൽ നിന്നും (അളവ് തീരുമാനമായിട്ടില്ല) വൈദ്യുതി വാങ്ങുന്നതിനുള്ള ചർച്ചകളും നടന്നുവരുന്നു. ഇതു കൂടാതെ NTPC തെലങ്കാന താപനിലയത്തിൽ നിന്നും 600 MW വൈദ്യുതി വാങ്ങുന്നതിനും പ്രാരംഭ ചർച്ചകൾ നടന്നുവരുന്നു.

(സി) കുറ്റ്യാടിയിലെ വൈദ്യുതി നിലയത്തിലെ നിലവിലുള്ള ജനറേറ്ററുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും അവ ആധുനികവൽക്കരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇത്തരത്തിൽ കുറ്റ്യാടി ജലവൈദ്യുത പദ്ധതി 25 MW ഉള്ള 3 യൂണിറ്റുകൾ 27.5 MW ആക്കി ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു.

കൂടാതെ കേരളത്തിലെ ഏറ്റവും വലിയ ജലവൈദ്യുത പദ്ധതിയായ ഇടുക്കി പവർ ഹൗസിന്റെ ഒന്നാം ഘട്ട യൂണിറ്റുകളുടെ നവീകരണ പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തിയാക്കിയതിനുശേഷം ഇപ്പോൾ രണ്ടാം ഘട്ട യൂണിറ്റുകളുടെ നവീകരണത്തിന് വേണ്ടിയുള്ള പ്രാരംഭ നടപടിയായ RLA (Residual Life Asessment) പഠനത്തിനുള്ള വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. കൂടാതെ ഇടമലയാർ പവർ ഹൗസിലെ യൂണിറ്റുകളുടെ നവീകരണത്തിന് വേണ്ടിയുള്ള പ്രാരംഭ നടപടിയായ RLA പഠനത്തിനുള്ള ടെൻഡർ ക്ഷണിച്ചിട്ടുള്ളതുമാണ്.

(ഡി) അന്തർ സംസ്ഥാന പ്രസരണ ലൈനുകളിലൂടെയാണ് കേന്ദ്ര വിഹിതമായി ലഭിക്കുന്ന വൈദ്യുതി കേരളത്തിലെത്തിക്കുന്നത്. കേന്ദ്ര വിഹിതമായി ഏകദേശം 1639 MW വൈദ്യുതി ആണ് ലഭ്യമാകേണ്ടത്. 400 KV, 220 KV, 110 KV എന്നീ AC വോൾട്ടതയിലും 320 KV DC വോൾട്ടതയിലും വൈദ്യുതി അന്തർ സംസ്ഥാന ലൈനുകൾ വഴി നിലവിൽ കേരളത്തിൽ എത്തിക്കുന്നുണ്ട്. ടി ലൈനുകൾ വഴി പരമാവധി ഏകദേശം 3400 MW വരെ വൈദ്യുതി എത്തിക്കുവാൻ സാധിക്കും.

ഇത്തരത്തിൽ കേരളത്തിൽ ലഭ്യമാകുന്ന വൈദ്യുതി സംസ്ഥാനത്തിനകത്തെ പ്രസരണ ലൈനുകളിലൂടെ വിവിധ സബ്സ്റ്റേഷനുകളിൽ എത്തിച്ച് ട്രാൻസ്ഫോർമറുകൾ ഉപയോഗിച്ച് വോൾട്ടേജ് താഴ്ത്തി അവിടെനിന്നും വിതരണ ശൃംഖല വഴി ഉപഭോക്താക്കൾക്ക് എത്തിക്കുന്നു. പ്രസരണ നഷ്ടം പൂർണ്ണമായും തടയാൻ സാധിക്കുകയില്ല, എന്നാൽ പ്രസരണ നഷ്ടത്തിന്റെ അളവ് കുറയ്ക്കാൻ സാധിക്കും. സംസ്ഥാനത്തിനകത്തെ പ്രസരണ നഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായി 110 KV-യും അതിന് മുകളിലുമുള്ള സബ്സ്റ്റേഷനുകളുടെ നിർമ്മാണം, നിലവിലുള്ള സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും ഉയർന്ന വോൾട്ടേജ് നിലവാരത്തിലേക്ക് ഉയർത്തൽ, ശരിയായ ശേഷിയുള്ള ട്രാൻസ്ഫോർമറുകൾ സബ്സ്റ്റേഷനുകളിൽ സ്ഥാപിക്കുക, നഷ്ടം കുറവുള്ള വൈദ്യുതി ലൈനുകൾ ഉപയോഗിക്കുക തുടങ്ങിയ പ്രവൃത്തികളാണ് കെ.എസ്.ഇ.ബി.എൽ നടപ്പിലാക്കിവരുന്നത്. വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് ഇത്തരം പ്രവൃത്തികൾ നടപ്പിലാക്കിവരുന്നത്. പ്രസരണ നഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായി 400/220 KV പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും പ്രസരണശേഷി ഉയർത്തുന്നതിനുമായി ട്രാൻസ്ഗ്രിഡ് 2.0 എന്ന സമഗ്രമായ പദ്ധതിയും നടപ്പിലാക്കിവരുന്നു.

ട്രാൻസ്ഗ്രിഡ് പദ്ധതി പ്രകാരമുള്ള പ്രസരണ ശൃംഖല നിലവിൽ വരുന്നതോടുകൂടി പ്രസരണ നഷ്ടത്തിൽ ഏകദേശം 107 MW ന്റെ കുറവ് വരുമെന്നാണ് കണക്കാക്കുന്നത്.

വൈദ്യുതി വിതരണ നഷ്ടം കുറയ്ക്കുന്നതിന് പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, പുതിയ 11 കെ. വി. ലൈൻ നിർമ്മിച്ച് എച്ച്.റ്റി/എൽ.റ്റി അനുപാതം കൂട്ടുക, നിലവിലുള്ള ചാലക ശേഷി കുറഞ്ഞ വൈദ്യുതി കമ്പികൾ (Conductor) പുതിയ മെച്ചപ്പെട്ട കമ്പികൾ ഉപയോഗിച്ച് മാറ്റുക (Reconductoring), സിംഗിൾ ഫേസ് ടു ത്രീ ഫേസ് ലൈൻ കൺവെർഷൻ, മെച്ചപ്പെട്ട മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുക തുടങ്ങിയ പ്രവൃത്തികളാണ് കെ.എസ്.ഇ.ബി.എൽ നടപ്പിലാക്കിവരുന്നത്. ഇത്തരം പ്രവൃത്തികൾക്ക് ദ്യുതി1-ൽ പ്രത്യേക പ്രാധാന്യം നൽകി നടപ്പിലാക്കിയിരുന്നു. ദ്യുതി-1 ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കിയതുവഴി കെ.എസ്.ഇ.ബി.എൽ-ന്റെ പ്രസരണ വിതരണനഷ്ടം 2017-2018-ൽ 13.07 ശതമാനമായിരുന്നത് 2021-2022 -ൽ 10.19 ശതമാനമായി കുറഞ്ഞു.

2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ കെ.എസ്.ഇ.ബി.എൽ നടപ്പിലാക്കുന്ന ദ്യുതി 2, കേന്ദ്രാവിഷ്കൃത പദ്ധതിയായ RDSS എന്നിവയിലും ഊർജ്ജ നഷ്ടം കുറയ്ക്കുന്ന പ്രവൃത്തികൾ

ഉൾപ്പെടുത്തിയിട്ടുണ്ട്. വിതരണ നഷ്ടം കുറയ്ക്കുന്നതിന് മുന്നോടിയായുള്ള ഊർജ്ജ ഓഡിറ്റിനുവേണ്ടി ഇലക്ട്രിക്കൽ ഡിവിഷൻ പരിധിയിലുള്ള 11 കെ.വി ഫീഡറുകളിൽ ബോർഡർ മീറ്ററുകൾ സ്ഥാപിക്കുന്നതിനും, എല്ലാ ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളിലും "ഡി.റ്റി.ആർ" മീറ്ററുകൾ സ്ഥാപിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളും RDSS-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഇ) സംസ്ഥാനത്ത് വൈദ്യുതി നിരക്ക് പരിഷ്കരിക്കുന്നതിനുള്ള പരിപൂർണ്ണ അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. സംസ്ഥാന വൈദ്യുതി ബോർഡ് വാർഷിക വരവ് ചെലവ് കണക്കുകളോടൊപ്പം വരുമാന കമ്മി നികത്തുന്നതിനുള്ള ശിപാർശകൾ അടങ്ങിയ പെറ്റീഷൻ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിർദ്ദേശിക്കുന്ന സമയപരിധിയിൽ കമ്മീഷൻ മുമ്പാകെ സമർപ്പിക്കുകയും കമ്മീഷൻ സൂക്ഷ്മപരിശോധനയ്ക്കും പൊതുതെളിവെടുപ്പിനുംശേഷം വരുമാനകമ്മി/മിച്ചം അംഗീകരിച്ച് താരിഫ് പരിഷ്കരണം നടത്തുകയും ചെയ്തുവരുന്നു. ഇതനുസരിച്ച് ബോർഡ് 31-01-2022-ൽ കമ്മീഷൻ മുമ്പാകെ 5 വർഷത്തെ പെറ്റീഷൻ സമർപ്പിക്കുകയും കമ്മീഷൻ പൊതുതെളിവെടുപ്പിനും സൂക്ഷ്മപരിശോധനയ്ക്കും ശേഷം 25-06-2022-ൽ 2022-23 ലേക്കുള്ള താരിഫ്

പരിഷ്കരിച്ചുകൊണ്ട് ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്. 2023-24-ലെ താരിഫ് വർദ്ധിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് കമ്മീഷൻ നിലവിൽ പുറപ്പെടുവിച്ചിട്ടില്ല.

എന്നാൽ സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ താരിഫ് റെഗുലേഷൻ, 2021-ലെ 87-ാം ചട്ടപ്രകാരം താപവൈദ്യുത നിലയങ്ങളുടെ ഇന്ധനവിലയിലെ വ്യതിയാനംമൂലം വൈദ്യുതി വാങ്ങൽ ചെലവിലുണ്ടാകുന്ന അധിക ബാധ്യത ഇന്ധന സർചാർജ്ജിനത്തിൽ വിതരണ കമ്പനികൾക്ക് ഉപഭോക്താക്കളിൽനിന്ന് ഈടാക്കുവാനും ഇന്ധന വിലയിലെ കുറവ് കാരണം വൈദ്യുതി വാങ്ങൽ വിലയിൽ കുറവുണ്ടായാൽ താരിഫിലെ ഇളവായി അനുവദിച്ച് ഉപഭോക്താക്കൾക്ക് തിരികെ നൽകുവാനുമുള്ള വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പ്രസ്തുത റെഗുലേഷൻ പ്രകാരം കെ.എസ്.ഇ.ബി ലിമിറ്റഡ് എല്ലാ പാദവർഷങ്ങളുടെയും ഇന്ധന സർചാർജ്ജ് പെറ്റീഷൻ കമ്മീഷൻ മുമ്പാകെ നിർബന്ധമായും സമർപ്പിക്കേണ്ടതുണ്ട്. കെ.എസ്.ഇ.ബി ലിമിറ്റഡ് സമർപ്പിക്കുന്ന പെറ്റീഷനിൽ വിശദമായ പരിശോധനയ്ക്കും പൊതുതെളിവെടുപ്പിനുംശേഷം കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിൽ നിശ്ചിതകാലയളവിലേക്ക് ഇന്ധന സർചാർജ്ജ് ഏർപ്പെടുത്തിവരുന്നു.

കൽക്കരിയുടെ അടിസ്ഥാന വിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ, കൽക്കരിയുടെ ഗ്രേഡിലുണ്ടാകുന്ന വ്യതിയാനങ്ങൾ, ചാർജിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ, കൽക്കരി ലഭ്യതക്കുറവ് കാരണം ഇറക്കുമതി ചെയ്ത വിലകൂടിയ കൽക്കരി ഉപയോഗിക്കുന്നത് (blending) തുടങ്ങിയവ ഇന്ധനവിലയിൽ വ്യതിയാനങ്ങൾക്ക് കാരണമാകുന്നുണ്ട്. മേൽപ്പറഞ്ഞ കാരണങ്ങളാൽ, 2022-23 ലെ ഒന്നാം പാദത്തിൽ കമ്മീഷൻ അംഗീകരിച്ച ഇന്ധനവിലയേക്കാൾ, ഇന്ധനവിലയിലുണ്ടായ വ്യതിയാനം കാരണം വൈദ്യുതി വാങ്ങൽ ചെലവിൽ 87.07 കോടി രൂപ അധിക ബാധ്യത ഉണ്ടാവുകയും പ്രസ്തുത അധിക ബാധ്യത 14 പൈസനിരക്കിൽ ഇന്ധന സർചാർജ്ജ് ആയി ഉപഭോക്താക്കളിൽനിന്ന് ഈടാക്കുവാനുള്ള അപേക്ഷ കമ്മീഷൻ മുമ്പാകെ കെ.എസ്.ഇ.ബി.എൽ 17-11-2022-ൽ സമർപ്പിച്ചിരുന്നു. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 18-01-2023-ന് പ്രസ്തുത പെറ്റീഷനുകളിന്മേൽ പൊതുതെളിവെടുപ്പ് നടത്തുകയും 2022-ലെ ഒന്നാം പാദത്തിലെ ഇന്ധന സർചാർജ്ജ് ആയി 87.07 കോടി രൂപ അംഗീകരിച്ചുകൊണ്ട് 25-01-2023-ൽ ഉത്തരവിറക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ സംസ്ഥാനത്തെ മുഴുവൻ ഉപഭോക്താക്കളിൽനിന്നും യൂണിറ്റൊന്നിന് 9 പൈസ നിരക്കിൽ, വൈദ്യുതി വാങ്ങൽ ചെലവിൽ

ഇന്ധന വ്യതിയാനം കാരണം ഉണ്ടായ അധിക ബാധ്യതയായ 87.07 കോടി രൂപ, 2023 ഫെബ്രുവരി 01 മുതൽ നാല് മാസത്തെ ഉപഭോഗത്തിൽനിന്നും ഇന്ധന സർചാർജ്ജിനത്തിൽ ഈടാക്കുന്നതിനാണ് അനുമതി നൽകിയിരിക്കുന്നത്. എന്നാൽ 1000 വാട്സ് വരെ കണക്റ്റഡ് ലോഡുള്ളതും പ്രതിമാസം 40 യൂണിറ്റിൽ കവിയാതെ ഉപഭോഗമുള്ളതുമായ ഗാർഹിക ഉപഭോക്താക്കളെ ഇന്ധന സർചാർജ്ജിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. മൊത്തം വൈദ്യുതി വാങ്ങൽ വിലയിലെ വ്യതിയാനങ്ങൾ സ്വയമേവ മാസാടിസ്ഥാനത്തിൽ ഉപഭോക്താവിന് കൈമാറാനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് കേന്ദ്ര ഊർജ്ജ മന്ത്രാലയം വൈദ്യുതി ഭേദഗതി റൂൾസ് 2022, 29-12-2022-ന് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടഭേദഗതി പ്രകാരം ഇന്ധന വിലയിലുണ്ടാകുന്ന വ്യതിയാനം കാരണമോ വൈദ്യുത വാങ്ങൽ വിലയിൽ ഉണ്ടാകുന്ന വ്യത്യാസം കാരണമോ ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത സംസ്ഥാന റെഗുലേറ്ററി കമ്മീഷന്റെ അനുമതി കൂടാതെതന്നെ വൈദ്യുത വിതരണ കമ്പനികൾക്ക് ഉപഭോക്താക്കളിൽനിന്നും ഈടാക്കുവാൻ അനുമതി നൽകുന്നു.

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, 100 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെ ചാർജ്ജ് വർദ്ധനയിൽനിന്നും ഒഴിവാക്കുമോ ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ചാർജ്ജ് വർദ്ധനയിൽനിന്നും ഒഴിവാക്കണമെന്ന് ആഗ്രഹമുണ്ടെങ്കിലും നിലവിലെ സാഹചര്യത്തിൽ സാധ്യമല്ല. ഗവൺമെന്റിന്റെ ഭാഗത്തുനിന്നും സബ്സിഡി കിട്ടിയാൽ മാത്രമേ ചെയ്യുകയുള്ളൂ. ഇപ്പോൾത്തന്നെ കുറേ ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. ചാർജ്ജ് വർദ്ധന റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്.

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, ഇടുക്കിയിലെ എക്സ്റ്റൻഷൻ പരിപാടിക്ക് പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; എന്നത്തേയ്ക്ക് പദ്ധതി തുടങ്ങാൻ കഴിയും ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, അനുമതി ലഭിച്ചിട്ടില്ല. അതിന്റെ ഡി.പി.ആർ. തയ്യാറാക്കാനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്. ഗ്രീൻ എനർജിയുടെ പ്രോത്സാഹനം എന്ന നിലയ്ക്ക് പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുമെന്നാണ് പ്രതീക്ഷ.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, നമ്മുടെ സംസ്ഥാനത്ത് കൃഷിക്കാർ ഏറെ വിഷമിക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് ഇപ്പോൾ

കടന്നുപോകുന്നത്. ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി കർഷകരോട് സ്നേഹമുള്ള വ്യക്തിയുമാണ്. കൃഷിയെ പ്രോത്സാഹിപ്പിക്കാനും കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കാനുംവേണ്ടി കർഷകരുടെ ഭാഗത്തുനിന്നും തീവ്രശ്രമം ഉണ്ടാകുന്നുണ്ട്. ഈ കാര്യങ്ങളെല്ലാം പരിഗണിച്ചുകൊണ്ട് കർഷകരുമായി ബന്ധപ്പെട്ട പദ്ധതികളിൽ അവരുപയോഗിക്കുന്ന വൈദ്യുതി സൗജന്യമായി കൊടുക്കുന്നതിന് സർക്കാർ തയ്യാറാകുമോ ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, സൗജന്യമായി വൈദ്യുതി കൊടുക്കാൻ വളരെ പ്രയാസമാണ്. എന്നാൽ ചാർജ്ജ് വളരെ കമ്മിയാക്കിയാണ് കൊടുക്കുന്നത്. പി.എം. കുസും യോജന നോക്കിയാൽ 60 ശതമാനം സബ്സിഡി കർഷകർക്ക് കിട്ടുന്നുണ്ട്. സൗരോർജനിലയം സ്ഥാപിക്കാൻ ഓരോ കൃഷിക്കാർക്കും 60 ശതമാനം സബ്സിഡി കൊടുക്കുന്നുണ്ട്. കർഷകർക്ക് അധികവരുമാനം ലഭിക്കുന്ന രീതിയിലാണ് അത് പ്ലാൻ ചെയ്തിരിക്കുന്നത്. 5 ലക്ഷം പമ്പുകളുള്ളതിൽ ഇപ്പോൾത്തന്നെ 1000 പമ്പുകൾക്ക് കൊടുത്തിട്ടുണ്ട്. മുഴുവൻ കൊടുക്കാനുള്ള ശ്രമം നടക്കുന്നുണ്ട്.

ശ്രീ. അനൂപ് ജേക്കബ് ചുമതലപ്പെടുത്തിയതു പ്രകാരം ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വൈദ്യുതിയുടെ ആവശ്യം വർദ്ധിച്ചുവരുന്നതനുസരിച്ച് പുതിയ പദ്ധതികളില്ല എന്നതാണ് പ്രതിസന്ധി. മണ്ണാർക്കാട് മേഖലയിൽ

രണ്ട് വൈദ്യുത പദ്ധതികളുടെ പ്രപ്പോസലുകളുണ്ട്. രണ്ടും ഹൈഡ്രോ ഇലക്ട്രിക്കൽ പ്രോജക്ടുകളാണ്. കുമരംപുത്തൂർ പഞ്ചായത്തിലെ പാത്രക്കടവ് പദ്ധതിയും അട്ടപ്പാടിവാലി ഇറിഗേഷൻ പദ്ധതിയും. ജലസേചനം, കുടിവെള്ളം, വൈദ്യുതി ഉല്പാദനം എന്നിവയെ സംയോജിപ്പിച്ചുകൊണ്ടുള്ള മൾട്ടിപർപ്പസ് പദ്ധതിയാണ് അട്ടപ്പാടിവാലി ഇറിഗേഷൻ പദ്ധതി. ഈ രണ്ട് പദ്ധതികളുടെയും ഇന്നത്തെ അവസ്ഥയെന്താണ്; പ്രസ്തുത പദ്ധതികൾ മുന്നോട്ടു കൊണ്ടുപോകാൻ സർക്കാർ ആഗ്രഹിക്കുന്നുണ്ടോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: പാത്രക്കടവ് പദ്ധതി നല്ല പദ്ധതിയാണ്. ബഫർ സോണിൽ കുറെ പ്രശ്നങ്ങളുണ്ട്. അത് വനമന്ത്രാലയവുമായി സംസാരിച്ച് പരിഹാരം ഉണ്ടാക്കാമെന്ന് പ്രതീക്ഷിക്കുന്നു. പുതിയ വന നിയമത്തിൽ ബഫർ സോണുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ഇളവ് വന്നാൽ ഈ പദ്ധതികൾ ആരംഭിക്കാൻ സാധിക്കും. അട്ടപ്പാടിവാലി ഇറിഗേഷൻ പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കാൻ കൊടുത്തിട്ടുണ്ട്. അത് ഇറിഗേഷൻ വകുപ്പാണ് ചെയ്തിരിക്കുന്നത്. വൈദ്യുതിയും ജലസേചനവും കൃഷിയും കൂടിച്ചേർന്നുള്ള നല്ലൊരു പദ്ധതിയാണത്. ഈ പദ്ധതിക്കായി കാവേരി നദിയിൽനിന്നും 6 ടി.എം.സി. വെള്ളം ഉപയോഗിക്കാനും സാധിക്കും.

<u>ശ്രീ. മാണി സി. കാപ്പൻ</u>: സർ, സംസ്ഥാനത്ത് വൈദ്യുത ഉല്പാദനം കൂട്ടുന്നതിനായി തുടങ്ങിയ പദ്ധതികളിൽ, പ്രത്യേകിച്ച് പാലാ നിയോജകമണ്ഡലത്തിലെ മാർമല ജലവൈദ്യുത പദ്ധതി ഉൾപ്പെടെയുള്ള പുതിയ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാതെ വർഷങ്ങളുടെ കാലതാമസം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ടി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ച് വൈദ്യുതോൽപ്പാദനം വർദ്ധിപ്പിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ വിളിച്ച് സമയബന്ധിതമായി പ്രതിദിനം ചെയ്യേണ്ട പ്രവൃത്തികളെക്കുറിച്ച് കൃത്യമായ ടൈംടേബിൾ തയ്യാറാക്കി പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. കഴിയുന്നത്ര വേഗം പൂർത്തിയാക്കാനുള്ള ശ്രമം നടക്കുന്നുണ്ട്.

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: ഉഡുപ്പി-കരിന്തളം 400 MW വൈദ്യുതി ലൈൻ നിർമാണവുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിൽ കൃഷിക്കാർക്ക് ഭൂമിയും കാർഷികവിളകളും നഷ്ടപ്പെടുന്ന സാഹചര്യമുണ്ട്. അവർ പല സ്ഥലങ്ങളിലും പ്രശ്നമുണ്ടാക്കുകയും സമരം നടത്തുകയും ചെയ്തു. കാർഷികവിളകൾ നഷ്ടപ്പെടുന്ന കൃഷിക്കാർക്ക് മതിയായ നഷ്ടപരിഹാരം

നൽകിക്കൊണ്ട് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻവേണ്ട ഇടപെടലുകൾ നടത്തുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: കർഷകരുമായി ചേർന്ന് പ്രശ്നം പരിഹരിക്കാനുള്ള നടപടി സ്വീകരിക്കാൻ കാസർഗോഡ് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അത് എത്രയും വേഗം പരിഹാരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ഷോളയാർ ഡാം നിറഞ്ഞുനിൽക്കുമ്പോഴും ഷോളയാർ പവർ ഹൗസിലെ രണ്ട് ജനറേറ്ററുകൾ തകരാറിലായതുമൂലം ചാലക്കുടി പുഴയിലേയ്ക്കുള്ള നീരൊഴുക്ക് ഇല്ലാതായിരിക്കുകയാണ്. ജനറേറ്ററുകളുടെ തകരാർ പരിഹരിക്കാൻ രണ്ട് മാസം വേണമെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. ചാലക്കുടിയും പരിസര പ്രദേശങ്ങളും വലിയ വരൾച്ചയെ അഭിമുഖീകരിക്കുകയാണ്. 15000 ഹെക്ടർ പ്രദേശത്തെ കർഷകർ വലിയ പ്രതിസന്ധി നേരിടുകയാണ്. അടിയന്തരമായി ഡാം തുറന്നുവിട്ട് ഈ പ്രതിസന്ധി പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, വൈദ്യുതവകുപ്പിന് മാത്രം തീരുമാനമെടുക്കാൻ സാധിക്കുന്ന ഒന്നല്ല ഡാമിന്റെ കാര്യം. ഡാം

തുറന്നുകഴിഞ്ഞാൽ 10 കോടി രൂപയുടെ ഇലക്ട്രിസിറ്റിയെങ്കിലും നഷ്ടപ്പെടുന്ന ഒരു സ്ഥിതിയാണ് നിലവിലുള്ളത്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായും ബഹുമാനപ്പെട്ട എം.എൽ.എ.-യുമായും ആലോചിച്ച് ഇപ്പോഴത്തെ വെള്ളത്തിന്റെ ലഭ്യതക്കുറവ് വിലയിരുത്തിയതിനുശേഷം വേണ്ട വിധത്തിൽ നടപടി സ്വീകരിക്കാവുന്നതാണ്.

ശ്രീമതി ശാന്തകുമാരി കെ.: സർ, രാജ്യത്തുതന്നെ ആദ്യമായി ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം പാലക്കാട് ജില്ലാ പഞ്ചായത്തിൽ ആരംഭിച്ചിട്ടുള്ള ഹൈഡൽ പ്രോജക്ടാണ് മീൻവല്ലം ജലവൈദ്യുത പദ്ധതി. ബഹുമാനപ്പെട്ട മന്ത്രിക്ക് ഇത് നേരിട്ട് അറിയാവുന്നതാണ്. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇത്തരത്തിൽ പുതിയ പദ്ധതികൾ ആരംഭിക്കാനുള്ള പ്രോത്സാഹനവും നടപടികളും ഗവൺമെന്റ് സ്വീകരിക്കുന്നതിനോടൊപ്പം കരിമ്പ പഞ്ചായത്തിലെ ആറ്റില എന്ന വെള്ളച്ചാട്ടത്തിൽ പുതിയ ഹൈഡൽ പ്രോജക്ട് ആരംഭിക്കാൻ ഗവൺമെന്റ് ലക്ഷ്യമിടുന്നുണ്ടോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സഹകരണ സംഘങ്ങളും ഇത്തരം പദ്ധതികളുമായി മുന്നോട്ടുവന്നിട്ടുണ്ട്. അതിന്റെ ഭാഗമായി കുറെയധികം ചെറുകിട ജലവൈദ്യുത പദ്ധതികൾ

കൊണ്ടുവരാൻ സാധിക്കും. ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച കാര്യം വളരെ ഗൗരവമായിത്തന്നെ പരിശോധിക്കും. അത് ജില്ലാപഞ്ചായത്തുതന്നെ ചെയ്യുകയാണെങ്കിൽ എല്ലാവിധ സഹായവും നൽകുന്നതാണ്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, നാം ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത് ജലവൈദ്യുത പദ്ധതികളെയാണ്. കാറ്റിൽനിന്നും സൗരോർജ്ജത്തിൽനിന്നുമൊക്കെ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ സാധിക്കും. അമേരിക്കയിലെ യൂട്ട എന്ന സ്ഥലത്തെ സാൾട്ട് ലേക്ക് സിറ്റി മുഴുവനായും സോളാറിലാണ് പ്രവൃത്തിക്കുന്നത്. സോളാർ കൂടുതലായി ഉപയോഗിക്കുന്ന വൈദ്യുത പദ്ധതികൾ സർക്കാർ പ്ലാൻ ചെയ്യുന്നുണ്ടോ; കേരളത്തിൽ ആ രീതിയിലുള്ള പദ്ധതിക്ക് സാധ്യതയുണ്ടോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇപ്പോൾത്തന്നെ വീടുകളിൽ പുരപ്പുറ സോളാർ നല്ല രീതിയിൽ നടക്കുന്നുണ്ട്. ആ പദ്ധതിക്ക് 40 ശതമാനം സബ്സിഡി നൽകുന്നുണ്ട്. അഗ്രികൾച്ചർ പർപ്പസിന് അഞ്ച് ലക്ഷം കണക്ഷനുകളുണ്ട്. ആ പദ്ധതിക്ക് 60 ശതമാനം സബ്സിഡി അനുവദിച്ചാൽ ധാരാളം കണക്ഷനുകൾ വരാൻ സാധ്യതയുണ്ട്. പുതിയതായി ഫ്ലോട്ടിംഗ് സോളാർ പാനൽ നിരത്തി വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. ഇങ്ങനെയൊക്കെയുണ്ടെങ്കിലും പീക്ക് അവറിൽ വൈദ്യുതി

ലഭിക്കണമെങ്കിൽ ജലവൈദ്യുത പദ്ധതികൾതന്നെ വേണം. കേരളത്തിൽ ജലവൈദ്യുത പദ്ധതികൾക്ക് ധാരാളം സാധ്യതയുണ്ട്. 3000 TMC വെള്ളം കേരളത്തിലെ ഡാമുകളിലുണ്ട്. ഇറിഗേഷനും വൈദ്യുതിക്കും വേണ്ടി ആകെ 300 TMC വെള്ളം മാത്രമേ ഉപയോഗിക്കുന്നുള്ളു. ബാക്കിയുള്ള ജലം പാഴാകുകയാണ്. ധാരാളം നാണ്യ വിളകൾക്ക് വെള്ളം ഉപയോഗിക്കാൻ സാധിക്കുന്ന സാഹചര്യമുണ്ട്. ഇപ്പോൾ നാണ്യ വിളകളൊന്നും നനയ്ക്കുന്നില്ല. സോളാർ പമ്പ് വച്ച് ഈ വിളകളൊക്കെ നനച്ചാൽ അതിന്റെ ഉൽപ്പാദനം ആറ് ഇരട്ടിയെങ്കിലും ഉയർന്നുവരുകയും ചെയ്യും. അത് ഉപയോഗിക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കാം. അതിന് സോളാർ പമ്പ് വയ്ക്കാനുള്ള പ്രത്യേക സഹായവും ചെയ്യാവുന്നതാണ്.

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, കൃഷിവകുപ്പ് കോൾനിലങ്ങളിലെ പമ്പുകൾ പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി പ്രതിവർഷം പത്ത് കോടി രൂപയോളം വൈദ്യുതി ചാർജ്ജിനത്തിൽ ചെലവഴിക്കുന്നുണ്ട്. ഇത് ഒഴിവാക്കാനും കർഷകർക്ക് ലാഭമുണ്ടാക്കാൻ സാധിക്കുന്ന വിധത്തിൽ തൃശ്ശൂർ ജില്ലയിലെ കോൾനിലങ്ങളിൽ സൗരോർജ്ജ പദ്ധതി നടപ്പിലാക്കുന്നതിനുമായി ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിധ്യത്തിൽ നടന്ന യോഗത്തിന്റെ തുടർനടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, രണ്ട് മാസത്തിനുള്ളിൽത്തന്നെ അതിന്റെ ജോലികൾ പൂർത്തിയാക്കാനുള്ള ശ്രമത്തിലാണ്. അത് നല്ലരീതിയിൽ പോകുന്നുണ്ട്. കൃഷിക്കാർക്കും അധിക വരുമാനം ലഭിക്കുന്ന തരത്തിലാണത് പ്ലാൻ ചെയ്തിരിക്കുന്നത്. ബഹുമാനപ്പെട്ട എം.എൽ.എ.തന്നെ മുൻകയ്യെടുത്താണ് അത് ചെയ്തത്. എല്ലാ പാടശേഖര കമ്മിറ്റികളും ഒരു സൊസൈറ്റി പോലെ രൂപീകരിച്ചാണ് പ്രവർത്തിക്കുന്നത്. അവർക്ക് ഒന്നോ രണ്ടോ മാസത്തെ വൈദ്യുതിയേ ആവശ്യമുള്ളൂ. ബാക്കിയുള്ള അഞ്ചോ ആറോ മാസം ലഭിക്കുന്ന വൈദ്യുതി മിച്ചമാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, ഉപഭോക്താക്കളുടെ വർദ്ധനയനുസരിച്ച് സെക്ഷൻ ഓഫീസുകൾ വിഭജിക്കപ്പെടേണ്ടതുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ പുൽപ്പറ്റ പഞ്ചായത്തിലെ ഉപഭോക്താക്കൾ തൊട്ടടുത്തുള്ള പൂക്കോട്ടൂർ, കുഴിമണ്ണ പഞ്ചായത്തുകളിലെ കിഴിശ്ശേരി, വള്ളുവമ്പ്രം, മഞ്ചേരി സെക്ഷൻ ഓഫീസുകളെയാണ് ആശ്രയിക്കുന്നത്. പുൽപ്പറ്റ പഞ്ചായത്തിലെ ജനങ്ങൾക്ക് സൗകര്യപ്രദമായ തരത്തിൽ പൂകൊളത്തൂർ ആസ്ഥാനമായി ഒരു സെക്ഷൻ ഓഫീസ് എന്ന ആശയം കെ.എസ്.ഇ.ബി.-യുടെ പരിഗണനയിൽ വർഷങ്ങളായി

നിലനിൽക്കുകയാണ്. ആ സെക്ഷൻ ഓഫീസ് എത്രയും വേഗത്തിൽ യാഥാർത്ഥ്യമാക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, അത് പരിശോധിക്കാം. പുതിയ സാങ്കേതികവിദ്യ കൊണ്ടുവന്നതുകൊണ്ട് സെക്ഷൻ ഓഫീസുകളിലേയ്ക്ക് ആർക്കും പോകേണ്ടിവരുന്നില്ല. ഇത്തരമൊരു സന്ദർഭത്തിൽ സെക്ഷൻ ഓഫീസുകൾ ആവശ്യമാണെങ്കിൽ ആരംഭിക്കാവുന്നതാണ്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, കേന്ദ്ര ഗവൺമെന്റ് നടപ്പാക്കുന്ന വൈദ്യുതി നയത്തിൽ സംസ്ഥാനത്തെ ജനങ്ങൾക്ക് വലിയ ആശങ്കയുണ്ട്. ആ നയം അതേപടി നടപ്പിലാക്കാനാണോ സംസ്ഥാന ഗവൺമെന്റ് ഉദ്ദേശിക്കുന്നത്; അല്ലെങ്കിൽ എന്തെങ്കിലും ബദൽ നയമുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കുന്ന വൈദ്യുതി നയം നടപ്പാക്കാനും സ്വകാര്യവൽക്കരണത്തിനും സാധിക്കില്ലെന്നതുകൊണ്ടാണ് നിയമസഭ ഐകകണ്ഠ്യേന ആ പ്രമേയം പാസ്സാക്കിയതും ബോർഡിനെ ഒന്നിച്ചുനിർത്താൻ തീരുമാനിച്ചതും. ഇറക്കുമതി കൽക്കരി ഉപയോഗിച്ചുകൊണ്ടുള്ള ജനറേഷൻ നടത്തണമെന്ന് നിബന്ധന വച്ചതുകൊണ്ട് അതിന്റെ ചെലവുകൂടി നമ്മൾ വഹിക്കുന്ന

രീതിയിലുള്ള നയം വന്നതിന്റെ അടിസ്ഥാനത്തിലാണ് മൂന്ന് മാസത്തേയ്ക്ക് ആ വൈദ്യുതി വാങ്ങുന്ന സമയത്ത് ഒൻപത് പൈസ വർദ്ധിപ്പിച്ചത്. കേന്ദ്ര സർക്കാരിന്റെ ഈ നയം സ്വകാര്യവൽക്കരണത്തിന്റെ മുന്നോടിയാണ്. അതിനെ സംസ്ഥാനം ശക്തമായി എതിർക്കും.

വ്യവസായ എസ്റ്റേറ്റുകളിലെ ഭൂമി കൈമാറ്റത്തിനുള്ള പാട്ടം നയം

3 (*183)ശ്രീ. എം. വിജിൻ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. വി. ജോയി:
ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുസ്ഥിര സാമ്പത്തിക വളർച്ച ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ വ്യാവസായിക നിക്ഷേപങ്ങൾക്ക് അനുകൂലയിടമായി സംസ്ഥാനത്തെ മാറ്റിയെടുക്കുന്നതിനായി വിവിധ ഏജൻസികൾക്ക് കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളിലെ ഭൂമി കൈമാറ്റം അനായാസമാക്കാൻ നടപടിയെടുത്തിട്ടുണ്ടോ;

(ബി) വ്യവസായ എസ്റ്റേറ്റുകളിലെ ഭൂമി കൈമാറ്റത്തിനുള്ള പാട്ടം നയത്തിന് അംഗീകാരം നൽകിയിട്ടുണ്ടോ;

(സി) ഭൂമി ആവശ്യപ്പെടുന്നവർക്ക് ഉടൻതന്നെ ലഭ്യമാക്കുന്നതിന് ഉദ്യോഗസ്ഥതലത്തിൽ വീഴ്ചയുണ്ടാകില്ലെന്ന് ഉറപ്പുവരുത്തുന്നതിനുള്ള വ്യവസ്ഥകൾ പ്രസ്തുത നയത്തിലുൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇത്തരത്തിൽ പാട്ടത്തിനെടുക്കുന്ന ഭൂമി ഈട് വെയ്ക്കാൻ അവകാശം നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, (എ&ബി) വ്യവസായ വകുപ്പിനുകീഴിലെ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കിൻഫ്ര, സിഡ്കോ, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ എന്നിവയുടെ വ്യവസായ എസ്റ്റേറ്റുകളിലെയും പാർക്കുകളിലെയും ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട് യൂണിഫൈഡ് ലാൻഡ് ലീസ് പോളിസി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനങ്ങളായ സിഡ്കോ, കിൻഫ്ര, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ എന്നിവ നിലവിൽ 30 വർഷത്തെ ലീസ് വ്യവസ്ഥയിലാണ് ഭൂമി അനുവദിക്കുന്നത്.

(സി) വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ അധീനതയിലുള്ള വ്യവസായ എസ്റ്റേറ്റുകളിലും/പ്ലോട്ടുകളിലും വ്യവസായ ഭൂമിക്കായി ഓൺലൈനായി ലഭിക്കുന്ന അപേക്ഷകൾ ജില്ലാ/സംസ്ഥാന ലാൻഡ്

അലോട്ട്മെന്റ് കമ്മിറ്റി അംഗീകാരം നൽകുന്ന മുറയ്ക്ക് അതത് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ഇന്റർവ്യൂ നടത്തി വർഷാവർഷം തയ്യാറാക്കുന്ന മുൻഗണനാലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് വ്യവസായ ഭൂമി അനുവദിച്ചുനൽകുന്നത്. സംരംഭകർക്ക് സമയബന്ധിതമായി ഭൂമി അലോട്ട് ചെയ്യുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്. നിശ്ചിത ദിവസങ്ങൾക്കുള്ളിൽ അലോട്ട്മെന്റ് നടപടികൾ പൂർത്തിയാക്കണമെന്ന വ്യവസ്ഥയും പുതിയ ചട്ടത്തിലുൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) പാട്ട വ്യവസ്ഥയിൽ ഭൂമി അനുവദിക്കുന്നതിന് 2013 മുതൽ നിലവിലുണ്ടായിരുന്ന ചട്ട പ്രകാരം വ്യവസായ ഭൂമി ഈടുവയ്ക്കുന്നതിന് അനുമതി നൽകിയിരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളായ കിൻഫ്ര, സിഡ്കോ, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ എന്നിവയുടെ ഉടമസ്ഥതയിലുള്ള ഭൂമിയിലും സംരംഭകർക്ക് വായ്പയ്ക്കായി ഈട് നൽകുന്നതിന് അനുമതി നൽകിവരുന്നു.

<u>ശ്രീ. എം. വിജിൻ</u>: സർ, വ്യവസായരംഗത്ത് വലിയ മാറ്റങ്ങളുണ്ടാക്കി അതുവഴി തൊഴിൽ സാധ്യതകൾ സൃഷ്ടിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന പിണറായി സർക്കാരിനെയും അതിന് നേതൃത്വം നൽകുന്ന വകുപ്പുമന്ത്രിയെയും പ്രത്യേകം അഭിനന്ദിക്കുകയാണ്. നിലവിൽ വ്യവസായ

ആവശ്യത്തിനായി നൽകിയിരിക്കുന്ന ഭൂമിയുടെ കൈമാറ്റ വ്യവസ്ഥയിൽ കാലാനുസൃതമായ മാറ്റം കൊണ്ടുവരാൻ സംസ്ഥാന സർക്കാർ ആലോചിക്കുന്നുണ്ടോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാന്യനായ അംഗം ഉന്നയിച്ചത് ഗൗരവമേറിയ ഒരു വിഷയമാണ്. Unified land lease policy ആ പ്രശ്നം കൂടി അഭിസംബോധന ചെയ്യുന്നുണ്ട്. നിലവിൽ വ്യവസായിക എസ്റ്റേറ്റുകളിൽ ഭൂമിയുടെ ഉടമസ്ഥത കൈമാറ്റം, ആക്ടിവിറ്റി മാറ്റം ഇവയെല്ലാം സങ്കീർണ്ണമായ പ്രശ്നങ്ങളായാണ് വകുപ്പുകാണുന്നത്. അതിന്റെ ഭാഗമായി പല തലങ്ങളിലും ചർച്ചകൾ നടത്തി. ഇത് റവന്യൂ വകുപ്പും തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഒരാൾ മരണപ്പെട്ടാലോ, 51 ശതമാനം ഓഹരി നിലനിർത്തിയാലോ, ഉടമസ്ഥാവകാശം എളുപ്പത്തിൽ കൈമാറുന്നതിനുള്ള വ്യവസ്ഥകൾ പുതിയ കരട് നയത്തിൽ റവന്യൂവകുപ്പ് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഓരോ ആക്ടിവിറ്റിയും നേരത്തെ പ്രത്യേകം പരാമർശിച്ചിരുന്നു. ഉദാഹരണമായി പ്ലാസ്റ്റിക് കപ്പിന്റെ നിർമ്മാണമാണെങ്കിൽ പ്ലാസ്റ്റിക് കപ്പ് മാത്രമാണ് നിർമ്മിക്കാൻ സാധിക്കുക. അത് പേപ്പർ കപ്പിന്റെ വ്യവസായത്തിലേയ്ക്ക് മാറണമെങ്കിൽ വീണ്ടും പട്ടയം മാറേണ്ട സാഹചര്യമുണ്ടായിരുന്നു. അതെല്ലാം വ്യവസായിക

ആക്ടിവിറ്റിയെന്ന പൊതു ആക്ടിവിറ്റിയിലേയ്ക്ക് കൊണ്ടുവരാനുള്ള വ്യവസ്ഥ വകുപ്പ് അംഗീകരിച്ചിട്ടുണ്ട്. മാർച്ച് മാസത്തിൽ തന്നെ unified land lease policy പുറത്തിറക്കാൻ സാധിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

ശ്രീ. എം. വിജിൻ: സർ, വ്യവസായ രംഗത്ത് വലിയ രീതിയിൽ ഇൻവെസ്റ്റ്മെന്റിനും തൊഴിലിനും മാറ്റങ്ങൾക്കും വഴിയൊരുക്കുന്ന ഒന്നാണ് സ്വകാര്യ വ്യവസായ പാർക്ക്. ഈ സ്വകാര്യ വ്യവസായ പാർക്കുകൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ടുള്ള നടപടികളുടെ പുരോഗതി വിശദീകരിക്കാമോ?

ശ്രീ. പി. രാജീവ്: സർ, വലിയ മാറ്റങ്ങൾക്ക് സഹായകരവും സംരംഭങ്ങൾ ആരംഭിക്കുന്നതിന് വളരെ അനുകൂലവുമായ ഒരു സാഹചര്യം സൃഷ്ടിക്കുന്നതിന് സ്വകാര്യ വ്യവസായ പാർക്കുകൾ സഹായകരമാണെന്നാണ് സർക്കാർ കരുതുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ് പ്രൈവറ്റ് ഇൻഡസ്ട്രിയൽ പാർക്കിന്റെ പോളിസി അംഗീകരിച്ചത്. എന്നാൽ ടി പോളിസി അടിസ്ഥാനമാക്കി പുതിയ വ്യവസായ പാർക്കുകൾ വരാത്തതിനെ സംബന്ധിച്ച് അവലോകനം നടത്തി കണ്ടെത്തിയ പ്രായോഗിക പരിമിതികൾ മറികടക്കുന്നതിനുള്ള ഭേദഗതികൾ പോളിസിയിൽ വരുത്തിയിട്ടുണ്ട്. ഇപ്പോൾ പത്ത് ഏക്കറിൽ കൂടുതൽ

ഭൂമിയുള്ള വ്യക്തികൾക്ക്, അത് പാർട്ട്ണർഷിപ്പാകാം ട്രസ്റ്റാകാം കോപ്പറേറ്റീവാകാം പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയാകാം, അവർക്ക് ഡെവലപ്പർ പെർമിറ്റ് നൽകുന്ന സംവിധാനമാണ് ഈ പുതിയ നയത്തിലുള്ളത്. അഞ്ച് ഏക്കറിനും പത്ത് ഏക്കറിനുമുള്ളിലുള്ളതാണെങ്കിൽ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി ആരംഭിക്കുന്നതിനുള്ള അനുമതി നൽകുന്നതാണ്. ഒരു ഏക്കറിന് 30 ലക്ഷം രൂപ മുതൽ പരമാവധി മൂന്ന് കോടിരൂപ വരെ ഇൻസെന്റീവായി common effluent treatment plant മറ്റ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റിന് ഈ സ്കീം പ്രകാരം ഗവൺമെന്റ് നൽകുന്നുണ്ട്. ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷകളിൽ നിയമപ്രകാരം വ്യവസായം നടത്താൻ സാധിക്കുന്ന ഭൂമിയിൽ മറ്റെല്ലാ രേഖകളുമുണ്ടെങ്കിൽ 30 ദിവസത്തിനുള്ളിൽ ലൈസൻസ് വെബ്സൈറ്റിൽനിന്നും ഡൗൺലോഡ് ചെയ്ത് എടുക്കാൻ സാധിക്കും. ഇതിനകം എട്ട് സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുമതി നൽകാൻ സാധിച്ചുവെന്നകാര്യം ഈ സഭയെ ഞാൻ അറിയിക്കുകയാണ്.

ഡോ. കെ. ടി. ജലീൽ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ): സർ, ഹിൽ (ഇന്ത്യ) ലിമിറ്റഡിന്റെ കേരള യൂണിറ്റ് അടച്ചുപൂട്ടാൻ തീരുമാനമെടുത്ത സാഹചര്യത്തിൽ

സംസ്ഥാനത്തിനവകാശപ്പെട്ട ഭൂമി സംരക്ഷിക്കുന്നതിന് വ്യവസായ വകുപ്പുമന്ത്രി നടത്തുന്ന ശ്രമങ്ങളെ അഭിനന്ദിക്കുന്നു. വ്യവസായങ്ങൾക്ക് സ്ഥലം അനുവദിക്കുകയും ബന്ധപ്പെട്ടവർ പണമടയ്ക്കുകയും ചെയ്തിട്ടും രേഖകൾ കൈമാറാത്തതുമൂലമോ കൈമാറുന്നതിലുള്ള കാലതാമസംമൂലമോ സംരംഭകർക്ക് ബാങ്കുകളിൽ നിന്ന് വായ്പയെടുക്കാൻ സാധിക്കുന്നില്ല. ഈ വിഷയം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ചോദ്യത്തിന് രണ്ട് ഭാഗങ്ങളുണ്ട്. നിലവിൽ HIL (India) Limited പൂട്ടി സ്വകാര്യവൽക്കരണ നടപടികളുമായി കേന്ദ്ര സർക്കാർ മുന്നോട്ടുപോവുകയുമാണ്. നേരത്തെ എച്ച്.എൻ.എൽ.-ന്റെ സ്വകാര്യവത്കരണ നീക്കത്തിനെതിരെ ലേലത്തിൽ പങ്കെടുത്താണ് ടി സ്ഥാപനത്തെ സംസ്ഥാന സർക്കാർ പിടിച്ചെടുത്തതെങ്കിൽ ഹിൽ (ഇന്ത്യ) ലിമിറ്റഡിന്റെ കാര്യത്തിൽ സംസ്ഥാന സർക്കാരിന് ലേലത്തിൽ പങ്കെടുക്കാനുള്ള അവകാശമില്ലെന്ന നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുള്ളത്. കേരളത്തിലെ ആദ്യത്തെ കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങളിലൊന്നായ എച്ച്.ഐ.എൽ.-ന്റെ കാര്യത്തിൽ

തിരിച്ചുപിടിക്കാൻ സാധിക്കുന്ന ഭൂമി എത്രയാണെന്നത് പ്രത്യേകം അന്വേഷിക്കാൻ ജില്ലാ ഭരണകൂടത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗത്തിന്റെ രണ്ടാമത്തെ ചോദ്യവുമായി ബന്ധപ്പെട്ട് പ്രത്യേകമായ ഏതെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കുന്നതാണ്. പുതിയ നയം നിലവിൽവരുന്നതോടുകൂടി പൊതുവെയുള്ള സങ്കേതികപ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

ശ്രീ. വി. ജോയി: സർ, കരുത്തുറ്റതും മികവാർന്നതുമായ അടിസ്ഥാന സൗകര്യങ്ങൾ വ്യാവസായിക വളർച്ചയ്ക്ക് വളരെ അനിവാര്യമാണ്. അത്തരം പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിയാണ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയും വകുപ്പും പ്രവർത്തിക്കുന്നതെന്ന് അറിയാം. തിരുവനന്തപുരത്തെ ലൈഫ് സയൻസ് പാർക്കിൽ ബയോടെക്നോളജി യൂണിറ്റുകളും അനുബന്ധ ഗവേഷണ സ്ഥാപനങ്ങളുടെ സജ്ജീകരണവും മെഡിക്കൽ ഉപകരണങ്ങളുടെ യൂണിറ്റുമൊക്കെ ആരംഭിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ഏതുഘട്ടത്തിലെത്തിയെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, ലൈഫ് സയൻസ് പാർക്കിനാവശ്യമായ ഇക്കോസിസ്റ്റം ശക്തിപ്പെടുത്താനാണ് തുടക്കംമുതൽ ശ്രമിച്ചിട്ടുള്ളത്. ഈ

മേഖലയിലെ ഇൻഡസ്ട്രി കേരളത്തിൽ ആരംഭിക്കാൻ കഴിയണമെങ്കിൽ ആവശ്യമായ ഗവേഷണ സൗകര്യങ്ങളും ലബോറട്ടറികളും പരീക്ഷണത്തിനാവശ്യമായ സൗകര്യങ്ങളുമൊക്കെ ഒരുക്കേണ്ടതുണ്ട്. ലൈഫ് സയൻസ് പാർക്കിന്റെ ആദ്യഘട്ടം നല്ല രീതിയിൽ പൂർത്തീകരിച്ചിട്ടുണ്ട്. പൂനെ വൈറോളജി ലാബിനെക്കാൾ മികവാർന്ന രീതിയിലുള്ള സൗകര്യങ്ങളോടെയുള്ള വൈറോളജി ലാബിന്റെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. അടുത്തുതന്നെ പ്രധാനപ്പെട്ട ബിൽഡിംഗിന്റെ കൈമാറ്റവും ഉദ്ഘാടനവും നടത്താൻ കഴിയുന്ന രൂപത്തിൽ സജ്ജമായിട്ടുണ്ട്. ലൈഫ് സയൻസ് പാർക്കിനൊരു പരിമിതിയുണ്ട്. ഗവൺമെന്റ് ഭൂമിയേറ്റെടുത്ത് നൽകുമ്പോൾ അതിന് വലിയ വിലയാണ് സംരംഭകർ നൽകേണ്ടിവരുന്നത്, അതിനൊരു പ്രത്യേക സ്കീം കൂടി ആവിഷ്കരിക്കുന്നതിന് ആലോചിക്കുന്നുണ്ട്. ലൈഫ് സയൻസ് പാർക്ക് കേരളത്തിലെ പുതിയകാല വ്യവസായങ്ങൾ ശക്തിപ്പെടുന്നതിനുള്ള പ്രധാനപ്പെട്ട പശ്ചാത്തലസൗകര്യമായി മാറുമെന്നാണ് കണക്കാക്കുന്നത്.

ശ്രീ. പി. മമ്മിക്കുട്ടി ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. ബാബു (നെന്മാറ): സർ, ആരൊക്കെ എന്തൊക്കെ പറഞ്ഞാലും ചില മാധ്യമങ്ങൾ അതൊക്കെ അച്ചുകൂടം നിരത്തി അവമതിപ്പുണ്ടാക്കാൻ ശ്രമിച്ചാലും

സ്റ്റാർട്ടപ്പുകളുടെയും എം.എസ്.എം.ഇ.-കളുടെയും കാര്യത്തിലും വൻകിട വ്യവസായ സംരംഭകരെ ആകർഷിക്കുന്ന കാര്യത്തിലും പ്രകൃതിക്കിണങ്ങുന്ന തരത്തിലുള്ള വ്യവസയങ്ങളാരംഭിച്ച് കേരളത്തെ മുന്നോട്ട് നയിക്കുന്ന കാര്യത്തിലും പ്രത്യേക ശ്രദ്ധചെലുത്തുന്ന എൽ.ഡി.എഫ്. സർക്കാരിനെയും പ്രത്യേകിച്ച് വകുപ്പുമന്ത്രിയെയും അഭിനന്ദിക്കുന്നു. കൊച്ചി-ബംഗളൂരു വ്യാവസായിക ഇടനാഴിക്കാവശ്യമായ ഭൂമിയേറ്റെടുക്കൽ ദ്രുതഗതിയിലാണ് നടക്കുന്നത്. പൊന്നുംവില കൊടുത്ത് കർഷകരിൽനിന്നുൾപ്പെടെ ഭൂമി ഏറ്റെടുത്ത് ഒന്നാം യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് പ്രഖ്യാപിച്ച കോച്ച് ഫാക്ടറിക്കുവേണ്ടി തറക്കല്ലിട്ട് പോയതല്ലാതെ കോച്ചുമില്ല ഫാക്ടറിയുമില്ല. ടി കോച്ച് ഫാക്ടറിക്കുവേണ്ടി ഏറ്റെടുത്ത 400 ഏക്കറിലധികം ഭൂമിയിൽ ഇപ്പോൾ ആനയും മറ്റ് വന്യമൃഗങ്ങളുമാണ് വളരുന്നത്. ടി ഭൂമി കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിക്കായി ഏറ്റെടുക്കാൻ എന്തെല്ലാം തരത്തിലുള്ള പ്രവർത്തനങ്ങൾ ആരംഭിക്കാനാണുദ്ദേശിക്കുന്നത്?

<u>ശ്രീ. പി. രാജീവ്</u>: സർ, കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിക്കുവേണ്ടി പാലക്കാട് രണ്ട് റോഡുകളാണുള്ളത്. അതിനായുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ നല്ല രീതിയിൽ പൂർത്തീകരിക്കാൻ കഴിഞ്ഞു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമാണത്. ഇന്ത്യയിലെ

വ്യവസായ കോറിഡോർ സംവിധാനത്തിന്റെ ഭാഗമായി കേരളത്തിൽ അതിവേഗം ഭൂമിയേറ്റെടുക്കാൻ കഴിഞ്ഞതിൽ പ്രത്യേകം അഭിനന്ദനം ലഭിക്കുകയുണ്ടായി. ബഹുമാനപ്പെട്ട അംഗം ശ്രീ. ബാബു (നെന്മാറ) ചൂണ്ടിക്കാണിച്ച കോച്ച് ഫാക്ടറിയെ സംബന്ധിച്ച് സംസ്ഥാന സർക്കാർ ഭൂമിയേറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറിക്കഴിഞ്ഞിട്ടുണ്ട്. അതിനാൽ നിലവിൽ അത് സംസ്ഥാന സർക്കാരിന്റെ കൈവശമല്ല, ടി ഭൂമി റെയിൽവേയിൽനിന്ന് തിരിച്ച് കിട്ടേണ്ടതുണ്ട്. ബഹുമാന്യനായ അംഗം സൂചിപ്പിച്ച കാര്യം വളരെ പ്രസക്തമാണ്. കാലങ്ങളായുള്ള ആവശ്യമെന്ന നിലയ്ക്ക് സർക്കാർ ഭൂമിയേറ്റെടുത്ത് കൈമാറിയിട്ടും കോച്ച ഫാക്ടറിയാരംഭിക്കാൻ നിലവിലെയും മുൻ കേന്ദ്ര ഗവൺമെന്റുകളും തയ്യാറായിട്ടില്ല. ടി ഭൂമി തിരിച്ച് ലഭിക്കുന്നതിനാവശ്യമായ ശ്രമങ്ങൾ ഗവൺമെന്റ് നടത്തുന്നതായിരിക്കും.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, എനിക്ക് വ്യവസായ വകുപ്പുമന്ത്രിയെ അഭിനന്ദിക്കണമെന്ന് ആഗ്രഹമുണ്ടെങ്കിലും പുതിയ സംരംഭങ്ങൾ തുടങ്ങിയത് പെരുപ്പിച്ച് കാണിച്ചുകൊണ്ടുള്ള കണക്കുകളും ബന്ധപ്പെട്ട വിവരങ്ങളും പുറത്തുവന്ന സാഹചര്യത്തിൽ അതിന് കഴിയുന്നില്ല. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുമ്പോൾ ഗവൺമെന്റ് അതിന് സപ്പോർട്ട്

ചെയ്തുകൊണ്ട് സബ്സിഡി പ്രഖ്യാപിക്കുന്നുണ്ട്. പക്ഷെ, ഇങ്ങനെ പ്രഖ്യാപിക്കുന്ന സബ്സിഡികളൊന്നും കൃത്യസമയത്ത് കിട്ടുന്നില്ലെന്ന ആക്ഷേപം നിലനിൽക്കുന്നുണ്ട്. ഇതിൽ എത്ര സംരംഭങ്ങൾക്ക് ഇനി സബ്സിഡി കൊടുക്കാനുണ്ട്. അത് അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാന്യനായ അംഗം ഇവിടെ പറഞ്ഞകാര്യം അദ്ദേഹത്തിന്റെ ഹൃദയത്തിൽ നിന്നുവന്നതാണ്. ആത്മാർത്ഥമായി അഭിനന്ദിക്കാൻ അദ്ദേഹം ആഗ്രഹിക്കുന്നുണ്ട്. പക്ഷെ, ഇപ്പോൾ പലരും സൃഷ്ടിച്ച സാഹചര്യം കാരണം അദ്ദേഹത്തിന് അതിന് കഴിയാതെ പോയി. അതിന് ഞാൻ അദ്ദേഹത്തോട് പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ നൽകിവരുന്ന സബ്സിഡികൾ പരമാവധി വേഗത്തിൽ നൽകാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഏതെങ്കിലും കേസിൽ ഇതുപോലുള്ള എന്തെങ്കിലും തടസ്സമോ ബുദ്ധിമുട്ടുണ്ടോ ഉണ്ടെങ്കിൽ ശ്രദ്ധയിൽപ്പെടുത്തിയാൽ അത് പെട്ടെന്ന് പരിഹരിക്കാൻ ശ്രമിക്കും. അതിനായുള്ള നടപടിക്രമങ്ങളെല്ലാം ഓൺലൈനാക്കി മാറ്റാനാണ് വ്യവസായ വകുപ്പ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. പരമാവധി

സമയബന്ധിതമായിതന്നെ സബ്സിഡികൾ നൽകാൻ കഴിയണമെന്നത് തന്നെയാണ് സർക്കാരിന്റെ കാഴ്ചപ്പാട്.

ശ്രീ. കെ. പി. മോഹനൻ: സർ, സംരംഭകർക്ക് എളുപ്പത്തിൽ ഭൂമി ലഭിക്കാൻ വേണ്ടിയുള്ള നടപടികളുമായി മുന്നോട്ടുപോകുമ്പോൾ അതിന്റെ സങ്കേതികത്വം ലളിതമാക്കേണ്ടതും സംരംഭക സൗഹൃദമായിരിക്കുകയും അതോടൊപ്പം കൂടുതൽ ഭൂമി എളുപ്പത്തിൽ കിൻഫ്രയ്ക്ക് കൈമാറാനുള്ള നടപടി സ്വീകരിക്കുകയും വേണം. എന്റെ നിയോജകമണ്ഡലത്തിൽ 258 ഏക്കർ ഭൂമി കിൻഫ്രയ്ക്കുവേണ്ടി കൈമാറാൻ ലാൻഡ് അക്വിസിഷൻ നടപടികൾ തുടങ്ങിയിട്ട് മൂന്ന് വർഷമായെങ്കിലും ഇതുവരെ പൂർത്തികരിച്ചിട്ടില്ല. അത് വേഗത്തിലാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാന്യനായ അംഗം പറഞ്ഞത് വളരെ പ്രസക്തമായ ഭാഗമാണ്. തുടക്കം മുതൽ ഒടുക്കംവരെ സംസ്ഥാന സർക്കാർ വളരെയധികം പരിശ്രമിച്ചതിന്റെ ഫലമായിട്ടാണ് കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിക്കാവശ്യമായ ഭൂമി സമയബന്ധിതമായി ഏറ്റെടുക്കാൻ കഴിഞ്ഞത്. എൽ.എ.ആർ.ആർ. ആക്ട് നിലവിൽ വന്നതിനുശേഷം ഒരു സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിനും 100 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനും ഒരേ നടപടിക്രമമാണുള്ളത്, അതേപോലെ അതിന് സമയക്രമവുമുണ്ട്.

അതുകൊണ്ട് സമയക്രമം പാലിച്ചുകൊണ്ട് മാത്രമേ ഭൂമി ഏറ്റെടുക്കാൻ കഴിയൂ. ഇവിടെ കണ്ണൂരിൽ അദ്ദേഹത്തിന്റെ മണ്ഡലത്തിലും മട്ടന്നൂരിൽ ശ്രീമതി കെ. കെ. ശൈലജ ടീച്ചറുടെ മണ്ഡലത്തിലും ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിനുവേണ്ടി ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുത്ത് കഴിഞ്ഞ ദിവസം യോഗം ചേർന്നിരുന്നു. റവന്യൂ വകുപ്പുമന്ത്രിയും ഞാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ആ യോഗത്തിൽ പങ്കെടുത്തിരുന്നു. ഭൂമി ഏറ്റെടുക്കൽ സമയബന്ധിതമായി പൂർത്തികരിക്കുന്നതിനായി അതിന്റെ വേഗത വർദ്ധിപ്പിക്കുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. എ. പ്രഭാകരൻ: സർ, പലക്കാട് ജില്ലയിൽ വ്യവസായ സംരംഭകരുടെ മീറ്റിംഗ് ഡി.ഐ.സി.യുടെ നേതൃത്വത്തിൽ വിളിച്ചു ചേർത്തു. പക്ഷേ, ഭൂമി വിതരണം ചെയ്യുന്ന കാര്യത്തിലുണ്ടാകുന്ന കാലതാമസം പലവിധ പരാതികൾക്കുമിടയാക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ഭൂമി വിതരണം വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: നിലവിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ ജില്ലാ വ്യവസായ കേന്ദ്രവുമായി ബന്ധപ്പെട്ടതാണെങ്കിൽ ഭൂമിയിൽ പരിമിതിയുണ്ട്. നിലവിൽ വ്യവസായം നടക്കാത്ത ലിറ്റിഗേഷനുള്ള ഭൂമിയുടെ മൊത്തം

സ്റ്റാറ്റസ് എടുത്തതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ ജില്ലാ വ്യവസായ കേന്ദ്രവുമായി ബന്ധപ്പെട്ടതോ അല്ലെങ്കിൽ ഡി.ഐ.സി.-യുടെ (Directorate of Industries and Commerce) നിയന്ത്രണത്തിലുള്ളതോ ആയ വ്യവസായ പാർക്കുകളിൽ ഇതുമായി ബന്ധപ്പെട്ട എല്ലാ കേസുകളും ലിസ്റ്റ് ചെയ്തുകഴിഞ്ഞു. പ്രസ്തുത കേസുകളിന്മേൽ പുതിയ നയം നിലവിൽ വരുന്നതോടെ പരിഹരിക്കപ്പെടാവുന്ന കേസുകൾ പ്രത്യേകം ലിസ്റ്റ് ചെയ്യാൻ തീരുമാനിച്ചു. ഏതെങ്കിലും ഹൈക്കോടതി ജഡ്ജിയുടെ മീഡിയേഷനിലൂടെ തീർപ്പാക്കാൻ കഴിയുന്ന കേസുകളും കണ്ടസ്റ്റ് ചെയ്യേണ്ട കേസുകളും പ്രത്യേകം ലിസ്റ്റ് ചെയ്യണമെന്നും തീരുമാനിച്ചിട്ടുണ്ട്. നിലവിലെ കേസുകളെ ഇത്തരത്തിൽ മൂന്ന് കാറ്റഗറികളായി തിരിച്ചിട്ടുണ്ട്. ബഹുമാന്യനായ അഡ്വക്കേറ്റ് ജനറൽ, സ്പെഷ്യൽ പ്ലീഡർ, മറ്റ് അഭിഭാഷകർ, ബന്ധപ്പെട്ട സർക്കാർ ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് വിശദമായൊരു യോഗം നടത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി ഇത്തരത്തിലുള്ള നിയമപരമായ തർക്കങ്ങൾ പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. എല്ലാ അലോട്ടുമെന്റുകളും പുതിയ പോളിസി പ്രകാരം ഓൺലൈനായി തന്നെ നൽകുന്നതായിരിക്കും.

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, ഇൻകെൽ ലിമിറ്റഡിന്റെ കൈവശമുള്ള ഭൂമി വ്യവസായ സംരംഭകർക്കുവേണ്ടി കൊടുത്തെങ്കിലും അവയൊക്കെ

ഇപ്പോഴും ഉപയോഗിക്കാതെ കിടക്കുകയാണ്. ടി ഭൂമിയിൽ വ്യവസായ സംരംഭം ആരംഭിക്കുന്നില്ലെങ്കിൽ ആയത് തിരിച്ചുവാങ്ങാനുള്ള സംവിധാനം ഏർപ്പെടുത്തുമോ; അതോടൊപ്പം മലപ്പുറത്തെ ഇൻകെലിൽ വളരെ നന്നായി പ്രവർത്തിച്ചിരുന്ന എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം നിലച്ചിരിക്കുകയാണ്. അവിടെ ഒരു വിദ്യാഭ്യാസ കേന്ദ്രം ആരംഭിക്കാൻ ജില്ലാ സഹകരണ ഹോസ്പിറ്റൽ എം.ഡി.-യുമായി ചർച്ച നടത്തി ധാരണയുണ്ടാക്കിയിട്ടുണ്ട്. അക്കാര്യത്തിൽ അന്തിമ തീരുമാനമുണ്ടാക്കാൻ തയ്യാറാകുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, ഇൻകെൽ ലിമിറ്റഡിന്റെ ഭൂമിയെല്ലാം മിക്കവാറും നന്നായി വിനിയോഗിക്കുന്നുണ്ട്. എന്നാൽ ചിലതൊക്കെ കോടതിയിൽ കേസ് നിലനിൽക്കുന്നതിന്റെ ഭാഗമായിട്ടാണ് ഉപയോഗിക്കാതെ കിടക്കുന്നത്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാട്ടിയതുപോലെ, മലപ്പുറത്തെ ഇൻകെലിൽ പ്രവർത്തിച്ചിരുന്ന എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂട്ട് കോവിഡിന്റെ പശ്ചാത്തലത്തിൽ നിലച്ചുപോയെന്നത് വസ്തുതയാണ്. Expression of Interest (EOI) വിളിച്ച് സുതാര്യമായ പ്രക്രിയയിലൂടെ വീണ്ടും അത് അലോട്ട് ചെയ്യുന്നതിന് എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് വിളിച്ചപ്പോൾ ഒരു സ്ഥാപനം മാത്രമാണ്

അതിൽ താല്പര്യം കാണിച്ചിട്ടുള്ളത്. അതിന്റെ നിയമവശങ്ങളും മറ്റെല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചതിനുശേഷം ആ സ്ഥലം വിനിയോഗിക്കണമെന്നുതന്നെയാണ് സർക്കാർ കാണുന്നത്. നിയമപ്രകാരം ഒരു സ്ഥാപനം മാത്രമേയുള്ളൂവെന്നതിൽ അക്കാര്യത്തിൽ വ്യക്തത വരുത്തിയശേഷം മറ്റ് പ്രശ്നങ്ങളൊന്നുമില്ലെങ്കിൽ അതിവേഗം തീരുമാനമെടുക്കാൻ കഴിയും. ഇൻകെൽ ലിമിറ്റഡിന്റെ ബോർഡിന് അതിനുള്ള പൂർണ്ണ അവകാശമുണ്ട്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കാസർഗോഡ് നഗരപ്രദേശത്തെ വിദ്യാനഗറിൽ സിഡ്കോയുടെ കീഴിലുള്ള ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് ഏക്കർ കണക്കിന് ഭൂമിയും നിരവധി വ്യവസായ സംരംഭങ്ങളുമുണ്ട്. അടിസ്ഥാനസൗകര്യവുമായി ബന്ധപ്പെട്ട് ധാരാളം പ്രശ്നങ്ങൾ അവിടെ നിലനിൽക്കുന്നുണ്ട്. ഇതുസംബന്ധിച്ച് ചർച്ച നടത്തുന്നതിനായി കഴിഞ്ഞ ദിവസം ഒരു യോഗം വിളിച്ചിരുന്നു. അവിടത്തെ ഭൂമിക്ക് നാളിതുവരെ പട്ടയം ലഭിച്ചിട്ടില്ലെന്നതാണ് പ്രധാനപ്പെട്ട പ്രശ്നം. ടി ഭൂമിക്ക് പട്ടയമനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: കാസർഗോഡ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലേയും കെ.എസ്.ഐ.ഡി.സി.-യുടെയുമൊക്കെ ഉപയോഗശൂന്യമായി കിടക്കുന്ന

സ്ഥലം പൂർണ്ണമായും വ്യവസായാവശ്യത്തിന് ഉപയോഗിക്കണമെന്ന് ബഹുമാന്യനായ അംഗം മുമ്പും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഞങ്ങളൊന്നിച്ച് അത്തരം ചില സ്ഥലങ്ങൾ സന്ദർശിക്കുകയും ചെയ്തിരുന്നു. അവിടെയൊക്കെ വ്യവസായപരമായി നല്ലരീതിയിലുള്ള മാറ്റമുണ്ടാകുന്നുവെന്നത് അങ്ങേയ്ക്കുതന്നെ ബോദ്ധ്യപ്പെട്ടിട്ടുണ്ടാകും. പട്ടയമനുവദിക്കുന്നത് സംബന്ധിച്ച് യൂണിഫൈഡ് പോളിസി വരുന്ന ഘട്ടത്തിൽ സിഡ്കോയുടെ ഭൂമിക്കും എളുപ്പത്തിൽ പട്ടയം നൽകാൻ കഴിയും. ജില്ലാ വ്യവസായ കേന്ദ്രത്തിൽ സിഡ്കോയുടെ നിയന്ത്രണത്തിലുള്ള എസ്റ്റേറ്റുകൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി കിഫ്ബിയിൽനിന്നും 250 കോടി രൂപയുടെ വായ്പ അനുവദിച്ചിട്ടുണ്ട്. പുതിയ വ്യവസ്ഥയനുസരിച്ച് ധനകാര്യ വകുപ്പുകൂടി അത് അംഗീകരിക്കണം. കാരണം, ബോറോയിംഗ് ലിമിറ്റിൽക്കൂടി ഉൾപ്പെടുത്തണമെന്നൊരു പുതിയ വ്യവസ്ഥ വന്നതുകൊണ്ട് അതിൽ വ്യക്തത വരുത്തി വായ്പ അനുവദിച്ചാൽ ഈ എസ്റ്റേറ്റുകളെല്ലാം കുറേക്കൂടി ആധുനികരൂപത്തിലേയ്ക്ക് മാറ്റാൻ കഴിയും. ഈ പുതിയ നയം അംഗീകരിക്കുന്നമുറയ്ക്ക് പട്ടയ വിതരണവും വേഗത്തിലാക്കാൻ കഴിയും.

## സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് മാറ്റിവച്ച ചെലവുകൾ

4(*184) ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. അബ്ദുൽ ഹമീദ് പി.:
ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി രൂക്ഷമായതിനെത്തുടർന്ന് വിവിധ ക്ഷേമപെൻഷനുകളുടെ വിതരണം നിലച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) മരാമത്ത് പണികൾ ചെയ്തവകയിൽ കരാറുകാർക്ക് നൽകാനുള്ള തുകയിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ എന്നിവർക്കുള്ള ഡി.എ., ലീവ് സറണ്ടർ ആനുകൂല്യം എന്നിവ അനുവദിക്കാനുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) മുടക്കം വന്നിട്ടുള്ള ക്ഷേമപെൻഷനുകൾ, കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക, ജീവനക്കാർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ മുതലായവ നൽകുന്നതിന് ആകെ എത്ര തുക വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, (എ) 2020 സെപ്റ്റംബർ മുതൽ ക്ഷേമ പെൻഷനുകൾ അതത് മാസംതന്നെ നൽകിവരുന്നുണ്ട്. ചില അവസരങ്ങളിൽ രണ്ടുമാസത്തെ പെൻഷൻ ഒന്നിച്ച് നൽകിയിട്ടുണ്ട്. 2022 നവംബർ മാസം വരെയുള്ള പെൻഷൻ വിതരണം പൂർത്തിയാക്കുകയും 2022 ഡിസംബർ മാസത്തെ ക്ഷേമപെൻഷൻ വിതരണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ക്ഷേമ പെൻഷൻ വിതരണം ചെയ്യുന്നതിനാവശ്യമായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും ഫണ്ട് കണ്ടെത്തുന്നതിനുമായി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്നൊരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് പ്രവർത്തിച്ചുവരികയാണ്. ഈ കമ്പനി നടത്തുന്ന താൽക്കാലിക കടമെടുപ്പ് സർക്കാരിന്റെ പൊതുകടമായി കണക്കാക്കുമെന്ന കേന്ദ്ര നിലപാട് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് ബുദ്ധിമുട്ട് സൃഷ്ടിച്ചിട്ടുണ്ട്. ആയതിനാൽ പെൻഷൻ വിതരണത്തിനാവശ്യമായ തുക ബഡ്ജറ്റ് വിഹിതത്തിൽനിന്നും കണ്ടെത്തേണ്ട സാഹചര്യമാണുള്ളത്. ഇത് പെൻഷൻ വിതരണത്തെ ബാധിക്കുമെങ്കിലും ക്ഷേമപെൻഷനുകൾ പരമാവധി സമയത്തുതന്നെ ലഭ്യമാക്കാൻ സർക്കാർ ശ്രമിക്കുന്നുണ്ട്. അതിന്റെ ഭാഗമായി

ഡിസംബർ മാസത്തെ പെൻഷൻ മിക്കവാറും ആളുകൾക്ക് ലഭിച്ചുകഴിഞ്ഞിട്ടുണ്ട്.

(ബി) ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും സമയക്രമം നിശ്ചയിച്ചുമാണ് കരാറുകാരുടെ ബില്ലുകൾ തീർപ്പാക്കിവരുന്നത്. ഇപ്രകാരം ബില്ലുകൾ തീർപ്പാക്കുന്നതിനാവശ്യമായ അധിക തുക അനുവദിച്ച് ബില്ലുകൾ നിശ്ചിതസമയത്തുതന്നെ തീർപ്പാക്കിവരുന്നുണ്ട്. കൂടാതെ ഒരു നിശ്ചിത തുക അധികരിക്കുന്ന ബില്ലുകൾ BDS രീതി വഴി തുക നൽകിവരുന്നു. നിലവിൽ ബില്ലുകൾ മാറിനൽകുന്ന BDS വിജയകരമായി നടപ്പിലാക്കി വരികയാണ്.

(സി) സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും 01-01-2021 മുതലുള്ള ക്ഷാമബത്ത നൽകാനുണ്ട്.

കോവിഡ്-19 മഹാമാരി സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച വ്യയനിയന്ത്രണ നടപടികളുടെ ഭാഗമായി സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും 2022-2023 സാമ്പത്തിക വർഷത്തെ ആർജ്ജിതാവധിയുടെ വാർഷിക സറണ്ടർ ആനുകൂല്യം പൊതു ഇളവുകൾക്ക് വിധേയമായി 31-12-2022 വരെ മരവിപ്പിച്ചിട്ടുണ്ടായിരുന്നു. 30-12-2022-ലെ സ.ഉ. (അച്ചടി) നം. 148/2022 പ്രകാരം 2022-2023

സാമ്പത്തിക വർഷം മാറ്റിവെച്ച ആർജ്ജിതാവധിയുടെ വാർഷിക സറണ്ടർ ആനുകൂല്യം 20-03-2023 മുതൽ ബന്ധപ്പെട്ട ജീവനക്കാരുടെ പി.എഫ്. അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യാനും ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെടുന്ന തുക നാല് വർഷത്തെ ലോക്ക് ഇൻ പിരീഡിനുശേഷം മാത്രമേ പിൻവലിക്കാനാകുവെന്നും ഉത്തരവായിട്ടുണ്ട്.

(ഡി) 2022 ഡിസംബർ മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷനുകളും സർക്കാർ നൽകുന്ന ധനസഹായവുമുപയോഗിച്ച് വിതരണം ചെയ്യുന്ന 16 ക്ഷേമനിധി ബോർഡ് പെൻഷനുകളും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പെൻഷൻ വിതരണത്തിനുള്ള ബിൽ പ്രോസസ് ചെയ്യുന്ന അവസരത്തിൽ മാത്രമേ തുക സംബന്ധിച്ച് വ്യക്തമായ കണക്ക് അറിയുവാൻ കഴിയുകയുള്ളൂ. 2022 നവംബർ മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷനുകളും സർക്കാർ ധനസഹായമുപയോഗിച്ച് വിതരണം ചെയ്യുന്ന 16 ക്ഷേമനിധി ബോർഡ് പെൻഷനുകളും നൽകുന്നതിനായി 879.06 കോടി രൂപ അനുവദിച്ചിരുന്നു. ജീവനക്കാർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളായ ക്ഷാമബത്ത, ലീവ് സറണ്ടർ എന്നിവ അനുവദിക്കുന്നതിന് എത്ര തുക വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടില്ല.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, പത്ത് ലക്ഷത്തിൽക്കൂടുതൽ തുകയുള്ള ബില്ലുകൾ പാസ്സാക്കേണ്ടതില്ലെന്നാണ് ധനകാര്യ വകുപ്പ് ട്രഷറികൾക്ക് നിർദ്ദേശം നൽകിയിരിക്കുന്നത്. ഇതുമൂലം സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധിയുടെ ആഴം എത്രയോ വലുതാണെന്ന് മനസ്സിലാക്കാൻ സാധിക്കും. കരാറുകാരുടെ ചെറിയ തുകയുള്ള ബില്ലുകൾപോലും തിരിച്ചയയ്ക്കുന്ന സ്ഥിതിയാണ് ഇപ്പോൾ സംസ്ഥാനത്ത് സംജാതമായിരിക്കുന്നത്. ഇതുമൂലം പ്രവൃത്തികളേറ്റെടുക്കാൻ കരാറുകാർ തയ്യാറാകാത്തത് വലിയ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുകയാണ്. ഇത് പരിഹരിക്കാൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, സംസ്ഥാനത്ത് അങ്ങനെ വലിയൊരു പ്രതിസന്ധിയുടെ അവസ്ഥയില്ല. പത്ത് ലക്ഷം രൂപ വരെ എന്നത് ലിക്വിഡിറ്റി മാനേജ്മെന്റിന്റെ ഭാഗമായി പേമെന്റിന്റെ റേറ്റ് ഇടയ്ക്ക് കുറയ്ക്കുന്നതാണ്. അതുതന്നെ BDS-ലൂടെ കൊടുക്കുന്നുണ്ട്. വലിയ തോതിലുള്ള കുടിശ്ശികയില്ല. കരാറുകാർക്ക് ബുദ്ധിമുട്ട് വരുന്ന സ്ഥിതി നിലവിലില്ല. അങ്ങനെയുള്ള ബുദ്ധിമുട്ട് ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, വില്പന നികുതി പിരിച്ചെടുക്കുന്നതിലുള്ള കൃത്യവിലോപമല്ലേ സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധിക്കുള്ള പ്രധാന കാരണം; വില്പന നികുതിയിനത്തിൽ എത്ര തുക പിരിച്ചെടുക്കാനുണ്ടെന്ന് വ്യക്തമാക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അങ്ങേയറ്റം തെറ്റിദ്ധാരണാജനകമായൊരു ചോദ്യമാണിത്. വില്പന നികുതി അല്ലെങ്കിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട ജി.എസ്.ടി. പിരിച്ചെടുക്കുന്നതിലെ പുരോഗതിയെ സംബന്ധിച്ച് നേരത്തെ ഇവിടെ പറഞ്ഞിരുന്നു. കഴിഞ്ഞ രണ്ട് വർഷങ്ങളിൽ അതായത് കോവിഡിന്റെയും പ്രളയത്തിന്റെയും സമയത്തുണ്ടായിരുന്ന ബുദ്ധിമുട്ടുകൾ നമുക്കറിയാവുന്നതാണ്. ഇന്ത്യയിലാകെയുണ്ടായ ഒരു മരവിപ്പുണ്ട്, കേരളത്തിൽ പ്രത്യേകിച്ചും പ്രളയവുംകൂടിയുണ്ടായി. അതിനുശേഷം കേരളം നല്ലരീതിയിൽ മുന്നോട്ടുവരികയും വകുപ്പിനെ പുനഃസംഘടിപ്പിക്കുകയും ചെയ്തു. 2021 മാർച്ച് മാസത്തെ വരുമാനത്തെയപേക്ഷിച്ച് 26000 കോടി രൂപയുടെ അധിക വരുമാനം ഈ വർഷമുണ്ടാകുന്നുണ്ട്. കഴിഞ്ഞ വർഷത്തെയും ഈ വർഷത്തെയും ജി.എസ്.ടി. വരുമാനങ്ങൾ തമ്മിൽ താരതമ്യം ചെയ്യുമ്പോൾ 30 ശതമാനം വർദ്ധനയുണ്ടായിട്ടുണ്ട്. മറ്റ് മേഖലകളിലും

അതിനാനുപാതികമായ വർദ്ധനയുണ്ട്. നികുതി പിരിച്ചെടുക്കുന്ന കാര്യത്തിലല്ല, ജി.എസ്.ടി.-യുടെ മൊത്തം ഘടനയിലുണ്ടാക്കിയ മാറ്റം, അതിനകത്തുതന്നെ ടാക്സ് വലിയ തോതിൽ വെട്ടിക്കുറച്ചത് തുടങ്ങിയ ധാരാളം കാര്യങ്ങളുണ്ട്. കഴിഞ്ഞ ദിവസം റായ്പൂരിൽ ചേർന്ന എ.ഐ.സി.സി. സമ്മേളനത്തിൽ അംഗീകരിച്ച പ്രമേയത്തിലെ ചില പോയിന്റുകൾ ഞാനും അംഗീകരിക്കുന്നു. കേന്ദ്ര ഗവൺമെന്റ് ഫിസ്കൽ ഫെഡറലിസത്തിലിടപെട്ടുകൊണ്ട് സംസ്ഥാനങ്ങളെ ഞെരുക്കുന്നതിനെ അങ്ങേയറ്റം വിമർശിച്ചിട്ടുണ്ട്. അതുപോലെ അഞ്ച് വർഷക്കാലത്തേയ്ക്ക് കോമ്പൻസേഷൻ പിരീഡ് നീട്ടിത്തരണമെന്ന് എ.ഐ.സി.സി. പ്രമേയത്തിൽ അംഗീകരിച്ചിട്ടുണ്ടെന്നാണ് ഞാൻ വായിച്ചത്. അത്തരം കാര്യങ്ങളാണ് സംസ്ഥാന സർക്കാരും പറഞ്ഞുകൊണ്ടിരിക്കുന്നതെന്നതാണ് വസ്തുത.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, സാമ്പത്തിക പ്രതിസന്ധി കാരണം മാനസിക വെല്ലുവിളി നേരിടുന്ന കിടപ്പുരോഗികൾക്ക് സഹായം നൽകിവന്നിരുന്ന ആശ്വാസ കിരണം പദ്ധതി കുറേക്കാലമായി ഇത് മുടങ്ങിക്കിടക്കുകയാണെന്ന് മാത്രമല്ല പുതിയ അപേക്ഷകൾ പരിഗണിക്കുന്നുമില്ല. പത്തും പന്ത്രണ്ടും മാസം കഴിയുമ്പോൾ ഒന്നോ രണ്ടോ

മാസത്തെ ആശ്വാസ ധനസഹായം മാത്രമാണ് നൽകുന്നത്. ഇത് മുടങ്ങാതെ നൽകാനും പുതിയ അപേക്ഷകൾ പരിഗണിക്കാനുമുള്ള സന്നദ്ധത സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ആശ്വാസ കിരണം പോലുള്ള പദ്ധതികൾക്ക് മുടക്കം വരുന്ന രീതിയിൽ സർക്കാരിന്റെ ഭാഗത്തുനിന്നും സമീപനവുമുണ്ടാകില്ല. പലപ്പോഴും സഹായധനം ലഭിക്കാത്തതിനുള്ള പ്രായോഗിക പ്രശ്നങ്ങൾ താഴേത്തലത്തിലുള്ള തായിരിക്കും. അത്തരം പദ്ധതികൾക്ക് പണം കൃത്യമായി നൽകുന്നതിനുള്ള എല്ലാ നടപടിയും സ്വീകരിക്കുകയാണെന്ന് ഈ സഭയിൽ പറയുകയാണ്.

ശ്രീ. പി. അബ്ദുൽ ഹമീദ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കേരളം വീണ്ടും വീണ്ടും കടമെടുക്കാൻവേണ്ടി അപേക്ഷകൾ കൊടുക്കുമ്പോഴും പെൻഷനും ശമ്പളവും നൽകാൻവേണ്ടിയാണ് പുതുതായി കടമെടുക്കുന്നതെന്നാണ് പരക്കെ അറിയപ്പെടുന്നത്. അപ്പോഴും സാമ്പത്തിക പ്രതിസന്ധിയില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. കാരണം സി.&എ.ജി. സാക്ഷ്യപ്പെടുത്തിയ കണക്കുകൾ നൽകാത്തതുകാരണമാണ് കേരളത്തിന്റെ ജി.എസ്.ടി. നഷ്ടപരിഹാരത്തുക ലഭിക്കാത്തതെന്നാണ് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മലാ സീതാരാമൻ

പാർലമെന്റിൽ പ്രഖ്യാപിച്ചത്. 2022-ഓടുകൂടി ജി.എസ്.ടി. നഷ്ടപരിഹാരം നിലച്ചല്ലോ; കിട്ടാനുള്ള സംഖ്യ വാങ്ങിയെടുക്കുന്നതിൽ കേരളത്തിന്റെ ഭാഗത്തുനിന്നുണ്ടായ പിടിപ്പുകേടാണ് അതായത് സി.&എ.ജി.-യുടെ സാക്ഷ്യപ്പെടുത്തിയ കണക്കുകൾ കൊടുക്കാത്തതാണ് കാരണമെന്ന് പറയുന്നു. ഈ പ്രഖ്യാപനത്തെത്തുടർന്ന് കിട്ടാനുള്ള തുക ലഭിക്കാൻവേണ്ടി കേരളം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, പെൻഷനും ശമ്പളവും കൊടുക്കാൻ വൻതോതിൽ കടമെടുക്കുന്ന നിലയിലേയ്ക്ക് സംസ്ഥാന സർക്കാർ നീങ്ങിയിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞദിവസം ഇക്കാര്യങ്ങളെപ്പറ്റി വിശദീകരിച്ചിരുന്നു. കേരളത്തിന് മാത്രമല്ല, വിവിധ സംസ്ഥാനങ്ങൾക്കും സാമ്പത്തിക ബുദ്ധിമുട്ടുണ്ട്. കേന്ദ്രസർക്കാർ പല മാനദണ്ഡങ്ങളും ഏകപക്ഷീയമായി കൊണ്ടുവന്നതാണ് അതിനുള്ള പ്രധാന കാരണമെന്ന് പലതവണ പറഞ്ഞിട്ടുള്ളതാണ്. അതുപോലുള്ള പൊതുകാര്യങ്ങളിൽ സഭയ്ക്കകത്ത് വിയോജിപ്പില്ലെന്നാണ് കരുതുന്നത്. സംസ്ഥാനത്തിന് അർഹതപ്പെട്ട വിഹിതം ഇനിയും കിട്ടാനുണ്ട്. സംസ്ഥാനത്തിന്റെ വികസനകാര്യങ്ങൾക്ക് ഇനിയും കൂടുതൽ പണം ലഭിക്കാനുണ്ട്. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി തന്നെ മെച്ചപ്പെട്ട ഫിസ്കൽ

കൺസോളിഡേഷനുള്ള സംസ്ഥാനങ്ങളുടെ കാര്യത്തിൽ കേരളത്തെ എടുത്തു പറഞ്ഞിട്ടുണ്ട്. റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയും ഇതേ കാര്യം പറഞ്ഞിട്ടുണ്ട്. ജി.എസ്.ടി. സംബന്ധിച്ച് സി.&എ.ജി.-യുടെ സാക്ഷ്യപ്പെടുത്തിയ കണക്കുകൾ കൊടുക്കാത്തതുകൊണ്ടാണ് നികുതി കുടിശ്ശിക ലഭിക്കാത്തതെന്നാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. അവസാന ഗഡുവായി 750 കോടി രൂപയിലധികമാണ് ലഭിക്കാനുള്ളത്. കഴിഞ്ഞ ദിവസംതന്നെ 750 കോടി രൂപയും സർക്കാരിന്റെ അക്കൗണ്ടിൽ വന്നുകഴിഞ്ഞു. ഈയിനത്തിൽ ഇനി കേന്ദ്രത്തിൽ നിന്നും പണമൊന്നും ലഭിക്കാനില്ല. ടി തുക കേന്ദ്രത്തിൽ നിന്നും കിട്ടിയെന്ന വിവരം പത്രങ്ങളിലൊന്നും കൊടുത്തിട്ടില്ല. ഈ കണക്കുകളെ സംബന്ധിച്ച് കഴിഞ്ഞ ദിവസവും ജി.എസ്.ടി. കൗൺസിലിൽ വളരെ വ്യക്തമായി പറഞ്ഞതാണ്, കണക്കുകളുടെ കാര്യത്തിൽ എല്ലാ സംസ്ഥാനങ്ങളിൽ നിന്നും ഫൈനൽ സെറ്റിൽമെന്റിന്റെ കണക്കുകൾ ലഭിക്കാനുണ്ട്. ഈയിനത്തിൽ ലഭിക്കേണ്ടിയിരുന്ന തുക പൂർണ്ണമായി നമുക്ക് കിട്ടിയിട്ടുണ്ട്. ഇപ്പോൾ അതിന്റെ ഇന്ററിം റിപ്പോർട്ട് കൊടുത്തിട്ടുണ്ട്. സി&എ.ജി. ആണ് ഇതുസംബന്ധിച്ച ഫൈനൽ കണക്കുകൾ സമർപ്പിക്കേണ്ടത്. സി.&എ.ജി.യും റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയും ദേശീയ-

സംസ്ഥാനതലങ്ങളിലുള്ള ജി.എസ്.ടി. ഉദ്യോഗസ്ഥരും തമ്മിൽ ചില കാര്യങ്ങളിലുള്ള കണക്കുകളുടെ ഫൈനലൈസേഷൻ സംബന്ധിച്ച ഇന്ററിം റിപ്പോർട്ട് കൊടുത്തിട്ടുണ്ട്. റായ്പൂരിൽ നടന്ന യോഗത്തിൽ തീരുമാനിച്ചതുപോലെ ഇതിന്റെ കാലാവധി 5 വർഷത്തേയ്ക്കുകൂടി നീട്ടണമെന്നുള്ള കാര്യത്തിൽക്കൂടി നമുക്ക് ഉറച്ചുനിൽക്കണം. രാജസ്ഥാൻ ഗവൺമെന്റും ഛത്തീസ്ഗഡ് ഗവൺമെന്റും ഇതേ അഭിപ്രായം പറയുന്നുണ്ട്. അതൊന്നും കേൾക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറാകുന്നില്ലെന്നുള്ള പ്രശ്നമുണ്ട്. ഇക്കാര്യത്തിൽ കണക്കുകൾ സംബന്ധിച്ച് യാതൊരു തർക്കവുമില്ല.

<u>ശ്രീ. യു. എ. ലത്തീഫ്</u>: ക്ഷേമ പെൻഷൻ വിതരണം ചെയ്യുന്ന സർവ്വീസ് ബാങ്കിലെ താഴെത്തട്ടിലുള്ള ജീവനക്കാർക്ക് നൽകുന്ന ഇൻസെന്റീവ് കഴിഞ്ഞ 12-13 മാസങ്ങളായി നൽകിയിട്ടില്ല. ആയത് നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഇതുസംബന്ധിച്ച് മുമ്പൊരു സബ്മിഷൻ അവതരിപ്പിച്ചിട്ടുണ്ടായിരുന്നു. ക്ഷേമപെൻഷൻ നൽകുന്ന ആളുകൾക്ക് വർഷത്തിൽ മൂന്നുപ്രാവശ്യമാണ് ഇൻസെന്റീവ് കൊടുത്തുകൊണ്ടിരുന്നത്. അന്ന് നൽകിയിരുന്ന ഫീസ് 50 രൂപയെന്നുള്ളത്

പുന:ക്രമീകരിക്കേണ്ടി വന്നു. ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയും സംഘടനകളും എല്ലാവരുമായി ചർച്ച ചെയ്ത് പുതിയ ഇൻസെന്റീവ് 30 രൂപയായി തീരുമാനിച്ചിട്ടുണ്ട്. ഇത് കൊടുക്കാൻ ധാരണയായെങ്കിലും ഒന്നുരണ്ടാളുകൾ ഇതിനെതിരെ കോടതിയിൽ നൽകിയ കേസ് നിലനില്ക്കുന്നതുകൊണ്ടുള്ള സാങ്കേതിക പ്രശ്നമല്ലാതെ മറ്റൊരു തടസ്സവും ഇക്കാര്യത്തിലില്ല. ഈ മാസം ക്ഷേമപെൻഷൻ കൊടുത്തുകഴിഞ്ഞാൽ വരുന്ന കണക്കനുസരിച്ച് ഇപ്പോൾ കൊടുക്കാനുള്ള പണം നൽകുന്നതിന് കോടതിയിൽ കേസ് നിലനിൽക്കുന്നതുകൊണ്ടുള്ളൊരു തടസ്സം മാത്രമേയുള്ളൂ.

ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ

5(*185) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് 'ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ' പദ്ധതിയുടെ ഭാഗമായി രജിസ്റ്റർ ചെയ്ത സംരംഭങ്ങളിൽ നിലവിൽ

പ്രവർത്തിക്കുന്ന സംരംഭങ്ങൾ റീ-രജിസ്റ്റർ ചെയ്തവ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് ഒരു വർഷത്തിനുള്ളിൽ ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിച്ചുവെങ്കിലും അതിൽ നിന്നും രണ്ട് ലക്ഷത്തോളം തൊഴിലവസരങ്ങൾ മാത്രമേ സൃഷ്ടിക്കാൻ സാധിച്ചിട്ടുള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി തുടങ്ങുന്ന സംരംഭങ്ങൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നത്; വിശദമാക്കാമോ;

(ഡി) പ്രസ്തുത ആനുകൂല്യങ്ങൾ കൈപ്പറ്റിയ എം.എസ്.എം.ഇ.-കളുടെ വിവരം ശേഖരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): സർ, (എ) സംരംഭക വർഷത്തിന്റെ ഭാഗമായി വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് 'ഒരു ലക്ഷം സംരംഭങ്ങൾ' പദ്ധതി. 2022 ഏപ്രിൽ ഒന്നാം തീയതി മുതൽ 2023 മാർച്ച് 31 വരെ ആരംഭിക്കുന്ന സംരംഭങ്ങളെയാണ് ഈ പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത ലിസ്റ്റിൽ റീ-രജിസ്റ്റർ ചെയ്ത സംരംഭങ്ങൾ ഉൾപ്പെടുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മറ്റ് വകുപ്പുകളുമാണ് ടി രജിസ്ട്രേഷൻ

നടത്തുന്നത്. ഏതെങ്കിലും കാരണവശാൽ ഇത്തരം സംരംഭങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടാൽ അവ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖാന്തരം സ്വീകരിച്ചുവരുന്നുണ്ട്.

(ബി) 2006-ലെ എം.എസ്.എം.ഇ.ഡി. ആക്ട് പ്രകാരമുള്ള നിർവ്വചനത്തിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങളെയാണ് ഒരു ലക്ഷം സംരംഭങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇന്ത്യയിലെ പ്രത്യേകിച്ച് കേരളത്തിലെ സാമൂഹ്യ-സാമ്പത്തിക സ്ഥിതിവിശേഷംമൂലം ചെറിയ നിക്ഷേപവും കുറഞ്ഞ തൊഴിലവസരങ്ങളുമുള്ള സൂക്ഷ്മ സംരംഭങ്ങളാണ് കൂടുതലായി കണ്ടുവരുന്നത്.

ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ സ്ഥിതിവിവര കണക്കുകൾ പ്രകാരം 2023 ഫെബ്രുവരി 20 മുതൽ 133916 സംരംഭങ്ങൾ ആരംഭിക്കുകയും അവ മുഖാന്തരം 287822 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഒരു സ്ഥാപനത്തിൽ 2.15 എന്ന ശരാശരി തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്ന് കാണാവുന്നതാണ്. നാഷണൽ സാമ്പിൾ സർവ്വേ 73-ാം റൗണ്ട് കണക്കുകൾ അനുസരിച്ച് രാജ്യത്ത് 633.83 ലക്ഷം സൂക്ഷ്മ ചെറുകിട സംരംഭങ്ങളിലായി 1109.89 ലക്ഷം തൊഴിലാളികളാണ് പ്രവർത്തിക്കുന്നത്. ഒരു സ്ഥാപനത്തിൽ 1.75 എന്ന ശരാശരിയിൽ

തൊഴിലാളികൾ പ്രവർത്തിക്കുന്നതായി കാണാം. സംരംഭക വർഷവുമായി ബന്ധപ്പെട്ട സംരംഭങ്ങൾ മുഖേന സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങൾ ദേശീയ ശരാശരിയേക്കാൾ ഉയർന്നതാണെന്ന് കാണാം. സംരംഭക വർഷം പോർട്ടലിലെ കണക്കുകൾ നേരിട്ടുള്ള തൊഴിലവസരങ്ങൾ മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ. സംരംഭംമൂലം സൃഷ്ടിക്കപ്പെടുന്ന പരോക്ഷ തൊഴിലവസരങ്ങൾ ഇതിലും ഉയർന്ന സംഖ്യ ആണെങ്കിലും കണക്കാക്കുക ദുഷ്കരമായതിനാൽ പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടില്ല.

(സി) പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് ആനുകൂല്യം നൽകുന്നതിനുള്ള നിരവധി പദ്ധതികൾ വ്യവസായ വകുപ്പ് വഴി നടപ്പിലാക്കി വരുന്നുണ്ട്.

വ്യവസായ വകുപ്പുവഴി നടപ്പിലാക്കുന്ന കേന്ദ്ര ഭക്ഷ്യ-വ്യവസായ മന്ത്രാലയത്തിന്റെ പദ്ധതിയായ PMFME (Prime Minster's Formalization of Micro Food Processing Enterprises) പദ്ധതി, സൂക്ഷ്മ ഭക്ഷ്യ സംസ്കരണ മേഖലയിലെ വായ്പാബന്ധിത പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുന്നു. വ്യക്തിഗത സംരംഭങ്ങൾക്ക് പദ്ധതി ചെലവിന്റെ 35% പരമാവധി 10 ലക്ഷം രൂപ വരെയാണ് സബ്സിഡി.

**ഒരു കുടുംബം ഒരു സംരംഭം പദ്ധതി:**

പ്രസ്തുത പദ്ധതിയുടെ ഭാഗമായി തുടങ്ങുന്ന സംരംഭങ്ങൾക്ക് 4 ശതമാനം പലിശ നിരക്കിൽ വായ്പ നൽകുന്നതിന് ഒരു കുടുംബം ഒരു സംരംഭം പദ്ധതി 2022-23 സാമ്പത്തിക വർഷം നടപ്പിലാക്കിയിട്ടുണ്ട്. ഉല്പാദന, സേവന, വ്യാപാര മേഖലകളിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനെടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം വരെയുള്ള ബാങ്ക് വായ്പയ്ക്ക് പലിശയിളവ് നൽകുന്നതിനാണ് 'ഒരു കുടുംബം ഒരു സംരംഭം' പദ്ധതി വഴി വിഭാവന ചെയ്യുന്നത്. ഈ പദ്ധതിയുടെ 50 ശതമാനം ഗുണഭോക്താക്കൾ വനിതാ സംരംഭകരായിരിക്കും.

കൂടാതെ നിലവിൽ നടപ്പിലാക്കിവരുന്ന സംരംഭക സഹായ പദ്ധതി, നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള പലിശ സബ്സിഡി പദ്ധതി, ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണി ഗ്രാന്റ് പദ്ധതി, കരകൗശല വിദഗ്ദ്ധർക്കുള്ള സഹായ പദ്ധതി (ആശ), പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (പി.എം.ഇ.ജി.പി) എന്നീ പദ്ധതികൾ മുഖേനയും മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി ആനുകൂല്യങ്ങൾ നൽകിവരുന്നു. ഇതിനുപുറമേ എം.എസ്.എം.ഇ-കളുടെ കയറ്റുമതി പ്രോത്സാഹന പദ്ധതി, സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ പ്രാദേശിക വിപണി

വികസിപ്പിക്കുന്നതിനുള്ള പദ്ധതി, ഗവൺമെന്റ് ഇ-മാർക്കറ്റ് (GeM) പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിനായി സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് സഹായം തുടങ്ങിയ വിപണന സൗകര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ആനുകൂല്യം നൽകുന്ന പദ്ധതികളുമുണ്ട്.

(ഡി) ഉണ്ട്. സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ നിലവിലുണ്ട്. കൂടാതെ PMFME പദ്ധതിക്കുള്ള അപേക്ഷ സ്വീകരിക്കുന്നതിനും പ്രസ്തുത അപേക്ഷയിന്മേൽ തുടർനടപടികൾ സ്വീകരിച്ചുകൊണ്ട് അനുവദനീയമായ ആനുകൂല്യം നൽകുന്നതിനും കേന്ദ്ര ഭക്ഷ്യ-വ്യവസായ മന്ത്രാലയം വികസിപ്പിച്ചിട്ടുള്ള ഓൺലൈൻ സംവിധാനവും നിലവിലുണ്ട്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ ചുമതലപ്പെടുത്തിയതനുസരിച്ച് (ശ്രീ. ടി. ജെ. വിനോദ്): സർ, സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി പ്രഖ്യാപിച്ച 'ഒരു കുടുംബം ഒരു സംരംഭം' എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാർ 22-07-2022-ന് പുറപ്പെടുവിച്ച ഉത്തരവുപ്രകാരം സംരംഭകർക്ക് 4 ശതമാനം പലിശനിരക്കിൽ വായ്പ ലഭ്യമാക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ പ്രസ്തുത ഉത്തരവ് പുതുക്കി 22-11-2022-ന് ഇറക്കിയ ഉത്തരവിൽ സംരംഭകൻ നൽകേണ്ടി വരുന്ന പലിശനിരക്ക് 4 ശതമാനമായി നിജപ്പെടുത്തുന്ന വ്യവസ്ഥ ഒഴിവാക്കിയിരിക്കുന്നു. പ്രസ്തുത പ്രഖ്യാപിത നിലപാടിൽ നിന്ന് സർക്കാർ പിന്നോട്ടുപോകാനുള്ള കാരണം വ്യക്തമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, പല ബാങ്കുകൾക്കും വ്യത്യസ്ത ശതമാന കണക്കുകളാണുള്ളത്. SLBC യോഗത്തിൽ ഞാൻ പങ്കെടുക്കുകയുണ്ടായി. ബാങ്കുകളുമായി ബന്ധപ്പെട്ട് ചർച്ച ചെയ്താണ് സ്കീമുകൾ ഉണ്ടാക്കിയിരിക്കുന്നത്. എത്രയാണോ പലിശ അത് അടച്ചുകഴിഞ്ഞാൽ ആയതിന്റെ നിശ്ചിത ശതമാനം ഗവൺമെന്റ് റീ-ഇംബേഴ്സ് ചെയ്തു നൽകുകയെന്നതാണ് ഈ സ്കീം കൊണ്ടുദ്ദേശിക്കുന്നത്. 4 ശതമാനമായി പലിശ നിജപ്പെടുത്തും. 10 ലക്ഷം രൂപവരെയാണ് ഇതിന്റെ ക്യാപ് നിശ്ചയിച്ചിട്ടുള്ളത്. വായ്പ തിരിച്ചടച്ചുകഴിയുമ്പോൾ നാല് ശതമാനം റീ-ഇംബേഴ്സ്മെന്റായി ഗവൺമെന്റ് നൽകുമെന്നതിൽ അടിസ്ഥാനപരമായ മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ല. ഓരോ മണ്ഡലത്തിലും അത്തരം വായ്പകൾ ലഭ്യമാക്കാൻ സംരംഭങ്ങളുണ്ടെങ്കിൽ എം.എൽ.എ.-മാർ തന്നെ മുൻകയ്യെടുത്ത് ഇടപെടേണ്ടതുണ്ട്. ബഹുമാനപ്പെട്ട അംഗം തന്നെ റിവ്യൂ

യോഗങ്ങളിൽ പങ്കെടുത്ത് ഈ വിഷയത്തിൽ ഇടപെടുന്നുണ്ട്. ഏതെങ്കിലും സ്ഥാപനങ്ങളിൽ നിന്ന് ഈ ലോൺ വാങ്ങുന്നതിനാവശ്യമായ സഹായങ്ങൾ നൽകുന്നതിനുള്ള ക്രമീകരണം എല്ലാ പഞ്ചായത്തുകളിലും ഇടപെട്ട് നടത്തിയിട്ടുണ്ട്.

ശ്രീ. ടി. ജെ. വിനോദ്: സർ, ബാങ്കുകൾ നൽകുന്ന വായ്പയുടെ നിരക്ക് എത്രയാണെങ്കിലും 4 ശതമാനം സബ്സിഡി ഗവൺമെന്റ് നൽകുമെന്നുള്ള ഉറപ്പ് പാലിക്കപ്പെടേണ്ടത് അത്യന്താപേക്ഷിതമാണ്. 'ഒരു വർഷം ഒരു ലക്ഷം സംരംഭക' പദ്ധതിയുടെ ഭാഗമായി സംരംഭമാരംഭിക്കാൻ ആഗ്രഹിക്കുന്നവർ സർക്കാരിന് നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത പദ്ധതിയുടെ കണക്കെടുപ്പ് നടത്തിയത്. രജിസ്റ്റർ ചെയ്ത സംരംഭങ്ങളിൽ 60 വർഷം മുമ്പ് തുടങ്ങിയ സ്ഥാപനങ്ങളടക്കം ഉൾപ്പെട്ടിരുന്നുവെന്ന ആക്ഷേപം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, ഇത്തരം ചില ആക്ഷേപങ്ങൾ ചിലയിടങ്ങളിൽ നിന്നും വരുന്നുണ്ട്. വ്യവസായ വകുപ്പ് ഒരു സംരംഭത്തിനും ലൈസൻസ് നൽകുന്നില്ല. ഇന്ത്യയിലോ കേരളത്തിലോ നിയമപ്രകാരം വ്യവസായ വകുപ്പിന് അതിനുള്ള അവകാശവുമില്ല. ലൈസൻസ് നൽകുന്നത്

പ്രധാനമായും എൽ.എസ്.ജി.ഡി. ആണ്. എൽ.എസ്.ജി.ഡി. നൽകുന്ന ലൈസൻസുകളെല്ലാം ഓരോ പഞ്ചായത്തും പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്നുണ്ട്. അതോടൊപ്പം മണ്ഡലാടിസ്ഥാനത്തിൽ എം.എൽ.എ.-മാരുടെ റിവ്യൂവും അതിൽ വരുന്നുണ്ട്. പഞ്ചായത്താണ് ഇതിനുള്ള രജിസ്ട്രേഷൻ നൽകുന്നത്. ഈ വർഷം പഞ്ചായത്തുകളുടെ സൈറ്റ് നോക്കിയാൽ 44982 പുതിയ സംരംഭങ്ങൾ പഞ്ചായത്തുവഴി രജിസ്റ്റർ ചെയ്ത് ലൈസൻസ് നൽകിയതായി പോർട്ടലിൽ കാണാൻ കഴിയും. അതിൽ യു.ഡി.എഫ്-എൽ.ഡി.എഫ് വ്യത്യാസമില്ലാതെ ഇരു പാർട്ടികളും ഭരിക്കുന്ന മുഴുവൻ പഞ്ചായത്തുകളുമുണ്ട്. മുനിസിപ്പാലിറ്റികൾ വഴി 26736 സംരംഭങ്ങളാരംഭിച്ചിട്ടുണ്ട്. കെ-സ്വിഫ്റ്റ് വഴിയുള്ള ലൈസൻസ് നൽകുമെന്നൊക്കെ യഥാർത്ഥത്തിൽ വകുപ്പ് പറയുന്നുണ്ടെങ്കിലും വ്യവസായവുമായി ബന്ധപ്പെട്ട് ഒരു ലൈസൻസും നാളിതുവരെ നൽകിയിട്ടില്ല; നൽകാൻ വ്യവസായ വകുപ്പിന് അധികാരവുമില്ല. എല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് നൽകുന്നത്. ഇവിടെ പരാമർശിച്ചിട്ടുള്ള കാര്യം പ്രത്യേകം പരിശോധിക്കേണ്ടതാണ്. ഒന്നോ രണ്ടോ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി ചില മാധ്യമങ്ങൾ നടത്തുന്ന പ്രചാരവേലകളാണിത്. ഓരോ മണ്ഡലവും തിരിച്ചുള്ള പൂർണ്ണമായ കണക്ക്

എന്റെ കൈവശമുണ്ട്. ഓരോ എം.എൽ.എ.മാരും അവരവരുടെ മണ്ഡലങ്ങളിലെ റിവ്യൂ യോഗത്തിൽ പങ്കെടുത്ത് നടത്തിയ പ്രസംഗങ്ങൾ, അവർ താലൂക്ക് മേളകളിൽ പങ്കെടുത്തിട്ടുള്ളത്, പഞ്ചായത്തുകൾ നടത്തിയിട്ടുള്ള പരിശോധനകൾ ഇതെല്ലാം ജനകീയമായ പരിശോധനയാണ്. യു.ഡി.എഫ്, എൽ.ഡി.എഫ് വ്യത്യാസമില്ലാതെ എല്ലാ എം.എൽ.എ.-മാരും അവരവരുടെ മണ്ഡലങ്ങളിൽ പരമാവധി സംരംഭങ്ങളാരംഭിക്കാൻ ശ്രമിച്ചിട്ടുണ്ട്. അതിന് ഞാൻ എല്ലാവരെയും അഭിനന്ദിക്കുന്നു. ഇവിടെ പറഞ്ഞ കാര്യങ്ങളുടെ മുഴുവൻ രേഖകളും എന്റെ കയ്യിലുണ്ട്. മലപ്പുറത്തെ കാര്യമായിരിക്കും ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചിരിക്കുന്നത്. ലൈസൻസിന് അപേക്ഷ നൽകിയതിന്റെയും ലൈസൻസ് അനുവദിച്ചതിന്റെയും കോപ്പികൾ ഇവിടെയുണ്ട്. ഇപ്പോൾ ലൈസൻസ് ഏർപ്പെടുത്തിയതുകൊണ്ട് പ്രത്യേകമൊരു പരിശോധനകൂടി നടത്താൻ പറഞ്ഞിട്ടുണ്ട്. പുതുതായി ലൈസൻസ് മാത്രം നൽകിയതുണ്ടെങ്കിൽ അതുകൂടി പരിശോധിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. നമ്മളെല്ലാവരും കൂടി നടത്തിക്കൊണ്ടുവന്ന സംരംഭമാണ്. ഇടയ്ക്ക് ഇങ്ങനെയൊരു സാഹചര്യം വന്നപ്പോൾ അദ്ദേഹം പറഞ്ഞതുപോലെ, ഹൃദയപൂർവ്വം അഭിനന്ദിക്കാൻ പറ്റാത്ത ഒരു സാഹചര്യം ബോധപൂർവ്വം

സൃഷ്ടിക്കപ്പെട്ടത് നാടിന് ഗുണകരമല്ലെന്ന് നമ്മൾ എല്ലാവരും മനസ്സിലാക്കണം.

ശ്രീ. അൻവർ സാദത്ത്: സർ, മലയാള മനോരമയിൽ വന്ന ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ശരിയല്ലെന്നാണോ അങ്ങ് പറയുന്നത്? പ്രേക്ഷകരായ ഞങ്ങൾക്ക് പലതും വസ്തുതയാണെന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. കെ-സ്വിഫ്റ്റ് പോർട്ടലിൽ പുതുതായി 28742 MSME-കൾക്ക് മാത്രമാണ് acknowledgement certificate ലഭിച്ചിട്ടുള്ളത്. ഈ കണക്കുകൾ സർക്കാരിന്റെ ഒന്നരലക്ഷം കണക്കുകളുമായി പൊരുത്തപ്പെടാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ശ്രീ. പി. രാജീവ്: സർ, എല്ലാ സംരംഭങ്ങളും കെ-സ്വിഫ്റ്റിൽ വരേണ്ട ആവശ്യമില്ല. പഞ്ചായത്തുകളിൽ ഏകദേശം 45000-ത്തോളവും മുനിസിപ്പാലിറ്റികളിൽ 27000-ത്തോളവും സംരംഭങ്ങൾ വന്നിട്ടുണ്ട്. ഇതുകൂടാതെ 26838 സംരംഭങ്ങളും വന്നിട്ടുണ്ട്. ഇതിനുപുറമെ ബഹുമാനപ്പെട്ട അംഗം പറഞ്ഞതനുസരിച്ചാണെങ്കിൽ കെ-സ്വിഫ്റ്റ് വഴി 28731 സംരംഭങ്ങളാണാരംഭിച്ചത്. എന്റെ കണക്കുപ്രകാരം അത്രയും വരുന്നില്ല. അതില്ലാതെ തന്നെ ഇത്രയധികം സംരംഭങ്ങൾ വന്നിട്ടുണ്ട്. അങ്ങയുടെ മണ്ഡലത്തിൽ അങ്ങ് ഉദ്ഘാടനം ചെയ്ത സംരംഭങ്ങളുണ്ട്.

മോണിറ്ററിംഗ് യോഗത്തിലും മേളയിലും അങ്ങ് വളരെ നന്നായി പങ്കെടുക്കുകയും ചില സ്ഥാപനങ്ങൾ അങ്ങുതന്നെ ഉദ്ഘാടനം നടത്തുകയും ചെയ്തിട്ടുണ്ട്. എന്തെങ്കിലും കുറവുകളുണ്ടെങ്കിൽ എല്ലാവരും ഒരുമിച്ച് പരിഹരിച്ച് കൊണ്ടുപോകുകയാണ് വേണ്ടത്.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഈ വിവാദവും വാർത്തയുമൊക്കെ വരുന്നതിനുമുമ്പുതന്നെ ഈ കാര്യത്തിലുള്ള പാകപ്പിഴകൾ ഞാൻ ഈ സഭയിൽ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. അങ്ങ് പറഞ്ഞ അവലോകനയോഗത്തിൽ പങ്കെടുത്തപ്പോൾ ഞാൻ മുമ്പ് സന്ദർശിച്ചിട്ടുള്ള എന്റെ മണ്ഡലത്തിലെ ചില സ്ഥാപനങ്ങൾ പുതുതായി ചിത്രീകരിക്കപ്പെടുകയും അത് ഈ സംരംഭങ്ങളുടെ ഭാഗമായി തുടങ്ങിയതാണെന്ന് പറഞ്ഞപ്പോൾ exact location ഉൾപ്പെടെ ബോധ്യപ്പെടുത്തി, അത് ശരിയല്ലെന്ന് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. ഇത് ആരെയും അപമാനിക്കാൻ വേണ്ടിയോ സംരംഭം ഇല്ലാതാക്കാൻവേണ്ടിയോ അല്ല. സർക്കാരിനെ തെറ്റിദ്ധരിപ്പിക്കുന്ന, ജനങ്ങളെ വിഡ്ഢികളാക്കുന്ന തരത്തിൽ ഇങ്ങനെയുള്ള പെരുപ്പിച്ച കണക്കിനുപകരം യഥാർത്ഥത്തിൽ എത്ര പുതിയ സംരംഭങ്ങൾ തുടങ്ങിയെന്നുള്ള കണക്ക് പുറത്തുവിടാൻ സർക്കാരിന് കഴിയുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, അങ്ങയുടെ മണ്ഡലത്തിലെ പഞ്ചായത്ത് ഭരണസമിതിയിലുള്ള പുതിയ ലൈസൻസിനെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ളതാണ് ഈ കണക്ക്. വ്യവസായ വകുപ്പിന് നിയമപ്രകാരം യാതൊരു സംരംഭങ്ങൾക്കും ലൈസൻസ് കൊടുക്കാനുള്ള അധികാരമോ അവകാശമോയില്ല. ബഹുമാന്യനായ അംഗം ചൂണ്ടിക്കാട്ടിയത് ശരിയാണ്. അക്കാര്യം അപ്പോൾത്തന്നെ വിശദമായി പരിശോധിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ബഹുമാന്യനായ വകുപ്പുമന്ത്രി പങ്കെടുത്തിട്ടുള്ള റിവ്യൂ യോഗങ്ങളിൽ പഞ്ചായത്തുകളുടെ ഈ റിപ്പോർട്ട് പരിശോധിക്കുകയുണ്ടായി. എം.എൽ.എ.-മാർ, പഞ്ചായത്ത് ഭരണസമിതി, യു.ഡി.എഫ്-എൽ.ഡി.എഫ് വ്യത്യാസമില്ലാതെ എല്ലാ അംഗങ്ങളും പരിശോധിക്കുന്നുണ്ട്. നിലവിൽ ലൈസൻസില്ലാതെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവയിൽ പുതുതായി ലൈസൻസ് എടുത്തിട്ടുള്ളതുണ്ടെങ്കിൽ അവയെ അഭിനന്ദിക്കുമ്പോൾത്തന്നെ അങ്ങനെയുള്ളതുണ്ടെങ്കിൽ പ്രത്യേകമായി പരിശോധിക്കുകയും ചെയ്യാം. എങ്കിൽപ്പോലും അക്കാര്യം പരിശോധിക്കുമ്പോൾ വളരെ ചെറിയ ശതമാനം മാത്രമേ വരികയുള്ളൂ. കടുത്ത വിമർശകർപോലും അംഗീകരിക്കുന്ന രൂപത്തിലേയ്ക്ക് വ്യവസായമേഖലയിൽ രാഷ്ട്രീയ ഭേദമെന്യേ

പ്രവർത്തിച്ചതിന്റെ ഫലമായി മാറ്റമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. അക്കാര്യം ഉയർത്തിക്കാട്ടിയാൽ ഇനിയും കൂടുതൽ സംരംഭങ്ങളുണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല. ഇതിലൂടെ ഇവിടത്തെ ചെറുപ്പക്കാർക്ക് ഇവിടെത്തന്നെ തൊഴിൽ ലഭ്യതയും സാധ്യമാകും.

മി. സ്പീക്കർ: ഓർഡർ.... ഓർഡർ.... ചോദ്യോത്തരവേള അവസാനിച്ചു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു+

**10.00 am**]

## II. അടിയന്തരപ്രമേയം

യൂത്ത് കോൺഗ്രസ് നേതാക്കൾക്ക് പോലീസ് മർദ്ദനം

മി. സ്പീക്കർ: സംസ്ഥാന ബഡ്ജറ്റിലെ നികുതി വർദ്ധനയ്ക്കെതിരെ എറണാകുളത്ത് യൂത്ത് കോൺഗ്രസ് പ്രവർത്തകർ നടത്തിയ പ്രതിഷേധമാർച്ചിനെത്തുടർന്ന് എം.എൽ.എ. അടക്കമുള്ള യൂത്ത് കോൺഗ്രസ് നേതാക്കളെ പോലീസ് ആക്രമിച്ചതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഷാഫി പറമ്പിൽ, എൻ. ഷംസുദ്ദീൻ, മോൻസ് ജോസഫ്, അനൂപ്

\+ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.

ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇപ്പോൾ കേരളത്തിൽ യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും നടത്തുന്ന സമരങ്ങളുടെ കാരണം എന്താണെന്ന് മനസ്സിലാക്കുന്നത് നന്നായിരിക്കും. ബഡ്ജറ്റിൽ പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് 2/- രൂപ സെസ്സ് ഈടാക്കിയെന്നതാണ് പ്രധാനമായും യു.ഡി.എഫ്.-ഉം ബി.ജെ.പി.-യുമൊക്കെ നടത്തുന്ന സമരങ്ങളുടെ കാരണമായി പറഞ്ഞിട്ടുള്ളത്. നമ്മുടെ രാജ്യത്ത് കേന്ദ്ര സർക്കാർ 13 തവണ പെട്രോളിയം ഉൽപ്പന്നങ്ങളുടെ നികുതിയും സെസ്സും വർദ്ധിപ്പിച്ചു. കേന്ദ്ര സർക്കാർ സെസ്സ് വർദ്ധിപ്പിക്കുമ്പോൾ സംസ്ഥാനങ്ങൾക്കുള്ള പങ്ക് ലഭിക്കില്ല. നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ പ്രക്ഷോഭം നടത്തുന്നവർ ഇതിനെതിരെ ഒരുതരത്തിലുള്ള പ്രതിഷേധവും നടത്തിയിട്ടില്ല എന്നത് നാം ശ്രദ്ധിക്കേണ്ടതാണ്. കേന്ദ്ര സർക്കാരിന് നേതൃത്വം നൽകുന്ന രാഷ്ട്രീയ പാർട്ടി ബി.ജെ.പി. ആയതുകൊണ്ട് സ്വാഭാവികമായും അവർ പ്രക്ഷോഭങ്ങൾ നടത്തില്ല. എന്നാൽ കേന്ദ്ര ഗവൺമെന്റ് കാണിക്കുന്ന ഈ നിലപാടുകൾക്കെതിരെ യു.ഡി.എഫ്. ഒരു പ്രതിഷേധവും നടത്തിയിരുന്നില്ല. സംസ്ഥാനത്തെ സാമ്പത്തികമായി

ഞെരുക്കി നമ്മുടെ സംസ്ഥാനത്ത് നടക്കേണ്ട ദൈനംദിന പ്രവർത്തനങ്ങളെയും വികസന പദ്ധതികളെയും സാമൂഹ്യസുരക്ഷാ പെൻഷനുകളുൾപ്പെടെയുള്ള ക്ഷേമ പദ്ധതികളെയുമെല്ലാം തകർക്കാനുള്ള നീക്കമാണ് കേന്ദ്ര സർക്കാർ നടത്തുന്നത്. ജി.എസ്.ടി. നിലവിൽ വന്നതോടെ സംസ്ഥാനത്ത് വിഭവ സമാഹരണത്തിനുള്ള സാധ്യത വളരെ പരിമിതമാണെന്നത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. കടമെടുക്കാനുള്ള സംസ്ഥാനത്തിന്റെ അവകാശവും കേന്ദ്ര സർക്കാർ വെട്ടിച്ചുരുക്കുന്ന സാഹചര്യമാണ്. ഇത്തരം കാര്യങ്ങളാണ് നിലവിൽ വിഭവ സമാഹരണത്തിന് വഴികണ്ടെത്താൻ സംസ്ഥാന സർക്കാരിനെ നിർബന്ധിതമാക്കുന്നത്. ഇത് സംസ്ഥാനത്തെ ജനങ്ങൾക്കാകെ ബോധ്യമുള്ളതുകൊണ്ട് ഇപ്പോൾ ഇവിടെ നടന്നുകൊണ്ടിരിക്കുന്ന സമരങ്ങൾക്ക് യാതൊരുവിധ ജനപിന്തുണയുമില്ലെന്ന് ആർക്കും മനസ്സിലാകും. അടിയന്തരപ്രമേയ നോട്ടീസിൽ ഉന്നയിച്ച പ്രശ്നം, യൂത്ത് കോൺഗ്രസ് പ്രവർത്തകർക്കെതിരെ പോലീസ് അതിക്രമം കാട്ടിയെന്നാരോപിച്ച് കളമശ്ശേരി പോലീസ് സ്റ്റേഷനിലേയ്ക്ക് ഫെബ്രുവരി 21-ന് യൂത്ത് കോൺഗ്രസ് പ്രവർത്തകർ സംഘടിപ്പിച്ച പ്രതിഷേധ മാർച്ച് പോലീസ് തടഞ്ഞപ്പോൾ കല്ലും വടിയും ഉപയോഗിച്ച് പോലീസ്

ഉദ്യോഗസ്ഥരെ ആക്രമിച്ച് പരിക്കേൽപ്പിച്ചു. പോലീസ് ഉദ്യോഗസ്ഥരുടെ കൃത്യനിർവ്വഹണം തടസ്സപ്പെടുത്തുകയും യാത്രക്കാർക്കും മറ്റും മാർഗ്ഗതടസ്സം സൃഷ്ടിക്കുകയും ചെയ്തു. സംഭവസ്ഥലത്ത് ക്രമസമാധാന പ്രശ്നമുണ്ടാക്കിയ യൂത്ത് കോൺഗ്രസ് പ്രവർത്തകരെ പിരിച്ചുവിടാൻ 3 തവണ പോലീസ് ജലപീരങ്കി പ്രയോഗിച്ചു. യൂത്ത് കോൺഗ്രസുകാരുടെ ആക്രമണത്തിൽ 6 സിവിൽ പോലീസ് ഉദ്യോഗസ്ഥർക്ക് പരിക്കേൽക്കുകയുണ്ടായി. ഈ സംഭവത്തിൽ പരിക്കുപറ്റിയ 6 യൂത്ത് കോൺഗ്രസ് പ്രവർത്തകരെയും പോലീസുദ്യോഗസ്ഥരെയും കളമശ്ശേരി കിൻഡർ ആശുപത്രിയിൽ പ്രവേശിപ്പിച്ച് ചികിത്സ നൽകിയിട്ടുണ്ട്. 12 പേരെ സംഭവ സ്ഥലത്തുവച്ച് അറസ്റ്റുചെയ്ത് കളമശ്ശേരി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 419/2023 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പോലീസിനെ ആക്രമിച്ചവരെ അറസ്റ്റുചെയ്ത് സ്റ്റേഷനിൽ എത്തിച്ച സമയത്ത് ശ്രീ. ഷാഫി പറമ്പിൽ എം.എൽ.എ.-യും ഡി.സി.സി. പ്രസിഡന്റും മറ്റ് യൂത്ത് കോൺഗ്രസ് പ്രവർത്തകരും എറണാകുളം പോലീസ് സ്റ്റേഷനിലേയ്ക്ക് തള്ളിക്കയറാനും പോലീസുദ്യോഗസ്ഥരുടെ കൃത്യനിർവ്വഹണം തടസ്സപ്പെടുത്താനും ശ്രമിച്ചു. ഇക്കാര്യത്തിൽ കളമശ്ശേരി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 420/2023 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 11-02-2023-ൽ മുഖ്യമന്ത്രിയുടെ

യാത്രാവേളയിൽ കളമശ്ശേരിയിൽവച്ച് പോലീസിന്റെ കണ്ണുവെട്ടിച്ച് ഒളിച്ചിരുന്ന് വാഹന വ്യൂഹത്തിന്റെ മുന്നിലേയ്ക്ക് എടുത്തുചാടാൻ ശ്രമിച്ച ഒരു യുവതിയുൾപ്പെടെയുള്ള നാല് യൂത്ത് കോൺഗ്രസുകാരെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. വാഹനത്തിന്റെ മുന്നിൽചാടി ഇവർക്ക് ആപത്ത് വരാതിരിക്കാനുള്ള ഇടപെടലാണ് പോലീസ് നടത്തിയത്. ഗവൺമെന്റ് നടപടികളിൽ പ്രതിഷേധമുള്ളവർ സാധാരണനിലയിൽ മുൻകൂട്ടി പ്രഖ്യാപിച്ച് ബഹുജനങ്ങളെ അണിനിരത്തി സമരം നടത്താറുണ്ട്. എന്നാൽ തികച്ചും അപകടകരമായ നിലയിൽ ഓടുന്ന വാഹനത്തിന്റെ മുന്നിലേയ്ക്ക് എടുത്തുചാടാൻ പ്രേരിപ്പിക്കുന്ന രീതിയാണ് യൂത്ത് കോൺഗ്രസും ബി.ജെ.പി.-യും ഇപ്പോൾ നടപ്പാക്കാൻ ശ്രമിക്കുന്നത്. ഇത് കേരളത്തിൽ മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത അപകടസാഹചര്യം ആസൂത്രിതമായി സൃഷ്ടിക്കാനുള്ള ശ്രമമാണോയെന്ന് സംശയിക്കേണ്ടതായിട്ടുണ്ട്. അത് തടയുവാനാവശ്യമായ നടപടിയാണ് പോലീസ് സ്വീകരിച്ചുവരുന്നത്. ഇത്തരം സാഹചര്യത്തിൽ അനിവാര്യമായ നിയമ നടപടികളാണ് പോലീസ് സ്വീകരിക്കുന്നത്.

ശ്രീ. ഷാഫി പറമ്പിൽ: സർ, 'കരിങ്കൊടി കാണിക്കാൻ പോകുന്നവരുടെ കയ്യിൽ മുഖ്യമന്ത്രിക്കുനേരെ വീശാനുള്ള കറുത്ത തുണി മാത്രമേയുള്ളൂ. ആ

തുണിക്കുപകരം തന്റെ ഷർട്ടൂരി വീശിയെന്നാണ് പറയുന്നത്. അത് ക്രിമിനൽ കുറ്റമാണോ; കരിങ്കൊടി ഇനിയും കാട്ടും കേട്ടോ' . ഇത് എന്റെ വാക്കുകളല്ല, അന്നത്തെ പാർട്ടി സെക്രട്ടറിയായിരുന്ന ശ്രീ. പിണറായി വിജയന്റെ വാക്കുകളാണ്. അന്ന് അത് അപകടകരമായ സമരമായിരുന്നില്ല. അന്ന് ആ പ്രതിഷേധം നടത്തുന്നത് ജനാധിപത്യ അവകാശമായിരുന്നു. ഇന്ന് എങ്ങനെയാണ് ഒരു കറുത്ത കഷ്ണം തുണി ഇത്ര വലിയ അപകടകരമായ കാര്യമാകുന്നത്; നിങ്ങളുടെ പോലീസ് ഇത്തരത്തിലുള്ള വലിയ അക്രമങ്ങൾക്ക് കാരണമായി അത് മാറ്റുന്നതും എങ്ങനെയാണ്? നിങ്ങളുടെ വാക്ക് നിങ്ങൾക്ക് ഓർമ്മയില്ലെങ്കിലും കേരളത്തിനും ഞങ്ങൾക്കും ഓർമ്മയുണ്ടെന്ന് ഓർമ്മിപ്പിക്കുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. കരിങ്കൊടി എന്നല്ല, മാർച്ച് എന്നല്ല, എല്ലാ സമരങ്ങളോടും നിങ്ങൾക്ക് ഇപ്പോൾ പുച്ഛമാണ്. ഞങ്ങൾ ഒരു അക്രമവും ഉണ്ടാക്കാതെ സഭയിൽ സത്യാഗ്രഹ സമരം നടത്തിയപ്പോൾ അതിനെവരെ പുച്ഛിച്ച് സംസാരിച്ച മന്ത്രിമാരാണ് അപ്പുറത്തുള്ളത്. ജനാധിപത്യ സമരങ്ങളെ പുച്ഛിക്കുന്നവർ തങ്ങളുടെ കഴിഞ്ഞകാല മുഴുവൻ സമരങ്ങളെയും റദ്ദ് ചെയ്യുമ്പോൾ അതിന് കയ്യടിച്ചും 'കീ ജയ് ' വിളിച്ചും പിന്തുണ നൽകുകയും ചെയ്യുന്നവരിൽ, എല്ലാവരെയും അല്ല, യുവജനസംഘടനാ പ്രവർത്തകരെന്ന്

അവകാശപ്പെടുന്നവരെങ്കിലും ഒരൽപ്പം ആത്മനിന്ദയോടെ വേണം ഈ നിലപാടുകൾക്ക് കയ്യടിക്കാനെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. സമരങ്ങളുമായി ബന്ധപ്പെട്ട്.... (.....ബഹളം.....)

<u>മി. സ്പീക്കർ</u>: പ്ലീസ്...., പ്ലീസ്...., അദ്ദേഹം സംസാരിക്കട്ടെ. പ്ലീസ്..., പ്ലീസ്...., ചെയറിനെ അഡ്രസ് ചെയ്യൂ. പ്ലീസ്....പ്ലീസ്...., ഇരിക്കണം.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, അസഹിഷ്ണുതയുടെ മൊത്തക്കച്ചവടവുമായി സഭയിൽ വന്ന് ഇങ്ങനെ പെരുമാറരുതെന്ന് അപ്പുറത്തിരിക്കുന്നവരോട് ബഹുമാനപ്പെട്ട ചെയർ പറയണം. റൂൾ 50 ഞങ്ങളുടെ അവകാശമാണ്, ഇവിടെ കാര്യങ്ങൾ പറയാൻ ഞങ്ങൾക്ക് അനുമതിയുണ്ട്. അങ്ങ് നൽകുന്ന അവകാശംവച്ച് കാര്യങ്ങൾ സംസാരിച്ച് തുടങ്ങുമ്പോൾ ഇങ്ങനെ ബഹളം വയ്ക്കേണ്ട കാര്യമില്ല. വടി വെട്ടിയിട്ടേയുള്ളൂ, തുടങ്ങിയിട്ടേയുള്ളൂ ഇപ്പോൾത്തന്നെ ബഹളം വയ്ക്കുണ്ട. ആന്തോളൻ ജീവികൾ, അർബൻ നക്സലുകൾ, മാവോയിസ്റ്റുകൾ, ടുക്ഡേ ടുക്ഡേ ഗ്യാങ് എന്നിവ നമ്മൾ കേൾക്കുന്ന വാക്കുകളാണ്. ഇതൊക്കെ കേന്ദ്രത്തിൽനിന്നും ശ്രീ. നരേന്ദ്ര മോദിയിൽനിന്നും ഫാസിസ്റ്റുകളിൽനിന്നും സംഘ്പരിവാറിൽനിന്നും കേൾക്കുന്ന വാക്കുകളാണ്.

കെ-റെയിലിനെതിരായും നികുതി ഭീകരതയ്ക്കെതിരായും സമരം ചെയ്യുമ്പോൾ കേൾക്കുന്ന വാക്കുകൾ തെക്കുവടക്ക് വിവരദോഷികൾ, തെക്കുവടക്ക് വികസന വിരോധികൾ, തീവ്രവാദികൾ, കേരള വികസന വിരുദ്ധർ എന്നിവയാണ്. നരേന്ദ്രമോദി ഭരണത്തിന്റെ മലയാള പരിഭാഷയായി പിണറായി വിജയന്റെ സർക്കാർ മാറിയെന്നതിന് ഇതിൽ കൂടുതൽ തെളിവ് എന്താണ് വേണ്ടത്; എന്തിനാണ് സമരങ്ങളോട് ഇത്ര അസഹിഷ്ണുത? താടിയില്ലെന്നും ഹിന്ദി പറയുന്നില്ലെന്നും കോട്ട് ഇട്ടിട്ടില്ലെന്നതും മാത്രമാകരുത് മോദിയും പിണറായിയും തമ്മിലുള്ള വ്യത്യാസമെന്ന് പറയാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. സമരങ്ങളോട് നിങ്ങൾക്കിത്ര അസഹിഷ്ണുതയുണ്ടാകരുത്. നിങ്ങൾ കുറെ സമരങ്ങൾ ചെയ്തവരാണ്, സമരത്തിന്റെ പാരമ്പര്യം അവകാശപ്പെടുന്നവരാണ്. പക്ഷേ ഇപ്പോൾ ഞങ്ങൾ ചെയ്യുന്ന സമരത്തിന്റെ കാരണമെന്താണെന്ന് മുഖ്യമന്ത്രിക്കുപോലും നിശ്ചയമില്ലെന്നാണ് പറയുന്നത്. കേന്ദ്രത്തിനെതിരെ ഞങ്ങൾ സമരം ചെയ്യുന്നില്ലെന്നാണ് നിങ്ങൾ പറയുന്നത്. ഇന്നലെ ചേർന്ന പ്ലീനറി സമ്മേളനത്തിലൂൾപ്പെടെ ദേശീയതലത്തിൽ കോൺഗ്രസ്സെടുത്ത നിലപാടുകൾ എത്രത്തോളം ബി.ജെ.പി.-ക്ക് എതിരാണെന്നും അത് എത്രത്തോളം ആർജ്ജവത്തോടെയുള്ളതാണെന്നും ജനാധിപത്യ ഇന്ത്യ

നോക്കിക്കാണുന്നുണ്ട്. പാർലമെന്റിനകത്തും പുറത്തും അവിടത്തെ പ്രതിപക്ഷം കേന്ദ്ര ഗവൺമെന്റിനെതിരായി സമരപോരാട്ടങ്ങളിലാണ്. പുതിയ സമരങ്ങൾ ഞങ്ങൾ പ്രഖ്യാപിച്ചുകഴിഞ്ഞു. അദാനിയും മോദിയും ഒന്നാണെന്നും ഈസ്റ്റ് ഇന്ത്യ കമ്പനിയെ തുരത്തിയ ഈ രാജ്യത്തിന് മോദിയെയും അദാനിയെയും തുരത്താൻ കഴിയുമെന്നും മോദിയുടെ മുഖത്തുനോക്കി ആർജ്ജവത്തോടെ നിലപാട് പറയാൻ കോൺഗ്രസും ശ്രീ. രാഹുൽ ഗാന്ധിയുമുണ്ട്. ഇവിടെ തൊട്ടതിനെല്ലാം നികുതി വർദ്ധിപ്പിച്ചു, അടച്ചിട്ട വീടിനുപോലും നികുതി വർദ്ധിപ്പിച്ചു, പെട്രോളിനും ഡീസലിനും സെസ്സ് വർദ്ധിപ്പിച്ചു. ബൈക്ക് വാങ്ങുമ്പോൾ സെസ്സ്, സ്ഥലം വിൽക്കുമ്പോൾ നികുതി, വെള്ളക്കരം വർദ്ധന, കെ.എസ്.ഇ.ബി.-യുടെ ചാർജ് വർദ്ധന ഇതെല്ലാം ചെയ്തിട്ടും ഞങ്ങളോട് സമരം ചെയ്യരുതെന്ന് പറയാൻ ഞങ്ങൾ ആരുടെയും അടിമകളല്ല. ഞങ്ങൾക്ക് ആരെയും ഭയമില്ലെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കളമശ്ശേരിയിലെ സമരദൃശ്യങ്ങൾ ഒന്ന് പരിശോധിക്കണം. ആ പ്രവർത്തകരെ അറസ്റ്റ് ചെയ്ത് പോലീസ് ബസ്സിലേയ്ക്ക് കയറ്റുമ്പോൾ ബസ്സിന്റെ ഫുട്ബോർഡിലിട്ട് തലയടിച്ചു പൊട്ടിക്കുകയാണ് അങ്ങയുടെ പോലീസ്. യാത്രക്കാർക്ക് മാർഗ്ഗതടസ്സം സൃഷ്ടിച്ചതിന്റെ പേരിലാണ് അറസ്റ്റ് നടന്നതെന്ന് അങ്ങൊരു

കാരണം പറഞ്ഞു. അങ്ങനെയാണെങ്കിൽ അങ്ങയുടെ പോലീസ് അങ്ങയെ എന്താണ് ചെയ്യേണ്ടി വരിക? പാലായിൽ കോടതിയുടെ ജഡ്ജിപോലും പറഞ്ഞത് ഇത്ര അപകടകരമായ രീതിയിൽ മുഖ്യമന്ത്രിയുടെ വാഹനവ്യൂഹം പോകുന്നതിനെ സംബന്ധിച്ചാണ്. നിങ്ങളുടെ മുൻ എം.എൽ.എ. മരിച്ചതിന്റെ ദു:ഖസൂചകമായി കോഴിക്കോട് അങ്ങാടിയിൽ എം.എൽ.എ.-യുടെ വീടിനടുത്തുള്ള പോസ്റ്റിൽ കെട്ടിയ കറുത്തതുണി അഴിച്ചുമാറ്റാൻ നിങ്ങളുടെ പോലീസ് നിൽക്കുന്നതിന്റെ ചിത്രം നമ്മൾ കാണേണ്ടി വന്നില്ലേ; കരിവള്ളൂരിന്റെയും കാവുമ്പായുടെയും വയലാറിന്റെയും പുന്നപ്രയുടെയും സമരവീര്യം പറയുന്നവർ എന്തിനാണ് ഒരു കറുത്ത കഷ്ണം തുണിയെ പേടിക്കുന്നത്? നികുതി വർദ്ധന മുഴുവൻ ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുമ്പോൾ 4000 കോടി രൂപയുടെ ബാധ്യത ജനങ്ങളിൽനിന്ന് നേരിട്ട് പിരിക്കാൻ ഗവൺമെന്റ് ഒറ്റയടിക്ക് തീരുമാനമെടുക്കുന്നു. അതിനെതിരെ ഇവിടുത്തെ പ്രതിപക്ഷം പ്രതികരിക്കാനും ശബ്ദിക്കാനും സമരം ചെയ്യാനും പാടില്ലെന്ന് പറഞ്ഞാൽ, ഞങ്ങളെ സമരരീതികൾ നിങ്ങൾ പഠിപ്പിക്കുകയാണോ; ബഹുമാനപ്പെട്ട സ്പീക്കറുടെ കസേര വലിച്ചെറിഞ്ഞവരെ മന്ത്രിമാരാക്കിയ ഗവൺമെന്റല്ലേ നിങ്ങളുടേത്; സ്പീക്കറുടെ ഡയസ്സിലെ കമ്പ്യൂട്ടറും മൈക്കും തല്ലി തകർത്തിട്ട് ലേശംപോലും

കുറ്റബോധമില്ലാതെ ആ കേസ് എഴുതിത്തള്ളാൻ കോടതിയിൽ പോയവരല്ലേ നിങ്ങൾ; കേരളത്തിന്റെ ഒരു മുൻമുഖ്യമന്ത്രിയുടെ നെഞ്ചിലും നെറ്റിയിലും കല്ലെറിഞ്ഞ് പരിക്കേൽപ്പിച്ചവരല്ലേ നിങ്ങൾ? ജനങ്ങൾ നികുതി ഭീകരതയാൽ പ്രയാസപ്പെടുമ്പോൾ നികുതി വർദ്ധനയ്ക്കെതിരെ സമാധാനപരമായി സമരം ചെയ്യുന്ന ഞങ്ങളുടെ സമരത്തെ ആക്ഷേപിച്ചോ ഭയപ്പെടുത്തിയോ പോലീസിനെ ഉപയോഗിച്ച് തല്ലിത്തകർത്തോ ഇല്ലാതാക്കാമെന്ന് ആരെങ്കിലും ധരിക്കുന്നുണ്ടെങ്കിൽ പ്രതിഷേധം തുടരുകതന്നെ ചെയ്യുമെന്ന് ഇവിടെ പറയാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഒരു സർക്കാർ വാഹനമോ, പോലീസ് ജീപ്പോ ഞങ്ങൾ കത്തിച്ചിട്ടില്ല, ഒരു കെ.എസ്.ആർ.ടി.സി. ബസിനും ഞങ്ങൾ കല്ലെറിഞ്ഞിട്ടില്ല. ഞങ്ങൾ റോഡിന്റെ വശങ്ങളിൽ പ്രതിഷേധം ഉയർത്തുന്നുണ്ട്. അതിന് ജനങ്ങളെ നിങ്ങൾ ബന്ദികളാക്കുന്നത് എന്തിനാണ്? കാലടിയിൽ മരുന്നുവാങ്ങാൻ പോയ ഒരു കുടുംബത്തിന് നേരിട്ട അനുഭവം നമ്മളെല്ലാം കണ്ടതല്ലേ. മെഡിക്കൽ സ്റ്റോറിനുമുമ്പിൽ കാറിന്റെ ഡോർ തുറന്ന് ഇറങ്ങാൻ നോക്കിയ കാറുടമയോട് പോലീസ് വന്ന് ഡോർ അടച്ച് വണ്ടിയെടുത്ത് പോകാനാണ് ആഹ്വാനം ചെയ്യുന്നത്. കുട്ടിക്ക് പനി വന്ന് ഫിറ്റ്സ് ആകുന്നതിനുമുമ്പേ മരുന്ന് വാങ്ങണമെന്ന് പറയുമ്പോൾ പോലീസ് ആക്രോശിക്കുകയാണ്.

സഹായത്തിനുവന്ന മെഡിക്കൽ സ്റ്റോറുടമയോട് 'നിന്റെ കട ഞാൻ പൂട്ടിക്കും' എന്ന് പോലീസ് ഉദ്യോഗസ്ഥൻ പറയുകയാണ്. പെരുമ്പാവൂർ-രായമംഗലത്ത് നടന്ന യൂത്ത് കോൺഗ്രസ് സമ്മേളനത്തിൽ മുഖ്യമന്ത്രി അപ്പുറത്തുകൂടി പോകുമെന്നുള്ളതുകൊണ്ട് പോലീസ് വന്ന് മീറ്റിംഗ് അപ്പോൾത്തന്നെ അവസാനിപ്പിക്കണമെന്ന് പറയുന്നു. മുഖ്യമന്ത്രി അപ്പുറത്തുകൂടി പോകുമ്പോൾ ഒരു പ്രതിപക്ഷ പ്രസ്ഥാനത്തിന് രക്തസാക്ഷി അനുസ്മരണം നടത്താൻ ഈ നാട്ടിൽ അനുമതിയില്ലേ? യൂത്ത് ലീഗ് പ്രവർത്തകർ സമരം ചെയ്യുമ്പോൾ അവരുടെ നേതാവ് ശ്രീ. പി. കെ. ഫിറോസ് ഉൾപ്പെടെയുള്ളവരെ ജയിലിൽ തള്ളാൻ നിങ്ങൾക്ക് വ്യഗ്രതയാണ്. മലപ്പുറത്ത് അറസ്റ്റുചെയ്ത് കൊണ്ടുപോയ യൂത്ത് ലീഗ് പ്രവർത്തകരെ പോലീസ് ബസ്സിലിട്ട് ക്രൂരമായി മർദ്ദിച്ചതിന്റെ വാർത്തകൾ നിങ്ങൾ കാണണം. ആകാശ് തില്ലങ്കേരി പുറത്ത് പാട്ടുംപാടി നടക്കുമ്പോൾ ശ്രീ. പി. കെ. ഫിറോസിനെ അറസ്റ്റ് ചെയ്യാൻ വ്യഗ്രത കാണിക്കുന്ന, ആർ.വൈ.എഫ്., യൂത്ത് കോൺഗ്രസ് സഹപ്രവർത്തകരെ വേട്ടയാടാൻ ശ്രമിക്കുന്ന നിങ്ങൾക്കെതിരെ ശബ്ദിക്കാൻ പാടില്ലെന്ന് പറഞ്ഞാൽ, ഇതൊരു ജനാധിപത്യ സംവിധാനമല്ലേ; ഒരു കരിങ്കൊടി കാണിക്കുന്നത് ഇത്ര വലിയ കുറ്റമാണോ എന്ന നിങ്ങളുടെ ചോദ്യം ഞങ്ങൾ തിരിച്ചുചോദിക്കാൻ ആഗ്രഹിക്കുന്നു. പ്രതിഷേധം ഇത്ര വലിയ കുറ്റമാണോ?

ഖജനാവിൽ പണമില്ല, പിടിച്ചുനിൽക്കാൻ പണമില്ലെന്ന് പറയുന്ന സർക്കാർ ആകാശ് തില്ലങ്കേരിയെപ്പോലുള്ള ക്രിമിനലുകൾക്കുവേണ്ടി കേസുനടത്താൻ സുപ്രീംകോടതിയിൽനിന്നും വക്കീലിനെ കൊണ്ടുവരാൻ എവിടെനിന്നാണ് പണം കണ്ടെത്തുന്നത്? രണ്ടു കോടി പതിനൊന്ന് ലക്ഷം രൂപ ഇതുവരെ ഖജനാവിൽനിന്നും എഴുതി കൊടുത്തത് പെരിയ കേസിലെയും മട്ടന്നൂർ കേസിലെയും ഗൂഢാലോചന പുറത്തുകൊണ്ടുവരണമെന്നാവശ്യപ്പെട്ട് കൊല്ലപ്പെട്ടവരുടെ രക്ഷിതാക്കൾ കോടതിയിൽ കൊടുത്ത കേസിനെ അട്ടിമറിക്കാൻവേണ്ടിയാണ്. എന്നിട്ട് സമരം ചെയ്യുവരെപ്പറ്റി പറയുന്നു. ഞങ്ങൾക്ക് ആത്മഹത്യാ സ്ക്വാഡുകളുമില്ല, ആകാശ് തില്ലങ്കേരിമാരെപ്പോലുള്ള കില്ലർ സ്ക്വാഡുകളുമില്ല. ജനങ്ങളെ ആത്മഹത്യയിലേയ്ക്ക് തള്ളിവിടുന്ന നിങ്ങളുടെ ബഡ്ജറ്റിലെ നികുതി നിർദ്ദേശങ്ങൾക്കെതിരായുള്ള പോരാട്ടമാണ് കേരളത്തിലെ ജനങ്ങൾക്കുവേണ്ടി ഞങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. കളമശ്ശേരിയിൽ ജയിൻ ജോസഫ് എന്ന ചെറുപ്പക്കാരന്റെ തലതല്ലി തകർത്തു, നിരവധിപേർക്ക് പരിക്കേറ്റു. കൊല്ലത്ത് യൂത്ത് കോൺഗ്രസ് സംസ്ഥാന സെക്രട്ടറി ഉൾപ്പെടെയുള്ള ആളുകളെ ഡി.വൈ.എഫ്.ഐ. ക്രിമിനലുകളുൾപ്പെടെയുള്ള ആളുകൾ പോലീസുകാർ നോക്കിനിൽക്കെ

തല്ലിച്ചതച്ചു. ആ മർദ്ദനത്തിന് നേതൃത്വം നൽകിയ ഡി.വൈ.എഫ്.ഐ. ജില്ലാ സെക്രട്ടറിയുടെ കൂടെ പോയ ആളുകളെ അറസ്റ്റുചെയ്ത് കേസ് പരിശോധിക്കുമ്പോൾ മയക്കുമരുന്ന് കേസ്, തട്ടിപ്പ് കേസ്, വഞ്ചനാ കേസ് എന്നിവയിൽ പ്രതികളായവരാണ്. എന്നിട്ട് ശമ്പളം കൂട്ടുതൽ ആവശ്യപ്പെട്ടതിന്റെയും പിഎച്ച്.ഡി.-യുടെയും പേരിൽമാത്രം അറിയപ്പെടുന്ന ഒരു കമ്മീഷന്റെ തലപ്പത്തിരിക്കുന്ന വ്യക്തി ആ ഗുണ്ടകളുടെ കൂടെ അപ്പോൾത്തന്നെ ഫോട്ടോ എടുത്ത് സ്റ്റാറ്റസ് ഇട്ട് ആഘോഷിക്കുകയാണ്. കാക്കി ഇട്ടവരാണെങ്കിലും കാക്കി ഇടാത്തവരാണെങ്കിലും ക്രിമിനലുകളെ സംരക്ഷിക്കുന്ന നിലപാട് ജനാധിപത്യ സംവിധാനത്തിന് അപമാനകരമാണെന്ന് പറയാതിരിക്കാൻ കഴിയില്ല. കിം ജോങ് ഉൻ-ന്റെ മകൾക്കിട്ട പേര് മറ്റാർക്കും ഇടരുതെന്ന് പറയുന്ന നിലപാടിനെപ്പറ്റി നമ്മൾ വായിച്ചു. അതുപോലെയാണ് മുഖ്യമന്ത്രി ഇപ്പോൾ പറഞ്ഞത്. ഒരു പെൺകുട്ടി സമരം ചെയ്യുമ്പോൾ പുരുഷ പോലീസ് കടന്നുപിടിക്കുന്നത് മൗലികാവകാശങ്ങളുടെ ലംഘനമാണെന്ന് പറഞ്ഞ നേതാവ് അപ്പുറത്തുമുണ്ടായിരുന്നു, ശ്രീമതി വൃന്ദ കാരാട്ട്. കരിങ്കൊടി പ്രതിഷേധം കാണിച്ചതിന്റെ പേരിൽ നിവ ജോളിയെന്ന ഞങ്ങളുടെ ധീരയായ സഹപ്രവർത്തകയെ അസഭ്യം പറഞ്ഞ് തലയിൽ പിടിച്ചുതള്ളി വട്ടംപിടിച്ച്

ആക്രമിക്കാൻ ശ്രമിക്കുന്ന പോലീസിനെ എന്തിനാണ് കേരളത്തിന്റെ മുഖ്യമന്ത്രി ന്യായീകരിക്കുന്നത്? ഞങ്ങൾ അനാവശ്യമായ സമരത്തിനോ അക്രമത്തിനോ പോകുന്നില്ല. അങ്ങ് ദൃശ്യങ്ങൾ പരിശോധിക്കണം. അങ്ങയുടെ പൈലറ്റ് വാഹനത്തിന്റെ മുമ്പിൽ കാർ പോയിക്കൊണ്ടിരിക്കുമ്പോൾ ലാത്തി എടുത്ത് രാകേഷ് കനിച്ചേരിയെന്ന യൂത്ത് കോൺഗ്രസ് പ്രവർത്തകന്റെ തലയിൽ മർദ്ദിച്ചതിന്റെ ഫലമായി ബ്ലഡ് ക്ലോട്ടായി മംഗലാപുരം ആശുപത്രിയിലേയ്ക്ക് കൊണ്ടുപോകേണ്ടിവന്നു. വിഷ്ണു സുനിൽ പന്തളത്തിനെതിരെ, ഈ കൊലപാതക ശ്രമം നടത്തിയ ആളുകളെ അറസ്റ്റ് ചെയ്യാൻപോലും പോലീസ് മടിക്കുകയാണ്. അവർ രണ്ടുപേരും പോലീസിന്റെ മുമ്പിൽ കരഞ്ഞ് പറഞ്ഞിട്ടുപോലും നടപടിയെടുക്കാൻ മടിക്കുകയാണ്. സമരങ്ങളോട് ഇങ്ങനെ പുച്ഛവും അസഹിഷ്ണുതയും കാണിക്കുന്നത് ശരിയല്ല. ഞങ്ങൾ നാട്ടിലെ നികുതി ഭീകരതയ്ക്കെതിരായിട്ടുള്ള സമരപോരാട്ടത്തിലാണ്. സഭയ്ക്കകത്തും പുറത്തും സമരം ചെയ്യുമെന്ന് ഞങ്ങൾ പറഞ്ഞിട്ടുണ്ടെങ്കിൽ ഒരു ഭരണകൂടത്തെയും ഭയപ്പെടാൻ ഉദ്ദേശിക്കുന്നില്ല. ഞങ്ങൾ സമരം ചെയ്യുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ആ സമരങ്ങളെ തല്ലി ഒതുക്കാൻ ശ്രമിക്കുന്ന പോലീസിന്റെ കിരാത നടപടികൾക്കെതിരെ അതിനോടുള്ള സർക്കാരിന്റെ

സമീപനം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞങ്ങൾ ശക്തിയായി ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സമരം പാടില്ല എന്നൊരു നിലപാട് ആരോ സ്വീകരിച്ചുവെന്നുള്ള മട്ടിലാണ് പ്രമേയാവതാരകൻ ഇവിടെ സംസാരിച്ചത്. കേരളത്തിൽ എല്ലാ വിഭാഗവും സമരം നടത്തിയിട്ടുണ്ട്. ആ സമരങ്ങളെ അതതുകാലത്തെ സർക്കാരുകൾ എങ്ങനെ നേരിട്ടുവെന്നൊക്കെ നമുക്കെല്ലാവർക്കും ഓർമ്മയുള്ളതാണ്. കറുപ്പ് കണ്ടാൽ എന്തോ വിരോധം, കറുപ്പ് കാണിക്കാൻ പാടില്ല, കറുപ്പ് ഷർട്ട് പാടില്ല, കറുപ്പ് മാസ്ക് പാടില്ല, മരണസ്ഥലത്ത് കൊടി വച്ചിട്ടുണ്ടെങ്കിൽ അത് പാടില്ല; ഇതൊക്കെ ഏതായാലും ഞങ്ങൾ സ്വീകരിക്കുന്ന നിലപാടല്ല. കേരളത്തിൽ കുറച്ച് മാധ്യമങ്ങൾക്ക് ഈ സർക്കാരിനെ വല്ലാതെ അപകീർത്തിപ്പെടുത്തണമെന്നുണ്ട്. അതിന്റെ ഭാഗമായി അവർ പടച്ചുവിടുന്ന പല കാര്യങ്ങളുണ്ട്. ഇങ്ങനെയുള്ള നിലപാടുകളാണ് അവർക്ക് കൂടുതൽ ഹരം പകരുന്നത്. സംസ്ഥാനത്തെ ഏതെങ്കിലും തരത്തിൽ മുന്നോട്ടുപോകാൻ അനുവദിക്കില്ലെന്ന നിലപാട് ചിലർ സ്വീകരിക്കുകയാണ്. അത് ശ്രീ. നരേന്ദ്രമോദിക്ക് സമമായി പറയുന്നതെന്നാണ് പറയുന്നത്.

കേരളത്തിന്റെ അനുഭവമല്ലേ; ഏതെല്ലാം തരത്തിലുള്ള നടപടികളാണ് ഇവിടെ സ്വീകരിച്ചിട്ടുള്ളത്; നാടിന്റെ വികസനത്തെ തടയുന്നതിനുള്ള നടപടികൾക്ക് വലിയതോതിലുള്ള കുപ്രചരണങ്ങളെല്ലാം നടത്തുകയല്ലേ; കുറച്ചുവർഷം മുമ്പാണെങ്കിലും ആരുടെയും മനസ്സിൽനിന്ന് വിട്ടുപോകാത്ത ഒരു കാര്യമാണല്ലോ കയ്യിലുള്ള കറുത്ത പതാകയും ടവ്വലുമൊക്ക വീശിയപ്പോൾ അവരുടെ നേരെ നിറയൊഴിച്ചത്; എത്രപേരാണ് അവിടെ രക്തസാക്ഷിത്വം വരിച്ചത്; ഇതൊക്കെ ഈ കേരളത്തിൽ നടന്നതല്ലേ; കൂത്തുപറമ്പിൽ വച്ചല്ലേ ഇത് നടന്നത്? ഇന്നും ജീവിക്കുന്ന രക്തസാക്ഷിയായി പുഷ്പൻ നിൽക്കുകയല്ലേ; ഇതിനെല്ലാം നേതൃത്വം കൊടുത്തവർ പുണ്യവാളന്മാരായി ഇപ്പോൾ വർത്തമാനം പറയുക എന്നുപറഞ്ഞാൽ എന്താണ് അതിനർത്ഥം? ഞങ്ങൾക്ക് അങ്ങനെയൊരു നിലപാടില്ല. ജനകീയ പ്രക്ഷോഭങ്ങൾ ചില ഘട്ടങ്ങളിലൊക്കെ ഉയർന്നുവന്നേക്കാം. അല്ലെങ്കിൽ സർക്കാരിന്റെ നടപടികളിൽ പ്രതിഷേധമുണ്ടായാൽ അതിന്റെ ഭാഗമായി പ്രക്ഷോഭം നടത്തിയെന്നുവരാം. പക്ഷേ കേരളം ഇതുവരെ കണ്ടരീതിയിലുള്ള പ്രക്ഷോഭമാണോ നിങ്ങൾ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്; സാധാരണ എങ്ങനെയാണ് പ്രക്ഷോഭം; നമ്മൾ വിവിധ ഘട്ടങ്ങളിൽ നടത്തിയിട്ടുള്ള പ്രക്ഷോഭം എങ്ങനെയാണ്? ഇപ്പറഞ്ഞ കരിങ്കൊടി

കാണിക്കുന്നത് തന്നെ എടുത്തുനോക്കണം. ഇവിടെ കരിങ്കൊടി കാണിക്കുന്നത് എങ്ങനെയാണ്; വളരെ ഒറ്റപ്പെട്ട രീതിയിൽ ഒരാൾ, രണ്ടാൾ എന്നൊക്കെയുള്ള തരത്തിലാണ്. സാധാരണ ഒരു ബഹുജന പ്രസ്ഥാനം ചെയ്യുന്ന കാര്യമാണോ; (.....ബഹളം.....)

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്.....

ശ്രീ. പിണറായി വിജയൻ: സർ, യൂത്ത് കോൺഗ്രസ് എന്നുപറയുന്നത് കേരളത്തിൽ യുവാക്കളെ അണിനിരത്താൻ കഴിയാത്തൊരു സംഘടനയാണ് എന്നൊന്നും ഞാൻ പറയുന്നില്ല. ആ നിലയ്ക്ക് ആരെങ്കിലും കാണുമോ; പക്ഷേ എന്തുകൊണ്ടാണ് പ്രക്ഷോഭത്തിന് ഒരാളും രണ്ടാളുമാകുന്നത്? വാർത്ത കൊടുക്കാൻ മാധ്യമങ്ങൾക്ക് വലിയ താൽപ്പര്യമാണല്ലോ; എങ്ങനെയാണ് വാർത്ത; എങ്ങനെയാണ് കരിങ്കൊടി വരുന്നത്? ഞാൻ പാലക്കാടേയ്ക്ക് പോകുകയായിരുന്നു. ഒരിടത്തും ആളുകളെ കാണാനില്ല, റോഡ് വിജനമാണ്. അപ്പോൾ ഒരു ബൈക്കിൽ രണ്ടുപേർ വരുന്നു, ആ ബൈക്ക് സൈഡിൽ നിർത്തി പിന്നിലുള്ളയാൾ കരിങ്കൊടി വീശുകയാണ്. അത്തരത്തിൽ പരിഹാസ്യമായ അവസ്ഥയിലേയ്ക്ക് യൂത്ത് കോൺഗ്രസ് എത്തേണ്ടതുണ്ടോ? (.....ബഹളം.....) യൂത്ത് കോൺഗ്രസ് എന്നുപറയുന്നത് കേരളത്തിൽ ഡി.വൈ.എഫ്.ഐ.-യുടെ അത്ര കരുത്തൊന്നുമില്ലെങ്കിലും ഒരു

പ്രധാനപ്പെട്ട യുവജന സംഘടനയാണല്ലോ; സ്വാഭാവികമായും അവർക്ക് ആളുകളെ അണിനിരത്താൻ പറ്റുമല്ലോ; അങ്ങനെ അണിനിരത്തിക്കൊണ്ട് കരിങ്കൊടി വീശാമല്ലോ; അതിനകത്ത് എന്താണ് പ്രശ്നം? അവിടെ ഇതല്ലല്ലോ ഉണ്ടായത്. നിങ്ങൾ തമ്മിലുള്ള മത്സരത്തിന് എന്നെ കരുവാക്കരുത് എന്നുമാത്രമേ എനിക്ക് പറയാനുള്ളൂ. ഞാൻ ആലുവയിലെ ഒരു പരിപാടിക്ക് പോകുമ്പോൾ ആലുവ എം.എൽ.എ.-യും ഞാനും ഒന്നിച്ചാണ് ഫ്ളൈറ്റിൽ പോകുന്നത്. ഫ്ളൈറ്റിൽ യാത്രക്കാർ ഒന്നിച്ചായി എന്നുമാത്രമേയുള്ളൂ. അവിടെ ചെന്ന് ഇറങ്ങിയപ്പോഴും ഒന്നിച്ചായി. ഞാൻ ആലുവ ഗസ്റ്റ് ഹൗസിലേയ്ക്ക് പോകുമ്പോൾ ആലുവ ടൗണിൽനിന്ന് മൂന്നുനാലുപേർ കരിങ്കൊടി കാണിക്കുന്നു. അപ്പോൾ ചിലർക്കത് ക്ഷീണമായി. വേറൊരു പരിപാടിയിൽ പങ്കെടുക്കുന്നതിനായി അങ്കമാലിയിൽ പോയി. ആലുവയിലുള്ള ആൾക്ക് കരിങ്കൊടി കാണിക്കാൻ കഴിഞ്ഞു, അവർക്ക് കരിങ്കൊടി കാണിക്കാൻ കഴിഞ്ഞില്ലെന്നുള്ളത് നേരത്തെ വന്നൊരു പരാതിയാണെന്ന് തോന്നുന്നു. അതിന്റെ ഭാഗമായി ഒരുദിവസം പരിപാടി കഴിഞ്ഞ് വരുമ്പോൾ അങ്കമാലിയിൽവച്ച് രണ്ടോമൂന്നോ ആളുകൾ ഇവിടെപ്പറഞ്ഞ പെൺകുട്ടിയടക്കം ചാടുന്നു. ഇത്തരത്തിലാണോ പ്രക്ഷോഭങ്ങൾ ഉണ്ടാകാറുള്ളത്; സാധാരണനിലയിൽ പ്രക്ഷോഭത്തിൽ

വലിയതോതിൽ ആളുകൾ പങ്കെടുക്കില്ലേ? എന്തുകൊണ്ടാണ് ഇതിന് ആളെ കൂട്ടാൻ പറ്റാത്തത് എന്നുള്ളത് നിങ്ങൾ മനസ്സിലാക്കണം. ജനങ്ങൾ നിങ്ങൾ പറയുന്ന വാദങ്ങൾ അംഗീകരിക്കുന്നില്ല എന്നുള്ളതുകൊണ്ടുതന്നെയാണ്. യൂത്ത് കോൺഗ്രസിന്റെ അണികൾപോലും അംഗീകരിക്കാത്ത കാര്യങ്ങളാണ് നിങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നതെന്ന് നിങ്ങൾ മനസ്സിലാക്കണം. ഇവിടെ ശബ്ദത്തിന്റെ കാര്യങ്ങളെപ്പറ്റി പറഞ്ഞല്ലോ? ഇവിടെനിന്ന് വല്ലാതെ അസഹിഷ്ണുത കാണിക്കുന്നുവെന്ന് പറഞ്ഞു. അവിടെനിന്നും കാണിക്കുന്നതെല്ലാം സഹിഷ്ണുതയാണോ; പ്രമേയാവതാരകൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അദ്ദേഹത്തിന്റെ ഇടതുഭാഗത്തുതന്നെ ഇരുന്ന് വലിയ ശബ്ദമുണ്ടാക്കിയാൽ അത് സഹിഷ്ണുതയാണോ; നേരെ പിന്നിൽനിന്നും വലതുഭാഗത്തുനിന്നും ശബ്ദമുണ്ടാക്കിയാൽ അത് സഹിഷ്ണുതയാണോ; ഇവിടെ നിങ്ങളത് കാണുകയല്ലേ; അതെല്ലാം സഹിക്കുന്ന നിങ്ങൾ ഇപ്പുറത്തുനിന്ന് ആ ശബ്ദത്തിനെതിരെ ശബ്ദം വരുമ്പോൾ എന്തിനാണ് ഇങ്ങനെ അസഹിഷ്ണുത കാണിക്കുന്നതെന്നുപറഞ്ഞാൽ അത് അസഹിഷ്ണുതയാകുമോ; അതൊരു പ്രതികരണമല്ലേ; അതൊരു പ്രതികരണമായി ഉയരുന്നതാണല്ലോ?

(....ബഹളം.....)

മി. സ്പീക്കർ: യെസ്..യെസ്...പ്ലീസ്.....പ്ലീസ്....

ശ്രീ. പിണറായി വിജയൻ: സർ, പ്ലീനറി സമ്മേളനത്തെപ്പറ്റി അദ്ദേഹം പറഞ്ഞു. പ്ലീനറി സമ്മേളനം നല്ല ആവേശം അവർക്കുണ്ടാക്കിയിട്ടുണ്ട്. അത് നല്ല കാര്യം. നല്ലരീതിയിലുള്ള നിലപാടുകൾ സ്വീകരിച്ച് ഇന്ത്യൻ രാഷ്ട്രീയത്തിന് ചേർന്നമട്ടിൽ കാര്യങ്ങൾ നീക്കുന്നുണ്ടെങ്കിൽ നല്ലത്. പക്ഷേ അതിനനുസരിച്ച് നിങ്ങളും മാറണം. അത് നിങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം. അതിനനുസരിച്ചുള്ള നിലപാട് സ്വീകരിക്കാൻ നിങ്ങൾക്കും പറ്റണം. ഇവിടെ നിങ്ങൾ എന്തിനാണ് അനാവശ്യമായ സ്വയം ഇകഴ്ത്തൽ നടത്തുന്നത്? നിങ്ങളെ ആരാണ് അടിമകളായി കാണുന്നത്; നിങ്ങൾ മാന്യരായ പൊതുപ്രവർത്തകരല്ലേ; കേരളത്തിലെ മാന്യമായ പ്രതിപക്ഷമല്ലേ; നിങ്ങളുടെ നേരെ അടിമകൾ എന്നുള്ള സമീപനം ഈ ഗവൺമെന്റിനുണ്ടോ; എന്തിനാണ് അങ്ങനെയൊരു പരാമർശം നടത്തിയത്; ഞങ്ങൾ അടിമകളല്ല എന്നുപറയുന്ന നില സ്വീകരിച്ചില്ലേ; അങ്ങനെ സ്വയം ഒരു അധമബോധമുണ്ടാകേണ്ട കാര്യമുണ്ടോ; ഇവിടെ വാഹനവ്യൂഹത്തിന്റെ കാര്യം പറഞ്ഞല്ലോ; അതിൽ നമ്മൾ കാണേണ്ടത്, ഞാൻ ഇപ്പോൾ ഇരിക്കുന്ന സ്ഥാനത്ത് ഞാനിരുന്നാലും മറ്റൊരാൾ ഇരുന്നാലുമൊക്കെ ഉണ്ടാകുന്ന ഒരു കാര്യമായി മാത്രം കണ്ടാൽ മതി. അത് പ്രത്യേകമായ

എന്റെയൊരു ദൗർബല്യമായി കാണേണ്ടതില്ല. മുഖ്യമന്ത്രിയുടെ വാഹനവ്യൂഹത്തെപ്പറ്റി നിങ്ങൾ പറഞ്ഞു. അതുകൊണ്ടാണ് ഞാൻ പറയുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എന്നെക്കുറിച്ച് പറഞ്ഞ ഒരു പത്രവാർത്ത ഞാൻ ശ്രദ്ധിക്കാനിടയായി, അദ്ദേഹം പറയുന്നത്, 'മുഖ്യമന്ത്രി വീട്ടിൽത്തന്നെ ഇരിക്കേണ്ടിവരും, വീട്ടിൽനിന്ന് പുറത്തിറങ്ങാൻ പറ്റില്ല' എന്നാണ്. പഴയ വിജയനാണെങ്കിൽ പണ്ടേ ഞാനതിന് മറുപടി പറയുമായിരുന്നു. ഇപ്പോൾ ആ നിലയിലുള്ള മറുപടി പറയാൻ കഴിയില്ല. കാരണം സാധാരണ മുഖ്യമന്ത്രിക്കസേരയിൽ ഇരിക്കുന്ന ഒരാളിനോട് സ്വാഭാവികമായ പ്രതിഷേധങ്ങൾ പ്രകടിപ്പിക്കുകയും മുഖ്യമന്ത്രിക്കെതിരെ പറയേണ്ട കാര്യങ്ങൾ പറഞ്ഞെന്നും വരും. മുഖ്യമന്ത്രിയല്ലാത്ത സാഹചര്യത്തിലായിരുന്നുവെങ്കിൽ ഞാൻ പറയേണ്ട മറുപടി എനിക്ക് പറയാൻ കഴിയും. ഇതൊന്നുമില്ലാത്ത കാലത്ത്, നിങ്ങൾ സർവ്വസജ്ജമായി നിന്ന കാലത്ത് ഞാൻ ഒറ്റത്തടിയായി നടന്നിരുന്നല്ലോ; എല്ലാ തരത്തിലും. എന്നെ വീട്ടിൽനിന്നും പുറത്തിറക്കില്ലെന്ന് നിങ്ങൾ ആലോചിച്ച കാലത്ത് ഞാൻ നടന്നല്ലോ, ഇപ്പോൾ ആ കാര്യത്തിലേയ്ക്കല്ല ഞാൻ പോകുന്നത്. വാഹന വ്യൂഹത്തെപ്പറ്റി പറയുമ്പോൾ, നമ്മുടെ ആളുകൾക്ക് അതിന്റെ സാങ്കേതിക പദംവച്ച് പറഞ്ഞാൽ വിശിഷ്ട വ്യക്തികൾ, അതിവിശിഷ്ട

വ്യക്തികൾ എന്നിവർക്കെല്ലാം സുരക്ഷ ഒരുക്കുന്നത് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ പ്രത്യേക മാനദണ്ഡമനുസരിച്ചാണെന്ന് എല്ലാവർക്കുമറിയാം. ഇതുപ്രകാരം സംസ്ഥാനത്ത് സുരക്ഷ ഒരുക്കേണ്ട വിശിഷ്ട വ്യക്തികളുടെ സുരക്ഷാക്രമീകരണങ്ങൾ സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളുന്നത് കേന്ദ്രത്തിലെയും സംസ്ഥാനത്തെയും ബന്ധപ്പെട്ട അധികാരികൾ ഉൾപ്പെടുന്ന സെക്യൂരിറ്റി റിവ്യൂ കമ്മിറ്റിയാണ്. ഓരോ ആറ് മാസം കൂടുമ്പോഴും സെക്യൂരിറ്റി റിവ്യൂ കമ്മിറ്റി യോഗം ചേരുകയും വിശിഷ്ട വ്യക്തികളുടെ സുരക്ഷ സംബന്ധിച്ച അവലോകനവും പുന:പരിശോധനയും നടത്തുകയും ചെയ്യുന്നു. ഇപ്രകാരം സംസ്ഥാന മുഖ്യമന്ത്രിക്ക് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ളത് ഇസഡ് പ്ലസ് കാറ്റഗറിയിലുള്ള സുരക്ഷാക്രമീകരണങ്ങളാണ്. ഇതേ സുരക്ഷതന്നെയാണ് സംസ്ഥാന ഗവർണർക്കും വയനാട് ലോകസഭാ മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ. രാഹുൽ ഗാന്ധി എം.പി.ക്കും ഒരുക്കിയിട്ടുള്ളത്. ഇസഡ് പ്ലസ് സുരക്ഷയുള്ള വ്യക്തിക്ക് പ്രോട്ടോകോൾ പ്രകാരം നൽകുന്ന സുരക്ഷ മാത്രമേ കേരളത്തിലെ മുഖ്യമന്ത്രിക്കും ഏർപ്പെടുത്തിയിട്ടുള്ളൂ. സമര മുറകൾ അരങ്ങേറുന്ന ചില പ്രത്യേക സാഹചര്യങ്ങളിൽ അപകടങ്ങളുണ്ടാകാതിരിക്കാനുള്ള ശ്രദ്ധയും പോലീസ് സ്വീകരിക്കുന്നുണ്ട്.

വാഹന വ്യൂഹത്തിനുമുന്നിൽ മൂന്നോ നാലോ പേർ എടുത്തുചാടുമ്പോൾ അവർ അതിന്റെ പ്രത്യാഘാതങ്ങളെപ്പറ്റി ആലോചിക്കാറില്ല. എന്നാൽ അവരെ അതിനായി തയ്യാറാക്കുന്നവർക്ക് അതിന്റെ പ്രത്യാഘാതങ്ങൾ നന്നായി അറിയാമെന്നാണ് കരുതുന്നത്. അവർ ഉദ്ദേശിച്ച കാര്യങ്ങൾ നടക്കാതെ പോകുമ്പോഴുള്ള മോഹഭംഗമാണ് പിന്നീടുള്ള വർത്തമാനങ്ങളിലെല്ലാം കാണാൻ കഴിയുന്നത്. ഞാൻ അതിന്റെ കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. നമ്മുടെ നാട്ടിൽ മുഖ്യമന്ത്രിയുടെ യാത്രയുമായി ബന്ധപ്പെട്ട് വാഹന വ്യൂഹമൊരുക്കുന്നത് മുഖ്യമന്ത്രിയുടെ നിർദ്ദേശമനുസരിച്ചല്ലെന്നതാണ് മനസ്സിലാക്കേണ്ട കാര്യം. ഈ സുരക്ഷ വേണ്ടെന്ന് പറയാൻ കഴിയുമോ? നിങ്ങളുടെ ഗവൺമെന്റ് അധികാരത്തിലിരുന്ന സമയത്ത്, ഞാനൊരു വ്യക്തിയെന്ന നിലയ്ക്കും ഒരു രാഷ്ട്രീയ പ്രവർത്തകനെന്ന നിലയ്ക്കും എനിക്ക് പോലീസ് സംരക്ഷണമേർപ്പെടുത്താൻ അന്നത്തെ ഗവൺമെന്റ് തീരുമാനമെടുത്തപ്പോൾ വേണ്ടെന്ന് ഞാൻ പറഞ്ഞിരുന്നു. അക്കാര്യം മുമ്പൊരു ഘട്ടത്തിൽ സഭയിൽ പറഞ്ഞതുമാണ്. അങ്ങനെ സുരക്ഷയേർപ്പെടുത്തിയപ്പോൾ ഞാൻ യാത്ര ചെയ്യുന്ന ട്രെയിനുകളിലെല്ലാം വലിയ തോക്കും പിടിച്ച് സുരക്ഷാ ഉദ്യോഗസ്ഥർ നിൽക്കാൻ തുടങ്ങി. നമ്മുടെ ഓരോരുത്തരുടേയും ആഗ്രഹവും ഇച്ഛയുമനുസരിച്ചല്ല പോലീസ്

സുരക്ഷാക്രമീകരണങ്ങൾ ഒരുക്കുന്നത്. അവർ അരവരുടേതായ വഴിക്കാണ് കാര്യങ്ങൾ ചെയ്യുന്നത്. സെക്യൂരിറ്റി റിവ്യൂ കമ്മിറ്റിയാണ് ഈ നടപടികൾ സ്വീകരിക്കുന്നത്. എന്റെ നിർദ്ദേശമനുസരിച്ച് വാഹനവ്യൂഹം ഒരുക്കുകയല്ല ചെയ്യുന്നത്. സ്വാഭാവികമായും നിങ്ങൾക്കെല്ലാവർക്കും ഈ കാര്യങ്ങൾ അറിയാവുന്നതാണ്.

നമ്മുടെ സംസ്ഥാനത്തിന്റെ പൊതുവായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് വരുമാനം കൂടേണ്ടതുണ്ട്. അതിൽ ഏറ്റവും മിതമായ തരത്തിലുള്ള വരുമാന വർദ്ധനയാണ് ഇപ്പോൾ വരുത്തിയിട്ടുള്ളത്. അത് നാട്ടുകാർക്കെല്ലാം ബോധ്യമുള്ള കാര്യവുമാണ്. ഞങ്ങളെ കടിച്ചുകീറാൻ നടക്കുന്ന ചില മാധ്യമങ്ങൾ, തത്സസമയ സംപ്രേക്ഷണത്തിന്റെ ഭാഗമായി ആളുകളുടെ അടുത്തുപോയി അഭിപ്രായങ്ങൾ ആരായാറുണ്ട്; അക്കൂട്ടത്തിൽ ഒരു ആട്ടോറിക്ഷാ ഡ്രൈവറോട് ഇതുമായി ബന്ധപ്പെട്ട് ചോദിച്ചപ്പോഴുണ്ടായ പ്രതികരണം നിങ്ങൾ കണ്ടില്ലേ? എത്ര വാശിയിലാണ് അദ്ദേഹം ഈ നടപടിയെ അനുകൂലിച്ചത്. അതാണ് നമ്മുടെ നാട്. കേരളത്തിന്റെ പൊതുവായ വികാരം നിങ്ങൾ മനസ്സിലാക്കണം. അവർ കാര്യങ്ങൾ മനസ്സിലാക്കുന്നുണ്ട്. രാഷ്ട്രീയ നിലപാടുവച്ച് എന്തിനേയും എതിർക്കുന്ന നിലപാടല്ല സ്വീകരിക്കേണ്ടത്. അതാണ് നിങ്ങൾ ഇപ്പോൾ ചെയ്യുന്നത്;

അതിൽനിന്നും നിങ്ങൾക്ക് മാറാൻ കഴിയണം. നാടിന്റെ കാര്യങ്ങൾക്ക് ഒന്നിച്ച് നിൽക്കാൻ കഴിയണം. നാട് ഇനിയും മുന്നോട്ടുപോകേണ്ടതുണ്ട്; അതിനാവശ്യമായ സാമ്പത്തിക ഭദ്രത നമുക്കുണ്ടാകണം. അതിന് കുറച്ച് വരുമാനം വർദ്ധിപ്പിക്കേണ്ടതായി വന്നതാണ് ഇതിനിടയാക്കിയതെന്ന് മനസ്സിലാക്കാൻ നിങ്ങൾക്ക് കഴിയണം. അതാണ് എനിക്ക് ഇതുമായി ബന്ധപ്പെട്ട് പറയാനുള്ളത്. ഏതെങ്കിലും തരത്തിൽ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഗൗരവപ്രശ്നം ഇതിൽ അടങ്ങിയിട്ടില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇത് സ്റ്റാലിന്റെ റഷ്യയല്ല, ഇത് ജനാധിപത്യ കേരളമാണ്. ഇവിടെ ജനാധിപത്യ രീതിയിലുള്ള പ്രതിഷേധങ്ങളും സമരങ്ങളുമുണ്ടാകും. ഇവിടെ ഒരു സർക്കാർ അവതരിപ്പിച്ച ബജറ്റിൽ നാലായിരം കോടി രൂപയുടെ നികുതി നിർദ്ദേശങ്ങളെപ്പറ്റി പറയുന്നു. അതിൽ ജനങ്ങളുടെ ഭാഗത്തുനിന്നും എതിർപ്പുകളുണ്ടാകുന്നു. പിറ്റേ ദിവസം 500 കോടി രൂപയുടെ വെള്ളക്കരം

വർദ്ധിപ്പിക്കുന്നു. ആകെ 4500 കോടി രൂപയുടെ നികുതിഭാരം ജനങ്ങളുടെമേലുണ്ടാക്കുന്നു. സർക്കാരുകൾ നികുതി പിരിക്കുന്നതിനെ ഞങ്ങൾക്ക് എതിർക്കാൻ കഴിയില്ല, ഞങ്ങളുടെ കാലത്തും നികുതി പിരിക്കാറുണ്ട്. ഇവിടെ നികുതി പിരിവിലെ കെടുകാര്യസ്ഥതകൊണ്ടും അനാസ്ഥകൊണ്ടും പതിനായിരക്കണക്കിന് കോടി രൂപ പിരിക്കാൻ പരാജയപ്പെട്ട ഒരു സർക്കാരിന്റെ തെറ്റുകൾ മൂടിവയ്ക്കാൻ സാധാരണക്കാരുടെ തലയിൽ നികുതി ഭാരം കെട്ടിവച്ചതിനെയാണ് ഞങ്ങൾ ശക്തിയായി എതിർക്കുന്നത്. ഞങ്ങൾ സമാധാനപരമായിട്ടാണ് സമരം തുടങ്ങിയത്. ഞങ്ങൾ നിയമസഭയ്ക്കകത്തും പുറത്തും സമാധാനപരമായി സമരം ചെയ്തപ്പോൾ മുഖ്യമന്ത്രി ഞങ്ങളെ പരിഹസിച്ചു. കേരളത്തിലെ പ്രതിപക്ഷത്തിന് സത്യാഗ്രഹ സമരം ചെയ്യാൻ മാത്രമേ അറിയൂവെന്ന് പറഞ്ഞ് ഞങ്ങളെ പരിഹസിച്ചു. ഞങ്ങൾ സത്യാഗ്രഹ സമരത്തിലൂടെ വളർന്നുവന്ന പ്രസ്ഥാനമാണ്, ഗാന്ധിയൻ പൈതൃകമുള്ള പ്രസ്ഥാനമാണ്. ഞങ്ങൾ സത്യാഗ്രഹ സമരം നടത്തുന്നത് അഭിമാനത്തോടുകൂടിയാണ്. സത്യാഗ്രഹ സമരം നടത്താൻ മാത്രമേ പ്രതിപക്ഷത്തിന് അറിയുകയുള്ളൂ എന്നുപറഞ്ഞ മുഖ്യമന്ത്രി ഇപ്പോൾ പറയുന്നത് ആത്മഹത്യാ സ്ക്വാഡുകളും ചാവേർ സ്ക്വാഡുകളുമാണ് തന്റെ വാഹന വ്യൂഹത്തിനുനേരെ ചാടി മരിക്കാൻ

വരുന്നതെന്നാണ്, ചാവേർ സ്ക്വാഡുകളാണ് ഞങ്ങളെന്ന് മാറ്റി പറയേണ്ടിവന്നില്ലേ? മുഖ്യമന്ത്രി പുറത്തിറങ്ങിയാൽ ഈ നാട്ടിൽ മറ്റാർക്കും പുറത്തിറങ്ങി സഞ്ചരിക്കാൻ കഴിയാത്ത അവസ്ഥയുണ്ടാകുമെന്നതുകൊണ്ടാണ് മുഖ്യമന്ത്രി വീട്ടിലിരിക്കുന്നതാണ് നല്ലതെന്ന് ഞാൻ പറഞ്ഞത്. അപ്പോൾ അങ്ങ് പറഞ്ഞത് ഞാൻ പഴയ വിജയനായിരുന്നുവെങ്കിൽ ഇതിന് മറുപടി പറയുമായിരുന്നുവെന്ന്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞങ്ങൾക്ക് പറയാനുള്ളത്, ഞങ്ങൾക്ക് പഴയ വിജയനേയും പേടിയില്ല, പുതിയ വിജയനേയും പേടിയില്ല എന്നാണ്. നിങ്ങളെയൊന്നും ഭയന്നല്ല ഞങ്ങൾ ജീവിക്കുന്നത്. ഇവിടെ ഒരു മുഖ്യമന്ത്രി ചോദിക്കുകയാണ്, കേന്ദ്ര ഗവൺമെന്റ് ഇന്ധന സെസ്സും നികുതിയും കൂട്ടിയപ്പോൾ യു.ഡി.എഫ്. അതിനെതിരായി സമരം ചെയ്തോയെന്ന്? അതിനെതിരെ യു.ഡി.എഫ് മാത്രമല്ല, കോൺഗ്രസ്സും എല്ലാ ഘടക കക്ഷികളും സമരം ചെയ്തിരുന്നു. അങ്ങേയ്ക്ക് വാർത്തകൾ കൊണ്ടുവരുന്നവർ ഇതെല്ലാം മൂടിവച്ചിട്ടാകും കൊണ്ടുതരുന്നത്. കോവിഡിന്റെ കാലത്ത് കോവിഡ് മാനദണ്ഡം പാലിച്ചുകൊണ്ട് അഞ്ചുപേർ വീതം പങ്കെടുത്ത സമരങ്ങൾ ചെയ്തിരുന്നു. കേന്ദ്ര ഗവൺമെന്റിനെതിരെ സമരം ചെയ്ത ഞങ്ങൾക്കെതിരെ നൂറു കണക്കിന് കേസ്സുകളാണ് നിങ്ങളുടെ പോലീസ്

എടുത്തിട്ടുള്ളത്. അഞ്ചുപേർ അകലം പാലിച്ച് സമരം ചെയ്ത സമയത്ത് ഞാനും ആ സമരത്തിൽ പങ്കെടുത്തിരുന്നു. കേന്ദ്ര ഗവൺമെന്റിനെതിരെ സമരം ചെയ്തതിന് ഞാനടക്കമുള്ള ആളുകൾക്കെതിരെയും കേസ്സെടുത്തിരുന്നു. എന്നിട്ടും മുഖ്യമന്ത്രി ചോദിക്കുന്നത്, ഞങ്ങൾ കേന്ദ്ര സർക്കാരിനെതിരെ സമരം ചെയ്തോയെന്നാണ്. ഉറങ്ങിക്കിടക്കുന്ന യൂത്ത് കോൺഗ്രസ്സുകാരനെ അറസ്റ്റ് ചെയ്ത് കരുതൽ തടങ്കലിൽ വയ്ക്കുകയാണ്. സംസ്ഥാനത്തെ നൂറുകണക്കിന് യൂത്ത് കോൺഗ്രസ് പ്രവർത്തകരെ അറസ്റ്റ് ചെയ്തിട്ട് നിങ്ങൾ പരിഹസിച്ച് പറഞ്ഞല്ലോ, ഒറ്റയ്ക്ക് സമരം ചെയ്യാൻ വരുന്നു, രണ്ടുപേർ സമരം ചെയ്യാൻ വരുന്നു എന്ന്. പിന്നെന്തിനാണ് ഒരാളെയും രണ്ടാളെയും പേടിച്ച് 42 സുരക്ഷ വാഹനങ്ങളുടെ അകമ്പടിയോടുകൂടി യാത്ര ചെയ്യുന്നത്; പിന്നെന്തിനാണ് ഒരു ജില്ലയിൽ പോകുമ്പോൾ ജില്ലയിലെ എല്ലാ പോലീസ് സ്റ്റേഷനുകളിൽനിന്നും ആയിരക്കണക്കിന് പോലീസുകാരെ റോഡിൽ അണിനിരത്തുന്നത്; അന്ന് ക്രമസമാധാന പാലനവുമില്ല, കേസ് അന്വേഷണവുമില്ല. മുഴുവൻ പോലീസിനെയും റോഡിൽ മുട്ടിനുമുട്ടിന് നിർത്തി കരിങ്കൊടി കാണിക്കാൻ വരുന്നവനെ ഭയന്ന് അങ്ങെന്തിനാണ് നൂറുകണക്കിന് പോലീസുകാരുടെ ഇടയിൽപ്പോയി ഒളിച്ചത്; പരിഹസിക്കുമ്പോൾ ആലോചിക്കണം. കരുതൽ തടങ്കൽ എന്നാണ്

കേരളത്തിലുണ്ടായത്; അങ്ങ് എ.കെ.ജി.-യുടെ ആത്മകഥ വായിക്കണം. കരുതൽ തടങ്കലിനെതിരായി എ.കെ.ജി.-യുടെ ആത്മകഥയിൽ പറഞ്ഞിട്ടുണ്ട്. AKG Vs State of Kerala എന്നൊരു പ്രസിദ്ധമായ കേസുണ്ട്. കരുതൽ തടങ്കൽ പാടില്ലെന്ന് ആ കേസിൽ പറഞ്ഞിട്ടുണ്ട്. പിന്നീട് മനേക ഗാന്ധിയുടെ കേസ് വന്നു. ഇപ്പോൾ സിആർ.പി.സി.-യുടെ സെക്ഷൻ 151 അനുസരിച്ചാണ് കേസെടുക്കുന്നത്. എന്താണത്; " A police officer knowing of a design to commit any cognizable offence may arrest, without orders from a Magistrate and without a warrant, the person so designing, if it appears to such officer that the commission of the offence cannot be otherwise prevented." അതായത്, A police officer knowing of a design to commit any cognizable offence... വഴിയിലിരുന്ന് ഒന്നോ രണ്ടോ ആളുകൾ കരിങ്കൊടി കാണിച്ച് പ്രതിഷേധം എന്നുപറയുന്നതാണോ cognizable offence; രാവിലെ നാലുമണിക്ക് വീട്ടിൽ കിടന്നുറങ്ങിയവനെ Criminal Procedure Code സെക്ഷൻ 151 അനുസരിച്ച് അറസ്റ്റ് ചെയ്യാൻ നിങ്ങൾക്ക് എന്തധികാരമാണുള്ളത്? ഇത് സ്റ്റാലിന്റെ റഷ്യയല്ല. ഭരണഘടനാ വിരുദ്ധവും നിയമവിരുദ്ധവുമായാണ് വീട്ടിൽ കിടക്കുന്നവനെ കരുതൽ തടങ്കലിൽ അറസ്റ്റ് ചെയ്യുന്നത്. അതിന് നിങ്ങൾക്ക്

അധികാരമില്ല. സർക്കാരിനും പോലീസിനും അപരിമേയങ്ങളായ അധികാരങ്ങളില്ല. ഭരണഘടനയുടെ അകത്ത് നിന്നുകൊണ്ടാണ് സർക്കാർ പ്രവർത്തിക്കേണ്ടത്. നിങ്ങൾ ഭരണഘടനാ വിരുദ്ധമായി പ്രവർത്തിക്കുന്നു. യൂത്ത് കോൺഗ്രസ്സിന്റെ സമരത്തിന് ആളില്ലെങ്കിൽ പിന്നെന്തിനാണ് പെരുമ്പാവൂരിലെ രായമംഗലത്ത് യൂത്ത് കോൺഗ്രസ് അനുസ്മരണ സമ്മേളനം നടത്തുന്ന സ്ഥലം പോലീസ് വളഞ്ഞ് ആളുകളെ അറസ്റ്റ് ചെയ്തുകൊണ്ടുപോയത്; എന്തിനാണ് വീട്ടിൽ കിടന്നുറങ്ങുന്നവനെ നിങ്ങൾ അറസ്റ്റ് ചെയ്തത്; (...ബഹളം...)

<u>മി. സ്പീക്കർ</u>: പ്ലീസ്... പ്ലീസ്.. കമന്ററി പറയേണ്ടതില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പ്രസംഗിക്കട്ടെ.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഒരാളും രണ്ടാളും നടത്തുന്ന സമരമാണെങ്കിൽ പിന്നെങ്ങനെയാണ്  വലിയ യൂത്ത് കോൺഗ്രസ് സംഘം അഞ്ഞൂറോളം വരുന്ന പോലീസുകാരെ ആക്രമിച്ചത്.  6 പോലീസുകാർക്ക് പരിക്കേറ്റു. ഒന്നുരണ്ടുപേരായിരുന്നോ സമരത്തിൽ; കളമശ്ശേരിയിൽ നടന്ന സമരത്തിനെ പിറകിൽനിന്നുവന്നല്ലേ 150 പോലീസുകാർ ആക്രമിച്ചത്; മലപ്പുറത്ത് യൂത്ത് ലീഗുകാർക്കുനേരെയും കളമശ്ശേരിയിൽ യൂത്ത് കോൺഗ്രസ്സുകാർക്കുനേരെയും ആക്രമണം നടന്നില്ലേ. അറസ്റ്റ്

ചെയ്തുകൊണ്ടുപോയ വാഹനത്തിലാണ് ക്രൂരമായ മർദ്ദനം നടന്നത്. (...ബഹളം...) തികഞ്ഞ മര്യാദകേടാണ് ഈ കാണിക്കുന്നത്. ഞങ്ങൾ പറഞ്ഞിട്ടേ പോകുകയുള്ളൂ.

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്.. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിക്കട്ടെ. ബഹുമാനപ്പെട്ട അംഗങ്ങൾ ദയവായി സീറ്റുകളിൽ ഇരിക്കുക.

ശ്രീ. വി. ഡി. സതീശൻ: സർ, മിവാ ജോളി എന്നൊരു പെൺകുട്ടിയെ ഒരു പുരുഷ പോലീസ് ഉദ്യോഗസ്ഥൻ, കളമശ്ശേരി സി.ഐ. കോളറിൽ പിടിച്ച് വലിക്കുകയും അവരുടെ തലയ്ക്കടിക്കുകയും ചെയ്തു. കോളേജിൽ പഠിക്കുന്ന ആ കൊച്ചു പെൺകുട്ടിയെ ബലം പ്രയോഗിച്ച് ജീപ്പിലേയ്ക്ക് കയറ്റുകയും അടിക്കുകയും ചെയ്തു. അതൊരു തെറ്റല്ലെന്നാണോ നിങ്ങൾ പറയുന്നത്; ഹരിപ്പാട് ഒരു ഡി.വൈ.എഫ്.ഐ. പ്രവർത്തകൻ ബൈക്കിൽ പോയി എസ്.എഫ്.ഐ. പ്രവർത്തകയെ ഇടിച്ചുവീഴ്ത്തി ഹെൽമറ്റ് വച്ചടിച്ചിട്ട് കോംപ്രമൈസ് ചെയ്തു നിങ്ങൾക്ക് പെൺകുട്ടികളെ ആക്രമിച്ചാൽ നിസ്സാരമാണ്. ഞങ്ങൾക്കത് നിസ്സാരമല്ല. ഞങ്ങൾ പ്രതികരിക്കും. ഞങ്ങളുടെ പെൺകുട്ടികൾക്കെതിരായി നിങ്ങൾ അതിക്രമം നടത്തിയാൽ പ്രതികരിക്കും. അതേ സി.ഐ. ആണ് ശ്രീ. ഷാഫി പറമ്പിൽ എം.എൽ.എ.-

യെ കളമശ്ശേരി പോലീസ് സ്റ്റേഷനിൽ കൈയേറ്റം ചെയ്യാൻ ശ്രമിച്ചത്. പരിക്കുപറ്റി ആശുപത്രിയിൽ കൊണ്ടുപോകേണ്ടവരെ തടഞ്ഞുവച്ചത്..... (...ബഹളം...)

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്... അവിടെ ഇരിക്കണം. പ്ലീസ്... അദ്ദേഹം പറയട്ടെ. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, അങ്ങ് തുടരൂ.

ശ്രീ. വി. ഡി. സതീശൻ: സർ, വാഹനത്തിലിട്ട് മർദ്ദിക്കുക, പെൺകുട്ടികളെ പുരുഷ പോലീസുകാരൻ മർദ്ദിക്കുക, ക്രൂരമായ മർദ്ദനങ്ങൾ അഴിച്ചുവിടുക. എന്നിട്ട് സമരത്തെ പരിഹസിക്കുക. കറുപ്പിനോട് ആർക്കാണ് ദേഷ്യമെന്നാണ് ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചോദിക്കുന്നത്. പിന്നെ എന്തിനാണ് മുൻ എം.എൽ.എ. ആയിരുന്ന സി.പി. കുഞ്ഞിന്റെ വീടിന് മുന്നിലെ കറുത്തകൊടി മാറ്റിയത്. അനുശോചനം രേഖപ്പെടുത്താൻ ഞാനും ആ വീട്ടിൽ പോയിരുന്നതാണ്. മുഖ്യമന്ത്രി വരുന്നതിന്റെ 10 മിനുട്ട് മുമ്പ് അതിന്റെ മുന്നിൽ സ്ഥാപിച്ചിരുന്ന കരിങ്കൊടി ഒരു പോലീസ് ഉദ്യോഗസ്ഥൻ അഴിച്ചുമാറ്റുകയാണ്.  കറുത്ത വസ്ത്രം ധരിച്ച എത്രപേർ കേരളത്തിൽ അറസ്റ്റ് ചെയ്യപ്പെട്ടു. അത്തൂരിൽനിന്ന് കൊല്ലത്തേയ്ക്ക് ടൂർ വന്ന കുട്ടികളെ കറുപ്പ് വസ്ത്രം ധരിച്ചതിന്റെ പേരിൽ 8 മണിക്കൂർനേരം പോലീസ് സ്റ്റേഷനിൽ നിർത്തി. എറണാകുളത്ത് ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ട ആളുകളെ കറുത്ത

ചുരിദാർ ധരിച്ചതിന്റെ പേരിൽ അറസ്റ്റ് ചെയ്തില്ലേ; കറുത്ത മാസ്ക് പാടില്ല. കറുത്ത വസ്ത്രം പാടില്ല. ഇതൊന്നും ആരും ധരിച്ചുവരരുതെന്ന് മീഞ്ചന്ത കോളേജിൽവച്ച് പോലീസ് പറഞ്ഞില്ലേ; എത്ര സ്ഥലത്ത് നിങ്ങൾ ഇതുചെയ്തു. നിങ്ങൾക്കെന്താണ് കറുപ്പിനോടിത്ര ദേഷ്യം; ഇടയ്ക്ക് കറുപ്പിനോടുള്ള ദേഷ്യം വെളുപ്പിനോടായി. വഴിയിൽ ആശുപത്രിയിൽ പോകാൻ നിൽക്കുന്ന ഖദറിട്ട കോൺഗ്രസ്സുകാരെവരെ കരുതൽ തടങ്കലിൽ അറസ്റ്റ് ചെയ്തുകൊണ്ട് പോകുക. കേരളത്തിൽ ഏത് കാലത്താണ് ഇത് നടന്നിരിക്കുന്നത്; നിങ്ങൾ ശ്രീ. ഉമ്മൻ ചാണ്ടിക്കെതിരെ കല്ലെറിഞ്ഞില്ലേ; ഈ മുഖ്യമന്ത്രിക്കെതിരായി ഒരു കൊച്ചു കല്ലുപോലും ഒരു യു.ഡി.എഫ്. പ്രവർത്തകനും എറിയില്ലെന്ന് ഞാൻ സെക്രട്ടേറിയറ്റിന്റെ മുന്നിൽ വന്നുനിന്ന് പറഞ്ഞല്ലോ. ഞങ്ങൾ ഗ്യാരണ്ടിയാണ്. അങ്ങ് പേടിക്കേണ്ടതില്ല. മുഖ്യമന്ത്രിക്കെതിരെ ഞങ്ങൾ ഒരു തരത്തിലുള്ള അക്രമവും നടത്തില്ല. പക്ഷെ, ഞങ്ങൾ പ്രതിഷേധം പ്രകടിപ്പിക്കും. അക്കാര്യത്തിൽ ഒരു സംശയവും വേണ്ട. (...ബഹളം...)

<u>മി. സ്പീക്കർ</u>: പ്ലീസ്... മിണ്ടാതിരിക്കൂ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കുമ്പോൾ അവർ അനങ്ങിയിട്ടില്ല. അതുകൊണ്ട് ഭരണപക്ഷം നിശബ്ദമായിരിക്കണം. പ്ലീസ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ബഹളമുണ്ടാക്കിയിട്ടൊന്നും യാതൊരു കാര്യവുമില്ല. പറയാനുള്ളത് പറഞ്ഞിട്ടേ ഞങ്ങൾ പോകുകയുള്ളൂ. തെറ്റിദ്ധാരണയൊന്നും വേണ്ട. യാതൊരു ബഹളവും വയ്ക്കേണ്ടതില്ല. ഷൗട്ടിംഗ് ബ്രിഗേഡിനെ ഇറക്കുകയും വേണ്ട. പറയാനുള്ളതെല്ലാം പറഞ്ഞിട്ടേ ഞങ്ങൾ പോകുകയുള്ളൂ. പ്രിവന്റീവ് അറസ്റ്റിനെക്കുറിച്ച് പറഞ്ഞല്ലോ. രാത്രി വീട്ടിൽ കിടന്നുറങ്ങുന്നവനെ എന്തിനാണ് പ്രിവന്റീവ് അറസ്റ്റ് ചെയ്യുന്നത്; പോലീസിൽ വല്ല ജ്യോതിഷികളുമുണ്ടോ; വീട്ടിൽ ഉറങ്ങിക്കിടക്കുന്നവനെ അറസ്റ്റ് ചെയ്യാൻ പോലീസിന് വല്ല ഇന്റ്യൂഷനുമുണ്ടാകുമോ; എത്ര പേരാണ് കേരളത്തിൽ അറസ്റ്റ് ചെയ്യപ്പെട്ടത്; ഒരു കാലഘട്ടത്തിലും ഇല്ലാത്ത തരത്തിലാണ് സംസ്ഥാന വ്യാപകമായി ഇത്രയും സംഭവം നടന്നത്. കൊല്ലത്ത് നടന്ന അതിക്രമം സംബന്ധിച്ച് ശ്രീ. ഷാഫി പറമ്പിൽ എം.എൽ.എ. ഇവിടെ സൂചിപ്പിച്ചല്ലോ; പൊലീസിന്റെ ലിസ്റ്റിലുള്ള അറിയപ്പെടുന്ന ക്രിമിനലുകളാണ് ആ കേസിലെ പ്രതികൾ. നാട്ടിലെ എല്ലാ വൃത്തികേടുകളിലും സാമൂഹ്യവിരുദ്ധ ഏർപ്പാടുകളിലും പങ്കാളികളായ ആളുകളാണ് കത്തിയുമായി വന്ന് ആക്രമിച്ചത്. എന്തിനാണ് യൂത്ത് കോൺഗ്രസ് നേതാവിനെ ആക്രമിച്ചത്; അവിടെയുള്ളൊരു റിസോർട്ട് സംഭവത്തിൽ അയാൾ ഒരു പരാതി കൊടുത്തിരുന്നു. ആ റിസോർട്ടുടമ വിഷ്ണു

സുനിൽ പന്തളമെന്ന യൂത്ത് കോൺഗ്രസ് നേതാവിനെ വധിക്കുമെന്ന് ഫോണിലൂടെ ഭീഷണിപ്പെടുത്തി. എന്നിട്ട് പോലീസ് ഒരു നടപടിയും സ്വീകരിച്ചില്ല. അയാൾ അയച്ച ഗുണ്ടകളാണ് പോലീസ് നോക്കിനിൽക്കെ ഡി.വൈ.എഫ്.ഐ. നേതാവിന്റെ നേതൃത്വത്തിൽ ആ കുട്ടികളെ ക്രൂരമായി തല്ലിച്ചതച്ചത്. നിങ്ങൾക്ക് ക്രിമിനലുകളും സാമൂഹ്യവിരുദ്ധരുമാകാം. നിങ്ങൾക്ക് സ്ത്രീകളെയും പെൺകുട്ടികളെയും ആക്രമിക്കാം. വീട്ടിൽ കിടന്നുറങ്ങുന്നവനെ പ്രിവന്റീവ് അറസ്റ്റ് നടത്താം. എന്നിട്ട് നിങ്ങൾ നാട്ടിലൂടെ പോകുമ്പോൾ ആരും റോഡിൽ പാടില്ല. എന്തിനാണ് ചാടി ചാവാൻ വന്നവനെ സുരക്ഷാ വാഹനത്തിലിരുന്നുകൊണ്ട് ലാത്തികൊണ്ട് തലയ്ക്കടിച്ചത്; (...ബഹളം...) ഇന്റേണൽ ബ്ലീഡിംഗുണ്ടായി ആ ചെറുപ്പക്കാരൻ മംഗലാപുരത്ത് ആശുപത്രിയിലാണ്. (...ബഹളം...) സംസാരിക്കാൻ അനുവദിക്കുന്നില്ല. നിങ്ങൾക്ക് ഭയമാണ്. നിങ്ങൾക്ക് കേരളത്തിലെ പ്രതിപക്ഷത്തിനെ ഭയമാണ്. എന്ത് തോന്ന്യാസവും നിങ്ങൾക്ക് ചെയ്യാം. നിങ്ങൾക്ക് പേടിയാണ്. ഭീരുത്വമാണ്. ഞങ്ങൾക്ക് ഇതുമായി സഹകരിച്ചുപോകാൻ കഴിയില്ല. പ്രതിപക്ഷനേതാവിനെപ്പോലും പ്രസംഗിക്കാൻ അനുവദിക്കാത്ത ഒരു നിയമസഭയിൽ ഞങ്ങളെന്തിനാണ് ഇരിക്കുന്നത്; നിങ്ങൾ കുറേ ആളുകളെ നിയമിച്ചിരിക്കുകയാണ്. ഷൗട്ടിംഗ്

ബ്രിഗേഡുകളെ ഉണ്ടാക്കി ആക്രമിക്കാൻ നോക്കുന്നു. ഇതിവിടെ വിലപ്പോകില്ല. ഞങ്ങൾ ഇനിയും പറയും. ഇനിയും ഞങ്ങൾ ചോദ്യം ചെയ്യും.

(പ്രതിപക്ഷാംഗങ്ങൾ ബാനറും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽവന്ന് ബഹളം വച്ചുകൊണ്ടിരുന്നു.)

മി. സ്പീക്കർ: ഭരണകക്ഷി അംഗങ്ങൾ ദയവായി സീറ്റുകളിലേയ്ക്ക് പോകണം. എല്ലാവരും സീറ്റുകളിലേയ്ക്ക് പോകണം. അദ്ദേഹത്തിന്റെ പ്രസംഗം തുടരട്ടെ. അംഗങ്ങൾ ദയവായി സീറ്റുകളിൽ ഇരിക്കുക. ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ സീറ്റുകളിൽ പോയി ഇരുന്ന് ഫ്ലോർ ഓർഡറിലാക്കണം......... (...ബഹളം....) ഭരണപക്ഷ അംഗങ്ങൾ ദയവായി സീറ്റുകളിൽ പോയിരുന്ന് ഫ്ലോർ ഓർഡറിലാക്കണം. പ്ലീസ്...(...ബഹളം....) സഭ അൽപ്പ സമയത്തേയ്ക്ക് നിർത്തിവയ്ക്കുകയാണ്.

(സഭ രാവിലെ 10.53-ന് അൽപ്പസമയത്തേയ്ക്ക് നിർത്തിവച്ചു.)

(രാവിലെ 10.53-ന് നിർത്തിവച്ച സഭ 11.15-ന് പുനരാരംഭിച്ചു)

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് അങ്ങയുടെ പ്രസംഗം കൺക്ലൂഡ് ചെയ്യാം.

ശ്രീ. വി. ഡി. സതീശൻ: സർ, പാർലമെന്ററി ജനാധിപത്യ സംവിധാനത്തിൽ പ്രതിപക്ഷത്തിന്റേത് വളരെ പ്രധാനപ്പെട്ട ഒരു പങ്കാണ്. ഭരണകൂടത്തിന്റെ തെറ്റായ ചെയ്തികളെ, നിയമവിരുദ്ധമായ, ഭരണഘടനാവിരുദ്ധമായ കാര്യങ്ങളെ ചൂണ്ടിക്കാണിക്കുകയും അത് തിരുത്താൻ ശ്രമിക്കുകയും ചെയ്യുകയെന്നുള്ളതാണ് പ്രതിപക്ഷ ധർമ്മം. അതിനായി പ്രതിപക്ഷത്തിനുള്ള പ്രത്യേകമായ അവസരമാണ് കേരള നിയമസഭാ ചട്ടങ്ങളിലെ റൂൾ 50 നൽകുന്നത്. സർക്കാരിന് അപ്രിയമായ കാര്യങ്ങൾ പറയേണ്ടിവരും. സർക്കാരിന് പ്രിയപ്പെട്ട കാര്യങ്ങൾ പറഞ്ഞ് അവർക്ക് മംഗളപത്രമെഴുതുകയെന്നുള്ളതല്ലല്ലോ പ്രതിപക്ഷത്തിന്റെ ജോലി. പ്രതിപക്ഷം കൃത്യമായ വിമർശനങ്ങൾ ഉന്നയിക്കും. ഈ വിഷയം വളരെ ഗൗരവമുള്ളതാണ്, കാരണം കേരളത്തിൽ സമീപകാലത്തൊന്നും കാണാത്ത തരത്തിലുള്ള പോലീസിന്റെ ക്രൂരകൃത്യങ്ങളാണ് നടക്കുന്നത്. പോലീസ് മനഃപൂർവ്വമായി പ്രകോപിപ്പിച്ച് പുറകിൽനിന്നുവന്ന് ഞങ്ങളെ ക്രൂരമായി മർദ്ദിച്ചു. വ്യാപകമായി സംസ്ഥാനത്ത് ആയിരക്കണക്കിന് കേസുകളെടുത്ത് ലക്ഷക്കണക്കിന് രൂപയുടെ ഫൈൻ അടപ്പിക്കാൻ വേണ്ടി ഞങ്ങളെ നിർബന്ധിതരാക്കുന്നു. ഞങ്ങളെ സമരം ചെയ്യാതെ ദുർബ്ബലമാക്കി, അടിച്ചമർത്തി, ഭയപ്പെടുത്തി ഞങ്ങളെക്കൊണ്ട് കോടതിയിൽ പണമടപ്പിച്ച്

ഉള്ളതും ഇല്ലാത്തതുമായ കാര്യങ്ങളിലൊക്കെ വ്യാപകമായി കേസുകളെടുക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിഞ്ഞുകൊണ്ടാണോ; മുഖ്യമന്ത്രി അറിയാതെ ആരെങ്കിലും നിയന്ത്രിക്കുകയാണോ? പോലീസിന്റെ നേതൃത്വത്തിൽ വ്യാപകമായി ഒരു കാലഘട്ടത്തിലുമില്ലാത്ത രീതിയാണ് നടക്കുന്നത്. ഞങ്ങൾ വളരെ നിയന്ത്രിതമായി സമരം ചെയ്യുന്ന ആളുകളാണ്. ഇവിടെ സമരപാരമ്പര്യത്തെക്കുറിച്ച് പറഞ്ഞു. 1970 മുതൽ 77 വരെ സി. അച്യുതമേനോൻ കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്ന സമയത്ത് ഏതുകാരണത്തിന്റെ പേരിലാണ് നിങ്ങൾ സമരം ചെയ്തതെന്നും പല സമരത്തിന്റെയും കാര്യകാരണസഹിതം ഒന്ന് പരിശോധിച്ചാൽ നിങ്ങൾ തന്നെ ഇവിടെയിരുന്ന് ചിരിച്ച് ചിരിച്ച് മണ്ണ് കപ്പി പോകുന്ന കാര്യങ്ങൾക്ക് സമരം ചെയ്തിട്ടുണ്ട്. നിങ്ങൾ ചെയ്തതുപോലെയുള്ള ഒരു അക്രമസമരവും ഞങ്ങൾ ചെയ്തിട്ടില്ല. ഞങ്ങൾ സമാധാനപരമായി സമരം ചെയ്യുകയാണ്. മുഖ്യമന്ത്രിയുടെ വാഹനവ്യൂഹം കടന്നുപോകുമ്പോൾ വഴിയരികിൽനിന്ന് ഒരു കരിങ്കൊടി കാണിച്ചതിൽ എന്താണ് തെറ്റ്? പ്രതിഷേധം, പ്രതിഷേധം എന്നുപറഞ്ഞാൽ എന്താണ് തെറ്റ്? അങ്ങനെ പ്രതിഷേധം പ്രകടിപ്പിച്ചിട്ടുള്ളയാളുകൾ ഇവിടെ മന്ത്രിമാരായി ഇരിക്കുന്നുണ്ടല്ലോ. ഒരു കാലത്ത് കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ ചാവേറുകളെ വിട്ട്

മന്ത്രിമാരുടെ വാഹനവ്യൂഹം തടഞ്ഞിട്ടില്ലേ? മന്ത്രിമാരെ പുറത്തിറങ്ങാൻ അനുവദിക്കില്ലെന്നുപറഞ്ഞ്, ഒരു മന്ത്രിയെയും റോഡിലിറങ്ങാൻ അനുവദിക്കില്ലെന്നുപറഞ്ഞ്, മുഖ്യമന്ത്രിയുടെ ഉൾപ്പെടെ വാഹനങ്ങൾ തടഞ്ഞിട്ടില്ലേ? മുഖ്യമന്ത്രിയുടെ വാഹനം ഞങ്ങൾ തടഞ്ഞോ? ഞങ്ങൾ തടഞ്ഞില്ലല്ലോ. വലിയ സമരങ്ങൾ ഞങ്ങൾ നടത്തി. കളക്ടറേറ്റിലേയ്ക്ക് മാർച്ച് നടത്തി, സെക്രട്ടേറിയറ്റിലേയ്ക്ക് മാർച്ച് നടത്തി, നിയമസഭയിൽ സമരം നടത്തി, രാപ്പകൽ സമരം നടത്തി. ഞങ്ങളുടേതായ രീതിയിൽ ഞങ്ങൾക്ക് പറയാനുള്ളത് ജനങ്ങളിലേയ്ക്ക് എത്തിക്കാൻ വേണ്ടിയുള്ള ശ്രമങ്ങൾ നടത്തി. യുവജനസംഘടനകൾ സമരം ചെയ്യുമ്പോൾ യു.ഡി.എഫ്. സമരം ചെയ്യുന്നതുപോലെയോ കോൺഗ്രസ് സമരം ചെയ്യുന്നതുപോലെയോ മുസ്ലീം ലീഗ് സമരം ചെയ്യുന്നതുപോലെയോ അല്ല. യുവജനസംഘടനകൾ സമരം ചെയ്യുമ്പോൾ കുറേക്കൂടി അഗ്രസീവായി സമരം ചെയ്യും. അത് കേരളം കാണാത്തതാണോ? ഇവിടെ ശ്രീ. പി. കെ. ഫിറോസിനെയും മറ്റ് 28 പേരെയും ജയിലിലടച്ചു, റിമാൻഡ് ചെയ്തു. (ബഹളം...)

<u>മി. സ്പീക്കർ</u>: പ്ലീസ്.. പ്ലീസ്..

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഇതൊരു ശരിയായ സമീപനമല്ല. നമുക്ക് നിയമസഭയുടെ പവിത്രത കാത്തുസൂക്ഷിക്കണം. ഇത്തരം കാര്യങ്ങൾ

ചർച്ച ചെയ്യപ്പെടണം. ഞങ്ങൾ പ്രിവന്റീവ് അറസ്റ്റിനെപ്പറ്റി ഒരു ചോദ്യമുയർത്തി. ഭരണാഘടനാപരമായ ഒരു പ്രശ്നമാണ് ഞങ്ങൾ സർക്കാരിന് മുമ്പിൽ അവതരിപ്പിച്ചിരിക്കുന്നത്. ഇനിയും പ്രിവന്റീവ് അറസ്റ്റുമായി മുന്നോട്ടുപോയാൽ ഞങ്ങൾ നിയമപരമായ മാർഗ്ഗങ്ങൾ തേടും. ആലുവയിലെ കരിങ്കൊടിയുടെ കാര്യം പറഞ്ഞല്ലോ. ആലുവയിലെ നെടുമ്പാശ്ശേരിയിൽ ചായകുടിക്കാൻ ഹോട്ടലിൽ വന്ന ഒരു പഞ്ചായത്തുമെമ്പറെ അറസ്റ്റ് ചെയ്തുകൊണ്ടുപോയി, ഞങ്ങളുടെ എന്തോ പ്രശ്നം കാരണമാണ് ആലുവയിലും അങ്കമാലിയിലും കരിങ്കൊടി കാണിച്ചതെന്ന് മുഖ്യമന്ത്രി പറഞ്ഞു. മുഖ്യമന്ത്രി ആദ്യം എൽ.ഡി.എഫ്. കൺവീനർ ഗോവിന്ദൻ മാസ്റ്ററുടെ ജാഥയിൽ പങ്കെടുക്കാൻ നോക്കൂ, എന്നിട്ട് ഞങ്ങളുടെ പാർട്ടിയിലെ പ്രശ്നം പരിഹരിക്കാം. ആദ്യം അവിടുത്തെ കണ്ണിലെ തടിയെടുത്ത് മാറ്റൂ, എന്നിട്ട് ഞങ്ങളുടെ കണ്ണിൽ വല്ല കരടും ഉണ്ടോയെന്ന് അന്വേഷിച്ചു നടക്ക്, അതല്ലേ ആദ്യം ചെയ്യേണ്ടത്. ഞങ്ങളുടെ പാർട്ടിയിലെ പ്രശ്നം കാരണമാണോ ആലുവയിലും അങ്കമാലിയിലും കരിങ്കൊടി കാണിച്ചത്? കാണിക്കാൻ തീരുമാനിച്ചാൽ, മുട്ടിന് മുട്ടിന് കരിങ്കൊടി കാണിക്കും. മുഖ്യമന്ത്രി ഹെലികോപ്റ്ററിലാണല്ലോ പാലക്കാട് പോയത്. മുഖ്യമന്ത്രി ഇറങ്ങിയ ഹെലിപാഡിൽ നിന്ന് 400 മീറ്റർ

മാത്രമേയുള്ളല്ലോ സ്ഥലത്തേയ്ക്ക്, അവിടെ നൂറുകണക്കിന് പോലീസുകാരുണ്ടായിരുന്നല്ലോ, അപ്പോഴും കരിങ്കൊടി കാണിച്ചല്ലോ? കരിങ്കൊടി കാണിക്കാൻ തീരുമാനിച്ചാൽ കരിങ്കൊടി കാണിക്കും. മിവാ ജോളി-യെന്ന പെൺകുട്ടിയെ പരസ്യമായി അധിക്ഷേപിക്കുകയും ആക്രമിക്കുകയും ചെയ്ത അതേ പോലീസുദ്യോഗസ്ഥരാണ് ശ്രീ. ഷാഫി പറമ്പിൽ എം.എൽ.എ.-യെയും കൈയേറ്റം ചെയ്തത്. അവിടെ ഒരു എ.എസ്.ഐ. ഉണ്ടായിരുന്നു. അവർക്ക് രണ്ടുപേർക്കുമെതിരായി നടപടിയെടുക്കാൻ മുഖ്യമന്ത്രി തയ്യാറാകണം. മുഖ്യമന്ത്രി അതിന് തയ്യാറാകുമോ എന്നതാണ് ഞങ്ങളുടെ ചോദ്യം. ഒരു പെൺകുട്ടിയെ അക്രമിച്ച കേസാണ്, ഒരു എം.എൽ.എ.-യെ കൈയേറ്റം ചെയ്ത കേസാണ്. ഒരേ വ്യക്തി, അയാൾ സമനില തെറ്റിയപോലെ ഓടിനടന്ന് അടിക്കുകയായിരുന്നു. ഞങ്ങൾ വിഷ്വൽസ് മുഖ്യമന്ത്രിയെ കാണിച്ചുതരാം. മുഖ്യമന്ത്രിയുടെ പോലീസ് മുഖ്യമന്ത്രിക്ക് വിഷ്വൽസ് കാണിച്ചുതന്നില്ലെങ്കിൽ ഞങ്ങൾ കാണിച്ചുതരാം. ഈ പെൺകുട്ടിയെ ആക്രമിച്ച പോലീസുദ്യോഗസ്ഥൻ സമനില തെറ്റിയതുപോലെ ഞങ്ങളുടെ പ്രവർത്തകരെ ഓടിച്ചിട്ട് അടിക്കുകയായിരുന്നു. കയ്യും കാലും ഒടിഞ്ഞ ആളുകളെ ആശുപത്രിയിൽ കൊണ്ടുപോകണമെന്ന് പറഞ്ഞതിന്റെ പേരിൽ

എം.എൽ.എ.-യെ കൈയേറ്റം ചെയ്തത് അതേ ഉദ്യോഗസ്ഥനാണ്. നിങ്ങൾ അവരെ സംരക്ഷിക്കുകയാണ്. ഈ പ്രതിപക്ഷത്തെ അടിച്ചമർത്താൻ നിങ്ങൾ പോലീസിന് എല്ലാ ലൈസൻസും കൊടുത്തു. അവിടെ സമരം ചെയ്തവരോട് പറഞ്ഞു; നികുതിയുടെ സമരമൊന്നും ഇനി വേണ്ട, ഇതോടുകൂടി നിർത്തണം. ഏതെങ്കിലും പോലീസുകാരൻ പറഞ്ഞാൽ നിർത്താൻ പോകുന്നതാണോ പ്രതിപക്ഷത്തിന്റെ സമരം? നടപടി സ്വീകരിക്കുമോ ഇല്ലയോ എന്ന് മുഖ്യമന്ത്രി വ്യക്തമാക്കണം. ഞങ്ങൾക്ക് ഇതിൽ ബുദ്ധിമുട്ടുണ്ട്. ഒരു എം.എൽ.എ.-യെ കൈയേറ്റം ചെയ്തിട്ട്, ഞങ്ങളുടെ ഒരു പെൺകുട്ടിയെ അധിക്ഷേപിച്ചിട്ട് ഞങ്ങൾക്ക് ഇങ്ങനെ മുന്നോട്ടുപോകാൻ പ്രയാസമുണ്ട്. അതുകൊണ്ട് മുഖ്യമന്ത്രി അതിന് മറുപടി പറയണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. നടപടിയെടുക്കാൻ തയ്യാറാണോ? അങ്ങയുടെ മൗനം അങ്ങ് അതിന് തയ്യാറല്ലെന്നുള്ളതാണ്. പോലീസുകാരുടെ കിരാതവാഴ്ചയ്ക്ക് ലൈസൻസ് കൊടുക്കുന്ന മുഖ്യമന്ത്രിയാണ്. (ബഹളം...)

മി. സ്പീക്കർ: പ്ലീസ്.. പ്ലീസ്..

ശ്രീ. വി. ഡി. സതീശൻ: സർ, ഞങ്ങൾക്ക് അതുമായി സഹകരിക്കാൻ പ്രയാസമുണ്ട്. ഞങ്ങൾക്ക് ബുദ്ധിമുട്ടുണ്ട്. കാരണം ഇത്രയും പ്രധാനപ്പെട്ട ഒരു വിഷയം കൊണ്ടുവന്നിട്ട് മുഖ്യമന്ത്രി മൗനം

അവലംബിക്കുകയാണ്. അതുമായി ഞങ്ങൾക്ക് യോജിച്ചുപോകാൻ കഴിയില്ല. (...........ബഹളം...........)

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ഡയസിനുമുന്നിൽ വന്നുനിന്ന് പ്ലക്കാർഡുകൾ ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ചെയറുമായി സഹകരിക്കണം......പ്ലീസ്... പ്ലീസ്..... സഭ നടത്തിക്കൊണ്ടുപോകാൻ സഹകരിക്കണം.... (ബഹളം).... പ്ലീസ്....പ്ലീസ്....ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇടപെടണം. ........പ്ലീസ്... പ്ലീസ്......(ബഹളം)......... ഓർഡർ....ഓർഡർ.... ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ചെയറുമായി സഹകരിക്കാതെ സഭാനടപടികൾ തടസ്സപ്പെടുത്തുന്ന സമീപനമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. സഭ സുഗമമായി നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യത്തിൽ തുടർനടപടികളിലേക്ക് കടക്കാൻ ചെയർ നിർബന്ധിതമാകുകയാണ്.

ഓർഡർ........ഓർഡർ...... ഇന്നത്തെ കാര്യപരിപാടിയിലെ മറ്റിനങ്ങളിലേക്ക് കടക്കുകയാണ്. ഇന്നത്തെ ദിവസത്തേക്ക് ഷെഡ്യൂൾ

ചെയ്തിരിക്കുന്ന ശ്രദ്ധക്ഷണിക്കലിന്റെയും സബ്മിഷനുകളുടെയും മറുപടികൾ സഭയുടെ മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.+ ഓർഡർ........ഓർഡർ......

11.24 AM]

## III. റിപ്പോർട്ടുകളുടെ സമർപ്പണം

### (1) സബ്ജക്ട് കമ്മിറ്റി I-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ എക്സ്-ഒഫീഷ്യോ അംഗമായ ഞാൻ സമിതിയുടെ 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

### (2) സബ്ജക്ട് കമ്മിറ്റി II-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ എക്സ്-ഒഫീഷ്യോ അംഗമായ ഞാൻ

+ അനുബന്ധമായി ചേർത്തിട്ടുണ്ട്

2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

## (3) സബ്ജക്ട് കമ്മിറ്റി III-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

## (4) സബ്ജക്ട് കമ്മിറ്റി IV-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

## (5) സബ്ജക്ട് കമ്മിറ്റി V-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിക്കുവേണ്ടി ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, മരാമത്തും ഗതാഗതവും

വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ എക്സ്-ഒഫീഷ്യോ അംഗമായ ഞാൻ 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(6) <u>സബ്ജക്ട് കമ്മിറ്റി VI-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്</u>

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>): സർ, വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(7) <u>സബ്ജക്ട് കമ്മിറ്റി VII-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്</u>

വൈദ്യുതി വകുപ്പുമന്ത്രി (<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>): സർ, വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(8) <u>സബ്ജക്ട് കമ്മിറ്റി VIII-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്</u>

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

## (9) സബ്ജക്ട് കമ്മിറ്റി IX-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രിക്കുവേണ്ടി ശ്രീ. എ. സി. മൊയ്തീൻ: സർ, തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ അംഗമായ ഞാൻ സമിതിയുടെ 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

## (10) സബ്ജക്ട് കമ്മിറ്റി X-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2023-24 സാമ്പത്തിക വർഷത്തെ

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

### (11) സബ്ജക്ട് കമ്മിറ്റി XI-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

### (12) സബ്ജക്ട് കമ്മിറ്റി XII-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ അദ്ധ്യക്ഷയായ ഞാൻ 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

### (13) സബ്ജക്ട് കമ്മിറ്റി XIII-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച  മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(14) സബ്ജക്ട് കമ്മിറ്റി XIV-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

മുഖ്യമന്ത്രി  (ശ്രീ. പിണറായി വിജയൻ): സർ, ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(15)  ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട്

ശ്രീ. മാത്യു ടി. തോമസ്: സർ, ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

11.28 AM]

**IV. നിയമനിർമ്മാണകാര്യം**

(1) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2022-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

(ii) 2022-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

തദ്ദേശസ്വയംഭരണം എക്സൈസ് വകുപ്പുമന്ത്രിക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2022-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലും 2022-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലും ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വരനിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2022-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലും 2022-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലും തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(നിരാകരണ പ്രമേയവും ഭേദഗതികളും അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: 2022-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

2022-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

(2) 2023-ലെ കേരള ധനവിനിയോഗ ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2023-ലെ കേരള ധനവിനിയോഗ ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2023-ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2023-ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടും മൂന്നും വകുപ്പുകൾ

(ഭേദഗതിയില്ല)

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

പട്ടിക

(ഭേദഗതിയില്ല)

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

ഒന്നാംവകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാംവകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2023-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2023-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

ഓർഡർ.....ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2023 ഫെബ്രുവരി 28-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 11.32-ന് പിരിഞ്ഞു.)

*******

**അനുബന്ധം I**

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

**(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

**വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിൽ കിൻഫ്രയുടെ നേട്ടം**

6(*186) ശ്രീ. പി. പി. സുമോദ്:
ശ്രീ. പി. വി. അൻവർ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അടിസ്ഥാനസൗകര്യമൊരുക്കി വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിൽ കിൻഫ്രയ്ക്ക് കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും അതുവഴി കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിൽ വ്യവസായങ്ങളാരംഭിക്കുന്നതിനും 256 സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുമ്പോൾ ഏകദേശം 1862.2 കോടി രൂപയുടെ സ്വകാര്യനിക്ഷേപവും 23983-ഓളം തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുമെന്നാണ് കരുതുന്നത്. കൂടാതെ അടിസ്ഥാനസൗകര്യ വികസനവും താഴെപ്പറയുന്ന പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കുന്ന രീതിയിൽ അടിസ്ഥാനസൗകര്യങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളും പുരോഗമിച്ചുവരുന്നു.

1. കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി - പാലക്കാട് നോഡിന്റെ ഭൂമി ഏറ്റെടുക്കലും അനുബന്ധ വികസനവും
2. ഗിഫ്റ്റ്സിറ്റി - അയ്യമ്പുഴ, എറണാകുളം
3. പെട്രോകെമിക്കൽ പാർക്ക് - അമ്പലമുഗൾ, കൊച്ചി
4. സ്പൈസസ് പാർക്ക് - തൊടുപുഴ
5. വ്യവസായ പാർക്ക്- മട്ടന്നൂർ
6. ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം - രാമനാട്ടുകര

(ബി) ഇക്കാലയളവിൽ കിൻഫ്രയ്ക്ക് ആകർഷിക്കാനായ പ്രമുഖ നിക്ഷേപക കമ്പനികൾ ഏതെല്ലാമാണ്; ഇത്തരം വൻകിട കമ്പനികളുടെ സാന്നിധ്യം വ്യവസായ വികസനത്തിന് പ്രചോദനമേകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിൻഫ്രയ്ക്ക് ആകർഷിക്കാനായ പ്രമുഖ നിക്ഷേപ കമ്പനികൾ താഴെപ്പറയുന്നവയാണ്.

1. ടി.സി.എസ്.-ഇന്നോവേഷൻ പാർക്ക്, ഇലക്ട്രോണിക് മാനുഫാക്ച്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, കൊച്ചി.

2. വി-ഗാർഡ് ഇൻഡസ്ട്രീസ്, ഇലക്ട്രോണിക് മാനുഫാക്ച്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, കൊച്ചി.

3. ഹൈക്കോൺ, ഇലക്ട്രോണിക് മാനുഫാക്ച്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, കൊച്ചി.

4. ടാറ്റാ എലക്സി, SEZ - IT/ITES, കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്ക്, കഴക്കൂട്ടം, തിരുവനന്തപുരം.

5. വെൻഷ്വർ, കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്ക്, കഴക്കൂട്ടം, തിരുവനന്തപുരം.

(സി) കിൻഫ്രയുടെ പ്രധാന പദ്ധതികൾ ഏതെല്ലാമാണ്; വ്യവസായ ഇടനാഴിക്കായുള്ള സ്ഥലമേറ്റെടുപ്പിലെ പുരോഗതി അറിയിക്കാമോ?

കിൻഫ്രയുടെ പ്രധാന പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി - പാലക്കാട് നോഡിനായി ഭൂമി ഏറ്റെടുക്കലും അനുബന്ധ വികസനവും.

2. ഗിഫ്റ്റ്സിറ്റി - അയ്യമ്പുഴ, എറണാകുളം

3. പെട്രോകെമിക്കൽ പാർക്ക്, അമ്പലമുഗൾ, കൊച്ചി.

4. സ്പൈസസ് പാർക്ക് - തൊടുപുഴ

5. വ്യവസായ പാർക്ക്- മട്ടന്നൂർ

6. ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം - രാമനാട്ടുകര

കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി സ്ഥാപിക്കുന്നതിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര വില്ലേജിൽ 298 ഏക്കറും പാലക്കാട് പുതുശ്ശേരി സെൻട്രൽ I-ൽ 653 ഏക്കറും പുതുശ്ശേരി II-ൽ 501 ഏക്കറും പുതുശ്ശേരി III-ൽ 375 ഏക്കറും ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ, ഈ പദ്ധതിയുടെ ഭാഗമായി എറണാകുളം ജില്ലയിലെ അയ്യമ്പുഴയിൽ 358 ഏക്കർ ഭൂമി ഗിഫ്റ്റ്സിറ്റി സ്ഥാപിക്കുന്നതിനായി ഏറ്റെടുക്കുന്നതുമുൾപ്പെടെ മൊത്തം 2185 ഏക്കർ ഭൂമി ഏറ്റെടുക്കുന്ന

നടപടികൾ പുരോഗമിച്ചുവരുന്നു. പദ്ധതിയുടെ 85% നടപടികളും പൂർത്തീകരിച്ചുകഴിഞ്ഞു.

## കിഫ്ബി മുഖേനയുള്ള പ്രോജക്ടുകൾ

7(*187) ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആറ് വർഷംകൊണ്ട് ആറായിരത്തി ഇരുന്നൂറ് കോടിയോളം രൂപയുടെ പ്രോജക്ടുകൾ മാത്രമെ കിഫ്ബി മുഖേന പൂർത്തിയാക്കി കമ്മീഷൻ ചെയ്യാൻ സാധിച്ചിട്ടുള്ളൂവെന്നത് വസ്തുതയാണോയെന്ന് വെളിപ്പെടുത്തുമോ?

പതിറ്റാണ്ടുകളായി മന്ദഗതിയിലായിരുന്ന സംസ്ഥാനത്തിന്റെ അടിസ്ഥാനസൗകര്യ വികസന മേഖലയ്ക്ക് പുതിയൊരു തുടക്കം നൽകുക, അതുവഴി സംസ്ഥാനത്തിന്റെ സാമ്പത്തികമേഖലയെ പുനരുജ്ജീവിപ്പിക്കുക എന്നീ ലക്ഷ്യത്തോടെയാണ് 2016-ൽ സർക്കാർ കിഫ്ബിയെ നൂതനമായ രീതിയിൽ പുനർരൂപീകരിച്ചത്. പ്രസ്തുത ബഡ്ജറ്റിൽ 20,000 കോടി

രൂപയുടെ അടിസ്ഥാനസൗകര്യ പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കുകയെന്നതായിരുന്നു ലക്ഷ്യം. തുടർന്നുള്ള ബഡ്ജറ്റുകളിലായി ഇത് 50,000 കോടി രൂപയെന്ന ലക്ഷ്യത്തിലേയ്ക്കുയർത്തുകയുണ്ടായി.

കിഫ്ബിയിൽ സമർപ്പിക്കപ്പെട്ട വിശദമായ പദ്ധതി റിപ്പോർട്ടുകൾ പരിശോധിച്ചശേഷം കിഫ്ബിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി/ബോർഡ് യോഗങ്ങൾ 74,009 കോടി രൂപയുടെ 993 പദ്ധതികൾക്കംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ NHAI-യുടെ സ്ഥലമേറ്റെടുപ്പിനുള്ള സംസ്ഥാന വിഹിതവും (6769.01 കോടി രൂപ) വ്യാവസായിക പാർക്കുകൾക്കുള്ള സ്ഥലമേറ്റെടുപ്പിനുള്ള തുകയുമുൾപ്പെടെ 20,000 കോടി രൂപയുടെ 7 പദ്ധതികളുമുൾപ്പെടുന്നുണ്ട്. ഇതിലേയ്ക്കായി 9,508 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പതിറ്റാണ്ടുകളായി മുടങ്ങിക്കിടന്നിരുന്ന നാഷണൽ ഹൈവേയുടെ വികസനത്തിന് ഇത് വഴിവച്ചു. ശേഷിക്കുന്ന 54,009 കോടി രൂപയുടെ 986 പദ്ധതികളിൽ 28,536 കോടി രൂപയുടെ 598 പദ്ധതികളിന്മേൽ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതും ഇതിൽ 24,931 കോടി രൂപയുടെ 543 പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള വർക്ക് അവാർഡ് ചെയ്തിട്ടുള്ളതുമാണ്. അംഗീകാരം നൽകിയ പദ്ധതികളിലേയ്ക്കായി 23,000 കോടി രൂപ നാളിതുവരെ കിഫ്ബിയിൽനിന്നും ചെലവഴിച്ചിട്ടുണ്ട്. ഇതിൽ

കരാർ നൽകി പൂർണ്ണമായും പൂർത്തീകരിച്ച പദ്ധതികൾ അല്ലെങ്കിൽ സ്ഥലമേറ്റെടുപ്പ് നടപടിക്രമം പൂർണ്ണമായും പൂർത്തീകരിച്ചതെന്ന രീതി അവലംബിക്കുമ്പോഴാണ് 6,201.35 കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിച്ചുവെന്ന് പറയുന്നത്. എന്നാൽ കിഫ്ബി അംഗീകാരം നൽകി മുഴുവൻ തുകയും ചെലവഴിച്ച പദ്ധതികളിൽ ചിലത് സർക്കാരിന്റെ മറ്റ് വലിയ പദ്ധതികളുടെ ഭാഗമാണ്. NHAI-യുടെ സ്ഥലമേറ്റെടുപ്പിനുള്ള സംസ്ഥാന വിഹിതമായി നൽകിയ 5,580.74 കോടി രൂപ, ബയോളജിക്കൽ സയൻസ് പാർക്കിന്റെ രണ്ടാംഘട്ടത്തിന്റെ സ്ഥലമേറ്റെടുപ്പിന് നൽകിയ 301.17 കോടി രൂപ തുടങ്ങിയവ ഇത്തരത്തിലുള്ളതാണ്. ഇവ കണക്കിലെടുത്താൽ ആകെ പൂർത്തീകരിച്ച പദ്ധതികളുടെ തുക 12,089.29 കോടി രൂപയാണ്.

(ബി) അഞ്ച് വർഷംകൊണ്ട് അൻപതിനായിരം കോടി രൂപയുടെ പദ്ധതികൾ കിഫ്ബിവഴി നടപ്പിലാക്കുമെന്ന വാഗ്ദാനം പാലിക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

വളരെ ബൃഹത്തായ പദ്ധതികളാണ് സർക്കാർ കിഫ്ബി മുഖേന നടപ്പിലാക്കിവരുന്നത്. ഭൂരിഭാഗം പദ്ധതികൾക്കും വിശദമായ പഠനങ്ങളും പ്രത്യേക സർവ്വേകളും ഭൂമിയേറ്റെടുക്കലും ആവശ്യമായിവരുന്നു. കോവിഡ്, പ്രളയം എന്നീ ദുരന്തസാഹചര്യങ്ങൾ പദ്ധതി നിർവ്വഹണത്തിൽ ചെലുത്തിയ

പ്രതികൂലാവസ്ഥ, പ്രഖ്യാപിത ലക്ഷ്യത്തിലേയ്ക്കുള്ള പ്രയാണത്തെ ചെറിയ രീതിയിൽ ബാധിച്ചു. എന്നിരുന്നാലും, പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം ത്വരിതപ്പെടുത്തുന്നതിന് വളരെ ക്രിയാത്മകമായ നടപടികളാണ് കിഫ്ബി സ്വീകരിച്ചുവരുന്നത്. കിഫ്ബി പദ്ധതികളുടെ സ്ഥലമേറ്റെടുപ്പ് നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി പ്രത്യേക ലാൻഡ് അക്വിസിഷൻ യൂണിറ്റുകളാരംഭിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുപ്പ്, നിയമാനുസൃതമായുള്ള ക്ലിയറൻസുകൾ എന്നിവ തടസ്സം കൂടാതെ ലഭ്യമാക്കി പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള സത്വരനടപടികളും ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസികൾ സ്വീകരിച്ചുവരുന്നു. പദ്ധതി നടപ്പാക്കലിന്റെ വിവിധ ഘട്ടങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ എസ്.പി.വി-കൾ നേരിടുന്ന പക്ഷം, വിവിധ തലങ്ങളിൽ യോഗം ചേർന്ന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു. അതിനാൽ, ശേഷിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## ചെറുകിട ജലവൈദ്യുത പദ്ധതികൾ

8(*188) ശ്രീ. വാഴൂർ സോമൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ശശി:

ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) ചെറുകിട ജലവൈദ്യുത പദ്ധതികളുടെ കാര്യത്തിൽ സംസ്ഥാനത്തെ സാധ്യതകളും സംസ്ഥാനത്ത് നടത്തിവരുന്ന പ്രവർത്തനങ്ങളും കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് മുൻകാലങ്ങളിൽ കേന്ദ്ര സർക്കാർ ധനസഹായം നൽകിയിരുന്നോ; പ്രസ്തുത ധനസഹായം ഇപ്പോൾ നിർത്തിവച്ചിട്ടുണ്ടോ; എങ്കിൽ നിർത്തിവച്ച ധനസഹായം പുന:സ്ഥാപിക്കണമെന്ന് സംസ്ഥാനം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) ഉണ്ട്. ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് (25 MW-ന് താഴെ) 2017 വരെ കേന്ദ്രസർക്കാർ സബ്സിഡി നൽകിവന്നിരുന്നു. DPR തയ്യാറാക്കുന്നതിന് 6 മുതൽ 10 ലക്ഷം രൂപ വരെയും മൂലധന സബ്സിഡിയായി മെഗാവാട്ടിന് 3.5 കോടി രൂപ വരെയും ലഭ്യമായിരുന്നു. കഴിഞ്ഞവർഷം ഡിസംബറിൽ കേന്ദ്ര ഊർജ്ജവകുപ്പുമന്ത്രിയെ നേരിട്ട് കാണുകയും കേരളത്തിന് വളരെയധികം ഗുണപ്രദമായ പ്രസ്തുത ധനസഹായ

പദ്ധതി പുനരാരംഭിക്കണമെന്ന് അഭ്യർത്ഥിക്കുകയുമുണ്ടായി. ആയത് പരിഗണിക്കാമെന്ന് അറിയിച്ചിരുന്നെങ്കിലും ഇതുവരെ പുതിയ പ്രഖ്യാപനമൊന്നുമുണ്ടായിട്ടില്ല. കേരളത്തിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട എം.പി.-മാരും പ്രസ്തുത വിഷയം പാർലമെന്റിൽ ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രൂപീകരിച്ച് ചെറുകിട ജല വൈദ്യുതപദ്ധതികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് വകുപ്പുതല ചർച്ചകൾ നടന്നുവരുന്നു. എനർജി മാനേജ്മെന്റ് സെന്ററിലെ ചെറുകിട ജലവൈദ്യുത സെൽ മുഖേന വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും സഹകരണസംഘങ്ങൾ വഴിയും ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കാനുള്ള ശ്രമത്തിലാണ് സർക്കാർ. ഇതിന്റെ ഭാഗമായി തനത് ഫണ്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയെ സഹകരിപ്പിച്ച് പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

ചെറുകിട ജലവൈദ്യുത മേഖലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, മറ്റുസ്ഥാപനങ്ങൾ, സ്വകാര്യ സംരംഭകർ തുടങ്ങിയ കൂടുതൽ നിക്ഷേപകരെയാകർഷിക്കുന്ന തരത്തിൽ കരട് നയരേഖ EMC പുറപ്പെടുവിച്ചിട്ടുണ്ട്. ബന്ധപ്പെട്ടവരിൽനിന്ന് അഭിപ്രായങ്ങൾ സ്വരൂപിച്ച് നയരേഖ അന്തിമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കനാലുകളിലെ ജലത്തിലെ ഒഴുക്കിൽനിന്നും ഹൈഡ്രോ കൈനറ്റിക് സാങ്കേതികവിദ്യയുപയോഗിച്ചുള്ള പദ്ധതികൾ വിഭാവന ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കക്കാട്, ലോവർ പെരിയാർ, ഇടുക്കി എന്നീ ജലവൈദ്യുത പദ്ധതികളുടെ ടെയിൽ റേസ് കനാലുകളിൽ എനർജി മാനേജ്മെന്റ് സെന്റർ മുഖാന്തരം ഹൈഡ്രോ കൈനറ്റിക് ടർബൈൻ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികളാരംഭിച്ചിട്ടുണ്ട്. പരിസ്ഥിതിക്കനുയോജ്യമാകുന്ന രീതിയിൽ മൂലത്തറ ജലസേചന കനാലിൽ ഹൈഡ്രോ കൈനറ്റിക്ക് സാങ്കേതികവിദ്യയുടെ സഹായത്തോടെ വൈദ്യുതിയുല്പാദനം സാധ്യമാക്കാനായി ഇ.എം.സി. വഴി പൈലറ്റ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

## കാർഷിക മേഖലയിൽ സഹകരണ പ്രസ്ഥാനങ്ങളുടെ ഇടപെടൽ

9(*189) ശ്രീ. ഒ. ആർ. കേളു:
ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികമേഖലയിൽ സഹകരണ പ്രസ്ഥാനങ്ങളുടെ ഇടപെടൽ കൂടുതൽ ഫലപ്രദമാക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പഞ്ചായത്തുതോറും ആധുനിക സൗകര്യങ്ങളോടുകൂടിയ സംഭരണം, വിപണനം, മൂല്യവർദ്ധന തുടങ്ങിയ ലക്ഷ്യങ്ങളോടെ കോ-ഓപ്പറേറ്റീവ് ഇനിഷ്യേറ്റീവ് ഇൻ ടെക്നോളജി ഡ്രിവൺ അഗ്രികൾച്ചർ എന്ന പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്. കൃഷിയെ പ്രോൽസാഹിപ്പിക്കുന്നതിനും സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോല്പന്നങ്ങളുടെ ഉല്പാദനം, സമാഹരണം, സംഭരണം, മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കൽ, ചില്ലറ വില്പന എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുമായി 2022-23 സാമ്പത്തികവർഷം ആരംഭിച്ചിട്ടുള്ള പുതിയ പദ്ധതിയാണ് സാങ്കേതികവിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി.

(ബി) ഉല്പന്നങ്ങളുടെ ഗുണനിലവാരമുറപ്പാക്കി ഏകീകൃത ബ്രാൻഡിംഗിലൂടെ വിപണി ശൃംഖല ശാക്തീകരിക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

കേരളത്തിലെ സഹകരണ മേഖലയിലെ ഉല്പന്നങ്ങളെ ഏകീകൃത ബ്രാൻഡിംഗിനുകീഴിൽ കൊണ്ടുവന്ന് വിപണി ശൃംഖല ശാക്തീകരിക്കുന്നതിനായി 'ബ്രാൻഡിംഗ് ആൻഡ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്' എന്ന പദ്ധതി സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. സഹകരണ മേഖലയിലെ ഉല്പന്നങ്ങളെ ഒരൊറ്റ ബ്രാൻഡിനുകീഴിലാക്കി ഒരു പൊതു ട്രേഡ്മാർക്കോടെ വിപണിയിലെത്തിക്കുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇതിലൂടെ സഹകരണ ഉല്പന്നങ്ങൾക്ക് സ്വീകാര്യതയും വിശ്വാസ്യതയും വർദ്ധിപ്പിക്കാൻ കഴിയും. ദേശീയ, അന്തർദേശീയ വിപണിയിലേയ്ക്ക് ചുവടുവയ്ക്കുക, കേരളത്തിൽ പ്രധാന സ്ഥലങ്ങളിൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുക, ഗുണനിലവാര പരിശോധന ലാബുകൾ സജ്ജമാക്കുക, ഓൺലൈൻ വിപണി സൃഷ്ടിക്കുക തുടങ്ങിയവയും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്ന പ്രവർത്തനങ്ങളാണ്. പദ്ധതിയുടെ ഭാഗമായി സഹകരണ ഉല്പന്നങ്ങൾക്ക് ഏകീകൃത സർട്ടിഫിക്കേഷൻ മാർക്ക് നൽകുന്നതിന്

coopkerala എന്ന ട്രേഡ് മാർക്ക് രൂപകല്പന ചെയ്തിട്ടുണ്ട്. അതിന് 1999-ലെ ട്രേഡ് മാർക്ക്സ് ആക്ട് പ്രകാരം സെൻട്രൽ ഗവൺമെന്റ് ട്രേഡ്മാർക്ക് രജിസ്ട്രിയിൽനിന്നും രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ളതുമാണ്. സഹകരണ ഉല്പന്നങ്ങൾക്ക് coopkerala സർട്ടിഫിക്കേഷൻ മാർക്ക് അനുവദിക്കുന്നതിനായി അതുമായി ബന്ധപ്പെട്ട എക്സ്പെർട്ട് ഫുഡ് സേഫ്റ്റി ഉദ്യോഗസ്ഥൻ, സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ, സഹകരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ എന്നിവരുൾപ്പെട്ട മാനേജിംഗ് കമ്മിറ്റി സഹകരണ ഉല്പന്നങ്ങളുടെ ഗുണനിലവാരത്തിന്റെയും നിലവിലുള്ള സുരക്ഷ സ്റ്റാൻഡേർഡുകളുടെയും അടിസ്ഥാനത്തിൽ coopkerala സർട്ടിഫിക്കേഷൻ മാർക്ക് നൽകിവരികയാണ്. ആദ്യഘട്ടത്തിൽ 12 സംഘങ്ങളുടെ 28 ഉല്പന്നങ്ങൾക്ക് coopkerala സർട്ടിഫിക്കേഷൻ മാർക്ക് നൽകിയിട്ടുണ്ട്. കൂടുതൽ ഉല്പന്നങ്ങൾക്ക് coopkerala-സർട്ടിഫിക്കേഷൻ മാർക്ക് നൽകുന്നതിനായുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) കോ-ഓപ്പ് മാർട്ടുകൾ വഴിയുള്ള വിപണനം ഓൺലൈനാക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

കോ-ഓപ്പ് മാർട്ടുകൾക്കാവശ്യമായ സാധനങ്ങളുടെ സ്റ്റോക്ക് വിവരം മനസ്സിലാക്കി മൊബൈൽ വഴിയോ വെബ്സൈറ്റ് മുഖേനയോ ഉല്പാദകർക്ക്

ഓർഡർ നൽകി സാധനങ്ങൾ ലഭ്യമാക്കാൻ കഴിയുംവിധമുള്ള സോഫ്റ്റ്‌വെയറാണ് ആദ്യഘട്ടത്തിൽ നടപ്പിലാക്കുന്നത്. അടുത്തഘട്ടത്തിൽ ഉപഭോക്താക്കൾക്കും ഓർഡർ നൽകി സാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ പ്രാബല്യത്തിൽ വരുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്.

## നികുതി നിർവഹണം കാര്യക്ഷമമാക്കാൻ നടപടി

10(*190) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീമതി സി. കെ. ആശ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നികുതി ചോർച്ച കുറച്ചും നികുതിവെട്ടിപ്പ് തടഞ്ഞും നികുതി ഒടുക്കേണ്ടതിന്റെ ആവശ്യകത ജനങ്ങളെ ബോധ്യപ്പെടുത്തിയും കാര്യക്ഷമമായ നികുതി നിർവ്വഹണം സാധ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് ജി.എസ്.ടി നികുതിവെട്ടിപ്പ് തടയുന്നതിനും നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനും നിരവധി പദ്ധതികൾ സർക്കാർ ആസൂത്രണംചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. ജി.എസ്.ടി വെട്ടിപ്പ്

തടയുന്നതിനായി ഇന്റലിജൻസ് വിഭാഗം ഊർജ്ജിതമായ വാഹന പരിശോധന, കട പരിശോധന, ടെസ്റ്റ് പർച്ചേസ്, എ.എൻ.പി.ആർ. ക്യാമറ (ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ ക്യാമറ) സംവിധാനം ഉപയോഗിച്ചുള്ള വാഹന പരിശോധന, രജിസ്ട്രേഷൻ ബാധ്യതയുള്ളവരെ കണ്ടെത്തി രജിസ്ട്രേഷനെടുപ്പിക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തുടനീളം ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് സ്ക്വാഡുകളെ വിന്യസിച്ചിട്ടുണ്ട്. വാഹന പരിശോധന ഫാറങ്ങൾ പൂർണ്ണമായും ഓൺലൈനായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജി.എസ്.ടി.-യിൽ വ്യാജ ഇൻപുട്ട് ടാക്സ് മുഖേനയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായി സംസ്ഥാന നികുതി വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗം സെക്ടർ തിരിച്ചുള്ള പരിശോധനകൾ വഴിയും ഡാറ്റ അനലിറ്റിക്സ് മുഖേന ലഭിക്കുന്ന വിവരങ്ങൾ അപഗ്രഥിച്ചും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇത്തരം നികുതിവെട്ടിപ്പിനെതിരെയുള്ള നടപടികൾ ശക്തമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ജി.എസ്.ടി വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗം കഴിഞ്ഞ സാമ്പത്തികവർഷത്തിൽ 5 കോടി രൂപയ്ക്കുമുകളിൽ ഇൻപുട്ട് ടാക്സ് തട്ടിപ്പുനടത്തിയ 6 വ്യക്തികളെ സംസ്ഥാന ചരക്ക് സേവന നികുതി നിയമപ്രകാരം അറസ്റ്റ് ചെയ്യുകയുണ്ടായി. ജി.എസ്.ടി

നിയമത്തിനനുസൃതമായി സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് പുനഃസംഘടിപ്പിച്ചു. സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ പുനഃസംഘടനയുടെ ഭാഗമായി ഓഡിറ്റ്, ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾ കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. നികുതിദായകർ സമർപ്പിക്കുന്ന റിട്ടേണുകൾ സൂക്ഷ്മപരിശോധന നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. പൊതുജനങ്ങളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് നികുതിവെട്ടിപ്പ് തടയുന്നതിനായി "ലക്കി ബിൽ" സമ്മാന പദ്ധതി, ഇൻഫോർമർ റിവാർഡ് സ്കീം തുടങ്ങിയ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ചെക്ക്പോസ്റ്റുകൾ ഇല്ലാതായതോടെ അതിർത്തികളിലൂടെ ഉണ്ടാകാനിടയുള്ള നികുതിവെട്ടിപ്പ് തടയുന്നതിന് ആധുനിക സംവിധാനങ്ങളുള്ള സി.സി.ടി.വി. ക്യാമറയുൾപ്പെടെയുള്ള സംവിധാനങ്ങൾ സജ്ജമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് ജി.എസ്.ടി നടപ്പിലാക്കിയതിനെത്തുടർന്ന് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം നിർത്തലാക്കപ്പെട്ടു. ഇതിനെത്തുടർന്ന് ഇ-വേബിൽ സമ്പ്രദായം നടപ്പിലാക്കപ്പെട്ടു. ചെക്ക്പോസ്റ്റുകൾ നിർത്തലാക്കിയതിനെത്തുടർന്ന് അതിർത്തി പ്രദേശങ്ങളിലൂടെയുള്ള ചരക്കുനീക്കം പരിശോധിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട അതിർത്തി

പ്രദേശങ്ങളിൽ ക്യാമറകൾ സ്ഥാപിക്കുകയുണ്ടായി. ഈ ക്യാമറകൾ ഓട്ടോമേറ്റഡ് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ സംവിധാനവുമായി ബന്ധിപ്പിച്ച് ഇ-വേബിൽ ഇല്ലാതെ അതിർത്തി പ്രദേശങ്ങളിലൂടെ കടന്നുപോകുന്ന വാഹനങ്ങളെ സംബന്ധിച്ച വിവരം അപ്പപ്പോൾ ഇന്റലിജൻസ് വിഭാഗത്തിന് ലഭ്യമാക്കുന്ന രീതിയിൽ ക്രമീകരിച്ചു. ഇതിലൂടെ അതിർത്തി പ്രദേശങ്ങളിലൂടെയുള്ള നികുതിവെട്ടിപ്പ് ഒരു പരിധിവരെ തടയാൻ സാധിച്ചിട്ടുണ്ട്. ഏതൊക്കെ ലോറികൾ കേരളത്തിലേയ്ക്ക് വന്നുവെന്നറിയാനും അതിലൂടെ വ്യാജ ബില്ലിംഗ് പോലുള്ള വിപത്തുകളെ കൃത്യമായി തടയാനും എ.എൻ.പി.ആർ സംവിധാനത്തിലൂടെ സാധിച്ചിട്ടുണ്ട്. സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിനുകീഴിൽ 9 ജില്ലകളിലായി 22 സ്ഥലങ്ങളിൽ എ.എൻ.പി.ആർ. ക്യാമറകൾ സ്ഥാപിച്ച് ഫലപ്രദമായി നിരീക്ഷിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിൽ അമരവിള, മൂലക്കോണം, ഉച്ചക്കട, വെള്ളറട, പിരായുമൂട്, കൊല്ലം ജില്ലയിൽ ആര്യങ്കാവ്, ഇടുക്കി ജില്ലയിൽ കുമളി, പാലക്കാട് ജില്ലയിൽ വാളയാർ, വേലന്താവളം, മീനാക്ഷിപുരം, ഗോപാലപുരം, ഗോവിന്ദപുരം, ഒഴലപ്പതി, നടുപ്പുണി, മലപ്പുറം ജില്ലയിൽ വഴിക്കടവ്, കോഴിക്കോട് ജില്ലയിൽ കുഞ്ഞിപ്പള്ളി, വയനാട് ജില്ലയിൽ മുത്തങ്ങ, തോൽപ്പെട്ടി, കണ്ണൂർ ജില്ലയിൽ കൂട്ടുപുഴ, ന്യൂമാഹി, കാസർഗോഡ്

ജില്ലയിൽ പെർള, ആദൂർ എന്നിവിടങ്ങളിലാണ് ഇവ സ്ഥാപിച്ചിട്ടുള്ളത്. ഈ സംവിധാനം കൂടുതൽ കാര്യക്ഷമമായ രീതിയിൽ സംസ്ഥാനാതിർത്തികളിലും സംസ്ഥാനത്തിനകത്തുമുള്ള കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രൊഫഷണൽ നിലവാരത്തിലുള്ള പരിശീലനം ജീവനക്കാർക്ക് ലഭ്യമാക്കിയും സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തിയും നികുതി ഭരണം മികവുറ്റതാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പ്രൊഫഷണൽ നിലവാരത്തിലുള്ള പരിശീലനം സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കുന്നതിനും നികുതിപിരിവിൽ സാങ്കേതികവിദ്യയുടെ സാധ്യതകൾ കൂടുതലായി ഉപയോഗിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ ജി.എസ്.ടി നിയമങ്ങളെയും ചട്ടങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ട് വകുപ്പിലെ എല്ലാ വിഭാഗം ജീവനക്കാർക്കും പ്രത്യേകമായ ഓൺലൈൻ പരിശീലനങ്ങൾ വിദഗ്ധരായ പരിശീലകരെ ഉപയോഗിച്ച് നടത്തിയിട്ടുണ്ട്. ജി.എസ്.ടി സമ്പ്രദായത്തിലെ വ്യത്യസ്ത മേഖലകളിൽ ഉദ്യോഗസ്ഥരുടെ പ്രൊഫഷണലിസം

വർദ്ധിപ്പിക്കുന്നതിനുവേണ്ടി മേഖല തിരിച്ചുള്ള പരിശീലനങ്ങളും നടത്തിയിട്ടുണ്ട്. കൂടുതൽ കാര്യക്ഷമമായ പരിശീലന പദ്ധതികൾ സർക്കാർ ആസൂത്രണംചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്. നികുതി പിരിവിൽ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി ഇ-വേബിൽ ഇല്ലാതെ അതിർത്തി കടന്നെത്തുന്ന വാഹനങ്ങളെ കണ്ടെത്തുന്നതിനായി ANPR സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. വിവിധ സ്രോതസ്സുകളിൽനിന്നും ലഭിക്കുന്ന വാണിജ്യ വിവരങ്ങൾ ഡാറ്റ അനലിറ്റിക്സിലൂടെ വിദഗ്ധ വിശകലനം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ജി.എസ്.ടി സംബന്ധമായ വിവരങ്ങളും ഭേദഗതികളും അപ്ഡേഷനുകളും ഉടനടി ലഭ്യമാകുന്നതിലേയ്ക്കായി ജി.എസ്.ടി.എൻ വികസിപ്പിച്ചെടുത്ത സോഫ്റ്റ്‌വെയർ സംവിധാനത്തിലേയ്ക്ക് വകുപ്പ് മാറിയിട്ടുണ്ട്.

**ജി.എസ്.ടി. വരുമാന ചോർച്ച തടയുന്നതിനുള്ള നടപടി**

11(*191) ശ്രീ. ഐ. ബി. സതീഷ്:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക അധീശത്വത്തെ അതിജീവിച്ചുകൊണ്ട് പന്ത്രണ്ട് ശതമാനം എന്ന മികച്ച സാമ്പത്തിക വളർച്ച കേരളം കൈവരിച്ചിട്ടുണ്ടോയെന്ന് ലഭ്യമായ കണക്കുപ്രകാരം വ്യക്തമാക്കുമോ?

സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് പുറത്തുവിട്ട കണക്കുപ്രകാരം 2021-22-ൽ കേരളത്തിന്റെ സ്ഥിരവിലയിലുള്ള (Constant Price) മൊത്ത ആഭ്യന്തര ഉല്പാദന വളർച്ചാനിരക്ക് 12.01 ശതമാനമാണ്. പ്രസ്തുത വളർച്ച ഇപ്പോഴത്തെ വിലയിൽ (Current Price) കണക്കാക്കിയാൽ 17.63 ശതമാനമാണ്. ദേശീയ വളർച്ചാനിരക്ക് 8.7 ശതമാനം മാത്രം നിലനിൽക്കുമ്പോഴാണ് കേരളത്തിന്റെ ഈ വളർച്ച. കോവിഡിനുമുമ്പുള്ള 2018-19-ലുള്ള നിലയുമായി താരതമ്യം ചെയ്താൽ ഇത് 5.05 ശതമാനമാവും. സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിന്റെ 2022-23-ലെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം പ്രസ്തുത വളർച്ചാനിരക്ക് 2021-22-നെ അപേക്ഷിച്ച് 12.23 ശതമാനമാണ്. സ്റ്റാറ്റിസ്റ്റിക്സ് & പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം പ്രസിദ്ധീകരിച്ച വിവരങ്ങൾ പ്രകാരം 2016-17 സാമ്പത്തികവർഷം മുതൽ സംസ്ഥാനത്തിന്റെ പ്രതിശീർഷ

വരുമാനത്തിലുണ്ടായ വർദ്ധന സംബന്ധിച്ച കണക്കുകൾ ചുവടെ പട്ടികയായി ചേർക്കുന്നു.

| വർഷം | പ്രതിശീർഷ വരുമാനം (ശതമാനത്തിൽ) |
|---|---|
| 2016-17 | 12.23 |
| 2017-18 | 10.23 |
| 2018-19 | 12.11 |
| 2019-20 | 3.70 |
| 2020-21 | -3.74 |
| 2021-22 | 12.45 |

സാമൂഹ്യക്ഷേമ, വികസന ചെലവുകളിൽ സർക്കാർ നൽകുന്ന പ്രാധാന്യം ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തിയിട്ടുണ്ടെന്നാണ് പ്രതിശീർഷ വരുമാനത്തിലുണ്ടായ ഈ വളർച്ച വ്യക്തമാക്കുന്നത്.

(ബി) ജി.എസ്.ടി. നടപ്പിലാക്കിയതുവഴി സംസ്ഥാനത്തിന്റെ പ്രധാന നികുതി നിർണയാധികാരം എടുത്തുകളഞ്ഞതും ജി.എസ്.ടി. തുകയുടെ നേർപകുതി കേന്ദ്ര സർക്കാർ എടുക്കുന്നതും മികച്ച സാമ്പത്തിക വളർച്ച കൈവരിക്കുന്ന അവസരത്തിലും തദനുസൃതമുള്ള നികുതി വളർച്ചയ്ക്ക് വിഘാതമാകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാന സർക്കാരിന്റെ നിയന്ത്രണങ്ങൾക്കതീതമായ നിരവധി ഘടകങ്ങൾ സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ചരക്ക് സേവന നികുതി നടപ്പിലാക്കിയതോടെ സംസ്ഥാനങ്ങൾക്ക് നികുതി വർദ്ധനയ്ക്കുള്ള ഇടപെടലുകളിൽ പരിമിതികളും നിയന്ത്രണങ്ങളുമുണ്ടായി. ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട നഷ്ടപരിഹാര വിഹിതം 2022 ജൂലൈ മാസത്തിൽ കേന്ദ്ര സർക്കാർ നിർത്തലാക്കിയതും സംസ്ഥാനത്തിന്റെ ധനസ്ഥിതി കൂടുതൽ പരിതാപകരമാകാൻ കാരണമായി. ഇതിനുപുറമെ സംസ്ഥാനത്തിന് അനുവദിച്ചുവരുന്ന കേന്ദ്രവിഹിതത്തിലും തുടർച്ചയായി കുറവ് രേഖപ്പെടുത്തുന്നു. സംസ്ഥാനങ്ങൾക്കിടയിൽ വീതംവയ്ക്കാനുള്ള കേന്ദ്രനികുതി വിഹിതം (ഡിവിസിബിൾ പൂൾ) 10-ാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 3.87 ശതമാനമായിരുന്നത് ചുരുങ്ങിവരികയും 14-ാം ധനകാര്യ കമ്മിഷന്റെ കാലയളവിൽ 2.5 ശതമാനവും 15-ാം ധനകാര്യ കമ്മിഷന്റെ ഈ കാലയളവിൽ 1.925 ശതമാനവുമായി കുറച്ച നടപടി സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഗണ്യമായ കുറവുവരുത്തി. കേന്ദ്ര സർക്കാർ സെസ്സിലും സർചാർജ്ജിനത്തിലുംകൂടി പിരിച്ചെടുക്കുന്ന തുക സംസ്ഥാനങ്ങൾക്ക് വീതിച്ച് നൽകുന്നതേയില്ല. ഇപ്രകാരം കേന്ദ്രം പിരിച്ചെടുക്കുന്ന ഗണ്യമായ

തുക നികുതിവിഹിതം പങ്കുവയ്ക്കുന്ന മാതൃകയിൽ ഓരോ സംസ്ഥാനത്തിനുമായി വീതിച്ച് നൽകേണ്ടതാണ്.

(സി) ഈ സാഹചര്യത്തിൽ ജി.എസ്.ടി. വരുമാന ചോർച്ചയൊഴിവാക്കി നികുതി വരുമാനം വർദ്ധിപ്പിക്കാൻ ശക്തമായ നടപടികളുണ്ടാകുമോയെന്ന് വ്യക്തമാക്കുമോ?

ചരക്ക് സേവന നികുതിവകുപ്പിനെ പുന:സംഘടിപ്പിച്ചുകൊണ്ട് നികുതി ചോർച്ച ഫലപ്രദമായി തടയുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ഇതിനകം തന്നെ ചരക്കു സേവന നികുതി വകുപ്പിനുകീഴിൽ ടാക്സ് പേയർ സർവ്വീസസ്, ആഡിറ്റ്, ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് എന്നീ വിഭാഗങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. നികുതിയുടെ രംഗത്ത് ആധുനികവൽക്കരണം സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെ മോഡൽ 2 GSTN സൊല്യൂഷൻ പ്രയോജനപ്പെടുത്തുകയുണ്ടായി. നികുതിദായകർക്ക് കൃത്യമായി നികുതി നൽകുന്നതിനുള്ള ' ടാക്സ് പേയേഴ്സ് പ്രൊഫൈൽ കാർഡ്' എന്ന സംവിധാനം, പൊതുജനങ്ങൾക്ക് ജി.എസ്.ടി. ഇൻവോയ്സുകൾ അപ്‌ലോഡ് ചെയ്യുന്നതിനും നികുതിദായകരുടെ റിട്ടേൺ ഫയലിംഗ് സ്റ്റാറ്റസ് സംബന്ധിച്ച വിവരങ്ങൾ സർക്കാരിന് പരിശോധിക്കുന്നതിനുമുള്ള ലക്കി ബിൽ സ്കീം എന്ന ആപ്ലിക്കേഷൻ എന്നിവ

ഈ രംഗത്ത് പരമാവധി വിഭവസമാഹാരണം ലക്ഷ്യമിട്ട് സർക്കാർ കൊണ്ടുവന്ന പദ്ധതികളാണ്. സംസ്ഥാന സർക്കാരിന്റെ വേണ്ട വിധത്തിലുള്ള ഇടപെടലുകളുടെ ഭാഗമായി നടപ്പുവർഷം ജി.എസ്.ടി വരുമാനത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് വലിയ വർദ്ധനയാണ് രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നത്.

**തനത് നികുതി പിരിച്ചെടുക്കാൻ നടപടി**

12(*192) ശ്രീ. സജീവ് ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീമതി കെ. കെ. രമ:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ തനത് നികുതിയിനത്തിൽ മാത്രം എഴുപതിനായിരം കോടി രൂപയോളം പിരിച്ചെടുക്കാനുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ തനത് നികുതിയിനത്തിൽ പിരിച്ചെടുക്കാനുള്ള നികുതി കുടിശ്ശിക സംബന്ധിച്ച് വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികൾ വകുപ്പുതിരിച്ച് ചുവടെ ചേർക്കുന്നു.

**സംസ്ഥാന ചരക്ക സേവന നികുതി വകുപ്പ്**

കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ചരക്ക് സേവന നികുതി വകുപ്പിൽ നികുതിയിനത്തിൽ മാത്രം എഴുപതിനായിരം കോടി രൂപ പിരിച്ചെടുക്കാനുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2016-17 മുതൽ 2022-23 വരെ ബഡ്ജറ്റ് എസ്റ്റിമേറ്റ്/പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം പിരിച്ചെടുക്കാനുദ്ദേശിച്ച തുകയുടെയും 2016-17 മുതൽ 31 ഡിസംബർ 2022 വരെ പിരിച്ചെടുത്ത തുകയുടെയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ വില്പന നികുതി, എ.ഐ.ടി, മൂല്യവർദ്ധിത നികുതി മുതലായ പ്രീ.ജി.എസ്.ടി കുടിശ്ശികയിനത്തിൽ നടപ്പുസാമ്പത്തികവർഷം 30-11-2022 വരെ ഇനി പിരിച്ചെടുക്കാനുള്ളത് 12,923/- കോടി രൂപയാണ്. ഈ തുക പിരിച്ചെടുക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിൽ ഭൂരിഭാഗവും വിവിധ കോടതി കേസുകളിൽ കുരുങ്ങിക്കിടക്കുന്നതും റവന്യൂ റിക്കവറി ഘട്ടത്തിലുമാണ്.

**മോട്ടോർ വാഹന വകുപ്പ്**

മോട്ടോർ വാഹന വകുപ്പിന് കുടിശ്ശികയായുള്ളത് ഏകദേശം 1000 കോടി രൂപയാണ്. ഇതിൽ KSRTC- യുടെ കുടിശ്ശികയായ 1844.72 കോടി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ുപ ഉൾപ്പെടുത്തിയിട്ടില്ല. മോട്ടോർ വാഹന വകുപ്പ് തുടങ്ങിയ കാലം മുതൽ നാളിതുവരെയുള്ള കുടിശ്ശികയാണിത്. നികുതി കുടിശ്ശികയടയ്ക്കാനുള്ള ഭൂരിഭാഗം വാഹനങ്ങളും ഇപ്പോൾ നിരത്തിലോടുന്നില്ല. മാത്രമല്ല ടി വാഹന ഉടമകളെക്കുറിച്ചോ വാഹനങ്ങളെ സംബന്ധിച്ചോ യാതൊരു അറിവും വകുപ്പിന് ലഭ്യമല്ല. കുടിശ്ശിക നികുതിയടയ്ക്കുന്നതിന് സർക്കാർ പല പ്രാവശ്യം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചിട്ടും വാഹന ഉടമകൾ വളരെ ചുരുങ്ങിയ ഈ നികുതിപോലും അടയ്ക്കുന്നതിന് വകുപ്പിനെ സമീപിച്ചിട്ടില്ല. വാഹന ഉടമകൾക്കയയ്ക്കുന്ന ഭൂരിഭാഗം നോട്ടീസുകളും കൈപ്പറ്റാനാളില്ല, അല്ലെങ്കിൽ മേൽവിലാസക്കാരനെ കണ്ടെത്തുവാൻ സാധിച്ചില്ല എന്നീ കാരണത്താൽ മടങ്ങിവരികയാണ്. ബുക്ക് അരിയേഴ്സായി കിടക്കുന്ന ഈ തുക പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് വകുപ്പിന് സാധിക്കുകയില്ല. എന്നിരുന്നാലും കുടിശ്ശികയുള്ള വാഹന ഉടമകൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുവരുന്നു.

**ലാൻഡ് റവന്യൂ കമ്മീഷണർ**

ഭൂനികുതി, കെട്ടിടനികുതി, ആഡംബരനികുതി, തോട്ടനികുതി, ജലസേചനകരം എന്നിവയാണ് റവന്യൂ വകുപ്പിൽനിന്നും പിരിച്ചെടുക്കുന്ന

നികുതികൾ. ഈയിനത്തിൽ നാളിതുവരെ പിരിച്ചെടുത്ത തുക വർഷം തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

**തദ്ദേശസ്വയംഭരണ വകുപ്പ്**

റൂറൽ

ഗ്രാമപഞ്ചായത്തുകളുടെ വസ്തുനികുതിയിനത്തിൽ കഴിഞ്ഞ സാമ്പത്തികവർഷം 11,246.42 ലക്ഷം രൂപ കുടിശ്ശികയുണ്ടായിരുന്നു.

അർബൻ

കേരളത്തിലെ നഗരസഭകളിൽനിന്നും ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം വസ്തു നികുതി, തൊഴിൽ നികുതി എന്നീ ഇനങ്ങളിലായി 681 കോടി രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്.

**രജിസ്ട്രേഷൻ വകുപ്പ്**

രജിസ്ട്രേഷൻ വകുപ്പിനെ സംബന്ധിച്ച് ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്ന സമയം തന്നെ ആവശ്യമായ സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസുമീടാക്കിയാണ് ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നത്. ആയതിനാൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആധാര രജിസ്ട്രേഷൻമൂലം നികുതി കുടിശ്ശികയുണ്ടാകാറില്ല. എന്നാൽ ടി ആധാരത്തിൽ കാണിച്ചിട്ടുള്ള വില കുറവാണെന്ന് ബോധ്യപ്പെടുന്നപക്ഷം ടി ആധാരങ്ങളിന്മേൽ അണ്ടർ വാല്യുവേഷൻ നടപടിക്കായി സബ്‌രജിസ്ട്രാർമാർ റിപ്പോർട്ട് ചെയ്യാറുണ്ട്. ടി ഇനത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ആകെ 2,75,417/- (രണ്ടു ലക്ഷത്തി എഴുപത്തി അയ്യായിരത്തി നാന്നൂറ്റി പതിനേഴ്) അണ്ടർ വാല്യുവേഷൻ കേസുകളിലായി 622,82,44,557/- രൂപ (അറുന്നൂറ്റി ഇരുപത്തിരണ്ട് കോടി എൺപത്തി രണ്ട് ലക്ഷത്തി നാല്പത്തി നാലായിരത്തി അഞ്ഞൂറ്റി അൻപത്തിയേഴ് രൂപ മാത്രം) പിരിഞ്ഞുകിട്ടാനുണ്ട്.

(ബി) പ്രസ്തുത തുക പിരിച്ചെടുക്കാൻ സർക്കാർ പരാജയപ്പെട്ടുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണങ്ങൾ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സംസ്ഥാനത്തിന്റെ തനത് നികുതി വരുമാന കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്തിന്റെ തനത് നികുതി വരുമാന കുടിശ്ശിക പിരിച്ചെടുക്കുന്നത് സംബന്ധിച്ച് വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികൾ വകുപ്പ് തിരിച്ച് ചുവടെ ചേർക്കുന്നു.

**സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്**

സംസ്ഥാനത്തിന്റെ തനത് നികുതി വരുമാന കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ജി.എസ്.ടി വകുപ്പ് കാര്യക്ഷമമായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. നികുതി കുടിശ്ശിക തീർപ്പാക്കുന്നതിലേയ്ക്കായി കഴിഞ്ഞ വർഷങ്ങളിൽ നിലവിലുണ്ടായിരുന്ന ആംനെസ്റ്റി പദ്ധതി ഈ സാമ്പത്തിക വർഷത്തിലും (2022-23) തുടരുന്നുണ്ടായിരുന്നു. വകുപ്പുതലത്തിലും തഹസിൽദാർ (ആർ.ആർ) തലത്തിലും റവന്യൂ റിക്കവറി നടപടികളിലൂടെ കുടിശ്ശിക തീർപ്പാക്കൽ കാര്യക്ഷമമായി നടപ്പിലാക്കിവരുന്നുണ്ട്. ഇതുകൂടാതെ റവന്യൂ റിക്കവറിയുടെ പ്രാധാന്യം കണക്കിലെടുത്ത് പുനഃസംഘടിപ്പിച്ച വകുപ്പ് സംവിധാനത്തിൽ ഓരോ ജില്ലയിലും കുടിശ്ശിക പിരിച്ചെടുക്കുന്നതിനുവേണ്ടി മാത്രമായി പ്രത്യേക ഉദ്യോഗസ്ഥ സംവിധാനത്തെ വിന്യസിച്ചിട്ടുണ്ട്.

**മോട്ടോർ വാഹന വകുപ്പ്**

നികുതി കുടിശ്ശിക വരുത്തുന്ന വാഹന ഉടമകൾക്കെതിരെ റവന്യൂ റിക്കവറി നടപടികളിലൂടെ കുടിശ്ശിക പിരിച്ചെടുക്കുന്ന നടപടി സ്വീകരിച്ചുവരുന്നു. അതുപോലെതന്നെ നികുതിയടയ്ക്കാതെ നിരത്തിലോടുന്ന വാഹനങ്ങൾ പിടിച്ചെടുക്കുന്നതിനും ഇത്തരം വാഹനങ്ങളിൽനിന്ന് നികുതി പിരിച്ചെടുക്കുന്നതിന് വാഹനങ്ങൾ ലേലം ചെയ്ത് വിൽക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ എല്ലാ ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മാത്രമല്ല, വകുപ്പിൽ പിരിഞ്ഞുകിട്ടാൻ സാധ്യതയില്ലാത്ത നികുതി കുടിശ്ശികയിൽ ഒരു ഭാഗമെങ്കിലും ലഭ്യമാക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. നികുതി കുടിശ്ശിക വരുത്തിയ ഒരു വാഹനവും നിരത്തിലോടുന്നില്ലെന്ന് ഉറപ്പുവരുത്താൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

**ലാൻഡ് റവന്യൂ കമ്മീഷണർ**

ഓരോ വർഷവും കുടിശ്ശിക വരുന്ന തുക തൊട്ടടുത്ത വർഷം മുതലിൽ ചേർത്ത് പലിശയുൾപ്പെടെ പിരിവ് വരുത്തുന്നുണ്ട്. ഓരോവർഷവും (കോവിഡ് വ്യാപനം ഉണ്ടായിരുന്ന വർഷം ഒഴികെ) സാമ്പത്തികവർഷത്തിന്റെ പകുതിയോടുകൂടി സ്പെഷ്യൽ ഡ്രൈവ് നടത്തിയും

കോടതിയുമായി ബന്ധപ്പെട്ട് സ്റ്റേയിലുള്ള കേസുകളിൽ പരമാവധി കേസുകൾ തീർപ്പാക്കി പിരിവ് വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**തദ്ദേശ സ്വയംഭരണ വകുപ്പ്**

റൂറൽ

നിശ്ചിത ഇടവേളകളിൽ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും നികുതി പിരിവ് അവലോകനം നടത്തുന്നുണ്ട്. ഓൺലൈൻ പേമെന്റ് പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. പിഴപ്പലിശ ഒഴിവാക്കി നൽകി. വാർഡുതലത്തിൽ നികുതി കളക്ഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുകയുണ്ടായി. നികുതി കുടിശ്ശികയുള്ളവർക്ക് അലർട്ട് മെസേജുകൾ നൽകുന്നതിനുള്ള സംവിധാനമേർപ്പെടുത്തുകയുണ്ടായി. കുടിശ്ശികയുള്ള എല്ലാ നികുതിദായകർക്കും മെസേജ് അയച്ചിട്ടുണ്ട്.

**അർബൻ**

കേരളത്തിലെ നഗരസഭകളിൽ വസ്തുനികുതി, തൊഴിൽ നികുതി എന്നീ കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാൻ നഗരസഭകളിലെ വാർഡുകൾതോറും നോട്ടീസ് വിതരണം, മൈക്ക് അനൗൺസ്‌മെന്റ് എന്നീ രീതികൾവഴി വ്യാപകപ്രചരണം നടത്തി പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിച്ചുവരുന്നു.

കൂടാതെ അവധി ദിവസങ്ങളിലും നഗരസഭകളിൽ ക്യാഷ് കൗണ്ടറുകൾ തുറന്നുപ്രവർത്തിക്കുന്നുണ്ട്. കുടിശ്ശിക പിരിച്ചെടുക്കുന്നതിന്റെ പുരോഗതി മേഖലാ ജോയിന്റ് ഡയറക്ടർ തലത്തിൽ അവലോകനം നടത്തി സെക്രട്ടറിമാർക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ കുടിശ്ശികയായിട്ടുള്ള വസ്തുനികുതി പിരിവ് ഊർജ്ജിതമാക്കുന്നതിലേയ്ക്കായി നികുതി കുടിശ്ശികയിന്മേലുള്ള പിഴപ്പലിശ മാർച്ച് 31 വരെ ഒഴിവാക്കി നൽകിയിട്ടുള്ളതുമാണ്.

**രജിസ്ട്രേഷൻ വകുപ്പ്**

ആധാരങ്ങളുടെ അണ്ടർ വാല്യുവേഷനുമായി ബന്ധപ്പെട്ട തുകകൾ പിരിച്ചെടുക്കാനായി ഒരു കോമ്പൗണ്ടിംഗ് പദ്ധതി പ്രഖ്യാപിച്ചിരുന്നു. ടി തുകകൾ പിരിച്ചെടുക്കുന്നതിനായി പ്രസ്തുത കോമ്പൗണ്ടിംഗ് പദ്ധതിയുടെ പരമാവധി പ്രചരണം നടത്തുകയും അദാലത്തുകൾ സംഘടിപ്പിക്കുകയും ചെയ്തിരുന്നു.

**വൈദ്യുതി സർചാർജ്**

13(*193) ശ്രീ. അബ്ദുൽ ഹമീദ് പി.:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:

ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുത ഉപഭോക്താക്കളിൽനിന്നും സർചാർജ് ചുമത്തുന്നതിനുദ്ദേശിക്കുന്നുണ്ടോ;

(ബി) അടുത്തകാലത്ത് വൈദ്യുത ചാർജ് വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഉപഭോക്താക്കളെ വീണ്ടും ബുദ്ധിമുട്ടിക്കുന്നതായി പറയപ്പെടുന്ന ചാർജ് വർദ്ധനയുടെ കാരണം വിശദമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് വൈദ്യുതിക്ക് ഇന്ധന സർചാർജ് നിശ്ചയിക്കുന്നതിനും വൈദ്യുതി നിരക്ക് പരിഷ്കരിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം നിലവിൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മിഷനാണ്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മിഷന്റെ താരിഫ് റെഗുലേഷൻ 87 പ്രകാരം ഇന്ധനവിലയിലെ വ്യതിയാനംമൂലം വൈദ്യുതി വാങ്ങൽ ചെലവിലുണ്ടാകുന്ന അധികബാധ്യത ഇന്ധന സർചാർജിനത്തിൽ വിതരണ കമ്പനികൾക്ക് ഉപഭോക്താക്കളിൽനിന്ന് ഈടാക്കാനും ഇന്ധനവിലയിലെ കുറവുകാരണം വൈദ്യുതി വാങ്ങൽ വിലയിൽ കുറവുണ്ടായാൽ താരിഫിലെ ഇളവായനുവദിച്ച് ഉപഭോക്താക്കൾക്ക് തിരികെ നൽകാനുമുള്ള വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത റെഗുലേഷൻ പ്രകാരം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി

ബോർഡ് ലിമിറ്റഡ് എല്ലാ പാദവർഷങ്ങളുടെയും ഇന്ധന സർചാർജ് പെറ്റീഷൻ കമ്മിഷൻ മുമ്പാകെ നിർബന്ധമായും സമർപ്പിക്കേണ്ടതുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സമർപ്പിക്കുന്ന പെറ്റീഷനിൽ വിശദമായ പരിശോധനയ്ക്കും പൊതുതെളിവെടുപ്പിനുംശേഷം കമ്മിഷൻ നിശ്ചയിക്കുന്ന നിരക്കിൽ നിശ്ചിതകാലയളവിലേയ്ക്ക് ഇന്ധന സർചാർജ് ഏർപ്പെടുത്തിവരുന്നു. കൽക്കരിയുടെ അടിസ്ഥാനവിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ, കൽക്കരിയുടെ ഗ്രേഡിലുണ്ടാകുന്ന വ്യതിയാനങ്ങൾ, ചാർജിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ, കൽക്കരി ലഭ്യതക്കുറവ് കാരണം ഇറക്കുമതി ചെയ്ത വിലകൂടിയ കൽക്കരി ഉപയോഗിക്കുന്നത് തുടങ്ങിയവ ഇന്ധനവിലയിൽ വ്യതിയാനങ്ങൾക്ക് കാരണമാകുന്നുണ്ട്. മേൽപ്പറഞ്ഞ കാരണങ്ങളാൽ, 2022-23-ലെ ഒന്നാംപാദത്തിൽ കമ്മിഷൻ അംഗീകരിച്ച ഇന്ധനവിലയേക്കാൾ ഇന്ധനവിലയിലുണ്ടായ വ്യതിയാനം കാരണം വൈദ്യുതി വാങ്ങൽ ചെലവിൽ 87.07 കോടി രൂപ അധിക ബാധ്യതയുണ്ടാവുകയും പ്രസ്തുത അധികബാധ്യത 14 പൈസ നിരക്കിൽ ഇന്ധന സർചാർജായി ഉപഭോക്താക്കളിൽ നിന്നീടാക്കുവാനുമുള്ള അപേക്ഷ കമ്മിഷൻ മുമ്പാകെ കെ.എസ്.ഇ.ബി.എൽ.17-11-2022-ൽ സമർപ്പിച്ചിരുന്നു. ഈ വർഷം വൈദ്യുതി ആവശ്യകതയിൽ വന്ന ഗണ്യമായ വർദ്ധന

ആഭ്യന്തര കൽക്കരി ശേഖരത്തെ അപകടകരമാംവിധം ബാധിക്കുകയും ഇത് താപവൈദ്യുതി ഉല്പാദനനിലയങ്ങളെ പ്രതിസന്ധിയിലാക്കുകയും ചെയ്തു. അധിക വൈദ്യുതി ആവശ്യകതയ്ക്കനുസരിച്ച് ഉല്പാദനം നടത്തുന്നതിനുള്ള ആഭ്യന്തര കൽക്കരി ലഭ്യമാകാത്തതിനാൽ അത് മറികടക്കാനായി കേന്ദ്ര ഊർജ്ജമന്ത്രാലയത്തിന്റെ 28-04-2022-ലെ നിർദ്ദേശപ്രകാരം 10% ഇറക്കുമതി ചെയ്ത കൽക്കരി (blending) ഉപയോഗിക്കാൻ ഉല്പാദകർക്ക് അനുമതി ലഭിച്ചിരുന്നു. കൽക്കരി ലഭ്യതയിൽ പുരോഗതിയുണ്ടാകാത്തതിനാൽ കേന്ദ്ര ഊർജ്ജമന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം സെൻട്രൽ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മിഷന്റെ 26-07-2022-ലെ ഉത്തരവുപ്രകാരം ഇറക്കുമതി ചെയ്ത കൽക്കരി 20% വരെ ഉപയോഗിക്കാൻ 31-10-2022 വരെ ഉല്പാദകർക്ക് അനുവാദം നൽകുകയും കൂടാതെ എനർജി ചാർജ് വർദ്ധന പരിമിതപ്പെടുത്താൻ വിതരണ കമ്പനികൾക്ക് അവകാശം നൽകുന്ന CERC റെഗുലേഷൻ 43(3) മരവിപ്പിക്കുകയും ചെയ്തു. "റെഗുലേഷൻ 43(3) പ്രകാരം നിഷ്കർച്ചിരിക്കുന്ന ഇന്ധനമല്ലാതെ ഏത് ബദൽ ഇന്ധനം ഉപയോഗിക്കുകയാണെങ്കിലും എനർജി ചാർജ് ബേസ് എനർജി ചാർജിനേക്കാൾ 30 ശതമാനമോ പോയ മാസത്തിലെ എനർജി ചാർജിനെക്കാൾ 20 ശതമാനമോ ഉള്ള വർദ്ധനയിൽ

ഏതാണ് കുറവ് എന്നതിൽ പരിമിതപ്പെടുത്തുന്നു" . എന്നാൽ ഈ റെഗുലേഷനാണ് പ്രസ്തുത കേന്ദ്ര ഊർജ്ജമന്ത്രാലയത്തിന്റെ നിർദ്ദേശത്തിലൂടെ താൽക്കാലികമായി മരവിപ്പിച്ചത്. ഇതിന്റെ ഫലമായി വൈദ്യുതി ഉല്പാദനനിലയങ്ങൾ ഇറക്കുമതി ചെയ്ത വിലകൂടിയ കൽക്കരി ഉപയോഗിക്കുകയും തൽഫലമായി എനർജി ചാർജ് കൂടി വരുന്ന സാഹചര്യമുണ്ടാകുകയും ചെയ്തു. ഓരോമാസവും വൈദ്യുതി വാങ്ങൽ ചെലവിൽ വന്ന അധികച്ചെലവ് അതത് മാസം തന്നെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഈ താപനിലയങ്ങൾക്ക് നൽകിയിട്ടുണ്ട്. വൈദ്യുതി വിതരണ ലൈസൻസികൾക്ക് മാസംതോറും വൈദ്യുതിനിരക്ക് വ്യതിയാനം വരുത്തുന്നതിന് അനുമതി നൽകുന്ന വൈദ്യുതി ചട്ടഭേദഗതി 29-12-22-ന് നിലവിൽ വന്നുകഴിഞ്ഞു. ഇതനുസരിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാനാവശ്യമായ ഇന്ധനത്തിന്റെ വിലയിലുണ്ടാകുന്ന വർദ്ധനയുൾപ്പെടെ വൈദ്യുതി വാങ്ങുന്നതിനുള്ള അധികച്ചെലവിനാനുപാതികമായി സർചാർജ് വൈദ്യുതി നിരക്കിലുൾപ്പെടുത്തി എല്ലാമാസവും ഈടാക്കാമെന്ന് കേന്ദ്രം തീരുമാനമെടുത്തിട്ടുണ്ട്. ഇന്ധന സർചാർജ് ഇപ്പോൾ മൂന്നുമാസത്തിലൊരിക്കലാണ് കണക്കാക്കുന്നത്. എത്ര തുക ഈടാക്കാമെന്ന്

തീരുമാനിക്കുന്നത് സംസ്ഥാനങ്ങളിലെ വൈദ്യുതി റെഗുലേറ്ററി കമ്മിഷനുകളായിരുന്നു. ചട്ടം പുറപ്പെടുവിച്ച് 90 ദിവസത്തിനകം സർചാർജ് ഈടാക്കുന്നതിന് ഫോർമുല റെഗുലേറ്ററി കമ്മീഷനുകൾ നിശ്ചയിക്കണമെന്നും അതനുസരിച്ച് കമ്മീഷനുകളുടെ മുൻകൂർ അനുമതിയില്ലാതെ മാസംതോറും വൈദ്യുതിബില്ലിൽ സർചാർജ് ചുമത്തി ഈടാക്കാമെന്നതാണ് ഭേദഗതി. പുതിയ ചട്ടപ്രകാരം ഇന്ധനവില വർദ്ധന മാത്രമല്ല, വൈദ്യുതി വാങ്ങുമ്പോഴുണ്ടാകുന്ന എല്ലാ അധികചെലവും കമ്മിഷനെ സമീപിക്കാതെ തന്നെ ഉപഭോക്താക്കളിൽ നിന്ന് മാസംതോറും ഈടാക്കാവുന്നതാണ്. കൽക്കരി ക്ഷാമംമൂലമുള്ള വൈദ്യുതി പ്രതിസന്ധി പരിഹരിക്കാനെന്ന പേരിൽ കേന്ദ്ര സർക്കാർ/കേന്ദ്ര റെഗുലേറ്ററി കമ്മീഷനെടുക്കുന്ന തീരുമാനങ്ങൾ രാജ്യത്തെ വൈദ്യുതി വില ഉയർത്തുന്നുണ്ട്. ഉയർന്ന വിലയ്ക്ക് വൈദ്യുതി വിൽക്കാൻ രാജ്യത്ത് പുതിയ വിപണിയുണ്ടാക്കാൻ കേന്ദ്ര റെഗുലേറ്ററി കമ്മിഷൻ 16-02-23-ലെ ഉത്തരവുപ്രകാരം അനുമതി നൽകി. അടുത്തമാസം വിപണി പ്രവർത്തനം തുടങ്ങും. യൂണിറ്റിന് പരമാവധി 50 രൂപവരെ വിലയീടാക്കാൻ കഴിയുന്ന വിപണിയാണ് നിലവിൽവരുന്നത്. ഇറക്കുമതി കൽക്കരി, ഇറക്കുമതി ചെയ്ത RLNG, നാഫ്ത എന്നിവ ഉപയോഗിക്കുന്ന വൈദ്യുതി നിലയങ്ങൾ, ബാറ്ററി

എനർജി സ്റ്റോറേജ് സിസ്റ്റം എന്നിവയ്ക്കുമാത്രമെ ഈ വിപണിയിൽ വൈദ്യുതി വിൽക്കാനാകൂ. പവർ എക്സ്ചേഞ്ചിലെ നിലവിലുള്ള കമ്പോളങ്ങളിൽ ഉല്പാദനച്ചെലവ് കണക്കിലെടുത്തുള്ള വൈദ്യുതിവില ലഭിക്കാത്തതിനാൽ ഈ നിലയങ്ങൾ പൂർണ്ണതോതിൽ പ്രവർത്തിക്കുന്നില്ല. അതുവഴി നിലവിലെ വൈദ്യുതി പ്രതിസന്ധി മറികടക്കുകയാണ് ഈ നടപടിയുടെ ലക്ഷ്യം. മറ്റ് നിലയങ്ങളിൽനിന്നുള്ള വൈദ്യുതിയുടെ പവർ എക്സ്ചേഞ്ച്വഴിയുള്ള വില്പനയ്ക്ക് പരമാവധി 12 രൂപയെന്ന നിരക്ക് തുടരും. കേന്ദ്ര സർക്കാരിന്റെയും കേന്ദ്ര റെഗുലേറ്ററി കമ്മിഷന്റെയും മേൽവിവരിച്ച നടപടികൾ ഊർജ്ജമേഖലയിലെ അടിയന്തരാവസ്ഥയിലേയ്ക്ക് നയിക്കുന്നതാണ്. ഓരോമാസവും വൈദ്യുതി വാങ്ങൽ ചെലവിൽ വന്ന അധിക തുകയാണിപ്പോൾ ഇന്ധന സർചാർജായി യൂണിറ്റിന് 9 പൈസ നിരക്കിലീടാക്കുന്നത്. ഇത് നിശ്ചിത കാലയളവിലേയ്ക്ക് (2023 ഫെബ്രുവരി 01 മുതൽ നാല് മാസത്തെ ഉപഭോഗത്തിൽ അല്ലെങ്കിൽ 87.07 കോടി രൂപ ഇന്ധന സർചാർജായി പിരിച്ചെടുക്കുന്നതുവരെ) മാത്രമാണ് ഈടാക്കുന്നത്. എന്നാൽ ആയിരം വാട്സ് വരെ കണക്റ്റഡ് ലോഡുള്ളതും പ്രതിമാസം 40 യൂണിറ്റിൽ കവിയാതെ ഉപഭോഗമുള്ളതുമായ ഗാർഹിക ഉപഭോക്താക്കളെ ഇന്ധന സർചാർജിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

(സി) കൃത്യമായി വൈദ്യുതി കുടിശ്ശിക ഈടാക്കി ചാർജ് വർദ്ധനയൊഴിവാക്കുന്ന കാര്യം പരിശോധിക്കുമോയെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ഇ.ബി.എൽ-ന്റെ വരവും ചെലവും പരിശോധിച്ചശേഷം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മിഷൻ നിർണ്ണയിക്കുന്ന റവന്യൂ കമ്മി നികത്താനാണ് ചാർജ് വർദ്ധന ഏർപ്പെടുത്തുന്നത്. വരവ് അംഗീകരിക്കപ്പെടുമ്പോൾ അക്രൂവൽ അക്കൗണ്ടിംഗ് സമ്പ്രദായപ്രകാരം ഡിമാൻഡ് അടിസ്ഥാനപ്പെടുത്തിയുള്ള റവന്യൂ വരുമാനമാണ് കണക്കിലെടുക്കുന്നത്. അതായത് ഒരു ഉപഭോക്താവിന് ബില്ല് കൊടുക്കുന്നമുറയ്ക്ക് ടി തുക വരുമാനമായി കണക്കാക്കുന്നു. ഇക്കാരണത്താൽ ഉപഭോക്താവിൽനിന്ന് കുടിശ്ശിക പിരിച്ചെടുക്കുന്ന അവസരത്തിൽ ടി തുക വീണ്ടും വരുമാനമായി കണക്കാക്കാനാകില്ല. ഇക്കാരണത്താൽ നിലവിലുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതും ചാർജ് വർദ്ധനയുമായി യാതൊരു ബന്ധവുമില്ല.

**വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടി**

14(*194) <u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>:
<u>ശ്രീ. തോമസ് കെ. തോമസ്</u>:
<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>:
<u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ഊർജ്ജ ആവശ്യം പരിഗണിച്ച് വൈദ്യുതിയുല്പാദനം വർദ്ധിപ്പിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആകെ 466.5 MW ശേഷിയുള്ള വൈദ്യുതപദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആയതിൽ ജലവൈദ്യുതപദ്ധതികൾ 38.5 MW ഉം പുനരുപയോഗ ഊർജ്ജപദ്ധതികൾ 428 MW-വുമാണ്. നിലവിൽ 105.5 MW വൈദ്യുതിയുല്പാദിപ്പിക്കാനുള്ള പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇതിനുപുറമെ 149.10 MW-ന്റെ ജലവൈദ്യുത പദ്ധതികളുടെയും 367.5 MW പുനരുപയോഗ ഊർജ്ജപദ്ധതികളുടെയും നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുതുതായി ഏറ്റെടുക്കാനുദ്ദേശിക്കുന്ന ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതി (800 MW), മൂഴിയാർ രണ്ടാംഘട്ടം (300 MW), ലക്ഷ്മി (240 MW), കാരപ്പാറ (19 MW), പൂയംകുട്ടി (210 MW) എന്നീ പദ്ധതികളുടെയും പ്രാരംഭപ്രവർത്തനങ്ങൾ നടന്നുവരുന്നു. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+ ഇതിനുപുറമെ കേരളത്തിലെ ജലാശയങ്ങളിൽ വർഷങ്ങളായി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തരിശുകിടക്കുന്ന നിലങ്ങളിൽനിന്നും ഫ്ളോട്ടിംഗ് സോളാർ പദ്ധതികളിലൂടെ 3000 MW വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുമെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ബി) പുതിയ ജലവൈദ്യുത പദ്ധതികളാരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

പുതിയ ജലവൈദ്യുത പദ്ധതികളാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അപ്പർ ചെങ്കുളം (24 MW/53.22 Mu), മരിപ്പുഴ പദ്ധതി (6MW/14.84 Mu), പൊരിങ്ങൽകുത്ത് സ്റ്റേജ് II (24 MW/53.85 Mu) എന്നീ പദ്ധതികളുടെ പ്രവർത്തനങ്ങൾ ഈ വർഷം തന്നെ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 78.5 MW സ്ഥാപിതശേഷിയുള്ള 10 പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങളും ആരംഭിക്കാൻ സാധിക്കുന്നതാണ്. കൂടാതെ വിവിധ പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ ജോലികളും നടന്നുവരുന്നു. ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതി (800 MW/ 1301 Mu), ശബരിഗിരി എക്സ്റ്റൻഷൻ സ്കീം (300 MW) എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളാരംഭിക്കാനാവശ്യമായ അനുമതികൾ ലഭ്യമാക്കുന്നതിനും വിശദമായ പ്രോജക്ട് റിപ്പോർട്ട് പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു. പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികൾ സുഗമമായി നടപ്പിലാക്കുവാനായി കരട് ചെറുകിട

ജല വൈദ്യുതിനയം 2022 ഇ.എം.സി തയ്യാറാക്കി സർക്കാരിന്റെ പരിഗണനയ്ക്കായി നൽകിയിട്ടുണ്ട്. കൂടാതെ കരട് നയത്തിന്മേലുള്ള ജനങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുന്നതിലേയ്ക്കായി ഇ.എം.സി.-യുടെ വെബ്സൈറ്റിൽ കരട് നയം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജനങ്ങളുടെ അഭിപ്രായവും സർക്കാരിന്റെ വിവിധ വകുപ്പുകളുടെ ശിപാർശകളും സ്വീകരിച്ച് ഉടൻതന്നെ നയം പ്രസിദ്ധപ്പെടുത്തുന്നതാണ്. അതിനോടൊപ്പം പാലക്കാട് ജില്ലയിലെ ലോവർ വട്ടപ്പാറ 2.5 മെഗാവാട്ട് ചെറുകിട ജലവൈദ്യുത പദ്ധതി ഇ.എം.സി മുഖേന നടപ്പിലാക്കാനുള്ള തയ്യാറെടുപ്പിലാണ്, ഇതിന്റെ ഭാഗമായി പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ പൂർത്തീകരിച്ചിട്ടുണ്ട്.

## വൈദ്യുതി നിരക്ക് വർദ്ധനവ്

15(*195) <u>ശ്രീ. പി. സി. വിഷ്ണുനാഥ്:</u>
<u>ശ്രീ. എ. പി. അനിൽ കുമാർ:</u>
<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):</u>
<u>ശ്രീ. സണ്ണി ജോസഫ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പുറത്തുനിന്ന് വൈദ്യുതി വാങ്ങിയതിന് ബോർഡിന് അധികം ചെലവായ തുക ജനങ്ങളിൽനിന്നും തിരിച്ചുപിടിക്കാനാണോ ചാർജ് വർദ്ധിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ചാർജ് വർദ്ധനയുണ്ടാകാനിടയാക്കിയ സാഹചര്യം വിശദമാക്കാമോ?

(എ-സി) സംസ്ഥാനത്ത് വൈദ്യുതി നിരക്ക് പരിഷ്കരിക്കുന്നതിനുള്ള പരിപൂർണ്ണാധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മിഷനിൽ നിക്ഷിപ്തമാണ്. സംസ്ഥാന വൈദ്യുതി ബോർഡ് വാർഷിക വരവുചെലവ് കണക്കുകളോടൊപ്പം വരുമാനകമ്മി നികത്തുന്നതിനുള്ള ശിപാർശകളടങ്ങിയ പെറ്റീഷൻ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിർദ്ദേശിക്കുന്ന സമയപരിധിയിൽ കമ്മിഷൻ മുമ്പാകെ സമർപ്പിക്കുകയും കമ്മിഷൻ സൂക്ഷ്മ പരിശോധന നടത്തി, പൊതു തെളിവെടുപ്പ് നടത്തിയതിനുശേഷം വരുമാനകമ്മി/മിച്ചം അംഗീകരിച്ച് താരിഫ് പരിഷ്കരണം നടത്തുകയും ചെയ്തുവരുന്നു. ഇതനുസരിച്ച് ബോർഡ് 31-01-2022-ൽ കമ്മിഷൻ മുമ്പാകെ 5 വർഷത്തെ പെറ്റീഷൻ സമർപ്പിക്കുകയും കമ്മിഷൻ പൊതുതെളിവെടുപ്പിനും സൂക്ഷ്മ പരിശോധനക്കും ശേഷം 25-06-2022-ൽ 2022-23 ലേയ്ക്കുള്ള താരിഫ് പരിഷ്കരിച്ചുകൊണ്ട്

ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്. 2023-24-ലെ താരിഫ് വർദ്ധിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് കമ്മിഷൻ നിലവിൽ പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മിഷന്റെ താരിഫ് റെഗുലേഷൻ, 2021-ലെ 87-ാം ചട്ടപ്രകാരം താപവൈദ്യുത നിലയങ്ങളുടെ ഇന്ധനവിലയിലെ വ്യതിയാനംമൂലം വൈദ്യുതി വാങ്ങൽ ചെലവിലുണ്ടാകുന്ന അധിക ബാധ്യത ഇന്ധന സർചാർജ്ജിനത്തിൽ വിതരണ കമ്പനികൾക്ക് ഉപഭോക്താക്കളിൽനിന്ന് ഈടാക്കാനും ഇന്ധനവിലയിലെ കുറവുകാരണം വൈദ്യുതി വാങ്ങൽ വിലയിൽ കുറവുണ്ടായാൽ താരിഫിലെ ഇളവായി അനുവദിച്ച് ഉപഭോക്താക്കൾക്ക് തിരികെ നൽകാനുമുള്ള വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത റെഗുലേഷൻ പ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡ് എല്ലാ പാദവർഷങ്ങളുടെയും ഇന്ധന സർചാർജ്ജ് പെറ്റീഷൻ കമ്മീഷൻ മുമ്പാകെ നിർബന്ധമായും സമർപ്പിക്കേണ്ടതുണ്ട്. കെ.എസ്.ഇ.ബി ലിമിറ്റഡ് സമർപ്പിക്കുന്ന പെറ്റീഷനിൽ വിശദമായ പരിശോധനയും പൊതുതെളിവെടുപ്പിനുംശേഷം കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിൽ നിശ്ചിതകാലയളവിലേയ്ക്ക് ഇന്ധന സർചാർജ്ജ് ഏർപ്പെടുത്തിവരുന്നു. കൽക്കരിയുടെ അടിസ്ഥാനവിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ, കൽക്കരിയുടെ ഗ്രേഡിലുണ്ടാകുന്ന വ്യതിയാനങ്ങൾ, ചാർജ്ജിലുണ്ടാകുന്ന

ഏറ്റക്കുറച്ചിലുകൾ, കൽക്കരി ലഭ്യതക്കുറവ് കാരണം ഇറക്കുമതി ചെയ്ത വിലകൂടിയ കൽക്കരി ഉപയോഗിക്കുന്നത് (blending) തുടങ്ങിയവ ഇന്ധനവിലയിൽ വ്യതിയാനങ്ങൾക്ക് കാരണമാകുന്നുണ്ട്. മേൽപ്പറഞ്ഞ കാരണങ്ങളാൽ, 2022-23 -ലെ ഒന്നാം പാദത്തിൽ, കമ്മീഷൻ അംഗീകരിച്ച ഇന്ധനവിലയേക്കാൾ, ഇന്ധനവിലയിലുണ്ടായ വ്യതിയാനം കാരണം വൈദ്യുതി വാങ്ങൽ ചെലവിൽ 87.07 കോടി രൂപ അധിക ബാധ്യതയുണ്ടാവുകയും പ്രസ്തുത അധികബാധ്യത 14 പൈസ നിരക്കിൽ ഇന്ധന സർചാർജ്ജായി ഉപഭോക്താക്കളിൽ നിന്നീടാക്കുവാനുമുള്ള അപേക്ഷ കമ്മിഷൻ മുമ്പാകെ കെ.എസ്.ഇ.ബി.എൽ 17-11-2022-ൽ സമർപ്പിച്ചിരുന്നു. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മിഷൻ 18-01-2023-ന് പ്രസ്തുത പെറ്റീഷനുകളിന്മേൽ മേൽ പരാമർശിച്ച പൊതു തെളിവെടുപ്പ് നടത്തുകയും 2022-ലെ ഒന്നാംപാദത്തിലെ ഇന്ധന സർചാർജ്ജായി 87.07 കോടി രൂപ അംഗീകരിച്ചുകൊണ്ട് 25-01-2023-ൽ ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ സംസ്ഥാനത്തെ മുഴുവൻ ഉപഭോക്താക്കളിൽനിന്നും യൂണിറ്റൊന്നിന് 9 പൈസ നിരക്കിൽ, വൈദ്യുതി വാങ്ങൽ ചെലവിൽ ഇന്ധന വ്യതിയാനം കാരണമുണ്ടായ അധിക ബാധ്യതയായ 87.07 കോടി രൂപ, 2023 ഫെബ്രുവരി 01 മുതൽ

നാലുമാസത്തെ ഉപഭോഗത്തിൽനിന്നും ഇന്ധന സർചാർജ്ജിനത്തിൽ ഈടാക്കുന്നതിനാണ് അനുമതി നൽകിയിരിക്കുന്നത്. എന്നാൽ 1000 വാട്സ് വരെ കണക്റ്റഡ് ലോഡുള്ളതും പ്രതിമാസം 40 യൂണിറ്റിൽ കവിയാതെ ഉപഭോഗമുള്ളതുമായ ഗാർഹിക ഉപഭോക്താക്കളെ ഇന്ധന സർചാർജ്ജിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. മൊത്തം വൈദ്യുതി വാങ്ങൽ വിലയിലെ വ്യതിയാനങ്ങൾ സ്വയമേവ മാസാടിസ്ഥാനത്തിൽ ഉപഭോക്താവിന് കൈമാറാനുള്ള വ്യവസ്ഥകളുൾക്കൊള്ളിച്ചുകൊണ്ട് കേന്ദ്ര ഊർജ്ജമന്ത്രാലയം വൈദ്യുതി ഭേദഗതി റൂൾസ് 2022, 29-12-2022-ന് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടഭേദഗതി പ്രകാരം ഇന്ധനവിലയിലുണ്ടാകുന്ന വ്യതിയാനം കാരണമോ വൈദ്യുത വാങ്ങൽ വിലയിലുണ്ടാകുന്ന വ്യത്യാസം കാരണമോ ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത സംസ്ഥാന റെഗുലേറ്ററി കമ്മിഷന്റെ അനുമതി കൂടാതെതന്നെ വൈദ്യുത വിതരണ കമ്പനികൾക്ക് ഉപഭോക്താക്കളിൽനിന്നുമീടാക്കാൻ അനുമതി നൽകുന്നു.

(ഡി) കെ.എസ്.ഇ.ബി. റെഗുലേറ്ററി കമ്മിഷനോട് ആവശ്യപ്പെട്ട വർദ്ധനവിന്റെയും പ്രസ്തുത കമ്മിഷൻ അംഗീകാരം നൽകിയ വർദ്ധനവിന്റെയും വിശദാംശം നൽകാമോ?

ഇന്ധന വിലയിലുണ്ടായ വ്യതിയാനം കാരണം 2021-22 ലെ വൈദ്യുതി വാങ്ങൽ ചെലവിലുണ്ടായ അധികബാധ്യതയായ 18.10 കോടി രൂപ ഉപഭോക്താക്കളിൽനിന്നും മൂന്ന് പൈസ നിരക്കിൽ അനുവദിച്ചുതരുന്നതിനുള്ള അപേക്ഷ കമ്മിഷൻ മുമ്പാകെ കെ.എസ്.ഇ.ബി.എൽ സമർപ്പിച്ചിരുന്നു. അതുപോലെതന്നെ 2021-22-ന് നാലാംപാദത്തിലെ അധികബാധ്യതയായ 16.05 കോടി രൂപ 3 പൈസ നിരക്കിൽ സർചാർജ്ജായി ഉപഭോക്താക്കളിൽനിന്നും ഈടാക്കാനുള്ള അപേക്ഷയും കമ്മിഷൻ മുമ്പാകെ 22-9-2022-ൽ സമർപ്പിച്ചിരുന്നു. 2022-23-ലെ ഒന്നാംപാദത്തിൽ, കമ്മിഷൻ അംഗീകരിച്ച ഇന്ധനവിലയേക്കാൾ, ഇന്ധനവിലയിലുണ്ടായ വ്യതിയാനം കാരണം വൈദ്യുതിവാങ്ങൽ ചെലവിൽ 87.07 കോടി രൂപ അധികബാധ്യതയുണ്ടാവുകയും പ്രസ്തുത അധികബാധ്യത 14 പൈസ നിരക്കിൽ ഇന്ധന സർചാർജ്ജായി ഉപഭോക്താക്കളിൽ നിന്നീടാക്കുവാനുമുള്ള അപേക്ഷ കമ്മിഷൻ മുമ്പാകെ കെ.എസ്.ഇ.ബി.എൽ 17-11-2022-ൽ സമർപ്പിച്ചിരുന്നു. 18-01-2023-ന് പ്രസ്തുത പെറ്റീഷനുകളിന്മേൽ കമ്മിഷൻ പൊതുതെളിവെടുപ്പ് നടത്തി,

25-1-2023-ലെ ഉത്തരവുപ്രകാരം ഒന്നാംപാദത്തിലെ ഇന്ധന സർചാർജ്ജ് ഉപഭോക്താക്കളിൽ നിന്നീടാക്കുവാൻ അനുവദിച്ചിട്ടുണ്ട്.

## സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ സുതാര്യത ഉറപ്പുവരുത്തുന്നതിന് നടപടി

16(*196) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. എം. വിജിൻ:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിൽ കൂടുതൽ സുതാര്യത ഉറപ്പുവരുത്തുന്നതിനായി ഈ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി സംഘങ്ങളിൽ സംഭവിക്കുന്നതായി പറയപ്പെടുന്ന ക്രമക്കേടുകളിൽ ആവശ്യമായ ഇടപെടൽ ശക്തമാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനത്തെ സഹകരണ മേഖലയിൽ സമീപകാലത്തായി നടന്നിട്ടുള്ള ഒറ്റപ്പെട്ട ക്രമക്കേടുകളുടെ പശ്ചാത്തലത്തിൽ പ്രസ്തുത ക്രമക്കേടുകൾ കണ്ടെത്തി പരിഹരിക്കുന്നതിനുള്ള കർശനനടപടി സർക്കാർ സ്വീകരിച്ചുവരുന്നു. ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ, താലൂക്കുതല അസിസ്റ്റന്റ്

രജിസ്ട്രാർമാർ എന്നിവർ സഹകരണ ബാങ്കുകളിൽ ആകസ്മികവും വിശദവുമായ പരിശോധനകൾ നടത്തുകയും കൂടാതെ പൊതുജനങ്ങളിൽനിന്നും സഹകാരികളിൽനിന്നും ലഭിക്കുന്ന പരാതികളിന്മേൽ പ്രാഥമിക അന്വേഷണം നടത്തുകയും ക്രമക്കേടുകൾ ബോദ്ധ്യപ്പെടുന്നപക്ഷം സഹകരണ നിയമം വകുപ്പ് 65, 66, 68 പ്രകാരമുള്ള തുടരന്വേഷണങ്ങളും പരിശോധനകളും നടത്തുകയും പ്രസ്തുത അന്വേഷണങ്ങളിൽ ക്രമക്കേടുകൾ നടന്നിട്ടുണ്ടെന്ന് കണ്ടെത്തുന്നപക്ഷം വകുപ്പ് 68(2) പ്രകാരമുള്ള സർചാർജ്ജ് നടപടികളും വകുപ്പ് 32 പ്രകാരം ഭരണസമിതിയെ പിരിച്ചുവിടുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. സഹകരണ നിയമപ്രകാരമുള്ള അന്വേഷണങ്ങളിലോ പരിശോധനയിലോ ആഡിറ്റിലോ ക്രിമിനൽ സ്വഭാവമുള്ള സാമ്പത്തികക്രമക്കേടുകൾ കണ്ടെത്തുന്നപക്ഷം കൃത്യവിലോപം വരുത്തിയ ജീവനക്കാർക്കും ഭരണസമിതി അംഗങ്ങൾക്കുമെതിരെ ക്രിമിനൽ നിയമപ്രകാരം നടപടി സ്വീകരിക്കുന്നതിന് സർക്കുലർ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലർപ്രകാരം സഹകരണ സ്ഥാപനങ്ങളിൽ പൊതുധനത്തിന്റേയോ ആസ്തികളുടേയോ തിരിമറികൾ ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത ക്രമക്കേടിലുൾപ്പെട്ടിട്ടുള്ള തുകകൾ എത്രതന്നെയായാലും ക്രിമിനൽ നടപടി

നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം അന്വേഷണം നടത്തുന്നതിന് ക്രമക്കേട് ശ്രദ്ധയിൽപ്പെട്ട സഹകരണ സ്ഥാപനത്തിന്റെ ആസ്ഥാന ആഫീസിന്റെ പരിധിയിൽവരുന്ന ലോക്കൽ പോലീസ് സ്റ്റേഷനിൽ അറിയിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൽ സഹകരണ നിയമം വകുപ്പ് 68 എ പ്രകാരം രൂപീകൃതമായിട്ടുള്ള സഹകരണ വിജിലൻസ് സംവിധാനം സംസ്ഥാനത്തെ വിവിധ സഹകരണ സംഘങ്ങളിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികളിന്മേൽ ഫലപ്രദമായി അന്വേഷണം നടത്തുകയും സഹകരണ സംഘം രജിസ്ട്രാർക്ക് റിപ്പോർട്ട് സമർപ്പിക്കുകയും പ്രസ്തുത അന്വേഷണ റിപ്പോർട്ടുകളിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ നിയമാനുസൃത തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. സഹകരണ ആഡിറ്റ് സംവിധാനം ഫലപ്രദമായവിധം ശക്തിപ്പെടുത്തുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. പൈലറ്റടിസ്ഥാനത്തിൽ രണ്ട് ജില്ലകളിൽ ഗ്രൂപ്പ് ആഡിറ്റ് ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്. എല്ലാ ജില്ലകളിലും ഉടൻ ഈ സംവിധാനം നടപ്പിലാക്കുന്നതാണ്. വസ്തു ഈടുകളുടെ സാമ്പിൾ തെരഞ്ഞെടുത്ത് ഭൗതിക പരിശോധന നടത്തുവാൻ ആഡിറ്റർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

വസ്തുജാമ്യത്തിലുള്ള വായ്പ അപേക്ഷയിന്മേൽ ഏകീകൃത സ്വഭാവം കൊണ്ടുവരുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. എല്ലാ സഹകരണ സംഘങ്ങളും സംഘത്തിൽ സൂക്ഷിച്ചിരിക്കുന്ന മുഴുവൻ സ്വർണ്ണ ഉരുപ്പടികളുടെയും തൂക്കത്തിലെ കൃത്യതയും പരിശുദ്ധിയും ഉറപ്പുവരുത്തുന്നതിന് സംഘം തലത്തിൽ സെക്രട്ടറി/ചീഫ് എക്സിക്യൂട്ടീവ്, സംഘം ജീവനക്കാരിൽനിന്ന് ഒരു പ്രതിനിധി, ഒരു ഭരണസമിതി അംഗം, ഒരു അപ്രൈസർ എന്നിവരുൾപ്പെട്ട പരിശോധന കമ്മിറ്റി രൂപീകരിച്ച് ഓരോ മൂന്നുമാസം കൂടുമ്പോഴും ഭൗതികപരിശോധന നടത്തി വിലയിരുത്തി സാക്ഷ്യപത്രം സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. സംഘത്തിൽ സൂക്ഷിച്ചിട്ടുള്ള പ്രസ്തുത സാക്ഷ്യപത്രത്തിന്റെ പകർപ്പ് സഹകരണ ഓഡിറ്റർമാരുടെ പരിശോധനയ്ക്ക് ലഭ്യമാക്കി സാക്ഷ്യപ്പെടുത്തേണ്ടതായിട്ടുമുണ്ട്. സഹകരണ രംഗത്തെ ആശാസ്യമല്ലാത്ത പ്രവണതകളില്ലാതാക്കുന്നതിനും ആയതിന് ഉത്തരവാദികളെ നിയമത്തിന്റെ മുന്നിലെത്തിക്കുന്നതിനുമുള്ള കർശന വ്യവസ്ഥകളുൾക്കൊള്ളിച്ച വ്യവസ്ഥകൾ, സമഗ്ര നിയമ പരിഷ്കരണത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ബി) ഇതിന്റെ ഭാഗമായി ജീവനക്കാരുടെയും ഭരണസമിതിയംഗങ്ങളുടെയും വായ്പ, ചിട്ടി തുടങ്ങി സംഘവുമായി ബന്ധപ്പെട്ട

സാമ്പത്തിക ഇടപാടുകൾ സംബന്ധിച്ച വിവരങ്ങൾ സഹകാരികൾക്ക് പരിശോധിക്കാൻ സാധിക്കുന്ന സംവിധാനമൊരുക്കുമോ; വിശദമാക്കുമോ?

സഹകരണ സ്ഥാപനങ്ങളിലെ ഭാരവാഹികളും ജീവനക്കാരും അവരുടെ കുടുംബങ്ങളുമെടുക്കുന്ന വായ്പകൾ ജനറൽ ബോഡി മീറ്റിംഗിൽ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നിയമപരിഷ്കരണ നിർദ്ദേശങ്ങളിലുൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) സംഘങ്ങളുടെ ആഡിറ്റ് ശക്തമാക്കുന്നതിനും ആഡിറ്റ് നിരീക്ഷണങ്ങൾ കൃത്യമായി വിലയിരുത്തി തിരുത്തൽ നടപടികൾ ഉറപ്പാക്കുന്നതിനുമാവശ്യമായ നിയമ പിന്തുണ ഉറപ്പാക്കുമോ; വിശദമാക്കുമോ?

- സഹകരണ സംഘങ്ങളുടെ ആഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിലേയ്ക്കായി ആഡിറ്റ് വകുപ്പ് നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.
- സഹകരണ ആഡിറ്റ് സംവിധാനം ഫലപ്രദമായി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പത്തനംതിട്ട, തൃശ്ശൂർ എന്നീ

ജില്ലകളിൽ ടീം ആഡിറ്റ് സംവിധാനമാരംഭിച്ചു. 14 ജില്ലകളിലും ഈ സംവിധാനമേർപ്പെടുത്തുന്നതാണ്.

- സഹകരണ സംഘങ്ങളുടെ പ്രവർത്തന മൂലധനം/ആകെ വരുമാനം കണക്കാക്കി ഒരു ടീമിൽ മൂന്ന് ആഡിറ്റർമാർ എന്ന തരത്തിൽ ഡെപ്യൂട്ടി ഡയറക്ടർ ടീം, അസിസ്റ്റന്റ് ഡയറക്ടർ ടീം, സ്പെഷ്യൽ ഗ്രേഡ്/സീനിയർ ആഡിറ്റർ ടീം എന്നിങ്ങനെയാണ് ടീം ആഡിറ്റ് പൈലറ്റ് പദ്ധതിക്കായി ടീമിന്റെ ഘടന തീരുമാനിച്ചിരിക്കുന്നത്.
- വസ്തു ഈടുകളുടെ സാമ്പിൾ തെരഞ്ഞെടുത്ത് ഭൗതികപരിശോധന നടത്തുവാൻ ആഡിറ്റർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.
- ആഡിറ്റ് MATRIX- ന്റെ ഉപയോഗത്തിലൂടെ ആഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കുവാനും റിപ്പോർട്ടിംഗ് മികവുറ്റതാക്കുവാനും റിസ്ക് കൂടിയ മേഖലകളിൽ കൂടുതൽ ശ്രദ്ധചെലുത്താനുമുള്ള പരിശീലനം ആഡിറ്റ് ഡയറക്ടറുടെ നേതൃത്വത്തിൽ നൽകിയിട്ടുണ്ട്.
- വകുപ്പുതലത്തിൽ ആഡിറ്റർമാരുടെ പ്രവൃത്തി അവലോകനം താലൂക്ക്/ജില്ലാ/ സംസ്ഥാനതലങ്ങളിൽ പ്രതിമാസം നടത്തിവരുന്നു.
- പരിഷ്കരിച്ച ആഡിറ്റ് മാന്വൽപ്രകാരം ആഡിറ്റ് നടത്തുന്നതിന് ആഡിറ്റർമാർക്കാവശ്യമായ പരിശീലനം നൽകിവരുന്നു.

- പ്രതിമാസ നിക്ഷേപ പദ്ധതികളുടെ ആഡിറ്റ് ഏകീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

- വസ്തുജാമ്യത്തിലുള്ള വായ്പ അപേക്ഷയിന്മേൽ ഏകീകൃത സ്വഭാവം കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

- സഹകരണ ആഡിറ്റ് കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

- ആഡിറ്റ് ശക്തിപ്പെടുത്തുന്നതിനാവശ്യമായ ഭേദഗതികൾ സഹകരണ നിയമ ഭേദഗതിയിലുൾപ്പെടുത്തിയിട്ടുണ്ട്.

- സഹകരണവകുപ്പ് ആധുനികവൽക്കരണത്തിന്റെ ഭാഗമായി C-dit മുഖേന നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടിൽ (Integrated Co-operative Department Management System) ഉൾപ്പെടുത്തി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ആഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്.

**സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച**

17(*197) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ:</u>
<u>ശ്രീ. എം. നൗഷാദ്:</u>

ശ്രീ. ടി. ഐ. മധുസൂദനൻ:

ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിനും സംസ്ഥാന സർക്കാരിനും വ്യത്യസ്ത മാനദണ്ഡങ്ങൾ ബാധകമാക്കിക്കൊണ്ട് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി കുറച്ചത് സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച മന്ദീഭവിപ്പിക്കാനിടയുണ്ടോയെന്ന് പരിശോധിച്ചിരുന്നോ?

കേന്ദ്രധനകാര്യകമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ള സംസ്ഥാനത്തിന്റെ അനുവദനീയമായ കടമെടുപ്പ് പരിധിക്കുള്ളിൽനിന്നുകൊണ്ടാണ് സംസ്ഥാനം കടമെടുക്കുന്നത്. Fiscal Responsibility and Budget Management (FRBM) നിയമപ്രകാരം സംസ്ഥാനത്തിന്റെ നടപ്പുവർഷത്തെ പരമാവധി കടമെടുപ്പുപരിധി 4 ശതമാനമാണ്. ഇതിൽ 0.5% ഊർജ്ജമേഖലയിൽ കൈവരിക്കേണ്ട നേട്ടങ്ങൾക്കുള്ളതാണ്. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21, 2021-22 സാമ്പത്തികവർഷങ്ങളിൽ ജി.എസ്.ഡി.പി.-യുടെ 3 ശതമാനം എന്ന വായ്പാപരിധിക്കുപുറമെ യഥാക്രമം 2-ഉം 1.5-ഉം ശതമാനം അധിക വായ്പാപരിധി കേന്ദ്രം സംസ്ഥാനത്തിന്

അനുവദിച്ചിരുന്നു. സംസ്ഥാനങ്ങളുടെ ധനസ്ഥിതി ശരിയായ ധനദൃഢീകരണപാതയിൽ കൊണ്ടുവരുന്നതിനുവേണ്ടി പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ചിട്ടുള്ള ധനസൂചകങ്ങളിൽ/ലക്ഷ്യങ്ങളിൽ ഊന്നിയാണ് പ്രതിസന്ധികൾക്കിടയിലും സംസ്ഥാനം അതിന്റെ സാമ്പത്തിക ചുമതലകൾ നിർവ്വഹിച്ചുവരുന്നത്. ഇതിന്റെഭാഗമായി 2003-ലെ ധനസംബന്ധമായ ഉത്തരവാദിത്ത നിയമം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാന സർക്കാരിനുകീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ്യ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്കെടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന തെറ്റായ നിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കുറവുവരുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കാർ ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെഭാഗമായി കിഫ്ബി, KSSPL മുതലായ പ്രത്യേക ഉദ്ദേശ്യ സ്ഥാപനങ്ങളുടെ കടം സംസ്ഥാന സർക്കാരിന്റെ കടമായി തെറ്റായി കണക്കാക്കി 2021-22 സാമ്പത്തികവർഷം ഈ സ്ഥാപനങ്ങളെടുത്ത വായ്പ നാലുതവണകളായി 2022-23 മുതൽ ഓരോവർഷവും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽനിന്നും കുറയ്ക്കുന്നതാണെന്ന നിലപാട് കേന്ദ്രസർക്കാർ ഇതിനോടകംതന്നെ കൈക്കൊണ്ടിട്ടുണ്ട്. ഈ നിലപാടിനോട് സംസ്ഥാന

സർക്കാരിനുള്ള ശക്തമായ വിയോജിപ്പ് കേന്ദ്ര സർക്കാരിനെ പല തവണ അറിയിച്ചിട്ടുണ്ടെങ്കിലും കേന്ദ്രസർക്കാർ പ്രസ്തുത നിലപാടിൽ മാറ്റം വരുത്തിയിട്ടില്ല. ഭരണഘടനയുടെ ആർട്ടിക്കിൾ 293(3), 293(4) എന്നിവയ്ക്കനുസൃതമായി 2017 ഓഗസ്റ്റിനുമുമ്പ് നിലനിന്നിരുന്നതുപോലെ പൊതുകണക്ക് ഇനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പും പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകളും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിർണ്ണയിക്കുന്നതിൽനിന്നും ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് 22-07-2022-ലെ 134/2022/എം.ധന നമ്പർ പ്രകാരം സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രി കേന്ദ്ര ധനകാര്യമന്ത്രിക്ക് ഒരു കത്തും 19-01-2023-ലെ 133/CM/2023 നമ്പർ പ്രകാരം മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് ഒരു നിവേദനമുൾപ്പെടുന്ന കത്തും സമർപ്പിച്ചിട്ടുണ്ട്. ധനകാര്യ കമ്മിഷൻ നിശ്ചയിച്ചുനൽകിയിട്ടുള്ള അനുവദനീയമായ കടമെടുപ്പ് പരിധിയെ അടിസ്ഥാനപ്പെടുത്തിയാണ് സംസ്ഥാന ബഡ്ജറ്റ് തയ്യാറാക്കാറുള്ളത്. ഇത്തരത്തിൽ കടമെടുക്കുന്ന തുക പ്രധാനമായും അടിസ്ഥാനസൗകര്യ വികസനത്തിനാണ് ഉപയോഗിക്കുന്നത്. സംസ്ഥാന നിയമസഭ ബഡ്ജറ്റ് പാസാക്കിയതിനുശേഷം പിന്നീട് കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തുന്നത് സംസ്ഥാനത്തിന്റെ വികസന

മുൻഗണനകളെ താളംതെറ്റിക്കുകയും നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസമുണ്ടാകുന്നതിന് ഇടവരുത്തുകയും ചെയ്യും. 15-ാം ധനകാര്യകമ്മീഷന്റെ ശിപാർശ പ്രകാരം തന്നെ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്മേൽ കടമെടുക്കാനുള്ള സംസ്ഥാനത്തിന്റെയും കേന്ദ്രത്തിന്റെയും വായ്പാപരിധികളിൽ വലിയ അന്തരമാണുള്ളത്. ഇതനുസരിച്ച് കടമെടുക്കാനുള്ള നടപ്പുവർഷത്തെ കേന്ദ്രത്തിന്റെ പരമാവധി വായ്പാപരിധി 5.5 ശതമാനമായിരിക്കെ 6.4 ശതമാനം കടമെടുക്കാനാണ് കേന്ദ്രസർക്കാരുദ്ദേശിക്കുന്നത്. സംസ്ഥാനത്തിന് അനുവദനീയമായിട്ടുള്ളത് വെറും 4 ശതമാനം മാത്രമാണ്.

(ബി) കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും നടപ്പുസാമ്പത്തിക വർഷത്തെ പ്രതീക്ഷിത ധനകമ്മിയെത്രയെന്നും പൊതുകടം ജി.ഡി.പി./ജി.എസ്.ഡി.പി.യുടെ എത്ര ശതമാനം വീതമെന്നും അറിയിക്കാമോ?

നടപ്പുസാമ്പത്തികവർഷത്തെ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള സംസ്ഥാന സർക്കാരിന്റെയും കേന്ദ്രസർക്കാരിന്റെയും ധനകമ്മിയും മൊത്തം ആഭ്യന്തര ഉല്പാദനത്തിന്മേലുള്ള പൊതുകടത്തിന്റെ ശതമാനവും ചുവടെ പട്ടികയായി ചേർക്കുന്നു.

| സർക്കാരുകൾ | ധനകമ്മി (തുക കോടിയിൽ) | മൊത്തം ആഭ്യന്തര ഉല്പാദനത്തിന്മേലുള്ള പൊതുകടത്തിന്റെ ശതമാനം |
|---|---|---|
| സംസ്ഥാനം | 36763.95 | 24.14% |
| കേന്ദ്രം | 1755319 | 32.83% |

(സി) കേന്ദ്ര സർക്കാർ നയങ്ങൾ സൃഷ്ടിച്ച രൂപയുടെ മൂല്യത്തകർച്ചയും നാണ്യപ്പെരുപ്പവും വിലക്കയറ്റത്തിനും പൊതുചെലവ് വർദ്ധനയ്ക്കും വഴിവയ്ക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് സാമൂഹ്യനീതി ഉറപ്പാക്കിക്കൊണ്ട് സുസ്ഥിര വികസനമെന്ന ലക്ഷ്യം നേടുന്നതിനാവിഷ്കരിച്ചിട്ടുള്ള വികസന തന്ത്രങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

കേന്ദ്ര സർക്കാർ അടിച്ചേൽപ്പിക്കുന്ന ധനകാര്യ യാഥാസ്ഥിതികത്വത്തെ കേരളത്തിന്റെ ബദൽ വികസന മാതൃകകൊണ്ട് നേരിടുന്ന തന്ത്രമാണ് സർക്കാർ ആവിഷ്കരിച്ചിരിക്കുന്നത്. 2021-22-ൽ കേരളത്തിന്റെ ആഭ്യന്തര ഉല്പാദനം സ്ഥിരവിലയിൽ 12.01 ശതമാനം കണ്ട് വളർന്നു. 2020-21 കോവിഡ് കാലഘട്ടത്തിൽ സമ്പദ്ഘടന 8.43 ശതമാനം കണ്ട് തളരുകയാണുണ്ടായത്. 2019-20-ലാകട്ടെ വളർച്ച കേവലം 0.9 ശതമാനമായിരുന്നു. ഉല്പാദനമേഖലയെയും ഉൾച്ചേർത്തുകൊണ്ടുള്ള സാമ്പത്തികവളർച്ച നമുക്ക് നേടാനായിയെന്നതാണ് മുൻവർഷങ്ങളെ

അപേക്ഷിച്ച് 2021-22-ലെ സാമ്പത്തികവളർച്ചയുടെ പ്രത്യേകത. കാർഷിക അനുബന്ധമേഖലയിൽ 6.7 ശതമാനവും വ്യാവസായികാനുബന്ധ മേഖലയിൽ 17.3 ശതമാനവും വളർച്ചാ നിരക്ക് കൈവരിച്ചത് സമീപകാല ചരിത്രത്തിലാദ്യമായാണ്. വ്യാവസായിക മേഖലയ്ക്കുള്ളിൽ ഉല്പന്നനിർമ്മാണ മേഖലയിലാണ് (manufacturing) നിർണ്ണായകമായ വളർച്ചാനിരക്ക് കൈവരിക്കാനായത് (18.9 ശതമാനം). ഇത്തരത്തിൽ സമ്പദ്‌വ്യവസ്ഥയെ പുനരുദ്ദീപിപ്പിച്ച് ഉല്പാദനവും അതുവഴി വരുമാനവും വർദ്ധിപ്പിക്കുക യെന്നതാണ് ഇടത് സർക്കാരിന്റെ നയം. സുസ്ഥിര വികസനമെന്ന ലക്ഷ്യം നേടുന്നതിന് ആവിഷ്കരിച്ചിട്ടുള്ള വികസന തന്ത്രങ്ങൾ ചുവടെ ചേർക്കുന്നു.

- വിലക്കയറ്റത്തിന്റെ ഭീഷണി പൂർണ്ണമായും ഒഴിഞ്ഞുമാറിയിട്ടില്ല എന്നത് പരിഗണിച്ച് ശക്തമായ വിപണിയിടപെടലുകൾ തുടരുന്നതിനായി 2023-24-ലേയ്ക്ക് 2000 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.
- റബ്ബർ കർഷകരെ സഹായിക്കുന്നതിന്റെ ഭാഗമായി റബ്ബർ സബ്സിഡിക്കുള്ള ബഡ്ജറ്റ് വിഹിതം 600 കോടി രൂപയായി വർദ്ധിപ്പിച്ചു.
- നികുതി, നികുതിയേതര വരുമാനം പരമാവധി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

- സർക്കാർ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്ന തരത്തിലുള്ള പരിഷ്കാരങ്ങൾ വ്യാപകമാക്കി.

- ഭരണത്തിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഏജൻസികൾ തമ്മിൽ ആരോഗ്യകരമായ മത്സരം നടക്കേണ്ടതുണ്ട്. ലഭ്യമായ ബഡ്ജറ്റ് വകയിരുത്തലിനുള്ളിൽ നിന്നുകൊണ്ട് കൂടുതൽ ക്ഷേമ-വികസന പ്രവർത്തനങ്ങൾ മികച്ച രീതിയിൽ ഏറ്റെടുക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് ധനസഹായം നൽകുന്നതിന് 100 കോടി രൂപ ഈ വർഷത്തേയ്ക്ക് നീക്കിവച്ചിട്ടുണ്ട്. ഏറ്റവും മികച്ച പ്രൊപ്പോസലുകൾ തെരഞ്ഞെടുത്ത് സഹായം അനുവദിക്കും.

- പദ്ധതി ചെലവ് വിലയിരുത്തുന്നതിനായി വളരെ വിജയകരമായി ഉപയോഗിച്ചുവരുന്ന പ്ലാൻ സ്പേസ് സംവിധാനത്തിന്റെ പുതിയ എഡിഷനിൽ സർക്കാർ വകുപ്പുകളുടെ/സ്ഥാപനങ്ങളുടെ കാര്യക്ഷമത/ ഉൽപ്പാദനക്ഷമത കൂടി താരതമ്യം ചെയ്യുന്നതിനുള്ള സംവിധാനമുണ്ടാകും. സർക്കാർ ചെലവാക്കുന്ന പണത്തിനാനുപാതികമായ പ്രയോജനമുണ്ടാകുന്നുണ്ടെന്ന് ഉറപ്പാക്കുകയാണ് ലക്ഷ്യം. സർക്കാർ ഏജൻസികളുടെ കാര്യക്ഷമത താരതമ്യം ചെയ്യുന്ന ഇന്ത്യയിലെ തന്നെ ആദ്യത്തെ

ഉദ്യമമായിരിക്കുമിത്. പ്ലാൻ സ്പേസിന്റെ അധിക ചെലവിലേയ്ക്കായി 2023-24 ബജറ്റിൽ 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

• ഭരണത്തിന്റെ കാര്യക്ഷമത ഉയർത്തുന്നതിനുവേണ്ടി കൃത്യമായ രീതിശാസ്ത്രമവലംബിച്ച് വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്നതിന് വകുപ്പുകളെ സജ്ജമാക്കുകയും ഇതിനായി പരിശീലന പരിപാടികൾ നടത്താൻ ഐ.എം.ജി.-യെ ചുമതലപ്പെടുത്തുകയും ചെയ്യും. മേൽ പ്രതിപാദിത പ്രവർത്തനങ്ങളിലൂടെ സർക്കാർ വകുപ്പുകളുടെ ജനങ്ങളോടുള്ള ഉത്തരവാദിത്തവും സുതാര്യതയും ഉറപ്പുവരുത്തുന്നതാണ്.

**കേരള ബാങ്കിന്റെ പ്രവർത്തനം**

18(*198) <u>ശ്രീ. പി. മമ്മിക്കുട്ടി</u>:
<u>ശ്രീ. കെ. വി. സുമേഷ്</u>:
<u>ശ്രീ. കെ. കെ. രാമചന്ദ്രൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള ബാങ്കിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

കേരള ബാങ്ക് നിലവിൽ വന്നതിനുശേഷം കേരളത്തിന്റെ വികസനത്തിന് സമഗ്രമായ ഇടപെടലാണ് കേരള ബാങ്ക് നടത്തിവരുന്നത്. സമൂഹത്തിലെ എല്ലാ വിഭാഗക്കാർക്കുമനുയോജ്യമായ വിധത്തിൽ വിവിധങ്ങളായ നിക്ഷേപ, വായ്പാ പദ്ധതികൾ കേരള ബാങ്ക് നടപ്പിലാക്കിയിട്ടുണ്ട്. കേരള ബാങ്ക് രൂപീകരണത്തിനുശേഷം ബാങ്കിന്റെ നിക്ഷേപത്തിലും വായ്പകളിലും മൂലധനത്തിലും വർദ്ധനയുണ്ടായിട്ടുണ്ട്. Concessional Refinance മൂന്ന് മടങ്ങായി വർദ്ധിച്ചു. 2018-19 -ൽ 2842.25 കോടി രൂപയായിരുന്നത് 2021-22-ൽ 8982.20 കോടി രൂപയായി വർദ്ധിച്ചു. വ്യക്തികൾക്കും സംഘങ്ങൾക്കും നൽകുന്ന വായ്പയുടെ പലിശയിൽ 1 ശതമാനം മുതൽ 4 ശതമാനം വരെ കുറവ് വരുത്താൻ കഴിഞ്ഞു. മറ്റെല്ലാ സംസ്ഥാനങ്ങളിലും KCC വായ്പ 7 ശതമാനത്തിന് നൽകുമ്പോൾ കേരളത്തിലത് 6 ശതമാനത്തിന് നൽകാൻ സാധിച്ചു. എല്ലാവിധ ജനവിഭാഗങ്ങൾക്കും സംഘങ്ങൾക്കുമായി 45-ഓളം വായ്പാപദ്ധതികൾ നടപ്പിലാക്കി. ഇപ്രകാരം സഹകരണ മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവച്ചതിന് നാഷണൽ ഫെഡറേഷൻ ഓഫ് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് (NAFSCOB) ഏർപ്പെടുത്തിയ അവാർഡിൽ ദേശീയതലത്തിൽ പ്രഥമസ്ഥാനമാണ് കേരള ബാങ്കിന് ലഭിച്ചത്. ജനാധിപത്യ രീതിയിലുള്ള

പ്രവർത്തനം, വിഭവ സമാഹരണവും വികസനവും, ബാങ്കിംഗ് സേവനങ്ങൾ പരമാവധി ഉപഭോക്താക്കൾക്കെത്തിക്കുന്നതിൽ കൈവരിച്ച വിജയം, മികച്ച റിക്കവറി പ്രവർത്തനങ്ങൾ, കുടിശ്ശിക നിർമ്മാർജ്ജനം, സാമ്പത്തിക സാക്ഷരത രംഗത്തുണ്ടായ മുന്നേറ്റം, മാർഗ്ഗനിർദ്ദേശ പാലനരീതി, മികച്ച ലാഭനേട്ടം തുടങ്ങി വിവിധ മേഖലയിലെ പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിലാണ് NAFSCOB-ൽനിന്നും കേരളാ ബാങ്കിന് അവാർഡ് ലഭിച്ചത്. 31-03-2020-ൽ ആകെ നിക്ഷേപം 61037.59 കോടി രൂപയായിരുന്നത് 31-03-2022-ൽ 69907.12 കോടി രൂപയായി വർദ്ധിച്ചു. ബാങ്കിന്റെ ആകെ വായ്പ 31-03-2020-ൽ 40156.82 കോടി രൂപയായിരുന്നത് 31-03-2022-ൽ 40950.04 കോടി രൂപയായി വർദ്ധിച്ചു. ഓഹരി മൂലധനം 1652.09 കോടി രൂപയിൽനിന്നും 2042.08 കോടി രൂപയായി വർദ്ധിച്ചു. മൂലധന പര്യാപ്തത 31-03-2020-ലെ 6.77 ശതമാനത്തിൽനിന്നും 31-03-2022-ൽ 10.01 ശതമാനമായി വർദ്ധിച്ചു. എല്ലാ ആധുനിക ബാങ്കിംഗ് സംവിധാനങ്ങളും സഹകരണ മേഖലയിൽ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ കേരള ബാങ്കിന്റെ ഏകീകൃത കോർ ബാങ്കിംഗ് സംവിധാനത്തിനായി ഇൻഫോസിസ് കമ്പനിയുടെ ലോകത്തിലെതന്നെ ഏറ്റവും മികച്ച CBS-ൽ ഒന്നായ Finacle 10X

നടപ്പിലാക്കുന്നതിന് M/s Wipro-യെ ചുമതലപ്പെടുത്തുകയുണ്ടായി. സംസ്ഥാന സഹകരണ ബാങ്കിന്റെയും മലപ്പുറമൊഴികെയുള്ള മുൻ ജില്ലാ സഹകരണ ബാങ്കുകളുടേയും ഡാറ്റ പൂർണ്ണമായും 26-12-2022 തീയതിയിൽ ഏകീകൃത CBS-ൽ മാറുകയുണ്ടായി. നിലവിൽ കേരള ബാങ്കിന്റെ എല്ലാ ശാഖകളും ഏകീകൃത CBS-ലാണ് പ്രവർത്തിക്കുന്നത്. CBS interface മുഖേനയുള്ള അനുബന്ധ IT പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതോടുകൂടി ബാങ്കിംഗ് മേഖലയിലെ എല്ലാ ആധുനികസേവനങ്ങളും സഹകരണ മേഖലയിലെ ഇടപാടുകാർക്ക് ലഭ്യമാകും. ടി സേവനങ്ങൾക്കാവശ്യമായ വിവിധ റെഗുലേറ്ററി അനുമതികൾക്കായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(ബി) കേരള ബാങ്കിന്റെ രൂപീകരണത്തിനുശേഷം നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ ലക്ഷ്യം കണ്ടിരുന്നോ; വിശദമാക്കുമോ?

കേരള ബാങ്കിന്റെ രൂപീകരണത്തിനുശേഷം നിഷ്ക്രിയ ആസ്തി കുറച്ചുകൊണ്ടുവരുന്നതിന് ആക്ഷൻ പ്ലാൻ നടപ്പിലാക്കുകയും അപ്രകാരം ജില്ലകളിൽ നല്ല രീതിയിലുള്ള പ്രവർത്തനം നടന്നുവരികയും ചെയ്യുന്നുണ്ട്. ആക്ഷൻ പ്ലാൻ (SMA(Special Mentioned Asset) Management, NPA

Recovery) പ്രകാരമുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കിയതോടെ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് കേരള ബാങ്കിന്റെ നേതൃത്വത്തിൽ കോവിഡ് കാലത്ത് നടത്തിയ സാമൂഹ്യസുരക്ഷാ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

കോവിഡ് പ്രതിസന്ധിയിൽ സാധാരണക്കാരന്റെയും കർഷകന്റെയും ചെറുകിട ഇടത്തരം സംരംഭകരുടേയും വരുമാനം ഉയർത്തുന്നതിന്റെ ഭാഗമായി വിവിധങ്ങളായ വായ്പാപദ്ധതികൾ ആവിഷ്കരിച്ചുനടപ്പിലാക്കിയിട്ടുണ്ട്. ലഘു ജാമ്യവ്യവസ്ഥയിൽ നടപ്പിലാക്കിയ കെ.ബി സുവിധ പ്ലസ് വായ്പാ പദ്ധതി മുഖേന 5.00 ലക്ഷം രൂപ വരെ ഉല്പാദന, സേവന, വിപണന മേഖലയിലെ സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും ഉപജീവനത്തിനായി ഇരുചക്ര വാഹനങ്ങൾ വാങ്ങുന്നവർക്കും, ബസ്സുടമകൾക്കും വായ്പാസഹായം നൽകിവരുന്നുണ്ട്. മുഖ്യമന്ത്രിയുടെ സഹായ ഹസ്തം വായ്പാപദ്ധതി (CMHLS) ബാങ്കിൽ നടപ്പിലാക്കിയിരുന്നു. ടൂറിസം മേഖലയിലെ ജീവനക്കാർക്ക് KB ടൂറിസം ഗോൾഡ് സ്വർണ്ണപ്പണയ വായ്പാപദ്ധതി പലിശ സബ്സിഡിയോടെ നടപ്പിലാക്കിയിരുന്നു. കൂടാതെ, ടൂറിസം മേഖലയിലെ സംരംഭകർക്കായി KB

ടൂറിസം ടേം ലോൺ വായ്പാ പദ്ധതിയും പലിശ സബ്സിഡിയോടുകൂടി നടപ്പിലാക്കിയിരുന്നു.

**ധനസ്ഥിതി മെച്ചപ്പെടുത്താൻ കേന്ദ്ര സഹായം ലഭ്യമാക്കാൻ നടപടി**

19(*199) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) നോട്ട് നിരോധനവും മഹാപ്രളയങ്ങളും കോവിഡും തകർത്ത സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്താനായി കൂടുതൽ കേന്ദ്ര സഹായം ലഭ്യമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

മഹാപ്രളയമടക്കം പ്രകൃതിദുരന്തങ്ങളും കോവിഡ് മഹാമാരിയും സൃഷ്ടിച്ച പ്രതിസന്ധികളിൽനിന്നും സംസ്ഥാനം കരകയറി വരുന്നതേയുള്ളൂ. സംസ്ഥാന സർക്കാരിന്റെ നിയന്ത്രണങ്ങൾക്കതീതമായ നിരവധി ഘടകങ്ങൾ സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ചരക്ക് സേവന നികുതി നടപ്പിലാക്കിയതോടെ

സംസ്ഥാനങ്ങൾക്ക് നികുതി വർദ്ധനയ്ക്കുള്ള ഇടപെടലുകൾക്ക് പരിമിതികളും നിയന്ത്രണങ്ങളുമുണ്ടായി. ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട നഷ്ടപരിഹാര വിഹിതം 2022 ജൂലൈ മാസത്തിൽ കേന്ദ്ര സർക്കാർ നിർത്തലാക്കിയതും സംസ്ഥാനത്തിന്റെ ധനസ്ഥിതി കൂടുതൽ പരിതാപകരമാകാൻ കാരണമായി. ഇതിനുപുറമെ സംസ്ഥാനത്തിനനുവദിച്ചുവരുന്ന കേന്ദ്ര വിഹിതത്തിലും തുടർച്ചയായി കുറവ് രേഖപ്പെടുത്തുന്നു. സംസ്ഥാനങ്ങൾക്കിടയിൽ വീതം വയ്ക്കാനുള്ള കേന്ദ്രനികുതി വിഹിതം (ഡിവിസിബിൾ പൂൾ) പത്താം ധനകാര്യ കമ്മിഷന്റെ കാലയളവിൽ 3.87 ശതമാനമായിരുന്നത് ചുരുങ്ങിവരികയും പതിനാലാം ധനകാര്യ കമ്മിഷന്റെ കാലയളവിൽ 2.5 ശതമാനവും പതിനഞ്ചാം ധനകാര്യ കമ്മിഷന്റെ ഈ കാലയളവിൽ 1.925 ശതമാനവുമായി കുറച്ച നടപടി സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഗണ്യമായ കുറവുവരുത്തി. കേന്ദ്ര സർക്കാർ സെസ്സിലും സർചാർജ് ഇനത്തിലും കൂടി പിരിച്ചെടുക്കുന്ന തുക സംസ്ഥാനങ്ങൾക്ക് വീതിച്ച് നൽകുന്നതേയില്ല. ഇപ്രകാരം കേന്ദ്രം പിരിച്ചെടുക്കുന്ന സെസും സർചാർജും നികുതിവിഹിതം പങ്കുവയ്ക്കുന്ന മാതൃകയിൽ ഓരോ സംസ്ഥാനത്തിനുമായി വീതിച്ചു നൽകേണ്ടതാണ്. പ്രതിസന്ധിയുടെ കാലഘട്ടത്തിൽ കേന്ദ്ര സർക്കാർ എല്ലാ

സംസ്ഥാനങ്ങൾക്കുമായി അനുവദിച്ചുനൽകിയിരുന്ന കടമെടുപ്പ് പരിധിയായ 5 ശതമാനം തിരികെ 3 ശതമാനത്തിലേയ്ക്ക് കൊണ്ടുവരുന്നതും സംസ്ഥാന സമ്പദ്‌വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും. ഇതിനുപുറമെ സംസ്ഥാന സർക്കാരിനുകീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ്യ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്കെടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന തെറ്റായ നിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കുറവുവരുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി കിഫ്ബി, KSSPL മുതലായ പ്രത്യേക ഉദ്ദേശ്യ സ്ഥാപനങ്ങളുടെ കടം സംസ്ഥാന സർക്കാരിന്റെ കടമായി തെറ്റായി കണക്കാക്കി 2021-22 സാമ്പത്തികവർഷമെടുത്ത തുക നാലുതവണകളായി 2022-23 മുതൽ ഓരോവർഷവും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽനിന്നും കുറയ്ക്കുന്നതാണെന്ന നിലപാട് കേന്ദ്രസർക്കാർ ഇതിനകം തന്നെ കൈക്കൊണ്ടിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ഇത്തരം നിലപാടുകൾ സംസ്ഥാന സമ്പദ്‌വ്യവസ്ഥയ്ക്ക് കനത്ത ആഘാതമേൽപ്പിച്ചിട്ടുണ്ട്. ജി.എസ്.ടി നഷ്ടപരിഹാരം 5 വർഷത്തേയ്ക്കുകൂടി ദീർഘിപ്പിക്കുക, സംസ്ഥാനങ്ങളും കേന്ദ്രവും തമ്മിൽ പങ്കിടുന്ന ജി.എസ്.ടി.-യുടെ വരുമാനം നിലവിലെ 50:50

അനുപാതത്തിൽനിന്ന് 60:40 അനുപാതത്തിലേയ്ക്ക് വർദ്ധിപ്പിക്കുക, അസാധാരണമാംവിധം ഈടാക്കുന്ന ഉയർന്ന സെസുകളും സർചാർജ്ജുകളും നിർത്തലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാനദണ്ഡം സംസ്ഥാനങ്ങളുടെ സാഹചര്യങ്ങൾക്കനുസരിച്ച് പരിഷ്കരിക്കാൻ അനുവാദം നൽകുക, സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി ഉയർത്തുക, ഭരണഘടനയുടെ ആർട്ടിക്കിൾ 293(3), 293(4) എന്നിവയ്ക്കനുസൃതമായി, 2017 ഓഗസ്റ്റിനുമുമ്പ് നിലനിന്നിരുന്നതുപോലെ പൊതുകണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പും പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകളും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിർണ്ണയിക്കുന്നതിൽനിന്നുമൊഴിവാക്കുക എന്നീ ആവശ്യങ്ങൾ പരിഗണിക്കണമെന്ന് സംസ്ഥാനം നിരവധി തവണ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ജി.എസ്.ടി നഷ്ടപരിഹാരം 5 വർഷത്തേയ്ക്കുകൂടി ദീർഘിപ്പിക്കുകയെന്നതുപോലുള്ള പൊതുവായ ആവശ്യങ്ങളിൽ മറ്റ് സംസ്ഥാനങ്ങളുമായി യോജിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ഇടപെടലുകൾ നടത്താറുണ്ട്. മേൽ പ്രതിപാദിത പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ട് 22-07-2022-ലെ 134/2022/എം.ധന നമ്പർ പ്രകാരം സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രി കേന്ദ്രധനകാര്യമന്ത്രിക്ക് ഒരു കത്തും 19-01-2023-ലെ 133/CM/2023 നമ്പർ

പ്രകാരം മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് ഒരു നിവേദനമുൾപ്പെടുന്ന കത്തും സമർപ്പിച്ചിട്ടുമുണ്ട്.

(ബി) സംസ്ഥാനങ്ങളെ സാമ്പത്തികമായി തകർക്കുന്ന കേന്ദ്ര സർക്കാർ നയങ്ങളെ തിരുത്തുവാനും ബദൽ നടപടികൾ സ്വീകരിക്കുവാനും മറ്റ് സംസ്ഥാനങ്ങളുമായി സഹകരിച്ച് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

മഹാപ്രളയമടക്കം പ്രകൃതിദുരന്തങ്ങളും കോവിഡ് മഹാമാരിയും സൃഷ്ടിച്ച പ്രതിസന്ധികളിൽനിന്നും സംസ്ഥാനം കരകയറി വരുന്നതേയുള്ളൂ. സംസ്ഥാന സർക്കാരിന്റെ നിയന്ത്രണങ്ങൾക്കതീതമായ നിരവധി ഘടകങ്ങൾ സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ചരക്ക് സേവന നികുതി നടപ്പിലാക്കിയതോടെ സംസ്ഥാനങ്ങൾക്ക് നികുതി വർദ്ധനയ്ക്കുള്ള ഇടപെടലുകൾക്ക് പരിമിതികളും നിയന്ത്രണങ്ങളുമുണ്ടായി. ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട നഷ്ടപരിഹാരവിഹിതം 2022 ജൂലൈ മാസത്തിൽ കേന്ദ്ര സർക്കാർ നിർത്തലാക്കിയതും സംസ്ഥാനത്തിന്റെ ധനസ്ഥിതി കൂടുതൽ പരിതാപകരമാകാൻ കാരണമായി. ഇതിനുപുറമെ സംസ്ഥാനത്തിന് അനുവദിച്ചുവരുന്ന കേന്ദ്രവിഹിതത്തിലും തുടർച്ചയായി കുറവ്

രേഖപ്പെടുത്തുന്നു. സംസ്ഥാനങ്ങൾക്കിടയിൽ വീതംവയ്ക്കാനുള്ള കേന്ദ്രനികുതി വിഹിതം (ഡിവിസിബിൾ പൂൾ) പത്താം ധനകാര്യ കമ്മിഷന്റെ കാലയളവിൽ 3.87 ശതമാനമായിരുന്നത് ചുരുങ്ങിവരികയും പതിനാലാം ധനകാര്യ കമ്മിഷന്റെ കാലയളവിൽ 2.5 ശതമാനവും പതിനഞ്ചാം ധനകാര്യ കമ്മിഷന്റെ ഈ കാലയളവിൽ 1.925 ശതമാനവുമായി കുറച്ച നടപടി സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഗണ്യമായ കുറവുവരുത്തി. കേന്ദ്ര സർക്കാർ സെസ്സിലും സർചാർജിനത്തിലുംകൂടി പിരിച്ചെടുക്കുന്ന തുക സംസ്ഥാനങ്ങൾക്ക് വീതിച്ച് നൽകുന്നതേയില്ല. ഇപ്രകാരം കേന്ദ്രം പിരിച്ചെടുക്കുന്ന സെസും സർചാർജ്ജും നികുതിവിഹിതം പങ്കുവയ്ക്കുന്ന മാതൃകയിൽ ഓരോ സംസ്ഥാനത്തിനുമായി വീതിച്ചു നൽകേണ്ടതാണ്. പ്രതിസന്ധിയുടെ കാലഘട്ടത്തിൽ കേന്ദ്ര സർക്കാർ എല്ലാ സംസ്ഥാനങ്ങൾക്കുമായി അനുവദിച്ചുനൽകിയിരുന്ന കടമെടുപ്പ് പരിധിയായ 5 ശതമാനം തിരികെ 3 ശതമാനത്തിലേയ്ക്ക് കൊണ്ടുവരുന്നതും സംസ്ഥാന സമ്പദ്‌വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും. ഇതിനുപുറമെ സംസ്ഥാന സർക്കാരിനുകീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ്യ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്കെടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന തെറ്റായ നിലപാട് സ്വീകരിച്ച്

സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കുറവുവരുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി കിഫ്ബി, KSSPL മുതലായ പ്രത്യേക ഉദ്ദേശ്യ സ്ഥാപനങ്ങളുടെ കടം സംസ്ഥാന സർക്കാരിന്റെ കടമായി തെറ്റായി കണക്കാക്കി 2021-22 സാമ്പത്തികവർഷമെടുത്ത തുക നാലുതവണകളായി 2022-23 മുതൽ ഓരോവർഷവും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽനിന്നും കുറയ്ക്കുന്നതാണെന്ന നിലപാട് കേന്ദ്രസർക്കാർ ഇതിനകംതന്നെ കൈക്കൊണ്ടിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ഇത്തരം നിലപാടുകൾ സംസ്ഥാന സമ്പദ്‌വ്യവസ്ഥയ്ക്ക് കനത്ത ആഘാതമേൽപ്പിച്ചിട്ടുണ്ട്. ജി.എസ്.ടി നഷ്ടപരിഹാരം 5 വർഷത്തേയ്ക്കുകൂടി ദീർഘിപ്പിക്കുക, സംസ്ഥാനങ്ങളും കേന്ദ്രവും തമ്മിൽ പങ്കിടുന്ന ജി.എസ്.ടി.-യുടെ വരുമാനം നിലവിലെ 50:50 അനുപാതത്തിൽനിന്ന് 60:40 അനുപാതത്തിലേയ്ക്ക് വർദ്ധിപ്പിക്കുക, അസാധാരണമാംവിധം ഈടാക്കുന്ന ഉയർന്ന സെസുകളും സർചാർജ്ജുകളും നിർത്തലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാനദണ്ഡം സംസ്ഥാനങ്ങളുടെ സാഹചര്യങ്ങൾക്കനുസരിച്ച് പരിഷ്കരിക്കാൻ അനുവാദം നൽകുക, സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി ഉയർത്തുക, ഭരണഘടനയുടെ ആർട്ടിക്കിൾ 293(3), 293(4)

എന്നിവയ്ക്കനുസൃതമായി, 2017 ഓഗസ്റ്റിനുമുമ്പ് നിലനിന്നിരുന്നതുപോലെ പൊതുകണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പും പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകളും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിർണ്ണയിക്കുന്നതിൽനിന്നുമൊഴിവാക്കുക എന്നീ ആവശ്യങ്ങൾ പരിഗണിക്കണമെന്ന് സംസ്ഥാനം നിരവധി തവണ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ജി.എസ്.ടി നഷ്ടപരിഹാരം 5 വർഷത്തേയ്ക്കുകൂടി ദീർഘിപ്പിക്കുക എന്നതുപോലുള്ള പൊതുവായ ആവശ്യങ്ങളിൽ മറ്റ് സംസ്ഥാനങ്ങളുമായി യോജിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ഇടപെടലുകൾ നടത്താറുണ്ട്. മേൽ പ്രതിപാദിത പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ട് 22-07-2022-ലെ 134/2022/എം.ധന നമ്പർ പ്രകാരം സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രി കേന്ദ്രധനകാര്യമന്ത്രിക്ക് ഒരു കത്തും 19-01-2023-ലെ 133/CM/2023 നമ്പർ പ്രകാരം മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് ഒരു നിവേദനമുൾപ്പെടുന്ന കത്തും സമർപ്പിച്ചിട്ടുമുണ്ട്.

**ചെക്ക്പോസ്റ്റുകളിലെ എ.എൻ.പി.ആർ. ക്യാമറകൾ പ്രവർത്തനക്ഷമമാക്കാൻ നടപടി**

20(*200) <u>ശ്രീ. സണ്ണി ജോസഫ്:</u>
<u>ശ്രീ. ഷാഫി പറമ്പിൽ :</u>
<u>ശ്രീ. റോജി എം. ജോൺ:</u>

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രധാന ചെക്ക്പോസ്റ്റുകളിൽ പ്രവർത്തനരഹിതമായ എ.എൻ.പി.ആർ. ക്യാമറകൾ പ്രവർത്തനക്ഷമമാക്കാൻ തയ്യാറാകാത്തത് നികുതി മാഫിയയെ സഹായിക്കാനാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിലിത് ഗൗരവത്തോടെ കാണുന്നുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എ.എൻ.പി.ആർ. സ്ഥാപിച്ചിട്ടുള്ള 22 അതിർത്തി പ്രദേശങ്ങളിൽ വയനാട് മുത്തങ്ങയിലൊഴികെ എല്ലായിടത്തും ക്യാമറ പ്രവർത്തിക്കുന്നുണ്ട്. വയനാട് ചുരംവഴി ഒരു വലിയ വാഹനം കടന്നുവന്നതിനെത്തുടർന്നാണ് 27-12-22 മുതൽ മുത്തങ്ങയിലെ ക്യാമറ സംവിധാനം തകരാറിലായത്. ഇക്കാര്യം വളരെ ഗൗരവത്തോടെ കാണുകയും ഇത് പുന:സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത ക്യാമറകൾ സ്ഥാപിക്കാനുണ്ടാക്കിയ കരാറിലെ വ്യവസ്ഥകൾ എന്തൊക്കെയായിരുന്നു എന്ന് വിശദമാക്കാമോ?

പ്രസ്തുത ക്യാമറകൾ സ്ഥാപിക്കാനുണ്ടാക്കിയ കരാറിലെ വ്യവസ്ഥകൾ പ്രകാരം കരാറേറ്റെടുത്തിരിക്കുന്ന കമ്പനി 8 ആഴ്ചകൾക്കുള്ളിൽ പ്രസ്തുത ക്യാമറകൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കി അഞ്ചുവർഷം പരിപാലിച്ചുവരുന്നു. കരാറിലെ വ്യവസ്ഥകൾപ്രകാരം ഈ സംവിധാനത്തിലൂടെ ചരക്കുവാഹനങ്ങളെ AI മുഖേന തരംതിരിക്കുകയും വണ്ടിയുടെ നമ്പർ പ്ലേറ്റ് 90 ശതമാനം കൃത്യതയോടെ (പ്രതികൂല കാലാവസ്ഥയിൽ 85 ശതമാനം) തിരിച്ചറിഞ്ഞ്, ജി.എസ്.ടി.എൻ ഏർപ്പെടുത്തിയിട്ടുള്ള ഇ-വേ ബിൽ പോർട്ടൽ പരിശോധിച്ച്, ടി വാഹനമാവശ്യമായ ഇ-വേ ബിൽ ചരക്ക് നീക്കത്തിനുപയോഗിക്കുന്നത് ഉറപ്പുവരുത്തുന്നുണ്ട്.

(സി) ക്യാമറകൾ പ്രവർത്തനരഹിതമായാൽ അവ സമയബന്ധിതമായി പ്രവർത്തനക്ഷമമാക്കാനുള്ള വ്യവസ്ഥ കരാറിലുണ്ടോ?

പ്രവർത്തനരഹിതമായ ക്യാമറകൾ സമയബന്ധിതമായി നന്നാക്കുന്നതിനും ആവശ്യമെങ്കിൽ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള വ്യവസ്ഥകൾ കരാറിലുണ്ട്.

(ഡി) എങ്കിൽ പ്രവർത്തനരഹിതമായ ക്യാമറകൾ പ്രവർത്തനക്ഷമമാക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

സ്ഥാപിക്കപ്പെട്ട എ.എൻ.പി.ആർ. ക്യാമറകളിൽ ഒരെണ്ണമൊഴികെ മറ്റെല്ലാ ക്യാമറകളും പൂർണ്ണതോതിൽ പ്രവർത്തിച്ചുവരുന്നു. മുത്തങ്ങയിൽ സ്ഥാപിച്ചിരുന്ന ഒരു ക്യാമറയിൽ 27-12-2022-ന് വയനാട് കളക്ടറുടെ അനുമതിയോടെ ചരക്കുനീക്കം നടത്തിയ ഭീമാകാരമായ ഒരു ട്രക്കിടിച്ച് കേടുപാട് സംഭവിച്ചിട്ടുണ്ട്. ഇതൊരു അപകടംമൂലം സംഭവിച്ചതിനാൽ കരാർ വ്യവസ്ഥപ്രകാരം നന്നാക്കുന്നതിന് സാധിക്കുകയില്ല. ആയതിനാൽ പ്രവർത്തനക്ഷമമാക്കുന്നതിന് വാഹന ഉടമയിൽനിന്ന് നഷ്ടപരിഹാരമീടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ക്യാമറ പുനഃസ്ഥാപിക്കുന്നതിനുള്ള work order നൽകിയിട്ടുമുണ്ട്. എത്രയും പെട്ടെന്ന് ഇത് പ്രവർത്തനക്ഷമമാക്കുന്നതാണ്.

## നിക്ഷേപരംഗത്ത് നടപ്പാക്കുന്ന പരിഷ്കാരങ്ങൾ

21(*201) ഡോ. കെ. ടി. ജലീൽ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീ. എം. മുകേഷ്:
ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിക്ഷേപരംഗത്ത് സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന പരിഷ്കാരങ്ങൾ ഫലം കണ്ടുതുടങ്ങിയ സാഹചര്യത്തിൽ

നിലവിലുള്ള ന്യൂനതകൾ കണ്ടെത്തുന്നതിനും അവ പരിഹരിക്കുന്നതിനും ആവശ്യമായ പരിഷ്കാരങ്ങൾ കൊണ്ടുവരുന്നതിനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തിന്റെ വ്യവസായ പുരോഗതിക്കും നിക്ഷേപാന്തരീക്ഷം സുഗമമാക്കുന്നതിനും, അതിലൂടെ സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനുമുതകുന്ന നിരവധി പരിഷ്കാരങ്ങൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. നിലവിലെ പദ്ധതികൾ വ്യവസായ സൗഹാർദ്ദപരമാണെങ്കിലും കാലാനുസൃതമായി പദ്ധതികൾ പരിഷ്കരിക്കേണ്ടതാവശ്യമാണ്. അതിനായി ഓരോ പദ്ധതിയുടെയും മേന്മകളും കോട്ടങ്ങളും സദാ വിലയിരുത്തുകയും വ്യവസായികളിൽനിന്നുള്ള അഭിപ്രായങ്ങൾ കണക്കിലെടുക്കുകയും പദ്ധതികളിലാവശ്യമായ മാറ്റങ്ങൾ വരുത്തുകയും ചെയ്തുവരുന്നുണ്ട്. സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിൽ കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ ഒട്ടേറെ വ്യവസ്ഥകൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇവ ഒഴിവാക്കാനും കുറ്റകരമായ നടപടികളെ സംബന്ധിച്ച വ്യവസ്ഥകൾ ലഘൂകരിക്കാനുമുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കാനും നുവാൽസ് വൈസ് ചാൻസലർ അദ്ധ്യക്ഷനായ ഒരു കമ്മിറ്റി സർക്കാർ രൂപീകരിക്കുകയുണ്ടായി.

വ്യവസായ സമൂഹവുമായും വിവിധ വ്യവസായ അസോസിയേഷനുകളുമായും കൂടിയാലോചനകൾ നടത്തി അവരുടെ പരാതികളും നിർദ്ദേശങ്ങളും സ്വീകരിച്ച്, പ്രസക്തമായ എല്ലാ നിയമങ്ങളുടെയും ചട്ടങ്ങളുടെയും സൂക്ഷ്മ വിശകലനം നടത്തി, അവയിൽ കാലഹരണപ്പെട്ട നിബന്ധനകൾ ഒഴിവാക്കാനും കുറ്റകരമായ നടപടികൾ ലഘൂകരിക്കാനുമുള്ള മാർഗ്ഗനിർദേശങ്ങളടങ്ങിയ വിശദമായ റിപ്പോർട്ട് പ്രസ്തുത കമ്മിറ്റി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഈ മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കാൻ വ്യവസായ വകുപ്പ് വിവിധ വകുപ്പുകളുമായി ചേർന്ന് വർക്കിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് കമ്മിറ്റികളുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ നിയമപരിഷ്കാരങ്ങളും ഭേദഗതികളും ഉടൻതന്നെ പ്രാബല്യത്തിൽ വരുത്താൻ സാധിക്കുന്നതാണ്.

(ബി) നിക്ഷേപാന്തരീക്ഷം സുഗമമാക്കുന്നതിനും നടപടികൾ ലഘൂകരിക്കുന്നതിനുമായി നിലവിലുള്ള നിയമത്തിലും ചട്ടത്തിലും ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനും പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനം വ്യവസായ സൗഹൃദമാക്കാനായി വിവിധ നിയമങ്ങളിലെ വ്യവസ്ഥകളിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള കേരള ഇൻവെസ്റ്റ്മെന്റ്

പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട് നിലവിൽ വന്നിട്ടുണ്ട്. വിവിധ വകുപ്പുകളിൽനിന്നുള്ള ലൈസൻസുകളും അനുമതികളും ലഭ്യമാക്കുന്നത് സുഗമമാക്കാൻ ഓൺലൈൻ ഏകജാലക പോർട്ടലായി കെ-സ്വിഫ്റ്റ് പ്രവർത്തിച്ചുവരുന്നുണ്ട്. സംസ്ഥാനത്ത് നിലവിൽവന്നിട്ടുള്ള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് പ്രകാരം പുതുതായി ആരംഭിക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പുവിഭാഗത്തിൽ പെടാത്തതാണെങ്കിൽ, സംസ്ഥാന നിയമപ്രകാരമുള്ള ലൈസൻസുകൾ, സ്വയം സാക്ഷ്യപ്പെടുത്തൽ വഴി, മൂന്നുവർഷത്തേയ്ക്ക് ഒഴിവാക്കിയിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളിൽ വിവിധ സർക്കാർ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ കഴിവതും ഒരുമിച്ച് നടത്താനും അനാവശ്യ പരിശോധനകൾ ഒഴിവാക്കാനുംവേണ്ടി കെ-സിസ് എന്ന ഓൺലൈൻ ഏകീകൃത പരിശോധനാ സംവിധാനം (Kerala Centralised Inspection System) നടപ്പിലാക്കിയിട്ടുണ്ട്. ലൈസൻസുകൾ, അനുമതികൾ എന്നിവയുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കാൻ ജില്ലാ - സംസ്ഥാന തലങ്ങളിൽ പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിനുകീഴിലുള്ള വിവിധ ഏജൻസികളിൽ നിലവിൽ പിന്തുടരുന്ന ലാൻഡ്

അലോട്ട്മെന്റ് നയം ഏകീകരിച്ച് ഒരു ഏകീകൃത ലാൻഡ് പോളിസിക്ക് രൂപം നൽകിവരുന്നു. ഇവ കൂടാതെ, നിലവിലുള്ള സംരംഭങ്ങളുടെയും പുതുതലമുറ മേഖലകളിലെ സംരംഭങ്ങളുടെയും ഉന്നമനം ലക്ഷ്യമിട്ട് സംസ്ഥാനത്ത് പുതിയ വ്യവസായ നയം തയ്യാറാക്കിയിട്ടുണ്ട്. കേരളത്തിനിണങ്ങുന്ന മേഖലകളിൽ വൻകിട നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കാനും സംസ്ഥാനത്തെ സാങ്കേതിക വൈദഗ്ധ്യമുള്ള മാനവ വിഭവശേഷിയെ ശരിയാംവണ്ണം വിനിയോഗിക്കാൻ കഴിയുന്ന ആധുനിക സ്മാർട്ട് വ്യവസായങ്ങൾക്ക് പ്രത്യേക പരിഗണന നൽകാനും അതിലൂടെ ത്വരിതഗതിയിലുള്ള സ്ഥായിയായ വ്യവസായവൽക്കരണം സാധ്യമാക്കാനും പുതിയ വ്യവസായ നയം ലക്ഷ്യമിടുന്നു. നാലാം വ്യവസായ വിപ്ലവം തുറന്നുതരുന്ന വിപുലമായ സാധ്യതകളെ സമർത്ഥമായി വിനിയോഗിക്കുന്നതിനുള്ള പ്രത്യേക കർമ്മപദ്ധതി ഈ നയം മുന്നോട്ടുവയ്ക്കുന്നു. അതിവേഗ വളർച്ചയ്ക്ക് സാധ്യതയുള്ള മുൻഗണനാ മേഖലകളിലെ സംരംഭങ്ങളെ കൂടുതൽ ആകർഷിക്കുന്നതിനും അതുവഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പുതിയ വ്യവസായ നയത്തിൽ വിഭാവന ചെയ്തിട്ടുണ്ട്. ആധുനികവൽക്കരണം നടപ്പിലാക്കി, ഉല്പാദനക്ഷമത വർദ്ധിപ്പിച്ച്, മത്സരക്ഷമവും ലാഭകരവുമായി പ്രവർത്തിക്കുന്ന

സ്ഥാപനങ്ങളായി പൊതുമേഖലാ സ്ഥാപനങ്ങളെ മാറ്റാൻവേണ്ട നടപടികൾക്കും പുതിയ വ്യവസായ നയം ഊന്നൽ നൽകുന്നു. തൊഴിൽ സംരക്ഷിച്ചുള്ള യന്ത്രവൽക്കരണം നടപ്പിലാക്കി, വിപണി ആവശ്യപ്പെടുന്ന ഉല്പന്നങ്ങൾ നിർമ്മിക്കാൻ പരമ്പരാഗത വ്യവസായരംഗത്തെ പ്രാപ്തമാക്കാനും നയം ലക്ഷ്യംവയ്ക്കുന്നു.

(സി) ഏതെല്ലാം മേഖലകളിലാണ് കൂടുതൽ നിക്ഷേപസാധ്യതയെന്ന് കണ്ടെത്തി ആ മേഖലകളിലേയ്ക്ക് നിക്ഷേപകരെ ആകർഷിക്കുന്നതിനും തൃപ്തികരമായ പശ്ചാത്തല സൗകര്യം പ്രദാനം ചെയ്യുന്നതിനും നടപടി സ്വീകരിക്കാമോയെന്ന് വ്യക്തമാക്കുമോ?

ഏഴ് സുപ്രധാന നയസ്തംഭങ്ങൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ മുന്നോട്ടുവയ്ക്കുന്ന സംസ്ഥാനത്തെ പുതിയ വ്യവസായനയത്തിൽ 22 മുൻഗണനാ മേഖലകൾ കണ്ടെത്തിയിട്ടുണ്ട്. അതിവേഗ വളർച്ചയും നിക്ഷേപ സാധ്യതയുമുള്ളതുമാണ് പ്രസ്തുത മുൻഗണനാ മേഖലകൾ. എയ്റോസ്പേസ് & ഡിഫൻസ്; നിർമ്മിത ബുദ്ധി, റോബോട്ടിക്സ്, മറ്റ് ബ്രേക്ക്ത്രൂ സാങ്കേതിക വിദ്യകൾ; ആയുർവ്വേദം; ബയോടെക്നോളജി & ലൈഫ് സയൻസ്; രൂപകല്പന; ഇലക്ട്രിക് വാഹനങ്ങൾ; ഇലക്ട്രോണിക് സിസ്റ്റം രൂപകല്പനയും ഉല്പാദനവും; എഞ്ചിനീയറിംഗ് ഗവേഷണവും വികസനവും; ഭക്ഷ്യ

സാങ്കേതികവിദ്യകൾ; ഗ്രാഫീൻ; ഹൈടെക് ഫാമിംഗും മൂല്യവർദ്ധിത തോട്ടവിളയും; ഉയർന്ന മൂല്യവർദ്ധിത റബ്ബർ ഉല്പന്നങ്ങൾ; ലോജിസ്റ്റിക്ക്സ് & പാക്കേജിംഗ്; മാരിടൈം മേഖല; മെഡിക്കൽ ഉപകരണങ്ങൾ; നാനോടെക്നോളജി; ഫാർമസ്യൂട്ടിക്കൽസ്; റീസൈക്ലിങ്ങും മാലിന്യ സംസ്കരണവും; പുനരുപയോഗ ഊർജ്ജം; ചില്ലറ വ്യാപാരമേഖല; വിനോദസഞ്ചാരവും ആതിഥേയത്വവും; 3D പ്രിന്റിംഗ് എന്നിവയാണ് മേല്പറഞ്ഞ മുൻഗണനാ മേഖലകൾ. പ്രസ്തുത മേഖലകളിലൂന്നിയ വിവിധ തരം നിക്ഷേപ സൗഹാർദ്ദ നടപടികളും പശ്ചാത്തലസൗകര്യങ്ങളും ആനുകൂല്യങ്ങളും കരട് നയത്തിൽ വിഭാവന ചെയ്തിട്ടുണ്ട്. കേരളത്തിന്റെ വ്യവസായവികസനത്തിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് ആ മേഖലയിൽ ഉല്പാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ സംരംഭക പരിശീലന പരിപാടികളും കൂടാതെ പ്രാദേശികമായി കൂടുതൽ നിക്ഷേപ സാധ്യതയുള്ള മേഖലകൾ കണ്ടെത്തി ആ മേഖലകളിലേയ്ക്ക് സംരംഭകരെ ആകർഷിക്കുന്നതിനായുള്ള വിവിധ ശില്പശാലകളും വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി ആസൂത്രണംചെയ്ത് നടപ്പിലാക്കിവരുന്നു. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ഉടമസ്ഥതയിലുള്ള 40 വ്യവസായ പാർക്കുകളിൽ

നിക്ഷേപകരെ ആകർഷിക്കുന്നതിനാവവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ ജലം, റോഡ് ഗതാഗതം, വൈദ്യുതി, സുരക്ഷ ഉറപ്പാക്കുന്നതിനായി ചുറ്റുമതിൽ, ഗേറ്റ്, മാലിന്യസംസ്കരണത്തിനായി കോമൺ എഫ്ലുവന്റ് പ്ലാന്റ്, വൈദ്യുത തടസ്സം ഒഴിവാക്കുന്നതിനായി പവർ ഫീഡർ എന്നിവ സ്ഥാപിക്കുന്നു. വ്യവസായ പാർക്കുകളുടെ വികസനത്തിനായുള്ള അടിസ്ഥാനവികസന പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പുതിയ സംരംഭങ്ങൾ കടന്നുവരുന്നതിനും കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനും മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്കീം, 2022 നിലവിൽവരികയും ആയതിന്റെയടിസ്ഥാനത്തിൽ ഓൺലൈനായി അപേക്ഷകൾ സ്വീകരിച്ച് ഡെവലപ്പർ പെർമിറ്റ് അനുവദിക്കുകയും ചെയ്തുവരുന്നു. സ്വകാര്യ വ്യവസായ എസ്റ്റേറ്റിലെ റോഡുകൾ, വൈദ്യുതി, ജലവിതരണം എന്നിവ വികസിപ്പിക്കുന്നതിന് ഡെവലപ്പർക്ക് സർക്കാർ ധനസഹായം നൽകുന്നു. വൈദ്യുതി, ജലം റോഡ്, ഡ്രെയിനേജ്, Effluent Treatment Plant/Common Effluent Treatment Plant തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങളും ലബോറട്ടറി, ടെസ്റ്റിംഗ്, സർട്ടിഫിക്കേഷൻ തുടങ്ങിയ പൊതു സൗകര്യങ്ങളുമുൾപ്പെടെയുള്ള അടിസ്ഥാന

സൗകര്യങ്ങൾക്കായി ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ പരമാവധി 3 കോടി രൂപ വരെ ഒരു സ്വകാര്യ വ്യവസായ പാർക്കിന് ധനസഹായം നൽകുന്നതാണ്. പെട്രോകെമിക്കലധിഷ്ഠിത മേഖലയുടെ സമഗ്രവികസനം ലക്ഷ്യമാക്കി കൊച്ചിയിലെ അമ്പലമുഗളിൽ 481 ഏക്കറിൽ പെട്രോകെമിക്കൽ പാർക്ക് സ്ഥാപിച്ചിട്ടുണ്ട്.

## രജിസ്ട്രേഷൻ നടപടികളുടെ ആധുനികീകരണം

22(*202) ശ്രീ. എം. രാജഗോപാൽ:
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. എ. രാജ:
ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി കൈമാറ്റത്തിലെ ബിനാമി ഇടപാടുകൾ അവസാനിപ്പിക്കുന്നതിനും വ്യാജ പ്രചാരണംവഴി ഭൂമി തട്ടിയെടുക്കുന്നത് തടയുന്നതിനും ആധാറധിഷ്ഠിത ആധാരം രജിസ്ട്രേഷൻ പ്രാവർത്തികമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

ആധാര രജിസ്ട്രേഷൻ പ്രക്രിയയിൽ "Consent Based Aadhar Authentication Service" മുഖേന രജിസ്ട്രേഷൻ സമയത്ത് കക്ഷികളെ

തിരിച്ചറിയുന്നതിനുള്ള വ്യവസ്ഥ രജിസ്ട്രേഷൻ ചട്ടങ്ങളിലെ ഭേദഗതിയിലൂടെ കൊണ്ടുവന്നിട്ടുണ്ട്.

(ബി) രജിസ്ട്രേഷൻ നടപടികളുടെ ആധുനികീകരണത്തിന്റെ ഭാഗമായി ഭൂമി രജിസ്ട്രേഷൻ ഓൺലൈനാക്കുന്നത് പരിഗണനയിലുണ്ടോ?

ആധാര രജിസ്ട്രേഷനുമായി ബന്ധപ്പെട്ട ആധാര കക്ഷികൾ നേരിട്ട് ഹാജരാകേണ്ടതിനാൽ ഭൂമി രജിസ്ട്രേഷൻ പൂർണ്ണമായും ഓൺലൈനാക്കാൻ കഴിയില്ല.

(സി) എങ്കിൽ ഇതുവഴി ഭൂമി രജിസ്ട്രേഷനിലെ അഴിമതി ഒഴിവാക്കാനാകുമെന്ന് കരുതുന്നുണ്ടോ; നിലവിലുള്ള ആധാരമെഴുത്തുകാരെ സങ്കേതികവിദ്യ ഉപയോഗിക്കാൻ പ്രാപ്തരാക്കി അവരുടെ തൊഴിൽ സംരക്ഷണം ഉറപ്പുവരുത്തുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

രജിസ്ട്രേഷൻ വകുപ്പിൽ നടപ്പിലാക്കിവരുന്ന പരിഷ്കാരങ്ങളെല്ലാം ആധാരമെഴുത്തുകാർക്കുകൂടി പ്രാപ്യമാകുന്ന രീതിയിലാണ് നിർവ്വഹിച്ചിരിക്കുന്നത്. നിലവിലുള്ള ഓൺലൈൻ സംവിധാനം ആരംഭിച്ചവേളയിൽ സംസ്ഥാനത്തെ എല്ലാ ആധാരമെഴുത്തുകാർക്കുമാവശ്യമായ പരിശീലനം നൽകിയിരുന്നു. ഇങ്ങനെ

പരിശീലനം നൽകിയതിന്റെ ഫലമായി നിലവിൽ സബ് രജിസ്ട്രാർ ഓഫീസുകളിലുപയോഗിക്കുന്ന PEARL സംവിധാനം വഴി പൊതുജനങ്ങളുടെ ആധാര രജിസ്ട്രേഷനുമായി ബന്ധപ്പെട്ട വിവിധ സേവനങ്ങൾ നൽകുവാൻ പ്രാപ്തരാണ്. വകുപ്പിൽ നടപ്പിലാക്കുന്ന പുതിയ പരിഷ്കാരങ്ങളിൽ പരിശീലനമാവശ്യമായ മേഖലകളിൽ ആധാരമെഴുത്തുകാർക്കുകൂടി പരിശീലനം നൽകിക്കൊണ്ട് അവരുടെ തൊഴിൽസംരക്ഷണം ഉറപ്പാക്കുന്നതാണ്.

## കയർ വ്യവസായ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി

23(*203) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. പി. പി. ചിത്തരഞ്ജൻ :
ശ്രീമതി ദെലീമ:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) തമിഴ്നാടിന്റെ കയർ ഉല്പന്നങ്ങളുടെയും ഫൈബർ ഉല്പന്നങ്ങളുടെയും വിലയെ അടിസ്ഥാനപ്പെടുത്തിയുള്ള മത്സരത്തിൽ സംസ്ഥാനത്തെ കയർ വ്യവസായം വിപണി കണ്ടെത്തുന്നതിൽ പ്രതിസന്ധി നേരിടുന്നുണ്ടോ; വ്യക്തമാക്കുമോ?

തമിഴ്നാടിൽനിന്നുള്ള കയർ ഉല്പന്നങ്ങളുടെയും ഫൈബർ ഉല്പന്നങ്ങളുടെയും താരതമ്യേന കുറഞ്ഞ വില സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന കയർ വിപണനം ചെയ്യുന്നതിൽ സൃഷ്ടിക്കുന്ന വെല്ലുവിളി സംസ്ഥാനത്തെ കയർ വ്യവസായ മേഖലയിൽ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. പി വി സി ഉല്പന്നങ്ങൾ, മറ്റ് പ്ലാസ്റ്റിക് സിന്തറ്റിക്സ്, പോളിപ്രൊപ്പലിൻ തുടങ്ങിയ ഉല്പന്നങ്ങൾ വിപണി കയ്യടക്കുന്നതുമൂലമാണ് പരമ്പരാഗത കയർ വ്യവസായത്തിലെ കൈത്തറി ഉല്പന്നങ്ങളായ ഫൈബർ മാറ്റ്, ബി സി 1, ബി സി 20 എന്നീ ഉല്പന്നങ്ങൾക്ക് വിദേശ-ആഭ്യന്തര വിപണിയിൽ കടുത്ത ഓർഡർ ക്ഷാമമുണ്ടാകാൻ കാരണമായിട്ടുള്ളത്. നിലവിൽ സംജാതമായിട്ടുള്ള ഈ പ്രതിസന്ധിക്കിടയിലും കൂടുതൽ ഓർഡറുകൾ ലഭ്യമാക്കുന്നതിനായി ഒട്ടനവധി മേളകളിൽ സാന്നിധ്യം ഉറപ്പുവരുത്തുകയും ഇന്ത്യയിലെ വൻകിട റീട്ടെയിൽ ശൃംഖലകളായ റിലയൻസ്, ഡീ-മാർട്ട്, വിശാൽ മെഗാ മാർട്ട് എന്നിവരുമായി വാണിജ്യ കരാറിലേർപ്പെട്ട് വിവിധയിനം കയറുല്പന്നങ്ങൾ, കയർ പൊതുമേഖലാസ്ഥാപനമായ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ മുഖേന വിറ്റഴിച്ചുവരികയും ചെയ്യുന്നു. കയർ ഭൂവസ്ത്രമുൾപ്പെടെ ഉല്പന്നങ്ങൾ പരമാവധി സംഘങ്ങളിൽനിന്ന് സ്റ്റോക്കായി സംഭരിച്ചും ഓർഡറുകൾ

ലഭ്യമാക്കാൻ പരമാവധി പരിശ്രമിച്ചും കയറുല്പന്ന മേഖലയെ സജീവമാക്കാൻ നടപടികൾ കൈക്കൊണ്ടുവരുന്നു.

(ബി) ഈ പ്രതിസന്ധി പരിഹരിക്കുന്നതിനായി പരമ്പരാഗത തൊഴിലാളികളുടെ തൊഴിലിനെ ബാധിക്കാത്ത രീതിയിലുള്ള യന്ത്രവൽക്കരണം ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് പരമ്പരാഗത തൊഴിലാളികളെ സംരക്ഷിച്ചുകൊണ്ട് കാലാനുസൃതമായ യന്ത്രവൽക്കരണത്തിലൂടെയും ഉല്പന്ന വൈവിധ്യവൽക്കരണത്തിലൂടെയും വിപണി വിപുലീകരണത്തിലൂടെയും കയർ വ്യവസായം നേരിടുന്ന പ്രതിസന്ധി അതിജീവിക്കാൻ പ്രവർത്തനങ്ങൾ തുടർന്നുവരികയാണ്. പരമ്പരാഗത തൊഴിലാളികളുടെ തൊഴിൽ സംരക്ഷിച്ചുകൊണ്ടുള്ള യന്ത്രവൽക്കരണത്തിന്റെ ഭാഗമായി ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ, ഇ-റാട്ടുകൾ, ഡീഫൈബറിംഗ് മില്ലുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്.

(സി) അസംസ്കൃത വസ്തുവായ ചകിരി ന്യായവിലയ്ക്ക് ലഭ്യമാക്കാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

കയർഫെഡ് ഇ-ടെണ്ടർ മുഖേന പ്രൈസ് ഡിസ്കവറി സിസ്റ്റം വഴി ചകിരി സംഭരിച്ച് സംഘങ്ങൾക്ക് വിതരണം ചെയ്തുവരുന്നു. കയർഫെഡ് ഇ-

ടെണ്ടർ മുഖേന പ്രൈസ് ഡിസ്കവറി നടത്തുന്ന വിലയ്ക്കോ അതിൽ താഴെയുള്ള വിലയ്ക്കോ സംഘങ്ങൾക്ക് ചകിരി നേരിട്ട് വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കേരളത്തിൽ ഉല്പാദിപ്പിക്കുന്ന ചകിരി കിലോഗ്രാമിന് 22/- രൂപയുണ്ടായിരുന്നത് മാർക്കറ്റ് വില അടിസ്ഥാനപ്പെടുത്തി 16.50/- രൂപയ്ക്ക് കയർ സഹകരണ സംഘങ്ങൾക്ക് നൽകിവരുന്നു. വൈക്കം, ആലപ്പുഴ കയർ പ്രോജക്ടുകൾക്കുകീഴിലെ പതിനഞ്ച് ഡീഫൈബറിംഗ് യൂണിറ്റുകളെ അംഗങ്ങളാക്കി ആലപ്പുഴ ജില്ലയിലെ കാട്ടുകട ആസ്ഥാനമാക്കി വൈക്കം കയർ കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട്. കാട്ടുകടയിൽ കൺസോർഷ്യത്തിനുകീഴിലും ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ച് ചകിരി ഉല്പാദനം നടത്തിവരുന്നു. വൈക്കം കയർ കൺസോർഷ്യം അംഗസംഘങ്ങൾക്ക് ചകിരി ഉല്പാദനത്തിനായി തൊണ്ട് സംഭരിച്ച് വിതരണം ചെയ്തുവരുന്നതുമൂലം കൺസോർഷ്യത്തിനുകീഴിലെ ഡീഫൈബറിംഗ് മില്ലിൽ ഉല്പാദിപ്പിക്കുന്ന ചകിരി ആലപ്പുഴ വൈക്കം പ്രോജക്ടുകൾക്കുകീഴിലെ സംഘങ്ങൾക്ക് ന്യായവിലയ്ക്ക് വിതരണം ചെയ്യാൻ സാധിക്കുന്നുണ്ട്.

(ഡി) സംസ്ഥാനത്തെ കയർ വ്യവസായത്തെ കരകയറ്റുന്നതിന് കേന്ദ്ര സർക്കാരിൽനിന്ന് പര്യാപ്തമായ സഹായം ലഭിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

50% കേന്ദ്രസഹായമുള്ള മാർക്കറ്റ് ഡെവലപ്മെന്റ് അസിസ്റ്റൻസ് പദ്ധതിയിൽ 2021-22 വർഷത്തെ കേന്ദ്ര വിഹിതമായ ഏഴുകോടി രൂപ കേന്ദ്രം അംഗീകരിച്ചുവെങ്കിലും 2.5 കോടി രൂപ മാത്രമെ നാളിതുവരെ അനുവദിച്ചിട്ടുള്ളു.

**സഹകരണ ബാങ്കുകളുടെ പുതിയ ശാഖകൾ ആരംഭിക്കുന്നതിൽ നിയന്ത്രണം**

24(*204) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. കെ. പി. എ. മജീദ് :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃത്യമായ മുന്നൊരുക്കങ്ങളില്ലാതെയും സാധ്യതാപഠനം നടത്താതെയും സഹകരണ ബാങ്കുകൾ പുതിയ ശാഖകളാരംഭിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പുതിയ ശാഖകളാരംഭിക്കുന്നതിന് നിയന്ത്രണമേർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

(എ&ബി) ഉണ്ട്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവയുടെ

ശാഖകളാരംഭിക്കുന്നതിനുള്ള അപേക്ഷ ജില്ല ജോയിന്റ് രജിസ്ട്രാർ (ജനറൽ), ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) എന്നിവർ സംയുക്തമായി പരിശോധിച്ച് ശാഖ പ്രവർത്തിപ്പിക്കാനുദ്ദേശിക്കുന്ന സ്ഥലത്ത് ഒരു സർവ്വേ നടത്തി, ശാഖയുടെ ടി പ്രദേശത്ത് ബാങ്കിന്റെ നിലവിലുള്ള പ്രവർത്തനം, കാർഷിക വായ്പാ വിതരണം, ശാഖയാരംഭിച്ചാൽ കൂടുതൽ വായ്പ വിതരണം ചെയ്യുന്നതിനുള്ള സാധ്യത, ശാഖ നടത്തുന്നതിനുള്ള കെട്ടിടത്തിന്റെ ലഭ്യത, സുരക്ഷിതത്വം, ജീവനക്കാരുടെ വിന്യാസം, നിക്ഷേപം ലഭിക്കാനുള്ള സാധ്യത, ശാഖ സ്വയം പര്യാപ്തമായി പ്രവർത്തിക്കുന്നതിനുള്ള സാധ്യത, മറ്റുപ്രവർത്തനങ്ങൾക്കുള്ള സാധ്യത തുടങ്ങിയ വിവരങ്ങൾ ഉൾക്കൊള്ളിച്ച് വിശദമായ ഒരു സർവ്വേ നടത്തി പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പുതിയ ശാഖകളാരംഭിക്കുന്നതിന് അനുവാദം നൽകിവരുന്നത്. എന്നാൽ കൃത്യമായ മുന്നൊരുക്കങ്ങളില്ലാതെയും സാധ്യതാപഠനം നടത്താതെയും സഹകരണ സംഘം രജിസ്ട്രാറുടെ അനുവാദമില്ലാതെയും ശാഖകൾ ആരംഭിച്ചിട്ടുള്ളതായി സഹകരണ സംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത്തരം പ്രവണതകൾ അവസാനിപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകുന്നതാണ്.

## പാരമ്പര്യേതര സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതോല്പാദനം

25(*205) ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീ. ഡി. കെ. മുരളി:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) താപ വൈദ്യുതോല്പാദന നിലയങ്ങളെല്ലാം ഇറക്കുമതി കൽക്കരികൂടി ഉപയോഗിക്കണമെന്ന് കേന്ദ്ര സർക്കാർ നിബന്ധന ഏർപ്പെടുത്തിയതുകൊണ്ട് സംസ്ഥാനം പുറത്തുനിന്നും വാങ്ങുന്ന വൈദ്യുതിയുടെ നിരക്കിൽ പന്ത്രണ്ട് ശതമാനത്തിലധികം വർദ്ധന വരുത്തിയെന്നത് വസ്തുതയാണോ;

(ബി) ആവശ്യകതയുടെ മൂന്നിൽരണ്ട് ഭാഗം വൈവദ്യുതിയും പുറത്തുനിന്ന് വാങ്ങുന്ന സംസ്ഥാനമെന്ന നിലയിൽ ഇതുമൂലമുണ്ടായിട്ടുള്ള പ്രതിമാസ ശരാശരി അധികബാധ്യത കണക്കാക്കിയിട്ടുണ്ടോ; ഇത് ചെറുകിട ഗാർഹിക ഉപഭോക്താക്കളൊഴികെയുള്ളവരിൽ നിന്നും സർചാർജ് ഈടാക്കാൻ കെ.എസ്.ഇ.ബി.എൽ.- നെ നിർബന്ധിതമാക്കിയിട്ടുണ്ടോ?

(എ&ബി) കേന്ദ്ര ഊർജ്ജമന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം വൈദ്യുതിയുല്പാദനത്തിന് ഇറക്കുമതി ചെയ്ത കൽക്കരി ഉപയോഗിച്ചതുമൂലം വൈദ്യുതിയുടെ എനർജി ചാർജിൽ വർദ്ധനയുണ്ടായിട്ടുണ്ട്. 2022 ഏപ്രിൽ

മുതലാണ് വിലയിൽ വർദ്ധന കണ്ടുതുടങ്ങിയത്. ഈ വർഷം വൈദ്യുതി ആവശ്യകതയിൽവന്ന ഗണ്യമായ വർദ്ധന ആഭ്യന്തര കൽക്കരി ശേഖരത്തെ അപകടകരമാംവിധം ബാധിക്കുകയും ഇത് താപവൈദ്യുതി ഉല്പാദനനിലയങ്ങളെ പ്രതിസന്ധിയിലാക്കുകയും ചെയ്തു. അധിക വൈദ്യുതി ആവശ്യകതയ്ക്കനുസരിച്ച് ഉല്പാദനം നടത്തുന്നതിനുള്ള ആഭ്യന്തര കൽക്കരി ലഭ്യമാകാത്തതിനാൽ അത് മറികടക്കാനായി കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ 28-04-2022-ലെ നിർദ്ദേശപ്രകാരം 10 ശതമാനം ഇറക്കുമതി ചെയ്ത കൽക്കരി (blending) ഉപയോഗിക്കാൻ ഉല്പാദകർക്ക് അനുമതി ലഭിച്ചിരുന്നു. കൽക്കരി ലഭ്യതയിൽ പുരോഗതി ഉണ്ടാവാത്തതിനാൽ കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം സെൻട്രൽ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മിഷന്റെ 26-07-2022-ലെ ഉത്തരവുപ്രകാരം ഇറക്കുമതിചെയ്ത കൽക്കരി 20 ശതമാനം വരെ ഉപയോഗിക്കാൻ 31-10-2022 വരെ ഉല്പാദകർക്ക് അനുവാദം നൽകുകയും കൂടാതെ എനർജി ചാർജ് വർദ്ധന പരിമിതപ്പെടുത്താൻ വിതരണ കമ്പനികൾക്ക് അവകാശം നൽകുന്ന CERC റെഗുലേഷൻ 43 (3) മരവിപ്പിക്കുകയും ചെയ്തു. "റെഗുലേഷൻ 43(3) പ്രകാരം നിഷ്കർഷിച്ചിരിക്കുന്ന ഇന്ധനമല്ലാതെ ഏത് ബദൽ ഇന്ധനം ഉപയോഗിക്കുകയാണെങ്കിലും

എനർജി ചാർജ് ബേസ് എനർജി ചാർജ്ജിനേക്കാൾ 30 ശതമാനമോ പോയ മാസത്തിലെ എനർജി ചാർജ്ജിനേക്കാൾ 20 ശതമാനമോ ഉള്ള വർദ്ധനയിൽ ഏതാണ് കുറവെന്നതിൽ പരിമിതപ്പെടുത്തുന്നു" . എന്നാൽ ഈ റെഗുലേഷനാണ് പ്രസ്തുത കേന്ദ്ര ഊർജ്ജമന്ത്രാലയത്തിന്റെ നിർദ്ദേശത്തിലൂടെ താൽക്കാലികമായി കാലഹരണപ്പെട്ടത്. ഇതിന്റെ ഫലമായി വൈദ്യുതി ഉല്പാദന നിലയങ്ങൾ ഇറക്കുമതിചെയ്ത വിലകൂടിയ കൽക്കരി ഉപയോഗിക്കുകയും തൽഫലമായി എനർജി ചാർജ് കൂടിവരുന്ന സാഹചര്യമുണ്ടാകുകയും ചെയ്തു. ഓരോമാസവും വൈദ്യുതി വാങ്ങൽ ചെലവിൽ വന്ന അധിക ചെലവ് അതത് മാസം തന്നെ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഈ താപനിലയങ്ങൾക്ക് നൽകിയിട്ടുണ്ട്. കേന്ദ്ര ഊർജ്ജമന്ത്രാലയത്തിന്റെ 09-01-2023-ലെ നിർദ്ദേശപ്രകാരം ഇപ്പോൾ 6 ശതമാനം ഇറക്കുമതി ചെയ്ത കൽക്കരി (blending) ഉപയോഗിക്കാൻ 2023 സെപ്റ്റംബർ വരെ ഉല്പാദകർക്ക് അനുമതി ലഭിച്ചിട്ടുണ്ട്. നിലവിൽ ലഭ്യമായ കണക്കുകൾപ്രകാരം ഇറക്കുമതി കൽക്കരിയുടെ ഉപയോഗം ഏപ്രിൽ 2022 മുതൽ ഒക്ടോബർ 2022 വരെ 66.44 കോടി രൂപയുടെ അധികബാധ്യത കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനുണ്ടായിട്ടുണ്ട്. അതായത് വൈദ്യുതി എനർജി

ചാർജ്ജിൽ 11.90 ശതമാനം വർദ്ധനയുണ്ടാക്കിയിട്ടുണ്ട്. ഏപ്രിൽ 2022 മുതൽ ഒക്ടോബർ 2022 വരെ കേന്ദ്രനിലയങ്ങളിലുൾപ്പെടെ 7 നിലയങ്ങളിൽ നിന്നുള്ള വൈദ്യുതിക്ക് ഇറക്കുമതിചെയ്ത കൽക്കരി ഉപയോഗിച്ചതുവഴി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് വൈദ്യുതി വാങ്ങൽ ചെലവിൽ പ്രതിമാസം ശരാശരി 11.07 കോടി രൂപയുടെ അധികബാധ്യതയുണ്ടായിട്ടുണ്ട്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മിഷന്റെ താരിഫ് റെഗുലേഷൻ, 2021-ലെ 87-ാം ചട്ടപ്രകാരം താപവൈദ്യുത നിലയങ്ങളുടെ ഇന്ധനവിലയിലെ വ്യതിയാനംമൂലം വൈദ്യുതി വാങ്ങൽ ചെലവിലുണ്ടാകുന്ന അധികബാധ്യത ഇന്ധന സർചാർജ്ജിനത്തിൽ വിതരണ കമ്പനികൾക്ക് ഉപഭോക്താക്കളിൽനിന്ന് ഈടാക്കുവാനും ഇന്ധനവിലയിലെ കുറവുകാരണം വൈദ്യുതി വാങ്ങൽ വിലയിൽ കുറവുണ്ടായാൽ താരിഫിലെ ഇളവായി അനുവദിച്ച് ഉപഭോക്താക്കൾക്ക് തിരികെ നൽകുവാനുമുള്ള വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2022-ലെ ഒന്നാംപാദത്തിലെ (April -June) ഇന്ധന സർചാർജായി 87.07 കോടി രൂപ അംഗീകരിച്ചുകൊണ്ട് 25-01-2023-ൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മിഷൻ ഉത്തരവിറക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ സംസ്ഥാനത്തെ മുഴുവൻ ഉപഭോക്താക്കളിൽനിന്നും യൂണിറ്റൊന്നിന് 9

പൈസ നിരക്കിൽ വൈദ്യുതി വാങ്ങൽ ചെലവിൽ ഇന്ധന വ്യതിയാനം കാരണമുണ്ടായ അധികബാധ്യതയായ 87.07 കോടി രൂപ, 2023 ഫെബ്രുവരി 1 മുതൽ നാലുമാസത്തെ ഉപഭോഗത്തിനോ 87.07 കോടി രൂപ ഇന്ധന സർചാർജായി ഈടാക്കുന്നതുവരെയോ (ഏതാണോ ആദ്യം അതുവരെ) ഇന്ധന സർചാർജ്ജിനത്തിൽ ഈടാക്കുന്നതിനാണ് അനുമതി നൽകിയിരിക്കുന്നത്. എന്നാൽ ആയിരം വാട്സ് വരെ കണക്റ്റഡ് ലോഡുള്ളതും പ്രതിമാസം 40 യൂണിറ്റിൽ കവിയാതെ ഉപഭോഗമുള്ളതുമായ ഗാർഹിക ഉപഭോക്താക്കളെ ഇന്ധന സർചാർജ്ജിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് പാരമ്പര്യേതര സ്രോതസ്സുകളിൽനിന്ന് താരതമ്യേന ചെലവുകുറഞ്ഞ വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായുള്ള അധികോല്പാദനശേഷി എത്രയാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളിൽനിന്നും നാളിതുവരെ 732 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള വൈദ്യുതി കേരളത്തിൽ ഉല്പാദിപ്പിക്കുന്നു. ഇതിൽ ഈ സർക്കാരിന്റെ കാലയളവിൽ കൂട്ടിച്ചേർത്ത സോളാർ വൈദ്യുതിശേഷി 428 മെഗാവാട്ടാണ്. ഇതിൽ 125.3

മെഗാവാട്ടിന്റെ വൈദ്യുതി, സൗരപുരപ്പുറ പദ്ധതി വഴിയാണ് ഈ സർക്കാരിന്റെ കാലയളവിൽ കൂട്ടിച്ചേർത്തത്. ഇതിൽ 106.15 മെഗാവാട്ടിന്റെ വൈദ്യുതി കേന്ദ്ര സർക്കാരിന്റെ (MNRE) സബ്സിഡിയോടുകൂടി ഗാർഹിക ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിൽ സ്ഥാപിതമായിട്ടുള്ളതാണ്. ഇതുകൂടാതെ കെ.എസ്.ഇ.ബി.എൽ., താരിഫധിഷ്ഠിത ബിഡിംഗിലൂടെ 14 മെഗാവാട്ടിന്റെ കാറ്റാടി നിലയം സ്ഥാപിക്കുന്നതിനുള്ള LoA, M/s. ഇൻകെൽ എന്ന സ്ഥാപനത്തിന് നൽകി. കഞ്ചിക്കോട് നിലവിലുള്ള കാറ്റാടി നിലയത്തിന്റെ (2.025 മെഗാവാട്ട്) സ്ഥാപിതശേഷി ഉയർത്തുന്നതിനുള്ള (3x2 മെഗാവാട്ട്) ഒരു പദ്ധതിയും ആസൂത്രണം ചെയ്തുവരുന്നു. സംസ്ഥാനത്ത് പാരമ്പര്യേതര സ്രോതസ്സുകളിൽ നിന്ന് വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 2021-22, 2022-23 കാലയളവിൽ ചാത്തൻകോട്ട്നട സ്റ്റേജ്- II, അപ്പർകല്ലാർ, പൊരിങ്ങൽക്കുത്ത് എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികൾ പ്രവർത്തനമാരംഭിക്കുകവഴി 32 മെഗാവാട്ട് അധികസ്ഥാപിതശേഷിയും 64.92 മില്യൺ യൂണിറ്റിന്റെ അധിക ഉല്പാദനശേഷിയും കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

i) വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം

താഴെപ്പറയുന്ന പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതികൾ പൂർത്തിയാകുമ്പോൾ 48 മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കാൻ സാധിക്കും.

1. മാങ്കുളം ജലവൈദ്യുത പദ്ധതി ( 40 MW , 82.08 Mu)

2. ഓലിക്കൽ ചെറുകിട ജലവൈദ്യുത പദ്ധതി (5 MW, 10.26 Mu)

3. പൂവാരംതോട് ചെറുകിട ജലവൈദ്യുത പദ്ധതി (3 MW, 5.88 Mu).

(ii) പൊരിങ്ങൽകുത്ത് (24 MW/ 45.02 Mu), അപ്പർ കല്ലാർ (2 MW/5.14 Mu) എന്നീ പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കി കമ്മീഷൻ ചെയ്യുകയുണ്ടായി.

സംസ്ഥാനത്ത് പരിസ്ഥിതി സൗഹൃദപാരമ്പര്യേതര സ്രോതസ്സായ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കാൻ വിവിധ ഇടപെടലുകളാണ് സർക്കാർ നടത്തിയിട്ടുള്ളത്. ഇ.എം.സി.-യിലെ ചെറുകിട ജലവൈദ്യുത പ്രൊമോഷൻ സെല്ലിന്റെ നേതൃത്വത്തിൽ 50.1 MW ശേഷിയുള്ള വിവിധ ചെറുകിട ജലവൈദ്യുത പദ്ധതികൾ സംസ്ഥാനത്ത് വൈദ്യുതോല്പാദനം സാധ്യമാക്കിയിട്ടുണ്ട്. അതിൽ 47 MW സ്വകാര്യ സംരംഭകർക്കനുവദിച്ച പദ്ധതികളിൽനിന്നാണ് ഉല്പാദിപ്പിക്കുന്നത്. ഈ

സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇ.എം.സി.-യിലെ ചെറുകിട ജലവൈദ്യുത പ്രൊമോഷൻ സെൽ മുഖേന രണ്ട് ചെറുകിട ജലവൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. അനെർട്ട് മുഖേന സംസ്ഥാനത്ത് സൗരോർജ്ജ മേഖലയിൽ ഈ സർക്കാരിന്റെ കാലത്ത് 6.766 MW അധികമായി ഉല്പാദിപ്പിക്കാൻ സാധിച്ചു.

പി. എം. കുസും പദ്ധതിപ്രകാരം MNRE-യുടെ അനുമതി ലഭിച്ച 100 കാർഷികപമ്പുകളിൽ 47 എണ്ണത്തിന്റെ സൗരോർജ്ജവൽക്കരണം പൂർത്തിയായി. ഇതിൽനിന്നും പ്രതിവർഷം ഏകദേശം 3.5 ലക്ഷം യൂണിറ്റോളം ഊർജ്ജം ഉല്പാദിപ്പിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ അനുമതി ലഭിച്ച 45000 പമ്പുകളിൽ 9348 എണ്ണത്തിന്റെ സൗരോർജ്ജവൽക്കരണ പദ്ധതികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. ഈ പദ്ധതിയിലൂടെ ഒരു ലക്ഷം പമ്പുകൾ സൗരോർജ്ജവൽക്കരിക്കാൻ അനെർട്ട് പദ്ധതിയിടുന്നു. അതിലൂടെ പ്രതിവർഷം ഏകദേശം 570 MU അധിക ഊർജ്ജം ഉല്പാദിപ്പിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിൽ കർഷകന്റെ ഉപയോഗത്തിനുശേഷം 425.7 MU ഊർജ്ജം വൈദ്യുതി വകുപ്പിന് വിൽക്കാൻ സാധിക്കുന്നു.

സംസ്ഥാനത്ത് പാരമ്പര്യേതര സ്രോതസ്സുകളിൽ നിന്ന് താരതമ്യേന ചെലവ് കുറഞ്ഞ വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ 149.5 KW സൗരോർജ്ജ സംവിധാനമൊരുക്കി അതിൽനിന്നും ഓരോവർഷവും 1.794 ലക്ഷം യൂണിറ്റ് വൈദ്യുതി അധികോല്പാദനശേഷിയായി ലഭിച്ചുവരുന്നു.

കൂടാതെ അനെർട്ടിന്റെ ആഭിമുഖ്യത്തിൽ പാലക്കാട് ജില്ലയിലെ കുഴൽമന്ദത്ത് 2 MW സ്ഥാപിതശേഷിയുള്ള ഒരു സൗരവൈദ്യുത നിലയം സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിച്ചുവരുന്നുണ്ട്.

സംസ്ഥാനത്ത് കാറ്റാടിപ്പാടങ്ങളിൽനിന്നും വൈദ്യുതി ഉല്പാദിപ്പിച്ചുവരുന്നുണ്ട്. ആകെ 70.275 MW ആണ് കാറ്റാടിപ്പാടങ്ങളുടെ സ്ഥാപിതശേഷി.

## മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിപണനത്തിൽ സഹകരണ മേഖലയുടെ ഇടപെടൽ

26(*206) ശ്രീ. എം. എം. മണി:
ശ്രീ. കെ. എ. സച്ചിൻദേവ് :
ശ്രീ. കെ. ആൻസലൻ:
ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിന് കരുത്ത് പകരുന്നതിന് വിവിധ തരത്തിൽ ഇടപെടൽ നടത്തുന്ന സഹകരണ മേഖല ഇടനിലക്കാരെ ഒഴിവാക്കി കാർഷികോല്പന്നങ്ങൾ ശേഖരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി കയറ്റുമതി ചെയ്യുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ?

സഹകരണ മേഖല ഇടനിലക്കാരെയൊഴിവാക്കി കാർഷികോൽപ്പന്നങ്ങൾ ശേഖരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി കയറ്റുമതി ചെയ്യുന്നതുൾപ്പെടെയുള്ള ലക്ഷ്യ സാക്ഷാൽക്കാരത്തിനായി “ ബ്രാൻഡിംഗ് ആൻഡ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങൾ ഇപ്പോൾ ഉല്പാദിപ്പിച്ചുകൊണ്ടിരിക്കുന്ന ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തി ഏകീകൃത ബ്രാൻഡിംഗ് കൊണ്ടുവന്ന് വിപണി ശൃംഖല കെട്ടിപ്പടുക്കുക, ഉപഭോക്താക്കൾക്ക് ഗുണമേന്മയേറിയ ഉല്പന്നങ്ങൾ ന്യായവിലയിൽ ലഭ്യമാക്കുക, ദേശീയ, അന്തർദ്ദേശീയ വിപണിയിലേയ്ക്ക് ചുവടുവയ്ക്കുക, പ്രധാനസ്ഥലങ്ങളിൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുക, ഗുണനിലവാര പരിശോധന ലാബുകൾ സജ്ജമാക്കുക, ഓൺലൈൻ വിപണി സൃഷ്ടിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

(ബി) ഉല്പന്നങ്ങൾക്ക് ഗുണമേന്മയുറപ്പാക്കി ഏകീകൃത ബ്രാൻഡിംഗിലൂടെ ഓൺലൈൻ പ്ലാറ്റ്ഫോമുകൾവഴി രാജ്യത്തിന്റെ ഇതരഭാഗങ്ങളിൽ വിപണിയുറപ്പാക്കാൻ സഹകരണ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ?

പദ്ധതിയുടെ ഭാഗമായി ഇ-സെല്ലിംഗ് മൊബൈൽ ആപ്ലിക്കേഷൻ ആൻഡ് വെബ് ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിനുള്ള നടപടി വളരെ പുരോഗതിയിലാണ്. ആദ്യഘട്ടത്തിൽ സഹകരണ ഉല്പന്ന ഔട്ട്ലെറ്റുകളായ കോ-ഓപ്പ്മാർട്ടുകൾക്കാവശ്യമായ സാധനങ്ങളുടെ സ്റ്റോക്ക് വിവരം മനസിലാക്കി മൊബൈൽ വഴിയോ വെബ്സൈറ്റ് മുഖേനയോ ഉല്പാദകർക്ക് ഓർഡർ നൽകി സാധനങ്ങൾ ലഭ്യമാക്കുവാൻ കഴിയുംവിധമുള്ള സോഫ്റ്റ്‌വെയറാണ് നടപ്പിലാക്കുന്നത്. അടുത്തഘട്ടത്തിൽ ഉപഭോക്താക്കൾക്കും ഓർഡർ നൽകി സാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ പ്രാബല്യത്തിൽവരുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ ഓൺലൈൻ പ്ലാറ്റ്ഫോമുകൾവഴി രാജ്യത്തിന്റെ ഇതരഭാഗങ്ങളിൽ വിപണി കണ്ടെത്തുന്നതിനും ലക്ഷ്യമിടുന്നു.

(സി) കർഷകർക്ക് ന്യായവില ലഭ്യമാക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനവും വിപണനവും വിപുലീകരിക്കുന്നതിനും വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

1. കർഷകരിൽനിന്നും നെല്ല് സംഭരിച്ച്, സംസ്കരിച്ച്, കാർഷികോല്പന്നങ്ങൾ വിപണനം നടത്തുന്നതിനും ആധുനിക സാങ്കേതികവിദ്യയോടുകൂടിയ അരി മിൽ സ്ഥാപിക്കുന്നതിനും, എല്ലാതരം കാർഷികോല്പന്നങ്ങളും വാങ്ങി സംഭരിച്ചും സംസ്കരിച്ചും അല്ലാതെയും വിപണനം നടത്തുന്നതിനും ഭക്ഷ്യയോഗ്യമായ കാർഷികോല്പന്നങ്ങൾ സംസ്കരിച്ച് വിവിധതരം ടിൻ ഫുഡുകളായുള്ള ഭക്ഷണ പാക്കറ്റുകളായും അല്ലാതെയും വിപണനം നടത്തുക, ഭക്ഷ്യയോഗ്യമല്ലാത്ത കാർഷികോല്പന്നങ്ങൾ സംസ്കരിച്ച് വിവിധതരം വ്യവസായോല്പന്നങ്ങൾ നിർമ്മിച്ചും അല്ലാതെയും വിപണനം നടത്തുക, തുടങ്ങിയ ലക്ഷ്യത്തോടെ പാലക്കാട് ജില്ലയിലെ 36 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ അംഗങ്ങളായിക്കൊണ്ട് പാലക്കാട് ജില്ല പ്രവർത്തനപരിധിയായി പാലക്കാട് പാഡി പ്രൊക്യൂർമെന്റ്, പ്രോസസ്സിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ പി.1449 (PAPCOS) പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

2. മേൽ പ്രകാരമുള്ള അതേ ഉദ്ദേശ്യ ലക്ഷ്യങ്ങളോടെ പാലക്കാടൊഴികെ സംസ്ഥാനത്തെ 13 ജില്ലകൾ പ്രവർത്തനപരിധിയായി കോട്ടയം ആസ്ഥാനമായിക്കൊണ്ട് കോട്ടയം ജില്ലയിലെ 26 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ അംഗങ്ങളായി കേരള പാഡി പ്രോക്യൂർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4505 (KAPCOS) രജിസ്റ്റർ ചെയ്ത് പ്രാരംഭപ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

3. മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിപണനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി സഹകരണ വകുപ്പ് എക്സ്പോ സംഘടിപ്പിക്കുകയും അന്തർദേശീയ ട്രേഡ് ഫെയറിൽ പങ്കെടുക്കുകയും ചെയ്യുന്നുണ്ട്

## ജി.എസ്.ടി. വളർച്ചാനിരക്ക്

27(*207) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ഡോ. മാത്യു കുഴൽനാടൻ :
ശ്രീ. റോജി എം. ജോൺ:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) മൂല്യവർദ്ധിത നികുതി വളർച്ചയുമായി താരതമ്യപ്പെടുത്തുമ്പോൾ ജി.എസ്.ടി. വളർച്ചാനിരക്ക് സംസ്ഥാനത്ത് കുറയാനുണ്ടായ സാഹചര്യം വിശദമാക്കാമോ?

ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം സംസ്ഥാനത്തിന് നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വർദ്ധന നേടാൻ സാധിച്ചിട്ടില്ല. ജി.എസ്.ടി. നടപ്പാക്കുന്ന ഘട്ടത്തിൽ ലക്ഷ്യമിട്ടിരുന്നത് 14 ശതമാനം വാർഷിക നികുതി വളർച്ചയാണ്. ജി.എസ്.ടി. നികുതി നിരക്ക് നിശ്ചയിച്ചിരുന്നത് വിവിധ സംസ്ഥാനങ്ങളിൽ മൂല്യവർദ്ധിത നികുതി കാലയളവിൽ നിലവിലുണ്ടായിരുന്ന നികുതി നിരക്കിന്റെ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയ റവന്യൂ ന്യൂട്രൽ റേറ്റ് പ്രകാരമാണ്. എന്നാൽ, ജി.എസ്.ടി. കൗൺസിലിനുമുമ്പാകെവന്ന ആവശ്യങ്ങൾ പരിഗണിച്ച് നികുതി നിരക്കിൽ ഗണ്യമായ കുറവ് പിന്നീട് വരുത്തുകയുണ്ടായി. കേരളത്തിന്റെ മൂല്യവർദ്ധിത നികുതി പിരിവിന്റെ സിംഹഭാഗവും 14.5 ശതമാനമോ അതിനുമുകളിലോ നികുതി വിധേയമായ സാധനങ്ങളിൽ നിന്നുമാണ് ലഭ്യമായിരുന്നത്. ഇതിൽ ഭൂരിഭാഗത്തിന്റെയും ജി.എസ്.ടി. നികുതി നിരക്ക് 28 ശതമാനമായി (CGST 14%+SGST 14%) നിശ്ചയിച്ചിരുന്നത് ജി.എസ്.ടി. കൗൺസിൽ 18 ശതമാനം (CGST 9% + SGST 9%), 12% (CGST 6% + SGST 6%)

എന്നീ നികുതിനിരക്കുകളിലേയ്ക്ക് കുറവ് ചെയ്യുകയുണ്ടായി. ഇത് സംസ്ഥാനം പ്രതീക്ഷിച്ച നികുതിപിരിവ് സാധ്യമാകാത്തതിനുള്ള പ്രധാന കാരണങ്ങളിലൊന്നാണ്. കൂടാതെ, അന്യസംസ്ഥാനങ്ങളിൽനിന്നും വാങ്ങുന്ന സാധനങ്ങളിൽ നൽകിയ ഐ.ജി.എസ്.ടി, എസ്.ജി.എസ്.ടി അടയ്ക്കുന്നതിലേയ്ക്ക് തട്ടിക്കിഴിക്കുന്നതിലെ കൃത്യമായ വിവരങ്ങൾ ജി.എസ്.ടി റിട്ടേൺ പൂർണ്ണമാകാത്തതിനാൽ യഥാസമയം ലഭ്യമായിരുന്നില്ല. ഇതും നികുതിപിരിവിനെ ഒരു പരിധിവരെ ബാധിച്ചിട്ടുണ്ട്.

സംസ്ഥാനം അഭിമുഖീകരിച്ച തുടർച്ചയായ പ്രകൃതിദുരന്തങ്ങളും തുടർന്നുണ്ടായ കോവിഡ് മഹാമാരിയും അതിനെത്തുടർന്നുണ്ടായ ലോക്ക്ഡൗൺ സാഹചര്യവും സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചു.

2015-16 സാമ്പത്തികവർഷത്തെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ വാർഷിക വർദ്ധന 14 ശതമാനം കണക്കാക്കി നഷ്ടപരിഹാരമായി കേന്ദ്ര സർക്കാർ നൽകുന്ന തുകയിലും കുടിശ്ശികയുണ്ട്. മേല്പറഞ്ഞ കാരണങ്ങളാൽ മൂല്യവർദ്ധിത നികുതിപിരിവുമായി താരതമ്യം ചെയ്യുമ്പോൾ ജി.എസ്.ടി. നികുതി പിരിവിൽ പ്രതീക്ഷിച്ച വർദ്ധനയുണ്ടായിട്ടില്ല.

(ബി) സർവീസ് മേഖല കൂടുതലുള്ള സംസ്ഥാനത്ത് ജി.എസ്.ടി.യുടെ ഗുണഫലം ലഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

സർവീസ് മേഖലയിൽ നിന്നും സംസ്ഥാനത്ത് ജി.എസ്.ടി. യുടെ ഗുണഫലം ലഭിച്ചിട്ടില്ലാത്തതായി കണക്കാക്കുന്നില്ല. സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിനെ സംബന്ധിച്ച് സേവന മേഖല ഒരു പുതിയ മേഖലയാണെങ്കിലും ടി മേഖലയുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനങ്ങൾ നൽകുകയും ഇതുവഴി സേവന മേഖലയിലെ നികുതി പിരിവുമായി ബന്ധപ്പെട്ട് കാര്യക്ഷമമായ പ്രവർത്തനം നടത്തുന്നതിന് വകുപ്പിനെ പ്രാപ്തമാക്കിമാറ്റുകയും ചെയ്തിട്ടുണ്ട്. വകുപ്പിലെ ഇൻവെസ്റ്റിഗേഷൻ വിഭാഗം ഈ മേഖലയിൽ വലിയ രീതിയിലുള്ള നികുതി വെട്ടിപ്പുകൾ കണ്ടെത്തി തുടർനടപടി സ്വീകരിച്ചുവരുന്നുണ്ട്.

(സി) സംസ്ഥാനത്തെ സർവീസ് മേഖലയിൽനിന്നും നികുതി വെട്ടിപ്പ് തടയാനും നികുതി പിരിവ് കാര്യക്ഷമമാക്കാനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ് ആൻഡ് ഇൻവെസ്റ്റിഗേഷൻ വിഭാഗം അത്യാധുനിക സാങ്കേതികവിദ്യവഴിയും ഇൻഫർമേഷൻ ഉപയോഗിച്ചും സംസ്ഥാനത്തെ സർവീസ്

മേഖലകളിൽനിന്നും നാളിതുവരെ 331 കേസുകളിലായി 214.27 കോടി രൂപയുടെ നികുതി വെട്ടിപ്പ് കണ്ടെത്തിയിട്ടുള്ളതും കുറ്റക്കാർക്കെതിരെ ജി.എസ്.ടി നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാകുന്നു. സർവീസ് മേഖലയിൽനിന്നുള്ള നികുതി വെട്ടിപ്പ് തടയാനും നികുതി പിരിവ് കാര്യക്ഷമമാക്കാനും നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രധാനമായും വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ഇക്കാര്യത്തിൽ കാര്യക്ഷമമായ പരിശീലനം നൽകിയിട്ടുണ്ട്. ജി.എസ്.ടി. നിയമത്തിനനുസൃതമായി സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് പുനഃസംഘടിപ്പിച്ചു. ഓഡിറ്റ്, ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾ ശക്തിപ്പെടുത്തിയതിലൂടെ സർവീസ് മേഖലയുൾപ്പെടെയുള്ള മേഖലകളുമായി ബന്ധപ്പെട്ട നികുതി വെട്ടിപ്പ് കണ്ടുപിടിക്കുന്നതിനും നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനും കഴിയും. വകുപ്പിന്റെ ഇൻവെസ്റ്റിഗേഷൻ വിഭാഗം വിവിധ സർവീസ് മേഖലകളിലെ നിരവധി നികുതി വെട്ടിപ്പ് കേസുകൾ കണ്ടുപിടിച്ച് തുടർനടപടി സ്വീകരിച്ചുവരുന്നു. വകുപ്പിലെ ഉദ്യോഗസ്ഥർക്ക് കൂടുതൽ കാര്യക്ഷമമായ പരിശീലനം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## സഹകരണ ബാങ്കിംഗ് ഭരണരംഗത്തെ സ്ത്രീപങ്കാളിത്തം

28(*208) <u>ശ്രീമതി ശാന്തകുമാരി കെ.</u>:

ശ്രീ. എ. സി. മൊയ്തീൻ :
ശ്രീമതി ദെലീമ:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) രാജ്യത്തിന് മാതൃകയായി മാറുന്ന തരത്തിൽ സംസ്ഥാനത്തെ സഹകരണ ബാങ്കിംഗ് ഭരണരംഗത്തെ സ്ത്രീപങ്കാളിത്തം വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

സഹകരണ സംഘം നിയമം വകുപ്പ് 28 എ(1) പ്രകാരം എല്ലാ സഹകരണ സംഘം ഭരണസമിതികളിലും 3 വനിത അംഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തിയതിലൂടെ സഹകരണ ബാങ്കിംഗ് ഉൾപ്പെടെ എല്ലാ സഹകരണ സംഘങ്ങളുടെ ഭരണസമിതികളിലും സ്ത്രീപങ്കാളിത്തം വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സഹകരണ മേഖലയിൽ വനിതകൾക്ക് കൂട്ടുതൽ പ്രാതിനിധ്യമുറപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സഹകരണ മേഖലയിൽ വനിതകൾക്ക് കൂടതൽ പ്രാതിനിധ്യമുറപ്പാക്കുന്നതിന് നിലവിൽ തീരുമാനങ്ങൾ പരിഗണനയിലില്ല. എന്നാൽ സഹകരണ മേഖലയിൽ കൂട്ടുതൽ വനിതകൾ

കടന്നുവരുന്നതിനായി സർക്കാരിന്റെ മൂന്നാം നൂറുദിന പരിപാടിയിലുൾപ്പെടുത്തി സംസ്ഥാനത്ത് മൂന്ന് യുവ വനിതാ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഈ സർക്കാർ സഹകരണ മേഖലയിൽ നടപ്പാക്കുന്ന സ്ത്രീ സൗഹൃദ പരിപാടികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

വനിതാ സഹകരണ സംഘങ്ങൾക്കും കേരള സംസ്ഥാന വനിത ഫെഡറേഷനും തൊഴിലവസരം സൃഷ്ടിക്കുന്ന പ്രത്യേക പ്രോജക്ടുകളേറ്റെടുത്ത് നടപ്പിലാക്കുന്നതിനായി 2022-23 സാമ്പത്തികവർഷം സഹകരണ വകുപ്പിന്റെ പദ്ധതിയിനത്തിൽ ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി തുക സബ്സിഡി, ഓഹരി എന്നീ ഇനങ്ങളിലായിട്ടാണ് അനുവദിക്കുന്നത്. വനിത സഹകരണ സംഘങ്ങളും വനിത ഫെഡറേഷനും സമർപ്പിക്കുന്ന പ്രോജക്ടുകളുടെയടിസ്ഥാനത്തിലാണ് പദ്ധതി തുക അനുവദിക്കുന്നത് 2022-23 സാമ്പത്തികവർഷം 33 വനിത സംഘങ്ങൾക്കായി 157.42 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

- വനിത സഹകരണ സംഘങ്ങൾവഴി വനിതകളുടെ ഉന്നമനത്തിനായി കോഫി ഷോപ്പ്, വനിത ഹോട്ടൽ, ഡ്രൈവിംഗ് സ്കൂൾ എന്നീ

പദ്ധതികൾ നടപ്പിലാക്കുന്നതിനായി സർക്കാരിൽനിന്നും 1.52 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇത് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## കയർ മ്യൂസിയം

29(*209) ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. വി. ജോയി :
ശ്രീ. എച്ച്. സലാം:
ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ വ്യവസായം നേരിടുന്ന പ്രതിസന്ധി അതിജീവിക്കുന്നതിനും വ്യവസായം നവീകരിക്കുന്നതിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കയറുല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി പഞ്ചായത്തുകളിൽ 2022-23 സാമ്പത്തികവർഷം നാളിതുവരെ 50.26 ലക്ഷം ചതുരശ്ര മീറ്റർ കയർ ഭൂവസ്ത്രം വിതരണം ചെയ്തിട്ടുണ്ട്. ഉല്പന്ന വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി എൻ.സി.ആർ.എം.ഐ. പരിസ്ഥിതി സൗഹൃദമായ കയർ ബാഗുകൾ

രൂപകല്പന ചെയ്ത് ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് വഴി ഉല്പാദിപ്പിച്ച് വിപണനം ചെയ്തുവരുന്നുണ്ട്. ചകിരിച്ചോറ് കമ്പോസിറ്റ്, ജല ശുദ്ധീകരണ കാട്രിഡ്ജുകൾ എന്നിവയുടെ രൂപകല്പന എൻ.സി.ആർ.എം.ഐ.-യിൽ പുരോഗമിച്ചുവരുന്നു. കൂടാതെ പരമ്പരാഗത കയർ മേഖലയിലെ വനിതകൾക്കായുള്ള ഇ-റാട്ട് പരിശീലനവും എൻ.സി.ആർ.എം.ഐ. നടത്തിവരുന്നു. യന്ത്രവൽക്കരണത്തിന്റെ ഭാഗമായി ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ, ഇ-റാട്ടുകൾ, ഡീഫൈബറിംഗ് മില്ലുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിലൂടെയും കയർ ഭൂവസ്ത്ര പദ്ധതിയുടെ വ്യാപനത്തിലൂടെയും കയറിനും കയറുല്പന്നങ്ങൾക്കും വിപണി സാധ്യത കണ്ടെത്തുന്നുണ്ട്.

(ബി) കയർ വ്യവസായം പുതിയ തലമുറയ്ക്ക് പരിചയപ്പെടുത്തുന്നതിനും വിപണനവും വിനോദസഞ്ചാര സാധ്യതയും കണക്കിലെടുത്തും ആരംഭിച്ച കയർ മ്യൂസിയത്തിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ?

കയർഫെഡ്, കയർ കോർപ്പറേഷൻ, ന്യൂമോഡൽ കയർ മാറ്റ്സ് & മാറ്റിംഗ്സ് സഹകരണ സംഘം ക്ലിപ്തം നം. 524 എന്നീ സ്ഥാപനങ്ങളുടെ സ്ഥലവും കെട്ടിടവും ഏറ്റെടുത്താണ് കയർ മ്യൂസിയം നടപ്പാക്കുന്നത്. കയർ

വികസന വകുപ്പ്, ടൂറിസം വകുപ്പ്, കിഫ്ബി എന്നീ സ്ഥാപനങ്ങൾ വഴിയാണ് ടി പദ്ധതി നടപ്പാക്കുന്നതിനുള്ള ഫണ്ട് കണ്ടെത്തിയിട്ടുള്ളത്.

കയർ വികസന വകുപ്പിനുകീഴിൽ കയർ മ്യൂസിയത്തിൽ മുസിരിസ് പ്രോജക്ട് ലിമിറ്റഡ് നടപ്പാക്കുന്ന നിർമ്മാണപ്രവർത്തനങ്ങളുടെ പുരോഗതി ചുവടെ ചേർക്കുന്നു :

1. ഗോഡൗൺ 1-ന്റെ പുനരുദ്ധാരണം: 1.60 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണപ്രവർത്തനം പുരോഗമിച്ചുവരുന്നു.

2. ഗോഡൗൺ 2 & 3-ന്റെ പുനരുദ്ധാരണം: കയർഫെഡിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം വിട്ടുനൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. ഗോഡൗൺ 4-ന്റെ പുനരുദ്ധാരണം: കെട്ടിടം കയർഫെഡിൽനിന്നും വിട്ടുനൽകി. തുടർനടപടി സ്വീകരിച്ചുവരുന്നു.

4. ന്യൂമോഡൽ കയർ ഫാക്ടറിയുടെ ഇൻഡസ്ട്രിയൽ ബിൽഡിംഗ് (ഔട്ട് ഷെഡ്) ലീസിനെടുക്കുന്നത്: 1,31,47,684/- രൂപ (ഒരു

കോടി മുപ്പത്തിയൊന്ന് ലക്ഷത്തി നാല്പത്തിയേഴായിരത്തി അറുന്നൂറ്റി എൺപത്തിനാല് രൂപ)-യുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം പുരോഗമിച്ചുവരുന്നു.

5. പാലാഴി കെട്ടിടത്തിന്റെ പുനരുദ്ധാരണം: 1,05,63,867/- രൂപ (ഒരു കോടി അഞ്ച് ലക്ഷത്തി അറുപത്തിമൂന്നായിരത്തി എണ്ണൂറ്റി അറുപത്തിയേഴ് രൂപ മാത്രം)-യുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം പുരോഗമിച്ചുവരുന്നു.

6. അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗിന്റെ പുനരുദ്ധാരണം: നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ടൂറിസം വകുപ്പുവഴി നടപ്പിലാക്കുന്ന മ്യൂസിയം കെട്ടിടത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് ടൂറിസം വകുപ്പിൽനിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇൻഡസ്ട്രിയൽ ബിൽഡിംഗിലെ കോർട്ട്യാർഡ്, സ്റ്റെൻസിൽ യൂണിറ്റ്, കെമിക്കൽ സ്റ്റോറേജ്, മ്യൂസിയം ബിൽഡിംഗിലെ ഷെഡ്-2 എന്നീ നിർമ്മാണ പ്രവർത്തനങ്ങൾ കിഫ്ബി മുഖേനയാണ് നടത്തിവരുന്നത്.

(സി) പ്രസ്തുത കയർ മ്യൂസിയത്തിന്റെ നിർമ്മാണച്ചുമതല ഏൽപ്പിച്ചിരിക്കുന്നത് ഏത് ഏജൻസിയെയാണെന്ന് വെളിപ്പെടുത്താമോ?

ഇങ്കൽ ലിമിറ്റഡ്, മുസരീസ് പ്രോജക്ട് ലിമിറ്റഡ് എന്നീ ഏജൻസികൾ മുഖാന്തരമാണ് കയർ മ്യൂസിയത്തിന്റെ നിർമ്മാണപ്രവൃത്തികൾ നടന്നുവരുന്നത്.

(ഡി) കയർ വ്യവസായ മേഖലയുമായി ബന്ധപ്പെട്ട ഏതെല്ലാം സ്ഥാപനങ്ങളെയാണ് കയർ മ്യൂസിയത്തിന്റെ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കയർഫെഡ്, കയർ കോർപ്പറേഷൻ, എൻ.സി.ആർ.എം.ഐ, ഫോമിൽ എന്നീ സ്ഥാപനങ്ങളാണ് കയർ മ്യൂസിയത്തിന്റെ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നത്.

**ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിംഗിൽ കേരളത്തിന്റെ സ്ഥാനം**

30(*210) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. ഐ. ബി. സതീഷ് :
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിനും സാമ്പത്തിക പ്രതിസന്ധികൾമൂലം വികസന പ്രവർത്തനങ്ങൾക്ക് തടസ്സം വരാതിരിക്കുന്നതിനും നിക്ഷേപാന്തരീക്ഷം സുഗമമാക്കുന്നതിന് സർക്കാർ നടത്തിയ പരിശ്രമങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) നിക്ഷേപാന്തരീക്ഷം ബിസിനസ് സൗഹൃദമാക്കിമാറ്റുന്നതിന് എന്തെല്ലാം നൂതന നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കാമോ?

(എ&ബി) സംസ്ഥാനത്തിന്റെ വ്യവസായ പുരോഗതിക്കും നിക്ഷേപാന്തരീക്ഷം സുഗമമാക്കുന്നതിനും അതിലൂടെ സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനുമുതകുന്ന നിരവധി പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനുള്ള നിയമനിർമ്മാണങ്ങളും ഭേദഗതികളുമുൾപ്പെടുന്ന നടപടികൾക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്തുതന്നെ തുടക്കം കുറിച്ചിരുന്നു. സംരംഭങ്ങൾക്കുള്ള അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ 2018-ൽ ' കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' സർക്കാർ കൊണ്ടുവരികയുണ്ടായി. ഈ നിയമപ്രകാരം വ്യാവസായികാനുമതികളുടെ കാലാവധി അഞ്ച് വർഷമാക്കി ഉയർത്തി. മാത്രമല്ല അപേക്ഷ സമർപ്പിച്ച

തീയതി മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്കുകീഴിലുള്ള അനുമതികൾ അതത് വകുപ്പുകൾ ലഭ്യമാക്കേണ്ടതുമാണ്; അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ക്ലിയറൻസ് ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്. ഈ വിധം എല്ലാ അനുമതികളും പരമാവധി 30 ദിവസത്തിനുള്ളിൽ ലഭ്യമാക്കാൻ കെ-സ്വിഫ്റ്റ് എന്ന ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. നാളിതുവരെ 55,706 സംരംഭകർ കെ-സ്വിഫ്റ്റിൽ രജിസ്റ്റർ ചെയ്യുകയും 4,959 അനുമതി അപേക്ഷകൾ ഇതുവഴി പ്രോസസ്സ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

കൂടാതെ 2019-ൽ ' കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം 50 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷംവരെ സംസ്ഥാന നിയമങ്ങൾക്കുകീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. കെ-സ്വിഫ്റ്റിലൂടെ സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് Ackowledgement Certificate കരസ്ഥമാക്കി സംരംഭം ഉടനടി

തുടങ്ങാൻ സാധിക്കും. നാളിതുവരെ ഈ വിധം 29,423 Ackowledgement Certificate-കൾ കെ-സ്വിഫ്റ്റിലൂടെ നൽകാൻ കഴിഞ്ഞിട്ടുണ്ട്.

മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്ത MSME-ഇതര വ്യവസായങ്ങൾക്ക് ഒരു വർഷത്തേയ്ക്ക് സംസ്ഥാന നിയമങ്ങൾക്കുകീഴിലുള്ള ചില അനുമതികൾ ഒഴിവാക്കിക്കൊണ്ട് മേൽസൂചിപ്പിച്ച 2019-ലെ ' കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ' നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ ഇത്തരം വ്യവസായങ്ങൾക്ക് അനുമതി കൊടുക്കുന്നതിന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോ രൂപീകരിച്ചിട്ടുണ്ട്.

വ്യവസായസ്ഥാപനങ്ങളിൽ വിവിധ സർക്കാർ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ കഴിവതും ഒരുമിച്ചുനടത്തുവാനും അനാവശ്യ പരിശോധനകൾ ഒഴിവാക്കാനുംവേണ്ടി കെ-സിസ് എന്ന ഓൺലൈൻ ഏകീകൃത പരിശോധനാ സംവിധാനം (Kerala Centralised Inspection System) നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ അഞ്ച് വകുപ്പുകളെ

സംയോജിപ്പിച്ചാണ് പ്രസ്തുത കേന്ദ്രീകൃത പരിശോധനാ സംവിധാനം ഒരുക്കിയിട്ടുള്ളത്.

വിവിധ വകുപ്പുകൾ, സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും സമയബന്ധിതമായി തീർപ്പാക്കുന്നതിനുംവേണ്ടി നിയമപിന്തുണയുള്ള പരാതിപരിഹാര കമ്മിറ്റികൾ ജില്ലാ/സംസ്ഥാന തലത്തിൽ രൂപീകരിച്ചിട്ടുണ്ട്. 1999-ലെ കേരള വ്യവസായ ഏകജാലക ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും നിയമത്തിൽ ആവശ്യാനുസൃതമായ ഭേദഗതികൾ വരുത്തിക്കൊണ്ടാണ് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളത്. സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിൽ കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ ഒട്ടേറെ വ്യവസ്ഥകൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇവ ഒഴിവാക്കാനും കുറ്റകരമായ നടപടികൾ ലഘൂകരിക്കാനുമുള്ള മാർഗ്ഗങ്ങൾ നിർദേശിക്കാനും ഒരു എക്സ്റ്റേണൽ കമ്മിറ്റി രൂപീകരിച്ചിരുന്നു. വ്യവസായ സമൂഹവുമായും വിവിധ വ്യവസായ അസോസിയേഷനുകളുമായും കൂടിയാലോചനകൾ നടത്തി അവരുടെ

പരാതികളും നിർദ്ദേശങ്ങളും സ്വീകരിച്ച് പ്രസക്തമായ എല്ലാ നിയമങ്ങളുടെയും ചട്ടങ്ങളുടെയും സൂക്ഷ്മ വിശകലനം നടത്തി അവയിൽ കാലഹരണപ്പെട്ട നിബന്ധനകളൊഴിവാക്കാനും കുറ്റകരമായ നടപടികൾ ലഘൂകരിക്കാനുമുള്ള മാർഗ്ഗനിർദേശങ്ങളടങ്ങിയ വിശദമായ റിപ്പോർട്ട് പ്രസ്തുത കമ്മിറ്റി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇപ്രകാരം കമ്മിറ്റി ശിപാർശ ചെയ്ത മാർഗ്ഗനിർദേശങ്ങൾ നടപ്പിലാക്കാൻ അതത് വകുപ്പുകളുടെ വർക്കിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് കമ്മിറ്റികൾ നിർദ്ദേശിക്കുന്നതിന്റെ വെളിച്ചത്തിൽ നിയമപരിഷ്കാരങ്ങളും ഭേദഗതികളും ഉടൻതന്നെ പ്രാബല്യത്തിൽ വരുത്തുവാൻ സാധിക്കുന്നതാണ്.

2022-23 സംരംഭകവർഷമായി സർക്കാർ പ്രഖ്യാപിക്കുകയും ഈയൊരു വർഷക്കാലയളവിൽ സംസ്ഥാനത്ത് ഒരു ലക്ഷം പുതിയ സംരംഭങ്ങൾ തുടങ്ങാൻ പദ്ധതി ആവിഷ്കരിക്കുകയും ചെയ്തിരുന്നു. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന ഇതിലേയ്ക്കായി വിവിധയിനം കർമ്മപരിപാടികളും സംഘടിപ്പിച്ചിരുന്നു. ഈ പദ്ധതിയുടെ ഭാഗമായി പുതിയ സംരംഭങ്ങൾക്ക് താങ്ങാനാവുന്ന സാമ്പത്തിക സഹായം നൽകുകയെന്ന ലക്ഷ്യത്തോടെ, സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുമായി

(SLBC) ഏകോപിപ്പിച്ച് 4 ശതമാനം പലിശ നിരക്കിൽ ഒരു പ്രത്യേക വായ്പാ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

കൂടാതെ പുതിയ സംരംഭങ്ങൾ കൂടുതലായി കടന്നുവരുന്നതിനും കൂടുതൽ നിക്ഷേപകരെ ആകർഷിച്ചുകൊണ്ട് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും Private Industrial Estate Scheme 2022 നിലവിൽ വരികയും ആയതിന്റെ അടിസ്ഥാനത്തിൽ ഓൺലൈനായി അപേക്ഷകൾ സ്വീകരിച്ച് ഡെവലപ്പർ പെർമിറ്റ് അനുവദിച്ചുവരുന്നുണ്ട്. സ്വകാര്യ വ്യവസായ പാർക്കിലെ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി സർക്കാർ ധനസഹായം ഉറപ്പുവരുത്തുന്നുണ്ട്. ഇവ കൂടാതെ, നിലവിലുള്ള സംരംഭങ്ങളുടെയും പുതുതലമുറ മേഖലകളിലെ സംരംഭങ്ങളുടെയും ഉന്നമനം ലക്ഷ്യമിട്ട് സംസ്ഥാനത്ത് പുതിയ വ്യവസായ നയം (കരട്) തയ്യാറാക്കിയിട്ടുണ്ട്. കേരളത്തിനിണങ്ങുന്ന മേഖലകളിൽ വൻകിട നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കാനും സംസ്ഥാനത്തെ സാങ്കേതിക വൈദഗ്ധ്യമുള്ള മാനവവിഭവശേഷിയെ ശരിയാംവണ്ണം വിനിയോഗിക്കാൻ കഴിയുന്ന ആധുനിക സ്മാർട്ട് വ്യവസായങ്ങൾക്ക് പ്രത്യേക പരിഗണന നൽകുവാനും അതിലൂടെ ത്വരിതഗതിയിലുള്ള സ്ഥായിയായ വ്യവസായവൽക്കരണം സാധ്യമാക്കാനും പുതിയ വ്യവസായ നയം

ലക്ഷ്യമിടുന്നു. നാലാം വ്യവസായ വിപ്ലവം തുറന്നുതരുന്ന വിപുലമായ സാധ്യതകളെ സമർത്ഥമായി വിനിയോഗിക്കുന്നതിനുള്ള പ്രത്യേക കർമ്മപദ്ധതി ഈ നയം മുന്നോട്ടുവയ്ക്കുന്നു. അതിവേഗ വളർച്ചയ്ക്ക് സാധ്യതയുള്ള മുൻഗണനാ മേഖലകളിലെ സംരംഭങ്ങളെ കൂടുതൽ ആകർഷിക്കുന്നതിനും അതുവഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പുതിയ വ്യവസായ നയത്തിൽ വിവിധ സാമ്പത്തിക പ്രോത്സാഹനങ്ങൾ വിഭാവന ചെയ്തിട്ടുണ്ട്. ആധുനികവൽക്കരണം നടപ്പിലാക്കി ഉല്പാദനക്ഷമത വർദ്ധിപ്പിച്ച് മത്സരക്ഷമവും ലാഭകരവുമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായി പൊതുമേഖലാ സ്ഥാപനങ്ങളെ മാറ്റുവാൻവേണ്ട നടപടികൾക്കും പുതിയ വ്യവസായ നയം ഊന്നൽ നൽകുന്നു. തൊഴിൽ സംരക്ഷിച്ചുള്ള യന്ത്രവൽക്കരണം നടപ്പിലാക്കി വിപണി ആവശ്യപ്പെടുന്ന ഉല്പന്നങ്ങൾ നിർമ്മിക്കാൻ പരമ്പരാഗത വ്യവസായരംഗത്തെ പ്രാപ്തമാക്കാനും നയം ലക്ഷ്യംവയ്ക്കുന്നു.

സംസ്ഥാനത്ത് നിക്ഷേപ അന്തരീക്ഷം സുഗമമാക്കുന്നതിനുതകുന്ന വിധത്തിൽ അടിസ്ഥാന വികസനത്തിനായുള്ള താഴെപ്പറയുന്ന പദ്ധതികളുടെ പ്രവൃത്തികൾ സമയബന്ധിതമായി പുരോഗമിച്ചുവരുന്നുണ്ട്.

1. കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി– പാലക്കാട് നോഡിന്റെ വികസനം

2. ഗിഫ്റ്റ്സിറ്റി – അയ്യമ്പുഴ, എറണാകുളം

3. പെട്രോകെമിക്കൽ പാർക്ക് - അമ്പലമുഗൾ, കൊച്ചി

4. സ്പൈസസ് പാർക്ക് – തൊടുപുഴ

5. വ്യവസായ പാർക്ക്- മട്ടന്നൂർ

6. ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം – രാമനാട്ടുകര.

ഇപ്രകാരം നിക്ഷേപാന്തരീക്ഷം ബിസിനസ്സ് സൗഹൃദമാക്കി മാറ്റുന്നതിനായുള്ള നടപടികളും പദ്ധതികളും തുടർന്നും സ്വീകരിക്കും.

(സി) നിക്ഷേപ സൗഹൃദ സംരംഭകത്വത്തിനായി സർക്കാർ നടത്തിയ പ്രവർത്തനഫലമായി ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിംഗിൽ കേരളത്തിന്റെ സ്ഥാനം മെച്ചപ്പെടുത്തുന്നതിന് എത്രമാത്രം കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ; വ്യക്തമാക്കുമോ?

രാജ്യത്തെ വ്യവസായ സൗഹൃദ സംസ്ഥാനങ്ങളുടെ സൂചികയിൽ കഴിഞ്ഞ വർഷം കേരളത്തിന് വൻ മുന്നേറ്റം നടത്താൻ സാധിച്ചിട്ടുണ്ട്. കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയത്തിനുകീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഫോർ

പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (ഡി.പി.ഐ.ഐ.റ്റി) എല്ലാ സംസ്ഥാനങ്ങളേയും കേന്ദ്രഭരണ പ്രദേശങ്ങളേയുമുൾപ്പെടുത്തി വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള എളുപ്പത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്ന ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് റാങ്കിംഗിൽ കേരളം ഇരുപത്തിയെട്ടാം സ്ഥാനത്തുനിന്ന് പതിനഞ്ചാം സ്ഥാനത്തേയ്ക്ക് ഉയർന്നിട്ടുണ്ട്.

## ii നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ജി.എസ്.ടി. വകുപ്പിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ

1(2343) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജി.എസ്.ടി. വകുപ്പിൽ ഈ സർക്കാർ നടപ്പിലാക്കിയ പുതിയ പരിഷ്കാരങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നികുതിപിരിവ് കാര്യക്ഷമമാക്കുന്നതിനും നികുതിവെട്ടിപ്പ് തടയുന്നതിനുമായി നിരവധി പരിഷ്കാരങ്ങൾ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ കൊണ്ടുവന്നിട്ടുണ്ട്. ജി.എസ്.ടി നിയമത്തിനനുസൃതമായി സംസ്ഥാന ചരക്ക്

സേവന നികുതി വകുപ്പിനെ പുനഃസംഘടിപ്പിച്ചു. പുനഃസംഘടിപ്പിച്ച ജി.എസ്.ടി വകുപ്പിലെ പ്രധാന വിഭാഗങ്ങൾ ടാക്സ്പേയർ സർവീസസ്, ആഡിറ്റ്, ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് എന്നിവയാണ്. സെൻട്രൽ രജിസ്ട്രേഷൻ യൂണിറ്റ്, ഐ.ടി മാനേജ്മെന്റ് സെൽ, ലീഗൽ സെൽ, സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പെർഫോമൻസ് മോണിറ്ററിംഗ് സെൽ, ടാക്സ് റിസർച്ച് ആൻഡ് പോളിസി ഡിവിഷൻ, ഡാറ്റ അനലിറ്റിക്സ് ഡിവിഷൻ, റിവ്യൂ സെൽ, ഇന്റേണൽ ആഡിറ്റ് & വിജിലൻസ് സെൽ തുടങ്ങിയ വിഭാഗങ്ങളുമുണ്ട്. ഫങ്ഷണൽ സ്പെഷ്യലൈസേഷൻ, സുതാര്യത, അനുകൂലമായ തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കൽ എന്നിവ മുൻനിർത്തിയാണ് പുനഃസംഘടന നടപ്പിലാക്കിയിട്ടുള്ളത്. പുനഃസംഘടനയിലൂടെ വകുപ്പിന്റെ ആഡിറ്റ്, ഇന്റലിജൻസ് വിഭാഗങ്ങൾ കൂടുതൽ ശക്തിപ്പെടുത്തി. സാങ്കേതികവിദ്യ കൂടുതലായി ഉപയോഗിച്ചുകൊണ്ട് നികുതിവെട്ടിപ്പ് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. വാഹന പരിശോധന കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നിലവിലുണ്ടായിരുന്ന ANPR സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുമുള്ള നടപടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. വകുപ്പിൽ വെർച്വൽ

ഐ.ടി കേഡർ രൂപീകരിച്ചു. പൊതുജനങ്ങൾക്കും വ്യാപാരികൾക്കും വകുപ്പിനും ഒരുപോലെ സഹായകരമാകുന്ന വിധത്തിൽ ടാക്സ്പേയർ റേറ്റിംഗ് കാർഡ് നടപ്പിലാക്കി. പൊതുജനങ്ങളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് നികുതിവെട്ടിപ്പ് തടയുന്നതിനായി "ലക്കി ബിൽ" സമ്മാന പദ്ധതി 2022-23 വർഷത്തിൽ നടപ്പിലാക്കിയിട്ടുണ്ടായിരുന്നു. പൊതുജനങ്ങൾക്ക് അവർക്ക് ലഭിക്കുന്ന ഇൻവോയ്സുകൾ മൊബൈൽ ആപ്പിലൂടെ അപ്‌ലോഡ് ചെയ്യുന്നതിനും നറുക്കെടുപ്പിലൂടെ സമ്മാനം നേടുന്നതിനും അവസരം നൽകുകയും അതിലൂടെ ഇൻവോയ്സ് സംബന്ധിച്ച വിവരങ്ങൾ വകുപ്പിന് ലഭ്യമാവുകയും ചെയ്തു. ഈ പദ്ധതി 2023-24 സാമ്പത്തികവർഷത്തിലും തുടരാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുകൂടാതെ നികുതിവെട്ടിപ്പ് തടയുന്നതിനായി ഇൻഫോർമർ റിവാർഡ് സ്കീമും നടപ്പിലാക്കിയിട്ടുണ്ട്. പഴയ നിയമങ്ങളിന്മേലുള്ള നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന്റെ ഭാഗമായി ആംനസ്റ്റി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടായിരുന്നു. ജി.എസ്.ടി സംബന്ധമായ വിവരങ്ങളും ഭേദഗതികളും അപ്‌ഡേഷനുകളും ഉടനടി ലഭ്യമാക്കുന്നതിലേയ്ക്കായി ജി.എസ്.ടി.എൻ വികസിപ്പിച്ചെടുത്ത സോഫ്റ്റ്‌വെയർ സംവിധാനത്തിലേയ്ക്ക് വകുപ്പ് മാറിയിട്ടുണ്ട്. പ്രൊഫഷണൽ നിലവാരത്തിലുള്ള പരിശീലനം സംസ്ഥാന ചരക്ക് സേവന നികുതി

വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ വകുപ്പിലെ എല്ലാ വിഭാഗം ജീവനക്കാർക്കും ജി.എസ്.ടി നിയമങ്ങളെയും ചട്ടങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടും വ്യത്യസ്ത വിഭാഗങ്ങളിൽ ജോലി ചെയ്യുന്നവർക്കായി പ്രത്യേകമായ ഓൺലൈൻ പരിശീലനങ്ങളും വിദഗ്ധരായ പരിശീലകരെ ഉപയോഗിച്ചുകൊണ്ട് നടത്തിയിട്ടുണ്ട്. ഇത് തുടരുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി നികുതി വകുപ്പിന്റെ അടിസ്ഥാനസൗകര്യങ്ങളും സാങ്കേതിക സംവിധാനങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഈ മാതൃകയിൽ മറ്റ് പ്രധാനപ്പെട്ടതും പൊതുജനങ്ങൾ നിരന്തരം ആശ്രയിക്കുന്നതുമായ വകുപ്പുകളിൽ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ബാധകമല്ല.

**ഭൂമി ഹൗസ് പ്ലോട്ടുകളാക്കി വിൽക്കുന്നതിന് പ്രത്യേക നികുതി**

2(2344) <u>ശ്രീ. വാഴൂർ സോമൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പട്ടയ ഭൂമി ഹൗസ് പ്ലോട്ടുകളാക്കി വിൽക്കുമ്പോൾ വസ്തുവിന്റെ നിലവിലുള്ള ഫെയർവാല്യുവിനുപരിയായി പ്രസ്തുത പ്ലോട്ടുകൾക്കുണ്ടാകുന്ന മൂല്യവർദ്ധന കണക്കിലെടുത്ത് രണ്ടേക്കറിൽ കൂടുതലുള്ള ഭൂമി ഹൗസ് പ്ലോട്ടുകളാക്കി വിൽക്കുന്നവരിൽനിന്നും പ്രത്യേകമായി അധിക നികുതിയീടാക്കാൻ നടപടി സ്വീകരിക്കാമോയെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് പട്ടയ ഭൂമി ഹൗസ് പ്ലോട്ടുകളാക്കി വിൽക്കുമ്പോൾ വസ്തുവിന്റെ നിലവിലുള്ള ഫെയർവാല്യുവിനുപരിയായി പ്രസ്തുത പ്ലോട്ടുകൾക്കുണ്ടാകുന്ന മൂല്യവർദ്ധന കണക്കിലെടുത്ത് രണ്ടേക്കറിൽ കൂടുതലുള്ള ഭൂമി ഹൗസ് പ്ലോട്ടുകളാക്കി വിൽക്കുന്നവരിൽനിന്നും പ്രത്യേകമായി അധിക നികുതി ഈടാക്കുന്നത് സംബന്ധിച്ച വിഷയം നിലവിൽ പരിഗണനയിലില്ല.

## സർവ്വകലാശാലകളിലെ ധനവിനിയോഗം

3(2345) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകൾക്ക് പദ്ധതിയേതര പ്രവർത്തനങ്ങൾക്കായി നൽകുന്ന ബഡ്ജറ്റ് വിഹിതം യഥാസമയം നൽകാത്തതുകാരണം

സർവ്വകലാശാലകളുടെ പ്രവർത്തനം പ്രതിസന്ധിയിലാണെന്ന തരത്തിലുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ശമ്പളത്തിനും മറ്റ് പദ്ധതിയേതര പ്രവർത്തനങ്ങൾക്കുമാവശ്യമായ തുക യൂണിവേഴ്സിറ്റികളുടെ തനത് ഫണ്ടിൽനിന്നും മേൽ ആവശ്യത്തിനായി സർക്കാർ നോൺ പ്ലാൻ വിഹിതമായി വകയിരുത്തുന്ന തുകയിൽ നിന്നുമാണ് കണ്ടെത്തേണ്ടത്. ഉന്നത വിദ്യാഭ്യാസ വകുപ്പിൽനിന്നും ശിപാർശകൾ ലഭ്യമാകുന്നമുറയ്ക്ക് ശീർഷകങ്ങളുടെ ധനവിനിയോഗ പരിധിക്കുള്ളിൽ നിന്നുകൊണ്ട് സർവ്വകലാശാലകൾക്ക് പദ്ധതിയേതര വിഹിതം യഥാസമയങ്ങളിൽ അനുവദിച്ചുനൽകാറുണ്ട്. യൂണിവേഴ്സിറ്റികളുടെ പദ്ധതിയേതര വിഹിതത്തിന്റെ ധനവിനിയോഗ പരിധി 83 ശതമാനമായി നിലവിൽ വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) ധനകാര്യ വകുപ്പിന്റെ അനുമതിയില്ലാതെ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിൽ പി.എസ്.സി. വഴിയല്ലാതെയുള്ള നിയമനം നടത്തുന്നത് സർവ്വകലാശാലകളുടെ സാമ്പത്തിക സുസ്ഥിരതയെ ബാധിക്കുന്നുവെന്നതിനാൽ ധനകാര്യ വകുപ്പ് ഇക്കാര്യത്തിൽ സർവ്വകലാശാലകൾക്ക് നിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

കേരളത്തിലെ വിവിധ സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേയ്ക്ക് കേരള പി.എസ്.സി മുഖേനയും അദ്ധ്യാപക തസ്തികകൾ യൂണിവേഴ്സിറ്റി നേരിട്ടുമാണ് നിയമനം നടത്തിവരുന്നത്. ഇതുകൂടാതെ നിരവധി തസ്തികകളിൽ ധനകാര്യവകുപ്പിന്റെ അനുമതി കൂടാതെ ദിവസ വേതന/കരാർ അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റി നിയമനം നടത്തുന്നതായി ശ്രദ്ധയിൽപ്പെടുകയും ആയതിനെതിരെ ധനകാര്യവകുപ്പ് പൊതുനിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ഇനിയും അങ്ങനെയുണ്ടാകുന്ന പക്ഷം ആയത് പരിശോധിച്ച് കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) സർവ്വകലാശാലകളിലെ സാമ്പത്തിക വിനിയോഗം പരിശോധിക്കാൻ ധനകാര്യ വകുപ്പിന് എന്തെല്ലാം ഓഡിറ്റ് സംവിധാനമാണ് നിലവിലുള്ളത്?

ഗുരുതരമായ സാമ്പത്തികക്രമക്കേടുകൾ ആരോപിച്ചുകൊണ്ട് നേരിട്ട് ലഭിക്കുന്ന പരാതികളിന്മേലും ഭരണ വകുപ്പാവശ്യപ്പെടുന്ന വിഷയങ്ങളിലും ഉചിതതലത്തിൽ ഉത്തരവെടുത്തശേഷം ആഡിറ്റ് സ്വഭാവത്തിലല്ലാത്ത പരിശോധനകൾ ധനകാര്യ (പരിശോധനാ-NT) വിഭാഗം സർവ്വകലാശാലകളിൽ നടത്തിവരുന്നു. കൂടാതെ 1994-ലെ കേരളാ ലോക്കൽ ഫണ്ട് ആഡിറ്റ് നിയമം സെക്ഷൻ 3(1) ഷെഡ്യൂൾ പ്രകാരമുള്ള ആഡിറ്റ്

സ്ഥാപനങ്ങളിൽ സംസ്ഥാനത്തെ എല്ലാ യൂണിവേഴ്സിറ്റികളും അഞ്ചാമതായി ഉൾപ്പെട്ടിട്ടുണ്ട്. ഈ സ്ഥാപനങ്ങളിൽ ടി നിയമത്തിലെ സെക്ഷൻ 4 പ്രകാരം ആഡിറ്റ് നടന്നുവരുന്നു. സംസ്ഥാനത്ത് നിലവിലുള്ള 13 സർവ്വകലാശാലകളിൽ 12 എണ്ണത്തിൽ സംസ്ഥാന ആഡിറ്റ് വകുപ്പിന്റെ കൺകറന്റ് ആഡിറ്റ് സംവിധാനം പ്രവർത്തിച്ചുവരുന്നു. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ നിലവിൽ കൺകറന്റ് ആഡിറ്റ് പ്രവർത്തിക്കുന്നില്ല. എന്നാൽ സർക്കാർ നിർദ്ദേശമനുസരിച്ച് ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ആഡിറ്റ് നിർവ്വഹണത്തിന് കേരള സംസ്ഥാന ആഡിറ്റ് വകുപ്പിനെ ചുമതലപ്പെടുത്തുകയും മറ്റ് ആഡിറ്റ് കാര്യാലയങ്ങളിൽനിന്ന് താല്ക്കാലികമായി ജീവനക്കാരെ പുനർവിന്യസിച്ച് ടി സർവ്വകലാശാലയുടെ 2020-21, 2021-22 വർഷങ്ങളിലെ കണക്കുകളുടെ ആഡിറ്റ് നിർവ്വഹണമേറ്റെടുത്ത് നടത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത ഏജൻസികളുടെ പരിശോധനയെത്തുടർന്ന് ഉന്നയിക്കപ്പെടുന്ന തടസ്സവാദങ്ങൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ധനകാര്യ (പരിശോധനാ - NT) വിഭാഗത്തിന്റെ പരിശോധനാ റിപ്പോർട്ടിൽ ഉന്നയിച്ചിട്ടുള്ള തടസ്സവാദങ്ങളിൻമേൽ തുടർനടപടി സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട ഭരണ വകുപ്പായതിനാൽ അംഗീകരിച്ച പരിശോധനാ റിപ്പോർട്ടുകൾ തുടർനടപടി സ്വീകരിക്കുന്നതിലേയ്ക്കായി ഭരണ വകുപ്പിന് കൈമാറുന്നു. പരിശോധനാ റിപ്പോർട്ടിന്മേലുള്ള നടപടി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് കാലതാമസമുണ്ടാകുന്നപക്ഷം ബന്ധപ്പെട്ട ഭരണ വകുപ്പിന് ഓർമ്മക്കുറിപ്പുകൾ നൽകുകയും ചെയ്തുവരുന്നു. കൂടാതെ സംസ്ഥാന ഓഡിറ്റ് വകുപ്പ് മുഖേന ലഭ്യമാകുന്ന പരിശോധനാ റിപ്പോർട്ടുകളിൻമേൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ആഡിറ്റ് നിയമം സെക്ഷൻ 13, കേരളാ ലോക്കൽ ഫണ്ട് ആഡിറ്റ് ചട്ടം 23 എന്നിവയ്ക്കനുസൃതമായ തുടർനടപടികളാണ് സ്വീകരിച്ചുവരുന്നത്. എന്നാൽ ടി ആക്ടും റൂളും നിലവിൽ വന്നതിനുശേഷം രൂപീകൃതമായ സർവ്വകലാശാലകളുടെ നിയമങ്ങളിൽ ആഡിറ്റ് തുടർ നടപടികൾ സംബന്ധിച്ച അവ്യക്തത നിലനിൽക്കുന്നുണ്ട്. ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മസ്റ്ററിംഗ്

4(2347) <u>ശ്രീ. എം. എം. മണി</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡുമൂലം സാമൂഹ്യ സുരക്ഷാ പെൻഷനുമായും സർക്കാർ ജീവനക്കാരുടെ പെൻഷനുമായും ബന്ധപ്പെട്ട മസ്റ്ററിംഗ് നീട്ടി നൽകിയിട്ടുണ്ടോ; എങ്കിൽ ആയത് എപ്പോൾ വരെയാണ് നീട്ടി നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ; ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

2019 ഡിസംബർ 31 വരെയുള്ള സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾക്കായി ഏർപ്പെടുത്തിയിരുന്ന മസ്റ്ററിംഗ് പൂർത്തിയാക്കാത്തതിനാൽ പെൻഷൻ തടയപ്പെട്ടിട്ടുള്ളവർക്ക് എല്ലാമാസവും 1 മുതൽ 20 വരെ (പെൻഷൻ ബിൽ പ്രോസസ്സിംഗിനായി സേവന സൈറ്റ് ക്ലോസ് ചെയ്യുന്നതിനുമുമ്പുള്ള കാലയളവ്) സ്വന്തം ചെലവിൽ അക്ഷയകേന്ദ്രങ്ങൾ മുഖേന മസ്റ്റർ ചെയ്യാൻ അനുമതി നൽകിയിട്ടുണ്ട്. മസ്റ്ററിംഗിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനായി പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും മസ്റ്ററിംഗ് സംബന്ധിച്ച അറിയിപ്പ് പൊതുജനങ്ങൾക്ക് നൽകുന്നതിനായി പത്രക്കുറിപ്പും നൽകിയിട്ടുള്ളതുമാണ്. പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാന സർവ്വീസ് പെൻഷൻ/കുടുംബ പെൻഷൻ ലഭിക്കുന്നവർക്ക് കോവിഡ്-19 രോഗവ്യാപന ഭീഷണിയുടെ പശ്ചാത്തലത്തിൽ 2019 ഡിസംബറിലോ അതിനുമുമ്പോ മസ്റ്ററിംഗ് അവസാനിച്ചവർക്ക് മസ്റ്ററിംഗ് നടത്താനുള്ള തീയതി 28-02-2022 വരെ ദീർഘിപ്പിച്ച് 07-02-2022-ലെ സ.ഉ.(സാധാ)നം. 773/2022/ധന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 10-11-2021- ലെ സ.ഉ.(സാധാ) നം. 7264/2021/ധന ഉത്തരവുപ്രകാരം, ഒരു പെൻഷണർ എന്നാണോ മസ്റ്റർ ചെയ്യുന്നത്, ടി തീയതി മുതൽ ഒരു വർഷത്തേയ്ക്ക് മസ്റ്ററിംഗ് വാലിഡിറ്റിയുണ്ടായിരിക്കുന്നതാണെന്നുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ഒരു പെൻഷണർക്ക് മസ്റ്ററിംഗ് കാലാവധി പൂർത്തിയാകുന്നതിനുമുമ്പ് സൗകര്യപ്രദമായ സമയത്ത് അടുത്ത മസ്റ്ററിംഗ് നടത്താവുന്നതും പ്രസ്തുത തീയതി മുതൽ അടുത്ത ഒരു വർഷത്തേയ്ക്ക് വീണ്ടും മസ്റ്ററിംഗിന് കാലാവധി/വാലിഡിറ്റിയുണ്ടായിരിക്കുന്നതുമാണ്. കോവിഡ് ഭീഷണി ക്രമേണ കുറഞ്ഞ സാഹചര്യത്തിൽ നിലവിൽ മസ്റ്ററിംഗ് നടത്താനുള്ള തീയതി നീട്ടി നൽകിയിട്ടില്ല. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.+

## സംസ്ഥാനത്തിന്റെ സമ്പദ്ഘടന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

5(2348) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് നടപ്പാക്കിയ ജി.എസ്.ടി, നോട്ട് നിരോധനം, സംസ്ഥാനത്തുണ്ടായ പ്രകൃതി ദുരന്തങ്ങൾ, കോവിഡ് മഹാമാരി എന്നിവ സംസ്ഥാന സമ്പദ്‌വ്യവസ്ഥയിലേൽപ്പിച്ച ആഘാതം വിലയിരുത്തിയിട്ടുണ്ടോ?

കേന്ദ്ര സർക്കാർ നടപ്പിലാക്കിയ നോട്ട് നിരോധനവും ചരക്ക് സേവന നികുതിയും സംസ്ഥാനത്തുണ്ടായ പ്രകൃതിദുരന്തങ്ങളും കോവിഡ് മഹാമാരിയടക്കമുള്ള മറ്റ് പ്രതിസന്ധികളും സംസ്ഥാന സമ്പദ്‌വ്യവസ്ഥയിലേൽപ്പിച്ച ആഘാതം സർക്കാർ ഓരോഘട്ടത്തിലും കൃത്യമായി വിലയിരുത്തുകയും സാധ്യമായ പുനരുജ്ജീവന പ്രവർത്തനങ്ങൾ കൈക്കൊള്ളുകയും ചെയ്തിരുന്നു. മാന്ദ്യ വിരുദ്ധ പാക്കേജുകൾ അടക്കമുള്ളവ ടി പ്രവർത്തനങ്ങളുടെ ഭാഗമായിരുന്നു. തത്ഫലമായി മാന്ദ്യത്തിൽ ഉഴലുകയായിരുന്ന സമ്പദ്ഘടനയെ ഒരു പരിധിവരെ വളർച്ചയുടെ പാതയിൽ തിരികെ കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന സമ്പദ്ഘടനയിൽ നോട്ട് നിരോധനമേൽപ്പിച്ച ആഘാതത്തിൽനിന്നും പൂർണ്ണമായി മുക്തമാകാൻ സാധിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

നോട്ട് നിരോധനം സംസ്ഥാന സമ്പദ്‌വ്യവസ്ഥയിൽ സൃഷ്ടിച്ച പ്രതികൂല അനുരണനങ്ങൾ തുടരുന്നുവെന്നത് വസ്തുതയാണ്. എന്നിരുന്നാലും നിലവിൽ ഒരു പരിധിവരെ അതിൽനിന്നും കരകയറാൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. 2021-22-ൽ സംസ്ഥാനത്തിന്റെ ആഭ്യന്തര ഉല്പാദനം സ്ഥിരവിലയിൽ 12.01 ശതമാനം കണ്ട് വളർന്നിട്ടുള്ളത് ഇതിന് ദൃഷ്ടാന്തമാണ്.

## കടമെടുപ്പ് വായ്പാപരിധി

6(2349) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ കടമെടുപ്പുപരിധി 2017-ന് മുമ്പുള്ള സ്ഥിതിയിലേയ്ക്ക് പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) കടമെടുപ്പ് വായ്പാപരിധിയിലുണ്ടാകുന്ന മാറ്റം കാരണം സംസ്ഥാനത്തിന് എത്ര കോടി രൂപയുടെ കുറവ് കേന്ദ്ര നിലപാട് കാരണം ഈ വർഷമുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(എ&ബി) കേന്ദ്ര ധനകാര്യ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ നിശ്ചയിച്ചുനൽകിയിട്ടുള്ള സംസ്ഥാനത്തിന്റെ അനുവദനീയമായ കടമെടുപ്പ് പരിധിക്കുള്ളിൽ നിന്നുകൊണ്ടാണ് സംസ്ഥാനം കടമെടുക്കുന്നത്. Fiscal Responsibility and Budget Management (FRBM) നിയമപ്രകാരം സംസ്ഥാനത്തിന്റെ നടപ്പുവർഷത്തെ പരമാവധി കടമെടുപ്പുപരിധി 4 ശതമാനമാണ്. ഇതിൽ 0.5 ശതമാനം ഊർജ്ജ മേഖലയിൽ കൈവരിക്കേണ്ട നേട്ടങ്ങൾക്കുള്ളതാണ്.

കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21, 2021-22 സാമ്പത്തികവർഷങ്ങളിൽ ജി.എസ്.ഡി.പി.-യുടെ 3 ശതമാനമെന്ന വായ്പാപരിധിക്കുപുറമെ യഥാക്രമം 2-ഉം 1.5-ഉം ശതമാനം അധിക വായ്പാപരിധി കേന്ദ്രം സംസ്ഥാനത്തിന് അനുവദിച്ചിരുന്നു. സംസ്ഥാനങ്ങളുടെ ധനസ്ഥിതി ശരിയായ ധനദൃഢീകരണ പാതയിൽ കൊണ്ടുവരുന്നതിനുവേണ്ടി പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ചിട്ടുള്ള ധനസൂചകങ്ങളിൽ/ലക്ഷ്യങ്ങളിൽ ഊന്നിയാണ്

പ്രതിസന്ധികൾക്കിടയിലും സംസ്ഥാനം അതിന്റെ സാമ്പത്തിക ചുമതലകൾ നിർവ്വഹിച്ചുവരുന്നത്. ഇതിന്റെ ഭാഗമായി 2003-ലെ ധനസംബന്ധമായ ഉത്തരവാദിത്ത നിയമം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാന സർക്കാരിനുകീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ്യ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്കെടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന തെറ്റായ നിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പുപരിധിയിൽ കുറവുവരുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കാർ ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി കിഫ്ബി, KSSPL മുതലായ പ്രത്യേക ഉദ്ദേശ്യ സ്ഥാപനങ്ങൾ 2021-22 സാമ്പത്തികവർഷമെടുത്ത തനി വായ്പ തുകയായ 12562.80 കോടി രൂപ Off Budget Borrowing ആണെന്ന നിലപാട് സ്വീകരിച്ച് 2022-23 മുതൽ ഓരോ വർഷവും 3140.70 കോടി രൂപ വീതം വച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽനിന്നും കുറയ്ക്കുന്നതാണെന്ന നിലപാട് കേന്ദ്ര സർക്കാർ ഇതിനോടകംതന്നെ കൈക്കൊണ്ടിട്ടുണ്ട്. ഈ നിലപാടിനോട് സംസ്ഥാന സർക്കാരിനുള്ള ശക്തമായ വിയോജിപ്പ് കേന്ദ്ര സർക്കാരിനെ പല തവണ അറിയിച്ചിട്ടുണ്ടെങ്കിലും കേന്ദ്രസർക്കാർ പ്രസ്തുത നിലപാടിൽ മാറ്റം വരുത്തിയിട്ടില്ല. ഇതുകൂടാതെ ഈ സ്ഥാപനങ്ങൾ നടപ്പുവർഷം മുതൽ

എടുക്കുന്ന വായ്പയും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽനിന്ന് കേന്ദ്രസർക്കാർ കുറച്ചുകൊണ്ടുവരികയാണ്. ഭരണഘടനയുടെ ആർട്ടിക്കിൾ 293(3), 293(4) എന്നിവയ്ക്കനുസൃതമായി, 2017 ഓഗസ്റ്റിനുമുമ്പ് നിലനിന്നിരുന്നതുപോലെ പൊതുകണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പും പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകളും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിർണ്ണയിക്കുന്നതിൽനിന്നും ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് 22-07-2022-ലെ 134/2022/എം.ധന നമ്പർ പ്രകാരം സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രി കേന്ദ്ര ധനകാര്യമന്ത്രിക്ക് ഒരു കത്തും 19-01-2023-ലെ 133/CM/2023 നമ്പർ പ്രകാരം മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് ഒരു നിവേദനമുൾപ്പെടുന്ന കത്തും സമർപ്പിച്ചിട്ടുണ്ട്. ധനകാര്യ കമ്മീഷൻ നിശ്ചയിച്ചുനൽകിയിട്ടുള്ള അനുവദനീയമായ കടമെടുപ്പ് പരിധിയെ അടിസ്ഥാനപ്പെടുത്തിയാണ് സംസ്ഥാന ബജറ്റ് തയ്യാറാക്കാറുള്ളത്. ഇത്തരത്തിൽ കടമെടുക്കുന്ന തുക പ്രധാനമായും അടിസ്ഥാനസൗകര്യ വികസനത്തിനാണുപയോഗിക്കുന്നത്. സംസ്ഥാന നിയമസഭ ബജറ്റ് പാസാക്കിയതിനുശേഷം പിന്നീട് കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തുന്നത് സംസ്ഥാനത്തിന്റെ വികസന മുൻഗണനകളെ താളം

തെറ്റിക്കുകയും നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസമുണ്ടാകുന്നതിന് ഇടവരുത്തുകയും ചെയ്യും.

## വാഹനങ്ങൾ വാങ്ങുന്നതിന് അനുവദിച്ചുനൽകിയ തുക

7(2351) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സാമ്പത്തിക അച്ചടക്കം നടപ്പിലാക്കിയതിനുശേഷം സംസ്ഥാനത്ത് വിവിധ വകുപ്പുകളിലേയ്ക്ക് പുതിയ വാഹനം വാങ്ങുന്നതിനായി ആകെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ വാഹനങ്ങൾ വാങ്ങുന്നതിനായി ഫണ്ട് അനുവദിച്ചശേഷം ഓരോ വകുപ്പും വാങ്ങിയ വാഹനം ഏതെന്നും എത്ര തുക വിലയുള്ളതെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## നികുതി കുടിശ്ശികയും അതിന്റെ കാര്യക്ഷമമായ പിരിച്ചെടുക്കലും

8(2352) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി പിരിച്ചെടുക്കാനുള്ളതുവഴി എത്രകോടി രൂപയാണ് ഖജനാവിന് നഷ്ടം സംഭവിച്ചിട്ടുള്ളതെന്ന് വിശദാംശം നൽകുമോ?

2023 ഫെബ്രുവരി 9-ാം തീയതി നിയമസഭയിൽ സമർപ്പിച്ച അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് റിപ്പോർട്ടനുസരിച്ച് പ്രധാനമായും 21,797.86 കോടി രൂപയാണ് നികുതി കുടിശ്ശിക. ഇതിൽ ഭൂരിഭാഗവും വിവിധ കോടതി കേസുകളിൽ കുരുങ്ങിക്കിടക്കുന്നതും റവന്യൂ റിക്കവറി ഘട്ടത്തിലുമാണ്. പിരിച്ചെടുക്കാനുള്ള നികുതി സംബന്ധിച്ച വിശദാംശങ്ങൾ വകുപ്പുതിരിച്ച് ചുവടെ ചേർക്കുന്നു.

<u>സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്</u>

തനത് നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ജി.എസ്.ടി വകുപ്പ് കാര്യക്ഷമമായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. നികുതി കുടിശ്ശിക തീർപ്പാക്കുന്നതിലേയ്ക്കായി കഴിഞ്ഞ വർഷങ്ങളിൽ നിലവിലുണ്ടായിരുന്ന ആംനെസ്റ്റി പദ്ധതി ഈ സാമ്പത്തികവർഷത്തിലും (2022-23) നടപ്പിലാക്കിയിരുന്നു. വകുപ്പുതലത്തിലും തഹസിൽദാർ (ആർ.ആർ) തലത്തിലും റവന്യൂ റിക്കവറി നടപടികളിലൂടെ കുടിശ്ശിക തീർപ്പാക്കൽ കാര്യക്ഷമമായി നടപ്പിലാക്കിവരുന്നുണ്ട്. ഇതുകൂടാതെ റവന്യൂ റിക്കവറിയുടെ പ്രാധാന്യം കണക്കിലെടുത്ത് വകുപ്പിന്റെ പുന:സംഘടനയിൽ ഇതിലേയ്ക്കായി

എല്ലാ ജില്ലയിലും കുടിശ്ശിക പിരിച്ചെടുക്കുന്നതിനുവേണ്ടി മാത്രമായി പ്രത്യേക ഉദ്യോഗസ്ഥ സംവിധാനത്തെ വിന്യസിച്ചിട്ടുണ്ട്.

<u>രജിസ്ട്രേഷൻ വകുപ്പ്</u>

രജിസ്ട്രേഷൻ വകുപ്പിനെ സംബന്ധിച്ച് ആധാരങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾത്തന്നെ സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഈടാക്കിവരുന്നതിനാൽ നികുതി കുടിശ്ശിക പിരിഞ്ഞുകിട്ടാനില്ല. എന്നാൽ അണ്ടർ വാല്യുവേഷനിനത്തിൽ 2023 ജനുവരി 31 വരെയുള്ള കണക്കനുസരിച്ച് 713.098 കോടി പിരിഞ്ഞുകിട്ടാനുണ്ട്.

<u>എക്സൈസ് വകുപ്പ്</u>

എക്സൈസ് വകുപ്പിൽ നികുതി പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട് നഷ്ടം സംഭവിച്ചിട്ടില്ല. എക്സൈസ് വകുപ്പ് നൽകുന്ന എല്ലാ ലൈസൻസുകളും പെർമിറ്റുകളും മുൻകൂർ ഫീസ്/നികുതി ഈടാക്കിയശേഷം മാത്രമാണ് അനുവദിക്കുന്നത്.

<u>തദ്ദേശസ്വയംഭരണ വകുപ്പ്</u>

<u>റൂറൽ</u>

ഗ്രാമപഞ്ചായത്തുകളുടെ വസ്തു നികുതിയിനത്തിൽ കഴിഞ്ഞ സാമ്പത്തികവർഷം 50704.4 (തുക ലക്ഷത്തിൽ) രൂപ (81.85%) പിരിച്ചെടുത്തിട്ടുണ്ട്. കുടിശ്ശിക തുക ഈ സാമ്പത്തികവർഷം പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ആയതിനാൽ ഖജനാവിന് നഷ്ടമുണ്ടായതായി കണക്കാക്കുന്നില്ല.

(ബി) പാട്ട തുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നികുതി കുടിശ്ശിക, ഭൂനികുതി, എക്സൈസ്, രജിസ്ട്രേഷൻ ഫീസ്, മോട്ടോർ വാഹന നികുതി, വെള്ളക്കരം, ജി.എസ്.ടി. എന്നിങ്ങനെ ഓരോയിനങ്ങളിലുമായി പിരിച്ചെടുക്കാനുള്ള നികുതി കുടിശ്ശികയുടെ കണക്കുകൾ വിശദമാക്കാമോ?

പാട്ട തുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നികുതി കുടിശ്ശിക, ഭൂനികുതി, എക്സൈസ്, രജിസ്ട്രേഷൻ ഫീസ്, മോട്ടോർ വാഹന നികുതി, വെള്ളക്കരം, ജി.എസ്.ടി. എന്നിങ്ങനെ ഓരോയിനങ്ങളിലുമായി പിരിച്ചെടുക്കാനുള്ള നികുതി കുടിശ്ശികയുടെ കണക്കുകൾ സംബന്ധിച്ച വിശദാംശങ്ങൾ വകുപ്പ് തിരിച്ച് ചുവടെ ചേർക്കുന്നു.

<u>സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്</u>

വില്പന നികുതി, എ.ഐ.ടി മൂല്യവർദ്ധിത നികുതി മുതലായ പ്രീ.ജി.എസ്.ടി കുടിശ്ശികയിനത്തിൽ നടപ്പുസാമ്പത്തിക വർഷം 30-11-2022 വരെ ഇനി പിരിച്ചെടുക്കാനുള്ളത് 12923 കോടി രൂപയാണ്. ഈ തുക പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>ലാൻഡ് റവന്യൂ</u>

പാട്ടത്തുക, ഭൂനികുതി, എക്സൈസ്, മോട്ടോർ വാഹന നികുതി, വെള്ളക്കരം എന്നിവയാണ് റവന്യൂ വകുപ്പിൽനിന്നും പിരിച്ചെടുക്കുന്നത്. ടി വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

<u>രജിസ്ട്രേഷൻ വകുപ്പ്</u>

രജിസ്ട്രേഷൻ വകുപ്പിനെ സംബന്ധിച്ച് ആധാരങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾത്തന്നെ സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഈടാക്കിവരുന്നതിനാൽ നികുതി കുടിശ്ശിക പിരിഞ്ഞുകിട്ടാനില്ല. എന്നാൽ അണ്ടർ വാല്യുവേഷനിനത്തിൽ 2023 ജനുവരി 31 വരെയുള്ള കണക്കനുസരിച്ച് 713.098 കോടി പിരിഞ്ഞുകിട്ടാനുണ്ട്.

<u>എക്സൈസ് വകുപ്പ്</u>

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എക്സൈസ് വകുപ്പിൽ അബ്കാരി കുടിശ്ശികയിനത്തിൽ 31-12-2022 വരെ മുതൽ ഇനത്തിൽ 57,91,02,497/- രൂപയും, പലിശയിനത്തിൽ 231,12,25,853/- രൂപയുമായി ആകെ 289,03,28,350/- രൂപ പിരിച്ചെടുക്കാനുണ്ട്.

<u>ട്രാൻസ്പോർട്ട് വകുപ്പ്</u>

മോട്ടോർ വാഹന വകുപ്പിന് കുടിശ്ശികയായിട്ടുള്ളത് ഏകദേശം 1000 കോടി രൂപയാണ്. ഇതിൽ കെ.എസ്.ആർ.ടി.സി.-യുടെ കുടിശ്ശികയായ 1844.72 കോടി രൂപ ഉൾപ്പെടുത്തിയിട്ടില്ല. മോട്ടോർ വാഹന വകുപ്പ് തുടങ്ങിയ കാലം മുതൽ നാളിതുവരെയുള്ള കുടിശ്ശികയാണ്. നികുതി കുടിശ്ശിക അടയ്ക്കാനുള്ള ഭൂരിഭാഗം വാഹനങ്ങളും ഇപ്പോൾ നിരത്തിലോടുന്നില്ല. മാത്രമല്ല ടി വാഹന ഉടമകളെക്കുറിച്ചോ വാഹനങ്ങളെ സംബന്ധിച്ചോ യാതൊരറിവും വകുപ്പിന് ലഭ്യമല്ല. കുടിശ്ശിക നികുതിയടയ്ക്കുന്നതിന് സർക്കാർ പലപ്രാവശ്യം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചിട്ടും വാഹന ഉടമകൾ വളരെ ചുരുങ്ങിയ ഈ നികുതിപോലും അടയ്ക്കുന്നതിന് വകുപ്പിനെ സമീപിച്ചിട്ടില്ല. വാഹന ഉടമകൾക്ക് അയയ്ക്കുന്ന ഭൂരിഭാഗം നോട്ടീസുകളും കൈപ്പറ്റാനാളില്ല അല്ലെങ്കിൽ മേൽവിലാസക്കാരനെ കണ്ടെത്താൻ സാധിച്ചില്ല എന്നീ കാരണത്താൽ മടങ്ങിവന്നിരിക്കുകയാണ്. ബുക്ക് അരിയേഴ്സായി കിടക്കുന്ന

ഈ തുക പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് വകുപ്പിന് സാധിക്കുകയില്ല. എന്നിരുന്നാലും കുടിശ്ശികയുള്ള വാഹന ഉടമകൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ വഴി കുടിശ്ശിക പിരിച്ചെടുക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. അതുപോലെതന്നെ നികുതിയടയ്ക്കാതെ നിരത്തിലോടുന്ന വാഹനങ്ങൾ പിടിച്ചെടുക്കുന്നതിനും ഇത്തരം വാഹനങ്ങളിൽനിന്ന് നികുതി പിരിച്ചെടുക്കുന്നതിന് വാഹനങ്ങൾ ലേലംചെയ്ത് വിൽക്കുന്നതിന് നടപടികൾ സ്വീകരിക്കാനും എല്ലാ ഉദ്യോഗസ്ഥർക്കും കർശനനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മാത്രമല്ല വകുപ്പിൽ പിരിഞ്ഞുകിട്ടാൻ സാധ്യതയില്ലാത്ത നികുതി കുടിശ്ശികയിൽ ഒരു ഭാഗമെങ്കിലും ലഭ്യമാക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. നികുതി കുടിശ്ശിക വരുത്തിയ ഒരു വാഹനവും നിരത്തിലോടുന്നില്ലെന്ന് ഉറപ്പുവരുത്താൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

<u>തദ്ദേശസ്വയംഭരണ വകുപ്പ്</u>

<u>റൂറൽ</u>

ഗ്രാമപഞ്ചായത്തുകൾ വസ്തുനികുതി ഇനത്തിൽ ഈ സാമ്പത്തികവർഷം 23170.61 ലക്ഷം രൂപ (35.46%) പിരിച്ചെടുക്കേണ്ടതുണ്ട്. നിലവിൽ 64.54% നികുതി ഇതിനോടകം ഗ്രാമപഞ്ചായത്തുകൾ പിരിച്ചെടുത്തിട്ടുണ്ട്.

<u>അർബൻ</u>

പാട്ടത്തുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നികുതി കുടിശ്ശിക സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർക്കുന്നു.+

<u>വാട്ടർ അതോറിറ്റി</u>

12-2022- ലെ DCB പ്രകാരം പിരിഞ്ഞുകിട്ടാനുള്ള ആകെ കുടിശ്ശിക – 1591.80 കോടി രൂപ

| | |
|---|---|
| ഗാർഹികം | 190.63 കോടി |
| ഗാർഹികേതരം (സർക്കാർ പൊതുമേഖല ഒഴികെ) | 133.09 കോടി |
| പൊതുമേഖല സ്ഥാപനങ്ങൾ | 10.57 കോടി |
| സർക്കാർ ഓഫീസുകൾ | 222.12 കോടി |
| മറ്റുള്ളവ | 79.84 കോടി |
| തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ | 955.55 കോടി |

(സി) ബജറ്റിൽ നികുതിഭാരം അടിച്ചേൽപ്പിക്കുന്ന പുതിയ നിർദ്ദേശങ്ങൾക്കുപകരം കുടിശ്ശിക പിരിച്ചെടുക്കാനുള്ള ക്രിയാത്മക നടപടി സ്വീകരിക്കുമോ ?

വകുപ്പുതിരിച്ചുള്ള മറുപടി ചുവടെ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

<u>രജിസ്ട്രേഷൻ വകുപ്പ്</u>

രജിസ്ട്രേഷൻ വകുപ്പിൽ കുടിശ്ശികയുള്ള അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിനും സർക്കാരിന് അധിക വിഭവ സമാഹരണം നടത്തുന്നതിനും ആവിഷ്കരിച്ച കോമ്പൗണ്ടിംഗ് പദ്ധതി 2023 മാർച്ച് 31 വരെ ദീർഘിപ്പിച്ചിരുന്നു. എന്നാൽ നിലവിലുള്ള കോമ്പൗണ്ടിംഗ് പദ്ധതി ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാത്തതിനാൽ നിലവിലുള്ള പദ്ധതി 2023-24 സാമ്പത്തിക വർഷം മുതൽ നിർത്തലാക്കുകയും കുടിശ്ശികയുള്ള കേസുകളിൽ തീർപ്പുകല്പിക്കുന്നതിനായി ആർ.ആർ നടപടികൾ തുടങ്ങിയ ബദൽ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതുമാണെന്ന് 2023-2024 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റ് പ്രഖ്യാപനത്തിൽ 553-ാം ഖണ്ഡികയായി പ്രഖ്യാപിച്ചിട്ടുള്ളതാണ്.

<u>എക്സൈസ് വകുപ്പ്</u>

എക്സൈസ് വകുപ്പിൽ അബ്കാരി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനായി പുതിയൊരു ആംനെസ്റ്റി സ്കീം (ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി) ആവിഷ്കരിച്ചിട്ടുണ്ട്.

<u>ട്രാൻസ്പോർട്ട് വകുപ്പ്</u>

നികുതി കുടിശ്ശിക വരുത്തുന്ന വാഹന ഉടമകൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾവഴി കുടിശ്ശിക പിരിച്ചെടുക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. അതുപോലെതന്നെ നികുതി അടയ്ക്കാതെ നിരത്തിലോടുന്ന വാഹനങ്ങൾ പിടിച്ചെടുക്കുന്നതിനും ഇത്തരം വാഹനങ്ങളിൽനിന്ന് നികുതി പിരിച്ചെടുക്കുന്നതിന് വാഹനങ്ങൾ ലേലം ചെയ്ത് വിൽക്കുന്നതിന് നടപടികൾ സ്വീകരിക്കാനും എല്ലാ ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മാത്രമല്ല, വകുപ്പിൽ പിരിഞ്ഞുകിട്ടാൻ സാധ്യതയില്ലാത്ത നികുതി കുടിശ്ശികയിൽ ഒരു ഭാഗമെങ്കിലും ലഭ്യമാക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. നികുതി കുടിശ്ശിക വരുത്തിയ ഒരു വാഹനവും നിരത്തിലോടുന്നില്ലെന്നുറപ്പുവരുത്താൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

<u>തദ്ദേശസ്വയംഭരണ വകുപ്പ്</u>

<u>റൂറൽ</u>

നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സംസ്ഥാനതലത്തിൽ ക്രിയാത്മക നടപടികൾ സ്വീകരിച്ചുവരുന്നു.

1. നിശ്ചിത ഇടവേളകളിൽ ജില്ലാതലത്തിലും സംസ്ഥാന തലത്തിലും നികുതി പിരിവ് അവലോകനം നടത്തുന്നുണ്ട്.

2. ഓൺലൈൻ പേയ്മെന്റ് പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.
3. പിഴപ്പലിശ ഒഴിവാക്കി നൽകി.
4. വാർഡുതലത്തിൽ നികുതി കളക്ഷൻ ക്യാമ്പുകൾ സംഘടിപ്പിച്ചു.
5. നികുതി കുടിശ്ശികയുള്ളവർക്ക് അലർട്ട് മെസേജ് നൽകുന്നതിനുള്ള സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്.

നിലവിൽ കുടിശ്ശികയുള്ള എല്ലാ നികുതിദായകർക്കും മെസേജ് അയച്ചുനൽകിയിട്ടുണ്ട്.

<u>അർബൻ</u>

സംസ്ഥാനത്തെ നഗരസഭകളിൽ കുടിശ്ശികയുള്ള നികുതികൾ പിരിച്ചെടുക്കുന്നതിന് നഗരസഭകളിലെ വാർഡുകൾതോറും നോട്ടീസ് വിതരണം, മൈക്ക് അനൗൺസ്മെന്റ് എന്നീ രീതികൾവഴി വ്യാപക പ്രചരണം നടത്തി പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ അവധി ദിവസങ്ങളിലും നഗരസഭകളിൽ ക്യാഷ് കൗണ്ടറുകൾ തുറന്ന് പ്രവർത്തിക്കുന്നുണ്ട്. നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന്റെ പുരോഗതി മേഖല ജോയിന്റ് ഡയറക്ടർമാർ അവലോകനം നടത്തിവരുന്നു. കൂടാതെ കുടിശ്ശികയായിട്ടുള്ള നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിലേയ്ക്കായി

വസ്തുനികുതി കുടിശ്ശികയിന്മേലുള്ള പിഴപ്പലിശ മാർച്ച് 31 വരെ ഒഴിവാക്കി നൽകിയിട്ടുള്ളതുമാണ്.

**സേവനഫീസ് വർദ്ധനയും അധിക വിഭവസമാഹരണവും**

9(2353) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാർ അധികാരമേറ്റശേഷവും എത്ര തവണകളിലായി വിവിധ സേവന ഫീസുകൾ വർദ്ധിപ്പിച്ചുവെന്ന് വ്യക്തമാക്കുമോ?

2018, 2019 എന്നീ വർഷങ്ങളിലെ ബജറ്റ് പ്രസംഗത്തിൽ സേവന നിരക്കുകൾ 5 ശതമാനം വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ 17-03-2018-ലെ സ.ഉ.(അ) നം.44/2018/ധന, 08-03-2019-ലെ സ.ഉ.(അ) നം.28/2019/ധന എന്നീ സർക്കാർ ഉത്തരവുകളിലൂടെ രണ്ടുതവണ സേവന നിരക്കുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഫീസുകളുടെ നിലവിലെ നിരക്ക് 2016 മെയ് മാസം നിലവിലുണ്ടായിരുന്ന നിരക്കുകളേക്കാൾ എത്ര ശതമാനമാണ് വർദ്ധിച്ചിട്ടുള്ളത്?

2018, 2019 എന്നീ വർഷങ്ങളിലെ ബജറ്റ് പ്രസംഗത്തിൽ സേവന നിരക്കുകൾ 5 ശതമാനം വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ 17-03-2018-ലെ സ.ഉ.(അ) നം.44/2018/ധന, 08-03-2019-ലെ സ.ഉ.(അ) നം.28/2019/ധന എന്നീ സർക്കാർ ഉത്തരവുകളിലൂടെ രണ്ടുതവണ സേവന നിരക്കുകളിൽ 5 ശതമാനംവീതം വർദ്ധനയേർപ്പെടുത്തിയിട്ടുണ്ട്. ഇത് 2016-ലെ നിരക്കിന്റെ 10.25 ശതമാനം വർദ്ധനയാണ്.

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാർ അധികാരമേറ്റശേഷവും ഓരോ ബജറ്റ് വഴിയും ജനങ്ങളിൽനിന്നും അധിക വിഭവ സമാഹരണം നടത്താൻ തീരുമാനിച്ച തുക എത്ര കോടി വീതമായിരുന്നെന്നും അതുവഴി ഓരോവർഷവും അധികമായി സമാഹരിച്ച തുക എത്ര കോടി വീതമായിരുന്നെന്നും വിശദമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാർ അധികാരമേറ്റശേഷവും ഓരോവർഷവും അധിക വിഭവ സമാഹരണം നടത്തുന്നതിനുവേണ്ടി ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച തുകയുടെ വിവരം ചുവടെ കണ്ടാലും. വിവിധ നികുതി/നികുതിയേതര ഇനങ്ങളിലായിട്ടാണ് അധിക വിഭവ സമാഹരണം ലക്ഷ്യമിട്ട് ബജറ്റിൽ പ്രത്യേക പരാമർശം

നടത്തുന്നത്. പ്രസ്തുത ഇനങ്ങളിൽ പ്രഖ്യാപിച്ച അധിക തുകയിൽ എത്ര തുക സമാഹരിക്കപ്പെട്ടുവെന്നത് സംബന്ധിച്ച് പ്രത്യേകമായ കണക്കുകൾ രേഖപ്പെടുത്താറില്ല.

| **സാമ്പത്തിക വർഷം** | **അധിവ വിഭവ സമാഹരണം മുഖേനയുള്ള പ്രതീക്ഷിത വരുമാനം (രൂപ കോടിയിൽ)** |
|---|---|
| മുൻ സർക്കാരിന്റെ കാലത്ത് | |
| 2016-17 | 805 |
| 2017-18 | Nil |
| 2018-19 | 970.4 |
| 2019-20 | 1785 |
| 2020-21 | 1103 |
| ഈ സർക്കാരിന്റെ കാലത്ത് | |
| 2021-22 | Nil |
| 2022-23 | 602 |

(ഡി) ബജറ്റ് വഴിയല്ലാതെ അധിക വിഭവ സമാഹരണം നടത്തിയ ഘട്ടങ്ങൾ ഏതൊക്കെയായിരുന്നു; ഓരോ ഘട്ടത്തിലും ബജറ്റിനപുറത്തുള്ള അധിക വിഭവ സമാഹരണ ലക്ഷ്യം എത്ര കോടി രൂപയായിരുന്നു; ലക്ഷ്യമനുസരിച്ച് യഥാർത്ഥത്തിൽ സമാഹരിച്ച തുക ഓരോവർഷവും എത്രയായിരുന്നു; വിശദാംശം ലഭ്യമാക്കാമോ?

സർക്കാർ പദ്ധതികൾ നടത്തുന്നതിനായി ബജറ്റിനപുറത്ത് അധിക വിഭവ സമാഹരണം നടത്തുന്നില്ല. എന്നാൽ സ്പെഷ്യൽ പർപ്പസ്

വെഹിക്കിൾ (SPV) മുഖേനയുള്ള പദ്ധതികൾക്ക് അവർ വിവിധ സ്രോതസ്സുകളിൽനിന്നും അധിക വിഭവ സമാഹരണം നടത്തുന്നുണ്ട്.

## സംസ്ഥാനത്തിന്റെ പൊതുകടം

10(2354) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തികവർഷത്തിൽ നികുതി വരുമാനയിനത്തിൽ ഇതുവരെ ലഭിച്ചിട്ടുള്ള ആകെ തുക എത്രയെന്ന് വ്യക്തമാക്കാമോ?

2022-23 സാമ്പത്തികവർഷം ജനുവരി മാസം വരെ നികുതിയിനത്തിൽ 70396.35 കോടി രൂപയാണ്.* (*അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം)

(ബി) വിവിധ നികുതിയിനങ്ങളിൽ സർക്കാരിന് എത്രതുക ആകെ കുടിശികയായി ലഭിക്കാനുണ്ടെന്നും അതിലെ ഓരോയിനവും വെവ്വേറെയായും വിശദമാക്കുമോ?

വകുപ്പുകൾ നൽകിയ കണക്കുകളുടെ അടിസ്ഥാനത്തിൽ വിവിധ നികുതിയിനങ്ങളിൽ സർക്കാരിന് ലഭിക്കാനുള്ള കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ പട്ടികയായി ചേർക്കുന്നു.

| ക്രമ നം. | വകുപ്പ് | കുടിശ്ശിക (കോടിയിൽ) |
|---|---|---|

| | | |
|---|---|---|
| 1 | കേരള സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് | 12923.25 (30.11.2022 വരെ) |
| 2 | രജിസ്ട്രേഷൻ വകുപ്പ് | 713.098 (31.01.2023 വരെ) |
| 3 | റവന്യൂ വകുപ്പ് | 95.48 (27.02.2023 വരെ) |
| 4 | മോട്ടോർ വാഹന വകുപ്പ് | 1000 (23.02.2023 വരെ) |
| 5 | എക്സൈസ് വകുപ്പ് | 289.03 (31.12.2022 വരെ) |

മേൽ പറഞ്ഞ കുടിശ്ശികയിനങ്ങളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

## ഡെപ്യൂട്ടേഷനിൽ പോയ ജീവനക്കാരുടെ മെഡിസെപ് തുക

11(2355) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.എസ്.ജി.ഡി, യൂണിവേഴ്സിറ്റികൾ എന്നിവയിൽനിന്നും ഡെപ്യൂട്ടേഷനിൽ പോയിട്ടുള്ള ജീവനക്കാരുടെ മെഡിസെപ് തുക ശമ്പളത്തിൽനിന്നും പിടിക്കാതിരിക്കുന്നുണ്ടോ; എങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം ഡെപ്യൂട്ടേഷനിൽ സേവനമനുഷ്ഠിക്കുന്ന എം.എൽ.എ.-മാരുടെ പി.എ. മാരിൽ സർക്കാർ ജീവനക്കാരായിട്ടുള്ള പി.എ.-മാർ ഉൾപ്പെടെയുള്ളവരുടെ മെഡിസെപ് പ്രീമിയം ഈടാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) ഇല്ല. ഡെപ്യൂട്ടേഷനിൽ സേവനമനുഷ്ഠിക്കുന്ന സർക്കാർ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം ഈടാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 24-06-2022-ലെ സ.ഉ.(പി) 71/2022/ധന പ്രകാരം നൽകിയിരുന്നു. കൂടാതെ ഡെപ്യൂട്ടേഷനിൽപോയ സർക്കാർ ജീവനക്കാരുടെ PF, SLI, GIS, MEDISEP, GPAIS പോലുള്ള കിഴിവുകൾ ഓൺലൈൻവഴി അടയ്ക്കുവാൻ ഇ-ട്രഷറിയിൽ ഒരു പുതിയ മോഡ്യൂൾ 18-10-2022-ലെ സ.ഉ (പി) നം. 128/2022/ധന പ്രകാരം ചേർത്തിട്ടുണ്ട്. സർക്കാർ ജീവനക്കാരിൽ മുനിസിപ്പൽ കോർപ്പറേഷൻ, പഞ്ചായത്ത്, വിവിധ യൂണിവേഴ്സിറ്റികൾ എന്നിവയിൽനിന്നും ഡെപ്യൂട്ടേഷനിൽ പോയ പെൻ നമ്പർ ലഭിക്കാത്ത ടെൻ നമ്പർ ലഭിച്ച ജീവനക്കാർക്ക് മെഡിസെപ് പ്രീമിയം തുക മേൽപ്പറഞ്ഞ രീതിയിൽ ഇ-ട്രഷറി വഴി ഡി.ഡി.ഒ അടയ്ക്കേണ്ടതും അക്കൗണ്ടിംഗ് ക്രമീകരണത്തിനായി ഈ വിവരം മാതൃവകുപ്പിലെ ഡി.ഡി.ഒ.-യെ യഥാസമയം അറിയിക്കേണ്ടതുമാണ്.

(സി) മുനിസിപ്പൽ കോർപ്പറേഷൻ, ഗ്രാമപഞ്ചായത്ത്, വിവിധ യൂണിവേഴ്സിറ്റികൾ എന്നിവയിൽനിന്നും ഡെപ്യൂട്ടേഷനിൽപോയിട്ടുള്ള ജീവനക്കാർക്ക് സ്പാർക്ക് പെൻ നമ്പർ ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

മുനിസിപ്പൽ കോർപ്പറേഷൻ, ഗ്രാമപഞ്ചായത്ത്, യൂണിവേഴ്സിറ്റികൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നവർക്ക് മാതൃവകുപ്പുകളിൽ സ്പാർക്ക് പെൻ നമ്പർ നൽകിയിട്ടില്ലാത്തതിനാൽ ടി ജീവനക്കാർ ഡെപ്യൂട്ടേഷനിൽ പോകുമ്പോൾ സ്പാർക്കുള്ള ഓഫീസുകളിൽ TEN നമ്പർ ലഭ്യമാക്കുന്നുണ്ട്.

(ഡി) ഈ വിഭാഗം ജീവനക്കാരുടെ മെഡിസെപ് തുക പിടിക്കുന്നതിന് സർക്കാർ അടിയന്തരനടപടി സ്വീകരിക്കുമോ?

ഡെപ്യൂട്ടേഷനിൽ പോയ പെൻ നമ്പർ ലഭിക്കാത്ത ടെൻ നമ്പർ ലഭിച്ച ജീവനക്കാരുടെ PF, SLI, GIS, MEDISEP, GPAIS പോലുള്ള കിഴിവുകൾ ഓൺലൈൻവഴി അടയ്ക്കാൻ ഇ-ട്രഷറിയിൽ ഒരു പുതിയ മോഡ്യൂൾ 18-10-2022-ലെ സ.ഉ (പി) നം. 128/2022/ധന പ്രകാരം ചേർത്തിട്ടുണ്ട്. ടി വിഭാഗം ജീവനക്കാരുടെ മെഡിസെപ് പ്രീമിയം തുക ഇ-ട്രഷറി വഴി ഡി.ഡി.ഒ അടയ്ക്കേണ്ടതും അക്കൗണ്ടിംഗ് ക്രമീകരണത്തിനായി ഈ വിവരം മാതൃവകുപ്പിലെ ഡി.ഡി.ഒ.-യെ യഥാസമയം അറിയിക്കേണ്ടതുമാണ്.

## സ്കൂളുകളിൽ പ്രഭാതഭക്ഷണം

12(2357) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്കൂളുകളിൽ പ്രഭാത ഭക്ഷണം നൽകുന്നതിനായി ഇതിനോടകം എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും പദ്ധതിയിലേയ്ക്ക് കേന്ദ്ര വിഹിതം ലഭിക്കുന്നുണ്ടോയെന്നും നിലവിൽ എത്ര കുട്ടികൾക്ക് പദ്ധതിയുടെ ഗുണം ലഭിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

**സ്വയം സഹായ സംഘങ്ങൾക്ക് പലിശരഹിത വായ്പ**

13(2358) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തണ്ടാൻ മഹാസഭയുടെകീഴിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങൾക്ക് സമുദായത്തിന്റെ ഉന്നമനത്തിനായി പലിശരഹിത വായ്പയായി അഞ്ചുകോടി രൂപ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

തണ്ടാൻ മഹാസഭയുടെകീഴിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങൾക്ക് സമുദായത്തിന്റെ ഉന്നമനത്തിനായി പലിശരഹിത വായ്പയായി അഞ്ചുകോടി രൂപ അനുവദിക്കുന്ന വിഷയം ഭരണ വകുപ്പിൽനിന്നും ശിപാർശ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## സംസ്ഥാനത്തിന്റെ പൊതുകടം

14(2359) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തികവർഷം നാളിതുവരെ സംസ്ഥാനത്തിന്റെ വരവിന്റെ എത്ര ശതമാനം പലിശയിനത്തിനുള്ള തിരിച്ചടവിനായി ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾപ്രകാരം നടപ്പ് സാമ്പത്തികവർഷം ജനുവരി 31 വരെ സംസ്ഥാനത്തിന്റെ ആകെ റവന്യൂ വരവിന്റെ (1,03,300.69 കോടി രൂപ) 16.78 ശതമാനം പലിശയിനത്തിലുള്ള (17,329.25 കോടി രൂപ) തിരിച്ചടവിനായി ചെലവഴിച്ചിട്ടുണ്ട്.

(ബി) 2021-22 സാമ്പത്തികവർഷത്തിൽ എത്ര തുക കടമെടുത്തുവെന്നും കഴിഞ്ഞ സാമ്പത്തികവർഷവും, നടപ്പു സാമ്പത്തികവർഷം നാളിതുവരെയുമുള്ള പ്രസ്തുത കടത്തിന്റെ മാത്രം തിരിച്ചടവ് എത്ര തുകയാണെന്നും അറിയിക്കുമോ?

2021-22 സാമ്പത്തികവർഷം സംസ്ഥാനം പൊതുകടം ഇനത്തിലെടുത്തിട്ടുള്ള വായ്പ (തനി) 20292.82 കോടി രൂപയാണ്. ഇതിൽ തിരിച്ചടയ്ക്കേണ്ടതില്ലാത്ത വായ്പയായി ലഭിച്ച ചരക്ക് സേവന നികുതിയുടെ

നഷ്ടപരിഹാരമുൾപ്പെടുന്നില്ല. 2021-22 സാമ്പത്തികവർഷവും 2022-23 സാമ്പത്തികവർഷം ജനുവരി 31 വരെയും സംസ്ഥാനം പൊതുകടം ഇനത്തിൽ തിരിച്ചടച്ചിട്ടുള്ള വായ്പ യഥാക്രമം 35899.99 കോടി രൂപ, 26498.19 രൂപ വീതമാണ്. മുൻവർഷങ്ങളിൽ സംസ്ഥാനമെടുക്കുന്ന വായ്പകളുടെ തിരിച്ചടവുകൂടി ഇതിലുൾപ്പെടുന്നു.

## വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ വായ്പ

15(2360) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശസാൽകൃത ബാങ്കുകൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പ എളുപ്പത്തിലും വേഗത്തിലും ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദ വിവരം ലഭ്യമാക്കുമോ?

വിദ്യാർഥികൾക്ക് വിദ്യാഭ്യാസ വായ്പ എളുപ്പത്തിലും വേഗത്തിലും ലഭ്യമാക്കുന്നതിന് വിദ്യാ ലക്ഷ്മി പോർട്ടൽ എന്ന ഓൺലൈൻ പോർട്ടൽ നിലവിലുണ്ട്. ജൻ സമർത്ത് പോർട്ടലിലും ഈ സംവിധാനം ലഭ്യമാണ്. വിദ്യാ ലക്ഷ്മി പോർട്ടൽവഴി അപേക്ഷിക്കുന്ന വായ്പകളുടെ സ്റ്റാറ്റസ്

അറിയുവാനും പരാതികളുള്ള പക്ഷം ഇ മെയിൽ മുഖേന ബാങ്കുകളുമായി നേരിട്ട് ബന്ധപ്പെടാനും പ്രശ്ന പരിഹാരത്തിനുമുള്ള സംവിധാനം നിലവിലുണ്ട്.

(ബി) പ്രസ്തുത ബാങ്കുകളിൽ നിന്നും വിദ്യാഭ്യാസ വായ്പ ലഭിക്കുന്നതിനായി എന്തൊക്കെ രേഖകളാണ് ഹാജരാക്കേണ്ടതെന്ന് വ്യക്തമാക്കുമോ?

സാധാരണയായി വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിന് കെ.വൈ.സി ഡോക്യുമെന്റുകളും (ആധാർ കാർഡ് മുതലായ തിരിച്ചറിയൽ രേഖകൾ) പ്രവേശനത്തിന്റെ തെളിവ്, കോഴ്സ് ഫീസിന്റെ വിശദാംശങ്ങൾ എന്നീ അടിസ്ഥാന രേഖകളുമാണ് ബാങ്കുകൾ ആവശ്യപ്പെടാറുള്ളത്. ഇവയ്ക്കുപുറമേ വായ്പയുടെ തരത്തെ (മെരിറ്റ്, മാനേജ്മെന്റ്, വായ്പാ തുക, വിദേശ പഠനം തുടങ്ങിയവ) ആശ്രയിച്ച് ആവശ്യമായ രേഖകൾ വ്യത്യാസപ്പെടാം.

## **കരമന-വെള്ളറട റോഡ് കിഫ്ബിയിലുൾപ്പെടുത്തുന്നതിനുള്ള നടപടികൾ**

16(2362) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി പുതിയ പദ്ധതികൾക്ക് അനുമതി ലഭ്യമാക്കുന്നത് പരിഗണനയിലുണ്ടോ?

നിലവിൽ 80,352.04 കോടിയിൽപരം രൂപയുടെ 1057 പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. സർക്കാരിൽനിന്നും നിയമപ്രകാരം ലഭിക്കുന്ന ആന്വിറ്റി വിഹിതത്തിന് (വാഹന നികുതിയുടെ വിഹിതവും പെട്രോളിയം സെസ്സും) പുറമെ ധനവിപണിയിൽനിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ ധനസമാഹരണം നടത്തിയാണ് കിഫ്ബി അതിന്റെ പദ്ധതി പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ഉചിതമായ രീതിയിൽ വിവേകപൂർവ്വമായി ധനസമാഹരണം നടത്തുന്നതിന് കിഫ്ബിയെ സഹായിക്കുന്നത് അതിന്റെ അസറ്റ് ലയബിലിറ്റി മാനേജ്മെന്റ് (ALM) സംവിധാനമാണ്. ഈ സംവിധാനത്തിന്റെ കണക്കുകൂട്ടൽ അനുസരിച്ച് കിഫ്ബി അതിന് നിലവിൽ ലഭിച്ചുവരുന്ന ആന്വിറ്റികൊണ്ട് തിരിച്ചടയ്ക്കാവുന്ന തുകയ്ക്കുള്ള പദ്ധതികൾക്ക് നിലവിൽ അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തിന് അത്യന്തം പ്രാധാന്യമുള്ള പദ്ധതികൾ മാത്രം ഇനി കിഫ്ബിയിലേയ്ക്ക് നിർദ്ദേശിച്ചാൽ മതിയാകുമെന്നും കിഫ്ബിയുടെ ഫണ്ട് ട്രസ്റ്റി & അഡ്വൈസറി കമ്മീഷൻ (FTAC) സർക്കാരിന് നിർദ്ദേശമായി നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ

പദ്ധതിയുടെ പ്രാധാന്യവും മറ്റ് ഘടകങ്ങളും വിലയിരുത്തി സസൂക്ഷ്മം തെരഞ്ഞെടുക്കുന്ന പദ്ധതികൾ മാത്രം കിഫ്ബിയിലേയ്ക്ക് നിർദ്ദേശിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ബി) തിരുവനന്തപുരം ജില്ലയിൽ ആർ.ഐ.സി.കെ. വഴി നടപ്പിലാക്കുന്ന പ്രധാനപ്പെട്ട റോഡ് വികസന പദ്ധതിയായ കരമന-വെള്ളറട റോഡ് കിഫ്ബിയിൽ ഉൾപ്പെടുത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാന ബഡ്ജറ്റ് ഫണ്ട് വിനിയോഗിച്ച് നിർവ്വഹിക്കുന്ന സംസ്ഥാന റോഡ് വികസന പദ്ധതിയിലെ അപ്ഗ്രഡേഷൻ പാക്കേജിൽ ഉൾപ്പെടുന്ന 35.5 കിലോമീറ്ററുള്ള കരമന-വെള്ളറട റോഡ് പ്രവൃത്തിയുടെ നിർവ്വഹണ ചുമതല റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി കേരള ലിമിറ്റഡ് (RICK)-നാണ്. പ്രസ്തുത പ്രവൃത്തിക്കായി ഭൂമി ഏറ്റെടുക്കുന്നതിന് 15-02-2016-ലെ GO(Rt) No. 355/2016/PWD ഉത്തരവ് പ്രകാരം " 5054-04-337-80-ഭൂമി ഏറ്റെടുക്കലിനുള്ള നഷ്ടപരിഹാരം" എന്ന ബഡ്ജറ്റ് ശീർഷകത്തിനുകീഴിൽ 21.44 കോടി രൂപ അനുവദിച്ചിട്ടുള്ളതാണെന്നും പ്രസ്തുത റോഡിനായി 3 റീച്ചുകളിലായി ഭൂമി ഏറ്റെടുക്കൽ നടപടികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരുന്നതായും RICK അറിയിച്ചിട്ടുണ്ട്.

24-02-2018-ലെ GO (Ms) No. 69/2018/Fin നമ്പർ ഉത്തരവ് പ്രകാരം കിഫ്ബി വഴി പദ്ധതികൾ നിർവ്വഹിക്കുന്നതിന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുകയോ മന്ത്രിസഭാ യോഗം അംഗീകരിക്കുകയോ വേണം. അങ്ങനെയുള്ള പദ്ധതികൾക്ക് മാത്രമാണ് കിഫ്ബി ധനസഹായം നൽകുന്നത്.

**നാദാപുരം നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

17(2363) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം നിയോജകമണ്ഡലത്തിലെ കയപനച്ചി-കുന്നംചിറ-പുതിയങ്ങാടി റോഡ് പ്രവൃത്തി കിഫ്ബിയിലുൾപ്പെടുത്തി ഭരണാനുമതി നൽകാൻ നിലവിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

നാദാപുരംമണ്ഡലത്തിൽ കിഫ്ബിവഴി പ്രഖ്യാപിച്ച്, 10-07-2017-ലെ സ.ഉ (സാധാ) നം. 942/2017/പി.ഡബ്ല്യൂ.ഡി പ്രകാരം 20 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്ന " കയപ്പനച്ചി ചുണ്ടയിൽ പുതിയങ്ങാടി റോഡ്" എന്ന പ്രവൃത്തിയുടെ പേര് 16-04-2022-ലെ സ.ഉ (സാധാ) നം. 449/2022/ പി.ഡബ്ല്യൂ.ഡി പ്രകാരം " കയപ്പനച്ചി-കുന്നംചിറ-എടച്ചേരി (പുതിയങ്ങാടി) റോഡ്" എന്ന് പുനർനാമകരണം ചെയ്ത് ഉത്തരവായിരുന്നു.

പ്രസ്തുത സാഹചര്യത്തിൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡിന് കിഫ്ബിയിൽനിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം പുതുക്കിയ അലൈൻമെന്റിൽ പൊതുമരാമത്ത് റോഡ്സ് വിഭാഗം ആവശ്യമായ പരിശോധനകൾ നടത്തി റിപ്പോർട്ട് ഡിസൈൻ വിംഗിന് നൽകിയിട്ടുണ്ടെന്ന് നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് അറിയിച്ചിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നിർവ്വഹണ ഏജൻസി വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കുന്നമുറയ്ക്ക് ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി കിഫ്ബി ജനറൽ ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്.

**മാനന്തവാടി നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതികൾ**

18(2364) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി നിയോജകമണ്ഡലത്തിൽ കിഫ്ബി ധനസഹായത്താൽ അനുവദിച്ച പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ?

മാനന്തവാടി നിയോജകമണ്ഡലത്തിൽ കിഫ്ബി ധനസഹായത്താൽ അനുവദിച്ച 22 പദ്ധതികളുടെ വിശദാംശം പട്ടികയായി ഉള്ളടക്കം ചെയ്തിട്ടുണ്ട്+.

(ബി) ഇതിൽ എത്ര പദ്ധതികൾക്ക് സാമ്പത്തികാനുമതി ലഭിച്ചുവെന്ന് വ്യക്തമാക്കാമോ?

ഇതിൽ 20 പദ്ധതികൾക്ക് സാമ്പത്തികാനുമതി നൽകിയിട്ടുണ്ട് (പട്ടികയിലെ ആദ്യ 20 എണ്ണം).

(സി) സാമ്പത്തികാനുമതി ലഭിച്ചിട്ടും പ്രവൃത്തി ആരംഭിക്കാത്ത പദ്ധതികൾ ഉണ്ടോ; എങ്കിൽ പദ്ധതിയുടെ പേരും പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണവും ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ?

ഉണ്ട്. സാമ്പത്തികാനുമതി ലഭിച്ചിട്ടും പ്രവൃത്തി ആരംഭിക്കാത്ത പദ്ധതികളും അവ ആരംഭിക്കാത്തതിന്റെ കാരണവും ഉള്ളടക്കം ചെയ്തു

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സാമ്പത്തികാനുമതി ലഭ്യമാക്കിയ പദ്ധതികൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട എസ്.പി.വി ആണ്. ടെണ്ടർ ക്ഷണിക്കൽ, തെരഞ്ഞെടുത്ത കോൺട്രാക്ടറുമായി കരാർ ഒപ്പുവയ്ക്കൽ, വർക്ക് അവാർഡ് ചെയ്യൽ, പ്രവൃത്തി പൂർത്തിയാക്കൽ തുടങ്ങിയ നടപടികളെല്ലാം ഇതിൽ ഉൾപ്പെടുന്നു. എന്നിരുന്നാലും, കിഫ്ബി സാമ്പത്തികാനുമതി നൽകുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി കിഫ്ബിയുടെ വിവിധ തലങ്ങളിലും ബഹുമാനപ്പെട്ട മന്ത്രിമാർ/എം.എൽ.എ.മാർ എന്നിവരുടെ നേതൃത്വത്തിലും ഇടയ്ക്കിടെ യോഗങ്ങൾ ചേർന്ന് പദ്ധതികൾ യഥാസമയം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. കൂടാതെ, പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ എസ്.പി.വി. കൾ ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ നേരിടുന്ന പക്ഷം, അവ കിഫ്ബിയെ അറിയിക്കുന്ന മുറയ്ക്ക്, അത്തരം ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ കിഫ്ബി നൽകിവരുന്നുണ്ട്.

## പുതുപ്പള്ളി നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

19(2365) ശ്രീ. ഉമ്മൻ ചാണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുപ്പള്ളി നിയോജകമണ്ഡലത്തിൽ ഇതുവരെ കിഫ്ബിയിലുൾപ്പെടുത്തി എത്ര പ്രവൃത്തികളിൽ നിർമ്മാണപ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കിഫ്ബിയിലുൾപ്പെടുത്തി പ്രസ്തുത മണ്ഡലത്തിൽ പ്രവൃത്തികളൊന്നും ഏറ്റെടുത്തിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

(എ&ബി) പുതുപ്പള്ളി നിയോജകമണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയ പുതുപ്പള്ളി ഗവൺമെന്റ് സെന്റ് ജോർജ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിന്റെ നിർമ്മാണപ്രവൃത്തി 31-7-2021-ൽ പൂർത്തിയായിട്ടുണ്ട്.

## ഗുരുവായൂർ നിയോജകമണ്ഡലത്തിലെ മണത്തല ജി.എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണ പുരോഗതി

20(2366) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി വഴി നിർമ്മാണം നടത്തിവരുന്ന മണത്തല ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ കെട്ടിടത്തിന്റെ നിലവിലെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ?

ഗുരുവായൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി വഴി നിർമ്മാണം നടത്തിവരുന്ന മണത്തല ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിന്റെ ബ്ലോക്ക് 2-ന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ബ്ലോക്ക് 1-ന്റെ സ്ട്രക്ചറൽ വർക്കും പൂർത്തിയാക്കിയിട്ടുണ്ട്. നിശ്ചിത സമയപരിധിക്കുള്ളിൽ കരാറുകാരൻ വർക്ക് പൂർത്തീകരിക്കാത്തതിനാൽ റിസ്ക് ആൻഡ് കോസ്റ്റിൽ ടി കരാറുകാരനെ ഒഴിവാക്കിയിട്ടുണ്ട്. പദ്ധതി നിർവ്വഹണ ഏജൻസിയായിരുന്ന കൈറ്റിന്റെ ശിപാർശ പ്രകാരം കൈറ്റിനുപകരം കിറ്റ്കോയെ പദ്ധതി നിർവ്വഹണ ഏജൻസിയായി മാറ്റി നിയമിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പൂർത്തിയാക്കാനുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് കിറ്റ്കോ ലഭ്യമാക്കി പുതുക്കിയ സാങ്കേതികാനുമതി നൽകേണ്ടതുണ്ട്.

(ബി) നിലവിലെ നിർവ്വഹണ ഏജൻസിയെ മാറ്റുന്നതിനുണ്ടായ സാഹചര്യം വിശദമാക്കാമോ?

ആദ്യ പദ്ധതി നിർവ്വഹണ ഏജൻസിയായ കൈറ്റ് സർക്കാരിലേയ്ക്ക് നൽകിയ ശിപാർശയുടെ (Letter No. KITE-INFRA/2022/1149 dated 03-06-2022) അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ എടുത്ത തീരുമാനപ്രകാരമാണ് ടി ഏജൻസിയെ മാറ്റിയത്.

(സി) പ്രസ്തുത സ്കൂൾ കെട്ടിട നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്ന് വിശദമാക്കാമോ?

ബാക്കി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പുതുക്കിയ സാങ്കേതിക അനുമതി കിറ്റ്കോ ലഭ്യമാക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്.

## ഗുരുവായൂർ നിയോജകമണ്ഡലത്തിൽ നിലവിൽ നടപ്പാക്കിവരുന്ന കിഫ്ബി പദ്ധതികൾ

21(2367) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ നിലവിൽ നടപ്പാക്കിവരുന്ന കിഫ്ബി പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

ഗുരുവായൂർ നിയോജകമണ്ഡലത്തിൽ നിലവിൽ നടപ്പാക്കിവരുന്ന കിഫ്ബി പദ്ധതികളുടെ വിശദാംശം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

(ബി) 2022-23 സാമ്പത്തിക വർഷത്തേയ്ക്ക് കിഫ്ബി പദ്ധതി പ്രകാരം നടപ്പാക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രഖ്യാപനമനുസരിച്ച് കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി നാളിതുവരെ ലഭ്യമായ വിശദമായ പദ്ധതി രേഖകൾ പരിശോധിച്ചതിൽനിന്നും ഗുരുവായൂർ നിയോജക മണ്ഡലത്തിലെ പദ്ധതികൾ ഉൾപ്പെട്ടതായി കാണുന്നില്ല.

## കിഫ്ബി രൂപീകരണവുമായി ബന്ധപ്പെട്ട് നിയമോപദേശം

22(2368) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി രൂപീകരണവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ നിയമോപദേശം തേടിയിട്ടുണ്ടോ; എങ്കിൽ ആരിൽ നിന്നാണ് നിയമോപദേശം തേടിയത്; എത്ര രൂപയാണ് ഫീസിനത്തിൽ ചെലവഴിച്ചത്; വിശദാംശം വ്യക്തമാക്കുമോ?

കിഫ്ബി രൂപീകരണവുമായി ബന്ധപ്പെട്ട് നിയമ വകുപ്പിന്റെയും അഡ്വക്കേറ്റ് ജനറലിന്റെയും നിയമോപദേശം ലഭ്യമാക്കിയിരുന്നു.

(ബി) പ്രസ്തുത നിയമോപദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

പ്രസ്തുത നിയമോപദേശങ്ങളുടെ പകർപ്പുകൾ അനുബന്ധമായി നൽകുന്നു.+

## കിഫ്ബി വായ്പ എടുക്കുന്നത് തടയാൻ ശ്രമം

23(2369) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്ര വിഹിതം കുറച്ചതും പഞ്ചവത്സര പദ്ധതികൾ നിർത്തലാക്കിയതിനെ തുടർന്ന് ഗാഡ്ഗിൽ ഫോർമുല പ്രകാരം ലഭിക്കേണ്ടിയിരുന്ന ഗ്രാന്റ് ഇല്ലാതായതുംമൂലം വികസന പദ്ധതികൾക്ക് സംസ്ഥാനം അധിക തുക കണ്ടെത്തേണ്ടിവരുന്നത് സംസ്ഥാനത്തിനുമേൽ സൃഷ്ടിക്കുന്ന സാമ്പത്തിക ഭാരത്തിനിടയിൽ ക്ഷേമ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ?

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ നീതി ആയോഗ് നടപ്പിലാക്കിയ മാറ്റം സംസ്ഥാനങ്ങൾക്ക് അധിക ബാധ്യതയാണ് ഉണ്ടാക്കിയിരിക്കുന്നത്. ‘ കോർ ഓഫ് ദി കോർ’ എന്നും ‘ കോർ’ എന്നും രണ്ട് ഗണത്തിലാണ് ഇപ്പോൾ കേന്ദ്രാവിഷ്കൃത പദ്ധതികൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപ്പിലാക്കുന്നത്. ഇതിൽ 90% കേന്ദ്രവിഹിതം ലഭിക്കുന്ന ആദ്യത്തേതിൽ പദ്ധതികളുടെ എണ്ണം ഓരോ വർഷവും കുറഞ്ഞുവരികയാണ്. കോർ എന്ന രണ്ടാമത്തെ ഗണത്തിലാണ് പദ്ധതികളുടെ സിംഹഭാഗവും. ഈ പദ്ധതികളുടെ 40% സംസ്ഥാനം വഹിക്കണമെന്നതിനാൽ വലിയ ബാധ്യതയാണ് സംസ്ഥാനത്തിനുണ്ടാകുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികൾ സ്വന്തമായി ആസൂത്രണം ചെയ്യാനോ നിബന്ധനകളിൽ മാറ്റം വരുത്താനോ സംസ്ഥാനങ്ങളെ അനുവദിക്കാറില്ല. കോർ എന്ന ഗണത്തിൽ ഇപ്പോഴുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അനുപാതം 60:40-ൽനിന്ന് 75:35 ആക്കണമെന്ന് സംസ്ഥാനം നിരന്തരം കേന്ദ്രത്തോട് അഭ്യർത്ഥിക്കാറുണ്ടെങ്കിലും ഇതിൽ അനുകൂല നിലപാട് കേന്ദ്രത്തിൽനിന്നും ഉണ്ടായിട്ടില്ല. സംസ്ഥാനത്തിന്റെ സാമ്പത്തിക ബാധ്യതകൾ കുറയ്ക്കുന്ന തരത്തിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളാണ് ഉണ്ടാക്കേണ്ടത്. അപ്രകാരം അധികമായി കണ്ടെത്തുന്ന തുക കൂടി സംസ്ഥാനത്തിന് വികസനക്ഷേമ പദ്ധതികൾക്കുവേണ്ടി വിനിയോഗിക്കാൻ കഴിയും. ഇതിനുപുറമെ സംസ്ഥാനത്തിന് അനുവദിച്ചുവരുന്ന കേന്ദ്ര വിഹിതത്തിലും തുടർച്ചയായി കുറവ് രേഖപ്പെടുത്തുന്നു. സംസ്ഥാനങ്ങൾക്കിടയിൽ വീതം വയ്ക്കാനുള്ള കേന്ദ്രനികുതി വിഹിതം (ഡിവിസിബിൾ പൂൾ) പത്താം ധനകാര്യ

കമ്മിഷന്റെ കാലയളവിൽ 3.87 ശതമാനമായിരുന്നത് ചുരുങ്ങിവരികയും പതിനാലാം ധനകാര്യ കമ്മിഷന്റെ കാലയളവിൽ 2.5 ശതമാനവും പതിനഞ്ചാം ധനകാര്യ കമ്മിഷന്റെ ഈ കാലയളവിൽ 1.925 ശതമാനവുമായി കുറച്ച നടപടി സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഗണ്യമായ കുറവുവരുത്തി. കേന്ദ്ര സർക്കാർ സെസ്സിലും സർചാർജ് ഇനത്തിലും കൂടി പിരിച്ചെടുക്കുന്ന തുക സംസ്ഥാനങ്ങൾക്ക് വീതിച്ചുനൽകുന്നതേയില്ല. ഇപ്രകാരം കേന്ദ്രം പിരിച്ചെടുക്കുന്ന സെസും സർചാർജും നികുതിവിഹിതം പങ്കുവയ്ക്കുന്ന മാതൃകയിൽ ഓരോ സംസ്ഥാനത്തിനുമായി വീതിച്ചുനൽകേണ്ടതാണ്. ഈ പ്രതിസന്ധികൾക്കിടയിലും നികുതി നികുതിയേതര വരുമാനം വർദ്ധിപ്പിച്ചും അനാവശ്യ ചെലവുകൾ ചുരുക്കിക്കൊണ്ടും പദ്ധതി നിർവ്വഹണത്തിനും പരമാവധി വിഭവങ്ങൾ സമാഹരിക്കാനുമുള്ള തീവ്രശ്രമമാണ് സംസ്ഥാനം നടത്തികൊണ്ടിരിക്കുന്നത്.

(ബി) കിഫ്ബി വായ്പ എടുക്കുന്നത് തടയാൻ കേന്ദ്ര സർക്കാരും ചില ഏജൻസികളും ശ്രമം നടത്തുന്നുണ്ടോ; എങ്കിൽ ആയത് സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസന കുതിപ്പിന് തടയിടുകയെന്ന ലക്ഷ്യത്തോടെയാണെന്ന് കരുതുന്നുണ്ടോ?

സംസ്ഥാനത്തിന്റെ വികസന നേട്ടങ്ങളിൽ സുപ്രധാനമായ പങ്കുവഹിച്ച ഒരു ധനകാര്യ സ്ഥാപനമാണ് കിഫ്ബി. കഴിഞ്ഞ 7 വർഷക്കാലയളവിൽ കിഫ്ബി പദ്ധതികളിലൂടെ അടിസ്ഥാന സൗകര്യ മേഖലയിൽ സംസ്ഥാനത്തിനുണ്ടായ മുന്നേറ്റം വളരെ പ്രകടമാണ്. എന്നാൽ മുൻകാലങ്ങളിലെന്നപോലെ ഈ വികസന പ്രവർത്തനങ്ങൾക്ക് തടസം സൃഷ്ടിക്കുക എന്ന സമീപനമാണ് കേന്ദ്ര സർക്കാർ വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കിവരുന്നത്. സി ആൻഡ് എ.ജി, ആദായ നികുതി വകുപ്പ്, എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് എന്നിങ്ങനെ തങ്ങളുടെ കീഴിലുള്ള സ്ഥാപനങ്ങളെയും നിയന്ത്രണ സംവിധാനങ്ങളെയും രാഷ്ട്രീയ ലക്ഷ്യങ്ങൾക്കായി ഉപയോഗിക്കുന്നു. കേന്ദ്ര ധനകാര്യ വകുപ്പും റിസർവ് ബാങ്കും പ്രത്യക്ഷമായും പരോക്ഷമായും പല നിയന്ത്രണങ്ങളും ഏർപ്പെടുത്തുന്നു. രാജ്യത്തിന്റെ ഫെഡറൽ സംവിധാനത്തിനെ തന്നെ വെല്ലുവിളിക്കുന്നതാണ് ഈ നടപടികൾ. ഭരണഘടനാപരമായി സംസ്ഥാനങ്ങൾക്ക് ലഭിച്ചിട്ടുള്ള അധികാരങ്ങളും അവകാശങ്ങളും കവർന്നെടുത്ത് ഭരണപരവും സാമ്പത്തികവുമായ അനിശ്ചിതാവസ്ഥ സൃഷ്ടിക്കാനും അതുവഴി സംസ്ഥാനങ്ങളുടെ മേൽ സമ്മർദ്ദം

ചെലവുകൾക്കുന്നതിനുമാകണം ഇതിലൂടെ കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നതെന്ന് അനുമാനിക്കുന്നു.

(സി) കേന്ദ്ര സർക്കാരിനുകീഴിലുള്ള സ്ഥാപനങ്ങൾക്ക് വായ്പയെടുക്കുന്നതിൽ വിലക്കില്ലാതിരിക്കുമ്പോൾ കിഫ്ബിയെ നിയമവിരുദ്ധമായി തകർക്കാൻ ശ്രമിക്കുന്ന നീക്കത്തെ നിയമപരമായി നേരിടുന്ന കാര്യം പരിശോധിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

കിഫ്ബിയും മറ്റ് സർക്കാർ ഏജൻസികളും സർക്കാർ ഗ്യാരന്റിയിൽ ലഭ്യമാക്കുന്ന വായ്പകൾകൂടി സർക്കാരിന്റെ വായ്പ പരിധിയിൽ ഉൾപ്പെടുത്തിയതും സംസ്ഥാനത്തിന് അർഹമായ നികുതി വിഹിതവും മറ്റ് കേന്ദ്ര വിഹിതവും വെട്ടിക്കുറച്ചതും വൈകിപ്പിക്കുന്നതുമെല്ലാം നിക്ഷിപ്ത താല്പര്യങ്ങൾക്കായിട്ടാണ് എന്ന് കരുതാതെ വയ്യ. ഇവയെല്ലാം തന്നെ ഭരണഘടന തത്വങ്ങളോടുള്ള വെല്ലുവിളിയാണ്. എന്നാൽ കേന്ദ്ര സർക്കാരിന്റെ ഇത്തരത്തിലുള്ള രാഷ്ട്രീയലക്ഷ്യങ്ങൾക്ക് വിധേയപ്പെടാൻ സർക്കാർ ഒരുക്കമല്ല. രാജ്യത്തെ ഭരണഘടനയും നിയമ വ്യവസ്ഥകളും നൽകുന്ന എല്ലാ അധികാരങ്ങളും അവകാശങ്ങളും ഉപയോഗപ്പെടുത്തി ഇതിനെ മറികടക്കാനാകും എന്ന ശുഭാപ്തി വിശ്വാസം സർക്കാരിനുണ്ട്. നിലവിൽ കേന്ദ്രം സ്വീകരിക്കുന്ന നിലപാടുകളിലെ നിയമപ്രശ്നങ്ങളും

ഭരണഘടന ലംഘനങ്ങളും ചൂണ്ടിക്കാട്ടി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് കത്തുകൾ അയച്ചിട്ടുണ്ട്. കൂടാതെ ഈ നിയമപ്രശ്നങ്ങളെല്ലാം വിശദമാക്കുന്ന ഒരു മെമ്മോറാണ്ടം മന്ത്രിസഭയുടെ അംഗീകാരത്തോടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് അയച്ചിട്ടുണ്ട്. ഈ വിഷയങ്ങളിൽ കേന്ദ്ര സർക്കാരിന് സംസ്ഥാനത്തിന് അനുകൂലമായ നിലപാടുകൾ എടുക്കേണ്ടിവരും എന്നുതന്നെയാണ് സർക്കാർ കരുതുന്നത്.

## പേരാമ്പ്ര മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

24(2370) ശ്രീ. ടി. പി .രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പേരാമ്പ്ര നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി അനുമതി നൽകിയ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം പൂർത്തിയായെന്നും വ്യക്തമാക്കാമോ?

പേരാമ്പ്ര നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി അനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ അനുവദിച്ച തുകയും പൂർത്തിയായ പദ്ധതികളുടെ വിശദാംശവും അനുബന്ധമായി ചേർക്കുന്നു.+

## കിഫ്ബിക്കുവേണ്ടി എടുത്തിട്ടുള്ള വായ്പകളും അതിന്റെ പലിശയും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

25(2371) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി പദ്ധതികൾക്കുവേണ്ടി നാളിതുവരെ സമാഹരിച്ചിട്ടുള്ള വായ്പകളുടെ പലിശ, തിരിച്ചടവ് കാലാവധി എന്നിവയുടെ വിശദ വിവരം നൽകുമോ?

കിഫ്ബി പദ്ധതികൾക്കുവേണ്ടി നാളിതുവരെ സമാഹരിച്ചിട്ടുള്ള വായ്പകളുടെ പലിശ, തിരിച്ചടവ് കാലാവധി എന്നിവയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

**ആലത്തൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

26(2372) ശ്രീ. കെ .ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളും അവയുടെ പുരോഗതിയും വിശദമാക്കാമോ?

ആലത്തൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി ഉൾപ്പടെയുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വർക്കലയിൽ കിഫ്ബിയുടെ അംഗീകാരം ലഭിച്ച പ്രവൃത്തികൾ

27(2373) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്നതിനായി ഡീറ്റെയ്ൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

വർക്കല നിയോജകമണ്ഡലത്തിൽ നടപ്പിലാക്കാനായി ഡീറ്റെയ്ൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ള പദ്ധതികളുടെ നിലവിലെ സ്ഥിതിയുൾപ്പടെയുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് അടിയന്തരമായി അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

വർക്കല നിയോജകമണ്ഡലത്തിൽ ഇതുവരെ ഡീറ്റെയ്ൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ള പദ്ധതികൾക്കെല്ലാം തന്നെ കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്.

## കിഫ്ബിയിലുൾപ്പെടുത്തി റോഡ് നിർമ്മാണം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

28(2374) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിവഴി പുതിയ പദ്ധതികൾക്ക് അനുമതി ലഭ്യമാക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ?

നിലവിൽ 80,352.04 കോടിയിൽപരം രൂപയുടെ 1057 പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. സർക്കാരിൽനിന്നും നിയമപ്രകാരം ലഭിക്കുന്ന ആന്വിറ്റി വിഹിതത്തിനു (വാഹന നികുതിയുടെ വിഹിതവും പെട്രോളിയം സെസ്സും) പുറമെ ധനവിപണിയിൽ നിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ ധനസമാഹരണം നടത്തിയാണ് കിഫ്ബി അതിന്റെ പദ്ധതി പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ഉചിതമായ രീതിയിൽ വിവേകപൂർവ്വമായി ധനസമാഹരണം നടത്തുന്നതിന് കിഫ്ബിയെ സഹായിക്കുന്നത് അതിന്റെ അസറ്റ് ലയബിലിറ്റി മാനേജ്മെന്റ് (ALM) സംവിധാനമാണ്. ഈ സംവിധാനത്തിന്റെ കണക്കുകൂട്ടൽ അനുസരിച്ച് കിഫ്ബി അതിന് നിലവിൽ ലഭിച്ചുവരുന്ന ആന്വിറ്റികൊണ്ട് തിരിച്ചടയ്ക്കാവുന്ന തുകയ്ക്കുള്ള പദ്ധതികൾക്ക് നിലവിൽ അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തിന് അത്യന്തം പ്രാധാന്യമുള്ള

പദ്ധതികൾ മാത്രം ഇനി കിഫ്ബിയിലേയ്ക്ക് നിർദ്ദേശിച്ചാൽ മതിയാകുമെന്നും കിഫ്ബിയുടെ ഫണ്ട് ട്രസ്റ്റി അഡ്വൈസറി കമ്മീഷൻ (FTAC) സർക്കാരിന് നിർദ്ദേശമായി നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പദ്ധതിയുടെ പ്രാധാന്യവും മറ്റ് ഘടകങ്ങളും വിലയിരുത്തി സസൂക്ഷ്മം തെരഞ്ഞെടുക്കുന്ന പദ്ധതികൾ മാത്രം കിഫ്ബിയിലേയ്ക്ക് നിർദ്ദേശിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ബി) തിരുവനന്തപുരം ജില്ലയിലെ പ്രധാനപ്പെട്ട റോഡ് പ്രവൃത്തികളിലൊന്നായതും അഞ്ച് നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്നതുമായ കരമന-വെള്ളറട റോഡ് നിർമ്മാണം കിഫ്ബിയിൽ ഉൾപ്പെടുത്തി അനുമതി നൽകുമോ; ആയത് പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാന ബജറ്റ് ഫണ്ട് വിനിയോഗിച്ച് നിർവ്വഹിക്കുന്ന സംസ്ഥാന റോഡ് വികസന പദ്ധതിയിലെ അപ്ഗ്രഡേഷൻ പാക്കേജിൽ ഉൾപ്പെടുന്ന 35.5 കിലോമീറ്ററുള്ള കരമന-വെള്ളറട റോഡ് പ്രവൃത്തിയുടെ നിർവ്വഹണ ചുമതല റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി കേരള ലിമിറ്റഡ് (RICK)-നാണ്. പ്രസ്തുത പ്രവൃത്തിക്കായി ഭൂമി ഏറ്റെടുക്കുന്നതിന് 15-02-2016-ലെ GO (Rt) No. 355/2016/PWD ഉത്തരവ് പ്രകാരം " 5054-04-337-80-ഭൂമി

ഏറ്റെടുക്കലിനുള്ള നഷ്ടപരിഹാരം" എന്ന ബഡ്ജറ്റ് ശീർഷകത്തിനുകീഴിൽ 21.44 കോടി രൂപ അനുവദിച്ചിട്ടുള്ളതാണെന്നും പ്രസ്തുത റോഡിനായി 3 റീച്ചുകളിലായി ഭൂമി ഏറ്റെടുക്കൽ നടപടികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരുന്നതായും RICK അറിയിച്ചിട്ടുണ്ട്. 24-02-2018-ലെ GO (Ms) No. 69/2018/Fin നമ്പർ ഉത്തരവുപ്രകാരം കിഫ്ബി മുഖേന പദ്ധതി നിർവ്വഹിക്കുന്നതിന് ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുകയോ മന്ത്രിസഭയുടെ അംഗീകാരമോ വേണം. അങ്ങനെയുള്ള പദ്ധതികൾക്ക് മാത്രമാണ് കിഫ്ബി ധനസഹായം നൽകുന്നത്.

## കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികളിലെ ടെണ്ടർ സേവിംഗ്സ്

29(2375) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം പ്രവൃത്തികൾക്ക് എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്നും ഇതിൽ ഏതെല്ലാം പ്രവൃത്തികളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതെന്നും ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും വ്യക്തമാക്കുമോ?

കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പൂർത്തീകരിച്ച പ്രവൃത്തികളിൽ ടെണ്ടർ സേവിംഗ്സ് ഇനത്തിൽ തുക ബാക്കിയായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തുക പ്രവൃത്തി പൂർത്തിയായിട്ടുള്ള അതേ സ്ഥാപനത്തിന്റെ മറ്റ് പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് തടസ്സമുണ്ടോ എന്ന് വ്യക്തമാക്കുമോ?

കിഫ്ബി പദ്ധതികളിലെ ടെണ്ടർ സേവിംഗ്സ് ഇനത്തിലെ തുക അതേ സ്ഥാപനത്തിന്റെ മറ്റ് പ്രവൃത്തികൾക്കായി ഉപയോഗിക്കാൻ സാധ്യമല്ല.

## പാലക്കാട്-പാറ-പൊള്ളാച്ചി റോഡ് നവീകരണം

30(2376) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന പാലക്കാട്-പാറ-പൊള്ളാച്ചി റോഡ് നവീകരണം എന്ന പദ്ധതിക്ക് കിഫ്ബി സാമ്പത്തികാനുമതി നൽകിയിട്ടുണ്ടോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പാറ-പൊള്ളാച്ചി റോഡ് നവീകരണ പദ്ധതിക്ക് കിഫ്ബി ധനാനുമതി നൽകിയിട്ടില്ല.

(ബി) ഈ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; ഇനി എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തിയാക്കാനുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

പാറ-പൊള്ളാച്ചി റോഡ് നവീകരണ പ്രവൃത്തിക്കായി 23 മീറ്റർ RoW നിശ്ചയിച്ച് നിർവ്വഹണ ഏജൻസിയായ KRFB പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ആയത് കിഫ്ബി പരിശോധിച്ച് ടൗൺ ഭാഗങ്ങളിൽ 18.50 മീറ്ററായും മറ്റ് ഭാഗങ്ങളിൽ 19.20 മീറ്ററിലുമായി സ്ഥലമേറ്റെടുക്കുന്നതിനുള്ള എസ്റ്റിമേറ്റും സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ അലൈൻമെന്റ് ഡ്രോയിങ്ങും സ്ഥലമേറ്റെടുക്കുന്നതിനുള്ള എസ്റ്റിമേറ്റും SPV കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുക്കുന്നതിനുള്ള അനുമതി കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി നൽകിയിട്ടുണ്ട്.

റോഡ് പ്രവൃത്തിയുടെ DPR സമർപ്പിക്കുന്നമുറയ്ക്ക് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾക്ക് വിധേയമായി കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി/ജനറൽ ബോഡിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതാണ്

## കിഫ്ബി പദ്ധതികൾ

31(2377) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിൽ അനുവദിച്ചിരിക്കുന്ന കിഫ്ബി പദ്ധതികൾ ഏതെല്ലാമാണെന്നും അവയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വ്യക്തമാക്കുമോ?

കൊടുവള്ളി നിയോജകമണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയ പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച വിവരം അനുബന്ധം 1 ആയി ചേർക്കുന്നു.+

(ബി) കൊടുവള്ളി നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന ഏതൊക്കെ റോഡുകളാണ് കിഫ്ബിവഴി പുനരുദ്ധരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; അവയുടെ പ്രവർത്തനം ഏതുഘട്ടം വരെയായി എന്ന് വിശദമാക്കുമോ?

കൊടുവള്ളി നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന കിഫ്ബിവഴി പുനരുദ്ധരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള റോഡുകളുടെ പ്രവർത്തനത്തിന്റെ നിലവിലെ സ്ഥിതി അനുബന്ധം 2 ആയി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പാറശ്ശാല നിയോജകമണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നടത്തുന്ന പ്രവൃത്തികൾ

32(2378) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നടത്തുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

പാറശ്ശാല നിയോജകമണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകി നടത്തുന്ന പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഓരോന്നിനും എന്നാണ് അനുമതി നൽകിയതെന്നും എത്ര തുക വീതം വകയിരുത്തിയിട്ടുണ്ടെന്നും ഇപ്പോൾ അവയുടെ പുരോഗതി ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ?

പാറശ്ശാല നിയോജകമണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി, ധനാനുമതി നൽകിയ തീയതി, ധനാനുമതി തുക എന്നിവയുടെ വിശദാംശം അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്+.

+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) നെയ്യാർഡാമിലെ ടൂറിസം വികസനത്തിനായി കിഫ്ബി ധനസഹായത്തോടെ പ്രത്യേക പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

നെയ്യാർ ഡാമിന്റെ ടൂറിസം വികസനത്തിനായി 8-2-2017 തീയതിയിലെ സ.ഉ. 62/2017/ടൂറിസം പ്രകാരം 32 കോടി രൂപയുടെ പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകുകയും M/s. KTIL -നെ പദ്ധതി നിർവ്വഹണ ഏജൻസിയായി നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ഇതുപ്രകാരം KTIL പദ്ധതിയുടെ DPR കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ പിന്നീട് ടി പദ്ധതി സംസ്ഥാന ബജറ്റിലേയ്ക്ക് മാറ്റിയിട്ടുള്ളതാണ്.

**മൂലക്കീൽ കടവ് പാലത്തിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി**

33(2379) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ-കല്ല്യാശ്ശേരി നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന മൂലക്കീൽ കടവ് പാലത്തിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

31-10-2016-ലെ GO (Rt) No.1496/2016/PWD നമ്പർ ഉത്തരവുപ്രകാരം 25 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ മൂലക്കീൽ കടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ ഡി.പി.ആർ നിർവ്വഹണ ഏജൻസി (SPV) ആയ KRFB 02-07-2020-ന് കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ആയത് കിഫ്ബി പരിശോധിച്ച് 19/10/2020-ന് SPV-ക്ക് സാങ്കേതിക അവലോകന റിപ്പോർട്ട് നൽകിയിരുന്നതും ആയതിന് SPV 19-01-2021-ന് സമർപ്പിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ 11-02-2021-ന് ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിച്ചുകൊണ്ട് SPV-ക്ക് തിരിച്ച് നൽകിയിരുന്നതും ആയതിന് 16-02-2021-ന് സമർപ്പിച്ച മറുപടിയും തൃപ്തികരമല്ലാത്തതിനാൽ 15-03-2021-ന് ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിച്ചുകൊണ്ട് വീണ്ടും SPV-ക്ക് തിരിച്ച് നൽകിയിരുന്നു. പിന്നീട് 03-11-2021-ന് കിഫ്ബി എക്സിക്യൂട്ടീവ് ഡയറക്ടർ സ്ഥലം സന്ദർശിച്ച് ഡിസൈനിൽ ചില മാറ്റങ്ങൾ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ SPV അധിക പരിശോധനകൾ നടത്തിയതായും ആയതിന്റെ വിവരങ്ങൾ 24-11-2022-ന് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിന് നൽകിയിട്ടുണ്ടെന്നും ഡിസൈൻ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണെന്നും പുതുക്കിയ

ഡി.പി.ആർ ഡിസൈൻ വിഭാഗത്തിൽനിന്ന് ലഭ്യമാക്കുന്ന മുറയ്ക്ക് ആയത് കിഫ്ബിയിൽ സമർപ്പിച്ച് ധനാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നാണ് നിർവ്വഹണ ഏജൻസിയായ KRFB അറിയിച്ചിരിക്കുന്നത്.

**എളവള്ളി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന് പുതിയ കെട്ടിടം**

34(2380) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തെ ആസ്തി വികസന പദ്ധതിയിൽനിന്നും മണലൂർ നിയോജകമണ്ഡലത്തിലെ എളവള്ളി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എത്ര തുകയുടെ ഭരണാനുമതി നൽകിയെന്ന് അറിയിക്കുമോ?

ഭരണാനുമതി തുക 115 ലക്ഷം രൂപയാണ്.

(ബി) എന്നാണ് ഭരണാനുമതി നൽകിയതെന്നും സാങ്കേതികാനുമതി നൽകിയതെന്നും ടെണ്ടർ നടപടി പൂർത്തീകരിച്ചതെന്നും അറിയിക്കാമോ?

ഭരണാനുമതി തീയതി 31-03-2017, സാങ്കേതികാനുമതി തീയതി 11-05-2018, ടെണ്ടർ നടപടി പൂർത്തീകരിച്ചത് 23-06-2018 (സെലക്ഷൻ നോട്ടീസ്) തീയതിയിലുമാണ്.

(സി) പ്രസ്തുത പ്രവൃത്തിയുടെ കരാർ പ്രകാരം എന്നാണ് പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നതെന്നും അതുപ്രകാരം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ?

22-01-2020-ലാണ് പൂർത്തീകരിക്കേണ്ടിയിരുന്നത്. പ്രവൃത്തി ഇതുവരെയും പൂർത്തീകരിച്ചിട്ടില്ല.

(ഡി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം വരുന്നതിന്റെ കാരണം അറിയിക്കാമോ?

കോവിഡ് കാലത്ത് തൊഴിലാളികളുടെ ലഭ്യതക്കുറവ് കാലതാമസത്തിനൊരു കാരണമായിരുന്നു. തുടർന്ന് കരാറുകാരൻ സാമ്പത്തിക ബുദ്ധിമുട്ടിലാണെന്ന കാരണം പറഞ്ഞ് കുറച്ചുനാൾ പ്രവൃത്തി നിർത്തിവച്ചിരുന്നു.

(ഇ) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ പുരോഗതിയും പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്നും അറിയിക്കാമോ?

ഇപ്പോൾ പ്രവൃത്തിയുടെ 95% പൂർത്തിയായിട്ടുണ്ട്. മാർച്ച് 15-നകം പ്രവൃത്തി മുഴുവനായും പൂർത്തീകരിക്കുമെന്ന് മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## ആസ്തി വികസന പദ്ധതി പൂർത്തീകരണത്തിന് വകുപ്പ് ഫണ്ട്

35(2381) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കെട്ടിടങ്ങളും ആസ്തികളും സൃഷ്ടിക്കുന്നതിനുവേണ്ടി അനുവദിക്കുന്ന ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ, പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണത്തിന് അതത് വകുപ്പുകളുടെ ഫണ്ടുപയോഗിക്കുന്നതിന് തടസ്സമുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ആവശ്യത്തിന് വകുപ്പ് ഫണ്ട് ലഭ്യമായിട്ടില്ലെങ്കിൽ ഇത്തരം പ്രവൃത്തികളുടെ പൂർത്തീകരണത്തിന് അനുമതി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ&ബി) സർക്കാർ കെട്ടിടങ്ങളും ആസ്തികളും സൃഷ്ടിക്കുന്നതിനുവേണ്ടി അനുവദിക്കുന്ന ആസ്തി വികസന പദ്ധതിപ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ, ടെണ്ടർ എക്സസുണ്ടാകുന്നപക്ഷം ആയത് അടുത്ത സാമ്പത്തികവർഷത്തെ 5 കോടി രൂപയിൽനിന്ന് കുറവുചെയ്യുന്നതിന് ബന്ധപ്പെട്ട എം.എൽ.എ.-യുടെ അനുമതി വാങ്ങേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത എക്സസ് തുക അതത് ഗുണഭോക്തൃ വകുപ്പിന്റെ ഫണ്ടിൽനിന്നും

വഹിക്കാവുന്നതാണെന്ന് ആസ്തിവികസന പദ്ധതിയുടെ നിലവിലെ മാർഗ്ഗരേഖയായ 04-08-2018-ലെ സ.ഉ.(അച്ചടി) നം.119/2018/ധന. ഖണ്ഡിക 2.10 -ൽ സൂചിപ്പിച്ചിട്ടുണ്ട്.

**മലമ്പുഴ മണ്ഡലത്തിലെ 2016-17 വർഷത്തെ ആസ്തി വികസന ഫണ്ട്**

36(2382) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കാനായി മലമ്പുഴ നിയോജകമണ്ഡലത്തിൽനിന്നും സമർപ്പിച്ച പദ്ധതികളും തുകയും സംബന്ധിച്ച വിശദവിവരം നൽകാമോ;

(ബി) 2016-17 വർഷത്തെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്നതിനായി മലമ്പുഴ നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പദ്ധതികളുടെ പേര്, തുക എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) 2016-17 വർഷത്തെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കാനായി മലമ്പുഴ നിയോജകമണ്ഡലത്തിൽനിന്നും സമർപ്പിച്ച പദ്ധതികളും തുകയും സംബന്ധിച്ച വിശദവിവരവും ഭരണാനുമതി

ലഭിച്ച പദ്ധതികളുടെ പേര്, തുക എന്നീ വിവരങ്ങളും അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.+

## മലമ്പുഴ നിയോജകമണ്ഡലത്തിലെ 2021-22 വർഷത്തെ ആസ്തി വികസന ഫണ്ട്

37(2383) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-22 വർഷത്തെ ആസ്തി വികസന ഫണ്ടിൽനിന്നും നീക്കിവച്ച 4 കോടി രൂപ വിനിയോഗിച്ച് മലമ്പുഴ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ള പദ്ധതികളുടെ വിശദവിവരം അറിയിക്കാമോ; ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

2021-22 സാമ്പത്തികവർഷത്തിൽ എം.എൽ.എ ആസ്തി വികസന ഫണ്ടിൽനിന്നും കോവിഡ് പ്രതിരോധ പ്രവൃത്തികൾക്കായി നീക്കിവച്ച നാല് കോടി രൂപയിൽ ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി നീക്കിവച്ച തുക വിനിയോഗിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. മലമ്പുഴ നിയോജകമണ്ഡലത്തിലെ മരുതറോഡ് FHC-യിൽ ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിനാണ് തീരുമാനമായിട്ടുള്ളത്. പ്രസ്തുത

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനാവശ്യമായ സ്ഥല ലഭ്യതയടക്കമുള്ള വിഷയങ്ങൾ പരിശോധിച്ചുവരുന്നു.

## ടെണ്ടർ സേവിംഗ്

38(2384) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എം.എൽ.എ.-മാരുമായി ബന്ധപ്പെട്ടുള്ള ആസ്തി വികസന ഫണ്ട്, സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട് എന്നിവയിലുണ്ടാകുന്ന ടെണ്ടർ സേവിംഗ് എപ്രകാരമാണ് കൈകാര്യം ചെയ്യുന്നതെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ എം.എൽ.എ.-മാരുടെ സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ടിൽ നിലവിൽ ടെണ്ടർ സേവിംഗ്സ് അനുവദനീയമല്ല. നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തികവർഷം മുതൽ പ്രാബല്യമുണ്ട്. ഓരോവർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികൾ പൂർത്തിയാക്കി അന്തിമബിൽ (FINAL BILL) തയ്യാറാക്കിക്കഴിഞ്ഞാൽ മാത്രമെ ആ വർഷത്തെ പ്രവൃത്തികളുടെ യഥാർത്ഥ ചെലവ് മനസ്സിലാക്കാൻ കഴിയൂ എന്നതിനാൽ, ഓരോ സാമ്പത്തിക വർഷവും ഭരണാനുമതി നൽകുന്ന

പ്രവൃത്തികൾ, പൂർത്തിയാക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യുമ്പോഴുണ്ടാകുന്ന സേവിംഗ്സ് (Actual Savings) ഏത് സാമ്പത്തികവർഷത്തിലാണോ തിട്ടപ്പെടുത്താൻ സാധിക്കുന്നത് ആ സാമ്പത്തികവർഷത്തിലോ അതിനടുത്ത സാമ്പത്തികവർഷത്തിലോ ഉണ്ടാകുന്ന ടെണ്ടർ എക്സസിനുവേണ്ടിയോ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുവേണ്ടിയോ വിനിയോഗിക്കാവുന്നതാണ്. കൂടാതെ ഒരു സാമ്പത്തികവർഷത്തെ ടെണ്ടർ സേവിംഗ്സ് തുടർന്നുള്ള സാമ്പത്തികവർഷത്തിൽ പരിഗണിക്കുമ്പോൾ പരമാവധി പ്രവൃത്തികളുടെ എണ്ണം 20 എന്ന നിബന്ധനയും 5 കോടി രൂപ എന്ന പരിധിയും നിഷ്കർഷിക്കേണ്ടതില്ല. ടെണ്ടർ സേവിംഗ്സ് ഉപയോഗിച്ച് പുതിയ പ്രവൃത്തി നടപ്പിലാക്കുവാനുദ്ദേശിക്കുന്നത് നടപ്പുസാമ്പത്തിക വർഷത്തിന് മുൻവർഷങ്ങളിലെ ആസ്തിവികസന പദ്ധതിയിലുൾപ്പെടുത്തിയാണെങ്കിൽ, ആ വർഷത്തിലെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള കാലാവധി കഴിഞ്ഞിട്ടില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(ബി) ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽനിന്നും ഇതുവരെ ഉണ്ടായിട്ടുള്ള ടെണ്ടർ സേവിംഗ് തുക എത്രയാണെന്ന് അറിയിക്കാമോ; ഇതിന്റെ പ്രതിവർഷ കണക്ക് വ്യക്തമാക്കുമോ?

ഇടുക്കി അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ലഭ്യമാക്കിയ കണക്കുപ്രകാരം ഉടുമ്പൻചോല നിയോജകമണ്ഡലത്തിലെ ടെണ്ടർ സേവിംഗ് തുകയുടെ പ്രതിവർഷ കണക്ക് ചുവടെ ചേർക്കുന്നു.

| വർഷം | തുക |
|---|---|
| 2017-18 | 17,81,490/- |
| 2018-19 | 1,29,575/- |
| 2019-20 | 9,97,414/- |
| 2020-21 | 1,87,529/- |
| 2021-22 | 8,81,603/- |
| ആകെ | 39,77,611/- |

(സി) ആസ്തി വികസന ഫണ്ട്, സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട് എന്നിവയിലെ പ്രവൃത്തികളുമായി ബന്ധപ്പെട്ടുണ്ടാകുന്ന ടെണ്ടർ സേവിംഗ് തുക കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഇറങ്ങിയിട്ടുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

ആസ്തി വികസന പദ്ധതിയിലുൾപ്പെട്ട പ്രവൃത്തികളുമായി ബന്ധപ്പെട്ടുണ്ടാകുന്ന ടെണ്ടർ സേവിംഗ് തുക കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഇറങ്ങിയിട്ടുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ആസ്തി വികസന ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ

39(2385) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് 2019-20 മുതൽ ഇതുവരെ നടത്തിയ മുഴുവൻ പ്രവൃത്തികളുടെയും നിലവിലെ അവസ്ഥ വിശദമാക്കുമോ?

ഗുരുവായൂർ നിയോജകമണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് 2019-20 മുതൽ ഇതുവരെ നടത്തിയ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിക്കാനുള്ളവ ഏതൊക്കെയാണെന്നും ഇതുവരെ അവ പൂത്തീകരിക്കാത്തതിനുള്ള കാരണം എന്തൊക്കെയാണെന്നും വിശദമാക്കുമോ?

പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിക്കാനുള്ളവ ഏതൊക്കെയാണെന്നും ഇതുവരെ അവ പൂർത്തീകരിക്കാത്തതിനുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാരണം എന്തൊക്കെയാണെന്നുമുള്ളതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**ദേവികുളം നിയോജകമണ്ഡലത്തിലെ ടെണ്ടർ സേവിംഗ് ഇനത്തിലെ തുക**

40(2386) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2021-22 വരെയുള്ള സാമ്പത്തികവർഷങ്ങളിൽ ദേവികുളം നിയോജകമണ്ഡലത്തിലെ എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയിൽ ടെണ്ടർ സേവിംഗ് ഇനത്തിൽ എത്ര തുകയുണ്ടെന്ന് വർഷം തിരിച്ച് വിശദമാക്കാമോ?

പ്രത്യേക വികസന നിധി വിനിയോഗിച്ച് ശിപാർശ ചെയ്യപ്പെടുന്ന പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് വിനിയോഗിക്കുന്നത് അനുവദിച്ചുകൊണ്ടുള്ള വ്യവസ്ഥകളൊന്നുംതന്നെ എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ മാർഗ്ഗരേഖയിലുൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29-12-2017-ലെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ.ഉ(അച്ചടി)നം.161/2017/ധന പ്രകാരം ടെണ്ടർ സേവിംഗ്സ് അനുവദനീയമല്ല.

(ബി) പ്രത്യേക വികസന നിധി, ആസ്തി വികസന നിധി എന്നിവയുടെ ടെണ്ടർ സേവിംഗ്സുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ മാർഗ്ഗരേഖയായ 04-08-2018-ലെ സ.ഉ.(അച്ചടി)നം.119/2018/ധന ഖണ്ഡിക 2.8-ലെ ടെണ്ടർ സേവിംഗ്സുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ 31-03-2022-ലെ സ.ഉ.(അച്ചടി) നം.40/2022/ധന ഉത്തരവുപ്രകാരം ഖണ്ഡിക 2.8(a) ആയി ഭേദഗതി വരുത്തിയിരുന്നു. ടി ഉത്തരവുകളിലെ ഖണ്ഡിക 2.8, 2.8 (a) എന്നിവയിലെ ടെണ്ടർ സേവിംഗ്സുമായി ബന്ധപ്പെട്ട വ്യവസ്ഥകളും ഖണ്ഡിക 2.9 ലെ വ്യവസ്ഥയും ഭേദഗതി വരുത്തി 17-12-2022-ലെ സ.ഉ.(അച്ചടി) നം.145/2022/ധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.+

## ടെണ്ടർ നിരക്ക്

41(2387) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) 2022-23 സാമ്പത്തികവർഷം വിവിധ പ്രവൃത്തികളുടെ ടെണ്ടർ വിളിച്ചപ്പോൾ അംഗീകരിക്കപ്പെട്ട ശരാശരി ടെണ്ടർ നിരക്ക് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ് (ഡി.എസ്.ആർ.)-2018 ലേയ്ക്ക് നിരക്ക് മാറിയപ്പോൾ അംഗീകരിക്കപ്പെട്ട ടെണ്ടർ ശതമാനത്തിലുണ്ടായ വ്യത്യാസം ശരാശരി കണക്കിൽ അറിയിക്കാമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## പെരുമ്പാവൂർ നിയോജക മണ്ഡലത്തിലെ എം.എൽ.എ. പ്രത്യേക വികസന നിധി

42(2388) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ 2021 വരെയുള്ള കാലഘട്ടത്തിൽ പെരുമ്പാവൂർ നിയോജകമണ്ഡലത്തിൽ എം.എൽ.എ. പ്രത്യേക വികസന നിധി പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## 2016-17 വർഷത്തെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് മലമ്പുഴ നിയോജകമണ്ഡലത്തിൽ നടത്തിയ പ്രവൃത്തികൾ

43(2389) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 വർഷത്തിലെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് മലമ്പുഴ നിയോജകമണ്ഡലത്തിൽ നടത്തിയ പ്രവൃത്തികളിൽ എത്ര രൂപ ടെണ്ടർ സേവിംഗ്സുണ്ടെന്ന് അറിയിക്കാമോ; ഓരോ പ്രവൃത്തി സംബന്ധിച്ചുള്ള ടെണ്ടർ സേവിംഗ്സിന്റെ വിവരം പ്രത്യേകം ലഭ്യമാക്കാമോ?

04-08-2018-ലെ സ.ഉ. (അച്ചടി) നം. 119/2018/ധന സർക്കാർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശപ്രകാരം നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തികവർഷം മുതലാണ് പ്രാബല്യമുള്ളത്.

## റോഡുകൾക്ക് നബാർഡ് ഫണ്ട്

44(2390) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുമരാമത്ത് വകുപ്പ് റോഡുകൾക്ക് നബാർഡ് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ?

നബാർഡ് ഫണ്ട് ലഭ്യമാക്കുന്നതിന് വകുപ്പുകൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് 23-02-2018-ലെ സ.ഉ.(അച്ചടി) നം.26/2018/ധന. ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. അതിൻപ്രകാരം ഓരോ വകുപ്പുകളും പദ്ധതി സമർപ്പിക്കേണ്ടതാണ്. (ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു+)

## കുറ്റ്യാടി താലൂക്കാശുപത്രിക്ക് അനുവദിച്ച നബാർഡ് ഫണ്ട്

45(2391) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി താലൂക്കാശുപത്രിക്ക് അനുവദിച്ച നബാർഡ് ഫണ്ടുപയോഗിച്ചുള്ള കെട്ടിടനിർമ്മാണം നടപ്പാക്കുന്നതിനുള്ള സമയപരിധി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

നബാർഡിന്റെ അനുമതി കത്തുപ്രകാരം കുറ്റ്യാടി താലൂക്കാശുപത്രിക്ക് അനുവദിച്ച നബാർഡ് ഫണ്ടുപയോഗിച്ചുള്ള കെട്ടിടനിർമ്മാണം നടപ്പാക്കുന്നതിനുള്ള സമയപരിധി 2026 മാർച്ച് 31 ആണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

G.O(Rt)No.290/2023/H&FWLD ഉത്തരവുപ്രകാരം (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.[+]) ടി പ്രവൃത്തിക്ക് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## ഗുരുവായൂർ നിയോജകമണ്ഡലത്തിൽ നബാർഡ് പദ്ധതി

46(2392) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നബാർഡ് പദ്ധതിയിലുൾപ്പെടുത്തി ഗുരുവായൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

നബാർഡ് പദ്ധതികൾ നടപ്പാക്കുന്നത് വകുപ്പടിസ്ഥാനത്തിലാണ്, നിയോജകമണ്ഡലാടിസ്ഥാനത്തിലല്ല.

## മെഡിസെപ്പിൽ ആയുർവേദ ചികിത്സ

47(2393) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്ത് ആയുർവ്വേദ ചികിത്സ മെഡിസെപ് പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഏതെല്ലാം ആശുപത്രികളിലും സ്ഥാപനങ്ങളിലുമാണ് ഈ പദ്ധതിപ്രകാരം ചികിത്സ ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) മെഡിസെപ്പിൽ ആയുർവ്വേദ ചികിത്സയുൾപ്പെടുത്തിയിട്ടില്ലെങ്കിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കാമോയെന്ന് വ്യക്തമാക്കുമോ?

(എ-സി) നിലവിൽ മെഡിസെപ്പിൽ ആയുർവ്വേദ ചികിത്സ ഉൾപ്പെടുത്തിയിട്ടില്ല. 01-07-2022-ൽ നിലവിൽവന്ന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ്പിന്റെ ആദ്യഘട്ടം ആരംഭിച്ചുകഴിഞ്ഞതിനാൽ ഈ പദ്ധതിക്കാലയളവിൽത്തന്നെ വിവിധ ആയുർവ്വേദ ചികിത്സാ സമ്പ്രദായത്തെക്കൂടിയുൾപ്പെടുത്തുന്നത് അപ്രായോഗികമാണ്. എന്നാലും പദ്ധതിയുടെ അടുത്തഘട്ടമാരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ നടപടി കൈക്കൊള്ളുമ്പോൾ ആയുർവ്വേദ ചികിത്സാ സമ്പ്രദായത്തെക്കൂടി പദ്ധതിയിലുൾപ്പെടുത്തുന്ന വിഷയം അനുഭാവപൂർവം പരിഗണിക്കുന്നതാണ്.

## മെഡിസെപ്പ് പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള ആശുപത്രികൾ

48(2394) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കൊല്ലം ജില്ലകളിൽ മെഡിസെപ്പ് പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള ആശുപത്രികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രികളിൽനിന്നും ഏതെല്ലാം രോഗങ്ങൾക്കുള്ള ചികിത്സയാണ് ലഭിക്കുന്നതെന്ന് പ്രത്യേകം പരാമർശിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ആശുപത്രികളിൽ ഏതെല്ലാം രോഗങ്ങൾക്കുള്ള ചികിത്സയാണ് ലഭിക്കുന്നതെന്ന് വിശദമാക്കാമോ?

(എ&ബി) മെഡിസെപ്പ് പദ്ധതിപ്രകാരം തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ സേവനം നൽകുന്ന ആശുപത്രികളുടെ വിവരങ്ങളും ഈ ആശുപത്രികൾ ഏതൊക്കെ സേവനങ്ങളാണ് മെഡിസെപ്പിലുൾപ്പെടുത്തിയിരിക്കുന്നതെന്നും ഏതെല്ലാം ആശുപത്രികളിൽ ഏതെല്ലാം രോഗങ്ങൾക്കുള്ള ചികിത്സയാണ് ലഭിക്കുന്നതെന്നുമുള്ള വിവരങ്ങൾ www.medisep.gov.in എന്ന വെബ്സൈറ്റിലെ hospitals എന്ന

ലിങ്കിൽനിന്നും സ്പെഷ്യലൈസേഷൻ സെലക്ട് ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ ലഭ്യമാകുന്നതാണ്. കൂടാതെ പ്രസ്തുത വിവരങ്ങൾ ഒരു വ്യക്തിയുടെ മെഡ്കാർഡിൽ ലോഗിൻ ചെയ്യുന്നതിലൂടെയും ലഭ്യമാകുന്നതാണ്.

**മെഡിസെപ്പ് പദ്ധതി കൂടുതൽ ആളുകൾക്ക് ഗുണകരമാകുന്നതിന് നടപടി**

49(2395) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി നടപ്പാക്കിയ മെഡിസെപ്പ് പദ്ധതിയിൽ നിശ്ചിത സമയപരിധിക്കുള്ളിൽ അംഗമാകാൻ കഴിയാതിരുന്നവർക്ക് പിന്നീട് അംഗമാകാൻ സാധിക്കാത്തത് പരിശോധിച്ചിട്ടുണ്ടോ?

മെഡിസെപ് പദ്ധതിയുടെ വിവരശേഖരണത്തിന്റെ രണ്ടാംഘട്ടം 06-05-2019-ലെ സർക്കുലർ നം.41/2019/ധന പ്രകാരം ആരംഭിക്കുകയും ആയത് പദ്ധതിയാരംഭിച്ച് 60 ദിവസത്തിനുള്ളിൽ പൂർത്തിയാക്കണമെന്നുമുള്ള ഇൻഷ്വറൻസ് കമ്പനിയുമായി ഒപ്പുവച്ച (MoU) പ്രകാരം 30-08-2022-ൽ അവസാനിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) മെഡിസെപ്പ് പദ്ധതിയിലംഗമായ ജീവനക്കാർക്ക് അവരുടെ ആശ്രിതരുടെ പട്ടികയിലുൾപ്പെടുത്തുന്നതിന് വിട്ടുപോയിട്ടുള്ളവരെക്കൂടി പദ്ധതിയിൽ ചേർക്കുന്നതിന് നൽകിയിട്ടുള്ള സമയപരിധി ദീർഘിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ആയതിനായി ബന്ധപ്പെട്ട ഇൻഷ്വറൻസ് കമ്പനിയുമായി ചർച്ച നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

(ബി&സി) 06-05-2019-ലെ സർക്കുലർ നം.41/2019/ധന പ്രകാരം മെഡിസെപ് പദ്ധതിയുടെ വിവരശേഖരണത്തിന്റെ രണ്ടാംഘട്ടമാരംഭിക്കുകയും ആയത് പദ്ധതിയാരംഭിച്ച് 60 ദിവസത്തിനുള്ളിൽ പൂർത്തിയാക്കണമെന്നുമുള്ള ഇൻഷ്വറൻസ് കമ്പനിയുമായി ഒപ്പുവച്ച (MoU) പ്രകാരം മെഡിസെപ്പിൽ അംഗമായ ജീവനക്കാർക്ക് അവരുടെ ആശ്രിതരെ പദ്ധതിയിലുൾപ്പെടുത്തുന്നതിനുള്ള സമയപരിധി 30-08-2022-ൽ അവസാനിച്ചുവെങ്കിലും 30-09-2022 വരെ മെഡിസെപ്പിൽ അംഗമായ ജീവനക്കാർക്ക് അവരുടെ ആശ്രിതരെ പദ്ധതിയിലുൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പദ്ധതിയിൽ അംഗമാകാനാകാത്തവർക്ക് അംഗമാകുന്നതിനും ആശ്രിതരെ

ലിസ്റ്റിലുൾപ്പെടുത്താൻ കഴിയാത്തവർക്ക് ഉൾപ്പെടുത്തുന്നതിനുമായി എത്ര അപേക്ഷകളാണ് നിലവിൽ ധനകാര്യ വകുപ്പിൽ ലഭ്യമായിട്ടുള്ളതെന്ന കണക്ക് അറിയിക്കുമോ?

പദ്ധതിയിലംഗങ്ങളായ ജീവനക്കാർ, പെൻഷൻകാർ എന്നീ വിഭാഗക്കാരുടെ ആശ്രിതരെ പദ്ധതിയിലുൾപ്പെടുത്തുന്നതിനായി സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടിയിരുന്നത് യഥാക്രമം അവരുടെ DDO, ട്രഷറി ഓഫീസർ എന്നിവർക്കാണ്.

(ഇ) മറ്റ് ചികിത്സാപദ്ധതികൾ നിലവിലില്ലാത്ത ഖാദി ബോർഡുൾപ്പടെയുള്ള കമ്പനി, കോർപ്പറേഷൻ, ബോർഡ് സ്വഭാവമുള്ള സ്ഥാപനങ്ങളിൽനിന്നും വിരമിച്ചവരെക്കൂടി മെഡിസെപ്പ് പദ്ധതിയിലുൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

23-06-2022-ലെ സ.ഉ.(പി) 70/2022/ധന പ്രകാരം പ്രസിദ്ധീകരിച്ച 01-07-2022 മുതൽ ആരംഭിച്ച മെഡിസെപ് പദ്ധതിയിൽ കേരള ഹൈക്കോടതിയുൾപ്പെടെയുള്ള കേരള സർക്കാർ ജീവനക്കാരുടെ മെഡിക്കൽ അറ്റൻഡന്റ് ചട്ടങ്ങൾക്ക് (KGSMA Rules 1960) വിധേയരായ സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട്ടൈം അദ്ധ്യാപകർ, എയ്ഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള

അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബപെൻഷൻകാർ എന്നിവരും അവരുടെ ആശ്രിതരും നിർബന്ധമായും സംസ്ഥാന സർക്കാരിൻകീഴിൽ സേവനമനുഷ്ഠിക്കുന്നഅഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരും അവരുടെ ആശ്രിതരും ഐശ്ചികാടിസ്ഥാനത്തിലും പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കുന്നതാണ്. കൂടാതെ സംസ്ഥാന സർക്കാരിന്റെ ധനസഹായം സ്വീകരിക്കുന്ന സർവ്വകലാശാലകളിലെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും ജീവനക്കാർ/പെൻഷൻകാർ/ കുടുംബപെൻഷൻകാർ എന്നിവരും മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ധനകാര്യ കമ്മിറ്റികളുടെ ചെയർമാന്മാർ എന്നിവരുടെ നേരിട്ട് നിയമിതരായ പേഴ്സണൽ സ്റ്റാഫ്, പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ/കുടുംബപെൻഷൻകാർ എന്നിവരും ഇവരുടെ ആശ്രിതരും ഈ പദ്ധതിയുടെ നിലവിലെ ഗുണഭോക്താക്കളായുൾപ്പെടുത്തി ഇൻഷ്വറൻസ് കമ്പനിയുമായി ധാരണാപത്രം ഒപ്പുവച്ചുകഴിഞ്ഞ സ്ഥിതിക്ക് പൊതുമേഖലാ സ്ഥാപനങ്ങളിലെയും സർക്കാരിനുകീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനങ്ങളിലെയും ജീവനക്കാരെ ഈ പോളിസി കാലയളവിൽ

പദ്ധതിയിലുൾപ്പെടുത്തുന്നത് അപ്രായോഗികമാണ്. ടി വിഭാഗം ജീവനക്കാരെ പദ്ധതിയിലുൾപ്പെടുത്തുന്ന വിഷയം പദ്ധതിയുടെ അടുത്തഘട്ടമാരംഭിക്കുന്ന സമയത്ത് സർക്കാർ അനുഭാവപൂർവം പരിഗണിക്കുന്നതാണ്.

(എഫ്) പ്രസ്തുത സ്ഥാപനങ്ങളിൽനിന്നും വിരമിച്ച വളരെ കുറഞ്ഞ പെൻഷൻ വാങ്ങുന്നവരും, കാൻസർ, വൃക്കരോഗം തുടങ്ങിയ രോഗങ്ങൾകൊണ്ട് ദുരിതമനുഭവിക്കുന്നവർക്കും മെഡിസെപ് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് തീരുമാനമുണ്ടാകുമോയെന്ന് വ്യക്തമാക്കുമോ?

ഖാദിബോർഡുൾപ്പടെയുള്ള കമ്പനി, കോർപ്പറേഷൻ, ബോർഡ് സ്വഭാവമുള്ള സ്ഥാപനങ്ങളിൽനിന്നും വിരമിച്ചവർ എന്നിവരെക്കൂടി ഈ പോളിസി കാലയളവിൽ പദ്ധതിയിലുൾപ്പെടുത്തുന്നത് അപ്രായോഗികമാണ്. ടി വിഭാഗം ജീവനക്കാരെ പദ്ധതിയിലുൾപ്പെടുത്തുന്ന വിഷയം പദ്ധതിയുടെ അടുത്തഘട്ടമാരംഭിക്കുന്ന സമയത്ത് സർക്കാർ അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

**പങ്കാളിത്ത പെൻഷൻ പദ്ധതിയിലുൾപ്പെട്ട ജീവനക്കാർ**

50(2396) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013 ഏപ്രിൽ ഒന്നിന് നിലവിൽവന്ന പങ്കാളിത്ത പെൻഷൻ പദ്ധതിയിലുൾപ്പെട്ടതും വിവിധ വകുപ്പുകളിൽനിന്നും 2022 മെയ് 31 വരെ വിരമിച്ചതുമായ ജീവനക്കാരുടെ എണ്ണം വ്യക്തമാക്കുമോ?

സ്പാർക്ക് വഴി ശമ്പളം മാറുന്ന ജീവനക്കാരുടെ ഡാറ്റയുടെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിൽ 2013 ഏപ്രിൽ 1-ന് നിലവിൽവന്ന പങ്കാളിത്ത പെൻഷൻ പദ്ധതിയിലുൾപ്പെട്ട 2104 ജീവനക്കാർ 2022 മെയ് 31 വരെ വിരമിച്ചിട്ടുണ്ട്.

(ബി) പങ്കാളിത്ത പെൻഷൻ പദ്ധതിയിലുൾപ്പെട്ട 2022 നവംബർ 30 വരെ വിരമിച്ച ജീവനക്കാരിൽ എത്ര ഭിന്നശേഷിക്കാരുണ്ട്; ഇവർ ജോലി ചെയ്തിരുന്ന വകുപ്പ്; നിലവിൽ ഇവർക്ക് ലഭിക്കുന്ന പെൻഷൻ എന്നിവ സംബന്ധിച്ച വിവരങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ?

പെൻഷൻ പദ്ധതിയിലുൾപ്പെട്ട ജീവനക്കാരിൽ 2022 നവംബർ 30 വരെ വിരമിച്ച ഭിന്നശേഷിക്കാരായ 242 ജീവനക്കാരുണ്ട്. ഇവർ ജോലി ചെയ്തിരുന്ന വകുപ്പുവിവരങ്ങൾ അനുബന്ധം 1 ആയി+ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

396 പങ്കാളിത്ത പെൻഷൻ പദ്ധതിപ്രകാരം ജീവനക്കാരന്റെ പ്രതിമാസ ശമ്പളത്തിന്റെ (അടിസ്ഥാന ശമ്പളം+ക്ഷാമബത്ത) 10% വും തത്തുല്യ സർക്കാർ വിഹിതവും പെൻഷൻ അക്കൗണ്ടിൽ അടവാക്കുകയും വിരമിക്കുന്ന സമയത്ത് ആകെ സമാഹരിക്കപ്പെടുന്ന തുകയുടെ 60% വരെ ഒറ്റത്തവണയായി പിൻവലിക്കാവുന്നതും കുറഞ്ഞത് 40% തുക അന്വിറ്റിയായി നിക്ഷേപിക്കേണ്ടതുമാണ്. ഇപ്രകാരം നിക്ഷേപിക്കുന്ന തുക എത്രയാണോ അതിനനുസൃതമായ റിട്ടേൺ ആണ് വിരമിച്ച ശേഷം പ്രതിമാസം ലഭ്യമാകുക.

പങ്കാളിത്ത പെൻഷൻ പദ്ധതിയിലുൾപ്പെട്ട ജീവനക്കാർക്ക് നിലവിൽ ഡി.സി.ആർ.ജി. അനുവദിച്ചിട്ടില്ല. എന്നാൽ എൻ.പി.എസിൽ ഉൾപ്പെടുന്ന സർക്കാർ ജീവനക്കാർക്ക് ആർജ്ജിതാവധിയുടെ ടെർമിനൽ സറണ്ടർ ചട്ടപ്രകാരം അനുവദിക്കുന്നുണ്ട്.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

51(**2397**) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർലമെന്റിൽ പാസ്സാക്കിയ പി.എഫ്.ആർ.ഡി.എ. ബില്ലിലെ 12(b) വകുപ്പുപ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതിയിൽനിന്ന് പിൻവാങ്ങാൻ സാധിക്കുമോയെന്ന് വിശദമാക്കാമോ;

(ബി) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽനിന്നും പിൻവാങ്ങുന്നപക്ഷം ജീവനക്കാർ ഇതുവരെ നിക്ഷേപിച്ച തുക തിരികെ ലഭിക്കുന്നതിന് നിയമപരമായി തടസ്സമുണ്ടാകുമോയെന്ന് വിശദമാക്കാമോ?

(എ&ബി) സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കിയത്. പങ്കാളിത്ത പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട സാമ്പത്തിക നിയമവശങ്ങൾ പരിശോധിക്കുന്നതിലേയ്ക്കായി സർക്കാർ നിയമിച്ച പുന:പരിശോധനാ സമിതി പി.എഫ്.ആർ.ഡി.എ. ബില്ലിലെ വിവിധ വകുപ്പുകളുൾപ്പെടെ വിശദമായി പരിശോധിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

**സ്പാർക്കിൽ ജീവനക്കാരുടെ വിവരങ്ങൾ രേഖപ്പെടുത്തൽ**

52(2398) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പാർക്കിൽ ജീവനക്കാരുടെ വിവരങ്ങൾ രേഖപ്പെടുത്തുമ്പോൾ ഏതെങ്കിലും തരത്തിൽ തെറ്റ് സംഭവിക്കുകയാണെങ്കിൽ അത് തിരുത്തുന്നതിന് ധനകാര്യവകുപ്പിന്റെ പുതിയ നിർദ്ദേശമനുസരിച്ച്, ഉചിതമാർഗ്ഗേണ അപേക്ഷ കൊടുത്ത് മാസങ്ങളോളം കാത്തിരിക്കേണ്ട അവസ്ഥ ജീവനക്കാരെ വളരെയധികം ബുദ്ധിമുട്ടിക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് തിരുവനന്തപുരത്ത് സ്പാർക്ക് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിലേർപ്പെടുത്തിയിട്ടുള്ള എല്ലാ സൗകര്യവും ജില്ലാകേന്ദ്രങ്ങളിലും ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) 01-11-2021-ലെ പരിപത്രം നം.102/2021/ധന, 26-11-2021-ലെ പരിപത്രം നം.115/2021/ധന എന്നിവ പ്രകാരം സ്പാർക്കിൽ ജീവനക്കാരുടെ വിവരങ്ങൾ രേഖപ്പെടുത്തുമ്പോഴുണ്ടാകുന്ന തെറ്റുകൾ തിരുത്തുന്നതിനുള്ള അധികാരം അതത് ഡി.ഡി.ഒ. മാർക്കാണ്. ഡി.ഡി.ഒ.

ലോഗിൻ വഴി ഇത് കറക്ട് ചെയ്യുന്നതിനുള്ള സംവിധാനം സ്പാർക്കിൽ അപ്ഡേറ്റ് ചെയ്തിട്ടുണ്ട്.

## മലബാർ ദേവസ്വം ജീവനക്കാരുടെ ശമ്പള പരിഷ്കരണം

53(2399) ശ്രീ. ടി. പി .രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ജീവനക്കാരുടെ ശമ്പളപരിഷ്കരണത്തിന് അംഗീകാരം നൽകുന്നതിന് ദേവസ്വം വകുപ്പ് അനുമതി ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ എന്നാണ് അനുമതി ആവശ്യപ്പെട്ടതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ശമ്പള പരിഷ്കരണത്തിന് അനുമതി നൽകിയോ; ഇല്ലെങ്കിൽ അനുമതി നൽകാതിരുന്നതിനുള്ള കാരണം വ്യക്തമാക്കുമോ?

(എ&ബി) മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള മുഴുവൻ ക്ഷേത്രജീവനക്കാർക്കും 01-01-2019 മുതൽ പ്രാബല്യത്തിൽ ശമ്പളപരിഷ്കരണം നടപ്പാക്കുന്നതിനുള്ള ശിപാർശ ഭരണവകുപ്പ് 04-11-2019-ൽ ധനവകുപ്പിന് നൽകിയിരുന്നു.

## പേ-റിവിഷൻ അരിയർ, ഡി.എ.അരിയർ, പെൻഷൻ റിവിഷൻ അരിയർ എന്നിവ നൽകൽ

54(2400) ശ്രീ. അബ്ദുൽ ഹമീദ് പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വീസ് പെൻഷൻകാർക്ക് നൽകേണ്ട ഡി.എ. അരിയർ, പെൻഷൻ റിവിഷൻ അരിയർ എന്നിവ എന്ന് നൽകാനാകുമെന്ന് അറിയിക്കാമോ?

പതിനൊന്നാം പെൻഷൻ പരിഷ്കരണം പ്രകാരമുള്ള പെൻഷൻ പരിഷ്കരണ കുടിശ്ശികയുടെയും ക്ഷാമാശ്വാസ കുടിശ്ശികയുടെയും ഒന്നും രണ്ടും ഗഡുക്കൾ ഇതിനോടകം തന്നെ വിതരണം ചെയ്തിട്ടുണ്ട്. മൂന്നും നാലും ഗഡുക്കൾ അനുവദിക്കുന്നതുസംബന്ധിച്ച വിഷയം സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് 17-02-2023-ലെ സ.ഉ. (അച്ചടി) നം.15/2023/ധന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നടപ്പാക്കിയ ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി നൽകുവാനുള്ള പേ-റിവിഷൻ അരിയർ നൽകുന്നതിന് നിലവിൽ നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾ എന്തെല്ലാമാണ്; ഇതുസംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് നൽകാമോ;

(സി) പ്രസ്തുത ഉത്തരവുപ്രകാരം ജീവനക്കാർക്കും പെൻഷൻകാർക്കും നൽകേണ്ട അരിയർ തുക നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

30-04-2021-ലെ സ.ഉ. (അച്ചടി) നം.70/2021/(1)/ധന, 05-05-2021 -ലെ സ.ഉ. (അച്ചടി) നം.73/2021/(3)/ധന എന്നീ ഉത്തരവുകൾപ്രകാരം 01-07-2019-നുശേഷം സർവ്വീസിൽനിന്നും വിരമിച്ചവർക്കും വിരമിക്കലിനോടനുബന്ധിച്ച് പി. എഫ് അക്കൗണ്ട് ക്ലോസ് ചെയ്തവർക്കും 2021 ഏപ്രിൽ/മെയ് മാസങ്ങളിലായി വിരമിച്ച കോ-ടെർമിനസ് വ്യവസ്ഥയിൽ ജോലി ചെയ്തവർക്കും പി.എഫ് അക്കൗണ്ടില്ലാത്തവർക്കും 2021 മെയ് മാസ ശമ്പളത്തോടൊപ്പം/ജൂൺ മാസ പെൻഷനൊപ്പം ശമ്പളപരിഷ്കരണ കുടിശ്ശിക ഒറ്റത്തവണയായി അനുവദിക്കുന്നതാണെന്ന് ഉത്തരവായിട്ടുണ്ട്. നിലവിൽ സർവ്വീസിൽ തുടരുന്ന ജീവനക്കാർക്ക് 10-02-2021-ലെ സ.ഉ. (അച്ചടി) നം.27/2021/ധന ശമ്പളപരിഷ്കരണ ഉത്തരവിന്റെ ഖണ്ഡിക 43-പ്രകാരം ശമ്പളപരിഷ്കരണ കുടിശ്ശിക 25 ശതമാനം വീതം 4 ഗഡുക്കളായി 01-04-2023, 01-10-2023, 01-04-2024, 01-10-2024 എന്നീ തീയതികളിൽ ജീവനക്കാരുടെ പി.എഫ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതാണെന്ന് ഉത്തരവായിട്ടുണ്ട്.

(ഡി) ജീവനക്കാർക്കും, പെൻഷൻകാർക്കും അർഹമായതും ലഭിക്കേണ്ടതുമായ ആനുകൂല്യങ്ങൾ അകാരണമായി തടഞ്ഞുവയ്ക്കുന്ന സമീപനം മാറ്റാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

ജീവനക്കാരുടെ/പെൻഷൻകാരുടെ അർഹതപ്പെട്ടതും ലഭിക്കേണ്ടതുമായ ഒരാനുകൂല്യങ്ങളും നിഷേധിക്കുന്നതും തടഞ്ഞുവയ്ക്കുന്നതും ഈ സർക്കാരിന്റെ നയമല്ല. ജീവനക്കാരോട്/പെൻഷൻകാരോടൊപ്പം നിൽക്കുന്ന ഒരു സർക്കാരായതിനാൽ സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്നതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ പരിഷ്കരണ കുടിശ്ശികയുടെ മൂന്നും നാലും ഗഡുക്കൾ അനുവദിക്കുന്നത് പരിശോധിച്ച് അനുകൂലമായ തീരുമാനമെടുക്കുന്നതാണ്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം.**

55(2402) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 പദ്ധതി വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി എത്ര രൂപയാണ് നീക്കിവച്ചതെന്നും അതിൽ എത്ര രൂപ ചെലവഴിച്ചുവെന്നും വെളിപ്പെടുത്താമോ?

2021-22 സാമ്പത്തികവർഷം വികസന ഫണ്ടിനത്തിൽ പ്രാദേശിക സർക്കാരുകൾക്ക് 7,280 കോടി രൂപ നീക്കിവച്ചു. ഇതിൽ 6,978.5395 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ പദ്ധതിപ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുകയിൽ എത്ര കോടി രൂപയുടെ ബില്ലുകൾ മാറി നൽകാനുണ്ടെന്ന് വെളിപ്പെടുത്താമോ?

2021-22 പദ്ധതി വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ട്രഷറികളിൽ സമർപ്പിച്ചിട്ടുള്ള ക്രമപ്രകാരമുള്ള എല്ലാ ബില്ലുകളും പാസ്സാക്കി നൽകിയിട്ടുണ്ട്.

(സി) 2022-23 കാലയളവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിവിഹിതമായി നീക്കിവച്ചത് എത്ര തുകയാണെന്നും അതിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും വിശദമാക്കാമോ?

2022-23 സാമ്പത്തികവർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി 8,048 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ട്രഷറി ഡയറക്ടർ ലഭ്യമാക്കിയ 2023 ജനുവരി വരെയുള്ള കണക്കുപ്രകാരം 4,073.9328 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

## പരപ്പനങ്ങാടി എൽ.ബി.എസ്. - ഐ.ഐ.എസ്.ടി.-ക്ക് സ്ഥലം വാങ്ങുന്നതിനുള്ള നടപടികൾ

56(2403) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി എൽ.ബി.എസ്.-ഐ.ഐ.എസ്.ടി.-ക്ക് സ്ഥലം വാങ്ങുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനുമാവശ്യമായ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തിക്കായി ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളത് (സ.ഉ. (സാധാ) നം. 2400/2013/ഉ.വി.വ) 2013-ലായതിനാൽ പുതുക്കിയ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കേണ്ടതുണ്ട്. ഭരണ വകുപ്പ് 186.62 കോടി രൂപയുടെ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ ലഭ്യമാക്കിയിരുന്നു. ഇതുപരിശോധിച്ച് പരപ്പനങ്ങാടി എൽ.ബി.എസ്. - ഐ.ഐ.എസ്.ടി.-ക്ക് സ്ഥലം വാങ്ങുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും സമഗ്രമായ ഭരണാനുമതി പുറപ്പെടുവിക്കുന്നതിനായി പ്രൊപ്പോസൽ വാർഷിക പദ്ധതിയിലുൾപ്പെടുത്തുന്നതിനായി സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന് നൽകേണ്ടതാണെന്ന് ഭരണ വകുപ്പിനെ അറിയിച്ചിട്ടുണ്ട്. അപ്രകാരം

തുടർന്നുള്ള വാർഷിക പദ്ധതിയിലുൾപ്പെടുന്നമുറയ്ക്ക് പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്നത് പരിഗണിക്കുന്നതാണ്.

(ബി) ഇപ്പോൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന് ഓരോവർഷവും വാടകയിനത്തിൽ വലിയ തുക വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാടകയിനത്തിൽ ഓരോമാസവും 1,29,528/- രൂപയാണ് നൽകിവരുന്നത്.

(സി) ഈ സ്ഥാപനത്തിന് സ്വന്തമായി ഭൂമി ലഭ്യമാക്കി കെട്ടിടം നിർമ്മിക്കുന്നതിനുമുമ്പ് 131 കോടി രൂപ അനുവദിക്കുകയും അതിൽനിന്നും ഒരു കോടി രൂപ റിലീസ് ചെയ്യുകയും ചെയ്തിരുന്നോയെന്ന് വിശദമാക്കാമോ?

പരപ്പനങ്ങാടിയിലെ LBSIST-ക്ക് 06-12-2013-ലെ സ.ഉ.(സാധാ) നം. 2400/2013/ഉ.വി.വ ഉത്തരവുപ്രകാരം സ്ഥലമേറ്റെടുക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 130.149 കോടി രൂപയുടെ ഭരണാനുമതി നൽകുകയും മേൽ തുകയിൽനിന്നും പ്രസ്തുത ആവശ്യത്തിനായി 26-03-2014-ലെ സ.ഉ (സാധാ) നം.668/2014/ഉ.വി.വ പ്രകാരം 1 കോടി രൂപ റിലീസ് ചെയ്തിരുന്നു.

(ഡി) പ്രസ്തുത തുക അനുവദിച്ചുകൊണ്ടുള്ള ഉത്തരവിന് നിലവിൽ പ്രാബല്യമുണ്ടോയെന്ന് വിശദമാക്കാമോ?

ഭരണാനുമതി പുറപ്പെടുവിച്ച് 9 വർഷങ്ങൾ കഴിഞ്ഞ സാഹചര്യത്തിൽ പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കേണ്ടതുണ്ട്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി വകയിരുത്തിയ തുക**

57(2404) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയ തുകയുടെ വിശദാംശം നൽകാമോ?

പൊതു ആവശ്യ ഫണ്ടിനത്തിൽ 1,849.6388 കോടി രൂപയും സംരക്ഷണ ഫണ്ടിനത്തിൽ 3,005.6631 കോടി രൂപയും വികസന ഫണ്ടിനത്തിൽ 8,048 കോടി രൂപയുമുൾപ്പെടെ ആകെ 12,903.3019 കോടി രൂപ പ്രാദേശിക സർക്കാരുകൾക്കായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത തുകയിൽ നാളിതുവരെ എത്ര തുക അനുവദിച്ചു നൽകിയിട്ടുണ്ട്; വിശദാംശം നൽകുമോ?

പൊതു ആവശ്യ ഫണ്ടിനത്തിൽ 1,555.3751 കോടി രൂപയും സംരക്ഷണ ഫണ്ടിനത്തിൽ 3,006.3247 കോടി രൂപയും (റോഡിതരയിനത്തിൽ- 1,156.0243 കോടി രൂപ, റോഡിനത്തിൽ- 1850.3004 കോടി രൂപ) വികസന ഫണ്ടിനത്തിൽ 6,097.6023 കോടി രൂപയും (94.30 കോടി രൂപ 2021-22-ലെ ആരോഗ്യ ഗ്രാന്റിനത്തിലും 256 കോടി രൂപ 2021-22-ലെ നോൺ-മില്യൺ പ്ലസ് സിറ്റികളുടെ ടൈഡ് ഗ്രാന്റിനത്തിലും 569.0609 കോടി രൂപ 2020-21-ൽ അനുവദിച്ച ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ ചെലവഴിക്കാതെ നിന്ന തുക 2021-22-ൽ പുനരനുവദിച്ചിട്ടും ചെലവഴിക്കാതെ വന്നത് വീണ്ടും അനുവദിച്ചതുമുൾപ്പെട്ടിട്ടുണ്ട്.) ഉൾപ്പെടെ ആകെ 10,659.3022 കോടി രൂപ പ്രാദേശിക സർക്കാരുകൾക്കായി നടപ്പുസാമ്പത്തികവർഷം അനുവദിച്ചുനൽകിയിട്ടുണ്ട്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതത്തിൽ നടപ്പുസാമ്പത്തികവർഷം കുറവുവരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

കുറവ് വരുത്തിയിട്ടില്ല

**ബഡ്ജറ്റിൽ വകയിരുത്തുന്ന പദ്ധതി വിഹിതം**

58 (2406) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് വിവിധ വകുപ്പുകൾക്കായി ഓരോ വർഷവും ബഡ്ജറ്റിൽ വകയിരുത്തുന്ന പദ്ധതിവിഹിതത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് കുറവ് വന്നിട്ടുണ്ടോ; എങ്കിൽ മുൻവർഷവുമായി താരതമ്യപ്പെടുത്തി എത്ര രൂപയുടെ കുറവാണ് ഓരോ വകുപ്പിനും വകയിരുത്തിയതിൽ കുറവ് വരുത്തിയതെന്ന് വർഷം തിരിച്ചും വകുപ്പുകൾ തിരിച്ചുമുള്ള കണക്ക് ലഭ്യമാക്കുമോ; വർദ്ധനവ് വരുത്തിയിട്ടുണ്ടെങ്കിൽ ഓരോ വകുപ്പിനും വകയിരുത്തിയതിലുണ്ടായ വർദ്ധനവിന്റെ വർഷം തിരിച്ചും വകുപ്പുകൾ തിരിച്ചുമുള്ള കണക്ക് ലഭ്യമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് വിവിധ വകുപ്പുകൾക്കായി ഓരോ വർഷവും ബജറ്റിൽ വകയിരുത്തിയ

പദ്ധതിവിഹിതത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിട്ടുണ്ട്. സംസ്ഥാന ആസൂത്രണ ബോർഡിന്റെ പ്ലാൻ സ്പേസ് ആപ്ലിക്കേഷനിൽനിന്നും ലഭ്യമായ വകുപ്പു തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) കിഫ്ബി പദ്ധതികൾ ആരംഭിച്ചതിനുശേഷം സംസ്ഥാനത്തിന്റെ ആകെ ബജറ്റ് വിഹിതത്തിൽ കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ ഓരോ വർഷവും ഉണ്ടായ ഏറ്റക്കുറച്ചിലിന്റെ കണക്ക് ലഭ്യമാക്കുമോ?

2016-17-ൽ ആണ് കിഫ്ബി പദ്ധതി നിലവിൽ വന്നത്. എന്നാൽ, 2016-17-മുതൽ ഇങ്ങോട്ടുള്ള സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന്റെ ആകെ ബജറ്റ് വിഹിതത്തിൽ കുറവുണ്ടായിട്ടില്ല.

(സി) കിഫ്ബി ആരംഭിച്ചതിനുശേഷം പെട്രോളിയം സെസ്, മോട്ടോർ വാഹന നികുതി എന്നിവയുടെ വിഹിതത്തിൽ പൊതുഖജനാവിലുണ്ടായ കുറവാണ് പദ്ധതിപ്രവർത്തനങ്ങൾക്ക് മതിയായ തുക വകയിരുത്താൻ കഴിയാത്ത സ്ഥിതിയുണ്ടാക്കിയതെന്ന് കരുതുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2016-17-ലാണ് കിഫ്ബി പദ്ധതി നിലവിൽവന്നത്. പെട്രോളിയം സെസ്, മോട്ടോർ വാഹന നികുതി എന്നിവയുടെ വിഹിതത്തിൽനിന്നും കിഫ്ബിക്ക് ഒരു നിശ്ചിത വിഹിതം കൈമാറുന്നുണ്ടെങ്കിലും പദ്ധതി പ്രവർത്തനങ്ങൾക്ക് മതിയായ തുക വകയിരുത്താൻ കഴിയാത്ത സ്ഥിതിയുണ്ടായിട്ടില്ല.

## ഇടുക്കി വികസന പാക്കേജ്

59(2407) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി വികസന പാക്കേജ് എന്നാണ് നിലവിൽ വന്നതെന്നും ഇതിനായി അനുവദിച്ച തുക എത്രയാണെന്നും അറിയിക്കുമോ;

(ബി) എത്രവർഷംകൊണ്ടാണ് പാക്കേജ് നടപ്പാക്കാൻ തീരുമാനിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) നാളിതുവരെ എത്ര തുക ഇടുക്കി പാക്കേജിനായി അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) ഇടുക്കി പാക്കേജ് മുഖേന ഇതുവരെ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് നിയോജകമണ്ഡലം തിരിച്ച് വിശദമാക്കാമോ;

(ഇ) പ്രസ്തുത പാക്കേജിൽ ഏതൊക്കെ തരത്തിലുള്ള പദ്ധതികളാണ് ഉൾപ്പെടുത്തുന്നതെന്നും ആയതിന്റെ മാനദണ്ഡവും വിശദമാക്കുമോ?

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

**ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ മരാമത്ത് പണികളിൽ 20% തുക വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾ**

60(2409) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ 2011-12 സാമ്പത്തിക വർഷം മുതൽ 2021-22 സാമ്പത്തിക വർഷംവരെ ഓരോ വർഷവും ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II-ൽ വരുന്ന മരാമത്ത് പണികളിൽ 20% തുക വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ?

ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ 2011-12 സാമ്പത്തിക വർഷം മുതൽ 2021-22 സാമ്പത്തിക വർഷംവരെ ഓരോ വർഷവും ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II-ൽ വരുന്ന മരാമത്ത് പണികളിൽ 20%

തുക വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നത് സംബന്ധിച്ച്, വിവിധ വകുപ്പുകൾ ലഭ്യമാക്കിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **സാമ്പത്തിക വർഷം** | **പ്രവൃത്തി** |
|---|---|
| 2017-18 | ഒറ്റപ്പാലം ഫയർ സ്റ്റേഷൻ നിർമ്മാണം |
| 2019-20 | കുഞ്ചൻ നമ്പ്യാർ സ്മാരകം - കെട്ടിട നിർമ്മാണം |
| | ഒറ്റപ്പാലം മണ്ഡലത്തിൽ ഒറ്റപ്പാലം താലൂക്ക് ആശുപത്രി വളപ്പിലെ ജീർണ്ണിച്ച കെട്ടിടങ്ങൾ പൊളിച്ചുമാറ്റി പകരം പുതിയവ നിർമ്മിക്കുന്നത് |
| 2020-21 | അമ്പലപ്പാറ കടമ്പൂർ പനയൂർക്കാവ് പരിസരത്ത് ചെക്ക് ഡാം നിർമ്മാണം |
| | താമരക്കുളം നവീകരണം |

## ഇടുക്കി പാക്കേജ്

61(2410) <u>ശ്രീ. എം. എം. മണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കിയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ഇടുക്കി പാക്കേജനുവദിച്ചത് ഏതുവർഷത്തിലാണെന്നും ഇതിനായി പ്രഖ്യാപിച്ച തുക എത്ര കോടി രൂപയാണെന്നും അറിയിക്കുമോ;

(ബി) ഇടുക്കി പാക്കേജ് പൂർണ്ണമായി നടപ്പിലാക്കാൻ കാലാവധി നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) ഇടുക്കി പാക്കേജ് പ്രഖ്യാപിച്ചതിനുശേഷം നാളിതുവരെ ഓരോ ബജറ്റിലും ഇതിനായി വകയിരുത്തിയ തുക സംബന്ധിച്ച വിശദാംശം നൽകാമോ;

(ഡി) പ്രസ്തുത പാക്കേജിനായി ആകെ അനുവദിച്ച തുക സംബന്ധിച്ച വിശദാംശം നൽകാമോ?

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**സാമൂഹികക്ഷേമ പെൻഷനുകളുടെ ഇൻസെന്റീവ്**

62(2411) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്ത സാമൂഹികക്ഷേമ പെൻഷനുകളുടെ വിശദാംശം ലഭ്യമാക്കുമോ?

ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ, 50 വയസ്സ് കഴിഞ്ഞ അവിവാഹിതകളായ വനിതകൾക്കുള്ള പെൻഷൻ,

കർഷകത്തൊഴിലാളി പെൻഷൻ എന്നീ അഞ്ചിനം സാമൂഹ്യ സുരക്ഷാ പെൻഷനുകളാണ് സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുന്നത്. 2022 നവംബർ വരെയുള്ള പെൻഷൻ തുക ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. 2,476,300 ഗുണഭോക്താക്കൾക്കാണ് പ്രതിമാസം സഹകരണ സംഘങ്ങൾവഴി സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്യുന്നതിന് അനുവാദം നൽകിയിട്ടുള്ളത്.

(ബി) സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുന്ന സാമൂഹികക്ഷേമ പെൻഷനുകളുടെ ഇൻസെന്റീവ് കുറയ്ക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവ് പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ?

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, മറ്റ് വായ്പാ സംഘങ്ങൾ എന്നിവ മുഖേന സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്യുന്നതിനുള്ള ഇൻസെന്റീവ് പരിഷ്കരിച്ചുകൊണ്ട് 05-01-2023-ൽ സ.ഉ.(കൈ)നം. 3/2023/ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ബന്ധപ്പെട്ടവരുമായി ചർച്ച നടത്തിയതിനുശേഷമാണ് ഇൻസെന്റീവ് പരിഷ്കരിക്കാൻ തീരുമാനിച്ചത്. ഹൈക്കോടതിയിൽ രണ്ട് റിട്ട് പെറ്റീഷനുകൾ നിലനിൽക്കുന്നതിനാൽ ഇതുസംബന്ധിച്ച് മറ്റ് വിശദാംശങ്ങൾ നൽകാൻ നിർവാഹമില്ല.

## കാൻസർ രോഗികൾക്കുള്ള പെൻഷൻ

63(2412) ശ്രീ. സി. ആർ മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർരോഗികൾക്കുള്ള പെൻഷൻ നിലവിൽ മറ്റ് ക്ഷേമ പെൻഷനുകളെക്കാളും കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

10-07-2014-ലെ സ. ഉ. (സാധാ. നം. 2352/2014/ആ.കു.വ ഉത്തരവുപ്രകാരം കാൻസർ രോഗികൾക്കുള്ള നിലവിലെ പ്രതിമാസ പെൻഷൻ തുക 1,000/-രൂപയാണ്. മറ്റ് ക്ഷേമപെൻഷനുകൾ കൈപ്പറ്റുന്നവർക്കും ഒരു ലക്ഷം രൂപയെന്ന വരുമാന പരിധിക്കുള്ളിലാണെങ്കിൽ കാൻസർ പെൻഷൻ കൈപ്പറ്റുന്നതിന് അർഹതയുണ്ടായിരിക്കും.

(ബി) കാൻസർ രോഗത്തിന്റെ ചികിത്സാച്ചെലവ് കൂടുതലായതിനാലും അത് സാധാരണക്കാർക്ക് താങ്ങാനാകാത്തതിനാലും കാൻസർ രോഗികൾക്കുള്ള പെൻഷൻ തുക മൂവായിരം രൂപയാക്കി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പെൻഷൻ തുക വർദ്ധിപ്പിക്കുന്ന വിഷയത്തിൽ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**ന്യൂക്കട്ട് പാലം നിർമ്മാണത്തിന് പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ**

64(2413) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ ന്യൂക്കട്ട് പാലം നിർമ്മാണത്തിന് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള ഫയൽ ധനകാര്യ വകുപ്പിൽ ആറുമാസമായി പെൻഡിംഗിലുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ ന്യൂക്കട്ട് പാലം നിർമ്മാണമെന്ന പ്രവൃത്തിക്ക് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നിർദ്ദേശങ്ങൾക്കുവിധേയമായി 1980 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതിക്ക് അനുമതി നൽകിയിട്ടുണ്ട്.

## പ്രളയ സെസ് പ്രകാരം പിരിഞ്ഞു കിട്ടിയ തുക

65(2414) <u>ശ്രീ ഡി കെ മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയകാലത്തുണ്ടായ വരുമാനനഷ്ടം നേരിടുന്നതിനായി ആവിഷ്കരിച്ച പ്രളയ സെസ് പ്രകാരം എത്ര തുകയാണ് പിരിഞ്ഞുകിട്ടിയതെന്ന് വിശദമാക്കാമോ?

പ്രളയ സെസ്സിനത്തിൽ 2,243.21 കോടി രൂപയാണ് പിരിഞ്ഞു കിട്ടിയത്.

(ബി) പ്രളയ സെസ് അടയ്ക്കാൻ കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളുണ്ടോ; എങ്കിൽ എത്ര തുകയാണ് കുടിശ്ശികയിനത്തിൽ അടയ്ക്കാനുള്ളതെന്ന് വിശദമാക്കാമോ;

(സി) എന്തുകൊണ്ടാണ് കുടിശ്ശിക പിരിക്കാൻ കഴിയാത്തതെന്ന് വിശദമാക്കാമോ?

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

## സർക്കാരിന്റെ നിലവിലെ സാമ്പത്തിക ബാധ്യതകൾ

66(2415) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശിക, പി.ഡബ്ല്യൂ.ഡി കോൺട്രാക്ടർ, ജലവിഭവ വകുപ്പ് കോൺട്രാക്ടർമാർ, ജീവനക്കാരുടെ ഡി.എ. കുടിശ്ശിക, സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകാനുള്ള തുക, വിവിധ തരത്തിലുള്ള മറ്റ് കുടിശ്ശികകൾ എന്നിങ്ങനെ ഏതെല്ലാം ഇനങ്ങളിൽ എത്ര തുക വീതം കൊടുത്തുതീർക്കാൻ ബാധ്യതയുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

06-09-2020-ലെ സ.ഉ. (പി) നം. 118/2020/ധന. പ്രകാരം അതതുമാസത്തെ പെൻഷൻ എല്ലാമാസവും 20-ാം തീയതിക്കും 30-ാം തീയതിക്കുമിടയിൽ വിതരണം ചെയ്യുന്നതാണെന്ന് ഉത്തരവായിരുന്നു. അപ്രകാരം 2020 സെപ്റ്റംബർ മാസം മുതൽ പരമാവധി അതതുമാസം തന്നെ സാമൂഹ്യ സുരക്ഷാ പെൻഷനുൾപ്പെടെയുള്ള ക്ഷേമപെൻഷനുകൾ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ചില സാഹചര്യങ്ങളിൽ 2 മാസത്തെ പെൻഷൻ തുക ഒരുമിച്ചും നൽകിയിട്ടുണ്ട്. 2023 ഡിസംബർ മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ 23-02-2023-ലെ സ.ഉ. (സാധാ) നം. 1320/2023/ധന. പ്രകാരവും സർക്കാർ നൽകുന്ന ധനസഹായമുപയോഗിച്ച്

പെൻഷൻ വിതരണം നടത്തുന്ന ക്ഷേമനിധി ബോർഡ് പെൻഷനുകൾ സ.ഉ. (സാധാ) നം.1364/2023/ധന. ഉത്തരവുപ്രകാരവും അനുവദിച്ചിട്ടുണ്ട്.

ജീവനക്കാരുടെ ഡി.എ കുടിശ്ശിക എത്രയെന്ന് കണക്കാക്കിയിട്ടില്ല.

സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകാനുള്ള തുക, വിവിധ തരത്തിലുള്ള മറ്റ് കുടിശ്ശികകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) ട്രഷറിയിൽ നിലവിൽ എന്ത് തുക മിച്ചമുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

വിവരം ശേഖരിച്ചു വരുന്നു.

## 2002-05 കാലയളവിലെ റവന്യൂ കമ്മി, ധന കമ്മി

67(2416) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2002-05 കാലയളവിലെ റവന്യൂ കമ്മി, ധന കമ്മി എന്നിവ എത്ര ശതമാനമായിരുന്നുവെന്നും നിലവിൽ എത്ര ശതമാനമാണെന്നും വ്യക്തമാക്കാമോ?

സംസ്ഥാന സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ലഭ്യമാക്കിയ 'സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തരോല്പാദനത്തിന്മേലുള്ള' റവന്യൂകമ്മി, ധനകമ്മി എന്നിവയുടെ ശതമാനം സംബന്ധിച്ചുള്ള 2002-05 കാലയളവിലെയും നിലവിലെയും വിശദാംശങ്ങൾ ചുവടെ പട്ടികയായി ചേർക്കുന്നു.

| സാമ്പത്തികവർഷം | സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തരോല്പാദനത്തിന്മേലുള്ള റവന്യൂ കമ്മി ശതമാനം | സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തരോല്പാദനത്തിന്മേലുള്ള ധനകമ്മി ശതമാനം |
|---|---|---|
| **2002-05 കാലയളവിലെ റവന്യൂ കമ്മി, ധനകമ്മി ശതമാനം** | | |
| 2002-03 | 3.51 | 4.25 |
| 2003-04 | 2.78 | 4.19 |
| 2004-05 | 2.44 | 2.96 |
| **നിലവിലെ റവന്യൂ കമ്മി, ധനകമ്മി ശതമാനം** | | |
| 2021-22 | 2.29 | 4.11 |

**ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ റിപ്പോർട്ട്**

68(2418) <u>ശ്രീ.റോജിഎം.ജോൺ</u>:

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ 2016-21 കാലയളവിലെ സാമ്പത്തിക സൂചകങ്ങൾ ആധാരമാക്കി

തയ്യാറാക്കിയ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(ബി) 'ഗിഫ്റ്റ്' തയ്യാറാക്കിയ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി ധനകാര്യ മാനേജ്മെന്റിൽ എന്തൊക്കെ തിരുത്തൽ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) 2016-21 കാലയളവിലെ സാമ്പത്തിക സൂചകങ്ങളെ ആധാരമാക്കി 'ഗിഫ്റ്റ്' പ്രത്യേക പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

## 'ഗിഫ്റ്റ്' പ്രത്യേക റിപ്പോർട്ട്

69(2419) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21-ലെ സർക്കാരിന്റെ കാലയളവിലെ സാമ്പത്തിക സൂചകങ്ങളെ ആധാരമാക്കി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ (ഗിഫ്റ്റ്) സർക്കാരിന് പ്രത്യേക റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) 2016-21 കാലയളവിലെ സാമ്പത്തിക സൂചകങ്ങളെ ആധാരമാക്കി 'ഗിഫ്റ്റ്' പ്രത്യേക പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

**ഒക്കൃപ്പേഷണൽ തെറാപ്പിസ്റ്റുകളുടെ സേവന വേതന വ്യവസ്ഥകൾ**

70(2420) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനൊന്നാം ശമ്പള കമ്മീഷൻ റിപ്പോർട്ടുപ്രകാരം ഒക്കൃപ്പേഷണൽ തെറാപ്പിസ്റ്റുകളുടെ ശമ്പളം കാറ്റഗറി 8-ൽനിന്നും 7-ലേയ്ക്ക് മാറ്റിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പത്താം ശമ്പളപരിഷ്കരണ ഉത്തരവുപ്രകാരമുള്ള ശമ്പളസ്കെയിലിനാനുപാതികമായ പരിഷ്കരണം തന്നെയാണ് പതിനൊന്നാം ശമ്പളപരിഷ്കരണ ഉത്തരവിലും ഒക്കൃപേഷണൽ തെറാപ്പിസ്റ്റ് തസ്തികയ്ക്ക് അനുവദിച്ചിരിക്കുന്നത്.

(ബി) പ്രസ്തുത ജീവനക്കാരുടെ ശമ്പളം കാറ്റഗറി 10-ലേയ്ക്ക് മാറ്റണമെന്നാവശ്യപ്പെട്ട് കേരള ഒക്ക്യൂപ്പേഷണൽ തെറാപ്പിസ്റ്റ്സ് അസോസിയേഷൻ നൽകിയിരിക്കുന്ന നിവേദനത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ഇതുസംബന്ധിച്ച് വകുപ്പിൽ നിലനിൽക്കുന്ന ഫയൽ നമ്പരും ഇ-ഫയൽ നമ്പരും ലഭ്യമാക്കാമോ?

(ബി&സി) ഇത്തരത്തിലൊരു നിവേദനം ഈ വകുപ്പിൽ ലഭിച്ചിട്ടില്ല.

**നികുതി വകുപ്പിൽ നിർമ്മിത ബുദ്ധിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ നടപടി**

71(2421) ശ്രീ. എം. വി. ഗോവിന്ദൻമാസ്റ്റർ:

ശ്രീ. ഡി. കെ. മുരളി:

ശ്രീ. പി. ടി. എ. റഹീം:

ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ആദ്യമായി നികുതി ഭരണ സംവിധാനം സമഗ്രമായി പുന:സംഘടിപ്പിച്ച സംസ്ഥാനമെന്ന നിലയിൽ ഈ മേഖലയിൽ സർക്കാർ നടത്തുന്ന പരിഷ്കരണ പ്രവർത്തനങ്ങൾ വിശദീകരിക്കുമോ?

ജി.എസ്.ടി നടപ്പാക്കിയതിനെത്തുടർന്ന് ജി.എസ്.ടി നിയമത്തിനനുസൃതമായി സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിനെ പുന:സംഘടിപ്പിച്ചിട്ടുണ്ട്. പുന:സംഘടിപ്പിച്ച ജി.എസ്.ടി വകുപ്പിലെ പ്രധാന വിഭാഗങ്ങൾ ടാക്സ്പേയർ സർവീസസ്, ഓഡിറ്റ്, ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് എന്നിവയാണ്. സെൻട്രൽ രജിസ്ട്രേഷൻ യൂണിറ്റ് (CRU), ഐ.ടി. മാനേജ്മെന്റ് സെൽ, ലീഗൽ സെൽ, സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പെർഫോമൻസ് മോണിറ്ററിംഗ് സെൽ, ടാക്സ് റിസർച്ച് ആൻഡ് പോളിസി ഡിവിഷൻ, ഡാറ്റ അനലിറ്റിക്സ് ഡിവിഷൻ, റിവ്യൂ സെൽ, ഇന്റേണൽ ഓഡിറ്റ് ആൻഡ് വിജിലൻസ് സെൽ തുടങ്ങിയ വിഭാഗങ്ങളുമുണ്ട്. ഫങ്ഷണൽ സ്പെഷ്യലൈസേഷൻ, സുതാര്യത, അനുകൂലമായ തൊഴിലന്തരീക്ഷം സൃഷ്ടിക്കൽ എന്നിവ മുൻനിർത്തിയാണ് പുന:സംഘടന നടപ്പാക്കിയിട്ടുള്ളത്. സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ പുന:സംഘടനയുടെ ഭാഗമായി ഓഡിറ്റ്, ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾ കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനത്ത് ജി.എസ്.ടി നികുതിവെട്ടിപ്പ് തടയുന്നതിനും നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനും നിരവധി പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുണ്ട്. ജി.എസ്.ടി വെട്ടിപ്പ്

തടയുന്നതിനായി ഇന്റലിജൻസ് വിഭാഗം ഊർജ്ജിതമായ കടപരിശോധന, ടെസ്റ്റ് പർച്ചേസ്, എ.എൻ.പി. ആർ. ക്യാമറ (ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ ക്യാമറ) സംവിധാനമുപയോഗിച്ചുള്ള വാഹനപരിശോധന, രജിസ്ട്രേഷൻ ബാധ്യതയുള്ളവരെ കണ്ടെത്തി രജിസ്ട്രേഷനെടുപ്പിക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. വാഹന പരിശോധന ഫാറങ്ങൾ പൂർണ്ണമായും ഓൺലൈനായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജി.എസ്.ടി-യിൽ വ്യാജ ഇൻപുട്ട് ടാക്സ് മുഖേനയുള്ള നികുതിവെട്ടിപ്പ് തടയുന്നതിനായി സംസ്ഥാന നികുതി വകുപ്പ് ഇന്റലിജൻസ് വിഭാഗം സെക്ടർ തിരിച്ചുള്ള പരിശോധനകൾവഴിയും ഡാറ്റ അനലിറ്റിക്സ് മുഖേന ലഭിക്കുന്ന വിവരങ്ങൾ അപഗ്രഥിച്ചും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സാങ്കേതികവിദ്യ കൂടുതലായുപയോഗപ്പെടുത്തി നികുതി വെട്ടിപ്പ് തടയുന്നതിനും നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. നികുതിദായകർ സമർപ്പിക്കുന്ന റിട്ടേണുകൾ സൂക്ഷ്മപരിശോധന നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. പൊതുജനങ്ങളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് നികുതിവെട്ടിപ്പ് തടയുന്നതിനായി "ലക്കി ബിൽ" സമ്മാന പദ്ധതി, ഇൻഫോർമർ റിവാർഡ് സ്കീം തുടങ്ങിയ പദ്ധതികളും

നടപ്പാക്കിയിട്ടുണ്ട്. വകുപ്പിലെ ഉദ്യോഗസ്ഥർക്ക് കൂടുതൽ കാര്യക്ഷമമായ പരിശീലന പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു.

(ബി) നികുതി വകുപ്പിലെ ജീവനക്കാർക്ക് പ്രൊഫഷണലായി പരിശീലനം നൽകുന്നതിനും നിർമ്മിതബുദ്ധിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി പ്രവർത്തനങ്ങൾ ആധുനികീകരിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

നികുതി വകുപ്പിലെ ജീവനക്കാർക്ക് പ്രൊഫഷണലായി പരിശീലനം നൽകുന്നതിനും നിർമ്മിതബുദ്ധിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി പ്രവർത്തനങ്ങൾ ആധുനികീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പ്രൊഫഷണൽ നിലവാരത്തിലുള്ള പരിശീലനം സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിലെ ഉദോഗസ്ഥർക്ക് ലഭ്യമാക്കുന്നതിനും നികുതി പിരിവിൽ സാങ്കേതികവിദ്യയുടെ സാധ്യതകൾ കൂടുതലായി ഉപയോഗിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ വകുപ്പിലെ എല്ലാ വിഭാഗം ജീവനക്കാർക്കും ജി.എസ്.ടി നിയമങ്ങളെയും ചട്ടങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടും വ്യത്യസ്ത വിഭാഗങ്ങളിൽ ജോലി ചെയ്യുന്നവർക്കായി പ്രത്യേകമായ ഓൺലൈൻ പരിശീലനങ്ങളും വിദഗ്ധരായ പരിശീലകരെ ഉപയോഗിച്ച്

നടത്തുകയുമുണ്ടായി. ജി.എസ്.ടി സമ്പ്രദായത്തിലെ വ്യത്യസ്ത മേഖലകളിൽ ഉദ്യോഗസ്ഥരുടെ പ്രൊഫഷണലിസം വർദ്ധിപ്പിക്കുന്നതിനുവേണ്ടി മേഖല തിരിച്ചുള്ള പരിശീലനങ്ങളും നടത്തിയിട്ടുണ്ട്. കൂടുതൽ കാര്യക്ഷമമായ പരിശീലന പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നുണ്ട്. നികുതിപിരിവിൽ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി ഇ-വേബിൽ ഇല്ലാതെ അതിർത്തി കടന്നെത്തുന്ന വാഹനങ്ങളെ കണ്ടെത്തുന്നതിനായി ANPR സംവിധാനം നടപ്പാക്കിയിട്ടുണ്ട്. ഇത് കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. വിവിധ സ്രോതസ്സുകളിൽനിന്നും ലഭിക്കുന്ന വാണിജ്യ വിവരങ്ങൾ ഡാറ്റ അനാലിറ്റിക്സിലൂടെ വിദഗ്ദ്ധ വിശകലനം ചെയ്യുന്നതിനുള്ള സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്. ജി.എസ്.ടി സംബന്ധമായ വിവരങ്ങളും ഭേദഗതികളും അപ്ഡേഷനുകളും ഉടനടി ലഭ്യമാകുന്നതിലേയ്ക്കായി ജി.എസ്.ടി.എൻ. വികസിപ്പിച്ചെടുത്ത സോഫ്റ്റ്‌വെയർ സംവിധാനത്തിലേയ്ക്ക് വകുപ്പ് മാറിയിട്ടുണ്ട്.

(സി) നികുതിയൊടുക്കേണ്ടതിന്റെ ആവശ്യകതയും ഉത്തരവാദിത്തവും സംബന്ധിച്ച് പൊതുജനങ്ങൾക്കും വ്യാപാരി-വ്യവസായികൾക്കും

സേവനദാതാക്കൾക്കും ബോധവൽക്കരണം നൽകാനും ഇതുസംബന്ധിച്ച് പ്രചാരണം നടത്തുന്നതും സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

നികുതിയൊടുക്കേണ്ടതിന്റെ ആവശ്യകതയും ഉത്തരവാദിത്തവും സംബന്ധിച്ച് പൊതുജനങ്ങൾക്കും വ്യാപാരി-വ്യവസായികൾക്കും സേവനദാതാക്കൾക്കും ബോധവൽക്കരണം നൽകുന്നതിനും ഇതുസംബന്ധിച്ച് പ്രചാരണം നടത്തുന്നതിനും വിവിധ പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുണ്ട്. ഇത് കൂടുതൽ കാര്യക്ഷമമായി തുടരുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. പൊതുജനങ്ങളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് നികുതി വെട്ടിപ്പ് തടയുന്നതിനായി "ലക്കി ബിൽ" സമ്മാന പദ്ധതി 2022-23 വർഷത്തിൽ നടപ്പാക്കിയിരുന്നു. പൊതുജനങ്ങൾക്ക് ലഭിക്കുന്ന ഇൻവോയിസുകൾ മൊബൈൽ ആപ്പിലൂടെ അപ്‌ലോഡ് ചെയ്യുന്നതിനും നറുക്കെടുപ്പിലൂടെ സമ്മാനം നേടുന്നതിനും അവസരം നൽകുകയും അതിലൂടെ ഇൻവോയിസ് സംബന്ധിച്ച വിവരങ്ങൾ വകുപ്പിന് ലഭ്യമാവുകയും ചെയ്തു. ഈ പദ്ധതി 2023-24 സാമ്പത്തികവർഷത്തിലും തുടരാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുകൂടാതെ നികുതിവെട്ടിപ്പ് തടയുന്നതിനായി ഇൻഫോർമർ റിവാർഡ് സ്കീമും

നടപ്പാക്കിയിട്ടുണ്ട്. ജി.എസ്.ടി സംബന്ധിച്ച് പൊതുജനങ്ങളുടെയും നികുതിദായകരുടെയും ബോധവൽക്കരണത്തിനായി സോഷ്യൽ മീഡിയ വഴിയും മറ്റ് മാധ്യമങ്ങളിലൂടെയുമുള്ള പ്രചരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നുണ്ട്. ഇതുകൂടാതെ ജി.എസ്.ടി സംബന്ധിച്ച ട്രേഡ് നോട്ടീസുകളും പുറപ്പെടുവിച്ചിട്ടുണ്ട്.

**നാട്ടുകാണി-പരപ്പനങ്ങാടി പാതയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകുന്നതിനുള്ള നടപടികൾ**

72(2422) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ ഡി.എഫ്.ഐ.പി. പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്ന നാട്ടുകാണി-പരപ്പനങ്ങാടി പാത നവീകരണത്തിൽപ്പെട്ട കക്കാട് മുതൽ പരപ്പനങ്ങാടി വരെയുള്ള ഭാഗത്ത് പദ്ധതി ആദ്യം വിഭാവന ചെയ്ത രീതിയിൽ റോഡിന്റെ വീതി 14 മീറ്ററായി ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ ഡി.എഫ്.ഐ.പി പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്ന നാട്ടുകാണി-പരപ്പനങ്ങാടി പാത

നവീകരണത്തിൽപ്പെട്ട കക്കാട് മുതൽ പരപ്പനങ്ങാടി വരെയുള്ള ഭാഗത്ത് പദ്ധതി ആദ്യം വിഭാവന ചെയ്ത രീതിയിൽ റോഡിന്റെ വീതി 14 മീറ്ററാക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിൽ ലഭ്യമായിട്ടില്ല.

(ബി) പ്രസ്തുത പദ്ധതിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് ധനകാര്യ വകുപ്പിലെ ചീഫ് ടെക്നിക്കൽ എക്സാമിനർ അനുമതി നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത റിവൈസ്ഡ് എസ്റ്റിമേറ്റിന് വകുപ്പിന്റെ അനുമതി നൽകുന്നതിനുള്ള നടപടിയുടെ പുരോഗതി വിശദമാക്കാമോ?

(ബി&സി) ധനകാര്യ വകുപ്പിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

## കൽപ്പകഞ്ചേരി ഗവൺമെന്റ് വി.എച്ച്.എസ്.എസ്.-ലെ ടോയ്‌ലറ്റ് നിർമ്മാണം

73(2423) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലപ്പുറം ജില്ലയിലെ കൽപ്പകഞ്ചേരി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ ഹൈടെക്കാക്കുന്നതിന്റെ ഭാഗമായി ടോയ്‌ലറ്റ് നിർമ്മാണത്തിന് മലപ്പുറം ജില്ലാപഞ്ചായത്ത് അനുവദിച്ച തുക സർക്കാർ

തിരിച്ചുപിടിച്ചത് തിരികെ ലഭിക്കുന്നതുസംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിനോടാവശ്യപ്പെട്ടിരുന്ന വിവരങ്ങൾ ടി വകുപ്പിൽനിന്നും ലഭ്യമായിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മലപ്പുറം ജില്ലയിലെ കൽപ്പകഞ്ചേരി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ ഹൈടെക്കാക്കുന്നതിന്റെ ഭാഗമായി ടോയ്‌ലെറ്റ് നിർമ്മാണത്തിന് മലപ്പുറം ജില്ലാപഞ്ചായത്ത് അനുവദിച്ച തുക സർക്കാർ തിരിച്ചുപിടിച്ചത് തിരികെ ലഭ്യമാക്കുന്നതുസംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിനോടാവശ്യപ്പെട്ടിരുന്ന വിവരങ്ങൾ ടി വകുപ്പ് ലഭ്യമാക്കുകയും തുക പഞ്ചായത്തിന് പുനരനുവദിക്കുന്ന വിഷയം ധനവകുപ്പ് പരിശോധിച്ചുവരികയുമാണ്.

**ഏനാന്തി പാലം പുനർനിർമ്മാണം**

74(2424) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയത്തിൽ നിർമ്മാണത്തിലിരിക്കെ തകർന്ന നിലമ്പൂർ നിയോജകമണ്ഡലത്തിലെ കരിമ്പുഴയ്ക്കുകുറുകെയുള്ള ഏനാന്തി പാലം

പുനർ നിർമ്മിക്കുന്നതുസംബന്ധിച്ച ഫയൽ ഇപ്പോൾ ധനകാര്യ വകുപ്പിലെ ഏത് വിഭാഗത്തിലാണ് കൈകാര്യം ചെയ്യുന്നതെന്ന് അറിയിക്കാമോ; പ്രസ്തുത ഫയൽ നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ?

2019-ലെ പ്രളയത്തിൽ നിർമ്മാണത്തിലിരിക്കെ തകർന്ന നിലമ്പൂർ നിയോജകമണ്ഡലത്തിലെ കരിമ്പുഴയ്ക്കുകുറുകെയുള്ള ഏനാന്തി പാലം പുനർ നിർമ്മിക്കുന്നതുസംബന്ധിച്ച ഫയൽ ധനകാര്യ വകുപ്പിലെ ഇൻഡസ്ട്രീസ് ആൻഡ് പി.ഡബ്ല്യൂ.ബി സെക്ഷനിലാണ് കൈകാര്യം ചെയ്യുന്നത്. പുതുക്കിയ ഭരണാനുമതിക്ക് 1,712 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ധനവകുപ്പിൽ സമർപ്പിക്കുകയും ആയതു ചീഫ് ടെക്നിക്കൽ എക്സാമിനർ പരിശോധിക്കുകയും ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് പുതുക്കി സമർപ്പിക്കാൻ ഭരണ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ആയതുലഭ്യമായിട്ടില്ല.

(ബി) പ്രസ്തുത ഫയലിൽ ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് ബാക്കിയുള്ളതെന്ന് വിശദമാക്കാമോ?

പുതുക്കിയ എസ്റ്റിമേറ്റ് ഭരണവകുപ്പ് ലഭ്യമാക്കുന്നമുറയ്ക്ക് ആയത് വീണ്ടും ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധനയ്ക്ക് വിധേയമാക്കി പുതുക്കിയ ഭരണാനുമതി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) ഭരണ വിഭാഗത്തിൽനിന്നും ലഭിച്ച റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ച് പ്രസ്തുത പാലം പുനർനിർമ്മിക്കുന്നതിന് അധിക തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; പ്രസ്തുത പാലത്തിന്റെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് ചെയ്യാനുദ്ദേശിക്കുന്ന തുടർ നടപടികൾ വിശദമാക്കുമോ?

സ്വീകരിക്കും. പുതുക്കിയ എസ്റ്റിമേറ്റ് ഭരണവകുപ്പ് ലഭ്യമാക്കുന്നമുറയ്ക്ക് ആയതുവീണ്ടും ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധനയ്ക്ക് വിധേയമാക്കി പുതുക്കിയ ഭരണാനുമതി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ഏനാന്തിക്കടവ് പാലത്തിന്റെ പ്രവൃത്തികൾ പാതിവഴിയിൽ നിലച്ചതുമൂലം പ്രദേശവാസികൾ അനുഭവിക്കുന്ന യാത്രാക്ലേശവും ദുരിതവും പരിഹരിക്കാൻ സന്നദ്ധമാകുമോ; പ്രസ്തുത പാലം പുനർനിർമ്മിക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

സന്നദ്ധമാകും. പുതുക്കിയ എസ്റ്റിമേറ്റ് ഭരണവകുപ്പ് ലഭ്യമാക്കുന്നമുറയ്ക്ക് ആയതുവീണ്ടും ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധനയ്ക്ക് വിധേയമാക്കി പുതുക്കിയ ഭരണാനുമതി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## സെൻട്രൽ റോഡ് ഫണ്ട്

75(2425) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ സെൻട്രൽ റോഡ് ഫണ്ടുപ്രകാരം അനുമതി ലഭിച്ച കുറ്റ്യാടി-വലകെട്ട്-കൈപ്രം കടവ് റോഡ് നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമായിട്ടുണ്ടോയെന്നറിയിക്കാമോ?

കുറ്റ്യാടി നിയോജകമണ്ഡലത്തിൽ സെൻട്രൽ റോഡ് ഫണ്ടുപ്രകാരം അനുമതി ലഭിച്ച കുറ്റ്യാടി-വലകെട്ട്-കൈപ്രം കടവ് റോഡ് (10 km) നിർമ്മാണത്തിന് 02-02-2023-ലെ സ.ഉ.(സാധാ)നം.104/2023-പൊ.മ.വ ഉത്തരവുപ്രകാരം 16 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കേണ്ട സമയക്രമം അറിയിക്കാമോ?

ടെണ്ടർ ചെയ്യാനുള്ള കാലയളവുൾപ്പെടെ പ്രവൃത്തി പൂർത്തീകരണ കാലയളവ് 24 മാസത്തിൽ കവിയാൻ പാടുള്ളതല്ല.

## അക്രഡിറ്റഡ് ഏജൻസികളുടെ നിലവാരം

76 (2426) ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ അക്രഡിറ്റഡ് ഏജൻസികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

അക്രഡിറ്റഡ് ഏജൻസികളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് നിലവിൽ സംവിധാനമില്ല. എന്നിരുന്നാലും ടി ഏജൻസികളുടെ മനുഷ്യ വിഭവ ശേഷി, ആസ്തികൾ പ്രവൃത്തി പരിചയം പ്രവൃത്തി നിർവഹണം മുതലായവ പരിഗണിച്ചാണ് അക്രഡിറ്റേഷൻ പുതുക്കി നൽകുന്നത്.

(ബി) അക്രഡിറ്റഡ് ഏജൻസികൾക്ക് റാങ്കിംഗ് നൽകുന്നത് പരിഗണനയിലുണ്ടോ?

അക്രഡിറ്റഡ് ഏജൻസികൾക്ക് റാങ്കിംഗ് നൽകുന്നത് പരിഗണനയിലില്ല.

(സി) ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം അക്രഡിറ്റഡ് ഏജൻസികൾക്കെതിരെ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടാൽ ടി ഏജൻസി സ്വന്തം ചെലവിൽ നിശ്ചിത സ്പെസിഫിക്കേഷൻ പ്രകാരം

ആയത് പരിഹരിക്കേണ്ടതും സ്ഥിരമായി ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ടി ഏജൻസികളുടെ അക്രഡിറ്റേഷൻ പുന:പരിശോധിക്കുന്നതുമാണ്.

**ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ സമർപ്പിച്ച പ്രത്യേക റിപ്പോർട്ട് തട്ടിപ്പ്**

77(2427) ശ്രീ. എം. വിൻസെന്റ്:

ശ്രീമതി ഉമ തോമസ്:

ശ്രീ. സജീവ്ജോസഫ്:

ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 കാലയളവിലെ സാമ്പത്തിക സൂചകങ്ങളെ ആധാരമാക്കി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ സമർപ്പിച്ച പ്രത്യേക റിപ്പോർട്ട് എത്ര സംസ്ഥാനങ്ങളുടെ വിവരങ്ങൾ താരതമ്യം ചെയ്ത് തയ്യാറാക്കിയതാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ടുപ്രകാരം 2016-21 കാലയളവിലെ സംസ്ഥാന സർക്കാരിന്റെ ശരാശരി നികുതി വളർച്ച എത്രയാണെന്നും മറ്റ് സംസ്ഥാനങ്ങളുടേത് എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത കാലയളവിലെ സംസ്ഥാനത്തിന്റെ റവന്യൂ ചെലവ് എത്രയാണെന്ന് സാമ്പത്തികവർഷം തിരിച്ച് വ്യക്തമാക്കുമോ; പ്രസ്തുത റിപ്പോർട്ടുപ്രകാരം ഏറ്റവും ഉയർന്ന റവന്യൂ ചെലവുള്ള സംസ്ഥാനം ഏതാണ്; വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത കാലയളവിൽ സാമൂഹ്യക്ഷേമ പദ്ധതികൾക്കായി സംസ്ഥാന ബജറ്റിൽ നീക്കിവച്ച തുക എത്രയാണെന്നും ഇതിൽ എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതികൾക്കായി നീക്കിവച്ച തുകയുടെ അടിസ്ഥാനത്തിൽ ഗിഫ്റ്റിന്റെ റിപ്പോർട്ടുപ്രകാരം കേരളത്തിന്റെ സ്ഥാനം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ എന്തൊക്കെ തിരുത്തൽ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(എ-ഇ) 2016-21 കാലയളവിലെ സാമ്പത്തിക സൂചകങ്ങളെ ആധാരമാക്കി ഗിഫ്റ്റ് പ്രത്യേക പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

**മാക്കേകടവ്-നേരെകടവ് പാലം നിർമ്മാണം**

78(2428) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ നിയോജകമണ്ഡലത്തിലെ തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്തിലുൾപ്പെട്ട മാക്കേകടവ്-നേരെകടവ് പാലം നിർമ്മാണത്തിന്റെ റേറ്റ് റിവിഷനാവശ്യപ്പെട്ട് കരാറുകാരൻ നൽകിയ അപേക്ഷയുമായി ബന്ധപ്പെട്ട ഫയൽ എന്നാണ് ധനകാര്യവകുപ്പിലെത്തിയതെന്നും ഫയൽ ഏതൊക്കെ സെക്ഷനിൽ പോയെന്നും ആരൊക്കെ ഫയൽ പരിശോധിച്ചെന്നും വിശദമാക്കാമോ?

അരൂർ നിയോജകമണ്ഡലത്തിലെ തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്തിലുൾപ്പെട്ട മാക്കേകടവ്-നേരെകടവ് പാലം നിർമ്മാണത്തിന്റെ റേറ്റ് റിവിഷനാവശ്യപ്പെട്ട് കരാറുകാരൻ നൽകിയ അപേക്ഷയുമായി ബന്ധപ്പെട്ട ഫയൽ, 2022, ആഗസ്റ്റ് മാസം 29-ാം തീയതിയിലാണ് ധനകാര്യ വകുപ്പിൽ ലഭ്യമായത്. ആയത് ചീഫ് ടെക്നിക്കൽ എക്സാമിനർ പരിശോധിക്കുകയും quoted rate of contractor, part of the work already executed, part of the work to be executed, estimate amount of the balance work എന്നിവ വ്യക്തമാക്കാനാവശ്യപ്പെട്ടുകൊണ്ട് 10-11-2022-ന് ഭരണ വകുപ്പ് ഫയൽ മടക്കി നൽകുകയും ആയത് വ്യക്തമാക്കി ഫയൽ പുനർസമർപ്പിക്കുകയും ചെയ്തിരുന്നു. പുതുക്കിയ എസ്റ്റിമേറ്റ് വീണ്ടും ചീഫ് ടെക്നിക്കൽ എക്സാമിനർ

പരിശോധിക്കുകയും ഇതൊരു ഡിസൈൻ ടെണ്ടറിലുള്ള വർക്കായതിനാൽ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നിർദ്ദേശപ്രകാരം DSR 2018 പ്രകാരമുള്ള ബാലൻസ് വർക്കുകളുടെ മൂല്യവും LMR-ഉം കരാറുകാരന്റെ അംഗീകൃത ഡിസൈൻ പ്രകാരമുള്ള അളവുകളെ (quantities as per approved design of the contractor) അടിസ്ഥാനമാക്കി പുതുക്കിയ എസ്റ്റിമേറ്റ് സഹിതം ഫയൽ പുനർസമർപ്പിക്കാൻ നിർദ്ദേശിച്ചുകൊണ്ട് ഭരണ വകുപ്പ് ഫയൽ 03-02-2023-ന് മടക്കി നൽകിയിട്ടുണ്ട്. പ്രസ്തുത ഫയൽ ചീഫ് ടെക്നിക്കൽ എക്സാമിനർ കൂടാതെ ധനകാര്യ വകുപ്പ് വിഭാഗം, അണ്ടർസെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, അഡീഷണൽ സെക്രട്ടറി, ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറി എന്നിവർ പരിശോധിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ?

ഇതൊരു ഡിസൈൻ ടെണ്ടറിലുള്ള വർക്കായതിനാൽ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നിർദ്ദേശപ്രകാരം DSR 2018 പ്രകാരമുള്ള ബാലൻസ് വർക്കുകളുടെ മൂല്യവും LMR-ഉം കരാറുകാരന്റെ അംഗീകൃത ഡിസൈൻ പ്രകാരമുള്ള അളവുകളെ (quantities as per approved design of the contractor) അടിസ്ഥാനമാക്കി പുതുക്കിയ എസ്റ്റിമേറ്റ് സഹിതം ഫയൽ

പുനർസമർപ്പിക്കാൻ നിർദ്ദേശിച്ചുകൊണ്ട് ഭരണ വകുപ്പ് ഫയൽ മടക്കി നൽകിയിട്ടുണ്ട്.

(സി) രണ്ടുവർഷമായി മുടങ്ങിക്കിടക്കുന്ന നിർമ്മാണം വേഗത്തിലാക്കുന്നതിനായി റേറ്റ് റിവിഷൻ അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഇതൊരു ഡിസൈൻ ടെണ്ടറിലുള്ള വർക്കായതിനാൽ ചീഫ് ടെക്നിക്കൽ എക്സാമിനർ നിർദ്ദേശിച്ചപ്രകാരം DSR 2018 പ്രകാരമുള്ള ബാലൻസ് വർക്കുകളുടെ മൂല്യവും LMR-ഉം കരാറുകാരന്റെ അംഗീകൃത ഡിസൈൻ പ്രകാരമുള്ള അളവുകളെ (quantities as per approved design of the contractor) അടിസ്ഥാനമാക്കി പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാകുന്നമുറയ്ക്ക് റേറ്റ് റിവിഷൻ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## അക്രെഡിറ്റഡ് ഏജൻസികളുടെ പ്രവർത്തനം

79(2429) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ വിവിധ നിർമ്മാണപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നിർവ്വഹിക്കുന്ന അക്രെഡിറ്റഡ്

ഏജൻസികളായ ഇൻകെൽ, കിറ്റ്കോ, വാപ്കോസ്, റ്റി.ഡി.എൽ.സി., കോസ്റ്റ്ഫോർഡ്, നിർമ്മിതി കേന്ദ്ര, കെ.എസ്.സി.സി., കെ.ആർ.എഫ്.ബി., കെ.എസ്.റ്റി.പി. എന്നീ സ്ഥാപനങ്ങൾ ഇത്തരത്തിലേറ്റെടുത്തിട്ടുള്ള പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഏജൻസികളുടെ നിർവ്വഹണത്തിലുള്ള പ്രവൃത്തികൾ, ആരംഭിച്ച തീയതി, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച് പട്ടിക രൂപത്തിലുള്ള വിശദാംശം ലഭ്യമാക്കാമോ;

(സി) കൂടാതെ മറ്റേതെങ്കിലും ഏജൻസികൾ മണ്ഡലത്തിലെ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ അവയുടെ പേര്, ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ, ആരംഭിച്ച തീയതി, നിലവിലെ സ്ഥിതി എന്നിവ പട്ടികപ്പെടുത്തി വിശദാംശം ലഭ്യമാക്കാമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു

**ദേവികുളം നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

80(2430) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ സംബന്ധിച്ച വിശദാംശം നൽകാമോ?

ദേവികുളം നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികളുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

(ബി) ഓരോ പ്രവൃത്തിക്കുമനുവദിച്ച തുകയും പ്രസ്തുത പ്രവൃത്തികൾ നിലവിൽ ഏതുഘട്ടത്തിലാണെന്ന വിശദാംശവും നൽകാമോ?

ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിവരം അനുബന്ധമായി +ചേർത്തിട്ടുണ്ട്.

## കിഫ്ബിയിലുൾപ്പെടുത്തിയ വിദ്യാലയങ്ങളുടെ നിർമ്മാണത്തിന് സാങ്കേതികാനുമതി

81(2431) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബിയിലുൾപ്പെടുത്തി മൂന്നുകോടി രൂപയുടെ ധനകാര്യാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ ചെറുകുന്ന് ബോയ്സ് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, കല്ല്യാശ്ശേരി ഗവൺമെന്റ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഹയർ സെക്കണ്ടറി സ്കൂൾ, കുഞ്ഞിമംഗലം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, കൊട്ടില ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ എന്നീ സ്കൂളുകളിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്താൻ പദ്ധതി നിർവ്വഹണ ഏജൻസിയായ 'കില' മുഖേന സാങ്കേതികാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കിവരുന്ന സ്കൂൾ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

**<u>ചെറുകുന്ന് ബോയ്സ് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ</u>**- ടി സ്കൂളിന്റെ സാങ്കേതികാനുമതി (TS) ലഭിക്കുന്നതിനുള്ള Estimate പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ 'കില' തയ്യാറാക്കിയിട്ടുണ്ട്. റെയിൽവെയുടെ NOC ഉൾപ്പെടെയുള്ള KPBR അനുമതികൾ ലഭിക്കുന്നതിനുള്ള നടപടികളും കില സ്വീകരിച്ചുവരുന്നു.

**<u>കല്ല്യാശ്ശേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, കുഞ്ഞിമംഗലം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ</u>**- ടി സ്കൂളുകൾക്ക് 16-02-2023-ൽ നടന്ന കിലയുടെ TS കമ്മിറ്റിയുടെ അനുമതി ലഭ്യമായിട്ടുണ്ട്.

**കൊട്ടില GHSS** -ടി സ്കൂളിൽ നിർദ്ദിഷ്ട Vertical Expansion സാധ്യമല്ലെന്ന് കണ്ടെത്തിയതിനെത്തുടർന്ന് ബദൽ മാർഗ്ഗം സ്വീകരിക്കാൻ കിലയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## കിഫ്ബി മുഖാന്തരം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ

82(2432) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി മുഖാന്തരം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോ പദ്ധതിയുടെയും പുരോഗതിയും വ്യക്തമാക്കുമോ?

കിഫ്ബി ധനസഹായത്തോടെ ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു. പദ്ധതികളുടെ പുരോഗതിയടക്കമുള്ള വിവരങ്ങൾ അനുബന്ധത്തിലുൾപ്പെടുത്തിയിട്ടുണ്ട്.

## സിനിമാ ടിക്കറ്റുകൾക്കേർപ്പെടുത്തിയ നികുതി

83(2433) ശ്രീ. മഞ്ഞളാംകുഴിഅലി:
ശ്രീ. നജീബ്കാന്തപുരം:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമാ ടിക്കറ്റുകളിന്മേൽ വിനോദനികുതി ഈടാക്കുന്നതൊഴിവാക്കിയിരുന്നോ; എങ്കിൽ ഒഴിവാക്കിയ വിനോദനികുതി വീണ്ടും ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സിനിമാ ടിക്കറ്റുകളിന്മേൽ ജി.എസ്.ടി. ഏർപ്പെടുത്തിയിട്ടുള്ളതിനാൽ വിനോദനികുതി ഈടാക്കുന്നതിനുള്ള തീരുമാനം പുന:പരിശോധിക്കാൻ തയ്യാറാകുമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## നികുതി പിരിവ് ശക്തിപ്പെടുത്താൻ നടപടി

84(2434) ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നികുതിയിനത്തിൽ എഴുപതിനായിരം കോടി രൂപയിലധികം പിരിഞ്ഞു കിട്ടാനുണ്ടെന്ന വസ്തുത സർക്കാർ പരിശോധിച്ചിട്ടുണ്ടോ?

2023 ഫെബ്രുവരി 9-ാം തീയതി നിയമസഭയിൽ സമർപ്പിച്ച അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് റിപ്പോർട്ടനുസരിച്ച് പ്രധാനമായും 21,797.86 കോടി രൂപയാണ് നികുതി കുടിശ്ശിക. ഇതിൽ ഭൂരിഭാഗവും വിവിധ കോടതി കേസുകളിൽ കുരുങ്ങിക്കിടക്കുന്നതും റവന്യൂ റിക്കവറി ഘട്ടത്തിലുമാണ്.

സംസ്ഥാനത്ത് നികുതിയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക സംബന്ധിച്ച വിശദാംശങ്ങൾ വകുപ്പുതിരിച്ച് ചുവടെ ചേർക്കുന്നു.

<u>സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്</u>

സംസ്ഥാനത്ത് ചരക്ക് സേവന നികുതി വകുപ്പിൽ നികുതിയിനത്തിൽ മാത്രം എഴുപതിനായിരം കോടി രൂപ പിരിച്ചെടുക്കാനുള്ളതായിട്ട് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

2016-17 മുതൽ 2022-23 വരെ ബജറ്റ് എസ്റ്റിമേറ്റ്/പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം പിരിച്ചെടുക്കാനുദ്ദേശിച്ച തുകയുടെയും 2016-17 മുതൽ 2022 ഡിസംബർ 31 വരെ പിരിച്ചെടുത്ത തുകയുടെയും വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വില്പന നികുതി, എ.ഐ.ടി മൂല്യവർദ്ധിത നികുതി മുതലായ പ്രീ.ജി.എസ്.ടി കുടിശ്ശികയിനത്തിൽ നടപ്പുസാമ്പത്തിക വർഷം 30-11-2022 വരെ ഇനി പിരിച്ചെടുക്കാനുള്ളത് 12,923 കോടി രൂപയാണ്. ഈ തുക പിരിച്ചെടുക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിൽ ഭൂരിഭാഗവും വിവിധ കോടതിക്കേസുകളിൽ കുരുങ്ങിക്കിടക്കുന്നതും റവന്യൂ റിക്കവറി ഘട്ടത്തിലുമാണ്.

ലാൻഡ് റവന്യൂ

ഭൂനികുതി, കെട്ടിട നികുതി, ആഡംബര നികുതി, തോട്ടനികുതി, ജലസേചന കരം എന്നിവയാണ് റവന്യൂ വകുപ്പിൽനിന്നും പിരിച്ചെടുക്കുന്ന നികുതികൾ. ഈയിനത്തിൽ നാളിതുവരെ പിരിച്ചെടുത്ത തുക പിരിക്കാൻ ബാക്കിയുള്ള തുക എന്നിവ അനുബന്ധമായി+ ചേർക്കുന്നു.

രജിസ്ട്രേഷൻ വകുപ്പ്

രജിസ്ട്രേഷൻ വകുപ്പിനെ സംബന്ധിച്ച് ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്ന സമയം തന്നെ ആവശ്യമായ സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസുമീടാക്കിയാണ് ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നത്. ആയതിനാൽ ആധാര രജിസ്ട്രേഷൻമൂലം നികുതികുടിശ്ശിക ഉണ്ടാകാറില്ല. എന്നാൽ ടി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആധാരത്തിൽ കാണിച്ചിട്ടുള്ള വില കുറവാണെന്ന് ബോധ്യപ്പെടുന്നപക്ഷം ടി ആധാരങ്ങളിന്മേൽ അണ്ടർ വാല്യുവേഷൻ നടപടിക്കായി സബ് രജിസ്ട്രാർമാർ റിപ്പോർട്ട് ചെയ്യാറുണ്ട്. ടി ഇനത്തിൽ 2023 ജനുവരി 31 വരെയുള്ള കണക്കനുസരിച്ച് 713.098 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പ് (റൂറൽ)

ഗ്രാമപഞ്ചായത്തുകളുടെ വസ്തു നികുതിയിനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം 11,246.42 (തുക ലക്ഷത്തിൽ) രൂപ കുടിശ്ശികയുണ്ടായിരുന്നു.

ട്രാൻസ്പോർട്ട് വകുപ്പ്

മോട്ടോർ വാഹന വകുപ്പിന് കുടിശ്ശികയായിട്ടുള്ളത് ഏകദേശം 1,000 കോടി രൂപയാണ്. ഇതിൽ കെ.എസ്.ആർ.ടി.സി-യുടെ കുടിശ്ശികയായ 1,844.72 കോടി രൂപ ഉൾപ്പെടുത്തിയിട്ടില്ല. മോട്ടോർ വാഹന വകുപ്പ് തുടങ്ങിയ കാലം മുതൽ നാളിതുവരെയുള്ള കുടിശ്ശിക തുകയാണിത്. നികുതി കുടിശ്ശികയടയ്ക്കാനുള്ള ഭൂരിഭാഗം വാഹനങ്ങളും ഇപ്പോൾ നിരത്തിലോടുന്നില്ല. മാത്രമല്ല ടി വാഹന ഉടമകളെക്കുറിച്ചോ വാഹനങ്ങളെ സംബന്ധിച്ചോ യാതൊരു അറിവും വകുപ്പിന് ലഭ്യമല്ല. കുടിശ്ശിക നികുതി അടയ്ക്കുന്നതിന്

സർക്കാർ പല പ്രാവശ്യം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചിട്ടും വാഹന ഉടമകൾ വളരെ ചുരുങ്ങിയ നികുതിപോലുമടയ്ക്കുന്നതിന് വകുപ്പിനെ സമീപിച്ചിട്ടില്ല. വാഹന ഉടമകൾക്കയയ്ക്കുന്ന ഭൂരിഭാഗം നോട്ടീസുകളും കൈപ്പറ്റാൻ ആളില്ലെങ്കിൽ മേൽവിലാസക്കാരനെ കണ്ടെത്താൻ സാധിച്ചില്ലെന്ന കാരണത്താൽ മടങ്ങി വന്നിരിക്കുകയാണ്. ബുക്ക് അരിയേഴ്സായി കിടക്കുന്ന ഈ തുക പൂർണമായും പിരിച്ചെടുക്കുന്നതിന് വകുപ്പിന് സാധിക്കുകയില്ല. എന്നിരുന്നാലും കുടിശ്ശികയുള്ള വാഹന ഉടമകൾക്കെതിരെ റവന്യൂ റിക്കവറി നടപടി വകുപ്പ് സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനം ലക്ഷ്യമിട്ട രീതിയിൽ നികുതി പിരിച്ചെടുക്കാത്തതിന്റെ കാരണമെന്താണ്?

സംസ്ഥാനം ലക്ഷ്യമിട്ട രീതിയിൽ നികുതി പിരിച്ചെടുക്കാത്തതിന്റെ കാരണം സംബന്ധിച്ച വിശദാംശങ്ങൾ വകുപ്പുതിരിച്ച് ചുവടെ ചേർക്കുന്നു.

**<u>സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്</u>**

ചരക്കുകളും സേവനങ്ങളും ഉപഭോഗം ചെയ്യപ്പെടുന്ന സ്ഥലത്തെ അടിസ്ഥാനമാക്കിയുള്ള ജി.എസ്.ടി നികുതി സമ്പ്രദായം ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് വലിയ നേട്ടമായിരിക്കുമെന്നാണ്

പ്രതീക്ഷിച്ചതെങ്കിലും, നികുതി പിരിവിൽ പ്രതീക്ഷിച്ച വർദ്ധനയുണ്ടായില്ല. ജി.എസ്.ടി നിലവിൽ വന്നതോടുകൂടി സംസ്ഥാനങ്ങൾക്ക് നികുതി നിയമത്തിന്മേൽ ഒറ്റയ്ക്ക് തീരുമാനമെടുക്കാൻ കഴിയാതായി. ജി.എസ്.ടി തുടക്കത്തിൽ വിഭാവന ചെയ്തിരുന്ന ഓൺലൈൻ റിട്ടേൺ സംവിധാനം പൂർണ്ണമായും നടപ്പാക്കാൻ കഴിയാതെവന്നതും കോവിഡും പ്രകൃതിദുരന്തങ്ങളുമേൽപ്പിച്ച ആഘാതങ്ങളും ജി.എസ്.ടി വരുമാനം പ്രതീക്ഷിച്ച തോതിൽ വർദ്ധിക്കാത്തതിന് കാരണമായി.

ജി.എസ്.ടി-യുടെ തുടക്കത്തിൽ, സാധനങ്ങളുടെയും സേവനങ്ങളുടെയും നിരക്കുകൾ നിശ്ചയിച്ചത് റവന്യൂ ന്യൂട്രൽ റേറ്റ് ഏകദേശം പതിനഞ്ച് ശതമാനമാകത്തക്ക വിധത്തിലായിരുന്നു. എന്നാൽ പിന്നീട് തുടർച്ചയായി നികുതി നിരക്കുകളിൽ കുറവുവരുത്തുകയും നിലവിൽ റവന്യൂ ന്യൂട്രൽ നിരക്ക് പതിനൊന്ന് ശതമാനമായി കുറയുകയും ചെയ്തു. ഇത് സംസ്ഥാനത്തെ പ്രതികൂലമായി ബാധിക്കുകയും ജി.എസ്.ടി വരുമാനം കുറയുന്നതിന് കാരണമാവുകയും ചെയ്തിട്ടുണ്ട്.

രാജ്യമൊട്ടാകെ ജി.എസ്.ടി വരുമാനത്തിലുണ്ടായ വളർച്ചയ്ക്കാനുപാതികമായ വളർച്ച ജി.എസ്.ടി. വരുമാനത്തിൽ കേരളത്തിലുമുണ്ടാകുന്നുണ്ട്. എന്നാൽ ജി.എസ്.ടി നഷ്ടപരിഹാര

നിയമത്തിൽ പറഞ്ഞിരിക്കുന്നതുപ്രകാരമുള്ള 14 ശതമാനം നികുതി വർദ്ധന ഇതുവരെ പ്രാപ്യമായിട്ടില്ല.

**ലാൻഡ് റവന്യൂ**

നികുതി പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത ശ്രമം നടത്തിവരുന്നു.

**എക്സൈസ് വകുപ്പ്**

എക്സൈസ് വകുപ്പിൽ അബ്കാരി കുടിശ്ശികകൾ മാത്രമാണ് പിരിച്ചെടുക്കാനുള്ളത്. ആയത് കുടിശ്ശികക്കാരിൽനിന്നോ അനന്തരാവകാശികളിൽനിന്നോ ആർ.ആർ. നടപടികളിലൂടെ പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അബ്കാരി കുടിശ്ശിക പിരിവിനെതിരെ വിവിധ കോടതികളിൽ നിലനിൽക്കുന്ന സ്റ്റേ ഉത്തരവുകളും, കേസ്സുകൾ തീർപ്പാക്കുന്നതിലെ കാലതാമസവും കുടിശ്ശിക പിരിവിന് തടസ്സമായി നിലനിൽക്കുന്നു.

**രജിസ്ട്രേഷൻ വകുപ്പ്**

ആധാരങ്ങളുടെ അണ്ടർ വാല്യുവേഷനുമായി ബന്ധപ്പെട്ട തുക പിരിച്ചെടുക്കുന്നതിൽ ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല. ആധാരങ്ങളുടെ അണ്ടർവാല്യുവേഷനുമായി ബന്ധപ്പെട്ട തുക

പിരിച്ചെടുക്കാനായി കോമ്പൗണ്ടിംഗ് പദ്ധതി പ്രഖ്യാപിച്ചിരുന്നെങ്കിലും 2018, 2019 വർഷങ്ങളിലെ പ്രളയംമൂലവും 2020, 2021 വർഷങ്ങളിൽ കോവിഡ് മഹാമാരിമൂലവും അദാലത്തുകളും മറ്റും ഉദ്ദേശിച്ച രീതിയിൽ സംഘടിപ്പിക്കാൻ സാധിച്ചിരുന്നില്ല.

**<u>തദ്ദേശസ്വയംഭരണ വകുപ്പ്</u> (റൂറൽ)**

കഴിഞ്ഞ സാമ്പത്തിക വർഷം 81.85 ശതമാനം നികുതി പിരിച്ചെടുത്തിട്ടുണ്ട്. കുടിശ്ശികത്തുക ഈ സാമ്പത്തിക വർഷം പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**<u>തദ്ദേശസ്വയംഭരണ വകുപ്പ്</u> (അർബൻ)**

കേരളത്തിലെ നഗരസഭകൾക്ക് നികുതിയിനത്തിൽ ലഭിക്കേണ്ട നികുതികൾ പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**<u>ട്രാൻസ്പോർട്ട് വകുപ്പ്</u>**

സംസ്ഥാനം ലക്ഷ്യമിട്ട രീതിയിൽ നികുതി പിരിച്ചെടുത്തിട്ടുണ്ട്.

(സി) നികുതി പിരിച്ചെടുത്ത് തനതുനികുതി വരുമാനം വർദ്ധിപ്പിക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

നികുതി പിരിച്ചെടുത്ത് തനതുനികുതി വരുമാനം വർദ്ധിപ്പിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതുസംബന്ധിച്ച വിശദാംശങ്ങൾ വകുപ്പുതിരിച്ച് ചുവടെ ചേർക്കുന്നു.

## സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്

ജി.എസ്.ടി നിയമത്തിനനുസൃതമായി സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിനെ പുന:സംഘടിപ്പിച്ചിട്ടുണ്ട്. ഇതിലൂടെ വകുപ്പിന്റെ ആഡിറ്റ് ഇന്റലിജൻസ്&എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾ കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. നികുതിദായകർ സമർപ്പിക്കുന്ന റിട്ടേണുകൾ സൂക്ഷ്മ പരിശോധന നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. നികുതി വെട്ടിപ്പിനെ സംബന്ധിച്ച അവബോധം പൊതുജനങ്ങളിലുണ്ടാക്കുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിനും പൊതുജനങ്ങളെക്കൂടി പങ്കാളികളാക്കിക്കൊണ്ടുള്ള പല പദ്ധതികളും സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. സാങ്കേതികവിദ്യ കൂടുതലായുപയോഗപ്പെടുത്തിക്കൊണ്ട് വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടി നടപ്പാക്കിവരുന്നുണ്ട്. ജീവനക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട പരിശീലനം നൽകുന്നതിനുള്ള നടപടികളും ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു.

## ലാൻഡ് റവന്യൂ

വിവിധ സ്റ്റേയിലുൾപ്പെട്ടിരിക്കുന്ന കേസ്സുകളുടെ സ്റ്റേ ഒഴിവാക്കി പിരിവ് വരുത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചുവരുന്നു.

**എക്സൈസ് വകുപ്പ്**

എക്സൈസ് വകുപ്പിൽ അബ്കാരി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി പുതിയൊരു ആംനെസ്റ്റി സ്കീം (ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി) നിലവിൽ വന്നിട്ടുണ്ട്.

**രജിസ്ട്രേഷൻ വകുപ്പ്**

ആധാരങ്ങളുടെ അണ്ടർ വാല്യുവേഷനുമായി ബന്ധപ്പെട്ട തുക പിരിച്ചെടുക്കാനായി ഒരു കോമ്പൗണ്ടിംഗ് പദ്ധതി പ്രഖ്യാപിച്ചിരുന്നു. ടി തുക പിരിച്ചെടുക്കുന്നതിനായി പ്രസ്തുത കോമ്പൗണ്ടിംഗ് പദ്ധതിയുടെ പരാമാവധി പ്രചാരണം നടത്തുകയും അദാലത്തുകൾ സംഘടിപ്പിക്കുകയും ചെയ്തിരുന്നു.

**തദ്ദേശസ്വയംഭരണ വകുപ്പ്(റൂറൽ)**

1. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് നിശ്ചിത ഇടവേളകളിൽ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും നികുതി പിരിവ് അവലോകനം നടത്തിവരുന്നു.

2. ഓൺലൈൻ പേമെന്റ് പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

3. പിഴപ്പലിശയൊഴിവാക്കി നൽകി.

4. വാർഡുതലത്തിൽ നികുതി കളക്ഷൻ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

5. നികുതി കുടിശ്ശികയുള്ളവർക്ക് അലർട്ട് മെസേജ് നൽകുന്നതിനുള്ള സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്.

നിലവിൽ കുടിശ്ശികയുള്ള എല്ലാ നികുതിദായകർക്കും മെസേജ് അയച്ചിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ വകുപ്പ്**(അർബൻ)

കേരളത്തിലെ നഗരസഭകളിൽ വസ്തു നികുതി, തൊഴിൽ നികുതി കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാൻ നഗരസഭാ വാർഡുകൾതോറും നോട്ടീസ് വിതരണം, മൈക്ക് അനൗൺസ്മെന്റ് എന്നീ രീതികൾ വഴി വ്യാപക പ്രചരണം നടത്തി പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ അവധി ദിവസങ്ങളിലും നഗരസഭകളിൽ ക്യാഷ് കൗണ്ടറുകൾ തുറന്നുപ്രവർത്തിക്കുന്നുണ്ട്. കുടിശ്ശിക പിരിച്ചെടുക്കുന്നതിന്റെ പുരോഗതി

മേഖലാ ജോയിന്റ് ഡയറക്ടർ തലത്തിൽ അവലോകനം നടത്തി സെക്രട്ടറിമാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കുടിശ്ശികയായിട്ടുള്ള വസ്തു നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനായി നികുതി കുടിശ്ശികയിന്മേലുള്ള പിഴപ്പലിശ മാർച്ച് 31 വരെ ഒഴിവാക്കി നൽകിയിട്ടുള്ളതുമാണ്.

**<u>ട്രാൻസ്പോർട്ട് വകുപ്പ്</u>**

നികുതി കുടിശ്ശികയുള്ള വാഹന ഉടമകൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു. അതുപോലെ തന്നെ നികുതിയടയ്ക്കാതെ നിരത്തിലോടുന്ന വാഹനങ്ങൾ പിടിച്ചെടുക്കുന്നതിലും ഇത്തരം വാഹനങ്ങളിൽ നിന്ന് നികുതി പിരിച്ചെടുക്കുന്നതിന് വാഹനങ്ങൾ ലേലം ചെയ്ത് വിൽക്കുന്നതിന് നടപടി സ്വീകരിക്കാനും എല്ലാ ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. മാത്രമല്ല വകുപ്പിൽ പിരിഞ്ഞുകിട്ടാൻ സാധ്യതയില്ലാത്ത നികുതി കുടിശ്ശികയിൽ ഒരു ഭാഗമെങ്കിലും ലഭ്യമാക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കിവരുന്നുണ്ട്.

**നികുതി വെട്ടിപ്പ് തടയാൻ നടപടി**

85(2435) ഡോ. എം. കെ. മുനീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചരക്ക് സേവന നികുതി വെട്ടിപ്പിനായി ഇൻവോയിസും വ്യാജ ബില്ലും തയ്യാറാക്കി വൻ തുക കമ്മീഷൻ പറ്റുന്ന സംഘങ്ങൾ പ്രവർത്തിക്കുന്നതായി അന്വേഷണം നടത്തി, കണ്ടെത്തിയിട്ടുണ്ടോ?

ഉണ്ട്. അടയ്ക്ക, പ്ലൈവുഡ്, ഇരുമ്പ്, ആക്രി എന്നീ മേഖലകളിലാണ് മേൽപ്പറഞ്ഞ നികുതി വെട്ടിപ്പുകൾ കണ്ടെത്തിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് 4 കേസ്സുകളിൽനിന്നായി ജി.എസ്.ടി. നിയമം സെക്ഷൻ 69 പ്രകാരം 6 അറസ്റ്റുകൾ നടത്തിയിട്ടുണ്ട്. ഇതിനുപുറമെ ജി.എസ്.ടി. നിയമം സെക്ഷൻ 122, 74 പ്രകാരം നികുതി വെട്ടിപ്പുകാർക്കെതിരെ പെനാൽറ്റി, നികുതി നിർണ്ണയ നടപടി, വകുപ്പ് മേൽ കേസ്സുകളിൽ സ്വീകരിച്ചുവരികയാണ്.

(ബി) ഇത്തരം നികുതി വെട്ടിപ്പുകൾ തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ പുന:സംഘടന വഴി ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് എന്നീ വിഭാഗങ്ങളുടെ ഘടനയിൽ മാറ്റം വരുത്തിക്കൊണ്ട് നികുതി വെട്ടിപ്പുകൾ തടയാൻ നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ പുന:സംഘടന വഴി രൂപീകരിക്കപ്പെട്ട ആഡിറ്റ് വിഭാഗത്തെ കേരളത്തിലുടനീളം വിന്യസിച്ച് പ്രവർത്തനമാരംഭിച്ചിട്ടുള്ളതും ഇത് നികുതി വെട്ടിപ്പിന് തടയിടുന്നതിന് വളരെയധികം പ്രയോജനകരവുമാണ്.

## നികുതി വെട്ടിപ്പ് തടയാൻ നടപടികൾ

86(2436) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്താക്കൾ നൽകുന്ന നികുതി സർക്കാരിലെത്തുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ നിലവിൽ എന്തെങ്കിലും മാർഗ്ഗമുണ്ടോ?

ജി.എസ്.ടി സംവിധാനത്തിൽ ഉപഭോക്താക്കളിൽനിന്നും സമാഹരിക്കപ്പെടുന്ന നികുതിതുക നികുതിദായകരായ വ്യക്തികൾ (വ്യാപാരികൾ) റിട്ടേൺ മുഖേന സർക്കാരിലേയ്ക്ക് അടയ്ക്കുകയാണ് ചെയ്യുന്നത്. ഇത്തരത്തിൽ ഉപഭോക്താക്കളിൽനിന്നും സമാഹരിക്കപ്പെടുന്ന നികുതിതുക പൂർണ്ണമായും സർക്കാരിലേയ്ക്ക് അടയ്ക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള

നടപടി ജി.എസ്.ടി വകുപ്പ് സ്വീകരിച്ചുവരുന്നു. ജി.എസ്.ടി നിയമത്തെക്കുറിച്ചും സാധനമോ സേവനമോ സ്വീകരിക്കുന്ന വ്യക്തി ബിൽ/ഇൻവോയിസ് വാങ്ങേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കാൻ നിരവധി ബോധവൽക്കരണ പരിപാടികൾ വിവിധ മാധ്യമങ്ങൾ വഴി വകുപ്പ് നടപ്പാക്കിവരുന്നു. ഇതുകൂടാതെ ബിൽ ആവശ്യപ്പെടുന്നത് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 'ലക്കിബിൽ' പോലുള്ള സമ്മാന പദ്ധതികളും വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. ലക്കിബിൽ മൊബൈൽ ആപ്പ് കൂടുതൽ ആകർഷകമാക്കുന്നതിനായി കൂടുതൽ ബില്ലുകൾ അപ്‌ലോഡ് ചെയ്യുന്ന ഉപഭോക്താക്കൾക്ക് കൂടുതൽ സമ്മാനം നൽകുന്നതിനോടൊപ്പം സമ്മാനാർഹമായ ബില്ലുകൾ നൽകിയ വ്യാപാരികൾക്കും സമ്മാനം ലഭ്യമാക്കുന്ന രീതിയിൽ സമ്മാനഘടനയിൽ മാറ്റം വരുത്തുന്നതിനുള്ള നടപടി പൂർത്തിയായി വരുന്നു. കൂടാതെ, ലക്കിബിൽ മൊബൈൽ ആപ്പിന്റെ പ്രചാരം വർദ്ധിപ്പിക്കുന്നതിനായി പ്രതിദിന, പ്രതിവാര, പ്രതിമാസ നറുക്കെടുപ്പുകൾ ജില്ലകളിൽവച്ച് നടത്തുന്നതിനുള്ള ഒരുക്കങ്ങളും നടന്നുവരുന്നു. കെ.എസ്.ജി.എസ്.ടി നിയമം 2017, വകുപ്പ് 31 പ്രകാരം ഒരു രജിസ്റ്റേർഡ് ടാക്സബിൾ പേഴ്സൺ നികുതി വിധേയമായ ഉല്പന്നങ്ങൾ

റെസിപ്പിയന്റിന് കൈമാറുന്ന സമയത്തുതന്നെ കൃത്യമായ ടാക്സ് ഇൻവോയിസും നൽകാൻ ബാധ്യസ്ഥനാണ്. ജി.എസ്.ടി നിയമപ്രകാരം വ്യാപാരികൾ കൃത്യമായി ബിൽ നൽകുന്നുണ്ടെന്നുറപ്പുവരുത്തുന്നതിനുവേണ്ടി ടെസ്റ്റ് പർച്ചെയ്സുകൾ നടത്താനുള്ള നിർദ്ദേശം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് നൽകിയിട്ടുണ്ട്. അതോടൊപ്പം 10 കോടി രൂപയ്ക്കുമേൽ വിറ്റുവരവുള്ള B2B ഡീലേഴ്സിന് ഇ-ഇൻവോയിസ് നിർബന്ധമാക്കുകയും ചെയ്തിട്ടുണ്ട്. ഇ-ഇൻവോയിസ് നിർബന്ധമാക്കിയ മേഖലകൾ വിപുലപ്പെടുത്തുന്നതിനും, വിറ്റുവരവ് പരിധി 10 കോടി രൂപയെന്നത് കുറയ്ക്കുന്നതിനും സർക്കാർ ജി.എസ്.ടി. യുമായി ബന്ധപ്പെട്ട കമ്മിറ്റികളിൽ ആവശ്യമുന്നയിച്ചിട്ടുണ്ട്.

(ബി) ഏതുതരം ജി.എസ്.ടി. രജിസ്ട്രേഷനുള്ള സ്ഥാപനങ്ങൾക്കാണ് ജി.എസ്.ടി പിരിച്ചെടുക്കുന്നതിന് അർഹതയുള്ളതെന്ന് അറിയിക്കാമോ?

സി.ജി.എസ്.ടി/എസ്.ജി.എസ്.ടി. നിയമത്തിന്റെ വകുപ്പ് 9(1) പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട നികുതിദായകർക്കാണ് ഉപഭോക്താക്കളിൽനിന്നും ജി. എസ്.ടി. പിരിച്ചെടുക്കുന്നതിന് അർഹതയുള്ളത്.

(സി) തങ്ങൾ നൽകിയ ജി.എസ്.ടി. സർക്കാരിൽ അടയ്ക്കുന്നുണ്ടെന്ന് ഉപഭോക്താവിന് ഉറപ്പുവരുത്താൻ വെബ്സൈറ്റ് പരിശോധിക്കുന്നതിന് സാധിക്കുന്ന സംവിധാനമേർപ്പെടുത്താമോ?

ജി.എസ്.ടി. പോർട്ടലിന്റെ മുഴുവൻ ഐ.ടി. സംവിധാനവും കൈകാര്യം ചെയ്യുന്നത് ഗുഡ്സ് ആൻഡ് സർവീസ് ടാക്സ് നെറ്റ് വർക്ക് (GSTN) എന്ന നോൺ ഗവൺമെന്റ് നോൺ പ്രോഫിറ്റ് സ്ഥാപനമാണ്. ടാക്സ് ഓഫീസേഴ്സിനുള്ള ബാക് ഓഫീസ് സംവിധാനവും നികുതിദായകർക്കുള്ള ഫ്രണ്ട് എൻഡ് സേവനവും (രജിസ്ട്രേഷൻ, റിട്ടേൺ ഫയലിംഗ്, നികുതിയൊടുക്കൽ മുതലായവ) നൽകുന്നത് ജി.എസ്.ടി.എൻ. ആണ്. നിലവിൽ ഫ്രണ്ട് എൻഡ് സേവനങ്ങൾക്കായുള്ള www.gstgov.in എന്ന സൈറ്റിൽ ജി.എസ്.ടി രജിസ്ട്രേഷൻ നമ്പർ (GSTIN) ഉപയോഗിച്ച് ഏതൊരു ടാക്സ് പേയറുടേയും വിവരങ്ങൾ, റിട്ടേൺ ഫയലിംഗ് തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാണ്. നിലവിൽ റിട്ടേണിനോടൊപ്പം ഉപഭോക്താവിന്റെ ബിൽ അപ്‌ലോഡ് ചെയ്യുന്നതിന് ജി.എസ്.ടി നിയമത്തിൽ നിഷ്കർഷിച്ചിട്ടില്ലാത്തതിനാൽ ഈ പരിശോധന നടത്തുന്നതിന് പരിമിതികളുണ്ട്. ഇതോടൊപ്പം ടാക്സ് ഇൻവോയിസുകളുംകൂടി പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ടോയെന്ന

കാര്യം ജി.എസ്.ടി. കൗൺസിലിൽ പരിശോധിച്ച് തീരുമാനമെടുക്കേണ്ടതാണ്. ആയതിൽ സംസ്ഥാനങ്ങൾക്ക് മാത്രമായി തീരുമാനം കൈക്കൊള്ളാൻ സാധ്യമല്ല.

## ജി.എസ്.ടി. വകുപ്പിന്റെ പുനഃസംഘടന

87(2437) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയത് എന്ന് മുതലാണെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് ജി.എസ്.ടി നടപ്പിലാക്കിയത് 01/07/2017 മുതലാണ്.

(ബി) സംസ്ഥാനത്ത് ജി.എസ്.ടി. വകുപ്പിന്റെ പുന:സംഘടന പൂർത്തീകരിച്ചിട്ടില്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടിക്രമങ്ങളാണ് ഇനി പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ?

02-08-2022-ലെ സ.ഉ(എം.എസ്) നം. 55/2022/TAXES, തീയതി, 29-12-2022-ലെ സ.ഉ (എം.എസ്) നം. 106/2022/ടാക്സസ് എന്നിവ പ്രകാരം സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിനെ പുന:സംഘടിപ്പിച്ച്

സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം വകുപ്പിൽ പുന:സംഘടന നടപ്പിൽവരുത്തിയിട്ടുണ്ട്.

(സി) ജി.എസ്.ടി. വകുപ്പിന്റെ പുന:സംഘടനയുടെ ഭാഗമായി എന്തെല്ലാം മാറ്റങ്ങളാണ് വകുപ്പിലുണ്ടായിട്ടുള്ളതെന്ന് അറിയിക്കാമോ; പുന:സംഘടന പൂർത്തിയാകുന്നതോടെ നികുതിദായകർക്കായുള്ള നടപടിക്രമങ്ങളിൽ എന്തെങ്കിലും മാറ്റങ്ങളുണ്ടാകുമോ; വിശദാംശം അറിയിക്കുമോ?

രാജ്യത്ത് ജി.എസ്.ടി നിയമം നിലവിൽ വന്നതിനുശേഷം പുതിയ നികുതി ഘടനയിലേയ്ക്ക് കേരള സംസ്ഥാനവും മാറുകയുണ്ടായി. സംസ്ഥാന നികുതി വരുമാനത്തിന്റെ ഗണ്യമായ അംശം നൽകുന്ന വകുപ്പാണ് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്. പുതിയ നികുതി സംവിധാനം നടപ്പിലായതോടെ നികുതി ഭരണ സംവിധാനത്തിലും കാതലായ മാറ്റങ്ങൾ അനിവാര്യമാണ്. ഈ പശ്ചാത്തലത്തിലാണ് നികുതി സംവർദ്ധനയ്ക്കും അതിന്റെ നിർവ്വഹണത്തിനുമുതകുന്ന തരത്തിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തി വരുമാനമാർഗ്ഗം ശക്തിപ്പെടുത്തുന്നതിനായി വകുപ്പ് പുന:സംഘടനയ്ക്കുള്ള നടപടികളാരംഭിക്കുന്നത്. ജി.എസ്.ടി നിയമത്തിനനുസരിച്ച് വകുപ്പിന്റെ പുന:സംഘടന നടത്തേണ്ടതിന്റെ

ആവശ്യകതയുൾക്കൊണ്ടുകൊണ്ടാണ് വകുപ്പ് പുന:സംഘടനക്കായുള്ള ഉന്നതതല കമ്മിറ്റി 2018-ൽ രൂപീകരിച്ചിട്ടുള്ളത്. ജി.എസ്.ടി നിയമത്തിനനുസൃതമായ രീതിയിൽ വകുപ്പിന്റെ ഘടന രൂപീകരണത്തിനും ജീവനക്കാരുടെ വിന്യാസത്തിനും ജി.എസ്.ടി നിയമപ്രകാരമുള്ള പുതിയ ചുമതലകൾ ജി.എസ്.ടി കൗൺസിൽ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ശിപാർശകൾക്കനുസരിച്ച് നിർവചിക്കുന്നതിനും ദീർഘവും വിശദവുമായ ചർച്ചകളാവശ്യമായിരുന്നു. മികച്ച നികുതിദായക സേവനങ്ങൾ നൽകുന്നതിനും സംസ്ഥാനത്ത് ബിസിനസ്സ് ചെയ്യുന്നത് എളുപ്പമാക്കുന്നതിനും നികുതിവരുമാനം വർദ്ധിപ്പിക്കുന്നതിനും വകുപ്പിലെ പ്രൊഫഷണലിസവും സ്പെഷ്യലൈസേഷനും വർദ്ധിപ്പിക്കുന്നതിനും നടപടിക്രമങ്ങൾ ലളിതമാക്കുന്നതിലേക്കുംവേണ്ടി വിഭാവന ചെയ്തുകൊണ്ടുള്ള സമഗ്രമായൊരു പുന:സംഘടനാനിർദ്ദേശമാണ് തയ്യാറാക്കിയിട്ടുള്ളത്.

വിശദമായ ശിപാർശയുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് 02-08-2022-ലെ സ.ഉ.(എം.എസ്) നം.55/2022/TAXES, 29-12-2022-ലെ സ.ഉ (എം.എസ്) നം. 106/2022/ടാക്സസ് എന്നിവപ്രകാരം സംസ്ഥാന ചരക്ക് സേവന നികുതി

വകുപ്പിനെ പുന:സംഘടിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ഇതുപ്രകാരം വകുപ്പിൽ പുന:സംഘടന നടപ്പിൽ വരുത്തിയിട്ടുണ്ട്.

ടാക്സ്പേയർ സേവന വിഭാഗം, ആഡിറ്റ് വിഭാഗം, എൻഫോഴ്സ്മെന്റ് ആൻഡ് ഇന്റലിജൻസ് വിഭാഗം എന്നീ മൂന്ന് വിഭാഗങ്ങളായാണ് വകുപ്പിനെ പുന:സംഘടിപ്പിച്ചിട്ടുള്ളത്. ജി.എസ്.ടി സംവിധാനം പൂർണ്ണമായും ഓൺലൈൻ അധിഷ്ഠിതമാണ്. സമഗ്രമായ ഒരു പുന:സംഘടന വിഭാവന ചെയ്തതുവഴി നിലവിലുള്ള സംവിധാനങ്ങൾ ജി.എസ്.ടി നിയമപ്രകാരം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും പ്രൊഫഷണലായ പരിശീലനം ജീവനക്കാർക്ക് നൽകിയും സാങ്കേതികവിദ്യയുടെ സാധ്യതകളുപയോഗപ്പെടുത്തിയും നികുതിദായകർക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും കാര്യക്ഷമമായി നികുതി നിർവഹണം സാധ്യമാക്കുന്നതിനും കഴിയും.

(ഡി) ജി.എസ്.ടി. വകുപ്പ് പുന:സംഘടനയുടെ ഭാഗമായി സർക്കാരിനുണ്ടായിട്ടുള്ള ആകെ ചെലവ് എത്ര രൂപയാണെന്ന് ഇനം തിരിച്ച് ലഭ്യമാക്കുമോ?

ജി.എസ്.ടി വകുപ്പ് പുന:സംഘടനയുടെ ഭാഗമായി സർക്കാരിന് അധിക ചെലവുണ്ടായിട്ടില്ല.

(ഇ) ജി.എസ്.ടി. വകുപ്പ് പുന:സംഘടനയുടെ ഭാഗമായി വകുപ്പിൽ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ ആകെ എത്ര തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളതെന്ന് തസ്തികയുടെ പേര്, ഓരോ തസ്തികയിലെയും ശമ്പള നിരക്കുൾപ്പെടെയുള്ള കണക്ക് ലഭ്യമാക്കുമോ?

ജി.എസ്.ടി വകുപ്പിൽ പുന:സംഘടനയുടെ ഭാഗമായി തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിൻപ്രകാരം സ്റ്റേറ്റ് ടാക്സ് ഓഫീസറുടെ 24 തസ്തിക അപ്ഗ്രേഡ് ചെയ്ത് ഡെപ്യൂട്ടി കമ്മീഷണർ തസ്തികകളും ഹെഡ് ക്ലാർക്ക്/സീനിയർ ക്ലാർക്ക് തസ്തിക അപ്ഗ്രേഡ് ചെയ്ത് 380 അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

| തസ്തിക | ശമ്പള നിരക്ക് |
|---|---|
| ഡെപ്യൂട്ടി കമ്മീഷണർ | 63700 -123700/- |
| അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ | 43400 -91200/- |

**ജി.എസ്.ടി. വരുമാനം വർദ്ധിപ്പിക്കാൻ നടപടി**

88(2438) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>:
<u>ശ്രീ. അബ്ദുൽ ഹമീദ് പി</u>:
<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി. നിലവിൽ വന്നശേഷം സർക്കാർ പ്രതീക്ഷിച്ച രീതിയിൽ വരുമാനം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ?

ചരക്കുകളും സേവനങ്ങളും ഉപഭോഗം ചെയ്യപ്പെടുന്ന സ്ഥലത്തെ അടിസ്ഥാനമാക്കിയുള്ള ജി.എസ്.ടി നികുതി സമ്പ്രദായം ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് വലിയ നേട്ടമായിരിക്കുമെന്നാണ് പ്രതീക്ഷിച്ചതെങ്കിലും നികുതി പിരിവിൽ പ്രതീക്ഷിച്ച വർദ്ധനയുണ്ടായിട്ടില്ല. ജി.എസ്.ടി വന്നതോടുകൂടി സംസ്ഥാനങ്ങൾക്ക് നികുതി നിയമത്തിന്മേൽ ഒറ്റയ്ക്ക് തീരുമാനമെടുക്കാൻ കഴിയാതായി. ജി.എസ്.ടി തുടക്കത്തിൽ വിഭാവന ചെയ്തിരുന്ന ഓൺലൈൻ റിട്ടേൺ സംവിധാനം പൂർണ്ണമായും നടപ്പിലാക്കാൻ കഴിയാതെവന്നതും കോവിഡും പ്രകൃതിദുരന്തങ്ങളുമേൽപ്പിച്ച ആഘാതങ്ങളും ജി.എസ്.ടി വരുമാനം പ്രതീക്ഷിച്ച തോതിൽ വർദ്ധിക്കാത്തതിന് കാരണമായി.

ജി.എസ്.ടി-യുടെ തുടക്കത്തിൽ സാധനങ്ങളുടെയും സേവനങ്ങളുടെയും നിരക്കുകൾ നിശ്ചയിച്ചത് റവന്യൂ ന്യൂട്രൽ റേറ്റ് ഏകദേശം പതിനഞ്ചുശതമാനം ആകത്തക്കവിധത്തിലായിരുന്നു. വാറ്റ് സമ്പ്രദായത്തിൽ ഇത് 14.5 ശതമാനമായിരുന്നു. എന്നാൽ പിന്നീട് തുടർച്ചയായി നികുതി

നിരക്കുകളിൽ കുറവുവരുത്തുകയും നിലവിൽ റവന്യൂ ന്യൂട്രൽ നിരക്ക് പതിനൊന്ന് ശതമാനത്തോളമായി കുറയുകയും ചെയ്തു. ഇത് സംസ്ഥാനത്തെ പ്രതികൂലമായി ബാധിക്കുകയും ജി.എസ്.ടി. വരുമാനം കുറയുന്നതിന് കാരണമാവുകയും ചെയ്തിട്ടുണ്ട്.

ജി.എസ്.ടി. നിയമം നടപ്പിൽ വരുത്തിയപ്പോൾ സംസ്ഥാനങ്ങൾക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിന് നൂറ്റിയൊന്നാം ഭരണഘടനാ ഭേദഗതിപ്രകാരം കോമ്പൻസേഷൻ കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്ക് നൽകണമെന്ന വ്യവസ്ഥ നടപ്പാക്കിയിരുന്നു. ഈ നഷ്ടപരിഹാര കാലാവധി 2022 ജൂണിൽ അവസാനിച്ചു.

രാജ്യമൊട്ടാകെ ജി.എസ്.ടി. വരുമാനത്തിലുണ്ടായ വളർച്ചയ്ക്കാനുപാതികമായ വളർച്ച ജി.എസ്.ടി. വരുമാനത്തിൽ കേരളത്തിലുമുണ്ടാകുന്നുണ്ട്. എന്നാൽ ജി.എസ്.ടി. നഷ്ടപരിഹാര നിയമത്തിൽ പറഞ്ഞിരിക്കുന്നതുപ്രകാരമുള്ള 14 ശതമാനം നികുതി വർദ്ധന ഇതുവരെ പ്രാപ്യമായിട്ടില്ല.

(ബി) ജി.എസ്.ടി. വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ജി.എസ്.ടി. നിയമത്തിനനുസൃതമായി സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിനെ പുന:സംഘടിപ്പിച്ചിട്ടുണ്ട്. ഇതിലൂടെ വകുപ്പിന്റെ ഓഡിറ്റ്, ഇന്റലിജൻസ്&എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾ കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. നികുതിദായകർ സമർപ്പിക്കുന്ന റിട്ടേണുകൾ സൂക്ഷ്മ പരിശോധന നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. നികുതി വെട്ടിപ്പിനെ സംബന്ധിച്ച അവബോധം പൊതുജനങ്ങളിലുണ്ടാക്കുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിന് പൊതുജനങ്ങളെക്കൂടി പങ്കാളികളാക്കിക്കൊണ്ടുള്ള പല പദ്ധതികളും സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. സാങ്കേതികവിദ്യ കൂടുതലായി ഉപയോഗപ്പെടുത്തിക്കൊണ്ട് വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. ജീവനക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട പരിശീലനം നൽകുന്നതിനുള്ള പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു.

## ലക്കി ബിൽ മൊബൈൽ ആപ്പ്

89(2439) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജി.എസ്.ടി. വകുപ്പ് നടപ്പാക്കിവരുന്ന ലക്കി ബിൽ മൊബൈൽ ആപ്പിലൂടെ ഇതുവരെ എത്രപേർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന ജി.എസ്.ടി. വകുപ്പ് നടപ്പാക്കിവരുന്ന ലക്കി ബിൽ മൊബൈൽ ആപ്പിലൂടെ ഇതുവരെ 1650 പേർക്ക് 'കുടുംബശ്രീ' നൽകുന്ന ഗിഫ്റ്റ് പായ്ക്കറ്റുകളും 1619 പേർക്ക് 'വനശ്രീ' നൽകുന്ന വനവിഭവങ്ങളടങ്ങുന്ന ഗിഫ്റ്റ് പായ്ക്കറ്റുകളും നൽകിയിട്ടുണ്ട്. കൂടാതെ, ഓഗസ്റ്റ് മാസത്തിലെ ക്യാഷ് പ്രൈസ് വിജയികൾക്ക് ഒന്നാം സമ്മാനമായി ഒരാൾക്ക് പത്തുലക്ഷം രൂപയും രണ്ടാം സമ്മാനമായി അഞ്ചുപേർക്ക് രണ്ടുലക്ഷം രൂപാവീതവും മൂന്നാം സമ്മാനമായി അഞ്ചുപേർക്ക് ഒരു ലക്ഷം രൂപാവീതവും നൽകി. സെപ്റ്റംബർ മാസത്തിലും ക്യാഷ് പ്രൈസ് വിജയികൾക്ക് ഒന്നാംസമ്മാനമായി ഒരാൾക്ക് പത്തുലക്ഷം രൂപയും രണ്ടാം സമ്മാനമായി അഞ്ചുപേർക്ക് രണ്ടുലക്ഷം രൂപാവീതവും മൂന്നാം സമ്മാനമായി അഞ്ചുപേർക്ക് ഒരു ലക്ഷം രൂപാവീതവും നൽകി. കൂടാതെ സെപ്റ്റംബർ മാസത്തിൽ നടന്ന ബമ്പർ നറുക്കെടുപ്പിലൂടെ 25 ലക്ഷം രൂപയും ക്യാഷ് പ്രൈസായി നൽകുകയുണ്ടായി.

(ബി) ലക്കി ബിൽ മൊബൈൽ ആപ്പ് വഴി അപ്‌ലോഡ് ചെയ്യുന്ന ബില്ലുകളുടെ എണ്ണം എത്ര ശതമാനം ഉയർന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ലക്കി ബിൽ സമ്മാന പദ്ധതി തുടങ്ങിയ 2022 ആഗസ്റ്റ് മാസത്തിൽ 110622 ബില്ലുകളാണ് അപ് ലോഡ് ചെയ്തത്. ഇതുവരെ 1074920 ബില്ലുകൾ അപ്‌ലോഡ് ചെയ്തുകഴിഞ്ഞു.

(സി) ലക്കി ബിൽ മൊബൈൽ ആപ്പിന്റെ ഉപയോഗവും പ്രവർത്തനവും സംബന്ധിച്ച് വിശദമാക്കാമോ?

പൊതുജനങ്ങൾ വാങ്ങുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും ബില്ലുകൾ നേരിട്ട് വകുപ്പിന് ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് പുറത്തിറക്കിയ മൊബൈൽ ആപ്ലിക്കേഷനാണ് 'ലക്കി ബിൽ മൊബൈൽ ആപ്പ്'. സാധനങ്ങളും സേവനങ്ങളും വാങ്ങുമ്പോൾ ബില്ല് ചോദിച്ചുവാങ്ങാൻ പൊതുജനങ്ങളെ പ്രേരിപ്പിക്കുന്നതോടൊപ്പം കൃത്യമായ ബില്ല് നൽകാൻ വ്യാപാരികളെ നിർബന്ധിതരാക്കുകയും ചെയ്യുന്നു.

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ വെബ്സൈറ്റിൽനിന്നോ ഗൂഗിൾ പ്ലേസ്റ്റോറിൽനിന്നോ ലക്കി ബിൽ

മൊബൈൽ ആപ്പ് ഡൗൺലോഡ് ചെയ്യാവുന്നതാണ്. ആൻഡ്രോയിഡ് 8-ന് മുകളിലുള്ള എല്ലാ ഫോണുകളിലും ഇത് ഇൻസ്റ്റാൾ ചെയ്യാവുന്നതാണ്. ആൻഡ്രോയിഡ് മൊബൈൽ ഫോൺ ഉപയോഗിക്കാൻ അറിയാവുന്ന ഏതൊരാൾക്കും വളരെ ലളിതമായിതന്നെ ബില്ലുകൾ അപ്‌ലോഡ് ചെയ്യാനാവും. ആപ്പ് വഴി ഫോട്ടോയെടുത്ത് കഴിയുമ്പോൾതന്നെ ബില്ലിലെ ജി.എസ്.ടി. നമ്പർ, ഇൻവോയിസ് നമ്പർ, തീയതി, ഇൻവോയിസ് തുക എന്നിവ ഓട്ടോമാറ്റിക്കായിത്തന്നെ അപ്‌ലോഡാകും. ഏതെങ്കിലും വിവരങ്ങൾ ഓട്ടോമാറ്റിക്കായി എടുക്കാതിരിക്കുകയോ തെറ്റായി എടുക്കുകയോ ചെയ്താൽ വിവരങ്ങൾ തിരുത്തി സമർപ്പിക്കാവുന്നതാണ്. പ്രതിദിന, പ്രതിവാര, പ്രതിമാസ നറുക്കെടുപ്പിലൂടെയും ബമ്പർ നറുക്കെടുപ്പിലൂടെയും സമ്മാനങ്ങൾ നൽകിവരുന്നു. കേരളത്തിൽ ജി.എസ്.ടി. രജിസ്ട്രേഷനുള്ള വ്യാപാരികളിൽനിന്നും ലഭിക്കുന്ന ബില്ലുകൾ മാത്രമെ സമ്മാനത്തിന് പരിഗണിക്കുകയുള്ളൂ. വ്യാപാരാവശ്യത്തിനായി നൽകുന്ന B2B ബില്ലുകൾ സമ്മാനത്തിന് പരിഗണിക്കാറില്ല.

(ഡി) പ്രസ്തുത പദ്ധതി വരുംകാലങ്ങളിലും തുടരുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ?

ലക്കി ബിൽ സമ്മാന പദ്ധതി വരും കാലങ്ങളിലും തുടരുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

## സംസ്ഥാന ജി.എസ്.റ്റി. വകുപ്പിലെ ആരോപണ വിധേയനായ ഉദ്യോഗസ്ഥൻ

90(2440) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജി.എസ്.ടി. കമ്മീഷണറേറ്റിൽ നിലവിൽ ഡെപ്യൂട്ടി കമ്മീഷണർ (പേഴ്സണൽ ഡിവിഷൻ) തസ്തികയിൽ ജോലി ചെയ്തുവരുന്ന ഉദ്യോഗസ്ഥൻ ഇതിനുമുമ്പ് തിരുവനന്തപുരത്ത് ഇന്റലിജൻസ് ഓഫീസർ സ്ക്വാഡ് 5-ൽ ജോലി ചെയ്തുവരവേ ടിയാനെതിരായി നിരവധി പരാതികളുണ്ടെന്ന് പറയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ പരാതികൾ അന്വേഷിച്ച അഡീഷണൽ കമ്മീഷണർ പ്രസ്തുത ഉദ്യോഗസ്ഥനെതിരെ നടപടിക്ക് ശിപാർശ ചെയ്തുകൊണ്ട് ടാക്സസ് സെക്രട്ടറിക്ക് 28-12-2018-ൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ടി റിപ്പോർട്ടിലെ കണ്ടെത്തലുകളിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഇതുമായി ബന്ധപ്പെട്ട പരാതികളിന്മേൽ അന്വേഷണം നടത്തി 28-12-2018-ലെ CT/20421/2017-A5 കത്തുപ്രകാരം റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ ടിയാനെതിരായ പരാതികളെല്ലാം വ്യക്തമായ മേൽവിലാസം രേഖപ്പെടുത്താത്ത വ്യാജ പരാതികളാണെന്ന് കണ്ടെത്തിയതിന്റെയും കൂടാതെ അനധികൃത സ്വത്ത് സമ്പാദനം വിജിലൻസ് വകുപ്പ് അന്വേഷിക്കുന്നുണ്ടെന്നതിനാലും ടിയാനെതിരെ വകുപ്പുതല നടപടികളൊന്നുംതന്നെ സ്വീകരിച്ചിട്ടില്ല.

(സി) ടാക്സസ് (ഡി) ഡിപ്പാർട്ട്മെന്റിൽ ഇതുസംബന്ധിച്ചുള്ള ഫയലിന്റെ നമ്പർ ലഭ്യമാക്കുമോ;

(ഡി) ടി ഫയലിന്റെ നോട്ട് ഫയൽ, ഡ്രാഫ്റ്റ് നടപടിക്രമങ്ങൾ എന്നിവയുടെ പകർപ്പ് ലഭ്യമാക്കുമോ?

(സി&ഡി) ഡി1/89/2018-നികുതി നമ്പർ ഫയൽ.

(ഇ) നികുതി വകുപ്പിൽ പുന:ക്രമീകരണവുമായി ബന്ധപ്പെട്ട് നടന്ന സ്ഥലംമാറ്റങ്ങളിൽ ജീവനക്കാരെ മാനദണ്ഡങ്ങൾക്കുവിരുദ്ധമായി സ്ഥലം മാറ്റിയെന്നുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പരാതികൾ

പരിഹരിക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

ജി.എസ്.ടി. നിയമം നിലവിൽ വന്നതിനുശേഷം ഇന്ത്യയിൽ നികുതി വകുപ്പിനെ സമഗ്രമായും ആധികാരികമായും പുന:സംഘടിപ്പിച്ചിട്ടുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം. നികുതിദായകരുടെ എണ്ണത്തെ അടിസ്ഥാനമാക്കിയാണ് ഓരോ ജില്ലയിലെയും ഓഫീസുകളും ജീവനക്കാരുടെ സാങ്ഷൻഡ് സ്ട്രെങ്ത്തും നിശ്ചയിച്ചിട്ടുള്ളത്. ഇത് ജില്ലകളിൽ മുമ്പുണ്ടായിരുന്ന ജീവനക്കാരുടെ സാങ്ഷൻഡ് സ്ട്രെങ്ത് കൂടുന്നതിനോ കുറയുന്നതിനോ കാരണമായിട്ടുണ്ട്. പുന:സംഘടനയുടെ ഭാഗമായി ഇത്തരത്തിൽ പുതിയ ഓഫീസുകളിലേയ്ക്ക് ജീവനക്കാരെ പുനർവിന്യസിക്കേണ്ടിവന്നു. സർക്കാർ മാനദണ്ഡങ്ങളനുസരിച്ചും അനുകമ്പാർഹമായ മറ്റുകാര്യങ്ങൾ പരിഗണിച്ചും നികുതിപിരിവ് കാര്യക്ഷമമാക്കുന്നതിന് അനുയോജ്യരായ ഉദ്യോഗസ്ഥരെ പരിഗണിച്ചുമാണ് പുനർവിന്യാസം പൂർത്തിയായിട്ടുള്ളത്. സമയബന്ധിതമായി ജീവനക്കാരുടെ പുനർവിന്യാസം പൂർത്തീകരിക്കേണ്ടിവന്നപ്പോൾ ജീവനക്കാർക്കുണ്ടായ ചെറിയ അസൗകര്യങ്ങളും പരാതികളും പരിശോധിച്ച് പരിഹരിക്കാൻവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

## പുതുക്കാട് സബ്ട്രഷറി ഓഫീസ് നിർമ്മാണം

91(2441) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് സബ്ട്രഷറി ഓഫീസ് കെട്ടിടനിർമ്മാണത്തിനായി നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ ബജറ്റിൽ പത്തുകോടി രൂപ അനുവദിച്ച പുതുക്കാട് മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന്റെ ഭാഗമായി പുതുക്കാട് സബ്ട്രഷറി ഓഫീസ് കെട്ടിടനിർമ്മാണംകൂടി ഉൾപ്പെടുത്തുന്നതിനും ട്രഷറിക്കായി അനുവദിച്ച തുകകൂടി ഉപയോഗപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) പുതുക്കാട് മണ്ഡലത്തിൽ നിർമ്മിക്കുന്ന മിനി സിവിൽ സ്റ്റേഷനിൽ പുതുക്കാട് സബ്ട്രഷറിക്ക് സ്ഥലം നൽകുന്നതിന് തീരുമാനമായിട്ടുണ്ട്. പ്രസ്തുത നിർമ്മാണത്തിനായി പ്രത്യേക ഫണ്ട് ട്രഷറി വകുപ്പിന്റെ ശീർഷകത്തിൽ അനുവദിച്ചിട്ടില്ല.

## ട്രഷറിയിലെ സ്ഥിരനിക്ഷേപങ്ങൾ

92(2442) ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നാഷണലൈസ്ഡ് ബാങ്കുകളുടെ സ്ഥിരനിക്ഷേപങ്ങൾക്ക് പലിശ ഉയർത്തിയ സാഹചര്യത്തിൽ ട്രഷറിയിലെ സ്ഥിരനിക്ഷേപങ്ങൾ കുറഞ്ഞത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ട്രഷറിയിലെ സ്ഥിരനിക്ഷേപങ്ങൾക്ക് പലിശയുയർത്തി നിക്ഷേപങ്ങളാകർഷിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ദേശസാൽകൃത ബാങ്കുകളുടെ സ്ഥിരനിക്ഷേപങ്ങൾക്ക് പലിശയുയർത്തിയത് കാരണം ട്രഷറി സ്ഥിരനിക്ഷേപങ്ങളിൽ പ്രകടമായ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കരാറുകാർക്ക് കുടിശിക നൽകുന്നതിനുള്ള നടപടി**

93(2443) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറിയിൽനിന്നും ഇരുപത്തിയഞ്ച് ലക്ഷം രൂപയിൽ കൂടുതലുള്ള ബില്ലുകൾ മാറാൻ പറ്റാത്ത സാഹചര്യം നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) കരാറുകാരടക്കമുള്ളവർക്ക് ഇരുപത്തിയഞ്ച് ലക്ഷത്തിൽ കൂടുതലുള്ള ബില്ലുകൾ ട്രഷറിയിൽനിന്നും മാറാൻ കഴിയാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ എന്തെങ്കിലും നിർദ്ദേശം നിലവിലുണ്ടോ; എങ്കിലെപ്പോഴാണ് ഇത്തരത്തിൽ നിർദ്ദേശം നൽകിയതെന്ന് വ്യക്തമാക്കാമോ?

(എ&ബി) ദൈനംദിന വരുമാനവും ചെലവും ക്രമപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ സാധാരണഗതിയിൽ കാലങ്ങളായി നടപ്പാക്കിവരുന്നതാണ്. അതേസമയം വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറേക്കാലമായി സംസ്ഥാനം അനുഭവിച്ചുപോരുന്നുണ്ട്. ഇതിന് പരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ദൈനംദിന മാനേജ്മെന്റിനുവേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തുമെടുക്കുന്നതിനപ്പുറം അധിക നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. അതേസമയം, വികസന ക്ഷേമ പ്രവർത്തനങ്ങൾ ഭംഗം കൂടാതെ മുന്നോട്ടുകൊണ്ടുപോകുന്നതിന് പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബില്ലുകൾക്ക് നിയന്ത്രണങ്ങളൊന്നും

ഏർപ്പെടുത്തിയിട്ടില്ല. കരാറുകാരുടെ ബില്ലുകൾക്ക് ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റമേർപ്പെടുത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക എത്രയാണെന്നും അപ്രകാരം എത്ര കാലത്തെ കുടിശ്ശിക നൽകാനുണ്ടെന്നും ജില്ല തിരിച്ച് വിശദാംശം നൽകുമോ;

(ഡി) കാസർഗോഡ് വികസന പാക്കേജിൽനിന്ന് തുക അനുവദിച്ച് പൂർത്തിയാക്കിയ പ്രവൃത്തികളുടെ ബില്ലുകൾ മാറികിട്ടാൻ കരാറുകാർക്ക് പ്രയാസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ചെയ്ത പ്രവൃത്തികൾക്ക് പണം നൽകാൻ ബാക്കിയുണ്ടോ; എങ്കിൽ എത്ര തുക കുടിശ്ശികയുണ്ടെന്നും എത്ര കാലത്തെ കുടിശ്ശിക നൽകേണ്ടതുണ്ടെന്നും പ്രവൃത്തിയും കരാറുകാരനും തിരിച്ച് വിശദാംശം നൽകുമോ?

(സി-ഇ) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും സമയക്രമം നിശ്ചയിച്ചുമാണ് കരാറുകാരുടെ ബില്ലുകൾ തീർപ്പാക്കിവരുന്നത്. ആയതിനാൽ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല. ഇപ്രകാരം ബില്ലുകൾ

തീർപ്പാക്കുന്നതിനാവശ്യമായ അധികതുക അനുവദിച്ച് ബില്ലുകൾ നിശ്ചിത സമയത്ത് തീർപ്പാക്കിവരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിൽ 2022 മെയ് മാസം വരെയും ജലവിഭവം, ഹാർബർ എഞ്ചിനീയറിംഗ് എന്നീ വകുപ്പുകളിൽ 2022 ഒക്ടോബർ മാസം വരെയുമുള്ള ബില്ലുകൾ മാറി നൽകിയിട്ടുണ്ട്. ഒരു നിശ്ചിത തുക അധികരിക്കുന്ന ബില്ലുകൾ ബി.ഡി.എസ്. വഴി മാറി നൽകിവരുന്നു.

## ലോട്ടറി ഏജന്റുമാരുടെ ടി.ഡി.എസ് കുടിശ്ശിക

94(2444) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലോട്ടറി ഏജന്റുമാർ രണ്ടുവർഷം മുമ്പുള്ള ടി.ഡി.എസ്. കുടിശ്ശിക അടയ്ക്കണമെന്ന നിർദ്ദേശത്തിന്മേൽ ആദായനികുതി വകുപ്പും ലോട്ടറി വകുപ്പും സ്വീകരിച്ച നടപടി വിശദമാക്കാമോ?

കേന്ദ്ര ധന നിയമം വകുപ്പ് 206 C (1H) പ്രകാരം 1-10-2020 മുതൽ ഒരു സാമ്പത്തികവർഷത്തിൽ 50 ലക്ഷം രൂപയിലധികരിക്കുന്ന വില്പനയ്ക്ക് വില്പനക്കാരൻ വാങ്ങുന്നയാളിൽനിന്ന് 0.1 ശതമാനം നിരക്കിൽ ടി.ഡി.എസ്. ഈടാക്കേണ്ടതുണ്ട് (31-03-2021 വരെ 0.075%). 2020-21

സാമ്പത്തിക വർഷത്തിൽ ഇപ്രകാരം ടി.ഡി.എസ്. ഒടുക്കേണ്ട 1207 ഭാഗ്യക്കുറി ഏജന്റുമാരുണ്ടെന്നാണ് ആദായനികുതി വകുപ്പ് കണ്ടെത്തിയിട്ടുള്ളത്. ടി തുക ഏജന്റുമാരിൽനിന്ന് ഈടാക്കുന്നതിനായി കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ മൊത്ത വിതരണക്കാരായ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിന് ആദായനികുതി വകുപ്പ് നോട്ടീസ് നൽകുയുണ്ടായി. തുടർന്ന് ടി തുക ഭാഗ്യക്കുറി ഏജന്റ് പോർട്ടൽ വഴി ഈടാക്കുന്നതിന് സർക്കാർ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് അനുമതി നൽകി. ക്ഷേമനിധി ബോർഡ് ആദായനികുതി വകുപ്പ് അധികാരികളുമായി നടത്തിയ ചർച്ചയിൽ ആദായനികുതി ആക്ട് പ്രകാരമുള്ള ഫോം 27BA-യും അനുബന്ധ രേഖകളും ബന്ധപ്പെട്ട ഏജന്റുമാർക്കുവേണ്ടി ക്ഷേമനിധി ബോർഡ് (deductor) സമർപ്പിക്കുകയാണെങ്കിൽ അർഹരായ ഏജന്റുമാർക്ക് നിയമപ്രകാരമുള്ള ഇളവുകൾ അനുവദിക്കുന്നതാണെന്ന് ആദായനികുതി വകുപ്പധികൃതർ അറിയിച്ചിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ ടി.ഡി.എസ്. കുടിശ്ശിക ബാധകമായിട്ടുള്ള ഏജന്റുമാർ പ്രസ്തുത വിശദാംശങ്ങൾ സമർപ്പിക്കുന്നതിനും സമർപ്പിക്കാൻ സാധിക്കാത്തവർ ഏജന്റ് പോർട്ടൽ മുഖേന

കുടിശ്ശികത്തുകയൊടുക്കുന്നതിനും നിർദ്ദേശം നൽകിക്കൊണ്ട് സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

**കെ.എസ്.എഫ്.ഇ. ചിട്ടികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ**

95(2445) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാതന്ത്ര്യത്തിന്റെ സുവർണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി കെ.എസ്.എഫ്.ഇ. ആരംഭിച്ച ചിട്ടികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാണോ; എങ്കിൽ ആയതിന്റെ കാലയളവ് വിശദമാക്കാമോ?

സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ചിട്ടികൾക്ക് പ്രത്യേക ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കിയിട്ടുണ്ടായിരുന്നില്ല.

(ബി) ഇൻഷ്വറൻസ് പരിരക്ഷയുള്ള വ്യക്തി മരണപ്പെട്ടാൽ തിരിച്ചടവ് പൂർണ്ണമായും ഒഴിവാക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

കെ.എസ്.എഫ്.ഇ-യിൽ ഇൻഷ്വറൻസ് പരിരക്ഷ നിലവിലില്ല. എന്നാൽ കമ്പനിയുടെ പ്രത്യേക ചിട്ടി പദ്ധതികളിൽ ചേർന്ന് ചിട്ടി

വിളിച്ചെടുത്തശേഷം മരണമടഞ്ഞ വരിക്കാർക്കായി ബാധ്യതയിൽ നിബന്ധനകൾക്ക് വിധേയമായി ഇളവുനൽകുന്ന സമ്പ്രദായം നിലവിലുണ്ട്.

**കെ.എസ്.എഫ്.ഇ. ചിട്ടി**

96(2446) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് നടത്തുന്ന ചിട്ടിയിൽ ചേർന്ന ഒരു വ്യക്തിക്ക് അപകടം സംഭവിക്കുകയും തുടർന്നുള്ള തുക അടയ്ക്കാൻപറ്റാത്ത സാഹചര്യം വരികയും ചെയ്താൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കെ.എസ്.എഫ്.ഇ. നടത്തുന്ന ചിട്ടിയിൽ ചേർന്ന ഒരു വ്യക്തിക്ക് അപകടം സംഭവിക്കുകയും തുടർന്നുള്ള തുക അടയ്ക്കാൻപറ്റാത്ത സാഹചര്യമുണ്ടാവുകയും ചെയ്യുമ്പോൾ ബാധ്യതയൊഴിവാക്കുന്നതിന് പ്രത്യേക പദ്ധതികളൊന്നുംതന്നെ ഇപ്പോൾ നിലവിലില്ല.

**മെഡിസെപ്പ് പദ്ധതി**

97(2447) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ മെഡിസെപ്പ് പദ്ധതിയിലുൾപ്പെട്ടിട്ടുള്ള ആശുപത്രികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

മെഡിസെപ്പ് പദ്ധതിപ്രകാരം കണ്ണൂർ ജില്ലയിൽ മെഡിസെപ് പദ്ധതിയിലുൾപ്പെട്ടിട്ടുള്ള ആശുപത്രികൾ ഏതൊക്കെയാണെന്ന് www.medisep.gov.in എന്ന വെബ്സൈറ്റിലെ hospitals എന്ന ലിങ്കിൽനിന്നും സ്പെഷ്യലൈസേഷൻ എന്ന ഹെഡ് സെലക്ട് ചെയ്യുമ്പോൾ ലഭ്യമാകുന്നതാണ്. കൂടാതെ പ്രസ്തുത വിവരങ്ങൾ ഒരു വ്യക്തിയുടെ മെഡ്കാർഡ് ലോഗിൻ ചെയ്യുന്നതിലൂടെയും ലഭ്യമാകുന്നതാണ്.

(ബി) ഹോമിയോ, ആയുർവ്വേദ ആശുപത്രികളെക്കൂടി മെഡിസെപ്പ് പദ്ധതിയിലുൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

01-07-2022-ൽ നിലവിൽവന്ന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ്പിന്റെ ആദ്യഘട്ടം ആരംഭിച്ചുകഴിഞ്ഞതിനാൽ ഈ പദ്ധതിക്കാലയളവിൽത്തന്നെ ഹോമിയോ, ആയുർവ്വേദ ആശുപത്രികളെക്കൂടി മെഡിസെപ് പദ്ധതിയിലുൾപ്പെടുത്തുന്നത് അപ്രായോഗികമാണ്. എന്നാലും പദ്ധതിയുടെ അടുത്ത ഘട്ടമാരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ നടപടി കൈക്കൊള്ളുമ്പോൾ ഹോമിയോ,

ആയുർവ്വേദ ചികിത്സാ പ്രക്രിയകളെക്കൂടി പദ്ധതിയിലുൾപ്പെടുത്തുന്ന വിഷയം അനുഭാവപൂർവം പരിഗണിക്കുന്നതാണ്.

## മെഡിസെപ്പ് പദ്ധതി

98(2448) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചികിത്സയ്ക്ക് ചെലവായ മുഴുവൻ തുകയും മെഡിസെപ്പ് പദ്ധതിപ്രകാരം ഇൻഷ്വറൻസ് കമ്പനി നൽകുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മെഡിസെപ്പ് പദ്ധതി പ്രകാരം നിശ്ചയിച്ചിട്ടുള്ള 1920 സർജിക്കൽ/മെഡിക്കൽ ചികിത്സാ പ്രക്രിയകൾക്കുള്ള നിരക്കുകൾ പ്രകാരമുള്ള ചികിത്സയാണ് പദ്ധതിയിലൂടെ ക്യാഷ്‌ലെസ്സായി ഇൻഷ്വറൻസ് കമ്പനി നൽകിവരുന്നത്.

(ബി) എങ്കിൽ ഇതുസംബന്ധിച്ചുള്ള പരാതികൾ നൽകുന്നതിനുള്ള നടപടിക്രമം ലഭ്യമാക്കാമോ?

ചികിത്സയ്ക്ക് ചെലവായ മുഴുവൻ തുകയും മെഡിസെപ്പ് പദ്ധതിപ്രകാരം ഇൻഷ്വറൻസ് കമ്പനി നൽകുന്നില്ലെന്നുള്ള പരാതികൾ മെഡിസെപ്

വെബ്സൈറ്റിലെ ഗ്രീവൻസ് ലിങ്കിലെ level-1 മുഖേന കമ്പനിക്ക് സമർപ്പിക്കാവുന്നതാണ്.

## പെൻഷൻകാർക്കുള്ള മെഡിസെപ്പ് പദ്ധതി

99(2449) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മെഡിസെപ്പ് പദ്ധതിയിൽ പെൻഷൻകാരുടെ മാതാപിതാക്കൾക്കോ മക്കൾക്കോ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് വ്യവസ്ഥയുണ്ടോ; വ്യക്തമാക്കുമോ?

മെഡിസെപ്പ് പദ്ധതിയിൽ പെൻഷൻകാർക്ക് അവരുടെ പങ്കാളിയേയും മാനസിക/ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളേയും (പ്രായപരിധി ബാധകമല്ല) മാത്രമേ ഗുണഭോക്താവായി ചേർക്കാൻ സാധിക്കുകയുള്ളൂ

## കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടി

100(2450) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് നിരോധനത്തിന്റെയും കോവിഡിന്റെയും പശ്ചാത്തലത്തിൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

നോട്ട് നിരോധനത്തിന്റെയും കോവിഡിന്റെയും പശ്ചാത്തലത്തിൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1) നോട്ട് നിരോധനത്തിന്റെ ആഘാതം കുറയ്ക്കുന്നതിനായി Virtual Banking Facility ഉപഭോക്താക്കൾക്കായി വിഭാവന ചെയ്യുക വഴി നേരിട്ട് ലോൺ അക്കൗണ്ടിലേയ്ക്ക് തുക മാറ്റം ചെയ്യുന്നതിനുള്ള സൗകര്യമൊരുക്കിയിട്ടുണ്ട്.

2) കെ.എഫ്.സി.-യിലെ ഉപഭോക്താക്കൾക്ക് അനുവദിച്ച വായ്പയുടെ 20 ശതമാനം വരെ അധിക വായ്പയായി അനുവദിച്ചിരുന്നു. 452 യൂണിറ്റുകൾക്കായി 27,025.45 ലക്ഷം രൂപ ഇത്തരത്തിൽ അനുവദിച്ചിട്ടുണ്ട്.

3) വായ്പകൾക്ക് (Govt. bill discounting ഒഴികെയുള്ള) 6 മാസത്തെ തിരിച്ചടവ് മൊറൊട്ടോറിയം അനുവദിച്ചിരുന്നു.

4) 31-03-2021-ൽ സ്റ്റാൻഡേർഡ് വിഭാഗത്തിൽപ്പെട്ട MSME യൂണിറ്റുകൾക്ക് വായ്പ പുന:ക്രമീകരിച്ച് നൽകിയിരുന്നു.

(ബി) കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ മുഖേന ഉല്പാദന സേവന മേഖലകളിൽ ജനങ്ങൾക്ക് കുറഞ്ഞ പലിശയ്ക്ക് കൂടുതൽ ലോണുകൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

കെ.എഫ്.സി. മുഖേന ഉല്പാദന സേവന മേഖലകളിൽ ജനങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ കൂടുതൽ ലോണുകൾ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അതിനായി മുഖ്യമന്ത്രിയുടെ സംരംഭക വികസന പദ്ധതി (CMEDP) എന്ന പേരിൽ ഒരു പദ്ധതി നിലവിലുണ്ട്. CMEDP-1 സ്കീം പ്രകാരം 1847 യൂണിറ്റുകൾക്കായി 5,380.19 ലക്ഷം രൂപ വായ്പയായി നൽകിയിട്ടുണ്ട്. ടി സ്കീമിന്റെ വായ്പാപരിധി ഒരു കോടി രൂപയിൽനിന്ന് 2 കോടി രൂപയായി വർദ്ധിപ്പിച്ച് CMEDP-II സ്കീം നവീകരിച്ചിട്ടുണ്ട്. ടി സ്കീം പ്രകാരം 522 യൂണിറ്റുകൾക്കായി 34,365.78 ലക്ഷം രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്.

## വായനശാലകൾക്ക് സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ്

101(2451) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈവേ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി കെട്ടിടം നഷ്ടപ്പെട്ട വായനശാലകൾക്ക് പുതിയ സ്ഥലം വാങ്ങുന്ന അവസരത്തിൽ സ്റ്റാമ്പ് ഡ്യൂട്ടിയൊഴിവാക്കി നൽകുന്നതിന് വ്യവസ്ഥയുണ്ടോ; വ്യക്തമാക്കാമോ?

1959-ലെ കേരള മുദ്രപ്പത്ര നിയമം വകുപ്പ് 9 പ്രകാരം പൊതുതാല്പര്യാർത്ഥം ആവശ്യമെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടാൽ മുദ്രവില ഒഴിവാക്കി നൽകാവുന്നതാണ്.

(ബി) ഇത്തരത്തിൽ ഇളവ് ലഭിക്കുന്നതിനായുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ടോയെന്നും എങ്കിൽ എത്രയെണ്ണമെന്നും വിശദമാക്കാമോ?

ലഭിച്ചിട്ടില്ല.

(സി) പ്രസ്തുത അപേക്ഷകളിന്മേൽ ഏതിനെങ്കിലും ഇത്തരത്തിൽ ഇളവ് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ബാധകമല്ല.

**നിയമോപദേശത്തിന്റെ പകർപ്പ്**

102(2452) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള നിയമസഭ പാസാക്കിയ ബില്ലുകൾ ഗവർണർ ഒപ്പിടാത്തത് സംബന്ധിച്ച് സർക്കാർ ഖജനാവിൽനിന്ന് 46,90,000 രൂപ ഫീസിനത്തിൽ നൽകിയതിന്റെയടിസ്ഥാനത്തിൽ സീനിയർ അഡ്വക്കേറ്റ് ശ്രീ. ഫാലി എസ്. നരിമാൻ നൽകിയ നിയമോപദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

പ്രസ്തുത വിഷയത്തിൽ സീനിയർ അഡ്വക്കേറ്റ് ശ്രീ. ഫാലി എസ്. നരിമാൻ നൽകിയ നിയമോപദേശത്തിന്റെ പകർപ്പ് നിയമ വകുപ്പിൽ ലഭ്യമല്ല.

## കേരള ലീഗൽ സർവ്വീസസ് അതോറിറ്റി

103(2453) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലീഗൽ സർവ്വീസസ് അതോറിറ്റി രൂപീകൃതമായതെന്നാണെന്നും അതോറിറ്റിയുടെ സ്ഥാപിതലക്ഷ്യങ്ങൾ എന്തെല്ലാമെന്നും വിശദമാക്കാമോ?

1998 ഏപ്രിൽ 25-ാം തീയതിയാണ് കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റി (കെൽസ) നിലവിൽവന്നത്. സൗജന്യ നിയമസഹായം നൽകുക, നിയമാവബോധം നൽകുക, ലോക് അദാലത്തുകൾ സംഘടിപ്പിക്കുക എന്നിവയാണ് കേരള സംസ്ഥാന നിയമ സേവന അതോറിറ്റിയുടെ സ്ഥാപിത ലക്ഷ്യങ്ങൾ.

(ബി) സംസ്ഥാനത്ത് അതോറിറ്റിക്ക് എത്ര ഓഫീസുകളാണ് നിലവിലുള്ളതെന്നും ഓരോ ഓഫീസിലും അനുവദിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ എണ്ണം എത്രയാണെന്നും തസ്തികയും ജില്ലയും തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

സംസ്ഥാനത്ത് അതോറിറ്റിക്ക് എത്ര ഓഫീസുകളാണ് നിലവിലുള്ളതെന്നും ഓരോ ഓഫീസിലും അനുവദിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ എണ്ണം എത്രയാണെന്നും തസ്തികയും ജില്ലയും തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.

(അനുബന്ധം-എ)

| **ക്രമ. നം** | **നിയമ സഹായ സ്ഥാപനത്തിന്റെ പേര്** | **തസ്തികയുടെ പേര്** | **തസ്തികകളുടെ എണ്ണം** |
|---|---|---|---|
| 1 | കെൽസ ഹെഡ്ക്വാർട്ടേഴ്സ് | മെമ്പർ സെക്രട്ടറി | 1 |

| | | | |
|---|---|---|---|
| | ,, | ലെയ്സൺ ഓഫീസർ | 1 |
| | ,, | ഡെപ്യൂട്ടി സെക്രട്ടറി | 1 |
| | ,, | അക്കൗണ്ട്സ് ഓഫീസർ | 1 |
| | ,, | സെക്ഷൻ ഓഫീസർ | 1 |
| | ,, | അസിസ്റ്റന്റ് | 4 |
| | ,, | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 |
| | ,, | ടൈപ്പിസ്റ്റ് ഗ്രേഡ്-2 | 1 |
| | ,, | ഡ്രൈവർ | 1 |
| | ,, | ഓഫീസ് അറ്റൻഡന്റ് | 3 |
| | ,, | പാർട്ട് ടൈം സ്വീപ്പർ | 1 |
| 2 | ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി (14 എണ്ണം) | സെക്രട്ടറി | 14x1=14 |
| | ,, | സെക്ഷൻ ഓഫീസർ | 14x1=14 |
| | ,, | ക്ലാർക്ക് കം ടൈപ്പിസ്റ്റ് | 14x1=14 |
| | ,, | ഓഫീസ് അറ്റൻഡന്റ് | 14x1=14 |
| 3 | താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റി (62 എണ്ണം) | സെക്രട്ടറി | 62x1=62 |
| | ,, | ക്ലാർക്ക് കം ടൈപ്പിസ്റ്റ് | 62x1=62 |
| 4 | എ.ഡി.ആർ സെന്റർ, ഹൈക്കോർട്ട് | ഡയറക്ടർ | **1** |
| | ,, | സെക്ഷൻ ഓഫീസർ | 1 |
| | ,, | അസിസ്റ്റന്റ് | 2 |
| | ,, | ഡ്രൈവർ | 1 |
| | ,, | ഓഫീസ് അറ്റൻഡന്റ് | 1 |
| 5 | എ.ഡി.ആർ സെന്റർ (ജില്ല) (16 എണ്ണം) | ക്ലാർക്ക് | 16X1 = 16 |
| | ,, | ഓഫീസ് അറ്റൻഡന്റ് | 16X1 = 16 |

| | | | |
|---|---|---|---|
| 6 | ഹൈക്കോർട്ട് ലീഗൽ സർവ്വീസസ് കമ്മിറ്റി (1 എണ്ണം) | സെക്രട്ടറി | 1 |
| | ,, | സെക്ഷൻ ഓഫീസർ | 1 |
| | ,, | അസിസ്റ്റന്റ് | 3 |
| | ,, | ടൈപ്പിസ്റ്റ് | 1 |
| | ,, | ഓഫീസ് അറ്റൻഡന്റ് | 1 |
| 7 | പെർമനന്റ് ലോക് അദാലത്ത് (3 എണ്ണം) | ഹെഡ് ക്ലാർക്ക് | 3X1=3 |
| | ,, | ബെഞ്ച് അസിസ്റ്റന്റ് | 3 X1 =3 |
| | ,, | ക്ലറിക്കൽ അസിസ്റ്റന്റ് | 3 X1 =3 |
| | ,, | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 3 X1 =3 |

(സി) കഴിഞ്ഞ ആറുമാസക്കാലയളവിനിടയിൽ അതോറിറ്റിയുടെ ഏതൊക്കെ ഓഫീസുകളിലാണ് അക്കൗണ്ടന്റ് ജനറൽ പരിശോധന നടത്തിയത്;

(ഡി) അക്കൗണ്ടന്റ് ജനറൽ നടത്തിയ പരിശോധനയിലെ കണ്ടെത്തലുകൾ എന്തെല്ലാമാണ്; ഇതുസംബന്ധിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, തൃശ്ശൂർ, ഇടുക്കി, കോഴിക്കോട്, പാലക്കാട്, കാസർഗോഡ് എന്നീ ഓഫീസുകളിലാണ് കഴിഞ്ഞ ആറുമാസക്കാലയളവിനിടയിൽ അക്കൗണ്ടന്റ് ജനറൽ പരിശോധന നടത്തിയത്.

അക്കൗണ്ടന്റ് ജനറൽ നടത്തുന്ന പരിശോധനയുടെ അന്തിമ റിപ്പോർട്ട് ലീഗൽ സർവ്വീസസ് അതോറിറ്റി ആക്ടിലെ 18 (6) വകുപ്പുപ്രകാരം സംസ്ഥാന നിയമ സഭയിൽ സമർപ്പിക്കുന്നതാണ്.

**രേഖാമൂലമല്ലാതെയുള്ള നിയമോപദേശം**

104(2454) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ഏതൊക്കെ സാഹചര്യങ്ങളിലാണ് പുറത്തുനിന്നുള്ള അഭിഭാഷകരുടെ നിയമോപദേശം തേടാറുള്ളത്; രേഖാമൂലം അല്ലാതെ ഇത്തരത്തിൽ നിയമോപദേശം തേടുന്നതിന് വ്യവസ്ഥയുണ്ടോ; എങ്കിൽ ഏത് ചട്ടപ്രകാരമാണ്; വ്യക്തമാക്കുമോ?

സംസ്ഥാന സർക്കാർ ചില പ്രത്യേക സാഹചര്യങ്ങളിൽ വിഷയത്തിന്റെ ഗൗരവവും പ്രാധാന്യവും കണക്കിലെടുത്ത്

സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിക്കുന്നതിന് പൊതുപ്രാധാന്യമുള്ള വിഷയങ്ങളിൽ നിയമോപദേശം തേടാറുണ്ട്.

(ബി) 2016-2021 സർക്കാരിന്റെ കാലം മുതൽ നാളിതുവരെ രേഖാമൂലമല്ലാതെ നിയമോപദേശം തേടിയ കേസ്സുകൾ ഏതൊക്കെയാണ്; ഓരോ കേസിലും നിയമോപദേശം തേടിയത് ആരിൽനിന്നുമാണ്; ഫീസിനത്തിൽ എത്ര തുക ചെലവഴിച്ചു; വിശദാംശം അറിയിക്കുമോ?

അഡ്വക്കേറ്റ് ജനറൽ, സ്റ്റേറ്റ് അറ്റോർണി, ശ്രീ. റ്റി.ബി. ഹുദ് (സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ ടു അഡ്വക്കേറ്റ് ജനറൽ) ശ്രീ. കെ. കെ. വേണുഗോപാൽ (പാനൽ കൗൺസിൽ) എന്നിവരുടെ യോഗത്തിൽ ശ്രീ. കെ. കെ. വേണുഗോപാലിൽനിന്നും ഓറൽ ഒപ്പീനിയൻ തേടിയിട്ടുണ്ട്. ഫീസിനത്തിൽ പതിനഞ്ചുലക്ഷം രൂപ നൽകിയിട്ടുണ്ട്.

**സർവകലാശാല നിയമങ്ങൾ ഭേദഗതി**

105(2455) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർവകലാശാലാ നിയമങ്ങൾ ഭേദഗതി ചെയ്യുന്നതുസംബന്ധിച്ച് 29-10-2022, 30-10-2022 എന്നീ തീയതികളിൽ

നടന്ന ലാ ആഫീസേഴ്സിന്റെ യോഗങ്ങളിൽ നിയമസഹായം (ഓറൽ ലീഗൽ ഒപ്പീനിയൻ) നൽകിയതിന് സീനിയർ അഡ്വക്കേറ്റ് ശ്രീ. കെ. കെ. വേണുഗോപാലിന് ഫീസിനത്തിൽ നൽകിയ തുക എത്രയെന്ന് വിശദമാക്കുമോ?

15,00,000/- (പതിനഞ്ച് ലക്ഷം രൂപ)

(ബി) മേൽപറഞ്ഞ തീയതികളിൽ നടന്ന യോഗത്തിൽ ആരൊക്കെ പങ്കെടുത്തിരുന്നു; പ്രസ്തുത യോഗത്തിന്റെ മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ശ്രീ. കെ. ഗോപാലകൃഷ്ണ കുറുപ്പ് (ബഹു. അഡ്വക്കേറ്റ് ജനറൽ)

ശ്രീ. എൻ. മനോജ് കുമാർ (സ്റ്റേറ്റ് അറ്റോർണി)

ശ്രീ. റ്റി. ബി. ഹുദ് (സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ ടു അഡ്വക്കേറ്റ് ജനറൽ)

ശ്രീ. കെ. കെ. വേണുഗോപാൽ (പാനൽ കൗൺസൽ)

**പെൻഷൻ സ്കീമിൽ ബാർ പ്രാക്ടീസുൾപ്പെടുത്തുന്നതിന് തടസ്സം**

106(2456) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമവകുപ്പിൽനിന്നും റിട്ടയർ ചെയ്യുന്നവർക്ക് കേരള സർവീസ് റൂൾ പ്രകാരം അവർ സർവീസിൽ പ്രവേശിക്കുന്നതിനുമുമ്പ് അഭിഭാഷകരായി പ്രാക്ടീസ് ചെയ്തിരുന്ന കാലയളവ് പെൻഷൻ ലഭിക്കുന്നതിനായി പരിഗണിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ പരിഗണിക്കുന്നില്ല. സർക്കാരിന്റെ 15-07-2019-ലെ സ.ഉ. (അച്ചടി) നം. 85/2019/ധന നമ്പർ ഉത്തരവുപ്രകാരം ബാർ പ്രാക്ടീസ് കാലയളവ് പെൻഷനാനുകൂല്യങ്ങൾക്ക് യോഗ്യസേവന കാലയളവായി കണക്കാക്കാനാകില്ല.

(ബി) നിലവിൽ റിട്ടയർ ചെയ്ത എത്ര ജീവനക്കാർക്കാണ് ഈ ആനുകൂല്യം ലഭിച്ചുകൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇതുസംബന്ധിച്ച പട്ടിക ലഭ്യമാക്കുമോ?

സർക്കാരിന്റെ 15-07-2019-ലെ സ.ഉ. (അച്ചടി) നം. 85/2019/ധന നമ്പർ ഉത്തരവിനുമുമ്പ് റിട്ടയർ ചെയ്ത അർഹരായ എല്ലാ ജീവനക്കാർക്കും പ്രസ്തുത ആനുകൂല്യം നൽകിയിരുന്നു.

(സി) 2013 ഏപ്രിൽ മുതൽ നിയമിതരായ കോൺട്രിബ്യൂട്ടറി പെൻഷൻ സ്കീമിലുൾപ്പെട്ടവരൊഴികെ എത്രപേർക്കാണ് ഇനി നിയമവകുപ്പിൽനിന്നും ഈ ആനുകൂല്യം ലഭിക്കേണ്ടത്; അവരുടെ പട്ടിക ലഭ്യമാക്കുമോ?

സർക്കാരിന്റെ 15-07-2019-ലെ സ.ഉ. (അച്ചടി) നം. 85/2019/ധന നമ്പർ ഉത്തരവുപ്രകാരം ബാർ പ്രാക്ടീസ് കാലയളവ് പെൻഷൻ ആനുകൂല്യങ്ങൾക്ക് പരിഗണിക്കുന്നില്ല.

(ഡി) പെൻഷൻ സ്കീമിൽ ബാർ പ്രാക്ടീസുൾപ്പെടുത്തുന്നതുസംബന്ധിച്ച് എന്തെങ്കിലും തടസ്സം നിയമവകുപ്പ് നേരിടുന്നുണ്ടോ; എങ്കിൽ പ്രസ്തുത തടസ്സം മാറ്റാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

സർക്കാരിന്റെ 15-07-2019-ലെ സ.ഉ. (അച്ചടി) നം. 85/2019/ധന നമ്പർ ഉത്തരവുപ്രകാരം പെൻഷൻ സ്കീമിൽ ബാർ പ്രാക്ടീസുൾപ്പെടുത്താനാവില്ല. പ്രസ്തുത ഉത്തരവിനെതിരെ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ അപേക്ഷകൾ നിലനിൽക്കുന്നുണ്ട്.

**കാസർഗോഡ് ജില്ലയിലെ ഇൻഡസ്ട്രിയൽ സൊസൈറ്റികൾ**

107(2457) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വ്യവസായ വകുപ്പിനുകീഴിൽ എത്ര ഇൻഡസ്ട്രിയൽ സൊസൈറ്റികളുണ്ടെന്നും അവ ഏതൊക്കെയാണെന്നും അറിയിക്കാമോ?

കാസർഗോഡ് ജില്ലയിൽ വ്യവസായ വകുപ്പിനുകീഴിൽ ആകെ 93 ഇൻഡസ്ട്രിയൽ സൊസൈറ്റികളുണ്ട്. അവയുടെ പട്ടിക അനുബന്ധമായി+ ചേർക്കുന്നു.

(ബി) ഇവയിൽ എത്ര സ്ഥാപനങ്ങൾ ലാഭത്തിലാണെന്നും അവ ഏതെല്ലാമെന്നും അറിയിക്കാമോ?

ഇവയിൽ ഒരു സൊസൈറ്റി മാത്രമാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്. മഞ്ചേശ്വരം കാർപ്പെന്ററി വർക്കേഴ്സ് കോട്ടേജ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നം.സി ഇൻഡ് (സി) 63.

## വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭനഷ്ടക്കണക്ക്

108(2458) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിനുകീഴിൽ ഏതെല്ലാം പൊതുമേഖല സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ?

2020-21 സാമ്പത്തികവർഷത്തെ ആഡിറ്റിനുമുമ്പുള്ള കണക്കുകൾ പ്രകാരം ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും അവയുടെ ലാഭം എത്രയെന്ന വിവരവും അനുബന്ധമായി+ ചേർത്തിരിക്കുന്നു. വ്യവസായ വകുപ്പിലെ നഷ്ടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു:-

- ഉല്പാദനവുമായി ബന്ധപ്പെട്ട് സാങ്കേതികരംഗത്തും വിപണന മേഖലയിലും കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് കൂടുതൽ വിപണന സാധ്യതയുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ കുറഞ്ഞ ചെലവിൽ ഉല്പാദിപ്പിക്കുന്ന സാങ്കേതികവിദ്യ സ്വായത്തമാക്കി വൈവിധ്യവൽക്കരണമടിസ്ഥാനമാക്കി നവീകരണ വിപുലീകരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ഇതിന്റെ ഭാഗമായി ശാസ്ത്ര സാങ്കേതിക മേഖലകളിലും വിപണന രംഗത്തുമുൾപ്പെടെ വ്യവസായ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംബന്ധിയായ സമസ്ത മേഖലകളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന വളർച്ചയും മാറ്റങ്ങളുമുൾക്കൊണ്ട്, മാസ്റ്റർപ്ലാൻ പദ്ധതികൾ തയ്യാറാക്കുകയും ആവശ്യമായ മൂലധന സഹായം (പ്രവർത്തന മൂലധനം ഉൾപ്പെടെയുള്ള) സർക്കാർ നൽകി വരികയുംചെയ്യുന്നു.

- മാസ്റ്റർ പ്ലാനിലുൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ നടപ്പാക്കുന്നതിന് ബജറ്റിതര ധനസഹായം പൊതുമേഖലാ ബാങ്കുകൾ വഴിയോ മറ്റു ധനകാര്യ സ്ഥാപനങ്ങൾ മുഖേനയോ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

- മാസ്റ്റർ പ്ലാൻ പദ്ധതികളുടെ വിശദമായ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ആവശ്യമായ വിദഗ്ദ്ധ സഹായം ഉറപ്പുവരുത്തുന്നതിന് വ്യവസായ മേഖലയിൽ പ്രത്യേക പ്രാവീണ്യമുള്ള വിദഗ്ദ്ധരെയുൾപ്പെടുത്തി ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് സജ്ജമാക്കിയിട്ടുണ്ട്. ടെക്നിക്കൽ, പ്രോജക്ട് എക്സിക്യൂഷൻ, ഫിനാൻസ് എന്നീ മേഖലകളിൽ നൈപുണ്യം നേടിയ പ്രസ്തുത വിദഗ്ദ്ധരുടെ സേവനം വ്യവസായ, കയർ, കശുവണ്ടി മേഖലയിൽപ്പെട്ട എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ലഭ്യമാക്കിയിട്ടുണ്ട്. മാസ്റ്റർപ്ലാൻ

പദ്ധതികളുടെ ആസൂത്രണത്തോടൊപ്പം നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ടെക്നിക്കൽ കോ-ഓർഡിനേഷൻ ചുമതലയും നിർവ്വഹിക്കുന്നതിനായി ഉയർന്ന തലത്തിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള ഒരു വിദഗ്ധനെ അഡ്വൈസർ (മാസ്റ്റർപ്ലാൻ) ആയും നിയോഗിച്ചിട്ടുണ്ട്.

- പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മാസംതോറും അവലോകനം ചെയ്യുന്നതിനായി ഒരു ഇന്റർനെറ്റധിഷ്ഠിത മോണിറ്ററിംഗ് സംവിധാനം നടപ്പാക്കിയിട്ടുണ്ട്. ഈ വിവരങ്ങൾ ആധാരമാക്കി കമ്പനികളുടെ ഓരോ മാസത്തെയും പ്രവർത്തന പുരോഗതിയുടെ അവലോകനം വിവിധ തലത്തിൽ നടത്തിവരുന്നു.

- സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ കൂടുതൽ സുതാര്യത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് സംവിധാനവും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കുന്നുണ്ട്. ഇതുസംബന്ധിച്ച പുരോഗതി ഉന്നതതലത്തിൽ വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ കമ്പനികൾക്ക് നൽകിവരുന്നു.

- വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, വിവിധ ഡയറക്ടറേറ്റുകൾ, മറ്റ് വികസന ഏജൻസികൾ മുഖേന നടപ്പാക്കിവരുന്ന വിവിധ പദ്ധതികളുടെ പുരോഗതി തൽസമയം നിരീക്ഷിക്കുന്നതിനും മാർഗ്ഗനിർദേശങ്ങൾ നൽകുന്നതിനുമായി ഒരു ഓൺലൈൻ വെബ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്.

- പരമ്പരാഗത മേഖലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉല്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു e-commerce പോർട്ടൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

- കമ്പനികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും സുതാര്യമാക്കുന്നതിന്റെയും ഭാഗമായി സ്ഥാപനങ്ങളിൽ നൂതന ഇലക്ട്രോണിക് ഗവേണൻസ് സംവിധാനങ്ങൾ (എന്റർപ്രൈസ് റിസോഴ്സ് പ്ലാനിങ്, ഇ-പ്രൊക്യൂർമെൻറ് മുതലായവ) ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

- അതത് മേഖലയിൽ വിദഗ്ധരായവരെ കമ്പനി മേധാവികളായി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

- കമ്പനികളുടെ ഡയറക്ടർ ബോർഡുകളിൽ വിദഗ്ധരെയുൾപ്പെടുത്തി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പനികളുടെ വിവിധ മേഖലകളിൽ പ്രാവീണ്യം ലഭിച്ചവരെ ഇൻഡിപെൻഡന്റ് ഡയറക്ടർമാരായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- ജീവനക്കാരുടെ കാര്യക്ഷമതയും മികവും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായുള്ള പരിശീലന പരിപാടികൾ നടത്തിവരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളിലെ ചെയർമാൻ, മാനേജിംഗ് ഡയറക്ടർ ഉൾപ്പെടെയുള്ള ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും ആവശ്യമായ പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

- പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവിന് അംഗീകാരം നൽകുന്നതിന്റെ ഭാഗമായി ഏറ്റവും മികച്ച സ്ഥാപനം, മാനേജിംഗ് ഡയറക്ടർ, ജീവനക്കാരൻ, വ്യവസായ മേഖലയെ സംബന്ധിച്ച മികച്ച മാധ്യമ റിപ്പോർട്ടിംഗ് എന്നീ മേഖലകളിൽ അവാർഡ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

- കമ്പനികളുടെ സമഗ്രമായ പുന:സംഘടനയ്ക്കും ആധുനികവൽക്കരണത്തിനും ഉത്തരവാദിത്തം ഉറപ്പുവരുത്തിക്കൊണ്ട്

സ്വയംഭരണം നൽകുന്നതിനുമുള്ള നിർദ്ദേശങ്ങളോടൊപ്പം സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച് പ്രായോഗിക നിർദ്ദേശങ്ങൾ നൽകുന്നതിനുവേണ്ടി മുൻ ചീഫ് സെക്രട്ടറിയും കെ.എസ്.ഐ.ഡി.സി. ചെയർമാനുമായ ശ്രീ. പോൾ ആന്റണി ഐ.എ.എസ്. (റിട്ട.) ചെയർമാനായി ഒരു വിദഗ്ധ കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) ലാഭത്തിൽ പ്രവർത്തിക്കുന്ന ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടെയും ലാഭം എത്രയെന്നും നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ലാഭത്തിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

2020-21 സാമ്പത്തികവർഷത്തെ ആഡിറ്റിനുമുമ്പുള്ള കണക്കുകൾ പ്രകാരം ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും അവയുടെ ലാഭം എത്രയെന്ന വിവരവും അനുബന്ധമായി+ ചേർത്തിരിക്കുന്നു. വ്യവസായ വകുപ്പിലെ നഷ്ടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു:-

- ഉല്പാദനവുമായി ബന്ധപ്പെട്ട് സാങ്കേതികരംഗത്തും വിപണന മേഖലയിലും കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് കൂടുതൽ വിപണന സാധ്യതയുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ കുറഞ്ഞ ചെലവിൽ ഉല്പാദിപ്പിക്കുന്ന സാങ്കേതികവിദ്യ സ്വായത്തമാക്കി വൈവിധ്യവൽക്കരണമടിസ്ഥാനമാക്കി നവീകരണ വിപുലീകരണ പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ഇതിന്റെ ഭാഗമായി ശാസ്ത്ര സാങ്കേതിക മേഖലകളിലും വിപണന രംഗത്തുമുൾപ്പെടെ വ്യവസായ സംബന്ധമായ സമസ്ത മേഖലകളിലുമുണ്ടായിക്കൊണ്ടിരിക്കുന്ന വളർച്ചയും മാറ്റങ്ങളുമുൾകൊണ്ട് മാസ്റ്റർപ്ലാൻ പദ്ധതികൾ തയ്യാറാക്കുകയും ആവശ്യമായ മൂലധന സഹായം (പ്രവർത്തന മൂലധനമുൾപ്പെടെയുള്ള) സർക്കാർ നൽകി വരികയുംചെയ്യുന്നു.

- മാസ്റ്റർപ്ലാനിലുൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ നടപ്പാക്കുന്നതിന് ബജറ്റിതര ധനസഹായം പൊതുമേഖലാ ബാങ്കുകൾ വഴിയോ മറ്റു ധനകാര്യ സ്ഥാപനങ്ങൾ മുഖേനയോ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

- മാസ്റ്റർപ്ലാൻ പദ്ധതികളുടെ വിശദമായ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ആവശ്യമായ വിദഗ്ധ സഹായമുറപ്പുവരുത്തുന്നതിന് വ്യവസായ മേഖലയിൽ പ്രത്യേക പ്രാവീണ്യമുള്ള വിദഗ്ധരെയുൾപ്പെടുത്തി ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് സജ്ജമാക്കിയിട്ടുണ്ട്. ടെക്നിക്കൽ, പ്രോജക്ട് എക്സിക്യൂഷൻ, ഫിനാൻസ് എന്നീ മേഖലകളിൽ നൈപുണ്യം നേടിയ പ്രസ്തുത വിദഗ്ധരുടെ സേവനം വ്യവസായ, കയർ, കശുവണ്ടി മേഖലയിൽപ്പെട്ട എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ലഭ്യമാക്കിയിട്ടുണ്ട്. മാസ്റ്റർപ്ലാൻ പദ്ധതികളുടെ ആസൂത്രണത്തോടൊപ്പം നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ടെക്നിക്കൽ കോർഡിനേഷൻ ചുമതല നിർവ്വഹിക്കുന്നതിനുമായി ഉയർന്ന തലത്തിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള ഒരു വിദഗ്ധനെ അഡ്വൈസർ (മാസ്റ്റർപ്ലാൻ) ആയും നിയോഗിച്ചിട്ടുണ്ട്.

- പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മാസംതോറും അവലോകനം ചെയ്യുന്നതിനായി ഒരു ഇന്റർനെറ്റധിഷ്ഠിത

മോണിറ്ററിംഗ് സംവിധാനം നടപ്പാക്കിയിട്ടുണ്ട്. ഈ വിവരങ്ങൾ ആധാരമാക്കി കമ്പനികളുടെ ഓരോ മാസത്തെയും പ്രവർത്തനപുരോഗതിയുടെ അവലോകനം വിവിധ തലത്തിൽ നടത്തിവരുന്നു.

- സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ കൂടുതൽ സുതാര്യത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് സംവിധാനവും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കുന്നുണ്ട്. ഇതുസംബന്ധിച്ച പുരോഗതി ഉന്നതതലത്തിൽ വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ കമ്പനികൾക്ക് നൽകിവരുന്നു.

- വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, വിവിധ ഡയറക്ടറേറ്റുകൾ, മറ്റ് വികസന ഏജൻസികൾ എന്നിവ മുഖേന നടപ്പാക്കിവരുന്ന വിവിധ പദ്ധതികളുടെ പുരോഗതി തത്സമയം നിരീക്ഷിക്കുന്നതിനും മാർഗ്ഗനിർദേശങ്ങൾ നൽകുന്നതിനുമായി ഒരു ഓൺലൈൻ വെബ് പോർട്ടലാരംഭിച്ചിട്ടുണ്ട്.

- പരമ്പരാഗത മേഖലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉല്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു e-commerce പോർട്ടൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

- കമ്പനികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും സുതാര്യമാക്കുന്നതിന്റെയും ഭാഗമായി സ്ഥാപനങ്ങളിൽ നൂതന ഇലക്ട്രോണിക് ഗവേണൻസ് സംവിധാനങ്ങൾ (എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ്, ഇ-പ്രൊക്യൂർമെൻറ് മുതലായവ) ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

- അതത് മേഖലയിൽ വിദഗ്ധരായവരെ കമ്പനി മേധാവികളായി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

- കമ്പനികളുടെ ഡയറക്ടർ ബോർഡുകൾ വിദഗ്ധരെയുൾപ്പെടുത്തി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പനികളുടെ വിവിധ മേഖലകളിൽ പ്രാവീണ്യം ലഭിച്ചവരെ ഇൻഡിപെൻഡന്റ് ഡയറക്ടർമാരായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- ജീവനക്കാരുടെ കാര്യക്ഷമതയും മികവും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായുള്ള പരിശീലന പരിപാടികൾ നടത്തിവരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളിലെ ചെയർമാൻ, മാനേജിംഗ് ഡയറക്ടർ ഉൾപ്പെടെയുള്ള ഡയറക്ടർ ബോർഡ് അംഗങ്ങൾക്കാവശ്യമായ പരിശീലനം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

- പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനമികവിന് അംഗീകാരം നൽകുന്നതിന്റെ ഭാഗമായി ഏറ്റവും മികച്ച സ്ഥാപനം, മാനേജിംഗ് ഡയറക്ടർ, ജീവനക്കാരൻ, വ്യവസായ മേഖലയെ സംബന്ധിച്ച മികച്ച മാധ്യമ റിപ്പോർട്ടിംഗ് എന്നീ മേഖലകളിൽ അവാർഡ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

- കമ്പനികളുടെ സമഗ്രമായ പുന:സംഘടനയ്ക്കും ആധുനികവൽക്കരണത്തിനും ഉത്തരവാദിത്തം ഉറപ്പുവരുത്തിക്കൊണ്ട് സ്വയംഭരണം നൽകുന്നതിനുള്ള നിർദ്ദേശങ്ങളോടൊപ്പം സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച് പ്രായോഗിക നിർദ്ദേശങ്ങൾ നൽകുന്നതിനുവേണ്ടി മുൻ ചീഫ് സെക്രട്ടറിയും കെ.എസ്.ഐ.ഡി.സി.

ചെയർമാനമായ ശ്രീ. പോൾ ആന്റണി ഐ.എ.എസ് (റിട്ട) ചെയർമാനായി ഒരു വിദഗ്ദ്ധ കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

**ജോലി വാഗ്ദാനം നൽകി പണം തട്ടിയെടുത്തതിനെതിരെ നടപടി**

109(2459) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിൽ ജോലി വാഗ്ദാനം നൽകി ഉദ്യോഗാർത്ഥികളിൽനിന്നും പണം തട്ടിയെടുത്തുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉദ്യോഗസ്ഥർ പണം കൈപ്പറ്റിയെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പണം കൈപ്പറ്റിയ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത വിഷയത്തിൽ ആരോപണവിധേയരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(ബി&സി) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിൽ ജോലി വാഗ്ദാനം നൽകി ഉദ്യോഗാർത്ഥികളിൽനിന്നും പണം തട്ടിയെടുത്തുവെന്ന ആക്ഷേപത്തെ തുടർന്ന് ആരോപണവിധേയനായ കമ്പനിയിലെ ശ്രീ. ശശികുമാരൻ തമ്പി, ഡെപ്യൂട്ടി ജനറൽ മാനേജർ (ലീഗൽ)-നെ അന്വേഷണ വിധേയമായി കമ്പനി സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തു. തുടർന്ന് നടത്തിയ പോലീസ് അന്വേഷണത്തിൽ ടിയാൻ പണം കൈപ്പറ്റിയതായി സംസ്ഥാന പോലീസ് മേധാവി അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കേസുകൾ രജിസ്റ്റർ ചെയ്തു. പോലീസ് തുടർനടപടികൾ സ്വീകരിച്ചുവരികയാണ്.

(ഡി) ഈ സർക്കാരിന്റെ കാലത്തും കഴിഞ്ഞ സർക്കാരിന്റെ കാലത്തുമായി പ്രസ്തുത സ്ഥാപനത്തിൽ എത്ര നിയമനങ്ങൾ നടന്നിട്ടുണ്ടെന്ന് തസ്തിക തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത നിയമനത്തിനായി ഉദ്യോഗാർഥികളെ തെരഞ്ഞെടുത്തത് എപ്രകാരമായിരുന്നു; ആയതിൽ പി.എസ്.സി. മുഖേനയോ എഴുത്തുപരീക്ഷ മുഖേനയോ നിയമനം നേടിയിട്ടുള്ളവർ എത്ര പേരാണെന്ന് വിശദമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു +.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) ഇപ്രകാരമല്ലാതെ നിയമനം നടത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത തസ്തികകളിലേയ്ക്ക് പി.എസ്.സി. മുഖേനയോ ഒഴിവുകൾ വിജ്ഞാപനം ചെയ്ത് എഴുത്തുപരീക്ഷ നടത്തിയോ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് ഉൾപ്പെടെയുള്ള വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം വ്യവസ്ഥ ചെയ്തിട്ടില്ലാത്ത തസ്തികകളിലേയ്ക്കുള്ള നിയമന നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ആക്ട് നിലവിൽ വന്നിട്ടുണ്ട്. പി.എസ്.സി. നിയമനം വ്യവസ്ഥ ചെയ്തിട്ടില്ലാത്ത തസ്തികകളിലേയ്ക്കുള്ള നിയമന നടപടികൾ വ്യക്തമായ മാർഗ്ഗനിർദേശങ്ങളുടെ അടിസ്ഥാനത്തിൽ ഇനി മുതൽ പ്രസ്തുത ബോർഡ് മുഖേനയായിരിക്കും നടത്തുന്നത്.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണം**

110(2460) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഷ്ടത്തിലായ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളെയാണ് ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ലാഭത്തിലാക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ 2020-21-ൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന കെ.സി.സി.പി ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, ആലപ്പി കോ-ഓപ്പറേറ്റീവ് സ്പിന്നിങ് മിൽസ് ലിമിറ്റഡ്, മാൽക്കോടെക്സ്, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ 2021-22 സാമ്പത്തികവർഷത്തെ ആഡിറ്റിനുമുമ്പുള്ള കണക്കുകൾ പ്രകാരം പ്രവർത്തനലാഭം കൈവരിച്ചിട്ടുണ്ട്.

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണത്തിന് എന്തെല്ലാം പദ്ധതികളാണ് പുതുതായി ആവിഷ്കരിക്കാനുദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള നവീകരണ വിപുലീകരണ പ്രവർത്തനങ്ങൾക്കായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:-

- ശാസ്ത്ര സാങ്കേതിക മേഖലകളിലും വിപണന രംഗത്തുമുൾപ്പെടെ വ്യവസായ സംബന്ധിയായ സമസ്ത മേഖലകളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന വളർച്ചയും മാറ്റങ്ങളുമുൾക്കൊണ്ട് കൂടുതൽ വിപണന സാധ്യതയുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ കുറഞ്ഞ ചെലവിൽ ഉല്പാദിപ്പിക്കുന്ന സാങ്കേതികവിദ്യ സ്വായത്തമാക്കി വൈവിധ്യവൽക്കരണം അടിസ്ഥാനമാക്കിയുള്ള മാസ്റ്റർ പ്ലാൻ പദ്ധതികൾ തയ്യാറാക്കുകയും ആവശ്യമായ മൂലധനസഹായം (പ്രവർത്തന മൂലധനം ഉൾപ്പെടെയുള്ള) സർക്കാർ നൽകിവരികയും ചെയ്യുന്നുണ്ട്.
- മാസ്റ്റർ പ്ലാനിലുൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ബജറ്റിതര ധനസഹായം പൊതുമേഖലാ ബാങ്കുകൾ വഴിയോ മറ്റ് ധനകാര്യ സ്ഥാപനങ്ങൾ മുഖേനയോ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.
- മാസ്റ്റർ പ്ലാൻ പദ്ധതികളുടെ വിശദമായ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ആവശ്യമായ വിദഗ്ദ്ധ സഹായം ഉറപ്പുവരുത്തുന്നതിന് വ്യവസായ മേഖലയിൽ പ്രത്യേക പ്രാവീണ്യമുള്ള

വിദഗ്ധരെയുൾപ്പെടുത്തി ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് സജ്ജമാക്കിയിട്ടുണ്ട്. ടെക്നിക്കൽ, പ്രോജക്ട് എക്സിക്യൂഷൻ, ഫിനാൻസ് എന്നീ മേഖലകളിൽ നൈപുണ്യം നേടിയ പ്രസ്തുത വിദഗ്ധരുടെ സേവനം വ്യവസായ-കയർ-കശുവണ്ടി മേഖലയിൽപ്പെട്ട എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ലഭ്യമാക്കിയിട്ടുണ്ട്. മാസ്റ്റർപ്ലാൻ പദ്ധതികളുടെ ആസൂത്രണത്തോടൊപ്പം നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ടെക്നിക്കൽ കോ-ഓർഡിനേഷൻ ചുമതലയും നിർവഹിക്കുന്നതിനായി ഉയർന്നതലത്തിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള ഒരു വിദഗ്ധനെ അഡ്വൈസർ (മാസ്റ്റർപ്ലാൻ) ആയും നിയോഗിച്ചിട്ടുണ്ട്.

- വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, വിവിധ ഡയറക്ടറേറ്റുകൾ, മറ്റ് വികസന ഏജൻസികൾ എന്നിവ മുഖേന നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ പുരോഗതി തത്സമയം നിരീക്ഷിക്കുന്നതിനും മാർഗ്ഗനിർദേശങ്ങൾ നൽകുന്നതിനുമായി ഒരു ഓൺലൈൻ വെബ് പോർട്ടലാരംഭിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ശാസ്ത്ര സാങ്കേതിക രംഗത്തും വിപണന രംഗത്തും ഉണ്ടായിക്കൊണ്ടിരിക്കുന്ന വളർച്ചയും

മാറ്റങ്ങളുമുൾക്കൊണ്ട് ശക്തിപ്പെടുത്തുന്നതിനായി ദേശീയതലത്തിലും അന്തർദേശീയ തലത്തിലുമുള്ള ഉന്നതവിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനുള്ള സാഹചര്യമൊരുക്കുന്ന നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നു.

- പരമ്പരാഗത മേഖലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു e-commerce പോർട്ടൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- കമ്പനികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും സുതാര്യമാക്കുന്നതിന്റെയും ഭാഗമായി സ്ഥാപനങ്ങളിൽ നൂതന ഇലക്ട്രോണിക് ഗവേണൻസ് സംവിധാനങ്ങളേർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.
- അതത് മേഖലയിൽ വിദഗ്ധരായവരെ കമ്പനി മേധാവികളായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- കമ്പനികളുടെ ഡയറക്ടർ ബോർഡുകൾ വിദഗ്ധരെയുൾപ്പെടുത്തി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പനികളുടെ വിവിധ മേഖലകളിൽ

പ്രാവീണ്യം ലഭിച്ചവരുടെ ഒരു പാനൽ തയ്യാറാക്കി ഇൻഡിപെൻഡന്റ് ഡയറക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- വ്യവസായ വകുപ്പിന്റെ ഭരണനിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയല്ലാതെ നിയമനം നടത്തേണ്ടതായ വിവിധ തസ്തികളിലേയ്ക്ക് നിയമനം നടത്തുന്നതിനായും മറ്റു വകുപ്പുകളിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ പി.എസ്.സി.-ക്ക് വിട്ടിട്ടില്ലാത്ത തസ്തികകളിൽ ബന്ധപ്പെട്ട വകുപ്പുകൾ ആവശ്യപ്പെടുന്നതിന്മേൽ നിയമനം നൽകുന്നതിനായും സ്വയംഭരണാധികാരമുള്ള കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് രൂപീകരിക്കുന്നതിനും നിയമം നിലവിൽ വന്നിട്ടുണ്ട്.
- ജീവനക്കാരുടെ കാര്യക്ഷമതയും മികവും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായുള്ള പരിശീലന പരിപാടികൾ വിവിധതലത്തിൽ നടത്തിവരുന്നു. ഇതോടൊപ്പം പൊതുമേഖലാ സ്ഥാപനങ്ങളിലെ ചെയർമാൻ, മാനേജിംഗ് ഡയറക്ടർ ഉൾപ്പെടെയുള്ള ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും ആവശ്യമായ പരിശീലനം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

- പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവിന് അംഗീകാരം നൽകുന്നതിന്റെ ഭാഗമായി ഏറ്റവും മികച്ച സ്ഥാപനം, മാനേജിംഗ് ഡയറക്ടർ, ജീവനക്കാരൻ, വ്യവസായ മേഖലയെ സംബന്ധിച്ച മികച്ച മാധ്യമ റിപ്പോർട്ടിംഗ് എന്നീ മേഖലകളിൽ അവാർഡ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.
- കമ്പനികളുടെ സമഗ്രമായ പുനഃസംഘടനയ്ക്കും ആധുനികവൽക്കരണത്തിനും ഉത്തരവാദിത്വം ഉറപ്പുവരുത്തിക്കൊണ്ട് സ്വയംഭരണം നൽകുന്നതിനുമുള്ള നിർദ്ദേശങ്ങളോടൊപ്പം സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച് പ്രായോഗിക നിർദ്ദേശങ്ങൾ നൽകുന്നതിനുവേണ്ടി മുൻ ചീഫ് സെക്രട്ടറിയും കെ.എസ്.ഐ.ഡി.സി. ചെയർമാനുമായ ശ്രീ. പോൾ ആന്റണി. ഐ.എ.എസ്. (റിട്ട.) ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

**ട്രാവൻകൂർ ടൈറ്റാനിയത്തിലെ നിയമനങ്ങൾ**

111(2461) <u>ശ്രീ. പി. സി. വിഷ്ണുനാഥ്:</u> താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018 മുതൽ ട്രാവൻകൂർ ടൈറ്റാനിയത്തിൽ നടത്തിയ സ്ഥിരം, താൽക്കാലികം, കരാർ നിയമനങ്ങളുടെ വിശദാംശം, തസ്തിക, ജോലിയിൽ പ്രവേശിച്ച തീയതി, നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച തീയതി, റിക്രൂട്ട്മെന്റ് നടത്തിയ രീതി എന്നിവ സഹിതം വ്യക്തമാക്കുമോ?

വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു +.

## വ്യവസായ സ്ഥാപനങ്ങളുടെ നവീകരണം

112(2462) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വാണിജ്യ വകുപ്പ് ഹ്രസ്വ, ഇടത്തരം, ദീർഘകാല വായ്പകൾ വ്യവസായ സ്ഥാപനങ്ങളുടെ നവീകരണത്തിനുവേണ്ടി ഉപയോഗിക്കുമോ; വ്യക്തമാക്കുമോ?

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി ഹ്രസ്വ, ഇടത്തരം, ദീർഘകാല വായ്പകൾ വ്യവസായസ്ഥാപനങ്ങളുടെ നവീകരണത്തിനുവേണ്ടി ഉപയോഗിക്കുന്നില്ല. എന്നാൽ വ്യവസായ വകുപ്പിനുകീഴിലുള്ള കെ.എസ്.ഐ.ഡി.സി.-യുടെ വിവിധ വായ്പാപദ്ധതികളിൽ കൂടി സംസ്ഥാനത്ത് വ്യവസായ സംരംഭകർക്ക് നൽകിവരുന്ന ഹ്രസ്വ, ഇടത്തര, ദീർഘകാല വായ്പകൾ വ്യവസായസ്ഥാപനങ്ങളുടെ നവീകരണം, ഉല്പാദന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വർദ്ധന തുടങ്ങിയവയ്ക്ക് സംരംഭകർക്ക് നൽകുന്ന പദ്ധതികൾ വിശകലനം നടത്തി അനുവദിക്കുന്നതാണ്.

(ബി) ഉല്പാദന വർദ്ധനയ്ക്കുവേണ്ടി വ്യവസായ വകുപ്പ് എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കാമോ?

നിലവിലുള്ള സംരംഭങ്ങളിൽ സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള സഹായം നൽകുന്ന സ്കെയിലിംഗ് അപ് പദ്ധതി വ്യവസായ വകുപ്പുവഴി പുതുതായി ആരംഭിച്ചിട്ടുണ്ട്. പ്രവർത്തനക്ഷമമായ എം.എസ്.എം.ഇ. യൂണിറ്റുകൾക്ക് സഹായം നൽകുന്നതിനും ഇതുമൂലം സാധിക്കുന്നതാണ്. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ ഉല്പാദന വർദ്ധനയ്ക്കായി വ്യവസായ വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. സംരംഭകരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും അതുവഴി  സംരംഭങ്ങൾ ആരംഭിക്കാനും നിലവിലുള്ള സംരംഭങ്ങൾ വിപുലീകരിക്കുന്നതിനും അവരെ സജ്ജരാക്കുന്നത് വഴി ഉല്പാദനം മെച്ചപ്പെടുത്തുന്നതിന് സഹായിക്കുന്നു. സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനായി ടെക്നോളജി ക്ലിനിക്കുകളും മാനേജ്മെന്റിലും സാങ്കേതികവിദ്യയിലും പരിശീലനം നൽകുന്നതിനായി ടെക്നോളജി

മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാമുകളും സംഘടിപ്പിക്കുന്നു. കൂടാതെ എറണാകുളം ജില്ലയിലെ കളമശ്ശേരിയിൽ സ്ഥിതിചെയ്യുന്ന കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് (KIED)-ന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി സംരംഭകത്വത്തിന്റെ വിവിധ മേഖലകളെയുൾക്കൊള്ളിച്ചുകൊണ്ടുള്ള വിവിധയിനം പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു.

കൂടാതെ വ്യവസായ വകുപ്പുവഴി നടപ്പിലാക്കുന്ന സംരംഭക സഹായ പദ്ധതി (ESS) വഴി നിലവിലുള്ള സംരംഭങ്ങളുടെ വിപുലീകരണത്തിനും വൈവിദ്ധ്യവൽക്കരണത്തിനും ആധുനികവൽക്കരണത്തിനും സബ്സിഡി നൽകിവരുന്നുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ പദ്ധതിയായ PMFME (Pradhan Mantri Formalisation of Micro Food Processing Enterprises Scheme) പദ്ധതിവഴി ഭക്ഷ്യസംസ്കരണ മേഖലയിലെ സൂക്ഷ്മ സംരംഭങ്ങളുടെ വിപുലീകരണത്തിന് സ്ഥിരനിക്ഷേപത്തിന്റെ 35% (പരമാവധി 10 ലക്ഷം) വരെ സബ്സിഡി നൽകിവരുന്നു.

(സി) അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ് പരിഹരിക്കുവാൻ വ്യവസായ വകുപ്പ് എന്ത് നടപടിയാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കാമോ?

അസംസ്കൃത വസ്തുക്കളുടെ പൊതുസേവന കേന്ദ്രമാരംഭിക്കുന്നതിന് സഹായം നൽകുന്ന ക്ലസ്റ്റർ വികസന പദ്ധതി വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. സമാന മേഖലയിൽപ്പെട്ട സംരംഭകരുടെ കൂട്ടായ്മയ്ക്ക് അസംസ്കൃത വസ്തുക്കൾ പൊതുവായി വാങ്ങുന്നതിനും അതുവഴി ഉല്പാദന ചെലവ് കുറയ്ക്കുന്നതിനും ഈ പദ്ധതിവഴി സാധ്യമാണ്.

(ഡി) വ്യാവസായിക ഉല്പന്നങ്ങളുടെ മാർക്കറ്റിനുവേണ്ടി സർക്കാർ വിപണിയിൽ ഇടപെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

കേരളത്തിൽ നിർമ്മിക്കപ്പെടുന്ന ഉല്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ-അന്തർദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിന് സഹായിക്കുന്നതിനായി കേരള ബ്രാൻഡ് സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ ഉല്പന്നങ്ങൾ വിപണനം ചെയ്യാനായി Open Network for Digital Commerce (ONDC)-യുമായി ചേർന്ന് ഒരു ഓപ്പൺ നെറ്റ്‌വർക്ക് പ്ലാറ്റ്ഫോം നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

സംസ്ഥാനത്തെ ഭൗമസൂചിക (GI) ലഭിച്ചിട്ടുള്ള വിവിധ ഉല്പന്നങ്ങളുടെ പ്രോത്സാഹനത്തിനായും അവയ്ക്കനുയോജ്യമായ വിപണി

കണ്ടെത്തുന്നതിനായും ഇതിൽനിന്നുള്ള ലാഭം യഥാർത്ഥ നിർമ്മാതാക്കളിലെത്തിക്കുന്നതിനായി ഇത്തരം ഉല്പന്നങ്ങൾക്കായി ഒരു ജി.ഐ. മാർക്കറ്റിംഗ് പോർട്ടലാരംഭിച്ചു.

ഇതുകൂടാതെ ഉല്പന്നങ്ങളുടെ വിപണനം ഉറപ്പുവരുത്തുന്നതിനായി ജില്ലാ, താലൂക്ക് തലങ്ങളിൽ പ്രദർശന വില്പന മേളകൾ, സംസ്ഥാന തലത്തിൽ അഗ്രോ ഫുഡ് പ്രോ, പ്ലാന്റേഷൻ എക്സ്പോ, മെഷീനറി എക്സ്പോ എന്നിവ നടത്തിവരുന്നു. കൂടാതെ വ്യവസായികൾക്ക് വിപണി ഉറപ്പിക്കാനായി ദേശീയ-അന്തർദേശീയ പ്രദർശന മേളകളിൽ പങ്കെടുക്കുന്നതിനാവശ്യമായ സഹായവും നൽകിവരുന്നുണ്ട്. സംരംഭങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനും വിപണനം പ്രോത്സാഹിപ്പിക്കുന്നതിനുമായി പ്രാദേശികമായി താലൂക്കുതലത്തിൽ എക്സിബിഷനുകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ വാണിജ്യ പ്രചാരണത്തിനായി ജില്ലാതലത്തിലും എം.എസ്.എം.ഇ. എക്സിബിഷനുകൾ നടത്തിവരുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ (Directorate General of Supplies and Goods) ഇ-മാർക്കറ്റിംഗ് പോർട്ടലാണ് GeM (Government e-Marketplace). ഈ പോർട്ടൽ മുഖേന ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും സർക്കാർ ഉടമസ്ഥതയിലുള്ള മറ്റ് ഏജൻസികൾക്കും

പൊതുസംഭരണം നടത്താവുന്നതാണ്. എ.എസ്.എം.ഇ. സംരംഭങ്ങൾക്ക് GeM PORTAL രജിസ്ട്രേഷൻ നടത്തുന്നതുവഴി ഉല്പന്നങ്ങൾ വിപണനം നടത്താൻ സാധിക്കും. GeM PORTAL-ൽ രജിസ്ട്രേഷൻ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വ്യവസായ അനുകൂല അന്തരീക്ഷം സൃഷ്ടിക്കുന്നതിനോപ്പം അന്താരാഷ്ട്ര വിപണിയിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ മത്സരക്ഷമത ഉറപ്പാക്കുന്നതിനും വിപണന സാധ്യതയും കയറ്റുമതിയും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നുണ്ട്. ബി-ടു-ബി വെബ് പോർട്ടൽ, വാണിജ്യ മിഷൻ, വ്യാപാർ (ബി-ടു-ബി മീറ്റ്) എന്നിവ ഇതിലുൾപ്പെടുന്നു.

**വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ**

113(2463) <u>ശ്രീ. എ. കെ. എം. അഷ്റഫ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ 2021-22, 2022-23 സാമ്പത്തികവർഷം കൈവരിച്ച ഭൗതിക സാമ്പത്തിക നേട്ടം എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ബാധകമായിട്ടുള്ള നിലവിലെ സാമ്പത്തിക വിനിയോഗ അധികാരപ്രകാരം 10 കോടി രൂപ വരെയുള്ള പദ്ധതികൾ സാമ്പത്തികഭദ്രത ഉറപ്പുവരുത്തുന്നതിനുള്ള ചില നിബന്ധനകൾക്ക് വിധേയമായി സർക്കാർ അനുമതി തേടാതെ ബോർഡിന്റെ അനുമതിയോടുകൂടി സ്ഥാപനതലത്തിൽ തന്നെ തീരുമാനമെടുത്ത് നടപ്പിലാക്കാവുന്നതാണ്. വ്യവസായ വകുപ്പിനുകീഴിലെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ 2021-22, 2022-23 വർഷം കൈവരിച്ച ഭൗതിക നേട്ടങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലെങ്കിലും വിവിധ കമ്പനികൾ സർക്കാർ ധനസഹായത്തിലും അവരുടെ സ്വന്തം ഫണ്ടുപയോഗിച്ചും ധനകാര്യ സ്ഥാപനങ്ങൾ മുഖേന ഫണ്ട് കണ്ടെത്തിയും ഭൗതികസൗകര്യങ്ങൾ വലിയതോതിൽ മെച്ചപ്പെടുത്തിയിട്ടുള്ളതായി സർക്കാർതലത്തിലും റിയാബ് തലത്തിലും നടത്തിയിട്ടുള്ള പൊതുവായ അവലോകനത്തിൽ വെളിവായിട്ടുണ്ട്. പുതിയ പ്ലാന്റുകളുടെ നിർമ്മാണം, മെഷിനറികളുടെ വാങ്ങൽ, ഫാക്ടറികളുടെ

നവീകരണം, സാങ്കേതികവിദ്യയിലെ അപ്ഗ്രഡേഷൻ, കെട്ടിടനിർമ്മാണമുൾപ്പെടെയുള്ള വിവിധ ആസ്തി വികസന പ്രവർത്തനങ്ങൾ കമ്പനികൾ നടപ്പിലാക്കിയിട്ടുണ്ട്. കെൽട്രോൺ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ്, ടെക്സ്റ്റൈൽ മേഖലയിലെ വിവിധ സ്ഥാപനങ്ങൾ, കശുവണ്ടി മേഖലയിലെ സ്ഥാപനങ്ങൾ എന്നിവ മെഷിനറിയിലും സാങ്കേതികവിദ്യയിലും കാര്യമായ ഭൗതികനേട്ടം കൈവരിച്ചിട്ടുണ്ട്. ഇതുകൂടാതെ ഓരോ സ്ഥാപനവും അവരുടെ അടുത്ത 10 വർഷത്തെ പ്രവർത്തനം മുന്നിൽക്കണ്ട് മാസ്റ്റർപ്ലാൻ പദ്ധതികളും തയ്യാറാക്കിയിട്ടുണ്ട്. ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തിയതിലൂടെയും ഉല്പാദന വർദ്ധനയിലൂടെയും സ്ഥാപനങ്ങളുടെ പ്രവർത്തനം നിശ്ചിത ഇടവേളകളിൽ വിലയിരുത്തി സർക്കാരും റിയാബും നൽകിയ കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ നിരവധി സ്ഥാപനങ്ങൾക്ക് 2021-22-ൽ സാമ്പത്തിക നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. 2022-23 സാമ്പത്തികവർഷത്തെ ലാഭനഷ്ട കണക്കുകൾ സാമ്പത്തികവർഷം പൂർത്തിയായാൽ മാത്രമേ ലഭ്യമാകുകയുള്ളൂ. 2021-22 വർഷം പ്രവർത്തന

ലാഭം കൈവരിച്ച സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു +.

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു +.

**പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ സ്വീകരിച്ച നടപടികൾ**

114(2464) ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീമതി കെ. കെ. രമ:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20-ൽ സംസ്ഥാനത്തെ 115 പൊതുമേഖലാ സ്ഥാപനങ്ങളുടെ മൊത്തം നഷ്ടം 1738 കോടി രൂപയായിരുന്നത് 2020-21-ൽ 6055 കോടി രൂപയിലേയ്ക്ക് വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലാകാനുണ്ടായ സാഹചര്യം വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോവിഡ് മഹാമാരിയെത്തുടർന്ന് ആഗോളതലത്തിൽ തന്നെ വ്യവസായ ശാലകളിലെ ഉല്പാദനം കുറയുകയുണ്ടായി. അത് കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെയും സാരമായി ബാധിച്ചു. പ്രസ്തുത സാഹചര്യം സ്ഥാപനങ്ങളെ നഷ്ടത്തിലാക്കി.

(സി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കുന്നതിനായി സ്ഥാപനങ്ങളെ ഏഴ് സെക്ടറുകളായി തിരിച്ച് നവീകരണത്തിനായുള്ള മാസ്റ്റർപ്ലാൻ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഹ്രസ്വം, ഇടത്തരം, ദീർഘകാലം എന്നിങ്ങനെ മൂന്ന് കാലയളവുകളിലായാണ് ഇത് നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വൈവിധ്യവൽക്കരണത്തിനും വിപുലീകരണത്തിനുമായി വിവിധ പദ്ധതികളുൾപ്പെടുത്തിയിട്ടുള്ള മാസ്റ്റർ പ്ലാനാണ് പരിഗണനയിലുള്ളത്. ഹ്രസ്വകാല പദ്ധതികൾ അടുത്ത രണ്ട് വർഷത്തിനുള്ളിൽ നടപ്പിലാക്കാനാണുദ്ദേശിക്കുന്നത്. മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ബജറ്റിതര ധനസഹായം പൊതുമേഖലാ

ബാങ്കുകൾ വഴിയോ മറ്റ് ധനകാര്യ സ്ഥാപനങ്ങൾ മുഖേനയോ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. മാസ്റ്റർപ്ലാൻ പദ്ധതികളുടെ വിശദമായ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുമാവശ്യമായ വിദഗ്ദ്ധസഹായം ഉറപ്പുവരുത്തുന്നതിന് വ്യവസായമേഖലയിൽ പ്രത്യേക പ്രാവീണ്യമുള്ള വിദഗ്ദ്ധരെയുൾപ്പെടുത്തി ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് സജ്ജമാക്കിയിട്ടുണ്ട്. ടെക്നിക്കൽ, പ്രോജക്ട് എക്സിക്യൂഷൻ, ഫിനാൻസ് എന്നീ മേഖലകളിൽ നൈപുണ്യം നേടിയ പ്രസ്തുത വിദഗ്ദ്ധരുടെ സേവനം വ്യവസായ-കയർ-കശുവണ്ടി മേഖലയിൽപ്പെട്ട എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ലഭ്യമാക്കിയിട്ടുണ്ട്.

മാസ്റ്റർപ്ലാൻ പദ്ധതികളുടെ ആസൂത്രണത്തോടൊപ്പം നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ടെക്നിക്കൽ കോ-ഓർഡിനേഷൻ ചുമതലയും നിർവ്വഹിക്കുന്നതിനായി ഉയർന്നതലത്തിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള ഒരു വിദഗ്ദ്ധനെ അഡ്വൈസർ (മാസ്റ്റർപ്ലാൻ) ആയും നിയോഗിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മാസംതോറും അവലോകനം ചെയ്യുന്നതിനായി ഒരു ഇന്റർനെറ്റധിഷ്ഠിത മോണിറ്ററിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഈ

വിവരങ്ങൾ ആധാരമാക്കി കമ്പനികളുടെ ഓരോ മാസത്തെയും പ്രവർത്തന പുരോഗതിയുടെ അവലോകനം വിവിധതലത്തിൽ നടത്തിവരുന്നു. അതത് മേഖലയിൽ വിദഗ്ദ്ധരായവരെ കമ്പനി മേധാവികളായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കമ്പനികളുടെ ഡയറക്ടർ ബോർഡുകൾ വിദഗ്ദ്ധരെയുൾപ്പെടുത്തി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പനികളുടെ വിവിധ മേഖലകളിൽ പ്രാവീണ്യം ലഭിച്ചവരെ ഇൻഡിപെൻഡന്റ് ഡയറക്ടർമാരായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ജീവനക്കാരുടെ കാര്യക്ഷമതയും മികവും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായുള്ള പരിശീലന പരിപാടികൾ നടത്തിവരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളിലെ ചെയർമാൻ, മാനേജിംഗ് ഡയറക്ടറുൾപ്പെടെയുള്ള ഡയറക്ടർ ബോർഡംഗങ്ങൾക്കും ആവശ്യമായ പരിശീലനം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ കൂടുതൽ സുതാര്യത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് സംവിധാനവും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കുന്നുണ്ട്. ഇതുസംബന്ധിച്ച പുരോഗതി

ഉന്നതതലത്തിൽ വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ കമ്പനികൾക്ക് നൽകിവരുന്നു.

കൂടാതെ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ ഒരു പൊതുവായ ശമ്പള/വേതന വ്യവസ്ഥയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടിയുള്ള എക്സ്പെർട്ട് കമ്മിറ്റിയുടെ ശിപാർശകൾ അംഗീകരിച്ചുകൊണ്ട് ധനകാര്യ വകുപ്പ് 29-10-2022-ലെ സ.ഉ(അച്ചടി)നം.131/2022/ധന., പ്രകാരമുള്ള ഉത്തരവിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള വിവിധ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 7 മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി സ്കോർ അടിസ്ഥാനത്തിൽ 4 വിഭാഗങ്ങളാക്കി തരംതിരിക്കുകയും ഡയമണ്ട്/ഗോൾഡ്/സിൽവർ/ ബ്രോൺസ് എന്നിങ്ങനെ ബ്രാൻഡ് ചെയ്യുകയും ചെയ്യുന്ന ഒരു വ്യവസ്ഥയാണ് അവലംബിച്ചിരിക്കുന്നത്. ഇപ്രകാരം നിശ്ചയിച്ച് നൽകുന്ന സ്കോർ നിശ്ചിത ഇടവേളകളിൽ പുനഃപരിശോധിക്കുകയും പുനർനിർണയിക്കുകയും ചെയ്യുന്നതാണ്. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് തങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഒരു അംഗീകാരമെന്ന നിലയിലാണ് ഈ വ്യവസ്ഥ കൊണ്ടുവന്നിരിക്കുന്നത്. ഈ നടപടികളിലൂടെ നഷ്ടത്തിലായ

സ്ഥാപനങ്ങൾക്ക് തങ്ങളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനും കൃത്യമായ ഇടവേളകളിൽ പുരോഗതി വിലയിരുത്തുന്നതിനും സാധിക്കും.

**വയനാട് ജില്ലയിലെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ**

115(2465) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ കാർഷികോല്പന്നങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിനുള്ള വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കാർഷിക സംസ്കരണ മേഖലയിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി നിരവധി പ്രവർത്തനങ്ങളും പദ്ധതികളും വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്.

i. വ്യവസായ വകുപ്പുവഴി നടപ്പിലാക്കിവരുന്ന ഉല്പാദന മേഖലയിലുള്ള സംരംഭങ്ങൾക്ക് സ്ഥിരനിക്ഷേപത്തിന്മേൽ സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയായ സംരംഭക സഹായ പദ്ധതി (ESS)-യിൽ ഭക്ഷ്യ സംസ്കരണ മേഖലയെ മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തി അധിക സഹായമായി ആകെ സ്ഥിരനിക്ഷേപത്തിന്റെ 10 ശതമാനം പരമാവധി 10 ലക്ഷം രൂപ

അധിക സബ്സിഡി ഉൾപ്പെടെ 30 ലക്ഷം രൂപ വരെ സബ്സിഡിയായി നൽകിവരുന്നു.

ii. വ്യവസായ വകുപ്പുവഴി നടപ്പിലാക്കുന്ന കേന്ദ്ര ഭക്ഷ്യ വ്യവസായ മന്ത്രാലയത്തിന്റെ പദ്ധതിയായ PMFME (Prime Minsters Formalization of Micro Food Processing Enterprises) പദ്ധതിവഴി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ മേഖലയിലെ വായ്പാബന്ധിത പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുന്നു. വ്യക്തിഗത സംരംഭങ്ങൾക്ക് പദ്ധതി ചെലവിന്റെ 35 ശതമാനം പരമാവധി 10 ലക്ഷം രൂപ വരെയാണ് സബ്സിഡി. ജില്ലാതലത്തിൽ കണ്ടെത്തിയിട്ടുള്ള ODOP (One District One Product) ഉൾപ്പെടെയുള്ള ഉല്പന്നങ്ങളുടെ സംസ്കരണത്തിന് പുതിയ സംരംഭങ്ങളാരംഭിക്കുന്നതിനും നിലവിൽ പ്രവർത്തിക്കുന്ന ഭക്ഷ്യ ഉല്പന്നങ്ങളുടെ സംസ്കരണ സ്ഥാപനങ്ങൾക്കും ഈ പദ്ധതി പ്രകാരമുള്ള സഹായം നൽകുന്നു. ജില്ലാ വ്യവസായ കേന്ദ്രങ്ങൾവഴി അനുയോജ്യരായ സംരംഭകരെ കണ്ടെത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇത്തരം സംരംഭങ്ങളാരംഭിക്കുന്നതിന് മുൻകയ്യെടുക്കുന്ന സംരംഭകർക്ക് സാമ്പത്തികസഹായം ലഭ്യമാക്കുന്ന പദ്ധതികൾ പരിഗണനയിലുണ്ടോ?

ഉണ്ട്. സംരംഭക സഹായ പദ്ധതി (ESS), പ്രധാനമന്ത്രിയുടെ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ പദ്ധതി (Prime Minsters Formalization of Micro Food Processing Enterprises), പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (പി.എം.ഇ.ജി.പി.), ഒരു കുടുംബം ഒരു സംരംഭം പദ്ധതി (OFOE), നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ് മുതലായവ വ്യവസായ വകുപ്പുവഴി സാമ്പത്തിക സഹായം നൽകുന്ന പദ്ധതികളാണ്.

(സി) വയനാട് ജില്ലയിലെ കാർഷികോല്പന്നങ്ങൾക്ക് വിദേശ മാർക്കറ്റുകളിലിടം ലഭിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നകാര്യം പരിഗണിക്കാമോ?

കേരളത്തിൽ നിർമ്മിക്കപ്പെടുന്ന ഉല്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ-അന്തർദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിന് സഹായിക്കുന്നതിനുമായി കേരള ബ്രാൻഡ് സംവിധാനമാരംഭിക്കുന്നതിനുള്ള നടപടികളും കൂടാതെ സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉല്പന്നങ്ങൾ വിപണനം ചെയ്യാനായി Open Network for Digital Commerce (ONDC)-യുമായി ചേർന്ന് ഒരു ഓപ്പൺ നെറ്റ്‌വർക്ക് പ്ലാറ്റ്‌ഫോം വികസിപ്പിക്കുന്നതിനുള്ള

നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്തെ ഭൗമസൂചിക ലഭിച്ചിട്ടുള്ള വിവിധ ഉല്പന്നങ്ങളുടെ പ്രോത്സാഹനത്തിനായും അവയ്ക്കനുയോജ്യമായ വിപണി കണ്ടെത്തുന്നതിനായും ഇതിൽനിന്നുള്ള ലാഭം യഥാർത്ഥ നിർമ്മാതാക്കളിലെത്തിക്കുന്നതിനുമായി ഇത്തരം ഉല്പന്നങ്ങൾക്കായി ഒരു ജി.ഐ. മാർക്കറ്റിംഗ് പോർട്ടലാരംഭിക്കും. കേന്ദ്ര സർക്കാരിന്റെ (Directorate General of Supplies and Goods) ഇ-മാർക്കറ്റിംഗ് പോർട്ടലായ ' GeM' മുഖേന ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും സർക്കാർ ഉടമസ്ഥതയിലുള്ള മറ്റ് ഏജൻസികൾക്കും പൊതുസംഭരണം നടത്താവുന്നതാണ്. എം.എസ്.എം.ഇ. സംരംഭങ്ങൾക്ക് GeM PORTAL രജിസ്ട്രേഷൻ നടത്തുന്നതുവഴി ഉല്പന്നങ്ങൾ വിപണനം നടത്താൻ സാധിക്കും. GeM PORTAL-ൽ രജിസ്ട്രേഷൻ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വ്യവസായ അനുകൂല അന്തരീക്ഷം സൃഷ്ടിക്കുന്നതിനോടൊപ്പം അന്താരാഷ്ട്ര വിപണിയിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ മത്സരക്ഷമത ഉറപ്പാക്കുന്നതിനും വിപണന സാധ്യതയും കയറ്റുമതിയും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കിവരുന്നുണ്ട്. ബി-ടു-ബി

വെബ് പോർട്ടൽ, വാണിജ്യ മിഷൻ, വ്യാപാർ (ബി-ടു-ബി മീറ്റ്) എന്നിവ ഇതിലുൾപ്പെടുന്നു.

വയനാടൻ കാപ്പിക്ക് വിദേശ മാർക്കറ്റുകളിലിടം ലഭിക്കുന്നതിനായി ഹബ് ആൻഡ് സ്പോക്ക് മാതൃകയിൽ കർഷകരുടെ കൂട്ടുടമസ്ഥതയിൽ കാപ്പിക്കുരു സംസ്കരണം സാധ്യമാകുന്നതരത്തിൽ കോഫി സംസ്കരണ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

## കോഴിക്കോട് ഗാന്ധി റോഡിൽ വ്യവസായ വകുപ്പിന്റെ കൈവശമുള്ള ഭൂമിയിൽ വ്യവസായം തുടങ്ങാൻ നടപടി

116(2466) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഗാന്ധി റോഡിൽ വ്യവസായ വകുപ്പിന്റെ കൈവശമുള്ള ഭൂമിയിൽ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പദ്ധതികൾ വിഭാവന ചെയ്തിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

കോഴിക്കോട് ജില്ലാ വ്യവസായ കേന്ദ്രത്തിനുസമീപമുള്ള 3.37 ഏക്കർ ഭൂമി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിൽനിന്നും ഏറ്റെടുത്ത്

സംരംഭകത്വ വികസന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള കോ-വർക്കിംഗ് സ്പെയിസ്/ട്രേഡ് സെന്റർ സ്ഥാപിക്കുന്നതിനായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ പ്രൊപ്പോസൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 250 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്.

## പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉപയോഗശൂന്യമായി കിടക്കുന്ന ഭൂമി ഏറ്റെടുക്കാൻ കർമ്മപദ്ധതി

117(2467) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷാചരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളോട് ചേർന്ന് ഉപയോഗശൂന്യമായി കിടക്കുന്ന ഭൂമിയേറ്റെടുക്കുന്നതിനുള്ള കർമ്മപദ്ധതിയുടെ നിലവിലുള്ള പുരോഗതി അറിയിക്കാമോ?

വ്യവസായമേഖലയുടെ വളർച്ച ലക്ഷ്യമിട്ടുകൊണ്ട് അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി സംരംഭകർക്കാവശ്യമായി വരുന്ന ഭൂമി കണ്ടെത്തുന്നതിനുവേണ്ടി പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമിയുടെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുകയുണ്ടായി. പൊതുമേഖലാ സ്ഥാപനങ്ങളുടെ

നിലവിലുള്ള സംവിധാനങ്ങൾക്കുവേണ്ടി ഉപയോഗിച്ചുവരുന്ന ഭൂമിയും അവയുടെ വികസനവുമായി ബന്ധപ്പെട്ട് ഭാവിയിൽ ആവശ്യമായി വരാവുന്ന ഭൂമിയും കുറവുചെയ്ത് ബാക്കിയുള്ള കൈവശഭൂമിയുടെ ലഭ്യത വിലയിരുത്തിയിട്ടുണ്ട്.

ടി സ്ഥിതിവിവര കണക്കിന്റെ അടിസ്ഥാനത്തിൽ വ്യവസായ പാർക്കുകൾ, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി എന്നിവയുടെ അനുയോജ്യത കിൻഫ്രയുടെ നേതൃത്വത്തിൽ പരിശോധിച്ച് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ 9 പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നായി 40.41 ഏക്കർ ഭൂമി ഒന്നാംഘട്ടത്തിൽ ഈ ആവശ്യത്തിനായി ഉപയോഗിക്കാൻ സാധിക്കുന്നതാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

ഇതിനെത്തുടർന്ന് 2022-23 ബജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചിരുന്ന " ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്കുകൾ നിർമ്മിക്കുന്നതിന് കിഫ്ബിക്കുകീഴിൽ 200 കോടി രൂപ കോർപ്പസ് ഫണ്ടായി വകയിരുത്തുകയും പദ്ധതിയുടെ പൈലറ്റ് പ്രോജക്ട് കൊല്ലത്ത് സ്ഥിതി ചെയ്യുന്ന യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിൽ നടപ്പാക്കുമെന്നും" സൂചിപ്പിച്ചിരുന്ന പദ്ധതിയുടെ ഭാഗമായി യുണൈറ്റഡ്

ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ 96 സെന്റ് സ്ഥലത്ത് ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്ക് സ്ഥാപിക്കുന്നതിനായി 28.15 കോടി രൂപയുടെ പദ്ധതി കിഫ്ബിയുടെ ബോർഡ് തത്വത്തിൽ അംഗീകരിച്ച് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഇതുപ്രകാരം എത്ര വിസ്തൃതിയിലുള്ള ഭൂമിയാണ് ഇതുവരെ കണ്ടെത്തിയിട്ടുള്ളതെന്ന വിവരം ജില്ല തിരിച്ച് അറിയിക്കാമോ?

കിൻഫ്രയുടെ നേതൃത്വത്തിൽ വ്യവസായ പാർക്കുകൾ, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി എന്നിവയുടെ അനുയോജ്യത പരിശോധിച്ച് വിലയിരുത്തിയ 9 പൊതുമേഖലാ സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| SL. NO | PSU & District | Land (in cents) |
|---|---|---|
| 1. | United Electrical Industries Ltd,<br>Kollam District | 96.23 |
| 2. | Kerala State Textile Corporation Ltd – Kottayam Textiles, Kottayam District | 1000 |
| 3. | Travancore Cements Ltd, Kottayam District | 400 |
| 4. | Kerala State Drugs and Pharmaceuticals Ltd, Alappuzha District | 100 |
| 5. | Kerala State Textile Corporation Ltd – Kompalapuram Spinning & Weaving Mills Ltd, Alappuzha District | 412 |
| 6. | Metal Industries Ltd, Palakkad | 800 |
| 7. | Kerala State Textile Corporation Ltd– Edarikkode Textiles, Malappuram District | 506 |
| 8. | Malabar Cements Ltd,<br>(land available in Malappuram District) | 627 |

| | | |
|---|---|---|
| 9. | Malappuram Co-operative Spinning Mills, Malappuram District | 100 |
| Total | | 4041.23 (40.41 ഏക്കർ) |

## സ്റ്റാർട്ടപ്പ് മേഖലയ്ക്ക് ഇൻകുബേഷൻ പിന്തുണയും പ്രോത്സാഹനവും നൽകുന്നതിന് നടപടി

118(2468) ശ്രീ. ആന്റണി ജോൺ:

ശ്രീ. കെ. ആൻസലൻ:

ശ്രീ. ലിന്റോ ജോസഫ്:

ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്റ്റാർട്ടപ്പ് മേഖലകൾക്ക് ഇൻകുബേഷൻ പിന്തുണയും പ്രോത്സാഹനവും നൽകുന്നതിനായി സർക്കാർ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് ഇൻകുബേഷൻ മേഖലയ്ക്ക് സർക്കാർസഹായം നൽകിവരുന്നുണ്ട്. കേരള സ്റ്റാർട്ടപ്പ് മിഷൻ നേരിട്ട് അഞ്ച് ഇൻകുബേറ്ററുകൾ നടത്തിവരുന്നു. ഇതുകൂടാതെ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന അമ്പതോളം

ഇൻകുബേറ്ററുകളുമായി സഹകരിക്കുകയും ചെയ്യുന്നുണ്ട്. കേരള സ്റ്റാർട്ടപ്പ് മിഷന്റെ യുണീക് ഐഡി എല്ലാ സ്റ്റാർട്ടപ്പുകൾക്കും നൽകിവരുന്നു. കൂടാതെ സ്റ്റാർട്ടപ്പുകൾക്കായി വെർച്വൽ ഇൻകുബേഷൻ പ്രോഗ്രാമും നടത്തിവരുന്നു. വിദ്യാർത്ഥികളടക്കമുള്ള യുവസംരംഭകരുടെ നൂതനവും വ്യാപാരയോഗ്യമായ സംരംഭങ്ങൾക്ക് കെ.എസ്.ഐ.ഡി.സി. ഇരുപത്തിയഞ്ച് ലക്ഷം രൂപവരെ മൂലധനസഹായം നൽകിവരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ ആകെ തുകയുടെ തൊണ്ണൂറുശതമാനമോ അല്ലെങ്കിൽ ഇരുപത്തിയഞ്ച് ലക്ഷം രൂപയോ ആണ് പ്രാഥമിക മൂലധനസഹായമായി നൽകിവരുന്നത്. മേൽപ്പറഞ്ഞവയ്ക്ക് പുറമെ, തങ്ങളുടെ ഉല്പന്നം/സേവനം വിജയകരമായി വികസിപ്പിക്കുകയും വാണിജ്യവൽക്കരിക്കുകയും ചെയ്ത സ്റ്റാർട്ടപ്പുകൾക്ക് 50 ലക്ഷം രൂപവരെ നൽകുന്ന "സ്കെയിൽഅപ്പ് സപ്പോർട്ട്" എന്ന പദ്ധതിയും കെ.എസ്.ഐ.ഡി.സി. നടപ്പിലാക്കിവരുന്നു. സംരംഭകർക്ക് അവരുടെ ആശയങ്ങളുടെ പൂർത്തീകരണത്തിനായി കെ.എസ്.ഐ.ഡി.സി.-യുടെ കോഴിക്കോട് പ്രവർത്തിക്കുന്ന ബിസിനസ് ഇൻകുബേഷൻ സെന്റർ എല്ലാവിധ സൗകര്യങ്ങളുമൊരുക്കിയിട്ടുണ്ട്. സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്കെല്ലാം ആവശ്യാനുസരണം മാർഗനിർദ്ദേശങ്ങളും നൽകിവരുന്നു. ബിസിനസ് ഇൻകുബേഷൻ സെന്റർ, കോഴിക്കോട് മുഖേന നാളിതുവരെ

അമ്പത്തിയേഴോളം സ്റ്റാർട്ടപ്പ് സ്ഥാപനങ്ങൾക്കുവേണ്ട സൗകര്യങ്ങളൊരുക്കി നൽകിയിട്ടുണ്ട്.

(ബി) ഈ മേഖലയിൽ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങളുടെ ഫലമായി സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥകളെക്കുറിച്ചുള്ള വേൾഡ് ബെഞ്ച് മാർക്ക് സ്റ്റഡിയിൽ ലോകത്തെ ഏറ്റവും മികച്ച അഞ്ച് ബിസിനസ് ഇൻകുബേറ്ററുകളിലൊന്നായി മാറുവാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

സ്റ്റാർട്ടപ്പുകൾക്ക് നൽകിവരുന്ന ഇൻകുബേഷൻ പ്രോഗ്രാമിന്റെ മികവാണ് വേൾഡ് ബെഞ്ച് മാർക്ക് സ്റ്റഡി അവലോകനം ചെയ്യുന്നത്. വിവിധ രാജ്യങ്ങളിലെ 109 ഓളം ഇൻകുബേറ്ററുകളുമായി താരതമ്യം ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് മികച്ച അഞ്ച് ഇൻകുബേറ്ററുകളിലൊന്നായി സംസ്ഥാനത്തെ തെരഞ്ഞെടുത്തത്.

(സി) 2015 മുതൽ ഈ മേഖലയിലുണ്ടായിട്ടുള്ള നേട്ടങ്ങൾ താരതമ്യം ചെയ്തിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ഉണ്ട്. സ്റ്റാർട്ടപ്പുകളുടെ എണ്ണം 2015-ൽ 200 ആയിരുന്നത് നിലവിൽ 4000 ആയി വർദ്ധിച്ചിട്ടുണ്ട്. നിക്ഷേപം നാമമാത്രമായിരുന്നത് നിലവിൽ 4500 കോടി രൂപയായും തൊഴിലവസരം 40000 ആയും വർദ്ധിച്ചിട്ടുണ്ട്.

## സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ

119(2469) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കുന്നതിനുവേണ്ടി ഭൂപരിഷ്കരണ നിയമത്തിൽ ഭേദഗതി വരുത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്കായി എന്തൊക്കെ ഇളവുകളാണ് അനുവദിക്കാനുദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കാമോ?

(എ&ബി) സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളാരംഭിക്കുന്നതിനായി ഭൂപരിഷ്കരണ നിയമത്തിൽ ഭേദഗതി വരുത്തുവാൻ നാളിതുവരെ തീരുമാനിച്ചിട്ടില്ല.

## പരമ്പരാഗത വ്യവസായ മേഖല

120(2470) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാലാനുസൃതമായ മാറ്റങ്ങൾക്കുവിധേയമാക്കി പരമ്പരാഗത വ്യവസായ മേഖലയെ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

കാലാനുസൃതമായ മാറ്റങ്ങൾക്കുവിധേയമാക്കി പരമ്പരാഗത വ്യവസായ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി വിവിധ മേഖലകളിൽ ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

പരമ്പരാഗത ശിൽപികൾ വിവിധയിനം തടികളിൽ നിർമ്മിക്കുന്ന ഉല്പന്നങ്ങൾ കരകൗശല വികസന കോർപ്പറേഷനിൽ വിപണനം നടത്തുന്നു. കാലാനുസൃതമായ മാറ്റങ്ങൾക്ക് വിധേയമാക്കി ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിനായി പുതിയ ഡിസൈനുകളിലുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിലൂടെയും ഓൺലൈൻ മാർക്കറ്റിംഗിലൂടെയും സി.എഫ്.എസ്.സി.-കളിലൂടെ പ്രവർത്തനം ശക്തിപ്പെടുത്തി തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നതിലൂടെയും വിനോദസഞ്ചാര മേഖലയിലെ കൂടുതൽ സജീവ ഇടപെടലുകളിലൂടെയും കോർപ്പറേഷന്റെ വിറ്റുവരവ് 2030-ഓടുകൂടി 100 കോടി രൂപയിലെത്തിക്കുകയെന്ന ലക്ഷ്യത്തോടെ കോർപ്പറേഷൻ ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കിവരുന്നു.

നവീനമായ യന്ത്രസാമഗ്രികളുടെ ഉപയോഗം പ്രാവർത്തികമാകുന്ന സാഹചര്യങ്ങളിൽ അത് ഉപയോഗപ്പെടുത്തുക, ഷോറൂമുകൾ കാലാനുസൃതമായി ആധുനീകരിക്കുക, ഇ-മാർക്കറ്റിംഗ് തുടങ്ങിയ ആധുനിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തുക തുടങ്ങിയവ പ്രധാനമാണ്. സംസ്ഥാന സർക്കാർ കരകൗശല മേഖലയ്ക്കായി മാറ്റിവയ്ക്കുന്ന തുകയിലെ വിഹിതം പ്രയോജനപ്പെടുത്തിക്കൊണ്ട് ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ കേരളാ സ്റ്റേറ്റ് ഹാൻഡിക്രാഫ്റ്റ് അപെക്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (സുരഭി) പ്രധാന പങ്കുവഹിക്കുന്നുണ്ട്. ഷോറൂമുകൾ ആധുനികവൽക്കരിക്കുന്നതുവഴി ഉപഭോക്താക്കളെ കൂടുതൽ ആകർഷിക്കാനും യന്ത്രവൽക്കരണം ഏർപ്പെടുത്തുന്നതുവഴി ഉല്പാദനച്ചെലവ് കുറയ്ക്കാനും അതുവഴി മെച്ചപ്പെട്ട വേതനം തൊഴിലാളികൾക്ക് ലഭ്യമാക്കാനും ശ്രമം നടന്നുവരുന്നു. ഇ-മാർക്കറ്റിംഗ് വഴി വിപണനം മെച്ചപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പരമ്പരാഗത കൈത്തൊഴിൽ മേഖലകളായ മരപ്പണി, ഇരുമ്പുപണി, ചെമ്പ്-ഓട്ടുപാത്ര നിർമ്മാണം മുതലായവയിൽ പണിയെടുക്കുന്ന ആർട്ടിസാന്മാരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ കാഡ്കോ, സർക്കാർ-അർദ്ധസർക്കാർ, പൊതുമേഖലാ

സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുതലായ ഓഫീസുകളുടെ ഫർണിച്ചർ വിതരണം, ഇന്റീരിയർ ഫർണിഷിംഗ് മുതലായവ നടപ്പിലാക്കുന്നതിനുള്ള സർക്കാർ അംഗീകൃത അക്രെഡിറ്റഡ് ഏജൻസി കൂടിയാണ്. ഉല്പാദന വൈവിധ്യവൽക്കരണത്തിനും ആധുനികവൽക്കരണത്തിനും ആധുനിക യന്ത്രോപകരണങ്ങളുടെ സഹായം ലഭ്യമാക്കുന്നതിന് ഒരു പൊതുസേവനകേന്ദ്രം കൊല്ലം ഉമയനെല്ലൂരിൽ സ്ഥാപിച്ചിട്ടുണ്ട്.

ഖാദി മേഖലയിൽ തൊഴിലാളികളുടെ അധ്വാനഭാരം കുറയ്ക്കുന്നതിനും ഉല്പാദനവും വരുമാനവും വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുമായി തൊഴിലുപകരണങ്ങൾ നവീകരിക്കുവാൻ നടപടികളാരംഭിച്ചിട്ടുണ്ട്. തൊഴിലുപകരണങ്ങളുടെ നവീകരണവും യന്ത്രവൽക്കരണവും സൗരോർജ്ജോപയോഗവും സംബന്ധിച്ച വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ബോർഡുതല കമ്മിറ്റിയെ ചുമതലപ്പെടുത്തിട്ടുണ്ട്. ഖാദി ഉല്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വർഷം മുഴുവനും റിബേറ്റ്, ഉത്സവകാലങ്ങളിൽ പ്രത്യേക റിബേറ്റ് (സംസ്ഥാനത്തിനകത്ത് ഉല്പാദിപ്പിക്കുന്ന ഖാദി വസ്ത്രങ്ങൾക്ക് മാത്രം), ആധുനിക

സൗകര്യങ്ങളോടുകൂടിയ വില്പനശാലകളാരംഭിക്കൽ, നിലവിലുള്ള ഷോറൂമുകളുടെ നവീകരണം, ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾവഴിയുള്ള പരസ്യപ്രചാരണം കൂടാതെ ഉത്സവകാല സമ്മാനപദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ പ്രത്യേകം വില്പനമേളകളും നടത്തിവരുന്നുണ്ട്. ഖാദിമേഖല സംരക്ഷിക്കുന്നതിനും വിപണനം മെച്ചപ്പെടുത്തുന്നതിനും സർക്കാർ ജീവനക്കാരും അദ്ധ്യാപകരും പൊതുമേഖല/സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരും ആഴ്ചയിലൊരു ദിവസം ഖാദി വസ്ത്രം ധരിക്കണമെന്നുള്ള സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി കേരളയുമായി സഹകരിച്ച് ഖാദി തുണികളിൽ ഡിസൈനിംഗ് നടത്തിവരുന്നു. ഖാദി കസ്റ്റമേഴ്സ് മീറ്റിംഗ്, ആരോഗ്യ പ്രവർത്തകർക്ക് ഹെൽത്ത് ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് ഡോക്ടേഴ്സ്-നഴ്സസ് കോട്ട് വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. അതോടൊപ്പം ഫ്ലിപ്പ്കാർട്ടുമായി സഹകരിച്ച് ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനവും നടപ്പിലാക്കിവരുന്നു. വിപണിയിൽ എം.ബി.എ. യോഗ്യതയുള്ള ജീവനക്കാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ഖാദിമേഖലയുടെ സമഗ്രവികസനത്തിനുതകുന്ന ഒരു മാസ്റ്റർപ്ലാൻ ഐ.ഐ.റ്റി., ചെന്നൈ തയ്യാറാക്കിവരുന്നു.

കയർ മേഖലയിൽ ആധുനികവൽക്കരണത്തിന്റെ ഭാഗമായി പശ്ചാത്തല സൗകര്യവികസനവും യന്ത്രവൽക്കരണവും നടപ്പിലാക്കിവരുന്നുണ്ട്. കയർ ഗവേഷണ സ്ഥാപനമായ നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (എൻ.സി.ആർ.എം.ഐ.)- യുടെ നേതൃത്വത്തിൽ പരിസ്ഥിതി സൗഹൃദമായ കയർബാഗുകൾ രൂപകൽപ്പന ചെയ്ത് ഉല്പാദനവും വിതരണവും ചെയ്തുവരുന്നുണ്ട്. പരമ്പരാഗത മേഖലയിലെ കയർ തൊഴിലാളികൾക്ക് നടപ്പ് സാമ്പത്തികവർഷം 12.50 കോടി രൂപ ഇൻകം സപ്പോർട്ട് പദ്ധതിയിൽ അനുവദിച്ചിട്ടുണ്ട്. കയർ മേഖലയിൽ ജോലി ചെയ്യുന്ന വനിതകൾക്കായുള്ള ഇ-റാട്ട് പരിശീലനം എൻ.സി.ആർ.എം.ഐ. നടത്തുന്നത് പരമ്പരാഗത തൊഴിലാളികൾക്ക് സഹായകരമാണ്. ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടപ്പുസാമ്പത്തിക വർഷം നാളിതുവരെ 50.26 ലക്ഷം ചതുരശ്ര മീറ്റർ കയർ ഭൂവസ്ത്രം വിതരണം ചെയ്തിട്ടുണ്ട്.

പരമ്പരാഗത വ്യവസായമായ കശുവണ്ടി രംഗത്തെ പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തുടർച്ചയായി പ്രവർത്തിച്ചുവരികയാണ്. തോട്ടണ്ടിയുടെ ദൗർലഭ്യമാണ് കോർപ്പറേഷൻ നേരിടുന്ന പ്രധാന പ്രതിസന്ധിയെന്ന് വിലയിരുത്തി തോട്ടണ്ടി ലഭ്യത

ഉറപ്പുവരുത്തുന്നതിന് മുൻ എൽ.ഡി.എഫ്. ഗവൺമെന്റ് സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി രൂപീകരിച്ച കേരള കാഷ്യൂ ബോർഡ് വഴി തോട്ടണ്ടി ലഭ്യമാക്കിയാണ് കോർപ്പറേഷൻ ഇപ്പോൾ പ്രവർത്തിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷവും കാഷ്യൂ ബോർഡ് വഴി തോട്ടണ്ടി ലഭ്യമാക്കി തുടർച്ചയായി പ്രവർത്തിച്ചുവരികയാണ്. കശുവണ്ടി ഫാക്ടറികളുടെ അടിസ്ഥാനസൗകര്യവികസനം, നവീകരണം, ഭാഗിക യന്ത്രവൽക്കരണം എന്നിവയ്ക്കായി ഗവൺമെന്റ് അനുവദിച്ച് നൽകിയിട്ടുള്ള തുക വിനിയോഗിച്ച് കശുവണ്ടി വികസന കോർപ്പറേഷന്റെ 30 ഫാക്ടറികളും ആധുനികവൽക്കരിച്ചിട്ടുള്ളതും തൊഴിലാളികളുടെ അടിസ്ഥാനസൗകര്യങ്ങൾ ഉൾപ്പെടെ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

പാർഷ്യൽ മെക്കനൈസേഷന്റെ ഭാഗമായി ഷെല്ലിംഗ് സെക്ഷനിൽ കട്ടിംഗ് മെഷീനുകൾ സ്ഥാപിച്ചിട്ടുള്ളതാണ്. ഉല്പാദനച്ചെലവ് കുറയ്ക്കുന്നത് ലക്ഷ്യമിട്ട് കോർപ്പറേഷനിൽ ഷെല്ലിംഗിൽ കൂടുതൽ കട്ടിംഗ് മെഷീനുകൾ സ്ഥാപിച്ച് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. കൂടാതെ നിലവിലുള്ള പ്രോസ്സസിംഗ് സംവിധാനത്തിന് സമാന്തരമായി 5 ഫാക്ടറികളിൽ Fully mechanised പ്രോസ്സസിംഗ് ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കാനുദ്ദേശിക്കുന്നു. കൂടാതെ ഒരു

അത്യാധുനിക ഫില്ലിംഗ് പാക്കിംഗ് മെഷീൻ കോർപ്പറേഷന്റെ അയത്തിൽ ഫാക്ടറിയിൽ സ്ഥാപിച്ചിട്ടുള്ളതാണ്. കശുവണ്ടി പരിപ്പിൽനിന്നും കശുമാങ്ങയിൽ നിന്നുമുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനം വർദ്ധിപ്പിച്ചും ആഭ്യന്തരവിപണി വിപുലമാക്കിയും കശുവണ്ടി വികസന കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും വിപുലപ്പെടുത്തുന്നതിനുമുള്ള നടപടികളാണ് സ്വീകരിക്കുന്നത്. കശുവണ്ടി പരിപ്പിന്റേയും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെയും ആഭ്യന്തര വിപണനം മെച്ചപ്പെടുത്തുന്നതിനായുള്ള മൊബൈൽ സെയിൽസ് വാനിന്റെ ഉദ്ഘാടനം 16-08-2022-ന് നിർവ്വഹിച്ചിട്ടുണ്ട്. കൺസ്യൂമർ ഫെഡുമായി ധാരണാപത്രം ഒപ്പിട്ട് കൺസ്യൂമർ ഫെഡിന്റെ ഔട്ട്ലെറ്റുകൾ വഴിയും വിപണനം മെച്ചപ്പെടുത്തി ആഭ്യന്തര വിപണി വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കശുവണ്ടി മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി സംസ്ഥാന സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ പ്രവർത്തനങ്ങളാരംഭിച്ചിട്ടുണ്ട്. അടഞ്ഞുകിടക്കുന്ന ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുക, പൊതുമേഖലാ സ്ഥാപനങ്ങളിൽ 200 ദിവസമെങ്കിലും തൊഴിൽ നൽകുക, കശുവണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകളാരായുക തുടങ്ങിയ നിരവധി

പ്രശ്നങ്ങളാണ് വിദഗ്ദ്ധ സമിതി പരിശോധിക്കുന്നത്. കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള മാസ്റ്റർപ്ലാൻ റിയാബിന് പ്രിലിമിനറി അസ്സസ്സ്മെന്റിന് നൽകിയിരുന്നത് അംഗീകരിച്ച് നൽകിയത് കോർപ്പറേഷന്റെ ഭരണസമിതി നിയോഗിച്ചിട്ടുള്ള സബ്കമ്മിറ്റിയുടെ പരിഗണനയിലാണ്.

കാഷ്യൂ കോർപ്പറേഷൻ "CD Cashews" എന്ന ബ്രാൻഡ് നെയിമിൽ ഉല്പാദിപ്പിക്കുന്ന കശുവണ്ടി പരിപ്പ് പൊതുവിപണിയിൽ ഉയർന്ന നിലവാരം പുലർത്തുന്ന ഉല്പന്നമാണ്. കൂടാതെ കശുവണ്ടി പരിപ്പിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങളായ കാഷ്യൂ വിറ്റ, കാഷ്യൂ സൂപ്പ്, കാഷ്യൂ പൗഡർ, കാഷ്യൂ ബിറ്റ്സ്, ചോക്ലേറ്റ് ഉല്പന്നങ്ങളായ ചോക്കോ കാജു, മിൽക്കി കാജു എന്നിവയും കശുമാങ്ങയിൽനിന്നും കാഷ്യൂ സോഡ, കാഷ്യൂ ആപ്പിൾ സ്ക്വാഷ്, കാഷ്യൂ പൈൻ ജാം, കാഷ്യൂ ആപ്പിൾ ജ്യൂസ് എന്നിവയും ഉല്പാദിപ്പിച്ച് വിപണനം നടത്തിവരുന്നു. മാർക്കറ്റ്ഫെഡ്, കൺസ്യൂമർ ഫെഡ്, സപ്ലൈകോ എന്നീ സ്ഥാപനങ്ങൾവഴി പ്രസ്തുത ഉല്പന്നങ്ങളുടെ വിപണനം വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കശുവണ്ടി ഉല്പന്നങ്ങൾ ആഭ്യന്തര വിപണിയിൽ ലഭ്യമാകത്തക്കവിധത്തിൽ കാഷ്യൂ കോർപ്പറേഷൻ കേരളത്തിലുടനീളം വിപണന ശൃംഖല

ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതിനായി കോർപ്പറേഷൻ ഫാക്ടറികളിൽ ഇപ്പോൾ 12 ഔട്ട്ലെറ്റുകൾ സ്ഥാപിക്കുകയും അതുവഴി കശുവണ്ടി പരിപ്പും മൂല്യവർദ്ധിത ഉല്പന്നങ്ങളും വിപണനം നടത്തിവരുന്നു. ഇത് കൂടുതൽ ഫാക്ടറികളിലേയ്ക്ക് വ്യാപിപ്പിക്കുവാനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കാഷ്യു കോർപ്പറേഷന്റെ വെബ്സൈറ്റ് വഴിയും ആമസോൺ, ONDC, ഡിസ്ട്രിബ്യൂട്ടേഴ്സ്/ ഫ്രാഞ്ചൈസി മുതലായവ വഴി കേരളത്തിലുടനീളം വിപണി സൗകര്യമൊരുക്കിയിട്ടുണ്ട്. ഇതുകൂടാതെ വാൻസെയിൽസ്, ട്രേഡ്ഫെയർ, കോർപ്പറേറ്റ് സെയിൽസ്, മാർക്കറ്റ്ഫെഡ്, കൺസ്യൂമർഫെഡ്, കരകൗശല വികസന കോർപ്പറേഷൻ, സപ്ലൈകോ മുതലായവവഴിയും കശുവണ്ടി പരിപ്പ് വിപണനം നടത്തുന്നു. കശുവണ്ടി മേഖലയിലെ നിലവിലെ പ്രശ്നപരിഹാരത്തിനുവേണ്ടി എക്സ്പർട്ട് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. എക്സ്പർട്ട് കമ്മിറ്റിയുടെ പഠന റിപ്പോർട്ട് ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. വിപണന ശൃഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി പരസ്യവും ന്യൂ ജനറേഷൻ പാക്കിംഗും മറ്റും അവതരിപ്പിച്ച് ഇന്ത്യൻ മാർക്കറ്റിലും അന്താരാഷ്ട്ര മാർക്കറ്റിലും ട്രേഡ്ഫെയറിലും ബിസിനസ്സ് വിപുലീകരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

കശുവണ്ടി വ്യവസായം കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് അന്താരാഷ്ട്രതലത്തിൽ പൂർണ്ണയന്ത്രവൽക്കരണം വരികയും അതുപോലെ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലും കേരളത്തിലെ ചുരുക്കം സ്വകാര്യ ഫാക്ടറികളിലും യന്ത്രവൽക്കരണം നടത്തിയും പ്രവർത്തിക്കുന്നുണ്ട്. യന്ത്രവൽക്കരണം വഴി ഉല്പാദനച്ചെലവ് ഗണ്യമായി കുറയ്ക്കാൻ സാധിക്കുന്നു. പരമ്പരാഗത ശൈലിയിൽ തൊഴിലെടുക്കുന്ന കേരളത്തിലെ കശുവണ്ടി വ്യവസായം, പ്രത്യേകിച്ച് പൊതുമേഖലാ സ്ഥാപനങ്ങൾ ഭാഗിക യന്ത്രവൽക്കരണം നടത്തിയിട്ടുണ്ട്. ധാരാളം സ്ത്രീ തൊഴിലാളികൾ ജോലി ചെയ്യുന്ന ഈ മേഖലയിൽ നിയന്ത്രിത ഭാഗീകയന്ത്രവൽക്കരണമാണ് കാപ്പെക്സ് നടത്തിയിട്ടുള്ളത്. തൊഴിലാളികൾക്ക് കശുവണ്ടി തല്ലുന്നതിന് പകരം കട്ടിംഗ് ഏർപ്പെടുത്തി ഭാഗീകയന്ത്രവൽക്കരണമാണ് നടത്തിയിട്ടുള്ളത്. ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിന് തൊഴിൽ നഷ്ടപ്പെടുത്താതെ കശുവണ്ടി സംസ്കരണത്തിന്റെ മറ്റു വിഭാഗങ്ങളിലും യന്ത്രവൽക്കരണം ഭാഗികമായി നടപ്പിലാക്കുവാൻ കാപ്പെക്സിന് പദ്ധതിയുണ്ട്. വർഷാവർഷമുള്ള സർക്കാർ ധനസഹായത്തിലാണ് കാപ്പെക്സ് പ്രവർത്തിക്കുന്നത്. 2022-23 വർഷത്തിലെ പദ്ധതി തുകയിൽ ആധുനികവൽക്കരണത്തിനും ഭാഗീകയന്ത്രവൽക്കരണത്തിനും 2 കോടി രൂപ അനുവദിച്ചതിൽ 1.15 കോടി

രൂപ റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. ആയത് ഉപയോഗപ്പെടുത്തി ഫാക്ടറികളിൽ പുതിയ ബോർമ്മകൾ, പായ്ക്കിംഗ് സെന്ററിൽ പായ്ക്കിംഗ് മെഷീൻ, റോസ്റ്റിംഗ് മെഷീൻ എന്നിവ സ്ഥാപിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. സ്ത്രീ തൊഴിലാളികൾക്ക് ആയാസരഹിതമായി ജോലി ചെയ്യാനായി പീലിംഗ് വിഭാഗത്തിലും ഗ്രേഡിംഗ് വിഭാഗത്തിലും മേശകളും കസേരകളും സജ്ജീകരിക്കുന്ന നടപടികൾ പുരോഗമിക്കുന്നു. കൂടാതെ ഫാക്ടറികളിൽ വിവിധനിർമ്മാണ പ്രവർത്തനങ്ങളുടെ നടപടികളും പുരോഗമിക്കുന്നു.

പരമ്പരാഗത വ്യവസായ മേഖലയായ കൈത്തറി മേഖലയുടെ ശാക്തീകരണത്തിനായി ടെക്നോളജി അപ്ഗ്രഡേഷൻ ആൻഡ് ട്രാൻസ്ഫർ ഓഫ് ന്യൂ ടെക്നോളജി എന്ന പേരിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. ഉല്പാദനരീതികളുടെ നവീകരണത്തിനും ആധുനികവൽക്കരണത്തിനും വൈവിധ്യവൽക്കരണത്തിനുമായി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയുടെ കീഴിൽ 6 ഘടകങ്ങളിലായി ഫണ്ടനുവദിക്കുന്നു. വർക്ക് ഷെഡ് നവീകരണം, വ്യക്തിഗത വർക്ക്ഷെഡ് നവീകരണം, ഡൈ ഹൗസ് നവീകരണം, ഒരു വീട്ടിൽ ഒരു തറി, ടെക്നോളജി അപ്ഗ്രഡേഷൻ ആൻഡ് ട്രാൻസ്ഫർ ഓഫ്

ന്യൂ ടെക്നോളജി, തറി/അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ/ഭാഗിക അറ്റകുറ്റപ്പണികൾ എന്നിവയാണ് അവ. കൈത്തറി മേഖലയുടെ ആധുനികവൽക്കരണത്തിനുള്ള ക്രിയാത്മകമായ ഇടപെടലുകൾ സർക്കാരിന്റെ ഭാഗത്തുനിന്നും സമയബന്ധിതമായി ഉണ്ടാകുന്നുണ്ട്. കൈത്തറി മേഖലയിൽ കാലാനുസൃതമായ മാറ്റംവരുത്തുന്നതിന് പഠനം നടത്തി പരിഹാരം നിർദ്ദേശിക്കുന്നതിനായി 5 അംഗങ്ങളുള്ള ഒരു എക്സിക്യൂട്ടീവ് കമ്മറ്റിയെ നിയോഗിച്ചിട്ടുണ്ട്.

കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ പ്രസ്തുത മേഖലയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ചുവടെ പറയുന്ന പദ്ധതികളുൾപ്പെടുത്തി ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കി റിയാബിന് സമർപ്പിച്ചിട്ടുണ്ട്.

- അങ്കമാലി ബാംബൂ ബോർഡ് ഫാക്ടറിയിൽ മുളത്തടി നിർമ്മാണം [(DPR തയ്യാറാക്കി വരുന്നു) (2023-24 സാമ്പത്തിക വർഷം)].
- നല്ലളം ഹൈടെക് ഫാക്ടറിയിൽ ബാംബൂ സ്ട്രാൻഡ് ബേസ്ഡ് ഫ്ളോറിംഗ് ടൈൽ നിർമ്മാണം.[(DPR തയ്യാറാക്കി വരുന്നു) (2023-24 സാമ്പത്തിക വർഷം)].
- ബാംബൂ പ്രീ-ഫാബ്രിക്കേറ്റഡ് ഇക്കോ കൺസ്ട്രക്ഷൻ നിർമ്മാണ യൂണിറ്റ് അങ്കമാലി ബാംബൂ ബോർഡ് ഫാക്ടറിയിൽ [(DPR തയ്യാറാക്കി

വരുന്നു) (2024-25 സാമ്പത്തിക വർഷം)] കൂടാതെ അങ്കമാലി ബാംബൂ ബോർഡ് ഫാക്ടറിയിൽ ബാംബൂ ക്രഷ്ഡ് ബോർഡ് നിർമ്മാണത്തിന് ഭരണാനുമതി നൽകുകയും 1 കോടി രൂപ റിലീസ് ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട് (2022- 23 സാമ്പത്തിക വർഷം). പനയും അനുബന്ധ വ്യവസായങ്ങളും കാലാനുസൃതമായ മാറ്റങ്ങൾക്കുവിധേയമാക്കി ഈ മേഖലയെ ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സെന്റർ ഫോർ മാനേജ്മെന്റ് എന്ന സ്ഥാപനത്തെ കെൽപാം ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്ക്**

121(2471) <u>ശ്രീ. എം. നൗഷാദ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പൊതുമേഖലാ സ്ഥാപനമായ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിൽ (മീറ്റർ കമ്പനി) സ്ഥാപിക്കാനുദ്ദേശിക്കുന്ന ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്കിന്റെ ഡി.പി.ആർ. സംബന്ധിച്ച വിശദാംശം ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ?

2022-23-ലെ ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്കുകളുടെ ഭാഗമായുള്ള പൈലറ്റ് പദ്ധതിയായി കൊല്ലത്തെ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ 96 സെന്റ് ഭൂമിയിൽ 86080 ചതുരശ്ര അടി വിസ്തൃതിയിൽ ഒരു സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി സ്ഥാപിക്കുന്നതിന് 28.15 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കിൻഫ്രയെ പദ്ധതി നടത്തിപ്പിനുള്ള ഏജൻസിയായി ചുമതലപ്പെടുത്തിക്കൊണ്ട് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രതീക്ഷിത പ്രയോജനങ്ങളും സംബന്ധിച്ച വിവരം ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ?

വ്യവസായമേഖലയുടെ വളർച്ച ലക്ഷ്യമിട്ടുകൊണ്ട് അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി സംരംഭകർക്കാവശ്യമായ വിവിധ സാങ്കേതിക സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന കോമൺ ഫെസിലിറ്റി സെന്ററിലുൾപ്പെടുത്തി സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി സ്ഥാപിക്കുന്നതിനും സംരംഭകർക്കാവശ്യമായ വിവിധ

ഭൗതിക സാഹചര്യങ്ങൾ ലഭ്യമാക്കുന്നതിനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

(സി) പ്രസ്തുത പദ്ധതി യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ അനുബന്ധ സ്ഥാപനമായിട്ടാണോ അതോ പ്രത്യേക എന്റിറ്റി എന്ന നിലയിലാണോ വിഭാവന ചെയ്യുന്നത്; വിശദാംശം ലഭ്യമാക്കാമോ?

ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

**സംരംഭകത്വ വികസന ക്ലബ്ബുകൾ**

122(2472) <u>ശ്രീ. പി. കെ. ബഷീർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിനുകീഴിൽ സംരംഭകത്വ വികസന ക്ലബ്ബുകളാരംഭിക്കുന്നതിന് പദ്ധതിയുണ്ടോ?

എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ എന്നിവ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകളാരംഭിക്കുന്നതിനും പ്രസ്തുത ക്ലബ്ബുകൾക്ക് സംരംഭകത്വ പരിശീലനം നൽകുന്നതിനും ജില്ലാ വ്യവസായ കേന്ദ്രംവഴി നിലവിൽ സംവിധാനമുണ്ട്. ബന്ധപ്പെട്ട വ്യവസായ വികസന ഓഫീസർമാർ വഴി ക്ലബ്ബുകൾക്കാവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകിവരുന്നു. സംസ്ഥാനത്ത് നിലവിൽ ഏകദേശം

850 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ സാമ്പത്തികവർഷം ക്ലബ്ബുകളുടെ എണ്ണം 1000 ആക്കുന്നതിന് വ്യവസായ വകുപ്പ് ലക്ഷ്യമിട്ടിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വെളിപ്പെടുത്തുമോ?

വിദ്യാർത്ഥി സമൂഹത്തിൽ സംരംഭകത്വ സംസ്കാരം പരിപോഷിപ്പിക്കുന്നതിനും നൈസർഗ്ഗികമായ സംരംഭകത്വ കഴിവുകൾ, നൈപുണികൾ, സാങ്കേതിക വൈദഗ്ധ്യം എന്നിവ അവരുടെ വ്യക്തിത്വ വികസനത്തിലൂന്നി പരിശീലിപ്പിച്ച് വളർത്തിയെടുക്കുന്നതിനും അവരെ സംരംഭകരോ സംരംഭങ്ങൾ വളർത്തിയെടുക്കുന്നതിൽ ക്രിയാത്മക സംഭാവന നൽകാൻ കഴിയുന്ന മികച്ച വ്യക്തികളോ ആക്കി മാറ്റുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

**ഡിസൈൻ നയം**

123(2473) ശ്രീ. പി. എസ്. സുപാൽ:

ശ്രീ. മുഹമ്മദ് മുഹസിൻ:

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:

ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തിന്റെ ഭാവി സർഗ്ഗാത്മക സമ്പദ്വ്യവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

രാജ്യത്തിന്റെ ഭാവി സർഗ്ഗാത്മക സമ്പദ്വ്യവസ്ഥയിലാണെന്ന് തിരിച്ചറിഞ്ഞുകൊണ്ട് അത്തരം ആശയങ്ങളെ പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നുണ്ട്. സംരംഭകത്വത്തിലേയ്ക്ക് പുത്തൻ കാഴ്ചപ്പാടുള്ള യുവജനങ്ങളെ ആകർഷിക്കുന്നതിനും അവരെ അതിന് പ്രാപ്തരാക്കുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് സംരംഭക വികസന ക്ലബുകൾ രൂപീകരിച്ചിട്ടുണ്ട്. നൂതന ഉല്പാദന ആശയമുള്ള സംരംഭങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനായി മാർക്കറ്റിംഗ് സ്റ്റാർട്ടപ്പ് പദ്ധതി തയ്യാറായിട്ടുണ്ട്. സംരംഭകത്വത്തിലെ നൂതന ആശയങ്ങൾ കണ്ടെത്തുന്നതിനും അവ പ്രോത്സാഹിപ്പിച്ച് ഫലപ്രാപ്തിയിൽ എത്തിക്കുന്നതിനുമായി ഡ്രീംവെസ്റ്റർ മത്സരവും നടത്തിവരുന്നുണ്ട്.

(ബി) ഇതിന്റെ സാധ്യതകൾ വിനിയോഗിക്കാൻ കേരളത്തെ ഡിസൈൻ ഹബ്ബാക്കി മാറ്റാനുള്ള ഡിസൈൻ നയം രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കേരളത്തെ ഡിസൈൻ ഹബ്ബാക്കി മാറ്റാനുള്ള ഡിസൈൻ നയം രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടില്ല. എങ്കിലും ഇവ മുന്നിൽ കണ്ടുകൊണ്ട് ഇതിനുള്ള നിർദ്ദേശങ്ങൾ കരട് വ്യവസായ നയത്തിലുൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഡിസൈൻ മേഖലയെ മെയ്ഡ് ഇൻ കേരള ബ്രാൻഡുമായി ബന്ധിപ്പിക്കുവാനുദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് പുത്തൻ വിപണന അവസരങ്ങൾ ലഭിക്കുന്നതിനും അതുവഴി സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള ഉപഭോക്താക്കൾക്ക് നിലവാരമുള്ള ഉല്പന്നങ്ങൾ ലഭിക്കുന്നത് സുഗമമാക്കുന്നതിനുമാണ് മെയ്ഡ് ഇൻ കേരള ബ്രാൻഡിംഗ് വിഭാവന ചെയ്തിട്ടുള്ളത്. ടി പദ്ധതിയിൽ നിലവിൽ ഡിസൈൻ സംബന്ധിച്ച വിഷയങ്ങളുൾപ്പെടുത്തിയിട്ടില്ല. ഭാവിയിൽ ഉചിതമെന്ന് കാണുന്നപക്ഷം ഉൾപ്പെടുത്താവുന്നതാണ്.

**സംരംഭകത്വ പ്രോത്സാഹന പദ്ധതി**

124(2474) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ സംരംഭകത്വ പ്രോത്സാഹന പദ്ധതിയുടെ ഭാഗമായി എത്ര പുതിയ സംരംഭങ്ങൾക്കാണ് ലക്ഷ്യമിട്ടിരുന്നത്; നിലവിൽ എത്ര സംരംഭങ്ങളാണ് ആരംഭിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

2022-23 സംരംഭകവർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ലക്ഷം സംരംഭങ്ങൾ എന്ന ബൃഹത്തായ പദ്ധതി തദ്ദേശസ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് നടത്തിവരുന്നു. 20-02-2023 വരെയുള്ള കണക്കുകൾ പ്രകാരം ഈ പദ്ധതിയിൽ 1,33,945 സംരംഭങ്ങളാരംഭിച്ചിട്ടുണ്ട്.

(ബി) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലങ്ങളിൽ പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര സംരംഭങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്?

കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ ആകെ 706 സംരംഭങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളുടെ അടിസ്ഥാന സൗകര്യവികസനം**

125(2475) <u>ശ്രീ. സണ്ണി ജോസഫ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി ഡെവലപ്പർമാർക്ക് ധനസഹായം നൽകുന്നുണ്ടോ; എങ്കിൽ നാളിതുവരെ എത്ര വ്യവസായ എസ്റ്റേറ്റുകളിൽ ഇത്തരത്തിലുള്ള ധനസഹായംനൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) എത്ര തുകയാണ് ധനസഹായമായി അനുവദിച്ചത്; ഓരോ എസ്റ്റേറ്റിലും ഇപ്രകാരം നടപ്പാക്കിയിട്ടുള്ള അടിസ്ഥാനസൗകര്യ വികസനങ്ങൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

(എ & ബി) ഉണ്ട്. സംസ്ഥാനത്ത് സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളിൽ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, വൈദ്യുതി, ജലം, ഡ്രെയിനേജ്, എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവ ലഭ്യമാക്കുന്നതിനും വികസിപ്പിക്കുന്നതിനും ലബോറട്ടറി ടെസ്റ്റിംഗ്, സർട്ടിഫിക്കേഷൻ എന്നീ പൊതുസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി ഒരു ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ പരമാവധി 3 കോടി രൂപ വരെ ഒരു പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് സർക്കാർ ധനസഹായം നൽകുന്നതാണ്. റീ-ഇമ്പേഴ്സ്മെന്റ് വ്യവസ്ഥയിലാണ് തുക അനുവദിക്കുന്നത്. ഡെവലപ്പർ

പെർമിറ്റ് അനുവദിച്ച എസ്റ്റേറ്റുകളിൽ അടിസ്ഥാനസൗകര്യ വികസനം നടപ്പിലാക്കിവരുന്നു. ഇത് പൂർത്തീകരിച്ച് കഴിഞ്ഞാൽ ധനസഹായം അനുവദിച്ച് നൽകുന്നതായിരിക്കും.

## പാറത്തോട് പഞ്ചായത്തിലെ മിനി വ്യവസായ എസ്റ്റേറ്റ്

126(2476) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പാറത്തോട് ഗ്രാമപഞ്ചായത്തിൽ കോട്ടയം ജില്ലാ മിനി വ്യവസായ എസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് അനുവദിച്ച രണ്ട് ഏക്കർ സ്ഥലത്ത് മിനി വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) നടപടിക്രമങ്ങൾ അടിയന്തരമായി പൂർത്തിയാക്കി പ്രസ്തുത എസ്റ്റേറ്റിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പാറത്തോട് ഗ്രാമപഞ്ചായത്തിൽ കോട്ടയം ജില്ലാ മിനി വ്യവസായ എസ്റ്റേറ്റ്

കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് അനുവദിച്ച 2 ഏക്കർ സ്ഥലത്ത് മിനി വ്യവസായ എസ്റ്റേറ്റാരംഭിക്കുന്നതിന് ടി എസ്റ്റേറ്റിലേയ്ക്കുള്ള റോഡിന്റെ വീതി കൂട്ടുന്നതിനായി 2013-ലെ RFCTLARR ACT പ്രകാരം 9.73 ആർ സ്ഥലം ഏറ്റെടുക്കുന്നതിന് റവന്യൂ ഡിപ്പാർട്ട്മെന്റിൽ ഭൂമിയേറ്റെടുക്കൽ നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രസ്തുത സ്ഥലം ലഭിച്ചാലുടൻ എസ്റ്റേറ്റിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**വ്യവസായ നയം**

127(2477) <u>ശ്രീ. എച്ച്. സലാം:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായവൽക്കരണം ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ രൂപം നൽകിയിട്ടുള്ള വ്യവസായ നയം എന്തെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തിന്റെ വ്യവസായവൽക്കരണം ലക്ഷ്യമിട്ട് സർക്കാർ പുതിയ വ്യവസായ നയം (കരട്) തയ്യാറാക്കിയിട്ടുണ്ട്. കേരളത്തിനിണങ്ങുന്ന മേഖലകളിൽ വൻകിട നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കാനും സംസ്ഥാനത്തെ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള മാനവവിഭവശേഷിയെ

ശരിയായ വിധത്തിൽ വിനിയോഗിക്കാൻ കഴിയുന്ന ആധുനിക സ്മാർട്ട് വ്യവസായങ്ങൾക്ക് പ്രത്യേക പരിഗണന നൽകാനും അതിലൂടെ ത്വരിതഗതിയിലുള്ള സ്ഥായിയായ വ്യവസായവൽക്കരണം സാധ്യമാക്കാനും പുതിയ വ്യവസായനയം ലക്ഷ്യമിടുന്നു.

നാലാം വ്യവസായ വിപ്ലവം തുറന്നുതരുന്ന വിപുലമായ സാധ്യതകളെ സമർത്ഥമായി വിനിയോഗിക്കുന്നതിനുള്ള പ്രത്യേക കർമ്മപദ്ധതി ഈ നയം മുന്നോട്ടുവയ്ക്കുന്നു. അതിവേഗ വളർച്ചയ്ക്ക് സാധ്യതയുള്ള മുൻഗണനാ മേഖലകളിലെ സംരംഭങ്ങളെ കൂടുതൽ ആകർഷിക്കുന്നതിനും അതുവഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പുതിയ വ്യവസായ നയത്തിൽ വിവിധ സാമ്പത്തിക പ്രോത്സാഹനങ്ങൾ വിഭാവന ചെയ്തിട്ടുണ്ട്.

ആധുനികവൽക്കരണം നടപ്പിലാക്കിയും ഉല്പാദനക്ഷമത വർദ്ധിപ്പിച്ചും മത്സരക്ഷമവും ലാഭകരവുമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായി പൊതുമേഖലാ സ്ഥാപനങ്ങളെ മാറ്റുവാൻവേണ്ട നടപടികൾക്കും പുതിയ വ്യവസായനയം ഊന്നൽ നൽകുന്നു. തൊഴിൽ സംരക്ഷിച്ചുള്ള യന്ത്രവൽക്കരണം നടപ്പിലാക്കിയും വിപണി ആവശ്യപ്പെടുന്ന ഉല്പന്നങ്ങൾ നിർമ്മിക്കാൻ പരമ്പരാഗത വ്യവസായരംഗത്തെ പ്രാപ്തമാക്കാനും നയം ലക്ഷ്യംവയ്ക്കുന്നു.

പുതിയ വ്യവസായനയത്തിൽ 22 മുൻഗണനാ മേഖലകൾ കണ്ടെത്തിയിട്ടുണ്ട്. അതിവേഗ വളർച്ചയും നിക്ഷേപ സാധ്യതയുമുള്ളതാണ് പ്രസ്തുത മുൻഗണനാ മേഖലകൾ. എയ്റോസ്പേസ് & ഡിഫൻസ്; നിർമ്മിത ബുദ്ധി, റോബോട്ടിക്സ്, മറ്റ് ബ്രേക്ക്ത്രൂ സാങ്കേതിക വിദ്യകൾ; ആയുർവ്വേദം; ബയോടെക്നോളജി & ലൈഫ് സയൻസ്; രൂപകൽപ്പന; ഇലക്ട്രിക് വാഹനങ്ങൾ; ഇലക്ട്രോണിക് സിസ്റ്റം രൂപകൽപ്പനയും ഉല്പാദനവും; എഞ്ചിനീയറിംഗ് ഗവേഷണവും വികസനവും; ഭക്ഷ്യ സാങ്കേതികവിദ്യകൾ; ഗ്രാഫീൻ; ഹൈടെക് ഫാമിംഗും മൂല്യവർദ്ധിത തോട്ടവിളയും; ഉയർന്ന മൂല്യവർദ്ധിത റബ്ബർ ഉല്പന്നങ്ങൾ; ലോജിസ്റ്റിക്ക്സ് & പാക്കേജിംഗ്; മാരിടൈം മേഖല; മെഡിക്കൽ ഉപകരണങ്ങൾ; നാനോടെക്നോളജി; ഫാർമസ്യൂട്ടിക്കൽസ്; റീസൈക്ലിംഗും മാലിന്യസംസ്കരണവും; പുനരുപയോഗ ഊർജ്ജം; ചില്ലറ വ്യാപാര മേഖല; വിനോദസഞ്ചാരവും ആതിഥേയത്വവും; 3D പ്രിൻറിംഗ് എന്നിവയാണ് മേല്പറഞ്ഞ മുൻഗണനാ മേഖലകൾ. പ്രസ്തുത മേഖലകളിലൂന്നിയ വിവിധതരം നിക്ഷേപ സൗഹാർദ്ദ നടപടികളും പശ്ചാത്തലസൗകര്യങ്ങളും ആനുകൂല്യങ്ങളും കരട് നയത്തിൽ വിഭാവന ചെയ്തിട്ടുണ്ട്.

(ബി) വൻകിട വ്യവസായ സംരംഭങ്ങൾക്കായി ഹെക്ടർ കണക്കിന് ഭൂമി ആവശ്യമുള്ളപ്പോൾ കേരളം പോലെ ജനസാന്ദ്രതയേറിയ ഒരു സംസ്ഥാനത്ത് എങ്ങനെ ഇത് സാധ്യമാക്കുന്നതിനാണുദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

വിസ്തൃതിയിൽ ചെറുതും എന്നാൽ ജനസാന്ദ്രത കൂടിയതുമായ കേരള സംസ്ഥാനത്ത് വ്യവസായ മേഖല നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം വ്യവസായങ്ങൾക്കനുയോജ്യമായ ഭൂമിയുടെ ദൗർലഭ്യമാണ്. ഈ കുറവ് പരിഹരിച്ച് വ്യവസായ വികസനത്തിന് കുതിപ്പ് നൽകുന്നതിനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ഉടമസ്ഥതയിലുള്ള 40 വ്യവസായ പാർക്കുകളിൽ നിക്ഷേപകരെ ആകർഷിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ ജലം, റോഡ് ഗതാഗതം, വൈദ്യുതി, സുരക്ഷ ഉറപ്പാക്കുന്നതിനായി ചുറ്റുമതിൽ, ഗേറ്റ്, മാലിന്യ സംസ്കരണത്തിനായി CETP വൈദ്യുത തടസ്സം ഒഴിവാക്കുന്നതിനായി Power Feeder എന്നിവ സ്ഥാപിക്കുന്നു. വ്യവസായ പാർക്കുകളുടെ വികസനത്തിനായുള്ള അടിസ്ഥാന വികസന പ്രവർത്തനങ്ങൾ ഓരോ വർഷത്തെയും ബജറ്റ് വിഹിതത്തിന്റെ അടിസ്ഥാനത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിനുപുറമേ ബഹുനില വ്യവസായ സമുച്ചയങ്ങൾ, സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി

-2022 എന്നിവയും നടപ്പാക്കിവരുന്നു. സ്വകാര്യ വ്യാവസായിക എസ്റ്റേറ്റിലെ റോഡുകൾ, വൈദ്യുതി, ജലവിതരണം എന്നിവ വികസിപ്പിക്കുന്നതിന് ഡെവലപ്പർക്ക് സർക്കാർ ധനസഹായം നൽകുന്നതാണ്. വൈദ്യുതി, ജലം റോഡ്, ഡ്രെയിനേജ്, ETP/CETP തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങളും ലബോറട്ടറി, ടെസ്റ്റിംഗ്, സർട്ടിഫിക്കേഷൻ തുടങ്ങിയ പൊതുസൗകര്യങ്ങളും ഉൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങൾക്കായി ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ പരമാവധി 3 കോടി രൂപ വരെ ഒരു പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് സർക്കാർ ധനസഹായം നൽകുന്നതാണ്.

(സി) പാട്ടക്കാലാവധി പൂർത്തിയാക്കിയ തോട്ടങ്ങൾ സർക്കാർ ഏറ്റെടുത്ത് പുതിയ വ്യവസായ സംരംഭങ്ങൾക്കായി വിട്ടുനൽകുന്നതിനും ഇത്തരം സ്ഥലങ്ങളിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഡി) റബ്ബർ വില അനുദിനം താഴുന്ന സ്ഥിതിയിൽ ബഹുഭൂരിപക്ഷം സ്വകാര്യ റബ്ബർ കർഷകർ റബ്ബർ ടാപ്പ് ചെയ്യാതെ വെറുതെയിട്ടിരിക്കുന്ന തോട്ടങ്ങൾ വ്യവസായ സംരംഭങ്ങൾക്കായി ഏറ്റെടുക്കാൻ കഴിയുമോയെന്ന് പരിശോധിക്കുമോ; വ്യക്തമാക്കുമോ?

(സി&ഡി) വിഷയം സമഗ്രമായി പരിശോധിച്ചതിനുശേഷം മാത്രമെ അനുയോജ്യമായ തീരുമാനമെടുക്കാനാകുകയുള്ളൂ.

**വ്യവസായ പാർക്കുകളിലും എസ്റ്റേറ്റുകളിലും വ്യവസായ സംരംഭങ്ങൾ**

128(2478) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ പാർക്കുകളിലും എസ്റ്റേറ്റുകളിലും വ്യവസായ സംരംഭങ്ങൾ നടത്തുന്നത് സംബന്ധിച്ച നിലവിലെ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ഉടമസ്ഥതയിലുള്ള വ്യവസായ എസ്റ്റേറ്റുകളിലും ഏരിയകളിലും പ്ലോട്ടുകളിലും വ്യവസായ സംരംഭങ്ങൾക്കായി ഭൂമി അനുവദിക്കുന്നത് ഹയർ പർച്ചേസ് വ്യവസ്ഥയിലാണ്. ഇവിടങ്ങളിൽ ഭൂമി ലഭിക്കുന്നതിന് ഓൺലൈനായി അതത് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്കാണ് അപേക്ഷ നൽകേണ്ടത്. ഓൺലൈനായി ലഭിക്കുന്ന അപേക്ഷകൾ ജില്ലാ/സംസ്ഥാന ലാൻഡ് അലോട്ട്മെന്റ് കമ്മിറ്റി അംഗീകാരം നൽകുന്നമുറയ്ക്ക് അതത് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ വർഷാവർഷം തയ്യാറാക്കുന്ന മുൻഗണനാ ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് വ്യവസായ ഭൂമി അനുവദിച്ച്

നൽകുന്നത്. ഭൂമി അനുവദിക്കുമ്പോൾ മൊത്തം ലാൻഡ് വാല്യൂവിന്റെ 50% തുക അടച്ച് അതത് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുമായി എഗ്രിമെന്റിൽ ഏർപ്പെടേണ്ടതാണ്. ബാക്കി 50% തുക 5 തുല്യ തവണകളായി അടയ്ക്കേണ്ടതാണ്. സംരംഭകന് അനുവദിച്ച ഭൂമി പൂർണമായും വിനിയോഗിക്കുന്നതിന് 2 വർഷ കാലാവധി ലഭിക്കും. അതിനുള്ള കൊമേഴ്സ്യൽ പ്രൊഡക്ഷൻ ആരംഭിച്ചില്ലെങ്കിൽ പ്രസ്തുത ഭൂമി തിരിച്ചെടുക്കാൻ വ്യവസ്ഥയുണ്ട്. ആവശ്യമെങ്കിൽ സംരംഭകന് ലഭിച്ച വ്യവസായ ഭൂമിയിൽ സംരംഭം ആരംഭിച്ച് 3 വർഷത്തിനുശേഷം കൈമാറ്റം ചെയ്യുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനങ്ങളായ സിഡ്കോ, കിൻഫ്ര, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ എന്നിവ താഴെപ്പറയുന്ന വ്യവസ്ഥകളാണ് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പിന്തുടരുന്നത്.

(i) 30 വർഷത്തെ പാട്ടവ്യവസ്ഥയിലാണ് ഭൂമി അലോട്ട് ചെയ്യുന്നത്. പരമാവധി 90 വർഷം വരെ ഇത്തരത്തിൽ പാട്ടവ്യവസ്ഥ പുതുക്കുന്നതിന് അവസരം ലഭിക്കും.

(ii) ഏതുതരം വ്യവസായത്തിനാണോ ഭൂമി അലോട്ട് ചെയ്യുന്നത് ആ ആവശ്യത്തിന് മാത്രമേ ഭൂമി വിനിയോഗിക്കാവൂ.

(iii) ഉപപാട്ടം അനുവദനീയമല്ല.

(iv) അലോട്ട് ചെയ്യപ്പെടുന്ന ഭൂമിയിൽ 24 മാസത്തിനുള്ളിൽ വ്യവസായങ്ങളാരംഭിക്കണം.

(ബി) പ്രസ്തുത വ്യവസ്ഥകൾ കാലാനുസൃതമായി പരിഷ്കരിക്കാത്തതുമൂലം വ്യവസായ സംരംഭങ്ങൾ പലതരം പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ?

വ്യവസ്ഥകൾ കാലാനുസൃതമായി പരിഷ്കരിക്കാത്തതുമൂലം വ്യവസായ സംരംഭങ്ങൾ പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും വ്യവസായ പാർക്കുകളിലും എസ്റ്റേറ്റുകളിലും വ്യവസായ സംരംഭങ്ങൾ നടത്തുന്നത് സംബന്ധിച്ച് യൂണിഫൈഡ് ലാൻഡ് ലീസ് റൂൾ എന്ന പേരിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കിൻഫ്ര, സിഡ്കോ, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ എന്നിവയ്ക്കായി ഒരു പൊതുചട്ടം രൂപീകരിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## പ്രത്യാശ പദ്ധതി

129(2479) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രത്യാശ പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര സൂക്ഷ്മ സംരംഭങ്ങൾ 2022-ലാരംഭിച്ചിട്ടുണ്ട്; പ്രാദേശിക സമ്പദ്‌വ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിനായി പ്രസ്തുത പദ്ധതി വിപുലമാക്കുന്നതിന് പുതിയ പദ്ധതികളാവിഷ്കരിക്കുന്നതിന് ആലോചിച്ചിട്ടുണ്ടോ;വ്യക്തമാക്കുമോ?

പ്രത്യാശ പദ്ധതിപ്രകാരം കുടുംബശ്രീയുടെ കീഴിൽ സംസ്ഥാനത്ത് 173 സംരംഭങ്ങൾ 2022-ൽ ആരംഭിച്ചിട്ടുണ്ട്. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട അശരണർ, വൃദ്ധർ, ഭിന്നലിംഗക്കാർ, ഗാർഹിക പീഡനത്തിനും അതിക്രമങ്ങൾക്കും ഇരയായവർ, അവിവാഹിതരായ അമ്മമാർ, കിടപ്പുരോഗികൾ/മാനസിക വെല്ലുവിളി നേരിടുന്നവരുടെ സംരക്ഷകർ, വിധവകൾ, ആശ്രയ ഗുണഭോക്താക്കൾ, വികലാംഗർ എന്നീ വിഭാഗങ്ങളിലുൾപ്പെടുന്ന സ്ത്രീകൾക്ക് സ്വയംതൊഴിലവസരം സൃഷ്ടിക്കുന്നതിനും സാമ്പത്തിക സ്വാശ്രയത്വം നേടിയെടുക്കുന്നതിനുമായി ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് പ്രത്യാശ പദ്ധതി. ടി പദ്ധതിയുടെ ഭാഗമായി സംരംഭങ്ങളാരംഭിക്കാൻ താൽപ്പര്യപ്പെടുന്നവർക്ക് 50,000/-രൂപ (ഒരാൾക്ക്)

ഗ്രാന്റായി സ്റ്റാർട്ട് അപ് ഫണ്ട് നൽകിവരുന്നു. അടുത്ത വർഷം ടി പദ്ധതി കൂടുതൽ ആളുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ലക്ഷ്യംവയ്ക്കുന്നുണ്ട്.

## സ്ത്രീ സംരംഭകരെ സഹായിക്കുവാനുള്ള നടപടികൾ

130(2480) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെയും (2016-21) ഈ സർക്കാരിന്റെയും കാലയളവിൽ എത്ര സ്ത്രീസംരംഭകർ വ്യവസായ മേഖലയിലേയ്ക്ക് കടന്നുവന്നിട്ടുണ്ടെന്ന് വിശദമാക്കാമോ?

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ വ്യവസായ ജാലകം പോർട്ടലിലെ കണക്കുകൾപ്രകാരം മുൻസർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്ത് 12571 സ്ത്രീസംരംഭകർ വ്യവസായ മേഖലയിലേയ്ക്ക് കടന്നുവന്നിട്ടുണ്ട്. വ്യവസായ ജാലകം പോർട്ടലിലെയും സംസ്ഥാന സർക്കാരിന്റെ സംരംഭകവർഷം പോർട്ടലിലെയും കണക്കുകൾപ്രകാരം ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്തുടനീളമാരംഭിച്ചിട്ടുള്ള പുതിയ സംരംഭങ്ങളിൽ 44570 സംരംഭങ്ങൾ വനിതാ സംരംഭകർ നേതൃത്വം നൽകുന്നവയാണ്.

കൂടാതെ മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ കെ.എസ്.ഐ.ഡി.സി-യുടെ വനിതാ സംരംഭക പദ്ധതി മുഖേന നാളിതുവരെ 27 സ്ത്രീ കേന്ദ്രീകൃത സ്ഥാപനങ്ങൾ വ്യവസായ മേഖലകളിലേയ്ക്ക് കടന്നുവരികയും അവർക്ക് സാമ്പത്തിക സഹായം അനുവദിക്കുകയുമുണ്ടായി.

(ബി) സ്ത്രീസംരംഭകരെ സഹായിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

വനിതാ സംരംഭകരെ സഹായിക്കുന്നതിന് മാത്രമായി പദ്ധതികൾ നടപ്പിലാക്കുന്നില്ല. എന്നാൽ വകുപ്പുവഴി നടപ്പിലാക്കുന്ന താഴെപ്പറയുന്ന വിവിധ പദ്ധതികളിൽ വനിതാ സംരംഭകർക്ക് പ്രത്യേകം പ്രാധാന്യം നൽകുന്നുണ്ട്.

<u>സംരംഭക സഹായ പദ്ധതി (ESS)</u>

വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി 2012 മുതൽ നടപ്പിലാക്കിവരുന്നു. പ്രാരംഭസഹായം, നിക്ഷേപസഹായം, സാങ്കേതികസഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നൽകുന്നത്. ഈ പദ്ധതി പ്രകാരം ഉല്പാദന സംരംഭങ്ങളാരംഭിക്കുന്ന ജനറൽ വിഭാഗത്തിന് സ്ഥിരനിക്ഷേപത്തിന്റെ 15 ശതമാനം പരമാവധി 30 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു.

എന്നാൽ വനിതാ സംരംഭകരെ മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തി 10 ശതമാനം സബ്സിഡി അധികമായി നൽകുന്നു. ആയതുപ്രകാരം സ്ഥിരം മൂലധനനിക്ഷേപത്തിന്റെ 25 ശതമാനം പരമാവധി 40 ലക്ഷം രൂപ വരെ പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി വനിതാ സംരംഭകർക്ക് നൽകുന്നു.

ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതി

വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് Margin money നൽകികൊണ്ട് അർഹമായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറുസംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഉല്പന്നനിർമ്മാണം, ഭക്ഷ്യസംസ്കരണം, മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവനമേഖല എന്നിവയിലാരംഭിക്കുന്ന സ്ഥിര മൂലധനവും പ്രവർത്തന മൂലധനവുമുൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപ വരെയുള്ള യൂണിറ്റുകൾക്ക് ഈ പദ്ധതിപ്രകാരം ആനുകൂല്യത്തിന് അർഹതയുണ്ട്. ഈ പദ്ധതിയുടെ 30 ശതമാനം ഗുണഭോക്താക്കളും സ്ത്രീ സംരംഭകരായിരിക്കണമെന്ന് വിഭാവനം ചെയ്തിട്ടുണ്ട്. ജനറൽ വിഭാഗത്തിന് മാർജിൻ മണി ഗ്രാന്റ് ആകെ പ്രോജക്ട് ചെലവിന്റെ 30 ശതമാനവും ഗുണഭോക്തൃ വിഹിതം കുറഞ്ഞത് 30 ശതമാനവും ബാങ്ക് വായ്പ 40

ശതമാനവുമായിരിക്കും. എന്നാൽ വനിതാ സംരംഭകർക്ക് മാർജിൻ മണി ഗ്രാന്റ് ആകെ പ്രോജക്ട് ചെലവിന്റെ 40 ശതമാനവും ഗുണഭോക്തൃ വിഹിതം കുറഞ്ഞത് 20 ശതമാനവും ബാങ്ക് വായ്പ 40 ശതമാനവുമായിരിക്കും. ഈ പദ്ധതിയിലൂടെ നൽകുന്ന പരമാവധി സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും മുൻഗണന വിഭാഗത്തിലുൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയുമാണ്.

<u>നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി</u>

10 ലക്ഷം രൂപ വരെ സ്ഥിരം മൂലധനനിക്ഷേപമുള്ളതും 5 എച്ച്.പി. വരെ വൈദ്യുതി ആവശ്യമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗത്തിൽപ്പെട്ട വീട്ടിലുള്ളതോ വീടിനോട് ചേർന്നോ നടത്തുന്ന ഉല്പാദക സേവന ജോബ് വർക്ക് വിഭാഗത്തിലുൾപ്പെട്ട നാനോ സംരംഭങ്ങൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. പദ്ധതി പ്രകാരം സ്ഥാപനമാരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും സ്ഥിരം നിക്ഷേപ വായ്പയെടുത്ത സംരംഭകർക്ക് വാർഷിക പലിശയിൽ 6 ശതമാനം മുതൽ 8 ശതമാനം വരെ സബ്സിഡിയായി തിരികെ നൽകുന്നു. എന്നാൽ വനിതാ സംരംഭകർക്ക്

ഇത് 8 ശതമാനം വരെ ലഭിക്കുന്നു. മൂന്ന് വർഷത്തേയ്ക്കാണ് ഇപ്രകാരം റീ-ഇംബേഴ്സ് ചെയ്തുനൽകുന്നത്.

ഒരു കുടുംബം, ഒരു സംരംഭം പദ്ധതി

ടി പദ്ധതിയിൽ ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4 ശതമാനത്തിൽ അധികരിച്ചുള്ള പലിശയിൽ 6 ശതമാനം വരെ ഇളവ് ധനസഹായമായി സർക്കാർ നൽകുന്നു. ഉല്പാദന, സേവന, വ്യാപാര മേഖലയിൽ പുതിയ സംരംഭങ്ങളാരംഭിക്കുന്നതിന് എടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം വരെയുള്ള ബാങ്ക് വായ്പയ്ക്ക് പദ്ധതി വഴി പലിശയിളവ് നൽകുന്നു. പദ്ധതിപ്രകാരം സ്ഥിരം മൂലധനവായ്പയ്ക്കും പ്രവർത്തന മൂലധനവായ്പയ്ക്കും ആനുകൂല്യം ലഭിക്കുന്നു. 01-04-2022 മുതൽ പ്രവർത്തനമാരംഭിക്കുന്ന പുതിയ യൂണിറ്റുകൾക്കാണ് സർക്കാരിൽ നിന്നുള്ള പലിശയിളവ് ലഭ്യമാകുന്നത്. ഈ പദ്ധതിയുടെ 50 ശതമാനം ഗുണഭോക്താക്കളും സ്ത്രീ സംരംഭകരായിരിക്കണമെന്ന് വിഭാവന ചെയ്തിട്ടുണ്ട്. കേരളത്തിലെ വ്യവസായ മേഖലയിലെ മുഖ്യധാരയിലേയ്ക്ക് വനിതാ വ്യവസായികളെ ആകർഷിക്കുന്നതിനും അവരുടെ വ്യവസായ സംരംഭങ്ങൾ അടുത്ത ഘട്ടത്തിലേയ്ക്ക് ഉയർത്തുന്നതിനും കെ.എസ്.ഐ.ഡി.സി. മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് വനിതാ സംരംഭകത്വ മിഷൻ അഥവാ

വി-മിഷൻ. നാളിതുവരെ കെ.എസ്.ഐ.ഡി.സി.-യിൽ ലഭിച്ച നിരവധി അപേക്ഷകളിൽ നിന്ന് 27 സ്ത്രീ കേന്ദ്രീകൃത സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുകയുണ്ടായി.

## വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

131(2481) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കാവശ്യമായ സഹായങ്ങൾ ലഭ്യമാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്നു. 2022-23 സംരംഭക വർഷമായി ആഘോഷിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത സ്ഥാപനങ്ങളിൽ പ്രൊഫഷണൽ യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. തിങ്കൾ, ബുധൻ ദിവസങ്ങളിൽ ഈ ഇന്റേണുകളുടെ നേതൃത്വത്തിൽ സംരംഭകർക്ക് സഹായത്തിനായി ഹെൽപ്പ്ഡെസ്ക് സജ്ജീകരിച്ചിട്ടുണ്ട്. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സംരംഭക

സാധ്യതയുള്ളതായി വ്യവസായ വകുപ്പ് കണ്ടെത്തിയിട്ടുള്ള ഉല്പന്നങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറിയിട്ടുണ്ട്. അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ ഉല്പന്നങ്ങളുടെ സാധ്യത പരിശോധിച്ച് താല്പര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 'ഒരു തദ്ദേശ സ്ഥാപനം-ഒരു ഉല്പന്നം' എന്ന ആശയം നടപ്പിലാക്കാനും പ്രസ്തുത ഉല്പന്നങ്ങളുടെ മൂല്യവർദ്ധനയെ പ്രോത്സാഹിപ്പിച്ചുകൊണ്ട് കൂടുതൽ സംരംഭങ്ങളാരംഭിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**നാദാപുരം മണ്ഡലത്തിലെ വ്യവസായ സംരംഭങ്ങൾ**

132(2482) <u>ശ്രീ. ഇ. കെ. വിജയൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങളെന്ന പദ്ധതിയുടെ ഭാഗമായി പുതുതായി എത്ര പദ്ധതികളാണ് നാദാപുരം മണ്ഡലത്തിലാരംഭിക്കാൻ ഉദ്ദേശിക്കുന്നത്?

1139 സംരംഭങ്ങളാണ് ആരംഭിക്കുവാനുദ്ദേശിക്കുന്നത്.

(ബി) അവയുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

നാദാപുരം - 181, വാണിമേൽ – 115, ചെക്ക്യാട് - 109, തൂണേരി - 106, വളയം - 83, എടച്ചേരി - 121, നരിപ്പറ്റ – 120, കായക്കൊടി - 111, കാവിലുംപാറ – 103, മരുതോങ്കര – 90

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിൽ എത്ര പുതിയ സംരംഭങ്ങളാരംഭിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് പറയാമോ?

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിൽ 943 സംരംഭങ്ങളാരംഭിച്ചിട്ടുണ്ട്.

നാദാപുരം - 182, വാണിമേൽ – 115, ചെക്ക്യാട് - 96, തൂണേരി - 90, വളയം - 65, എടച്ചേരി - 88, നരിപ്പറ്റ – 74, കായക്കൊടി - 64, കാവിലുംപാറ – 79, മരുതോങ്കര – 90,

(ഡി) സംരംഭമാരംഭിക്കുന്നതിന് മുന്നോടിയായുള്ള ലോൺ സബ്സിഡി മേളകൾ മണ്ഡലത്തിലെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ലോൺ സബ്സിഡി മേളകൾ നാദാപുരം മണ്ഡലത്തിലെ 10 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പൂർത്തീകരിച്ചിട്ടുണ്ട്.

**സംരംഭക വായ്പ പദ്ധതി**

133(2483) <u>ശ്രീ. ഷാഫി പറമ്പിൽ:</u> താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംരംഭക വായ്പാ പദ്ധതിപ്രകാരം സംസ്ഥാനത്തെ ഓരോ വാണിജ്യ ബാങ്കും നടപ്പുസാമ്പത്തികവർഷം നാളിതുവരെ അനുവദിച്ചിട്ടുള്ള വായ്പകളുടെ വിശദാംശം, സംരംഭകരുടെ പേര്, വിലാസം, വായ്പാത്തുക, സബ്സിഡി, സംരംഭത്തിന്റെ സ്വഭാവം, സൃഷ്ടിച്ച തൊഴിലവസരങ്ങൾ എന്നിവ സഹിതം ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

സംരംഭക വായ്പാ പദ്ധതി സർക്കാരിന്റെ സംരംഭക വർഷം പദ്ധതിക്ക് (ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി) സഹായകരമാകുന്ന രീതിയിൽ ബാങ്ക് വായ്പയെടുത്ത് ആരംഭിക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിലെ യൂണിറ്റുകൾക്ക് ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4 ശതമാനത്തിൽ അധികരിച്ചുള്ള പലിശയിൽ 6 ശതമാനം വരെ ഇളവ് ധനസഹായമായി നൽകുന്നതിനുവേണ്ടി തയ്യാറാക്കിയ പദ്ധതിയാണ്. ആയതിന്റെ ഭാഗമായി ഉല്പാദന, സേവന, വ്യാപാര മേഖലയിൽ ബാങ്ക് വായ്പയെടുത്ത് 01-04-2022-നോ അതിനുശേഷമോ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് പലിശയിളവ് ആനുകൂല്യം നൽകുന്നതിനായി "ഒരു കുടുംബം ഒരു സംരംഭം" എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഉല്പാദന, സേവന, വ്യാപാര മേഖലയിൽ

സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളാരംഭിക്കുന്നതിനെടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം വരെ ഈട് രഹിത വായ്പയായി നൽകുന്ന കേരള എന്റർപ്രൈസസ് ലോൺ സ്കീം നിലവിലുണ്ട്. തിരിച്ചടവ് 6 മാസം പിന്നിടുന്നമുറയ്ക്ക് പലിശയിളവ് റീ- ഇംബേഴ്സ് ചെയ്തുനൽകുന്നതാണ്.

'ഒരു കുടുംബം ഒരു സംരംഭം' പദ്ധതിയിൽ അപേക്ഷകൾ സമർപ്പിക്കുന്നതിന് ഓൺലൈൻ പ്ലാറ്റ്ഫോം തയ്യാറാക്കിയിട്ടുണ്ട്. സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ 2022 ഡിസംബർ വരെയുള്ള കണക്കുപ്രകാരം കേരളത്തിൽ എം.എസ്.എം.ഇ. മേഖലയ്ക്കായി മുൻ സാമ്പത്തികവർഷം നൽകിയ തുകയേക്കാൾ 10356 കോടി രൂപയുടെ ലോൺ അധികമായി നൽകിയിട്ടുണ്ട്.

### സംരംഭക വർഷം പദ്ധതി

134(2484) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി നിലവിലുള്ള എം.എസ്.എം.ഇ.-കളെ സൂക്ഷ്മസംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽനിന്നും ഇടത്തരം

സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള ധനസഹായമായി നാളിതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ട്;

(ബി) തുക അനുവദിച്ച സംരംഭങ്ങളുടെ പേര്, വിലാസം, ഏതുതരത്തിലുള്ള സംരംഭമാണ്, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, അനുവദിച്ച തീയതി, ഓരോ സംരംഭത്തിനും അനുവദിച്ച തുക, ലൈസൻസ്/ രജിസ്ട്രേഷൻ നമ്പർ എന്നിവയുടെ ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

(എ&ബി) തുക അനുവദിച്ചിട്ടില്ല. നിലവിലുള്ള എം.എസ്.എം.ഇ.-കളെ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽനിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള പദ്ധതിക്ക് 15-07-2022-ലെ ജി.ഒ. (ആർ.റ്റി) നമ്പർ.704/2022/ഐഡി നമ്പർ ഉത്തരവുപ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരമുള്ള അനുബന്ധ രേഖകളും മാർഗ്ഗനിർദ്ദേശങ്ങളും തയ്യാറാക്കിവരുന്നു.

**ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ**

135(2485) <u>ശ്രീ. കെ. പ്രേംകുമാർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതി പ്രകാരം ഒറ്റപ്പാലം മണ്ഡലത്തിൽ എത്ര പുതിയ സംരംഭങ്ങളാരംഭിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ?

ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതി പ്രകാരം ഒറ്റപ്പാലം മണ്ഡലത്തിൽ 944 പുതിയ സംരംഭങ്ങളാരംഭിച്ചിട്ടുണ്ട്. ഉല്പാദനമേഖലയിൽ 103 ഉം സേവനമേഖലയിൽ 398-ഉം വ്യാപാരമേഖലയിൽ 443-ഉം സംരംഭങ്ങളാരംഭിച്ചിട്ടുണ്ട്. ഇതിൽ 274 എണ്ണം വനിതാ സംരംഭങ്ങളാണ്.

(ബി) ഇതിലുൾപ്പെടുത്തി പുതിയ പദ്ധതികൾ ഒറ്റപ്പാലം മണ്ഡലത്തിൽ തുടങ്ങാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

പുതിയ സംരംഭങ്ങളാരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിവരുന്നു.

(സി) ഈ പദ്ധതിയിലൂടെ ഒറ്റപ്പാലം മണ്ഡലത്തിൽ ഇതുവരെ എത്ര പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്?

ഈ പദ്ധതിയിലൂടെ ഒറ്റപ്പാലം മണ്ഡലത്തിൽ ഇതുവരെ 2233 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതിപ്രകാരം ഒറ്റപ്പാലം മണ്ഡലത്തിൽ എത്ര നിക്ഷേപം ലഭിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

പ്രസ്തുത പദ്ധതിപ്രകാരം ഒറ്റപ്പാലം മണ്ഡലത്തിൽ 70.84 കോടി രൂപയുടെ നിക്ഷേപമുണ്ടായിട്ടുണ്ട്.

## പൊതുമേഖലാ സ്ഥാപനങ്ങളുടെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിൽ വ്യവസായ പാർക്കുകൾ

136(2486) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒരു വർഷം ഒരു ലക്ഷം വ്യവസായ സംരംഭങ്ങൾ എന്ന പദ്ധതിയുടെ ഭാഗമായി പൊതുമേഖല സ്ഥാപനങ്ങളുടെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിൽ വ്യവസായ പാർക്കുകളാരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

വ്യവസായമേഖലയുടെ വളർച്ച ലക്ഷ്യമിട്ടുകൊണ്ട് അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി സംരംഭകർക്കാവശ്യമായി വരുന്ന ഭൂമി കണ്ടെത്തുന്നതിനുവേണ്ടി പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമിയുടെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുകയുണ്ടായി. പൊതുമേഖലാ സ്ഥാപനങ്ങളുടെ നിലവിലുള്ള സംവിധാനങ്ങൾക്കുവേണ്ടി ഉപയോഗിച്ചുവരുന്ന ഭൂമിയും അവയുടെ വികസനവുമായി ബന്ധപ്പെട്ട് ഭാവിയിലാവശ്യമായി വരാവുന്ന ഭൂമിയും കഴിച്ച് ബാക്കിയുള്ള കൈവശഭൂമിയുടെ ലഭ്യത വിലയിരുത്തിയിട്ടുണ്ട്.

ടി സ്ഥിതിവിവരക്കണക്കിന്റെ അടിസ്ഥാനത്തിൽ വ്യവസായ പാർക്കുകൾ, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി എന്നിവയുടെ അനുയോജ്യത കിൻഫ്രയുടെ നേതൃത്വത്തിൽ പരിശോധിച്ച് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ 9 പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നായി 40.41 ഏക്കർ ഭൂമി ഒന്നാംഘട്ടത്തിൽ അടിയന്തരമായി ഉപയോഗിക്കാൻ സാധിക്കുന്നതാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

ഇതിനെത്തുടർന്ന് 2022-23 ബജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചിരുന്ന “ ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്കുകൾ നിർമ്മിക്കുന്നതിന് കിഫ്ബിക്കുകീഴിൽ 200 കോടി രൂപ കോർപ്പസ് ഫണ്ടായി വകയിരുത്തുകയും പദ്ധതിയുടെ പൈലറ്റ് പ്രോജക്ട് കൊല്ലത്ത് സ്ഥിതി ചെയ്യുന്ന യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിൽ നടപ്പാക്കുമെന്നും” സൂചിപ്പിച്ചിരുന്ന പദ്ധതിയുടെ ഭാഗമായി യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ 96 സെന്റ് സ്ഥലത്ത് ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്ക് സ്ഥാപിക്കുന്നതിനായി 28.15 കോടി രൂപയുടെ പദ്ധതി കിഫ്ബിയുടെ ബോർഡ് തത്വത്തിൽ അംഗീകരിച്ച് സർക്കാർ ഭരണാനുമതി 29-01-2023-ലെ G.O.(Rt).No.84/2023/ID

പ്രകാരം നൽകിയിട്ടുണ്ട്. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിൽ കണ്ടെത്തിയിരിക്കുന്ന 96 സെന്റ് സ്ഥലത്ത് ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്ക് സ്ഥാപിക്കുന്നതിനായുള്ള പദ്ധതിപ്രകാരം 86080 ചതുരശ്ര അടിയുള്ള ഒരു സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (SDF) നിർമ്മിക്കുവാനാണ് പദ്ധതി വിഭാവന ചെയ്യുന്നത്.

വ്യവസായമേഖലയുടെ വളർച്ച ലക്ഷ്യമിട്ടുകൊണ്ട് അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി സംരംഭകർക്കാവശ്യമായ വിവിധ സാങ്കേതിക സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന കോമൺ ഫെസിലിറ്റി സെന്ററിലുൾപ്പെടുത്തി സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി സ്ഥാപിക്കുന്നതിനും സംരംഭകർക്കാവശ്യമായ സ്ഥലസൗകര്യങ്ങൾ നൽകുന്നതിനുമാണ് ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്ക് സ്ഥാപിക്കുന്നത്. വ്യവസായ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പുസാമ്പത്തികവർഷം സംരംഭകവർഷമായി ആചരിക്കുന്നതിനോടൊപ്പം സംരംഭകർക്കാവശ്യമായ വിവിധ ഭൗതികസാഹചര്യങ്ങൾ ലഭ്യമാക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു.

**ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി**

137(2487) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ വ്യവസായ വകുപ്പുമുഖേന നടപ്പിലാക്കിവരുന്ന ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതി പ്രകാരം ഏതൊക്കെ തരത്തിലുള്ള സംരംഭങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ?

2022-23 സംരംഭകവർഷമായി കേരള സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭകവർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളാരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതി തദ്ദേശസ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്നു.

പ്രസ്തുത പദ്ധതിയിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച മേഖലകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | മേഖല | തുടങ്ങിയ സംരംഭങ്ങളുടെ എണ്ണം | നിക്ഷേപം (കോടി രൂപയിൽ) | തൊഴിൽ അവസരങ്ങൾ |
|---|---|---|---|---|
| 1. | വ്യാപാരപ്രവർത്തനം | 46170 | 2639.41 | 85112 |
| 2. | അഗ്രോ ഫുഡ്, പാനീയം, മാംസം / മത്സ്യഉല്പന്നവും സംസ്കരണവും | 22848 | 1321.39 | 56724 |
| 3. | വസ്ത്രങ്ങളും തുണിത്തരങ്ങളും, | 14345 | 575.28 | 28929 |

| | | | | |
|---|---|---|---|---|
| | തയ്യൽ, ബൊട്ടീക്, അപ്പാരൽ ഡിസൈനിംഗ്, ആഭരണങ്ങൾ | | | |
| 4 | മറ്റുസേവന പ്രവർത്തനങ്ങൾ | 10859 | 643.45 | 23811 |
| 5 | ഇലക്ട്രിക്കൽ&ഇലക്ട്രോണിക്സ് ഉല്പന്നങ്ങളുംസേവനങ്ങളും, ഐടി, മൊബൈൽ ഹാർഡ്‌വെയർ, കേബിൾ ടിവി, ഇന്റർനെറ്റ് | 5226 | 293.99 | 9619 |
| 6 | പേഴ്സണൽ കെയർ ഉല്പന്നവും സേവനങ്ങളും, സൗന്ദര്യവർദ്ധക വസ്തുക്കൾ, വെൽനസ്, ജിംനേഷ്യം, ആയോധനകലകൾ, യോഗ | 4725 | 249.47 | 8725 |
| 7 | ഓട്ടോമൊബൈൽ സേവനം / അറ്റകുറ്റപ്പണി | 3893 | 268.07 | 8875 |
| 8 | ബിൽഡിംഗ് മെറ്റീരിയൽസ്, കൺസ്ട്രക്ഷൻ, ആർക്കിടെക്ചർ, സ്ട്രക്ചറൽ ഡിസൈനിംഗ് | 3723 | 356.08 | 10630 |
| 9 | വീഡിയോ/ ഫോട്ടോ പ്രോസസ്സിംഗ്, മീഡിയ&എന്റർടൈൻമെന്റ്, ഇവന്റ് മാനേജ്മെ ന്റ്, പ്രിന്റിംഗ്&പബ്ലിഷിംഗ്, ഡിടിപി | 3675 | 245.23 | 7195 |
| 10 | മറ്റ് ഉല്പാദനപ്രവർത്തനങ്ങൾ | 2329 | 166.61 | 6449 |
| 11 | മെഡിക്കൽ / ആശുപത്രി ഉപകരണങ്ങൾ, മെഡിക്കൽ ലാബുകൾ | 2303 | 265.76 | 7025 |
| 12 | വിജ്ഞാന സേവനങ്ങൾ, പരിശീലന / കോച്ചിംഗ് സെന്ററുകൾ | 2246 | 99.43 | 5847 |
| 13 | ജനറൽ എഞ്ചിനീയറിംഗ്& പ്രിസിഷൻ എഞ്ചിനീയറിംഗ് (സ്റ്റീൽ, ഇരുമ്പ് ഉല്പന്നങ്ങൾ മുതലായവ / ഫാബ്രിക്കേഷൻ) | 1921 | 158.71 | 4810 |

| | | | | |
|---|---|---|---|---|
| 14 | ആയുർവേദമുൾപ്പെടെയുള്ള മരുന്നുകളും ഫാർമസ്യൂട്ടിക്കൽസും | 1841 | 116.9 | 3872 |
| 15 | ട്രാവൽ ആൻഡ് ടൂറിസം, ഹോസ്പിറ്റാലിറ്റി | 1545 | 183.75 | 3351 |
| 16 | മര ഉല്പന്നങ്ങൾ | 1496 | 193.94 | 4395 |
| 17 | കൈത്തറി, കയർ, കരകൗശല വസ്തുക്കൾ | 1216 | 28.55 | 2981 |
| 18 | ഇൻഫർമേഷൻ ടെക്നോളജി / ആർട്ടിഫിഷ്യൽ ഇന്റലിജൻസ് / റോബോട്ടിക്സ് / ബിപിഎം | 726 | 30.25 | 1720 |
| 19 | പേപ്പർ ഉല്പന്നങ്ങൾ | 624 | 54.74 | 1989 |
| 20 | രാസ ഉല്പന്നങ്ങൾ | 567 | 38.93 | 1416 |
| 21 | ജൈവ / രാസവളങ്ങൾ | 283 | 14.83 | 591 |
| 22 | പ്ലാസ്റ്റിക് ഉല്പന്നങ്ങൾ | 268 | 44.72 | 882 |
| 23 | തുകൽ ഉല്പന്നങ്ങൾ | 261 | 16.72 | 590 |
| 24 | റബ്ബർ ഉല്പന്നങ്ങൾ | 255 | 30.01 | 612 |
| 25 | പുനരുപയോഗം, മാലിന്യസംസ്കരണം | 221 | 20.25 | 841 |
| 26 | ഊർജ്ജം,പുനരുപയോഗ ഊർജ്ജം | 148 | 21.06 | 389 |
| 27 | ഗ്ലാസ് ഉല്പന്നങ്ങൾ | 127 | 17.76 | 317 |
| 28 | ബയോടെക്നോളജി | 26 | 6.04 | 102 |
| | മറ്റുള്ളവ | 78 | - | - |
| | ആകെ | 133945 | 8101.33 | 287799 |

(ബി) പ്രസ്തുത പദ്ധതിപ്രകാരം സംരംഭങ്ങൾ തുടങ്ങുന്നവർക്ക് സബ്സിഡി നിരക്കിൽ ലോണുകൾ അനുവദിക്കുന്നുണ്ടോ; വിശദമാക്കുമോ?

സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി എല്ലാ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും വായ്പ ലഭ്യമാക്കുവാൻ സംസ്ഥാനതല ബാങ്കേഴ്സ്

കമ്മിറ്റിയുമായി (SLBC) ചേർന്ന് കേരള എന്റർപ്രൈസസ് ലോൺ സ്കീം (KELS) അവതരിപ്പിച്ചിട്ടുണ്ട്. സംരംഭകർക്ക് വായ്പകൾ കുറഞ്ഞ പലിശയ്ക്ക് ലഭ്യമാക്കുന്നതിനായി വ്യവസായ വകുപ്പ് 'One Family One Enterprise' പദ്ധതി മുഖേന പലിശയിളവ് നൽകുന്നു. ഇതിന്റെ ഭാഗമായി ഉല്പാദന, സേവന, വ്യാപാരമേഖലയിൽ, ബാങ്ക് വായ്പയെടുത്ത് പുതുതായി ആരംഭിക്കുന്ന സംരംഭങ്ങൾക്ക് ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4 ശതമാനത്തിൽ അധികരിച്ചുള്ള നിരക്കിന് 6 ശതമാനം വരെ ഇളവ് ധനസഹായമായി നൽകുന്ന ഒരു കുടുംബം ഒരു സംരംഭം എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന PM Formalization of Micro Food Processing Enterprises Scheme പദ്ധതിപ്രകാരം ആനുകൂല്യം ലഭിച്ചതോ അല്ലെങ്കിൽ അപേക്ഷിച്ചതോ ആയ യൂണിറ്റുകൾക്ക് ഈ പദ്ധതിപ്രകാരമുള്ള പലിശയിളവ് വർക്കിംഗ് ക്യാപിറ്റൽ ലോണിന് അർഹതയുണ്ട്.

കൂടാതെ, നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി, ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് എന്നീ പദ്ധതികൾ വഴിയും ഒരു ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതിപ്രകാരം സംരംഭങ്ങൾ തുടങ്ങുന്നവർക്ക് ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും

മാർഗ്ഗനിർദ്ദേശങ്ങളും അടിസ്ഥാനമാക്കി വായ്പയിൽ ആനുകൂല്യം അനുവദിക്കുന്നതാണ്.

(സി) പദ്ധതിപ്രകാരം ആരംഭിച്ച സംരംഭങ്ങൾ തുടർന്നും നല്ല രീതിയിൽ നിലനിർത്തിക്കൊണ്ടുപോകുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുകയെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് രൂപീകരിക്കപ്പെട്ട എം.എസ്.എം.ഇ.-കളുടെ സുസ്ഥിരത ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ നിരവധി പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. എം.എസ്.എം.ഇ.-കൾക്ക് കുറഞ്ഞ പലിശയും വായ്പയും മറ്റുതരത്തിലുള്ള ധനസഹായവും ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ സൃഷ്ടിക്കുക; അവരുടെ പ്രവർത്തനങ്ങൾ വികസിപ്പിക്കുക, പുതിയ ഉപകരണങ്ങളിലും സാങ്കേതികവിദ്യയിലും സഹായിക്കുക; ഇ-കൊമേഴ്സ് പ്രോത്സാഹിപ്പിക്കുകയും സുഗമമാക്കുകയും വിപണി ഗവേഷണം സുഗമമാക്കുകയും ചെയ്യുക, ബ്രാൻഡിംഗും മെച്ചപ്പെടുത്തിയ പാക്കേജിംഗും പ്രോത്സാഹിപ്പിക്കുകയും ചെയ്തുകൊണ്ട് MSME-യുടെ വിപണന സാധ്യതകൾ മെച്ചപ്പെടുത്തുക; ബ്രാൻഡിംഗ്, ഡിജിറ്റൽ മാർക്കറ്റിംഗ്, ടെക്നോളജി, ഉയർന്നുവരുന്ന വിപണി സാധ്യതകൾ മുതലായവയിൽ എം.എസ്.എം.ഇ.-കൾക്ക് സെക്ടർ സ്പെസിഫിക് പരിശീലനങ്ങൾ നൽകുക;

ഗവേഷണ-വികസന സ്ഥാപനങ്ങളിൽ വികസിപ്പിക്കുന്ന സാങ്കേതികവിദ്യ എളുപ്പത്തിൽ കൈമാറ്റം ചെയ്യുന്നതിനുള്ള ഒരു സംവിധാനം സൃഷ്ടിച്ചുകൊണ്ട് എം.എസ്.എം.ഇ.-കളിൽ സാങ്കേതികവിദ്യയുടെ ഉപയോഗം മെച്ചപ്പെടുത്തുക തുടങ്ങിയ പ്രവർത്തനങ്ങളാണ് സർക്കാർ ആവിഷ്കരിക്കുന്നത്. കൂടാതെ നിലവിലുള്ള എം.എസ്.എം.ഇ.- കളിൽ സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള സഹായപദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

(ഡി) പ്രസ്തുത പദ്ധതിപ്രകാരം കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലാരംഭിച്ച സംരംഭങ്ങളുടെ പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് വ്യക്തമാക്കുമോ?

സംരംഭക വർഷം പദ്ധതി പ്രകാരം ഫെബ്രുവരി 20 വരെ കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലാരംഭിച്ച സംരംഭങ്ങളുടെ എണ്ണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പഞ്ചായത്ത്/ മുനിസിപ്പാലിറ്റിയുടെ പേര് | ആരംഭിച്ച സംരംഭങ്ങൾ | നിക്ഷേപം (കോടി രൂപയിൽ) | തൊഴിലവസരങ്ങൾ സൃഷ്ടിച്ചത് |
|---|---|---|---|---|
| 1 | കൂത്തുപറമ്പ് (മുനിസിപ്പാലിറ്റി) | 136 | 7.97 | 290 |
| 2 | കോട്ടയം പഞ്ചായത്ത് | 90 | 4.72 | 169 |
| 3 | കുന്നത്തുപറമ്പ് പഞ്ചായത്ത് | 162 | 5.05 | 249 |
| 4 | മോകേരി പഞ്ചായത്ത് | 94 | 4.66 | 213 |
| 5 | പാനൂർ (മുനിസിപ്പാലിറ്റി) | 249 | 14.61 | 521 |

| | | | | |
|---|---|---|---|---|
| 6 | പാട്ടിയം പഞ്ചായത്ത് | 138 | 5.11 | 322 |
| 7 | ത്രിപ്പൻഗോട്ടൂർ പഞ്ചായത്ത് | 142 | 6.46 | 330 |
| | Total | 1011 | 48.58 | 2094 |

## ആലപ്പുഴ മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

138(2488) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലയളവ് മുതൽ നാളിതുവരെ വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ?

ആലപ്പുഴ മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലയളവ് മുതൽ നാളിതുവരെ വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ താഴെപ്പറയുന്നു.

1. സംരംഭക സഹായ പദ്ധതി

ഉല്പാദന മേഖലയിൽ പുതിയതായി ആരംഭിക്കുന്നതും നിലവിലുള്ള യൂണിറ്റുകളുടെ വിപുലീകരണവുമായി ബന്ധപ്പെട്ട് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 45 ശതമാനം വരെ സബ്സിഡിയായി അനുവദിച്ച് നൽകുന്ന മേൽപദ്ധതിയിൽപ്പെടുത്തി ആലപ്പുഴ മണ്ഡലത്തിലെ 43 സംരംഭകർക്ക് സഹായം ലഭ്യമാക്കിയിട്ടുണ്ട്.

2. പ്രൈം മിനിസ്റ്റേഴ്സ് എംപ്ലോയ്മെന്റ് ജനറേഷൻ പ്രോഗ്രാം

സൂക്ഷ്മ ഗണത്തിൽ വരുന്ന വ്യവസായസംരംഭങ്ങൾ സ്ഥാപിക്കുന്നതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ ആവിഷ്കരിച്ചതും ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന 2008-09 സാമ്പത്തികവർഷം മുതൽ നടപ്പിലാക്കി വരുന്ന ബാങ്ക് ലോണധിഷ്ഠിത സബ്സിഡി സ്കീമുമാണിത്. ഈ പദ്ധതി വഴി ആലപ്പുഴ മണ്ഡലത്തിലെ 127 സംരംഭകർക്ക് സഹായം ലഭ്യമാക്കിയിട്ടുണ്ട്.

3.നാനോ ഗാർഹിക യൂണിറ്റുകൾക്കുള്ള പലിശ സബ്സിഡി പദ്ധതി

കേരള സർക്കാരിന്റെ ഊർജ്ജിത വ്യവസായവൽക്കരണ പരിപാടികളുടെ ഭാഗമായി 10 ലക്ഷം രൂപയ്ക്കുതാഴെ സ്ഥിരമൂലധന നിക്ഷേപമുള്ള നാനോ ഗാർഹിക സംരംഭങ്ങൾക്കായി വ്യവസായ വാണിജ്യ വകുപ്പ് ഒരു പുതിയ പലിശ സബ്സിഡി സഹായ പദ്ധതി നടപ്പിലാക്കുന്നു. 10 ലക്ഷം രൂപ വരെ സ്ഥിരനിക്ഷേപമുള്ളതും 5 എച്ച്.പി.-യോ അതിൽ താഴെയോ വൈദ്യുതി ലോഡ് കണക്ഷനുള്ളതുമായ ഉല്പാദനമേഖലയിലും ഉല്പാദനവുമായി ബന്ധപ്പെട്ട സേവനമേഖലയിലും ഉൾപ്പെട്ടിട്ടുള്ള യൂണിറ്റുകൾക്ക് മേൽപ്പറഞ്ഞ പദ്ധതി പ്രകാരം ധനസഹായത്തിന്

അർഹതയുണ്ടായിരിക്കുന്നതാണ്. ഈ പദ്ധതി വഴി ആലപ്പുഴ മണ്ഡലത്തിലെ 5 സംരംഭകർക്ക് സഹായം ലഭ്യമാക്കിയിട്ടുണ്ട്.

4. <u>നാനോ സംരംഭങ്ങൾക്കുള്ള മാർജിൻ മണിഗ്രാന്റ് പദ്ധതി</u>

ഉല്പാദനമേഖലയിലും സേവനമേഖലയിലും ആകെ മുതൽമുടക്ക് 10 ലക്ഷം രൂപ വരെയുള്ള സംരംഭങ്ങൾക്ക് ഈ പദ്ധതിയിലൂടെ സഹായം ലഭിക്കും. വായ്പാബന്ധിത പദ്ധതിയാണിത്. പൊതുവിഭാഗം 30 ശതമാനവും മുൻഗണനാ വിഭാഗത്തിന് 40 ശതമാനവുമാണ് സബ്സിഡി നിരക്ക്. ഈ പദ്ധതി വഴി ആലപ്പുഴ മണ്ഡലത്തിലെ 3 സംരംഭകർക്ക് സഹായം ലഭ്യമാക്കിയിട്ടുണ്ട്.

5. <u>വ്യവസായ ഭദ്രത</u>

കോവിഡുമൂലം പ്രതിസന്ധിയിലായ യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണിത്. 2020 ഏപ്രിൽ 1-നുശേഷം വായ്പയെടുത്ത് ആരംഭിച്ച യൂണിറ്റുകൾക്ക് (Term Loan/Capital Loan) എന്നിവയിൽ 50 ശതമാനം പലിശ സബ്സിഡിയായി നൽകിവരുന്ന പദ്ധതിയാണിത്. ഈ പദ്ധതി വഴി ആലപ്പുഴ മണ്ഡലത്തിലെ 8 സംരംഭകർക്ക് സഹായം ലഭ്യമാക്കിയിട്ടുണ്ട്.

6. <u>K-SWIFT</u>

സംരംഭങ്ങളാരംഭിക്കുന്നതിനുള്ള വിവിധ വകുപ്പുകളുടെ അനുമതികൾ വേഗത്തിൽ ലഭ്യമാക്കുന്നതിനുള്ള സർക്കാർ നിയന്ത്രിത ഓൺലൈൻ പോർട്ടലാണ് കെ-സ്വിഫ്റ്റ്. ഇതിലൂടെ 152 സംരംഭകർക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതി വേഗത്തിൽ നൽകുവാൻ സാധിച്ചിട്ടുണ്ട്.

അരൂർ നിയോജകമണ്ഡലത്തിൽ പള്ളിപ്പുറത്ത് കേന്ദ്ര സർക്കാരിന്റെ സഹകരണത്തോടെ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ഒരു മെഗാഫുഡ് പാർക്ക് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) മണ്ഡലത്തിൽ എത്ര ചെറുകിട സംരഭകർക്ക് വ്യവസായ വകുപ്പ് സഹായങ്ങളും അനുമതിയും നൽകിയിട്ടുണ്ട്; തദ്ദേശസ്ഥാപനങ്ങൾ തിരിച്ച് കണക്ക് ലഭ്യമാക്കാമോ?

ആലപ്പുഴ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലയളവ് മുതൽ നാളിതുവരെ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കിയ പദ്ധതികളും അനുമതികളുടെ എണ്ണവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് ചുവടെ കൊടുക്കുന്നു.

<u>സംരംഭക സഹായ പദ്ധതിയും അനുമതികളുടെ എണ്ണവും</u>

1. മണ്ണഞ്ചേരി - 9
2. മുഹമ്മ - 2

3. ആര്യാട് - 8

4. മാരാരിക്കുളം തെക്ക് - 4

5. മാരാരിക്കുളം വടക്ക് - 3

6. ആലപ്പുഴ മുനിസിപ്പാലിറ്റി (Part)-17

PMEGP യും അനുമതികളുടെ എണ്ണവും

1. മണ്ണഞ്ചേരി - 32

2. മുഹമ്മ - 14

3. ആര്യാട് - 30

4. മാരാരിക്കുളം തെക്ക് - 16

5. മാരാരിക്കുളം വടക്ക് - 7

6. ആലപ്പുഴ മുനിസിപ്പാലിറ്റി (Part) - 28

വ്യവസായ ഭദ്രതയും അനുമതികളുടെ എണ്ണവും

1. മണ്ണഞ്ചേരി - 1

2. ആര്യാട് - 1

3. ആലപ്പുഴ മുനിസിപ്പാലിറ്റി (Part)- 6

മാർജിൻ മണിഗ്രാന്റ് പദ്ധതിയും അനുമതികളുടെ എണ്ണവും

1. മണ്ണഞ്ചേരി - 1

2. ആലപ്പുഴ മുനിസിപ്പാലിറ്റി (Part) - 2

ഗാർഹിക യൂണിറ്റുകൾക്കുള്ള പലിശയിളവ് പദ്ധതിയും അനുമതികളുടെ എണ്ണവും

ആലപ്പുഴ മുനിസിപ്പാലിറ്റി (Part) - 5

K-Swift വഴി ലഭ്യമാക്കിയ അനുമതികൾ

1. മണ്ണഞ്ചേരി - 22

2. മുഹമ്മ - 14

3. ആര്യാട് - 13

4. മാരാരിക്കുളം തെക്ക് - 11

5. മാരാരിക്കുളം വടക്ക് - 18

6. ആലപ്പുഴ മുനിസിപ്പാലിറ്റി (Part) - 74

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ 8 പദ്ധതികൾക്ക് സംരംഭം തുടങ്ങുവാൻ ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ തുടങ്ങുവാൻ നൽകിയ അനുമതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു +.

(സി) പ്രസ്തുത പദ്ധതികളിലാരംഭിച്ച വനിതാ സംരംഭങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ മേൽപ്പറഞ്ഞ പദ്ധതികൾ വഴി 114 വനിത സംരംഭകർ സംരംഭമാരംഭിച്ചിട്ടുണ്ട്. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ മെഗാഫുഡ് പാർക്കിൽ Byed Foods International LLP എന്ന പേരിൽ ഒരു വനിത സംരംഭക സ്ഥാപനമാരംഭിച്ചിട്ടുണ്ട്.

## സിറ്റി ഗ്യാസ് പദ്ധതി

139(2489) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സിറ്റി ഗ്യാസ് വിതരണ പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

കേരളത്തിലെ സിറ്റി ഗ്യാസ് വിതരണ പദ്ധതി നടപ്പിലാക്കുന്നതിന് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ M/s. AGP സിറ്റി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡിനെയും (AGPL) പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ ഷോളഗാസ്കോ ലിമിറ്റഡനെയും എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, വയനാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ M/s. ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ്

ലിമിറ്റഡിനെയുമാണ് (IOAGPL) പെട്രോളിയം ആൻഡ് നാച്ചുറൽ ഗ്യാസ് റെഗുലേറ്ററി ബോർഡ് (PNGRB) ചുമതലപ്പെടുത്തിയിരിക്കുന്നത്.

തിരുവനന്തപുരം ജില്ലയിലെ കൊച്ചുവേളിയിൽ AGPL ലിക്വിഫൈഡ് കംപ്രസ്ഡ് നാച്ചുറൽ ഗ്യാസ് സ്റ്റേഷൻ കമ്മീഷൻ ചെയ്തിട്ടുണ്ട്. ഇത് തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ വീടുകളിലേയ്ക്കും വാണിജ്യ-വ്യവസായ സ്ഥാപനങ്ങളിലേയ്ക്കും പൈപ്പ് വഴിയുള്ള പ്രകൃതിവാതകത്തിന്റെ (PNG) ഉറവിടമായിരിക്കും. തിരുവനന്തപുരം ജില്ലയിലെ വെട്ടുകാട്, ശംഖുംമുഖം, ചാക്ക, പാൽക്കുളങ്ങര, ശ്രീകണ്ഠേശ്വരം, ശ്രീവരാഹം, കമലേശ്വരം, പെരുന്താന്നി, മുട്ടത്തറ തുടങ്ങിയ സ്ഥലങ്ങളിൽ പൈപ്പ് വഴിയുള്ള പ്രകൃതിവാതക കണക്ഷനുകൾ നൽകിയിട്ടുണ്ട്.

സിറ്റി ഗ്യാസ് വിതരണ പദ്ധതിയുടെ ഭാഗമായി എറണാകുളം ജില്ലയിൽ പ്രകൃതിവാതക പൈപ്പ്ലൈനുകൾ സ്ഥാപിക്കുകയും CNG സ്റ്റേഷനുകളിലേയ്ക്കും ഗാർഹിക, വാണിജ്യ-വ്യവസായ സ്ഥാപനങ്ങളിലേയ്ക്കും പ്രകൃതിവാതകം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ എന്നിവിടങ്ങളിൽ നിലവിൽ CNG സ്റ്റേഷനുകൾ സ്ഥാപിച്ച് ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ട്. പി.എൻ.ജി.ആർ.ബി.-യുമായുള്ള അംഗീകാരപത്രത്തിൽ

പ്രതിപാദിച്ചിട്ടുള്ള കണക്കുകൾക്കനുസൃതമായി സിറ്റി ഗ്യാസ് വിതരണ പദ്ധതി നടപ്പിലാക്കാനാണ് കമ്പനികൾ ലക്ഷ്യമിടുന്നത്.

(ബി) എറണാകുളം ജില്ലയിൽ ഏതെല്ലാം പ്രദേശങ്ങളിലാണ് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നതെന്നും എത്ര വീടുകളിൽ ഇതിന്റെ കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) ബാക്കിയുള്ള പ്രദേശങ്ങളിൽ പ്രസ്തുത പദ്ധതിയുടെ പ്രയോജനം എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(ബി&സി) എറണാകുളം ജില്ലയിലെ ആലുവ, പറവൂർ, കണയന്നൂർ, കുന്നത്തുനാട് എന്നിവിടങ്ങളായി 14 സി.എൻ.ജി സ്റ്റേഷനുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ജില്ലയിൽ നാളിതുവരെ 35868 വീടുകളിലും 8 വ്യവസായ സ്ഥാപനങ്ങളിലും 15 വാണിജ്യ സ്ഥാപനങ്ങളിലും പ്രകൃതിവാതകം ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ ഇടയാർ, അങ്കമാലി, കളമശ്ശേരി വ്യവസായ മേഖലകളിലും പ്രകൃതിവാതക പൈപ്പ്ലൈൻ ലഭ്യമാക്കിയിട്ടുണ്ട്, നടപ്പു സാമ്പത്തികവർഷത്തിൽ നാൽപ്പതിനായിരം വീടുകളിൽ ഗാർഹിക കണക്ഷനുകൾ നൽകുന്നതിന് M/s. ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് (IOAGPL) ലക്ഷ്യമിട്ടിട്ടുണ്ട്. ജില്ലയിലെ

താലൂക്കുകളായ കൊച്ചി, കോതമംഗലം, മൂവാറ്റുപുഴ തുടങ്ങിയ പ്രദേശങ്ങളിലും ഉടനെതന്നെ പദ്ധതി നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു.

(ഡി) പെരുമ്പാവൂർ, നോർത്ത്പറവൂർ, വെല്ലിങ്ടൺ ഐലന്റ്, മറൈൻ ഡ്രൈവ് തുടങ്ങിയ പ്രദേശങ്ങളിൽ സി.എൻ.ജി. സ്റ്റേഷനുകൾ സ്ഥാപിക്കുന്ന നടപടികളുടെ നിജസ്ഥിതി വ്യക്തമാക്കാമോ?

നിലവിൽ പെരുമ്പാവൂരിലും നോർത്ത് പറവൂരിലും ഓരോ സി.എൻ.ജി. സ്റ്റേഷൻ വീതം സ്ഥാപിച്ചിട്ടുണ്ട്. വരുംവർഷങ്ങളിൽ വെല്ലിങ്ടൺ ഐലൻഡ്, മറൈൻ ഡ്രൈവ് തുടങ്ങിയ പ്രദേശങ്ങളിലും സി.എൻ.ജി. സ്റ്റേഷനുകൾ സ്ഥാപിക്കാൻ കമ്പനി ഉദ്ദേശിക്കുന്നുണ്ട്.

(ഇ) പെട്രോനെറ്റ് എൽ.എൻ.ജി. സ്ഥിതിചെയ്യുന്നുവെന്ന പരിഗണന നൽകി വൈപ്പിൻ നിയോജകമണ്ഡലത്തിന് ഈ പദ്ധതിയുടെ എന്ത് ആനുകൂല്യമാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പെട്രോനെറ്റ് എൽ.എൻ.ജി. സ്ഥിതിചെയ്യുന്ന പ്രദേശമെന്ന പരിഗണന നൽകി പുതുവൈപ്പിൻ പ്രദേശത്ത് സർവ്വേ ചെയ്തു സി.എൻ.ജി പമ്പുകളും ഗാർഹിക കണക്ഷനുകളും നൽകുന്നതിനായുള്ള നടപടികൾ കമ്പനി സ്വീകരിക്കും.

(എഫ്) പുതുവൈപ്പിനിൽ സർവേ നടത്തി സി.എൻ.ജി. പമ്പുകൾ സ്ഥാപിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

പെട്രോനെറ്റ് എൽ.എൻ.ജി. യുടെ സമീപപ്രദേശത്ത് സ്ഥിതി ചെയ്യുന്ന കൊച്ചിൻ പോർട്ട്ട്രസ്റ്റിന്റെ കീഴിലുള്ള സ്ഥലത്ത് സി.എൻ.ജി. പമ്പുകൾ സ്ഥാപിക്കുന്നതിനായി സാധ്യതാപഠനം ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് (IOAGPL) നടത്തിയിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് കമ്പനി ഈ പ്രദേശത്ത് സി.എൻ.ജി. പമ്പുകൾ സ്ഥാപിക്കുന്നതാണ്. കൂടാതെ വൈപ്പിൻ, പുതുവൈപ്പിൻ പ്രദേശങ്ങളിലെ ഓയിൽ മാർക്കറ്റിംഗ് കമ്പനിയുടെ കീഴിലുള്ള പമ്പുകളിലും സി.എൻ.ജി. സ്റ്റേഷനുകൾക്കായുള്ള സാധ്യതാപഠനം നടത്തിയിട്ടുണ്ട്. അവിടെയും വരുംവർഷങ്ങളിൽ സി.എൻ.ജി പമ്പുകൾ സ്ഥാപിക്കാനാണ് കമ്പനി ഉദ്ദേശിച്ചിട്ടുള്ളത്.

**വ്യവസായ വാണിജ്യ നയം**

140(2490) ശ്രീ. എ. സി. മൊയ്തീൻ:

ശ്രീ. കെ. വി. സുമേഷ്:

ശ്രീ. വി. കെ. പ്രശാന്ത്:

ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ നിക്ഷേപങ്ങൾക്ക് അനുകൂലവും ഉല്പാദനക്ഷമവുമായ ഇടമാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ വ്യവസായ വാണിജ്യനയം രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. സംസ്ഥാനത്തിന്റെ വ്യവസായവൽക്കരണം ലക്ഷ്യമിട്ട് സർക്കാർ പുതിയ വ്യവസായനയം (കരട്) തയ്യാറാക്കിയിട്ടുണ്ട്. കേരളത്തിനിണങ്ങുന്ന മേഖലകളിൽ വൻകിട നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കാനും സംസ്ഥാനത്തെ സാങ്കേതിക വൈദഗ്ധ്യമുള്ള മാനവവിഭവശേഷിയെ ശരിയാംവണ്ണം വിനിയോഗിക്കാൻ കഴിയുന്ന ആധുനിക സ്മാർട്ട് വ്യവസായങ്ങൾക്ക് പ്രത്യേക പരിഗണന നൽകുവാനും അതിലൂടെ ത്വരിതഗതിയിലുള്ള സ്ഥായിയായ വ്യവസായവൽക്കരണം സാധ്യമാക്കാനും പുതിയ വ്യവസായനയം ലക്ഷ്യമിടുന്നു.

നാലാം വ്യവസായ വിപ്ലവം തുറന്നുതരുന്ന വിപുലമായ സാധ്യതകളെ സമർത്ഥമായി വിനിയോഗിക്കുന്നതിനുള്ള പ്രത്യേക കർമ്മപദ്ധതി ഈ നയം മുന്നോട്ടുവയ്ക്കുന്നു. അതിവേഗ വളർച്ചയ്ക്ക് സാധ്യതയുള്ള മുൻഗണനാ മേഖലകളിലെ സംരംഭങ്ങളെ കൂടുതൽ ആകർഷിക്കുന്നതിനും അതുവഴി

തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പുതിയ വ്യവസായനയത്തിൽ വിവിധ സാമ്പത്തിക പ്രോത്സാഹനങ്ങൾ വിഭാവന ചെയ്തിട്ടുണ്ട്.

ആധുനികവൽക്കരണം നടപ്പിലാക്കി ഉല്പാദനക്ഷമത വർദ്ധിപ്പിച്ച് മത്സരക്ഷമവും ലാഭകരവുമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായി പൊതുമേഖലാ സ്ഥാപനങ്ങളെ മാറ്റുവാൻവേണ്ട നടപടികൾക്കും പുതിയ വ്യവസായനയം ഊന്നൽ നൽകുന്നു. തൊഴിൽ സംരക്ഷിച്ചുള്ള യന്ത്രവൽക്കരണം നടപ്പിലാക്കി വിപണി ആവശ്യപ്പെടുന്ന ഉല്പന്നങ്ങൾ നിർമ്മിക്കാൻ പരമ്പരാഗത വ്യവസായരംഗത്തെ പ്രാപ്തമാക്കാനും നയം ലക്ഷ്യംവയ്ക്കുന്നു. ഏഴ് സുപ്രധാന നയസ്തംഭങ്ങൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പുതിയ വ്യവസായ നയത്തിൽ 22 മുൻഗണനാ മേഖലകൾ കണ്ടെത്തിയിട്ടുണ്ട്. അതിവേഗ വളർച്ചയും നിക്ഷേപസാധ്യതയുമുള്ളതാണ് പ്രസ്തുത മുൻഗണനാ മേഖലകൾ. എയ്റോസ്പേസ് & ഡിഫൻസ്; നിർമ്മിത ബുദ്ധി, റോബോട്ടിക്സ്, മറ്റ് ബ്രേക്ക്ത്രൂ സാങ്കേതിക വിദ്യകൾ; ആയുർവ്വേദം; ബയോടെക്നോളജി & ലൈഫ് സയൻസ്; രൂപകൽപ്പന; ഇലക്ട്രിക് വാഹനങ്ങൾ; ഇലക്ട്രോണിക് സിസ്റ്റം രൂപകൽപ്പനയും ഉല്പാദനവും; എഞ്ചിനീയറിംഗ് ഗവേഷണവും വികസനവും; ഭക്ഷ്യ സാങ്കേതികവിദ്യകൾ; ഗ്രാഫീൻ; ഹൈടെക് ഫാമിംഗും

മൂല്യവർദ്ധിത തോട്ടവിളയും; ഉയർന്ന മൂല്യവർദ്ധിത റബ്ബർ ഉല്പന്നങ്ങൾ; ലോജിസ്റ്റിക്ക്സ് & പാക്കേജിംഗ്; മാരിടൈം മേഖല; മെഡിക്കൽ ഉപകരണങ്ങൾ; നാനോടെക്നോളജി; ഫാർമസ്യൂട്ടിക്കൽസ്; റീസൈക്ലിങ്ങും മാലിന്യ സംസ്കരണവും; പുനരുപയോഗ ഊർജ്ജം; ചില്ലറ വ്യാപാര മേഖല; വിനോദസഞ്ചാരവും ആതിഥേയത്വവും; 3D പ്രിൻറിംഗ് എന്നിവയാണ് മേല്പറഞ്ഞ മുൻഗണനാ മേഖലകൾ. പ്രസ്തുത മേഖലകളിലൂന്നിയ വിവിധതരം നിക്ഷേപ സൗഹാർദ്ദ നടപടികളും പശ്ചാത്തല സൗകര്യങ്ങളും ആനുകൂല്യങ്ങളും കരട് നയത്തിൽ വിഭാവന ചെയ്തിട്ടുണ്ട്.

(ബി) മേഖലാടിസ്ഥാനത്തിൽ വൻകിട നിക്ഷേപം ആകർഷിക്കുന്നതിനും നിക്ഷേപകരുമായി നേരിട്ട് ചർച്ച നടത്തുന്നതിനും ആവിഷ്കരിച്ചിട്ടുള്ള മീറ്റ് ദ ഇൻവെസ്റ്റർ പദ്ധതിയിലൂടെ കൈവരിക്കാൻ കഴിഞ്ഞ പുരോഗതി അറിയിക്കാമോ?

നൂറു കോടി രൂപയ്ക്കുമുകളിൽ നിക്ഷേപമുള്ള വ്യവസായ സംരംഭങ്ങളും സ്ഥാപനങ്ങളുമായി വ്യവസായ മന്ത്രിയും വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും നടത്തുന്ന സ്ഥിരം ആശയ വിനിമയ വേദിയാണ് ' മീറ്റ് ദ ഇൻവെസ്റ്റർ' . സംരംഭകരുടേയും വ്യവസായികളുടേയും അഭിപ്രായങ്ങൾ തേടുകയും സർക്കാർ തലത്തിൽ ആവശ്യമുള്ള പിന്തുണ ഉറപ്പാക്കുകയും ചെയ്യുകയാണ്

പരിപാടിയുടെ ലക്ഷ്യം. നിലവിലുള്ള പദ്ധതികൾക്കുപുറമേ, പുതിയ നിക്ഷേപ പദ്ധതികൾ, വൈവിദ്ധ്യവൽക്കരണ ശ്രമങ്ങൾ തുടങ്ങിയവയും ആലോചനാവിഷയമാകും. നിലവിലുള്ള നിക്ഷേപ സൗഹൃദാന്തരീക്ഷം കൂടുതൽ ശക്തിപ്പെടുത്തുകയാണ് ' മീറ്റ് ദ ഇൻവെസ്റ്റർ' പരിപാടിയിലൂടെ ഉദ്ദേശിക്കുന്നത്. ഫിക്കി, സി.ഐ.ഐ, ചെറുകിട വ്യവസായ അസോസിയേഷൻ, പ്രവാസി സംരംഭകർ എന്നിവരുമായി പ്രത്യേകം കൂടിക്കാഴ്ച നടത്തിയതിന്റെ തുടർച്ചയിലാണ് ഓരോ സംരംഭക ഗ്രൂപ്പിന്റേയും വിഷയങ്ങൾ പ്രത്യേകമായി ചർച്ച ചെയ്യുന്നതിന് വേദിയൊരുക്കുന്നത്. ' മീറ്റ് ദ ഇൻവെസ്റ്റർ' പരിപാടിയിൽനിന്നും പരിണമിക്കുന്ന പദ്ധതികളുടെ തുടർനടപടികൾ സുഗമമാക്കുന്നതിനും അവർക്ക് നിയമപരമായി സാധ്യമായ എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കുന്നതിനും കെ.എസ്.ഐ.ഡി.സി.-യെയും കിൻഫ്രയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. മറ്റു വകുപ്പുകളിൽ നിന്നുമുള്ള നടപടികളോ അനുമതികളോ ആവശ്യമായ ഘട്ടങ്ങളിൽ അവ സുഗമമാക്കാൻ അതത് മന്ത്രിമാരുമായി നേരിട്ട് തന്നെ പ്രവർത്തിക്കുകയും സഹകരണം ഉറപ്പാക്കുകയും ചെയ്തുവരുന്നു.

മേൽപരിപാടിയുടെ തുടർച്ചയായി പ്രവർത്തനമാരംഭിച്ച സംരംഭങ്ങളിൽ ലോകത്തെ പ്രമുഖ എംപ്ലോയർ ഓർഗനൈസേഷനായ വെൻഷ്വറിന്റെ

തിരുവനന്തപുരത്തെ ഓഫീസ്, കോഴിക്കോട് ക്രേസ് ബിസ്കറ്റ് ഫാക്ടറി എന്നിവ ഉൾപ്പെടുന്നു. കൂടാതെ കോസ്മെറ്റിക്ക് ഉല്പന്ന നിർമ്മാതാക്കളായ അത്താച്ചി ഗ്രൂപ്പിന്റെ കമ്പനി പാലക്കാട് ഉടൻപ്രവർത്തനം ആരംഭിക്കുന്നതാണ്.

(സി) സംരംഭങ്ങൾ തുടങ്ങുന്നതിന് പ്രോത്സാഹനം നൽകുന്നതോടൊപ്പം തുടങ്ങിയ സംരംഭങ്ങൾ നിലനിർത്തി സംരംഭകരുടെ പരാതികൾ നേരിട്ട് മനസ്സിലാക്കുന്നതിന് 'മീറ്റ് ദ മിനിസ്റ്റർ' പ്രോഗ്രാം നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രോഗ്രാം എല്ലാ ജില്ലകളിലും നടത്താൻ കഴിഞ്ഞിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഇടുക്കി ജില്ലയൊഴികെ മറ്റെല്ലാ ജില്ലകളിലും മീറ്റ് ദ മിനിസ്റ്റർ പ്രോഗ്രാം നടത്തിയിട്ടുണ്ട്. ചില സാങ്കേതിക കാരണങ്ങളാൽ ഇടുക്കി ജില്ലയിൽ നിശ്ചയിച്ചിരുന്ന പ്രോഗ്രാം നടത്താൻ കഴിഞ്ഞിട്ടില്ല.

## കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

141(2491) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായം, ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് എന്നീ വകുപ്പുകളുടെ കീഴിൽ കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ/ഓഫീസുകൾ സംബന്ധിച്ച വിശദവിവരം നൽകാമോ; ഏതെല്ലാം സ്ഥാപനങ്ങൾ/ഓഫീസുകൾ ഏതെല്ലാം സ്ഥലങ്ങളിലാണ് പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ വ്യവസായ വകുപ്പിന്റെ അധീനതയിൽ വിദ്യാനഗറിൽ ജില്ലാ വ്യവസായ കേന്ദ്രത്തിന്റെയും വിദ്യാനഗറിലും ഹോസ്ദുർഗ്ഗിലുമായി രണ്ട് താലൂക്ക് വ്യവസായ കേന്ദ്രത്തിന്റെയും ഓഫീസുകൾ പ്രവർത്തിക്കുന്നു. പൊതുമേഖല സ്ഥാപനമായ സിഡ്കോയുടെ നിയന്ത്രണത്തിൽ കാസർഗോഡ് ജില്ലയിലെ വിദ്യാനഗറിൽ സിഡ്കോ മാർക്കറ്റിംഗ് സെന്റർ, സിഡ്കോ ആർ. എം. ഡിപ്പോ, വ്യവസായ എസ്റ്റേറ്റ് എന്നിവയുണ്ട്. കാസർഗോഡ് ടൗണിൽ സ്ഥിതിചെയ്യുന്ന ആസ്ട്രൽ വാച്ചസ് എന്ന സ്ഥാപനം ഇപ്പോൾ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ അധീനതയിലാണ്. ബേദ്രയടുക്കയിൽ കെൽ-ഇ.എം.എൽ ലിമിറ്റഡ് എന്ന ഒരു പൊതുമേഖലാ സ്ഥാപനവും ഉദുമയിൽ ടെക്സ്റ്റൈയിൽ മില്ലും പ്രവർത്തിക്കുന്നുണ്ട്. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ ജില്ലാ ഓഫീസ് മാത്രമാണ് കാസർഗോഡ് ജില്ലയിൽ രാംനഗറിൽ

പ്രവർത്തിക്കുന്നത്. കാസർഗോഡ് ജില്ലയിലെ ഖാദി ഉല്പാദന യൂണിറ്റുകളുടെയും വില്പന കേന്ദ്രങ്ങളുടെയും വിവരങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു +.

(ബി) ഈ സ്ഥാപനങ്ങൾ/ഓഫീസുകൾ എന്നിവ എത്രകാലമായി പ്രവർത്തിക്കുന്നുണ്ടെന്നും അനുവദിച്ച തസ്തികകൾ ഏതൊക്കെയാണെന്നും സ്ഥാപനവും ഓഫീസും തിരിച്ച് വ്യക്തമാക്കാമോ?

39 വർഷമായി പ്രവർത്തിക്കുന്ന ജില്ലാ വ്യവസായ കേന്ദ്രത്തിലെ തസ്തികകൾ:

1. ജനറൽ മാനേജർ -1
2. മാനേജർ (ഇ.ഐ) -1
3. മാനേജർ (ക്രെഡിറ്റ്)-1
4. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് -1
5. ഡെപ്യൂട്ടി രജിസ്ട്രാർ -1
6. അസിസ്റ്റന്റ് ജില്ലാ വ്യവസായ ഓഫീസർ (ആസ്ഥാനം) -1
7. അസിസ്റ്റന്റ് ഡയറക്ടർ-1
8. സീനിയർ സൂപ്രണ്ട് -1
9. ജൂനിയർ സൂപ്രണ്ട് -1
10. സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ -1
11. ജൂനിയർ കോ - ഓപ്പറേറ്റീവ് ഇൻസ്പെക്ടർ -1

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

12. സീനിയർ ക്ലാർക്ക്-4

13. ക്ലാർക്ക് -3

14. സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് -1

15.സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് -1

16. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് -1

17. ഓഫീസ് അറ്റൻഡന്റ് -2

18. ഡ്രൈവർ-2

19. പാർട്ട് ടൈം വാച്ച്മാൻ -1

20. പാർട്ട് ടൈം സ്വീപ്പർ -1

42 വർഷമായി പ്രവർത്തിക്കുന്ന താലൂക്ക് വ്യവസായ ഓഫീസ്, വിദ്യാനഗർ (കാസർഗോഡ്) - തസ്തികകൾ

1. അസിസ്റ്റന്റ് ജില്ലാ വ്യവസായ ഓഫീസർ -1

2. വ്യവസായ വികസന ഓഫീസർ -4

3. ക്ലാർക്ക് -1

4. ക്ലാർക്ക് ടൈപ്പിസ്റ്റ് -1

5. ഓഫീസ് അറ്റൻഡന്റ് -1

33 വർഷമായി പ്രവർത്തിക്കുന്ന താലൂക്ക് വ്യവസായ ഓഫീസ് - ഹോസ്ദുർഗ് (കാസർഗോഡ്)-തസ്തികകൾ

1. അസിസ്റ്റന്റ് ജില്ലാ വ്യവസായ ഓഫീസർ-1

2. വ്യവസായ വികസന ഓഫീസർ - 3

3. സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ - 1

4. ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ-1

5. ക്ലാർക്ക് - 1

6. ക്ലാർക്ക് ടൈപ്പിസ്റ്റ്-1

7. ഓഫീസ് അറ്റൻഡന്റ് - 1

8. പാർട്ട് ടൈം സ്വീപ്പർ - 1

1988-ൽ കാഞ്ഞങ്ങാട് പ്രവർത്തനമാരംഭിച്ച ജില്ലാ ഖാദി ഗ്രാമ വ്യവസായ ഓഫീസ് 2010 മുതൽ രാംനഗറിൽ പ്രവർത്തിക്കുന്നു. ഈ ഓഫീസിലെ തസ്തികകൾ താഴെപ്പറയുന്നവയാണ്.

1. പ്രോജക്ട് ഓഫീസർ - 1

2. വില്ലേജ് ഇൻഡസ്ട്രീസ് ഓഫീസർ- 1

3. ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ - 1

4. സീനിയർ ക്ലാർക്ക് -1

5 .ക്ലാർക്ക് - 1

6. സ്റ്റോർ കീപ്പർ - 1

7. ബീ-കീപ്പിങ് ഫീൽഡ് മാൻ - 1

8. പാർട്ട് ടൈം സ്വീപ്പർ - 1

1975 മുതൽ സിഡ്കോ വ്യവസായ എസ്റ്റേറ്റ് പ്രവർത്തിച്ചുവരുന്നു. സിഡ്കോ മാർക്കറ്റിംഗ് സെന്റർ 2002 മുതലും സിഡ്കോ ആർ.എം.ഡിപ്പോ 1986 മുതലും പ്രവർത്തിച്ചുവരുന്നു. സിഡ്കോയുടെ സ്റ്റാഫ് പാറ്റേൺ പ്രകാരം ജില്ലാ ഓഫീസിലേയ്ക്ക് പ്രത്യേകം തസ്തിക നിർണ്ണയം അനുവദിച്ചിട്ടില്ല. ഉദുമ

ടെക്സ്റ്റൈയിൽ മിൽസിലെ തസ്തികകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു +.

(സി) ഈ സ്ഥാപനങ്ങളിൽ/ഓഫീസുകളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഏതൊക്കെയാണെന്നും എത്രകാലമായി ഒഴിവുകൾ തുടരുന്നുവെന്നും സ്ഥാപനവും ഓഫീസും തിരിച്ച് വ്യക്തമാക്കാമോ?

ജില്ലാ വ്യവസായ കേന്ദ്രത്തിൽ സീനിയർ ക്ലർക്കിന്റെ 2 ഒഴിവ് 2023 ഫെബ്രുവരി മുതൽ നിലവിലുണ്ട്. ഡ്രൈവർ തസ്തികയിൽ 1 ഒഴിവ് 2022 ഏപ്രിൽ മുതലും നിലവിലുണ്ട്. കാസർഗോഡ് താലൂക്ക് വ്യവസായ ഓഫീസിൽ വ്യവസായ വികസന ഓഫീസറുടെ 2 ഒഴിവുകളും നിലവിലുണ്ട്.

## മെഗാ സീ-ഫുഡ് പാർക്ക്

142(2492) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സംസ്കരണ രംഗത്ത് കെ.എസ്.ഐ.ഡി.സി. മുഖാന്തരം നടപ്പാക്കാൻ തീരുമാനിച്ച മെഗാ സീ-ഫുഡ് പാർക്കിന്റെ പ്രവർത്തനം വിശദമാക്കാമോ?

സംസ്ഥാനത്ത് വ്യവസായികാടിസ്ഥാനത്തിൽ ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി ആലപ്പുഴ ജില്ലയിലെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പള്ളിപ്പുറത്ത് കെ.എസ്.ഐ.ഡി.സി.-യുടെ വ്യവസായ പാർക്കിൽ 84.03 ഏക്കറിൽ മെഗാ ഫുഡ് പാർക്ക് സ്ഥാപിച്ചിട്ടുണ്ട്. അടിസ്ഥാനസൗകര്യം വികസിപ്പിച്ച് വ്യവസായ പ്ലോട്ടുകൾ നൽകിക്കൊണ്ട് സമുദ്രോല്പന്ന ഭക്ഷ്യ മേഖലയിലെ വ്യവസായങ്ങളുടെ വികസനമാണ് ഇവിടെ ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) ഈ പാർക്കിൽ എത്ര കമ്പനികൾക്ക് ഭൂമിയനുവദിക്കാൻ കഴിയുമെന്നും ഇതിനോടകം എത്ര കമ്പനികൾക്ക് ഭൂമി അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

മെഗാ ഫുഡ് പാർക്കിൽ അടിസ്ഥാനസൗകര്യം വികസിപ്പിച്ച മുഴവൻ ഭൂമിയും ഇതിനകം 31 യൂണിറ്റുകൾക്കായി അനുവദിച്ചിട്ടുണ്ട്.

(സി) സമുദ്രവിഭവങ്ങളുടെ മൂല്യവർദ്ധിത ഉല്പന്നങ്ങളിൽ എന്തൊക്കെയാണ് ഇവിടെ ഉല്പാദിപ്പിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

പള്ളിപ്പുറത്ത് കെ.എസ്.ഐ.ഡി.സി.-യുടെ വ്യവസായ പാർക്കിൽ അടിസ്ഥാനസൗകര്യം വികസിപ്പിച്ച് വ്യവസായ പ്ലോട്ടുകൾ യൂണിറ്റുകൾക്ക് നൽകുകയാണ് ചെയ്യുന്നത്. മെഗാ ഫുഡ് പാർക്കിന്റെ ഒന്നാംഘട്ടമായ 68 ഏക്കറിൽ റോഡ്, മഴവെള്ള നിർമ്മാർജ്ജന ഓടകൾ, ജലവിതരണ

സംവിധാനം, ചുറ്റുമതിൽ, ഗേറ്റ്, സെക്യൂരിറ്റി ക്യാബിൻ മുതലായ അടിസ്ഥാനസൗകര്യങ്ങളും സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി, കോമൺ ഫെസിലിറ്റി സെന്റർ, വെയർഹൗസുൾപ്പെടെയുള്ള പ്രോസസ്സിംഗ് ഫെസിലിറ്റികളുടെയും നിർമ്മാണം നിലവിൽ പൂർത്തിയായിട്ടുണ്ട്. മലിനജല സംസ്കരണശാലയും കോൾഡ് സ്റ്റോർ, ഡീപ്ഫ്രീസർ, ഡിബോണിങ് യൂണിറ്റ് എന്നിവയും പ്രവർത്തനസജ്ജമാണ്.

(ഡി) ഈ സംരംഭവുമായി ബന്ധപ്പെട്ട എത്രപേർക്ക് പുതിയതായി തൊഴിൽ സൃഷ്ടിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

മെഗാ ഫുഡ് പാർക്കിലനുവദിച്ച മുഴുവൻ സംരംഭങ്ങളും പൂർണതോതിലുള്ള വാണിജ്യ പ്രവർത്തനമാരംഭിക്കുകവഴി 3000-ത്തിൽപ്പരം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൂടാതെ ഫുഡ് പാർക്കുമായി ബന്ധപ്പെട്ട് പരോക്ഷമായും വലിയതോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നും പ്രതീക്ഷിക്കുന്നു.

## സൂക്ഷ്മ -ചെറുകിട -ഇടത്തരം സംരംഭങ്ങൾ

143(2493) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പുസാമ്പത്തിക വർഷം പി.എം.എഫ്.എം.ഇ. പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളാരംഭിച്ചിട്ടുണ്ട്?

സംസ്ഥാനത്ത് നടപ്പുസാമ്പത്തിക വർഷം പി.എം.എഫ്.എം.ഇ. പദ്ധതിയിലുൾപ്പെടുത്തി 135 സംരംഭങ്ങളാരംഭിച്ചിട്ടുണ്ട്.

(ബി) ആരംഭിച്ച സംരംഭങ്ങളുടെ പേര്, വിലാസം, സംരംഭത്തിന്റെ സ്വഭാവം, രജിസ്ട്രേഷൻ/ലൈസൻസ് നമ്പർ, സൃഷ്ടിച്ച തൊഴിലവസരങ്ങൾ, സംരംഭം ആരംഭിച്ച തീയതി തുടങ്ങിയ വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു +.

## സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ

144(2494) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളുടെ ഓൺലൈൻ പോർട്ടൽ രജിസ്ട്രേഷൻ നിർബന്ധമാക്കിയത് എന്നുമുതലാണ്; പുതിയതായി ലൈസൻസെടുക്കുന്ന വ്യവസായ സംരംഭങ്ങൾ കൂടാതെ മുമ്പ് പ്രവർത്തിച്ചിരുന്ന വ്യവസായ സംരംഭങ്ങളും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർബന്ധമായും ഓൺലൈൻ പോർട്ടലിൽ രജിസ്റ്റർ ചെയ്യണമെന്ന് നിർദേശം നൽകിയിട്ടുണ്ടോ?

സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടില്ല. എന്നാൽ ഇത്തരം സംരംഭങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് കേന്ദ്ര സർക്കാരിന്റെ 'ഉദ്യം' രജിസ്ട്രേഷൻ പോർട്ടൽ നിലവിലുണ്ട്. 'ഉദ്യം' രജിസ്ട്രേഷൻ നമ്പർ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികൾക്ക് ഉപയോഗിക്കാവുന്നതാണ്. മുൻകാലങ്ങളിൽ മറ്റ് സംവിധാനങ്ങളിൽ രജിസ്റ്റർ ചെയ്തിരുന്ന യൂണിറ്റുകൾക്കും 'ഉദ്യം' രജിസ്ട്രേഷൻ എടുക്കാവുന്നതാണ്. ഉദ്യം പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നത് നിർബന്ധമാക്കിയിട്ടില്ലാത്തതിനാൽ സ്വമേധയാലുള്ള പ്രവൃത്തിയാണ്. സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി കണ്ടെത്തുന്ന സംരംഭകരുടെ തുടർപ്രവർത്തനങ്ങളും അനുമതി വായ്പകൾ ലഭ്യമാക്കലും യൂണിറ്റ് സ്ഥാപനപുരോഗതിയും നിരീക്ഷിക്കുന്നതിന് വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന 'സംരംഭക വർഷം' എന്ന പേരിൽ ഒരു പോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ പ്രകാരം രജിസ്റ്റർ ചെയ്യാത്ത വ്യവസായ സംരംഭങ്ങൾക്ക് സബ്സിഡിയുൾപ്പെടെയുള്ള സർക്കാർ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് നിലവിൽ തടസ്സമുണ്ടോ; വിശദാംശം നൽകുമോ?

വ്യവസായ വകുപ്പുവഴി നടപ്പിലാക്കുന്ന സംരംഭക സഹായപദ്ധതി, നാനോ ഗാർഹിക യൂണിറ്റുകൾക്കുള്ള പലിശ സബ്സിഡി പദ്ധതി, ഒരു കുടുംബം ഒരു സംരംഭം തുടങ്ങിയ പദ്ധതികൾ മുഖേന ആനുകൂല്യം ലഭിക്കുന്നതിന് ഉദ്യോഗ് ആധാർ/ ഉദ്യം രജിസ്ട്രേഷൻ സമർപ്പിക്കേണ്ടതുണ്ട്. മേൽപദ്ധതികൾ പ്രകാരമുള്ള ആനുകൂല്യത്തിനായി ഓൺലൈൻ പോർട്ടൽ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

വിവിധ കേന്ദ്ര-സംസ്ഥാന സർക്കാർ ആനുകൂല്യങ്ങൾക്ക് ഉദ്യം രജിസ്ട്രേഷൻ നമ്പർ ആവശ്യപ്പെടാറുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ തിരിച്ചറിയൽ രേഖയായാണ് ഈ രജിസ്ട്രേഷൻ ഉപയോഗിക്കുന്നത്.

(സി) മേൽപ്പറഞ്ഞ പ്രകാരം ഈ സാമ്പത്തികവർഷം എത്ര വ്യവസായ സംരംഭങ്ങൾ ഓൺലൈൻ പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കേന്ദ്ര സർക്കാരിന്റെ 'ഉദ്യം' രജിസ്ട്രേഷൻ പോർട്ടൽ വഴി സംസ്ഥാനത്ത് 21-02-2023-ലെ കണക്കുകൾപ്രകാരം 3,45,516 സംരംഭങ്ങൾ രജിസ്ട്രേഷൻ നടത്തിയതായി എം.എസ്.എം.ഇ. മന്ത്രാലയത്തിന്റെ ഡാഷ് ബോർഡിൽ രേഖപ്പെടുത്തിയിരിക്കുന്നു. (https://dashboard.msme.gov.in/UdyamStatewise.aspx). വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേനയുള്ള 'സംരംഭക വർഷം' പോർട്ടലിലെ വിവരങ്ങൾ പ്രകാരം സംസ്ഥാനത്ത് ഈ സാമ്പത്തികവർഷം 21-02-2023 വരെ 176601 സംരംഭകരെ കണ്ടെത്തുകയും ഇതിനകം 134002 സംരംഭങ്ങളാരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ**

145(2495) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പുസാമ്പത്തികവർഷം പി.എം.ഇ.ജി.പി. പദ്ധതിയിലുൾപ്പെടുത്തി എത്ര സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്?

നടപ്പുസാമ്പത്തിക വർഷം പി.എം.ഇ.ജി.പി. പദ്ധതിയിലുൾപ്പെടുത്തി ആരംഭിച്ചിട്ടുള്ള സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | പി.എം.ഇ.ജി.പി. പദ്ധതിയിലുൾപ്പെടുത്തി ആരംഭിച്ചിട്ടുള്ള സംരംഭങ്ങളുടെ എണ്ണം. |
|---|---|---|
| 1 | തിരുവനന്തപുരം | 204 |
| 2 | കൊല്ലം | 289 |
| 3 | പത്തനംതിട്ട | 199 |
| 4 | ആലപ്പുഴ | 335 |
| 5 | കോട്ടയം | 80 |
| 6 | ഇടുക്കി | 109 |
| 7 | എറണാകുളം | 212 |
| 8 | തൃശ്ശൂർ | 171 |
| 9 | പാലക്കാട് | 466 |
| 10 | മലപ്പുറം | 172 |
| 11 | കോഴിക്കോട് | 197 |
| 12 | വയനാട് | 67 |
| 13 | കണ്ണൂർ | 93 |
| 14 | കാസർഗോഡ് | 87 |
| | ആകെ | 2681 |

(ബി) പ്രസ്തുത സംരംഭങ്ങളുടെ പേര്, വിലാസം, സംരംഭത്തിന്റെ സ്വഭാവം, രജിസ്ട്രേഷൻ/ ലൈസൻസ് നമ്പർ, സൃഷ്ടിച്ച തൊഴിലവസരങ്ങൾ, സംരംഭമാരംഭിച്ച തീയതി തുടങ്ങിയ വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

വിവിധ ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽനിന്നും റിപ്പോർട്ട് ചെയ്തിട്ടുള്ള സംരംഭങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു +.

**സൂക്ഷ്മ -ചെറുകിട -ഇടത്തരം വ്യവസായ സംരംഭങ്ങൾ**

146(2496) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-23 സാമ്പത്തികവർഷത്തിൽ സംസ്ഥാനത്ത് പുതുതായാരംഭിച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളുടെ പേരും വിലാസവും അവ ഏതുതരം വ്യവസായമാണെന്നും മൂലധനം മുടക്ക് എത്ര തുകയാണെന്നും എത്ര തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ടെന്നും ലൈസൻസ് നമ്പർ സഹിതം ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

2022-23 സംരംഭക വർഷമായി കേരളാ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളാരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതി തദ്ദേശസ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് നടത്തിവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ പദ്ധതിയുടെ ഭാഗമായി കേരളത്തിൽ ഒരു ലക്ഷം പുതിയ സംരംഭങ്ങൾ, 2022 ഏപ്രിൽ 1 മുതൽ ഡിസംബർ 7 വരെയുള്ള 250 ദിവസത്തെ കാലയളവിൽ രജിസ്റ്റർ ചെയ്തു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 6274 കോടി രൂപയുടെ നിക്ഷേപവും 2,20,285 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.

ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിലാരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ നിലവിലുണ്ട് (www.yearofenterprises.kerala.gov.in)

2022 ഏപ്രിൽ 1 മുതൽ 2023 ഫെബ്രുവരി 24 വരെ സംസ്ഥാനത്ത് പുതുതായി 134267 സംരംഭങ്ങൾ തുടങ്ങുകയും അവയിലൂടെ 8088.57 കോടി രൂപയുടെ നിക്ഷേപം സംസ്ഥാനത്തുണ്ടാവുകയും 288038 തൊഴിൽ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

സംരംഭക വർഷത്തോടനുബന്ധിച്ച് 2022-23 സാമ്പത്തികവർഷത്തിൽ സംസ്ഥാനത്ത് പുതിയതായാരംഭിച്ച സൂക്ഷ്മ-

ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വ്യക്തിപരമായ വിവരങ്ങൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭ്യമാണ്.

## കുട്ടനാട്ടിൽ സ്ഥലലഭ്യത അനുസരിച്ച് വ്യവസായ പാർക്കാരംഭിക്കാൻ നടപടി

147(2497) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാടിന്റെ വ്യാവസായിക പിന്നോക്കാവസ്ഥ കണക്കിലെടുത്തും സ്ഥലലഭ്യതയനുസരിച്ചും വ്യവസായ പാർക്കാരംഭിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കുട്ടനാടിന്റെ വ്യാവസായിക വികസനത്തിന്റെ ഭാഗമായി നെല്ലിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനവും അതുവഴി കാർഷിക മേഖലയുടെ സമഗ്രവികസനവും ലക്ഷ്യമാക്കി ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂരിൽ സംയോജിത റൈസ് ടെക്നോളജി പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടെ കൂടുതൽ നെല്ല്, കച്ചി, മത്സ്യം എന്നിവയുടെ മൂല്യവർദ്ധിത വ്യവസായ യൂണിറ്റുകളാരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സ്വകാര്യ മേഖലയിലാരംഭിക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റുവഴി നടത്തിവരുന്നുണ്ട്. നെല്ല്, കച്ചി, മത്സ്യം എന്നിവ ഉൾപ്പെടെയുള്ളവയുടെ വിവിധ മൂല്യവർദ്ധിത വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നത് പ്രോത്സാഹിപ്പിക്കുവാൻ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി വിവിധ സാമ്പത്തികസഹായ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. താഴെപ്പറയുന്ന വിവിധ പദ്ധതികൾവഴി അത്തരം സംരംഭങ്ങൾക്ക് സബ്സിഡി, പലിശയിളവ് എന്നിവയുൾപ്പെടെയുള്ള ധനസഹായം നിബന്ധനകൾക്ക് വിധേയമായി അനുവദിച്ചുവരുന്നു.

1. സംരംഭക സഹായ പദ്ധതി (ESS)
2. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി
3. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ്
4. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP)
5. സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി
6. ഒരു കുടുംബം ഒരു സംരംഭം പദ്ധതി
7. മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായം.

**പാലാ നിയോജകമണ്ഡലത്തിലെ റബ്ബറധിഷ്ഠിത വ്യവസായ പാർക്ക്**

148(2498) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലാ നിയോജകമണ്ഡലത്തിലെ റബ്ബർ കർഷകരെ സംരക്ഷിക്കാനും റബ്ബർ കൃഷി പ്രോത്സാഹിപ്പിക്കാനുമായി ഒരു റബ്ബറധിഷ്ഠിത വ്യവസായ പാർക്ക് പാലായിൽ തുടങ്ങുവാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ; ഇല്ലെങ്കിൽ റബ്ബറധിഷ്ഠിത വ്യവസായ പാർക്ക് തുടങ്ങുവാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

റബ്ബറധിഷ്ഠിത വ്യവസായ പാർക്ക് പാലായിൽ തുടങ്ങുവാൻ തീരുമാനമെടുത്തിട്ടില്ല. കോട്ടയം ജില്ലയിലെ വൈക്കം, കടുത്തുരുത്തി നിയോജകമണ്ഡലങ്ങളിൽപ്പെടുന്ന വെള്ളൂരിൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ 143 ഏക്കർ സ്ഥലത്ത് റബ്ബറധിഷ്ഠിത വ്യവസായങ്ങളുൾപ്പെടുത്തി കേരള റബ്ബർ ലിമിറ്റഡ് എന്ന പാർക്ക് സ്ഥാപിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## പൂഞ്ഞാർ മണ്ഡലത്തിൽ വ്യവസായ പാർക്ക്

149(2499) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വ്യവസായ സംരംഭങ്ങൾ കുറവായ പൂഞ്ഞാർ മണ്ഡലത്തിൽ കിൻഫ്രയുടെ നേതൃത്വത്തിൽ ഒരു വ്യവസായ പാർക്കാരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഇതുമായി ബന്ധപ്പെട്ട് 05-07-2022-ൽ കോട്ടയം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ അദ്ധ്യക്ഷനായ ജില്ലാതല സൈറ്റ് സെലക്ഷൻ കമ്മിറ്റി കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി സൗത്ത് & നോർത്ത് വില്ലേജുകളിലുൾപ്പെട്ട 151.6 ഏക്കർ ഭൂമി സന്ദർശിക്കുകയും ടി ഭൂമി റബ്ബറധിഷ്ഠിത വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി ഏറ്റെടുക്കാവുന്നതാണെന്നും ആയത് ഏറ്റെടുക്കുന്നതിന് റവന്യൂ, വനം, ഖനന-ഭൂവിജ്ഞാന, പൊതുമരാമത്ത് വകുപ്പുകളുടെയും കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്, കേരള സംസ്ഥാന വൈദ്യുതി ബോർഡ് എന്നീ സ്ഥാപനങ്ങളുടെയും ക്ലിയറൻസ് ലഭ്യമായതിനുശേഷം ഫലപ്രദമായി വിനിയോഗിക്കാൻ കഴിയുന്ന ഭൂമിയുടെ അളവ് സംബന്ധിച്ച് സാങ്കേതികവിദഗ്ധരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്നും പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിർദ്ദിഷ്ട പ്രദേശം പാർക്കിന്

അനുയോജ്യമാണോയെന്നുള്ള വിദഗ്ദ്ധപഠനവും നിക്ഷേപസാധ്യതയും വിലയിരുത്തിയശേഷം മാത്രമേ വ്യവസായ പാർക്ക് അനുവദിക്കുന്നത് സംബന്ധിച്ച് അന്തിമതീരുമാനം കൈക്കൊള്ളുവാൻ കഴിയൂ.

**മിനി ഫുഡ് പാർക്കുകൾ**

150(2500) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പത്ത് മിനി ഫുഡ് പാർക്കുകളാരംഭിക്കുമെന്ന ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ എത്ര ഫുഡ് പാർക്കുകൾ ആരംഭിക്കുവാൻ സാധിച്ചിട്ടുണ്ടെന്നും ഈയിനത്തിൽ ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ?

2022-23 സാമ്പത്തികവർഷത്തെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച 10 മിനിഫുഡ് പാർക്കുകൾക്ക് അംഗീകാരം നൽകുന്ന വിഷയം ധനകാര്യവകുപ്പ് പരിശോധിച്ചുവരുന്നു.

**കോക്കോണിക്സ് കമ്പനി നിർമ്മിച്ച ലാപ്ടോപ്പുകൾ**

151(2501) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോക്കോണിക്സ് കമ്പനി നിർമ്മിച്ച ലാപ്‌ടോപ്പുകളിൽ തകരാർ കണ്ടെത്തിയത് ഏത് മോഡലിനാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത മോഡലിൽ എത്ര ലാപ്‌ടോപ്പുകൾ നിർമ്മിച്ചിരുന്നുവെന്നും അതിൽ എത്രയെണ്ണം വിറ്റഴിച്ചിരുന്നുവെന്നും വ്യക്തമാക്കാമോ?

കോക്കോണിക്സ് നിർമ്മിച്ച Coconics Enabler C1C11 - EAN1 എന്ന 11 ഇഞ്ച് മോഡൽ ലാപ്‌ടോപ്പിന്റെ പവർ സ്വിച്ചിനാണ് തകരാർ കണ്ടെത്തിയത്. ഈ മോഡലിന്റെ 4158 ലാപ്‌ടോപ്പുകളാണ് നിർമ്മിച്ചിട്ടുള്ളത്. ആയത് മുഴുവനായും വിറ്റഴിക്കുകയുണ്ടായി.

(ബി) എത്ര ലാപ്‌ടോപ്പുകളിൽ തകരാർ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് പുതിയ ലാപ്‌ടോപ്പ് നൽകിയത്; ഏത് മോഡൽ ലാപ്‌ടോപ്പുകളാണ് പകരമായി നൽകിയത്?

1327 ലാപ്‌ടോപ്പുകളിലാണ് തകരാർ കണ്ടെത്തിയത്. തകരാർ കണ്ടെത്തിയ ലാപ്‌ടോപ്പുകൾക്ക് പകരമായി അതേ മോഡൽ പുതിയ ലാപ്‌ടോപ്പുകൾ ഉപഭോക്താക്കൾക്ക് സൗജന്യമായി നൽകുകയുണ്ടായി.

(സി) ലാപ്ടോപ്പുകൾക്ക് ഇത്തരത്തിൽ തകരാർ സംഭവിച്ചയിനത്തിൽ ആകെ എത്ര രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്; പ്രസ്തുത നഷ്ടം ഉത്തരവാദിത്തപ്പെട്ടവരിൽനിന്നും ഈടാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

Coconics Enabler C1C11 - CNBIC- EAN1 എന്ന 11 ഇഞ്ച് ലാപ്ടോപ്പ് മോഡലിന്റെ പവർ സ്വിച്ചിന് സംഭവിച്ച തകരാറായത് നിർമ്മിച്ച് നൽകിയ കമ്പനി തന്നെ സൗജന്യമായി മാറ്റി നൽകുകയാണ് ഉണ്ടായത്. വിപണിയിലെ പുതിയ കമ്പനി എന്ന നിലയിൽ ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കാനായി തകരാർ കണ്ടെത്തിയ ലാപ്ടോപ്പുകൾക്കുപകരം പുതിയ ലാപ്ടോപ്പുകൾ ഉപഭോക്താക്കളുടെ വീടുകളിൽ/ഓഫീസുകളിൽ എത്തിച്ച് നൽകിയ ഇനത്തിൽ കോക്കോണിക്സ് പ്രൈവറ്റ് ലിമിറ്റഡിന് 60,750/-രൂപ ചെലവായിട്ടുണ്ട്.

## പാലക്കാട് ജില്ലയിലെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ

152(2502) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ പൊതുമേഖലയിൽ ഏതെല്ലാം വ്യവസായ സ്ഥാപനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

വ്യവസായ വകുപ്പിനുകീഴിൽ പാലക്കാട് ജില്ലയിൽ പ്രവർത്തിച്ചുവരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു +.

(ബി) അവയിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവ ഏതൊക്കെയെന്ന് വിശദമാക്കാമോ?

2021-2022 സാമ്പത്തികവർഷത്തെ കണക്കുകൾപ്രകാരം മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, മലബാർ സിമന്റ്സ് ലിമിറ്റഡ് എന്നീ കമ്പനികൾ പ്രവർത്തനലാഭം നേടിയിട്ടുണ്ട്.

(സി) പട്ടാമ്പി നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ, സിഡ്കോ ടൂൾ റൂം എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ?

പട്ടാമ്പി നിയോജകമണ്ഡലത്തിൽ സിഡ്കോയുടെ നിയന്ത്രണത്തിൽ മിനി വ്യവസായ എസ്റ്റേറ്റ് (1 ഏക്കർ) പ്രവർത്തിക്കുന്നു. പ്രസ്തുത എസ്റ്റേറ്റിൽ 10 വ്യവസായ സംരംഭങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കോഴിക്കോട് ജില്ലയിലെ ഒളവണ്ണ പഞ്ചായത്തിലാണ് സിഡ്കോ ടൂൾ റൂം-കം-ട്രെയിനിംഗ് സെന്റർ പ്രവർത്തിക്കുന്നത്. പ്രധാനമായും റേറ്റ് കോൺട്രാക്ട് അടിസ്ഥാനമാക്കിയുള്ള ഐ. എസ്. ആർ. ഒ.-യുടെ ഉല്പന്നങ്ങളാണ് അവിടെ നിർമ്മിച്ചുവരുന്നത്. സി. എൻ. സി. മെഷീനുകളിൽ തൊഴിൽ പരിശീലനവും നൽകിവരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പാലക്കാട് ജില്ലയിൽ നാളിതുവരെ പ്രവർത്തനത്തിന് അനുമതി നൽകാത്ത വ്യവസായ സ്ഥാപനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

പാലക്കാട് ജില്ലയിൽ നാളിതുവരെ പ്രവർത്തനത്തിന് അനുമതി നൽകാത്ത വ്യവസായ സ്ഥാപനങ്ങളൊന്നും തന്നെയില്ല.

**നിർമ്മാണ വസ്തുക്കളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് നടപടി**

153(2503) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണ പ്രവൃത്തികൾക്കാവശ്യമായ സിമന്റ്, കല്ല്, കമ്പി, മണൽ തുടങ്ങിയ അടിസ്ഥാന വസ്തുക്കളുടെ വില അനിയന്ത്രിതമായി വർദ്ധിക്കുന്നതായി പറയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത വില വർദ്ധന കൃത്രിമമായി സൃഷ്ടിക്കുന്നതാണെന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ?

നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം കൃത്രിമമായി സൃഷ്ടിക്കുന്നതാണെന്ന ആരോപണം പരിശോധിച്ചിട്ടില്ല.

(സി) നിർമ്മാണ വസ്തുക്കളുടെ കൃത്രിമമായ വിലക്കയറ്റംമൂലം സാധാരണക്കാർക്ക് ലൈഫ് മിഷൻ പോലുള്ള പദ്ധതികളിൽ നിന്ന് ലഭിക്കുന്ന വീടുകളുടെ നിർമ്മാണം മുടങ്ങുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നിർമ്മാണ വസ്തുക്കളുടെ കൃത്രിമമായ വിലക്കയറ്റംമൂലം സാധാരണക്കാർക്ക് ലൈഫ് മിഷൻ പോലുള്ള പദ്ധതികളിൽ നിന്ന് ലഭിക്കുന്ന വീടുകളുടെ നിർമ്മാണം മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാന ഭവനനിർമ്മാണ വകുപ്പിനുകീഴിലുള്ള നിർമ്മിതി കേന്ദ്രത്തിന്റെ നിയന്ത്രണത്തിൽ കെട്ടിട നിർമ്മാണ സാമഗ്രികളുടെ ന്യായവില വിപണന കേന്ദ്രമെന്ന നിലയിൽ കലവറ പ്രവർത്തിച്ചുവരുന്നുണ്ട്. ഇവിടെനിന്നും 750 ചതുരശ്രയടി വരെ തറവിസ്തീർണ്ണമുള്ള വീടുകൾ നിർമ്മിക്കുന്ന സർക്കാർ ഭവന പദ്ധതിയിൽ ഉൾപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ ഗുണഭോക്താക്കൾക്കും പരമാവധി 65 ബാഗ് സിമെന്റും 625 കിലോഗ്രാം കമ്പിയും 15 ശതമാനം വരെ സൗജന്യ നിരക്കിൽ നൽകിവരുന്നു. നിലവിൽ വിവിധ ജില്ലകളിലായി 15 കലവറകൾ പ്രവർത്തിക്കുന്നു. കൂടുതൽ കലവറ ഔട്ട്ലെറ്റുകളാരംഭിക്കുന്നതിന് നിർമ്മിതി കേന്ദ്രം നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത വിലക്കയറ്റം നിയന്ത്രിക്കുന്നതിനും നിരന്തരമായി നിരീക്ഷിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റംമൂലം സംസ്ഥാനത്ത് നിർമ്മാണ മേഖലയിലുണ്ടാകുന്ന പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സിമെന്റ്, സ്റ്റീൽ ഉല്പാദകരുടെയും ഡീലർമാരുടെയും യോഗം വിളിക്കുകയും വില കുറയ്ക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കേരള സർക്കാർ സ്ഥാപനമായ മലബാർ സിമെന്റ്സ് ലിമിറ്റഡ് ന്യായമായ വിലയിൽ കേരളത്തിലുടനീളം സിമന്റ് വിപണനം നടത്തിവരുന്നു. നിർമ്മാണ മേഖലയിൽ സിമെന്റിന്റെ ഉപയോഗം ഏകദേശം 5 ശതമാനം മാത്രമാണ്. അസംസ്കൃത വസ്തുക്കളുടെ വില ഗണ്യമായി വർദ്ധിച്ചുവെങ്കിലും മലബാർ സിമെന്റ്സിന്റെ വില്പന വില താരതമ്യേന കുറവാണ്. ട്രാവൻകൂർ സിമെന്റ്സ് ലിമിറ്റഡിന്റെ ഉല്പന്നമായ വൈറ്റ് സിമെന്റിന്റെ വില കഴിഞ്ഞ 4 വർഷമായി വർദ്ധിപ്പിച്ചിട്ടില്ല. കേന്ദ്രനയങ്ങളുടെ ഭാഗമായുണ്ടാവുന്ന വിലവർദ്ധനയിൽ സംസ്ഥാനത്തിന് മാത്രമായി ഇടപെടുന്നതിന് പരിമിതികളുണ്ട്.

## പാറ ക്വാറികൾക്കുള്ള പ്രവർത്തനാനുമതി

154(2504) <u>ശ്രീ. പി.പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ എത്ര പാറക്വാറികൾക്ക് പ്രവർത്തനാനുമതിയുണ്ടെന്ന് വിശദമാക്കാമോ?

ആലപ്പുഴ ജില്ല - 0

കൊല്ലം ജില്ല - 14

തിരുവനന്തപുരം ജില്ല - 44

(ബി) പ്രസ്തുത ജില്ലകളിൽ പാറക്വാറികൾക്ക് അനുമതി ലഭ്യമാക്കുന്നതിനായി നിലവിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ആലപ്പുഴ ജില്ല - 0

കൊല്ലം ജില്ല - 58 അപേക്ഷകൾ
(ക്വാറിയിംഗ് ലീസ്-32; ക്വാറിയിംഗ് പെർമിറ്റ്-26)

തിരുവനന്തപുരം ജില്ല -27 അപേക്ഷകൾ
(ക്വാറിയിംഗ് ലീസ്-22; ക്വാറിയിംഗ് പെർമിറ്റ്-5)

(സി) പ്രവർത്തനാനുമതി ലഭ്യമായിട്ടുള്ള പാറ ക്വാറികൾക്കെതിരെ നിലവിൽ പരാതികൾ ലഭിച്ചിട്ടുണ്ടോ; പ്രസ്തുത പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

ആലപ്പുഴ ജില്ലയിൽ ബാധകമല്ല. കൊല്ലം ജില്ലയിൽ പ്രവർത്തനാനുമതിയുള്ള എല്ലാ ക്വാറികൾക്കുമെതിരെ നിലവിൽ പരാതികൾ ലഭിച്ചിട്ടുണ്ട്. ക്വാറികളിൽനിന്നും അനുവദിച്ച അളവിൽ കൂടുതൽ അനധികൃതമായി ഖനനം ചെയ്തിട്ടുണ്ടെങ്കിൽ താലൂക്ക് സർവ്വേയറുടെ സ്കെച്ചിന്റെയും ജില്ലാ ജിയോളജി ആഫീസിൽ നിന്നുള്ള സ്ഥല പരിശോധനയുടെയും അടിസ്ഥാനത്തിൽ കെ.എം.എം.സി. ചട്ടപ്രകാരം നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ സ്ഥലപരിശോധനയിൽ മൈനിംഗ് പ്ലാനിലെ നിബന്ധനകളുടെ ലംഘനം ശ്രദ്ധയിൽപ്പെട്ടാൽ നിയമാനുസൃതമായ നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു. തിരുവനന്തപുരം ജില്ലയിൽ പ്രവർത്തനാനുമതി ലഭ്യമായിട്ടുള്ള പാറ ക്വാറികൾക്കെതിരെ ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ക്വാറികളിൽ പരിശോധന നടത്തി ചട്ടലംഘനങ്ങൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം 2015-ലെ കെ.എം.എം.സി. ചട്ടങ്ങൾ പ്രകാരം നിയമ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## ഗ്രാമീണ മേഖലയിൽ പുതിയ വ്യവസായങ്ങൾ -സ്റ്റാർട്ടപ്പുകൾ

155(2505) <u>ശ്രീ. വാഴൂർ സോമൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ പുതിയ സ്റ്റാർട്ടപ്പുകൾ തുടങ്ങുവാൻ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിട്ടുള്ളത്; വിശദമാക്കാമോ?

ഗ്രാമീണമേഖലയിലുൾപ്പെടെ പുതിയ സ്റ്റാർട്ടപ്പുകൾ തുടങ്ങുന്നവർക്കായി മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള ഒരു സഹായ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഉല്പാദനമേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് സാമ്പത്തിക സഹായം നൽകുക, പ്രാരംഭഘട്ടത്തിൽ തന്നെ ആവശ്യമായ സാമ്പത്തിക സഹായം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളാണ് പദ്ധതി വിഭാവന ചെയ്തത്. ഈ പദ്ധതിപ്രകാരം യോഗ്യമായ പദ്ധതി ചെലവിന്റെ (Project Cost) 75 ശതമാനം സബ്സിഡിയായി നൽകുന്നു. (ഒരു യൂണിറ്റിന് പരമാവധി 10 ലക്ഷം രൂപ) കേരളത്തിലുടനീളമുള്ള വിദ്യാർത്ഥികളടക്കമുള്ള യുവസംരംഭകരുടെ നൂതനവും വ്യാപാരയോഗ്യവുമായ സംരംഭങ്ങൾക്ക് സംരംഭം തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ തൊണ്ണൂറുശതമാനമോ അല്ലെങ്കിൽ ഇരുപത്തഞ്ചുലക്ഷം രൂപയോ ആണ് പ്രാഥമിക മൂലധനസഹായമായി നൽകിവരുന്നത്.

മേൽപ്പറഞ്ഞവയ്ക്ക് പുറമെ തങ്ങളുടെ ഉല്പന്നം/സേവനം വിജയകരമായി വികസിപ്പിക്കുകയും വാണിജ്യവൽക്കരിക്കുകയും ചെയ്ത സ്റ്റാർട്ടപ്പുകൾക്ക് 50 ലക്ഷം രൂപവരെ നൽകുന്ന "സ്കെയിൽഅപ്പ് സപ്പോർട്ട്" എന്ന പദ്ധതിയും കെ.എസ്.ഐ.ഡി.സി. നടപ്പിലാക്കുന്നു. സംരംഭകർക്ക് അവരുടെ ആശയങ്ങളുടെ പൂർത്തീകരണത്തിനായി കെ.എസ്.ഐ.ഡി.സി-യുടെ കോഴിക്കോട് പ്രവർത്തിക്കുന്ന ബിസിനസ് ഇൻകുബേഷൻ സെന്റർ എല്ലാവിധ സൗകര്യങ്ങളുമൊരുക്കിയിട്ടുണ്ട്. പ്രസ്തുത സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്കെല്ലാം ആവശ്യാനുസരണം മാർഗ്ഗനിർദ്ദേശങ്ങളും നൽകിവരുന്നുണ്ട്.

(ബി) ഗ്രാമീണമേഖലയിൽ പുതിയ വ്യവസായങ്ങളാരംഭിക്കുന്നവർക്ക് വ്യവസായ വകുപ്പ് മുഖേന വായ്പകൾ നൽകുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

സംസ്ഥാനത്ത് നിലവിലുള്ള സംരംഭകർക്കും പുതിയ സംരംഭകർക്കും വ്യവസായങ്ങൾ നടത്തുന്നതിന് സഹായകമായ വായ്പാ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു. ഗ്രാമീണ മേഖലയിൽ പുതിയ വ്യവസായങ്ങളാരംഭിക്കുന്നവർക്കും ഇത് ലഭ്യമാണ്.

കെ.എസ്.ഐ.ഡി.സി കുറഞ്ഞ പലിശ നിരക്കിൽ (നിലവിൽ 8.5% - 10.5%) 60 കോടി രൂപ വരെ വായ്പയായി നൽകിവരുന്നു. ഓരോ ആറ് മാസത്തിന്റെയും അവസാനം കുടിശ്ശികയില്ലെങ്കിൽ പലിശ നിരക്കിൽ അര ശതമാനം വരെ (ബാക്കിയുള്ള മുതലിന്റെ അടിസ്ഥാനത്തിൽ) വീണ്ടും കുറവ് നൽകിവരുന്നു. ഭക്ഷ്യസംസ്കരണം, അടിസ്ഥാനസൗകര്യങ്ങൾ, ആരോഗ്യപരിരക്ഷ, ജൈവ സാങ്കേതികവിദ്യ, വിനോദസഞ്ചാരം, പാദരക്ഷ, സമുദ്രമേഖല, കപ്പൽ നിർമ്മാണം, ആയുർവേദ ഉല്പന്നങ്ങളും സേവനങ്ങളും, ഹരിത വ്യവസായം തുടങ്ങിയ മേഖലകളിലുള്ള വ്യവസായങ്ങൾക്ക് സാമ്പത്തികസഹായം നൽകുന്നതിന് പ്രത്യേക പരിഗണനയും നൽകിവരുന്നുണ്ട്.

ഇതുകൂടാതെ, സംസ്ഥാനത്ത് വ്യവസായികൾക്ക് എളുപ്പത്തിൽ ധനസഹായം ലഭ്യമാക്കുവാനും സംസ്ഥാനത്ത് ഒരു മികച്ച നിക്ഷേപ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിനും സർക്കാർ മുൻകയ്യെടുത്ത് നടപ്പിലാക്കുന്ന പ്രത്യേക സഹായ പദ്ധതിയാണ് ചീഫ് മിനിസ്റ്റേഴ്സ് സ്പെഷ്യൽ അസിസ്റ്റൻസ് സ്കീം. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ എന്നിവർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. നിലവിൽ പ്രവർത്തിക്കുന്ന

സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധന വായ്പയും ലഭ്യമാക്കും. പ്രസ്തുത സ്കീമിനെ രണ്ടായി തിരിച്ചിരിക്കുന്നു:

1. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ

2. സൂക്ഷ്മ സംരംഭങ്ങൾക്ക് പ്രവർത്തന മൂലധനവായ്പ

ഗ്രാമീണ മേഖലയിൽ പുതിയ വ്യവസായങ്ങളാരംഭിക്കുന്നവർക്ക് നേരിട്ട് വായ്പകൾ നൽകുന്ന പദ്ധതികൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കുന്നില്ല. എന്നാൽ ഗ്രാമീണ മേഖലയിലുൾപ്പെടെ പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നവർക്കും സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ മേഖലയിലെ സംരംഭകർക്കും താഴെപ്പറയുന്ന പദ്ധതികൾ മുഖേന ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്.

1. <u>സംരംഭക സഹായ പദ്ധതി</u>

വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി 2012 മുതൽ നടപ്പിലാക്കി വരുന്നുണ്ട്. പ്രാരംഭസഹായം, നിക്ഷേപസഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നൽകുന്നത്.

എ) <u>പ്രാരംഭ സഹായം (start up assistance)</u>:- ധനകാര്യ സ്ഥപനങ്ങളിൽനിന്നും വായ്പയെടുത്താരംഭിക്കുന്ന സ്ഥാപനങ്ങൾക്ക് നിക്ഷേപ സഹായത്തിന്റെ 50 ശതമാനം (പരമാവധി 3 ലക്ഷം രൂപ) സ്ഥാപനമാരംഭിക്കുന്നതിന് മുമ്പായി ധനസഹായം നൽകുന്നു.

ബി) <u>നിക്ഷേപ സഹായം (Investment support)</u>:- സ്ഥിര നിക്ഷേപങ്ങൾക്ക് ജനറൽ വിഭാഗത്തിന് 15 ശതമാനം (പരമാവധി 30 ലക്ഷം രൂപ). വനിത/എസ്.സി/എസ്.ടി/യുവ സംരംഭകർ/എൻ.ആർ.കെ വിഭാഗത്തിന് 25 ശതമാനം (പരമാവധി 40 ലക്ഷം രൂപ) മുൻഗണനാ വിഭാഗത്തിൽപ്പെടുന്ന വ്യവസായങ്ങൾക്ക് 10 ശതമാനം (പരമാവധി 10 ലക്ഷം രൂപ) അധികസഹായം നൽകുന്നു. പത്തനംതിട്ട, ഇടുക്കി, വയനാട്, കാസർഗോഡ് എന്നീ പിന്നാക്ക ജില്ലകളിലെ സംരംഭങ്ങൾക്ക് 10 ശതമാനം (പരമാവധി 10 ലക്ഷം രൂപ) അധിക ധനസഹായം നൽകുന്നു.

സി) <u>സാങ്കേതിക വിദ്യാ സഹായം (Technology Support)</u>: സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽനിന്ന് സാങ്കേതികവിദ്യ കരസ്ഥമാക്കിയിട്ടുള്ള സ്ഥാപനങ്ങൾക്ക് സ്ഥിര മൂലധനനിക്ഷേപത്തിന്റെ 10 ശതമാനം അധിക സബ്സിഡി നൽകുന്നു. (പരമാവധി 10 ലക്ഷം രൂപ)

2) നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി :-

10 ലക്ഷം രൂപ വരെ സ്ഥിരം മൂലധനനിക്ഷേപമുള്ളതും 5 എച്ച്.പി. വരെ വൈദ്യുതി ആവശ്യമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗത്തിൽപ്പെട്ട വീട്ടിലുള്ളതോ വീടിനോട് ചേർന്നോ നടത്തുന്ന ഉല്പാദക സേവന, ജോബ് വർക്ക് വിഭാഗത്തിലുൾപ്പെട്ട നാനോ സംരംഭങ്ങൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക.

3) ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതി

വായ്പാധിഷ്ഠിത പ്രോജക്റ്റുകൾക്ക് Margin money നൽകിക്കൊണ്ട് അർഹമായ സംരംഭകർക്ക്, സംസ്ഥാനത്തിനകത്ത് ചെറുസംരംഭങ്ങൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം നൽകുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഉല്പന്ന നിർമ്മാണം, ഭക്ഷ്യ സംസ്കരണം, മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവന മേഖല എന്നിവയിൽ സ്ഥിരമൂലധനവും പ്രവർത്തന മൂലധനവും ഉൾപ്പെടെ ആകെ പ്രോജക്റ്റ് ചെലവ് 10 ലക്ഷം രൂപ വരെയുള്ള യൂണിറ്റുകൾ ഈ പദ്ധതിപ്രകാരം ആനുകൂല്യത്തിന് അർഹതയുണ്ട്. വനിതകൾ, വികലാംഗർ, വിമുക്തഭടന്മാർ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ എന്നിവർക്ക് ഈ

പദ്ധതിയിൽ മുൻഗണന നൽകും. ഈ പദ്ധതിയുടെ 30 ശതമാനം ഗുണഭോക്താക്കളും സ്ത്രീ സംരംഭകരായിരിക്കും.

4. ഒരു കുടുംബം, ഒരു സംരംഭം പദ്ധതി

ഉല്പാദന, സേവന, വ്യാപാര മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനെടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം വരെയുള്ള ബാങ്ക് വായ്പയ്ക്ക് പലിശയിളവ് നൽകുന്നതിനാണ് ഒരു കുടുംബം, ഒരു സംരംഭം പദ്ധതിവഴി വിഭാവന ചെയ്യുന്നത്. ഈ പദ്ധതിയുടെ 50 ശതമാനം ഗുണഭോക്താക്കൾ വനിതാ സംരംഭകരായിരിക്കും. ടി പദ്ധതിയിൽ ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4 ശതമാനത്തിൽ അധികരിച്ചുള്ള പലിശയിൽ 6 ശതമാനം വരെ ഇളവ് ധനസഹായമായി സർക്കാർ നൽകുന്നു. ഉല്പാദന, സേവന, വ്യാപാര മേഖലയിൽ പുതിയ സംരംഭങ്ങളാരംഭിക്കുന്നതിനെടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം വരെയുള്ള ബാങ്ക് വായ്പയ്ക്ക് പദ്ധതിവഴി പലിശയിളവ് നൽകുന്നു. പദ്ധതി പ്രകാരം സ്ഥിരമൂലധനവായ്പക്കും പ്രവർത്തന മൂലധനവായ്പക്കും ആനുകൂല്യം ലഭിക്കുന്നു. 01-04-2022 മുതൽ പ്രവർത്തനമാരംഭിക്കുന്ന പുതിയ യൂണിറ്റുകൾക്കാണ് സർക്കാരിൽ നിന്നുള്ള പലിശയിളവ് ലഭ്യമാകുന്നത്. കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന PM Formalization of Micro Food Processing Enterprises Scheme പദ്ധതി

പ്രകാരം ആനുകൂല്യം ലഭിച്ചതോ/അപേക്ഷിച്ചതോ ആയ യൂണിറ്റുകൾക്കും 10 ലക്ഷം വരെയുള്ള വർക്കിംഗ് ക്യാപിറ്റൽ ലോണിന് ഈ പദ്ധതിപ്രകാരമുള്ള പലിശയിളവിന് അർഹതയുണ്ട്.

5. മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി

സംരംഭകൻ മുന്നോട്ടുവച്ച ആശയത്തിന്റെയോ ഉല്പന്നത്തിന്റെയോ അപരിചിതത്വം കാരണം നിക്ഷേപമാകർഷിക്കാൻ സ്റ്റാർട്ടപ്പുകൾ പ്രയാസപ്പെടുന്നുണ്ട്. ഒരു ആശയമോ ഉല്പന്നമോ വികസിപ്പിക്കുന്നതിന് സ്റ്റാർട്ടപ്പുകൾക്ക് ഗണ്യമായ തുക ആവശ്യമാണ്. ആയതിനാൽ, സ്റ്റാർട്ടപ്പ് ആശയങ്ങളുള്ള നിക്ഷേപകർക്ക് മതിയായ സാമ്പത്തിക പ്രോത്സാഹനങ്ങൾ നൽകേണ്ടത് പ്രധാനമാണ്. നിലവിൽ സ്റ്റാർട്ടപ്പുകളിൽ ഭൂരിഭാഗവും ഐ.ടി. അധിഷ്ഠിത ഉല്പന്നങ്ങളോ ഐ.ടി.-യുമായി ബന്ധപ്പെട്ടതോ ആയതിനാൽ ഉല്പാദനമേഖലയിൽ നൂതന ആശയങ്ങളുമായി വരുന്ന സംരംഭകരുടെ എണ്ണം ഗണ്യമായി കുറയുന്നു. ഈ സാഹചര്യത്തിൽ, ഉല്പാദനമേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് സാമ്പത്തികസഹായം നൽകുക, പ്രാരംഭഘട്ടത്തിൽ തന്നെ ആവശ്യമായ സാമ്പത്തിക സഹായമുറപ്പാക്കുക എന്നീ ലക്ഷ്യങ്ങളാണ് പദ്ധതി വിഭാവന ചെയ്യുന്നത്.

(സി) തോട്ടം തൊഴിലാളികളുടെയും തോട്ടങ്ങളുടെയും ഉന്നമനത്തിനും നിലനിൽപ്പിനുംവേണ്ടി രൂപീകരിച്ച പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ പ്രവർത്തനങ്ങളാരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വ്യവസായ വാണിജ്യ വകുപ്പിനുകീഴിൽ രൂപീകരിച്ച പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ പ്രവർത്തനങ്ങളാരംഭിച്ചിട്ടുണ്ട്. 2022-23 വർഷം താഴെപ്പറയുന്ന വിവിധ പ്രവർത്തനങ്ങൾ പ്ലാന്റേഷൻ ഡയറക്ടറേറ്റിന് കീഴിൽ നടപ്പിലാക്കിയിട്ടുണ്ട്.

1) തോട്ടങ്ങളിൽ Responsible Eco-Tourism പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2023 ജനുവരി 6-ന് കോഴിക്കോട് വച്ച് ഒരു പഠന സെമിനാർ സംഘടിപ്പിക്കുകയുണ്ടായി.

2) തോട്ടം മേഖലയിൽ കാർബൺ ട്രേഡിംഗ് മെക്കാനിസം സംബന്ധിച്ച വിവിധ വിഷയങ്ങളിലുള്ള ഒരു പഠനസെമിനാർ 2023 ഫെബ്രുവരി മാസം 13-ന് എറണാകുളത്തുവച്ച് സംഘടിപ്പിക്കുകയുണ്ടായി.

3) തോട്ടം മേഖലയിലെ സംരംഭകർക്ക് അവരുടെ ഉല്പന്നങ്ങളും പ്രവർത്തനങ്ങളും സേവനങ്ങളും പ്രദർശിപ്പിക്കാനും മറ്റുമായി 2023 ഫെബ്രുവരി മാസം 17 മുതൽ 19 വരെ തിരുവനന്തപുരത്ത് കനകക്കുന്നിൽവച്ച്

3 ദിവസത്തെ പ്രദർശനവും വിവിധ വിഷയങ്ങളിലുള്ള 8 പഠന സെമിനാറുകളുമുൾപ്പെടുന്ന ഒരു എക്സ്പോ സംഘടിപ്പിച്ചിരുന്നു.

4) കേരളത്തിലെ തോട്ടവ്യവസായമേഖലയുടെ വൈവിധ്യവൽക്കരണത്തെയും നവീകരണത്തെയും കുറിച്ച് പഠനം നടത്തുവാൻ യോഗ്യതയുള്ള ഏജൻസികളിൽനിന്നും എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് (Expression of Interest) സ്വീകരിക്കുന്നതിനുള്ള നടപടികൾ പ്ലാന്റേഷൻ ഡയറക്ടറേറ്റ് മുഖേന സ്വീകരിച്ചുവരുന്നുണ്ട്. പ്ലാന്റേഷൻ മേഖലയിൽ സർക്കാർ പ്രഖ്യാപിച്ച പദ്ധതികളാരംഭിക്കുന്നതിനും തുടർപ്രവർത്തനങ്ങൾ സ്വീകരിക്കുന്നതിനുമായി വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറെ സ്പെഷ്യൽ ഓഫീസർ (പ്ലാന്റേഷൻസ്) ആയി നിയമിച്ചിട്ടുണ്ട്.

(ഡി) പീരുമേട് താലൂക്കിൽ ഇരുപത്തിരണ്ട് വർഷങ്ങളായി പൂട്ടിക്കിടക്കുന്ന ചീന്തലാർ, ലോണ്ട്രീ, ബോണാമി, കോട്ടമല എസ്റ്റേറ്റുകൾ തുറന്ന് പ്രവർത്തിക്കുവാൻ പ്ലാന്റേഷൻ ഡയറക്ടറേറ്റിൽനിന്നും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

പൂട്ടിക്കിടക്കുന്ന ചീന്തലാർ, ലോണ്ട്രീ, ബോണാമി, കോട്ടമല എസ്റ്റേറ്റുകൾ തുറന്ന് പ്രവർത്തിക്കുവാൻ നിലവിൽ പ്ലാന്റേഷൻ ഡയറക്ടറേറ്റ്

വഴി നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഇത് തൊഴിൽ വകുപ്പിന്റെ പരിഗണനയിലുള്ള വിഷയമാണ്.

## കളിമൺ ഉപയോഗിച്ച് പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങളുടെ പ്രതിസന്ധി

156(2506) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കളിമണ്ണുപയോഗിച്ച് പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങളുടെ പ്രതിസന്ധി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

കളിമണ്ണുല്പന്ന നിർമ്മാണത്തിനായി ഗുണനിലവാരമുള്ള കളിമണ്ണിന്റെ ലഭ്യതക്കുറവാണ് ഈ മേഖല നേരിടുന്ന ഒരു പ്രധാന പ്രതിസന്ധി. കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ സംസ്ഥാനത്തെ കളിമൺ മേഖലയിലെ വ്യവസായങ്ങളുമായി ബന്ധപ്പെട്ട് ഒരു സമഗ്ര സർവ്വേ നടത്തിവരുന്നു. സർവ്വെ റിപ്പോർട്ട് ലഭ്യമായാൽ മാത്രമേ മേഖലയിലെ പ്രതിസന്ധികൾ മനസ്സിലാക്കി തുടർനടപടികൾ സ്വീകരിക്കുന്നതിന് സാധിക്കുകയുള്ളൂ.

(ബി) പ്രസ്തുത സ്ഥാപനങ്ങൾ പലതും അടച്ചുപൂട്ടലിന്റെ അവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം സ്ഥാപനങ്ങൾ നിലനിർത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

(ബി&സി) കളിമണ്ണുല്പന്ന നിർമ്മാണത്തിനായി ഗുണനിലവാരമുള്ള കളിമണ്ണിന്റെ ലഭ്യതക്കുറവ് കാരണം പല സംരംഭങ്ങളും നിലവിൽ പ്രതിസന്ധി നേരിടുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, റവന്യൂ വകുപ്പ്, മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് എന്നിവയുമായി സഹകരിച്ച് അസംസ്കൃതവസ്തു ലഭ്യമാക്കി പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തിവരുന്നു.

(ഡി) ഇത്തരത്തിൽ പ്രതിസന്ധി നേരിടുന്ന വ്യവസായ സ്ഥാപനങ്ങളെ സമാനസ്വഭാവമുള്ള വ്യവസായങ്ങളുമായി സംയോജിപ്പിക്കുന്നതിനുള്ള സാധ്യതകൾ വിലയിരുത്തിയിട്ടുണ്ടോ;വ്യക്തമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

### കാഞ്ഞങ്ങാട് മണ്ഡലത്തിലെ വ്യവസായ വകുപ്പ് പദ്ധതികൾ

157(2507) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ 2016 മുതൽ വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ?

കാഞ്ഞങ്ങാട് മണ്ഡലത്തിൽ 2016 മുതൽ വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ചുവടെ കൊടുക്കുന്നു.

PMEGP എന്ന പദ്ധതി കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന ഒരു തൊഴിൽ സംരംഭക സഹായപദ്ധതിയാണ്. PMEGP പദ്ധതിപ്രകാരം ബാങ്കുകൾ വായ്പ അനുവദിക്കുന്നമുറയ്ക്ക് 15 ശതമാനം മുതൽ 35 ശതമാനം വരെ നഗര, ഗ്രാമ, കാറ്റഗറി അടിസ്ഥാനത്തിൽ അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് അനുവദിക്കുന്നു. ടി പദ്ധതിപ്രകാരം സ്ഥിരമൂലധനത്തിനും പ്രവർത്തന മൂലധനത്തിനും സബ്സിഡിക്ക് അർഹതയുണ്ട്.

<u>സംരംഭക സഹായ പദ്ധതി (ESS)</u>

വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായപദ്ധതി 2012 മുതൽ നടപ്പിലാക്കിവരുന്നുണ്ട്. പ്രാരംഭ സഹായം, നിക്ഷേപ സഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളിലായാണ് സഹായം നൽകുന്നത്. ഈ പദ്ധതിപ്രകാരം ഉല്പാദന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15 ശതമാനം മുതൽ 45 ശതമാനം വരെ പരമാവധി 40 ലക്ഷം രൂപ വരെ ധനസഹായം

നൽകുന്നു. കോവിഡ് 19-ന്റെ ഭാഗമായി പ്രഖ്യാപിച്ച വ്യവസായ ഭദ്രതാ പാക്കേജ് പ്രകാരവും സംരംഭകത്വ സഹായ പദ്ധതി പ്രകാരവും പ്രത്യേക വിഭാഗത്തിൽ ഉൾപ്പെട്ട യുവാക്കൾ, വനിതകൾ, SC/ST വിഭാഗം എന്നിവർക്ക് അധികമായി നൽകുന്ന സബ്സിഡി 5 ശതമാനം എന്നത് 10 ശതമാനം ആയി വർദ്ധിപ്പിക്കുകയും പ്രത്യേക വിഭാഗത്തിൽ NRK-യെ കൂടി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

<u>വ്യവസായ ഭദ്രത - പലിശയിളവ് പദ്ധതി</u>

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തരം നടപ്പിലാക്കുന്ന വ്യവസായ ഭദ്രത Scheme for Interest Subvention on Term Loan and working capital loan പദ്ധതിപ്രകാരം 01-04-2019 മുതൽ 31-12-2021 വരെ MSME യൂണിറ്റുകൾ (ഉല്പാദക മേഖലയിലും ജോബ് വർക്ക് ചെയ്യുന്നതുമായിട്ടുള്ള) എടുക്കുന്ന വായ്പകൾക്ക് 50 ശതമാനം താങ്ങ് പലിശ 12 മാസത്തേയ്ക്ക് പരമാവധി ഓരോ ലോണിനും (Term Loan/Working Capital) 60000 രൂപ പരമാവധി 120000 രൂപ വരെ അനുവദിച്ച് വരുന്നുണ്ട്.

<u>നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി</u>

വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് Margin money നൽകികൊണ്ട് അർഹമായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറുസംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഉല്പന്ന നിർമ്മാണം, ഭക്ഷ്യ സംസ്കരണം എന്നിവയിലാരംഭിക്കുന്ന ചെറുസംരംഭങ്ങൾക്ക് (മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവന മേഖലയുൾപ്പെടെ) സ്ഥിരമൂലധനവും പ്രവർത്തനമൂലധനവുമുൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപ വരെയുള്ള യൂണിറ്റുകൾ ഈ പദ്ധതിയുടെ സഹായത്തിന് അർഹരാണ്. വനിതകൾ, വികലാംഗർ, വിമുക്തഭടന്മാർ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ എന്നിവർക്ക് ഈ പദ്ധതിയിൽ മുൻഗണന നൽകും. ഈ പദ്ധതിയുടെ 30 ശതമാനം ഗുണഭോക്താക്കളും സ്ത്രീ സംരംഭകരായിരിക്കും.

ജനറൽ വിഭാഗത്തിന് മാർജിൻ മണിഗ്രാന്റ് ആകെ പ്രോജക്ട് ചെലവിന്റെ 30 ശതമാനവും ഗുണഭോക്തൃ വിഹിതം കുറഞ്ഞത് 30 ശതമാനവും ബാങ്ക് വായ്പ 40 ശതമാനവും ആയിരിക്കും. എസ്.സി/എസ്.ടി./വനിതകൾ/ വിമുക്തഭടന്മാർ/ 40 വയസ്സുവരെയുള്ള യുവസംരംഭകർ തുടങ്ങിയ പ്രത്യേക വിഭാഗക്കാർക്ക് മാർജിൻ മണി ഗ്രാന്റ് ആകെ പ്രോജക്ട് ചെലവിന്റെ 40 ശതമാനവും ഗുണഭോക്തൃവിഹിതം

കുറഞ്ഞത് 20 ശതമാനവും ബാങ്ക് വായ്പ 40 ശതമാനവുമായിരിക്കും. ഈ പദ്ധതിയിലൂടെ നൽകുന്ന പരമാവധി സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും മുൻഗണനാ വിഭാഗത്തിലുൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയുമാണ്.

<u>പ്രധാനമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസസ് സ്കീം (PMFME)</u>

വ്യവസായ വകുപ്പുവഴി നടപ്പിലാക്കുന്ന കേന്ദ്ര ഭക്ഷ്യ വ്യവസായ മന്ത്രാലയത്തിന്റെ പദ്ധതിയായ PMFME (Prime Ministers Formalization of Micro Food Processing Enterprises) പദ്ധതിവഴി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ മേഖലയിലെ വായ്പാബന്ധിത പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുന്നു. വ്യക്തിഗത സംരംഭങ്ങൾക്ക് പദ്ധതി ചെലവിന്റെ 35 ശതമാനം പരമാവധി 10 ലക്ഷം രൂപ വരെയാണ് സബ്സിഡി. ഭക്ഷ്യ ഉല്പന്നങ്ങളുടെ സംസ്കരണ സ്ഥാപനങ്ങൾക്ക് ഈ പദ്ധതി പ്രകാരമുള്ള സഹായം നൽകുന്നു.

<u>ഒരു കുടുംബം ഒരു സംരംഭം പദ്ധതി (OFOE)</u>

2022-23 സർക്കാർ സംരംഭകത്വ വർഷമായി ആചരിക്കുകയാണ്. ഈ വർഷം ഒരു ലക്ഷം സൂക്ഷ്മ/ചെറുകിട/ഇടത്തരം സംരംഭങ്ങളാരംഭിക്കുകയാണ്

ലക്ഷ്യം. അതിന്റെ ഭാഗമായി നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് ഒരു കുടുംബം ഒരു സംരംഭം പദ്ധതി. ഈ പദ്ധതിയുടെ 50 ശതമാനം ഗുണഭോക്താക്കളും വനിതാ സംരംഭകരായിരിക്കും. ടി പദ്ധതിയിൽ ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4 ശതമാനം ൽ അധികരിച്ചിട്ടുള്ള പലിശയിൽ 6 ശതമാനം വരെ ഇളവ് ധനസഹായമായി സർക്കാർ നൽകുന്നു.

മടിക്കൈ വ്യവസായ പാർക്ക്: മടിക്കൈ-പുതുക്കൈ വില്ലേജുകളിലായി 88 ഏക്കറിൽ വ്യവസായ പാർക്ക് സ്ഥാപിച്ച് അപേക്ഷകർക്ക് ഭൂമി നൽകുന്നതിനുള്ള പദ്ധതിയാണിത്.

(ബി) ഓരോ പദ്ധതിയുടെയും പുരോഗതി വ്യക്തമാക്കാമോ?

വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന പ്രധാനപ്പെട്ട സാമ്പത്തിക സഹായ പദ്ധതിയാണ് സംരംഭക സഹായ പദ്ധതി. പ്രസ്തുത പദ്ധതി പ്രകാരം 2016 മുതൽ 134 യൂണിറ്റുകൾക്കായി 1,42,30,354/- രൂപയുടെ സബ്സിഡി അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതിപ്രകാരം 104 യൂണിറ്റുകൾക്കായി 2,41,15,199/- രൂപയുടെ സബ്സിഡിയും നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതിപ്രകാരം 26 യൂണിറ്റുകൾക്കായി 70,96,010/- രൂപയുടെ സബ്സിഡിയും അനുവദിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച മറ്റുപദ്ധതികളിൽ ലഭിച്ച

അപേക്ഷകളിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. മടിക്കൈ - പുതുക്കൈ വില്ലേജുകളിലായി 88 ഏക്കറിൽ വ്യവസായ പാർക്ക് സ്ഥാപിച്ച് അപേക്ഷകർക്ക് ഭൂമി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കാഞ്ഞങ്ങാട് മണ്ഡലത്തിൽ എത്ര ചെറുകിട സംരംഭകർക്ക് വ്യവസായ വകുപ്പ് സഹായങ്ങളും അനുമതിയും നൽകിയെന്ന് വിശദമാക്കാമോ?

2016 മുതൽ കാഞ്ഞങ്ങാട് മണ്ഡലത്തിൽ 264 ചെറുകിട സംരംഭകർക്ക് വ്യവസായ വകുപ്പ് ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ KSWIFT വഴി 20 സംരംഭകർക്ക് വ്യവസായ അനുമതിയും നൽകിയിട്ടുണ്ട്. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ 199 ചെറുകിട സംരംഭകർക്ക് അനുമതി നൽകിയിട്ടുണ്ട്.

## ഖാദിഗ്രാമ വ്യവസായ ബോർഡിന്റെ ഉല്പാദന കേന്ദ്രങ്ങളുടെ ആധുനികവൽക്കരണം

158(2508) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ ഉല്പാദനകേന്ദ്രത്തിൽ എത്ര തൊഴിലാളികൾ ജോലി ചെയ്തുവരുന്നുണ്ടെന്ന് അറിയിക്കാമോ?

കുന്നത്തുനാട് മണ്ഡലത്തിൽ ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ പതിനൊന്ന് ഉല്പാദന കേന്ദ്രങ്ങളിലായി 138 തൊഴിലാളികൾ ജോലി ചെയ്തുവരുന്നു.

(ബി) പ്രസ്തുത ഉല്പാദന കേന്ദ്രങ്ങളുടെ ആധുനികവൽക്കരണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഖാദി ഉല്പാദനകേന്ദ്രങ്ങളുടെ ആധുനികവൽക്കരണത്തിനുവേണ്ടി ഐ.ഐ.റ്റി., ചെന്നൈ മാസ്റ്റർപ്ലാൻ തയ്യാറാക്കിവരുന്നു.

(സി) 2022-23-ലെ പദ്ധതിയിലുൾപ്പെടുത്തിയിരുന്ന കിഴക്കമ്പലത്തെ സ്റ്റാർച്ച് യൂണിറ്റ്, റെഡിമെയ്ഡ് ഗാർമെന്റ്സ് യൂണിറ്റ് എന്നിവയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

കിഴക്കമ്പലം ഗ്രാമ വ്യവസായ യൂണിറ്റിൽ അനുവദിച്ച സ്റ്റാർച്ച് യൂണിറ്റ്, റെഡിമെയ്ഡ് ഗാർമെന്റ്സ് യൂണിറ്റ് എന്നിവയുടെ പ്രവർത്തനം നിലവിൽ ആരംഭിച്ചിട്ടില്ല.

## വ്യവസായിക നിക്ഷേപം

159(2509) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 കാലം മുതൽ നാളിതുവരെ സംസ്ഥാനത്തേയ്ക്ക് വ്യാവസായിക നിക്ഷേപമാകർഷിക്കുന്നതിനായി മുഖ്യമന്ത്രിയും മന്ത്രിമാരും ഉന്നതഉദ്യോഗസ്ഥരുമുൾപ്പെടെയുള്ളവർ നടത്തിയ വിദേശയാത്രകളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഓരോ യാത്രയിലും നേടിയെടുത്ത/പ്രഖ്യാപിച്ച പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോ പദ്ധതിയിലും നാളിതുവരെ എന്തൊക്കെ പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ടെന്നും ഓരോ പദ്ധതിയിലും നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ?

(എ&ബി)

1. 2019-ൽ ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വ്യവസായ വകുപ്പുമന്ത്രി ഉൾപ്പെട്ട സംഘം ജപ്പാൻ, കൊറിയ എന്നീ രാജ്യങ്ങൾ സന്ദർശിച്ചതിനെത്തുടർന്ന് നാളിതുവരെ ഏകദേശം 305 കോടി രൂപയുടെ നിക്ഷേപ നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതിൽ ടെറുമോ പെൻപോളിന്റെ ഏകദേശം 140 കോടി രൂപയുടെ നിക്ഷേപം വന്നുകഴിഞ്ഞു. നിറ്റാ ജലാറ്റിൻ കമ്പനിയുടെ നിക്ഷേപത്തിന്റെ കാര്യത്തിൽ ഡി.പി.ആർ. തയ്യാറാക്കി തുടർനടപടികൾ നടന്നുവരുന്നു.

2. 2021 ഒക്ടോബർ 1 മുതൽ 2022 മാർച്ച് 31 വരെ ദുബായിൽ നടന്ന 'ദുബായ് വേൾഡ് എക്സ്പോ 2020' ൽ ഇന്ത്യ പവലിയന്റെ ഭാഗമായി 'കേരള വീക്ക്' 2022 ഫെബ്രുവരി 4 മുതൽ 10 വരെ നടത്തപ്പെടുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വ്യവസായ വകുപ്പ്, നോർക്ക, ടൂറിസം, സ്റ്റാർട്ടപ്പ് മിഷൻ, കേസ് (KASE), ഒഡെപെക് (ODEPC) എന്നീ വകുപ്പുകളുടെയും ഏജൻസികളുടെയും ഉദ്യോഗസ്ഥർ സംരംഭകരുമായി വിവിധതലത്തിലുള്ള കൂടിക്കാഴ്ചകളും ആശയവിനിമയങ്ങളും നടത്തിയിരുന്നു. ദുബായ് സന്ദർശനത്തിന്റെ ഫലമായി ഇതിനകം 170 കോടി രൂപയുടെ നിക്ഷേപം ലഭിച്ചിട്ടുണ്ട്. (വിശദാംശങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.+)

3. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 03-10-2022 മുതൽ 12-10-2022 വരെ യു.കെ., നോർവേ തുടങ്ങിയ രാജ്യങ്ങളിലെ സന്ദർശനത്തെ തുടർന്ന് നിരവധി നിക്ഷേപ നിർദ്ദേശങ്ങളുണ്ടാവുകയും ധാരണാപത്രങ്ങൾ ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. സന്ദർശന ഫലമായി ഉരുത്തിരിഞ്ഞ നിക്ഷേപ സാധ്യതകൾ സംബന്ധിച്ച തുടർചർച്ചകൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂർത്തീകരിക്കുന്നതനുസരിച്ച് മാത്രമേ ഇതുസംബന്ധിക്കുന്ന വിവരങ്ങൾ വ്യക്തമാകുകയുള്ളൂ.

## ഇ-കാർട്ട് റിക്ഷകളുടെ വിപണനം

160(2510) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി കേരള ഓട്ടോമൊബൈൽ ലിമിറ്റഡ് നിർമ്മിക്കുന്ന ഇ-കാർട്ട് റിക്ഷകളുടെ വിപണനമാരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ആരംഭിച്ചിട്ടുണ്ട്. നിലവിൽ മാന്നാർ ഗ്രാമപഞ്ചായത്ത്, മാരാരിക്കുളം സൗത്ത് ഗ്രാമപഞ്ചായത്ത്, നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്, കുഴൂർ ഗ്രാമപഞ്ചായത്ത്, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ, തവനൂർ ഗ്രാമപഞ്ചായത്ത്, ഫറോക്ക് മുനിസിപ്പാലിറ്റി എന്നിവർക്ക് ഇ-കാർട്ട് റിക്ഷകൾ വില്പന നടത്തിയിട്ടുണ്ട്.

(ബി) ഇ-കാർട്ട് റിക്ഷകൾ ബുക്ക് ചെയ്യുന്നതിന് പ്രത്യേക സംവിധാനമേർപ്പെടുത്തിയിട്ടുണ്ടോ; വനിതകൾക്ക് പ്രസ്തുത ഇലക്ട്രിക്

വാഹനം നൽകുന്നതിന് മുൻഗണന നൽകുമോ; ഇത്തരം വാഹനങ്ങൾക്ക് സബ്സിഡി നൽകുന്നുണ്ടോ; വ്യക്തമാക്കാമോ?

ഇ-കാർട്ട് റിക്ഷകൾ നേരിട്ടോ ഡീലർമാർ മുഖേനയോ GeM പോർട്ടൽ മുഖേനയോ വാങ്ങുന്നതിനുള്ള സംവിധാനമൊരുക്കിയിട്ടുണ്ട്. വനിതകൾക്ക് പ്രസ്തുത ഇലക്ട്രിക് വാഹനം നൽകുന്നതിന് മുൻഗണന നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. സർക്കാർ വകുപ്പുകൾക്ക് സബ്സിഡി ലഭ്യമല്ലെങ്കിലും വ്യക്തിഗത ഉപയോഗത്തിനായി വാങ്ങുന്ന ഉപഭോക്താക്കൾക്ക് സബ്സിഡി ലഭ്യമാണ്.

(സി) കേരള ഓട്ടോമൊബൈൽ ലിമിറ്റഡ് വഴി കഴിഞ്ഞ സാമ്പത്തികവർഷം എത്ര ഇലക്ട്രിക് വാഹനങ്ങളുടെ വില്പന നടന്നുവെന്ന് വ്യക്തമാക്കാമോ?

2021-22 സാമ്പത്തികവർഷത്തിൽ കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് 88 ഇലക്ട്രിക് വാഹനങ്ങൾ വില്പന നടത്തിയിട്ടുണ്ട്.

(ഡി) ഇലക്ട്രിക് വാഹനങ്ങൾ ഓൺലൈനായി ബുക്ക് ചെയ്യുന്നതിന് മൊബൈൽ ആപ്പ് ഉൾപ്പെടെയുള്ള സംവിധാനങ്ങളേർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

നിലവിൽ മൊബൈൽ ആപ്പ് സംവിധാനമേർപ്പെടുത്തിയിട്ടില്ല. ഓൺലൈൻ മുഖേന ബുക്ക് ചെയ്യുന്നതിനുള്ള സംവിധാനം നടപ്പിലാക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

**സംരംഭകർക്കുള്ള സാമ്പത്തിക സഹായപദ്ധതികൾ**

161(2511) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യാവസായികമേഖലയ്ക്ക് ഉത്തേജനം നൽകുന്നതിന്റെ ഭാഗമായി സംരംഭകർക്കും പുതുസംരംഭകർക്കും എന്തൊക്കെ സാമ്പത്തിക സഹായപദ്ധതികളാണ് വ്യവസായ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്നത്; വിശദാംശം നൽകാമോ?

1. പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്കീം: 02-04-2022-ലെ GO(Ms)No.31/2022/ID ഉത്തരവുപ്രകാരം നിലവിൽ വന്ന പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്കീം-2022 പ്രകാരം സ്വകാര്യ വ്യാവസായിക എസ്റ്റേറ്റിലെ റോഡുകൾ, വൈദ്യുതി, ജലവിതരണം എന്നിവ വികസിപ്പിക്കുന്നതിന് ഡെവലപ്പർക്ക് സർക്കാർ ധനസഹായം നൽകുന്നതാണ്.

2. <u>കരകൗശല തൊഴിലാളികൾക്ക് സഹായം (ആശ)</u>: കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് സൂക്ഷ്മ സംരംഭങ്ങളാരംഭിക്കുന്നതിന് കരകൗശല മേഖലയിൽ വിപുലമായ പിന്തുണ നൽകാനും സ്ത്രീ സംരംഭകരുൾപ്പെടുന്ന പ്രത്യേക വിഭാഗങ്ങൾക്ക് ബാങ്കുമായി ബന്ധിപ്പിച്ച പദ്ധതികളിൽ ഉചിതമായ ഒറ്റത്തവണ സഹായം നൽകാനും പദ്ധതി ലക്ഷ്യമിടുന്നു.

3. <u>നൈപുണ്യ സംഘങ്ങൾ</u>: കേരളത്തിൽ അസംഘടിത മേഖലയിൽ പണിയെടുക്കുന്ന വിദഗ്ധ തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിലവസരങ്ങൾ നേടിക്കൊടുക്കുക. അവിദഗ്ധ തൊഴിലാളികളെ നൈപുണ്യ വികസന പരിശീലനത്തിലൂടെ ബന്ധപ്പെട്ട മേഖലയിലെ വിദഗ്ധരാക്കി മാറ്റുക, തൊഴിലാളികൾക്കാവശ്യമുള്ള തൊഴിലുപകരണങ്ങൾ ലഭ്യമാക്കുക, സമൂഹത്തിന് മികച്ച തൊഴിൽ സൗഹൃദാന്തരീക്ഷം ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെ സംസ്ഥാനത്തെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും ഭൗമാതിർത്തിയിൽ ഒന്നോ അതിലധികമോ വ്യവസായ സഹകരണസംഘങ്ങൾ രൂപീകരിക്കുന്നതിന് കേരള സർക്കാർ ലക്ഷ്യമിടുന്നു.

4. <u>സ്റ്റേറ്റ് സ്പോൺസേർഡ് ക്ലസ്റ്റർ ഡെവലപ്മെന്റ്പ്രോഗ്രാം (SS-CDP):</u> എം.എസ്.എം.ഇ. ക്ലസ്റ്ററുകൾക്കായി കോമൺ ഫെസിലിറ്റി സെന്ററുകൾ (CFC) സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയാണ്.

5. <u>എംഎസ്എംഇ- കളുടെ കയറ്റുമതി പ്രോത്സാഹന പദ്ധതി</u>: സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള സംരംഭങ്ങൾക്ക് കയറ്റുമതിയാരംഭിക്കുന്നതിന് പ്രോത്സാഹനങ്ങൾ നൽകുന്നതിനുമുള്ള പ്രത്യേക പദ്ധതി.

6. <u>സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ പ്രാദേശിക വിപണി വികസിപ്പിക്കുന്നതിനുള്ള പദ്ധതി</u>: പ്രാദേശിക വിപണികളിൽ ഉല്പന്നങ്ങൾ വിൽക്കുന്ന സംരംഭങ്ങളെ സഹായിക്കാനുള്ള പദ്ധതി.

7. ഗവൺമെന്റ് ഇ-മാർക്കറ്റ് (GeM) പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിനായി സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് സഹായം.

8. <u>സംരംഭക സഹായ പദ്ധതി</u>: വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായപദ്ധതി 2012 മുതൽ നടപ്പിലാക്കിവരുന്നുണ്ട്. പ്രാരംഭസഹായം, നിക്ഷേപസഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നൽകുന്നത്.

9. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി

10. സമ്മർദ്ദമുള്ള (stressed) വ്യവസായങ്ങൾ /പ്രവർത്തനരഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകൾക്കുള്ള സഹായ പദ്ധതികൾ.

മൂലധന ഗ്രാന്റുകളുടെയും പ്രവർത്തന മൂലധന പ്രോത്സാഹനങ്ങളുടെയും സഹായത്തോടെ കശുവണ്ടി സംസ്കരണ യൂണിറ്റുകളുൾപ്പെടെയുള്ള പ്രവർത്തനരഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകളെയും സമ്മർദ്ദമുള്ള (stressed) എം.എസ്.എം.ഇ. യൂണിറ്റുകളെയും പുനരുദ്ധരിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

a. The Kerala stressed MSMEs Revival & Rehabilitation Scheme

b. Revival and rehabilitation scheme for defunct MSMEs and cashew processing units.

11. <u>ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ്</u>: വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് മാർജിൻമണി നൽകിക്കൊണ്ട് അർഹമായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറുസംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

12. <u>മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി</u>: ഉല്പാദനമേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് സാമ്പത്തികസഹായം

നൽകുക, പ്രാരംഭഘട്ടത്തിൽത്തന്നെ ആവശ്യമായ സാമ്പത്തികസഹായം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളാണ് പദ്ധതി വിഭാവന ചെയ്യുന്നത്.

13. <u>ഒരു കുടുംബം, ഒരു സംരംഭം പദ്ധതി</u>: ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ഒരു കുടുംബം ഒരു സംരംഭം പദ്ധതി. ഈ പദ്ധതിയുടെ 50 ശതമാനം ഗുണഭോക്താക്കൾ വനിതാ സംരംഭകരായിരിക്കും.

14. നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽനിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള സഹായം

നിലവിൽ പ്രവർത്തനക്ഷമമായ എം.എസ്.എം. യൂണിറ്റുകൾക്ക് സഹായം നൽകുന്നതിനും നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽനിന്നും ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽനിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള പിന്തുണ നൽകുന്നതിനുമായി പ്രഖ്യാപിച്ച പദ്ധതിയാണിത്.

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം സംസ്ഥാനത്ത് എത്രപേർക്ക്, എത്രലക്ഷം രൂപയുടെ സാമ്പത്തികസഹായം നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

(ബി&സി) പ്രസ്തുത പദ്ധതികൾപ്രകാരം സംസ്ഥാനത്ത് നൽകിയ സാമ്പത്തികസഹായം സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

1. പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്കീം: പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്കീം പ്രകാരം 8 അപേക്ഷകൾക്കാണ് ഡെവലപ്പർ പെർമിറ്റിന് അംഗീകാരം ലഭിച്ചത്. അടിസ്ഥാനസൗകര്യ വികസനം പൂർത്തിയാക്കുന്നമുറയ്ക്ക് റീ-ഇംബേഴ്സായി മാത്രമേ ധനസഹായം നൽകാൻ കഴിയുകയുള്ളൂ. അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ ഒരു പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റും പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ ധനസഹായം നൽകാൻ കഴിഞ്ഞിട്ടില്ല.

2. കരകൗശല തൊഴിലാളികൾക്ക് സഹായം (ആശ): സംസ്ഥാനത്ത് ആശാ പദ്ധതിപ്രകാരം 2021-22 വർഷത്തിൽ 25 യൂണിറ്റുകൾക്കായി 15.0751 ലക്ഷം രൂപയും 2022-23 വർഷത്തിൽ 10 യൂണിറ്റുകൾക്കായി 9.84 ലക്ഷം രൂപയും സാമ്പത്തികസഹായം നൽകിയിട്ടുണ്ട്.

3. നൈപുണ്യ സംഘങ്ങൾ: സംസ്ഥാനത്ത് നൈപുണ്യ പദ്ധതി പ്രകാരം 2021-22 വർഷത്തിൽ 2 സംഘങ്ങൾക്കായി 2.61 ലക്ഷം രൂപയും

2022-23 വർഷത്തിൽ 2 സംഘങ്ങൾക്കായി 4 ലക്ഷം രൂപയും സാമ്പത്തികസഹായം നൽകിയിട്ടുണ്ട്. സ്റ്റേറ്റ് സ്‌പോൺസേർഡ് ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം (SS-CDP), എം.എസ്.എം.ഇ.-കളുടെ കയറ്റുമതി പ്രോത്സാഹന പദ്ധതി, സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ പ്രാദേശിക വിപണി വികസിപ്പിക്കുന്നതിനുള്ള പദ്ധതി, ഗവൺമെന്റ് ഇ-മാർക്കറ്റ് (GeM) പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിനായി സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് സഹായം, മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായപദ്ധതി, ഒരു കുടുംബം ഒരു സംരംഭം പദ്ധതി, നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ സൂക്ഷ്മസംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽനിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള സഹായം എന്നീ പദ്ധതികൾക്ക് ഈ വർഷം ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതികൾ നടപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. നിലവിൽ ഈ പദ്ധതികൾ വഴി ആർക്കും സാമ്പത്തികസഹായം നൽകിയിട്ടില്ല. മറ്റ് പദ്ധതികളുടെ വിവരങ്ങൾ താഴെച്ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | നാളിതുവരെ ചെലവഴിച്ച തുക (ലക്ഷത്തിൽ) | സാമ്പത്തിക സഹായം ലഭിച്ചവരുടെ എണ്ണം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | സംരംഭക സഹായ പദ്ധതി (ഇ.എസ്.എസ്.) | 44747.09 | 9710 |
| 2 | ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണി ഗ്രാന്റ് | 2729.23 | 1000 |
| 3 | നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള പലിശ സബ്സിഡി പദ്ധതി | 106.7 | 720 |
| 4 | റിവൈവൽ ആൻഡ് റീ ഹാബിലിറ്റേഷൻ ഓഫ് ഡിഫൻക്റ്റ് എം.എസ്.എം.ഇ ആൻഡ് കാഷ്യൂ പ്രോസസിംഗ് യൂണിറ്റ് | 119.89 | 31 |
| 5 | പീഡിതവ്യവസായ പുനരുദ്ധാരണ പദ്ധതികൾ<br>1. കേരള സ്റ്റ്രെസ്ഡ് എം.എസ്.എം.ഇ റിവൈവൽ ആൻഡ് റീ ഹാഹിലിറ്റേഷൻ സ്കീം.<br>2. വ്യവസായ ഭദ്രത (ഇന്ററസ്റ്റ് സബ് വെൻഷൻ ടേം ലോൺ ആൻഡ് വർക്കിംഗ് ക്യാപിറ്റൽ ലോൺ) | 549.2 | 2699 |

## ഡിജിറ്റൽ സർവേ

162(2512) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പ്രവർത്തിക്കുന്ന സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്ന ഡിജിറ്റൽ സർവേ സംസ്ഥാനത്ത് എന്നാണ് ആരംഭിച്ചത്?

സാങ്കേതിക സഹായത്തോടെ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വികസിപ്പിച്ച 'വ്യവസായ ജാലകം' എന്ന സംവിധാനത്തിലൂടെ സംരംഭങ്ങളുടെ ഡിജിറ്റൽ സർവ്വേ 2017-ൽ ആരംഭിച്ചിരുന്നു. പ്രസ്തുത

സോഫ്റ്റ്‌വെയർ പരിഷ്കരിക്കുകയും ഇതിനകം സർവേ നടത്തിയ യൂണിറ്റുകളുടെ നിലവിലെ സ്ഥിതി പരിശോധിച്ച് വിട്ടുപോയ യൂണിറ്റുകളെയുൾപ്പെടുത്താനുള്ള രണ്ടാംഘട്ട സർവേ 2022 നവംബർ 24 മുതൽ ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സർവ്വെയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ?

സംസ്ഥാനത്ത് ഉല്പാദന, സേവന മേഖലയിൽ പ്രവർത്തിക്കുന്ന സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ എണ്ണം, ഉല്പാദനക്ഷമത, നിക്ഷേപം, തൊഴിലാളികളുടെ എണ്ണം, വായ്പാലഭ്യത തുടങ്ങിയ വിവരങ്ങൾ ശേഖരിച്ച് ഒരു ഡാറ്റാബേസ് തയ്യാറാക്കുകയെന്നതാണ് ഡിജിറ്റൽ സർവേയുടെ പ്രധാനലക്ഷ്യം. പ്രസ്തുത ഡാറ്റാ വിശകലനം ചെയ്ത് അതിലൂടെ ഓരോ മേഖലയ്ക്കും അനുയോജ്യമായ പദ്ധതികളും നയവും രൂപപ്പെടുത്താൻ സാധിക്കും. ഓരോ യൂണിറ്റിന്റെയും ഭൗമസ്ഥാനം കൂടി ശേഖരിക്കുന്നതിനാൽ സമാന സംരംഭങ്ങളുടെ ക്ലസ്റ്റർ മാതൃക വികസിപ്പിക്കാനും ആവശ്യമെങ്കിൽ കഴിയുന്നതാണ്. ഓരോ മേഖലയ്ക്കുമാവശ്യമായ പ്രത്യേക പാക്കേജുകൾ തയ്യാറാക്കാനും പ്രസ്തുത ഡാറ്റ ഉപയോഗപ്പെടുത്താം.

**വ്യവസായമേളകളുടെ നടത്തിപ്പ്**

163(2513) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജനുവരി ഒന്ന് മുതൽ 2023 ജനുവരി ഒന്ന് വരെ സംസ്ഥാന തലത്തിൽ എത്ര മെഗാ വ്യവസായമേളകൾ നടത്തിയെന്ന് വിശദമാക്കാമോ?

2021 ജനുവരി ഒന്ന് മുതൽ 2023 ജനുവരി ഒന്ന് വരെ വ്യവസായ വാണിജ്യ വകുപ്പുമുഖേന സംഘടിപ്പിച്ച വ്യവസായ മേളകൾ താഴെപ്പറയുന്നവയാണ്.

| നം | മേളകൾ | തീയതി |
|---|---|---|
| 1 | കേരള ബാംബൂ ഫെസ്റ്റ് 2021 | 2021 ഡിസംബർ 19 മുതൽ 23 വരെ |
| 2 | കേരള ബിസിനസ്സ് ടു ബിസിനസ്സ് മീറ്റ് (വ്യാപാർ) 2022 | 2022 ജൂൺ 16 മുതൽ 18 വരെ |
| 3 | മലബാർ ക്രാഫ്റ്റ്സ് മേള 2022 | 2022 ഒക്ടോബർ 2 മുതൽ 16 വരെ |
| 4 | കേരള ബാംബൂ ഫെസ്റ്റ് 2022 | 2022 നവംബർ 27 മുതൽ ഡിസംബർ 4 വരെ |
| 5 | മെഷിനറി എക്സ്പോ | 2022 ജനുവരി 24 മുതൽ 27 വരെ |
| 6 | കേരള അഗ്രോ ആൻഡ് ഫുഡ് പ്രോ 2021 | 2021 ഡിസംബർ 17 മുതൽ 20 വരെ |

(ബി) വ്യവസായമേളകൾ നടത്തുവാനായി ഏതൊക്കെ ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; വ്യക്തമാക്കാമോ?

വ്യവസായമേളകൾ നടത്തുന്നതിനായി വ്യവസായ വാണിജ്യ വകുപ്പ് കെ-ബിപ്പ്-നെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

(സി) പ്രസ്തുത ഏജൻസികൾ വ്യവസായമേളകൾ നടത്തുവാൻ നാളിതുവരെ എത്ര തുക അഡ്വാൻസായി കൈപ്പറ്റിയിട്ടുണ്ട്; വിശദമാക്കാമോ?

വ്യവസായമേളകൾ സംഘടിപ്പിക്കുന്നതിനായി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷന് അനുവദിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നം | മേളകൾ | അനുവദിച്ച തുക | വർഷം |
|---|---|---|---|
| 1 | കേരള ബാംബൂ ഫെസ്റ്റ് 2021 | 60,00,000/- | 2021-22 |
| 2 | കേരള ബിസിനസ്സ് ടു ബിസിനസ്സ് മീറ്റ് (വ്യാപാർ) 2022 | 2,10,00,000/- | |
| 3 | മലബാർ ക്രാഫ്റ്റ്സ് മേള 2022 | 1,70,00,000/- | |
| 4 | കേരള ബാംബൂ ഫെസ്റ്റ് 2022 | 75,00,000/- | 2022-23 |

(ഡി) പ്രസ്തുത ഏജൻസികൾ കൈപ്പറ്റിയിട്ടുള്ള എത്ര അഡ്വാൻസ് തുക ഇതുവരെ ക്രമീകരിച്ചില്ലെന്നും അത് എന്തുകൊണ്ടാണെന്നും വിശദമാക്കാമോ?

വ്യവസായമേളകൾ സംഘടിപ്പിക്കുന്നതിനായി സർക്കാരിൽനിന്നും കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷന് അനുവദിച്ചിട്ടുള്ള മുഴുവൻ തുകകളും ചെലവഴിച്ചിട്ടുണ്ട്.

(ഇ) അഡ്വാൻസ് തുക ക്രമപ്പെടുത്താത്ത ഏജൻസികൾക്ക് വീണ്ടും മറ്റ് പ്രോജക്ടുകൾക്കായി അഡ്വാൻസ് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

നൽകിയിട്ടില്ല.

**ഗ്യാരന്റി കമ്മീഷൻ ഇനത്തിൽ സർക്കാരിന് ലഭിക്കാനുള്ള തുക**

164(2514) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്യാരന്റി കമ്മീഷൻ ഇനത്തിൽ സർക്കാരിന് എത്ര തുകയാണ് ലഭിക്കാനുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളാണ് സർക്കാരിന് തുക നൽകേണ്ടത്; വ്യക്തമാക്കാമോ?

(എ&ബി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ നിലവിൽ സർക്കാർ ഗ്യാരന്റി ഉപയോഗിച്ചുവരുന്ന സ്ഥാപനങ്ങളിൽനിന്നും ഗ്യാരന്റി കമ്മീഷൻ ഇനത്തിൽ 546.57 ലക്ഷം രൂപയാണ് സർക്കാരിന് ലഭിക്കാനുള്ളത്. ഓരോ സാമ്പത്തികവർഷവും പൊതുമേഖലാസ്ഥാപനങ്ങൾ രണ്ട് ഗഡുക്കളായിട്ടാണ് ഗ്യാരന്റി കമ്മീഷൻ

അടച്ചുവരുന്നത്. സർക്കാരിന് ഗ്യാരന്റി നൽകേണ്ടുന്ന പൊതുമേഖലാ സ്ഥാപനങ്ങളെപ്പറ്റിയുള്ള വിവരം അനുബന്ധമായി ചേർക്കുന്നു+.

(സി) കൃത്യമായി തുക അടയ്ക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകുന്നതിന് ആലോചനയുണ്ടോ?

നിലവിൽ സർക്കാർ പരിഗണനയിലില്ല.

## പാറ ഖനനത്തിനുള്ള റോയൽറ്റി

165(2515) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാറ ഖനനം ചെയ്യുന്നതിനുള്ള റോയൽറ്റി നിലവിൽ എത്ര രൂപയാണ്; ഇത് അവസാനമായി പരിഷ്കരിച്ചതെന്നാണ്; വ്യക്തമാക്കുമോ?

പാറയുടെ നിലവിലെ റോയൽറ്റി മെട്രിക് ടണ്ണിന് 24 രൂപയാണ്. ഇത് അവസാനമായി വർദ്ധിപ്പിച്ചത് 2015-ലാണ്.

(ബി) 1957-ലെ കേന്ദ്ര ഖനന ചട്ടം വകുപ്പ് 9(3) പ്രകാരം ഒരു ധാതുവിന്റെ റോയൽറ്റി മൂന്നുവർഷത്തിനുള്ളിൽ ഒരു പ്രാവശ്യമെന്ന രീതിയിൽ പുതുക്കി നിശ്ചയിക്കാൻ സാധിക്കുമോ; വ്യക്തമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേന്ദ്ര ഖനന ചട്ടമായ MMD&R Act 1957 ചട്ടം 9(3) പ്രകാരം ഒരു ധാതുവിന്റെ റോയൽറ്റി മൂന്ന് വർഷത്തിനുള്ളിൽ ഒരു പ്രാവശ്യമെന്ന രീതിയിൽ പുതുക്കി നിശ്ചയിക്കാവുന്നതാണ്. റോയൽറ്റി പുതുക്കി എത്ര വർഷമായെന്നതും നിലവിലെ മാർക്കറ്റ് വാല്യൂവിന്റെ വിവരങ്ങളും സർക്കാർ തലത്തിലും മറ്റ് ഉദ്യോഗസ്ഥതലത്തിലും നടത്തുന്ന ചർച്ചകളുടെയും അടിസ്ഥാനത്തിലുമാണ് സാധാരണയായി റോയൽറ്റി നിരക്ക് പുതുക്കി നിശ്ചയിക്കാറുള്ളത്.

(സി) സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ പാറ ഖനനത്തിനുള്ള റോയൽറ്റി ഉയർത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാന ബജറ്റ് പ്രഖ്യാപനത്തിൽ റോയൽറ്റി തുക വർദ്ധിപ്പിക്കുന്നതായി പരാമർശിച്ചിട്ടുണ്ട്. പാറ ഖനനത്തിനുള്ള റോയൽറ്റി ഉയർത്തുന്നതുൾപ്പെടെയുള്ള ഭേദഗതികൾ 2015-ലെ K.M.M.C ചട്ടങ്ങളിൽ വരുത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ സജീവപരിഗണനയിലാണ്.

**മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ ഓൺലൈൻ സംവിധാനം**

166(2516) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് മുഖേനയുള്ള എല്ലാ സേവനങ്ങൾക്കും ഓൺലൈൻ സംവിധാനമേർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ജനങ്ങൾക്ക് സീനിയോറിറ്റി പ്രകാരം സേവനങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സേവനാവകാശ നിയമപ്രകാരം പൊതുജനങ്ങൾക്കായി മൈനിങ് & ജിയോളജി വകുപ്പ് നൽകിവരുന്ന സേവനങ്ങൾ ഓൺലൈനായി ലഭ്യമാകുന്നതിനുള്ള സംവിധാനം വകുപ്പിന്റെ e-Governance സംരംഭമായ KOMPAS portal-ൽ ഒരുക്കിയിട്ടുണ്ട്. KOMPAS portal https://portal.dmg.kerala.gov.in എന്ന url ലൂടെയോ മൈനിങ് & ജിയോളജി വകുപ്പിന്റെ website (www.dmg.kerala.gov.in), dashboard (https://dashboard.kerala.gov.in) എന്നിവയിലൂടെയോ access ചെയ്യാവുന്നതാണ്. എന്നാൽ മൈനിങ് & ജിയോളജി വകുപ്പ് നൽകിവരുന്ന എല്ലാ സേവനങ്ങൾക്കും ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള സംവിധാനം നിലവിൽ വന്നിട്ടില്ല. ചെറുകിടധാതുക്കളുടെ

ഖനനാനുമതികളായ ക്വാറിയിംഗ് ലീസ്, ക്വാറിയിംഗ് പെർമിറ്റ് എന്നിവയ്ക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനം മൈനിങ് & ജിയോളജി വകുപ്പിന്റെ e-Governance portal-ൽ ഒരുക്കിയിട്ടുണ്ട്. ധാതുക്കൾ ശേഖരിച്ച് വിപണനം നടത്തുന്നതിനുള്ള ഡീലേഴ്സ് ലൈസൻസ് (Dealer's Licence), മൈനിങ് & ജിയോളജി വകുപ്പിലെ Gem Testing Laboratory, Chemical Laboratory എന്നിവയിൽ നിന്നുമുള്ള Certificate, report-കൾ, കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായ ഭൂവികസന പ്രക്രിയയിലൂടെ ലഭ്യമാകുന്ന സാധാരണ മണ്ണ് ഗതാഗതം ചെയ്യുന്നതിനായി മൈനിങ് & ജിയോളജി വകുപ്പിൽനിന്നും അനുവദിക്കുന്ന പ്രത്യേകാനുമതി എന്നിവ ഓൺലൈനായി ലഭ്യമാക്കുന്നതിനായി NIC തയ്യാറാക്കിയ മോഡ്യൂളുകളുടെ security audit-നുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ക്വാറിയിംഗ് ലീസ്, ക്വാറിയിംഗ് പെർമിറ്റ് എന്നിവയുടെ renewal, Compounding of offences എന്നീ module-കളുടെ software NIC മുഖേന തയ്യാറാക്കുന്നതിനുള്ള നടപടികളാരംഭിച്ചിട്ടുണ്ട്. ഒപ്പം മൈനിങ് & ജിയോജി വകുപ്പിന്റെ ഡയറക്ടറേറ്റിലും ജില്ലാ സ്ക്വാഡ് ആഫീസുകളിലും e-Office സംവിധാനമൊരുക്കിയിട്ടുമുണ്ട്.

(ബി) മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിൽ വിവിധ സേവനങ്ങൾക്കുള്ള അപേക്ഷ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പ് കല്പിക്കാൻ നടപടി സ്വീകരിക്കുമോ?

മൈനിങ് & ജിയോളജി വകുപ്പിൽ വിവിധ സേവനങ്ങൾക്കുള്ള അപേക്ഷ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ബന്ധപ്പെട്ട ജില്ലാ ആഫീസുകളിൽ കൂടുതൽ ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കിക്കൊണ്ട് ആവശ്യമായ സ്ഥലപരിശോധന നടത്തി ഫയൽ അദാലത്തുകൾ സംഘടിപ്പിച്ച് ഫയലുകൾ തീർപ്പാക്കിയിട്ടുണ്ട്. കൂടാതെ ഫയൽ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് കർശനമായ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

## മണ്ണ് നീക്കുന്നതിനുള്ള അനുമതി

167(2517) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ പ്രവൃത്തികൾക്കും വീട് നിർമ്മാണത്തിനും മറ്റുമായി മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അനുമതി യഥാസമയം ലഭിക്കാത്തത്

ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള അനുമതി യഥാസമയം ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് വിവിധ പ്രവൃത്തികൾക്കും വീട് നിർമ്മാണത്തിനും മറ്റുമായി മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിൽ കാലതാമസം കൂടാതെ അനുമതി നൽകുന്നതിനുള്ള നടപടികൾ മൈനിംഗ് & ജിയോളജി വകുപ്പിൽ സ്വീകരിച്ചുവരുന്നുണ്ട്. എന്നാൽ ചില സന്ദർഭങ്ങളിൽ അപേക്ഷകളിലെ അപാകതകൾ കാരണം അനുമതി നൽകുന്നതിന് കാലതാമസം വരുന്നുണ്ട്. ഇത്തരം അപേക്ഷകളിൽ അപേക്ഷകൻ ആയത് പരിഹരിച്ചുവരുന്നമുറയ്ക്ക് അനുമതി നൽകുകയും ചെയ്യുന്നുണ്ട്. 14-12-2022-ലെ സ.ഉ (സാധാ) നം.1292/2022/വ്യവ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപേക്ഷകൾ കൂടുതൽ തീർപ്പാക്കാനുള്ള കൊല്ലം, കണ്ണൂർ, മലപ്പുറം, പത്തനംതിട്ട, പാലക്കാട് എന്നീ ജില്ലകളിൽ ലഭ്യമായ അപേക്ഷകൾ തീർപ്പാക്കുന്നതിനായി സ്പെഷ്യൽ അദാലത്ത് നട<u>ത്തു</u>കയും മലപ്പുറം, കണ്ണൂർ, കൊല്ലം ജില്ലകളിലെ കുടിശ്ശിക അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നതിനായി മൈനിങ് & ജിയോളജി ഡയറക്ടറേറ്റിൽനിന്നും

ഒരോ ജിയോളജിസ്റ്റുമാരുടെ സേവനം താൽക്കാലികമായി വിട്ടുനൽകിയിട്ടുമുണ്ട്.

(ബി) മണ്ണ് നീക്കുന്നതിനും മറ്റുമുള്ള അനുമതിക്കായി അപേക്ഷകർ ദിവസങ്ങളോളം ഓഫീസുകളിൽ കയറിയിറങ്ങി തിരക്ക് സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഓൺലൈനായി അപേക്ഷകൾ സ്വീകരിച്ച് തീർപ്പ് കൽപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

അപേക്ഷകളുടെ ബാഹുല്യം കണക്കിലെടുത്ത് തിരക്ക് ഒഴിവാക്കുന്നതിനായി ബന്ധപ്പെട്ട ജില്ലാ ജിയോളജിസ്റ്റുമാർ ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്താറുണ്ട്. അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ NIC-യുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു.

## കോട്ടൺ ബോർഡ് രൂപീകരണം

168(2518) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടൺ ബോർഡ് പരുത്തി സംഭരണം വൈകാതെ തുടങ്ങുമോയെന്ന് അറിയിക്കാമോ?

തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

(ബി) സ്പിന്നിംഗ് മില്ലുകൾക്ക് കുറഞ്ഞ വിലയ്ക്ക് പരുത്തി ലഭ്യമാക്കുവാൻ വ്യവസായ വകുപ്പ് രൂപം നൽകിയിരിക്കുന്ന കർമ്മപദ്ധതി വിശദമാക്കാമോ?

സംസ്ഥാനത്തെ പൊതു-സഹകരണ മേഖലകളിലെ സ്പിന്നിംഗ് മില്ലുകൾക്കാവശ്യമായ കോട്ടൺ അതിന്റെ വിളവെടുപ്പ് സീസണിൽത്തന്നെ അധിക അളവിൽ വാങ്ങുന്നതുമായി ബന്ധപ്പെട്ട് റിവോൾവിംഗ് ഫണ്ട് ഏർപ്പെടുത്തുന്നതിനും സുഗമമായ നടപടികൾ സ്വീകരിക്കുന്നതിനുമായി വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി ഒരു അഞ്ചംഗ കോട്ടൺ ബോർഡ് രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി എൻ.സി.ഡി.സി. സാമ്പത്തികസഹായം നൽകാമെന്ന് സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്. എൻ.സി.ഡി.സി.-യുടെ വ്യവസ്ഥകൾ സംബന്ധിച്ച് റിയാബിന്റെ അഭിപ്രായത്തോടുകൂടി ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(സി) ഓരോ മില്ലും ആവശ്യമായ പരുത്തി സ്വയം സംഭരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

മില്ലുകൾ സ്വന്തമായി പരുത്തി വാങ്ങുന്ന സംവിധാനമാണ് നിലവിലുള്ളത്. ഈ സംവിധാനം ഫലപ്രദമല്ലാത്തതുകാരണമാണ് കോട്ടൺ

ബോർഡ് എന്ന ആവശ്യത്തെ സംബന്ധിച്ച് സർക്കാർ പരിശോധിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചത്.

(ഡി) കോട്ടൺ ബോർഡ് രൂപീകരണത്തിന്റെ വിശദാംശം നൽകുമോ?

സംസ്ഥാനത്തെ പൊതു-സഹകരണ മേഖലകളിലെ സ്പിന്നിംഗ് മില്ലുകൾക്കാവശ്യമായ കോട്ടൺ അതിന്റെ വിളവെടുപ്പ് സീസണിൽത്തന്നെ അധികയളവിൽ വാങ്ങുന്നതുമായി ബന്ധപ്പെട്ട് റിവോൾവിംഗ് ഫണ്ട് ഏർപ്പെടുത്തുന്നതിനും സുഗമമായ നടപടികൾ സ്വീകരിക്കുന്നതിനുമായി വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി ഒരു അഞ്ചംഗ കോട്ടൺ ബോർഡ് രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ബോർഡിലെ അംഗങ്ങൾ താഴെപ്പറയുന്നവരാണ്.

പ്രിൻസിപ്പൽ സെക്രട്ടറി - ചെയർമാൻ

മെമ്പർ സെക്രട്ടറി, റിയാബ് - ഫണ്ട് മാനേജർ

ഡയറക്ടർ ഓഫ് ഹാന്റ്ലൂം & ടെക്സ്റ്റൈൽസ് - അംഗം

മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ്<br>ടെക്സ്റ്റൈൽ കോർപ്പറേഷൻ- അംഗം

മാനേജിംഗ് ഡയറക്ടർ, ടെക്സ്ഫെഡ് - അംഗം

കോട്ടൺ ബോർഡിന്റെ യോഗങ്ങൾ യഥാസമയം ചേർന്ന് പ്രവർത്തനങ്ങൾ ബോർഡ് വിലയിരുത്തുന്നുണ്ട്.

## എടരിക്കോട് സ്പിന്നിംഗ് മിൽ

169(2519) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ എടരിക്കോട് സ്പിന്നിംഗ് മില്ലിൽനിന്നും വിരമിച്ച ജീവനക്കാർക്ക് ആനുകൂല്യങ്ങൾ ലഭിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എടരിക്കോട് ടെക്സ്റ്റൈൽസിൽനിന്നും വിരമിച്ച 81 തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റിയിനത്തിൽ ആകെ 223.39 ലക്ഷം രൂപ കൊടുത്ത് തീർക്കാനുണ്ട്. മില്ലിന്റെ സാമ്പത്തിക പ്രതിസന്ധിമൂലം പ്രസ്തുത തുക യഥാസമയം നൽകുവാൻ കഴിഞ്ഞിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് റവന്യൂ റിക്കവറി നടപടികളാരംഭിച്ചപ്പോൾ എടരിക്കോട് ടെക്സ്റ്റൈൽസ് ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയും 11 തൊഴിലാളികൾക്ക് കൊടുക്കേണ്ടി വരുന്ന 22.68 ലക്ഷം രൂപ 12 തവണകളായി അടച്ചുതീർക്കാൻ ഉത്തരവാകുകയും ചെയ്തു. ഇതിൽ ആദ്യഗഡുവായ 1.97 ലക്ഷം രൂപ 2023 ഫെബ്രുവരി 01-ാം തീയതി അടച്ചു. വിരമിച്ച 24 തൊഴിലാളികൾ പാലക്കാട് ഡെപ്യൂട്ടി ലേബർ കമ്മീഷണർ മുമ്പാകെ ഗ്രാറ്റുവിറ്റി കേസ് ഫയൽ ചെയ്യുകയും 30 ദിവസത്തിനകം 68.72 ലക്ഷം രൂപ

അടയ്ക്കാൻ മില്ലിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. മില്ലിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതിനനുസരിച്ച് മുൻഗണനാക്രമത്തിൽ വിരമിച്ച ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ കൊടുത്തുതീർക്കുന്നതിന് കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.ടി.സി.) നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത സ്പിന്നിംഗ് മിൽ കൂടുതൽ ലാഭകരമാക്കുന്നതിനും തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ലഭ്യമാക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

മില്ലിന്റെ പൂർണ്ണതോതിലുള്ള ആധുനികവൽക്കരണത്തിലൂടെ പരമാവധി യന്ത്രവൽക്കരണം നടപ്പിലാക്കിയാൽ മാത്രമേ മിൽ ലാഭകരമായി പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. എടരിക്കോട് ടെക്സ്റ്റൈൽസിൽ നൂതനമായ സാങ്കേതികവിദ്യയെ അടിസ്ഥാനപ്പെടുത്തി മാസ്റ്റർപ്ലാൻ തയ്യാറാക്കിവരുന്നു.

## അളഗപ്പ ടെക്സ്റ്റൈൽസ് മിൽ കമ്പനി

170(2520) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിനെത്തുടർന്ന് അടച്ചുപൂട്ടിയ നാഷണൽ ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ കീഴിലുള്ള അളഗപ്പ ടെക്സ്റ്റൈൽസ് മിൽ കമ്പനി തുറന്ന് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ അടിയന്തര ഇടപെടലുകൾ നടത്തുമോ?

കോവിഡ് പശ്ചാത്തലത്തിൽ സംസ്ഥാനത്തെ അടച്ചുപൂട്ടിയ അളഗപ്പ ടെക്സ്റ്റൈൽസുൾപ്പെടെയുള്ള എൻ.ടി.സി. മില്ലുകൾ തുറന്ന് പ്രവർത്തിപ്പിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് വ്യവസായ വകുപ്പുമന്ത്രി ബഹുമാനപ്പെട്ട കേന്ദ്ര ടെക്സ്റ്റൈൽസ് വകുപ്പുമന്ത്രിക്ക് 09-08-2021 ലും 28-06-2022 ലും കത്തുകൾ അയയ്ക്കുകയുണ്ടായി. ഇതിന് നീതി ആയോഗ് ചേർന്ന് തുടർനടപടി സ്വീകരിക്കുമെന്നാണ് കേന്ദ്രമന്ത്രി മറുപടി നൽകിയത്. കൂടാതെ ഇതുമായി ബന്ധപ്പെട്ട ആവശ്യങ്ങളും സാഹചര്യവും വ്യക്തമാക്കി 17-11-2021-ൽ മെമ്മോറാണ്ടം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) എൻ.ടി.സി. ഏറ്റെടുത്തെങ്കിലും പ്രവർത്തനം നിലച്ച ടെക്സ്റ്റൈൽ മില്ലുകൾ പ്രവർത്തിപ്പിക്കുന്നതിന് പ്രസ്തുത കോർപ്പറേഷൻ തയ്യാറില്ലെങ്കിൽ ആയവ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ദേശസാൽക്കരണത്തിനുശേഷം അളഗപ്പ ടെക്സ്റ്റൈൽസ് കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ

ഉടമസ്ഥതയിലായതിനാൽ കേന്ദ്രസർക്കാരിന്റെ അനുമതിയോടെ മാത്രമേ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നടത്തുന്നതിനുള്ള സന്നദ്ധത ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രിയ്ക്കയച്ച കത്തിൽ അറിയിച്ചിരുന്നു.

## നെയ്ത്തുകാർക്ക് നൽകാനുള്ള കുടിശിക

171(2521) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി നിലവിൽ ഏത് ക്ലാസ് വരെയുള്ള കുട്ടികൾക്കാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ?

സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി പ്രകാരം നിലവിൽ സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ ഒന്ന് മുതൽ ഏഴ് വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കും എയ്ഡഡ് സ്കൂളുകളിലെ ഒന്ന് മുതൽ നാല് വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കും 2 ജോഡി വീതം കൈത്തറി സ്കൂൾ യൂണിഫോം തുണി നൽകിവരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി നെയ്ത്തുകാർക്ക് കൂലിയിനത്തിൽ നാളിതുവരെ നൽകാനുള്ള കുടിശിക എത്രയാണെന്നും ഏതുമാസം വരെയുള്ള

കൂലിയാണ് നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ; കുടിശ്ശിക തീർത്ത് കൂലി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിപ്രകാരം നെയ്ത്തുകാർക്ക് 2022 നവംബർ മാസം വരെയുള്ള നെയ്ത്ത് കൂലി വിതരണം ചെയ്തിട്ടുണ്ട്. നവംബറിനുശേഷമുള്ള കൂലി തീർത്ത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഖാദി തൊഴിലാളികളുടെ ക്ഷേമനിധി ആനുകൂല്യങ്ങൾ**

172(2522) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി തൊഴിലാളികളുടെ ക്ഷേമനിധി ആനുകൂല്യങ്ങൾ പരിഷ്കരിക്കുന്നതിനായി ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും ശിപാർശ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ബോർഡ് മുന്നോട്ടുവച്ചിട്ടുള്ള പ്രധാന ആവശ്യങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ?

ഉണ്ട്. 1990-ലെ കേരള ഖാദി തൊഴിലാളി ക്ഷേമനിധി ചട്ടത്തിൽ പറഞ്ഞിട്ടുള്ള തൊഴിലാളികളുടെ ആനുകൂല്യങ്ങൾ പരിഷ്കരിക്കുന്നതിന് ബോർഡിന്റെ ശിപാർശ ലഭ്യമാക്കിയിട്ടുണ്ട്. പ്രധാനമായും

ചികിത്സാസഹായം, വിദ്യാഭ്യാസ സഹായം എന്നീ മേഖലകളിലെ വർദ്ധനയാണ് ശിപാർശയിലുള്ളത്.

(ബി) പ്രസ്തുത ശിപാർശ നടപ്പാക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

തൊഴിലാളികളുടെ ആനുകൂല്യങ്ങൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച ഫയൽ നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്.

**സംസ്ഥാനത്തെ ജിയോ ടെക്സ്റ്റൈൽസ് ഹബ്ബാക്കി മാറ്റാൻ നടപടി**

173(2523) ശ്രീമതി യു. പ്രതിഭ:

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:

ശ്രീ. എം. നൗഷാദ്:

ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരമ്പരാഗത കയർ വ്യവസായ മേഖലയിൽ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ഉല്പന്ന വൈവിധ്യവൽക്കരണത്തിന് ഊന്നൽ നൽകുന്ന എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് അറിയിക്കാമോ?

പരമ്പരാഗത കയറുല്പന്നങ്ങൾക്കുപുറമേ മൂല്യവർദ്ധിത ഉല്പന്നങ്ങളായി കോക്കോ പോട്ട്, കയർപിത്ത് കമ്പോസ്റ്റ്, ഇനോക്കുലേറ്റഡ് പിത്ത് എന്നിവയുടെ ഉല്പാദനം കയർഫെഡ് വഴി നടത്തുന്നുണ്ട്. കയർ ഉല്പന്ന വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡിന്റെ വിവിധ യൂണിറ്റുകളിൽ ആധുനികയന്ത്രങ്ങൾ സ്ഥാപിച്ച് ഗുണമേന്മയുള്ള ഉല്പന്നങ്ങൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് ഉല്പന്ന വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി ചകിരിനാരുകൾ കൊണ്ട് നിർമ്മിക്കുന്ന നൂതന ഉല്പന്നമായ കയർ കമ്പോസിറ്റ് ബോർഡുകൾ വാണിജ്യാടിസ്ഥാനത്തിൽ നിർമ്മിക്കുന്നുണ്ട്. സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള കയർ ഗവേഷണ സ്ഥാപനമായ നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (എൻ.സി.ആർ.എം.ഐ) ചകിരിച്ചോറിൽനിന്നും വികസിപ്പിച്ചെടുത്ത നൂതന പ്രകൃതിദത്ത ഉല്പന്നമാണ് PEAT KOL DOTS. ചകിരിച്ചോറിനെ ഉയർന്ന താപത്തിലും മർദ്ദത്തിലും അതിലെ ജലാംശം പൂർണ്ണമായി നീക്കിയാണ് ഇത് ഉല്പാദിപ്പിക്കുന്നത്. ഉയർന്ന ചൂട് പ്രദാനം ചെയ്യുന്നതിനാൽ ബാർബിക്യൂ, ഗ്രില്ലിംഗ്, സുഗന്ധദ്രവ്യങ്ങൾ പുകയ്ക്കാൻ എന്നിവയ്ക്ക് ഇതുപയോഗിക്കുന്നു.

മറ്റൊരു നൂതന ഉല്പന്നമായ ഇ-കയർ ബാഗുകൾ പ്ലാസ്റ്റിക് ഗ്രോബാഗുകളെക്കാൾ ഗുണമേന്മയുള്ളതാണ്.

(ബി) ഉണക്കത്തൊണ്ടിന്റെയും ചകിരിച്ചോറിന്റെയും മൂല്യവർദ്ധിത ഉല്പന്നങ്ങൾ കയർ വ്യവസായ മേഖലയിൽ വിപ്ലവകരമായ മാറ്റത്തിന് ഇടയാക്കുമെന്ന വസ്തുത കണക്കിലെടുത്ത് ഈ മേഖലയിൽ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ചകിരിച്ചോറും ഉണക്കത്തൊണ്ടിൽ നിന്നുള്ള പൊടിചകിരിയും ഉപയോഗിച്ച് കയർപിത്ത് കമ്പോസിറ്റ് എൻ.സി.ആർ.എം.ഐ. വികസിപ്പിച്ചിട്ടുണ്ട്. ചകിരിച്ചോറും മറ്റ് ജൈവവളങ്ങളും ചേർത്ത് നിർമ്മിക്കുന്ന മൂല്യവർദ്ധിത ഉല്പന്നമായി ' ഫോമിൽഫെർട്ട്' ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് നിർമ്മിച്ച് വില്പന നടത്തുന്നുണ്ട്. കൊക്കോഫെർട്ട്, ഇനോക്കുലേറ്റഡ് പിത്ത് എന്നിവ കയർഫെഡ് വഴി വിപണനം നടത്തുന്നുണ്ട്.

(സി) കയർ കമ്പോസിറ്റുകളും കൃത്രിമ രാസവസ്തുക്കളൊന്നും ഉപയോഗിക്കാതെ നിർമ്മിക്കുന്ന ബോർഡുകളും വലിയ തോതിലുള്ള ഉല്പാദന-വിപണന സാധ്യതയുമുള്ളവയാണെന്നത് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

വിലയിരുത്തിയിട്ടുണ്ട്. ചകിരിനാരുകൾകൊണ്ട് നിർമ്മിക്കുന്ന നൂതന ഉല്പന്നമായ കയർ കമ്പോസിറ്റ് ബോർഡുകൾ നിർമ്മിക്കുന്ന ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്- ന്റെ യൂണിറ്റ് പ്രവർത്തനക്ഷമമായിട്ടുണ്ട്. ടി യൂണിറ്റിൽനിന്നും ആലപ്പുഴ പൈതൃക പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്ന കയർ മ്യൂസിയത്തിലേയ്ക്ക് 18 ലക്ഷത്തോളം രൂപയുടെ കയർ കമ്പോസിറ്റ് ബോർഡുകളും ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള സ്കൂളുകൾക്കും 25 ലക്ഷം രൂപയുടെ ബഞ്ചുകളും ഡെസ്കുകളും നിർമ്മിച്ച് നൽകിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ ജിയോ ടെക്സ്റ്റൈൽസ് ഹബ്ബാക്കി മാറ്റുവാനുള്ള ഇടപെടലുണ്ടാകുമോ; വിശദമാക്കുമോ?

കയർ ഭൂവസ്ത്രത്തിന്റെ ആഭ്യന്തര വിപണനവുമായി ബന്ധപ്പെട്ട് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി കയർ ഭൂവസ്ത്ര വിതരണം കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു. കൂടുതൽ പഞ്ചായത്തുകളിലേയ്ക്ക് കയർ ഭൂവസ്ത്ര വിതരണം വ്യാപിപ്പിക്കുന്നതിനും പ്രകൃതിയോട് ഏറ്റവും ഇണങ്ങുന്ന രീതിയിലുള്ള കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗ സാധ്യതകൾ ത്രിതല പഞ്ചായത്തുകളിലേയ്ക്ക് എത്തിക്കുന്നതിനുമായി കയർവികസന വകുപ്പിന്റെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലെയും പഞ്ചായത്തുകളിൽ ബ്ലോക്ക് അടിസ്ഥാനത്തിൽ സെമിനാറുകൾ സംഘടിപ്പിച്ചു. മഹാത്മാഗാന്ധി ദേശീയ

ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള പ്രവൃത്തികളിൽ മണ്ണൊലിപ്പ് തടയുന്നതിനും പാടശേഖരങ്ങളുടെയും മറ്റും പുറംബണ്ടുകൾ ബലപ്പെടുത്തുന്നതിനും തോട്, നദീസംരക്ഷണത്തിനുമായി കേരളത്തിലെ എല്ലാ ജില്ലകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കേരള സംസ്ഥാന കയർ കോർപ്പറേഷൻ, കയർഫെഡ്, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ വഴി കയർ ഭൂവസ്ത്രം വിതരണം നടത്തി വരുന്നുണ്ട്. കയർ ഭൂവസ്ത്രം ഉപയോഗിച്ച് നദീതടങ്ങൾ സംരക്ഷിക്കുന്നത് വ്യാപകമാക്കുന്നതിനുവേണ്ടി ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിക്കുന്നുണ്ട്. കണ്ണൂർ ജില്ലാപഞ്ചായത്തും മണ്ണ് സംരക്ഷണ വകുപ്പും സംയുക്തമായി നടത്തുന്ന ' നഗര സഞ്ചയ പദ്ധതി' -യുടെ ഭാഗമായി അഞ്ചരക്കണ്ടിപ്പുഴയുടെ തീരം കയർ ഭൂവസ്ത്രമുപയോഗിച്ച് സുസ്ഥിരപ്പെടുത്തുന്നതിനുള്ള 40 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കുന്നതിന് കയർഫെഡ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വടക്ക്-കിഴക്കൻ സംസ്ഥാനങ്ങളുടെ മണ്ണ്-ജല സംരക്ഷണ പ്രവൃത്തികളിൽ കയർ ഭൂവസ്ത്രം ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച് ടി സംസ്ഥാനങ്ങളുടെ ഡൽഹിയിലുള്ള റെസിഡന്റ് കമ്മീഷണർമാരുമായി മൂന്നുതവണ ചർച്ചകൾ നടത്തുകയും തുടർപ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു. ഇതിന്റെ

ഭാഗമായി വടക്ക്-കിഴക്കൻ സംസ്ഥാനങ്ങളിലെ വിവിധ സർക്കാർ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു വിപുലമായ സെമിനാർ 2023 ഏപ്രിൽ മാസത്തിൽ നടത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

## പള്ളിപ്പുറം കയർ വ്യവസായ സഹകരണ സംഘത്തിന്റെ പുനരുദ്ധാരണം

174(2524) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ പള്ളിപ്പുറം കയർ വ്യവസായ സഹകരണസംഘം നമ്പർ 715-ന്റെ പുനരുദ്ധാരണത്തിനായി തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയെന്ന് വ്യക്തമാക്കുമോ?

പള്ളിപ്പുറം കയർ വ്യവസായ സഹകരണ സംഘം നമ്പർ 715-ന് വർക്ക് ഷെഡ്ഡിന്റെ മേൽക്കൂര നവീകരണം, വർക്ക് ഷെഡ് നവീകരണം, ടോയ്‌ലെറ്റ്, ഓഫീസ് കെട്ടിടങ്ങളുടെ നവീകരണം എന്നീ പ്രവൃത്തികൾക്കായി അടിസ്ഥാനസൗകര്യ വികസന പദ്ധതിയിലുൾപ്പെടുത്തി

11,60,000/- രൂപ (പതിനൊന്ന് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) 12-11-2019-ൽ അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

സംഘത്തിന്റെ കെട്ടിടങ്ങളുടെ നവീകരണ പ്രവർത്തനത്തിനായി ഇ-ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് 15-02-2022 മുതൽ നവീകരണ പ്രവർത്തനങ്ങളാരംഭിച്ചിട്ടുണ്ട്.

**കയർ ഭൂവസ്ത്ര നിർമ്മാണം**

175(2525) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ എത്രകോടി രൂപയുടെ കയർ ഭൂവസ്ത്രം ഉല്പാദിപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

2016 മുതൽ നാളിതുവരെ ഉല്പാദിപ്പിക്കപ്പെട്ട 397.36 കോടി രൂപയുടെ കയർ ഭൂവസ്ത്രം കേരള സംസ്ഥാന കയർ കോർപ്പറേഷൻ, കയർഫെഡ്, ഫോംമാറ്റിംഗ്സ്(ഇന്ത്യ) ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ സംഭരിച്ച് വിപണനം നടത്തിയിട്ടുണ്ട്.

(ബി) നദീതട സംരക്ഷണത്തിന് ഇത് വ്യാപകമാക്കാൻ എന്ത് നടപടികളാണ് കയർ വകുപ്പ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കുകീഴിൽ കേരളത്തിലെ എല്ലാ ജില്ലകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കിവരുന്ന മണ്ണ്-ജല സംരക്ഷണ പ്രവൃത്തികളിൽ മണ്ണൊലിപ്പ് തടയുന്നതിനും പാടശേഖരങ്ങളുടെയും മറ്റും പുറംബണ്ടുകൾ ബലപ്പെടുത്തുന്നതിനും തോട് നദീസംരക്ഷണത്തിനുമായി, കയർ പൊതുമേഖലാ സ്ഥാപനങ്ങളായ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ്, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, കയർഫെഡ് എന്നിവ വഴി കയർ ഭൂവസ്ത്രം വിതരണം നടത്തിവരുന്നുണ്ട്. കൂടാതെ കയർ ഭൂവസ്ത്രം ഉപയോഗിച്ച് നദീതടങ്ങൾ സംരക്ഷിക്കുന്നത് വ്യാപകമാക്കുന്നതിനുവേണ്ടി ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിക്കുന്നുണ്ട്. കണ്ണൂർ ജില്ലാ പഞ്ചായത്തും മണ്ണ് സംരക്ഷണ വകുപ്പും സംയുക്തമായി നടത്തുന്ന നഗര സഞ്ചയ പദ്ധതി' -യുടെ ഭാഗമായി അഞ്ചരക്കണ്ടിപ്പുഴയുടെ തീരം കയർ ഭൂവസ്ത്രം ഉപയോഗിച്ച് സുസ്ഥിരപ്പെടുത്തുന്നതിനുള്ള 40 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കുന്നതിന് കയർഫെഡ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കയറുല്പാദനം വർദ്ധിപ്പിക്കാൻ നടപടി

176(2526) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കയർ വ്യവസായ മേഖലയിലെ ഉല്പാദനം വർദ്ധിപ്പിക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കേരളത്തിലെ കയർ വ്യവസായ മേഖലയിലെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും കൂടുതൽ തൊഴിൽദിനങ്ങൾ തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിനും വിദേശ-ആഭ്യന്തര കമ്പോളങ്ങൾ വിപുലപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ കേരള സംസ്ഥാന കയർ കോർപ്പറേഷൻ നടത്തിവരുന്നു. ക്രയവില സ്ഥിരതാ പദ്ധതിപ്രകാരം കേരളത്തിലെ ചെറുകിട കയറുല്പാദകർ സഹകരണ സംഘങ്ങൾ മുഖേന ഉല്പാദിപ്പിച്ച കയറുല്പന്നങ്ങൾ കയർ കോർപ്പറേഷൻ സംഭരിച്ചുവരുന്നു. കയർഫെഡ് മുഖേന സംഭരണം നടത്തിയ ടി ഉല്പന്നങ്ങളെല്ലാം പരമ്പരാഗത കയർ തൊഴിലാളികൾ നിർമ്മിക്കുന്നവയാണ്. കയർ കോർപ്പറേഷന്റെ ബേപ്പൂർ, കണിച്ചുകുളങ്ങര, അടൂർ യൂണിറ്റുകളിൽ സമ്പൂർണ്ണയന്ത്രവൽക്കരണം നടപ്പിലാക്കി ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

നടത്തിവരുന്നു. ഡിഫൈബറിംഗ് യൂണിറ്റുകളും യന്ത്രവൽകൃത കയർപിരി യൂണിറ്റുകൾ തുടങ്ങുന്നതിനുമായി ഓട്ടോമാറ്റിക് സ്പിന്നിങ് മെഷീനുകൾ സഹകരണ സംഘങ്ങൾക്ക് കയർഫെഡ് മുഖേന നൽകിയിട്ടുണ്ട്. ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് കയർ കമ്പോസിറ്റ് ബോർഡുകളുടെ ഉല്പാദനം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതുവഴി കമ്പനിയുടെ ആകെ ഉല്പാദനത്തിൽ വർദ്ധന വരുത്തുവാൻ സാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പരമ്പരാഗത തൊഴിലാളികളെ സംരക്ഷിച്ചുകൊണ്ട് കാലാനുസൃതമായ യന്ത്രവൽക്കരണത്തിലൂടെയും ഉല്പന്ന വൈവിധ്യവൽക്കരണത്തിലൂടെയും കയർ വ്യവസായം നേരിടുന്ന പ്രതിസന്ധി അതിജീവിക്കാൻ പ്രവർത്തനങ്ങൾ തുടർന്നുവരികയാണ്. യന്ത്രവൽക്കരണത്തിന്റെ ഭാഗമായി ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ, ഇ-റാട്ടുകൾ, ഡീഫൈബറിംഗ് മില്ലുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. കയറുല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിലേയ്ക്കായി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി പഞ്ചായത്തുകളിൽ നടപ്പുസാമ്പത്തിക വർഷം നാളിതുവരെ 50.26 ലക്ഷം ചതുരശ്ര മീറ്റർ കയർ ഭൂവസ്ത്രം വിതരണം ചെയ്തിട്ടുണ്ട്. ഉല്പന്ന വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി എൻ.സി.ആർ.എം.ഐ. പരിസ്ഥിതി സൗഹൃദമായ ഇ-കയർ ബാഗുകൾ

രൂപകല്പന ചെയ്ത് ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് വഴി ഉല്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നുണ്ട്.

**പൊതുവിപണിയിൽനിന്നും വൈദ്യുതി വാങ്ങാമെന്ന കേന്ദ്ര നിർദേശം**

177(2527) ശ്രീ. യു. എ. ലത്തീഫ്:

ശ്രീ. പി. ഉബൈദുള്ള:

ശ്രീ. എൻ. ഷംസുദ്ദീൻ:

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻകിട ഉപഭോക്താക്കൾക്ക് പൊതുവിപണിയിൽനിന്നും വൈദ്യുതി വാങ്ങാമെന്ന കേന്ദ്രനിർദേശം വൈദ്യുത ബോർഡിന്റെ പ്രവർത്തനത്തെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) വൻകിട ഉപഭോക്താക്കൾ പുറത്തുനിന്നും വൈദ്യുതി വാങ്ങുന്നത് ക്രോസ്സ് സബ്സിഡി നൽകുന്നതിനെ പ്രതികൂലമായി ബാധിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത നടപടിമൂലം ഗാർഹിക ഉപഭോക്താക്കളുടെ നിരക്ക് വർദ്ധിപ്പിക്കേണ്ടിവരുമോയെന്ന് വിശദമാക്കുമോ?

(എ-സി) വൻകിട ഉപഭോക്താക്കൾക്ക് പൊതുവിപണിയിൽനിന്നും വൈദ്യുതി വാങ്ങാമെന്ന കേന്ദ്രനിർദ്ദേശം സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം നടപ്പിലാകുന്നതോടെ ഗാർഹിക, കാർഷിക ഉപഭോക്താക്കൾ കൂടിയ വില നൽകേണ്ടിവരുമെന്നാണ് കാണുന്നത്. കേന്ദ്ര വൈദ്യുതി മന്ത്രാലയത്തിന്റെ 06-06-2022-ൽ പുറപ്പെടുവിച്ച Electricity (Promoting Renewable Energy through Open Access) പ്രകാരം 100 കിലോവാട്ടോ അതിനുമുകളിൽ കോൺട്രാക്ട് ഡിമാന്റോ അനുവദനീയമായ ലോഡോ ഉള്ള ഒരു ഉപഭോക്താവിന് പൊതുവിപണിയിൽനിന്നും Green Open Access മുഖേന വൈദ്യുതി വാങ്ങാവുന്നതാണ്. എന്നാൽ ക്യാപ്റ്റിവ് ഉപഭോക്താക്കൾക്ക് മേൽപ്പറഞ്ഞ പരിധിക്കുതാഴെയും Green Open Access മുഖേന വൈദ്യുതി എടുക്കാവുന്നതാണ്. നിലവിൽ 1 മെഗാവാട്ടിന് മുകളിൽ കോൺട്രാക്ട് ഡിമാന്റുള്ള ഒരു ഉപഭോക്താവിന് (Captive ഒഴികെ) മാത്രമെ Open access മുഖേന വൈദ്യുതി കൊണ്ടുവരാൻ സാധിക്കുകയുള്ളൂ. എന്നാൽ ഈ പരിധി കുറച്ച് 100 കിലോവാട്ട് ആക്കുമ്പോൾ ധാരാളം ഉപഭോക്താക്കൾ Open access മുഖേന വൈദ്യുതി കൊണ്ടുവരാൻ സാധ്യതയുണ്ട്. 100 കിലോവാട്ടിനുമുകളിൽ സാങ്ഷൻഡ് ലോഡ് / കണക്ടഡ് ലോഡുള്ള ഒരു

ഉപഭോക്താവ് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സബ്സിഡൈസിങ് ഉപഭോക്താവാണ്. ഇങ്ങനെയുള്ള ഉപഭോക്താക്കളിൽനിന്നും ഉയർന്ന താരിഫ് ലഭിക്കുന്നതുകൊണ്ടാണ് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഗാർഹിക, കാർഷിക ഉപഭോക്താക്കൾക്ക് കുറഞ്ഞ താരിഫിൽ വൈദ്യുതി നൽകാൻ കഴിയുന്നത്. എന്നാൽ ഇത്തരം ഉപഭോക്താക്കൾ Open Access സംവിധാനത്തെ ആശ്രയിക്കുന്നത് നിലവിലുള്ള ക്രോസ് സബ്സിഡി ഘടനയെ അസ്ഥിരപ്പെടുത്തും. ഇത് മറ്റ് ഉപഭോക്താക്കളുടെ താരിഫ് വർദ്ധനയ്ക്ക് ഇടയാക്കും.

**ഊർജോല്പാദന പദ്ധതികൾ**

178(2528) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ:</u>

<u>ശ്രീ. എം. രാജഗോപാലൻ:</u>

<u>ശ്രീ. കെ. എം. സച്ചിൻദേവ്:</u>

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണനിലവാരമുള്ള ഊർജം തടസ്സരഹിതമായി താങ്ങാവുന്ന നിരക്കിൽ നൽകുന്നതിന് കെ.എസ്.ഇ.ബി.എൽ. നടത്തിവരുന്ന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമതയോടെ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

ഗുണമേന്മയേറിയ വൈദ്യുതി ഉപഭോക്താക്കൾക്ക് എത്തിച്ച് വൈദ്യുതി വിതരണരംഗം കാര്യക്ഷമമാക്കുന്നതിന് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടപ്പിലാക്കി തുടങ്ങിയ "ദ്യുതി 1 "പദ്ധതിയിലുൾപ്പെടുത്തി എച്ച്.ടി. ലൈൻ/ ഭൂഗർഭ കേബിൾ നിർമ്മാണം, എൽ.ടി.ലൈൻ നിർമ്മാണം, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ/ശേഷി വർദ്ധിപ്പിക്കൽ, ലൈനിന്റെ സ്ഥാപിതശേഷി കൂട്ടുന്ന പ്രവൃത്തികൾ, എൽ.ടി. ലൈനും എച്ച്.ടി. ലൈനും റീ കണ്ടക്ടറിങ് നടത്തുന്ന പ്രവൃത്തികൾ, ലൈനുകളുടെയും ട്രാൻസ്ഫോർമറുകളുടെയും മറ്റു പ്രതിഷ്ഠാപനങ്ങളുടെയും സ്റ്റാൻഡേർഡൈസേഷൻ പ്രവൃത്തികൾ, വിതരണ നഷ്ടം കുറയ്ക്കുന്ന പ്രവൃത്തികൾ തുടങ്ങിയവ നടപ്പിലാക്കി. ദ്യുതി 1 പദ്ധതിയിൽ 3415.76 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 2018-22 കാലയളവിൽ തുടർവൈദ്യുതീകരണത്തിനായി 73.6 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. വിതരണരംഗം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്താനുമായി ദ്യുതി 2.0 (2022-23 സാമ്പത്തികവർഷം മുതൽ 2026-27 വരെ), വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച Revamped Distribution Sector Scheme (RDSS) എന്നീ പദ്ധതികളാണ്

ഗുണനിലവാരമുള്ള വൈദ്യുതി ഉറപ്പുവരുത്തുന്നതിനായി കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. ദ്യുതി 2.0-ൽ 4016.10 കോടി രൂപയുടെ പദ്ധതി രൂപരേഖ കെ.എസ്.ഇ.ബി.എൽ. തയ്യാറാക്കുകയും പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഗുണനിലവാരമുള്ള ഊർജം തടസ്സരഹിതമായി താങ്ങാവുന്നനിരക്കിൽ നൽകുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡ് നടത്തിവരുന്ന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമതയോടെ നടപ്പാക്കുന്നതിന് താഴെപ്പറയുന്ന പാരമ്പര്യേതര സ്രോതസ്സുകളിൽനിന്നുള്ള വൈദ്യുതി ഉല്പാദനപദ്ധതികൾ കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ/ഭൂമിയിൽ സ്ഥാപിക്കുന്ന പുരപ്പുറ സോളാർ/ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്രോജക്ടുകൾ കൂടാതെ വീടുകളുടെ പുരപ്പുറങ്ങളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്ന “ സൗര” പദ്ധതി, റിസർവോയറുകളുടെ മുകളിലായി ഫ്ലോട്ടിങ് സോളാർ, തുടങ്ങിയ സൗരോർജ്ജ പദ്ധതികൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് നടപ്പിലാക്കിവരുന്നു. കൂടാതെ വർക്ക് ഡെപോസിറ്റ് അടിസ്ഥാനത്തിൽ സർക്കാർ/അർദ്ധ സർക്കാർ/LSGD/മറ്റുസ്ഥാപനങ്ങൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലും സ്ഥലങ്ങളിലും സൗരോർജ്ജ നിലയങ്ങൾ

സ്ഥാപിക്കൽ, കാറ്റാടിയിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതിയും പുരോഗമിക്കുന്നു. സംസ്ഥാനത്ത് പാരമ്പര്യേതര സ്രോതസ്സുകളിൽ നിന്ന് വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി കേരളത്തിലെ സൗരോർജ്ജ നിലയങ്ങളുടെ ആകെ സ്ഥാപിത ശേഷി നിലവിൽ 732 മെഗാവാട്ടായി വർദ്ധിച്ചിട്ടുണ്ട്. ഇതിൽ 428 MW ഈ സർക്കാരിന്റെ കാലയളവിലാണ് സ്ഥാപിച്ചത്. നാളിതുവരെയായി 70.275 MW ശേഷിയുള്ള കാറ്റാടി നിലയങ്ങൾ സ്ഥാപിച്ചുകഴിഞ്ഞു. ഇതുകൂടാതെ കെ.എസ്.ഇ.ബി. ലിമിറ്റഡ് താരിഫ് അധിഷ്ഠിത ടെണ്ടർ വിളിച്ച 14 MW ന്റെ കാറ്റാടി നിലയത്തിന്റെ LOA, Inkel എന്ന സ്ഥാപനത്തിന് നൽകിക്കഴിഞ്ഞു. കഞ്ചിക്കോട് നിലവിലുള്ള കാറ്റാടി നിലയത്തിന്റെ ശേഷി വർദ്ധിപ്പിക്കുന്ന (3x2 nos.) തിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. സംസ്ഥാനത്തെ എല്ലാത്തരം ഉപഭോക്താക്കൾക്കുമാവശ്യമായ വൈദ്യുതി ആവശ്യാനുസരണം തടസ്സരഹിതമായി ന്യായവിലയ്ക്ക് ലഭ്യമാക്കുകയെന്നതാണ് സർക്കാരിന്റെ നയം. അടിസ്ഥാനസൗകര്യ വികസന മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സമസ്ത മേഖലകളിലെയും വികസനത്തിനാവശ്യമായ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

കേരളത്തിലെ വൈദ്യുത വിതരണരംഗം ലോകോത്തര നിലവാരത്തിലെത്തിക്കുകയെന്ന ലക്ഷ്യവുമായി ദ്യുതി, കേരളത്തിലേയ്ക്കുള്ള വൈദ്യുത ഇറക്കുമതിശേഷി വർദ്ധിപ്പിക്കുകയും കേരളത്തിനുള്ളിൽ ഉല്പാദിപ്പിക്കുന്നതും ഇറക്കുമതി ചെയ്യുന്നതുമായ വൈദ്യുതി എല്ലാപ്രദേശത്തും സുഗമമായി എത്തിക്കാനാകുംവിധം പ്രസരണശൃംഖല ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യവുമായി ട്രാൻസ്ഗ്രിഡ് 2.0, കേരളത്തിന്റെ ഗ്രിഡിൽ 1000 MW സൗരോർജ്ജം കൂട്ടിച്ചേർക്കുവാനായി സൗര എന്നിങ്ങനെ വിവിധ പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഉല്പാദനരംഗം ലോകോത്തര നിലവാരത്തിലെത്തിക്കുന്നതിനായി ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നിർമ്മാണത്തിലിരിക്കുന്ന ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പരിഗണനയിലുള്ളതും മുടങ്ങിക്കിടന്നതുമായ മറ്റു ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിക്കുന്നതിനുമുള്ള നടപടികളെടുത്തിട്ടുണ്ട്. ഇപ്രകാരം വൈദ്യുതി ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടി ഗുണനിലവാരമുള്ള ഊർജ്ജം തടസ്സരഹിതമായി താങ്ങാവുന്ന നിരക്കിൽ ഉപഭോക്താക്കൾക്ക് നൽകുന്നതിനുള്ള വിവിധ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്.

(ബി) ഊർജ കേരള മിഷന്റെ ആഭിമുഖ്യത്തിൽ കെ.എസ്.ഇ.ബി.എൽ. ന് പുനരുപയോഗ ഊർജ ഉറവിടങ്ങളിൽനിന്നും ഊർജം ഉല്പാദിപ്പിക്കുന്ന പദ്ധതി വിജയകരമായി നടപ്പാക്കുന്നതിന് കഴിയുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഊർജ്ജ കേരളാമിഷന്റെ ആഭിമുഖ്യത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് പുനരുപയോഗ ഊർജ്ജ ഉറവിടങ്ങളിൽനിന്നും ഊർജ്ജം ഉല്പാദിപ്പിക്കുന്ന പദ്ധതികളിലൊന്നാണ് സൗരപദ്ധതി. ഇത് വിജയകരമായി നടപ്പാക്കുന്നുണ്ട്. നിലവിൽ ഈ പദ്ധതി വഴി 127.57 മെഗാവാട്ടിന്റെ അധികവൈദ്യുതി ഗ്രിഡുമായി ബന്ധിപ്പിച്ചിട്ടുണ്ട്. ഇതിൽ 106.15 മെഗാവാട്ടിന്റെ വൈദ്യുതി കേന്ദ്ര സബ്സിഡി വഴിയാണ് നടപ്പാക്കിയത്. സബ്സിഡി പദ്ധതി ഗാർഹികപുരപ്പുറങ്ങളിൽ സ്ഥാപിക്കുന്ന സൗരനിലയങ്ങൾ വഴിയാണ് നടപ്പാക്കുന്നത്. അടിസ്ഥാനസൗകര്യ വികസന മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സമസ്ത മേഖലകളിലെയും വികസനത്തിനാവശ്യമായ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുന്നതിനായി ഊർജ്ജ കേരള മിഷൻ ജൂലൈ 2018-ൽ സർക്കാർ പ്രഖ്യാപിച്ച് നടപ്പിലാക്കിവരുന്നു. ഇതിൽ കേരളത്തിന്റെ ഗ്രിഡിൽ 1000 MW സൗരോർജ്ജം കൂട്ടിച്ചേർക്കുവാനായി സൗരപദ്ധതി വിജയകരമായി

നടപ്പാക്കിവരുന്നു. ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ 125.3 മെഗാവാട്ട് ഉല്പാദനശേഷിയുള്ള 29951 നിലയങ്ങൾ സൗരപദ്ധതിയിൽ പൂർത്തീകരിച്ചു.

(സി) വൈദ്യുതോല്പാദനത്തിനായുള്ള ഡാമുകളുടേയും വിവിധോദ്ദേശ്യ ജലപദ്ധതികളുടെയും വിശദാംശം നൽകാമോ?

കെ.എസ്.ഇ.ബി.എൽ. ഡാമുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

1.പമ്പ

2.ആനത്തോട്

3.കക്കി

4.അപ്പർ മൂഴിയാർ

5.കുള്ളാർ

6.മീനാർ - I

7.മീനാർ - II

8.ഗവി

9.കൊച്ചു പമ്പ

10.റാന്നി പെരിനാട്

11.പെരുന്തേനരുവി

12.മൂഴിയാർ

13. വേലുത്തോട്

14. ലോവർ മീൻമുട്ടി

15. ഇടുക്കി

16. ചെറുതോണി

17. കുളമാവ്

18. കുളമാവ് സാഡിൽ (നിയർ ജംങ്ഷൻ)

19. കുളമാവ് സാഡിൽ (റൈറ്റ് ബാങ്ക്)

20. ഇരട്ടയാർ

21. കല്ലാർ

22. നാരകക്കാനം

23. അഴുത

24. വടക്കേപ്പുഴ

25. കുറ്റിയാർ

26. വഴിക്കടവ്

27. കുണ്ടള

28. മാട്ടുപ്പെട്ടി

29. ആർഎഹെഡ് വർക്ക്സ്

30.ചെങ്കുളം

31.പൊൻമുടി

32.ആനയിറങ്കൽ

33.പാറക്കടവ്

34.മുല്ലക്കാനം

35.കല്ലാർകുട്ടി

36.വിരിപ്പാറ വിയർ

37.ലോവർ പെരിയാർ (പാംബ്ളാ ഡാം)

38.വെള്ളത്തൂവൽ

39.ബാണാസുരസാഗർ

40.കുറ്റ്യാടി സ്പിൽവേ

41.കുറ്റ്യാടി സാഡിൽ

42.കോസനി സാഡിൽ

43.നായൻമൂല സാഡിൽ

44.മാഞ്ഞൂരാ സാഡിൽ

45.കോട്ടഗിരി സാഡിൽ

46.നിയർകോട്ടഗിരി സാഡിൽ

47.കുറ്റ്യാടി (കക്കയം)

48.ഉറുമി – I

49.ഉറുമി – II

50.ചെമ്പുക്കടവ്

51.പൂഴിത്തോട്

52.പനോത്ത്

53.വാലൂക്ക്

54.പൂതൻപാറ

55.കരിങ്ങാട്

56.ആഢ്യൻപാറ

57.ഇടമലയാർ

58.പൊരിങ്ങൽകുത്ത്

59.ഷോളയാർ മെയിൻ

60.ഷോളയാർ ഫ്ളാങ്കിങ്ങ്

61.ഷോളയാർ സാഡിൽ

വിവിധോദ്ദേശ്യ ജലപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കേരളത്തിലെ പ്രധാനപ്പെട്ട രണ്ട് നദികളായ പമ്പാ കല്ലാറിലും അച്ചൻ കോവിൽ കല്ലാറിലും രണ്ട് അണക്കെട്ടുകൾ നിർമ്മിച്ച് വെള്ളം സംഭരിച്ച് പ്രധാനമായും ജലസേചനത്തിനും വൈദ്യുതി ഉല്പാദനത്തിനുംവേണ്ടി രൂപകല്പന ചെയ്ത പദ്ധതിയാണിത്. കെ.എസ്.ഇ.ബി. ലിമിറ്റഡും ഇറിഗേഷൻ ഡിപ്പാർട്ട്മെന്റും സംയുക്തമായി നടപ്പിലാക്കാൻ വിഭാവന ചെയ്തിട്ടുള്ള പദ്ധതി കൂടിയാണ്.

നിലവിലുള്ള പൊരിങ്ങൽകുത്ത് അണക്കെട്ടിന്റെ സംഭരണശേഷി തുലോം കുറവായതുകാരണം മഴക്കാലത്ത് പ്രസ്തുത ഡാം നിറഞ്ഞുകവിയാറുണ്ട്. മഴക്കാലത്തുണ്ടാകുന്ന നീരൊഴുക്ക് സംഭരിച്ച് പ്രളയത്തിന്റെ ആഘാതം പരമാവധി കുറയ്ക്കുന്നതിനും ജലം, വൈദ്യുതി ഉല്പാദനത്തിനും ജലസേചനത്തിനും മറ്റും ആവശ്യാനുസൃതമായി ഉപയോഗിക്കുന്നതിനും കൂടിയാണ് പ്രസ്തുത പദ്ധതി വിഭാവന ചെയ്യുന്നത്.

(ഡി) പ്രസ്തുത പദ്ധതിക്കായി കേന്ദ്ര സഹായം നേടുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ലോകബാങ്കിന്റെ സഹായത്തോടെ ഡാമുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്തുവരുന്നു.

DRIP I - 124 കോടിയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. DRIP II - 36 കോടിയുടെ പ്രവൃത്തികൾ ചെയ്തുവരുന്നു. കൂടാതെ മാങ്കുളം ജലവൈദ്യുത പദ്ധതിക്കായി കേന്ദ്രസഹായം നേടുന്നതിനാവശ്യമായ നടപടികളാരംഭിച്ചു.

**ഉറുമി പദ്ധതിയുടെ നവീകരണം**

179(2529) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉറുമി ചെറുകിട ജലവൈദ്യുത പദ്ധതി കാലാനുസൃതമായി നവീകരിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

25-30 വർഷം കാലാവധി പൂർത്തിയായ യൂണിറ്റുകൾക്കാണ് നിലവിൽ നവീകരണം നടത്തിവരുന്നത്. ഉറുമി ചെറുകിട ജലവൈദ്യുത പദ്ധതി 25-01-2004-നാണ് കമ്മീഷൻ ചെയ്തത്. ആയതിനാൽ നിലവിൽ നവീകരണത്തിന് പദ്ധതി തയ്യാറാക്കിയിട്ടില്ല. എന്നാൽ ഉറുമി ചെറുകിട ജലവൈദ്യുത പദ്ധതിയിലെ യൂണിറ്റുകളുടെ സുഗമമായ പ്രവർത്തനത്തിനുവേണ്ടി 2022-23, 2023-24 സാമ്പത്തികവർഷങ്ങളിൽ 126.23 ലക്ഷം രൂപയുടെ അറ്റകുറ്റപ്പണികൾ നടത്താൻ ലക്ഷ്യമിടുന്നുണ്ട്.

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ**

180(2530) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ എവിടെയെല്ലാമാണ് ഇലക്ട്രിക് വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥലങ്ങളിലാണ് ഇലക്ട്രിക് വാഹന പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുള്ളത്.

1.ബൈപാസ് പാലാത്ര ജംഗ്ഷൻ

2.ബൈപാസ് ഭക്തപ്രിയ അമ്പലം ജംഗ്ഷൻ

3.പെരുന്ന വില്ലേജ് ഓഫീസ് ജംഗ്ഷൻ എം.സി.റോഡ്

4.കാലായിപടി എം.സി റോഡ്

5.വലിയകുളം വാഴൂർ റോഡ്

6.എച്ച്.എസ്. കിളിമല മണർകാട് ബൈപാസ്

(ബി) കൂടുതൽ ഇലക്ട്രിക് വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നകാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഇപ്പോൾ പരിഗണനയിലില്ല.

## തിരുവനന്തപുരം ജില്ലയിലെ ഇലക്ട്രിക്ക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ

181(2531) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ഇലക്ട്രിക്ക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ എത്രയെണ്ണം സ്ഥാപിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ കെ.എസ്.ഇ.ബി.എൽ. മുഖേന 5 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളും 141 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ അനെർട്ട് മുഖേന മൂന്ന് DC ഫാസ്റ്റ്ചാർജിംഗ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്.

(ബി) അവ എവിടെയെല്ലാമെന്ന് വ്യക്തമാക്കാമോ?

കെ.എസ്.ഇ.ബി.എൽ. മുഖേന തിരുവനന്തപുരം ജില്ലയിൽ വൈദ്യുതി ഭവനം, പരുത്തിപ്പാറ സബ്സ്റ്റേഷൻ പരിസരം, അവനവൻഞ്ചേരി സെക്ഷൻ പരിസരം, നേമം, നെയ്യാറ്റിൻകര എന്നീ സ്ഥലങ്ങളിലാണ് ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുള്ളത്. പോൾമൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളുടെ പട്ടിക അനുബന്ധം 1, 2 എന്നിവയായി ഉള്ളടക്കം ചെയ്തിരിക്കുന്നു+. അനെർട്ട്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുഖേന നിലവിൽ തിരുവനന്തപുരം ജില്ലയിൽ സ്ഥാപിച്ച മൂന്ന് DC ഫാസ്റ്റ്ചാർജിംഗ് സ്റ്റേഷനുകൾ താഴെപ്പറയുന്നവയാണ്.

| Sl. No | District | Details of Location |
|---|---|---|
| 1. | Thiruvananthapuram | Shanghumukham DTPC Parking Area, Thiruvananthapuram |
| 2. | Thiruvananthapuram | ANERT HQ, PMG- Law College Rd, VikasBhavan P.O, Thiruvananthapuram |
| 3. | Thiruvananthapuram | Govt. Guest House Thycaud, Thiruvananthapuram |

(സി) ജില്ലയിൽ ഇലക്ട്രിക്ക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുള്ള സ്ഥലങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

നിലവിൽ ഇത് സംബന്ധിച്ച ശിപാർശകൾ പരിഗണനയിലില്ല.

## വൈദ്യുതി ലഭിക്കാത്ത ഗ്രാമങ്ങൾ

182(2532) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇനിയും വൈദ്യുതി ലഭിക്കാത്ത എത്ര ഗ്രാമങ്ങളുണ്ടെന്നും അവ ഏതൊക്കെ ജില്ലയിലാണെന്നും വ്യക്തമാക്കാമോ?

കേരളത്തിലെ എല്ലാ ഗ്രാമങ്ങളിലും 1979-ൽത്തന്നെ വൈദ്യുതി എത്തിച്ചിരുന്നു. കേരളത്തിലെ വിദൂര ഗ്രാമങ്ങളിലുൾപ്പെടെ എല്ലാ വീടുകളിലും വൈദ്യുതിയെത്തിക്കുകയെന്ന ലക്ഷ്യം നടപ്പിലാക്കുന്നതിനായി 2017-ൽ സമ്പൂർണ്ണ വൈദ്യുതീകരണമെന്ന ബൃഹത്പദ്ധതി കെ.എസ്.ഇ.ബി. ലിമിറ്റഡ് നടപ്പിലാക്കിയിരുന്നു. ഇതിന്റെ ഭാഗമായി കേരളത്തിലെ ഗ്രിഡ് കണക്ഷൻ എത്തിക്കാൻ കഴിയുന്ന എല്ലാ വീടുകളിലും വൈദ്യുതിയെത്തിച്ചു.

(ബി) നിലവിൽ എത്ര വീടുകളിലാണ് സോളാർ കണക്ഷനുള്ളതെന്നും അതിൽ സോളാർ വൈദ്യുതി മാത്രമുള്ളവ എത്രയെന്നും അറിയിക്കാമോ?

നിലവിൽ 66404 വീടുകളിലാണ് സോളാർ കണക്ഷനുള്ളത്. ഇതിൽ സോളാർ വൈദ്യുതി മാത്രമുള്ള വീടുകളുടെ വിവരം പ്രത്യേകം സൂക്ഷിച്ചിട്ടില്ല.

## വൈദ്യുതി കണക്ഷന്റെ ഓണർഷിപ്പ് മാറ്റം

183(2533) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിൽ വൈദ്യുതി കണക്ഷനുള്ള കെട്ടിടത്തിന്റെ ഓണർഷിപ്പ് മാറിയാൽ വൈദ്യുതി കണക്ഷന്റെ ഓണർഷിപ്പ് മാറ്റത്തിന് എന്തൊക്കെ നടപടികളാണ് വകുപ്പ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

1. അപേക്ഷകന്റെ ഫോട്ടോ പതിച്ച ഐ.ഡി കാർഡിന്റെ പകർപ്പ്.

2. ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖ.

3. ഉടമസ്ഥാവകാശം മാറ്റുന്നതിന് (സെക്യൂരിറ്റി ഡോപ്പാസിറ്റ് ഉൾപ്പെടെ), പഴയ ഉടമസ്ഥൻ വെള്ളപേപ്പറിൽ എഴുതി നൽകിയ അനുമതി പത്രം, അനുമതി പത്രം കിട്ടിയില്ലെങ്കിൽ, പുതിയ ഉടമസ്ഥന് സെക്യൂരിറ്റി ഡെപ്പോസിറ്റ് പുതുതായി അടയ്ക്കാവുന്നതാണ്. അപ്പോൾ നിലവിലുണ്ടായിരുന്ന സെക്യൂരിറ്റി ഡെപ്പോസിറ്റ്, പഴയ ഉടമസ്ഥന് ഉടമസ്ഥാവകാശം മാറ്റുന്നതായുള്ള അറിയിപ്പോടെ ബോർഡ് മടക്കി നൽകുന്നതുമാണ്. അതുമല്ലെങ്കിൽ, ഒരു വെള്ളപേപ്പറിൽ ഉടമസ്ഥാവകാശം മാറ്റുന്നതുമായി ബന്ധപ്പെട്ട എല്ലാ കഷ്ടനഷ്ടങ്ങളിൽനിന്നും വ്യവഹാരങ്ങളിൽനിന്നും കെ.എസ്.ഇ.ബി.എൽ.-നെ ഒഴിവാക്കിക്കൊണ്ടും പഴയ ഉടമസ്ഥൻ അദ്ദേഹം നിക്ഷേപിച്ച സെക്യൂരിറ്റി ഡെപ്പോസിറ്റിൽ അവകാശം ഉന്നയിക്കുന്നപക്ഷം ഉടമസ്ഥാവകാശം മാറ്റുമ്പോഴുണ്ടായിരുന്ന സെക്യൂരിറ്റി ഡെപ്പോസിറ്റ് പലിശ സഹിതം തിരികെ നൽകാമെന്നുള്ള ഒരു ഉറപ്പ് എഴുതി നൽകാവുന്നതാണ്. രജിസ്റ്റർ ചെയ്തിരിക്കുന്ന ഉപഭോക്താവിന്റെ നിര്യാണത്തെത്തുടർന്ന് ഉടമസ്ഥാവകാശം മാറ്റുന്നതിന് വിൽപ്പത്രമോ, പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റോ, മരണ സർട്ടിഫിക്കറ്റിനൊപ്പം നൽകിയാൽ മതിയാകും. ഉടമസ്ഥാവകാശം മാറ്റുന്നതിന് സ്ഥലപരിശോധന

ആവശ്യമില്ല. ഉടമസ്ഥാവകാശം മാറ്റുന്നതിനൊപ്പം കണക്ടഡ് ലോഡിലോ കോൺട്രാക്ട് ഡിമാന്റിലോ വ്യത്യാസമുണ്ടെങ്കിൽ കണക്ടഡ് ലോഡ്/കണക്ടഡ് ഡിമാന്റ് മാറ്റുന്നതിനുള്ള അപേക്ഷ കൂടി സമർപ്പിക്കേണ്ടതാണ്. ഉടമസ്ഥാവകാശം മാറ്റുന്നതിന് ഉപഭോക്താവ് സെക്ഷൻ ഓഫീസിൽ നേരിട്ടോ ഓൺലൈനായോ വാതിൽപ്പടി സേവനം ഉപയോഗിച്ചോ അപേക്ഷ നൽകാവുന്നതാണ്.

**പട്ടാമ്പി മണ്ഡലത്തിൽ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ നടപടി**

184(2534) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക് വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ടോയെന്നും അവ എവിടെയെല്ലാമെന്നും വ്യക്തമാക്കാമോ?

2019-ലെ ഇലക്ട്രിക് വെഹിക്കിൾ പോളിസിയുടെ ഭാഗമായി സംസ്ഥാനത്ത് ചാർജിംഗ് ശൃംഖല സ്ഥാപിക്കുന്നതിനുള്ള ചുമതല സംസ്ഥാന നോഡൽ ഏജൻസിയായ കെ.എസ്.ഇ.ബി.എൽ.-നാണ്. അതനുസരിച്ച് 63 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ കെ.എസ്.ഇ.ബി.എൽ. സ്ഥാപിച്ചിട്ടുണ്ട്. ഇവയിൽ 61 എണ്ണം പൊതുജനങ്ങൾക്ക്

തുറന്നുകൊടുത്തിട്ടുണ്ട്. ഇതിനുപുറമേ ഓട്ടോറിക്ഷ, ഇരുചക്ര വാഹനങ്ങൾ എന്നിവയ്ക്കായി 1165 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളും കെ.എസ്.ഇ.ബി.എൽ. സ്ഥാപിച്ചുകഴിഞ്ഞു. ഓരോ നിയോജകമണ്ഡലത്തിലും കുറഞ്ഞത് അഞ്ച് എന്ന നിരക്കിലും കോർപ്പറേഷൻ ഉൾപ്പെട്ട നിയോജകമണ്ഡലങ്ങളിൽ കുറഞ്ഞത് 15 എന്ന നിരക്കിലും ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ നിർദ്ദേശത്തിനനുസരിച്ചാണ് കെ.എസ്.ഇ.ബി.എൽ.-ന്റെ വിതരണ പോളുകളിൽ ഇവ സ്ഥാപിച്ചിരിക്കുന്നത്. ഇവയിൽ 1138 എണ്ണം പൊതുജനത്തിന് തുറന്നുകൊടുത്തിട്ടുണ്ട്. കൂടുതൽ സൗകര്യപ്രദമായ ചാർജിംഗിനായി ഒരു മൊബൈൽ ആപ്പ് (KEMapp) കെ.എസ്.ഇ.ബി.എൽ. വികസിപ്പിച്ചെടുത്തിട്ടുണ്ട്. കൂടാതെ സ്വകാര്യവ്യക്തികൾക്ക് ഡെപ്പോസിറ്റ് വർക്ക് അടിസ്ഥാനത്തിൽ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചുനൽകുന്നതിന് നടപടികൾ പുരോഗമിച്ചുവരുന്നു. ഈ നിലയിൽ ചാർജിംഗ് ശൃംഖല വിപുലീകരിക്കുന്നതിനുള്ള നാനാവിധ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ കെ.എസ്.ഇ.ബി.എൽ. നടത്തിവരുന്നു. കെ.എസ്.ഇ.ബി.എൽ. സ്ഥാപിച്ചിട്ടുള്ള വൈദ്യുത വാഹന ചാർജിംഗ്

സ്റ്റേഷനുകളെ സംബന്ധിച്ചുള്ള വിവരം അനുബന്ധം 1, അനുബന്ധം 2 എന്നിവ ആയി കൊടുത്തിട്ടുണ്ട് +.

(ബി) സംസ്ഥാനത്ത് കൂടുതൽ വൈദ്യുതി ചാർജിംഗ് സ്റ്റേഷനുകളാരംഭിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ. നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥലങ്ങളാണ് വൈദ്യുതി ചാർജിംഗ് സ്റ്റേഷനുകളാരംഭിക്കുന്നതിന് പരിഗണിക്കുന്നതെന്ന് അറിയിക്കാമോ?

ഇത് ഇപ്പോൾ കെ.എസ്.ഇ.ബി.എൽ.-ന്റെ പരിഗണനയിലില്ല.

(സി) പട്ടാമ്പി നിയോജകമണ്ഡലത്തിൽ ഏതെല്ലാം സ്ഥലങ്ങളാണ് വൈദ്യുതി ചാർജിംഗ് സ്റ്റേഷനുകളാരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

പട്ടാമ്പി നിയോജകമണ്ഡലത്തിൽ 9 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളാരംഭിച്ചിട്ടുണ്ട്. അവ ചുവടെ ചേർത്തിരിക്കുന്നു.

1.ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, മേലെ പട്ടാമ്പി

2.നന്ദിലത്ത് ജി മാർട്ടിന് സമീപം, മേലെ പട്ടാമ്പി

3.വല്ലപ്പുഴ സെന്റർ

4.മുതുതല സെന്റർ

5.നരിപ്പറമ്പ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

6.മുള്ളയങ്കാവ് സെന്റർ

7.കൊപ്പം സെന്റർ

8. കുരാച്ചിപ്പടി

9. പഞ്ചായത്ത് ഗ്രൗണ്ടിന് സമീപം

(ഡി) പ്രസ്തുത മണ്ഡലത്തിൽ കൂടുതൽ സ്ഥലങ്ങളിൽ വൈദ്യുതി ചാർജിംഗ് സ്റ്റേഷനുകളാരംഭിക്കുന്നത് പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഇക്കാര്യം നിലവിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ പരിഗണനയിലില്ല. സ്ഥലത്തിന്റെ ലഭ്യതയ്ക്കനുസരിച്ച് പദ്ധതികൾ വിപുലീകരിക്കാൻ 'അനെർട്ട്' ലക്ഷ്യമിടുന്നുണ്ട്.

## പൂഞ്ഞാർ മണ്ഡലത്തിലെ പ്രവൃത്തികൾ

185(2535) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21, 2021-22 സാമ്പത്തികവർഷങ്ങളിൽ പൂഞ്ഞാർ മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഓരോന്നിനും എത്ര തുക വീതമാണ് വിനിയോഗിച്ചതെന്ന് വ്യക്തമാക്കാമോ?

(എ&ബി) 2020-21, 2021-22 സാമ്പത്തികവർഷങ്ങളിൽ പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ. വിതരണമേഖലയിൽ നടപ്പിലാക്കിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

| Financial Year | 2020-21 | | | 2021-22 | | |
|---|---|---|---|---|---|---|
| **Work** | **Unit** | **Qty** | **Amount in lakh** | **Unit** | **Qty** | **Amount in Lakh** |
| Service Connection | No. | 2773 | 51.59 | No. | 2645 | 49.33 |
| New HT line construction | Km | 19.49 | 179.65 | Km | 42.82 | 286.73 |
| Transformer Installation | No. | 25 | 103.1 | No. | 18 | 78.65 |
| New LT line construction | Km | 23.67 | 140.71 | Km | 31.51 | 114.24 |
| Conversion | Km | 16.64 | 30.35 | Km | 8.33 | 14.54 |
| LT reconductoring | Km | 323.24 | 192.22 | Km | 252.81 | 151.48 |
| HT reconductoring | Km | 17.16 | 44.05 | Km | 7.11 | 17.06 |
| Faulty Meter change | No. | 5350 | 54.6 | No. | 5325 | 54.65 |
| Street main | Km | 14.94 | 17.64 | Km | 23.37 | 29.44 |

കെ.എസ്ഇ.ബി.എൽ. പ്രസരണമേഖലയിൽ 2020-21, 2021-22 വർഷങ്ങളിൽ നടപ്പിലാക്കിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. 2020-21 സാമ്പത്തികവർഷത്തിൽ എരുമേലി 110 കെ. വി. സബ്സ്റ്റേഷനിൽനിന്നും എരുമേലി ടൗണിലേയ്ക്ക് ഏരിയൽ ബഞ്ച്ഡ്

കേബിൾ (എ.ബി.സി.) ഉപയോഗിച്ച് പുതിയ 11 കെ.വി. ഫീഡർ നൽകുന്നതിനായി ദ്യുതി പ്രോജക്ടിലുൾപ്പെടുത്തി പുതിയ 11 കെ.വി. ഔട്ട്ലെറ്റ് സ്ഥാപിച്ചു.

2. 2021-22 സാമ്പത്തികവർഷത്തിൽ ഈരാറ്റുപേട്ട 110 കെ.വി സബ്സ്റ്റേഷനിൽനിന്നും ഈരാറ്റുപേട്ട നടയ്ക്കൽ ഭാഗത്തേയ്ക്ക് പുതിയ 11 കെ.വി. ഫീഡർ നൽകുന്നതിനായി പുതിയ 11 കെ.വി. ഔട്ട്ലെറ്റ് സ്ഥാപിച്ചു. പ്രസ്തുത പ്രവൃത്തികൾക്കായി 2020-21 സാമ്പത്തികവർഷത്തിൽ 3.27 ലക്ഷം രൂപയും 2021-22 സാമ്പത്തികവർഷത്തിൽ 2.50 ലക്ഷം രൂപയുമാണ് വിനിയോഗിച്ചത്. 2020-21 സാമ്പത്തികവർഷത്തിൽ പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ സൗരപദ്ധതിയിൽ നിലയങ്ങളൊന്നും തന്നെ സ്ഥാപിച്ചിട്ടില്ല. 2021-22 സാമ്പത്തികവർഷത്തിൽ സൗര ഫേസ് 1 പദ്ധതിയിലുൾപ്പെടുത്തി 2 നിലയങ്ങളും (12KWP) സൗര സബ്സിഡി പദ്ധതിയിലുൾപ്പെടുത്തി 4 സൗരനിലയങ്ങളും (14 KWP) സ്ഥാപിച്ചു. സൗരഫേസ് 1 പദ്ധതിയിലെ 2 നിലയങ്ങൾ 5,55,788/- രൂപ മുതൽമുടക്കിലുള്ളതാണ്. സൗര ഫേസ് 2 പദ്ധതി കേന്ദ്ര സാമ്പത്തിക സഹായത്തോടെയും സ്വകാര്യ മുതൽ മുടക്കിലൂടെയും നടപ്പാക്കുന്ന പദ്ധതിയാണ്. 2020-21, 2021-22 വർഷങ്ങളിലായി പൂഞ്ഞാർ

നിയോജകമണ്ഡലത്തിൽ തീക്കോയി ഗ്രാമപഞ്ചായത്തിൽ രണ്ടു സ്ഥാപനങ്ങളിലായി അനെർട്ട് 2.5 കിലോവാട്ട് വീതം ശേഷിയുള്ള സൗരോർജനിലയം സ്ഥാപിച്ചിട്ടുണ്ട്. ഇവ സ്ഥാപിക്കുന്നതിന് യഥാക്രമം 2,61,318 രൂപ 6,31,416 രൂപ വീതം ചെലവായിട്ടുണ്ട്.

(സി) 2022-23 സാമ്പത്തികവർഷത്തിൽ പ്രസ്തുത മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പ്രവൃത്തികൾ വിശദമാക്കാമോ?

2022-23 സാമ്പത്തികവർഷത്തിൽ ഫേസ് 2 സൗര സബ്സിഡി പദ്ധതിയിൽ 8 നിലയങ്ങളും (205 KWP), ഫേസ് 1 പദ്ധതിയിൽ ഒരു നിലയവും -(62 KWP) സ്ഥാപിച്ചു. ഫേസ്-1 നിലയത്തിന് 32,00,000/- രൂപ മുതൽ മുടക്കിയിട്ടുണ്ട്. കൂടാതെ സബ്സിഡി പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. 2022-23 സാമ്പത്തികവർഷം പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ. വിതരണമേഖലയിൽ നടപ്പിലാക്കി വരുന്ന പ്രവൃത്തികളും അവയുടെ പുരോഗതിയും ചുവടെ ചേർക്കുന്നു.

| **Financial Year** | **2022-23** | |
|---|---|---|
| **Work** | **Unit** | **Qty** |
| Service Connection | No. | 2384 |
| New HT line construction | Km | 15.36 |
| Transformer Installation | No. | 11 |
| New LT line construction | Km | 17.79 |

| | | |
|---|---|---|
| Conversion | Km | 3.36 |
| LT reconductoring | Km | 43.67 |
| HT reconductoring | Km | 2 |
| Faulty Meter change | No. | 2774 |
| Street main | Km | 22 |

അനെർട്ട് മുഖേന 2022-23 വർഷം പൂഞ്ഞാർ ഗ്രാമപഞ്ചായത്തിൽ 6 കിലോവാട്ട് പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സാധ്യതാപഠനം നടത്തിയിട്ടുണ്ട്.

**പൊരിങ്ങൽകുത്ത് ഡാമിൽ ഡീസിൽറ്റേഷൻ**

186(2536) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊരിങ്ങൽകുത്ത് ഡാമിന്റെ സംഭരണശേഷി എത്രയെന്ന് വെളിപ്പെടുത്തുമോ?

പൊരിങ്ങൽകുത്ത് ഡാമിന്റെ സംഭരണശേഷി അതിന്റെ പൂർണ്ണ ജലനിരപ്പിൽ 32 ദശലക്ഷം ഘനമീറ്ററാണ്.

(ബി) ഈ ഡാമിൽ കാലാകാലങ്ങളിൽ എക്കൽ നീക്കം ചെയ്യാറുണ്ടോ; ഏറ്റവും ഒടുവിൽ എന്നാണ് എക്കൽ നീക്കം ചെയ്തിട്ടുള്ളതെന്ന് അറിയിക്കുമോ?

മഴക്കാലത്ത്, ഡാമിലെ സ്ലൂയിസ് ഗേറ്റുകൾ തുറന്ന് റിസർവോയറിൽ അടിഞ്ഞുകൂടിയിട്ടുള്ള എക്കൽ പുറത്തേയ്ക്ക് ഒഴുക്കിവിടാറുണ്ട്.

(സി) പ്രളയത്തെത്തുടർന്ന് മണ്ണും മണലും ചെളിയും അടിഞ്ഞുകൂടി ഡാമിന്റെ സംഭരണശേഷി കുറഞ്ഞിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) കാലാകാലങ്ങളിൽ ഡാമിൽ എക്കൽവന്ന് അടിയുന്നതുമൂലം സംഭരണശേഷിക്കനുസരിച്ചുള്ള വെള്ളം സംഭരിക്കുവാൻ കഴിയുന്നുണ്ടോ?

(സി&ഡി) 2020-ൽ സംസ്ഥാന ഗവൺമെന്റിനുകീഴിലുള്ള കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹായത്തോടെ ഡാമിന്റെ നിലവിലുള്ള സംഭരണശേഷി നിർണ്ണയിക്കപ്പെട്ടിട്ടുണ്ട്.

കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ റിപ്പോർട്ടുപ്രകാരം ഡാമിന്റെ സംഭരണശേഷിയിൽ നാളിതുവരെ (63 വർഷം കൊണ്ട്) ഏകദേശം 14.8 ശതമാനത്തോളം കുറവുവന്നതായി കണക്കാക്കപ്പെട്ടിട്ടുണ്ട്.

(ഇ) മഴക്കാലത്ത് അധികമായി ഒഴുകിയെത്തുന്ന വെള്ളം തുറന്ന് വിടേണ്ട സാഹചര്യമൊഴിവാക്കുന്നതിന് ഡീസിൽറ്റേഷൻ നടത്തി സംഭരണശേഷി നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഈ ഡാമിന്റെ ആകെ സംഭരണശേഷി 32 ദശലക്ഷം ഘനമീറ്ററാണ്. എന്നാൽ റിസർവോയറിൽ മഴക്കാലത്ത് അധികമായി ഒഴുകിയെത്തുന്ന വെള്ളത്തിന്റെ അളവ് ഇതിനേക്കാൾ പതിന്മടങ്ങ് കൂടുതലായതിനാൽ ഡീസിൽറ്റേഷൻ നടത്തിയാൽ കൂടി തുടർന്നും മഴക്കാലത്ത് വെള്ളം തുറന്നുവിടേണ്ട സാഹചര്യം നിലനിൽക്കുന്നതാണ്. എന്നിരുന്നാലും മഴക്കാലങ്ങളിൽ സ്ലൂയിസ് ഗേറ്റ് വഴി എക്കൽ, ചെളി ഇവ ഒഴുക്കി വിടാറുള്ളതിനാൽ സംഭരണശേഷിയിൽ കാര്യമായ വ്യത്യാസമുണ്ടാകാതെ നിലനിർത്താൻ സാധിക്കുന്നുണ്ട്.

**ഊർജ്ജ കേരള മിഷൻ**

187(2537)ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഊർജ്ജ കേരള മിഷൻ പ്രകാരം ഏതെല്ലാം പദ്ധതികളാണ് ഏറ്റെടുത്തതെന്ന് വ്യക്തമാക്കാമോ?

ദ്യുതി, ട്രാൻസ്ഗ്രിഡ് 2.0, സൗര, ഫിലമെന്റരഹിത കേരളം (FFK), e-സേഫ് എന്നീ അഞ്ച് ഫ്ലാഗ്ഷിപ്പ് പദ്ധതികളിലടങ്ങുന്നതാണ് ഊർജ്ജ കേരള മിഷൻ. പ്രസ്തുത പദ്ധതികൾ വിജയകരമായി നടപ്പിലാക്കിവരുന്നു.

**ദ്യുതി**

കേരളത്തിലെ വൈദ്യുത വിതരണരംഗം ലോകോത്തര നിലവാരത്തിൽ എത്തിക്കുകയെന്ന ലക്ഷ്യവുമായി നടപ്പിലാക്കിയ പദ്ധതിയാണ് ദ്യുതി. ദ്യുതി പദ്ധതിയിലുൾപ്പെടുത്തി പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, OH ലൈനുകൾ സ്ഥാപിക്കൽ, ഭൂഗർഭ കേബിളുകളുടെ സ്ഥാപനം, കവേർഡ് കണ്ടക്ടറുകൾ ഉപയോഗിച്ചുള്ള ലൈനുകളുടെ സ്ഥാപനം, OH ലൈനുകളുടെ റീകണ്ടക്ടറിംഗ്, LT സിംഗിൾ ഫേസ് ലൈനുകൾ 3 ഫേസാക്കി മാറ്റൽ തുടങ്ങി വൈദ്യുതി വിതരണരംഗം ശക്തിപ്പെടുത്തുന്നതിനുള്ള വിവിധ പദ്ധതികളാണ് പൂർത്തിയാക്കിയിട്ടുള്ളത്.

**ട്രാൻസ്ഗ്രിഡ്**

കേരളത്തിലേയ്ക്കുള്ള വൈദ്യുതി ഇറക്കുമതിശേഷി വർദ്ധിപ്പിക്കുകയും കേരളത്തിനുള്ളിൽ ഉല്പാദിപ്പിക്കുന്നതും ഇറക്കുമതി ചെയ്യുന്നതുമായ വൈദ്യുതി എല്ലാ പ്രദേശത്തും സുഗമമായി എത്തിക്കാനാകുംവിധം പ്രസരണ ശൃംഖല ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യവുമായി നടപ്പിലാക്കിയ പദ്ധതിയാണ് ട്രാൻസ്ഗ്രിഡ് 2.0.

**സൗര**

2021 ഓടുകൂടി കേരളത്തിന്റെ ഗ്രിഡിൽ 1000 മെഗാവാട്ട്

സൗരോർജ്ജം കൂട്ടിച്ചേർക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ പദ്ധതിയാണ് 'സൗര'. ഇതിൽ ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിൽ സ്ഥാപിക്കുന്ന സൗരനിലയങ്ങൾ വഴിയാണ് വൈദ്യുതി ഉല്പാദിപ്പിക്കുന്നത്.

ഇതിലെ ഒന്നാംഘട്ട പദ്ധതി കെ.എസ്.ഇ.ബി.എൽ. മുതൽ മുടക്കിലാണ് ഊർജ്ജ കേരള മിഷന്റെ സഹായത്തോടെ നടപ്പാക്കിയത്.

ഊർജ്ജ കേരള മിഷന്റെ ഭാഗമായുള്ള സൗര പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷിയുള്ള ഓൺ ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ അനെർട്ട് മുഖേന സ്ഥാപിക്കുന്ന പ്രവർത്തനം നടന്നുവരുന്നു. 23.46 മെഗാവാട്ട് ഗാർഹിക പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷകൾ ലഭിച്ചതിൽ 4.956 മെഗാവാട്ട് ഗാർഹിക പവർ പ്ലാന്റുകളുടെ പ്രതിഷ്ഠാപനം പൂർത്തിയായി.

**ഫിലമെന്റുരഹിത കേരളം പദ്ധതി**

ഹരിത ഗൃഹ വാതകങ്ങളുടെ ബഹിർഗമനം കുറച്ച് കൊണ്ടുവരുന്നതിനോടൊപ്പം ഊർജ്ജക്ഷമത കൂടിയ എൽ.ഇ.ഡി. ബൾബുകൾ ഉപയോഗിച്ച് കേരളത്തിലെ ഫിലമെന്റ് ബൾബുകൾ ഒഴിവാക്കുന്നതിന് വിഭാവന ചെയ്യുന്ന ഫിലമെന്റുരഹിത കേരളം പദ്ധതി

(FFK) പ്രകാരം പഴയ ഫിലമെന്റ് ബൾബുകൾക്കുപകരം 9W-ന്റെ എൽ.ഇ.ഡി. ബൾബുകൾ കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നു.

**ഇ-സേഫ്**

കേരളത്തിൽ വൈദ്യുതിയപകടങ്ങൾ ഒഴിവാക്കുന്നത് മുന്നിൽ കണ്ട് നടപ്പിലാക്കിയ പദ്ധതിയാണ് ഇ-സേഫ്. കെ.എസ്.ഇ.ബി.എൽ.-ഉം ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റും സംയുക്തമായി നടപ്പിലാക്കുന്ന സുരക്ഷാ പദ്ധതിയാണിത്.

(ബി) ഇതുപ്രകാരം ഇതുവരെ നടപ്പാക്കിയ പദ്ധതികളുടെ ഭൗതിക നേട്ടങ്ങളും ചെലവഴിച്ച തുകയും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

**ദ്യുതി**

ദ്യുതി 1 പദ്ധതിയിലുൾപ്പെടുത്തി പ്രധാനമായും 4139 കി.മീ. 11 KV OH ലൈനും 1127 കി.മീ. 11 KV എ.ബി.സി. ലൈനും 582 കി.മീ. ഭൂഗർഭ കേബിളുകളും 41.3 കി.മീ. കവേർഡ് കണ്ടക്ടറുകളുപയോഗിച്ചുള്ള ലൈനും 3633 കി.മീ. LT ലൈനും പുതുതായി നിർമ്മിക്കുകയും അപ്ഗ്രഡേഷനുൾപ്പെടെ 6546 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 75249 km എൽ.ടി. ലൈനും 2684 km 11 KV OH ലൈനും റീ-കണ്ടക്ടറിങ്

നടത്തുകയും 6200 കി.മീ. എൽ.ടി. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിൽ ഇതുവരെ 3416 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുണ്ട്.

ചെലവഴിച്ച തുകയുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

പ്രസരണമേഖലയിലെ പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു.+

**ട്രാൻസ്ഗ്രിഡ്**

വൈദ്യുതി പ്രസരണ രംഗത്ത് ഊർജ്ജ കേരള മിഷന്റെ ഭാഗമായി പ്രഖ്യാപിച്ച വൻകിട പദ്ധതിയാണ് ട്രാൻസ്ഗ്രിഡ് 2.0. വൈദ്യുതി ഇറക്കുമതി വർദ്ധിപ്പിക്കുന്നതിനും ലഭ്യമായ വൈദ്യുതി സംസ്ഥാനത്തുടനീളം സുഗമമായി എത്തിക്കുന്നതിനും സംസ്ഥാനത്തിനകത്തുള്ള പ്രസരണ ശൃംഖല ശക്തിപ്പെടുത്തുവാനും പ്രസ്തുത പദ്ധതി വിഭാവന ചെയ്യുന്നു.

ഒന്നാം ഘട്ടം, രണ്ടാം ഘട്ടം, ഗ്രീൻ കോറിഡോർ പാക്കേജ് എന്നിങ്ങനെ മൂന്നു വിഭാഗങ്ങളിലായി 400 KV-യുടെ മൂന്നു സബ്സ്റ്റേഷനുകളും 220 KV-യുടെ 23 സബ്സ്റ്റേഷനുകളും 4390 km ഹൈ വോൾട്ടേജ് ലൈനുകളുമാണ് പ്രധാനമായി ഇതിലുൾപ്പെടുത്തിയിട്ടുള്ളത്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഒന്നാംഘട്ടത്തിൽ 2,711 കോടി രൂപയുടെയും രണ്ടാംഘട്ടത്തിൽ 1,458 കോടി രൂപയുടെ ഗ്രീൻ കോറിഡോർ പദ്ധതികളുൾപ്പെടെ 3,630 കോടി രൂപയുടെയും പദ്ധതികളാണ് ട്രാൻസ്ഗ്രിഡ് പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കാൻ വിഭാവന ചെയ്തിട്ടുള്ളത്. ഇതിൽ 2,317 കോടി രൂപയുടെ പദ്ധതികൾ പൂർത്തിയായി കഴിഞ്ഞു.

ഒന്നാംഘട്ടത്തിൽ മഞ്ചേരി, ചാലക്കുടി, കോതമംഗലം, ആലുവ, കലൂർ, കുന്നമംഗലം, ചിത്തിരപുരം, ഏറ്റുമാനൂർ, വിഴിഞ്ഞം, കുന്ദംകുളം, തലശ്ശേരി എന്നീ 220 KV സബ്സ്റ്റേഷനുകളുടെയും തുത്തിയൂർ-കലൂർ 220 KV കേബിൾ, മാടക്കത്തറ-അരീക്കോട് 400 KV, മാടക്കത്തറ-കിഴിശ്ശേരി 220 KV, കിഴിശ്ശേരി-നല്ലളം 220 KV, നല്ലളം-കക്കയം 110 KV, കക്കയം-മേപ്പയൂർ 110 KV, കൊന്നക്കുഴി-ചാലക്കുടി, മലയമ്മ-കുന്നമംഗലം, ആലുവ-പള്ളിക്കര, കറുകടം-കോതമംഗലം, ആലുവ-പള്ളിവാസൽ, കോട്ടയം-ഏറ്റുമാനൂർ, കോട്ടയം-തുറവൂർ, വടക്കാഞ്ചേരി-കുന്നംകുളം, കൊടുങ്ങല്ലൂർ-ഇരിഞ്ഞാലക്കുട, മുണ്ടയാട്-തലശ്ശേരി എന്നീ 220/110 KV ട്രാൻസ്മിഷൻ ലൈനുകളുടെയും നിർമ്മാണം ഇതിനോടകം പൂർത്തീകരിച്ച് ചാർജ്ജ് ചെയ്തിട്ടുണ്ട് (400 KV ലൈൻ - 179 സർക്യൂട്ട് കി.മീ., 220 KV ലൈൻ - 660 സർക്യൂട്ട് കി.മീ., 110 KV ലൈൻ - 600 സർക്യൂട്ട് കി.മീ.).

രണ്ടാംഘട്ടത്തിൽ വിഭാവന ചെയ്തിട്ടുള്ള പ്രവൃത്തികൾ അവ നടപ്പിലാക്കുന്നതിനുള്ള വിവിധ ഘട്ടങ്ങളിലാണ്.

**സൗര പദ്ധതി**

ഊർജ്ജ കേരള മിഷന്റെ സഹായത്തോടെ കെ.എസ്.ഇ.ബി.എൽ. നടപ്പാക്കിയ സൗരപദ്ധതിയുടെ ഭൗതികനേട്ടവും ചെലവഴിച്ച തുകയും (Phase I) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+ സൗര രണ്ടാംഘട്ട പദ്ധതി (Phase II) 40 ശതമാനം കേന്ദ്ര സാമ്പത്തിക സഹായത്തോടെയും (MNRE) ശേഷിച്ച തുക സ്വകാര്യ നിക്ഷേപവുമായാണ് നടപ്പാക്കുന്നത്.

സൗര പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിക്കായി 4.69 കോടി രൂപ കേന്ദ്രവിഹിതവും 12.18 കോടി രൂപ സംസ്ഥാന വിഹിതവും വിനിയോഗിച്ചു. ഇതിൽ 572 ലൈഫ് മിഷൻ വീടുകളിലും 274 പട്ടികജാതി കുടുംബങ്ങളിലും സൗജന്യമായി പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനാണ് സംസ്ഥാന വിഹിതം വിനിയോഗിച്ചത്. സൗര പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയുടെ ജില്ല തിരിച്ചുള്ള നേട്ടം അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

**ഫിലമെന്റ്രഹിത കേരളം**

ഫിലമെന്റ്രഹിത കേരളം പദ്ധതി നടപ്പിലാക്കാനായി കെ.എസ്.ഇ.ബി.എൽ. ആകെ ഒരു കോടി പതിനേഴലക്ഷത്തി അമ്പതിനായിരം എൽ.ഇ.ഡി. ബൾബുകൾ വാങ്ങുകയും അതിനായി 54,87,25,000/- രൂപ ചെലവാക്കിയിട്ടുമുണ്ട്. 25-02-2023-ലെ കണക്കുകൾ പ്രകാരം സംസ്ഥാനത്തൊട്ടാകെ 14,59,369 ഉപഭോക്താക്കൾക്കായി 1,14,06,516 LED ബൾബുകൾ വിതരണം ചെയ്തുകഴിഞ്ഞു. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.+

LED ബൾബുകൾ വിതരണം ചെയ്യുന്നതിനോടൊപ്പം ഉപഭോക്താക്കളിൽനിന്നും പഴയ CFL ബൾബുകളും ICL-കളും കെ.എസ്.ഇ.ബി.എൽ. ശേഖരിച്ചുവരുന്നു. ഇങ്ങനെ 40 W-ന്റെ പരമ്പരാഗത ബൾബുകൾ മാറ്റി 9W-ന്റെ LED സ്ഥാപിക്കുന്നതിലൂടെ ഒരു ബൾബിന്റെ സ്ഥാനത്ത് ഏകദേശം 31 W ലാഭിക്കുവാൻ സാധിക്കുന്നു.

FFK പദ്ധതി വഴി ഊർജ്ജ സംരക്ഷണത്തിലൂടെ സംസ്ഥാനത്തിന്റെ പീക്ക് ലോഡിൽ കുറവുവരുത്താൻ സഹായിക്കുന്നു. കൂടാതെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പൊതുജനങ്ങൾക്ക് വൈദ്യുതി ബില്ലിനത്തിൽ കുറവ്, പരിസ്ഥിതി സംരക്ഷണം മുതലായ നേട്ടങ്ങളും കൈവരിക്കാൻ സാധിക്കുന്നു.

**ഇ-സെയ്ഫ്**

വൈദ്യുതാപകടങ്ങൾ കുറയ്ക്കുന്നത് ലക്ഷ്യമിട്ടാണ് ഇ സേഫ് കേരള എന്ന പദ്ധതി വകുപ്പ് നടപ്പാക്കുന്നത്. ആയതിന്റെ ഭാഗമായി സംസ്ഥാനാടിസ്ഥാനത്തിലും ജില്ലാ അടിസ്ഥാനത്തിലും വൈദ്യുത സുരക്ഷാ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ ദൃശ്യ ശ്രവണ പത്ര മാധ്യമങ്ങൾ വഴി വൈദ്യുത സുരക്ഷാ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നു. കൂടാതെ ഓണം വാരാഘോഷത്തിന്റെ ഭാഗമായി വകുപ്പിന്റെ വൈദ്യുതസുരക്ഷാ സന്ദേശങ്ങളടങ്ങിയ ഫ്ലോട്ട് വകുപ്പ് സംഘടിപ്പിക്കാറുണ്ട്. കൂടാതെ പാലക്കാട് ജില്ലയിലെ അഗളി, പുതൂർ, ഷോളയൂർ എന്നീ പഞ്ചായത്തുകളിലെ 600 വീടുകളിൽ ഇ.എൽ.സി.ബി. സ്ഥാപിച്ച് വയറിംഗ് നവീകരിച്ചു നൽകുന്ന പദ്ധതി വകുപ്പ് നടപ്പാക്കി. കൂടാതെ വൈദ്യുത ലൈൻ പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുന്നതിനായി ട്രാൻസ്ഫോർമറിന്റെ സെക്കണ്ടറിയിൽ ബ്രേക്കറും കൂടാതെ ലൈനിൽ സ്പേസറും ഗാർഡിംഗും വയ്ക്കുന്ന പദ്ധതി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് മുഖേന വകുപ്പ് നടപ്പാക്കിവരുന്നു. കൂടാതെ എല്ലാ വർഷവും വൈദ്യുത സുരക്ഷാ

വാരാചരണത്തിന്റെ ഭാഗമായി, ജൂൺ 26 വരുന്ന ആഴ്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വൈദ്യുത സുരക്ഷയെ വിഷയമാക്കി വിവിധ മത്സരങ്ങളും മറ്റും നടത്തിവരുന്നു.

അശ്രദ്ധ, അലംഭാവം, അറിവില്ലായ്മ എന്നിവ മൂലമാണ് മിക്കപ്പോഴും വൈദ്യുതപകടങ്ങൾ സംഭവിക്കുന്നത്. ആയതിനാൽ പൊതുജന ബോധവൽക്കരണത്തിലൂടെ ടി അപകടങ്ങൾ കുറയ്ക്കാൻ സാധിക്കും.

ഇ-സേഫ് കേരള പദ്ധതിയിൽ 2018-2019 സാമ്പത്തികവർഷം മുതൽ നാളിതുവരെ സംസ്ഥാനതലത്തിൽ 95,84,146/- രൂപ ചെലവായിട്ടുണ്ട്. കൂടാതെ ജില്ലാ അടിസ്ഥാനത്തിൽ ചെലവാക്കിയ തുക അനുബന്ധമായി ചേർക്കുന്നു.+

## സ്മാർട്ട് മീറ്റർ പദ്ധതി

188(2538) ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീമതി കെ. കെ. രമ:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) സംസ്ഥാനത്ത് കെ.എസ്.ഇ.ബി. സ്മാർട്ട് മീറ്റർ സ്ഥാപിക്കുമ്പോൾ വൈദ്യുതി മേഖലയിലുണ്ടാകുന്ന മാറ്റങ്ങൾ വിശദമാക്കാമോ?

സംസ്ഥാനത്ത് പ്രീപെയ്ഡ് സ്മാർട്ട്മീറ്റർ സ്ഥാപിക്കുന്നതോടുകൂടി ഉപഭോക്താക്കൾക്ക് തങ്ങളുടെ വിശദമായ വൈദ്യുതി ഉപഭോഗരീതി, സമയം എന്നിവ അറിയുവാനും ഇതുവഴി അവരവരുടെ വൈദ്യുതി ഉപഭോഗക്രമം നേരിട്ട് നിയന്ത്രിക്കുവാനും സാധിക്കും. ഉപഭോക്താക്കൾക്ക് അവരുടെ സൗകര്യപ്രകാരം മുൻകൂർ പണമടയ്ക്കാവുന്നതാണ്. ഇപ്പോൾ മാസത്തിലൊരിക്കലോ രണ്ടുമാസത്തിലൊരിക്കലോ റീഡിംഗ് എടുത്ത് കണക്കാക്കുന്ന ഉപഭോക്താക്കളുടെ ബില്ലിംഗ് മുൻകൂർ പണമടച്ച് ഉപഭോക്താക്കളുടെ സൗകര്യപ്രകാരം മാറ്റാം. വൈദ്യുതി തടസ്സങ്ങൾ തത്സമയം തന്നെ സ്മാർട്ട്മീറ്റർ വഴി അറിയാൻ സാധിക്കുന്നതുകൊണ്ട് വൈദ്യുതി പുനഃസ്ഥാപനത്തിനുള്ള നടപടികൾ വേഗം കൈക്കൊള്ളാൻ കെ.എസ്.ഇ.ബി.എൽ.-ന് കഴിയും. സ്മാർട്ട്മീറ്റർ നടപ്പിലാക്കുന്നതുവഴി റവന്യൂ എത്രയുംപെട്ടെന്ന് ലഭിക്കുന്നതിനും വിവിധയിനം ചെലവുകൾ കുറയ്ക്കുന്നതിനും കിട്ടാക്കടം ഒഴിവാക്കുന്നതിനും സാധിക്കും. ഇത്തരത്തിൽ ലാഭിക്കുന്ന ചെലവുകളുടെ ആനുകൂല്യം ഉപഭോക്താക്കൾക്ക് താരിഫിനത്തിൽ ലഭ്യമാക്കുവാൻ സാധിക്കും. പവർകട്ടും ലോഡ്ഷെഡിങ്ങും ഇല്ലാതെ

വൈദ്യുതി വിതരണം സാധ്യമാക്കി ഉല്പാദന പ്രസരണമേഖല കൂടുതൽ ശക്തിപ്പെടുത്തുവാൻ കഴിയും. പാൻഡെമിക്/പ്രകൃതി ദുരന്തങ്ങളുടെ സമയത്ത് മീറ്റർ റീഡിംഗ് എടുക്കാനുള്ള പ്രശ്നങ്ങളൊഴിവാക്കാം. ഡോർ ലോക്ക് സന്ദർഭങ്ങളിലെ ശരാശരി ബില്ലിംഗ് ഒഴിവാക്കാം.

(ബി) സ്മാർട്ട് മീറ്റർ സംബന്ധിച്ച കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ?

കേന്ദ്ര ഊർജ്ജ വകുപ്പ് 20-07-2021-ന് നവീകൃത വിതരണ മേഖല പദ്ധതിയുമായി (ആർ.ഡി.എസ്.എസ്.) ബന്ധപ്പെട്ട് പുറപ്പെടുവിച്ച ഓഫീസ് മെമ്മോറാണ്ടം പ്രകാരം, എല്ലാ ഉപഭോക്താക്കൾക്കും നിലവിലുള്ള ഇലക്ട്രിസിറ്റി മീറ്റർ മാറ്റി സ്ഥാപിച്ച് പ്രീ-പേമെന്റ് സംവിധാനത്തോടുകൂടിയ സ്മാർട്ട് മീറ്റർ ഘട്ടംഘട്ടമായി സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശമാണുള്ളത്.

പ്രീപെയ്ഡ് സ്മാർട്ട് മീറ്ററിംഗിനായി ഇനിപ്പറയുന്ന മേഖലകൾ മുൻഗണനാക്രമത്തിലെടുക്കും: 2023 ഡിസംബറിൽ പൂർത്തിയാക്കുന്ന ആദ്യഘട്ടത്തിൽ എല്ലാ കേന്ദ്രഭരണ പ്രദേശങ്ങളും അടിസ്ഥാനവർഷത്തിൽ 15 ശതമാനത്തിലധികം AT & C നഷ്ടമുള്ള എല്ലാ ഇലക്ട്രിസിറ്റി ഡിവിഷനുകളും എല്ലാ വ്യാവസായിക വാണിജ്യ ഉപഭോക്താക്കളും ബ്ലോക്ക്തലത്തിലും അതിനുമുകളിലുള്ള എല്ലാ സർക്കാർ ഓഫീസുകളും

ഉയർന്ന നഷ്ടമുള്ള മറ്റ് മേഖലകൾ. ബാക്കിയുള്ള എല്ലാ ഉപഭോക്താക്കൾക്കും ഘട്ടംഘട്ടമായി പ്രീ പെയ്ഡ് സംവിധാനത്തോടുകൂടിയ സ്മാർട്ട് മീറ്റർ സ്ഥാപിക്കണമെന്നാണ് മാർഗ്ഗനിർദ്ദേശങ്ങളിലുള്ളത്.

സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (CEA) 19-08-2021-ൽ പുറപ്പെടുവിച്ചിട്ടുള്ള (മീറ്ററുകളുടെ ഇൻസ്റ്റലേഷനും പ്രവർത്തനവും) (ഭേദഗതി) ചട്ടങ്ങൾ 2021 പ്രസിദ്ധീകരിച്ച ഗസറ്റ് നമ്പർ CG-DL-E-19082021-229126 പ്രകാരം രാജ്യത്തെ കൃഷിയാവശ്യത്തിനൊഴികെയുള്ള എല്ലാ വൈദ്യുതി കണക്ഷനുകൾക്കും 2025 മാർച്ചോടെ പ്രീപെയ്ഡ് സംവിധാനമുള്ള സ്മാർട്ട് മീറ്റർ ഏർപ്പെടുത്തണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇലക്ട്രിസിറ്റി (റൈറ്റ്സ് ഓഫ് കൺസ്യൂമർ 2020) ചട്ടം ഭാഗം 5 പ്രകാരം മീറ്ററില്ലാതെ ഒരു വൈദ്യുത കണക്ഷനും നൽകരുത്. അത്തരം മീറ്റർ സ്മാർട്ട് പ്രീ-പേമെന്റ് മീറ്ററോ, പ്രീ-പേമെന്റ് മീറ്ററോ ആയിരിക്കണം.

ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി (BEE) ഇറക്കിയ റെഗുലേഷൻ (ഇലക്ട്രിസിറ്റി ഡിസ്ട്രിബ്യൂഷൻ കമ്പനിയിൽ എനർജി ഓഡിറ്റ് നടത്തുന്നതിനുള്ള രീതിയും ഇടവേളകളും നിയന്ത്രണങ്ങളും) 2021-ന്റെ

Cl.5 പ്രകാരം സ്മാർട്ട്മീറ്റർ സ്ഥാപിക്കുന്നതിനുള്ള സമയപരിധി (ഒന്നാംഘട്ടം) ഡിസംബർ 2023 ആയി നിർണ്ണയിച്ചിട്ടുണ്ട്.

(സി) സ്മാർട്ട് മീറ്റർ സംബന്ധിച്ച കേന്ദ്ര സർക്കാരിന്റെ മാനദണ്ഡപ്രകാരം പതിനഞ്ച് ശതമാനത്തിലധികം പ്രസരണ നഷ്ടമുള്ള സംസ്ഥാനങ്ങൾക്കാണോ സ്മാർട്ട് മീറ്റർ നിഷ്കർഷിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (CEA) 17-08-2021-ൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങൾപ്രകാരം 15 ശതമാനത്തിൽ കൂടുതൽ AT & C loss വൈദ്യുത വിതരണമേഖലയിലുള്ള പ്രദേശങ്ങളിൽ കൃഷിയാവശ്യത്തിനൊഴികെയുള്ള എല്ലാ വൈദ്യുതി കണക്ഷനുകൾക്കും കൂടാതെ സർക്കാർ സ്ഥാപനങ്ങൾ, വ്യവസായ വാണിജ്യ ഉപഭോക്താക്കൾക്കും ഡിസംബർ 2023-നുള്ളിൽ പ്രീ-പേമെന്റ് സംവിധാനത്തോടുകൂടിയ സ്മാർട്ട് മീറ്റർ സ്ഥാപിക്കേണ്ടതാണ്. കൂടാതെ ഫീഡർ, ബോർഡർ, ട്രാൻസ്ഫോർമർ മീറ്ററുകളിലും സ്മാർട്ട് മീറ്റർ സ്ഥാപിക്കേണ്ടതാണ്. ബാക്കിയുള്ള എല്ലാ ഉപഭോക്താക്കൾക്കും മാർച്ച് 2025-നുള്ളിൽ പ്രീ-പേമെന്റ് സംവിധാനത്തോടുകൂടിയ സ്മാർട്ട് മീറ്റർ സ്ഥാപിക്കേണ്ടതാണ്.

(ഡി) കേരളത്തിലെ നിലവിലെ പ്രസരണ നഷ്ടം പതിനഞ്ച് ശതമാനത്തിൽ താഴെയായിരിക്കെ സ്മാർട്ട് മീറ്റർ പദ്ധതി നടപ്പാക്കുന്നതിന്റെ കാരണം വിശദമാക്കാമോ?

കേരളം ഒരു AT & C loss കുറഞ്ഞ സംസ്ഥാനമാണെങ്കിലും സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (CEA) പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങൾ പ്രകാരം എല്ലാ ഉപഭോക്താക്കൾക്കും മാർച്ച് 2025-നുള്ളിൽ പ്രീ-പേമെന്റ് സംവിധാനത്തോടുകൂടിയ സ്മാർട്ട് മീറ്റർ സ്ഥാപിക്കേണ്ടതാണ്.

**ദേവികുളം മണ്ഡലത്തിലെ ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ**

189(2539)<u>ശ്രീ. എ. രാജ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിൽ ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പദ്ധതി ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) മണ്ഡലത്തിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

(എ & ബി) ദേവികുളം നിയോജകമണ്ഡലത്തിൽ മൂന്നാറിൽ ഒരു ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷൻ നിർമ്മാണം പൂർത്തിയാക്കി പൊതുജനങ്ങൾക്കായി

തുറന്നുകൊടുത്തിട്ടുണ്ട്. കൂടാതെ ചുവടെ ചേർത്തിരിക്കുന്ന സ്ഥലങ്ങളിൽ പോൾമൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്.

a) മറയൂർ ബസ്സ്റ്റേഷൻ

b) മാങ്കുളം

c) ആനച്ചാൽ (ചെങ്കുളം ആഗ്മെന്റേഷൻ ഓഫീസിന് സമീപം)

d) ഇരുമ്പുപാലം (ഓട്ടോസ്റ്റാൻഡിന് സമീപം)

e) അടിമാലി (ഗവൺമെന്റ് സ്കൂളിനുസമീപം)

f) വിളക്ക് (ചിന്നക്കനാൽ)

(സി) വിനോദസഞ്ചാരികൾ കൂടുതലായെത്തിച്ചേരുന്ന ദേവികുളം മണ്ഡലത്തിൽ കൂടുതൽ സ്ഥലങ്ങളിൽ പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

## ഇ-വാഹനങ്ങൾക്ക് സബ്സിഡി

190(2540) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനവും ആഗോളതാപനവും യാഥാർത്ഥ്യമാണെന്നിരിക്കെ വാഹനങ്ങൾ ഫോസിൽ ഇന്ധനങ്ങളിൽനിന്ന് പാരമ്പര്യേതര ഊർജ്ജത്തിലേയ്ക്ക് മാറേണ്ടതുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജം, കാറ്റ് എന്നിവയിൽനിന്നുള്ള വൈദ്യുതോല്പാദനം ത്വരിതപ്പെടുത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യകതയാണ്. വർദ്ധിച്ചുവരുന്ന ഇന്ധന ചെലവുകൾക്ക് പരിഹാരമായും കാർബൺ എമിഷൻ കുറയ്ക്കുന്നതിനുമായി കെ.എസ്.ഇ.ബി.എൽ. ഇലക്ട്രിക് വാഹന സംസ്കാരത്തെയും അതിന് ഉൾപ്രേരകമായി പ്രവർത്തിക്കുന്ന ചാർജിംഗ് ശൃംഖലകളുടെ വളർച്ചയ്ക്കും വളരെയധികം പ്രോത്സാഹനം നൽകിവരുന്നു. ആയതിനാൽ അത്തരത്തിലുള്ള ഒട്ടനേകം പദ്ധതികൾ കെ.എസ്.ഇ.ബി.എൽ. വിഭാവന ചെയ്തുവരുന്നു.

കേരള സർക്കാർ 2019-ൽ പുറത്തിറക്കിയ വൈദ്യുത വാഹന നയപ്രകാരം വൈദ്യുത വാഹന ചാർജിംഗ് സ്റ്റേഷനുകളുടെ ചുമതലയുള്ള നോഡൽ ഏജൻസിയായി കെ.എസ്.ഇ.ബി.എൽ.-നെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഈ ചുമതല കെ.എസ്.ഇ.ബി.എൽ. ഭംഗിയായി

നിർവഹിച്ചുവരുന്നു. കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ സാമ്പത്തികസഹായത്തോടെ എല്ലാ ജില്ലകളിലുമായി ഫോർവീലറുകൾ/ത്രീ വീലറുകൾ, ടൂ വീലറുകൾക്കുള്ള 63 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളുടെയും എല്ലാ നിയോജകമണ്ഡലങ്ങളിലും കുറഞ്ഞത് അഞ്ച് എന്ന നിലയിലും കോർപ്പറേഷൻ നിയോജകമണ്ഡലങ്ങളിൽ കുറഞ്ഞത് 15 എന്ന നിലയിലുമായി ഇരുചക്ര, മുച്ചക്ര വാഹനങ്ങൾക്കുവേണ്ടി 1165 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകളുടെയും നിർമ്മാണം കെ.എസ്.ഇ.ബി.എൽ. പൂർത്തീകരിച്ചിട്ടുണ്ട്.

വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനും പണമടയ്ക്കുന്നതിനും വിവിധ മൊബൈൽ ആപ്ലിക്കേഷനുകളുപയോഗത്തിലുണ്ട്. യാത്രയുടെ പലഘട്ടങ്ങളിൽ വിവിധ മൊബൈൽ ആപ്ലിക്കേഷനുകൾ ഡൗൺലോഡ് ചെയ്ത് അതിലെ വാലറ്റുകളിൽ പണമടച്ച് ചാർജ് ചെയ്യേണ്ടിവരുന്നത് യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു. ഈ സാഹചര്യത്തിൽ കേരളത്തിലെ ഉപഭോക്താക്കൾക്കായി KEMapp എന്ന പേരിൽ ഒരു പൊതുവായ മൊബൈൽ ആപ്ലിക്കേഷൻ കെ.എസ്.ഇ.ബി.എൽ. രൂപകൽപ്പന ചെയ്ത് വികസിപ്പിച്ചെടുക്കുകയുണ്ടായി. ഭാവിയിൽ സ്ഥാപിക്കുന്ന എല്ലാ ചാർജിംഗ്

സ്റ്റേഷനുകളുമായി സംയോജിപ്പിച്ച് പ്രവർത്തിപ്പിക്കാവുന്ന രീതിയിലാണ് ആപ്പ് ഡെവലപ്പ് ചെയ്തിട്ടുള്ളത്.

സംസ്ഥാന സർക്കാർ വകുപ്പുകളിൽ വാടകയ്ക്കെടുത്തുപയോഗിക്കുന്ന ഡീസൽ പെട്രോൾ വാഹനങ്ങൾക്കുപകരം അനെർട്ട്/EESL മുഖേന ഇലക്ട്രിക് കാറുകൾ ലീസ് വ്യവസ്ഥയിൽ ഉപയോഗിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള വിവിധ വകുപ്പുകളിൽ വിവിധ മോഡലുകളിലുള്ള 194 കാറുകൾ ലീസ് വ്യവസ്ഥയിൽ അനെർട്ടിൽനിന്നും നൽകിയിട്ടുണ്ട്. ഇതിൽ 70-ഓളം ഇലക്ട്രിക് കാറുകൾ മോട്ടോർ വാഹന വകുപ്പിന്റെ 14 ജില്ലാ ഓഫീസുകൾക്കായി നൽകി. പരീക്ഷണാടിസ്ഥാനത്തിൽ ഉപയോഗിച്ച കാറുകൾ ഇന്ധനലാഭവും ഗുണനിലവാരവുമുറപ്പുവരുത്താൻ സാധിച്ചു. കേരളത്തിന്റെ മലയോര മേഖലകളിലുമുപയോഗിക്കുന്നതിന് ഇവ അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കിയതിന്റെ ഭാഗമായി പൊതുജനങ്ങളിൽ ഈ പദ്ധതിയുടെ ഗുണങ്ങൾ പ്രചരിപ്പിക്കാൻ സാധിച്ചതിന്റെ അടിസ്ഥാനത്തിൽ വ്യാപകമായി കേരളത്തിൽ ഇലക്ട്രിക് വാഹനങ്ങളുപയോഗിച്ചു തുടങ്ങി. കൂടാതെ ഇലക്ട്രിക് കാറുകൾ സ്വന്തമായുള്ള

വീടുകളിൽ 2-3 kW സൗരോർജ സംവിധാനമൊരുക്കിയാൽ ഫോസിൽ ഇന്ധനച്ചെലവില്ലാതെ പൂർണമായും ഹരിതോർജ്ജമുപയോഗപ്പെടുത്തി വാഹനം ഉപയോഗിക്കാൻ സാധിക്കും.

വൈദ്യുത വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഗോ-ഇലക്ട്രിക്ക് ക്യാമ്പയിന്റെ ഭാഗമായി വ്യാപകമായ പ്രചാരണ പരിപാടികൾ എനർജി മാനേജ്മെന്റ് സെന്റർ സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) പൊതുഗതാഗത സംവിധാനം ഇലക്ട്രിക് വാഹനങ്ങളിലേയ്ക്ക് മാറ്റാൻ സ്വീകരിച്ച വിവിധ നടപടികളുടെ ഫലമായി സംസ്ഥാനത്തെ ഇ-വാഹനങ്ങളുടെ എണ്ണം 2021-ൽനിന്നും 2022 ആയപ്പോഴേയ്ക്കും നാന്നൂറ്റി അമ്പത്തിയഞ്ച് ശതമാനം വർദ്ധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

കേരളത്തിൽ രജിസ്റ്റർ ചെയ്ത ഇലക്ട്രിക് വാഹനങ്ങളുടെ എണ്ണത്തിൽ വർദ്ധനയുണ്ടായിട്ടുണ്ട്. 2021-ൽ കേരളത്തിൽ രജിസ്റ്റർ ചെയ്ത വൈദ്യുത വാഹനങ്ങളുടെ എണ്ണം 8701 ഉം 2022-ൽ രജിസ്റ്റർ ചെയ്തത് 39,576 മാണ്. ഇത് 2021-ലെ ഇലക്ട്രിക് വാഹനങ്ങളുടെ എണ്ണത്തിന്റെ 455 ശതമാനമാണ്.

(സി) പാരമ്പര്യേതര ഊർജ്ജം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രസ്തുത മേഖലയിൽ ഗവേഷണങ്ങൾക്ക് പ്രാധാന്യം നൽകുവാനും ഇ-വാഹനങ്ങൾക്ക് സബ്സിഡി നൽകുവാനും തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പാരമ്പര്യേതര ഊർജ്ജം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രസ്തുത മേഖലയിൽ ഗവേഷണങ്ങൾക്ക് പ്രാധാന്യം നൽകുവാനും ഇ-വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനുള്ള സൗരോർജ്ജ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചാൽ സൗരോർജ്ജ സംവിധാനത്തിനും DC ഫാസ്റ്റ് ചാർജിംഗ് മെഷീനുകൾക്കും സബ്സിഡി നൽകുവാനും തീരുമാനിച്ചിട്ടുണ്ട്.

**കൊണ്ടോട്ടി നഗരത്തിലെ തടസ്സരഹിതമായ വൈദ്യുതി വിതരണം**

191(2541) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നഗരത്തിൽ തടസ്സരഹിതമായ വൈദ്യുതി വിതരണം സാധ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കൊണ്ടോട്ടി നഗരത്തിൽ തടസ്സരഹിതമായ വൈദ്യുതി വിതരണം സാധ്യമാക്കുന്നതിന് 15 ട്രാൻസ്ഫോമറുകൾ, 6 km LT ABC എന്നീ

പ്രവൃത്തികൾ നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. 2 KM HT ABC വലിക്കുന്ന പ്രവൃത്തി ആർ.ഡി.എസ്.എസ്. പദ്ധതിയിലുൾപ്പെടുത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. കിഴിശ്ശേരി സബ്സ്റ്റേഷനിൽനിന്നും കൊണ്ടോട്ടി ടൗൺ വരെ 11 കിലോമീറ്റർ 11 kv UG കേബിൾ വലിക്കുന്ന പ്രവൃത്തി, വല്ലപ്പുറം സബ്സ്റ്റേഷനിൽനിന്നും കൊണ്ടോട്ടി ടൗൺ വരെ 12 കിലോമീറ്റർ UG കേബിൾ വലിക്കുന്ന പ്രവൃത്തി, കൊണ്ടോട്ടി ടൗണിൽ 12 Km LT ABC വലിക്കുന്ന പ്രവൃത്തി, കിഴിശ്ശേരി സബ്സ്റ്റേഷൻ മുതൽ കൊണ്ടോട്ടി ടൗൺ വരെ 12 കിലോമീറ്റർ കവേർഡ് കണ്ടക്ടർ സ്ഥാപിക്കുന്ന പ്രവൃത്തി, 40 RMU സ്ഥാപിക്കുന്ന പ്രവൃത്തി എന്നിവ ആർ.ഡി.എസ്.എസ്. പദ്ധതിയിൽ പ്രൊപ്പോസ് ചെയ്ത് അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്നമുറയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

കൊണ്ടോട്ടി നഗരപരിധിക്കുള്ളിലെ ചെമ്മലപ്പറമ്പിൽ ഒരു 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലുണ്ട്. പ്രസരണ ശൃംഖല മെച്ചപ്പെടുത്തുക, വൈദ്യുതി വിതരണം കൂടുതൽ സുഗമമാക്കുക എന്നിവയാണ് ടി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതുവഴി ലക്ഷ്യമിടുന്നത്. 2023-24-ലെ വാർഷിക പദ്ധതിയിൽ ടി പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഈ നഗരത്തിൽ പഴയ ലോ ടെൻഷൻ ബെയർ അലുമിനിയം കണ്ടക്ടർ ഓവർ ഹെഡ് ലൈനുകൾ അഴിച്ചുമാറ്റി പുതിയ ഇൻസുലേറ്റഡ് രീതിയിലുള്ള എൽ.ടി.എ.ബി.സി. (ലോവർ ടെൻഷൻ ഏരിയൽ ബെഞ്ച്ഡ് കേബിൾ) ലൈനുകളാക്കുന്ന പദ്ധതിയിൽ ഇതുവരെ ചെയ്ത പ്രവൃത്തികൾ ഏതെല്ലാമാണെന്നും ബാക്കി ലൈനുകൾകൂടി ഇതുപ്രകാരം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വിശദമാക്കുമോ?

കൊണ്ടോട്ടി ടൗണിൽ 6 Km LT ABC വലിക്കുന്ന പ്രവൃത്തി ദ്യുതി-I-ന്റെ ഭാഗമായി പൂർത്തീകരിച്ചിട്ടുണ്ട്. 12 kM LT ABC വലിക്കുന്ന പ്രവൃത്തി കൊണ്ടോട്ടി നഗരപരിധിയിൽ ചെയ്യാൻ പുതിയ RDSS പദ്ധതിയിലുൾപ്പെടുത്തി അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

(സി) ഈ നഗരത്തിൽ പൂർണമായും ഓട്ടോമേറ്റഡായ തെരുവ് വിളക്ക് നിയന്ത്രണ സംവിധാനമേർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

കൊണ്ടോട്ടി നഗരത്തിൽ പൂർണമായും ഓട്ടോമേറ്റഡായ തെരുവ് വിളക്ക് നിയന്ത്രണ സംവിധാനമേർപ്പെടുത്തുന്നതിന് മുനിസിപ്പാലിറ്റിയുമായി സംയുക്ത സ്ഥലപരിശോധന നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കി തുക ഒടുക്കുന്ന മുറയ്ക്ക് മേൽ പ്രവൃത്തി ഡെപ്പോസിറ്റ് വർക്ക് അടിസ്ഥാനത്തിൽ നടപ്പാക്കുവാൻ ആലോചിച്ചുവരുന്നു.

(ഡി) കൊട്ടുക്കരയിലെ ചെറാട് പ്രദേശത്ത് പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനും നിലവിലെ വിതരണ ട്രാൻസ്ഫോർമർ സ്റ്റേഷനുകൾ സ്റ്റാൻഡേർഡൈസേഷൻ ചെയ്യുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

കൊട്ടുകരയിലെ ചേറാട് പ്രദേശത്ത് ഈ സാമ്പത്തികവർഷത്തിൽ 700 മീറ്റർ ത്രീ ഫേസ് ലൈൻ കൺവെർഷൻ പ്രവൃത്തി പൂർത്തീകരിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിച്ചിട്ടുണ്ട്. RDSS പദ്ധതിയിലുൾപ്പെടുത്തി ഒരു പുതിയ 100 KVA ട്രാൻസ്ഫോർമർ സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ട്രാൻസ്ഫോർമർ സ്റ്റാൻഡേർഡൈസേഷൻ പ്രവൃത്തികൾ ദ്യുതി-2 പദ്ധതിയിൽ (2022 മുതൽ 2027 വരെയുള്ള) ഉൾപ്പെടുത്തി മുൻഗണന നൽകി ചെയ്യുന്നുണ്ട്.

## കെ.എസ്.ഇ.ബി. സ്മാർട്ട് മീറ്റർ

192(2542) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നത് സംബന്ധിച്ച് നയപരമായ തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ആർ.ഡി.എസ്.എസ്. പദ്ധതിയുടെ ഭാഗമായി പ്രീ-പെയ്മെന്റ് സംവിധാനത്തോടുകൂടിയുള്ള സ്മാർട്ട് മീറ്റർ ഘട്ടംഘട്ടമായി സ്ഥാപിക്കുന്നതിനുള്ള തീരുമാനം കെ.എസ്.ഇ.ബി.എൽ. എടുത്തിട്ടുണ്ട്. ഒന്നാംഘട്ടത്തിൽ 37 ലക്ഷം സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുവാനാണ് KSEBL ലക്ഷ്യമിടുന്നത്. ഇതിൽ ഫീഡർ, ബോർഡർ, ട്രാൻസ്ഫോർമർ, മീറ്ററുകൾ, എല്ലാ ഹൈടെൻഷൻ ഉപഭോക്താക്കൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവ കൂടാതെ വരുമാനം കൂടിയ 14 ഇലക്ട്രിക്കൽ ഡിവിഷനുകളിലെ (തിരുവനന്തപുരം, കഴക്കൂട്ടം, പള്ളം, എറണാകുളം, തൃപ്പൂണ്ണിത്തുറ, ആലുവ, മൂവാറ്റുപുഴ, പെരുമ്പാവൂർ, പാലക്കാട്, തിരൂരങ്ങാടി, ഫെറോക്ക്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്) എല്ലാ ഉപഭോക്താക്കളുമുൾപ്പെടുന്നു.

(ബി) സ്മാർട്ട് മീറ്റർ സ്ഥാപിച്ചാൽ ഉപഭോക്താക്കൾക്കുണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതോടുകൂടി ഉപഭോക്താക്കൾക്ക് തങ്ങളുടെ വിശദമായ വൈദ്യുതി ഉപഭോഗരീതി, സമയം എന്നിവ ലഭ്യമാകുന്നു. ഇതുവഴി അവരവരുടെ വൈദ്യുതി ഉപഭോഗക്രമം നേരിട്ട് നിയന്ത്രിക്കാനുള്ള സംവിധാനം ലഭ്യമാകുന്നു. ഉപഭോക്താക്കൾക്ക് വൈദ്യുതിയുടെ ആവശ്യകത മുൻകൂറായി ആസൂത്രണം ചെയ്യാൻ

സാധിക്കുന്നതാണ്. ഇപ്പോൾ മാസത്തിൽ ഒരിക്കലോ രണ്ടുമാസത്തിലൊരിക്കലോ റീഡിംഗെടുത്ത് കണക്കാക്കുന്ന ഉപഭോക്താക്കളുടെ ബില്ലിംഗ് മുൻകൂർ പണമടച്ച് ഉപഭോക്താക്കളുടെ സൗകര്യ പ്രകാരം മാറ്റാം. വൈദ്യുതി തടസ്സങ്ങൾ തത്സമയം തന്നെ സ്മാർട്ട് മീറ്റർ വഴി അറിയാൻ സാധിക്കുന്നതുകൊണ്ട് വൈദ്യുതി പുനഃസ്ഥാപനത്തിനുള്ള നടപടികൾ വേഗം കൈക്കൊള്ളാൻ കെ.എസ്.ഇ.ബി.എൽ.-ന് കഴിയും. ഇപ്രകാരം സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതോടുകൂടി വൈദ്യുതി വിതരണ രംഗത്ത് ഉയർന്ന കാര്യക്ഷമത ഉറപ്പുവരുത്തി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാകുന്നതാണ്. Peak Load Power Management ഉം ഫലപ്രദമായി നടത്താൻ കഴിയുന്നതുകൊണ്ട് പവർ പർച്ചേസ് കാര്യക്ഷമമായി നടപ്പിലാക്കുവാൻ സാധിക്കും. റവന്യൂ മുൻകൂർ ലഭിക്കുന്നതിനും മീറ്ററിംഗ് ബില്ലിംഗ് ക്രമങ്ങളിലുള്ള വിവിധയിനം ചെലവുകൾ കുറയ്ക്കുന്നതിനും കിട്ടാക്കടം ഒഴിവാക്കുന്നതിനും സാധിക്കും. ഇത്തരത്തിൽ ലാഭിക്കുന്ന ചെലവുകളുടെ ആനുകൂല്യം ഉപഭോക്താക്കൾക്ക് താരിഫിനത്തിൽ ലഭ്യമാക്കാം.

(സി) സ്മാർട്ട് മീറ്റർ സ്ഥാപിച്ചാൽ കെ.എസ്.ഇ.ബി.-യിലെ മീറ്റർ റീഡർ തസ്തിക ഇല്ലാതാവുമോ?

ആർ.ഡി.എസ്.എസ്. പദ്ധതിയുടെ ഭാഗമായി സ്മാർട്ട് മീറ്റർ സ്ഥാപിച്ചു കഴിഞ്ഞാൽ മീറ്റർ റീഡിംഗും മറ്റുവിവരങ്ങളും ഒരു കേന്ദ്രീകൃത സംവിധാനത്തിൽ ലഭ്യമാകുന്നതാണ്. മീറ്റർ റീഡർമാർ നേരിട്ട് വീടുകളിൽ പോകേണ്ടതില്ല.

**കേന്ദ്ര സർക്കാർ നടപ്പാക്കുന്ന പദ്ധതികൾ**

193(2543)<u>ശ്രീ. വി. ശശി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുത മേഖലയിൽ കേന്ദ്ര സർക്കാർ സംസ്ഥാനത്ത് നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ വഴി സംസ്ഥാന സർക്കാരിന് ഇതുവരെ ലഭിച്ച സാമ്പത്തികസഹായം സ്കീം തിരിച്ച് വ്യക്തമാക്കാമോ?

(എ & ബി) കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന വൈദ്യുതി വിതരണ-ഉപപ്രസരണ മേഖലയിലെ വികസനത്തിനും നവീകരണത്തിനുള്ള പദ്ധതിയാണ് ആർ.ഡി.എസ്.എസ്. (RDSS) ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനും പ്രീ-പെയ്ഡ് സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനും വിദൂര നിയന്ത്രിത വിതരണ സംവിധാനം നടപ്പിലാക്കുന്നതിനും ആദ്യഘട്ട

അനുമതി ലഭിക്കുകയുണ്ടായി. പവർ സിസ്റ്റം ഡെവലപ്മെന്റ് ഫണ്ട് (പി.എസ്.ഡി.എഫ്.) സ്കീമിൽപ്പെടുത്തി ജനറേഷൻ മേഖലയിലെ വിവിധ പരിഷ്കാരങ്ങൾക്കായി കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കെ.എസ്.ഇ.ബി.എൽ. മുഖേന ഊർജ്ജ മേഖലയിൽ NLDC-യുടെ പവർ സിസ്റ്റം ഡെവലപ്മെന്റ് ഫണ്ട് (PSDF) ഉപയോഗപ്പെടുത്തി ഏകദേശം 744.42 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി ലഭിച്ചിരുന്നു. ഇതിൽ 7 പദ്ധതികളുൾപ്പെടും. ഇതിൽ 4 പദ്ധതികൾ പൂർത്തീകരിക്കുകയും 3 പദ്ധതികൾ നടപ്പിലാക്കിവരികയും ചെയ്യുന്നു.

നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങളും ടി പദ്ധതികൾ വഴി ഇതുവരെ ലഭിച്ച സാമ്പത്തിക സഹായവും പദ്ധതി തിരിച്ച് താഴെ പറയുന്നു:

| ക്രമ നമ്പർ | 2023 ജനുവരി 31-ലെ കണക്കനുസരിച്ച് ഗ്രാന്റ് ലഭ്യമായത് (കോടി രൂപ) | പദ്ധതി | അംഗീകരിച്ച എസ്റ്റിമേറ്റ് തുക (കോടി രൂപ) | ഗ്രാന്റ് തുക അംഗീകരിച്ചത് (കോടി രൂപ) |
|---|---|---|---|---|
| 1. | പ്രധാന ജനറേറ്റിംഗ് സ്റ്റേഷനുകളിൽ സ്വിച്ച് യാർഡ് ഉപകരണങ്ങളുടെ റെനോവേഷനും അപ്ഗ്രഡേഷനും; ഓട്ടോമാറ്റിക് ജനറേഷൻ കൺട്രോൾ സിസ്റ്റവും ഓട്ടോമാറ്റിക് മീറ്റർ റീഡിംഗ് സംവിധാനവും നിർമ്മിക്കുന്ന പ്രവൃത്തികൾ | 22.42 | 20.18 | 13.909 |
| 2. | സംസ്ഥാനത്തെ 110 kV-യും അതിനു മുകളിലുമുള്ള സബ്സ്റ്റേഷനുകൾ ബന്ധിപ്പിച്ചുകൊണ്ടുള്ള റിലയബിൾ കമ്മ്യൂണിക്കേഷൻ & ഡാറ്റ അക്വിസിഷൻ സിസ്റ്റം | 147.52 | 73.76 | 16.778 |
| 3. | സംസ്ഥാനത്തെ SLDC-യിൽ എനർജി | 17.56 | 15.8 | 1.58 |

| | | | | |
|---|---|---|---|---|
| | അക്കൗണ്ടിംഗിനുവേണ്ടി SAMAST (Scheduling, Accounting, Metering and Settlement of Transactions) in Electricity എന്ന പദ്ധതി | | | |

കൂടാതെ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽനിന്ന് ഉല്പാദിപ്പിക്കുന്ന വൈദ്യുതി, ലോഡ് സെന്ററുകളിലേയ്ക്കെത്തിക്കുവാൻ വേണ്ടി പ്രസരണ മേഖലയിൽ വിഭാവന ചെയ്ത അട്ടപ്പാടി ഗ്രീൻ പവർ കോറിഡോർ പദ്ധതി, രാമക്കൽമേട് ഗ്രീൻ പവർ കോറിഡോർ പദ്ധതി എന്നിവയ്ക്ക് കേന്ദ്ര ഗവണ്മെന്റിന്റെ GEC II സ്കീമിൽ 138.71 കോടി രൂപയുടെ ഗ്രാന്റ് (പ്രസ്തുത പദ്ധതികളുടെ അംഗീകാരതുകയുടെ 33 ശതമാനം) ലഭ്യമാക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. GEC II സ്കീം മാനദണ്ഡപ്രകാരം 2025-26 കാലയളവിൽ പ്രവൃത്തികൾ പൂർത്തീകരിക്കണമെന്നാണ് നിഷ്കർഷിച്ചിരിക്കുന്നത്. പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭപ്രവൃത്തികൾ തുടങ്ങി കഴിഞ്ഞു.

ആർ.ഡി.എസ്.എസ്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള 60 ശതമാനം ഗ്രാന്റിൽ ആദ്യ ഗഡുവായ 67.07 കോടി രൂപ കേന്ദ്രത്തിൽനിന്നും ലഭ്യമായിട്ടുണ്ട്.

പവർ സിസ്റ്റം ഡെവലപ്മെന്റ് ഫണ്ട് സ്കീമിൽപ്പെടുത്തി 14.418 കോടി രൂപയുടെ ധനസഹായം ലഭിച്ചിട്ടുണ്ട്.

വൈദ്യുതി മേഖലയിൽ അനെർട്ട് മുഖേന കേന്ദ്ര സർക്കാർ സംസ്ഥാനത്ത് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

**1. സൗര തേജസ് (ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതി)**

കേന്ദ്ര നവ-നവീകരണ ഊർജ്ജ മന്ത്രാലയം (എം.എൻ.ആർ.ഇ.) കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്ന പ്രവർത്തനം നടന്നുവരുന്നു. ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതി നടപ്പാക്കുന്നതിന് 'സൗരതേജസ്സ്' എന്ന പേരിൽ പ്രത്യേക ക്യാമ്പയിൻ അനെർട്ട് നടത്തിവരുന്നു. ഗാർഹിക ഉപഭോക്താക്കൾ സ്ഥാപിക്കുന്ന 10 കിലോവാട്ട് വരെ ശേഷിയുള്ള സൗരോർജ്ജ പ്ലാന്റിനാണ് സബ്സിഡി ലഭിക്കുന്നത്. 3 കിലോവാട്ട് വരെ സ്ഥാപിക്കുന്നതിന് എം.എൻ.ആർ.ഇ. നിശ്ചയിച്ചിട്ടുള്ള അടിസ്ഥാനവിലയുടെ 40 ശതമാനവും 3 കിലോവാട്ടിന് മുകളിൽ 10 കിലോവാട്ട് വരെ ശേഷിയുള്ള പ്ലാന്റിന് ആദ്യ 3 കിലോവാട്ടിന് 40 ശതമാനവും തുടർന്ന് 20 ശതമാനം നിരക്കിലുമാണ് കേന്ദ്ര സർക്കാർ സബ്സിഡി ലഭിക്കുന്നത്. ഗ്രൂപ്പ് ഹൗസിംഗ്

സൊസൈറ്റികൾ, ഫ്ലാറ്റുകൾ എന്നിവയ്ക്ക് പരമാവധി 500 കിലോവാട്ടുവരെ (ഒരു വീടിന് പരമാവധി 10 കിലോവാട്ട് എന്ന കണക്കിൽ) പ്ലാന്റ് സ്ഥാപിക്കുന്നതിന് 20 ശതമാനം സബ്സിഡി ലഭിക്കുന്നതാണ്. കെ.എസ്.ഇ.ബി.എൽ. എംപാനൽ ചെയ്ത ഡെവലപ്പർമാർ വഴിയാണ് പ്ലാന്റ് സ്ഥാപിക്കുന്നത്. 22.9 മെഗാവാട്ട് ഗാർഹിക പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷകൾ ലഭിച്ചതിൽ 4.3 മെഗാവാട്ട് ഗാർഹിക പവർ പ്ളാന്റുകളുടെ പ്രതിഷ്ഠാപനം പൂർത്തിയായി. 3.9 MW ഗ്രിഡുമായി ബന്ധിപ്പിച്ചു.

## 2. സോളാർ സിറ്റി പദ്ധതി

കേന്ദ്ര നവ-നവീകരണ ഊർജ്ജ മന്ത്രാലയത്തിന്റെ നിർദേശപ്രകാരം സംസ്ഥാന സർക്കാർ തലസ്ഥാന നഗരമായ തിരുവനന്തപുരത്തെ സോളാർ സിറ്റിയായി തെരഞ്ഞെടുത്തിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിന്റെ മുഴുവൻ വൈദ്യുതി ആവശ്യവും പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽനിന്ന് നിറവേറ്റുകയാണ് ലക്ഷ്യം. ഇതിന്റെ ആദ്യഘട്ടമായി 100 MW ഗാർഹിക സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് കേന്ദ്ര നവ-നവീകരണ ഊർജ്ജമന്ത്രാലയത്തിന്റെ അനുമതി ലഭിക്കുകയും ഈ പദ്ധതിയുടെ ടെണ്ടർ നടപടികളാരംഭിക്കുകയും ചെയ്തിട്ടുണ്ട്.

## 3. പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM)

സൗരോർജ്ജ ഉല്പാദനവുമായി ബന്ധപ്പെട്ട് രാജ്യത്തെ കർഷകർക്ക് നൽകുന്ന സഹായപദ്ധതിയാണ് പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM). കാർഷിക കണക്ഷനുള്ള പമ്പുകൾ സൗരോർജ്ജവൽക്കരിക്കുന്ന പദ്ധതിയാണിത്. ബെഞ്ച്മാർക് തുകയുടെ 30 ശതമാനം കേന്ദ്ര സബ്സിഡിയായി ഈ പദ്ധതിയിലൂടെ ലഭ്യമാകുന്നതാണ്. ഈ പദ്ധതിയിലൂടെ ഒരു ലക്ഷം പമ്പുകൾ സൗരോർജ്ജവൽക്കരിക്കാൻ അനെർട്ട് പദ്ധതിയിടുന്നു.

കെ.എസ്.ഇ.ബി.എൽ. വഴിയാണ് സൗരപദ്ധതിയുടെ കേന്ദ്ര ധനസഹായം ലഭിക്കുന്നത്.

PM KUSUM പദ്ധതിയുടെ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള വർക്ക് ഓർഡർ നൽകുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. വർക്ക് ഓർഡർ നൽകിയതിനുശേഷം നിർദ്ദിഷ്ട മാനദണ്ഡപ്രകാരമുള്ള കേന്ദ്ര സബ്സിഡിക്ക് അപേക്ഷിക്കാൻ സാധിക്കുന്നതാണ്.

## കൃഷിഭവൻ മുഖേന ബില്ലുകൾ അടക്കുന്ന കർഷകരുടെ വൈദ്യുതി കണക്ഷനുകൾ വിഛേദിക്കൽ

194(2544) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികാവശ്യത്തിനുപയോഗിക്കുന്നതും നിലവിൽ കൃഷിഭവൻ മുഖേന വൈദ്യുതി ബില്ലുകൾ അടച്ചുവരുന്നതുമായ കർഷകരുടെ വൈദ്യുതി കണക്ഷനുകൾ കൃഷിഭവനിൽനിന്നും യഥാസമയം ബിൽ തുക അടയ്ക്കാത്തതിനാൽ വിച്ഛേദിക്കുന്നതിന് വൈദ്യുതി വകുപ്പ് നിർദ്ദേശങ്ങളോ ഉത്തരവുകളോ പുറപ്പെടുവിച്ചിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ?

കേരള സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ലെ 138-ാം റെഗുലേഷൻ (ഉപ ചട്ടം 1 (a)) പ്രകാരം ഉപഭോക്താവ് ഇലക്ട്രിസിറ്റി ബില്ലിലോ നോട്ടീസിലോ പ്രതിപാദിച്ചിട്ടുള്ള തുക നിശ്ചിത തീയതിക്കുള്ളിൽ ലൈസൻസിക്ക് നൽകിയില്ലെങ്കിൽ വൈദ്യുതി വിച്ഛേദിക്കാവുന്നതാണ്. എന്നാൽ കാർഷികാവശ്യത്തിനായി വൈദ്യുതി കണക്ഷനുകൾ വിച്ഛേദിക്കുന്നതിന് പ്രത്യേകമായി ഉത്തരവുകളോ നിർദ്ദേശങ്ങളോ പുറപ്പെടുവിച്ചിട്ടില്ല.

(ബി) നിലവിൽ കൃഷിഭവൻ മുഖേന ബില്ലുകളടച്ചുവരുന്ന വൈദ്യുതി കണക്ഷനുകൾ കൃഷിഭവൻ യഥാസമയം അടയ്ക്കാതിരിക്കുമ്പോൾ കെ.എസ്.ഇ.ബി.എൽ അധികൃതർ കർഷകരെ ഭീഷണിപ്പെടുത്തി ബിൽ തുക അടപ്പിക്കുന്നതും അല്ലാത്തവരുടെ കണക്ഷനുകൾ വിച്ഛേദിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപെട്ടിട്ടില്ല.

## വൈദ്യുതി ചാർജ് കുടിശ്ശിക

195(2545) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ-ന് വൈദ്യുതി ചാർജ് കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ള തുക എത്രയാണെന്ന് വ്യക്തമാക്കുമോ; വൻതുക കുടിശ്ശിക വരുത്തിയിട്ടുള്ള സർക്കാർ/പൊതുമേഖല സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ വിശദാംശങ്ങളും കുടിശ്ശിക തുകയും വ്യക്തമാക്കുമോ?

31-12-2022-ലെ ക്രോഡീകരിച്ച കണക്കുപ്രകാരം നിലവിൽ വൈദ്യുതി ബോർഡിന് ആകെ 3030.53 കോടി രൂപ കുടിശ്ശികയിനത്തിൽ

പിരിഞ്ഞുകിട്ടാനുണ്ട് (പ്രൊവിഷണൽ). 31-12-2022-വരെയുള്ള വൈദ്യുതി ചാർജ് കുടിശ്ശികയുടെ കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.+

എച്ച്.റ്റി./ഇ.എച്ച്.റ്റി. വിഭാഗങ്ങളിലായി 2023 ജനുവരി 31-വരെയുള്ള കണക്കനുസരിച്ച് 2050.6 കോടി രൂപയാണ് പിരിഞ്ഞുകിട്ടാനുള്ളത്. ഒരു കോടിയിൽ കൂടുതൽ തുക പിരിഞ്ഞുകിട്ടാനുള്ള സ്ഥാപനങ്ങളുടെ വിശദാംശങ്ങളും കുടിശ്ശിക തുകയും അനുബന്ധമായി ചേർക്കുന്നു.+

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടിശ്ശിക ഈടാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇതിൽ എത്ര തുക പിരിച്ചെടുക്കാൻ സാധിച്ചു; വിശദാംശം നൽകുമോ?

കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി നിലവിൽ കുടിശ്ശികയുള്ള ഉപഭോക്താക്കൾക്ക് കുടിശ്ശിക നോട്ടീസുകൾ നൽകി തുടർന്നും അടവ് വരുത്താത്ത ഉപഭോക്താക്കളുടെ വൈദ്യുതിബന്ധം വിച്ഛേദിക്കുകയും ഡിസ്മാന്റിൽ ചെയ്ത് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് കുടിശ്ശിക പിരിച്ചെടുക്കുകയും ചെയ്തുവരുന്നു. കൂടാതെ വൈദ്യുതി അദാലത്തുകൾ മുഖേന തർക്കങ്ങളിൽപ്പെട്ടും മറ്റും അടവാക്കാത്ത കുടിശ്ശികകളിന്മേൽ ഉപഭോക്താക്കളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് തീരുമാനങ്ങളിൽ എത്തിച്ചേരുക

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വഴി കുടിശ്ശിക തുകകൾ പിരിച്ചെടുക്കുവാൻ സാധിക്കുന്നുണ്ട്. ഇതുകൂടാതെ വൈദ്യുതി ബോർഡ് കാലാകാലങ്ങളിൽ നടപ്പിലാക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽകൂടി വിവിധ ജുഡീഷ്യൽ ഫോറങ്ങളിൽ വർഷങ്ങളായി തീർപ്പാക്കാതെ നിൽക്കുന്ന കുടിശ്ശികകളിന്മേൽ തീരുമാനമാക്കാനും ആയതുവഴി കുടിശ്ശിക പിരിച്ചെടുക്കാനുള്ള ശ്രമങ്ങൾ നടത്തിവരുന്നു.

കുടിശ്ശിക വരുത്തുന്ന എച്ച്.റ്റി./ഇ.എച്ച്.റ്റി. ഉപഭോക്താക്കളെ ഫോണിലൂടെ ബന്ധപ്പെട്ടും കുടിശ്ശിക നോട്ടീസ് അയച്ചും തവണ വ്യവസ്ഥയിൽ തുക ഒടുക്കുന്നതിനുവേണ്ട സൗകര്യം ചെയ്തുകൊടുത്തും ഡിസ്കണക്ഷൻ നടത്തിയും വൺ ടൈം സെറ്റിൽമെന്റ് പ്രോഗ്രാം സംഘടിപ്പിച്ചും റവന്യൂ റിക്കവറി നടപടികളിലൂടെയും കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ റവന്യൂ റിക്കവറിയിലും കോടതി കേസുകളിലുമുൾപ്പെട്ടിട്ടുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിന് തുടർനടപടികളും സമയബന്ധിതമായി സ്വീകരിച്ചുവരുന്നു.

സാധാരണഗതിയിൽ കുടിവെള്ള പദ്ധതികൾ തുടങ്ങിയ അത്യാവശ്യ സേവനങ്ങൾ അല്ലാത്ത ഉപഭോക്താക്കളുടെയും കോടതിയിൽ

വ്യവഹാരങ്ങളില്ലാത്ത ഉപഭോക്താക്കളുടേയും വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുക, കണക്ഷൻ അഴിച്ചുമാറ്റുക തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും അതിനുശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽനിന്നും കുടിശ്ശിക വസൂലാക്കുകയും ഇങ്ങനെ വസൂലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയും ചെയ്താണ് കെ.എസ്.ഇ.ബി.എൽ. കുടിശ്ശിക ഈടാക്കി വരുന്നത്.

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഡിസ്കണക്ഷൻ നടപടികൾ നിർത്തിവച്ചതുകാരണം വൈദ്യുതിചാർജ്ജ് കുടിശ്ശിക ക്രമാതീതമായി വർദ്ധിച്ചതോടെ കുടിശ്ശിക വരുത്തിയ ഉപഭോക്താക്കൾക്ക് ഡിസ്കണക്ഷൻ നോട്ടീസുകൾ നൽകുകയും തുക അടയ്ക്കുവാൻ തവണകൾ അനുവദിക്കുകയും കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുകയും ചെയ്തു.

കാലാകാലങ്ങളിൽ KSERC-യുടെ അനുമതിയോടുകൂടി കുറഞ്ഞ പലിശ നിരക്കിൽ ഒറ്റതവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ച് ഉപഭോക്താക്കളിൽനിന്നും KSEBL കുടിശ്ശിക ഈടാക്കുവാൻ നടപടി സ്വീകരിച്ചിരുന്നു. കുടിശ്ശിക പിരിച്ചെടുക്കാനായി 21-03-2022 മുതൽ 20-05-2022-വരെ KSERC-യുടെ അനുമതിയോടുകൂടി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിരുന്നു.

(സി) വൈദ്യുതി ചാർജ് വർദ്ധിപ്പിച്ച് സാധാരണ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതിനുപകരം വൈദ്യുതി ചാർജ് കുടിശ്ശിക പിരിച്ചെടുത്തും പ്രസരണ നഷ്ടം കുറച്ചും ചെലവ് ചുരുക്കിയും കെ.എസ്.ഇ.ബി.എൽ-നെ മുന്നോട്ടുനയിക്കുവാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ചെലവ് ചുരുക്കുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ധനകാര്യ വിഭാഗത്തിൽനിന്ന് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

i. പലിശനിരക്ക് കൂടിയ ലോണുകൾ തിരിച്ചടച്ച് പലിശനിരക്ക് കുറഞ്ഞ ലോണുകളെടുക്കുന്നുണ്ട്.

ii. നിശ്ചിത ബജറ്റ് നിയന്ത്രണത്തിലൂടെ ചെലവ് പരമാവധി ചുരുക്കുന്നുണ്ട്.

കെ.എസ്ഇ.ബി.എൽ.-ന്റെ വരവും ചെലവും പരിശോധിച്ചശേഷം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിർണ്ണയിക്കുന്ന റവന്യൂ കമ്മി നികത്താനാണ് ചാർജ് വർദ്ധന ഏർപ്പെടുത്തുന്നത്. വരവ് അംഗീകരിക്കപ്പെടുമ്പോൾ അക്രൂവൽ അക്കൗണ്ടിംഗ് സമ്പ്രദായപ്രകാരം ഡിമാൻഡ് അടിസ്ഥാനപ്പെടുത്തിയുള്ള റവന്യൂ വരുമാനമാണ് കണക്കിലെടുക്കുന്നത്. അതായത് ഒരു ഉപഭോക്താവിന് ബില്ല്

കൊടുക്കുന്നമുറയ്ക്ക് ടി തുക വരുമാനമായി കണക്കാക്കുന്നു. ഇക്കാരണത്താൽ ഉപഭോക്താവിൽനിന്ന് കുടിശ്ശിക പിരിച്ചെടുക്കുന്ന അവസരത്തിൽ ടി തുക വീണ്ടും വരുമാനമായി കണക്കാക്കാനാകില്ല. ഇക്കാരണത്താൽ നിലവിലുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതും ചാർജ്ജ് വർദ്ധനയുമായി യാതൊരു ബന്ധവുമില്ല.

2021-22-ൽ റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച പ്രസരണനഷ്ടം 3.75 ശതമാനമാണ്. എന്നാൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് പ്രസരണനഷ്ടം 2.77 ശതമാനത്തിലേയ്ക്കെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. കേന്ദ്ര പ്രസരണ സംവിധാനമായ പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (PGCIL) ലിമിറ്റഡിന്റെ പ്രസരണ നഷ്ടം ഇക്കാലയളവിൽ 4.23 ശതമാനമാണ്. ഈ പ്രസരണനഷ്ടത്തിൽ ചെറിയ കുറവ് വരുത്തണമെങ്കിൽതന്നെ വൻതോതിലുള്ള മൂലധന നിക്ഷേപം ആവശ്യമായി വരും. ആയതിനാൽ നിലവിൽതന്നെ മെച്ചപ്പെട്ട നിലയിലുള്ള പ്രസരണ നഷ്ടം വീണ്ടും കുറയ്ക്കുന്നതുകൊണ്ട് ബോർഡിന് സാമ്പത്തികമായി മെച്ചമുണ്ടാകാൻ സാധ്യതയില്ല.

## കെ.എസ്.ഇ.ബി. ജീവനക്കാരുടെ എണ്ണം കുറയ്ക്കണമെന്ന നിർദ്ദേശം

196(2546) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിലെ ജീവനക്കാരുടെ എണ്ണത്തിൽ കുറവ് വരുത്തണമെന്ന് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അഭിപ്രായപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

ജീവനക്കാരുടെ ചെലവ് അംഗീകരിക്കുന്നതിനായി ജീവനക്കാരുടെ എണ്ണം പുനർനിർണ്ണയിക്കണമെന്ന കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ അപേക്ഷയിന്മേൽ 14-07-2022-ലെ ഉത്തരവിൻപ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ വിവിധ ഭാഗങ്ങളിലെ ആകെ തസ്തികകളുടെ എണ്ണം 30321 ആയി കമ്മീഷൻ പുനർ നിർണ്ണയിക്കുകയുണ്ടായി. സ്മാർട്ട് മീറ്ററുകൾ, കമ്പ്യൂട്ടർവൽക്കരണം തുടങ്ങിയ സാങ്കേതികവിദ്യയിലെ പുരോഗതിയുടെ വീക്ഷണത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് ഇപ്പോൾ അംഗീകരിച്ച നൽകിയ തസ്തികകൾ നിലനിർത്തേണ്ടതിന്റെ ആവശ്യകത അവലോകനം ചെയ്യാനും നിലവിലുള്ള ജീവനക്കാരെ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്

സാധ്യമാകുന്നിടത്തെല്ലാം നൈപുണ്യ നവീകരണം, പരിശീലനം തുടങ്ങിയവ നൽകാനും ഇതോടൊപ്പം നിർദ്ദേശിക്കുകയുണ്ടായി.

(ബി) പ്രസ്തുത നിർദേശം നടപ്പാക്കുന്നതിനായി റിട്ടയർമെന്റ് ഒഴിവുകൾ നികത്തേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(സി) തൊഴിലിനായി കാത്തിരിക്കുന്ന യുവാക്കളെ പ്രതികൂലമായി ബാധിക്കുന്ന പ്രസ്തുത തീരുമാനം അടിയന്തരമായി പുന:പരിശോധിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(ബി&സി) കെ.എസ്.ഇ.ബി.എൽ.-ലെ വിവിധ തസ്തികകളുടെ പുനഃസംഘടനയെക്കുറിച്ചുള്ള ചർച്ചകൾ വിവിധ തലങ്ങളിൽ നടന്നുവരുന്നു.

**ആലത്തൂർ മണ്ഡലത്തിൽ വൈദ്യുതി ചാർജ് കുടിശ്ശിക പിരിക്കുന്നതിനുള്ള നടപടികൾ**

197(2547) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകളുടെകീഴിൽ നാളിതുവരെ വൈദ്യുതി ചാർജിനത്തിൽ കുടിശ്ശികയായി പിരിഞ്ഞുകിട്ടാനുള്ള തുകയുടെ വിശദാംശം സെക്ഷൻ തിരിച്ച് നൽകാമോ?

ആലത്തൂർ നിയോജകമണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസുകളുടെകീഴിൽ നാളിതുവരെ വൈദ്യുതി ചാർജിനത്തിൽ കുടിശ്ശികയായി ആകെ 4,47,73,336/- രൂപ (നാല് കോടി നാൽപ്പത്തിയേഴ് ലക്ഷത്തി എഴുപത്തിമൂവായിരത്തി മുന്നൂറ്റി മുപ്പത്തിയാറ് രൂപ മാത്രം) പിരിഞ്ഞു കിട്ടാനുണ്ട്. പിരിഞ്ഞ് കിട്ടാനുള്ള തുകയുടെ സെക്ഷൻ തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) പ്രസ്തുത തുക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികളും പിരിച്ചെടുത്ത തുകയുടെ വിശദാംശവും വ്യക്തമാക്കാമോ?

കുടിശ്ശികകൾ ലഭിക്കുന്നതിന് അതത് വകുപ്പുമായി നിരന്തരം ബന്ധപ്പെടുകയും റവന്യൂ റിക്കവറി, ഡിസ്കണക്ഷൻ, ഡിസ്മാന്റലിംഗ് എന്നീ നടപടികളും നടത്തിവരുന്നുണ്ട്. ഈ നടപടികൾ മുഖേന നാളിതുവരെ മറ്റു ഉപഭോക്താക്കളുടെ കുടിശ്ശികയിനത്തിൽ 35,72,193/- രൂപ പിരിച്ചെടുത്തിട്ടുണ്ട്.

**കേബിൾ ടി.വി. ഓപ്പറേറ്റർമാരുടെ പ്രതിസന്ധി പരിഹരിക്കാൻ നടപടി**

198(2548) <u>ശ്രീ. മോൻസ് ജോസഫ്</u>:
<u>ശ്രീ. അനൂപ് ജേക്കബ്</u>:
<u>ശ്രീ. മാണി സി. കാപ്പൻ</u>:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

<u>ശ്രീ. പി. ജെ. ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ഇ.ബി.-യുടെ പുതിയ നയം കാരണം കേബിൾ ടി.വി. ഓപ്പറേറ്റർമാർ പ്രതിസന്ധിയിലായിരിക്കുന്നത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കേബിൾ ടി.വി.-യുമായി ബന്ധപ്പെട്ട് പുതിയ നയരൂപീകരണം നടന്നിട്ടില്ല. നിലവിൽ വൈദ്യുതി പോളുകൾ ഉപയോഗിക്കുന്നതിന് 26-02-2021, 02-03-2021 എന്നീ തീയതികളിലെ സർക്കാർ ഉത്തരവുകളുടെയും 05-07-2021-ലെ ബോർഡ് ഉത്തരവിന്റെയും അടിസ്ഥാനത്തിൽ താഴെപ്പറയുംപ്രകാരമാണ് വാടക ഈടാക്കുന്നത്.

| Year | Cable TV Operators/Government Department/LSGDs/CCTV cameras by Residents Association (with 3% annual Increase)* | | All other applicants irrespective of the purpose like 2G/3G/4G services/mobile communications etc (with 5% annual Increase) | |
|---|---|---|---|---|
| | Urban | Rural | Urban | Rural |
| 22-23 | 309 | 149.35 | 531.92 | 265.96 |

*ഈ നിരക്ക് പ്രാബല്യത്തിൽ വന്നത് 01-04-2021 മുതലാണ്.

കേന്ദ്ര സർക്കാരിന്റെ ടെലികോം നയത്തിനനുസൃതമായി കെ.എസ്.ഇ.ബി. പോളുകൾ ഉൾപ്പെടെയുള്ള സ്ട്രീറ്റ് ഫർണിച്ചറുകൾ

ഉപയോഗിക്കുന്നതിന് കേബിൾ ടി.വി. ഓപ്പറേറ്റർമാർക്കും ഇന്റർനെറ്റ് സേവനദാതാക്കൾക്കും നിശ്ചയിക്കേണ്ട നിരക്കുകൾ ഇലക്ട്രോണിക്സ് ആൻഡ് ഐ.ടി. വകുപ്പുമായി ചർച്ച ചെയ്ത് തീരുമാനിക്കുവാൻ 10-01-2023-ൽ ചീഫ് സെക്രട്ടറി നടത്തിയ യോഗത്തിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.എൽ.-ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഇന്ധന സർചാർജ് ഒഴിവാക്കാൻ നടപടി

199(2549) ശ്രീ. അൻവർ സാദത്ത്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ധന സർചാർജ് കണക്കാക്കുന്ന രീതി എന്താണെന്നും ഏത് കാലയളവിലെ ഇന്ധന സർചാർജ് ഈടാക്കാനാണ് റെഗുലേറ്ററി കമ്മീഷൻ ഇപ്പോൾ അനുമതി നൽകിയിട്ടുള്ളതെന്നും 2023 ഫെബ്രുവരി ഒന്ന് മുതൽ നടപ്പാക്കുന്ന ഇന്ധന സർചാർജ് വർദ്ധനയിലൂടെ എത്ര കോടി രൂപയുടെ അധിക വരുമാനമാണ് പ്രതീക്ഷിക്കുന്നതെന്നും അറിയിക്കുമോ?

വൈദ്യുതി നിയമം 2003-ലെ സെക്ഷൻ 62 (4)-ൽ, ഇന്ധന വിലയിലെ ഏറ്റക്കുറച്ചിലുകൾ കാരണം വൈദ്യുതി വിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ ഇന്ധന സർചാർജിലൂടെ ഈടാക്കാൻ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

വൈദ്യുതി നിയമം 2003-ലെ സെക്ഷൻ 62(4) പ്രകാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 08-01-2010-ൽ ഇന്ധന സർചാർജ് റെഗുലേഷൻ പുറപ്പെടുവിക്കുകയും പിന്നീടുള്ള താരിഫ് റെഗുലേഷനുകളിൽ പ്രസ്തുത ചട്ടം ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നിലവിൽ സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ താരിഫ് റെഗുലേഷൻ 87 പ്രകാരം താപനിലയങ്ങളിൽ ഇന്ധനവിലയിലെ വ്യതിയാനംമൂലം വൈദ്യുതി വാങ്ങൽ ചെലവിലുണ്ടാകുന്ന അധിക ബാധ്യത ഇന്ധന സർചാർജിനത്തിൽ വിതരണ കമ്പനികൾക്ക് ഉപഭോക്താക്കളിൽനിന്ന് ഈടാക്കുവാനും ഇന്ധനവിലയിലെ കുറവുകാരണം വൈദ്യുതി വാങ്ങൽ വിലയിൽ കുറവുണ്ടായാൽ താരിഫിലെ ഇളവായി അനുവദിച്ചു ഉപഭോക്താക്കൾക്ക് തിരികെ നൽകുവാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ താരിഫ് ഉത്തരവിൽ താപനിലയങ്ങളിൽനിന്നും പ്രതിമാസം വാങ്ങേണ്ടുന്ന വൈദ്യുതിയുടെ അളവും നിരക്കും അംഗീകരിച്ചു നൽകുന്നുണ്ട്. ഇപ്രകാരം കമ്മീഷൻ അംഗീകരിക്കുന്ന വൈദ്യുതിയും യഥാർത്ഥത്തിൽ വാങ്ങിയ വൈദ്യുതിയും കണക്കിലെടുത്തു ഏതാണോ കുറവ് അതിന്മേൽ കമ്മീഷൻ അംഗീകരിച്ച നിരക്കിൽ ഇന്ധന വിലയുടെ വ്യതിയാനം കാരണമുണ്ടാകുന്ന

ഏറ്റക്കുറച്ചിലുകൾ കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് റെഗുലേഷന്റെ 87-ചട്ടത്തിൽ നിഷ്കർഷിച്ച ഇന്ധന സർചാർജ് ഫോർമുലയനുസരിച്ച് എല്ലാ പാദവർഷങ്ങളുടെയും ഇന്ധന സർചാർജ് പെറ്റീഷൻ കെ.എസ്.ഇ.ബി.എൽ. കമ്മീഷൻ മുമ്പാകെ നിർബന്ധമായും സമർപ്പിക്കേണ്ടതുണ്ട്. കെ.എസ്.ഇ.ബി.എൽ. സമർപ്പിക്കുന്ന പെറ്റീഷനിൽ വിശദമായ പരിശോധനയ്ക്കും പൊതുതെളിവെടുപ്പിനുംശേഷം കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിൽ നിശ്ചിതകാലയളവിലേയ്ക്ക് ഇന്ധന സർചാർജ് ഏർപ്പെടുത്തിവരുന്നു.

2022-23-ലെ ഒന്നാംപാദത്തിലെ (ഏപ്രിൽ 2022 മുതൽ ജൂൺ 2022 വരെയുള്ള) ഇന്ധന സർചാർജ് ഈടാക്കാനാണ് 25-01-2023-ലെ ഉത്തരവുപ്രകാരം റെഗുലേറ്ററി കമ്മീഷൻ അനുവദിച്ചു നൽകിയിട്ടുള്ളത്. 2022 ഫെബ്രുവരി ഒന്നുമുതൽ നടപ്പാക്കുന്ന ഇന്ധന സർചാർജ് വർദ്ധനയിലൂടെ 87.07 കോടി രൂപയുടെ അധികവരുമാനമാണ് പ്രതീക്ഷിക്കുന്നത്.

(ബി) ഇന്ധന വിലവർദ്ധനയും വിലക്കയറ്റവുംമൂലം ജനങ്ങൾ ദുരിതമനുഭവിക്കുന്ന സാഹചര്യത്തിൽ ഇന്ധന സർചാർജ് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

നിലവിൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ താരിഫ് റെഗുലേഷൻ 87 പ്രകാരം താപനിലയങ്ങളിൽ ഇന്ധനവിലയിലെ വ്യതിയാനംമൂലം വൈദ്യുതി വാങ്ങൽ ചെലവിലുണ്ടാകുന്ന അധിക ബാധ്യത ഇന്ധന സർചാർജിനത്തിൽ വിതരണ കമ്പനികൾക്ക് ഉപഭോക്താക്കളിൽനിന്ന് ഈടാക്കുവാനും ഇന്ധന വിലയിലെ കുറവ് കാരണം വൈദ്യുതി വാങ്ങൽ വിലയിൽ കുറവുണ്ടായാൽ താരിഫിലെ ഇളവായി അനുവദിച്ച ഉപഭോക്താക്കൾക്ക് തിരികെ നൽകുവാനുമുള്ള ചട്ടങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റെഗുലേഷൻ പ്രകാരം കെ.എസ്.ഇ.ബി.എൽ. എല്ലാ പാദവർഷങ്ങളുടെയും ഇന്ധന സർചാർജ് പെറ്റീഷൻ, കമ്മീഷൻ മുമ്പാകെ നിർബന്ധമായും സമർപ്പിക്കേണ്ടതുണ്ട്. സംസ്ഥാന വൈദ്യുതി കമ്മീഷൻ നിഷ്കർഷിക്കുന്ന ചട്ടങ്ങൾ പാലിക്കാൻ വൈദ്യുതി വിതരണ കമ്പനികൾ ബാധ്യസ്ഥരാണ്. ഇന്ധനവിലയിലെ ഏറ്റക്കുറച്ചിലുകൾ കാരണം വൈദ്യുതി വിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ യഥാസമയം വൈദ്യുതി വിതരണ കമ്പനികൾ ഉല്പാദക കമ്പനികൾക്ക് ലഭ്യമാക്കണമെന്ന് കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ വിതരണ കമ്പനികൾ മൊത്തം വൈദ്യുതി വാങ്ങൽ ചെലവ് സമയബന്ധിതമായി ഉല്പാദന കമ്പനികൾക്ക് നൽകേണ്ടതാണ്.

വിതരണ കമ്പനികൾക്ക് ഇത് യഥാസമയം പിരിച്ചെടുക്കുവാൻ കഴിഞ്ഞില്ലെങ്കിൽ ഇത് വിതരണ കമ്പനിയുടെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിക്കുകയും ഇത് നിറവേറ്റുന്നതിനായി വായ്പയെടുക്കേണ്ടിവരികയും അതുവഴി പലിശ ചെലവുകൾ വർദ്ധിക്കുകയും ആത്യന്തികമായി താരിഫ് വർദ്ധനയ്ക്കുമിടയാകുന്നു. കൂടാതെ കേന്ദ്ര ഗവൺമെന്റ് വിതരണ മേഖലയിൽ നിലവിൽ നടപ്പിൽ വരുത്തുന്ന പരിഷ്കരണ പദ്ധതിയായ RDSS പദ്ധതിയിൽ കെ.എസ്.ഇ.ബി.എൽ.-ഉം പങ്കാളിയായിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഗ്രാന്റ് ലഭ്യമാക്കുന്നതിന് നിഷ്കർഷിക്കുന്ന നിർദ്ദേശങ്ങളിൽ സമയബന്ധിതമായി ഇന്ധന സർചാർജ് ഈടാക്കുന്നതിനുള്ള നിർദ്ദേശങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. അതിനാൽ നിലവിലെ ചട്ടങ്ങൾ പ്രകാരം നിർബന്ധമായും സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച ഇന്ധന സർചാർജ് ഈടാക്കുവാൻ കെ.എസ്.ഇ.ബി.എൽ. ബാധ്യസ്ഥമാണ്.

## സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിന് ലൈഫ് സൈക്കിൾ കോസ്റ്റ്

200(2550) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിന് ലൈഫ് സൈക്കിൾ കോസ്റ്റായി കേന്ദ്ര സർക്കാർ എന്ത് തുകയാണ് നിശ്ചയിച്ചിട്ടുള്ളത്; ആയതിന് കേരളത്തിൽ ചെലവാകുന്ന തുക എത്രയെന്ന് ടെണ്ടർ മുഖേന നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ആർ.ഡി.എസ്.എസ്. പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം സ്മാർട്ട് മീറ്ററൊന്നിന് 6000 രൂപയാണ് " ലൈഫ് സൈക്കിൾ കോസ്റ്റായി (സ്മാർട്ട് മീറ്ററും അനുബന്ധ സോഫ്റ്റ്‌വെയറുകളും സ്ഥാപിച്ച് 93 മാസം പരിപാലിക്കുന്നതിനുള്ള ചെലവ്) കേന്ദ്ര സർക്കാർ നിശ്ചയിച്ച തുക. യഥാർത്ഥ ചെലവ് ടെണ്ടർ വഴി മാത്രമേ കണ്ടെത്താൻ സാധിക്കുകയുള്ളൂ. ഒന്നാംഘട്ടത്തിലെ ഏതാണ്ട് 37 ലക്ഷത്തോളം സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനായി ഒരു സർവ്വീസ് പ്രൊവൈഡറെ (സേവനദാതാവ്) കണ്ടെത്തുന്നതിനുള്ള ടെണ്ടർ നടപടികൾ 13-02-2023-ന് ആരംഭിച്ചു.

(ബി) സേവനദാതാവിന് പ്രസ്തുത തുക നൽകേണ്ടത് ഉപഭോക്താവിന്റെ ഉത്തരവാദിത്തമാണോ; ആണെങ്കിൽ ഉപഭോക്താവിൽനിന്നും ഈ തുക എപ്രകാരം ഈടാക്കുമെന്ന് വ്യക്തമാക്കുമോ?

ഉപഭോക്താവിന് അധിക സാമ്പത്തിക ബാധ്യത വരുത്താതെ എങ്ങനെ സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കാമെന്നതുൾപ്പെടെയുള്ള

കാര്യങ്ങളെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് ഉചിത തീരുമാനം കൈകൊള്ളുന്നതാണ്.

**ഇന്ധന സർചാർജ്**

201(2551) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-2021 സർക്കാരിന്റെ കാലഘട്ടം മുതൽ നാളിതുവരെ സംസ്ഥാനത്ത് ഇന്ധന സർചാർജിനത്തിൽ വൈദ്യുതി ചാർജ് വർദ്ധന എത്ര തവണ നടപ്പാക്കിയെന്നും ഓരോ തവണയും വർദ്ധിപ്പിച്ച തുകയെത്ര വീതമായിരുന്നുവെന്നും എത്ര കാലപരിധിയിലേയ്ക്കാണ് ഇപ്രകാരം വർദ്ധന നടപ്പാക്കിയതെന്നും ഓരോ തവണ സർചാർജ് വർദ്ധിപ്പിച്ചതിലൂടെയും ബോർഡ് നേടിയ അധികവരുമാനം എത്ര വീതമായിരുന്നുവെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

2016-17 മുതൽ 2020-21-വരെയുള്ള കാലയളവിൽ രണ്ടുതവണ ഇന്ധന സർചാർജ് ഏർപ്പെടുത്തിയിട്ടുണ്ട് വിശദാംശങ്ങൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

# കമ്മീഷൻ ഏർപ്പെടുത്തിയ ഇന്ധന സർചാർജിന്റെ വിശദാംശങ്ങൾ

<table>
<tr><th rowspan="2"></th><th rowspan="2">ഉത്തരവ് തീയതി</th><th>റെഗുലേഷൻ പ്രകാരം കമ്മീഷൻ അംഗീകരിച്ച ഇന്ധന സർചാർജ് തുക</th><th>പിരിച്ചെടുക്കാൻ അനുവദിച്ച തുക</th><th>നിരക്ക്</th><th rowspan="2">കാലയളവ്</th></tr>
<tr><th>രൂപ (കോടിയിൽ)</th><th>രൂപ (കോടിയിൽ)</th><th>യൂണിറ്റൊന്നിനു പൈസ നിരക്കിൽ</th></tr>
<tr><td>2016-17</td><td colspan="5">ഇല്ല ARR-ERC ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല</td></tr>
<tr><td>2017-18-Q1</td><td rowspan="4">13-08-2018</td><td>64.78</td><td rowspan="4">81.65</td><td rowspan="4">15</td><td rowspan="4">For the consumption from 16-08-2018 to 15-11-2018</td></tr>
<tr><td>Q2</td><td>16.35</td></tr>
<tr><td>Q3</td><td>30.25</td></tr>
<tr><td>Q4</td><td>69.17</td></tr>
<tr><td colspan="6">2019-20</td></tr>
<tr><td>Q1</td><td>14-02-2020</td><td>62.26</td><td>62.26</td><td>10</td><td>16-02-2020 to 31-05-2020</td></tr>
<tr><td>Q2</td><td>28-04-2020</td><td>52.68</td><td colspan="3">കോവിഡ് മഹാമാരി കാരണം ഈടാക്കുവാൻ അനുവദിച്ചില്ല</td></tr>
<tr><td>Q3</td><td rowspan="2">12-07-2022</td><td>61.12</td><td colspan="3" rowspan="2">പ്രസ്തുത ഇന്ധന സർചാർജ് ഉൾപ്പെട്ട വൈദ്യുതി വാങ്ങൽ വില ട്രൂ അപ്പ് ഉത്തരവിലുൾപ്പെടുത്തി നിജപ്പെടുത്തി വരുമാന കമ്മിയിന്മേൽ carrying cost അനുവദിച്ചുനൽകി</td></tr>
<tr><td>Q4</td><td>63.38</td></tr>
<tr><td colspan="6">2020-21</td></tr>
<tr><td>Q1</td><td>12-07-2022</td><td>30.58</td><td colspan="3" rowspan="4">പ്രസ്തുത ഇന്ധന സർചാർജ് ഉൾപ്പെട്ട വൈദ്യുതി വാങ്ങൽ വില ട്രൂ അപ്പ് ഉത്തരവിലുൾപ്പെടുത്തി നിജപ്പെടുത്തി വരുമാന കമ്മിയിന്മേൽ carrying cost അനുവദിച്ചുനൽകി</td></tr>
<tr><td>Q2</td><td>12-07-2022</td><td>34.12</td></tr>
<tr><td>Q3</td><td rowspan="2">14-07-2022</td><td>12.22</td></tr>
<tr><td>Q4</td><td>-20.23</td></tr>
<tr><td colspan="6">2021-22</td></tr>
<tr><td>Q1</td><td rowspan="2">14-07-2022</td><td>-8.38</td><td>0</td><td>-</td><td rowspan="3">ഉപഭോക്താക്കൾക്ക് കൈമാറ്റം ചെയ്യാൻ</td></tr>
<tr><td>Q2</td><td>5.82</td><td>0</td><td>-</td></tr>
<tr><td>Q3</td><td>25-01-2023</td><td>18.10</td><td>0</td><td>-</td></tr>
</table>

| | | | | | |
|---|---|---|---|---|---|
| Q4 | | 16.05 | 0 | - | കമ്മീഷൻ ഉത്തരവ് |
| 2022-23 | | | | | |
| Q1 | 25-01-2023 | 87.07 | 87.07 | 9 | 01-02-2023 മുതൽ 31-05-2023 വരെയുള്ള ഉപഭോഗത്തിന് |

*Q1, Q2, Q3, Q4 -സാമ്പത്തിക വർഷത്തിലെ പാദവർഷങ്ങൾ*

2016-2021 സർക്കാരിന്റെ കാലഘട്ടം മുതൽ നാളിതുവരെ സംസ്ഥാനത്ത് ഇന്ധന സർചാർജ് വർദ്ധനയിലൂടെ നേടിയ അധികവരുമാനം 164.32 കോടി രൂപയാണ്.

**പരമ്പരാഗത വൈദ്യുതോല്പാദനം വർദ്ധിപ്പിക്കാൻ നടപടി**

202(2552) ശ്രീ. എം. എം. മണി:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതോപയോഗം കൂടുന്നതനുസരിച്ച് വൈദ്യുതി ഉല്പാദനം വർദ്ധിക്കാത്ത സാഹചര്യത്തിൽ പുറത്തുനിന്നും വൈദ്യുതി വാങ്ങാൻ നിർബന്ധിതമായതിനാലും അതിനായി വലിയ തുക കെ.എസ്.ഇ.ബി. നൽകേണ്ടിവരുന്നതിനാലുമാണ് നിരക്ക് വർദ്ധിപ്പിക്കാൻ

കമ്പനി നിർബന്ധിതമായതെന്ന വാദം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിലിത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ?

2021-22-ലെ കണക്കുപ്രകാരം സംസ്ഥാനത്തെ മൊത്തം വൈദ്യുത ഉപഭോഗം 26838.24 MU ആണ്. ആയതിൽ ആഭ്യന്തരോല്പാദനം സർവ്വകാല റെക്കോർഡായ 10680.38 MU (39.79 ശതമാനം) ആണ്. വൈദ്യുതി ബോർഡിന്റെ പ്രതിവർഷചെലവിന്റെ (16249.35 cr) 52.5 ശതമാനവും പുറത്തുനിന്നും വൈദ്യുതി വാങ്ങുന്നതിനുവേണ്ടി വിനിയോഗിക്കുന്നു. പ്രസ്തുത ചെലവ് കുറയ്ക്കുന്നതിന് വൈദ്യുതി വാങ്ങുന്നതിനുള്ള വില കൂടിയ ഹ്രസ്വ-ദീർഘകാല കരാറുകൾ പുന:പരിശോധിക്കുന്നതിനും വില കുറഞ്ഞ പുതിയ കരാറുകളിലേർപ്പെടുന്നതിനും ശ്രമങ്ങൾ നടന്നുവരുന്നു. ആയതിന്റെ ഭാഗമായി നെയ്‌വേലി ലിഗ്നൈറ്റ് കോർപ്പറേഷന്റെ തലാബിര പിറ്റ് ഹെഡ് കൽക്കരി നിലയത്തിൽനിന്നും 3.06 രൂപയുടെ ഇൻഡിക്കേറ്റീവ് താരിഫ് പ്രകാരം 400 MW ഉം TP സൗരയുമായി 2.44 രൂപയ്ക്ക് 110 MW സൗരോർജ്ജ വൈദ്യുതിയും വാങ്ങാൻ കരാറിലേപ്പെട്ടിട്ടുണ്ട്.

സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കാനുള്ള അധികാരം വൈദ്യുതി നിയമം 2003-ലെ 45, 62,

86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാന റെഗുലേറ്ററി കമ്മീഷനിൽ പ്രത്യേക അവകാശമായി നിക്ഷിപ്തമാണ്. റെഗുലേറ്ററി കമ്മീഷൻ താരിഫ് നിർണ്ണയിക്കുന്നത്, കെ.എസ്.ഇ.ബി. ലിമിറ്റഡ് സമർപ്പിക്കുന്ന പ്രതീക്ഷിത വരവുചെലവ് കണക്കുകളെ സംബന്ധിച്ച പെറ്റീഷനെ അടിസ്ഥാനപ്പെടുത്തിയാണ്. ഇത് വൈദ്യുതി നിയമം 2003, ദേശീയ താരിഫ് നയം, 2016 കമ്മീഷൻതന്നെ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണ്ണയ ചട്ടങ്ങൾ എന്നിവപ്രകാരം വിശദമായ പരിശോധന നടത്തിയാണ് വരവുചെലവ് കണക്കുകൾ നിർണ്ണയിച്ച് റവന്യൂ കമ്മി തീരുമാനിക്കുന്നത്.

ലൈസൻസിയുടെ ചെലവിനങ്ങൾ കണക്കാക്കുമ്പോൾ വൈദ്യുതി വാങ്ങൽ ചെലവ് മാത്രമല്ല മറിച്ച് വൈദ്യുതി ഉല്പാദന ചെലവ്, പ്രസരണ ചെലവ്, ജീവനക്കാരുടെ വേതന ചെലവുകൾ (O&M Expenses), പലിശ ചെലവുകൾ പെൻഷൻ മാസ്റ്റർ ട്രസ്റ്റിലേയ്ക്കുള്ള വിഹിതം, തേയ്മാന ചിലവുകൾ (Depreciation), മുടക്കുമുതലിനുള്ള ലാഭവിഹിതം (Return on Equity) എന്നിവ കൂടി കണക്കിലെടുക്കും. ഇതിന്റെ അടിസ്ഥാനത്തിലാണ് താരിഫ് പരിഷ്കരിക്കുന്നത്. കൽക്കരി ക്ഷാമംമൂലം രാജ്യം വൻ വൈദ്യുതി പ്രതിസന്ധിയിലേയ്ക്ക് നീങ്ങുന്ന സാഹചര്യത്തിൽ വൈദ്യുതി വിതരണം

മുടങ്ങാതിരിക്കാൻ കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന പല തീരുമാനങ്ങളും വിപണിയിലെ വൈദ്യുതി വില വലിയതോതിൽ വർദ്ധിപ്പിക്കുന്നതാണ്. മാസംതോറും വൈദ്യുതി ചാർജിൽ വ്യതിയാനം വരുത്താൻ വൈദ്യുതി വിതരണ കമ്പനികൾക്ക് സംസ്ഥാന റെഗുലേറ്ററി കമ്മീഷനുകളെ മറികടന്ന് തീരുമാനമെടുക്കാൻ കഴിയുന്ന വൈദ്യുതി ചട്ട ഭേദഗതി 29-12-2022-ൽ നിലവിൽവന്നു. 16-02-23-ലെ കേന്ദ്ര റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവുപ്രകാരം യൂണിറ്റിന് പരമാവധി 50 രൂപ വരെ വില ഈടാക്കാൻ കഴിയുന്ന പുതിയ വൈദ്യുതി വിപണിയേർപ്പെടുത്താൻ തീരുമാനമെടുത്തു. ഇതിനുപുറമെ, 20-02-2023-ലെ കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം ഇറക്കുമതി കൽക്കരി ഉപയോഗിച്ച് പ്രവർത്തിക്കുന്ന മുഴുവൻ വൈദ്യുതി നിലയങ്ങളും പൂർണ്ണതോതിൽ പ്രവർത്തിക്കേണ്ടതുണ്ട്. രാജ്യത്തെ വൈദ്യുതി വിപണികളിൽ വൈദ്യുതി വില കുതിച്ചുയരുവാൻ ഈ നീക്കങ്ങളിടയാക്കും.

(ബി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം പരമ്പരാഗതവും പാരമ്പര്യേതരവുമായ സ്രോതസ്സുകളിൽനിന്നുള്ള വൈദ്യുതോല്പാദനത്തിൽ സംസ്ഥാനത്തിനുണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വെളിപ്പെടുത്താമോ?

ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പരമ്പരാഗതവും പാരമ്പര്യേതരവമായ വൈദ്യുതോല്പാദനത്തിൽ പുരോഗതിയുണ്ടായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം വൈദ്യുത ഉല്പാദനമേഖലയിൽ പരമ്പരാഗത സ്രോതസ്സുകളിൽനിന്ന് 38.5 മെഗാവാട്ട് അധികമായി കൂട്ടിച്ചേർക്കാൻ കഴിഞ്ഞു. 24 MW സ്ഥാപിതശേഷിയുള്ള പൊരിങ്ങൽക്കുത്ത് ജല വൈദ്യുത പദ്ധതി 04-05-2022-ലും 2 MW സ്ഥാപിതശേഷിയുള്ള അപ്പർ കല്ലാർ ജലവൈദ്യുത പദ്ധതി 30-09-2021-ലും കമ്മീഷൻ ചെയ്യുകയുണ്ടായി.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാരമ്പര്യേതര സ്രോതസ്സായ സോളാർ പദ്ധതിയിൽ 428 MW കപ്പാസിറ്റി കൂട്ടിച്ചേർത്തു. ഇതുകൂടാതെ കെ.എസ്.ഇ.ബി.എൽ., താരിഫധിഷ്ഠിത ബിഡിങ്ങിലൂടെ 14 MW-ന്റെ കാറ്റാടി നിലയം സ്ഥാപിക്കുന്നതിനുള്ള LoA, M/s. ഇൻകെൽ എന്ന സ്ഥാപനത്തിന് നൽകി. കഞ്ചിക്കോട് നിലവിലുള്ള 2.025 MW-ന്റെ കാറ്റാടി നിലയം 3x2 MW എന്ന സ്ഥാപിതശേഷിയിലേയ്ക്ക് ഉയർത്തുന്നതിനുള്ള ഒരു പദ്ധതിയും ആസൂത്രണം ചെയ്തുവരുന്നു. കേരളത്തിലെ ആകെ സോളാർ സ്ഥാപിതശേഷി 732 MW ആണ്. വിൻഡിന്റെ സ്ഥാപിതശേഷി നിലവിൽ 70.275 MW ആണ്.

സംസ്ഥാനത്ത് പരിസ്ഥിതി സൗഹൃദ ഊർജ്ജോല്പാദന മാർഗ്ഗമെന്ന നിലയിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാൻ വിവിധ ഇടപെടലുകളാണ് സർക്കാർ നടത്തിയിട്ടുള്ളത്. ഇ.എം.സി.-യിലെ ചെറുകിട ജലവൈദ്യുത പ്രൊമോഷൻ സെല്ലിന്റെ നേതൃത്വത്തിൽ 50.1 MW ശേഷിയുള്ള വിവിധ ചെറുകിട ജല വൈദ്യുത പദ്ധതികൾ സംസ്ഥാനത്ത് വൈദ്യുത ഉല്പാദനം സാധ്യമാക്കിയിട്ടുണ്ട്. അതിൽ 47 MW സ്വകാര്യ സംരംഭകർക്ക് അനുവദിച്ച പദ്ധതികളിൽനിന്നാണ് ഉല്പാദിപ്പിക്കുന്നത്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇ.എം.സി.-യിലെ ചെറുകിട ജലവൈദ്യുത പ്രൊമോഷൻ സെൽ മുഖേന രണ്ട് ചെറുകിട ജലവൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്.

a. ആനക്കാംപോയിൽ-8 മെഗാവാട്ട് (കോഴിക്കോട് ജില്ല)

b. അരിപ്പാറ-4.5 മെഗാവാട്ട് (കോഴിക്കോട് ജില്ല)

ഈ രണ്ട് പദ്ധതികൾ കമ്മീഷൻ ചെയ്യുകവഴി 12.5 മെഗാവാട്ട് അധിക വൈദ്യുതശേഷി കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്.

അതുകൂടാതെ ചെറുകിട ജലവൈദ്യുത പ്രൊമോഷൻ സെൽ വഴി BOOT അടിസ്ഥാനത്തിൽ സർക്കാർ അലോട്ട് ചെയ്ത പദ്ധതികളിൽ മൂന്ന് എണ്ണത്തിന്റെ (ആറ്റില I-6 MW (പാലക്കാട് ജില്ല), ആറ്റില II-6 MW (പാലക്കാട് ജില്ല), കാങ്ങാപ്പുഴ-0.75 MW (ഇടുക്കി ജില്ല) ഇംപ്ലിമെന്റേഷൻ എഗ്രിമെന്റ് ഒപ്പിട്ട് കഴിഞ്ഞിരിക്കുകയാണ്. ഈ പദ്ധതികൾ നടപ്പിലാക്കുന്നതുവഴി 12.75 മെഗാവാട്ട് സ്ഥാപിതശേഷികൂടി കൈവരിക്കുവാൻ സാധിക്കും. ഇംപ്ലിമെന്റേഷൻ എഗ്രിമെന്റ് ഒപ്പുവച്ച കമ്പനികൾ പദ്ധതിയുടെ സാങ്കേതിക-സാമ്പത്തിക പ്രായോഗികതാ റിപ്പോർട്ടുകൾ (Techno-Economic Feasibility Report)-ക്ക് അനുമതി ലഭിച്ച് 36 മാസത്തിനുള്ളിൽ പദ്ധതി കമ്മീഷൻ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. ഇതുകൂടാതെ പൈലറ്റ് അടിസ്ഥാനത്തിൽ ഹൈഡ്രോ കൈനെറ്റിക് സാങ്കേതികവിദ്യ പരീക്ഷിക്കാനും നടപടിയെടുത്തിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാരമ്പര്യേതര ഊർജമേഖലയിൽ അനെർട്ട് 6.766 MW ശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചു. സൗരോർജ്ജ ഉല്പാദനവുമായി ബന്ധപ്പെട്ട് രാജ്യത്തെ കർഷകർക്ക് നൽകുന്ന സഹായപദ്ധതിയാണ് പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM). കാർഷിക കണക്ഷനുള്ള പമ്പുകൾ

സൗരോർജ്ജവൽക്കരിക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതിയിലൂടെ ഒരു ലക്ഷം പമ്പുകൾ സൗരോർജ്ജവൽക്കരിക്കാൻ അനെർട്ട് പദ്ധതിയിടുന്നു. അതിലൂടെ പ്രതിവർഷം ഏകദേശം 570 MU അധിക ഊർജ്ജം ഉല്പാദിപ്പിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 9348 എണ്ണത്തിന്റെ സൗരോർജ്ജവൽക്കരണ പദ്ധതികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. സംസ്ഥാനത്ത് പരമ്പരാഗതവും പാരമ്പര്യേതരവുമായ വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പബ്ലിക് ചാർജിംഗ് സ്റ്റേഷനുകളിൽ 149.5 kW സൗരോർജ്ജ സംവിധാനമൊരുക്കി അതിൽനിന്നും ഓരോവർഷവും 1.794 ലക്ഷം യൂണിറ്റ് വൈദ്യുതി അധികോല്പാദനശേഷിയായി ലഭിച്ചുവരുന്നു.

(സി) പരമ്പരാഗത വൈദ്യുതോല്പാദനത്തിലൂടെ സംസ്ഥാനത്തിനാവശ്യമായ വൈദ്യുതിയുടെ എത്രശതമാനം നിലവിൽ ഉല്പാദിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

2023 ഫെബ്രുവരി 19-ാം തീയതി വരെയുള്ള കണക്കുകൾപ്രകാരം 2023 ഫെബ്രുവരി മാസത്തിലെ ശരാശരി പ്രതിദിന ആഭ്യന്തര ഉല്പാദനം 19.30 ദശലക്ഷം യൂണിറ്റാണ്. ഇതിൽ ഏകദേശം 17.6 ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് പരമ്പരാഗത സ്രോതസ്സുകളിൽ (ജലവൈദ്യുതി) നിന്നുള്ളത്.

2023 ഫെബ്രുവരി 19-ാം തീയതി വരെയുള്ള കണക്കുകൾപ്രകാരം 2023 ഫെബ്രുവരി മാസത്തിലെ സംസ്ഥാനത്തെ പ്രതിദിന ശരാശരി വൈദ്യുതി ഉപഭോഗം 78.43 ദശലക്ഷം യൂണിറ്റാണ്. മുകളിൽ പരാമർശിച്ചിട്ടുള്ള കാലയളവെടുക്കുമ്പോൾ പരമ്പരാഗത വൈദ്യുതോല്പാദനം സംസ്ഥാനത്തെ പ്രതിദിന ശരാശരി ഉപഭോഗത്തിന്റെ 22.44 ശതമാനമാണ്.

(ഡി) സംസ്ഥാനത്തെ പരമ്പരാഗത വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിനായി വൻകിട വൈദ്യുത പദ്ധതികളുടെ നവീകരണ പ്രവർത്തനങ്ങളുടെ പുരോഗതി വെളിപ്പെടുത്താമോ; ഏതെല്ലാം പദ്ധതികൾ ഇതിനകം പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടന്ന വൻകിട വൈദ്യുത പദ്ധതിയുടെ നവീകരണ പ്രവർത്തനത്തിന്റെ പുരോഗതി ചുവടെ ചേർക്കുന്നു.

**കുറ്റ്യാടി RMU പദ്ധതി (3x25 MW to 3x27.5 MW)**

പ്രസ്തുത പദ്ധതിയുടെ പുനരുദ്ധാരണ നവീകരണശേഷി വർദ്ധിപ്പിക്കലിന്റെ പ്രവൃത്തികൾ പുരോഗമിക്കുന്നു. പ്രസ്തുത പ്രവൃത്തി M/s. Bharath Heavy Electricals Ltd.-നാണ് അവാർഡ് ചെയ്തിട്ടുള്ളത്. കോൺട്രാക്ട് തുക-89.82 കോടി. മോഡൽ ടെസ്റ്റിംഗ്, റിവേഴ്സ്

എഞ്ചിനീയറിംഗ് പൂർത്തീകരിച്ചു. വിവിധ യന്ത്രഭാഗങ്ങളുടെ ടെസ്റ്റിംഗ് പുരോഗമിക്കുന്നു. സൈറ്റ് പ്രവർത്തികൾക്കാവശ്യമായ പ്രാരംഭനടപടികൾ M/s. BHEL തുടങ്ങിയിട്ടുണ്ട്. നിർമ്മാണത്തിനാവശ്യമായ യന്ത്രഭാഗങ്ങൾ സൈറ്റിലെത്തി തുടങ്ങിയിട്ടുണ്ട്.

## കെ.എസ്.ഇ.ബി.-യുടെ ആസ്തികളുടെ മൂല്യവും കടബാധ്യതയും

203(2553) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ മൊത്തം ആസ്തികളുടെ മൂല്യം എത്രയാണെന്നും എന്തെല്ലാം ആസ്തികളാണുള്ളതെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ?

2021-22-ലെ ഓഡിറ്റ് ചെയ്ത കണക്കുപ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ആകെ ആസ്തിമൂല്യം 36998.05 കോടി രൂപയാണ്. ഇനം തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു. ഫിക്സഡ് അസറ്റ് (തേയ്മാനം കഴിഞ്ഞിട്ടുള്ളത്) 30201.55 കോടി മറ്റുള്ള ആസ്തികൾ-6796.50 കോടി.

(ബി) കെ.എസ്.ഇ.ബി.-യുടെ കടബാധ്യത എത്രയാണെന്നും ഏതെല്ലാം ഇനത്തിലാണ് ബാധ്യത നിലവിലുള്ളതെന്നും വ്യക്തമാക്കുമോ?

2021-22-ലെ ഓഡിറ്റ് ചെയ്ത കണക്കുപ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ബാങ്കുകളിൽനിന്നും മറ്റു ധനകാര്യസ്ഥാപനങ്ങളിൽനിന്നുമുള്ള കടബാധ്യത 9333.27 കോടി രൂപയാണ്. ഓവർഡ്രാഫ്റ്റ്, ഹ്രസ്വകാലവായ്പ, ദീർഘകാലവായ്പ തുടങ്ങിയവയാണ് കടബാധ്യതയിലുൾപ്പെട്ടിട്ടുള്ളത്.

(സി) സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖല സ്ഥാപനങ്ങൾ, ഗാർഹിക ഉപഭോക്താക്കൾ, വൻകിട കമ്പനികൾ എന്നിവയിൽനിന്നും കെ.എസ്.ഇ.ബി.-ക്ക് പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശികയുടെ സ്ഥാപനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

31-12-2022-ലെ ക്രോഡീകരിച്ച കണക്കുപ്രകാരം നിലവിൽ വൈദ്യുതി ബോർഡിന് ആകെ 3030.53 കോടി രൂപ കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുണ്ട് (പ്രൊവിഷണൽ). 31-12-2022-വരെ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗാർഹിക ഉപഭോക്താക്കൾ തുടങ്ങിയവയുടെ വൈദ്യുതി ചാർജ് കുടിശ്ശികയുടെ കണക്കുകൾ ചുവടെ ചേർക്കുന്നു.

സംസ്ഥാന സർക്കാർ വകുപ്പുകൾ-124.14 കോടി രൂപ, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ-1440.62 കോടി രൂപ, ഗാർഹിക ഉപഭോക്താക്കൾ-272.20 കോടി രൂപ, സർക്കാർ സ്ഥാപനങ്ങൾ,

പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ വൈദ്യുതി ചാർജ് കുടിശ്ശികയുടെ സ്ഥാപനം തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ഡി) ആയത് പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്താണെന്നും പ്രസ്തുത നടപടികളിലൂടെ നാളിതുവരെയായി പിരിച്ചെടുത്ത തുക എത്രയാണെന്നും അറിയിക്കുമോ?

കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി നിലവിൽ കുടിശ്ശികയുള്ള ഉപഭോക്താക്കൾക്ക് കുടിശ്ശിക നോട്ടീസുകൾ നൽകി തുടർന്നും അടവ് വരുത്താത്ത ഉപഭോക്താക്കളുടെ വൈദ്യുതിബന്ധം വിച്ഛേദിക്കുകയും ഡിസ്മാന്റിൽ ചെയ്ത് റവന്യൂറിക്കവറി നടപടികൾ സ്വീകരിച്ച് കുടിശ്ശിക പിരിച്ചെടുക്കുകയും ചെയ്തുവരുന്നു. കൂടാതെ വൈദ്യുതി അദാലത്തുകൾ മുഖേന തർക്കങ്ങളിൽപ്പെട്ടും മറ്റും അടവാകാത്ത കുടിശ്ശികകളിന്മേൽ ഉപഭോക്താക്കളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് തീരുമാനങ്ങളിലെത്തിച്ചേരുക വഴി കുടിശ്ശിക തുകകൾ പിരിച്ചെടുക്കുവാൻ സാധിക്കുന്നുണ്ട്. ഇതുകൂടാതെ വൈദ്യുതി ബോർഡ് കാലാകാലങ്ങളിൽ നടപ്പിലാക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽകൂടി വിവിധ ജുഡീഷ്യൽ ഫോറങ്ങളിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വർഷങ്ങളായി തീർപ്പാക്കാതെ നിൽക്കുന്ന കുടിശ്ശികളിന്മേൽ തീരുമാനമാക്കാനും ആയത് വഴി കുടിശ്ശിക പിരിച്ചെടുക്കാനുള്ള ശ്രമങ്ങൾ നടത്തിവരുന്നു.

കുടിശ്ശിക വരുത്തുന്ന എച്ച്.റ്റി./ഇ.എച്ച്.റ്റി. ഉപഭോക്താക്കളെ ഫോണിലൂടെ ബന്ധപ്പെട്ടും കുടിശ്ശിക നോട്ടീസ് അയച്ചും തവണ വ്യവസ്ഥയിൽ തുക ഒടുക്കുന്നതിനുവേണ്ട സൗകര്യം ചെയ്തുകൊടുത്തും ഡിസ്കണക്ഷൻ നടത്തിയും വൺടൈം സെറ്റിൽമെന്റ് പ്രോഗ്രാം സംഘടിപ്പിച്ചും റവന്യൂ റിക്കവറി നടപടികളിലൂടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ റവന്യൂ റിക്കവറിയിലും കോടതി കേസുകളിലുമുൾപ്പെട്ടിട്ടുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിന് തുടർനടപടികളും സമയബന്ധിതമായി സ്വീകരിച്ചുവരുന്നു.

സാധാരണഗതിയിൽ വൈദ്യുതി കുടിശ്ശിക പിരിച്ചെടുക്കാൻ കുടിവെള്ള പദ്ധതികൾ തുടങ്ങിയ അത്യാവശ്യസേവനങ്ങൾ അല്ലാത്ത ഉപഭോക്താക്കളുടെയും കോടതിയിൽ വ്യവഹാരങ്ങളില്ലാത്ത ഉപഭോക്താക്കളുടേയും വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുക, കണക്ഷൻ അഴിച്ചുമാറ്റുക തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും അതിനുശേഷം

ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽനിന്നും കുടിശ്ശിക വസൂലാക്കുകയും ഇങ്ങനെ വസൂലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയും ചെയ്താണ് കെ.എസ്.ഇ.ബി.എൽ. കുടിശ്ശിക ഈടാക്കി വരുന്നത്.

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഡിസ്കണക്ഷൻ നടപടികൾ നിർത്തിവച്ചതുകാരണം വൈദ്യുതി ചാർജ്ജ് കുടിശ്ശിക ക്രമാതീതമായി വർദ്ധിച്ചതോടെ കുടിശ്ശിക വരുത്തിയ ഉപഭോക്താക്കൾക്ക് ഡിസ്കണക്ഷൻ നോട്ടീസുകൾ നൽകുകയും തുക അടയ്ക്കുവാൻ തവണകൾ അനുവദിക്കുകയും കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുകയും ചെയ്തു.

കാലാകാലങ്ങളിൽ KSERC-യുടെ അനുമതിയോടുകൂടി കുറഞ്ഞ പലിശ നിരക്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ച് ഉപഭോക്താക്കളിൽനിന്നും KSEBL കുടിശ്ശിക ഈടാക്കുവാൻ നടപടി സ്വീകരിച്ചിരുന്നു. കുടിശ്ശിക പിരിച്ചെടുക്കാനായി 21-03-2022 മുതൽ 20-05-2022-വരെ KSERC-യുടെ അനുമതിയോടുകൂടി ഒറ്റതവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നപ്പോഴുള്ള കുടിശ്ശിക തുകയിൽ നാളിതുവരെ 1120.2 കോടി എൽ.ടി. ഉപഭോക്താക്കളിൽനിന്നും 177.4 കോടി എച്ച്.ടി./ഇ.എച്ച്.ടി. ഉപഭോക്താക്കളിൽനിന്നും പിരിച്ചെടുത്തിട്ടുണ്ട്.

**മരണപ്പെട്ട കരാർ തൊഴിലാളികളുടെ കുടുംബങ്ങൾക്ക് സഹായം**

204(2554) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈദ്യുതി പോസ്റ്റുകളിൽ അറ്റകുറ്റപ്പണികൾ ചെയ്തുവരവേ വൈദ്യുതാഘാതത്താൽ മരണപ്പെട്ടിട്ടുള്ള കരാർ തൊഴിലാളികളുടെ കുടുംബങ്ങളുടെ സംരക്ഷണത്തിന് വകുപ്പ് എന്തെങ്കിലും സഹായം ചെയ്യുന്നുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

അഞ്ച് ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയുള്ള കരാർ ജോലികളേറ്റെടുത്ത് നടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമമനുസരിച്ച് താഴെപ്പറയുന്ന ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

**കരാർ തൊഴിലാളികൾക്കുള്ള മരണാനന്തര നഷ്ടപരിഹാരം**

1. പ്രായവും മാസവേതനവുമനുസരിച്ച് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമപ്രകാരം 7,50,275/- രൂപ മുതൽ 17,14,050/- രൂപവരെ വ്യവസ്ഥകൾക്ക് വിധേയമായി നഷ്ടപരിഹാരത്തിന് അർഹതയുണ്ട് (03-01-2020 മുതൽ).

2. ശവസംസ്കാര ചെലവിനായി 5,000/- രൂപയ്ക്ക് അർഹതയുണ്ട്.

അഞ്ച് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികളേറ്റെടുത്ത് നടത്തുന്ന കരാറുകാരുടെകീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമോ അപകട മരണമോ സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്തം കരാറുകാരനായിരിക്കും. അഞ്ച് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികളേറ്റെടുത്ത് നടത്തുന്ന കരാറുകാരൻ അയാളുടെ കീഴിലുള്ള തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്. അപകടമരണം സംഭവിക്കുന്ന തൊഴിലാളിയുടെ നഷ്ടപരിഹാരത്തുക 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമമനുസരിച്ച് കണക്കാക്കുകയും പ്രസ്തുത തുക ഇൻഷ്വറൻസ് ക്ലെയിം/കരാറുകാരൻ കെട്ടിവച്ചിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ്/കരാറുകാരനിൽനിന്നോ ഈടാക്കി നഷ്ടപരിഹാരം അനുവദിക്കുവാനുള്ള നടപടിക്രമങ്ങൾ പാലിച്ചുവരുന്നു.

ഇതിനുപുറമേ എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ പുറപ്പെടുവിക്കുന്ന ഉത്തരവുപ്രകാരം നഷ്ടപരിഹാരമനുവദിക്കുവാൻ കാലതാമസമുണ്ടാകുന്ന സാഹചര്യങ്ങളിൽ അപകടം സംഭവിച്ച ദിവസം മുതൽ അർഹമായ നഷ്ടപരിഹാരം നൽകുന്ന ദിവസം വരെയുള്ള കാലയളവിലേയ്ക്ക് നഷ്ടപരിഹാരത്തുകയുടെ 12 ശതമാനം പലിശയുൾപ്പെടെ ലഭിക്കുന്നതിന് മരണപ്പെടുന്നവരുടെ അനന്തരാവകാശികൾക്ക് അർഹതയുണ്ട്.

അപകടമരണം സംഭവിച്ചിട്ടുള്ള കരാർ തൊഴിലാളികൾക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിന് അർഹത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയവരുടെ ആശ്രിതർക്ക് പ്രസ്തുത നിയമപ്രകാരം നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്. രേഖകൾ ലഭ്യമാക്കിയിട്ടില്ലാത്തവരുടെ വിഷയത്തിലും വിവിധ കോടതികളിൽ കേസ് ഫയൽ നിലനിൽക്കുന്നവരുടെ കാര്യത്തിലും നഷ്ടപരിഹാരം അനുവദിക്കുന്നത് രേഖകൾ ലഭ്യമാകുന്നമുറയ്ക്കും വിധിന്യായം പുറപ്പെടുവിക്കുന്നമുറയ്ക്കും പരിഗണിക്കുന്നതാണ്.

## വൈദ്യുതി ചാർജ് വർദ്ധന

205(2555) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ ആസ്തി ബാധ്യതകൾ വ്യക്തമാക്കുമോ; ബോർഡ് നിലവിൽ ലാഭത്തിലാണോ പ്രവർത്തിക്കുന്നത്?

2021-22-ലെ ഓഡിറ്റ് ചെയ്ത കണക്കുപ്രകാരം കെ.എസ്.ഇ.ബി.എൽ.-ന്റെ മൊത്തം ആസ്തി 36998.05 കോടിയും മൊത്തം ബാധ്യത 52669.39 കോടി രൂപയുമാണ്. 2021-22-ലെ ഓഡിറ്റ് ചെയ്ത കണക്കുപ്രകാരം 736.27 കോടി രൂപയാണ് കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രവർത്തനലാഭം.

(ബി) ബോർഡിന്റെ പ്രവർത്തനനഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായാണോ വൈദ്യുതി ചാർജ്ജും സർചാർജ്ജും വർദ്ധിപ്പിച്ചതെന്ന് വ്യക്തമാക്കുമോ; ആയത് ഒഴിവാക്കി ജനങ്ങൾക്കാശ്വാസം പകരുന്ന നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രവർത്തനനഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായല്ല വൈദ്യുതിചാർജ്ജും (25-06-2022-ൽ) സർചാർജ്ജും (25-01-2023-ൽ) വർദ്ധിപ്പിച്ചത്.

കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 24-06-2022-ൽ അംഗീകരിച്ച ട്രൂയിംഗ് അപ്പ് പെറ്റീഷന്റെ ഉത്തരവുപ്രകാരം 2021 മാർച്ച് 31 വരെയുള്ള കാലയളവിൽ കമ്മീഷൻ അംഗീകരിച്ച കെ.എസ്.ഇ.ബി.എൽ.-ന്റെ സഞ്ചിതനഷ്ടം 7123.66 കോടി രൂപയാണ്. പെൻഷൻ മാസ്റ്റർ ട്രസ്റ്റ് മൂലമുള്ള സാധ്യതകൂടി കണക്കിലെടുത്താൽ സഞ്ചിതനഷ്ടം 31-03-2022-ൽ ഏകദേശം 19200.39 കോടി രൂപയാണ്. ഇതിൽ 3350 കോടി രൂപ 2022-23 മുതൽ 2026-27 വരെയുള്ള കാലയളവിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ ചെലവായി അംഗീകരിച്ച് താരിഫ് വർദ്ധനയിലൂടെ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കമ്മീഷൻ 25-06-2022-ലെ ഉത്തരവിലൂടെ 2022-23 മുതൽ 2026-27 വരെയുള്ള കാലയളവിലേയ്ക്ക് അംഗീകരിച്ച റവന്യൂ കമ്മിയുടെ വിശദാംശങ്ങൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | വർഷം | കമ്മീഷൻ അംഗീകരിച്ച റവന്യൂ കമ്മി |
|---|---|---|
| 1. | 2022-23 | 1927.20 |
| 2. | 2023-24 | 2939.09 |
| 3. | 2024-25 | 3020.30 |
| 4. | 2025-26 | 2837. 26 |
| 5. | 2026-27 | 2882.09 |

കമ്മീഷൻ 26-06-2022 മുതൽ നടപ്പാക്കിയ താരിഫ് വർദ്ധനയിലൂടെ പ്രതിവർഷം ഏകദേശം 1010.94 കോടി രൂപ നികത്തുമെന്ന് പ്രതീക്ഷിക്കുന്നു.

2022-23-ലെ ബാക്കി കമ്മി കാര്യക്ഷമത വർദ്ധിപ്പിച്ചും ഉല്പാദനക്ഷമതകൂട്ടിയും നികത്തുന്നതിനാണ് കമ്മീഷൻ അംഗീകാരം നൽകിയിട്ടുള്ളത്. കെ.എസ്.ഇ.ബി. ലിമിറ്റഡ് വിവിധ സ്രോതസ്സുകളിൽനിന്നും വൈദ്യുതി വാങ്ങുന്നതിന് ഇന്ധനവിലയിലുണ്ടാകുന്ന അധികബാധ്യതയാണ് ഇന്ധന സർചാർജായി ഈടാക്കുന്നത്. പ്രസ്തുത ഇന്ധന സർചാർജ് ഈടാക്കുന്നതിന് കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രവർത്തനനഷ്ടവുമായി ബന്ധമില്ല, മറിച്ച് ഇന്ധനവിലയിലുണ്ടാകുന്ന അധികചെലവാണ് മാനദണ്ഡമായി സ്വീകരിക്കുന്നത്.

നിലവിൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ താരിഫ് റെഗുലേഷൻ 87 പ്രകാരം ഇന്ധനവിലയിലെ വ്യതിയാനംമൂലം വൈദ്യുതി വാങ്ങൽ ചെലവിലുണ്ടാകുന്ന അധികബാധ്യത ഇന്ധന സർചാർജിനത്തിൽ വിതരണ കമ്പനികൾക്ക് ഉപഭോക്താക്കളിൽനിന്ന് ഈടാക്കുവാനും ഇന്ധന വിലയിലെ കുറവ് കാരണം വൈദ്യുതി വാങ്ങൽ വിലയിൽ കുറവുണ്ടായാൽ താരിഫിലെ ഇളവായി അനുവദിച്ച് ഉപഭോക്താക്കൾക്ക് തിരികെ

നൽകുവാനുമുള്ള വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത റെഗുലേഷൻ പ്രകാരം കെ.എസ്.ഇ.ബി.എൽ. എല്ലാ പാദ-വർഷങ്ങളുടെയും ഇന്ധന സർചാർജ് പെറ്റീഷൻ കമ്മീഷൻ മുമ്പാകെ നിർബന്ധമായും സമർപ്പിക്കേണ്ടതുണ്ട്. കെ.എസ്.ഇ.ബി.എൽ. സമർപ്പിക്കുന്ന പെറ്റീഷനിൽ വിശദമായ പരിശോധനയ്ക്കും പൊതുതെളിവെടുപ്പിനുംശേഷം കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിൽ നിശ്ചിത കാലയളവിലേയ്ക്ക് ഇന്ധന സർചാർജ് ഏർപ്പെടുത്തിവരുന്നു.

കൽക്കരിയുടെ അടിസ്ഥാന വിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ, കൽക്കരിയുടെ ഗ്രേഡിലുണ്ടാകുന്ന വ്യതിയാനങ്ങൾ, ചാർജിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ, കൽക്കരി ലഭ്യതക്കുറവ് കാരണം ഇറക്കുമതി ചെയ്ത വിലകൂടിയ കൽക്കരിയുപയോഗിക്കുന്നത് തുടങ്ങിയ കാരണങ്ങളാൽ ഇന്ധന വിലയിൽ വ്യതിയാനങ്ങൾക്ക് കാരണമാകുന്നുണ്ട്. മേൽപ്പറഞ്ഞ കാരണങ്ങളാൽ, 2022-23-ലെ ഒന്നാംപാദത്തിൽ, കമ്മീഷൻ അംഗീകരിച്ച ഇന്ധനവിലയേക്കാൾ ഇന്ധനവിലയിലുണ്ടായ വ്യതിയാനം കാരണം വൈദ്യുതി വാങ്ങൽ ചെലവിൽ 87.07 കോടി രൂപ അധികബാധ്യതയുണ്ടാവുകയും പ്രസ്തുത അധികബാധ്യത 14 പൈസ നിരക്കിൽ ഇന്ധന സർചാർജായി ഉപഭോക്താക്കളിൽനിന്ന്

ഈടാക്കുവാനുമുള്ള അപേക്ഷ കമ്മീഷൻ മുമ്പാകെ കെ.എസ്.ഇ.ബി.എൽ. 17-11-2022-ൽ സമർപ്പിച്ചിരുന്നു. ഇത് പരിഗണിച്ച് 2022-23-ലെ ഒന്നാംപാദത്തിലെ (ഏപ്രിൽ 2022 മുതൽ ജൂൺ 2022 വരെയുള്ള) ഇന്ധന സർചാർജ് ഈടാക്കാനാണ് 25-01-2023-ലെ ഉത്തരവുപ്രകാരം റെഗുലേറ്ററി കമ്മീഷൻ അനുവദിച്ചുനൽകിയിട്ടുള്ളത് (യൂണിറ്റിന് 9 പൈസ നിരക്കിൽ). 2022 ഫെബ്രുവരി ഒന്ന് മുതൽ നടപ്പാക്കുന്ന ഇന്ധന സർചാർജ് വർദ്ധനയിലൂടെ 87.07 കോടി രൂപയുടെ അധിക വരുമാനമാണ് പ്രതീക്ഷിക്കുന്നത്.

കൽക്കരി ക്ഷാമംമൂലം രാജ്യം വൻ വൈദ്യുതി പ്രതിസന്ധിയിലേയ്ക്ക് നീങ്ങുന്ന സാഹചര്യത്തിൽ വൈദ്യുതി വിതരണം മുടങ്ങാതിരിക്കാൻ കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന നടപടികൾ രാജ്യത്തെ വൈദ്യുതി നിരക്ക് ഉയർത്തുന്നതിന് കാരണമായിട്ടുണ്ട്.

മാസംതോറും വൈദ്യുതി ചാർജിൽ വ്യതിയാനം വരുത്താൻ സഹായിക്കുന്ന വൈദ്യുതി ചട്ട ഭേദഗതി 29-12-2022-ൽ നിലവിൽവന്നു. RLNG, നാഫ്ത, ഇറക്കുമതി കൽക്കരി എന്നിവ ഉപയോഗിക്കുന്ന താപവൈദ്യുതി നിലയങ്ങളിൽനിന്നുള്ള വൈദ്യുതിക്ക് യൂണിറ്റിന് പരമാവധി 50 രൂപവരെ ഏർപ്പെടുത്താൻ കഴിയുന്ന പുതിയ വൈദ്യുതി

വിപണിയാരംഭിക്കാൻ 16-02-2023-ന് കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മിഷൻ തീരുമാനമെടുത്തു. ഇറക്കുമതി കൽക്കരി ഉപയോഗിച്ച് ഉല്പാദനം നടത്തുന്ന മുഴുവൻ നിലയങ്ങളും പൂർണതോതിൽ പ്രവർത്തിക്കണമെന്ന നിർദ്ദേശം 20-02-2023-ന് കേന്ദ്ര ഊർജ്ജ മന്ത്രാലയം പുറപ്പെടുവിച്ചു. ഇത്തരം നീക്കങ്ങൾ രാജ്യത്തെ വൈദ്യുതി വിപണിയിൽ വൈദ്യുതി വില കുതിച്ചുയരുന്നതിന് ഇടയാക്കും.

സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കാനുള്ള അധികാരം വൈദ്യുതി നിയമം 2003-ലെ 45, 62, 86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാന റെഗുലേറ്ററി കമ്മീഷനിൽ പ്രത്യേക അവകാശമായി നിക്ഷിപ്തമാണ്. കേരളാ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച താരിഫ് നിർണ്ണയ ചട്ടങ്ങൾ, 2021-ലെ 85 (5) പ്രകാരം കണക്കാക്കുന്ന വൈദ്യുതിയുടെ ശരാശരി വിലയുടെ (Average Cost of Supply) അടിസ്ഥാനത്തിലാണ് വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കുന്നത്. സഞ്ചിത കമ്മി, പണപ്പെരുപ്പം, കൽക്കരി, ഫോസിൽ ഇന്ധനങ്ങൾ ഇവയിലുണ്ടായ അമിത വിലവർദ്ധന എന്നിവ താരിഫ് നിർണ്ണയത്തിൽ കണക്കിലെടുത്തിട്ടുണ്ട്.

കൂടാതെ താരിഫ് ഉത്തരവിലൂടെ അനുവദിച്ചുതന്നതും എന്നാൽ അതതു വർഷങ്ങളിൽ നികത്തപ്പെടാത്തതും തുടർന്ന് 2022-27 കാലയളവിൽ റവന്യൂ കമ്മി തീരുമാനിക്കുന്നതിന് പരിഗണിച്ചതുമായ 3350 കോടി രൂപ താരിഫ് നിർണ്ണയത്തിൽ കണക്കാക്കിയിട്ടുണ്ട്. വൈദ്യുതി വാങ്ങൽ ചെലവ് മാത്രമല്ല മറിച്ച് വൈദ്യുതി ഉല്പാദന ചെലവ്, പ്രസരണ ചെലവ്, ജീവനക്കാരുടെ വേതനചെലവുകൾ (O&M Expenses), പലിശ ചെലവുകൾ, പെൻഷൻ മാസ്റ്റർ ട്രസ്റ്റിലേയ്ക്കുള്ള വിഹിതം, തേയ്മാന ചെലവുകൾ (Depreciation), മുടക്കുമുതലിനുള്ള ലാഭവിഹിതം (Return on Equity) എന്നിവ കൂടി താരിഫ് നിർണ്ണയത്തിൽ കണക്കിലെടുത്തിട്ടുണ്ട്. കൂടാതെ കഴിഞ്ഞ കൺട്രോൾ പിരീഡ് കാലയളവിൽ (2018-2022) പണപ്പെരുപ്പംപോലുള്ള കാരണങ്ങളാൽ വർദ്ധിച്ചുവരുന്ന പ്രവൃത്തി പരിപാലന ചെലവുകൾ, അവശ്യം നടത്തപ്പെടേണ്ട പ്രവർത്തന മൂലധന നിക്ഷേപ പ്രവൃത്തികൾക്കുള്ള ചെലവുകൾ വർദ്ധിപ്പിക്കുന്നു. അതിനാൽ അവശ്യംവേണ്ട നിയമാനുസൃതമായ ചെലവുകൾ നിറവേറ്റുന്നതിനും സ്ഥാപനത്തിന്റെ സുസ്ഥിരമായ നിലനിൽപ്പിനും വേണ്ടിയാണ് താരിഫ് പരിഷ്കരണം നിർദ്ദേശിക്കാൻ കെ.എസ്.ഇ.ബി.എൽ. നിർബന്ധിതമായത്.

## വൈദ്യുതി ഉപഭോഗവും ഉല്പാദനവും

206(2556) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ശരാശരി പ്രതിദിന വൈദ്യുതി ഉപഭോഗവും വൈദ്യുതി ഉല്പാദനവും എത്ര യൂണിറ്റ് വീതമാണ്; വ്യക്തമാക്കുമോ?

2023 ഫെബ്രുവരി 19-ാം തീയതി വരെയുള്ള കണക്കുകൾപ്രകാരം 2023 ഫെബ്രുവരി മാസത്തിലെ സംസ്ഥാനത്തെ പ്രതിദിന ശരാശരി വൈദ്യുതി ഉപഭോഗം 78.43 ദശലക്ഷം യൂണിറ്റാണ്. 2023 ഫെബ്രുവരി 19-ാം തീയതി വരെയുള്ള കണക്കുകൾപ്രകാരം 2023 ഫെബ്രുവരി മാസത്തിലെ ശരാശരി ആഭ്യന്തരോല്പാദനം 19.30 ദശലക്ഷം യൂണിറ്റാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര യൂണിറ്റ് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്?

അപ്പർകല്ലാർ (2 MW)-3.133 MU

പൊരിങ്ങൽക്കുത്ത് (24 MW)-100.322 MU

ആനക്കാംപോയിൽ (8 MW)-47.368 MU

അരിപ്പാറ (4.5 MW)-18.796 MU

ഇതിനുപുറമെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 428 MW ശേഷിയുള്ള സൗരോർജ്ജനിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. അവയിൽനിന്നും പ്രതിദിനം ശരാശരി 4 യൂണിറ്റ് വൈദ്യുതി 1 KWP-യിൽനിന്നും ലഭിക്കുന്നു.

(സി) സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന പ്രധാന വൈദ്യുത പദ്ധതികൾ ഏതെല്ലാമാണ്; പ്രസ്തുത പദ്ധതികൾ വഴി എത്ര യൂണിറ്റ് വൈദ്യുതി കൂടുതൽ ഉല്പാദിപ്പിക്കാൻ കഴിയും; വിശദമാക്കാമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിനുകീഴിൽ ആകെ 209.5 MW ശേഷിയുള്ള ‘ 10’ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കികൊണ്ടിരിക്കുന്നു. വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

സംസ്ഥാനത്ത് ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

**1. പെരുവണ്ണാമൂഴി (2x3 MW)**

25-01-2021-ൽ പ്രസ്തുത പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ M/s. Kirloskar Brothers Ltd. എന്ന കമ്പനിക്ക് അവാർഡ് ചെയ്തു. ഡ്രോയിംഗ് അപ്രൂവൽ അവസാനഘട്ടത്തിലാണ്. പദ്ധതി ഈ വർഷം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു. പ്രതീക്ഷിക്കുന്ന വാർഷിക വൈദ്യുതോല്പാദനം 24.70 MU.

**2. പഴശ്ശിസാഗർ (3x2.5 MW)**

25-01-2021-ൽ പ്രസ്തുത പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ M/s. Kirloskar Brothers Ltd. എന്ന കമ്പനിക്ക് അവാർഡ് ചെയ്തു. കോൺട്രാക്ട് തുക 48.26 കോടി. ഡ്രോയിംഗ് അപ്രൂവൽ പുരോഗമിക്കുന്നു. പദ്ധതി ഈ വർഷം പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു. പ്രതീക്ഷിക്കുന്ന വാർഷിക വൈദ്യുതോല്പാദനം 25.16 MU.

**3. ഭൂതത്താൻകെട്ട് (3x8 MW)**

ഇലക്ട്രോ മെക്കാനിക്കൽ പുരോഗതി 86.61 ശതമാനം പൂർത്തീകരിച്ചു. ചൈനയിൽനിന്നും സാമഗ്രികൾ ഇറക്കുമതി ചെയ്യുന്നതിനായി അഡ്വാൻസ് തുക കോൺട്രാക്ടർക്ക് കൊടുക്കുന്നതിനായിട്ടുള്ള ഒരു ത്രികക്ഷി കരാർ KSEBL, M/s. SSEB & M/s. Hunan ഒപ്പിട്ടു. Letter of credit തുറക്കുന്നതിനുവേണ്ടിയുള്ള അനുമതി സർക്കാർ പരിശോധിച്ചുവരുന്നു. പ്രതീക്ഷിക്കുന്ന വാർഷിക വൈദ്യുതോല്പാദനം 83.5 MU.

## 4. കുറ്റ്യാടി RMU പദ്ധതി (3x25 MW to 3x27.5 MW)

പ്രസ്തുത പദ്ധതിയുടെ പുനരുദ്ധാരണ നവീകരണശേഷി വർദ്ധിപ്പിക്കലിന്റെ പ്രവൃത്തികൾ പുരോഗമിക്കുന്നു. പ്രസ്തുത പ്രവൃത്തി M/s. Bharath Heavy Electricals Ltd.-നാണ് അവാർഡ് ചെയതിട്ടുള്ളത്. അവാർഡ് തുക 89.82 കോടി. മോഡൽ ടെസ്റ്റിംഗ്, റിവേഴ്സ് എഞ്ചിനീയറിംഗ് പൂർത്തീകരിച്ചു. വിവിധ യന്ത്രഭാഗങ്ങളുടെ ടെസ്റ്റിംഗ് പുരോഗമിക്കുന്നു. സൈറ്റ് പ്രവർത്തികൾക്കാവശ്യമായ പ്രാരംഭനടപടികൾ M/s. BHEL തുടങ്ങിയിട്ടുണ്ട്. നിർമ്മാണത്തിനാവശ്യമായ യന്ത്രഭാഗങ്ങൾ സൈറ്റിലെത്തി തുടങ്ങിയിട്ടുണ്ട്.

## 5. പള്ളിവാസൽ (2x30 MW) ജലവൈദ്യുത പദ്ധതി

പ്രസ്റ്റുത പദ്ധതിയുടെ ബാക്കിയുള്ള ഇലക്ട്രോമെക്കാനിക്കൽ പ്രവൃത്തികൾക്കുള്ള വർക്ക് ഓർഡർ M/s. TVPPL-KSK-FITWELL-BOOM-REHPL Consortium-ത്തിന് 30-01-2022-ൽ നൽകി. അവാർഡ് തുക 48.56 കോടി. പദ്ധതിയുടെ പ്രവൃത്തികൾ പുരോഗമിക്കുന്നു. പദ്ധതി ഈ വർഷം പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു. പ്രതീക്ഷിക്കുന്ന വാർഷിക വൈദ്യുതോല്പാദനം 164.9 MU.

**6. തോട്ടിയാർ ജലവൈദ്യുത പദ്ധതി (1x10 MW + 1x30 MW)**

പ്രസ്തുത പദ്ധതിയുടെ പൂർത്തീകരിക്കാൻ ബാക്കിയുള്ള ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ വിഭജിച്ച് ടെണ്ടർ ചെയ്യുകയും പ്രവൃത്തികൾ നടന്നുവരികയും ചെയ്യുന്നു. പദ്ധതി ഈ വർഷം പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു. പ്രതീക്ഷിക്കുന്ന വാർഷിക വൈദ്യുതോല്പാദനം 99 MU.

**7. ചിന്നാർ ചെറുകിട ജലവൈദ്യുത പദ്ധതി (2x12 MW) Phase II**

ചിന്നാർ ജലവൈദ്യുത പദ്ധതിയുടെ Phase II (സിവിൽ & ഇലക്ട്രോ മെക്കാനിക്കൽ) പ്രവൃത്തിയുടെ കോൺട്രാക്ട് M/s. PGCCPL-Aryacon-Flovel Consortium-ത്തിന് 09-06-2022-ൽ നൽകി. പ്രസ്തുത പദ്ധതിയുടെ ഡ്രായിംഗ് അപ്രൂവൽ പുരോഗമിക്കുന്നു. പ്രതീക്ഷിക്കുന്ന വാർഷിക വൈദ്യുതോല്പാദനം 76.45 MU.

**8. ഒലീക്കൽ (2x2.5 MW) & പൂവരംതോട് (2x1.5 MW)**

പ്രസ്തുുത പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തിയുടെ ടെണ്ടർ 25-05-2022-ന് ക്ഷണിച്ചു. പ്രൈസ് ബിഡ് 30-01-2023-ൽ തുറന്നു. വർക്ക് അവാർഡ് ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ പുരോഗമിക്കുന്നു.

പ്രതീക്ഷിക്കുന്ന വാർഷിക വൈദ്യുതോല്പാദനം ഒലീക്കൽ 10.26 MU, പൂവരംതോട് 5.88 MU.

## വൈദ്യുതി കമ്പികൾ പൊട്ടി വീണുണ്ടാകുന്ന അപകടങ്ങൾ

207(2557) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈദ്യുതിക്കമ്പികൾ പൊട്ടി വീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

ലൈനുകൾ പൊട്ടി വീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി എല്ലാ എൽ.ടി. ലൈനുകളിലും 2.24 കോടി സ്പേസറുകൾ സ്ഥാപിക്കുന്ന കർമ്മ പദ്ധതി കെ.എസ്.ഇ.ബി.എൽ. ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതുവരെ 86.95 ലക്ഷം സ്പേസറുകൾ സ്ഥാപിച്ചിട്ടുണ്ട്. ശക്തി കുറഞ്ഞതും പൊട്ടിവീഴാൻ സാധ്യതയുള്ളതുമായ AAC കമ്പികൾ പൂർണ്ണമായും ഒഴിവാക്കി ACSR കമ്പികൾ സ്ഥാപിക്കുന്നതിനും പഴയ ACSR കണ്ടക്ടർ മാറ്റി പുതിയ ACSR കമ്പികൾ സ്ഥാപിക്കുന്നതിനും കെ.എസ്.ഇ.ബി.എൽ. പ്രത്യേക ശ്രദ്ധ നൽകിവരുന്നു. ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നതുവഴിയും എ.ബി.സി. കണ്ടക്ടറുപയോഗിക്കുന്നതുവഴിയും ഗാർഡിങ് നിർമ്മിക്കുന്നതുവഴിയും

കവേർഡ് കണ്ടക്ടറുകൾ ഉപയോഗിക്കുന്നതുവഴിയും ലൈനുകൾ പൊട്ടി വീണുണ്ടാകുന്ന അപകടങ്ങൾ ഒരു പരിധിവരെ ഒഴിവാക്കാവുന്നതാണ്. ഇവ സ്ഥാപിച്ചുകൊണ്ട് വൈദ്യുതിയെത്തിക്കുന്നത് താരതമ്യേന ചെലവേറിയ പദ്ധതിയായതുകൊണ്ടും ഇത്തരത്തിലുണ്ടാകുന്ന ഭീമമായ ചെലവ് വൈദ്യുതി താരിഫിൽ പ്രതിഫലിക്കുന്നതുകൊണ്ടും ഘട്ടംഘട്ടമായി പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾ നടത്താനാണ് കെ.എസ്.ഇ.ബി.എൽ. തീരുമാനിച്ചിരിക്കുന്നത്. ദ്യുതി 1, ദ്യുതി 2, RDSS പദ്ധതി എന്നിവയിൽ ഇത്തരം പ്രവൃത്തികൾക്ക് കെ.എസ്.ഇ.ബി.എൽ. പ്രാധാന്യം നൽകുന്നു.

കമ്പി പൊട്ടി വീഴുന്നതുപോലുള്ള അത്യാവശ്യഘട്ടങ്ങളിൽ പൊതുജനങ്ങൾക്ക് നേരിട്ട് വിളിച്ചറിയിക്കുന്നതിന് " 9496010101" എന്ന നമ്പറിലെ സേവനമേർപ്പെടുത്തിയിട്ടുണ്ട്.

കൂടുതൽ സെൻസിറ്റീവ് പ്രദേശങ്ങളായ സ്കൂളുകൾ, ആശുപത്രികൾ, ആരാധനാലയങ്ങൾ തുടങ്ങിയവയുടെ സമീപത്തുള്ള പ്രതിഷ്ഠാപനങ്ങളിലും തുടർന്ന് മറ്റുപ്രദേശങ്ങളിലും സ്പേസർ, ഗാർഡിംഗ് മുതലായവ സ്ഥാപിച്ചു. ബാക്കിയുള്ള സ്ഥലങ്ങളിൽ ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു.

ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിലും ഇടുങ്ങിയ പ്രദേശങ്ങളിലും 'ഏരിയൽ ബഞ്ചഡ് കണ്ടക്ടർ (എ.ബി.സി.) ഉപയോഗിക്കുന്ന വർക്കുകൾ നടന്നുവരുന്നു.

ഇതുകൂടാതെ ബോർഡ് ജീവനക്കാർതന്നെ വികസിപ്പിച്ചെടുത്ത 'Communicable Fault Pass Detector' എന്ന നൂതന സംവിധാനം വഴി 11 കെ.വി., 33 കെ.വി. വൈദ്യുത വിതരണ ലൈനുകളിലുണ്ടാകുന്ന തകരാറുകൾ പെട്ടെന്നു കണ്ടുപിടിച്ചു പരിഹരിച്ചുവരുന്നു. വൈദ്യുതി ഉപഭോക്താക്കളെയും പൊതുജനങ്ങളെയും വൈദ്യുത അപകടങ്ങളൊഴിവാക്കുന്നതിന് ജാഗരൂകരാക്കാൻ വിവിധ വാർത്താ മാധ്യമങ്ങൾ, social media, കുടുംബശ്രീ തുടങ്ങി വിവിധ മാർഗ്ഗങ്ങളിലൂടെ ജാഗ്രതാ നിർദ്ദേശങ്ങൾ പ്രചരിപ്പിച്ചുവരുന്നു.

## വർദ്ധിച്ചുവരുന്ന വൈദ്യുതി ഉപയോഗം

208(2558) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വൈദ്യുതി ഉപയോഗം നേരിടുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(ബി) കാറ്റാടി യന്ത്രങ്ങൾ, സോളാർ പാടങ്ങൾ എന്നീ മേഖലകളിൽ സ്വകാര്യനിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

(എ&ബി) പാരമ്പര്യേതര സ്രോതസ്സുകളിൽനിന്നുള്ള വൈദ്യുതി ഉല്പാദനത്തിന് പ്രോത്സാഹനം നൽകുന്ന പദ്ധതികൾ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

കെ.എസ്.ഇ.ബി.എൽ.-ന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ/ ഭൂമിയിൽ സ്ഥാപിക്കുന്ന പുരപ്പുറ സോളാർ/ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്രോജക്ടുകൾ കൂടാതെ വീടുകളുടെ പുരപ്പുറങ്ങളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്ന " സൗര" പദ്ധതി, റിസർവോയറുകളുടെ മുകളിലായി ഫ്ളോട്ടിംഗ് സോളാർ, തുടങ്ങിയ സൗരോർജ്ജ പദ്ധതികൾ കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കിവരുന്നു. കൂടാതെ വർക്ക് ഡിപ്പോസിറ്റ് അടിസ്ഥാനത്തിൽ സർക്കാർ/അർദ്ധസർക്കാർ/LSGD/മറ്റുസ്ഥാപനങ്ങൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലും സ്ഥലങ്ങളിലും സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കൽ, കാറ്റാടിയിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതിയും പുരോഗമിക്കുന്നു.

സംസ്ഥാനത്ത് പാരമ്പര്യേതര സ്രോതസ്സുകളിൽനിന്ന് വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി കേരളത്തിലെ സൗരോർജ്ജ നിലയങ്ങളുടെ ആകെ സ്ഥാപിതശേഷി നിലവിൽ 732 മെഗാവാട്ടായി വർദ്ധിച്ചിട്ടുണ്ട്. ഇതിൽ 428 മെഗാവാട്ട് ഈ സർക്കാരിന്റെ കാലയളവിലാണ് സ്ഥാപിച്ചത്. സംസ്ഥാനത്ത് 70.275 മെഗാവാട്ട് ശേഷിയുള്ള കാറ്റാടി നിലയങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ കെ.എസ്.ഇ.ബി.എൽ., താരിഫധിഷ്ഠിത ടെണ്ടർ വിളിച്ച 14 മെഗാവാട്ടിന്റെ കാറ്റാടി നിലയത്തിന്റെ LOA, Inkel എന്ന സ്ഥാപനത്തിന് നൽകിക്കഴിഞ്ഞു. കഞ്ചിക്കോട് നിലവിലുള്ള കാറ്റാടി നിലയത്തിന്റെ ശേഷി വർദ്ധിപ്പിക്കുന്ന (3x2 nos.)-തിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു.

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വൈദ്യുതി ഉപയോഗം നേരിടുന്നതിന് 10 ജലവൈദ്യുതി പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

(i) നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്ന പദ്ധതികൾ (209.5/ 645.93 Mu)

1. പള്ളിവാസൽ വിപുലീകരണ പദ്ധതി (60 MW/153.90 Mu)

2. ചിന്നാർ ചെറുകിട ജലവൈദ്യുത പദ്ധതി (24 MW/76.45 Mu)

3. ഭൂതത്താൻകെട്ട് ചെറുകിട ജലവൈദ്യുത പദ്ധതി (24MW/83.5 Mu)

4. തൊട്ടിയാർ ജലവൈദ്യുത പദ്ധതി (40 MW/99 Mu)

5. ചെങ്കുളം ഓഗ്മെന്റേഷൻ പദ്ധതി (85 Mu)

6. പെരുവണ്ണാമൂഴി (6MW/24.70 Mu)

7. പഴശ്ശിസാഗർ (7.5 MW/25.16 Mu)

8. മാങ്കുളം ജലവൈദ്യുത പദ്ധതി (40 MW, 82.08 Mu)

9. ഒലീക്കൽ ജലവൈദ്യുത പദ്ധതി (5MW/10.6Mu)

10. പൂവാരംതോട് ചെറുകിട ജലവൈദ്യുത പദ്ധതി (3MW/5.88 Mu)

11. കുറ്റ്യാടി നവീകരണം-7.5 MW

(ii) കൂടാതെ മരിപ്പുഴ (6MW, 14.84Mu) പദ്ധതി നടപ്പാക്കുന്നതിനുള്ള കരാറുകാരനെ തീരുമാനിച്ചിട്ടുണ്ട്.

(iii) അപ്പർ ചെങ്കുളം SHEP (24MW, 53.22 Mu) ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾക്കുള്ള ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

(iv) ഇടുക്കി 'സുവർണ്ണ ജൂബിലി' പദ്ധതി (800 MW/1301 Mu)-യുടെ നിർമ്മാണ പ്രവർത്തനങ്ങളാരംഭിക്കുവാനാവശ്യമായ അനുമതികൾ വിവിധ വകുപ്പുകളിൽനിന്നും ലഭ്യമാക്കുവാനുള്ള നടപടികൾ നടന്നുവരുന്നു.

(v) ശബരിഗിരി എക്സ്റ്റൻഷൻ പദ്ധതിയുടെ (300 MW/194 Mu) സാധ്യത പഠനം നടത്തുവാൻ വാപ്കോസ് എന്ന ഏജൻസിക്ക് കരാർ നൽകിയിട്ടുണ്ട്.

(vi) 149.1 MW സ്ഥാപിതശേഷിയുള്ള ജലവൈദ്യുത പദ്ധതികളുടെ സ്ഥലം ഏറ്റെടുക്കലും അനുബന്ധ പ്രവർത്തനങ്ങളും നടന്നുവരുന്നു (വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു).

(vii) കൂടാതെ, 16 ജലവൈദ്യുത പദ്ധതികളുടെ പര്യവേക്ഷണ സാധ്യത പഠനങ്ങൾ പുരോഗമിക്കുന്നു (വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു)+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(viii) ഇതിനുപുറമെ ഇടുക്കി ജില്ലയിൽ ലോവർ പെരിയാർ ജലവൈദ്യുത പദ്ധതിയുടെ ടേൽ റേസ് കൈനമാറ്റിക്സ് സാങ്കേതികവിദ്യ ഉപയോഗിച്ച് പൈലറ്റ് പദ്ധതികൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ ജലവൈദ്യുതി നിലയങ്ങളിലെ ജനറേറ്റിംഗ് യൂണിറ്റുകളുടെ പരമാവധി ലഭ്യത ഉറപ്പുവരുത്തുന്നതിനായി വാർഷിക അറ്റകുറ്റപ്പണികൾ ചുരുങ്ങിയ കാലയളവിനുള്ളിൽ സമയബന്ധിതമായി ചെയ്തുതീർക്കുകയും സാങ്കേതികപ്രശ്നങ്ങൾമൂലം ഉല്പാദനം നിർത്തിവച്ച യൂണിറ്റുകളുടെ തകരാറുകൾ അതിവേഗം പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. കാലപ്പഴക്കംചെന്ന യൂണിറ്റുകളുടെ നവീകരണ പ്രവർത്തനങ്ങൾ യഥാസമയമേറ്റെടുത്ത് കൃത്യമായി നടപ്പിലാക്കി വരുന്നതും കൂടാതെ സാധ്യമായ ജനറേറ്റിംഗ് സ്റ്റേഷനുകളിലെ യൂണിറ്റുകളുടെ ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. ഇതുമൂലം ജലലഭ്യതയുടെ പരമാവധി ഉപയോഗം ഉറപ്പുവരുത്തുന്നു.

കൂടാതെ കേരളത്തിലെ ഏറ്റവും വലിയ ജലവൈദ്യുത പദ്ധതിയായ ഇടുക്കി പവർ ഹൗസിന്റെ ഒന്നാംഘട്ട യൂണിറ്റുകളുടെ നവീകരണ പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തിയാക്കിയതിനുശേഷം ഇപ്പോൾ

രണ്ടാംഘട്ട യൂണിറ്റുകളുടെ നവീകരണത്തിനുവേണ്ടിയുള്ള പ്രാരംഭനടപടിയായ RLA പഠനത്തിനുള്ള വർക്ക് ഓർഡർ 3.89/-കോടി രൂപയ്ക്ക് M/s. MECON Ltd എന്ന കമ്പനിക്ക് നൽകിയിട്ടുണ്ട്. RLA പഠനം ഷെഡ്യൂൾ പ്രകാരം നടന്നുവരുന്നു. രണ്ടാമത്തെ വലിയ ജലവൈദ്യുത പദ്ധതിയായ ശബരിഗിരിയിലെ യൂണിറ്റ് 6-ന്റെ പുനരുദ്ധാരണ ജോലികൾ പൂർത്തീകരിക്കുകയും യൂണിറ്റ് 2-ന്റെ പുനരുദ്ധാരണ ജോലികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു. മൂന്നാമത്തെ വലിയ ജലവൈദ്യുത പദ്ധതിയായ കുറ്റ്യാടിയിലെ ഒന്നാംഘട്ട യൂണിറ്റുകളുടെ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ ഇടമലയാർ പവർ ഹൗസിലെ യൂണിറ്റുകളുടെ നവീകരണത്തിന് വേണ്ടിയുള്ള പ്രാരംഭനടപടിയായ RLA പഠനത്തിനുള്ള ടെണ്ടർ ക്ഷണിച്ചിട്ടുള്ളതുമാണ്.

വർദ്ധിച്ചുവരുന്ന വൈദ്യുതി ഉപയോഗം നേരിടുന്നതിന് തലാബിര പിറ്റ് ഹെഡ് കൽക്കരി നിലയത്തിൽനിന്നും 400 മെഗാവാട്ടും സൗരോർജ്ജ വൈദ്യുതിക്കായി സോളാർ എനർജി കോർപ്പറേഷനുമായി 300 മെഗാവാട്ടും TP sourya-യുമായി 110 മെഗാവാട്ടും കരാറിൽ കെ.എസ്.ഇ.ബി.എൽ. ഏർപ്പെട്ടിട്ടുണ്ട്. ഇവ കൂടാതെ വരുന്ന വേനൽക്കാലത്തെ അധിക ഊർജ്ജ

ആവശ്യം മുന്നിൽ കണ്ട് ഹ്രസ്വകാല കരാറിലും ബാങ്കിങ് കരാറിലും ഏർപ്പെട്ടിട്ടുണ്ട്.

ഇതിനുപുറമെ കൂടംകുളം ആണവ നിലയത്തിലെ യൂണിറ്റ് II & യൂണിറ്റ് IV നിന്നും NTPC-യുടെ നിർദിഷ്ട താൽച്ചർ താപവൈദ്യുതി നിലയം stage III-ൽനിന്നും വൈദ്യുതി വാങ്ങാൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്. ഇതുകൂടാതെ NTPC-യുടെ telengana താപവൈദ്യുതിനിലയത്തിൽനിന്നും വൈദ്യുതി വാങ്ങുന്നതിന് പ്രാരംഭ ചർച്ച നടന്നുവരുന്നു.

സംസ്ഥാനത്ത് പരിസ്ഥിതി സൗഹൃദ ഊർജ്ജോല്പാദന മാർഗ്ഗമായ ചെറുകിട ജലവൈദ്യുത പദ്ധതികൾ കൂടുതൽ നടപ്പിൽ വരുത്തുന്നതിനും നിലവിൽ അനുവദിച്ച പദ്ധതികളുടെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനുമുതകുന്ന രീതിയിൽ സംസ്ഥാന ചെറുകിട ജലവൈദ്യുത നയം പുതുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അതുകൂടാതെ സംസ്ഥാനത്ത് വൈദ്യുത ഉപയോഗം കുറയ്ക്കുന്നതിന് ഇ.എം.സി. വിവിധ ഊർജ്ജ കാര്യക്ഷമതാ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

സ്കൂൾ കെട്ടിടങ്ങളിലെ ഊർജ്ജ ഉപയോഗം കുറയ്ക്കുന്നതിനുള്ള മാതൃക ഊർജ്ജ കാര്യക്ഷമതാ സ്കൂൾ പദ്ധതി, സർക്കാർ കെട്ടിടങ്ങളിലെ ഊർജ്ജ ഉപയോഗം കുറയ്ക്കുന്നതിനുള്ള ഊർജ്ജയാൻ പദ്ധതി, സ്കൂൾ കുട്ടികളിൽ

ഊർജ്ജ സംരക്ഷണ അവബോധം കൊണ്ടുവരുന്നതിലേയ്ക്കായി സ്മാർട്ട് എനർജി പ്രോഗ്രാം, കാർഷികമേഖലയെ കേന്ദ്രീകരിച്ചുകൊണ്ട് അഗ്രികൾച്ചർ ഡിമാൻഡ് സൈഡ് മാനേജ്മെന്റ് പ്രോഗ്രാം, വ്യവസായ സ്ഥാപനങ്ങളെ കേന്ദ്രീകരിച്ച് നടത്തുന്ന ഊർജ്ജ ഓഡിറ്റുകൾ, അതുപോലെ വിവിധ ഡെമോൺസ്ട്രേഷൻ പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു.

സംസ്ഥാനത്തു വർദ്ധിച്ചുവരുന്ന വൈദ്യുതി ഉപയോഗം നേരിടുന്നതിനായി അനെർട്ട് നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. സൗരോർജ്ജത്തെ നമ്മുടെ വൈദ്യുതിയാവശ്യത്തിനായി വിനിയോഗിക്കുന്നതിനുള്ള സംവിധാനമായ സോളാർ പവർ പ്ലാന്റുകൾ വീടുകളിലും സ്ഥാപനങ്ങളിലും വ്യാപകമാക്കുന്നതിന് വേണ്ടിയുള്ള വിവിധ പദ്ധതികൾ അനെർട്ട് മുഖേന നടപ്പിലാക്കിവരുന്നു. കേന്ദ്ര നവ പുനരുപയോഗ ഊർജ്ജ മന്ത്രാലയം (എം.എൻ.ആർ.ഇ.) കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹികപുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ അനെർട്ട് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് മുൻകയ്യെടുക്കുന്നു.

2. പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് ഹരിത ഊർജ്ജ സംവിധാനങ്ങളേർപ്പെടുത്തിക്കൊണ്ട് അവരുടെ ജീവിത സാഹചര്യവും ഒപ്പം വരുമാനവും മെച്ചപ്പെടുത്തുന്നതിന് " ഹരിത ഊർജ്ജ വരുമാന പദ്ധതി" അനെർട്ട് നടപ്പിലാക്കിവരുന്നു.

3. സംസ്ഥാനത്തെ വിവിധ സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ്/കൺസൽട്ടൻസി വ്യവസ്ഥയിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനം നടപ്പിലാക്കിവരുന്നു.

4. കേന്ദ്ര നവ പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ നിർദേശപ്രകാരം സംസ്ഥാന സർക്കാർ തലസ്ഥാനനഗരമായ തിരുവനന്തപുരത്തെ സോളാർസിറ്റിയായി തെരഞ്ഞെടുത്തിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിന്റെ മുഴുവൻ വൈദ്യുതി ആവശ്യവും പുനരുപയോഗ ഊർജ്ജസ്രോതസ്സുകളിൽനിന്ന് നിറവേറ്റുകയാണ് ലക്ഷ്യം. ഇതിന്റെ ആദ്യഘട്ടമായി 100 MW ഗാർഹിക സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് കേന്ദ്ര നവ പുനരുപയോഗ ഊർജ്ജമന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം സ്മാർട്ട്സിറ്റിയുമായി സഹകരിച്ചുകൊണ്ട് കോർപ്പറേഷൻ പരിധിയിലെ

എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

5. ഗ്രിഡ് വൈദ്യുതി ലഭ്യമല്ലാത്ത വിദൂരഗ്രാമങ്ങളിൽ സോളാർ പവർ പ്ലാന്റുകളോടൊപ്പം ചെറിയ കാറ്റാടിയന്ത്രങ്ങൾകൂടി സ്ഥാപിച്ചുള്ള ഹൈബ്രിഡ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

6. റിന്യൂവബിൾ എനർജി സേവനദാതാക്കൾ മുഖേന സ്വകാര്യ പങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന റെസ്കോ (RESCO) മോഡൽ അനെർട്ട് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കാറ്റാടി യന്ത്രങ്ങളുടെ സ്ഥാപനവുമായി ബന്ധപ്പെട്ട് നിലവിൽ സ്വകാര്യ നിക്ഷേപം പ്രോൽസാഹിപ്പിച്ചുവരുന്നുണ്ട്. സ്വകാര്യഭൂമിയിൽ സ്ഥാപിക്കുന്ന കാറ്റാടിപ്പാടങ്ങൾക്ക് അപേക്ഷ പരിശോധിച്ച് അനെർട്ടിന്റെ ശിപാർശയെ തുടർന്ന് സർക്കാർ സാങ്കേതികാനുമതി നൽകിവരുന്നുണ്ട്. സോളാർ പാടങ്ങൾ സ്ഥാപിക്കുന്നതിനുള്ള സ്വകാര്യനിക്ഷേപം സ്വീകരിക്കുന്നത് അനെർട്ടിന്റെ പരിഗണനയിലാണ്.

(സി) സംസ്ഥാനത്ത് പുതിയ ചെറുകിട ജലവൈദ്യുത പ്രോജക്ടുകൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ Special Purpose Vehicle (SPV) രൂപീകരിച്ച് ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്തെ ചെറുകിട ജലവൈദ്യുത നയം സമഗ്രമായി പരിഷ്കരിച്ച് കരട് രൂപം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അന്തിമ രൂപരേഖ നിലവിൽ വരുന്നതോടുകൂടി കൂടുതൽ സംരംഭകരെ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കാൻ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. സംസ്ഥാനത്തെ ഊർജ്ജോല്പാദനശേഷി വർദ്ധിപ്പിക്കുന്നതിനും പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് എനർജി മാനേജ്മെന്റ് സെന്റർ/അനെർട്ട് എന്നീ സ്ഥാപനങ്ങളെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ചുമതലയേൽപ്പിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് പരിസ്ഥിതി സൗഹൃദ ഊർജ്ജോല്പാദന മാർഗ്ഗമെന്ന നിലയിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാൻ വിവിധ

ഇടപെടലുകളാണ് സർക്കാർ നടത്തിയിട്ടുള്ളത്. ഇ.എം.സി.-യിലെ ചെറുകിട ജലവൈദ്യുത പ്രൊമോഷൻ സെല്ലിന്റെ നേതൃത്വത്തിൽ 50.1 MW ശേഷിയുള്ള വിവിധ ചെറുകിട ജലവൈദ്യുത പദ്ധതികൾ സംസ്ഥാനത്ത് വൈദ്യുത ഉല്പാദനം സാധ്യമാക്കിയിട്ടുണ്ട്. അതിൽ 47 MW സ്വകാര്യസംരംഭകർക്ക് അനുവദിച്ച പദ്ധതികളിൽനിന്നാണ് ഉല്പാദിപ്പിക്കുന്നത്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇ.എം.സി.-യിലെ ചെറുകിട ജലവൈദ്യുത പ്രൊമോഷൻ സെൽ മുഖേന രണ്ട് ചെറുകിട ജലവൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്.

a. ആനക്കാംപോയിൽ-8 മെഗാവാട്ട് (കോഴിക്കോട് ജില്ല)

b. അരിപ്പാറ-4.5 മെഗാവാട്ട് (കോഴിക്കോട് ജില്ല)

ഈ രണ്ട് പദ്ധതികൾ കമ്മീഷൻ ചെയ്യുകവഴി 12.5 മെഗാവാട്ട് അധിക വൈദ്യുതശേഷി കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്.

അതുകൂടാതെ ചെറുകിട ജലവൈദ്യുത പ്രൊമോഷൻ സെൽ വഴി BOOT അടിസ്ഥാനത്തിൽ സർക്കാർ അലോട്ട് ചെയ്ത പദ്ധതികളിൽ മൂന്ന് എണ്ണത്തിന്റെ ആറ്റില I-6 MW (പാലക്കാട് ജില്ല), ആറ്റില II-6 MW

(പാലക്കാട് ജില്ല), കാങ്ങാപ്പുഴ-0.75 MW (ഇടുക്കി ജില്ല) ഇംപ്ലിമെന്റേഷൻ എഗ്രിമെന്റ് ഒപ്പിട്ട് കഴിഞ്ഞിരിക്കുകയാണ്. ഈ പദ്ധതികൾ നടപ്പിലാക്കുന്നത് വഴി 12.75 മെഗാവാട്ട് സ്ഥാപിതശേഷികൂടി കൈവരിക്കുവാൻ സാധിക്കും. ഇംപ്ലിമെന്റേഷൻ എഗ്രിമെന്റ് ഒപ്പുവച്ച കമ്പനികൾ പദ്ധതിയുടെ സാങ്കേതിക-സാമ്പത്തിക പ്രായോഗികതാ റിപ്പോർട്ടുകൾ (Techno-Economic Feasibility Report)-ക്ക് അനുമതി ലഭിച്ച് 36 മാസത്തിനുള്ളിൽ പദ്ധതി കമ്മീഷൻ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. ഇതുകൂടാതെ പൈലറ്റടിസ്ഥാനത്തിൽ ഹൈഡ്രോ കൈനെറ്റിക് സാങ്കേതികവിദ്യ പരീക്ഷിക്കാനും നടപടിയെടുത്തിട്ടുണ്ട്.

(ഡി) കല്ലാർ ജലവൈദ്യുത പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

ഊർജ്ജ വകുപ്പിനുകീഴിൽ എനർജി മാനേജ്മെന്റ് സെന്ററോ, കെ.എസ്.ഇ.ബി. ലിമിറ്റഡോ ഈ പദ്ധതി നടപ്പിലാക്കുന്നില്ല.

**ആർ.ഡി.എസ്.എസ്. പദ്ധതിയിലുൾപ്പെട്ട**

**കൊണ്ടോട്ടി മണ്ഡലത്തിലെ പ്രവൃത്തികൾ**

209(2559) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ റീവാംപ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം (ആർ.ഡി.എസ്.എസ്.) പദ്ധതിയിലുൾപ്പെടുത്തി കേരളത്തിൽ എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് അനുമതി ലഭിച്ചതെന്ന് വിശദമാക്കുമോ?

കേന്ദ്രാവിഷ്കൃത പദ്ധതിയായ റീവാംപഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം (ആർ.ഡി.എസ്.എസ്.) പദ്ധതിയിലുൾപ്പെടുത്തി ആദ്യഘട്ടമായി (കെ.എസ്.ഇ.ബി.എൽ. + Cochin Port Authority) 10475.03 കോടി രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്.

(ബി) ഏതെല്ലാം മേഖലയിലെ പ്രവൃത്തികൾക്കാണ് മുൻഗണനയെന്നും ഇതിനോടകം എത്ര കോടി രൂപയുടെ പ്രവൃത്തികൾക്ക് ടെണ്ടറായെന്നും വിശദമാക്കുമോ?

കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.ഡി.എസ്.എസ്. ഫേസ് 1-ൽ ഉൾപ്പെടുത്തി പ്രസരണ വിതരണ നഷ്ടം കുറയ്ക്കുന്നതിനുള്ള പ്രവൃത്തികളായ കവേർഡ് കണ്ടക്ടർ/യു.ജി. കേബിളുപയോഗിച്ചുള്ള 33 കെ.വി. ലൈനുകളുടെ റീകണ്ടക്ടറിംഗ്, സ്റ്റാൻഡേർഡൈസേഷൻ മുതലായ പ്രവൃത്തികളും കൂടാതെ കണ്ണൂരിലെയും തൃശ്ശൂരിലെയും വിവിധ സബ്സ്റ്റേഷനുകളിൽ പതിനെട്ട് എണ്ണം. 11 കെ.വി. ഫീഡറുകളിൽ സ്കാഡ/ഡി.എം.എസ്. (SCADA/DMS)

നടപ്പാക്കുന്നതിനുള്ള പ്രവൃത്തികളും പ്രസരണ വിഭാഗത്തിൽനിന്നും ടെണ്ടർ ചെയ്തിട്ടുണ്ട്. അതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ആർ.ഡി.എസ്.എസ്. ടെണ്ടർ ചെയ്ത പ്രവൃത്തിയുടെ വിശദാംശങ്ങൾ.

| ക്രമ നമ്പർ | സ്ഥലം | തുക (കോടി) |
|---|---|---|
| 1. | തിരുവനന്തപുരം | 32.70 |
| 2. | കൊട്ടാരക്കര | 25.90 |
| 3. | ആലപ്പുഴ & പത്തനംതിട്ട | 33.90 |
| 4. | ഇടുക്കി & കളമശ്ശേരി | 36.63 |
| 5. | കാസർഗോഡ് | 9.574 |
| 6. | കണ്ണൂർ | 26.524 |
| 7. | തൃശ്ശൂർ | 13.568 |
| 8. | കോഴിക്കോട് | 19.252 |
| 9. | മലപ്പുറം | 40.047 |
| 10. | സ്ക്വാഡ (കണ്ണൂർ & തൃശ്ശൂർ) | 2.795 |

വൈദ്യുതി വിതരണ-ഉപപ്രസരണ മേഖലയിലെ ഊർജ്ജനഷ്ടം കുറയ്ക്കുന്നതിനുവേണ്ടിയും പ്രീ പെയ്ഡ് സ്മാർട്ട് മീറ്റർ സ്ഥാപിക്കുക, വിദൂര നിയന്ത്രിത വിതരണ സംവിധാനം നടപ്പിലാക്കുക മുതലായ പദ്ധതികൾക്ക് മുൻഗണന നൽകി 2222.78 കോടി രൂപയുടെയും സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനായി 2400 കോടി രൂപയുടെയും പ്രവൃത്തികൾക്ക് ടെണ്ടർ നൽകികഴിഞ്ഞു.

(സി) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി മണ്ഡലത്തിൽ ഈ സ്കീമിൽ ഏതെല്ലാം പദ്ധതികൾ ടെണ്ടറായിട്ടുണ്ടെന്നും ഏതെല്ലാം പദ്ധതികളുടെ പ്രൊപ്പോസലുകൾ തയ്യാറായിട്ടുണ്ടെന്നും വിശദമാക്കുമോ?

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി മണ്ഡലത്തിൽ RDSS സ്കീമിൽ ടെണ്ടർ ചെയ്ത വർക്കുകൾ

a. 11 കെ.വി. പുതിയ ലൈൻ എ.ബി.സി. ഉപയോഗിച്ച്-18.6 കി.മീ.

b. 11 കെ.വി. പുതിയ ലൈൻ UG കേബിൾ ഉപയോഗിച്ച്-7.1 കി.മീ.

c. 11 കെ.വി. reconductoring എ.ബി.സി. ഉപയോഗിച്ച്-24.1 കിമീ.

d. 11 കെ.വി. reconductoring covered കണ്ടക്ടർ ഉപയോഗിച്ച്-8.5 കി.മീ.

e. പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നത്-27 എണ്ണം

f. പുതിയ എൽ.ടി. ലൈൻ LT എ.ബി.സി. ഉപയോഗിച്ച്-0.9 കി.മീ.

g. എൽ.ടി. reconductoring എ.ബി.സി. ഉപയോഗിച്ച്-58.409 കി.മീ.

h. എ.സി.എസ്.ആർ. കണ്ടക്ടർ OH-1.5 കി.മീ. എന്നീ വർക്കുകൾക്ക് ആകെ

തുക 14.859 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ആർ.ഡി.എസ്.എസ്. അഡീഷണൽ പ്രൊപ്പോസൽ 21-01-2023 പ്രകാരം കൊണ്ടോട്ടി മണ്ഡലത്തിൽ 74.98 കോടി രൂപയുടെ പ്രവൃത്തികൾ പ്രാഥമികഘട്ടത്തിൽ അനുമതിയ്ക്കായി തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ ഉൾപ്പെട്ടിരിക്കുന്ന പ്രവൃത്തികൾ.

1. പുതിയ 11 കെ.വി. ലൈൻ ABC ഉപയോഗിച്ച് വലിക്കൽ-4.5 കി.മീ.
2. പുതിയ 11 കെ.വി. ലൈൻ UG കേബിളുപയോഗിച്ച് വലിക്കൽ-28 കി.മീ.
3. പുതിയ 11 കെ.വി. ലൈൻ covered conductor ഉപയോഗിച്ച് വലിക്കൽ -33 കി.മീ.
4. പുതിയ ട്രാൻസ്ഫോർമറുകളുടെ സ്ഥാപിക്കൽ-34 എണ്ണം
5. കാലപ്പഴക്കംചെന്ന ട്രാൻസ്ഫോമറുകളുടെ മാറ്റിവയ്ക്കൽ-32 എണ്ണം
6. എച്ച്.റ്റി. reconductoring covered കണ്ടക്ടർ ഉപയോഗിച്ച്-127.5 കി.മീ.
7. എച്ച്.റ്റി. reconductoring ABC ഉപയോഗിച്ച്-4.5 കി.മീ.
8. പുതിയ ലൈൻ LT ABC ഉപയോഗിച്ച് വലിക്കൽ-13 കി.മീ.
9. പുതിയ LT ലൈൻ covered കണ്ടക്ടർ ഉപയോഗിച്ച് വലിക്കൽ-5 കി.മീ.
10. എൽ.ടി. reconductoring ലൈൻ LT ABC ഉപയോഗിച്ച്-150.3 കി.മീ.
11. എൽ.ടി. reconductoring covered കണ്ടക്ടർ ഉപയോഗിച്ച്-197 കി.മീ.
12. Load break switch installation-35 എണ്ണം
13. RMU installation-63 എണ്ണം
14. എൽ.റ്റി. കൺവേർഷൻ ABC ഉപയോഗിച്ച്-15 കി.മീ.
15. എൽ.റ്റി. കൺവേർഷൻ covered കണ്ടക്ടറുപയോഗിച്ച്-5 കി.മീ.
16. പ്രസരണ വിഭാഗത്തിൽ 33 കി.മീ. റീകൺക്ടറിംഗ് ജോലികളും മറ്റും- 40.047 കോടി രൂപ അടങ്കൽ തുക

## **വൈദ്യുതി ചാർജിന് ഇളവ്**

210(2560) <u>ശ്രീ. എം. നൗഷാദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ചാർജിന് ഇളവനുവദിച്ചിട്ടുള്ള വിഭാഗങ്ങൾ ഏതൊക്കെയാണ്; വിശദാംശം വെളിപ്പെടുത്താമോ?

സംസ്ഥാനത്ത്, വൈദ്യുതി ചാർജിൽ താഴെപ്പറയുന്ന ഇളവുകളാണ് ഉപഭോക്താക്കൾക്ക് നൽകിവരുന്നത്.

a) പ്രതിമാസം 30 യൂണിറ്റ് വരെ ഉപഭോഗമുള്ള 500 വാട്ട്സിൽ താഴെ കണക്റ്റഡ് ലോഡുള്ള സാമൂഹികമായും സാമ്പത്തികമായും പിന്നാക്കാവസ്ഥയിലുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് ഗവൺമെന്റ് സബ്സിഡി നൽകി വൈദ്യുതി സൗജന്യമായാണ് നൽകിവരുന്നത്.

b) പ്രതിമാസം 40 യൂണിറ്റ് വരെ ഉപഭോഗമുള്ള 1000 വാട്ട്സിൽ താഴെ കണക്റ്റഡ് ലോഡുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് വൈദ്യുതി യൂണിറ്റൊന്നിന് 1.50 രൂപാനിരക്കിൽ നൽകിവരുന്നു.

c) കൂടാതെ പ്രതിമാസം 41 മുതൽ 50 യൂണിറ്റ് വരെ ഉപഭോഗമുള്ള 1000 വാട്ട്സിൽ താഴെ കണക്റ്റഡ് ലോഡുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് ഗവൺമെന്റ് സബ്സിഡി നൽകി വൈദ്യുതി യൂണിറ്റൊന്നിന് 1.50 രൂപാ നിരക്കിൽ നൽകിവരുന്നു.

d) ജീവൻരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുന്ന രോഗികൾക്ക് ഗവൺമെന്റ് സബ്സിഡി നൽകി വൈദ്യുതി സൗജന്യമായി നൽകിവരുന്നു.

e) സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്ക് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 25-07-2012-ലെ ഉത്തരവുപ്രകാരമുള്ള താരിഫ് വർദ്ധനയിൽനിന്നും ഒഴിവാക്കാനാണ് ഗവൺമെന്റ് സബ്സിഡി നൽകി തുടങ്ങിയത്. ടി സബ്സിഡി ഇപ്പോഴും തുടരുന്നു. ഇത് പ്രതിമാസം 40 യൂണിറ്റ് വരെ യൂണിറ്റൊന്നിന് 35 പൈസയും 41 യൂണിറ്റ് മുതൽ 120 യൂണിറ്റ് വരെ യൂണിറ്റൊന്നിന് 50 പൈസയുമാണ്. പ്രതിമാസം 120 യൂണിറ്റ് വരെ ഉപഭോഗമുള്ള സിംഗിൾ ഫേസ് ഗാർഹിക ഉപഭോക്താക്കൾക്ക് 20 രൂപ ഫിക്സഡ് ചാർജ്ജിനത്തിൽ സബ്സിഡി നൽകിവരുന്നുണ്ട്.

f) ലോ ടെൻഷൻ വിഭാഗത്തിൽപ്പെടുന്ന കാർഷിക ഉപഭോക്താക്കൾക്ക് യൂണിറ്റിന് 85 പൈസാ നിരക്കിലാണ് സബ്സിഡി നൽകിവരുന്നത്.

g) 1000 വാട്സ് കണക്റ്റഡ് ലോഡുള്ള BPL കുടുംബങ്ങളിൽ ക്യാൻസർ രോഗികൾ, പോളിയോ/അപകടം എന്നിവയാൽ സ്ഥിരമായി

അംഗപരിമിതിയുള്ളവർ ഉണ്ടെങ്കിൽ 2 മാസം 200 യൂണിറ്റ് വരെ 1.50 രൂപ നിരക്കിൽ നൽകുന്നു.

h) എൻഡോസൾഫാൻ ദുരിതബാധിതർക്ക് 2 മാസം 300 യൂണിറ്റ് വരെ 1.50 രൂപ നിരക്കിൽ നൽകുന്നു. എല്ലാ വിഭാഗത്തിലുമായി ഏകദേശം 72 ലക്ഷം ഉപഭോക്താക്കൾക്ക് സബ്സിഡി ആനുകൂല്യം ലഭിക്കുന്നു.

(ബി) ആരാധനാലയങ്ങൾക്ക് വൈദ്യുതി ചാർജിനത്തിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

നിലവിൽ ആരാധനാലയങ്ങൾക്ക് LT VI (A) എന്ന താരിഫിലാണ് ബില്ലുകൾ നൽകിവരുന്നത്. ഗവൺമെന്റ് വിദ്യാലയങ്ങളും ആശുപത്രികളും ഇതേ താരിഫ് കാറ്റഗറിയിലാണ് ഉൾപ്പെട്ടിരിക്കുന്നത്. നിലവിൽ ആരാധനാലയങ്ങളിൽനിന്ന് പ്രതിമാസം കിലോവാട്ടൊന്നിന് ഫിക്സഡ് ചാർജായി 70 രൂപയും എനർജി ചാർജായി പ്രതിമാസം 500 യൂണിറ്റ് വരെ 5.80 രൂപയും 500 യൂണിറ്റിനുമുകളിൽ 6.65 രൂപയുമാണ് ഈടാക്കി വരുന്നത്. നിലവിലെ താരിഫ് ഉത്തരവുപ്രകാരം പ്രത്യേക ഇളവുകൾ ഈ വിഭാഗത്തിന് ഇല്ലെങ്കിലും വാണിജ്യവിഭാഗം ഉപഭോക്താക്കളുമായും ഗവൺമെന്റ് ഓഫീസുകളുമായും താരതമ്യപ്പെടുത്തുമ്പോൾ ആരാധനാലയങ്ങളുടെ വൈദ്യുതി ചാർജ് കുറവാണെന്ന് കാണാം.

(സി) സംസ്ഥാനത്ത് വൈദ്യുതി ചാർജിനത്തിൽ ഭീമമായ കുടിശിക വരുത്തിയിട്ടുള്ള വിവിധ സർക്കാർ സ്ഥാപനങ്ങളുടെയും പൊതുമേഖല സ്ഥാപനങ്ങളുടെയും വിശദാംശം വെളിപ്പെടുത്താമോ; ഈ കുടിശിക എഴുതിത്തള്ളാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

ഭീമമായ കുടിശ്ശികയുള്ള സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ വൈദ്യുതി ചാർജ് കുടിശ്ശികയുടെ 31-12-2022-വരെയുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+ ഈ കുടിശ്ശിക എഴുതിതള്ളുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## സ്മാർട്ട് വൈദ്യുത മീറ്റർ

211(2561) ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്മാർട്ട് വൈദ്യുത മീറ്ററുകൾ സ്വകാര്യ ഏജൻസി മുഖേന സ്ഥാപിക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) സ്മാർട്ട് വൈദ്യുത മീറ്ററുകൾ സ്വകാര്യമേഖല വഴി നടപ്പാക്കുമ്പോൾ ഉപഭോക്താവിനും കെ.എസ്.ഇ.ബി.-ക്കുമുണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

(എ & ബി) ഇല്ല.

(സി) ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ആർ.ഡി.എസ്.എസ്. പദ്ധതിയിലൂടെ പ്രീ-പെയ്ഡ് സ്മാർട്ട് മീറ്റർ ഇൻസ്റ്റലേഷൻ ടോട്ടക്സ് (മൂലധനവും പ്രവർത്തനചെലവുമുൾപ്പെടുന്ന ആകെ ചെലവ്) മോഡിൽ നടത്തണമെന്ന് കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ഇതുപ്രകാരം ഒന്നാംഘട്ടത്തിലെ ഏതാണ്ട് 37 ലക്ഷത്തോളം സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനായി ഒരു സർവ്വീസ് പ്രൊവൈഡറെ കണ്ടെത്തുന്നതിനുള്ള ടെണ്ടർ നടപടികൾ 13-02-2023-ന് ആരംഭിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് അധിക സാമ്പത്തിക ഭാരം വരുത്താതെയും RDSS പദ്ധതിയിന്മേലുള്ള കേന്ദ്ര ഗ്രാന്റ് നഷ്ടപ്പെടാതെയും എങ്ങനെ സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കാമെന്നത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ഒരു വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സമിതിയുടെ റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് ഉചിത തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## കെ.എസ്.ഇ.ബി.-യുടെ പ്രധാന പദ്ധതി പ്രവൃത്തികൾ

212(2562) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രധാന പദ്ധതി പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിൽ നിലവിൽ ആകെ 217 MW ശേഷിയുള്ള ' 10' ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന പ്രധാന പദ്ധതികളുടെ വിശദമായ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു. വിതരണരംഗം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്തുന്നതിനുമായി ദ്യുതി 2.0, വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച Revamped Distribution Sector Scheme (RDSS) എന്നീ പദ്ധതികളിലുൾപ്പെട്ട പ്രവൃത്തികളാണ് വിതരണമേഖലയിൽ KSEBL നടപ്പിലാക്കുന്നത്. ഇതുകൂടാതെ MLA, MP എന്നിവരുടെ ആസ്തിവികസന ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുപയോഗിച്ചുള്ള

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവൃത്തികൾ തുടങ്ങിയവയും വിതരണമേഖലയിൽ KSEBL നടപ്പിലാക്കിവരുന്നു.

ദ്യുതി 2 പദ്ധതിയിൽ 2022-23 സാമ്പത്തികവർഷം മുതൽ 2026-27 വരെയും RDSS പദ്ധതിയിൽ 2022-23 മുതൽ 2024-25 സാമ്പത്തികവർഷം വരെയുമുള്ള പ്രവൃത്തികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്.

കെ.എസ്.ഇ.ബി.-യുടെ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി2[+] ഉള്ളടക്കം ചെയ്തിട്ടുണ്ട്. സൗരപദ്ധതി വഴി ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിൽ സ്ഥാപിക്കുന്ന സൗരനിലയങ്ങൾ വഴിയാണ് ഇതിൽ വൈദ്യുതി ഉല്പാദിപ്പിക്കുന്നത്. നിലവിൽ ഈ പദ്ധതി വഴി 127.57 MW-ന്റെ അധിക വൈദ്യുതി ഗ്രിഡുമായി ബന്ധിപ്പിച്ചിട്ടുണ്ട്. ഇതിൽ 106.5 MW-ന്റെ വൈദ്യുതി നിലയങ്ങൾ കേന്ദ്ര സബ്സിഡിയോടുകൂടിയാണ് നടപ്പാക്കുന്നത് (MNRE). ശേഷിക്കുന്നത് KSEBL-ന്റെ മുതൽ മുടക്കിലാണ് സ്ഥാപിച്ചത് സബ്സിഡി പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ നടന്നുവരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) വൈദ്യുതി വിതരണ കമ്പനികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

വൈദ്യുതി വിതരണ കമ്പനികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഇന്റഗ്രേറ്റഡ് റേറ്റിംഗ് റിപ്പോർട്ട് ഇന്ത്യ ഗവൺമെന്റിന്റെ മിനിസ്ട്രി ഓഫ് പവർ ഡിപ്പാർട്ട്മെന്റ് എല്ലാവർഷവും പ്രസിദ്ധീകരിക്കാറുണ്ട്.

(സി) ഉജ്വൽ ഡിസ്കോം അഷ്വറൻസ് യോജന സംസ്ഥാന ഊർജ്ജ വിതരണ രംഗത്ത് എന്ത് മാറ്റമാണ് കൊണ്ടുവരികയെന്നത് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

കേന്ദ്രസർക്കാർ വൈദ്യുതി യൂട്ടിലിറ്റികൾ 2018-19-ഓടെ കൈവരിക്കേണ്ട ലക്ഷ്യങ്ങളുൾപ്പെടുത്തി വിഭാവന ചെയ്ത ഉജ്വൽ ഡിസ്കോം അഷ്വറൻസ് യോജന അഥവാ UDAY പദ്ധതിയിൽ ഓപ്പറേഷണൽ ഘടകങ്ങളും സാമ്പത്തിക ഘടകങ്ങളുമുൾപ്പെട്ടിട്ടുണ്ട്. ഇതിനായുള്ള MoU-വിൽ കേരളം ഓപ്പറേഷണൽ ഘടകങ്ങൾക്കായുള്ള ലക്ഷ്യങ്ങൾ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളു. സംസ്ഥാനത്തെ വൈദ്യുതി വിതരണരംഗം ലോകോത്തര നിലവാരത്തിലെത്തിക്കാനായി കെ.എസ്.ഇ.ബി.എൽ. വിവിധ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. UDAY പദ്ധതിയിൽ 2018-19-

ലേയ്ക്ക് ആകെ സാങ്കേതിക വാണിജ്യനഷ്ടം (AT & C loss) 11 ശതമാനമാണ് ലക്ഷ്യമിട്ടതെങ്കിലും അതിലും മെച്ചപ്പെട്ട നിലകൈവരിക്കാൻ കെ.എസ്.ഇ.ബി.എൽ.-നു സാധിച്ചു. കമ്പ്യൂട്ടർ അധിഷ്ഠിതമായ ബില്ലിംഗ് സമ്പ്രദായവും വൈദ്യുതി മോഷണം കുറയ്ക്കാൻ നടപടി സ്വീകരിച്ചതും വഴിയാണ് AT & C loss സംസ്ഥാനത്ത് കുറയ്ക്കാൻ സാധിച്ചത്. വിതരണനഷ്ടം രാജ്യത്തെതന്നെ ഏറ്റവും കുറവുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം.

കെ.എസ്.ഇ.ബി.എൽ.-നു സംസ്ഥാനത്തെ വൈദ്യുതി ശൃംഖലയിൽ കൂടി ലോഡ്ഷെഡ്ഡിംഗോ പവർകട്ടോ ഇല്ലാതെ ഇടതടവില്ലാതെ മെച്ചപ്പെട്ട വൈദ്യുതി കുറഞ്ഞ നിരക്കിൽ വിദൂര ഗ്രാമങ്ങളിൽപ്പോലും ഉപഭോക്താക്കൾക്ക് എത്തിക്കുവാൻ സാധിക്കുന്നുണ്ട്. ഇപ്രകാരം ഉദയ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ കൈവരിക്കാൻ കെ.എസ്.ഇ.ബി.എൽ.-ന്റെ തനതു പദ്ധതികൾ നടപ്പിലാക്കിയതുവഴി സാധിച്ചു.

ഇതിനുപുറമേ, കേന്ദ്രസർക്കാർ, UDAY പദ്ധതിയിൽ യൂട്ടിലിറ്റികൾ എല്ലാ ഉപഭോക്താക്കൾക്കും പ്രീപെയ്ഡ് മീറ്റർസ്ഥാപിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു. എന്നാൽ 10000 കോടി രൂപയോളം മുതൽമുടക്കുള്ള പ്രസ്തുത പ്രവൃത്തിമൂലമുണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത

കണക്കിലെടുത്ത് സംസ്ഥാനം അത് നടപ്പിലാക്കിയില്ല. ഇപ്പോൾ കേന്ദ്രസർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന RDSS പദ്ധതിയിൽ പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്ന പ്രവർത്തി ഉൾപ്പെടുത്തിയിട്ടുണ്ട് പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതോടുകൂടി AT & C loss ഇനിയും മെച്ചപ്പെടുത്തി റവന്യു മുൻകൂർ ലഭിക്കുന്നതിനും മീറ്ററിംഗ്, ബില്ലിംഗ് ക്രമങ്ങളിലുള്ള വിവിധയിനം ചെലവുകൾ കുറയ്ക്കുന്നതിനും കിട്ടാക്കടമൊഴിവാക്കുന്നതിനും സാധിക്കും. ഇപ്രകാരം ലഭിക്കുന്ന ചെലവുകളുടെ ആനുകൂല്യം ഉപഭോക്താക്കൾക്ക് താരിഫ് ഇനത്തിൽ ലഭ്യമാക്കാം.

## വൈദ്യുത മേഖലയിലെ പരിഷ്കാരങ്ങൾ

213(2563) ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുത മേഖലയിലെ വിവിധ പരിഷ്കാരങ്ങൾക്കായി കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ?

ഉണ്ട്. സൗരപദ്ധതിയായ സബ്സിഡിയിനത്തിലും നടപ്പാക്കിയ പദ്ധതികളുള്ള ഇൻസെന്റീവ് ഇനത്തിലും ലഭിച്ച തുകകളുടെ കണക്ക് ചുവടെ ചേർക്കുന്നു.

സബ്സിഡി - 1,11,29,08,500/-

ഇൻസെന്റീവ് - 9,89,69,200/-

വൈദ്യുതി മേഖലയിലെ നവീകരണത്തിനായി ആർ.ഡി.എസ്.എസ്. പദ്ധതിയിൽ ഗ്രാന്റ് തുകയുടെ ആദ്യഗഡുവായ 67.07 കോടി രൂപ കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്.

കേന്ദ്ര നവ നവീകരണ ഊർജ്ജ മന്ത്രാലയം (എം.എൻ.ആർ.ഇ.) കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷിയുള്ള ഓൺഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ അനെർട്ട് മുഖേനയാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതിക്ക് ഇതുവരെ 4.69 കോടി രൂപ കേന്ദ്ര ധനസഹായം ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികളിൽ ആദിവാസി മേഖലകളിലെ വൈദ്യുതീകരണമുൾപ്പെടുന്നുണ്ടോ?

ഉണ്ട്. 2015-16, DDUGJY-XII പ്ലാൻ സ്കീം പ്രകാരം DDG പദ്ധതിയിൽ 7 ആദിവാസി കോളനികളിലായി 294 വീടുകളിൽ സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതി ലഭ്യമാക്കി. Oruvanpady, Katchithodu, Thekkady Muppathekkar, Thekkady Allimoopan, Kuriarkutty, Anamala, Sooriyappara എന്നിവയാണ് മേൽപ്പറഞ്ഞ കോളനികൾ.

ആർ.ഡി.എസ്.എസ്. പദ്ധതിയിൽ അധികൃതുകയ്ക്കുള്ള കേന്ദ്രാനുമതിക്കായി സമർപ്പിക്കുന്ന പ്രവൃത്തികളിൽ നിർദ്ദിഷ്ടമാനദണ്ഡങ്ങൾ പാലിച്ചുള്ള ആദിവാസി കോളനികളുടെ വൈദ്യുതീകരണംകൂടി ഉൾപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിൽ ജനപ്രതിനിധികളുടെ അഭിപ്രായം തേടുമോയെന്ന് വിശദമാക്കുമോ?

ജനപ്രതിനിധികളുടെ അഭിപ്രായം തേടിയിട്ടുണ്ട്.

ജനപ്രതിനിധികളുൾപ്പെടുന്ന ഡി.ഇ.സി. (District Electricity Committee)-യിൽ ഉയർന്നുവന്ന അഭിപ്രായവും അതിനുപരി 14 ജില്ലകളിൽ നടത്തിയ വർക്ക്ഷോപ്പിൽനിന്നുമുള്ള ജനപ്രതിനിധികളുടെ അഭിപ്രായവും

ഉൾക്കൊണ്ടുകൊണ്ടാണ് ആദിവാസി മേഖലയിലെ വൈദ്യുതീകരണമുൾപ്പെടെയുള്ളവ ആർ.ഡി.എസ്.എസ്.-ൽ അധികമായി ഉൾപ്പെടുത്തി പ്രവൃത്തികൾ അന്തിമമാക്കാനുദ്ദേശിക്കുന്നത്.

## ജലവൈദ്യുത പദ്ധതികളാരംഭിക്കാൻ നടപടി

214(2564) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ. വിതരണം ചെയ്യുന്ന വൈദ്യുതിയുടെ വില വർദ്ധിപ്പിക്കേണ്ട സാഹചര്യമുണ്ടായത് എങ്ങനെയാണെന്നും യൂണിറ്റിന് എത്ര പൈസയുടെ വർദ്ധനയാണ് വരുത്തിയതെന്നും അറിയിക്കുമോ?

വൈദ്യുതി നിയമം 2003-ലെ സെക്ഷൻ 62 (4)-ൽ, ഇന്ധന വിലയിലെ ഏറ്റക്കുറച്ചിലുകൾ കാരണം വൈദ്യുതി വിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ ഇന്ധന സർചാർജ്ജിലൂടെ ഈടാക്കാൻ വ്യവസ്ഥകളുൾക്കൊള്ളിച്ചിട്ടുണ്ട്. വൈദ്യുതി നിയമം 2003-ലെ സെക്ഷൻ 62 (4) പ്രകാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 08-01-2010-ൽ ഇന്ധന സർചാർജ്ജ് റെഗുലേഷൻ പുറപ്പെടുവിക്കുകയും പിന്നീടുള്ള താരിഫ് റെഗുലേഷനുകളിൽ പ്രസ്തുത ചട്ടം ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നിലവിൽ സംസ്ഥാന വൈദ്യുതി

റെഗുലേറ്ററി കമ്മീഷന്റെ താരിഫ് റെഗുലേഷൻ 87 പ്രകാരം താപനിലയങ്ങളിൽ ഇന്ധനവിലയിലെ വ്യതിയാനംമൂലം വൈദ്യുതി വാങ്ങൽ ചെലവിലുണ്ടാകുന്ന അധിക ബാധ്യത ഇന്ധന സർചാർജ്ജിനത്തിൽ വിതരണ കമ്പനികൾക്ക് ഉപഭോക്താക്കളിൽനിന്ന് ഈടാക്കുവാനും ഇന്ധന വിലയിലെ കുറവ് കാരണം വൈദ്യുതി വാങ്ങൽ വിലയിൽ കുറവുണ്ടായാൽ താരിഫിലെ ഇളവായി അനുവദിച്ച് ഉപഭോക്താക്കൾക്ക് തിരികെ നൽകുവാനുമുള്ള വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പ്രസ്തുത റെഗുലേഷൻ പ്രകാരം കെ.എസ്.ഇ.ബി.എൽ. എല്ലാ പാദവർഷങ്ങളുടെയും ഇന്ധന സർചാർജ് പെറ്റീഷൻ കമ്മീഷൻ മുമ്പാകെ നിർബന്ധമായും സമർപ്പിക്കേണ്ടതുണ്ട്. കെ.എസ്.ഇ.ബി.എൽ. സമർപ്പിക്കുന്ന പെറ്റീഷനിൽ വിശദമായ പരിശോധനയ്ക്കും പൊതുതെളിവെടുപ്പിനുംശേഷം കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിൽ നിശ്ചിതകാലയളവിലേയ്ക്ക് ഇന്ധന സർചാർജ് ഏർപ്പെടുത്തിവരുന്നു.

കൽക്കരിയുടെ അടിസ്ഥാനവിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ, കൽക്കരിയുടെ ഗ്രേഡിലുണ്ടാകുന്ന വ്യതിയാനങ്ങൾ, ചാർജിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ, കൽക്കരി ലഭ്യതക്കുറവ് കാരണം ഇറക്കുമതി ചെയ്ത

വിലകൂടിയ കൽക്കരിയുപയോഗിക്കുന്നത് (blending) തുടങ്ങിയ കാരണങ്ങളാൽ ഇന്ധന വിലയിൽ വ്യതിയാനങ്ങൾക്ക് കാരണമാകുന്നുണ്ട്.

കേന്ദ്ര ഊർജ്ജമന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം വൈദ്യുതി ഉല്പാദനത്തിന് ഇറക്കുമതി ചെയ്ത കൽക്കരി ഉപയോഗിച്ചതുമൂലം വൈദ്യുതിയുടെ എനർജി ചാർജിൽ വർദ്ധനയുണ്ടായിട്ടുണ്ട്. 2022-23 ആദ്യപാദങ്ങളിൽ ഇന്ത്യയിലുണ്ടായ കൽക്കരി ക്ഷാമംമൂലം വൈദ്യുതി വാങ്ങൽ ചെലവ് വലിയ തോതിൽ വർദ്ധിച്ചിരുന്നു. ഈ വർഷം വൈദ്യുതി ആവശ്യകതയിൽവന്ന ഗണ്യമായ വർദ്ധന ആഭ്യന്തര കൽക്കരി ശേഖരത്തെ അപകടമാംവിധം ബാധിക്കുകയും ഇത് താപവൈദ്യുതി ഉല്പാദന നിലയങ്ങളെ പ്രതിസന്ധിയിൽ ആക്കുകയും ചെയ്തു. അധിക വൈദ്യുതി ആവശ്യകതയ്ക്ക് അനുസരിച്ച് ഉല്പാദനം നടത്തുന്നതിനുള്ള ആഭ്യന്തര കൽക്കരി ലഭ്യമാകാത്തതിനാൽ അത് മറികടക്കാനായി കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ 28-04-2022-ലെ നിർദ്ദേശപ്രകാരം 10 ശതമാനം ഇറക്കുമതി ചെയ്ത കൽക്കരി (blending) ഉപയോഗിക്കാൻ ഉല്പാദകർക്ക് അനുമതി ലഭിച്ചിരുന്നു. കൽക്കരി ലഭ്യതയിൽ പുരോഗതി ഉണ്ടാവാത്തതിനാൽ കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം സെൻട്രൽ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ 26-07-2022-ലെ

ഉത്തരവുപ്രകാരം ഇറക്കുമതി ചെയ്ത കൽക്കരി 20 ശതമാനം വരെ ഉപയോഗിക്കാൻ 31-10-2022-വരെ ഉല്പാദകർക്ക് അനുവാദം നൽകുകയും കൂടാതെ എനർജി ചാർജ് വർദ്ധന പരിമിതപ്പെടുത്താൻ വിതരണ കമ്പനികൾക്ക് അവകാശം നൽകുന്ന CERC റെഗുലേഷൻ 43 (3) മരവിപ്പിക്കുകയും ചെയ്തു. "*റെഗുലേഷൻ 43 (3) പ്രകാരം നിഷ്കർഷിച്ചിരിക്കുന്ന ഇന്ധനമല്ലാതെ ഏതു ബദൽ ഇന്ധനം ഉപയോഗിക്കുകയാണെങ്കിലും എനർജി ചാർജ് ബേസ് എനർജി ചാർജിനേക്കാൾ 30 ശതമാനമോ പോയ മാസത്തിലെ എനർജി ചാർജിനെക്കാൾ 20 ശതമാനമോ ഉള്ള വർദ്ധനയിൽ ഏതാണ് കുറവ് എന്നതിൽ പരിമിതപ്പെടുത്തുന്നു".* എന്നാൽ ഈ റെഗുലേഷനാണ് പ്രസ്തുത കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ നിർദ്ദേശത്തിലൂടെ താൽക്കാലികമായി മരവിപ്പിച്ചത്. ഇതിന്റെ ഫലമായി വൈദ്യുതി ഉല്പാദന നിലയങ്ങൾ വിലകൂടിയ ഇറക്കുമതി ചെയ്ത കൽക്കരി ഉപയോഗിക്കുകയും തൽഫലമായി എനർജി ചാർജ് കൂടി വരുന്ന സാഹചര്യമുണ്ടാകുകയും ചെയ്തു. ഓരോമാസവും വൈദ്യുതി വാങ്ങൽ ചെലവിൽ വന്ന അധിക ചെലവ് അതത് മാസം തന്നെ കെ.എസ്.ഇ.ബി.എൽ. ഈ താപനിലയങ്ങൾക്ക് നൽകിയിട്ടുണ്ട്.

അപ്രകാരം, 2022-23-ലെ ഒന്നാം പാദത്തിൽ, ഇന്ധനവിലയിലുണ്ടായ വ്യതിയാനം കാരണം വൈദ്യുതി വാങ്ങൽ ചിലവിൽ 87.07 കോടി രൂപ അധിക ബാധ്യതയുണ്ടാവുകയും പ്രസ്തുത അധികബാധ്യത സംസ്ഥാനത്തെ മുഴുവൻ ഉപഭോക്താക്കളിൽനിന്നും യൂണിറ്റൊന്നിന് 9 പൈസ നിരക്കിൽ 2023 ഫെബ്രുവരി 01 മുതൽ നാലുമാസത്തെ ഉപഭോഗത്തിൽനിന്നും ഇന്ധന സർചാർജ്ജിനത്തിൽ ഈടാക്കുന്നതിന് കമ്മീഷൻ അനുമതി നൽകിയിരുന്നു.

(ബി) എത്ര കാലത്തേയ്ക്കാണ് ഈ സർചാർജ് ഉപഭോക്താവ് അടയ്ക്കേണ്ടി വരികയെന്ന് അറിയിക്കുമോ?

സംസ്ഥാനത്തെ മുഴുവൻ ഉപഭോക്താക്കളിൽനിന്നും യൂണിറ്റൊന്നിന് 9 പൈസ നിരക്കിൽ 2023 ഫെബ്രുവരി 01 മുതൽ നാല് മാസത്തെ ഉപഭോഗത്തിൽനിന്നും ഇന്ധന സർചാർജിനത്തിൽ ഈടാക്കുന്നതിനാണ് അനുമതി നൽകിയിരിക്കുന്നത്.

(സി) ചെലവുകുറഞ്ഞ വൈദ്യുതിയായ ജലവൈദ്യുതിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള ജലവൈദ്യുത പദ്ധതികളിൽ എന്തെങ്കിലും നവീകരണം ആരംഭിച്ചിട്ടുണ്ടോ; പുതിയ ജലവൈദ്യുത പദ്ധതികൾ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ?

ചെങ്കുളം പദ്ധതിയുടെ പെൻസ്റ്റോക്ക് പൈപ്പ് പുതുക്കി പണിയുന്നത് 60 ശതമാനം പുരോഗമിക്കുന്നു. പുതിയതായി ജലവൈദ്യുത പദ്ധതികളാരംഭിക്കുന്നതിനുള്ള നടപടികൾ ആവിഷ്കരിച്ചുകൊണ്ടിരിക്കുന്നു.

നിലവിലുള്ള ജലവൈദ്യുത പദ്ധതികളിൽ നവീകരണം നടത്തുന്ന പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

**കുറ്റ്യാടി RMU പദ്ധതി (3x25 MW to 3x27.5 MW)**

പ്രസ്തുത പദ്ധതിയുടെ പുനരുദ്ധാരണ നവീകരണശേഷി വർദ്ധിപ്പിക്കലിന്റെ പ്രവൃത്തികൾ പുരോഗമിക്കുന്നു. പ്രസ്തുത പ്രവൃത്തി M/s. Bharath Heavy Electricals Ltd.-നാണ് അവാർഡ് ചെയ്തിട്ടുള്ളത്. കോൺട്രാക്ട് തുക 89.82 കോടി. മോഡൽ ടെസ്റ്റിംഗ്, റിവേഴ്സ് എഞ്ചിനീയറിംഗ് പൂർത്തീകരിച്ചു. വിവിധ യന്ത്രഭാഗങ്ങളുടെ ടെസ്റ്റിങ്ങ് പുരോഗമിക്കുന്നു. സൈറ്റ് പ്രവൃത്തികൾക്കാവശ്യമായ പ്രാരംഭനടപടികൾ M/s. BHEL തുടങ്ങിയിട്ടുണ്ട്. നിർമ്മാണത്തിനാവശ്യമായ യന്ത്രഭാഗങ്ങൾ സൈറ്റിലെത്തി തുടങ്ങിയിട്ടുണ്ട്.

സംസ്ഥാനത്ത് പരിസ്ഥിതി സൗഹൃദ ഊർജ്ജോല്പാദന മാർഗ്ഗമെന്ന നിലയിൽ ജലവൈദ്യുത പദ്ധതികളിലെ നിർമ്മാണ ചെലവ്

കുറയ്ക്കുന്നതിനുള്ള മാർഗ്ഗങ്ങൾ പഠിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ.-ലെ ഉദ്യോഗസ്ഥരെ എനർജി മാനേജ്മെന്റ് സെന്റർ (EMC)-ന്റെ നേതൃത്വത്തിൽ IIT റൂർക്കിയിൽ പരിശീലിപ്പിക്കുകയും ചെലവ് ചുരുക്കലിലൂടെ കൂടുതൽ ജലവൈദ്യുതി സംസ്ഥാനത്ത് കൊണ്ടുവരാനുദ്ദേശിക്കുന്നു.

(ഡി) നിലവിലുള്ള ജലവൈദ്യുത പദ്ധതികളിലെ പുറത്തുകളയുന്ന ജലം ഉപയോഗപ്പെടുത്തി പുതിയ പദ്ധതികളാരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

വൈദ്യുത ബോർഡിന്റെ ഡാമുകളിൽനിന്നും പുറന്തള്ളുന്ന വെള്ളം വീണ്ടും പമ്പു ചെയ്ത് വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി സാധ്യതാ പഠനങ്ങൾ നടത്തിയിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.

(എ) ഇടുക്കി പമ്പ്ഡ് സ്കീം

(ബി) പള്ളിവാസൽ പമ്പ്ഡ് സ്കീം

(സി) കുറ്റ്യാടി/കക്കയം പമ്പ്ഡ് സ്കീം

(ഡി) ഇടമലയാർ പമ്പ്ഡ് സ്കീം

പൊരിങ്ങൽക്കുത്ത് ജലവൈദ്യുത നിലയത്തിൽനിന്നും പുറന്തള്ളുന്ന വെള്ളം ഒരു സ്റ്റ ടർബൈൻ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാൻ നടപടികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

നിലവിലുള്ള ജലവൈദ്യുത പദ്ധതികളിൽനിന്നും പുറത്ത് കളയുന്ന ജലമുപയോഗപ്പെടുത്തി വൈദ്യുതി ഉല്പാദനം നടത്തുന്നതിന്റെ ഭാഗമായി ലോവർ പെരിയാർ, കക്കാട്, ഇടുക്കി എന്നീ നിലയങ്ങളുടെ ടെയിൽറേസിൽ മൈക്രോ ടർബൈൻ സ്ഥാപിച്ചുകൊണ്ട് വൈദ്യുതോല്പാദനം നടത്തുന്നതിനുള്ള അനുമതി കെ.എസ്.ഇ.ബി.എൽ.-ന്റെ ഉത്തരവുപ്രകാരം ഇ.എം.സി.-ക്ക് നൽകിയിട്ടുണ്ട്.

പരിസ്ഥിതിക്കനുയോജ്യമാകുന്ന രീതിയിൽ ജലസേചന കനാലുകളിൽ ഹൈഡ്രോ കൈനറ്റിക്ക് സാങ്കേതികവിദ്യയുടെ സഹായത്തോടെ വൈദ്യുതി ഉല്പാദനം സാധ്യമാക്കുവാനായി ഇ.എം.സി. വഴി പൈലറ്റ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.

ഇതിന്റെ ഭാഗമായി മൂലത്തറ ഇറിഗേഷൻ കനാലിൽ ഹൈഡ്രോ കൈനറ്റിക് സാങ്കേതികവിദ്യ പരീക്ഷിക്കുന്നതിനുള്ള വർക്ക്ഓർഡർ ഇ.എം.സി. നൽകിക്കഴിഞ്ഞു. പ്രസ്തുത പദ്ധതിയുടെ ഡിസൈൻ നടപടികൾ നിലവിൽ പൂർത്തിയായി ടർബൈൻ നിർമ്മാണത്തിന്റെ

പ്രാരംഭഘട്ടത്തിലാണ്. 2023 ഏപ്രിൽ മാസത്തോടുകൂടി പദ്ധതി നിർമ്മാണമാരംഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## ദ്യുതി പദ്ധതി

215(2565) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണ മേഖലയെ ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

സംസ്ഥാനത്തെ വൈദ്യുതി വിതരണമേഖലയെ ലോകോത്തരമാക്കുകയെന്ന ലക്ഷ്യത്തോടെ വിതരണശൃംഖലയുടെ മെച്ചപ്പെടുത്തലിനും വികസനത്തിനുമായി 2018 മുതൽ 2022-വരെ നടപ്പിലാക്കിയിരുന്ന പദ്ധതിയാണ് ദ്യുതി-1. ദ്യുതി-1 പദ്ധതിയിലുൾപ്പെടുത്തി പ്രധാനമായും 4139 കി.മീ. 11 കെ.വി. OH ലൈനും 1127 കി.മീ. 11 കെ.വി. ABC ലൈനും 582 കി.മീ. ഭൂഗർഭകേബിളുകളും 41.3 കി.മീ. കവേർഡ് കണ്ടക്ടറുകളുപയോഗിച്ചുള്ള ലൈനും 3633 കി.മീ. LT ലൈനും പുതുതായി നിർമിക്കുകയും അപ്ഗ്രഡേഷനുൾപ്പെടെ 6546 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 75249 km എൽ.ടി. ലൈനും 2684 km 11 കെ.വി. OH

ലൈനും റീ കണ്ടക്ടറിങ് നടത്തുകയും 6200 കി.മീ. എൽ.ടി. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിൽ ഇതുവരെ 3416 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുണ്ട്.

വിതരണരംഗം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്താനുമായി ദ്യുതി 2.0 (2022-23 സാമ്പത്തികവർഷം മുതൽ 2026-27-വരെ) വിതരണശൃംഖല ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച Revamped Distribution Sector Scheme (RDSS) എന്നീ പദ്ധതികളാണ് വൈദ്യുതി വിതരണ ശൃംഖലയെ ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് ഇനി കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. ദ്യുതി 2.0-ൽ 4016.10 കോടി രൂപയുടെ പദ്ധതി രൂപരേഖ കെ.എസ്.ഇ.ബി.എൽ. തയ്യാറാക്കുകയും പ്രവൃത്തികളാരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ദ്യുതി പദ്ധതി പ്രകാരം വിതരണമേഖലയിൽ ഈ സർക്കാർ നടപ്പിലാക്കിയ പ്രവൃത്തികൾ അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദ്യുതി 1 പദ്ധതിയിലുൾപ്പെടുത്തി പ്രധാനമായും 2207 കി.മീ. 11 കെ.വി. OH ലൈനും

721 കി.മി. 11 കെ.വി. ABC ലൈനും 420 കി.മീ. ഭൂഗർഭ കേബിളുകളും 26 കി.മീ. കവേർഡ് കണ്ടക്ടറുകൾ ഉപയോഗിച്ചുള്ള ലൈനും 2080 കി.മീ. LT ലൈനും പുതുതായി നിർമിക്കുകയും അപ്ഗ്രഡേഷനൾപ്പെടെ 2660 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 32628 km എൽ.ടി. ലൈനും 1468 km 11 കെ.വി. OH ലൈനും റീ കണ്ടക്ടറിങ് നടത്തുകയും 2115 കി.മീ. എൽ.ടി. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദ്യുതി 1 പദ്ധതിയിൽ മാത്രം 1180.26 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു.

## മറിപ്പുഴ ജലവൈദ്യുത പദ്ധതി

216(2566) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറിപ്പുഴ ജലവൈദ്യുത പദ്ധതിയുടെ പ്രവൃത്തിക്ക് കാലതാമസം നേരിടുന്നത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ?

മറിപ്പുഴ ജലവൈദ്യുത പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. സ്വകാര്യവ്യക്തികളിൽനിന്നും (3 പ്ലോട്ട് ഒഴികെ) മുഴുവൻ സ്ഥലവും ഏറ്റെടുത്തു കഴിഞ്ഞു. മേൽപ്പറഞ്ഞ 3 പ്ലോട്ടിൽ 2 പ്ലോട്ട് LARR ആക്ട് പ്രകാരം

ഏറ്റെടുക്കുന്നതിന് തീരുമാനമായി. പട്ടികവർഗ്ഗക്കാരിൽനിന്നും ഏറ്റെടുക്കേണ്ടതായ ഭൂമി LARR ആക്ട് പ്രകാരം ഏറ്റെടുക്കുവാൻ അപേക്ഷ സമർപ്പിച്ചു. ഫോറസ്റ്റ് ഭൂമി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഭൂമി ലഭ്യമായാൽ ഉടൻതന്നെ നിർമ്മാണപ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

**ഭൂതത്താൻകെട്ട് മിനി ജല വൈദ്യുത പദ്ധതി**

217(2567) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂതത്താൻകെട്ട് മിനി ജലവൈദ്യുത പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ഭൂതത്താൻകെട്ട് ചെറുകിട ജലവൈദ്യുത പദ്ധതിയുടെ സിവിൽ ജോലികൾ 94.06 ശതമാനവും ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ 86.61 ശതമാനവും പൂർത്തീകരിച്ചു.

(ബി) പ്രസ്തുത പദ്ധതിയിലൂടെ എത്ര മെഗാവാട്ട് വൈദ്യുതിയുടെ ഉല്പാദനമാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ?

പ്രസ്തുത പദ്ധതിയിൽനിന്ന് 8 മെഗാവാട്ടിന്റെ 3 യന്ത്രങ്ങളുപയോഗിച്ച് 24 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്.

(സി) പ്രസ്തുത പദ്ധതിയുടെ സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ പ്രവൃത്തികൾ പൂർത്തിയായോയെന്നും പൂർത്തീകരിക്കാത്ത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(സി&ഡി) പ്രസ്തുത പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ 2023 ഡിസംബർ മാസത്തോടെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പ്രസ്തുത പദ്ധതി 2023 ഡിസംബർ മാസത്തോടെ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**പുതിയ ചെറുകിട ജല വൈദ്യുത പദ്ധതികൾ**

218(2568) ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ചെറുകിട ജല വൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; വിശദീകരിക്കാമോ?

6 ചെറുകിട ജല വൈദ്യുത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്ന ചെറുകിട പദ്ധതികൾ</u>

<u>(69.5/226.29)</u>

1. ചിന്നാർ ജലവൈദ്യുത പദ്ധതി (24 MW/76.45 Mu)
2. ഭൂതത്താൻകെട്ട് ചെറുകിട ജലവൈദ്യുത പദ്ധതി (24MW/83.5Mu)
3. പെരുവണ്ണാമുഴി (6MW/24.70 Mu)
4. പഴശ്ശിസാഗർ (7.5 MW/25.16 Mu)
5. ഒലീക്കൽ ജലവൈദ്യുത പദ്ധതി (5MW/10.6Mu)
6. പൂവാരംതോട് ചെറുകിട ജലവൈദ്യുത പദ്ധതി (3MW/5.88 Mu)

കൂടാതെ മരിപ്പുഴ (6MW, 14.84Mu) പദ്ധതി നടപ്പാക്കുന്നതിനുള്ള കരാറുകാരനെ തീരുമാനിച്ചിട്ടുണ്ട്.

അപ്പർ ചെങ്കുളം SHEP (24MW, 53.22 Mu) ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. തുടർനടപടികൾ നടന്നുവരുന്നു.

149.10 MW സ്ഥാപിതശേഷിയുള്ള ചെറുകിട ജലവൈദ്യുത പദ്ധതികളുടെ സ്ഥലമെറ്റെടുക്കലും അനുബന്ധപ്രവർത്തനങ്ങളും കെ.എസ്.ഇ.ബി.എൽ.-ന്റെയും ഇ.എം.സി.-യുടെയും നേതൃത്വത്തിൽ നടന്നുവരുന്നു (വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു).+

നിരവധി ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണവും പര്യവേക്ഷണങ്ങളും സാധ്യതാ പഠനങ്ങളും നടത്തിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രണ്ട് ചെറുകിട ജലവൈദ്യുത പദ്ധതികൾ കെ.എസ്.ഇ.ബി.എൽ. പൂർത്തിയാക്കിയിട്ടുണ്ട്.

1. അപ്പർകല്ലാർ 2 മെഗാവാട്ട് (ഇടുക്കി ജില്ല)
2. പൊരിങ്ങൽകുത്ത് 24 മെഗാവാട്ട് (തൃശ്ശൂർ ജില്ല)

സംസ്ഥാനത്ത് പരിസ്ഥിതി സൗഹൃദ ഊർജ്ജോല്പാദന മാർഗ്ഗമെന്ന നിലയിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാൻ വിവിധ ഇടപെടലുകളാണ് സർക്കാർ നടത്തിയിട്ടുള്ളത്. ഇ.എം.സി.-യിലെ ചെറുകിട

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ജലവൈദ്യുത പ്രൊമോഷൻ സെല്ലിന്റെ നേതൃത്വത്തിൽ 50.1 MW ശേഷിയുള്ള വിവിധ ചെറുകിട ജലവൈദ്യുത പദ്ധതികൾ സംസ്ഥാനത്ത് വൈദ്യുത ഉല്പാദനം സാധ്യമാക്കിയിട്ടുണ്ട്. അതിൽ 47 MW ശേഷി സ്വകാര്യസംരംഭകർക്ക് അനുവദിച്ച പദ്ധതികളിൽ വഴിയാണ് നടപ്പിലായത്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇ.എം.സി.-യിലെ ചെറുകിട ജലവൈദ്യുത പ്രൊമോഷൻ സെൽ മുഖേന രണ്ട് ചെറുകിട ജലവൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്.

a. ആനക്കാംപോയിൽ-8 മെഗാവാട്ട് (കോഴിക്കോട് ജില്ല)

b. അരിപ്പാറ-4.5 മെഗാവാട്ട് (കോഴിക്കോട് ജില്ല)

ഈ രണ്ട് പദ്ധതികൾ കമ്മീഷൻ ചെയ്യുക വഴി 12.5 മെഗാവാട്ട് അധിക വൈദ്യുതശേഷി കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്.

അതുകൂടാതെ ചെറുകിട ജലവൈദ്യുത പ്രൊമോഷൻ സെൽ വഴി BOOT അടിസ്ഥാനത്തിൽ സർക്കാർ അലോട്ട് ചെയ്ത പദ്ധതികളിൽ മൂന്ന് എണ്ണത്തിന്റെ (ആറ്റില I-6 MW (പാലക്കാട് ജില്ല), ആറ്റില II-6 MW (പാലക്കാട് ജില്ല), കാങ്ങാപ്പുഴ-0.75 MW (ഇടുക്കി ജില്ല) ഇംപ്ലിമെന്റേഷൻ എഗ്രിമെന്റ് ഒപ്പിട്ട് കഴിഞ്ഞിരിക്കുകയാണ്. ഈ പദ്ധതികൾ

നടപ്പിലാക്കുന്നതുവഴി 12.75 മെഗാവാട്ട് സ്ഥാപിതശേഷികൂടി കൈവരിക്കുവാൻ സാധിക്കും. ഇംപ്ലിമെന്റേഷൻ എഗ്രിമെന്റ് ഒപ്പുവച്ച കമ്പനികൾ പദ്ധതിയുടെ സാങ്കേതിക-സാമ്പത്തിക പ്രായോഗികതാ റിപ്പോർട്ടുകൾ (Techno-Economic Fesibility Report)-ക്ക് അനുമതി ലഭിച്ച് 36 മാസത്തിനുള്ളിൽ പദ്ധതി കമ്മീഷൻ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. ഇതുകൂടാതെ പൈലറ്റടിസ്ഥാനത്തിൽ ഹൈഡ്രോ കൈനറ്റിക് സാങ്കേതിക വിദ്യ പരീക്ഷിക്കാനും നടപടിയെടുത്തിട്ടുണ്ട്.

ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് (25 MW-ന് താഴെ) 2017 വരെ കേന്ദ്രസർക്കാർ സബ്സിഡി നൽകിവന്നിരുന്നു. DPR തയ്യാറാക്കുന്നതിന് 6 മുതൽ 10 ലക്ഷം രൂപവരെയും മൂലധന സബ്സിഡിയായി മെഗാവാട്ടിന് 3.5 കോടി രൂപവരെയും ലഭ്യമായിരുന്നു. കഴിഞ്ഞ വർഷം ഡിസംബറിൽ കേന്ദ്ര ഊർജ്ജവകുപ്പുമന്ത്രിയെ നേരിട്ട് കാണുകയും കേരളത്തിന് വളരെയധികം ഗുണപ്രദമായ പ്രസ്തുത ധനസഹായ പദ്ധതി പുനരാരംഭിക്കണമെന്ന് അഭ്യർത്ഥിക്കുകയുണ്ടായി. ആയത് പരിഗണിക്കാമെന്ന് അറിയിച്ചിരുന്നുവെങ്കിലും ഇതുവരെ പുതിയ പ്രഖ്യാപനമൊന്നുമുണ്ടായിട്ടില്ല.

ചെറുകിട ജലവൈദ്യുത മേഖലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ, സ്വകാര്യ സംരംഭകർ തുടങ്ങിയ കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്ന തരത്തിൽ കരട് നയരേഖ ഇ.എം.സി. പുറപ്പെടുവിച്ചിട്ടുണ്ട്. ബന്ധപ്പെട്ടവരിൽനിന്ന് അഭിപ്രായങ്ങൾ സ്വരൂപിച്ച് നയരേഖ അന്തിമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 2018-ലെ മഹാപ്രളയത്തിനുശേഷം കാലവർഷമാകുമ്പോൾ കേരളത്തിലെ ഡാമുകളിൽനിന്ന് വെള്ളം തുറന്നുവിടുകയും അവ പാഴായി പോകുകയും ചെയ്യുന്നതിനാൽ സംസ്ഥാനത്തെ നദികളിൽ പുതിയ ലോവർ ഹെഡ് ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ?

ഉണ്ട്. വെള്ളപ്പൊക്ക നിവാരണത്തിനും പ്രളയത്തിനും ശാശ്വത പരിഹാരം കണ്ടെത്തുന്നതിന് കേന്ദ്ര ജല കമ്മിഷന്റെ ശിപാർശ ഉൾക്കൊണ്ട് സംസ്ഥാന വൈദ്യുതി ബോർഡ് ചുവടെ പ്രതിപാദിക്കുന്ന പദ്ധതികൾ വിഭാവന ചെയ്ത് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

പൊരിങ്ങൽകുത്ത് അപ്പർ ജലവൈദ്യുത പദ്ധതി (40 MW), കുരിയാർകുറ്റി (19MW)

ട്വിൻ കല്ലാർ വിവിധോദ്ദേശ്യ പദ്ധതി (60 MW)

പൂയംകുട്ടി ജലവൈദ്യുത പദ്ധതി (210 MW)

കൂടാതെ ജലസേചന വകുപ്പ് മേൽ പ്രതിപാദിച്ച ആശയം ഉൾക്കൊണ്ട് തുടർ നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്.

(സി) ഇടുക്കി ജില്ലയിലെ പീരുമേട് മണ്ഡലത്തിലെ പെരിയാർ നദിയിൽ പുതിയ ലോവർ ഹെഡ് ജലവൈദ്യുത പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ?

ഉണ്ട്. ഇടുക്കി ജില്ലയിലെ പീരുമേട് മണ്ഡലത്തിലെ പെരിയാർ നദിയിൽ അരുവിക്കുഴി ചെറുകിട ജലവൈദ്യുത പദ്ധതി, ലാഡ്രം-മാർമ്മല ജലവൈദ്യുത പദ്ധതി എന്നിവ വിഭാവന ചെയ്തിട്ടുണ്ട്.

(ഡി) പീരുമേട് ലാഡ്രം എസ്റ്റേറ്റ് ഭാഗത്ത് കെ.എസ്.ഇ.ബി.-യുടെ സ്ഥലത്ത് അഴുത ഡൈവേർഷൻ പദ്ധതിയിലുൾപ്പെടുത്തി മിനി പവർ സ്റ്റേഷൻ നിർമ്മിക്കാൻ പ്രോജക്ട് തയ്യാറാക്കിട്ടുണ്ടെങ്കിൽ ആയതിന് തുടർനടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ലാഡ്രം പദ്ധതിയുടെ (3.5 MW/12.13 Mu) സ്ഥലമേറ്റെടുപ്പ് പുരോഗമിച്ചുവരുന്നു. കൂടാതെ അരുവിക്കുഴി ചെറുകിട ജലവൈദ്യുത പദ്ധതിയുടെ സാധ്യതാ പഠനങ്ങൾ പുരോഗമിക്കുന്നു.

(ഇ) കിഫ്ബി സാമ്പത്തിക സഹായത്തോടെ അയ്യപ്പൻകോവിൽ, ഉപ്പുതറ, കാഞ്ചിയാർ, കട്ടപ്പന എന്നീ പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി തോണിതടിയിൽ തടയണ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഡാം സേഫ്റ്റി അതോറിറ്റിയിൽനിന്ന് അനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഡാം സേഫ്റ്റി ആക്ട് 2021 നിലവിൽ വന്നതോടെ ഡാം സേഫ്റ്റി അതോറിറ്റി പ്രാബല്യത്തിലില്ലാതായി. 14-08-2020-ലെ മിനിസ്ട്രി ഓഫ് എൻവയോൺമെന്റ് ഫോറസ്റ്റ് ആൻഡ് ക്ലൈമറ്റ് ചെയ്ഞ്ചിന്റെ 2455 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം ഇടുക്കി ജലസംഭരണി ഇടുക്കി വന്യജീവി സങ്കേതത്തിന്റെ പരിധിയിലുൾപ്പെട്ടതിനാൽ ടി പ്രദേശങ്ങളിലുള്ള ഏതു നിർമ്മാണ പ്രവർത്തനങ്ങൾക്കും വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ടും ഫോറസ്റ്റ് കൺസർവേഷൻ ആക്ടും പ്രകാരമുള്ള അനുവാദമാവശ്യമാണ്.

പ്രസ്തുത പദ്ധതി ഇടുക്കി ജലസംഭരണിയുടെ MWL-നു താഴെ ആയതിനാൽ മേൽ പറഞ്ഞിരിക്കുന്ന തടയണയും അനുബന്ധഘടകങ്ങളും മുകളിലേക്ക് മാറ്റി സ്ഥാപിക്കുവാൻ 07-06-2022 തീയതിയിലുള്ള കത്ത് പ്രകാരം കെ.എസ്.ഇ.ബി.എൽ. ചെയർമാൻ, മാനേജിംഗ് ഡയറക്ടർ കെ.ഡബ്ല്യൂ.എ.-യോടു അപേക്ഷിക്കുകയും ചെയ്തിരുന്നു.

(എഫ്) കാലവർഷമാകുമ്പോൾ സംസ്ഥാനത്തെ ഡാമുകളിൽനിന്നുള്ള വെള്ളം തുറന്നുവിടാതെ ആയത് ക്രമീകരിച്ച് നിലനിർത്തുവാൻ പുതിയ ചെക്ഡാമുകൾ നിർമ്മിക്കുവാൻ പദ്ധതിയുണ്ടോ; വിശദീകരിക്കാമോ?

ഉണ്ട്. പള്ളിവാസൽ, ഇടുക്കി, കക്കയം, ചെങ്കുളം മുതലായ അണക്കെട്ടുകളിൽ വെള്ളം ക്രമീകരിക്കാൻ പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ വിഭാവന ചെയ്തിട്ടുണ്ട്. വിശദമായ പര്യവേക്ഷണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**ജലവൈദ്യുത പദ്ധതികളാരംഭിക്കാൻ നടപടി**

219(2569) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ഊർജ്ജാവശ്യം പരിഗണിച്ച് കൂടുതൽ ജലവൈദ്യുത പദ്ധതികളാരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആഭ്യന്തര വൈദ്യുതി ഉല്പാദനശേഷിയിൽ വർദ്ധനയുണ്ടാക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ജല, സൗര, വായു സ്രോതസുകളിൽനിന്നുള്ള വൈദ്യുതോല്പാദനത്തിൽ മുന്നേറ്റമുണ്ടാക്കാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

(എ-ഡി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആകെ 466.5 MW ശേഷിയുള്ള വൈദ്യുതപദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആയതിൽ ജലവൈദ്യുത പദ്ധതികൾ 38.5 MW ഉം പുനരുപയോഗ ഊർജ്ജ പദ്ധതികൾ 428 MW ഉം ആണ്. നിലവിൽ 105.5 MW വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇതിനുപുറമെ 149.10 MW-ന്റെ ജലവൈദ്യുതി പദ്ധതികളുടെയും 367.5 MW പുനരുപയോഗ ഊർജ്ജ പദ്ധതികളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുതുതായി ഏറ്റെടുക്കാനുദ്ദേശിക്കുന്ന ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതി (800 MW), മൂഴിയാർ രണ്ടാം ഘട്ടം (300 MW), ലക്ഷ്മി

(240 MW), കാരപ്പാറ (19 MW), പൂയംകുട്ടി (210 MW) എന്നീ പദ്ധതികളുടെയും പ്രാരംഭപ്രവർത്തനങ്ങൾ നടന്നുവരുന്നു.

വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

ഇതിനുപുറമെ കേരളത്തിലെ ജലാശയങ്ങളിൽ വർഷങ്ങളായി തരിശ് കിടക്കുന്ന നിലങ്ങളിലുംനിന്നും ഫ്ളോട്ടിംഗ് സോളാർ പദ്ധതികളിലൂടെ 3000 MW വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിയുമെന്ന് കണ്ടെത്തിയിട്ടുണ്ട്.

**ഇന്ധന ചാർജ് വർദ്ധന**

220(2570) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; എങ്കിൽ എത്ര രൂപയുടെ വർദ്ധന വരുത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കാനുള്ള അധികാരം വൈദ്യുതി നിയമം 2003-ലെ 45, 62, 86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാന റെഗുലേറ്ററി കമ്മീഷനിൽ പ്രത്യേക അവകാശമായി നിക്ഷിപ്തമാണ്. വൈദ്യുതി നിരക്കുകൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പരിഷ്കരിക്കുന്നതിനായി 08-02-2023-ൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ട്. വർദ്ധനയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

താരിഫ് പെറ്റീഷനുകൾ സമർപ്പിച്ചാൽ വിശദമായ പരിശോധനയ്ക്കും സംസ്ഥാനത്തെ പ്രധാന സ്ഥലങ്ങളിൽ വച്ച് പൊതുജനങ്ങളെയും ഉപഭോക്താക്കളെയും പങ്കെടുപ്പിച്ച് വിശദമായ തെളിവെടുപ്പിനുംശേഷം മാത്രമേ കമ്മീഷൻ തീരുമാനമെടുക്കുകയുള്ളൂ.

(ബി) ഇന്ധനചാർജായി യൂണിറ്റൊന്നിന് 15 പൈസ നിരക്കിൽ ഉപഭോക്താക്കളിൽനിന്നും അധികമായി ഈടാക്കുന്നതിന് റെഗുലേറ്ററി കമ്മീഷന്റെ അനുമതി വൈദ്യുതി ബോർഡ് തേടിയിട്ടുണ്ടോ;

(സി) എങ്കിൽ ഇപ്രകാരം ഒരു അനുമതി തേടുന്നതിന് ഇടയാക്കിയ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

(ബി & സി) വൈദ്യുതി നിയമം 2003-ലെ സെക്ഷൻ 62 (4)-ൽ, ഇന്ധന വിലയിലെ ഏറ്റക്കുറച്ചിലുകൾ കാരണം വൈദ്യുതി വിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ ഇന്ധനസർചാർജിലൂടെ ഈടാക്കാൻ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. വൈദ്യുതി നിയമം 2003-ലെ സെക്ഷൻ 62 (4) പ്രകാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 08-01-2010-ൽ ഇന്ധന സർചാർജ് റെഗുലേഷൻ പുറപ്പെടുവിക്കുകയും പിന്നീടുള്ള താരിഫ് റെഗുലേഷനുകളിൽ പ്രസ്തുത ചട്ടമുൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നിലവിൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ താരിഫ് റെഗുലേഷൻ 87 പ്രകാരം താപനിലയങ്ങളിൽ ഇന്ധനവിലയിലെ വ്യതിയാനംമൂലം വൈദ്യുതി വാങ്ങൽ ചെലവിലുണ്ടാകുന്ന അധിക ബാധ്യത ഇന്ധന സർചാർജിനത്തിൽ വിതരണ കമ്പനികൾക്ക് ഉപഭോക്താക്കളിൽനിന്ന് ഈടാക്കുവാനും ഇന്ധന വിലയിലെ കുറവ് കാരണം വൈദ്യുതി വാങ്ങൽ വിലയിൽ കുറവുണ്ടായാൽ താരിഫിലെ ഇളവായി അനുവദിച്ച് ഉപഭോക്താക്കൾക്ക് തിരികെ നൽകുവാനുമുള്ള വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പ്രസ്തുത റെഗുലേഷൻ പ്രകാരം KSEBL എല്ലാ പാദവർഷങ്ങളുടെയും ഇന്ധന സർചാർജ്ജ് പെറ്റീഷൻ കമ്മീഷൻ മുമ്പാകെ നിർബന്ധമായും സമർപ്പിക്കേണ്ടതുണ്ട്. KSEBL സമർപ്പിക്കുന്ന പെറ്റീഷനിൽ വിശദമായ പരിശോധനയ്ക്കും പൊതുതെളിവെടുപ്പിനുംശേഷം കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിൽ നിശ്ചിതകാലയളവിലേയ്ക്ക് ഇന്ധന സർചാർജ് ഏർപ്പെടുത്തിവരുന്നു.

കൽക്കരിയുടെ അടിസ്ഥാനവിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ, കൽക്കരിയുടെ ഗ്രേഡിലുണ്ടാകുന്ന വ്യതിയാനങ്ങൾ, ചാർജിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ, കൽക്കരി ലഭ്യതക്കുറവ് കാരണം ഇറക്കുമതി ചെയ്ത വിലകൂടിയ കൽക്കരിയുപയോഗിക്കുന്നത് (blending) തുടങ്ങിയ കാരണങ്ങളാൽ ഇന്ധന വിലയിൽ വ്യതിയാനങ്ങൾക്ക് കാരണമാകുന്നുണ്ട്.

കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം വൈദ്യുതി ഉല്പാദനത്തിന് ഇറക്കുമതി ചെയ്ത കൽക്കരി ഉപയോഗിച്ചതുമൂലം വൈദ്യുതിയുടെ എനർജി ചാർജിൽ വർദ്ധനയുണ്ടായിട്ടുണ്ട്. 2022-23 ആദ്യപാദങ്ങളിൽ ഇന്ത്യയിലുണ്ടായ കൽക്കരിക്ഷാമംമൂലം വൈദ്യുതി വാങ്ങൽ ചെലവ് വലിയ തോതിൽ വർദ്ധിച്ചിരുന്നു. ഈ വർഷം വൈദ്യുതി ആവശ്യകതയിൽവന്ന ഗണ്യമായ വർദ്ധന ആഭ്യന്തര കൽക്കരി ശേഖരത്തെ അപകടമാംവിധം ബാധിക്കുകയും ഇത് താപവൈദ്യുതി ഉല്പാദന നിലയങ്ങളെ പ്രതിസന്ധിയിലാക്കുകയും ചെയ്തു. അധിക വൈദ്യുതി ആവശ്യകതക്കനുസരിച്ച് ഉല്പാദനം നടത്തുന്നതിനുള്ള ആഭ്യന്തര കൽക്കരി ലഭ്യമാകാത്തതിനാൽ അത് മറികടക്കാനായി കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ 28-04-2022-ലെ നിർദ്ദേശപ്രകാരം 10 ശതമാനം ഇറക്കുമതി ചെയ്ത കൽക്കരി (blending) ഉപയോഗിക്കാൻ ഉല്പാദകർക്ക്

അനുമതി ലഭിച്ചിരുന്നു. കൽക്കരി ലഭ്യതയിൽ പുരോഗതിയുണ്ടാവാത്തതിനാൽ കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ നിർദ്ദേശ പ്രകാരം സെൻട്രൽ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ 26-07-2022-ലെ ഉത്തരവുപ്രകാരം ഇറക്കുമതി ചെയ്ത കൽക്കരി 20 ശതമാനം വരെ ഉപയോഗിക്കാൻ 31-10-2022-വരെ ഉല്പാദകർക്ക് അനുവാദം നൽകുകയും കൂടാതെ എനർജി ചാർജ് വർദ്ധന പരിമിതപ്പെടുത്താൻ വിതരണ കമ്പനികൾക്ക് അവകാശം നൽകുന്ന CERC റെഗുലേഷൻ 43 (3) മരവിപ്പിക്കുകയും ചെയ്തു. "*റെഗുലേഷൻ 43 (3) പ്രകാരം നിഷ്കർച്ചിരിക്കുന്ന ഇന്ധനം അല്ലാതെ ഏതു ബദൽ ഇന്ധനം ഉപയോഗിക്കുകയാണെങ്കിലും എനർജി ചാർജ് ബേസ് എനർജി ചാർജിനേക്കാൾ 30 ശതമാനമോ പോയ മാസത്തിലെ എനർജി ചാർജിനെക്കാൾ 20 ശതമാനമോ ഉള്ള വർദ്ധനയിൽ ഏതാണ് കുറവ് എന്നതിൽ പരിമിതപ്പെടുത്തുന്നു*". എന്നാൽ ഈ റെഗുലേഷനാണ് പ്രസ്തുത കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ നിർദ്ദേശത്തിലൂടെ താൽക്കാലികമായി മരവിപ്പിച്ചത്. ഇതിന്റെ ഫലമായി വൈദ്യുതി ഉല്പാദനനിലയങ്ങൾ വിലകൂടിയ ഇറക്കുമതി ചെയ്ത കൽക്കരി ഉപയോഗിക്കുകയും തൽഫലമായി എനർജി ചാർജ് കൂടിവരുന്ന സാഹചര്യമുണ്ടാകുകയും ചെയ്തു. ഓരോമാസവും വൈദ്യുതി വാങ്ങൽ

ചെലവിൽ വന്ന അധികചെലവ് അതത് മാസം തന്നെ KSEBL ഈ താപനിലയങ്ങൾക്ക് നൽകിയിട്ടുണ്ട്.

മേല്പറഞ്ഞ കാരണങ്ങളാൽ 2022-23-ലെ മൂന്നാംപാദത്തിൽ ഇന്ധനവിലയിലുണ്ടായ വ്യതിയാനം കാരണം വൈദ്യുതി വാങ്ങൽ ചെലവിൽ 95.03 കോടി രൂപ അധികബാധ്യതയുണ്ടാവുകയും പ്രസ്തുത അധിക ബാധ്യത 14 പൈസ നിരക്കിൽ ഇന്ധന സർചാർജായി ഉപഭോക്താക്കളിൽനിന്ന് ഈടാക്കുവാനുമുള്ള അപേക്ഷ കമ്മീഷൻ മുമ്പാകെ കെ.എസ്.ഇ.ബി.എൽ. 15-02-2023-ൽ സമർപ്പിച്ചിട്ടുണ്ട്.

(ഡി) നിലവിൽ വൈദ്യുതിയുടെ വിലയോടൊപ്പം ഏതൊക്കെ ഇതര ചാർജുകൾകൂടി ഉപഭോക്താക്കളിൽനിന്നും ഈടാക്കുന്നുണ്ടെന്നും ഓരോ ഇനത്തിലും ഈടാക്കുന്ന നിരക്ക് ഏത്ര വീതമാണെന്നും അറിയിക്കുമോ?

നിലവിൽ വൈദ്യുതി വിലയോടൊപ്പം ഇലക്ട്രിസിറ്റി ഡ്യൂട്ടി, മീറ്റർ വാടക, മീറ്റർ വാടകയിലുള്ള GST, ഇന്ധന സർചാർജ് (ഉണ്ടെങ്കിൽ ആയത്), ലോ വോൾട്ടേജ് സപ്ലൈ സർചാർജ് (ഉണ്ടെങ്കിൽ ആയത്), ഓപ്പൺ ആക്സസ് ചാർജ് (ഉണ്ടെങ്കിൽ ആയത്), പവർ ഫാക്ടർ പെനാൽറ്റി/ഇൻസെന്റീവ് (ഉണ്ടെങ്കിൽ ആയത്) എന്നിവയാണ് ഈടാക്കുന്നത്.

മീറ്റർ വാടക, ലോ വോൾട്ടേജ് സപ്ലൈ സർചാർജ്, ഓപ്പൺ ആക്സസ് ചാർജുകൾ, പവർ ഫാക്ടർ പെനാൽട്ടി/ഇൻസെന്റീവ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഇ) സംസ്ഥാനത്ത് ഏറ്റവുമൊടുവിലായി വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചത് എന്നാണെന്നും ഏതൊക്കെ ഇനങ്ങളിലായി എത്രശതമാനം വീതം വർദ്ധനയാണ് വരുത്തിയിരുന്നതെന്നും ചാർജ് വർദ്ധനയ്ക്കായി അന്ന് പരിഗണിച്ച വിഷയങ്ങൾ എന്തെല്ലാമാണെന്നുമുള്ള വിശദാംശം അറിയിക്കുമോ?

സംസ്ഥാനത്ത് ഏറ്റവുമൊടുവിലായി വൈദ്യുതി ചാർജ്ജ് പരിഷ്കരിച്ചത് 25-06-2022-ലെ സംസ്ഥാന റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്. ഇത് 26-06-2022-ൽ പ്രാബല്യത്തിൽ വന്നു. ഗാർഹിക വിഭാഗം ഉപഭോക്താക്കൾക്ക് 6.89 ശതമാനവും വ്യാവസായിക ഉപഭോക്താക്കൾക്ക് 7.20 ശതമാനവും കാർഷിക ഉപഭോക്താക്കൾക്ക് 9.84 ശതമാനവും വാണിജ്യ വിഭാഗം ഉപഭോക്താക്കൾക്ക് 4.89 ശതമാനവും ജനറൽ വിഭാഗത്തിന് (കേന്ദ്ര-

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സംസ്ഥാന ഗവൺമെന്റ് ഓഫീസുകളും) 5.88 ശതമാനം നിരക്ക് വർദ്ധനയും വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കാനുള്ള അധികാരം വൈദ്യുതി നിയമം 2003-ലെ 45, 62, 86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാന റെഗുലേറ്ററി കമ്മീഷനിൽ പ്രത്യേക അവകാശമായി നിക്ഷിപ്തമാണ്. കേരളാ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച താരിഫ് നിർണ്ണയചട്ടങ്ങൾ, 2021-ലെ 85 (5) പ്രകാരം കണക്കാക്കുന്ന വൈദ്യുതിയുടെ ശരാശരി വിലയുടെ (Average Cost of Supply) അടിസ്ഥാനത്തിലാണ് വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കുന്നത്. സഞ്ചിത കമ്മി, പണപ്പെരുപ്പം, കൽക്കരി, ഫോസിൽ ഇന്ധനങ്ങൾ ഇവയിലുണ്ടായ അമിത വിലവർദ്ധന എന്നിവ താരിഫ് നിർണ്ണയത്തിൽ കണക്കിലെടുത്തിട്ടുണ്ട്.

കൂടാതെ താരിഫ് ഉത്തരവിലൂടെ അനുവദിച്ചതന്നതും എന്നാൽ അതതു വർഷങ്ങളിൽ നികത്തപ്പെടാത്തതും തുടർന്ന് 2022-27 കാലയളവിൽ റവന്യൂ കമ്മി തീരുമാനിക്കുന്നതിന് പരിഗണിച്ചതുമായ 3350 കോടി രൂപ താരിഫ് നിർണ്ണയത്തിൽ കണക്കാക്കിയിട്ടുണ്ട്. വൈദ്യുതി വാങ്ങൽ ചെലവ് മാത്രമല്ല മറിച്ച് വൈദ്യുതി ഉല്പാദനചെലവ്, പ്രസരണ ചെലവ്, ജീവനക്കാരുടെ

വേതന ചെലവുകൾ (O & M Expenses), പലിശ ചെലവുകൾ പെൻഷൻ മാസ്റ്റർ ട്രസ്റ്റിലേയ്ക്കുള്ള വിഹിതം, തേയ്മാന ചെലവുകൾ (Depreciation), മുടക്കുമുതലിനുള്ള ലാഭവിഹിതം (Return on Equity) എന്നിവ കൂടി താരിഫ് നിർണ്ണയത്തിൽ കണക്കിലെടുത്തിട്ടുണ്ട്.

(എഫ്) പ്രളയവും കോവിഡും ഇതര പ്രകൃതി ദുരന്തങ്ങളും തകർത്ത സംസ്ഥാനത്തെ സാധാരണക്കാരായ ജനങ്ങൾ കടുത്ത വിലക്കയറ്റത്താൽ ദുരിതമനുഭവിക്കുമ്പോൾ വൈദ്യുതി നിരക്ക് വർദ്ധന കൂടി അവർക്ക് താങ്ങാൻ കഴിയാത്ത സാഹചര്യമാണുള്ളതെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ ഇപ്പോഴുള്ള വൈദ്യുതി ചാർജ് വർദ്ധന ഒഴിവാക്കുന്നതിനായി സർക്കാർ നടപടി സ്വീകരിക്കുമോ?

താപ വൈദ്യുതനിലയങ്ങളിൽ ഇറക്കുമതി കൽക്കരി നിർബന്ധമായും നിശ്ചിത ശതമാനം ഉപയോഗിക്കണമെന്ന കേന്ദ്ര സർക്കാർ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വൈദ്യുതി വാങ്ങൽ വിലയിലുണ്ടായ വർദ്ധനമൂലമാണ് ഇപ്പോൾ ഇന്ധന സർചാർജ് ഏർപ്പെടുത്തിയിരിക്കുന്നത്. 1000 വാട്ട്സ് വരെയുള്ള പ്രതിമാസം 40 യൂണിറ്റ് വരെ ഉപഭോഗമുള്ള 13.66 ലക്ഷം ഗാർഹിക ഉപഭോക്താക്കളെ ഇന്ധന സർചാർജിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്.

## കുന്നത്തുനാട് മണ്ഡലത്തിൽ ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ

221(2571) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥലങ്ങളിൽ പോൾമൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്.

a) മിസ്റ്റ് സൂപ്പർ മാർക്കറ്റിന് സമീപം
b) മാറമ്പിള്ളി പഞ്ചായത്ത് ഓഫീസിന് സമീപം
c) ചെമ്പിറക്കി
d) കരിമുകൾ ജംഗ്ഷൻ (പെട്രോൾ പമ്പ്)
e) 66 കെ.വി. സബ്സ്റ്റേഷൻ പുത്തൻകുരിശ്

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് തടസ്സങ്ങൾ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

തടസ്സങ്ങളൊന്നും നിലവിലില്ല.

(സി) പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

സ്റ്റേഷനുകൾ എത്രയുംപെട്ടന്ന് പ്രവർത്തനക്ഷമമാക്കാൻ ലക്ഷ്യമിടുന്നു.

## പുരപ്പുറ സൗരോർജ്ജ പദ്ധതി

222(2572) ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുരപ്പുറ സൗരോർജ്ജ പദ്ധതി മുഖേന സ്ഥാപിച്ചിട്ടുള്ള പ്ലാന്റുകളും അവ മുഖേന ലഭിച്ചുകൊണ്ടിരിക്കുന്ന വൈദ്യുതിയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് സൗരോർജ്ജ പദ്ധതി വഴി നിലവിൽ ആകെ 732 മെഗാവാട്ടിന്റെ വൈദ്യുതി ഗ്രിഡുമായി ബന്ധിപ്പിച്ചിട്ടുണ്ട്. ഇതിൽ സൗര പദ്ധതി വഴി നിലവിൽ 127.57 മെഗാവാട്ടിന്റെ വൈദ്യുതിയാണ് കമ്മീഷൻ ചെയ്തിട്ടുള്ളത്. ഇതിൽ കേന്ദ്ര സാമ്പത്തിക സഹായത്തോടെയുള്ള സബ്സിഡി പദ്ധതി വഴി 106.15 മെഗാവാട്ടും കെ.എസ്.ഇ.ബി.എൽ. മുതൽ മുടക്കിലുള്ള നോൺ സബ്സിഡി പദ്ധതി വഴിയുള്ള 21.42 മെഗാവാട്ടുമുൾപ്പെടുന്നു.

ഗാർഹിക പുരപ്പുര സൗരോർജ്ജ മേഖലയിൽ അനെർട്ട് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പ്ലാന്റുകളിൽനിന്ന് ലഭിക്കുന്ന വൈദ്യുതിയുടെ വ്യാപാരവും വിലയും സംബന്ധിച്ച് ഇലക്ട്രിസിറ്റി ബോർഡും പ്ലാന്റുടമകളും തമ്മിൽ ഏർപ്പെട്ടിരിക്കുന്ന കരാറിലെ വ്യവസ്ഥകൾ അറിയിക്കാമോ; എന്തുതരം മീറ്ററിംഗ് സംവിധാനമാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഇതുമായി ബന്ധപ്പെട്ട് സെക്ഷൻ ഓഫീസുകളിൽ വയ്ക്കുന്ന എഗ്രിമെന്റിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+ നിലവിൽ സൗരനിലയം സ്ഥാപിച്ച് കെ.എസ്.ഇ.ബി. ലിമിറ്റഡുമായി കരാറിലേർപ്പെടുന്നവർക്ക് റെഗുലേറ്ററി കമ്മീഷൻ അനുമതി നൽകിയ നെറ്റ്മീറ്ററിംഗ് സ്കീമാണ് നൽകുന്നത്.

(സി) നിലവിൽ പ്ലാന്റ് സ്ഥാപിച്ച് ബോർഡുമായി കരാറിലേർപ്പെട്ടിട്ടുള്ള നെറ്റ് മീറ്ററിംഗ് സ്കീമിലുള്ളവർക്ക് ഭാവിയിൽ ഗ്രോസ് മീറ്ററിംഗ് സംവിധാനം ബാധകമാകുമോയെന്ന് അറിയിക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഇതുസംബന്ധിച്ച് KSERC-യുടെ ഉത്തരവിനുവിധേയമായി വൈദ്യുതി ബോർഡ് തീരുമാനം കൈക്കൊള്ളുന്നതാണ്.

(ഡി) ഗ്രോസ് മീറ്ററിംഗ് സംവിധാനമേർപ്പെടുത്തുന്നതുമൂലം പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽനിന്ന് ശരാശരി വരുമാനക്കാർ പിന്മാറുമെന്നത് പരിഗണിച്ച് നെറ്റ് മീറ്ററിംഗ് സംവിധാനം തുടരുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

നെറ്റ്മീറ്ററിംഗിൽനിന്നും ഗ്രോസ് മീറ്ററിംഗ് നടപ്പിലാക്കുന്നതിനുള്ള തീരുമാനം നാളിതുവരെ കൈക്കൊണ്ടിട്ടില്ല. ഇതുസംബന്ധിച്ച് തീരുമാനം KSERC-യാണ് എടുക്കേണ്ടത്.

**പാരമ്പര്യ ഊർജ്ജസ്രോതസ്സുകളുടെ പരിശോധന**

223(2573) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ പവർ പ്രൊമോഷൻ നടപ്പാക്കുന്നതിന്റെ ഭാഗമായി ഊർജ്ജ വകുപ്പിൽനിന്നും സെൻട്രൽ ഇലക്ട്രിസിറ്റി സോളാർ ഗൈഡ്‌ലൈൻ പ്രകാരം നടത്തിവരുന്ന സുരക്ഷാപരിശോധനയും അനുമതിയും 100

കിലോവാട്ട് വരെയുള്ള പാരമ്പര്യ ഊർജ്ജസ്രോതസ്സുകൾക്ക് വേണ്ടെന്ന തീരുമാനമെടുക്കുമോയെന്ന് വ്യക്തമാക്കുമോ?

സോളാർ പവർ പ്രൊമോഷൻ നടപ്പാക്കുന്നതിന്റെ ഭാഗമായി ഊർജ്ജ വകുപ്പിൽനിന്നും സെൻട്രൽ ഇലക്ട്രിസിറ്റി ഗൈഡ്‌ലൈൻ പ്രകാരം നടത്തി വരുന്ന സുരക്ഷാപരിശോധനയും അനുമതിയും 100 KW വരെയുള്ള പാരമ്പര്യ ഊർജ്ജ സ്രോതസ്സുകൾക്കുവേണ്ടെന്ന് തത്വത്തിൽ തീരുമാനിച്ചിരുന്നു. എന്നാൽ വിവിധ കോണുകളിൽനിന്ന് വിഷയം പുന:പരിശോധിക്കണമെന്ന നിർദ്ദേശമുയർന്നിട്ടുണ്ട്. ആയത് പരിഗണിച്ചുവരുന്നു.

(ബി) സൗര പദ്ധതിയിൽ ടാറ്റ പവർ സോളാർ സിസ്റ്റം ലിമിറ്റഡ് എന്ന കമ്പനിയുടെ മൂന്ന് കിലോവാട്ട് സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനിടെ കഴിഞ്ഞവർഷം കൊല്ലം ജില്ലയിൽ ഒരാൾ മരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്ത് നടപടി സ്വീകരിച്ചുയെന്നും വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 'സൗര' പദ്ധതിയിലുൾപ്പെട്ട ടാറ്റാ പവർ സോളാർ ഡെവലപ്പർ മുഖാന്തരം കടയ്ക്കൽ സെക്ഷന്റെ പരിധിയിൽവരുന്ന ശ്രീ. ശ്രീകുമാരൻ. എൻ. (Consumer No. 1145999004364)-ന്റെ

താമസസ്ഥലത്ത് സൗരനിലയത്തിന്റെ സ്ഥാപനവുമായി ബന്ധപ്പെട്ട ജോലിക്കിടയിൽ ഡെവലപ്പറുടെ ഒരു ജീവനക്കാരൻ മരണപ്പെടുകയുണ്ടായി. ഇതിനെത്തുടർന്ന് ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് സമാന അപകടം ആവർത്തിക്കാതിരിക്കാൻ പ്രസ്തുത ഡെവലപ്പറുൾപ്പെടെ എല്ലാ സോളാർ ഡെവലപ്പേഴ്സിനേയും അറിയിക്കുകയും ചെയ്തിട്ടുണ്ട്. സുരക്ഷാ പരിശോധന നടത്തിയ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ വൈദ്യുതപ്രതിഷ്ഠാപനങ്ങളിൽ അംഗീകൃത സൂപ്പർവൈസറുടെ മേൽനോട്ടത്തിൽ മാത്രമേ ജോലികൾ ചെയ്യാൻ പാടുള്ളൂയെന്ന നിർദ്ദേശം നൽകി.

(സി) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ പരിശോധനകളൊഴിവാക്കുന്നത് കെ.എസ്.ഇ.ബി. ജീവനക്കാരുടെയും കരാർ തൊഴിലാളികളുടെയും പൊതുജനങ്ങളുടെയും ജീവനപകടത്തിലാക്കുമെന്നതിനാൽ ഇക്കാര്യത്തിൽ ഉചിതമായ തീരുമാനമെടുക്കുമോയെന്ന് വ്യക്തമാക്കുമോ?

വൈദ്യുതി സുരക്ഷയുമായി ബന്ധപ്പെട്ട സൗരനിലയങ്ങളുടെ സുരക്ഷയുറപ്പാക്കുന്ന ടെസ്റ്റുകൾ നടത്തിയിട്ടാണ് സൗരനിലയങ്ങൾ ഗ്രിഡുമായി ബന്ധിപ്പിക്കുന്നത്. ആയതുവഴി സുരക്ഷ ഉറപ്പാക്കിയാണ് പ്ലാന്റുകൾ കമ്മീഷൻ ചെയ്യുന്നത്. കൂടാതെ 10 കിലോവാട്ടിനുമുകളിലുള്ള എല്ലാ സൗരനിലയങ്ങൾക്കും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ

എനർജൈസേഷൻ അനുമതി നിർബന്ധമാണ്. 10 കിലോവാട്ട് വരെയുള്ള സോളാർ നിലയങ്ങളുടെ എനർജൈസേഷൻ അപ്രൂവൽ വേണ്ടെന്നുള്ളത് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ മാർഗ്ഗരേഖയനുസരിച്ചാണ് പരിശോധന ഒഴിവാക്കുന്നത്.

(ഡി) പൊതുജനങ്ങളുടെയും ഈ മേഖലയിൽ ജോലി ചെയ്യുന്ന കെ.എസ്.ഇ.ബി.എൽ. കരാർ, സ്വകാര്യ തൊഴിലാളികളുടെയും സുരക്ഷയെ മുൻനിർത്തി പാരമ്പര്യ ഊർജ്ജസ്രോതസ്സുകളുടെ പ്രവർത്തനവും പരിശോധനയും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് മുഖാന്തരം നടപ്പിൽ വരുത്തുന്നതിനുപകരം സർക്കാർ മറ്റെന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

സുരക്ഷാ പരിശോധന നടത്താനായി നിയമാനുസരണം ചുമതലപ്പെട്ട വകുപ്പാണ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്. ആ നിലയ്ക്കാണ് ഇപ്പോൾ സുരക്ഷ ഉറപ്പുവരുത്തുന്നത്.

(ഇ) നിലവിൽ കെ.എസ്.ഇ.ബി. റൂഫ് ടോപ്പിൽ സ്ഥാപിക്കുന്ന സോളാർ പ്രതിഷ്ഠാപനത്തിൽനിന്നും തീപിടുത്തമുണ്ടാകുമോയെന്ന് വ്യക്തമാക്കുമോ?

വൈദ്യുത പ്രതിഷ്ഠാപനങ്ങളിലുണ്ടാകുന്ന സാങ്കേതിക തകരാർമൂലം അപൂർവ്വമായിട്ടെങ്കിലും തീപിടുത്തമുണ്ടാകാനുള്ള സാധ്യതയുണ്ട്.

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ നിലവിലുള്ള സ്കീമനുസരിച്ചാണ് സൗരനിലയം സ്ഥാപിക്കുന്നത്. സൗരനിലയം സ്ഥാപിക്കുമ്പോൾ സ്കീമിൽ നിഷ്കർഷിക്കുന്ന ശേഷിയുള്ള ഉപകരണങ്ങളാണ് ഉപയോഗിക്കുന്നതെന്ന് ഉറപ്പാക്കുന്നുണ്ട്. ആയതുമൂലം തീ പിടിക്കുന്നതിനുള്ള സാധ്യത കുറവാണ്. അസാധാരണ സാഹചര്യമുണ്ടായാൽ സമാന വൈദ്യുതി ഉപകരണങ്ങളിലുണ്ടാകുന്നതുപോലെ തീപിടിക്കാനുള്ള സാധ്യതയുണ്ട്. ഇത്തരം സാഹചര്യമുണ്ടായാൽ ഉയർന്നശേഷിയുള്ള നിലയങ്ങൾക്ക് ഫയർ എക്സ്റ്റിംഗ്യൂഷർ സ്ഥാപിച്ചിട്ടാണ് അനുമതി നൽകുന്നത്.

വൈദ്യുത പ്രതിഷ്ഠാപനങ്ങളിൽ തീപിടുത്തമുണ്ടാകുന്നതിന് നിരവധി കാരണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിൽ മുഖ്യമായുള്ളത് ഉപയോഗിക്കുന്ന ഉപകരണങ്ങളുടെ നിലവാരമാണ്. ISI മുദ്രയുള്ള നിലവാരമുള്ള ഉപകരണങ്ങൾ ഉപയോഗിക്കാത്ത പക്ഷം തീപിടുത്ത സാധ്യത കൂടുതലാണ്. കൂടാതെ മതിയായ യോഗ്യതയില്ലാത്തവർ പ്രതിഷ്ഠാപനങ്ങളിൽ ജോലിയിൽ ഏർപ്പെടുന്നതുമൂലവും തീപിടുത്തങ്ങളുണ്ടാകാറുണ്ട്.

(എഫ്) സോളാർ വൈദ്യുത പ്രതിഷ്ഠാപനവുമായി ബന്ധപ്പെട്ട് കേരളത്തിൽ എത്ര അപകടങ്ങളുണ്ടായെന്നും അവ ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദീകരിക്കുമോ?

നിലവിൽ കൊല്ലം ജില്ലയിൽ കടയ്ക്കൽ ഇലക്ട്രിക്കൽ സെക്ഷനുകീഴിൽ മാരകമായ ഒരപകടം നടന്നിട്ടുണ്ട്. കൂടാതെ കൊല്ലം ജില്ലയിൽ കൊട്ടാരക്കര മിനി സിവിൽ സ്റ്റേഷനിൽ സോളാർ പ്രതിഷ്ഠാപനത്തിൽനിന്ന് തീപിടുത്തമുണ്ടായിട്ടുണ്ട്. പാലക്കാട് ജില്ലയിൽ രണ്ടു മനുഷ്യർക്കും പത്തനംതിട്ട ജില്ലയിൽ ഒരു മനുഷ്യനും തൃശ്ശൂർ ജില്ലയിൽ ഒരു മൃഗത്തിനും സോളാർ ഇലക്ട്രിക് ഫെൻസിംഗ് എനർജൈസറിൽനിന്നും മാരകമായ വൈദ്യുത അപകടമുണ്ടായിട്ടുണ്ട്. പ്രസ്തുത അപകടങ്ങളൊഴിവാക്കുന്നതിനായി വൈദ്യുത പ്രതിഷ്ഠാപനങ്ങളിൽ അംഗീകൃത ലൈസൻസുള്ള സൂപ്പർവൈസറുടെ മേൽനോട്ടത്തിൽ അംഗീകൃത പരിജ്ഞാനമുള്ളവർ മാത്രമേ പ്രസ്തുത ജോലികൾ ചെയ്യാൻ പാടുള്ളൂയെന്ന് നിർദ്ദേശം നൽകുകയും പ്രസ്തുത സന്ദേശങ്ങൾ ദൃശ്യ-ശ്രവണ-പത്ര മാധ്യമങ്ങൾവഴി ജനങ്ങളിലെത്തിക്കുകയും ചെയ്യുന്നു.

## പാറശ്ശാല മണ്ഡലത്തിലെ പുരപ്പുറ സൗരോർജ്ജ പദ്ധതി

224(2574) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ.-ന്റെ പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ ഭാഗമായി സോളാർ പാനൽ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; പ്രസ്തുത പദ്ധതിക്കായി നിലവിൽ എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.-ന്റെ പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ ഭാഗമായി നിലവിൽ 125.3 മെഗാവാട്ടിന്റെ വൈദ്യുതി ഗ്രിഡുമായി ബന്ധിപ്പിച്ചിട്ടുണ്ട്. ഇതിൽ നോൺ സബ്സിഡി പദ്ധതി മുഖേന 23.16 മെഗാവാട്ടും സബ്സിഡി പദ്ധതി വഴി 102.14 മെഗാവാട്ടുമാണ് സ്ഥാപിച്ചിട്ടുള്ളത്.

പ്രസ്തുത പദ്ധതിക്കായി നിലവിൽ 96,189 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+

കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം (എം.എൻ.ആർ.ഇ.) കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷിയുള്ള ഓൺ ഗ്രിഡ് സോളാർ പവർ പ്ളാന്റുകൾ അനെർട്ട് മുഖേന സ്ഥാപിക്കുന്നു. പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി പാറശ്ശാല നിയോജകമണ്ഡലത്തിൽനിന്നും എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ട്; അതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

പ്രസ്തുത പദ്ധതിയുടെ ഭാഗമായി പാറശ്ശാല നിയോജകമണ്ഡലത്തിൽ 173 അപേക്ഷകൾ ലഭിച്ചു. ഇതിൽ, പഞ്ചായത്തടിസ്ഥാനത്തിൽ സ്ഥാപിച്ച 'സൗര' പദ്ധതി വഴിയുള്ള നിലയങ്ങളുടെ കണക്ക് അനുബന്ധമായി ചേർക്കുന്നു.+

ഗാർഹിക പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ ഭാഗമായി പാറശ്ശാല നിയോജകമണ്ഡലത്തിൽ അനെർട്ട് മുഖേന സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി 48 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇവയിൽ പത്തൊമ്പതിന്റെ പ്രതിഷ്ഠാപനം പൂർത്തീകരിച്ചു. ഒമ്പതെണ്ണം ഗ്രിഡുമായി ബന്ധിപ്പിച്ചു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായോ; ഏതൊക്കെ കമ്പനികളെയാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളത്; വിശദാംശം നൽകുമോ?

പൂർത്തിയായി. കമ്പനികളെ സംബന്ധിക്കുന്ന വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ഡി) പ്രസ്തുത പദ്ധതിയിലേയ്ക്ക് ഇതുവരെ അപേക്ഷിക്കാത്തവർക്ക് ഇനി അപേക്ഷിക്കുന്നതിനുള്ള അവസരം നൽകുന്നുണ്ടോ; അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ?

സബ്സിഡി പദ്ധതിയിലേയ്ക്ക് കെ.എസ്.ഇ.ബി.എൽ. മുഖേന ഇപ്പോൾ അപേക്ഷിക്കാവുന്നതാണ്. മാർച്ച് 23-നകം കമ്മീഷൻ ചെയ്യുന്ന പദ്ധതികൾക്കാണ് ഇപ്പോഴത്തെ നിലയിൽ MNRE നൽകുന്ന സബ്സിഡി ലഭിക്കുകയുള്ളൂ. അപേക്ഷകൻ, കെ.എസ്.ഇ.ബി.എൽ-ന്റെ ഉപഭോക്താവായിരിക്കണം. പദ്ധതിയിലേയ്ക്ക് e-kiran എന്ന പോർട്ടൽ മുഖാന്തരം അനുയോജ്യമായ ഡെവലപ്പറെ തെരഞ്ഞെടുത്ത് രജിസ്റ്റർ ചെയ്യാവുന്നതാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

അനെർട്ട് മുഖേന പ്ലാന്റ് സ്ഥാപിക്കുന്നതിന് 'ബൈ മൈ സൺ' എന്ന ഓൺലൈൻ പോർട്ടൽ മുഖേന ഉപഭോക്താക്കൾ അപേക്ഷ സമർപ്പിക്കേണ്ടതാണ്. കെ.എസ്.ഇ.ബി.എൽ. എം-പാനൽ ചെയ്ത ഡെവലപ്പർമാർ വഴിയാണ് അപേക്ഷകർ പ്ലാന്റ് സ്ഥാപിക്കുന്നത്. അപേക്ഷകർ തെരഞ്ഞെടുക്കുന്ന ഡെവലപ്പർമാർ സ്ഥലം സന്ദർശിച്ച് ഫീസിബിലിറ്റി പരിശോധന നടത്തുകയും തുടർന്ന് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്. ഒരു കിലോവാട്ട് സോളാർ പാനൽ സ്ഥാപിക്കുന്നതിന് നിഴൽ പതിക്കാത്ത 100 ചതുരശ്ര അടിസ്ഥലം ആവശ്യമാണ്. സബ്സിഡി കഴിഞ്ഞുള്ള തുകയാണ് ഉപഭോക്താക്കൾ പ്ലാന്റ് സ്ഥാപിക്കുന്ന കമ്പനികൾക്ക് നൽകേണ്ടത്. പ്ലാന്റ് നിർമ്മാണം പൂർത്തിയായതിനുശേഷം സബ്സിഡി തുക കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജമന്ത്രാലയത്തിൽനിന്ന് ലഭിക്കുമ്പോൾ അത് പ്ലാന്റ് സ്ഥാപിച്ച കമ്പനികൾക്കാണ് നൽകുന്നത്.

## സൗരോർജ്ജ ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

225(2575) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൗരോർജ്ജ ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് സൗരോർജ്ജ ഉല്പാദനം പ്രോൽസാഹിപ്പിക്കുന്നതിന് സർക്കാർ നിരവധി നടപടികളെടുത്തിട്ടുണ്ട്. ഇതിൽ ഊർജ്ജ കേരള മിഷന്റെ ഭാഗമായി നടപ്പാക്കുന്ന പദ്ധതിയാണ് 'സൗര' പദ്ധതി. ഇത് രണ്ടുഘട്ടങ്ങളിലായാണ് നടപ്പാക്കുന്നത്.

ഒന്നാംഘട്ട നോൺ സബ്സിഡി പദ്ധതി എല്ലാത്തരം ഉപഭോക്താക്കൾക്കും വേണ്ടിയുള്ളതാണ്. ഈ പദ്ധതിയിൽ നിലവിൽ 21.42 മെഗാവാട്ടിന്റെ 1902 സൗര നിലയങ്ങൾ കമ്മീഷൻ ചെയ്തു. രണ്ടാംഘട്ട സബ്സിഡി പദ്ധതി ഗാർഹിക ഉപഭോക്താക്കൾക്കുവേണ്ടി മാത്രമുള്ളതാണ്. ഇത് MNRE നൽകുന്ന 40 ശതമാനം സബ്സിഡിയോടുകൂടിയാണ് നടപ്പാക്കുന്നത്. നിലവിൽ സബ്സിഡി പദ്ധതിയിൽ 106.15 മെഗാവാട്ടിന്റെ 28297 നിലയങ്ങൾ കമ്മീഷൻ ചെയ്തു.

പദ്ധതി പൂർത്തീകരണത്തിനായി ട്രാക്കിംഗ് സംവിധാനത്തോടുകൂടിയുള്ള ഇ-കിരൺ (E-Kiran) മാനേജ്മെന്റ് പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്. പദ്ധതിയിലേയ്ക്ക് പൊതുജന ശ്രദ്ധ പിടിച്ചുപറ്റുവാനും

ഇതിന്റെ വിശദാംശങ്ങൾ ബോധ്യപ്പെടുത്താനും കേരളത്തിലെ എല്ലാ ഇലക്ട്രിക്കൽ സബ് ഡിവിഷനുകളും/സെക്ഷനുകളും കേന്ദ്രീകരിച്ച് സ്പോട്ട് രജിസ്ട്രേഷൻ ക്യാമ്പയിനുകൾ പലതവണ നടത്തുകയുണ്ടായി. പദ്ധതിയുടെ പുരോഗതിക്കായി ഇതിന്റെ ഏകോപനം വിതരണ വിഭാഗത്തെ ഏൽപ്പിക്കുകയുണ്ടായി. രജിസ്ട്രേഷൻ, സർവ്വേ ഇവയെകുറിച്ച് നിരവധി തവണ അവലോകനങ്ങൾ നടത്തി നെറ്റ് മീറ്റർ ലഭ്യത സർക്കിൾ തലത്തിൽ ഉറപ്പുവരുത്തി. പദ്ധതി വേഗത്തിലാക്കാൻ സോളാർ പാനൽ നിർമ്മാതാക്കളുടെയും ഇൻവെർട്ടർ നിർമ്മാതാക്കളുടെയും അവലോകനങ്ങൾ സംഘടിപ്പിക്കുകയും പ്രശ്നപരിഹാരം കണ്ടെത്തുകയും ചെയ്തു.

സൗര പദ്ധതി ഗവൺമെന്റ് ജീവനക്കാർക്കിടയിൽ വ്യാപകമാക്കാൻ എല്ലാ ജില്ലയിലും കളക്ടേറ്റുകൾതോറും സ്പോട്ട് രജിസ്ട്രേഷൻ ക്യാമ്പയിനുകൾ നടത്തുകയുണ്ടായി.

പാരമ്പര്യേതര സ്രോതസ്സുകളിൽനിന്നുള്ള വൈദ്യുതി ഉല്പാദനത്തിന് പ്രോത്സാഹനം നൽകുന്ന പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. കെ.എസ്.ഇ.ബി.എൽ.-ന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ/ഭൂമിയിൽ സ്ഥാപിക്കുന്ന പുരപ്പുറ സോളാർ/ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്രോജക്ടുകൾ കൂടാതെ വീടുകളുടെ പുരപ്പുറങ്ങളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്ന

'സൗര' പദ്ധതി, റിസർവോയറുകളുടെ മുകളിലായി ഫ്ലോട്ടിംഗ് സോളാർ തുടങ്ങിയ സൗരോർജ്ജ പദ്ധതികൾ കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കിവരുന്നു. കൂടാതെ വർക്ക് ഡെപ്പോസിറ്റടിസ്ഥാനത്തിൽ സർക്കാർ/അർദ്ധസർക്കാർ/LSGD/മറ്റുസ്ഥാപനങ്ങൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലും സ്ഥലങ്ങളിലും സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കൽ, EV ചാർജ്ജിംഗ് സ്റ്റേഷനുകൾ (fast charging & pole mounted) സ്ഥാപിക്കൽ പദ്ധതിയും കാറ്റാടിയിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതിയും പുരോഗമിക്കുന്നു.

സൗരോർജ്ജ ഉല്പാദനവുമായി ബന്ധപ്പെട്ട് രാജ്യത്തെ കർഷകർക്ക് നൽകുന്ന സഹായപദ്ധതിയാണ് 'പ്രധാനമന്ത്രി കുസും പദ്ധതി' (PM-KUSUM). കാർഷിക കണക്ഷനുള്ള പമ്പുകൾ സൗരോർജ്ജവൽക്കരിക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതിയിലൂടെ ഒരു ലക്ഷം പമ്പുകൾ സൗരോർജ്ജവൽക്കരിക്കാൻ അനെർട്ട് പദ്ധതിയിടുന്നു.

ഇലക്ട്രിക് കാറുകൾ ചാർജ്ജ് ചെയ്യുന്നതിന് വളരെയധികം വൈദ്യുതി വേണ്ടി വരുന്നതിനാൽ പരമാവധി ഹരിതോർജ്ജം ഉപയോഗിക്കുന്നതിനായി പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷനുകളോടൊപ്പം സ്ഥാപിക്കുന്ന സൗരോർജ്ജ സംവിധാനത്തിന് സംസ്ഥാന സർക്കാർ

അനെർട്ട് വഴി സബ്സിഡി നൽകിവരുന്നു. 5 kW മുതൽ 50 kW വരെയുള്ള സൗരോർജ്ജ സംവിധാനത്തിന് ഒരു കിലോവാട്ടിന് 20,000/- എന്ന നിരക്കിൽ 50 kW സോളാർ പാനലിന് പത്തുലക്ഷം രൂപ സബ്സിഡി നൽകിവരുന്നു.

സൗരോർജ്ജത്തെ നമ്മുടെ വൈദ്യുതി ആവശ്യത്തിനായി വിനിയോഗിക്കുന്നതിനുള്ള സംവിധാനമായ സോളാർ പവർ പ്ലാന്റുകൾ വീടുകളിലും സ്ഥാപനങ്ങളിലും വ്യാപകമാക്കുന്നതിനുവേണ്ടിയുള്ള വിവിധ പദ്ധതികൾ അനെർട്ട് മുഖേന നടപ്പിലാക്കിവരുന്നു. കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം (എം.എൻ.ആർ.ഇ.) കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷിയുള്ള ഓൺ ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ അനെർട്ട് മുഖേന സ്ഥാപിക്കുന്നു. പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് ഹരിത ഊർജ്ജ സംവിധാനങ്ങൾ ഏർപ്പെടുത്തികൊണ്ട് അവരുടെ ജീവിത സാഹചര്യവും ഒപ്പം വരുമാനവും മെച്ചപ്പെടുത്തുന്നതിന് 'ഹരിത ഊർജ്ജ വരുമാന പദ്ധതി' അനെർട്ട് നടപ്പിലാക്കിവരുന്നു.

സംസ്ഥാനത്തെ വിവിധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ്/കൺസൾട്ടൻസി വ്യവസ്ഥയിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനം നടപ്പിലാക്കിവരുന്നു. കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ നിർദേശപ്രകാരം സംസ്ഥാന സർക്കാർ തലസ്ഥാന നഗരമായ തിരുവനന്തപുരത്തെ സോളാർ സിറ്റിയായി തെരഞ്ഞെടുത്തിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിന്റെ മുഴുവൻ വൈദ്യുതി ആവശ്യവും പുനരുപയോഗ ഊർജ്ജസ്രോതസ്സുകളിൽനിന്ന് നിറവേറ്റുകയാണ് ലക്ഷ്യം. ഇതിന്റെ ആദ്യഘട്ടമായി 100 MW ശേഷിയുള്ള ഗാർഹിക സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജമന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം സ്മാർട്ട് സിറ്റിയുമായി സഹകരിച്ചുകൊണ്ട് കോർപ്പറേഷൻ പരിധിയിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി അനെർട്ട് നടപ്പിലാക്കിവരുന്നു.

ഗ്രിഡ് വൈദ്യുതി ലഭ്യമല്ലാത്ത വിദൂരഗ്രാമങ്ങളിൽ സോളാർ പവർ പ്ലാന്റുകളോടൊപ്പം ചെറിയ കാറ്റാടിയന്ത്രങ്ങൾകൂടി സ്ഥാപിച്ചുള്ള ഹൈബ്രിഡ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി അനെർട്ട് നടപ്പിലാക്കിവരുന്നു. റിന്യൂവബിൾ എനർജി സേവനദാതാക്കൾ മുഖേന സ്വകാര്യ

പങ്കാളിത്തത്തോടെ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന 'റെസ്കോ (RESCO) മോഡൽ' അനെർട്ട് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) സൗരോർജ്ജ ഉല്പാദന രംഗത്ത് വളർച്ച കൈവരിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകാമോ?

സൗരോർജ്ജ ഉല്പാദന രംഗത്ത് 'സൗര' പദ്ധതിയിലൂടെ വളർച്ച കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലയളവിൽ 'സൗര' പദ്ധതിയിലൂടെ ആകെ നിലവിൽ 125.3 മെഗാവാട്ട് അധിക വൈദ്യുതി ഗ്രിഡുമായി കൂട്ടിച്ചേർത്തിട്ടുണ്ട്. 'സൗര' പദ്ധതിയുടെ കീഴിൽ സംസ്ഥാനത്തൊട്ടാകെ 138.56 മെഗാവാട്ട് ശേഷിയുടെ 32689 സൗര നിലയങ്ങൾ പൂർത്തീകരിച്ചു. ഇതിൽ 127.57 മെഗാവാട്ടിന്റെ 30199 നിലയങ്ങൾ കമ്മീഷൻ ചെയ്തു. (ഒന്നാംഘട്ട നോൺ സബ്സിഡി പദ്ധതിയിൽ 21.42 മെഗാവാട്ടും രണ്ടാംഘട്ട സബ്സിഡി പദ്ധതിയിൽ 106.15 മെഗാവാട്ടുമാണ് കമ്മീഷൻ ചെയ്തത്).

സംസ്ഥാനത്ത് പാരമ്പര്യേതര സ്രോതസ്സുകളിൽനിന്ന് വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങളുടെ

ഫലമായി കേരളത്തിലെ സൗരോർജ്ജ നിലയങ്ങളുടെ ആകെ സ്ഥാപിതശേഷി നിലവിൽ 732 MW ആയി വർദ്ധിച്ചിട്ടുണ്ട്. ഇതിൽ 428 MW ഈ സർക്കാരിന്റെ കാലയളവിലാണ് സ്ഥാപിച്ചത്. നാളിതുവരെയായി 70.275 MW ശേഷിയുള്ള കാറ്റാടി നിലയങ്ങൾ സ്ഥാപിച്ചുകഴിഞ്ഞു. ഇതുകൂടാതെ കെ.എസ്.ഇ.ബി.എൽ. താരിഫധിഷ്ഠിത ബിഡിംഗിലൂടെ 14MW-ന്റെ കാറ്റാടി നിലയം സ്ഥാപിക്കുന്നതിനുള്ള LoA, M/s. ഇൻകെൽ എന്ന സ്ഥാപനത്തിനുനൽകി. കഞ്ചിക്കോട് നിലവിലുള്ള 2.025 MW-ന്റെ കാറ്റാടി നിലയം 3x2MW എന്ന സ്ഥാപിതശേഷിയിലേയ്ക്ക് ഉയർത്തുന്നതിനുള്ള ഒരു പദ്ധതിയും ആസൂത്രണം ചെയ്തുവരുന്നു.

സൗരോർജ്ജ ഉല്പാദനവുമായി ബന്ധപ്പെട്ട് രാജ്യത്തെ കർഷകർക്ക് നൽകുന്ന സഹായ പദ്ധതിയാണ് 'പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM)'. വൈദ്യുത കണക്ഷനുള്ള കൃഷിയിടങ്ങളിലെ വൈദ്യുതിയിൽ പ്രവർത്തിക്കുന്ന 1hp മുതൽ 7.5hp വരെയുള്ള പമ്പുകൾ സൗരോർജ്ജ പമ്പുകളായി മാറ്റി അതിൽനിന്ന് ഉല്പാദിപ്പിക്കുന്ന അധിക വൈദ്യുതി കർഷകർ KSEBL-ന് വിൽക്കുവാൻ സഹായിക്കുന്ന പദ്ധതിയാണ്. പി. എം. കുസും പദ്ധതിപ്രകാരം MNRE-യുടെ അനുമതി ലഭിച്ച 100 കാർഷിക പമ്പുകളിൽ 47 എണ്ണത്തിന്റെ സൗരോർജ്ജവൽക്കരണം പൂർത്തിയായി.

ഇതിൽനിന്നും പ്രതിവർഷം ഏകദേശം 3.5 ലക്ഷം യൂണിറ്റോളം ഊർജ്ജമുല്പാദിപ്പിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതിയിലൂടെ ഒരു ലക്ഷം പമ്പുകൾ സൗരോർജ്ജവൽക്കരിക്കാൻ അനെർട്ട് പദ്ധതിയിടുന്നു.

വൈദ്യുതി ഉപയോഗ സാധ്യത കൂടുതലുള്ള വൈദ്യുത വാഹന ചാർജിംഗ് സ്റ്റേഷനുകളിൽ പരമാവധി സൗരോർജ്ജ സംവിധാനം ഉപയോഗിക്കുന്നതിനായി സംസ്ഥാന സർക്കാർ ഒരു കിലോവാട്ടിന് 20,000/- രൂപ എന്ന നിരക്കിൽ പരമാവധി 50 kW-ന് 10 ലക്ഷം രൂപ വരെ സബ്സിഡി നൽകിവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അനെർട്ട് 7.356 MW ശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചിട്ടിട്ടുണ്ട്.

(സി) സംസ്ഥാനത്തെ ഓഫീസുകൾ, മറ്റ് പൊതുയിടങ്ങളിലടക്കം സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

സൗര ഫേസ്-1 പദ്ധതി പ്രകാരം സർക്കാർ ഓഫീസുകൾ, സർക്കാരിന്റെ അധീനതയിലുള്ള കെട്ടിടങ്ങൾ എന്നിവയിൽ കെ.എസ്.ഇ.ബി.എൽ. മുതൽമുടക്കിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച

നൽകുന്നുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+ ഈ പദ്ധതിയിൽ പുതിയ രജിസ്ട്രേഷൻ സ്വീകരിക്കുന്നില്ല.

സംസ്ഥാനത്തെ സർക്കാർ സ്ഥാപനങ്ങളും പൊതുസ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് പദ്ധതി തുകയുടെ പത്തുശതമാനം തുക അനെർട്ട് കൂടി ചെലവഴിച്ച് സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി അനെർട്ട് നടപ്പിലാക്കിവരുന്നു.

(ഡി) നിശ്ചിത വിസ്തൃതിക്ക് മേൽ ചതുരശ്ര അടിയുള്ള ഭവനങ്ങൾക്കും ഭവനസമുച്ചയങ്ങൾക്കും സൗരോർജ്ജ പാനലുകൾ നിർബന്ധമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

4000 ചതുരശ്രയടിക്ക് മുകളിൽ വിസ്തീർണ്ണമുള്ള വീടുകൾക്കും 5000 ചതുരശ്രയടിക്ക് മുകളിൽ വിസ്തീർണ്ണമുള്ള ഭവനസമുച്ചയങ്ങൾക്കും സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കണമെന്ന് കേരള മുനിസിപ്പൽ ബിൽഡിംഗ് റൂളിൽ ഭേദഗതി മുഖേന നിർബന്ധമാക്കിയിട്ടുണ്ട്.

**ഒറ്റപ്പാലം മണ്ഡലത്തിലെ പുരപ്പുറ സൗരോർജ്ജ പദ്ധതി**

226(2576) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രകാരം എത്ര സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ സൗരപദ്ധതി വഴി കെ.എസ്.ഇ.ബി.എൽ. മുഖേന 364 (1394 KWP) നിലയങ്ങളും അനെർട്ട് മുഖേന 13 കിലോവാട്ട് പവർ പ്ലാന്റുകളും സ്ഥാപിച്ചിട്ടുണ്ട്.

(ബി) പദ്ധതിയിലൂടെ പ്രതിമാസം ശരാശരി എത്ര യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഈ പദ്ധതിയിലൂടെ കെ.എസ്.ഇ.ബി.എൽ. മുഖേന പ്രതിമാസം ശരാശരി 1,67,000 യൂണിറ്റും അനെർട്ട് മുഖേന ശരാശരി 1560 യൂണിറ്റും വൈദ്യുതിയാണ് ഉല്പാദിപ്പിക്കാൻ കഴിയുന്നത്.

(സി) പ്രസ്തുത മണ്ഡലത്തിൽനിന്നും ഇതുവരെ പദ്ധതിക്കായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ?

ഈ മണ്ഡലത്തിൽനിന്നും സൗരപദ്ധതിയിലേയ്ക്ക് കെ.എസ്.ഇ.ബി.എൽ.-ന് 557 അപേക്ഷകളും അനെർട്ടിന് 63 അപേക്ഷകളും ലഭിച്ചതിൽ സാധ്യമായതും ഗുണഭോക്തൃവിഹിതമടയ്ക്കാൻ

തയ്യാറായ എല്ലാവർക്കും പ്ളാന്റ് സ്ഥാപിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കാർഷിക മേഖലയ്ക്ക് സൗജന്യ സൗരോർജ്ജം ലഭ്യമാക്കുന്നതിനുള്ള നടപടികൾ

227(2577) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ പാടശേഖരങ്ങളിൽ വാട്ടറിംഗ്-ഡീ വാട്ടറിംഗ് പമ്പിംഗിന് സൗജന്യ സൗരോർജ്ജം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

കുട്ടനാടൻ പാടശേഖരങ്ങളിലെ പമ്പുകൾ സൗരോർജ്ജവൽക്കരിക്കുന്നതിനുള്ള സാധ്യതാപഠനം നടന്നുകൊണ്ടിരിക്കുന്നു. പഠനം നടത്തിയവയിൽ അനുയോജ്യമായ സ്ഥലങ്ങളിൽ സൗരോർജ്ജനിലയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പമ്പുകൾ സൗരോർജ്ജവൽക്കരിക്കുന്നതിന്റെ ഭാഗമായി വേണ്ടിവരുന്ന അധിക സബ്സിഡിയായി 5 കോടി രൂപ അനെർട്ടിൽ ഡെപ്പോസിറ്റ് ചെയ്യുവാൻ അനെർട്ടും കൃഷി വകുപ്പും തമ്മിൽ ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്.

(ബി) വൈദ്യുതി ലഭിക്കുന്നതിലെ ബുദ്ധിമുട്ടുകളും വലിയ വൈദ്യുതി ചാർജ്ജും കണക്കിലെടുത്തും കാർഷികമേഖലയ്ക്ക് താങ്ങായും സൗരോർജ്ജം വ്യാപകമാക്കുന്നതിന് എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

സൗരോർജ്ജ ഉല്പാദനവുമായി ബന്ധപ്പെട്ട് രാജ്യത്തെ കർഷകർക്ക് നൽകുന്ന സഹായ പദ്ധതിയാണ് പ്രധാനമന്ത്രി കുസും പദ്ധതി (PM-KUSUM). കാർഷിക കണക്ഷനുള്ള പമ്പുകൾ സൗരോർജ്ജവൽക്കരിക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതിയിലൂടെ ഒരു ലക്ഷം പമ്പുകൾ സൗരോർജ്ജവൽക്കരിക്കാൻ അനെർട്ട് പദ്ധതിയിടുന്നു.

**സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും സൗരോർജ്ജ പാനലുകൾ**

228(2578) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ നിയോജകമണ്ഡലങ്ങളിലെ സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

കാട്ടാക്കട നിയോജകമണ്ഡലത്തിലെ സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും കെ.എസ്.ഇ.ബി.എൽ. മുഖേന സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 'കാർബൺ ന്യൂട്രൽ' കാട്ടാക്കട എന്ന പദ്ധതിയിലുൾപ്പെടുത്തി ഗവൺമെന്റ് അനുവദിച്ച ഫണ്ടുപയോഗിച്ചാണ് (3 കോടി രൂപ) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

സംസ്ഥാനത്ത് സൗര Phase-I പദ്ധതി വഴി സ്ഥാപിച്ച ഗവൺമെന്റ് കെട്ടിടങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+

സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും ഡെപ്പോസിറ്റ് പ്രവൃത്തിയായി സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി അനെർട്ട് നടപ്പിലാക്കുന്നു. എല്ലാ നിയോജകമണ്ഡലങ്ങളിലും നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ പദ്ധതി ചെലവിന്റെ പത്തുശതമാനം അനെർട്ട് വഹിക്കുന്നു.

(ബി) വടക്കാഞ്ചേരി മണ്ഡലത്തിലെ സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വടക്കാഞ്ചേരി മണ്ഡലത്തിലെ സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിന് നിലവിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

അപേക്ഷകളൊന്നുംതന്നെ അവശേഷിക്കുന്നില്ല. എന്നാൽ തൃശ്ശൂർ മെഡിക്കൽ കോളേജ് (150-കിലോ വാട്ട്), കേരള ആരോഗ്യ സർവ്വകലാശാല (250 കിലോ വാട്ട്) എന്നിവിടങ്ങളിൽ ഡെപ്പോസിറ്റ് വർക്കടിസ്ഥാനത്തിൽ സോളാർ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ 8 സർക്കാർ സ്ഥാപനങ്ങളിലായി ആകെ 155 കിലോവാട്ട് ശേഷിയുള്ള സോളാർ പവർ പ്ലാന്റുകൾ അനെർട്ട് മുഖേന സ്ഥാപിച്ചിട്ടുണ്ട്.

(സി) സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിന് വൈദ്യുതി വകുപ്പ് തെരഞ്ഞെടുത്തിട്ടുള്ള എം-പാനൽഡ് കമ്പനികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

കെ.എസ്.ഇ.ബി.എൽ. മുഖേന സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിന് വൈദ്യുതി വകുപ്പ് തെരഞ്ഞെടുത്തിട്ടുള്ള എം-പാനൽഡ് കമ്പനികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

## സൗരോർജ്ജ വൈദ്യുതി ഉല്പാദനം

229(2579) <u>ശ്രീ. വി. ശശി</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സൗരോർജ്ജ വൈദ്യുതി ഉല്പാദനത്തിനായി കെ.എസ്.ഇ.ബി.എൽ. മുഖേന എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കാമോ?

സൗരോർജ്ജ വൈദ്യുതി ഉല്പാദനത്തിനായി കെ.എസ്.ഇ.ബി.എൽ. മുഖേന നിരവധി പദ്ധതികൾ നടപ്പാക്കുന്നുണ്ട്. സംസ്ഥാനത്ത് പുരപ്പുറങ്ങളിൽ സ്ഥാപിച്ച നിലയങ്ങളിലൂടെയുള്ള ആകെ സ്ഥാപിതശേഷി 428 മെഗാവാട്ടാണ്. ഇതിൽ സൗരപദ്ധതി വഴി 127.57 മെഗാവാട്ടിന്റെ വൈദ്യുതി കൂട്ടിച്ചേർത്തിട്ടുണ്ട്. സൗരപദ്ധതി രണ്ടുഘട്ടങ്ങളിലായാണ് നടപ്പാക്കുന്നത്. ഒന്നാംഘട്ട നോൺ സബ്സിഡി പദ്ധതി (Phase I) കെ.എസ്.ഇ.ബി.എൽ. മുതൽ മുടക്കിലാണ് നടപ്പാക്കുന്നത്. രണ്ടാംഘട്ട സബ്സിഡി പദ്ധതി (Phase II) 40 ശതമാനം കേന്ദ്ര സബ്സിഡിയോടും ശേഷിച്ച തുക സ്വകാര്യ നിക്ഷേപവുമായാണ് സ്ഥാപിക്കുന്നത്. പദ്ധതിയുടെ തുടർനടപടികൾ പുരോഗതിയിലാണ്.

KSEBL-ന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ/ഭൂമിയിൽ സ്ഥാപിക്കുന്ന പുരപ്പുറ സോളാർ/ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്രോജക്ടുകൾ കൂടാതെ വീടുകളുടെ പുരപ്പുറങ്ങളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്ന 'സൗര' പദ്ധതി, റിസർവോയറുകളുടെ മുകളിലായി ഫ്ലോട്ടിംഗ് സോളാർ

തുടങ്ങിയ സൗരോർജ്ജ പദ്ധതികൾ KSEBL നടപ്പിലാക്കിവരുന്നു. കൂടാതെ ഡെപ്പോസിറ്റ് വർക്ക് അടിസ്ഥാനത്തിൽ സർക്കാർ/അർദ്ധസർക്കാർ/LSGD/മറ്റുസ്ഥാപനങ്ങൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലും സ്ഥലങ്ങളിലും സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കൽ, കാറ്റാടിയിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കൽ തുടങ്ങിയ പദ്ധതികളും പുരോഗമിക്കുന്നു.

സംസ്ഥാനത്ത് പാരമ്പര്യേതര സ്രോതസ്സുകളിൽനിന്ന് വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി കേരളത്തിലെ സൗരോർജ്ജ നിലയങ്ങളുടെ ആകെ സ്ഥാപിതശേഷി നിലവിൽ 732 MW ആയി വർദ്ധിച്ചിട്ടുണ്ട്. ഇതിൽ 428 MW ഈ സർക്കാരിന്റെ കാലയളവിലാണ് സ്ഥാപിച്ചത്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

**വൈദ്യുതാഘാതം മൂലമുള്ള അപകടങ്ങൾ ഒഴിവാക്കാൻ നടപടി**

230(2580) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി ഉമ തോമസ്:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) സംസ്ഥാനത്ത് കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ രണ്ടായിരത്തിലേറെ പേർ വൈദ്യുതാഘാതമേറ്റ് മരണപ്പെട്ടുവെന്നത് വസ്തുതയാണോ; എങ്കിൽ ആയത് ഗൗരവത്തോടെ കാണുന്നുണ്ടോ?

കഴിഞ്ഞ പത്ത് വർഷത്തിൽ (2012-2022) റിപ്പോർട്ട് ചെയ്യപ്പെട്ട വൈദ്യുതാഘാതമേറ്റ് മരണപ്പെട്ടവരുടെ കണക്ക് ചുവടെ ചേർക്കുന്നു.

| വർഷം | KSEB Ltd. ജീവനക്കാർ | കരാർ തൊഴിലാളികൾ | പൊതുജനം |
|---|---|---|---|
| 2012 | 7 | 8 | 152 |
| 2013 | 7 | 8 | 155 |
| 2014 | 7 | 10 | 127 |
| 2015 | 6 | 11 | 173 |
| 2016 | 4 | 8 | 140 |
| 2017 | 5 | 3 | 107 |
| 2018 | 6 | 2 | 131 |
| 2019 | 2 | 4 | 99 |
| 2020 | 6 | 6 | 94 |
| 2021 | 7 | 9 | 76 |
| 2022 | 4 | 6 | 121 |
| **TOTAL** | **61** | **75** | **1375** |

തുടരെയുണ്ടായിട്ടുള്ള കാലവർഷക്കെടുതി, പ്രകൃതിക്ഷോഭം, പ്രളയം തുടങ്ങിയവമൂലം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങൾക്ക് സംഭവിച്ച കേടുപാടുകൾ പരിഹരിക്കുമ്പോൾ സുരക്ഷാവീഴ്ചകൾ, അമിത ആത്മവിശ്വാസം, യാദൃശ്ചിക വൈദ്യുതി പ്രവാഹം തുടങ്ങിയ കാരണങ്ങളാൽ

കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാർക്കും കരാർ തൊഴിലാളികൾക്കും വൈദ്യുതാഘാതമേറ്റ് ജീവഹാനി സംഭവിച്ചിട്ടുള്ളതായും സൂക്ഷ്മതക്കുറവ്, അശ്രദ്ധ, സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കുന്നതിലെ വിമുഖത തുടങ്ങിയ കാരണങ്ങളാൽ വൈദ്യുതി ലൈനിൽനിന്നും അബദ്ധവശാൽ വൈദ്യുതാഘാതമേൽക്കുന്നതുമൂലവും പൊട്ടിവീണ വൈദ്യുതി കമ്പിയിൽനിന്ന് ഷോക്കേറ്റ് പൊതുജനങ്ങൾക്ക് സംഭവിച്ചിട്ടുള്ള അപകടങ്ങളുടെ എണ്ണത്തിലും മുൻകാലങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ നേരിയ വർദ്ധന വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വൈദ്യുതാഘാതംമൂലമുള്ള അപകടങ്ങൾ കെ.എസ്.ഇ.ബി.എൽ. വളരെ ഗൗരവത്തോടെയാണ് കാണുന്നത്.

(ബി) വൈദ്യുതാഘാതംമൂലമുള്ള അപകടങ്ങളൊഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

ലൈനുകൾ പൊട്ടി വീണുണ്ടാകുന്ന അപകടങ്ങളൊഴിവാക്കുന്നതിനായി എല്ലാ എൽ.ടി. ലൈനുകളിലും 2.24 കോടി സ്പേസറുകൾ സ്ഥാപിക്കുന്ന കർമ്മ പദ്ധതി കെ.എസ്.ഇ.ബി.എൽ. ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതുവരെ 86.95 ലക്ഷം സ്പേസറുകൾ സ്ഥാപിച്ചിട്ടുണ്ട്. ശക്തി കുറഞ്ഞതും പൊട്ടിവീഴാൻ സാധ്യതയുള്ളതുമായ AAC കമ്പികൾ പൂർണമായും ഒഴിവാക്കി ACSR

കമ്പികൾ സ്ഥാപിക്കുന്നതിനും പഴയ ACSR കണ്ടക്ടർ മാറ്റി പുതിയ ACSR കമ്പികൾ സ്ഥാപിക്കുന്നതിനും KSEBL പ്രത്യേക ശ്രദ്ധ നൽകിവരുന്നു. ലൈനുകളിൽ ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നതുവഴിയും ABC കണ്ടക്ടർ ഉപയോഗിക്കുന്നതുവഴിയും ഗാർഡിംഗ് നിർമ്മിക്കുന്നതുവഴിയും കവേർഡ് കണ്ടക്ടറുകൾ ഉപയോഗിക്കുന്നതുവഴിയും ലൈനുകൾ പൊട്ടി വീണുണ്ടാകുന്ന അപകടങ്ങൾ ഒരു പരിധിവരെ ഒഴിവാക്കാവുന്നതാണ്. ഇവ സ്ഥാപിച്ചുകൊണ്ട് വൈദ്യുതിയെത്തിക്കുന്നത് താരതമ്യേന ചെലവേറിയ പദ്ധതിയായതുകൊണ്ടും ഇത്തരത്തിലുണ്ടാകുന്ന ഭീമമായ ചെലവ് വൈദ്യുതി താരിഫിൽ പ്രതിഫലിക്കുന്നതുകൊണ്ടും ഘട്ടംഘട്ടമായി പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾ നടത്താനാണ് കെ.എസ്.ഇ.ബി.എൽ. തീരുമാനിച്ചിരിക്കുന്നത്. ദ്യുതി 1, ദ്യുതി 2, RDSS പദ്ധതി എന്നിവയിൽ ഇത്തരം പ്രവൃത്തികൾക്ക് കെ.എസ്.ഇ.ബി.എൽ. പ്രാധാന്യം നൽകുന്നു.

കമ്പി പൊട്ടി വീണുണ്ടാകുന്ന വൈദ്യുതിയപകടങ്ങൾ കുറയ്ക്കുന്നതിനായി ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിലും ഇടുങ്ങിയ പ്രദേശങ്ങളിലും 'ഏരിയൽ ബഞ്ചഡ് കണ്ടക്ടർ (ABC), കവേർഡ് കണ്ടക്ടർ എന്നിവ ഉപയോഗിക്കുന്നുണ്ട്. പുതുതായി നിർമ്മിക്കുന്ന LT ലൈനുകൾ സുരക്ഷയുടെകൂടി പ്രാധാന്യം കണക്കിലെടുത്ത് 'ഏരിയൽ ബഞ്ചഡ്

കണ്ടക്ടർ' (ABC) ഉപയോഗിച്ച് നിർമ്മിക്കാൻ തീരുമാനിച്ചു. കൂടാതെ LT ലൈനുകളിൽ സ്പേസർ, ഗാർഡിംഗ് മുതലായവ സ്ഥാപിച്ചുവരുന്നു.

വൈദ്യുതലൈനുകൾക്ക് സമീപം നിൽക്കുന്ന വൃക്ഷങ്ങളിൽനിന്നും വിളവെടുക്കുമ്പോഴും ലോഹ നിർമ്മിത ഏണികൾ ഉപയോഗിക്കുമ്പോഴും തേങ്ങ, ചക്ക, മാങ്ങ തുടങ്ങിയ ഫലാദികൾ ലോഹത്തോട്ടി ഉപയോഗിച്ച് അടർത്തുമ്പോഴും തോട്ടി, ഏണി എന്നിവ ലൈനിൽ തട്ടിയുണ്ടാകുന്ന അപകടങ്ങൾ ഗണ്യമായി കൂടിവരുന്നുണ്ട്. പൊതുജനങ്ങളെ ഇത്തരം അപകടങ്ങളെക്കുറിച്ച് കൂടുതൽ ബോധവാന്മാരാക്കുന്നതിനായി മൈക്ക് അനൗൺസ്മെന്റ്, ഹ്രസ്വ വീഡിയോ എന്നിവ കെ.എസ്.ഇ.ബി.എൽ.-ന്റെ PRD വിഭാഗം തയ്യാറാക്കി പ്രചരിപ്പിക്കുന്നുണ്ട്.

ഉപഭോക്തൃ ഇടങ്ങളിൽ സംഭവിക്കുന്ന വൈദ്യുത അപകടങ്ങൾ ഒഴിവാക്കുന്നതിലേയ്ക്കായി എല്ലാ ഉപഭോക്തൃ പ്രതിഷ്ഠാപനങ്ങളിലും ELCB (Earth Leakage Circuit Breaker) സ്ഥാപിക്കുന്നതിനും ഗാർഹിക വയറിംഗ് ഗുണമേന്മയുള്ളതാണെന്ന് ഉറപ്പാക്കുന്നതിനുംവേണ്ട ബോധവൽക്കരണം നൽകിവരുന്നുണ്ട്.

വൈദ്യുതി ലൈനിൽ പണിയെടുക്കുമ്പോൾ പാലിക്കേണ്ട സുരക്ഷാ നടപടികളെക്കുറിച്ചുള്ള സുരക്ഷാ മാനുവൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സുരക്ഷാ

നയം എല്ലാ ജീവനക്കാരിലേയ്ക്കുമെത്തിക്കുന്നതിനായി ജീവനക്കാർക്കുവേണ്ടി സുരക്ഷാനയവുമായി ബന്ധപ്പെട്ട പരിശീലന ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

(സി) പ്രസ്തുത അപകടങ്ങൾ ഒഴിവാക്കാൻ ജനങ്ങളിൽ ബോധവൽക്കരണമടക്കമുള്ള പരിപാടികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

വൈദ്യുതി സുരക്ഷയുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുള്ള ബോധവൽക്കരണം നൽകിവരുന്നുണ്ട്. കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷൻ മുഖേന വൈദ്യുതി സുരക്ഷയെ സംബന്ധിച്ച് ലഘുലേഖകൾ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്കിടയിൽ സുരക്ഷാബോധവൽക്കരണം നടത്തുന്നതിനായി അദ്ധ്യാപക-വിദ്യാർത്ഥി വാട്ട്സ് ആപ്പ് ഗ്രൂപ്പുകളിൽ പവർ പോയിന്റ് പ്രസന്റേഷൻ നൽകിയിട്ടുണ്ട്. പൊതുജനങ്ങളെ വൈദ്യുതിമൂലമുള്ള അപകടങ്ങളെക്കുറിച്ച് കൂടുതൽ ബോധവാന്മാരാകുന്നതിനായി വിദ്യാഭ്യാസം, ദുരന്ത നിവാരണ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് വിഭാഗങ്ങളുടെ സഹകരണവും അഭ്യർത്ഥിച്ചിട്ടുണ്ട്.

വൈദ്യുതകമ്പി പൊട്ടി വീണാൽ അപകടം ഒഴിവാക്കാനായി 9496010101 എന്ന നമ്പറിൽ വിളിച്ചറിയിക്കുവാൻ പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നു.

## വൈദ്യുത ലൈനിന്റെ ഉയരം കൂട്ടുന്നതിന് നടപടി

231(2581) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ പത്തിരിപ്പാല പടിപ്പുറക്കാട് മുതൽ കുണ്ടുകാവ് വരെയുള്ള പ്രദേശത്തിലൂടെ കടന്നുപോകുന്ന ഇലക്ട്രിക്ക് ലൈൻ വളരെയധികം താഴ്ന്നുകിടക്കുന്നതിനാൽ കൊയ്ത്തുവാഹനങ്ങൾ ലോറിയിൽ കൊണ്ടുവരുമ്പോൾ ഇലക്ട്രിക് ലൈനിൽ തട്ടുന്ന സാഹചര്യമുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി ഉയരം കൂടിയ പോസ്റ്റുകൾ സ്ഥാപിച്ച് വൈദ്യുത ലൈനിന്റെ ഉയരം കൂട്ടുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോങ്ങാട് മണ്ഡലത്തിലെ പത്തിരിപ്പാല പടിപ്പുറക്കാട് മുതൽ കുണ്ടുകാവ് വരെയുള്ള സ്ഥലം പരിശോധിച്ച് പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി ഉയരം കുറഞ്ഞ

പോസ്റ്റുകൾ മാറ്റി 8 മീറ്റർ/9 മീറ്റർ പോസ്റ്റുകൾ സ്ഥാപിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

**ചാത്തന്നൂർ മണ്ഡലത്തിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കാൻ നടപടി**

232(2582) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ എം.എൽ.എ.-യുടെ പ്രത്യേക വികസന ഫണ്ട് വിനിയോഗിച്ച് തെരുവുവിളക്കുകൾ സ്ഥാപിക്കുന്ന നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ?

തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി പോസ്റ്റുകൾ സ്ഥാപിക്കുന്നതും സ്ട്രീറ്റ് മെയിൻ വലിക്കുന്നതുമായ ജോലികൾ ഏകദേശം പൂർത്തിയായിവരുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിലെ പൂയപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ എം.എൽ.എ.-യുടെ പ്രത്യേക വികസന ഫണ്ട് വിനിയോഗിച്ച് തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനായുള്ള നടപടികൾ വിശദമാക്കാമോ;

(സി) കെ.എസ്.ഇ.ബി.എൽ. കുണ്ടറ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിർവഹണ ചുമതലയിൽ പൂയപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനായി 2021 ഫെബ്രുവരിയിൽ എം.എൽ.എ. ജില്ലാകളക്ടർക്ക് പ്രൊപ്പോസൽ നൽകിയതിന്റെയടിസ്ഥാനത്തിൽ കളക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനോട് എസ്റ്റിമേറ്റ് ആവശ്യപ്പെട്ടിട്ടുണ്ടോയെന്നും തുടർനടപടികളുടെ നാളിതുവരെയുള്ള സ്ഥിതിയെന്തെന്നും അറിയിക്കാമോ?

(ബി&സി) പൂയപ്പള്ളി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ MLA-യുടെ പ്രത്യേക വികസന ഫണ്ടുപയോഗിച്ച് തെരുവുവിളക്കുകൾ (മിനി മാസ്റ്റ്) സ്ഥാപിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ സർവീസ് കണക്ഷൻ എസ്റ്റിമേറ്റും ഫീസിബിലിറ്റി സർട്ടിഫിക്കറ്റും 04-10-2021-ൽ കൊല്ലം അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർക്ക് നൽകി തുടർനടപടികൾ നടന്നുവരുന്നു.

## നിലാവ് പദ്ധതിയുടെ പുരോഗതി

233(2583) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന നിലാവ് പദ്ധതിയുടെ പുരോഗതി വെളിപ്പെടുത്തുമോ; ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും കേന്ദ്ര സംസ്ഥാന വിഹിതം എത്രയെന്നും വ്യക്തമാക്കാമോ?

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 10.5 ലക്ഷം പരമ്പരാഗത തെരുവുവിളക്കുകൾക്ക് പകരമായി ഊർജ്ജക്ഷമതയുള്ള LED ലൈറ്റുകൾ സ്ഥാപിക്കുകയെന്ന ലക്ഷ്യത്തോടെയാണ് നിലാവ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ഇതിൻപ്രകാരം IT മിഷൻ വഴി രൂപപ്പെടുത്തിയ നിലാവ് പോർട്ടൽ മുഖാന്തരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യകത രേഖപ്പെടുത്തി കെ.എസ്.ഇ.ബി.എൽ.-മായി സംയുക്ത സ്ഥലപരിശോധന നടത്തി പ്രായോഗികതയുടെ അടിസ്ഥാനത്തിൽ EESL എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനം വഴി വാങ്ങി LED വിളക്കുകൾ സ്ഥാപിച്ചുവരുന്നു. നിലവിൽ ബൾബുകൾക്കും അനുബന്ധ സാധന-സാമഗ്രികൾക്കും SPV ആയ കെ.എസ്.ഇ.ബി.എൽ. ഒന്നാംഘട്ടത്തിൽ 2 ലക്ഷം LED സ്ട്രീറ്റ് ലൈറ്റുകൾക്ക് ഓർഡർ നൽകുകയും ആയവ പൂർണമായും സ്ഥാപിക്കുകയും രണ്ടാംഘട്ടത്തിൽ 1,72,000 LED സ്ട്രീറ്റ് ലൈറ്റുകൾക്ക് ഓർഡർ നൽകുകയും ആയതിൽ 1,62,548 ബൾബുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ വോൾട്ടേജുകളിലുള്ള LED സ്ട്രീറ്റ് ലൈറ്റുകൾ

സ്ഥാപിക്കുന്നത് സംബന്ധിച്ച് ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തർക്കം നിലനിൽക്കുന്നതിനാൽ 9,542 LED സ്ട്രീറ്റ് ലൈറ്റുകൾ അത്തരത്തിൽ സ്ഥാപിക്കാനുണ്ട്. തർക്കം പരിഹരിച്ചാലുടൻ ആയവ സ്ഥാപിക്കുന്നതാണ്. കൂടാതെ പോർട്ടലിന്റെ സാങ്കേതിക തടസ്സങ്ങൾ കാരണം കെ.എസ്.ഇ.ബി.എൽ. സ്ഥാപിച്ച 3,62,548 ബൾബുകളിൽ 3,11,305 എണ്ണം മാത്രമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ചിട്ടുള്ളൂ. തുടർന്നുള്ള ആവശ്യകത രേഖപ്പെടുത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കിഫ്ബിയുടെ ഫണ്ടിംഗ് മുഖാന്തരമുള്ള പ്രോജക്ടാണ് നിലാവ്. നിലവിൽ വിതരണ ഏജൻസിയായ EESL-ന് കിഫ്ബി 60.639 കോടി രൂപയും SPV ആയ കെ.എസ്.ഇ.ബി.എൽ.-ന് ഇൻസ്റ്റലേഷൻ ചാർജ്ജായി 14.22 കോടി രൂപയുമാണ് നൽകിയിട്ടുള്ളത്.

(ബി) മലപ്പുറം ജില്ലയിലെ ഓരോ മണ്ഡലത്തിലും എത്ര തെരുവുവിളക്കുകളാണ് പ്രസ്തുത പദ്ധതി വഴി സ്ഥാപിച്ചത്; വിശദാംശം നൽകുമോ?

മലപ്പുറം ജില്ലയിലെ ഓരോ മണ്ഡലത്തിലും നിലാവ് പദ്ധതി പ്രകാരം സ്ഥാപിച്ച തെരുവ് വിളക്കുകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(സി) മലപ്പുറം നിയോജകമണ്ഡലത്തിൽ പ്രസ്തുത പദ്ധതി പരിപൂർണ്ണമായും നടപ്പാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതിയുടെ പുരോഗതികൾ വെളിപ്പെടുത്തുമോ; പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

നിലവിൽ മലപ്പുറം നിയോജകമണ്ഡലത്തിലെ മൊറയൂർ പഞ്ചായത്തിൽ 500 LED സ്ട്രീറ്റ് ലൈറ്റുകളും പൂക്കോട്ടൂർ പഞ്ചായത്തിൽ 1000 LED സ്ട്രീറ്റ് ലൈറ്റുകളും കോഡൂർ പഞ്ചായത്തിൽ 500 LED സ്ട്രീറ്റ് ലൈറ്റുകളുമാണ് സ്ഥാപിച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ ആവശ്യകത അറിയിക്കുന്നമുറയ്ക്ക് കെ.എസ്.ഇ.ബി.എൽ. സംയുക്ത പരിശോധനക്കുശേഷം മാത്രമേ തെരുവുവിളക്കുകൾ വാങ്ങി സ്ഥാപിക്കുകയുള്ളൂ. ആയതിനാൽ പദ്ധതി പൂർത്തീകരണം സംബന്ധിച്ച വിവരം നിലവിൽ ലഭ്യമാക്കുവാൻ സാധ്യമല്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## നിലാവ് പദ്ധതി

234(2584) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുവിളക്കുകൾ സ്ഥാപിക്കുന്ന നിലാവ് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാൻ സാധിക്കുന്നുണ്ടോ?

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 10.5 ലക്ഷം പരമ്പരാഗത തെരുവുവിളക്കുകൾക്ക് പകരമായി ഊർജ്ജക്ഷമതയുള്ള LED ലൈറ്റുകൾ സ്ഥാപിക്കുകയെന്ന ലക്ഷ്യത്തോടെയാണ് നിലാവ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ഇതിൻപ്രകാരം IT മിഷൻ വഴി രൂപപ്പെടുത്തിയ നിലാവ് പോർട്ടൽ മുഖാന്തരം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യകത രേഖപ്പെടുത്തി കെ.എസ്.ഇ.ബി.എൽ.-മായി സംയുക്ത സ്ഥലപരിശോധന നടത്തി പ്രായോഗികതയുടെ അടിസ്ഥാനത്തിൽ EESL എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനം വഴി വാങ്ങി LED വിളക്കുകൾ സ്ഥാപിച്ചുവരുന്നു. നിലവിൽ ബൾബുകൾക്കും അനുബന്ധ സാധനസാമഗ്രികൾക്കും SPV ആയ കെ.എസ്.ഇ.ബി.എൽ. പർച്ചേസ് ഓർഡർ നൽകുകയും ആയതിൽ 3,62,548 ബൾബുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പരിപൂർണ

സമ്മതവും സഹായവുമില്ലാത്തതിനാൽ 9452 ബൾബുകൾ സ്ഥാപിക്കുവാൻ സാധിച്ചിട്ടില്ല. കൂടാതെ പോർട്ടലിന്റെ സാങ്കേതിക തടസ്സങ്ങൾ കാരണം കെ.എസ്.ഇ.ബി.എൽ. സ്ഥാപിച്ച 3,62,548 ബൾബുകളിൽ 3,11,305 എണ്ണം മാത്രമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ചിട്ടുള്ളൂ. തുടർന്നുള്ള ആവശ്യകത രേഖപ്പെടുത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രസ്തുത പദ്ധതിക്കുകീഴിൽ വന്നിട്ടുണ്ടെന്ന് അറിയിക്കാമോ?

നിലവിൽ 695 പഞ്ചായത്തുകളും 48 മുനിസിപ്പാലിറ്റികളുമാണ് നിലാവ് പദ്ധതിക്കുകീഴിൽ വന്നിട്ടുള്ളത്.

(സി) കേടാവുന്ന ബൾബുകൾക്കുപകരം ബൾബുകൾ നൽകുന്നതിന് ഏതെങ്കിലും തരത്തിലുള്ള പ്രതിസന്ധികൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നിലാവ് പദ്ധതിയിലെ കേടായ LED സ്ട്രീറ്റ് ലൈറ്റുകൾ അഴിച്ചു പരിശോധിച്ച് കേടുപാടുകൾ തീർത്തു പുനഃസ്ഥാപിക്കുകയാണ് നിലവിൽ ചെയ്തുവരുന്നത്. ബൾബുകൾ കേടാവുമ്പോൾ തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾ ആയവ അഴിച്ച് ബന്ധപ്പെട്ട കെ.എസ്.ഇ.ബി.എൽ. സ്റ്റോറുകളിലെത്തിക്കാൻ വൈകുന്നതുമൂലം കാലതാമസമനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) എങ്കിലിത് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

കാലതാമസം പരിഹരിക്കുന്നതിനായി പകരം സംവിധാനമേർപ്പെടുത്താൻ നിലാവ് പദ്ധതിയിലെ സാധനസാമഗ്രികളുടെ വിതരണക്കാരായ EESL-നു നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഇലക്ട്രിക്കൽ സൂപ്പർവൈസർ ലൈസൻസ്**

235(2585) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിനുകീഴിലുള്ള കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡിൽ ഗ്രേഡ് എ, ബി സൂപ്പർവൈസർ ലൈസൻസിനുള്ള എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്നത് വ്യക്തമാക്കാമോ; പ്രസ്തുത അപേക്ഷകരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ആകെ 3531 അപേക്ഷകൾ തീർപ്പാക്കാനുണ്ട്.

സൂപ്പർവൈസർ ഗ്രേഡ് എ-1679 സൂപ്പർവൈസർ ഗ്രേഡ് ബി-1852.

പ്രസ്തുത അപേക്ഷകരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

**സൂപ്പർവൈസർ ഗ്രേഡ് എ**

| | | |
|---|---|---|
| 1. | തിരുവനന്തപുരം | 222 |
| 2. | കൊല്ലം | 190 |
| 3. | പത്തനംതിട്ട | 70 |
| 4. | ആലപ്പുഴ | 125 |
| 5. | കോട്ടയം | 129 |
| 6. | ഇടുക്കി | 51 |
| 7. | എറണാകുളം | 296 |
| 8. | തൃശ്ശൂർ | 143 |
| 9. | പാലക്കാട് | 70 |
| 10. | മലപ്പുറം | 134 |
| 11. | കോഴിക്കോട് | 112 |
| 12. | കണ്ണൂർ | 75 |
| 13. | വയനാട് | 35 |
| 14. | കാസർഗോഡ് | 27 |
| | **ആകെ** | **1679** |

**സൂപ്പർവൈസർ ഗ്രേഡ് ബി**

| | | |
|---|---|---|
| 1. | തിരുവനന്തപുരം | 252 |
| 2. | കൊല്ലം | 47 |
| 3. | പത്തനംതിട്ട | 114 |
| 4. | ആലപ്പുഴ | 155 |
| 5. | കോട്ടയം | 32 |
| 6. | ഇടുക്കി | 14 |
| 7. | എറണാകുളം | 191 |
| 8. | തൃശ്ശൂർ | 285 |
| 9. | പാലക്കാട് | 224 |
| 10. | മലപ്പുറം | 206 |
| 11. | കോഴിക്കോട് | 220 |
| 12. | കണ്ണൂർ | 31 |
| 13. | വയനാട് | 67 |
| 14. | കാസർഗോഡ് | 14 |
| | **ആകെ** | **1852** |

(ബി) ഗ്രേഡ് എ, ബി സൂപ്പർവൈസർ ലൈസൻസനുവദിക്കുന്നത് നിർത്തിവച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എന്തുകൊണ്ടാണ് എന്നും വിശദമാക്കുമോ?

നിർത്തിവച്ചിട്ടില്ല.

(സി) നിർത്തിവച്ച ലൈസൻസ് വിതരണം എപ്പോൾ പുനരാരംഭിക്കുമെന്ന് വിശദമാക്കുമോ?

ബാധകമല്ല.

**കാസർഗോഡ് ജില്ലയിൽ പ്രവർത്തിച്ചുവരുന്ന ഓഫീസുകൾ**

236(2586) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി, അനെർട്ട് വകുപ്പുകളുടെ കീഴിൽ കാസർഗോഡ് ജില്ലയിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളും ഓഫീസുകളും സംബന്ധിച്ച വിശദവിവരം നൽകാമോ; ഇവ ഏതെല്ലാം സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര കാലമായി ഈ സ്ഥാപനങ്ങളും ഓഫീസുകളും പ്രവർത്തിക്കുന്നുണ്ടെന്നും അനുവദിച്ച തസ്തികകൾ ഏതൊക്കെയാണെന്നും സ്ഥാപനവും ഓഫീസും തിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ സ്ഥാപനങ്ങളിലും ഓഫീസുകളിലും ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഏതൊക്കെയാണെന്നും എത്രകാലമായി ഒഴിവുകൾ തുടരുന്നുവെന്നും സ്ഥാപനവും ഓഫീസും തിരിച്ച് വ്യക്തമാക്കാമോ?

(എ-സി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനുകീഴിൽ കാസർഗോഡ് ജില്ലയിൽ പ്രവർത്തിച്ചുവരുന്ന വിവിധ ഓഫീസുകളുടെ വിശദവിവരങ്ങളടങ്ങുന്ന പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.+ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ ജില്ലാ കാര്യാലയം കാസർഗോഡ് ജില്ലയിൽ 31-10-1988 മുതൽ പ്രവർത്തിച്ചുവരുന്നു. തസ്തികകളും ജീവനക്കാരുടെ എണ്ണവും ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ഇലക്ട്രിക്കൽ ഇൻസ്പെക്ടർ | 1 |
| ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ | 1 |
| അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ | 2 |
| ജൂനിയർ സൂപ്രണ്ട് | 1 |
| സീനിയർ ക്ലാർക്ക് | 1 |
| ക്ലാർക്ക് | 2 |
| സ്കിൽഡ് അസിസ്റ്റന്റ് | 2 |
| ഓഫീസ് അറ്റൻഡന്റ് | 2 |
| പാർട്ട് ടൈം സ്വീപ്പർ | 1 |
| ടൈപ്പിസ്റ്റ് | 1 |

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

01-04-2019 മുതൽ ക്ലാർക്ക് തസ്തികയും (കന്നട/മലയാളം) (വേക്കൻസി കാസർഗോഡ് ജില്ലാ പി.എസ്.സി. ഓഫീസിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്). സ്കിൽഡ് അസിസ്റ്റന്റ് തസ്തികയും (പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്) ഒഴിഞ്ഞുകിടക്കുന്നു.

അനെർട്ടിന് കാസർഗോഡ് ജില്ലയിൽ ഒരു ഓഫീസാണുള്ളത്. റെയിൽവേ സ്റ്റേഷൻ റോഡ്, തായലങ്ങാടിയിൽ സ്ഥിതി ചെയ്യുന്ന അനെർട്ടിന്റെ കാസർഗോഡ് ജില്ലാഓഫീസ് 2004 മുതൽ പ്രവർത്തിക്കുന്നുണ്ട്. ഡിസ്ട്രിക്ട് ടെക്നിക്കൽ മാനേജർ, അസിസ്റ്റന്റ് ഡിസ്ട്രിക്ട് ടെക്നിക്കൽ മാനേജർ, ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ സ്ഥിരംതസ്തികകളാണ് നിലവിലുള്ളത്. ടെക്നിക്കൽ അസിസ്റ്റന്റ് സ്ഥിരം തസ്തികയിൽ ഒരാളും ഡിസ്ട്രിക്ട് എഞ്ചിനീയർ, ടെക്നിക്കൽ അസിസ്റ്റന്റ്, ഗ്രാഡുവേറ്റ് അപ്രന്റിസ്, പാർട്ട് ടൈം സ്വീപ്പർ എന്നിങ്ങനെ ഓരോ താൽക്കാലിക/പ്രോജക്ട് തസ്തികകളിൽ 4 ജീവനക്കാരും ജോലി ചെയ്തുവരുന്നു.

ഡിസ്ട്രിക്ട് ടെക്നിക്കൽ മാനേജർ, അസിസ്റ്റന്റ് ഡിസ്ട്രിക്ട് ടെക്നിക്കൽ മാനേജർ എന്നീ തസ്തികകളിൽ പി.എസ്.സി. വഴിയുള്ള നിയമന നടപടിക്രമങ്ങൾ പൂർത്തിയാകാത്തതിനാൽ നിയമനം നടത്തിയിട്ടില്ല.

## ആലപ്പുഴ ജില്ലയിലെ മസ്ദൂർ തസ്തികയിലെ ഒഴിവുകൾ

237(2587) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ കെ.എസ്.ഇ.ബി. മസ്ദൂർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; ഇവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ആലപ്പുഴ ജില്ലയിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ മസ്ദൂർ തസ്തികയിൽ നിലവിൽ ഒഴിവുകളൊന്നും തന്നെ ഇല്ല.

(ബി) കെ.എസ്.ഇ.ബി.-യിൽ താഴെ തട്ടിലുള്ള ജീവനക്കാരുടെ ഒഴിവുകൾ യഥാസമയം നികത്തുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ജീവനക്കാരുടെ ഒഴിവുകൾ യഥാസമയം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നികത്തുന്നതിനായി കാലതാമസം കൂടാതെ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്. എന്നാൽ സി.ഇ.എ. (സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി)

റെഗുലേഷൻ നിഷ്കർഷിക്കുന്ന യോഗ്യതയാവശ്യമായ മസ്ദൂർ ഉൾപ്പെടെയുള്ള തസ്തികകളിൽ നിലവിലുള്ള യോഗ്യത പരിഷ്കരിച്ചശേഷം മാത്രമേ പി.എസ്.സി. വഴി നിയമനം നടത്താൻ കഴിയുകയുള്ളൂ. ഇതുമായി ബന്ധപ്പെട്ട നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു.

**പൊരിങ്ങൽകുത്ത്, ഷോളയാർ ഡാമുകളിൽ ഹൈഡൽ ടൂറിസം**

238(2588) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നിയോജകമണ്ഡലത്തിലെ പൊരിങ്ങൽകുത്ത്, ഷോളയാർ ഡാമുകളിൽ ഹൈഡൽ ടൂറിസം പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ?

ചാലക്കുടി നിയോജകമണ്ഡലത്തിലെ പൊരിങ്ങൽകുത്ത്, ഷോളയാർ ഡാമുകളിൽ ഹൈഡൽ ടൂറിസം പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലാണ്.

(ബി) പൊരിങ്ങൽകുത്ത് ഡാമിൽ ബോട്ടിംഗ് പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

വനംവകുപ്പിൽനിന്നുള്ള അനുമതി ലഭിക്കുന്നമുറയ്ക്ക് പുനരാരംഭിക്കാൻ സാധിക്കുന്നതാണ്.

(സി) പൊരിങ്ങൽകുത്തിലെയും ഷോളയാറിലെയും ഡാമുകളോട് ചേർന്നുള്ള കെ.എസ്.ഇ.ബി.-യുടെ ക്വാർട്ടേഴ്സുകളിൽ അറ്റകുറ്റപ്പണി നടത്തി വിനോദസഞ്ചാരികൾക്ക് താമസസൗകര്യമൊരുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇക്കാര്യം പരിശോധിക്കുന്നതാണ്.

**ഹൈഡൽ ടൂറിസം ഗവേണിംഗ് ബോഡി യോഗം**

239(2589) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023 ജനുവരി മാസം ഹൈഡൽ ടൂറിസം ഗവേണിംഗ് ബോഡിയുടെ യോഗം ചേർന്നിരുന്നോ; അറിയിക്കുമോ?

2023 ജനുവരി 11-ന് കേരള ഹൈഡൽ ടൂറിസം സെന്ററിന്റെ 36-ാമത് ഗവേണിംഗ് ബോഡി യോഗം കൂടിയിട്ടുണ്ട്.

(ബി) പ്രസ്തുത യോഗത്തിൽ ആരൊക്കെ പങ്കെടുത്തിരുന്നു; അറിയിക്കുമോ?

പ്രസ്തുത യോഗത്തിൽ കേരള ഹൈഡൽ ടൂറിസം ഗവേണിംഗ് ബോഡി ചെയർമാൻ, വൈസ് ചെയർമാൻ ഉൾപ്പെടെ 8 അംഗങ്ങൾ പങ്കെടുത്തിട്ടുണ്ട്. പങ്കെടുത്തവരുടെ പേരുവിവരം അനുബന്ധമായി ചേർത്തിട്ടുള്ള മിനിറ്റ്സിൽ ലഭ്യമാണ്.+

(സി) യോഗത്തിൽ പരിഗണിച്ച അജണ്ടയുടെ വിശദവിവരം നൽകുമോ?

യോഗത്തിൽ ഹൈഡൽ ടൂറിസത്തിന്റെ ഭരണപരമായ വിഷയങ്ങളുൾപ്പെടുത്തിയ 18 അജണ്ടകൾ ചർച്ച ചെയ്തിരുന്നു.

(ഡി) 2023 ജനുവരി മാസം കൂടിയ ഹൈഡൽ ടൂറിസം ഗവേണിംഗ് ബോഡി യോഗത്തിന്റെ മിനിട്ട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

**മഞ്ചേരി നഗരസഭയിലെ വോൾട്ടേജ് ക്ഷാമം**

240(2590) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മഞ്ചേരി നഗരസഭയിലെ അതിരൂക്ഷമായ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് പുല്ലൂർ ഏലമ്പ്രയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

മഞ്ചേരി നിയോജകമണ്ഡലത്തിൽ മഞ്ചേരി നഗരസഭയിലെ വാർഡ്-2-ലെ പുല്ലൂർ ബ്രാഞ്ച് ഏറാമ്പ്ര റോഡിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി RDSS സ്കീമിലുൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പുതുക്കാട് മണ്ഡലത്തിൽ ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ**

241(2591) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ പുതുക്കാട് മണ്ഡലത്തിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചിട്ടുള്ളതെന്നും ഇവ എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്നും അറിയിക്കാമോ?

പുതുക്കാട് നിയോജകമണ്ഡലത്തിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥലങ്ങളിൽ ഇലക്ട്രിക്ക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചുകഴിഞ്ഞു.

1. നെന്മണിക്കര ഗ്രാമപഞ്ചായത്ത് ഓഫീസ്
2. നെല്ലായി
3. പുതുക്കാട്
4. വരന്തരപ്പിള്ളി
5. പാലിയംകര
6. വല്ലച്ചിറ

(ബി) കൂടുതൽ സ്ഥലങ്ങളിൽ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

## വൈദ്യുതി ചാർജിംഗ് സ്റ്റേഷൻ

242(2592) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക്ക് വാഹനങ്ങൾക്ക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചതുമൂലം കെ.എസ്.ഇ.ബി.-ക്ക് വരുമാനത്തിൽ വർദ്ധനയുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് ഇതുവരെ കെ.എസ്.ഇ.ബി.എൽ. 63 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളുടെയും 1165 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളുടെയും നിർമ്മാണപ്രവർത്തനം പൂർത്തിയാക്കിയിട്ടുണ്ട്. ഇതുവരെ ₹36,49,459/- (മുപ്പത്തിയാറ് ലക്ഷത്തി നാൽപ്പത്തി ഒമ്പതിനായിരത്തി നാനൂറ്റി അമ്പത്തി ഒമ്പത് രൂപ) ചാർജിംഗ് സ്റ്റേഷനുകളിൽനിന്നും ലഭ്യമായിട്ടുണ്ട്.

(ബി) പുതിയതായി വൈദ്യുതി ചാർജിംഗ് സ്റ്റേഷനുകൾ എവിടെയൊക്കെയാണ് ആരംഭിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

കെ.എസ്.ഇ.ബി.എൽ. മുഖേന പുതിയതായി ചാർജിംഗ് സ്റ്റേഷനുകൾ നിർമ്മിക്കുന്ന കാര്യത്തിൽ തീരുമാനം കൈകൊണ്ടിട്ടില്ല.

അനെർട്ട് മുഖേന താഴെപറയുന്ന സ്ഥലങ്ങളിൽ ഇലക്ട്രിക്ക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു.

| Sl. No. | District | Details of Location |
|---|---|---|
| 1. | Palakkad | Kulappully Bus stand, Shoranur |
| 2. | Palakkad | Chittoor-Thathamangalam Muncipality compound |

| | | |
|---|---|---|
| 3. | Wayanad | Muthanga Checkpost, Wayanad |
| 4. | Palakkad (Solar Powered Charging Station) | Metal industries Shoranur |
| 5. | Ernakulam (Solar Powered Charging Station) | CUSAT-Kochi Metro Station |
| 6. | Ernakulam (Solar Powered Charging Station) | Muttom-Kochi Metro Station |
| 7. | Ernakulam (Solar Powered Charging Station) | HMT Colony-Kalamassery |
| 8. | Kasargod (Solar Powered Charging Station) | Bekal Fort Car parking Area |

## കേന്ദ്രാനുമതി ലഭിക്കാത്ത വൈദ്യുത പദ്ധതികൾ

243(2593) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാനുമതി ലഭിക്കാത്തതിനാൽ ആരംഭിക്കാൻ കഴിയാത്ത വൈദ്യുത പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) കേന്ദ്ര വനം-പരിസ്ഥിതി വകുപ്പുകളുടെ അനുമതി ലഭിക്കാത്ത വൈദ്യുത പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ?

(എ & ബി) സൈലന്റ് വാലി-240 MW, കാരപ്പാറ-കുരിയാർകുറ്റി-84 MW, പൂയംകുട്ടി-480 MW എന്നീ പദ്ധതികൾക്ക് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിൽനിന്ന് അനുമതി ലഭിച്ചിട്ടില്ല.

(സി) പ്രസ്തുത പദ്ധതികൾക്ക് അനുമതി ലഭിക്കാത്തതിന്റെ കാരണങ്ങളും ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളും വിശദമാക്കാമോ?

പശ്ചിമഘട്ട വനപ്രദേശത്തിലെ ജൈവസമ്പത്തിനെ ബാധിക്കുന്നതിനാലാണ് മേൽ സൂചിപ്പിച്ച പദ്ധതികൾക്ക് കേന്ദ്ര വന പരിസ്ഥിതി മന്ത്രാലയം അനുമതി നിഷേധിച്ചത്. എന്നാൽ, കാരപ്പാറ-കുരിയാർകുറ്റി വിവിധോദ്ദേശ്യ പദ്ധതി, പൂയംകുട്ടി ജലവൈദ്യുത പദ്ധതി എന്നീ പദ്ധതികൾ പുനരാവിഷ്കരിച്ച് പരിസ്ഥിതി ആഘാതം ലഘൂകരിച്ചും നടപ്പിലാക്കുന്നകാര്യം പരിഗണിച്ചുവരുന്നു.

(ഡി) അനുമതി ലഭിക്കാത്ത പദ്ധതികൾക്കായി നാളിതുവരെ ചെലവഴിച്ച തുക എത്രയെന്ന് പദ്ധതിയടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

ആഡിറ്റ് ചെയ്ത 31-03-2022-ലെ കണക്കുപ്രകാരം അനുമതി ലഭിക്കാത്ത പദ്ധതികൾക്കായി 22.82 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

## സ്പോട്ട് ബില്ലിംഗ് മെഷീൻ മുഖേന വൈദ്യുതി ചാർജ് ഈടാക്കുന്ന പദ്ധതി

244(2594) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡ് സംസ്ഥാനത്ത് സ്പോട്ട് ബില്ലിംഗ് മെഷീനുകൾ മുഖേന വൈദ്യുതി ചാർജ് ഈടാക്കുന്ന പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതലാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശം അറിയിക്കുമോ?

വൈദ്യുതി ബോർഡ് സ്പോട്ട് ബില്ലിംഗ് മെഷീനുകളുപയോഗിച്ച് വൈദ്യുതി ചാർജ് താൽപ്പര്യമുള്ള ഉപഭോക്താക്കളുടെ അടുത്തുനിന്നും സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി ദേശസാൽകൃത ബാങ്കുകളിൽനിന്നും താൽപ്പര്യപത്രങ്ങൾ ഉടൻ ക്ഷണിക്കും.

(ബി) ഇതിലൂടെ ബോർഡിനുണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഇത് നടപ്പിൽ വരുത്തുന്നതിനായി ബോർഡിനുണ്ടാകുന്ന അധികചെലവ് എത്ര രൂപയാണ്; വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ വൈദ്യുതി ബോർഡുപയോഗിക്കുന്ന സ്പോട്ട് ബില്ലിംഗ് മെഷീനുകളുടെ ബാറ്ററിയുൾപ്പെടെയുള്ള സ്പെയർ പാർട്സുകൾ ലഭ്യമാകുവാൻ ബുദ്ധിമുട്ടായതിനാൽ കേടാകുന്ന മെഷീനുകൾ നന്നാക്കി ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യം സംജാതമായിട്ടുണ്ട്. ഇവയുടെ വാറന്റി കാലാവധി കഴിയുകയും മെയിന്റനൻസ് കോൺട്രാക്കേടുക്കാൻ സ്ഥാപനങ്ങൾ സന്നദ്ധമാകാത്ത സ്ഥിതിയുണ്ട്. തന്മൂലം ആവശ്യമായ പഴയ സ്പോട്ട് ബില്ലിംഗ് മെഷിനുകൾ സെക്ഷൻ ഓഫീസുകളിൽ ലഭ്യമല്ലാത്തതിനാൽ ദൈനംദിന ബില്ലിംഗ് പ്രവർത്തികൾ സുഗമമായി കൊണ്ടുപോകാൻ പ്രയാസം നേരിടുന്നുണ്ട്. അതിനാലാണ് പുതിയ ആൻഡ്രോയിഡ് സ്പോട്ട് ബില്ലിംഗ് മെഷീനുകളുപയോഗിക്കാൻ തീരുമാനിച്ചത്. മൊത്തം 6000 മെഷീനുകളാണ് ആവശ്യമായിട്ടുള്ളത്. ഇവയ്ക്കുള്ള മാസവാടകയിനത്തിലാണ് ചെലവുള്ളത്. ടെണ്ടർ നടപടിയിലൂടെ ഏറ്റവും കുറഞ്ഞ മാസവാടക സമ്മതിക്കുന്ന ദേശസാൽകൃത ബാങ്കുകളെ തെരഞ്ഞെടുക്കും.

(സി) നിലവിൽ പദ്ധതിക്കായി എത്ര മെഷീനുകൾ ലഭ്യമാക്കുന്നതിനാണ് ബോർഡ് ആലോചിക്കുന്നത്; മെഷീനുകൾ വിലയ്ക്ക് വാങ്ങുന്നതിനാണോ വാടകയ്ക്കെടുക്കുന്നതിനാണോ ബോർഡ് ആലോചിക്കുന്നത്?

പദ്ധതിക്കായി 6000 എണ്ണം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ മെഷീനുകൾ വാടകയ്ക്കെടുക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ഡി) സ്പോട്ട് ബില്ലിംഗ് മെഷീനുകൾ ലഭ്യമാക്കുന്നതിനായി ബോർഡ് ഏതെങ്കിലും സ്ഥാപനങ്ങളുമായി ഏതെങ്കിലും തരത്തിലുള്ള കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ടോ; എത്ര രൂപ നിരക്കിൽ മെഷീനുകൾ ലഭ്യമാക്കുന്നതിനാണ് ബോർഡ് ആലോചിക്കുന്നത്; മെഷീനുകൾ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ബോർഡിന്റെ പരിഗണനയിലുള്ള സ്ഥാപനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

ഈ പദ്ധതിക്കായി നിലവിൽ ഒരു സ്ഥാപനവുമായും കരാറിലേർപ്പെട്ടിട്ടില്ല. ദേശസാൽകൃത ബാങ്കുകളുടെ ഇടയിൽനിന്നും ടെണ്ടർ നടപടിയിലൂടെ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കാനാണുദ്ദേശിക്കുന്നത്.

(ഇ) ഈ മെഷീനുകൾക്ക് നിലവിലെ വിപണി വില എത്രയാണ്; മെഷീനുകൾ വാടകയ്ക്കെടുക്കുമ്പോഴും പുതുതായി വാങ്ങുമ്പോഴും സ്ഥാപനങ്ങൾ നൽകുന്ന വാറണ്ടി, എ.എം.സി., സർവീസ് വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ഈ മെഷീനുകൾക്ക് നിലവിൽ ഏകദേശം 13500 മുതൽ വിപണി വിലയുണ്ട്. മെഷീനുകൾ വാങ്ങുമ്പോൾ 3 വർഷത്തെ വാറന്റി കമ്പനികൾ നൽകാറുണ്ട്. മെഷീനുകൾ വാടകയ്ക്കെടുക്കുകയാണെങ്കിൽ ആ സ്ഥാപനം തന്നെ സർവീസിംഗ് ചെയ്യുന്നതാണ്.

(എഫ്) സംസ്ഥാനത്ത് സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; സ്മാർട്ട് മീറ്ററുകൾ സ്ഥാപിച്ച് കഴിഞ്ഞാൽ മീറ്റർ റീഡർമാർ വീടുകളിൽ നേരിട്ട് പോകാതെതന്നെ അതത് ഓഫീസുകളിലിരുന്ന് വൈദ്യുതി റീഡിംഗെടുക്കാനും ഉപഭോക്താവിന് ഓൺലൈനിൽ പ്രീപെയ്ഡായി വൈദ്യുതി ചാർജടയ്ക്കുവാനും കഴിയുമോ?

ആർ.ഡി.എസ്.എസ്. പദ്ധതിയുടെ മാർഗരേഖപ്രകാരം ഒന്നാംഘട്ടമായി ഏതാണ്ട് 37 ലക്ഷത്തോളം സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനായി ഒരു സർവ്വീസ് പ്രൊവൈഡറെ (സേവനദാതാവ്) കണ്ടെത്തുന്നതിനുള്ള ടെണ്ടർ നടപടികൾ 13-02-2023-ന് ആരംഭിച്ചു. സ്മാർട്ട് മീറ്റർ സ്ഥാപിച്ചുകഴിഞ്ഞാൽ മീറ്റർ റീഡിംഗും മറ്റുവിവരങ്ങളും ഒരു കേന്ദ്രീകൃത സംവിധാനത്തിൽ ലഭ്യമാകുന്നതാണ്. മീറ്റർ റീഡർമാർ നേരിട്ട് വീടുകളിൽ പോകേണ്ടതില്ല. ഉപഭോക്താക്കൾക്ക് നേരിട്ട് പ്രീപെയ്ഡായി വൈദ്യുതി ചാർജ് അടയ്ക്കുവാനും കഴിയും.

(ജി) സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്ന നടപടി അതിന്റെ അവസാന ഘട്ടത്തിലെത്തി നിൽക്കുന്ന സാഹചര്യത്തിൽ സ്പോട്ട് ബില്ലിംഗ് മെഷീനുകൾക്കായി പണം ചെലവാക്കുന്നത് ബോർഡിന് അധിക സാമ്പത്തിക ബാധ്യതയുണ്ടാക്കുമെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ സാമ്പത്തിക പ്രതിസന്ധിയുടെ ഘട്ടത്തിൽ സ്പോട്ട് ബില്ലിംഗ് മെഷീനുകൾ വാങ്ങുന്നതിനുള്ള നടപടികൾ നിർത്തിവയ്ക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ആർ.ഡി.എസ്.എസ്. പദ്ധതിയുടെ മാർഗരേഖപ്രകാരം ഒന്നാംഘട്ടമായി ഏതാണ്ട് 37 ലക്ഷത്തോളം സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനായി ഒരു സർവ്വീസ് പ്രൊവൈഡറെ (സേവനദാതാവ്) കണ്ടെത്തുന്നതിനുള്ള ടെണ്ടർ നടപടികൾ 13-02-2023-ന് ആരംഭിച്ചു. 27 മാസമാണ് പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള കാലയളവ്. സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്ന നടപടികൾ അതിന്റെ ആരംഭഘട്ടത്തിൽ മാത്രമാണ്. ആയതിനാൽ സ്പോട്ട് ബില്ലിംഗ് മെഷീനുകൾ ഇപ്പോൾ മാസവാടക അടിസ്ഥാനത്തിൽ ദേശസാൽകൃത ബാങ്കുകൾ വഴി ടെണ്ടർ നടപടിയിലൂടെ ലഭ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

## അനധികൃത വയറിംഗ്

245(2595) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണരംഗത്ത് ഇലക്ട്രിക്കൽ പ്രവൃത്തി ചെയ്യുന്ന വ്യക്തികൾ ആവശ്യമായ ലൈസൻസില്ലാതെ അനധികൃതമായി വയറിംഗ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് തടയുന്നതിനുവേണ്ടി രൂപീകരിച്ച ജില്ലാതല സമിതികൾ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനധികൃത വയറിംഗ് തടയുന്നതിനുള്ള ജില്ലാതല സമിതിയുടെ കാലാവധി കഴിഞ്ഞതിനാൽ അവ പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. അനധികൃത വയറിംഗ് സംബന്ധിച്ച് രേഖാമൂലം ലഭിക്കുന്ന പരാതികൾ പരിഹരിക്കുന്നതിന് ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടർ മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മതിയായ യോഗ്യതയില്ലാത്ത സിവിൽ കോൺട്രാക്ടർമാർതന്നെ ഇലക്ട്രിക് വർക്കുകളുടെ കരാറെടുക്കുന്നത് തടയാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

സിവിൽ കോൺട്രാക്ടർമാർക്ക് ടെണ്ടർ ലഭിച്ചാലും വൈദ്യുതി സംബന്ധമായ ജോലികൾക്ക് ലൈസൻസുള്ള ഇലക്ട്രിക്കൽ കോൺട്രാക്ടറെ തന്നെ നിയോഗിച്ചിരിക്കണമെന്ന വ്യവസ്ഥ പാലിക്കപ്പെടുന്നുണ്ടോയെന്ന് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് കർശനമായി നിരീക്ഷിക്കുന്നുണ്ട്.

(സി) സി ക്ലാസ് ലൈസൻസികൾക്ക് രണ്ട് വയർമാന്മാരെ നിയമിക്കുന്നതിന് അനുവാദം നൽകിയ തീരുമാനം നടപ്പിലാക്കുന്നതിൽ കാലതാമസമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

04-07-2019-ലെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ് യോഗതീരുമാനത്തിലാണ് 'സി' ക്ലാസ് ലൈസൻസികൾക്ക് രണ്ട് വയർമാന്മാരെ നിയമിക്കുന്നതിനുള്ള അനുവാദം നൽകിയത്. എന്നാൽ 02-07-2020 തീയതിയിൽ നിലവിൽവന്ന കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ് റൂൾ 2020-ൽ 'സി' ക്ലാസ് കോൺട്രാക്ടർ ലൈസൻസിൽ രണ്ട് വയർമാന്മാരെ നിയമിക്കുന്നതിന് വ്യവസ്ഥയില്ല.

## വൈദ്യുതി ചാർജിംഗ് സ്റ്റേഷനുകൾ

246(2596) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനായി നടപ്പിലാക്കിയിട്ടുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ?

2019-ലെ ഇലക്ട്രിക്ക് വെഹിക്കിൾ പോളിസിയുടെ ഭാഗമായി സംസ്ഥാനത്ത് ചാർജിംഗ് ശൃംഖല സ്ഥാപിക്കുന്നതിനുള്ള ചുമതല സംസ്ഥാന നോഡൽ ഏജൻസിയായ കെ.എസ്.ഇ.ബി.എൽ.-നാണ്. അതനുസരിച്ച് 63 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ കെ.എസ്.ഇ.ബി.എൽ. സ്ഥാപിച്ചിട്ടുണ്ട്. ഇവയിൽ 61 എണ്ണം പൊതുജനങ്ങൾക്ക് തുറന്നുകൊടുത്തിട്ടുണ്ട്. ഇതിനുപുറമേ ഓട്ടോറിക്ഷ, ഇരുചക്ര വാഹനങ്ങൾ എന്നിവയ്ക്കായി 1165 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളും കെ.എസ്.ഇ.ബി.എൽ. സ്ഥാപിച്ചുകഴിഞ്ഞു. ഓരോ നിയോജകമണ്ഡലത്തിലും കുറഞ്ഞത് അഞ്ച് എന്ന നിരക്കിലും കോർപ്പറേഷനുൾപ്പെട്ട നിയോജകമണ്ഡലങ്ങളിൽ കുറഞ്ഞത് 15 എന്ന നിരക്കിലും എം.എൽ.എ.-മാരുടെ നിർദ്ദേശത്തിനനുസരിച്ചാണ്

കെ.എസ്.ഇ.ബി.എൽ.-ന്റെ വിതരണ പോളുകളിൽ ഇവ സ്ഥാപിച്ചിരിക്കുന്നത്. ഇവയിൽ 1138 എണ്ണം പൊതുജനങ്ങൾക്ക് തുറന്നുകൊടുത്തിട്ടുണ്ട്. കൂടുതൽ സൗകര്യപ്രദമായ ചാർജിംഗിനായി ഒരു മൊബൈൽ ആപ്പ് (KEMapp) കെ.എസ്.ഇ.ബി.എൽ. വികസിപ്പിച്ചെടുത്തിട്ടുണ്ട്. കൂടാതെ സ്വകാര്യ വ്യക്തികൾക്ക് ഡെപ്പോസിറ്റ് വർക്കടിസ്ഥാനത്തിൽ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചുനൽകുന്നതിന് നടപടികൾ പുരോഗമിച്ചുവരുന്നു. ഈ നിലയിൽ ചാർജിംഗ് ശൃംഖല വിപുലീകരിക്കുന്നതിനുള്ള നാനാവിധ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ കെ.എസ്.ഇ.ബി.എൽ. നടത്തിവരുന്നു.

അനെർട്ടിന്റെ ആഭിമുഖ്യത്തിൽ ദേശീയ പാത, സ്റ്റേറ്റ് ഹൈവേ എന്നീ പ്രധാന റോഡുകൾക്കുസമീപം ഏകദേശം 50 കിലോമീറ്റർ ദൂരവ്യത്യാസത്തിൽ ഇലക്ട്രിക് വാഹനങ്ങൾക്കായി ഓരോ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

കുറഞ്ഞത് 1500 ചതുരശ്രയടി സ്ഥലം ലഭ്യമാക്കുന്ന സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കെ.റ്റി.ഡി.സി. ഹോട്ടലുകൾ, ഡി.റ്റി.പി.സി. സെന്ററുകൾ, ടേക്ക് എ ബ്രേക്ക് സെന്ററുകൾ എന്നിവിടങ്ങളിൽ ഇലക്ട്രിക് കാറുകൾ ചാർജ് ചെയ്യുന്നതിനുള്ള ഫാസ്റ്റ്

ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് അനെർട്ടിന് പദ്ധതിയുണ്ട്. സ്ഥലം ലഭ്യമാക്കുന്ന സ്ഥാപനങ്ങൾക്ക് ഒരു യൂണിറ്റ് വൈദ്യുതിക്ക് ഒരു രൂപ നിരക്കിൽ തറവാടക നൽകുന്നതാണ്. ഇതിനായി 10 വർഷത്തേയ്ക്ക് അനെർട്ടുമായി കരാറിലേർപ്പെടേണ്ടതാണ്. ആദ്യഘട്ടത്തിൽ ദേശീയ പാത, സ്റ്റേറ്റ് ഹൈവേ എന്നീ പ്രധാന റോഡുകൾക്കുസമീപം റിഫ്രെഷ്മെന്റ് ഫെസിലിറ്റി/കഫെറ്റീരിയ, ശുചിമുറി എന്നീ സൗകര്യങ്ങളുള്ള സ്ഥലങ്ങളാണ് ഈ പദ്ധതിക്കായി പരിഗണിക്കുന്നത്.

ഹോട്ടലുകൾ, മാളുകൾ, സ്വകാര്യ വ്യക്തികൾ എന്നിവർ സ്ഥാപിക്കുന്ന പബ്ലിക് ചാർജിംഗ് സ്റ്റേഷനുകളിൽ സൗരോർജ്ജ വൈദ്യുതി ഉല്പാദനത്തിന് അനുയോജ്യമായ സ്ഥലലഭ്യതയുള്ള സ്റ്റേഷനുകളിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനെർട്ട് സബ്സിഡി നൽകുന്നതാണ്. ഒരു കിലോവാട്ട് സോളാർ സംവിധാനത്തിന് 20,000 രൂപ നിരക്കിൽ 5 മുതൽ 50 കിലോവാട്ട് വരെ ശേഷിയുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിനാണ് സബ്സിഡി നൽകുന്നത്.

(ബി) വൈദ്യുത ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുള്ളത് എവിടെയൊക്കെയാണെന്നും പൂർത്തീകരിച്ചവ, പൂർത്തീകരിക്കാത്തവ എന്നിവ സംബന്ധിച്ച വിവരവും വ്യക്തമാക്കുമോ?

കെ.എസ്.ഇ.ബി.എൽ. സ്ഥാപിച്ചിട്ടുള്ള വൈദ്യുത വാഹന ചാർജിംഗ് സ്റ്റേഷനുകളെ സംബന്ധിച്ചുള്ള വിവരം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

അനെർട്ടിന്റെ ആഭിമുഖ്യത്തിൽ പൂർത്തീകരിച്ച വൈദ്യുത വാഹന ചാർജിംഗ് സ്റ്റേഷനുകളെ സംബന്ധിച്ചുള്ള വിവരം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

## ആലത്തൂർ മണ്ഡലത്തിലെ ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ

247(2597) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ പുതുതായി ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥലങ്ങളാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) നിലവിൽ പ്രസ്തുത മണ്ഡലത്തിൽ സ്ഥാപിച്ച ചാർജിംഗ് സ്റ്റേഷനുകൾ പൂർണ്ണമായി പ്രവർത്തനക്ഷമമാണോയെന്ന് വ്യക്തമാക്കാമോ; ഈ ചാർജിംഗ് സ്റ്റേഷനുകളിൽ ഒരേസമയം എത്ര വാഹനങ്ങൾ ചാർജ് ചെയ്യാൻ സാധിക്കുന്നുണ്ടെന്ന് അറിയിക്കാമോ?

നിലവിൽ ആലത്തൂർ നിയോജകമണ്ഡലത്തിലെ നെന്മാറയിലെ ചാർജിംഗ് സ്റ്റേഷന്റെ പ്രവർത്തനം ഈയിടെ സോഫ്റ്റ്‌വെയർ അപ്ഗ്രേഡ് ചെയ്തതിനെത്തുടർന്ന് ചില സാങ്കേതിക കാരണങ്ങളാൽ നിർത്തിവച്ചിരിക്കുകയാണ്. ഡൽഹി ആസ്ഥാനമായ Okaya പവർ എന്ന പ്രസ്തുത ഉപകരണ നിർമ്മാതാവിനെ അറിയിച്ചു, പ്രശ്നം പരിഹരിച്ച് ഒരാഴ്ചയ്ക്കകം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ ചാർജിംഗ് സ്റ്റേഷനിൽ ഒരേസമയം മൂന്ന് വാഹനങ്ങൾ ചാർജ് ചെയ്യാൻ സാധിക്കുന്നതാണ്. കൂടാതെ പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്, ഇതിൽ ഒരു സമയം ഒരു വാഹനത്തിന് ചാർജ് ചെയ്യാൻ കഴിയും.

## അദാലത്തുകൾ നടത്തുന്നതിന് നടപടി

248(2598) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ഇ.ബി.-യും ഉപഭോക്താക്കളും തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനും കുടിശ്ശിക അടച്ചുതീർക്കാൻ ഇളവുകളും സമയവും അനുവദിക്കുന്നതിനുമായി അദാലത്തുകൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

2020 ജനുവരി, ഫെബ്രുവരി മാസങ്ങളിലാണ് അവസാനമായി കെ.എസ്.ഇ.ബി.എൽ. ജില്ലാതലത്തിൽ വൈദ്യുതി അദാലത്തുകൾ സംഘടിപ്പിച്ചിട്ടുള്ളത്. പിന്നീട് കോവിഡ് നിയന്ത്രണങ്ങൾ നിലനിന്നിരുന്നതിനാൽ ജില്ലാതല വൈദ്യുതി അദാലത്തുകൾ നടത്തുവാൻ സാധിച്ചിട്ടില്ല. വൈദ്യുത അദാലത്തുകൾ നടത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

## ഇലക്ട്രിക്ക് വാഹനങ്ങൾ പ്രോത്സാഹിപ്പിക്കാൻ നടപടി

249(2599) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് വൈദ്യുതി വകുപ്പ് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

പെട്രോൾ വില വർദ്ധനമൂലമുള്ള പ്രയാസം ഗണ്യമായി കുറയ്ക്കുക, പരിസ്ഥിതി മലിനീകരണം ലഘൂകരിക്കുക, ഊർജ്ജ സുരക്ഷ ഉറപ്പാക്കുക തുടങ്ങിയ സുപ്രധാനമായ അടുത്ത തലമുറയെവരെ സ്വാധീനിക്കുന്ന വൻലക്ഷ്യങ്ങൾ മുന്നിൽ കണ്ട് വൈദ്യുതി വാഹനങ്ങൾക്ക് അതീവ പ്രാധാന്യം നൽകിവരുന്നു. ഇതിന്റെ ഭാഗമായി കേരള സർക്കാർ ഇ-വെഹിക്കിൾ പോളിസി പുറത്തിറക്കിയിട്ടുണ്ട്. വൈദ്യുതി വാഹനങ്ങളുടെ ഉപയോഗത്തിനും വിപണിയുടെ ഉണർവിനും സുപ്രധാനമായ പങ്ക് വഹിക്കേണ്ടത് ചാർജിംഗ് സംവിധാനങ്ങളുടെ പര്യാപ്തതയാണ്. കേരള സർക്കാരിന്റെ ഇ-വെഹിക്കിൾ പോളിസി പ്രകാരം സംസ്ഥാനത്തുടനീളം മതിയായ തോതിൽ ചാർജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ.-നെയാണ് നോഡൽ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ളത്. ഇതുപ്രകാരം എല്ലാ ജില്ലകളിലുമായി കെ.എസ്.ഇ.ബി.-യുടെ നേതൃത്വത്തിൽ 63 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളും എല്ലാ നിയോജകമണ്ഡലങ്ങളിലുമായി 1165 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളുമുൾപ്പെട്ട ഒരു ശൃംഖല പൂർത്തീകരിച്ചിട്ടുണ്ട്. ഈ സ്റ്റേഷനുകളിൽ

സൗകര്യപ്രദമായ ചാർജിംഗിനായി മേൽക്കൂരയും ഇരിപ്പിടങ്ങളും സജ്ജമാക്കിവരുന്നു. ചാർജിംഗ് സ്റ്റേഷനുകൾ പൊതുജനങ്ങൾക്കുപയോഗത്തിന് തുറന്നുകൊടുക്കുക വഴി സംസ്ഥാനം വൈദ്യുതി വാഹന രംഗത്ത് വലിയൊരു കുതിച്ചുചാട്ടത്തിന് സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുകയാണ്.

വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനും പണമടയ്ക്കുന്നതിനും വിവിധ മൊബൈൽ ആപ്ലിക്കേഷനുകളുപയോഗത്തിലുണ്ട്. യാത്രയുടെ പലഘട്ടങ്ങളിൽ വിവിധ മൊബൈൽ ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്ത് അതിലെ വാലറ്റുകളിൽ പണമടച്ച് ചാർജ് ചെയ്യേണ്ടി വരുന്നത് യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു. ഈ സാഹചര്യത്തിൽ കേരളത്തിലെ ഉപഭോക്താക്കൾക്കായി KEMapp എന്ന പേരിൽ ഒരു പൊതുവായ മൊബൈൽ ആപ്ലിക്കേഷൻ കെ.എസ്.ഇ.ബി.എൽ. രൂപകൽപ്പന ചെയ്ത് വികസിപ്പിച്ചെടുക്കുകയുണ്ടായി. ഭാവിയിൽ സ്ഥാപിക്കുന്ന എല്ലാ ചാർജിംഗ് സ്റ്റേഷനുകളുമായി സംയോജിപ്പിച്ച് പ്രവർത്തിപ്പിക്കാവുന്ന രീതിയിലാണ് ആപ്പ് ഡെവലപ്പ് ചെയ്തിട്ടുള്ളത്.

ഇലക്ട്രിക്ക് വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾക്ക് അനെർട്ട് വഴി 8 വർഷത്തെ

ലീസ് കോൺട്രാക്ട് വ്യവസ്ഥയിൽ 194 ഇ-കാറുകൾ ഇതുവരെ നൽകിയിട്ടുണ്ട്. ദേശീയപാത, സ്റ്റേറ്റ് ഹൈവേ എന്നീ പ്രധാന റോഡുകൾക്കുസമീപം ഏകദേശം 50 കിലോമീറ്റർ ദൂരവ്യത്യാസത്തിൽ ഇലക്ട്രിക്ക് വാഹനങ്ങൾക്കായി ഓരോ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് അനെർട്ട് ലക്ഷ്യമിടുന്നു.

കുറഞ്ഞത് 1500 ചതുരശ്രയടി സ്ഥലം ലഭ്യമാക്കുന്ന സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കെ.റ്റി.ഡി.സി. ഹോട്ടലുകൾ, ഡി.റ്റി.പി.സി. സെന്ററുകൾ, ടേക്ക് എ ബ്രേക്ക് സെന്ററുകൾ എന്നിവിടങ്ങളിൽ ഇലക്ട്രിക്ക് കാറുകൾ ചാർജ് ചെയ്യുന്നതിനുള്ള ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് അനെർട്ടിന് പദ്ധതിയുണ്ട്. സ്ഥലം ലഭ്യമാക്കുന്ന സ്ഥാപനങ്ങൾക്ക് ഒരു യൂണിറ്റ് വൈദ്യുതിക്ക് ഒരു രൂപ നിരക്കിൽ തറവാടക നൽകുന്നതാണ്. ഇതിനായി 10 വർഷത്തേയ്ക്ക് അനെർട്ടുമായി കരാറിലേർപ്പെടേണ്ടതാണ്. ആദ്യഘട്ടത്തിൽ ദേശീയ പാത, സ്റ്റേറ്റ് ഹൈവേ എന്നീ റോഡുകൾക്കുസമീപം റിഫ്രെഷ്മെന്റ് ഫെസിലിറ്റി/കഫെറ്റീരിയ, ശുചിമുറി എന്നീ സൗകര്യങ്ങളുള്ള സ്ഥലങ്ങൾക്കാണ് മുൻഗണന നൽകുന്നത്.

ഹോട്ടലുകൾ, മാളുകൾ, സ്വകാര്യ വ്യക്തികൾ എന്നിവർ സ്ഥാപിക്കുന്ന പബ്ലിക്ക് ചാർജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉല്പാദനത്തിന് അനുയോജ്യമായ സ്ഥല ലഭ്യതയുള്ള സ്റ്റേഷനുകളിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനെർട്ട് സബ്സിഡി നൽകുന്നതാണ്. ഒരു കിലോവാട്ടിന് 20,000 രൂപ നിരക്കിൽ 5 മുതൽ 50 കിലോവാട്ട് വരെ ശേഷിയുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിനാണ് സബ്സിഡി നൽകുന്നത്. കൂടുതൽ സ്വകാര്യ സംരംഭകരെ കൂടി ഈ രംഗത്തേയ്ക്ക് ആകർഷിക്കുന്നതിന് സഹായകരമായ നിലപാടുകൾ സ്വീകരിക്കുന്നതാണ്.

(ബി) വയനാട് ജില്ലയിൽ ഇലക്ട്രിക് വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനായി ഒരുക്കിയിരിക്കുന്ന സംവിധാനങ്ങൾ വ്യക്തമാക്കാമോ?

വയനാട് ജില്ലയിൽ എല്ലാ നിയോജകമണ്ഡലങ്ങളിലുമായി 25 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളുടെയും താഴെപറയുന്ന സ്ഥലങ്ങളിൽ 2 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളുടെയും നിർമ്മാണം പൂർത്തിയാക്കി പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തിട്ടുണ്ട്.

1. ബാണാസുരസാഗർ പടിഞ്ഞാറത്തറ
2. ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് പരിസരം, വൈത്തിരി

അനെർട്ട് മുഖേന മുത്തങ്ങ ചെക്ക്പോസ്റ്റിൽ DC ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളുടെ നിർമാണം പുരോഗമിക്കുന്നു.

## കേരള ഗ്രീൻ എനർജി മിഷന്റെ പ്രവർത്തനങ്ങൾ

250(2600) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർബൺ ബഹിർഗമനം കുറച്ചുകൊണ്ട് ഊർജ്ജ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കേരള ഗ്രീൻ എനർജി മിഷന്റെ ഭാഗമായി നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

സംസ്ഥാനത്ത് കേരള ഗ്രീൻ എനർജി മിഷൻ രൂപീകരിച്ചിട്ടില്ല.

(ബി) സംസ്ഥാനത്ത് ഹരിതോർജ്ജ ഇടനാഴി പദ്ധതികൾ വഴി ലക്ഷ്യമിടുന്ന ഉല്പാദനശേഷി എത്രയാണ്; ഇവയുടെ ഓരോന്നിന്റെയും മതിപ്പ് ചെലവെത്രയാണെന്ന് വ്യക്തമാക്കാമോ?

കേരളത്തിലെ ഹരിതോർജ്ജ സ്രോതസ്സുകളുടെ കലവറയായ പാലക്കാട്, ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിലെ വിവിധ പ്രദേശങ്ങളിൽ സർക്കാർ, സർക്കാരിതര, സ്വകാര്യ സ്ഥാപനങ്ങൾ വഴി

നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന/നടപ്പാക്കാനുദ്ദേശിക്കുന്ന ഹരിതോർജ്ജ പദ്ധതികളിൽനിന്നുള്ള വൈദ്യുതിയുടെ സുഗമമായ പ്രസരണത്തിനുവേണ്ടി ഈ മേഖലയിൽ മൂന്ന് ഹരിതോർജ്ജ ഇടനാഴി പദ്ധതികൾ (അട്ടപ്പാടി ഗ്രീൻ കോറിഡോർ, രാമക്കൽമേട് ഗ്രീൻ കോറിഡോർ, നോർത്ത് ഗ്രീൻ കോറിഡോർ എന്നിവ) ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി വഴി നടപ്പിലാക്കാൻ വിഭാവന ചെയ്തിട്ടുണ്ട്. ഇതിനായി കേന്ദ്ര സർക്കാരിന് 2017-ൽ സമർപ്പിച്ച ഈ മൂന്ന് പദ്ധതികളിൽ അട്ടപ്പാടി, രാമക്കൽമേട്, ഗ്രീൻ കോറിഡോർ പദ്ധതികൾക്ക് അവയുടെ അംഗീകരിച്ച പദ്ധതി തുകയായ 420.32 കോടി രൂപയുടെ 33 ശതമാനം (138.71 കോടി രൂപ) ഗ്രാന്റായി നൽകുന്നതിനുള്ള അംഗീകാരം MNRE നൽകിയിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) ഹരിതോർജ്ജ ഇടനാഴി പദ്ധതികൾക്ക് വിദേശ വായ്പ ലഭ്യമായിട്ടുണ്ടോ; പദ്ധതിയുടെ രൂപരേഖ ലഭ്യമാക്കാമോ?

കെ.എസ്.ഇ.ബി.എൽ. വിഭാവന ചെയ്ത മൂന്ന് ഹരിതോർജ്ജ ഇടനാഴി പദ്ധതികൾക്കുമായി ജർമൻ ബാങ്കായ KFW-ൽനിന്നും 816 കോടി രൂപ വായ്പ ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കേന്ദ്ര

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സർക്കാരും KFW-വുമായി ഇതിനുള്ള കരാർ 24-11-2022-ൽ ഒപ്പുവച്ചിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി സംസ്ഥാന സർക്കാരും കെ.എസ്.ഇ.ബി.-യും KFW-വുമായി ഒപ്പുവയ്ക്കേണ്ട കരാറുകൾ സംബന്ധിച്ച തുടർ നടപടികൾ സംസ്ഥാന സർക്കാരിന്റെ പരിഗണനയിലാണ്.

വിവിധ പദ്ധതികളിലായി നടപ്പിലാക്കാനുദ്ദേശിച്ചിട്ടുള്ള പ്രധാന പ്രവൃത്തികൾ ചുവടെ സൂചിപ്പിക്കുന്നു.

**അട്ടപ്പാടി ഗ്രീൻ കോറിഡോർ**

മണ്ണാർക്കാട്, കോട്ടത്തറ എന്നിവിടങ്ങളിൽ 220 കെ.വി. സബ്സ്റ്റേഷനുകളുടേയും അനുബന്ധ ലൈനുകളുടേയും നിർമ്മാണം.

**രാമക്കൽമേട് ഗ്രീൻ കോറിഡോർ**

നിർമ്മല സിറ്റി 220 കെ.വി., രാമക്കൽമേട് 110 കെ.വി. എന്നീ സബ്സ്റ്റേഷനുകളുടേയും അനുബന്ധ ലൈനുകളുടേയും കട്ടപ്പന, നെടുങ്കണ്ടം സബ്സ്റ്റേഷനുകളിൽ പുതിയ 110 കെ.വി. ഫീഡർ ബേകളുടേയും നിർമ്മാണം.

**നോർത്ത് ഗ്രീൻ കോറിഡോർ**

വയനാട് പയ്യമ്പിള്ളി 400 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം, പയ്യമ്പിള്ളി മുതൽ കാസർഗോഡ്, കരിന്തളം വരെയുള്ള 125 km, 400 കെ.വി. ലൈനിന്റെ നിർമ്മാണം, പയ്യമ്പിള്ളി സബ്സ്റ്റേഷനിൽനിന്നും മൈസൂർ-കണിയാമ്പറ്റ 220 കെ.വി. ലൈനിലേയ്ക്കുള്ള 220 കെ.വി. മൾട്ടി സർക്യൂട്ട് ലൈനിന്റെ നിർമ്മാണം.

## അനെർട്ടിൽ സി.എം.ഡി. മുഖേന നടത്തിയ നിയമനങ്ങൾ

251(2601) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനെർട്ടിൽ സി.എം.ഡി. മുഖേന നടത്തിയ നിയമനങ്ങൾ എത്ര; ഏതൊക്കെ തസ്തികകളിലാണ് നിയമനം നടത്തിയത്; വിശദാംശം നൽകുമോ?

ഈ സർക്കാർ അധികാരത്തിൽവന്നശേഷം വിവിധ പദ്ധതികൾക്കുവേണ്ടി അനെർട്ടിൽ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി.) വഴി കരാറടിസ്ഥാനത്തിൽ 34 പേരെ നിയമിച്ചിട്ടുണ്ട്. അനെർട്ട് ആസ്ഥാനകാര്യാലയത്തിലും ജില്ലാ

കാര്യാലയങ്ങളിലുമായി നടത്തിയിട്ടുള്ള നിയമനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത തസ്തികകളിൽ സി.എം.ഡി. മുഖേന നിയമനം നടത്തുന്നതിനുമുമ്പ് പ്രസ്തുത ഒഴിവുകൾ ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ രേഖാമൂലം അറിയിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

രേഖാമൂലം അറിയിച്ചിട്ടില്ല.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളിൽ മേൽപ്പറഞ്ഞ തസ്തികകൾക്ക് യോഗ്യതയുള്ളവർ ഇല്ലെന്ന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും അറിയിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

അറിയിച്ചിട്ടില്ല.

## സഹകരണ മേഖലയിലെ ആഡിറ്റിംഗ് സംവിധാനം

252(2602) <u>ശ്രീ. എം വിൻസെന്റ്</u>

<u>ഡോ. മാത്യു കുഴൽനാടൻ</u>

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ നിലവിലെ ആഡിറ്റിംഗ് സംവിധാനമെന്താണെന്ന് വ്യക്തമാക്കുമോ?

1969-ലെ കേരള സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ സഹകരണ സംഘങ്ങളുടെയും ഓഡിറ്റ് നിർവ്വഹിക്കേണ്ട ചുമതല സഹകരണ ആഡിറ്റ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. സഹകരണ സംഘം രജിസ്ട്രാറുടെയും മറ്റു ഫംഗ്ഷണൽ രജിസ്ട്രാർമാരുടെയും ഭരണ നിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങളുടെയും അപ്പെക്സ് സഹകരണ സ്ഥാപനങ്ങളുടെയും സഹകരണ മേഖലയിലുള്ള ബോർഡുകളുടെയും സംസ്ഥാന സഹകരണ യൂണിയൻ, താലൂക്ക്, സർക്കിൾ സഹകരണ യൂണിയനുകളുടെയും ആഡിറ്റ് നിയമാനുസൃതം സാമ്പത്തിക വർഷമവസാനിച്ച് ആറുമാസങ്ങൾക്കകം പൂർത്തിയാക്കേണ്ടതായിട്ടുണ്ട്. രണ്ട് തലങ്ങളിലുള്ള സഹകരണ ആഡിറ്റർമാരാണ് നിലവിലുള്ളത്.

1. കേരള സർവ്വീസ് റൂൾ, പാർട്ട് 1 റൂൾ 156 പ്രകാരമുള്ള സമകാല ആഡിറ്റ്.

2. യൂണിറ്റ് ആഡിറ്റ്.

ഭരണസമിതി തീരുമാനപ്രകാരം ആവശ്യപ്പെടുന്ന സംഘങ്ങളിൽ സമകാല ആഡിറ്റർമാരും മറ്റു സംഘങ്ങളിൽ യൂണിറ്റ് ആഡിറ്റർമാരുമാണ് ആഡിറ്റ് ജോലികൾ നിർവ്വഹിക്കുന്നത്.

(ബി) നിരന്തരം ക്രമക്കേടുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ സഹകരണ മേഖലയിലെ ആഡിറ്റിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ;

(സി) നിലവിലെ ആഡിറ്റിംഗ് സമ്പ്രദായത്തിനുപകരം ടീം ആഡിറ്റ് സംവിധാനം ഏർപ്പെടുത്തുമോ; കണക്കുകളുടെ പരിശോധനയ്ക്കുപുറമേ സോഫ്റ്റ്‌വെയർ, ഹാർഡ്‌വെയർ സംവിധാനത്തിലൂടെ സമർപ്പിക്കുന്ന കണക്കുകളുടെ പരിശോധന കൂടി ആഡിറ്റ് നടപടികളുടെ ഭാഗമാക്കുമോ; വിശദാംശം നൽകുമോ?

(ബി&സി) സഹകരണ മേഖലയിലെ ആഡിറ്റിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ആയത് ചുവടെ ചേർക്കുന്നു.

ആഡിറ്റ് കാലാനുസൃതമായി നവീകരിക്കുന്നതിനായുള്ള പ്രൊപ്പോസൽ (പുന:സംഘടന റിപ്പോർട്ട്) പരിശോധിച്ചുവരുന്നു.

സഹകരണ സംഘങ്ങളുടെ ആഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിന് സഹകരണ വകുപ്പിൽ ടീം ആഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൈലറ്റടിസ്ഥാനത്തിൽ തൃശ്ശൂർ, പത്തനംതിട്ട ജില്ലകളിൽ ടീം ആഡിറ്റ് ആരംഭിച്ചിട്ടുണ്ട്.

സഹകരണ സംഘങ്ങളുടെ പ്രവർത്തന മൂലധനം/ആകെ വരുമാനം കണക്കാക്കി ഒരു ടീമിൽ മൂന്ന് ആഡിറ്റർമാരെന്ന തരത്തിൽ ഡെപ്യൂട്ടി ഡയറക്ടർ ടീം, അസിസ്റ്റന്റ് ഡയറക്ടർ ടീം, സ്പെഷ്യൽ ഗ്രേഡ്/ സീനിയർ ആഡിറ്റർ ടീം എന്നിങ്ങനെയാണ് ടീം ആഡിറ്റ് പൈലറ്റ് പദ്ധതിക്കായി ടീമിന്റെ ഘടന തീരുമാനിച്ചിരിക്കുന്നത്.

വസ്തു ഈടുകളുടെ സാമ്പിൾ തെരഞ്ഞെടുത്ത് ഭൗതിക പരിശോധന നടത്തുവാൻ ആഡിറ്റർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ആഡിറ്റ് MATRIX- ന്റെ ഉപയോഗത്തിലൂടെ ആഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കുവാനും റിപ്പോർട്ടിംഗ് മികവുറ്റതാക്കുവാനും റിസ്ക് കൂടിയ മേഖലകളിൽ കൂടുതൽ ശ്രദ്ധചെലുത്താനുമുള്ള പരിശീലനം ആഡിറ്റ് ഡയറക്ടറുടെ നേതൃത്വത്തിൽ കൊടുത്തു. ആഡിറ്റ് MATRIX- ൽ ആഡിറ്റ് സമയത്തുന്നയിക്കേണ്ട എല്ലാ ചോദ്യങ്ങളുമുൾപ്പെട്ടിരിക്കും. ആഡിറ്റ്

MATRIX ആഡിറ്റ് നോട്ടിനോടൊപ്പം റിപ്പോർട്ട് അംഗീകരിക്കുന്ന മേലധികാരിക്ക് സമർപ്പിക്കണം.

Entry Meeting, Draft Audit Memo, Audit Para System എന്നിവ നടപ്പിലാക്കി.

വകുപ്പുതല ആഡിറ്റർമാർ നടത്തുന്ന സഹകരണ സംഘങ്ങളുടെ ആഡിറ്റ് സംബന്ധിച്ച് അവരുടെ ടൂർ പ്രോഗ്രാം, ഡയറി വെരിഫിക്കേഷനുകൾ എന്നിവ കൃത്യമായി നടത്തിവരുന്നു.

വകുപ്പുതലത്തിൽ ആഡിറ്റർമാരുടെ പ്രവൃത്തി അവലോകനം പ്രതിമാസം താലൂക്ക്/ജില്ലാ/സംസ്ഥാന തലങ്ങളിലും നടത്തുന്നുണ്ട്.

പരിഷ്കരിച്ച ആഡിറ്റ് മാന്വൽ പ്രകാരം ആഡിറ്റ് നടത്തുന്നതിന് ആഡിറ്റർമാർക്കാവശ്യമായ പരിശീലനം നൽകിവരുന്നു.

പ്രതിമാസ നിക്ഷേപ പദ്ധതികളുടെ ആഡിറ്റ് ഏകീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അനുപാത വിശകലനം നടത്തി സംഘത്തിന്റെ സാമ്പത്തികനില മനസ്സിലാക്കി സംഘങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിന്

ആഡിറ്റർമാർക്ക് ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്.

വസ്തുജാമ്യത്തിലുള്ള വായ്പ അപേക്ഷയിന്മേൽ ഏകീകൃത സ്വഭാവം കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സഹകരണ ആഡിറ്റ് കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ആഡിറ്റ് ശക്തിപ്പെടുത്തുന്നതിനാവശ്യമായ ഭേദഗതികൾ സഹകരണ നിയമത്തിലുൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സഹകരണവകുപ്പ് ആധുനികവൽക്കരണത്തിന്റെ ഭാഗമായി C-Dit മുഖേന നടപ്പിലാക്കിയിട്ടുള്ള (Integrated Co-operative Department Management System) പ്രോജക്ടിലുൾപ്പെടുത്തി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ആഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (C.A.M.I.S.) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്.

(ഡി) ആഡിറ്റ് റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ സഹകരണവകുപ്പ് നടത്തുന്ന അന്വേഷണങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ആഡിറ്റ് റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ സഹകരണ വകുപ്പ് നടത്തുന്ന അന്വേഷണങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**ആരോഗ്യ മേഖലയിലെ സഹകരണ സ്ഥാപനങ്ങൾ**

253(2603) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട ഉപകരണങ്ങളും സർജിക്കൽ ഉപകരണങ്ങളും നിർമ്മിക്കുന്ന എത്ര സ്ഥാപനങ്ങളാണ് സഹകരണ മേഖലയിൽ പ്രവർത്തിക്കുന്നതെന്ന് ഇനം തിരിച്ച് വിശദമാക്കാമോ?

സംസ്ഥാനത്ത് ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട ഉപകരണങ്ങളും സർജിക്കൽ ഉപകരണങ്ങളും നിർമ്മിക്കുന്ന സ്ഥാപനങ്ങൾ സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നില്ല.

(ബി) സഹകരണ സ്ഥാപനങ്ങൾ ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ആശുപത്രി ഉപകരണങ്ങളും സർജിക്കൽ ഉപകരണങ്ങളും നിർമ്മിക്കുന്ന സ്ഥാപനങ്ങളുടെ അഭാവം സ്വകാര്യമേഖലയുടെ മുന്നേറ്റത്തിന് ഇടയാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) എങ്കിലിത് പരിഹരിക്കാനും കൂടുതൽ സഹകരണ സ്ഥാപനങ്ങളിൽ മെഡിക്കൽ ഉപകരണങ്ങളുടെയും അനുബന്ധവസ്തുക്കളുടെയും നിർമ്മാണം ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

നിലവിലുള്ള ആശുപത്രി സഹകരണസംഘങ്ങളും നിയമാവലിയിൽ മെഡിക്കൽ ഉപകരണങ്ങളുടെയും അനുബന്ധവസ്തുക്കളുടെയും നിർമ്മാണമാരംഭിക്കുന്നതിന് വ്യവസ്ഥയുള്ളതും സാമ്പത്തിക ഭദ്രതയുള്ളതുമായ സഹകരണ സംഘങ്ങളും അപേക്ഷ സമർപ്പിക്കുന്നമുറയ്ക്ക് സഹകരണ സ്ഥാപനങ്ങളിൽ മെഡിക്കൽ ഉപകരണങ്ങളുടെയും അനുബന്ധ വസ്തുക്കളുടെയും നിർമ്മാണമാരംഭിക്കുന്നത് സംബന്ധിച്ച വിഷയം പരിഗണിക്കാവുന്നതാണ്.

## അന്തർസംസ്ഥാന സഹകരണ സംഘങ്ങൾ

254(2604) ശ്രീ. പി. വി.അൻവർ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. എ. രാജ:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർസംസ്ഥാന സഹകരണ സംഘങ്ങൾ രൂപീകരിക്കുവാൻ കേന്ദ്ര സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

കേന്ദ്ര സർക്കാർ ആവിഷ്കരിക്കുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് താഴെപറയുന്ന മൂന്ന് അന്തർ സംസ്ഥാന സഹകരണ സംഘങ്ങൾ രൂപീകരിക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

1. New National Multi State Seed Society- ഗുണമേന്മയുള്ള വിത്തുകളുടെ ഉല്പാദനം, സംഭരണം, സംസ്കരണം, ബ്രാൻഡിംഗ്, മാർക്കറ്റിംഗ്, വിതരണം എന്നിവയ്ക്കായുള്ള അന്തർ സംസ്ഥാന സഹകരണ സംഘം.
2. New National Multi State Organic Society-ജൈവ ഉല്പന്നങ്ങൾക്കായുള്ള അന്തർ സംസ്ഥാന സഹകരണ സംഘം.

3. New National Multi State Export Society-സഹകരണ മേഖലയിൽ നിന്നുള്ള കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനുള്ള അന്തർ സംസ്ഥാന സഹകരണ സംഘം.

(ബി) സഹകരണ ബാങ്കുകളെ ശക്തിപ്പെടുത്തുന്നതിനായി സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

സംസ്ഥാനത്ത് സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സുതാര്യമാക്കുന്നതിനും താഴെപറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. സംഘങ്ങളുടെ കരുതൽധനവും, അഗ്രിക്കൾച്ചറൽ ക്രെഡിറ്റ്, സ്റ്റെബിലൈസേഷൻ ഫണ്ട്, ഗവൺമെന്റ് സഹായം എന്നിവ ഉപയോഗിച്ച് സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായി സഹകരണ നിക്ഷേപ പ്രോത്സാഹന പുനരുദ്ധാരണ നിധി പദ്ധതി നടപ്പിലാക്കുന്നതാണ്.
2. സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു.

3. സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ പ്രതിമാസ നിക്ഷേപ പദ്ധതികൾക്ക് ഒരു ഏകീകൃത അക്കൗണ്ടിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.
4. സഹകരണ സംഘങ്ങളുടെ ആഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിലേയ്ക്കായി ടീം ആഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
5. സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ മികവുറ്റതാക്കാനും സഹകരണ നിയമത്തിൽ സഹകരണ വിജിലൻസ്, സഹകരണ ആഡിറ്റ് എന്നീ വിഷയങ്ങളിൽ കൂടുതൽ കർശനവ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനും, സഹകരണ രംഗത്ത് ഉയർന്നുവരുന്ന ആശാസ്യകരമല്ലാത്ത പ്രവണതകൾ അവസാനിപ്പിക്കുന്നതിനും സംഘങ്ങളുടെ വളർച്ചയ്ക്കനുയോജ്യമായ രീതിയിലും സമഗ്ര നിയമഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
6. കാർഷിക അനുബന്ധ മേഖലകളുടെ മത്സരക്ഷമതയും പ്രവർത്തനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും കർഷകരുടെ ക്ഷേമത്തിന് ഊന്നൽ നൽകുന്നതിനും 2022-2023 സാമ്പത്തികവർഷം മുതൽ ഒരു പുതിയ സംരംഭമായ " സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി" ആരംഭിച്ചിരിക്കുന്നു. ടി പദ്ധതിക്കായി 2250 ലക്ഷം രൂപ നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുണ്ട്. കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും അതിന്റെ ഉന്നമനത്തിനുമായി സഹകരണമേഖലയുടെ പിന്തുണയോടെ കാർഷികോല്പന്നങ്ങളുടെ ഉല്പാദനം, സമാഹരണം (വീട്ടു പടിക്കൽ ശേഖരണം), സംഭരണം, മൂല്യവർദ്ധിത ഉല്പന്നമാക്കൽ, ചില്ലറ വില്പന

എന്നിവയെ പരിപോഷിപ്പിച്ച് അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിൽ കാർഷിക വികസന മുന്നേറ്റമുണ്ടാക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

7. കേരള ബാങ്കിലെ എല്ലാ ബ്രാഞ്ചുകളുടെയും പ്രവർത്തനത്തെ കോർത്തിണക്കി സമ്പൂർണ്ണ സി.ബി.എസ് സിസ്റ്റം നടപ്പിലാക്കി. എല്ലാ സേവനങ്ങളും ഓൺലൈനായി ഇടപാടുകാർക്ക് ലഭ്യമാക്കുന്ന പദ്ധതി ആവിഷ്കരിച്ചുവരുന്നു.

8. സഹകരണ മേഖലയിലെ തെരഞ്ഞെടുത്ത ഗുണമേന്മയുള്ള ഉല്പന്നങ്ങൾ ഒറ്റ ബ്രാൻഡിനുകീഴിലാക്കി പൊതു ട്രേഡ്മാർക്കോടെ ഇ-കോമേഴ്സ് പ്ലാറ്റ്ഫോമിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചുവരുന്നു.

9. സഹകരണ സംഘങ്ങളുടെ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വില്പന നടത്തുന്നതിനും അവരുടെ ബിസിനസ് പ്രൊമോട്ട് ചെയ്യുന്നതിനുമുള്ള വേദിയൊരുക്കുന്നതിനായി സഹകരണ എക്സ്പോ- എല്ലാവർഷവും ഏറ്റെടുത്തുനടത്തുന്നു.

10. സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിട്ട് വിവിധ പദ്ധതികളിലുൾപ്പെടുത്തി സംഘങ്ങൾക്ക് സഹായ ധനം അനുവദിച്ചുവരുന്നു.

11. ചെറുകിട വഴിയോര കച്ചവടക്കാർ, ചെറു സംരംഭകർ എന്നിവർക്കായി വായ്പ നൽകുന്ന പദ്ധതി ആവിഷ്കരിച്ചുവരുന്നു.

12. വ്യക്തികൾക്ക് സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതി നിലയങ്ങളാരംഭിക്കുന്നതിനായി വായ്പകൾ നൽകുന്ന പദ്ധതി ആവിഷ്കരിച്ചുവരുന്നു.

13. തൊഴിൽ അന്വേഷകർക്കും നൈപുണ്യ വികസനത്തിൽ പരിശീലനം തേടുന്ന വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും സ്കിൽ ലോൺ അനുവദിക്കുന്ന പദ്ധതി ആവിഷ്കരിച്ചുവരുന്നു.

(സി) അന്തർസംസ്ഥാന സഹകരണ സംഘങ്ങൾ രൂപീകരിക്കുവാനുള്ള കേന്ദ്ര തീരുമാനം തിരുത്തുവാനാവശ്യമായ സമ്മർദം ചെലുത്തുവാൻ സർക്കാർ തയ്യാറാകുമോ; വിശദമാക്കുമോ?

മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് പാസാക്കിയത് കേന്ദ്രസർക്കാരാണ്. ഇത്തരം സംഘങ്ങൾക്ക് നിക്ഷേപം സ്വീകരിക്കുന്നതിനും വായ്പ നൽകുന്നതിനും പലിശ നിശ്ചയിക്കുന്നതിനും വ്യക്തമായ മാനദണ്ഡങ്ങളോ നിയന്ത്രണങ്ങളോ ഇല്ല. ഇത്തരം സംഘങ്ങൾ സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നതും സഹകരണ മേഖലയുടെ വിശ്വാസ്യതയെ തന്നെ തകർക്കുന്നതുമാണ്.

രാജ്യത്തെ പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ, ഡയറി സംഘങ്ങൾ, മത്സ്യസംഘങ്ങൾ എന്നിവയുടെ അടിസ്ഥാന വിവരങ്ങൾ കേന്ദ്രം സംസ്ഥാനങ്ങളിൽ നിന്നും ശേഖരിക്കുകയും പ്രസ്തുത വിവരങ്ങൾ ഉപയോഗപ്പെടുത്തി രാജ്യത്തെ വിവിധ പ്രദേശങ്ങളിൽ കേന്ദ്ര നിയമപ്രകാരം

മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിനുമാണ് കേന്ദ്രസർക്കാർ ഇപ്പോൾ തീരുമാനിച്ചിട്ടുള്ളതെന്നാണ് മനസ്സിലാക്കുന്നത്.

ഡാറ്റാ ബേസിലെ വിവരങ്ങളുപയോഗപ്പെടുത്തി സംസ്ഥാനത്തെ സംഘങ്ങളുടെ മേൽ നേരിട്ട് നിയന്ത്രണങ്ങളും നിർദ്ദേശങ്ങളും നൽകുന്നതിനാണ് കേന്ദ്രം നീക്കം നടത്തുന്നത്. ഇതിനെതിരെ നിയമപരവും ഔദ്യോഗികപരവുമായ പ്രതിരോധം സംഘടിപ്പിക്കുന്നതാണ്.

## സഹകരണ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്താൻ നടപടി

255(2605) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):

ശ്രീ. സണ്ണി ജോസഫ്:

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ വിജിലൻസ് സംവിധാനത്തിന്റെ നിലവിലെ പ്രവർത്തനരീതി എന്താണെന്ന് വ്യക്തമാക്കുമോ?

കേരള സഹകരണ സംഘം നിയമം 68A പ്രകാരമാണ് സഹകരണ വിജിലൻസ് സംവിധാനമേർപ്പെടുത്തിയിട്ടുള്ളത്. കേരള സംസ്ഥാനം മുഴുവൻ അധികാരപരിധിയോടുകൂടി ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്

(ഡി.ഐ.ജി.) റാങ്കിലുള്ള ഉദ്യോഗസ്ഥൻ സഹകരണ വിജിലൻസ് ഓഫീസറായി തിരുവനന്തപുരം ആസ്ഥാനമായി സഹകരണ വിജിലൻസ് ഓഫീസും ടിയാന്റെ കീഴിൽ ഡിവൈ.എസ്.പി.മാരുടെ നിയന്ത്രണത്തിൽ ആലപ്പുഴ ആസ്ഥാനമായി ദക്ഷിണമേഖലാ കാര്യാലയം, തൃശ്ശൂർ ആസ്ഥാനമായി മധ്യമേഖലാ കാര്യാലയം, കണ്ണൂർ ആസ്ഥാനമായി ഉത്തരമേഖലാ കാര്യാലയം എന്നിങ്ങനെ 3 മേഖലാ ഓഫീസുകളും പ്രവർത്തിച്ചുവരുന്നു.

സഹകരണ സംഘം രജിസ്ട്രാറിൽ നിന്നും അന്വേഷണത്തിനായി നൽകുന്ന പരാതികൾ സഹകരണ വിജിലൻസ് ഓഫീസർ മുഖേന മേഖലാ ഓഫീസുകളിലെ ഡിവൈ.എസ്.പി./ഇൻസ്പെക്ടർ ഓഫ് പോലീസ് എന്നീ അന്വേഷണോദ്യോഗസ്ഥർക്ക് അയച്ചു കൊടുക്കുകയും, ടി ഡിവൈ.എസ്.പി./ഇൻസ്പെക്ടർമാരിൽ നിന്ന് ലഭിക്കുന്ന അന്വേഷണ റിപ്പോർട്ടുകൾ സഹകരണ വിജിലൻസ് ഓഫീസറുടെ ശിപാർശയോടെ സമയബന്ധിതമായി തിരികെ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിച്ച് പോരുകയും ചെയ്യുന്നു.

(ബി) പ്രസ്തുത സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) സഹകരണ സംഘങ്ങൾ കേന്ദ്രീകരിച്ച് തട്ടിപ്പുകൾ വ്യാപകമാകുന്ന സാഹചര്യത്തിൽ സഹകരണ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) സഹകരണ രജിസ്ട്രാറുടെ നിയന്ത്രണത്തിൽനിന്നുമാറ്റി സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനും സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നതിനുമുൾപ്പെടെ സഹകരണ വിജിലൻസ് സംവിധാനത്തിന് കൂടുതൽ അധികാരങ്ങൾ നൽകുമോ; വിശദാംശം ലഭ്യമാക്കുമോ?

(ബി-ഡി) സഹകരണ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തി കൂടുതൽ ഫലപ്രദമായ നടപടി സ്വീകരിക്കുന്നതിന് പര്യാപ്തമായ രീതിയിൽ നിയമ ഭേദഗതി വരുത്തുന്നതാണ്.

## സഹകരണ വകുപ്പിലെ ഇൻസ്പെക്ടർമാരുടെ ഒഴിവ്

256(2606) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ വകുപ്പിൽ സ്ഥിരംതസ്തികകളിലും കെ.എസ്.ആർ. തസ്തികകളിലുമായി നിലവിൽ എത്ര ജൂനിയർ ഇൻസ്പെക്ടർ, സീനിയർ ഇൻസ്പെക്ടർ, സ്പെഷ്യൽ ഗ്രേഡ് ഇൻസ്പെക്ടർ എന്നീ തസ്തികകളിൽ ഒഴിവുണ്ടെന്ന് തരംതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

സഹകരണ വകുപ്പിൽ സ്ഥിരംതസ്തികകളിലും കെ.എസ്.ആർ. തസ്തികകളിലുമായി 11 ജൂനിയർ ഇൻസ്പെക്ടർമാരുടെയും 11 സീനിയർ ഇൻസ്പെക്ടർമാരുടെയും 1 സ്പെഷ്യൽ ഗ്രേഡ് ഇൻസ്പെക്ടറുടെയും ഒഴിവുകളുണ്ട്.

## സഹകരണ രംഗത്ത് കൈവരിച്ച നേട്ടങ്ങൾ

257(2607) ശ്രീ. ഇ. ചന്ദ്രശേഖരൻ:

ശ്രീ. വി. ശശി:

ശ്രീ. വി. ആർ. സുനിൽകുമാർ:

ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്കരണം കേരളത്തിൽ സൃഷ്ടിച്ച ബദൽ സാമൂഹ്യ സമ്പദ്ഘടനയെ മുന്നോട്ടുകൊണ്ടുപോകുന്നതിന് സഹകരണ മേഖല നൽകിയ സംഭാവനകൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

ഉണ്ട്. ഭൂപരിഷ്കരണം കേരളത്തിൽ സൃഷ്ടിച്ച ബദൽ സാമൂഹ്യ സമ്പദ്ഘടനയെ മുന്നോട്ടുകൊണ്ടുപോകുന്നതിന് സർക്കാർ നിർദ്ദേശത്തോടെ സഹകരണ മേഖല രൂപീകരിച്ച പദ്ധതികളിൽ പ്രധാനമാണ് സുഭിക്ഷ കേരളം പദ്ധതി.

കർഷകർക്ക് കൃഷി ചെയ്യാൻ കാർഷിക വായ്പകൾ ലഭ്യമാക്കുക, കാർഷിക ഉല്പന്നങ്ങൾ ന്യായവില കൊടുത്ത് സംഭരിക്കുക, അവ പൊതുവിപണിയിൽ വിപണനം നടത്തുക, സംസ്ഥാനം ഭക്ഷ്യ സ്വയംപര്യാപ്തത നേടുക എന്നീ ലക്ഷ്യങ്ങളോടെ ആരംഭിച്ച പദ്ധതിയാണ് സുഭിക്ഷ കേരളം പദ്ധതി. ഇതിന്റെ തുടർച്ചയായി 500 ഏക്കർ കൃഷി (100 ദിന കർമ്മ പരിപാടി) പദ്ധതി നടപ്പിലാക്കുന്നു. ഇതിന്റെ ഭാഗമായി ഒരു ജില്ലയ്ക്ക് ഒരു വിള എന്ന രീതിയിൽ തെരഞ്ഞെടുത്ത 7 ജില്ലകളിലാണ് (തിരുവനന്തപുരം, ആലപ്പുഴ, ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ) ഈ പദ്ധതി നടപ്പിലാക്കുന്നത്. ഒരു ജില്ലയിൽ 75 ഏക്കറിൽ കുറയാതെ തരിശുഭൂമിയിൽ കൃഷി നടപ്പിലാക്കുകയെന്നതാണ് ഈ പദ്ധതി.

മരച്ചീനി, ഏത്തവാഴ, പച്ചക്കറികൾ, മഞ്ഞൾ, ഇഞ്ചി, വാഴ, ചേന, ചേമ്പ്, പൈനാപ്പിൾ, തേയില, കുരുമുളക്, ഏലം, തെങ്ങ്, അടയ്ക്ക തുടങ്ങിയ വിളകൾ പ്രാഥമിക സഹകരണ സംഘങ്ങൾ വഴിയും മറ്റ് പലവക വിഭാഗത്തിൽപ്പെട്ട സഹകരണ സംഘങ്ങൾ വഴിയും കൃഷിക്കാരിലൂടെ നടപ്പിലാക്കുവാൻ പദ്ധതി ലക്ഷ്യമിടുന്നു.

(ബി) നെൽകർഷകരുടെ സംഭരണ-വിപണന പ്രശ്നങ്ങൾ പരിഹരിക്കാൻ സഹകരണ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

നെൽകർഷകരുടെ സംഭരണ-വിപണന പ്രശ്നങ്ങൾ പരിഹരിക്കാൻ സഹകരണ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്.

കാർഷിക വികസന പദ്ധതിയുടെ ഭാഗമായി പാലക്കാട്ടെ നെൽകർഷകരുടെ പ്രതിസന്ധി പരിഹരിക്കുംവിധം നെല്ല് സംഭരിച്ച് സംസ്കരിച്ച്, വിപണനം നടത്തുന്നതിനായി പാലക്കാട് ജില്ലയിലെ 36 പ്രാഥമിക സഹകരണ സംഘങ്ങൾ അംഗങ്ങളായി പാലക്കാട് പാഡി പ്രൊക്വയർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (PAPCOS) രൂപീകരിച്ചു. അതിന്റെ അധീനതയിൽ അത്യാധുനിക റൈസ് മില്ലും ഗോഡൗണും നിർമ്മിക്കുന്നതിനായുള്ള നടപടി

സ്വീകരിച്ചുവരുന്നു. കൂടാതെ കേരള സംസ്ഥാനത്തെ കർഷകരിൽ നിന്നും നെല്ല് സംഭരിച്ച് സംസ്കരിച്ചും കാർഷിക ഉല്പന്നങ്ങൾ ജില്ലയ്ക്കകത്തും പുറത്തും വിപണനം നടത്തുക, സംസ്കരണ കേന്ദ്രങ്ങൾ, സംഭരണശാലകൾ എന്നിവ സ്ഥാപിക്കുക, കൂടാതെ സർക്കാർ, അർദ്ധ-സർക്കാർ, സഹകരണ, സ്വകാര്യ വിപണന സ്ഥാപനങ്ങൾ വഴിയും ഓൺലൈൻ സംവിധാനത്തിലൂടെയും വിപണന സൗകര്യമേർപ്പെടുത്തുകയും സ്വന്തമായി വിപണന കേന്ദ്രങ്ങൾ നടത്തുകയും, സംഘം പ്രവർത്തന പരിധിയിൽപ്പെട്ട മുഴവൻ നെൽകർഷകരെ സഹായിക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് പാലക്കാട് ഒഴികെയുള്ള ജില്ലകളിൽ പ്രവർത്തനപരിധിയായി കേരള പാഡി പ്രൊക്വയർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ.4505 (KPCOS) എന്ന നെല്ല് സഹകരണ സംഘം രൂപീകരിച്ചു. സംഘത്തിന്റെ അധീനതയിൽ പാലക്കാട് റൈസ് മിൽ മാതൃകയിൽ റൈസ് മിൽ സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചുവരുന്നു.

(സി) യുവജനങ്ങളുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ യുവാക്കളെ സഹകരണ മേഖലയിൽ ആകർഷിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. യുവജനങ്ങളുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ അഭ്യസ്തവിദ്യരായ തൊഴിൽരഹിതരെ സഹായിക്കാനായി സംസ്ഥാനത്തൊട്ടാകെ വിവിധ സേവനമേഖലകളിലായി നിലവിൽ 31 യുവജന സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. യുവജനങ്ങളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും യുവജനങ്ങളുടെ സാമ്പത്തിക, സാംസ്കാരിക ഉന്നമനം ലക്ഷ്യമിട്ടുമാണ് ഇത്തരം സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുള്ളത്.

**സഹകരണ വകുപ്പിലെ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവ്**

258(2608) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 2023 ജനുവരി 27-ന് പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിൽ സഹകരണവകുപ്പിലെ ഒഴിഞ്ഞുകിടക്കുന്ന ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നേരിട്ട് നിയമനം നടത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സഹകരണ വകുപ്പിന്റെ വിശേഷാൽ ചട്ടത്തിന്റെ അടിസ്ഥാനത്തിൽ സഹകരണ വകുപ്പിലെ തസ്തികമാറ്റം മുഖേനയുള്ള നിയമനത്തിനായി മാറ്റിവച്ച ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് സഹകരണ സംഘം രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിരുന്നു.

ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിലെ നിയമനങ്ങൾക്കായി 13 പുതിയ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## വിനോദസഞ്ചാര മേഖലകളിലേയ്ക്ക് സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ പുതിയ പദ്ധതികൾ

259(2609) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലകളിലേയ്ക്ക് സഞ്ചാരികളെയെത്തിക്കുന്നതിന് സഹകരണ വകുപ്പിനുകീഴിൽ ടൂർ ഓപ്പറേറ്റിംഗ് സംഘങ്ങൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

വിനോദസഞ്ചാര മേഖലകളിലേയ്ക്ക് സഞ്ചാരികളെയെത്തിക്കുന്നതിന് സഹകരണ വകുപ്പിനുകീഴിൽ ടൂർ ഓപ്പറേറ്റിംഗ് സംഘങ്ങൾ നിലവിലുണ്ട്.

ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **ജില്ല** | **എണ്ണം** |
|---|---|
| തിരുവനന്തപുരം | 3 |
| കൊല്ലം | 9 |
| പത്തനംതിട്ട | 5 |
| കോട്ടയം | 1 |
| ഇടുക്കി | 1 |
| പാലക്കാട് | 1 |
| മലപ്പുറം | 7 |
| കോഴിക്കോട് | 12 |
| വയനാട് | 1 |
| കണ്ണൂർ | 8 |
| കാസർഗോഡ് | 1 |

(ബി) സംസ്ഥാനത്ത് സഞ്ചാരികളെയെത്തിക്കുന്നതിന് സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

ടൂറിസം സംഘങ്ങളുടെ അപ്പെക്സ് സ്ഥാപനമായ കേരള സംസ്ഥാന ടൂറിസം ഫെഡറേഷൻ (ടൂർഫെഡ്) ടൂറിസം ഹോസ്പിറ്റാലിറ്റി ഇവന്റ് മാനേജ്മെന്റ് മേഖലയിൽ നൂതനമായ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്ന സ്ഥാപനമാണ്. പ്രാഥമിക ടൂറിസം സഹകരണ സംഘങ്ങൾ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ടൂറിസം ഫെഡറേഷനിൽ (ടൂർഫെഡ്) അഫിലിയേറ്റ് ചെയ്ത് മികച്ച പ്രവർത്തനങ്ങൾ നടത്തിവരുന്നു. കായൽ ടൂറിസം വികസിപ്പിക്കുന്നതിന് ടൂർഫെഡ് പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സർക്കാരിന്റെ 100 ദിന പരിപാടി പ്രകാരം ടൂർഫെഡ് സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങൾ, സിവിൽ സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ ഹൈജീനിക് കോഫി ഷോപ്പുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) വിനോദസഞ്ചാരമേഖലയിൽ നിക്ഷേപം നടത്തുന്നതിനായി സഹകരണ മേഖലയിൽ നിന്നും വായ്പാസൗകര്യം നൽകുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

ഇല്ല.

## ഇടുക്കി ജില്ലയിലെ റിസ്ക് ഫണ്ട് അപേക്ഷകൾ

260(2610) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്തിരിക്കുന്ന സഹകാരികൾക്കേർപ്പെടുത്തിയിട്ടുള്ള റിസ്ക് ഫണ്ട് പദ്ധതി സംബന്ധിച്ച വിശദാംശം നൽകാമോ;

കേരളത്തിലെ വിവിധ സഹകരണ ബാങ്ക്/സംഘങ്ങളിൽ നിന്നും വായ്പയെടുത്തശേഷം മരണപ്പെടുകയോ/മാരകരോഗം പിടിപെടുകയോ ചെയ്യുന്ന അർഹരായ വായ്പാക്കാർക്ക് റിസ്ക് ഫണ്ട് പദ്ധതി നിയമാവലി നിബന്ധനകൾക്കുവിധേയമായി കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽനിന്നും മരണാനന്തര ധനസഹായം/ചികിത്സാ ധനസഹായം അനുവദിച്ചുവരുന്നു. വായ്പാക്കാരൻ മരണപ്പെട്ടാൽ അന്നേദിവസം ബാക്കിനിൽപ്പുള്ള വായ്പാമുതലിൽ പരമാവധി മൂന്ന് ലക്ഷം രൂപയും വായ്പയെടുത്തശേഷം മാരകരോഗം പിടിപെടുകയും വായ്പാബാധ്യതകൾ തീർക്കാൻ കഴിയാതെ വരുന്നതുമായ വായ്പാക്കാർക്ക് വായ്പാ ബാക്കിനിൽപ്പ്

മുതലിനത്തിൽ പരമാവധി ചികിത്സാ ധനസഹായമായി ഒരു ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപയും റിസ്ക് ഫണ്ട് നിയമാവലി നിബന്ധനകൾക്കുവിധേയമായി ബോർഡിൽ നിന്നും അനുവദിച്ച് വരുന്നു.

(ബി) ഇടുക്കി ജില്ലയിൽ നിന്നും റിസ്ക് ഫണ്ട് ലഭിക്കുന്നതിനായി 2022 ജനുവരി മുതൽ ഡിസംബർ വരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഇതിൽ എത്രപേർക്ക് സാമ്പത്തികാനുകൂല്യം നൽകിയിട്ടുണ്ട്; വിശദാംശം നൽകാമോ;

(സി) വായ്പ കുടിശ്ശികയുള്ളവർ മരണപ്പെടുകയോ മാരകരോഗങ്ങൾക്കിരയാവുകയോ ചെയ്താൽ റിസ്ക് ഫണ്ട് ആനുകൂല്യം അനുവദിക്കാൻ കഴിയുമോ; ഇപ്രകാരം ആനുകൂല്യം ലഭിക്കുന്നതിനായി ഇടുക്കി ജില്ലയിൽ നിന്നും 2022 വർഷത്തിൽ എത്ര അപേക്ഷകൾ ലഭിച്ചു; ഇതിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(ബി&സി) കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലേയ്ക്ക് ഇടുക്കി ജില്ലയിൽ നിന്നും റിസ്ക് ഫണ്ടാനുകൂല്യം ലഭിക്കുന്നതിനായി 2022 ജനുവരി മുതൽ ഡിസംബർ വരെ ആകെ 666 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ അർഹരായ 27 അപേക്ഷകൾക്ക് റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചിട്ടുണ്ട്. റിസ്ക് ഫണ്ട് പദ്ധതി നിയമാവലി നിബന്ധനകൾപ്രകാരം

ധനസഹായത്തിന് അർഹതയില്ലാത്തതിനാൽ 85 അപേക്ഷകൾ നിരസിച്ചിട്ടുള്ളതും 118 അപക്ഷകളിലെ ന്യൂനതകൾ പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട ബാങ്ക്/സംഘങ്ങൾക്ക് കത്തയച്ചിട്ടുള്ളതുമാണ്. ബാക്കിയുള്ള 436 അപേക്ഷകളിൽ നടപടി സ്വീകരിച്ചുവരുന്നു.

കേരളത്തിലെ വിവിധ സഹകരണ ബാങ്ക്/സംഘങ്ങളിൽ നിന്നും വായ്പയെടുത്തശേഷം വായ്പാക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിയിൽ 6 മാസത്തിൽ അധികരിച്ച് വായ്പാമുതലിൽ വായ്പാക്കാരൻ കുടിശ്ശിക വരുത്തിയാൽ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നിയമാവലി 4(ബി) പ്രകാരം മരണാനന്തര ധനസഹായത്തിന് അർഹതയുണ്ടായിരിക്കില്ല. എന്നാൽ ചികിത്സാ ധനസഹായത്തിന് കുടിശ്ശിക ബാധകമാക്കിയിട്ടില്ല.

**കാസർഗോഡ് ജില്ലയിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ**

261(2611) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക്

സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിനുകീഴിൽ കാസർഗോഡ് ജില്ലയിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങൾ/ഓഫീസുകൾ ഏതെല്ലാം സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നുണ്ടെന്നും അവ സംബന്ധിച്ച വിശദവിവരവും ലഭ്യമാക്കാമോ;

1. ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്, കാസർഗോഡ്, വിദ്യാനഗർ, കാസർഗോഡ് സിവിൽ സ്റ്റേഷൻ ബി ബ്ലോക്കിൽ പ്രവർത്തിക്കുന്നു.

2. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)ഓഫീസ്, ഹോസ്ദുർഗ്ഗ്, കാഞ്ഞങ്ങാട് പുതിയ ബസ്സ് സ്റ്റാന്റിനടുത്ത് സ്ഥിതി ചെയ്യുന്നു.

3. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്, കാസർഗോഡ്, കാസർഗോഡ് വിദ്യാനഗറിൽ സ്ഥിതി ചെയ്യുന്നു.

4. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്, വെള്ളരിക്കുണ്ട്, വെള്ളരിക്കുണ്ട് മിനി സിവിൽ സ്റ്റേഷനിൽ സ്ഥിതിചെയ്യുന്നു.

5. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്, മഞ്ചേശ്വരം, കുമ്പള സർവ്വീസ് സഹകരണ ബാങ്ക് ബിൽഡിംഗിൽ സ്ഥിതിചെയ്യുന്നു.

6. ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) ഓഫീസ്, കാസർഗോഡ്, വിദ്യാനഗറിലെ കാസർഗോഡ് സിവിൽ സ്റ്റേഷൻ പ്രവർത്തിക്കുന്നു.

7. അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) ഓഫീസ്, കാസർഗോഡ്, വിദ്യാനഗറിലെ സഹകരണ ഭവനിൽ പ്രവർത്തിക്കുന്നു.

8. അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) ഓഫീസ്, ഹോസ്ദുർഗ്ഗ്. സഹകരണ ഭവൻ (തെരുവത്ത്) കാഞ്ഞങ്ങാട് പ്രവർത്തിക്കുന്നു.

(ബി) പ്രസ്തുത സ്ഥാപനങ്ങൾ/ഓഫീസുകൾ എത്രകാലമായി പ്രവർത്തിച്ചുവരുന്നെന്നും അനുവദിച്ച തസ്തികകൾ ഏതൊക്കെയാണെന്നും സ്ഥാപനവും ഓഫീസും തിരിച്ച് വ്യക്തമാക്കാമോ;

1.ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ് പ്രവർത്തനമാരംഭിച്ചത് 1985- ലാണ്.

ജോയിന്റ് രജിസ്ട്രാർ (ജനറൽ) - 1

ഡെപ്യൂട്ടി രജിസ്ട്രാർ - 1

അസിസ്റ്റന്റ് രജിസ്ട്രാർ - 5

കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ - 7

ക്ലർക്ക് - 4

ടൈപ്പിസ്റ്റ് - 3

ഓഫീസ് അറ്റൻഡന്റ് - 3

പി.ടി.എസ്. - 1

2. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്, ഹോസ്ദുർഗ്ഗ് പ്രവർത്തനമാരംഭിച്ചത് 1957-ലാണ്.

അസിസ്റ്റന്റ് രജിസ്ട്രാർ - 1

കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ - 6

ക്ലാർക്ക് - 1

ടൈപ്പിസ്റ്റ് - 1

ഓഫീസ് അറ്റൻഡന്റ് - 2

പി.ടി.എസ്. – 1

അസിസ്റ്റന്റ് രജിസ്ട്രാർ - 1

കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ - 5

ക്ലാർക്ക് - 1

ടൈപ്പിസ്റ്റ് - 1

ഓഫീസ് അറ്റൻഡന്റ് - 2

പി.ടി.എസ്.– 1

3. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്, കാസർഗോഡ് പ്രവർത്തനമാരംഭിച്ചത് 1957-ലാണ്.

അസിസ്റ്റന്റ് രജിസ്ട്രാർ - 1

കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ - 5

ക്ലാർക്ക് - 1

ടൈപ്പിസ്റ്റ് - 1

ഓഫീസ് അറ്റൻഡന്റ് - 2

പി.ടി.എസ്. – 1

4. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്, വെള്ളരിക്കുണ്ട് പ്രവർത്തനമാരംഭിച്ചത് 2018-ലാണ്.

അസിസ്റ്റന്റ് രജിസ്ട്രാർ - 1

കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ - 2

ക്ലാർക്ക് - 1

ഓഫീസ് അറ്റൻഡന്റ് - 1 (ദിവസവേതനാടിസ്ഥാനത്തിൽ)

പി.ടി.എസ്. – 1 (ദിവസവേതനാടിസ്ഥാനത്തിൽ)

5. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്, മഞ്ചേശ്വരം പ്രവർത്തനമാരംഭിച്ചത് 2018-ലാണ്.

അസിസ്റ്റന്റ് രജിസ്ട്രാർ - 1

കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ - 2

ക്ലാർക്ക് (കന്നട) - 1

ഓഫീസ് അറ്റൻഡന്റ് - 1 (ദിവസവേതനാടിസ്ഥാനത്തിൽ)

പി.ടി.എസ്. – 1 (ദിവസവേതനാടിസ്ഥാനത്തിൽ)

6. ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) ഓഫീസ് പ്രവർത്തനമാരംഭിച്ചത് 1985-ലാണ്.

ജോയിന്റ് ഡയറക്ടർ (റെഗുലർ) - 1

ജോയിന്റ് ഡയറക്ടർ (KSR-156) - 1

അസിസ്റ്റന്റ് ഡയറക്ടർ (റെഗുലർ) - 1

അസിസ്റ്റന്റ് ഡയറക്ടർ (KSR-156) - 7

ജൂനിയർ ആഡിറ്റർ - 1

ജൂനിയർ ആഡിറ്റർ (KSR-156) - 1

ക്ലാർക്ക് (കന്നട) - 1

ടൈപ്പിസ്റ്റ് - 1

ഓഫീസ് അറ്റൻഡന്റ് - 2 (സൂപ്പർ ന്യൂമററി - 1)

7. അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) ഓഫീസ്, കാസർഗോഡ് പ്രവർത്തനമാരംഭിച്ചത് 1985-ലാണ്.

അസിസ്റ്റന്റ് ഡയറക്ടർ (റെഗുലർ) - 1

കോ-ഓപ്പറേറ്റീവ് ആഡിറ്റർ - 9

കോ-ഓപ്പറേറ്റീവ് ആഡിറ്റർ- (KSR- 156) - 20

ഓഫീസ് അറ്റൻഡന്റ് - 1

8. അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) ഓഫീസ്, ഹോസ്ദുർഗ് പ്രവർത്തനമാരംഭിച്ചത് 1985-ലാണ്.

അസിസ്റ്റന്റ് ഡയറക്ടർ (റെഗുലർ) - 1

കോ-ഓപ്പറേറ്റീവ് ആഡിറ്റർ - 9

കോ-ഓപ്പറേറ്റീവ് ആഡിറ്റർ- (KSR-156) - 27

ഓഫീസ് അറ്റൻഡന്റ് - 2 (സൂപ്പർ ന്യൂമററി - 1)

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ/ഓഫീസുകളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഏതൊക്കെയാണെന്നും എത്രകാലമായി ഒഴിവുകൾ തുടരുന്നുവെന്നും സ്ഥാപനവും ഓഫീസും തിരിച്ച് വിശദമാക്കാമോ?

1. മഞ്ചേശ്വരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിൽ ക്ലാർക്ക് (കന്നട അറിയാവുന്നവർ - വിവിധം) തസ്തിക 2018 മുതൽ ഒഴിഞ്ഞുകിടക്കുന്നു. (ക്ലാർക്ക് തസ്തികയിലെ മേൽ ഒഴിവ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.)

2. 2023 ജനുവരിയിലെ സ്ഥലംമാറ്റത്തെത്തുടർന്ന് കാസർഗോഡ് അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) ഓഫീസിൽ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിൽ 5 ഒഴിവുകളും ഹോസ്ദുർഗ്ഗ് അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) ഓഫീസിൽ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിൽ 6 ഒഴിവുകളുമുണ്ട്.

**സഹകാരികൾക്ക് നൽകുന്ന പ്രോത്സാഹനങ്ങൾ**

262(2612) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന സഹകാരികൾക്ക് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നല്കുന്നതെന്ന് വിശദമാക്കാമോ;

സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന സഹകാരികൾക്കുവേണ്ടി നടപ്പിലാക്കുന്ന പ്രോത്സാഹന പദ്ധതികൾ ചുവടെ ചേർക്കുന്നു.

(i) <u>സഹകാരി സാന്ത്വനം പദ്ധതി</u>

സഹകരണരംഗത്ത് (സർക്കിൾ, താലൂക്ക്)/ജില്ല/സംസ്ഥാനതലത്തിൽ ഏതിലെങ്കിലും സഹകരണമേഖലയുടെ പുരോഗതിക്കുവേണ്ടി വളരെ കാലമായി പ്രവർത്തിച്ചവരോ, പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരോ ആയവരും സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിലുൾപ്പെട്ട സഹകരണ സംഘത്തിന്റെ ഭരണസമിതിയിൽ രണ്ട് തവണയെങ്കിലും അംഗമായിരിക്കുകയും ഇപ്പോൾ അവശതയനുഭവിക്കുകയും ചെയ്യുന്നവരും, വാർഷിക വരുമാനം 3,00,000/- രൂപയിൽ (മൂന്ന് ലക്ഷം) താഴെയുള്ളവരുമായ സഹകാരികൾക്ക് ചികിത്സക്കായി പരമാവധി 50,000/- രൂപയും സഹകാരികൾ മരണപ്പെട്ടാൽ കുടുംബാംഗങ്ങൾക്ക്/ആശ്രിതർക്ക് പരമാവധി 25,000/- രൂപയും ധനസഹായം ലഭിക്കുന്നതാണ്. ടി പദ്ധതിപ്രകാരമുള്ള ധനസഹായത്തിന് അപേക്ഷിക്കുന്നവർ സഹകരണമേഖലയിലെ അവരുടെ പ്രവർത്തന വൈകല്യം കാരണം ഒരുവിധ നടപടിയും നേരിടാത്തവരായിരിക്കണം.

(2) <u>അംഗ സമാശ്വാസ പദ്ധതി</u>

ഈ പദ്ധതിപ്രകാരം നൽകുന്ന പരമാവധി ധനസഹായം 50,000/- രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. അർബുദം, വൃക്കരോഗം ബാധിച്ച് ഡയാലിസിസിന് വിധേയമായിക്കൊണ്ടിരിക്കുന്നവർ/ വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, ഗുരുതര കരൾ രോഗം ബാധിച്ചവർ, ഡയാലിസിസിന് വിധേയരായിക്കൊണ്ടിരിക്കുന്നവർ, പരാലിസിസ് ബാധിച്ച് ശയ്യാവലംബരായവർ, ഗുരുതര ഹൃദയശസ്ത്രക്രിയയ്ക്ക് വിധേയരായവർ (ഓപ്പൺ ഹാർട്ട്/ബൈപ്പാസ് സർജറി), എച്ച്.ഐ.വി ബാധിതർ, വാഹനാപകടത്തിൽപ്പെട്ട് ശയ്യാവലംബരായവർ, മാതാപിതാക്കൾ മരിച്ചുപോയ സാഹചര്യത്തിൽ അവർ എടുത്ത വായ്പയ്ക്ക് ബാധ്യതപ്പെട്ട പ്രായപൂർത്തിയാകാത്ത കുട്ടികൾ എന്നിവരാണ് പദ്ധതിക്കർഹരായിട്ടുള്ളത്.

(3) <u>റിസ്ക് ഫണ്ട് പദ്ധതി</u>

കേരളത്തിലെ വിവിധ സഹകരണ ബാങ്ക്/സംഘങ്ങളിൽനിന്നും വായ്പയെടുത്തശേഷം മരണപ്പെടുകയോ/ മാരകരോഗം പിടിപെടുകയോ ചെയ്യുന്ന അർഹരായ വായ്പാക്കാർക്ക് റിസ്ക് ഫണ്ട് പദ്ധതി നിയമാവലി നിബന്ധനകൾക്കുവിധേയമായി കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽനിന്നും മരണാനന്തര ധനസഹായം/ചികിത്സാ ധനസഹായം അനുവദിച്ചുവരുന്നു. വായ്പാക്കാരൻ മരണപ്പെട്ടാൽ അന്നേദിവസം

ബാക്കിനിൽപ്പുള്ള വായ്പാമുതലിൽ പരമാവധി മൂന്ന് ലക്ഷം രൂപയും, വായ്പയെടുത്തശേഷം മാരകരോഗം പിടിപെടുകയും വായ്പാബാധ്യതകൾ തീർക്കാൻ കഴിയാതെ വരുന്നതുമായ വായ്പാക്കാർക്ക് വായ്പാ ബാക്കിനിൽപ്പ് മുതലിനത്തിൽ പരമാവധി ചികിത്സാധനസഹായമായി ഒരുലക്ഷത്തി ഇരുപത്തി അയ്യായിരം രൂപയും റിസ്ക് ഫണ്ട് നിയമാവലി നിബന്ധനകൾക്ക് വിധേയമായി ബോർഡിൽ നിന്നും അനുവദിച്ചുവരുന്നു.

(4) നിക്ഷേപ ഗ്യാരന്റി സ്കീം

സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ 2 ലക്ഷം രൂപ വരെയുള്ള നിക്ഷേപങ്ങൾക്കാണ് നിലവിൽ നിക്ഷേപ ഗ്യാരന്റി നൽകുന്നത്.

(ബി) സഹകരണ മേഖലയിൽ സഹകാരികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് ഏർപ്പെടുത്തുമോ; വിശദമാക്കാമോ?

ഇല്ല.

**എൻ.സി.ഡി.സി. വായ്പ**

263(2613) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ആശുപത്രികളിൽ പ്രവർത്തന വിപുലീകരണത്തിനായി നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷൻ (എൻ.സി.ഡി.സി.) വായ്പയുപയോഗിച്ചിട്ടുള്ള സഹകരണ ആശുപത്രികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിപ്രകാരം അനുവദിച്ച വായ്പ എത്രയെന്ന് വ്യക്തമാക്കാമോ?

(എ&ബി) 2017-18 സാമ്പത്തികവർഷം മുതൽ സംസ്ഥാനത്തെ സഹകരണ ആശുപത്രികൾക്കായി നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷൻ (എൻ.സി.ഡി.സി) വായ്പ നൽകിയിട്ടുള്ള സംഘങ്ങളുടെ പേരും അനുവദിച്ചിട്ടുള്ള വായ്പ തുകയും ചുവടെ പറയുന്നു

| സാമ്പത്തിക വർഷം | ആശുപത്രി സംഘത്തിന്റെ പേര് | വായ്പാ ശീർഷകത്തിൽ അനുവദിച്ച തുക |
|---|---|---|
| 2017-18 | കൊല്ലം ജില്ലാ സഹകരണ ആശുപത്രി ലിമിറ്റഡ് നമ്പർ. ക്യൂ 952 - (കൊല്ലം ജില്ല) | 5,36,38,500 |
| | തേജസ്വിനി കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ & റിസർച്ച് സെന്റർ ലിമിറ്റഡ് നമ്പർ. എസ്സ് 364. (കാസർഗോഡ് ജില്ല) | 1,91,97,975 |
| 2018-19 | കോഴിക്കോട് ജില്ലാ ആശുപത്രി സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി. 2002 (കോഴിക്കോട് ജില്ല) | 2,07,00,000 |
| | തേജസ്വിനി കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ & റിസർച്ച് സെന്റർ ലിമിറ്റഡ് നമ്പർ. എസ്സ് 364. (കാസർഗോഡ് ജില്ല) | 81,77,025 |
| 2020-21 | കോഴിക്കോട് ജില്ലാ ആശുപത്രി സഹകരണ | 6,21,00,000 |

| | | |
|---|---|---|
| | സംഘം ക്ലിപ്തം നമ്പർ ഡി. 2002 (കോഴിക്കോട് ജില്ല) | |
| | കൊയിലാണ്ടി സഹകരണ ആശുപത്രി ക്ലിപ്തം നമ്പർ 2706 | 3,62,25,000 |
| | കൊല്ലം ജില്ലാ സഹകരണ ആശുപത്രി ലിമിറ്റഡ് നമ്പർ. ക്യു 952 - (കൊല്ലം ജില്ല) | 8,64,07,775 |
| | പാലക്കാട് ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ & റിസർച്ച് സെന്റർ ലിമിറ്റഡ് നമ്പർ. പി 878. (പാലക്കാട് ജില്ല) | 1,19,84,725 |
| 2021-22 | കൊല്ലം ജില്ലാ സഹകരണ ആശുപത്രി ലിമിറ്റഡ് നമ്പർ. ക്യു 952 - (കൊല്ലം ജില്ല) | 6,72,02,725 |
| | കാസർഗോഡ് ജില്ലാ ആശുപത്രി സഹകരണ സംഘം ക്ലിപ്തം നമ്പർ എസ് 42 (കാസർഗോഡ് ജില്ല) | 57,50,000 |

(സി) പ്രസ്തുത പദ്ധതി പ്രകാരം വായ്പ കുടിശ്ശികയുള്ള സഹകരണ ആശുപത്രികൾ ഏതെല്ലാം; വായ്പ കുടിശ്ശിക എത്രയെന്നും വിശദീകരിക്കാമോ?

എൻ.സി.ഡി.സി പദ്ധതി പ്രകാരം വായ്പാ കുടിശ്ശികയുള്ള സഹകരണ ആശുപത്രികളുടെ പേരും വായ്പാകുടിശ്ശികയും ചുവടെ ചേർക്കുന്നു.

(തുക ലക്ഷത്തിൽ)

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | മുതൽ | കുടിശ്ശിക | പലിശ | പിഴ പലിശ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | പാലക്കാട് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ | 949.85 | 280.00 | 271.78 | 8.25 |
| 2 | കോഴിക്കോട് ജില്ലാ ആശുപത്രി സഹകരണ സംഘം | 51.75 | 51.75 | --- | -- |
| 3 | വടകര കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ | 208.06 | 148.53 | 131.79 | 0.85 |
| 4 | ഇ.എം.എസ് മെമ്മോറിയൽ സഹകരണ ആശുപത്രി | 280.00 | 240.63 | 223.86 | 7.44 |
| 5 | പി.ആർ രാമവർമ്മ രാജ മെമ്മോറിയൽ സഹകരണ ആശുപത്രി | 21.53 | 18.19 | 19.44 | 3.89 |
| 6 | തേജസ്വിനി കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ & റിസർച്ച് സെന്റർ | 303.47 | 64.26 | 63.36 | 0.44 |

## വൈപ്പിൻ മണ്ഡലത്തിലെ സഹകണ റിസ്ക് ഫണ്ട് പദ്ധതി

264(2614) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ സഹകരണ സംഘങ്ങളിൽ നിന്നും കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിപ്രകാരം എത്ര അപേക്ഷകൾ സമർപ്പിക്കപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കാമോ;

വൈപ്പിൻ നിയോജകമണ്ഡലത്തിലെ വിവിധ സഹകരണ സംഘങ്ങളിൽനിന്നും കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിപ്രകാരം

ധനസഹായത്തിനായി കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലേയ്ക്ക് 762 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷകളുടെ വിശദാംശം ലഭ്യമാക്കാമോ;

ബോർഡിലേയ്ക്ക് റിസ്ക് ഫണ്ട് ധനസഹായത്തിനായി ലഭ്യമായ 762 അപേക്ഷകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(സി) സഹകരണ റിസ്ക് ഫണ്ട് പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾ അപേക്ഷകർക്ക് എപ്പോൾ ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ;

റിസ്ക് ഫണ്ട് ധനസഹായം അനുവദിക്കുന്നതിലേയ്ക്കായി 2022 ആഗസ്റ്റ് വരെ ബോർഡിലേയ്ക്ക് ലഭ്യമായ മുഴുവൻ അപേക്ഷകളിലും നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതാണ്. തുടർന്നുള്ള അപേക്ഷകളിലും സമയബന്ധിതമായി നടപടികൾ പൂർത്തീകരിച്ചുവരുന്നു.

(ഡി) കുഴപ്പിള്ളി സഹകരണ ബാങ്കിൽനിന്ന് വായ്പയെടുക്കുകയും 18-10-2021-ന് മരണപ്പെടുകയും ചെയ്ത സുരേഷിന്റെ ഭാര്യ ശ്രീമതി ഉമ സുരേഷിന് റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; പ്രസ്തുത ആനുകൂല്യം എപ്പോൾ ലഭ്യമാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുഴപ്പിള്ളി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും വായ്പയെടുക്കുകയും 18-10-2021-ന് മരണപ്പെടുകയും ചെയ്ത ശ്രീ. സുരേഷിന്റെ റിസ്ക് ഫണ്ട് ധനസഹായ അപേക്ഷ ബോർഡിലേയ്ക്ക് ലഭ്യമായിട്ടില്ല. പ്രസ്തുത വായ്പാക്കാരന്റെ അപേക്ഷയും അനുബന്ധങ്ങളും ബന്ധപ്പെട്ട ബാങ്ക് തയ്യാറാക്കി സമർപ്പിക്കുന്നമുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

**ഏറനാട് മണ്ഡലത്തിലെ റിസ്ക് ഫണ്ട് പദ്ധതി**

265(2615) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് നിയോജകമണ്ഡലത്തിലെ വിവിധ സർവ്വീസ് സഹകരണ ബാങ്കുകളിൽനിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി സഹകരണ ബോർഡിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

ഏറനാട് നിയോജകമണ്ഡലത്തിലെ വിവിധ സർവീസ് സഹകരണ ബാങ്കുകളിൽനിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ 294 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷകളിൽ എത്രപേർക്ക് റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമായിട്ടുണ്ടെന്നും അതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

പ്രസ്തുത അപേക്ഷകളിൽ 208 പേർക്ക് ആകെ 1,41,92,247/-രൂപയുടെ റിസ്ക് ഫണ്ട് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ആനുകൂല്യം ഇനിയും ലഭിച്ചിട്ടില്ലാത്ത അർഹരായ അപേക്ഷകർക്ക് സമയബന്ധിതമായി ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഏറനാട് നിയോജകമണ്ഡലത്തിലെ വിവിധ സർവീസ് സഹകരണ ബാങ്കുകളിൽനിന്നും ലഭ്യമായ 294 അപേക്ഷകളിൽ 208 അപേക്ഷകർക്ക് ആനുകൂല്യം അനുവദിച്ചിട്ടുള്ളതും 21 അപേക്ഷകൾ നിരസിച്ചിട്ടുള്ളതും 65 അപേക്ഷകൾക്ക് ധനസഹായം അനുവദിക്കുന്നതിനായുള്ള നടപടികൾ നടന്നുവരുന്നതുമാണ്. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലേയ്ക്ക് ബാങ്ക്/സംഘം മതിയായ രേഖകൾ ഉള്ളടക്കം ചെയ്യാതെ റിസ്ക് ഫണ്ട് ധനസഹായ അപേക്ഷകൾ സമർപ്പിക്കുന്നതിനാലും ഓരോ ജില്ലകളിൽ നിന്നും ലഭ്യമാകുന്ന അപേക്ഷകളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിലും ധനസഹായം

അനുവദിക്കുന്നതിൽ കാലതാമസമുണ്ടാകുന്നുണ്ട്. അപ്രകാരമുണ്ടാകുന്ന കാലതാമസമൊഴിവാക്കി അർഹതപ്പെട്ടവർക്ക് റിസ്ക് ഫണ്ട് ആനുകൂല്യം അനുവദിക്കുന്നതിനായി ത്വരിതഗതിയിലുള്ള പ്രവർത്തനങ്ങൾ ബോർഡ് നടത്തിവരുന്നുണ്ട്. ആയതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും റിസ്ക് ഫണ്ട് അദാലത്തുകൾ സംഘടിപ്പിച്ച് അർഹതപ്പെട്ടവർക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും ബോർഡ് നടത്തിവരുന്നുണ്ട്.

**സഹകാരികൾക്ക് അടിയന്തര ചികിത്സാസഹായത്തിനായി പദ്ധതി**

266(2616) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് സഹകരണ സംഘങ്ങൾ മുഖാന്തരം നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം അറിയിക്കാമോ?

സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് നൂറുദിന കർമ്മ പദ്ധതിയിലുൾപ്പെടുത്തി സഹകരണ വകുപ്പുമുഖേന 24 പദ്ധതികളാണ് നടപ്പിലാക്കുന്നത്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ഏഴ് ജില്ലകളിൽ 'ഒരു ജില്ലയ്ക്ക് ഒരു വിള' എന്ന രീതിയിൽ 500 ഏക്കർ തരിശ്ശുഭൂമിയിലനുയോജ്യമായ കൃഷി നടപ്പിലാക്കുന്ന' നമ്മുടെ കൃഷി -നമ്മുടെ ഭക്ഷണം പദ്ധതി.'

2. ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകളിലുൾപ്പെട്ടവർക്ക് ഇളവുകളോടെ കേസുകൾ തീർപ്പാക്കുന്നതിനും വായ്പകൾ അവസാനിപ്പിക്കുന്നതിനുമുള്ള പദ്ധതി.

3. സഹകരണ മേഖലയിലെ തെരഞ്ഞെടുത്ത 100 ഗുണമേന്മയുള്ള ഉല്പന്നങ്ങൾ, ഒറ്റ ബ്രാൻഡിനുകീഴിലാക്കി പൊതുട്രേഡ് മാർക്കോടെ ഇ-കോമേഴ്സ് പ്ലാറ്റ്ഫോമിലേയ്ക്ക് കൊണ്ടുവരുന്ന' ഇ-കോമേഴ്സ് പ്ലാറ്റ്ഫോം പദ്ധതി.'

4. സംസ്ഥാനത്തെ എസ്.സി/എസ്.റ്റി സഹകരണ സംഘങ്ങളെ പ്രവർത്തനക്ഷമമാക്കുന്നതിനും വിപുലീകരിക്കുന്നതിനുമായുള്ള പദ്ധതി.

5. കാപ്കോസ് സഹകരണ സംഘത്തിന്റെ അധീനതയിൽ റൈസ് മില്ലുകൾ സ്ഥാപിക്കുന്ന 'കാപ്കോസ്പദ്ധതി'.

6. കുടുംബത്തിന് വിഷമഘട്ടത്തിൽ കരുതലാകുന്നതരത്തിൽ നിക്ഷേപവുമായി ബന്ധിപ്പിച്ച് സഹായം നൽകുന്ന ' കുടുംബത്തിന് ഒരു കരുതൽ ധനം പദ്ധതി' .

7. പ്രളയബാധിതരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി നടപ്പാക്കിയ കെയർ ഹോം പദ്ധതിയുടെ രണ്ടാംഘട്ടമായ ' കെയർ ഹോം 2.0- ഭവന സമുച്ചയ നിർമ്മാണ പദ്ധതി' .

8. കേപ്പിന്റെ മുട്ടത്തറ എഞ്ചിനീയിറിംഗ് കോളേജ് വർക്ക്ഷോപ്പ് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നടത്തുന്ന പദ്ധതി.

9. സാങ്കേതികവിദ്യ സാധാരണക്കാരിലേയ്ക്കെത്തിക്കുന്നതിനായി പൊതുജനങ്ങൾക്കായി CAPE-ൽ ഓപ്പൺഹൗസ് എക്സിബിഷനുകൾ സംഘടിപ്പിക്കുന്ന' ടെക് ഫെസ്റ്റ്.

10. കേരള ബാങ്കിലെ എല്ലാ ബ്രാഞ്ചുകളുടെയും പ്രവർത്തനത്തെ കോർത്തിണക്കി സമ്പൂർണ്ണ സി.ബി.എസ് സിസ്റ്റം നടപ്പിലാക്കി എല്ലാ സേവനങ്ങളും ഓൺലൈനായി ലഭ്യമാക്കുന്ന പദ്ധതി.

11. ഗിഗ്/പ്ലാറ്റ്ഫോം വർക്കേഴ്സ്, ഓൺലൈൻ വിപണന ശൃംഖലയിലെ ജീവനക്കാർ എന്നിവരുടെ സാമ്പത്തികവും സാമൂഹികവുമായ ഉന്നമനത്തിനായി എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിൽ സഹകരണ സംഘം രൂപീകരിക്കുന്ന പദ്ധതി.

12. ചെറുകിട വഴിയോര കച്ചവടക്കാർ, ചെറുസംരഭകർ, ഓട്ടോറിക്ഷാ തൊഴിലാളികൾ എന്നീ അംഗങ്ങൾക്ക് പരസ്പരജാമ്യത്തിൽ നിശ്ചിത തുക വായ്പയായി നൽകുന്ന ' സഹായഹസ്തം പദ്ധതി.'

13. വിനോദസഞ്ചാരികൾക്കും മറ്റുള്ളവർക്കും ടൂർഗൈഡിന്റെ ആഭിമുഖ്യത്തിൽ കുറഞ്ഞ ചെലവിൽ ഭക്ഷണവിഭവങ്ങൾ ലഭ്യമാക്കുന്നതിനായി മൂന്ന് ആധുനിക കോഫി ഷോപ്പുകളാരംഭിക്കുന്ന പദ്ധതി.

14. സർക്കാർ ധനസഹായത്തോടെ ടെക്നോപാർക്ക് ഹോസ്പിറ്റൽ സഹകരണസംഘത്തിൽ, റേഡിയോളജി, ഡിജിറ്റൽ മാമോഗ്രാഫി തുടങ്ങിയ സൗകര്യങ്ങളോടുകൂടിയ ആധുനിക മൈക്രോ ബയോളജി ലാബാരംഭിക്കുന്ന പദ്ധതി.

15. വിവിധ ഗവേഷണ സ്ഥാപനങ്ങൾ, എഞ്ചിനീയറിംഗ് സ്ഥാപനങ്ങൾ, മറ്റ് പ്രമുഖ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള യുവസാങ്കേതിക വിദഗ്ധർ, പ്രൊഫഷണൽസ് എന്നിവരെയുൾപ്പെടുത്തി സയൻസ് & ടെക്നോളജി മാനേജ്മെന്റ് പ്രൊഫഷണൽ സഹകരണ സംഘം (STMPC) രൂപീകരിക്കുന്ന പദ്ധതി.

16. നൈപുണ്യവികസനത്തിൽ പരിശീലനം തേടുന്ന വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും പരിശീലനം ലഭിക്കുന്നതിനായി കോഴ്സ് ഫീ വായ്പയായി നൽകുന്ന' നൈപ്യുണ്യം പദ്ധതി.'

17. ഭിന്നശേഷിക്കാരുടെ പുനരധിവാസം, വിദ്യാഭ്യാസ ഉന്നമനം, സാമ്പത്തികപുരോഗതി, തൊഴിൽ ലഭ്യത എന്നിവ ലക്ഷ്യമാക്കി ആവിഷ്കരിച്ച പദ്ധതി.

18. യുവതികൾക്കായി മൂന്ന് ജില്ലകളിൽ മൂന്ന് സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിക്കുന്ന പദ്ധതി .

19. സമ്പൂർണ്ണ ശുചിത്വം ലക്ഷ്യമിട്ട് തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതിയായ ' മാലിന്യ മുക്തം - ശുചിത്വം സഹകരണം പദ്ധതി' .

20. സഹകരണ സംഘങ്ങളുടെ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിൽക്കുന്നതിനും അവരുടെ ബിസിനസ് പ്രൊമോട്ട് ചെയ്യുന്നതിനും വേദിയൊരുക്കുന്ന പദ്ധതിയായ ' സഹകരണ എക്സ്പോ - 2023.

21. സഹകരണ മേഖലയിലെ ലൈബ്രറികളെ പ്രവർത്തന ക്ഷമമാക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയായ ' സഹകരണ ലൈബ്രറി പദ്ധതി' .

22. സഹകരണ വകുപ്പിൽ ആഡിറ്റ് ഡയറക്ടറുടെ നേതൃത്വത്തിൽ ഏഴ് ജില്ലകളിൽ ടീം ആഡിറ്റ് സംവിധാനം നടപ്പിലാക്കുന്ന പദ്ധതി.

23. സംഘങ്ങളുടെ കരുതൽധനവും അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സ്റ്റെബിലൈസേഷൻ ഫണ്ടുമുപയോഗിച്ച് പ്രതിസന്ധിയിലാകുന്ന സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും സംഘങ്ങളിലെ നിക്ഷേപങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനുമുള്ള ' സഹകരണ സംരക്ഷണ നിധി/ നിക്ഷേപ പ്രോത്സാഹന പുനരുദ്ധാരണ പദ്ധതി'.

24. അംഗങ്ങളായ വ്യക്തികൾക്ക് സൗരോർജ്ജമുപയോഗിച്ച് വൈദ്യുതി നിലയങ്ങളാരംഭിക്കുന്നതിനായി സബ്സിഡിയോടുകൂടി വായ്പകൾ വിതരണം ചെയ്യുന്ന ' സൗരജ്യോതി പദ്ധതി' .

(ബി) ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾമൂലം കഷ്ടപ്പെടുന്ന സഹകാരികൾക്ക് അടിയന്തരചികിത്സാസഹായം ലഭ്യമാക്കുന്നതിന് സഹകരണ വകുപ്പ് പ്രത്യേകമായ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഏതൊക്കെ അസുഖങ്ങളുള്ളവർക്ക് എത്ര രൂപവരെ ധനസഹായം ലഭ്യമാക്കും; ധനസഹായമനുവദിക്കുന്നതിന് പ്രത്യേക സമിതികൾ നിലവിലുണ്ടോ; അപേക്ഷ നൽകേണ്ട വിധം വിശദമാക്കാമോ?

(ബി&സി) അശരണരായ സഹകാരികൾക്ക് ആശ്വാസനിധിപദ്ധതി. സഹകരണരംഗത്ത് സർക്കിൾ (താലൂക്ക്)/ജില്ല/സംസ്ഥാനതലത്തിൽ ഏതെങ്കിലും സഹകരണമേഖലയുടെ പുരോഗതിക്കുവേണ്ടി വളരെ കാലമായി പ്രവർത്തിച്ചവരോ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരോ ആയവരും സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിലുൾപ്പെട്ട സഹകരണ സംഘത്തിന്റെ ഭരണസമിതിയിൽ രണ്ട് തവണയെങ്കിലും അംഗമായിരിക്കുകയും ഇപ്പോൾ അവശതയനുഭവിക്കുകയും ചെയ്യുന്നവരും വാർഷിക വരുമാനം 3,00,000/-(മൂന്ന് ലക്ഷം) രൂപയിൽ താഴെയുള്ളവരുമായ സഹകാരികൾക്ക് സഹകാരി സാന്ത്വനം പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്. ടി പദ്ധതി പ്രകാരമുള്ള ധനസഹായത്തിന്

അപേക്ഷിക്കുന്ന ഗുണഭോക്താക്കൾ സഹകരണ മേഖലയിലെ അവരുടെ പ്രവർത്തനവൈകല്യം മൂലം ഒരുവിധ നടപടിയും നേരിടാത്തവരായിരിക്കണം.

(ഡി) ഇത്തരത്തിൽ ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; ഇതിൽ എത്രപേർക്ക് സഹായം നൽകിയിട്ടുണ്ട്; വിശദാംശം നൽകാമോ?

ഉണ്ട്. അശരണരായ സഹകാരികൾക്കുള്ള ആശ്വാസനിധി പദ്ധതി മുഖേന ആദ്യഘട്ടത്തിൽ 26 പേർക്ക് സഹായം നൽകിയിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | ധനസഹായം വിതരണം ചെയ്ത ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| കൊല്ലം | 5 |
| ആലപ്പുഴ | 3 |
| കോട്ടയം | 2 |
| ഇടുക്കി | 2 |
| തൃശ്ശൂർ | 1 |
| പാലക്കാട് | 3 |
| മലപ്പുറം | 2 |
| കോഴിക്കോട് | 1 |
| കണ്ണൂർ | 5 |
| കാസർഗോഡ് | 2 |

| | |
|---|---|
| ആകെ | 26 |

മേൽ പദ്ധതി പ്രകാരം രണ്ടാംഘട്ടത്തിൽ ലഭിച്ച അപേക്ഷകൾ പരിശോധിച്ച് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

**മാവേലിക്കര താലൂക്കിൽ റിസ്ക് ഫണ്ടിൽ അനുവദിച്ച തുക**

267(2617) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി മാവേലിക്കര താലൂക്കിൽനിന്നും എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എത്രപേർക്ക് തുക അനുവദിച്ചുവെന്നും സഹകരണ സംഘം/സഹകരണ ബാങ്ക് അടിസ്ഥാനത്തിൽ അറിയിക്കുമോ; വിശദമാക്കുമോ?

ഈ സർക്കാർ അധികാരമേറ്റശേഷം കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലേയ്ക്ക് റിസ്ക് ഫണ്ട് ധനസഹായം അനുവദിക്കുന്നതിലേയ്ക്ക് മാവേലിക്കര താലൂക്കിൽനിന്നും ആകെ 110 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. പ്രസ്തുത അപേക്ഷകളിൽ 69 അപേക്ഷകളിലായി ആകെ 69,68,730/- രൂപ അർഹതപ്പെട്ട വായ്പാക്കാർക്ക്

അനുവദിച്ചുനൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

## കാർഷിക വായ്പകൾക്ക് ഉത്തേജന പലിശയിളവ്

268(2618) <u>ശ്രീ. ടി. സിദ്ദിഖ്</u>:

<u>ശ്രീ. ഐ.സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ, സർവീസ് സഹകരണ ബാങ്കുകൾ, കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾക്ക് ഉത്തേജന പലിശയിളവ് അനുവദിക്കുന്നതിനായി നടപ്പ് സാമ്പത്തികവർഷം എത്ര തുക അനുവദിച്ച് നൽകിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, സർവ്വീസ് സഹകരണ ബാങ്കുകൾ, കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾക്ക് ഉത്തേജന പലിശയിളവ് അനുവദിക്കുന്നതിനായി 2022-2023 വാർഷികപദ്ധതിയിൽ പദ്ധതിയേതരയിനത്തിൽ " 2425-107-72 സഹകരണ സ്ഥാപനങ്ങളിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിന്നും എടുക്കുന്ന വായ്പകളുടെ കൃത്യമായ തിരിടച്ചടവിന് നൽകുന്ന ഉത്തേജന പലിശ ഇളവ് പദ്ധതി - 33 സബ്സിഡികൾ" എന്ന ശീർഷകത്തിൽ 5,00,00,000/- രൂപ (അഞ്ച് കോടി രൂപ) വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+

(ബി) ഇപ്രകാരം ഉത്തേജന പലിശയിളവ് അനുവദിച്ച ഇനത്തിൽ സംസ്ഥാനത്തെ വിവിധ സഹകരണ ബാങ്കുകൾ, സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് നാളിതുവരെ അനുവദിച്ച് നൽകാനുള്ള കുടിശികയുടെ വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

അനുബന്ധമായി ചേർക്കുന്നു.+

## സഹകരണ സംഘങ്ങളുടെ ഉല്പന്നങ്ങളുടെ വില്പന വർദ്ധിപ്പിക്കാൻ നടപടി

269(2619) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സഹകരണ സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന ഭക്ഷ്യ-ഭക്ഷ്യേതര ഉല്പന്നങ്ങളുടെ വില്പന വർദ്ധിപ്പിക്കുന്നതിന് ബ്രാന്റിംഗ്, വിപണനം എന്നിവയ്ക്കായി പദ്ധതിയാരംഭിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

സഹകരണ സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന ഭക്ഷ്യ-ഭക്ഷ്യേതര ഉല്പന്നങ്ങളുടെ വില്പന വർദ്ധിപ്പിക്കുന്നതിനും സംഘങ്ങളുടെ ഉല്പാദന നിർമ്മാണ പ്രവർത്തനങ്ങളിൽ സുസ്ഥിരത കൈവരിക്കുന്നതിനും വിപണന രംഗത്ത് ശക്തമായ സാന്നിധ്യം ഉറപ്പാക്കുന്നതിനുമായി സഹകരണ മേഖലയിൽ " ബ്രാൻഡിംഗ് & മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രൊഡക്ട്സ് ' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്.

സഹകരണ മേഖലയിലെ ഉല്പന്നങ്ങളെ ഒരൊറ്റ ബ്രാൻഡിനുകീഴിലാക്കി ഒരു പൊതു ട്രേഡ് മാർക്കോടെ വിപണിയിലെത്തിക്കുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇതിലൂടെ സഹകരണ ഉല്പന്നങ്ങൾക്ക് സ്വീകാര്യതയും വിശ്വാസ്യതയും വർദ്ധിപ്പിക്കാൻ കഴിയും. ദേശീയ അന്തർദേശീയ വിപണിയിലേയ്ക്ക് ചുവടുവെയ്ക്കുക, കേരളത്തിൽ പ്രധാന സ്ഥലങ്ങളിൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുക, ഗുണനിലവാര പരിശോധന ലാബുകൾ സജ്ജമാക്കുക, ഓൺലൈൻ വിപണി സൃഷ്ടിക്കുക തുടങ്ങിയവയും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്ന പ്രവർത്തനങ്ങളാണ്.

സുരക്ഷിത ഭക്ഷ്യ വിഭവങ്ങളുൾപ്പെടെ സഹകരണ മേഖലയിലെ വൈവിധ്യവും ഗുണനിലവാരമുള്ളതുമായ ഉല്പന്നങ്ങളുടെ വിപണനത്തിനായി എല്ലാ ജില്ലകളിലും ഏകീകൃത മാതൃകയിൽ ഓരോ കോപ്പ്മാർട്ടുകൾ (Coopmart) ഇതിനകം ആരംഭിച്ചിട്ടുണ്ട്. കോപ്പ്മാർട്ടുകളുടെ എണ്ണം ഘട്ടംഘട്ടമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

പദ്ധതിയുടെ ഭാഗമായി ഇ-സെല്ലിംഗ് മൊബൈൽ ആപ്ലിക്കേഷൻ ആൻഡ് വെബ് ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിനുള്ള നടപടി വളരെ പുരോഗതിയിലാണ്. ആദ്യഘട്ടം ഔട്ട്ലെറ്റുകൾക്കാവശ്യമായ സാധനങ്ങളുടെ സ്റ്റോക്ക് വിവരം മനസ്സിലാക്കി മൊബൈൽ വഴിയോ വെബ്സൈറ്റ് മുഖേനയോ ഉല്പാദകർക്ക് ഓർഡർ നൽകി സാധനങ്ങൾ ലഭ്യമാക്കുവാൻ കഴിയുംവിധമുള്ള സോഫ്റ്റ്‌വെയറാണ് നടപ്പിലാക്കുന്നത്.

(ബി) സഹകരണ സംഘങ്ങളുടെ ഉല്പന്നങ്ങളിൽ വ്യാപാര മുദ്ര നിയമ പ്രകാരം രജിസ്റ്റർ ചെയ്ത വ്യാപാരനാമം നൽകുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

സഹകരണ സംഘങ്ങളുടെ ഉല്പന്നങ്ങളുടെ ഗുണ നിലവാരത്തിന്റെയും മറ്റ് യോഗ്യതയുടെയും അടിസ്ഥാനത്തിൽ നൽകുന്ന സഹകരണ സർട്ടിഫിക്കേഷൻ മാർക്കായ coopkerala എന്ന ട്രേഡ്മാർക്കിനു 1999-ലെ

ട്രേഡ് മാർക്ക്സ് ആക്ട് പ്രകാരം സെൻട്രൽ ഗവൺമെന്റ് ട്രേഡ് മാർക്ക് രജിസ്ട്രിയിൽ നിന്നും രജിസ്ട്രേഷൻ ലഭിച്ചു.

സഹകരണ ഉല്പന്നങ്ങൾക്ക് coopkerala സർട്ടിഫിക്കേഷൻ മാർക്ക് അനുവദിക്കുന്നതിന് അതുമായി ബന്ധപ്പെട്ട എക്സ്പേർട്ട്, ഫുഡ്സേഫ്റ്റി ഉദ്യോഗസ്ഥൻ, സഹകരണ വകുപ്പ് ഉദ്യോഗസ്ഥൻ, സഹകരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ എന്നിവരുൾപ്പെട്ട മാനേജിംഗ് കമ്മിറ്റി സഹകരണ ഉല്പന്നങ്ങളുടെ ഗുണനിലവാരത്തിന്റെയും നിലവിലുള്ള സുരക്ഷ സ്റ്റാൻഡേർഡുകളുടെയും അടിസ്ഥാനത്തിൽ coopkerala സർട്ടിഫിക്കേഷൻ മാർക്ക് നൽകിവരികയുമാണ്.

(സി) ഗുണനിലവാരമുള്ള പഴങ്ങളുടെയും പച്ചക്കറികളുടെയും ശേഖരണവും വിപണനവും വ്യാപകമാക്കുന്നതിന് സഹകരണ മേഖലയിൽ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഗുണനിലവാരമുള്ള പഴങ്ങളുടെയും പച്ചക്കറികളുടെയും ശേഖരണവും വിപണനവും വ്യാപകമാക്കുന്നതിന് സഹകരണമേഖലയിൽ ചുവടെ ചേർത്തിട്ടുള്ള പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്.

| പദ്ധതി | തുക | ലക്ഷ്യം |
|---|---|---|
| കാർഷിക ഉല്പാദനം, കാർഷിക ഉല്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവ സുഗമമാക്കൽ | 250.00 ലക്ഷം | 1. ഓരോ ബ്ലോക്ക് പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷൻ പരിധിയിൽ കുറഞ്ഞത് നാല് കേന്ദ്രങ്ങളിലെങ്കിലും സംഭരണം, സംസ്കരണം, വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കും 2. വിളവെടുപ്പ് കാലത്ത് കർഷകരിൽ നിന്ന് കാർഷികോല്പന്നങ്ങൾ നേരിട്ട് സംഭരിക്കുന്നതിൽ ഈ കേന്ദ്രങ്ങളേർപ്പെടുകയും ഇങ്ങനെ ശേഖരിക്കുന്ന കാർഷികോല്പന്നങ്ങൾ സംസ്കരിച്ച് സംഭരണ, സംസ്കരണകേന്ദ്രങ്ങളിൽ സംഭരിക്കുകയും ചെയ്യുക |
| ഗ്രാമീൺ മാർക്കറ്റുകൾ/ പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾ എന്നിവയെ പ്രോത്സാഹിപ്പിക്കൽ | 110.00 ലക്ഷം | 1. എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലുമുള്ള ഗ്രാമീണ വിപണികളുടെ വികസനത്തിനും നവീകരണത്തിനുമായി ഈ പ്രദേശത്തെ അംഗീകൃത പി.എ.സി.എസ്.-ന്റെ നേതൃത്വത്തിൽ ഈ പദ്ധതി നടപ്പിലാക്കാൻ നിർദ്ദേശിക്കപ്പെടുന്നു. അതുവഴി കർഷകർക്ക് നേരിട്ടുള്ള വില്പനയ്ക്ക് സഹായിക്കുന്ന വിപണന വേദിയൊരുക്കുന്നു. 2. ഈ പദ്ധതിയിൽ ഗ്രാമീണ ചന്തകളെ സഹായിക്കുന്നതിനായി ഓരോ ചന്തയ്ക്കും 10.00 ലക്ഷം രൂപ വീതം നീക്കിവച്ചിരിക്കുന്നു. സുഭിഷ കേരളം പദ്ധതിയുടെ പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. |

(ഡി) കാർഷികോല്പന്നങ്ങളുടെ വിപണന സംവിധാനം മെച്ചപ്പെടുത്തുന്നതിനും വിലസ്ഥിരത ഉറപ്പാക്കുന്നതിനും സഹകരണ വകുപ്പിന്റെ സഹായം കൃഷി വകുപ്പിനുറപ്പാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

അടിസ്ഥാനവില നിശ്ചയിച്ചിട്ടുള്ള പച്ചക്കറികളുടെ വിപണി വില അടിസ്ഥാനവിലയേക്കാൾ കുറയുന്ന സാഹചര്യത്തിൽ ടി പച്ചക്കറികൾ

കർഷകരിൽ നിന്നും അടിസ്ഥാനവിലയിൽ സംഭരിച്ച് വിപണനം നടത്തുന്നതിന് കാർഷിക വകുപ്പ് രൂപം നൽകിയിട്ടുള്ള പദ്ധതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ മുഖേന 'കോ-ഓപ്പ്മാർട്ട് വെജ്ഫ്രഷ്' എന്ന പേരിൽ ഔട്ട്ലെറ്റുകൾ ആരംഭിച്ചിട്ടുണ്ട്.

**മെഡിസെപ്പ് മാതൃകയിൽ ഇൻഷ്വറൻസ് പദ്ധതി**

270(2620) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ജീവനക്കാർക്ക് മെഡിസെപ്പ് മാതൃകയിൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നകാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ആയതിന്റെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

(എ&ബി) സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കായി ഒരു മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് തത്വത്തിൽ

അംഗീകാരം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഒരു ഡ്രാഫ്റ്റ് സ്കീം തയ്യാറാക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## കാർഷികമേഖലയ്ക്ക് നൽകിവരുന്ന സേവനങ്ങൾ

271(2621) ഡോ. എം.കെ . മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുവഴി കാർഷിക വികസന പദ്ധതികൾക്കായി എന്തെല്ലാം സേവനങ്ങളാണ് കർഷകർക്ക് നൽകിവരുന്നത്?

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ വഴി വിവിധ കാർഷിക വായ്പകൾ, കാർഷിക പലിശരഹിത വായ്പകൾ, സ്വർണ്ണപണയത്തിന്മേൽ മിതമായ പലിശനിരക്കിൽ കാർഷിക വായ്പകൾ എന്നിവ നൽകിവരുന്നു. കാർഷിക വിപണന കേന്ദ്രങ്ങൾ, ഗ്രാമീണ മാർക്കറ്റ്, വളം ഡിപ്പോകൾ, കർഷകസേവന കേന്ദ്രങ്ങൾ എന്നിവയുടെ പ്രവർത്തനംവഴി വിത്ത്, വളം, കാർഷിക ഉപകരണങ്ങൾ, സബ്സിഡി നിരക്കിൽ കീടനാശിനികൾ മറ്റനുബന്ധ ഇനങ്ങൾ എന്നിവയും

നൽകിവരുന്നു. ഗ്രീൻ നഴ്സറികൾ വഴി കർഷകർക്ക് അത്യുല്പാദനശേഷിയുള്ള വിത്തുകളും തൈകളും വിതരണം ചെയ്തുവരുന്നു.

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് 2011-12 മുതൽ ഉത്തേജന പലിശയിളവ് പദ്ധതി നടപ്പാക്കി നിലവിലും ടി പദ്ധതി തുടർന്നുവരുന്നു. 2022-23 സാമ്പത്തികവർഷം ടി പദ്ധതിക്കായി 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

കാർഷിക ഉല്പന്നങ്ങൾ ഉൾപ്പെടെയുള്ളവയുടെ വിപണനത്തിന് ശക്തമായ സാന്നിധ്യം ഉറപ്പാക്കുന്നതിനുള്ള ‘ ബ്രാൻഡിംഗ് & മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്  എന്ന പദ്ധതിയുടെ ഭാഗമായി 14 ജില്ലകളിൽ സഹകരണ കോപ്പ് മാർട്ട് പദ്ധതികളാരംഭിച്ചിട്ടുണ്ട്. കർഷകർക്ക് കാർഷികവായ്പകൾ ലഭ്യമാക്കുക, കാർഷികോല്പന്നങ്ങൾ ന്യായവിലകൊടുത്ത് സംഭരിക്കുക, അവ പൊതുവിപണിയിൽ വിപണനം നടത്തുക, സംസ്ഥാനം ഭക്ഷ്യസ്വയംപര്യാപ്തത നേടുക എന്നീ ലക്ഷ്യങ്ങളോടെ സംസ്ഥാന സർക്കാരിന്റെ നിർദ്ദേശാനുസരണം സഹകരണ വകുപ്പാരംഭിച്ച

‘ സുഭിക്ഷകേരളം പദ്ധതി’ വഴി കർഷകർക്ക് മികച്ച സേവനങ്ങൾ നൽകി വരുന്നു.

കൃഷി പ്രോത്സാഹിക്കുന്നതിനും അതിന്റെ ഉന്നമനത്തിനുമായി സഹകരണമേഖലയുടെ പിന്തുണയോടെ കാർഷികോല്പന്നങ്ങളുടെ ഉല്പാദനം, സമാഹരണം (വീട്ടുപടിക്കൽ ശേഖരണം), സംഭരണം, മൂല്യവർദ്ധിത ഉല്പന്നമാക്കൽ, ചില്ലറ വില്പന എന്നിവയെ പരിപോഷിപ്പിച്ച് അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിൽ കാർഷിക മുന്നേറ്റമുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെ 2022-23 സാമ്പത്തികവർഷം സഹകരണമേഖലയിൽ ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് ‘ സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതനപദ്ധതി’ . 7 ഉപഘടകങ്ങളുൾപ്പെടുന്ന ടി പദ്ധതിയിൽ സഹകരണ വകുപ്പിന്റെ പദ്ധതി വിഹിതമായി 2250 ലക്ഷം രൂപയാണ് 2022-23 സാമ്പത്തികവർഷം വകയിരിത്തിയിട്ടുള്ളത്.

ചെറുകിടകർഷകർക്ക് കാർഷികമേഖലയിലെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള KB കിസാൻ മിത്ര പദ്ധതി പ്രകാരം (3 ലക്ഷത്തിന് മുകളിൽ) കർഷകർക്ക് ഹ്രസ്വകാല കാർഷികവായ്പക്ക് ഓവർഡ്രാഫ്റ്റ് സൗകര്യം കേരള സംസ്ഥാന സഹകരണ ബാങ്ക് ഏർപ്പെടുത്തിയിട്ടുണ്ട്. VFPCK-യുടെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ചെറുകിട

കർഷകർക്ക് 3 ലക്ഷം രൂപ വരെ വായ്പ നൽകുന്നതിനായി KB കിസാൻ മിത്ര (VFPCK) പദ്ധതി കേരള സംസ്ഥാന സഹകരണ ബാങ്ക് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. നബാർഡ് പിന്തുണയ്ക്കുന്ന വാട്ടർഷെഡ് വാഡി പ്രോജക്ട് മേഖലയിലെ സുസ്ഥിര സാമ്പത്തിക പ്രവർത്തനങ്ങൾക്കും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും കാർഷികവരുമാനം കൂട്ടുന്നതിനുമായി KB വാഡി പദ്ധതി കേരള സംസ്ഥാന സഹകരണ ബാങ്ക് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. സമൂഹത്തിലെ കർഷകരുടെ ഉന്നമനം, കാർഷികാഭിവൃദ്ധി, മൂല്യവർദ്ധിത ഉല്പാദനത്തിലൂടെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കൽ, സമ്പദ്ഘടനയുടെ വളർച്ച എന്നിവ ലക്ഷ്യമിട്ട് കാർഷിക ഉല്പാദന സംഘടനകൾക്ക് (FPO) നൽകുന്നതിനായി KB-FPO എന്ന പ്രത്യേക വായ്പാ പദ്ധതി കേരള സംസ്ഥാന സഹകരണ ബാങ്ക് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

കാർഷികമേഖലയിലേയ്ക്ക് കൂടുതൽ നിക്ഷേപം ലഭ്യമാക്കി കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി രൂപീകരിച്ച ധനസഹായ പദ്ധതിയായ കാർഷിക അടിസ്ഥാനസൗകര്യ വികസന നിധി (അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട്) പദ്ധതിപ്രകാരം ശീതീകരണ സംഭരണികൾ, സംഭരണകേന്ദ്രങ്ങൾ, സംസ്കരണ ഘടകങ്ങൾ തുടങ്ങി

സാമൂഹികാടിസ്ഥാനത്തിലുള്ള കാർഷിക ആസ്തികളും വിളവെടുപ്പാനന്തര അടിസ്ഥാനസൗകര്യങ്ങളൊരുക്കുന്നതിനും സഹായമാകുന്നു. കൂടാതെ വിളവെടുപ്പിനുശേഷമുള്ള നഷ്ടം പരമാവധി കുറയ്ക്കുന്നതിനും ഈ പദ്ധതി സഹായമാകുന്നു. ടി പദ്ധതി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേനയും നടപ്പാക്കിവരുന്നു.

(ബി) നിലവിലുള്ള സേവനങ്ങൾക്കുപുറമെ പുതിയ എന്തൊക്കെ സേവനങ്ങളാണ് നൽകുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

'ഒരു ജില്ലയ്ക്ക് ഒരു വിള' എന്ന രീതിയിൽ തെരഞ്ഞെടുത്ത 7 ജില്ലകളിലായി (തിരുവനന്തപുരം, ആലപ്പുഴ, ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ) സർക്കാറിന്റെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി 500 ഏക്കർ കൃഷി എന്ന പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഒരു ജില്ലയിൽ 75 ഏക്കറിൽ കുറയാതെ തരിശുഭൂമിയിൽ കൃഷി നടപ്പിലാക്കുകയെന്നതാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. മരച്ചീനി, ഏത്തവാഴ, പച്ചക്കറികൾ, മഞ്ഞൾ, ഇഞ്ചി, വാഴ, ചേന, ചേമ്പ്, പൈനാപ്പിൾ, തേയില, കുരുമുളക്, ഏലം, തെങ്ങ്, അടയ്ക്ക തുടങ്ങിയ വിളകൾ പ്രാഥമിക സഹകരണ സംഘങ്ങൾ വഴിയും മറ്റ് പലവക സംഘങ്ങൾ വഴിയും കൃഷിക്കാരിലൂടെ നടപ്പിലാക്കുവാൻ പദ്ധതി ലക്ഷ്യമിടുന്നു.

സമൂഹത്തിലെ കർഷകരുടെ ഉന്നമനം, കാർഷികാഭിവൃദ്ധി, മൂല്യവർദ്ധിത ഉല്പാദനത്തിലൂടെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കൽ, സമ്പദ്ഘടനയുടെ വളർച്ച എന്നിവ ലക്ഷ്യമിട്ട് ഓരോ ജില്ലയിലും കുറഞ്ഞത് 5 FPO (കാർഷിക ഉല്പാദന സംഘടന) ഓറിയന്റേഷൻ യോഗങ്ങൾ നടത്തുന്നതിന് പദ്ധതിയുണ്ട്. കൂടാതെ പരമാവധി FPO-കളെ കണ്ടെത്തി അവരുടെ കാർഷിക ആവശ്യങ്ങൾക്ക് പരമാവധി വായ്പ നൽകുന്നതിനും കേരള സംസ്ഥാന സഹകരണ ബാങ്ക് നടപടികൾ സ്വീകരിച്ചുവരുന്നു.

**പൂഞ്ഞാർ മണ്ഡലത്തിലെ സുഭിക്ഷ കേരളം പദ്ധതി**

272(2622) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ സഹകരണ സ്ഥാപനങ്ങൾ മുഖേന സുഭിക്ഷ കേരളം പദ്ധതിയിലുൾപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി മണ്ഡലത്തിലെ സഹകരണ സ്ഥാപനങ്ങളായ കണമല സർവ്വീസ്

സഹകരണ ബാങ്ക് ക്ലിപ്തം നം.- കെ.268, 8.70 ഏക്കറിലും കുവപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.- കെ. 3949, 0.85 ഏക്കറിലും കൃഷിത്തോട്ടങ്ങൾ നടത്തിവരുന്നു. കൂടാതെ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി മണ്ഡലത്തിലെ സഹകരണ സ്ഥാപനങ്ങൾ മുഖേന കൃഷിക്കാർക്കും സ്വാശ്രയ സംഘങ്ങൾക്കും വായ്പ നൽകിവരുന്നു.

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി മണ്ഡലത്തിലെ എത്ര കർഷകർക്ക് സഹകരണ സ്ഥാപനങ്ങൾ മുഖേന വായ്പ ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകാമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ 279 കൃഷിക്കാർക്ക് 28,11,750/- (ഇരുപത്തിയെട്ട് ലക്ഷത്തി പതിനൊന്നായിരത്തി എഴുന്നൂറ്റി അൻപത് രൂപ) സഹകരണ സ്ഥാപനങ്ങൾ മുഖേന വായ്പ ലഭ്യമാക്കിയിട്ടുണ്ട്.

**വടക്കാഞ്ചേരി മണ്ഡലത്തിലെ സുഭിക്ഷ കേരളം പദ്ധതി**

273(2623) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ സഹകരണ സ്ഥാപനങ്ങൾ മുഖേന സുഭിക്ഷ കേരളം പദ്ധതിയിലുൾപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

വടക്കാഞ്ചേരി മണ്ഡലത്തിൽ സഹകരണ സ്ഥാപനങ്ങൾ മുഖേന സുഭിക്ഷ കേരളം പദ്ധതിയിലുൾപ്പെടുത്തി മാതൃകാ കൃഷിത്തോട്ടം ഒരുക്കുകയും പച്ചക്കറി കൃഷി, മത്സ്യ കൃഷി, വാഴ കൃഷി, കപ്പ കൃഷി, ആട് ഫാം, കോഴി ഫാം, ഇവയുടെ നഴ്സറികൾ എന്നിവ സംഘങ്ങൾ നേരിട്ടും ജെ.എൽ.ജി., എസ്.എച്ച്.ജി. ഗ്രൂപ്പുകൾ മുഖേനയും ആരംഭിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങൾ അംഗങ്ങൾക്ക് പച്ചക്കറി വിത്തുകൾ വിതരണം നടത്തുകയും കൃഷിക്കാർക്ക് വിവിധതരം വായ്പ പദ്ധതികളാരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി മണ്ഡലത്തിലെ എത്ര കർഷകർക്ക് സഹകരണ സ്ഥാപനങ്ങൾ മുഖേന വായ്പ ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകാമോ?

പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി മണ്ഡലത്തിലെ 726 കർഷകർക്ക് സഹകരണ സ്ഥാപനങ്ങൾ മുഖേന വായ്പ ലഭ്യമാക്കിയിട്ടുണ്ട് .

## അംഗസമാശ്വാസ നിധി പ്രകാരം ആനുകൂല്യം ലഭിച്ചവർ

274(2624) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ക്യാൻസർ, വൃക്കരോഗങ്ങൾ തുടങ്ങിയ മാരകരോഗങ്ങൾ ബാധിച്ച സഹകാരികൾക്ക് നടപ്പാക്കിവരുന്ന അംഗസമാശ്വാസ നിധിപ്രകാരം എത്രപേർക്ക് സഹായധനം വിതരണം ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ?

ഈ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ക്യാൻസർ, വൃക്കരോഗങ്ങൾ തുടങ്ങിയ മാരകരോഗങ്ങൾ ബാധിച്ച സഹകാരികൾക്ക് നടപ്പാക്കിവരുന്ന അംഗ സമാശ്വാസ പദ്ധതി പ്രകാരം ആകെ 32525 പേർക്ക് സഹായധനം വിതരണം ചെയ്തിട്ടുണ്ട്.

(ബി) വാമനപുരം നിയോജകമണ്ഡലത്തിലെ സംഘങ്ങളിൽനിന്ന് എത്രപേർക്ക് ഇതിന്റെ ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് സഹകരണ സംഘം തിരിച്ച് വിവരം നൽകാമോ?

വാമനപുരം നിയോജകമണ്ഡലത്തിൽ അംഗസമാശ്വാസ പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ചവരുടെ സഹകരണ സംഘം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| സംഘത്തിന്റെ പേര് | ആനുകൂല്യം ലഭിച്ചവരുടെ എണ്ണം | തുക (രൂപയിൽ) |
|---|---|---|
| നന്ദിയോട് സർവ്വീസ് സഹകരണ ബാങ്ക് ലി.നം.1161 | 11 | 2,45,000/- |
| പാലോട് സർവ്വീസ് സഹകരണ ബാങ്ക് ലി.നം.792 | 1 | 25,000/- |
| മിതൃമല സർവ്വീസ് സഹകരണ ബാങ്ക് ലി. നം.2452 | 36 | 7,55,000/- |
| പാങ്ങോട് സർവ്വീസ് സഹകരണ ബാങ്ക് ലി.നം.റ്റി.212 | 38 | 8,05,000/- |
| ആകെ | 86 | 18,30,000/- |

## കോതമംഗലം മണ്ഡലത്തിലെ റിസ്ക് ഫണ്ട് ആനുകൂല്യം

275(2625) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ വിവിധ സർവീസ് സഹകരണ ബാങ്കുകളിൽ നിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി സഹകരണ ബോർഡിൽ എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്നും എത്രപേർക്ക് റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ടെന്നും വിശദമാക്കുമോ?

കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലേയ്ക്ക് കോതമംഗലം നിയോജകമണ്ഡലത്തിൽ നിന്ന് റിസ്ക് ഫണ്ട് സ്കീമിലുൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിനായി 1145 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ടി അപേക്ഷകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത മണ്ഡലത്തിൽ റിസ്ക് ഫണ്ട് ആനുകൂല്യമായി എത്രതുകയാണ് അനുവദിച്ചിട്ടുള്ളതെന്നും ആനുകൂല്യങ്ങൾ നൽകുവാൻ എത്ര അപേക്ഷകൾ ബാക്കിയുണ്ടെന്നുമുള്ള വിവരം അറിയിക്കുമോ; വ്യക്തമാക്കുമോ?

കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ കോതമംഗലം നിയോജകമണ്ഡലത്തിൽ നിന്ന് റിസ്ക് ഫണ്ട് സ്കീമിലുൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിലേയ്ക്ക് ലഭ്യമായ അപേക്ഷകളിൽ അർഹതപ്പെട്ട 626 അപേക്ഷകളിലായി ആകെ 5,30,63,828/- രൂപ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചുനൽകിയിട്ടുള്ളതും 461 അപേക്ഷകളിൽ റിസ്ക് ഫണ്ട് ധനസഹായം അനുവദിക്കാൻ ബാക്കിനിൽപ്പുള്ളതും റിസ്ക് ഫണ്ട്

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മാനദണ്ഡങ്ങൾ പാലിക്കാത്തിനാൽ പരിഗണിക്കാൻ സാധിക്കാത്ത 58 അപേക്ഷകളുള്ളതുമാണ്.

അർഹതപ്പെട്ട 626 അപേക്ഷകളിലായി ആകെ 5,30,63,828/- രൂപ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) അർഹരായ മുഴുവൻപേർക്കും റിസ്ക് ഫണ്ട് ആനുകൂല്യം വേഗത്തിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലേയ്ക്ക് ബാങ്ക്/സംഘം മതിയായ രേഖകൾ ഉള്ളടക്കം ചെയ്യാതെ റിസ്ക് ഫണ്ട് ധനസഹായ അപേക്ഷകൾ സമർപ്പിക്കുന്നതിനാലും, ഓരോ ജില്ലകളിൽ നിന്നും ലഭ്യമാകുന്ന അപേക്ഷകളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിലും ധനസഹായം അനുവദിക്കുന്നതിൽ കാലതാമസമുണ്ടാവുന്നുണ്ട്. അപ്രകാരമുണ്ടാകുന്ന കാലതാമസമൊഴിവാക്കി അർഹതപ്പെട്ടവർക്ക് റിസ്ക് ഫണ്ട് ആനുകൂല്യം അനുവദിക്കുന്നതിനായി ത്വരിതഗതിയിലുള്ള പ്രവർത്തനങ്ങൾ ബോർഡ് നടത്തിവരുന്നതും ആയതിലേയ്ക്ക് എല്ലാ ജില്ലകളിലും റിസ്ക് ഫണ്ട് അദാലത്തുകൾ സംഘടിപ്പിച്ച്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അർഹതപ്പെട്ടവർക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നതുമാണ്.

## ക്രെഡിറ്റ് ഗ്യാരണ്ടി സ്കീം

276(2626) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് ക്രെഡിറ്റ് ഗ്യാരണ്ടി സ്കീം നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം 2018 മുതൽ നടപ്പാക്കിയിട്ടുണ്ട്.

(ബി) ക്രെഡിറ്റ് ഗ്യാരണ്ടിയുടെ പരിധി നിലവിൽ എത്ര രൂപയാണ്; ആയതിന്റെ പരിധി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ 2 ലക്ഷം രൂപ വരെയുള്ള നിക്ഷേപങ്ങൾക്കാണ് നിലവിൽ നിക്ഷേപ ഗ്യാരന്റി നൽകുന്നത്. ഗ്യാരന്റി സ്കീം പ്രകാരമുള്ള ഗ്യാരന്റി പരിധി 2 ലക്ഷം രൂപയിൽ നിന്ന് 5 ലക്ഷം

രൂപയായി ഉയർത്തുന്നതിന് തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. അതിലേയ്ക്കുള്ള സ്കീം തയ്യാറാക്കിവരുന്നു.

**സഹകാരി സാന്ത്വനം പദ്ധതി**

277(2627) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകാരി സാന്ത്വനം പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

സഹകരണ രംഗത്ത് സർക്കിൾ (താലൂക്ക്)/ജില്ല/സംസ്ഥാന തലത്തിൽ ഏതിലെങ്കിലും സഹകരണമേഖലയുടെ പുരോഗതിക്കുവേണ്ടി വളരെ കാലമായി പ്രവർത്തിച്ചവരോ, പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരോ ആയവരും സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിലുൾപ്പെട്ട സഹകരണ സംഘത്തിന്റെ ഭരണസമിതിയിൽ രണ്ട് തവണയെങ്കിലും അംഗമായിരിക്കുകയും ഇപ്പോൾ അവശതയനുഭവിക്കുകയും ചെയ്യുന്നവരും, വാർഷിക വരുമാനം 3,00,000/- രൂപയിൽ (മൂന്ന് ലക്ഷം) താഴെയുള്ളവരുമായ സഹകാരികൾക്ക് സഹകാരി സാന്ത്വനം പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്. പ്രസ്തുത പദ്ധതി പ്രകാരമുള്ള

ധനസഹായത്തിന് അപേക്ഷിക്കുന്ന ഗുണഭോക്താക്കൾ സഹകരണ മേഖലയിലെ അവരുടെ പ്രവർത്തന വൈകല്യംമൂലം ഒരുവിധ നടപടിയും നേരിടാത്തവരായിരിക്കണം.

**കുന്നത്തുനാട് മണ്ഡലത്തിലെ സമഗ്ര കാർഷിക വികസന പദ്ധതി**

278(2628) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ സമഗ്ര കാർഷിക വികസന പദ്ധതി പ്രകാരം കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം മണ്ഡലത്തിലെ എത്ര കർഷകർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ടെന്നും ഇതിനായി ചെലവഴിച്ച തുകയുടെ വിശദാംശവും ലഭ്യമാക്കാമോ?

(എ&ബി) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ " സമഗ്ര കാർഷിക വികസന പദ്ധതി" പ്രകാരമുള്ള പദ്ധതികളൊന്നും നിലവിലില്ല.

**കൊയിലാണ്ടി മണ്ഡലത്തിലെ യുവജന സഹകരണ സംഘം പദ്ധതി**

279(2629) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച യുവജന സഹകരണ സംഘം പദ്ധതിയിൽ നിലവിൽ എത്ര സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ; ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ?

സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച യുവജന സഹകരണ സംഘം പദ്ധതിയിൽ നിലവിൽ 31 യുവജന സഹകരണ സംഘങ്ങളും ഒരു ജില്ലയിൽ ഒന്ന് വീതം 14 പട്ടികജാതി/പട്ടികവർഗ്ഗ യുവസഹകരണ സംഘങ്ങളുമുൾപ്പെടെ 45 യുവസഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിശദവിവരം ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം.

1. വട്ടിയൂർക്കാവ് യൂത്ത് ബ്രിഗേഡ് എന്റർപ്രെണേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 2283
2. കെ-ടാക്ക് ഈവന്റ്സ് ആൻഡ് സർവ്വീസസ് യൂത്ത് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.2284

3. കേരകർഷക യുവസഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 2285

<u>കൊല്ലം.</u>

1. ആർട്ടിസ്റ്റ് വെൽഫെയർ യുവസഹകരണ സംഘം ക്ലിപ്തം നമ്പർ ക്യു.1713

2. ഇക്കോ സർവ്വീസ് യുവസഹകരണ സംഘം ക്ലിപ്തം നമ്പർ ക്യു.1714

3. സിനർജി (സൊസൈറ്റി ഓഫ് യങ് നോബിൾ എന്റർപ്രെണേഴ്സ് ആൻഡ് റിസോഴ്സ് ജനറേഷൻ ഫ്രം ദി യൂത്ത്) കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ ക്യു.1715
4. ക്വൊയ്ലോൺ ഇൻഫോ സൊല്യൂഷൻസ് യൂത്ത് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ ക്യു.1716

<u>ആലപ്പുഴ</u>

1. മാവേലിക്കര താലൂക്ക് യുവ പ്രിന്റിംഗ് ആൻഡ് പബ്ലിഷിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ എ. 1241

2. ചേർത്തല യുവജന സഹകരണ സംഘം ക്ലിപ്തം നമ്പർ എ. 1243

3. ആലപ്പുഴ യുവ അഗ്രോ മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ എ.1245

<u>പത്തനംതിട്ട</u>

1. പത്തനംതിട്ട യുവജന സംരംഭക സഹകരണ സംഘം ക്ലിപ്തം നമ്പർ പി.റ്റി 334

<u>കോട്ടയം</u>

1. കോട്ടയം ജില്ല യുവജന സംരംഭക സഹകരണ സംഘം ക്ലിപ്തം നമ്പർ കെ 1232
2. ഇ-നാട് യുവജന സഹകരണ സംഘം ക്ലിപ്തം നമ്പർ കെ 1233
3. വൈക്കം സത്യാഗ്രഹ മെമ്മോറിയൽ യൂത്ത് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ 1234

<u>ഇടുക്കി</u>

1. യുവധാര യുവജന സഹകരണ സംഘം ക്ലിപ്തം നമ്പർ ഐ. 774
2. ഇടുക്കി ടൂറിസം വികസന യുവജന സഹകരണ സംഘം ക്ലിപ്തം നമ്പർ ഐ. 775

<u>എറണാകുളം</u>

1. നവപാലാത്തുരുത്ത് സ്വയം സംരംഭക സാമൂഹ്യ സഹകരണ സംഘം ലിമിറ്റഡ് നമ്പർ 1444
2. മൂവാറ്റുപുഴ പ്രൊഫഷണൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ 1445

<u>പാലക്കാട്</u>

1. ചിറ്റൂർ ബ്ലോക്ക് യുവസഹകരണ സംഘം ക്ലിപ്തം നമ്പർ പി 1465

2. ആലത്തൂർ താലൂക്ക് യുവകർഷക ഉല്പാദക വിപണന സഹകരണ സംഘം ലിമിറ്റഡ് നമ്പർ പി.1466

3. ആലത്തൂർ യുവ സ്കിൽഡ് & അൺ സ്കിൽഡ് ലേബർ സഹകരണ സംഘം ലിമിറ്റഡ് നമ്പർ പി.1467

4. നെന്മാറ ബ്ലോക്ക് യുവ സഹകരണ സംഘം ക്ലിപ്തം നമ്പർ പി 1468

<u>മലപ്പുറം</u>

1. മലപ്പുറം ജില്ലാ യൂത്ത് സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 1048.

<u>കോഴിക്കോട്</u>

1. യുവശക്തി യുവ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ ഡി. 3340

2. യൂത്ത് എംപവർമെന്റ് ആൻഡ് വെൽഫെയർ മൾട്ടിപർപ്പസ് സഹകരണ സംഘം ഡി. 3341

<u>കണ്ണൂർ</u>

1. പെരിങ്ങോം ഏരിയ യുവജന സഹകരണ സംഘം ക്ലിപ്തം നമ്പർ സി. 2143

2. തളിപ്പറമ്പ് ഏരിയ യൂത്ത് വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ സി. 2145

3. തലശ്ശേരി യൂത്ത് എംപവർ ഡെവലപ്പ്മെന്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ സി. 2155

കാസർഗോഡ്

1. കാസർഗോഡ് യുവജന സഹകരണ സംഘം ക്ലിപ്തം നമ്പർ കെ. 588

2. കാസർഗോഡ് യുവാസ് സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ കെ. 589

3. കാസർഗോഡ് മാർക്കറ്റിംഗ് യൂത്ത് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ കെ. 590

എസ്.സി/എസ്.ടി യുവജന സഹകരണ സംഘങ്ങൾ

തിരുവനന്തപുരം

തിരുവനന്തപുരം ജില്ല പട്ടികവർഗ്ഗ യുവജന സംഘം റ്റി. 2299

കൊല്ലം

ഡോ. ബി. ആർ. അബേദ്ക്കർ പട്ടികജാതി/ പട്ടികവർഗ്ഗ യുവസഹകരണ സംഘം ക്ലിപ്തം നമ്പർ ക്യൂ1725

ആലപ്പുഴ

ആലപ്പുഴ ജില്ല ഷെഡ്യൂൾഡ് കാസ്റ്റ് യുവജന സഹകരണ സംഘം ക്ലിപ്തം നമ്പർ എ. 1251

പത്തനംതിട്ട

പി.റ്റി 338 പത്തനംതിട്ട ജില്ല പട്ടികജാതി/പട്ടികവർഗ്ഗ യുവസംരംഭക സഹകരണ സംഘം

കോട്ടയം

കോട്ടയം ജില്ല പട്ടികജാതി/പട്ടികവർഗ്ഗ യുവജന സഹകരണ സംഘം കെ. 1241

ഇടുക്കി

ഇടുക്കി ജില്ലാ പട്ടികജാതി യുവജന സഹകരണ സംഘം ക്ലിപ്തം ഐ.782

എറണാകുളം

എറണാകുളം ജില്ലാ എസ്.സി. യുവസഹകരണ സംഘം ക്ലിപ്തം നമ്പർ ഇ. 1450

തൃശ്ശൂർ

ആർ 1557 ചേലക്കര എസ്.സി യുവലേബേഴ്സ് സ്കിൽഡ് വർക്കേസ് കോൺട്രാക്ട് സഹകരണ സംഘം

പാലക്കാട്

പാലക്കാട് ജില്ല ട്രൈബൽ യുവജന സഹകരണ സംഘം ക്ലിപ്തം നമ്പർ പി. 1476

മലപ്പുറം

മലപ്പുറം യൂത്ത് പട്ടികജാതി സഹകരണ സംഘം ക്ലിപ്തം നമ്പർ. 1058

<u>കോഴിക്കോട്</u>

യൂത്ത് എംപവർമെന്റ് എസ്.സി കോ-ഓപ്പറേറ്റീവ് സെസൈറ്റി കോഴിക്കോട് ക്ലിപ്തം നമ്പർ ഡി. 3365

<u>വയനാട്</u>

ഗോത്ര ട്രൈബൽ വിവിധോദ്ദേശ്യ സഹകരണ സംഘം W. 371

<u>കണ്ണൂർ</u>

കണ്ണൂർ ഡിസ്ട്രിക്ട് എസ്.സി യൂത്ത് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ സി 2152

<u>കാസർഗോഡ്</u>

കാസർഗോഡ് എസ്.റ്റി യുവസഹകരണ സംഘം ക്ലിപ്തം നമ്പർ കെ. 595

(ബി) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ പ്രസ്തുത പദ്ധതിയിൽ നിലവിൽ എത്ര സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ; വിശദമാക്കുമോ?

കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ യുവജന സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടില്ല.

**ഒറ്റപ്പാലം മണ്ഡലത്തിലെ സഹകരണ അംഗ സമാശ്വാസ പദ്ധതി**

280(2630) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ അംഗ സമാശ്വാസ പദ്ധതിയിലുൾപ്പെടുത്തി ധനസഹായത്തിനായി ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സഹകരണ അംഗ സമാശ്വാസ പദ്ധതിയിലുൾപ്പെടുത്തി ധനസഹായത്തിനായി ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ നിന്നും 386 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്.

(ബി) ഇവയിൽ എത്ര അപേക്ഷകളിൽ ധനസഹായം അനുവദിച്ചുവെന്നും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ?

ഇവയിൽ 311 അപേക്ഷകളിലായി 66,20,000/- (അറുപത്തിയാറ് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

**കോർ ബാങ്കിംഗ് സംവിധാനം**

281(2631) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>:
<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>:

ശ്രീ. സണ്ണി ജോസഫ്:
ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിലെ കോർ ബാങ്കിംഗ് സംവിധാനത്തിലെ അപാകതകൾമൂലം നിക്ഷേപകർക്ക് ആർ.ടി.ജി.എസ്, നെഫ്റ്റ് എന്നീ സംവിധാനങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കുന്നില്ലെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

2022 ജൂലൈ മാസമാരംഭിച്ച കേരള ബാങ്കിന്റെ CBS മൈഗ്രേഷൻ 9 ഘട്ടങ്ങളിലായി 2022 ഡിസംബർ മാസത്തിലാണ് പൂർത്തീകരിച്ചത്. CBS മൈഗ്രേഷൻ പൂർത്തീകരിക്കുന്നതിനുമുമ്പ് കേരള ബാങ്കിൽ മൊബൈൽ ബാങ്കിംഗ് സംവിധാനം സമ്പൂർണ്ണമായിരുന്നില്ല. ആ കാലയളവുകളിൽ ഓൺലൈനായി പണം ട്രാൻസ്ഫർ ചെയ്യുന്നതുമായി ബന്ധപ്പെട്ട് ചുരുക്കം അസൗകര്യങ്ങൾ ചില ഇടപാടുകാർക്കുണ്ടായിട്ടുണ്ട്. മൈഗ്രേഷൻ പൂർത്തീകരിച്ചതിനുശേഷം എല്ലാ ഇടപാടുകാർക്കും മൊബൈൽ ബാങ്കിംഗ് സേവനം RTGS/NEFT എന്നിവ പ്രദാനം ചെയ്യുവാൻ കേരള ബാങ്ക് പര്യാപ്തമായി കഴിഞ്ഞു. കേരള ബാങ്കിന്റെ ഹെഡ്ഓഫീസ്, 7 റീജിയണൽ ഓഫീസുകൾ, കോർപ്പറേറ്റ് ബിസിനസ് ഓഫീസ്, 13 ജില്ലാതല ക്രെഡിറ്റ് പ്രോസസ്സിംഗ് സെന്ററുകൾ, 769 ബ്രാഞ്ചുകളുൾപ്പെടെ 2022 ഡിസംബർ

മാസം 26-ാം തീയതി മുതൽ ഏകീകൃത കോർ ബാങ്കിംഗ് സൊല്യൂഷനിലേയ്ക്ക് (Finacle 10x) മാറിയിട്ടുണ്ട്. ബാങ്കിന്റെ 769 ബ്രാഞ്ചുകൾക്കും IFSC, റിസർവ് ബാങ്ക് അനുവദിച്ചുനൽകിയിട്ടുണ്ട്. ഇതുമുഖാന്തരം RTGS/NEFT സംവിധാനങ്ങൾ കേരള ബാങ്കിൽ തടസ്സം കൂടാതെ ഉപയോഗിക്കുവാൻ കഴിയുന്നുണ്ട്.

(ബി) കോർബാങ്കിംഗ് പൂർത്തിയായപ്പോൾ ഒരു അക്കൗണ്ടുടമയ്ക്ക് രണ്ട് അക്കൗണ്ട് നമ്പർ ലഭിച്ചുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ രണ്ട് അക്കൗണ്ടുകളിൽ ഏത് അക്കൗണ്ട് ഉപയോഗിക്കണമെന്ന ആശങ്ക അക്കൗണ്ടുടമയ്ക്ക് ഉണ്ടാക്കാനിടയുള്ള സാഹചര്യത്തിൽ പ്രസ്തുത വിഷയം പരിഹരിക്കാൻ അടിയന്തരനടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരള ബാങ്കിൽ ഏകീകൃത സോഫ്റ്റ്‌വെയർ നിലവിൽ വന്നശേഷം എല്ലാ അക്കൗണ്ടുടമകൾക്കും പുതിയ അക്കൗണ്ട് നമ്പർ ലഭ്യമാക്കിയിട്ടുണ്ട്. ഇക്കാര്യം ശാഖകൾ മുഖാന്തരം ഇടപാടുകാരെ ബാങ്ക് അറിയിച്ചിട്ടുണ്ട്. ഇക്കാരണംകൊണ്ട് ഇടപാടുകാർക്ക് യാതൊരു ബുദ്ധിമുട്ടും നേരിടുന്നില്ല.

(ഡി) കേരള ബാങ്ക് എ.ടി.എം. കാർഡിന്റെ ഉപയോഗത്തിൽ അമിതമായ ഫീസീടാക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റെഗുലേറ്റർമാർ (റിസർവ് ബാങ്ക്/നബാർഡ്) നിഷ്കർഷിച്ചിട്ടുള്ള ഫീസ് മാത്രമാണ് എ.ടി.എം കാർഡുപയോഗത്തിൽ ഈടാക്കുന്നത്.

**കേരള ബാങ്ക്**

282(2632) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിലെ ആർ.ടി.ജി.എസ്., നെഫ്റ്റ് എന്നീ സംവിധാനങ്ങൾ ഫലപ്രദമായി നടപ്പിലാകുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേരള ബാങ്കിന്റെ ഹെഡ്ഡാഫീസ്, 7 റീജിയണൽ ഓഫീസുകൾ, കോർപ്പറേറ്റ് ബിസിനസ് ഓഫീസ്, 13 ജില്ലാതല ക്രെഡിറ്റ് പ്രോസസ്സിംഗ്

സെന്ററുകൾ, 769 ബ്രാഞ്ചുകളുൾപ്പെടെ 2022 ഡിസംബർ മാസം 26-ാം തീയതി മുതൽ ഏകീകൃത കോർ ബാങ്കിംഗ് സൊല്യൂഷനിലേയ്ക്ക് (Finacle 10x) മാറിയിട്ടുണ്ട്. ബാങ്കിന്റെ 769 ബ്രാഞ്ചുകൾക്കും IFSC റിസർവ് ബാങ്ക് അനുവദിച്ചുനൽകിയിട്ടുണ്ട്. ഇതുമുഖാന്തരം RTGS/NEFT സംവിധാനങ്ങൾ കേരള ബാങ്കിൽ തടസ്സം കൂടാതെ ഉപയോഗിക്കുവാൻ കഴിയുന്നുണ്ട്.

(ബി) കേരള ബാങ്കിലേയ്ക്ക് ലയിച്ച ജില്ലാ ബാങ്കുകളിൽ നിന്ന് ഓൺലൈനായി പണം ട്രാൻസ്ഫർ ചെയ്താൽ ബന്ധപ്പെട്ട അക്കൗണ്ടുടമകൾക്ക് ആയത് ലഭിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

CBS മൈഗ്രേഷൻ പൂർത്തീകരിക്കുന്നതിനുമുമ്പ് കേരള ബാങ്കിൽ മൊബൈൽ ബാങ്കിംഗ് സംവിധാനം സമ്പൂർണ്ണമായിരുന്നില്ല. ആ കാലയളവുകളിൽ ഓൺലൈനായി പണം ട്രാൻസ്ഫർ ചെയ്യുന്നതുമായി ബന്ധപ്പെട്ട് ചുരുക്കം അസൗകര്യങ്ങൾ ചില ഇടപാടുകാർക്കുണ്ടായിട്ടുണ്ട്. മൈഗ്രേഷൻ പൂർത്തീകരിച്ചതിനുശേഷം എല്ലാ ഇടപാടുകാർക്കും മൊബൈൽ ബാങ്കിംഗ് സേവനം RTGS/NEFT എന്നിവ പ്രദാനം ചെയ്യുവാൻ കേരള ബാങ്ക് പര്യാപ്തമായി കഴിഞ്ഞു.

(സി) സർക്കാരിന്റെ വിവിധ പദ്ധതിപ്രകാരം ധനസഹായം ലഭിക്കുന്നവർ, വിവിധ ആനുകൂല്യങ്ങളിലൂടെ ധനസഹായം ലഭിക്കുന്നവർ, മാസംതോറും അക്കൗണ്ടിൽ പണം എത്തേണ്ടവർ എന്നിവർക്കൊന്നും യഥാസമയം പണം ലഭിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേരള ബാങ്കിന്റെ CBS മൈഗ്രേഷനുമുമ്പ് ചില ജില്ലകളിലുണ്ടായിരുന്ന PFMS (Public Financial Management System) സംവിധാനത്തിന് ചുരുക്കം ചില തടസ്സങ്ങളുണ്ടാകുകയും അതുമൂലം സർക്കാരിന്റെ വിവിധ പദ്ധതിപ്രകാരം ധനസഹായം ലഭിക്കുന്നവർക്ക് തടസ്സങ്ങൾ നേരിടുകയും ചെയ്തിട്ടുണ്ട്. ആയത് ബാങ്ക് ഭാഗികമായി പരിഹരിച്ചിട്ടുണ്ട്. കേരള ബാങ്കിന്റെ ഏകീകൃത സോഫ്റ്റ്‌വെയറിലൂടെ PFMS സംവിധാനം ലൈവാകുന്നതിനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്. അത് പൂർത്തിയാകുന്നമുറയ്ക്ക് എല്ലാവിധ തടസ്സങ്ങളും പൂർണ്ണമായും പരിഹരിക്കാൻ സാധിക്കുന്നതാണ്.

(ഡി) കേരള ബാങ്ക് എ.ടി.എം.-കളിൽ മിനിമം ഇടപാടുകൾ അധികരിക്കുമ്പോൾ ഉയർന്ന യൂസർ ഫീസീടാക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത പരാതികൾ പരിഹരിക്കാൻ അടിയന്തരനടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(ഡി&ഇ) റെഗുലേറ്റർമാർ (റിസർവ് ബാങ്ക്/നബാർഡ്) നിഷ്കർഷിച്ചിട്ടുള്ള ഫീസ് മാത്രമാണ് എ.ടി.എം കാർഡുപയോഗത്തിൽ ഈടാക്കുന്നത്

## ജില്ല സഹകരണ ബാങ്കുകളുടെ ലയനം

283(2633) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ല സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് എന്ന രീതിയിൽ പ്രവർത്തിക്കുന്നതിന് റിസർവ് ബാങ്ക് അനുമതി നൽകിയത് സംബന്ധിച്ച രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ?

റിസർവ് ബാങ്കിന്റെ 03.10.2018-ലെ കത്തുപ്രകാരം കേരളത്തിലെ 14 ജില്ലാ സഹകരണ ബാങ്കുകളെ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡുമായി (കെ.എസ്.സി.ബി) ലയിപ്പിക്കുന്നതിന് "തത്വത്തിൽ" അനുമതി നൽകിയിരുന്നു. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിയമപരമായ നടപടികൾ പൂർത്തീകരിക്കുകയും റിസർവ് ബാങ്ക് നിർദ്ദേശിച്ച നിബന്ധനകളെല്ലാം പാലിക്കുകയും ചെയ്ത് നൽകിയ അന്തിമ അപേക്ഷ പരിഗണിച്ചാണ് ലയനത്തിന് അനുമതി നൽകിയിട്ടുള്ളത്.

(ബി) ബാങ്കുകളുടെ ലയനത്തിന് റിസർവ് ബാങ്ക് മുന്നോട്ടുവച്ച നിബന്ധനകൾ എന്തൊക്കെയായിരുന്നു; ഏതൊക്കെ നിബന്ധനകൾ പാലിച്ചതിന്റെ അടിസ്ഥാനത്തിലാണ് അനുമതി ലഭിച്ചതെന്ന് വ്യക്തമാക്കുമോ?

റിസർവ് ബാങ്കിന്റെ 03.10.2018-ലെ കത്തുപ്രകാരം കേരളത്തിലെ 14 ജില്ലാ സഹകരണ ബാങ്കുകളെ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡുമായി (കെ.എസ്.സി.ബി) ലയിപ്പിക്കുന്നതിന് "തത്വത്തിൽ" അനുമതി നൽകിയിരുന്നു. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

നിയമപരമായ നടപടികൾ പൂർത്തീകരിക്കുകയും റിസർവ് ബാങ്ക് നിർദ്ദേശിച്ച നിബന്ധനകളെല്ലാം പാലിക്കുകയും ചെയ്ത് നൽകിയ അന്തിമ അപേക്ഷ പരിഗണിച്ചാണ് ലയനത്തിന് അനുമതി നൽകിയിട്ടുള്ളത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കേരള ബാങ്ക് കൈവരിച്ച നേട്ടങ്ങൾ

284(2634) ശ്രീ. പി. നന്ദകുമാർ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലാ ബാങ്കുകൂടി കേരള ബാങ്കിൽ ലയിച്ചതോടെ സംസ്ഥാനത്ത് സ്വന്തം ബാങ്കെന്ന ലക്ഷ്യം പൂർത്തീകരിക്കാനായിട്ടുണ്ടോ; കേരള ബാങ്കിന്റെ മൂന്ന് വർഷത്തെ പ്രവർത്തന നേട്ടം വിലയിരുത്തിയിട്ടുണ്ടോ; ബാങ്ക് രൂപീകരണ സമയത്തുണ്ടായിരുന്ന അറ്റനഷ്ടവും നിഷ്ക്രിയ ആസ്തിയും എത്രയായിരുന്നുവെന്നും ആയതിന്റെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

മലപ്പുറം ജില്ലാ സഹകരണ ബാങ്കുകൂടി കേരള ബാങ്കിൽ ലയിച്ചതോടെ കേരളത്തിലെ ഹ്രസ്വകാല സഹകരണ വായ്പ മേഖല പൂർണ്ണമായും ദ്വിതല സംവിധാനത്തിലേയ്ക്ക് പരിവർത്തനം ചെയ്യപ്പെട്ടു. ഇതോടെ സംസ്ഥാനത്താകെ 823 ശാഖകളുള്ള രണ്ടാമത്തെ ബാങ്കായി മാറുന്നതിന് കേരള ബാങ്കിന് കഴിഞ്ഞിട്ടുണ്ട്.

സഹകരണ മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവച്ചതിന് നാഷണൽ ഫെഡറേഷൻ ഓഫ് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് (NASCOB) ഏർപ്പെടുത്തിയ അവാർഡിൽ ദേശീയതലത്തിൽ പ്രഥമസ്ഥാനമാണ് കേരള ബാങ്കിന് ലഭിച്ചത്. ജനാധിപത്യരീതിയിലുള്ള പ്രവർത്തനം, വിഭവസമാഹരണവും വികസനവും ബാങ്കിംഗ് സേവനങ്ങൾ പരമാവധി ഗുണഭോക്താക്കൾക്ക് എത്തിക്കുന്നതിൽ കൈവരിച്ച വിജയം, മികച്ച റിക്കവറി പ്രവർത്തനങ്ങൾ, കുടിശ്ശിക നിർമ്മാർജ്ജനം, സാമ്പത്തിക സാക്ഷരത രംഗത്തുണ്ടായ മുന്നേറ്റം, മാർഗ്ഗനിർദ്ദേശപാലനരീതി, മികച്ച ലാഭനേട്ടം തുടങ്ങി വിവിധ മേഖലയിലെ പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിലാണ് അവാർഡ് ലഭിച്ചത്. കേരള ബാങ്ക് നിലവിൽ വന്നതിനുശേഷം സമൂഹത്തിലെ എല്ലാ വിഭാഗക്കാർക്കും അനുയോജ്യമായ വിധത്തിൽ നിക്ഷേപ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

കേരള ബാങ്ക് രൂപീകരണത്തിനുശേഷം ബാങ്കിന്റെ നിക്ഷേപത്തിലും വായ്പയിലും മൂലധനത്തിലും വർദ്ധനയുണ്ടായിട്ടുണ്ട്. Concessional refinance മൂന്ന് മടങ്ങായി വർദ്ധിച്ചു. 2018-19-ൽ 2842.25 കോടി രൂപയായിരുന്നത് 2021-22-ൽ 8982.20 കോടി രൂപയായി വർദ്ധിച്ചു. വ്യക്തികൾക്കും സംഘങ്ങൾക്കും നൽകുന്ന വായ്പയുടെ പലിശയിൽ 1 ശതമാനം മുതൽ

4 ശതമാനം വരെ കുറവ് വരുത്തുവാൻ കഴിഞ്ഞു. മറ്റ് എല്ലാ സംസ്ഥാനങ്ങളിലും KCC വായ്പ 7 ശതമാനത്തിന് നൽകുമ്പോൾ കേരളത്തിൽ അത് 6 ശതമാനത്തിന് നൽകുവാൻ സാധിച്ചു. എല്ലാവിധ ജനവിഭാഗങ്ങൾക്കും സംഘങ്ങൾക്കുമായി 45-ഓളം വായ്പാപദ്ധതികൾ നടപ്പിലാക്കി.

31-03-2020-ൽ ആകെ നിക്ഷേപം 61037.59 കോടി രൂപയായിരുന്നത് 31-03-2022-ൽ 69907.12 കോടി രൂപയായി വർദ്ധിച്ചു. ബാങ്കിന്റെ ആകെ വായ്പ 31-03-2020-ൽ 40156.82 കോടി രൂപയായിരുന്നത് 31-03-2022-ൽ 40950.04 കോടി രൂപയായി വർദ്ധിച്ചു. ഓഹരി മൂലധനം 1652.09 കോടി രൂപയിൽ നിന്നും 2042.08 കോടി രൂപയായി വർദ്ധിച്ചു. മൂലധന പര്യാപ്തത 31-03-2020-ലെ 6.77 ശതമാനത്തിൽനിന്നും 31-03-2022-ൽ 10.01 ശതമാനമായി വർദ്ധിച്ചു.

എല്ലാ ആധുനിക ബാങ്കിംഗ് സംവിധാനങ്ങളും സഹകരണ മേഖലയിൽ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ കേരള ബാങ്കിന്റെ ഏകീകൃത CBS നായി ഇൻഫോസിസ് കമ്പനിയുടെ ലോകത്തിലെതന്നെ ഏറ്റവും മികച്ച CBS-ൽ ഒന്നായ Finacle 10X നടപ്പിലാക്കുന്നതിന് M/s Wipro-യെ ചുമതലപ്പെടുത്തുകയുണ്ടായി. സംസ്ഥാന സഹകരണ ബാങ്കിന്റേയും മുൻ

ജില്ലാ സഹകരണ ബാങ്കുകളുടേയും ഡാറ്റാ പൂർണ്ണമായും 26-12-2022-ൽ ഏകീകൃത CBS-ൽ മാറുകയുണ്ടായി. നിലവിൽ കേരള ബാങ്കിന്റെ എല്ലാശാഖകളും ഏകീകൃത CBS-ലാണ് പ്രവർത്തിക്കുന്നത്. CBS Interface മുഖേനയുള്ള അനുബന്ധ IT പ്രവർത്തനങ്ങൾ ഏതാനും മാസത്തിനകം പൂർണ്ണമായും സജ്ജമാകും. ഇതോടുകൂടി ബാങ്കിംഗ് മേഖലയിലെ എല്ലാ ആധുനിക സേവനങ്ങളും സഹകരണ മേഖലയിലെ ഇടപാടുകാർക്ക് ലഭ്യമാകും. ടി സേവനങ്ങൾക്കാവശ്യമായ വിവിധ റെഗുലേറ്ററി അനുമതികൾക്കായിട്ടുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

കേരള ബാങ്ക് രൂപീകരണ സമയത്ത് ബാങ്കിന്റെ സഞ്ചിത നഷ്ടം 1085.53 കോടി രൂപയായിരുന്നത് 31-03-2022-ൽ 637.03 കോടി രൂപയായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ബാങ്കിന്റെ നിഷ്ക്രിയ ആസ്തി 8833.53 കോടി രൂപയായിരുന്നത് 31-03-2022-ൽ 5466.60 കോടി രൂപയായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) ഏഷ്യയിലെ സഹകരണസംഘങ്ങളിൽ ഒന്നാംസ്ഥാനവും ധനകാര്യ സേവനമേഖലയിൽ ലോകത്ത് ഏഴാംസ്ഥാനവും കരസ്ഥമാക്കാൻ കേരളബാങ്കിന് കഴിഞ്ഞിട്ടുണ്ടോ;

അന്തർദേശീയ സഹകരണസഖ്യവും (ICA), European Research Institute on Co-operative and Social enterprises (EURICSE) തയ്യാറാക്കിയ World Co-operative Monitor റിപ്പോർട്ടുപ്രകാരം സഹകരണ മേഖലയിലെ ധനകാര്യ സേവനമേഖലയിൽ ലോകത്ത് 7-ാം സ്ഥാനവും ഏഷ്യയിൽ 1-ാം സ്ഥാനവും കരസ്ഥമാക്കാൻ കേരള ബാങ്കിന് കഴിഞ്ഞിട്ടുണ്ട്.

(സി) കാർഷിക മേഖലയ്ക്കും കാർഷിക അടിസ്ഥാനസൗകര്യ വികസനത്തിനും കേരള ബാങ്ക് നടത്തിയ ഇടപെടലുകൾ വിശദമാക്കാമോ?

കാർഷിക മേഖലയ്ക്കും കാർഷിക അടിസ്ഥാനസൗകര്യ വികസനത്തിനും കേരള ബാങ്ക് നടത്തിയ ഇടപെടലുകൾ ചുവടെ ചേർക്കുന്നു.

കാർഷികാവശ്യങ്ങൾക്കായി കേരള ബാങ്ക് മുഖേന കെ.ബി.കിസ്സാൻ മിത്ര വായ്പാപദ്ധതിയും, കെ.ബി.കിസ്സാൻ മിത്ര (above 3 lakhs) വായ്പാ പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

VFPCK യുടെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ചെറുകിട കർഷകർക്ക് 3 ലക്ഷം രൂപ വരെ വായ്പ നൽകുന്നതിനായി KB കിസാൻ മിത്ര (VFPCK) പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

നബാർഡ് പിന്തുണയ്ക്കുന്ന വാട്ടർഷെഡ് വാഡി പ്രോജക്ട് മേഖലയിലെ സുസ്ഥിര സാമ്പത്തിക പ്രവർത്തനങ്ങൾക്കും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും കാർഷിക വരുമാനം കൂട്ടുന്നതിനുമായി KB വാഡി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

സമൂഹത്തിലെ കർഷകരുടെ ഉന്നമനം, കാർഷികാഭിവൃദ്ധി, മൂല്യവർദ്ധിത ഉല്പാദനത്തിലൂടെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കൽ, സമ്പദ്ഘടനയുടെ വളർച്ച എന്നിവ ലക്ഷ്യമിട്ട് കാർഷിക ഉല്പാദന സംഘടനകൾക്ക് (FPO) നൽകുന്നതിനായി KB-FPO എന്ന പ്രത്യേക വായ്പാ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

സ്വർണ്ണപ്പണയത്തിന്മേൽ കിസ്സാൻ ക്രെഡിറ്റ് കാർഡ് പദ്ധതിയുടെ പരിധിയിൽ വരുന്ന കർഷകർക്ക് പരമാവധി 3 ലക്ഷം രൂപ വരെയും ഓവർഡ്രാഫ്റ്റ് രീതിയിൽ അനുവദിക്കുന്ന ഹ്രസ്വകാല വായ്പകളും ബാങ്കിൽ അനുവദിച്ചുവരുന്നു. കാർഷിക/കാർഷികാനുബന്ധ മേഖലയിലെ ഇടത്തരം/ദീർഘകാല വായ്പാ ആവശ്യങ്ങൾക്ക് നബാർഡ് ധനസഹായത്തോടെ KB ദീർഘകാല കാർഷിക വായ്പയും അനുവദിക്കുന്നുണ്ട്.

കാർഷിക മേഖലയിലെ അടിസ്ഥാനസൗകര്യ വികസനത്തിനായി അനുവദിക്കുന്ന വായ്പകൾക്ക് കേന്ദ്ര സർക്കാരിന്റെ അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് (AIF) മുഖേന 3 ശതമാനം പലിശയിളവ് ലഭിക്കുന്നു.

## സർഫാസി നിയമം

285(2635) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർഫാസി നിയമം സംബന്ധിച്ചുള്ള വിശദവിവരം നൽകുമോ?

സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസ്സെറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റീസ് ഇന്ററസ്റ്റ് ആക്ട് ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ നിയമമാണ്. വായ്പകളുടെ തിരിച്ചടവ് മുടങ്ങിയാൽ റിസർവ് ബാങ്കിന്റെ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന ബാങ്കുകൾക്ക് നേരിട്ട് ജപ്തി നടപടികൾ നടത്താനുള്ള അധികാരം നൽകുന്ന നിയമമാണിത്. സഹകരണ വകുപ്പിനുകീഴിൽ RBI ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന കേരള സംസ്ഥാന സഹകരണ ബാങ്ക്, 60 അർബൻ

സഹകരണ ബാങ്കുകൾ എന്നിവയാണ് സർഫാസി നിയമപ്രകാരം നടപടികൾ സ്വീകരിക്കുന്നത്.

(ബി) പ്രസ്തുത നിയമത്തിനെതിരെയുള്ള വിയോജിപ്പ് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

പ്രസ്തുത നിയമത്തിൽ ഭേദഗതി ആവശ്യപ്പെട്ട് കേരള നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കുകയും ആയതുപ്രകാരം ടി നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിലേയ്ക്ക് അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു. മേൽപറഞ്ഞ പ്രകാരം സർഫാസി നിയമത്തിൽ ഇളവുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടുവന്ന് അനുകൂല നടപടികൾ സ്വീകരിക്കുന്നതിനായി പാർലമെന്റ് സമ്മേളനത്തിന് മുന്നോടിയായുള്ള ബഹുമാനപ്പെട്ട എം.പി മാരുടെ യോഗത്തിൽ ഇക്കാര്യം ചർച്ച ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിരുന്നു.

(സി) പ്രസ്തുത നിയമം ഉപയോഗിച്ച് 2016 മുതൽ 2022 വരെ എത്ര വീടുകൾ ജപ്തി ചെയ്തു; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

പ്രസ്തുത നിയമപ്രകാരം 2016 മുതൽ 2022 വരെ സഹകരണ ബാങ്കുകൾ ആകെ 732 വീടുകൾ ജപ്തി ചെയ്തിട്ടുണ്ട്. ആയതിന്റ വിവരം ചുവടെ ചേർക്കുന്നു.

| 2016 മുതൽ 2022 വരെ വീടുകൾ ജപ്തിചെയ്തതിന്റെ വിവരം | | |
|---|---|---|
| ജില്ല | കേരള സംസ്ഥാന സഹകരണ ബാങ്ക് | മറ്റ് സഹകരണ ബാങ്കുകൾ |
| തിരുവനന്തപുരം | 37 | 57 |
| കൊല്ലം | 0 | 14 |
| പത്തനംതിട്ട | 28 | 10 |
| ആലപ്പുഴ | 0 | 13 |
| കോട്ടയം | 0 | 45 |
| ഇടുക്കി | 2 | 0 |
| എറണാകുളം | 0 | 141 |
| തൃശ്ശൂർ | 27 | 83 |
| പാലക്കാട് | 0 | 185 |
| മലപ്പുറം | 33 | 13 |
| കോഴിക്കോട് | 12 | 10 |
| വയനാട് | 0 | 0 |
| കണ്ണൂർ | 1 | 7 |
| കാസർഗോഡ് | 1 | 13 |
| ആകെ | 141 | 591 |

(ഡി) ഇനി എത്രപേർക്ക് ജപ്തി നോട്ടീസ് നൽകാനുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ നൽകാമോ?

5431 പേർക്ക് ജപ്തി നോട്ടീസ് നൽകാനുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു

| ജപ്തി നോട്ടീസ് നൽകാനുള്ളതിന്റെ വിവരം | | |
|---|---|---|
| ജില്ല | കേരള സംസ്ഥാന സഹകരണ ബാങ്ക് | മറ്റ് സഹകരണ ബാങ്കുകൾ |
| തിരുവനന്തപുരം | 212 | 64 |
| കൊല്ലം | 0 | 211 |
| പത്തനംതിട്ട | 54 | 63 |
| ആലപ്പുഴ | 72 | 7 |
| കോട്ടയം | 731 | 242 |
| ഇടുക്കി | 20 | 119 |
| എറണാകുളം | 262 | 514 |
| തൃശ്ശൂർ | 17 | 452 |
| പാലക്കാട് | 525 | 33 |
| മലപ്പുറം | 89 | 350 |
| കോഴിക്കോട് | 197 | 177 |
| വയനാട് | 0 | 132 |
| കണ്ണൂർ | 35 | 244 |
| കാസർഗോഡ് | 62 | 47 |
| ആകെ | 2276 | 2655 |

(ഇ) സർഫാസി നിയമത്തിന്റെ ദോഷഫലങ്ങളെ സംബന്ധിച്ച് സഹകാരികൾക്ക് സെമിനാർ/അവബോധ ക്ലാസുകൾ നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; വിശദമാക്കുമോ?

സർഫാസി നിയമത്തിന്റെ ദോഷഫലങ്ങളെ സംബന്ധിച്ച് സഹകാരികൾക്ക് സെമിനാർ/അവബോധ ക്ലാസുകൾ നൽകിയിട്ടില്ല.

## സാമൂഹ്യ ക്ഷേമ പെൻഷൻ വിതരണം ചെയ്യുന്ന ജീവനക്കാർക്കുള്ള ഇൻസെന്റീവ്

286(2636) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകൾ വഴി സാമൂഹ്യക്ഷേമ പെൻഷൻ വിതരണം ചെയ്തുവരുന്ന ജീവനക്കാർക്കുള്ള ഇൻസെന്റീവ് കുടിശ്ശികയായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി)അവർക്കുള്ള ഇൻസെന്റീവിൽ എന്തെങ്കിലും കുറവ് വരുത്തിയിട്ടുണ്ടോ;

(സി) മുൻകാല പ്രാബല്യത്തോടെ ഇൻസെന്റീവിൽ കുറവ് വരുത്തിയിട്ടുണ്ടെങ്കിൽ ആയത് പുന:പരിശോധിക്കുന്നതിനും കുറവ് ഒഴിവാക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(ബി&സി) ഉണ്ട്. 05-01-2023-ലെ സ.ഉ (കൈ) നം.3/2023/Fin നമ്പർ ഉത്തരവുപ്രകാരം നിലവിലുണ്ടായിരുന്ന ഇൻസെന്റീവ് 50/- രൂപയിൽ നിന്നും 30/- രൂപയായി കുറയ്ക്കുകയും ആയതുപ്രകാരം 25/- രൂപ ഏജന്റുമാർക്കും 5/- രൂപ സഹകരണ സംഘങ്ങൾക്കും ലഭിക്കുന്നതാണെന്നും ടി നിരക്ക് 2021 നവംബർ മുതൽ കുടിശ്ശികയായിട്ടുള്ള ഇൻസെന്റീവിന് ബാധകമാണെന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇൻസെന്റീവിൽ കുറവ് വരുത്തിയത് പുന: പരിശോധിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിൽ അംഗത്വം**

287(2637) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര സഹകരണ ബാങ്ക്/സംഘങ്ങളിൽ അഡ്മിനിസ്ട്രേറ്റീവ് ഭരണമേർപ്പെടുത്തിയിട്ടുണ്ട്; ഓരോ സംഘത്തിലും അഡ്മിനിസ്ട്രേറ്റീവ് ഭരണമേർപ്പെടുത്തിയ കാലയളവും ഈ കാലയളവിൽ നൽകിയ അംഗത്വത്തിന്റെ എണ്ണവും വ്യക്തമാക്കുമോ?

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ (2016 മുതൽ 2023 വരെ) സംസ്ഥാനത്ത് ഒട്ടനവധി സഹകരണ ബാങ്കുകൾ/സംഘങ്ങളിൽ ഈ കാലയളവിൽ പല തവണകളിലായും അഡ്മിനിസ്ട്രേറ്റീവ് ഭരണം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സംഘങ്ങളിൽ അംഗത്വം നൽകുന്നത് സംഘം ഭരണസമിതിയാണ്.

(ബി) അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിൽ അംഗത്വം നൽകുന്നവർക്ക് സംഘത്തിൽനിന്നും ഏതൊക്കെ രീതിയിലുള്ള ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതിനാണ് നിയമപരമായി അവകാശമുള്ളത്; വ്യക്തമാക്കുമോ?

സംഘത്തിൽനിന്നും വായ്പകളെടുക്കാവുന്നതും നിക്ഷേപങ്ങൾ നടത്താവുന്നതും മറ്റ് സേവനങ്ങൾ ഉപയോഗപ്പെടുത്താവുന്നതുമാണ്.

(സി) പ്രസ്തുത അംഗങ്ങളുടെ മെമ്പർഷിപ്പിന് പിന്നീട് വരുന്ന ഭരണസമിതിയുടെ അംഗീകാരം ആവശ്യമാണോ; ഇപ്രകാരം മെമ്പർഷിപ്പ് അംഗീകരിക്കുന്നതിനുള്ള നടപടിക്രമമെന്താണ്; വ്യക്തമാക്കുമോ?

അഡ്മിനിസ്ട്രേറ്റീവ് ഭരണകാലയളവിൽ അംഗത്വം നൽകുന്നവർക്ക് പിന്നീട് വരുന്ന ഭരണസമിതി പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് അംഗത്വ അപേക്ഷ സഹകരണനിയമത്തിനും ചട്ടങ്ങൾക്കും സംഘം നിയമാവലിക്കും

വിധേയമാണോയെന്ന് പരിശോധിച്ച് അംഗീകാരം നൽകിയതായി തീരുമാനമെടുത്താൽ ഒരു അംഗത്തിനുള്ള എല്ലാ അധികാരാവകാശങ്ങളും ഇത്തരം അംഗങ്ങൾക്ക് കൈവരുന്നതാണ്.

(ഡി) മെമ്പർഷിപ്പുകൾ പുതിയ ഭരണസമിതി അംഗീകരിക്കാത്തപക്ഷം അവർ കൈപ്പറ്റിയ ആനുകൂല്യങ്ങൾ തിരികെ പിടിക്കുന്നതിന് വ്യവസ്ഥയുണ്ടോ; വിശദാംശം നൽകുമോ?

ആനുകൂല്യങ്ങൾ തിരികെ പിടിക്കുന്നതിന് സഹകരണ നിയമത്തിൽ വ്യവസ്ഥയില്ല.

**മെമ്പർ റിലീഫ് ഫണ്ടിനുള്ള അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി**

288(2638) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് താലൂക്കിലെ ചേരാനല്ലൂർ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നമ്പർ 2417-ൽ നിന്നും മെമ്പർ റിലീഫ് ഫണ്ടിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഈ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉണ്ട്. 17-02-2023-ൽ ചേർന്ന ഹൈലെവൽ കമ്മിറ്റി ടി അപേക്ഷകളിൽ അർഹതാ മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ള അപേക്ഷകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) മെമ്പർ റിലീഫ് ഫണ്ടിലുൾപ്പെട്ടിട്ടില്ലെങ്കിൽ മേൽപ്പറഞ്ഞ സൊസൈറ്റിയെക്കൂടി ഉൾപ്പെടുത്താൻ കഴിയുമോ; വിശദമാക്കാമോ?

ചേരാനല്ലൂർ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നം.2417 മെമ്പർ റിലീഫ് പദ്ധതിയിലുൾപ്പെട്ടിട്ടുണ്ട്.

## കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പ്

289(2639) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പിനിരയായവർക്ക് നിക്ഷേപ തുക തിരിച്ചുനൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇതിനായി തുക സമാഹരിച്ചത് ഏതുരീതിയിലാണെന്ന് വിശദമാക്കുമോ?

കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ നടന്ന ക്രമക്കേടുകളെത്തുടർന്ന് പണം നിക്ഷേപിച്ചവർക്ക് ബാങ്കിൽ

നടപ്പാക്കിവരുന്ന പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായി 31-08-2022 വരെ കാലാവധി പൂർത്തിയായ നിക്ഷേപങ്ങളുടെ മുതലിന്റെ 10 ശതമാനവും പലിശയുടെ 50 ശതമാനവും പണമായി തിരികെ നൽകിവരുന്നു. ബാക്കി തുക നിക്ഷേപകരുടെ അനുമതിയോടെ പുതുക്കി നൽകിവരികയും ആയതിന്റെ പലിശ 3 മാസം കൂടുമ്പോൾ നിക്ഷേപകർക്ക് നൽകിവരികയും ചെയ്യുന്നു. സംഘം വായ്പ നൽകിയ തുക ഊർജ്ജിതമായ പ്രവർത്തനങ്ങളിലൂടെ തിരികെ ഈടാക്കിയും കേരള ബാങ്കിൽ സംഘം നിക്ഷേപിച്ചിരുന്ന റിസർവ് ഫണ്ടിൽ നിന്നുള്ള 2 കോടി രൂപയുമുപയോഗിച്ചാണ് തുക നൽകിവരുന്നത്.

(ബി) നാളിതുവരെ എത്ര നിക്ഷേപകർക്ക് മുഴുവൻ തുകയും തിരിച്ചുനൽകിയെന്നും മുഴുവൻ തുകയും തിരികെ ലഭിക്കാത്ത എത്രപേർ നിലവിലുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. 112-ൽ പണം നിക്ഷേപിച്ചവർക്ക് മുഴുവൻ തുകയും ഒന്നിച്ച് തിരികെ നൽകാനുള്ള സാമ്പത്തിക സ്ഥിതി നിലവിൽ ബാങ്കിലില്ലാത്തതിനാൽ ഇതുവരെ ആർക്കും മുഴുവൻ തുകയും തിരികെ നൽകുവാൻ കഴിഞ്ഞിട്ടില്ല. ഇതുവരെ 3980 പേരുടെ 12489 അക്കൗണ്ടുകളിലായി 52.69 കോടി രൂപയുടെ നിക്ഷേപം പുതുക്കി

നൽകുകയും ഇവർക്ക് 15.60 കോടി രൂപ പാക്കേജിന്റെ ഭാഗമായി പണമായി തിരികെ നൽകുകയും ചെയ്തിട്ടുണ്ട്. കാലാവധി പൂർത്തിയായ 24098 അക്കൗണ്ടുകളിലായി 93.05 കോടി രൂപ പുതുക്കുവാനായി ബാക്കിനിൽപ്പുണ്ട്. 25224 അക്കൗണ്ടുകളിലായി 282.61 കോടി രൂപ ബാങ്കിൽ നിക്ഷേപമായി ബാക്കിനിൽപ്പുണ്ട്.

## മയ്യനാട് സർവീസ് സഹകരണ ബാങ്കിലെ നിക്ഷേപ തട്ടിപ്പിന്മേലുള്ള അന്വേഷണം

290(2640) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മയ്യനാട് സർവീസ് സഹകരണ ബാങ്കിലെ നിക്ഷേപ തട്ടിപ്പ് സംബന്ധിച്ച് സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിയ അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

മയ്യനാട് സർവീസ് സഹകരണ ബാങ്കിൽ നിലവിലുള്ള ജീവനക്കാരും മുൻജീവനക്കാരും കഴിഞ്ഞ പത്തുവർഷങ്ങളിൽ ബാങ്കിൽ നടത്തിയ സാമ്പത്തിക ഇടപാടുകളായ വായ്പ, ജി.ഡി.സി.എസ്, അഡ്വാൻസുകൾ തുടങ്ങിയവ സംബന്ധിച്ചും ബാങ്കിൽ നിലവിലുള്ള ജീവനക്കാർക്കും

മുൻജീവനക്കാർക്കും കഴിഞ്ഞ പത്തുവർഷങ്ങളിൽ നൽകിയ ഉദ്യോഗക്കയറ്റങ്ങൾ സംബന്ധിച്ചും ബാങ്കിലെ നിലവിലുള്ള ജീവനക്കാരുടെ ബന്ധുക്കളും സ്വന്തക്കാരും കഴിഞ്ഞ പത്തുവർഷങ്ങളിൽ ബാങ്കിൽ നടത്തിയ സാമ്പത്തിക ഇടപാടുകളായ വായ്പ, ജി.ഡി.സി.എസ്, അഡ്വാൻസുകൾ തുടങ്ങിയവ സംബന്ധിച്ചും കേരള സഹകരണ സംഘം നിയമം വകുപ്പ് 66(1) പ്രകാരം പരിശോധന നടത്തിയിട്ടുള്ളതാണ്.

(ബി) അന്വേഷണത്തിലുള്ള കണ്ടെത്തലുകൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ?

മയ്യനാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2294-ൽ കേരള സഹകരണ നിയമം വകുപ്പ് 66(1) പ്രകാരം നടത്തിയ പരിശോധനയിൽ ദിവസവേതനാടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ജീവനക്കാരെ നിയമിച്ചിട്ടുള്ളതായും ബാങ്കിൽ നിലവിലുള്ള ജീവനക്കാർ, നിലവിലുള്ള ജീവനക്കാരുടെ ബന്ധുക്കൾ, സ്വന്തക്കാർ, മുൻ ജീവനക്കാർ, മുൻ ജീവനക്കാരുടെ ബന്ധുക്കൾ ,സ്വന്തക്കാർ, ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ എന്നിവർ വായ്പ, ജി.ഡി.സി.എസ്, അഡ്വാൻസുകൾ തുടങ്ങിയവയിൽ ക്രമവിരുദ്ധമായ സാമ്പത്തിക ഇടപാടുകൾ നടത്തിയിട്ടുള്ളതായും ജീവനക്കാർ,

ജീവനക്കാരുടെ ബന്ധുക്കൾ എന്നിവരുടെ ഭവനനിർമ്മാണ വായ്പ, ജീവനക്കാരുടെ വാഹന വായ്പ, സംഘത്തിലെ ജി.ഡി.സി.എസ് പ്രവർത്തനം, ജീവനക്കാരുടെ സ്ഥിരനിക്ഷേപം, കുടിശ്ശികനിവാരണം പദ്ധതിയുടെ കാലാവധിയിൽ അല്ലാതെ വായ്പകൾക്ക് ഇളവ് അനുവദിച്ചത്, എസ്.എൽ.എഫ് കാർഷിക വായ്പ പദ്ധതി, കെ.സി.സി വായ്പ പദ്ധതി, ബാങ്കിലെ നിലവിലുള്ള ജീവനക്കാർക്കും മുൻ ജീവനക്കാർക്കും നൽകിയ ഉദ്യോഗക്കയറ്റം എന്നിവയിൽ ക്രമക്കേട് നടന്നിട്ടുള്ളതായും ജാമ്യവസ്തുക്കൾക്ക് ക്രമപ്രകാരമല്ലാതെ ഭരണസമിതി അംഗങ്ങൾ അധിക പലിശ നിരക്കിൽ കമ്പോളവില നിശ്ചയിച്ച് വായ്പ നൽകിയിട്ടുള്ളതായും സംഘത്തിൽ കാലാകാലങ്ങളിൽ അധികാരത്തിലിരിക്കുന്ന ഭരണസമിതിയും സെക്രട്ടറിമാരും സംഘം ഫണ്ട് ദുർവിനിയോഗം ചെയ്ത് സംഘത്തിന് ഭീമമായ നഷ്ടം വരുത്തിയിട്ടുള്ളതായും കണ്ടെത്തിയിട്ടുണ്ട്.

(സി) പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

കേരള സഹകരണ നിയമം വകുപ്പ് 66(1) പ്രകാരമുള്ള പരിശോധന റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനം

291(2641) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തനക്ഷമമായ 425 പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനം ലക്ഷ്യമാക്കി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

സംസ്ഥാനത്ത് പ്രവർത്തനക്ഷമമായ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനം ലക്ഷ്യമാക്കി ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് ഒരു സംഘത്തിന് പ്രതിമാസം 10,000/- രൂപ നിരക്കിൽ ആദ്യത്തെ അഞ്ചുവർഷവും ടി അഞ്ചുവർഷക്കാലയളവിനുള്ളിൽ സംഘം ലാഭകരമാകുന്നപക്ഷം അത്തരം സംഘങ്ങൾക്ക് പ്രതിമാസം 15,000/- രൂപ നിരക്കിൽ തുടർന്നുള്ള മൂന്നുവർഷവും മാനേജീരിയൽ സബ്സിഡി അനുവദിച്ചുവരുന്നു.

2. സംഘം പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പ്രവർത്തനമൂലധനം ഗ്രാന്റായി പരമാവധി 5 ലക്ഷം രൂപ (സബ്സിഡിയിനത്തിൽ) അനുവദിച്ചുവരുന്നു.

3. സംഘങ്ങളുടെ ആഫീസ് കെട്ടിടം പുനരുദ്ധരിക്കുന്നതിന് കെട്ടിട പുനരുദ്ധാരണ ഗ്രാന്റായി 5 ലക്ഷം രൂപ (സബ്സിഡിയിനത്തിൽ) അനുവദിച്ചുവരുന്നു.

4. സംഘങ്ങൾക്ക് സർക്കാർ ഓഹരി മൂലധനമായി പരമാവധി 4 ലക്ഷം രൂപയും അനുവദിച്ചുവരുന്നു.

5. വിവിധ പ്രോജക്ടുകൾ നടപ്പിലാക്കി ടി സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് പുനരുദ്ധാരണ പദ്ധതി പ്രകാരം പരമാവധി 20 ലക്ഷം രൂപയും (ഓഹരി- 5 ലക്ഷം രൂപ; സബ്സിഡി- 15 ലക്ഷം രൂപ) അനുവദിച്ചുവരുന്നു.

6. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നതിന് സംഘങ്ങളിൽ കമ്പ്യൂട്ടർ

പരിശീലനകോഴ്സുകൾ ആരംഭിക്കുന്നതിന് 5 ലക്ഷം രൂപയും (ഓഹരി - 1,50,000/- രൂപ; സബ്സിഡി - 3,50,000/- രൂപ) അനുവദിച്ചുവരുന്നു.

7. നൂതന പദ്ധതികൾ നടപ്പിലാക്കി സംഘത്തിലെ കൂടുതൽ അംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് സ്പെഷ്യൽ റിവൈവൽ സ്കീം പ്രകാരവും 40 ലക്ഷം രൂപ (ഓഹരി-10 ലക്ഷം രൂപ; സബ്സിഡി -30 ലക്ഷം രൂപ) അനുവദിച്ചുവരുന്നു.

8. കൂടാതെ ടി സംഘങ്ങളെ ശരിയായരീതിയിൽ പ്രവർത്തിപ്പിച്ച് അവയെ ലാഭകരമാക്കിത്തീർക്കുകയെന്ന ലക്ഷ്യത്തോടെ ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് പരമാവധി 50 ലക്ഷം രൂപ (ഓഹരി-20 ലക്ഷം രൂപ; സബ്സിഡി-30 ലക്ഷം രൂപ) അനുവദിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

9. സംസ്ഥാനത്തെ പ്രവർത്തനക്ഷമമായ എല്ലാ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെയും സ്വയംപര്യാപ്തമായ നിലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളാക്കി മാറ്റുന്നതിനുള്ള സമഗ്ര പദ്ധതിയാണ് പുനർജ്ജനി. ടി പദ്ധതി പ്രകാരവും ഓഹരി സബ്സിഡി

ഇനങ്ങളിലായി 2022-2023 സാമ്പത്തികവർഷം മുതൽ ധനസഹായം അനുവദിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര സംഘങ്ങൾക്ക് എത്ര രൂപ വീതം ധനസഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

2022-2023 വർഷത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനും പുനരുദ്ധാരണത്തിനും പുനർജ്ജനി പദ്ധതിയുടെ നടത്തിപ്പിനുമായി ഓഹരിയിനത്തിൽ 240 ലക്ഷം രൂപയും സബ്സിഡി ഇനത്തിൽ 1160 ലക്ഷം രൂപയുമുൾപ്പെടെ ആകെ 1400 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിരുന്നു. ടി തുകയിൽ നിന്നും 124 സംഘങ്ങൾക്ക് ഓഹരിയിനത്തിൽ 1,47,98,887/- രൂപയും സബ്സിഡിയിനത്തിൽ 4,68,83,552/- രൂപയുമുൾപ്പെടെ ആകെ 6,16,82,439/- രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

2016-17 സാമ്പത്തികവർഷം മുതൽ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് വിവിധ പദ്ധതികൾക്കായി നൽകിയ വാർഷിക പദ്ധതി ധനസഹായത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | സംഘങ്ങളുടെ എണ്ണം | അനുവദിച്ച ധനസഹായം (തുക ലക്ഷത്തിൽ) |
|---|---|---|
| 2016-2017 | 319 | 702.97 |
| 2017-2018 | 175 | 404.95 |
| 2018-2019 | 243 | 964.42 |
| 2019-2020 | 113 | 296.10 |
| 2020-2021 | 252 | 999.60 |
| 2021-2022 | 120 | 423.44 |
| 2022-2023 | 124 | 616.82439 |

## കാലിക്കറ്റ് സർവകലാശാല കാമ്പസിലെ സഹകരണ സ്ഥാപനങ്ങൾ

292(2642) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവകലാശാല കാമ്പസിൽ സ്ഥിതിചെയ്യുന്ന സഹകരണ സ്ഥാപനങ്ങളുടെ (സംഘങ്ങൾ, സൊസൈറ്റികൾ എന്നിങ്ങനെ) വിശദാംശം ലഭ്യമാക്കാമോ?

കാലിക്കറ്റ് സർവ്വകലാശാല കാമ്പസിൽ സ്ഥിതി ചെയ്യുന്ന സഹകരണ സ്ഥാപനങ്ങളുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സഹകരണ സ്ഥാപനങ്ങളുടെ പേര് |
|---|---|
| 1 | കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്റ്റാഫ് കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റി ക്ലിപ്തം നമ്പർ എം. 266 |

| | |
|---|---|
| 2 | കാലിക്കറ്റ് യൂണിവേഴ്സിറ്റി എംപ്ലോയീസ് വെൽഫയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ എം. 453 |
| 3 | കാലിക്കറ്റ് യൂണിവേഴ്സിറ്റി പെൻഷനേഴ്സ് വെൽഫയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ എം. 632 |
| 4 | കാലിക്കറ്റ് യൂണിവേഴ്സിറ്റി കോ-ഓപ്പറേറ്റീവ് സ്റ്റോർ ക്ലിപ്തം നമ്പർ എം. 24. |
| 5 | കാലിക്കറ്റ് യൂണിവേഴ്സിറ്റി വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 399 |
| 6 | കാലിക്കറ്റ് യൂണിവേഴ്സിറ്റി വുമൺസ് വെൽഫയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ എം. 860 |
| 7 | കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോർ ക്ലിപ്തം നമ്പർ. 4347 |
| 8 | കാലിക്കറ്റ് യൂണിവേഴ്സിറ്റി എംപ്ലോയീസ് ഹൗസിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 284 |

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡംഗങ്ങളുൾപ്പെടെ ഭരണസമിതി അംഗങ്ങളുടെയും ഭാരവാഹികളുടെയും ഔദ്യോഗിക മേൽവിലാസമുൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കാമോ; അവരിൽ എത്ര സർവകലാശാല ജീവനക്കാരുണ്ടെന്നും എത്ര പെൻഷൻകാരുണ്ടെന്നും വിശദമാക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) പ്രസ്തുത സ്ഥാപനങ്ങളിൽനിന്നും സർവകലാശാലയ്ക്ക് നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന പാട്ടത്തുക, വാടക എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർവകലാശാലയ്ക്ക് നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന പാട്ടത്തുക, വാടക എന്നിവയുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോർ സ്ഥിതി ചെയ്യുന്ന സ്ഥലം കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽനിന്നും 40 വർഷത്തേയ്ക്ക് ലീസിനെടുത്തതാണ്. ഓരോവർഷവും 8000/- രൂപ കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് ലീസ് തുകയായി നൽകുന്നുണ്ട്. കാലിക്കറ്റ് യൂണിവേഴ്സിറ്റി എംപ്ലോയീസ് ഹൗസിംഗ് സഹകരണ സംഘം സ്ഥിതി ചെയ്യുന്ന സ്ഥലം കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽനിന്നും 30 വർഷത്തേക്ക് ലീസിനെടുത്തതാണ്. ഓരോവർഷവും 40,000/- രൂപയും GST 7200/- രൂപയും കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് ലീസ് തുകയായി നൽകുന്നുണ്ട്.

(ഡി) പ്രസ്തുത സഹകരണ സ്ഥാപനങ്ങളുടെ കീഴിൽ സർവകലാശാല കാമ്പസിൽ നിലവിലുള്ള ധനകാര്യസ്ഥാപനങ്ങളുടെയും സഹകരണ സ്റ്റോറുകളുടെയും മറ്റ് സംവിധാനങ്ങളുടെയും വിശദാംശം ലഭ്യമാക്കാമോ?

1) കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്റ്റാഫ് കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റി ക്ലിപ്തം നമ്പർ എം. 266-ന് സ്വന്തമായി ഒരു സഹകരണ കൺസ്യൂമർ സ്റ്റോർ പ്രവർത്തിക്കുന്നുണ്ട്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2) കാലിക്കറ്റ് യൂണിവേഴ്സിറ്റി കോ-ഓപ്പറേറ്റീവ് സ്റ്റോർ ക്ലിപ്തം നമ്പർ എം. 24-ന് യൂണിവേഴ്സിറ്റി പരീക്ഷാഭവനിൽ സ്നാക്സ് ബാർ പ്രവർത്തിക്കുന്നുണ്ട്. കോഫി ഹൗസ്, മറ്റ് വ്യാപാര സ്ഥാപനങ്ങൾ എന്നിവയും പ്രവർത്തിക്കുന്നുണ്ട്.

3) കാലിക്കറ്റ് യൂണിവേഴ്സിറ്റി വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 399-ന് ടെയിലറിംഗ് യൂണിറ്റ്, ഫോട്ടോ കോപ്പിയർ യൂണിറ്റ്, സ്നാക്സ് ബാർ എന്നിവ പ്രവർത്തിക്കുന്നുണ്ട്.

4) കാലിക്കറ്റ് യൂണിവേഴ്സിറ്റി എംപ്ലോയീസ് വെൽഫയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ എം. 453-ന്, യൂണിവേഴ്സിറ്റി പരീക്ഷാ ഭവനിൽ സ്നാക്സ് ബാർ പ്രവർത്തിക്കുന്നുണ്ട്.

5) കാലിക്കറ്റ് യൂണിവേഴ്സിറ്റി എംപ്ലോയീസ് ഹൗസിംഗ് സഹകരണ സംഘത്തിന്റെ അനുബന്ധസ്ഥാപനമായി റബ്കോ ഉല്പന്നങ്ങളുടെ സെയിൽസ് കൗണ്ടറും പ്രവർത്തിക്കുന്നുണ്ട്.

## ഗ്രൂപ്പ് ആഡിറ്റിംഗ് സംവിധാനം

293(2643) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ സംഘങ്ങളിൽ നടത്തുന്ന ആഡിറ്റിംഗ് സംവിധാനത്തിലെ നിലവിലെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി ഗ്രൂപ്പ് ആഡിറ്റിംഗ് സംവിധാനം എല്ലാജില്ലകളിലും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ടീം ആഡിറ്റ് സംവിധാനം എല്ലാജില്ലകളിലും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രാരംഭഘട്ടത്തിൽ പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ ടീം ആഡിറ്റ് സംവിധാനം പൈലറ്റടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു. ഇതിന്റെ സാങ്കേതികവശങ്ങളേയും പ്രായോഗികതയേയും കുറിച്ച് വിശദമായി വിശകലനം ചെയ്തതിനുശേഷം എല്ലാ ജില്ലകളിലും ടീം ആഡിറ്റ് സംവിധാനം നടപ്പിൽ വരുത്തുന്ന കാര്യം പരിഗണനയിലാണ്.

## സഹകരണ സ്ഥാപനങ്ങളുടെ ഇൻഷ്വറൻസ് സംബന്ധമായ പ്രവർത്തനങ്ങൾ

294(2644) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങൾ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന മാത്രമേ ഇൻഷ്വറൻസ് സംബന്ധമായ പ്രവർത്തനങ്ങൾ

നടത്താവൂയെന്ന് ഏതെങ്കിലും പ്രത്യേക ഉത്തരവ് വഴി നിഷ്ക്കർഷിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾ കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പുമുഖേന മാത്രമേ ഇൻഷ്വറൻസ് സൗകര്യം പ്രയോജനപ്പെടുത്താവൂയെന്ന് നിഷ്ക്കർഷിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്. അപ്രകാരം ഇൻഷ്വറൻസെടുക്കുന്ന സാഹചര്യത്തിൽ യുണൈറ്റഡ് ഇൻഡ്യ ഇൻഷ്വറൻസ് കമ്പനിക്കുവേണ്ടി സഹകരണ ഇൻഷ്വറൻസ് സൊസൈറ്റി ലിമിറ്റഡിന് സേവനം ഉപയോഗപ്പെടുത്താവുന്നതാണെന്ന് നിർദ്ദേശിച്ച് സഹകരണ സംഘം രജിസ്ട്രാർ സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സഹകരണ സ്ഥാപനങ്ങളുടെ ഇൻഷ്വറൻസ് സംബന്ധമായ പ്രവർത്തനങ്ങൾക്ക് ശ്രീമതി സി. ബി. ഗീത പ്രസിഡന്റായ കോ-ഓപ്പറേറ്റീവ് ഇൻഷ്വറൻസ് സൊസൈറ്റി ലിമിറ്റഡ് (നമ്പർ-4428)-നെ നോഡൽ ഏജൻസിയായി സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് നിയമിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ ഏക നോഡൽ ഏജൻസിയായ പ്രസ്തുത സൊസൈറ്റി മുഖേന മാത്രമേ സഹകരണ

സ്ഥാപനങ്ങൾ ഇൻഷ്വറൻസ് പ്രവൃത്തികൾ നടത്താവൂയെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

(ബി&സി) കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾ കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പുമുഖേന മാത്രമേ ഇൻഷ്വറൻസ് സൗകര്യം പ്രയോജനപ്പെടുത്താവൂയെന്ന് നിഷ്ക്കർഷിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്. അപ്രകാരം ഇൻഷ്വറൻസെടുക്കുന്ന സാഹചര്യത്തിൽ യുണൈറ്റഡ് ഇൻഡ്യ ഇൻഷ്വറൻസ് കമ്പനിക്കുവേണ്ടി സഹകരണ ഇൻഷ്വറൻസ് സൊസൈറ്റി ലിമിറ്റഡിന് സേവനം ഉപയോഗപ്പെടുത്താവുന്നതാണെന്ന് നിർദ്ദേശിച്ച് സഹകരണ സംഘം രജിസ്ട്രാർ സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്.

**ബി.എസ്.എൻ.എൽ. എഞ്ചിനീയേഴ്സ് കോപ്പറേറ്റീവ് സൊസൈറ്റി**

295(2645) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>

<u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)ബി.എസ്.എൻ.എൽ. എഞ്ചിനീയേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി തട്ടിപ്പിൽ ആരോപണവിധേയരായ ഉദ്യോഗസ്ഥർ ആർബിട്രേഷൻ നടപടികൾ തുടങ്ങുന്നതിനുമുമ്പ് ആസ്തികൾ

വിൽക്കുന്നതിനായി സമൂഹമാധ്യമങ്ങളിൽ പരസ്യം നൽകിയത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകുമോ?

ബി.എസ്.എൻ.എൽ എഞ്ചിനീയേഴ്സ് സഹകരണ സംഘം തട്ടിപ്പിൽ ആരോപണവിധേയരായ സംഘം ഉദ്യോഗസ്ഥർ ആസ്തികൾ വിൽക്കുന്നതിനായി സമൂഹമാധ്യമങ്ങളിൽ പരസ്യം നൽകിയതായുള്ള ആരോപണം ഗൗരവത്തോടെ കണ്ടിട്ടുണ്ട്. ആയതുപ്രകാരം വകുപ്പ് ടിയാൻമാരുടെ സ്വത്തുക്കൾ ഉടൻ ജപ്തി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ആരോപണവിധേയരായവർ അനധികൃതമായി സമ്പാദിച്ച സ്വത്ത് കണ്ടുകെട്ടുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സാമ്പത്തികക്രമക്കേടുകൾ നടത്തിയതായി പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ള വ്യക്തികൾക്കെതിരെ ആർബിട്രേഷൻ കേസുകൾ ഫയൽ ചെയ്തിട്ടുള്ളതും ടിയാളുകളുടെ വസ്തുക്കൾ ഉടൻ ജപ്തി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) തട്ടിപ്പിനിരയായവർക്ക് അടിയന്തരമായി നിക്ഷേപം തിരിച്ച് നൽകുന്നതിനുള്ള നടപടികളാരംഭിക്കുമോ; വിശദാംശം നൽകുമോ?

ടി സംഘത്തിൽ സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണവും ക്രൈംബ്രാഞ്ച് അന്വേഷണവും കൂടാതെ ആർബിട്രേഷൻ നടപടികളും നടന്നുവരുന്നു. ആയവ പൂർത്തിയാകുന്നമുറയ്ക്ക് നിക്ഷേപം തിരികെ നൽകുന്ന നടപടിക്രമങ്ങൾ സ്വീകരിക്കുന്നതാണ്.

## പുതിയ സഹകരണ സംഘങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും

296(2646) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2022-2023 വരെ ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ എത്ര സഹകരണ സംഘങ്ങൾ അനുവദിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

2016-17 മുതൽ 2022-2023 വരെ ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ 2 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1. കോട്ടയം ജില്ലാ ഡ്രൈവിംഗ് സ്കൂൾ ഓണേഴ്സ് വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ. കെ. 1231, ചങ്ങനാശ്ശേരി. പി. ഒ.- രജിസ്റ്റർ ചെയ്ത തീയതി-02-08-2021, പ്രവർത്തന മേഖല-കോട്ടയം ജില്ലയിലെ നെടുംകുന്നം പഞ്ചായത്ത് ഒഴികെയുള്ള മുഴുവൻ പ്രദേശവും

2. റേഷൻ വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ.കെ. 1237, മാമ്മൂട് പി.ഒ.- രജിസ്റ്റർ ചെയ്ത തീയതി-13-10-2021, പ്രവർത്തന മേഖല - കോട്ടയം ജില്ലയിലെ രാമപുരം പഞ്ചായത്തിലെ അഞ്ചാം വാർഡ് ഒഴികെയുള്ള മുഴുവൻ പ്രദേശങ്ങളും

(ബി) പുതിയ സഹകരണ സംഘങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കുമോ?

കേരളത്തിൽ സഹകരണ വകുപ്പിനുകീഴിൽ പുതിയ സഹകരണ സംഘങ്ങൾ അനുവദിക്കുന്നത് കേരള സംസ്ഥാന സഹകരണ നിയമം 1969 -ന്റെ വകുപ്പ് 4 മുതൽ 8 വരേയും, ചട്ടം 3, 4 എന്നിവയ്ക്കനുസൃതമായുമാണ്.

**വയനാട് ജില്ലയിലെ യുവസഹകരണ സംഘങ്ങൾ**

297(2647) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ യുവസഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കുമോ; എങ്കിൽ എത്രയെണ്ണം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അവ ഏതൊക്കെ താലൂക്കുകളിലാണെന്നും വ്യക്തമാക്കുമോ?

വയനാട് ജില്ലയിൽ ഒരു യുവസഹകരണ സംഘം രജിസ്റ്റർ ചെയ്തിട്ടുണ്ട്. വയനാട് ഗോത്ര ട്രൈബൽ മൾട്ടിപർപ്പസ് യുവ സഹകരണ സംഘം ലിമിറ്റഡ് നമ്പർ ഡബ്ള്യൂ. 371, വൈത്തിരി താലൂക്കിലാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(ബി) ഇത്തരം യുവസഹകരണ സംഘങ്ങളിലൂടെ എന്തെല്ലാം കാര്യങ്ങൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കോഴി വളർത്തൽ, പച്ചക്കറി കൃഷി, തേനീച്ച വളർത്തൽ, കൂൺ കൃഷി, അലങ്കാര മത്സ്യ കൃഷി, ഓർക്കിഡ്, ആന്തൂറിയം കൃഷി, മൃഗ പരിപാലനത്തിനുള്ള കൂടുനിർമ്മാണം, ഇൻഡസ്ട്രിയൽ വർക്ക്, തയ്യൽ, ആശാരിപ്പണി, പാൽ, മാംസ മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണം, കലാ സംഘം ട്രെയിനിംഗ് സെന്ററുകൾ, ആദിവാസി വൈദ്യം, പരമ്പരാഗത ഭക്ഷ്യരീതി പ്രോത്സാഹിപ്പിക്കുക തുടങ്ങിയവ നടപ്പാക്കാനാണുദ്ദേശിക്കുന്നത്.

(സി) കൂടുതൽ യുവസഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കൂടുതൽ യുവസഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സഹകരണ ബാങ്കുകളിൽ നിന്നുള്ള വായ്പയ്ക്ക്**
**ഇളവ് അനുവദിക്കാൻ നടപടി**

298(2648) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ ബാങ്കുകളിൽനിന്നും വായ്പയെടുത്ത് യഥാസമയം തിരിച്ചടയ്ക്കാൻ കഴിയാത്തവർക്ക് അദാലത്ത് സംഘടിപ്പിച്ച് ഇളവ് നൽകുന്ന പദ്ധതി നിലവിലുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

സഹകരണ ബാങ്കുകളിൽനിന്നും വായ്പയെടുത്ത് യഥാസമയം തിരിച്ചടയ്ക്കാൻ കഴിയാത്തവർക്ക് അദാലത്ത് സംഘടിപ്പിച്ച് ഇളവ് നൽകുന്ന പദ്ധതിയായ നവകേരളീയം കുടിശ്ശിക നിവാരണം-ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നിലവിലുണ്ട്.

2023 ഫെബ്രുവരി 1 മുതൽ 2023 മാർച്ച് 31 വരെ ടി പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുമ്പോൾ പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കുന്നു. പലിശയിൽ പരമാവധി 50 ശതമാനം വരെ ഇളവ് നൽകുന്നു. വായ്പയുടെ സ്വഭാവം പരിഗണിക്കാതെ എല്ലാത്തരം വായ്പകൾക്കും സാധാരണ പലിശ നിരക്കിൽ പലിശ കണക്കാക്കുന്നു. വ്യവസ്ഥകൾക്കുവിധേയമായി അർഹരായവർക്ക് പലിശ പൂർണ്ണമായും ഒഴിവാക്കി നൽകുന്നു. അർഹരായവരുടെ വായ്പ പൂർണ്ണമായോ, ഭാഗികമായോ ഇളവ് നൽകുന്നു. സാധാരണക്കാരായ ഗുരുതര രോഗബാധിതർ, മരണപ്പെട്ടവർ, മാതാപിതാക്കൾ മരണപ്പെട്ടശേഷം മാതാപിതാക്കളുടെ ബാധ്യത തങ്ങളുടെ ബാധ്യതയായി നിലനിൽക്കുന്ന മക്കൾ തുടങ്ങിയ വിഭാഗത്തിലുള്ളവർക്ക് ഇളവുകൾ നൽകുന്നു. മൂന്നാം നൂറുദിന പരിപാടിയിലുൾപ്പെടുത്തി ARC കേസുകൾ, Sale-ൽ ഉൾപ്പെട്ട കേസുകൾ എന്നിവ സമയബന്ധിതമായി തീർക്കുന്നതിന് പദ്ധതി തയ്യാറാക്കുന്നതാണ്.

**സഹകരണ സംഘങ്ങളുടെ വിശദാംശം**

299(2649) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; അവയുടെ ജില്ല തിരിച്ചുള്ള എണ്ണം ലഭ്യമാക്കാമോ?

സഹകരണ വകുപ്പിനുകീഴിൽ സംസ്ഥാനത്ത് 13,682 സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു.+

(ബി) കാർഷിക മേഖലയ്ക്ക് ഊന്നൽ നൽകി പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ എത്രയെന്നും ലേബർ കോൺട്രാക്ട് സൊസൈറ്റികൾ എത്രയെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഓരോ ജില്ലയിലും പ്രവർത്തിക്കുന്ന കാർഷിക/ ലേബർ സംഘങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കുടിശ്ശിക നിവാരണത്തിനും നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിനും സ്വീകരിച്ച നടപടി

300(2650) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽ കുടിശ്ശികയും നിഷ്ക്രിയ ആസ്തികളും വർദ്ധിച്ചുവരുന്നതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ?

2018, 2019 കാലയളവിലെ പ്രളയം, കോവിഡ്- 19 മഹാമാരി, മലയോര മേഖലകളിൽ വന്യമൃഗശല്യം മൂലമുള്ള കൃഷിനാശം, കാർഷിക ഉല്പന്നങ്ങളുടെ വിലയിടിവ് എന്നിവയുൾപ്പെടെയുള്ള കാരണങ്ങളാൽ വായ്പക്കാരിൽ വരുമാനസാധ്യത കുറയ്ക്കുന്ന അവസ്ഥ സംജാതമായതും ഈട് വസ്തു മൂല്യനിർണ്ണയം നടത്തുന്നതിലെ അപാകത, തിരിച്ചടവ് ശേഷി കൃത്യമായി പരിഗണിക്കാതെ വായ്പകൾ നൽകുന്നത് എന്നീ കാരണങ്ങളാലും സഹകരണ സംഘങ്ങളിൽ കുടിശ്ശിക/നിഷ്ക്രിയ ആസ്തി വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഇത് സംബന്ധിച്ച സ്ഥിതിവിവര കണക്കുകൾ വിശദമാക്കാമോ?

31.12.2022- ലെ കണക്കുകൾപ്രകാരമുള്ള കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല / ബാങ്ക് | 31-12-2022- ലെ കുടിശ്ശിക (തുക കോടിയിൽ) |
|---|---|
| തിരുവനന്തപുരം | 1666.01 |
| കൊല്ലം | 2685.17 |
| പത്തനംതിട്ട | 900.62 |
| ആലപ്പുഴ | 1067.27 |
| കോട്ടയം | 2131.11 |
| ഇടുക്കി | 748.76 |
| എറണാകുളം | 3098.81 |
| തൃശ്ശൂർ | 5712.36 |
| പാലക്കാട് | 1726.46 |
| മലപ്പുറം | 1538.76 |
| കോഴിക്കോട് | 774.77 |
| വയനാട് | 359.10 |
| കണ്ണൂർ | 2640.38 |
| കാസർഗോഡ് | 1014.53 |
| കേരള ബാങ്ക് | 15435.60 |
| കാർഷിക സഹകരണ ബാങ്ക് | 2162.78 |
| ആകെ | 43662.49 |

(സി) കുടിശ്ശിക നിവാരണത്തിനും നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കുടിശ്ശിക നിവാരണത്തിനും, നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിനുമായി ആർബിട്രേഷൻ, എക്സിക്യൂഷൻ ഉൾപ്പെടെയുള്ള നിയമനടപടികൾ

സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ഇളവുകളോടെ കുടിശ്ശിക വായ്പാ കണക്ക് അവസാനിപ്പിക്കുന്നതിന് നവകേരളീയം കുടിശ്ശിക നിവാരണം- ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കാറുണ്ട്. 2021 ആഗസ്റ്റ് 16 മുതൽ 2022 സെപ്തംബർ 30 വരെ ടി പദ്ധതി നടപ്പിലാക്കിയിരുന്നു. 2023 ഫെബ്രുവരി 1 മുതൽ 2023 മാർച്ച് 31 വരെ ടി പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

കൂടാതെ കേരള ബാങ്ക് റിക്കവറി മാനേജ്മെന്റ് പോളിസി, കോംപ്രമൈസ് സെറ്റിൽമെന്റ് സ്കീം, സർഫാസി നിയമം എന്നിവ പ്രകാരവും കുടിശ്ശിക കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ബി.എസ്.എൻ.എൽ. എഞ്ചിനീയേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ആസ്തി ബാധ്യതകൾ

301(2651) <u>ശ്രീ . സണ്ണി ജോസഫ്:</u>
<u>ശ്രീ. പി. സി. വിഷ്ണുനാഥ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.എസ്.എൻ.എൽ. എഞ്ചിനീയേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ആസ്തി ബാധ്യതകൾ വ്യക്തമാക്കുമോ; പ്രസ്തുത സൊസൈറ്റി സ്ഥിരനിക്ഷേപങ്ങൾക്ക് മറ്റ് സഹകരണ സംഘങ്ങളും

ബാങ്കുകളും നൽകുന്നതിനേക്കാൾ ഉയർന്ന പലിശ നിരക്ക് നൽകിയിരുന്നോ; എങ്കിൽ പലിശ നിരക്ക് എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ?

ബി.എസ്.എൻ.എൽ. എഞ്ചിനീയേഴ്സ് സഹകരണ സംഘത്തിന്റെ 2019-20 വർഷത്തെ ആഡിറ്റ് റിപ്പോർട്ടുപ്രകാരം ബാങ്ക് നിക്ഷേപം 19,37,05,618/-രൂപയും, വായ്പ ബാക്കിനിൽപ് 20,41,77,379/-രൂപയും ഉൾപ്പെടെ 39,78,82,997/- രൂപയുടെ ആസ്തിയും, ഓഹരി മൂലധനം 22,72,900/- രൂപയും നിക്ഷേപ ബാക്കിനിൽപ്പ് 34,37,46,099/- രൂപയും ഉൾപ്പെടെ 34,60,18,999/- രൂപയുടെ ബാധ്യതയുമാണുള്ളത്.

സംഘത്തിൽ സ്ഥിരനിക്ഷേപങ്ങൾക്ക് സർക്കുലർ നിർദ്ദേശങ്ങളെ അധികരിച്ച് ഉയർന്ന പലിശ നൽകിയിരുന്നു. എഫ്.ഡി രജിസ്റ്ററുകളിലും സർട്ടിഫിക്കറ്റുകളിലും 7.25 ശതമാനം പലിശ കാണിച്ചിട്ട് 9.5 ശതമാനം വരെ നിക്ഷേപകർക്ക് നൽകിയിരിക്കുന്നതായി പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. സഹകരണ നിയമം, വകുപ്പ് 65 പ്രകാരം അന്വേഷണം പൂർത്തിയാകുന്നമുറയ്ക്ക് മാത്രമേ പലിശ നിരക്ക് സംബന്ധിച്ച് വ്യക്തത ഉറപ്പുവരുത്തുവാൻ സാധിക്കുകയുള്ളൂ.

(ബി) പ്രസ്തുത സൊസൈറ്റിയിൽ നിലവിലെ ഭരണസമിതി അംഗങ്ങൾക്കോ കുടുംബാംഗങ്ങൾക്കോ സ്ഥിരനിക്ഷേപമുണ്ടായിരുന്നോ;

എങ്കിൽ പ്രസ്തുത നിക്ഷേപം ഈ ഭരണസമിതിയുടെ കാലയളവിൽ എപ്പോഴെങ്കിലും പിൻവലിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഭരണസമിതിയംഗങ്ങളായ കെ.വി. പ്രദീപ് കുമാർ, പി.ആർ മൂർത്തി എന്നിവർക്ക് സ്ഥിരനിക്ഷേപമുണ്ടായിരുന്നു. ആയവ വിവിധ കാലയളവുകളിൽ പിൻവലിച്ചിട്ടുണ്ട്. വിവരങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

(സി) സൊസൈറ്റിയുടെ ആഡിറ്റ് ചുമതലയുണ്ടായിരുന്നത് ആർക്കാണ്; ഏതുവർഷം വരെ ആഡിറ്റ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്; പ്രസ്തുത ആഡിറ്റിൽ തട്ടിപ്പ് സംബന്ധിച്ച് എന്തെങ്കിലും കണ്ടെത്തലുകളുണ്ടായിരുന്നോ; അവസാന രണ്ടുവർഷത്തെ ആഡിറ്റ് റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

പ്രസ്തുത സൊസൈറ്റിയുടെ ആഡിറ്റ് ചുമതല സഹകരണ സംഘം ആഡിറ്റ് വിഭാഗത്തിനാണ്. ഈ സംഘം യൂണിറ്റ് ആഡിറ്റിലാണ് ഉൾപ്പെട്ടിട്ടുള്ളത്. 2019-2020 വർഷത്തെ ആഡിറ്റ് ചുമതല യൂണിറ്റ് ആഡിറ്ററായ ജൂനിയർ ആഡിറ്റർ ശ്രീമതി. രാജി എസ്.പി-ക്കാണ്. 2019-20 വർഷത്തെ ആഡിറ്റ് പൂർത്തീകരിച്ച് ആഡിറ്റ് സർട്ടിഫിക്കറ്റ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകിയിട്ടുണ്ട്. 2020-21 വർഷത്തെ ആഡിറ്റ് നടപടികൾ നടന്നുവരുന്നു. 2019-20 വർഷത്തെ ആഡിറ്റിൽ തട്ടിപ്പ് കണ്ടെത്തിയിട്ടില്ല. 2018-19, 2019-20 വർഷത്തെ ആഡിറ്റ് റിപ്പോർട്ടുകളുടെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

(ഡി) നിക്ഷേപകർക്ക് നിക്ഷേപം തിരികെ നൽകുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ടി സംഘത്തിൽ സഹകരണ നിയമം, വകുപ്പ് 65 പ്രകാരം അന്വേഷണവും ക്രൈംബ്രാഞ്ച് അന്വേഷണവും നടന്നുവരുന്നു. കൂടാതെ ആർബിട്രേഷൻ നടപടികളും നടന്നുവരുന്നു. ആയവ പൂർത്തിയാകുന്ന മുറയ്ക്ക് നിക്ഷേപം തിരികെ നൽകുന്ന നടപടിക്രമങ്ങൾ സ്വീകരിക്കുന്നതാണ്.

## ബി.എസ്.എൻ.എൽ. എഞ്ചിനീയർ സഹകരണസംഘ തട്ടിപ്പിന്മേൽ നടപടി

302(2652) ശ്രീ എം വിൻസെൻറ്:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:

ശ്രീമതി.ഉമ തോമസ്:

ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ബി.എസ്.എൻ.എൽ. എഞ്ചിനീയർ സഹകരണ സംഘത്തിൽ തട്ടിപ്പ് നടന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. സംഘത്തിൽ നടന്ന സാമ്പത്തിക തട്ടിപ്പ് സംബന്ധിച്ച് കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം നടന്നുവരുന്നു. കൂടാതെ ക്രൈംബ്രാഞ്ചിന്റെ സാമ്പത്തിക വിഭാഗവും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ബി) എങ്കിൽ എത്ര കോടി രൂപയുടെ തട്ടിപ്പ് നടന്നതായാണ് കണ്ടെത്തിയിട്ടുള്ളതെന്നും എത്ര നിക്ഷേപകർ വഞ്ചിതരായിട്ടുണ്ടെന്നും അറിയിക്കാമോ?

തട്ടിപ്പ് സംബന്ധിച്ച തുകയുടെ കൃത്യമായ കണക്ക് കണ്ടെത്തിയിട്ടില്ല. കേരള സഹകരണ നിയമം, വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം പൂർത്തിയാകുന്നമുറയ്ക്ക് മാത്രമേ കൃത്യമായ തുകയും എണ്ണവും അറിയാൻ കഴിയൂ. അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച ഇടക്കാല റിപ്പോർട്ടിൽ 146 കോടിയലധികം രൂപയുടെ സാമ്പത്തിക ക്രമക്കേട് നടന്നിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) സംഘത്തിലെ നിക്ഷേപകരുടെ പേരിൽ വ്യാജ വായ്പകൾ എടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; തട്ടിപ്പിന് ഉത്തരവാദികളായ ഭരണസമിതിക്കെതിരെയും ഉദ്യോഗസ്ഥർക്കെതിരെയും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

നിക്ഷേപകരുടെ പേരിൽ വ്യാജ വായ്പ എടുത്തിട്ടുള്ളതായി സംശയിക്കുന്നു. വകുപ്പുതല അന്വേഷണത്തിലൂടെ വ്യക്തത വരുത്തേണ്ടതുണ്ട്. സഹകരണ നിയമം, വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) സംഘത്തിൽ ഭൂരിപക്ഷവും 60 വയസ്സിൽ കൂടുതൽ പ്രായമുള്ള നിക്ഷേപകരാണെന്നത് പരിഗണിച്ച് നിക്ഷേപങ്ങൾ തിരികെ നൽകുന്നതിന് അടിയന്തര കർമ്മപദ്ധതി ആവിഷ്കരിക്കുമോ; വിശദമാക്കാമോ?

നിക്ഷേപം തിരികെ നൽകുന്നത് സംബന്ധിച്ച് വകുപ്പുതല അന്വേഷണത്തിനും ആർബിട്രേഷൻ നടപടികൾക്കും ശേഷമേ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. മറ്റ് കർമ്മപദ്ധതികൾ നിലവിൽ ആവിഷ്കരിച്ചിട്ടില്ല.

## കോമൺ സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി

303(2653) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളുടെ അക്കൗണ്ടിംഗ് സമ്പ്രദായം ഏകീകൃത രൂപത്തിലാക്കുന്നതിനായി കോമൺ സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ;

(ബി) ഈ സംവിധാനം കാലതാമസം കൂടാതെ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ കോമൺ സോഫ്റ്റ്‌വെയറുമായി ബന്ധപ്പെട്ട് ടെക്നിക്കൽ ബിഡ് ഓപ്പൺ ചെയ്തിട്ടുണ്ട്. ടെക്നിക്കൽ ബിഡ് നടപടികൾ പൂർത്തിയാക്കി ഫിനാൻഷ്യൽ ബിഡ് ഓപ്പൺ ചെയ്ത് നടപടിക്രമങ്ങൾ നിയമവ്യവസ്ഥകൾ പാലിച്ച് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിൽ അംഗത്വം ലഭിച്ചവർക്ക് വോട്ടവകാശം

304(2654) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ അഡ്മിനിസ്ട്രേറ്റീവ് ഭരണകാലയളവിൽ അംഗത്വം ലഭിക്കുന്നവർക്ക് വോട്ടിംഗ് അവകാശം നൽകാൻ നിലവിൽ വ്യവസ്ഥയുണ്ടോ; ഇപ്രകാരം വോട്ടവകാശം നൽകുന്നത് സഹകരണ സംഘങ്ങളെ ജനാധിപത്യ വിരുദ്ധമായി അട്ടിമറിക്കുന്നതിന് ദുരുപയോഗം ചെയ്യപ്പെടുമെന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഈ കാര്യത്തിൽ എന്ത് തിരുത്തൽ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

അഡ്മിനിസ്ട്രേറ്റീവ് ഭരണകാലയളവിൽ അംഗത്വം ലഭിച്ചവർക്ക് അഡ്മിനിസ്ട്രേറ്റീവ് ഭരണ കാലയളവിനുശേഷം ജനാധിപത്യ പ്രക്രിയയിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന ഭരണസമിതി നിലവിൽ വരുമ്പോൾ പ്രസ്തുത ഭരണ സമിതിയുടെ തീരുമാനപ്രകാരം അവരുടെ അംഗത്വം സാധൂകരിച്ച് വോട്ടവകാശം നൽകാൻ കഴിയുന്നതാണ്.

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര സഹകരണ ബാങ്ക്/സംഘങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ അഡ്മിനിസ്ട്രേറ്റീവ് ഭരണകാലയളവിൽ അംഗത്വം ലഭിച്ചവർക്ക് വോട്ടവകാശം നൽകിയിട്ടുണ്ടെന്നും ഓരോ സംഘത്തിലെയും

അഡ്മിനിസ്ട്രേറ്റീവ് ഭരണകാലാവധിയും ഈ കാലയളവിൽ നൽകിയ അംഗത്വത്തിന്റെ എണ്ണവും അവരിൽ നിന്നും വോട്ടവകാശം നൽകിയ അംഗങ്ങളുടെ എണ്ണവും സംഘത്തിലെ ആകെ അംഗങ്ങളുടെ എണ്ണവും വ്യക്തമാക്കുമോ?

സംഘങ്ങളിൽ അംഗത്വം നൽകുന്നത് സംഘം ഭരണസമിതിയാണ്. യോഗ്യത വിലയിരുത്തിയാണ് സംഘം അംഗത്വം അനുവദിക്കുന്നത്.

## ബി.എസ്.എൻ.എൽ. എഞ്ചിനീയേഴ്സ് സഹകരണ സംഘം നിക്ഷേപ തട്ടിപ്പ്

305(2655) ശ്രീ. അൻവർ സാദത്ത്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. സി ആർ മഹേഷ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.എസ്.എൻ.എൽ. എഞ്ചിനീയേഴ്സ് സഹകരണ സംഘത്തിൽ 250 കോടിയോളം രൂപയുടെ നിക്ഷേപ തട്ടിപ്പ് നടന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) പ്രസ്തുത സഹകരണ സംഘ തട്ടിപ്പിൽ അന്വേഷണം നടത്തുന്നുണ്ടോ; എങ്കിൽ അന്വേഷണത്തിന്റെ പുരോഗതി വിശദമാക്കാമോ?

(എ&ബി) ബി.എസ്.എൻ.എൽ എഞ്ചിനീയേഴ്സ് സഹകരണ സംഘത്തിൽ നിക്ഷേപ തട്ടിപ്പ് നടന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് ഗൗരവത്തോടെ കാണുന്നു. ടി സംഘത്തിൽ സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണവും ക്രൈംബ്രാഞ്ച് അന്വേഷണവും നടന്നുവരുന്നു. വകുപ്പ് 65 പ്രകാരമുള്ള അന്വേഷണ ഉദ്യോഗസ്ഥർ സമർപ്പിച്ച ഇടക്കാല റിപ്പോർട്ടിൽ 146 കോടിയിലധികം രൂപയുടെ ക്രമക്കേട് നടന്നിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തട്ടിപ്പ് നടത്തിയവർക്കെതിരെ ആർബിട്രേഷൻ കേസുകൾ ഫയൽ ചെയ്യുകയും ആയതിന്റെ ഭാഗമായി ടിയാളുകളുടെ വിവരങ്ങൾ ലഭ്യമായ വസ്തുക്കളിന്മേൽ ‘ Conditional Attachment' നടത്തിയിട്ടുമുണ്ട്.

(സി) തട്ടിപ്പിന്റെ ഭാഗമായി പണം നഷ്ടപ്പെട്ടവർക്ക് ആയത് തിരിച്ചുനൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ടി സംഘത്തിൽ വകുപ്പുതല അന്വേഷണവും ക്രൈംബ്രാഞ്ച് അന്വേഷണവും നടന്നുവരുന്നു. കൂടാതെ ആർബിട്രേഷൻ നടപടികളും നടന്നുവരുന്നു.ആയത് പൂർത്തീകരിക്കുന്നമുറയ്ക്ക് നിക്ഷേപം തിരികെ നൽകുന്ന നടപടിക്രമങ്ങൾ സ്വീകരിക്കുന്നതാണ്.

## ബി.എസ്.എൻ.എൽ. എഞ്ചിനീയേഴ്സ് സഹകരണ സംഘത്തിലെ തട്ടിപ്പ്

306(2656) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീമതി ഉമ തോമസ്:
ശ്രീ. ഐ .സി .ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.എസ്.എൻ.എൽ. എഞ്ചിനീയേഴ്സ് സഹകരണ സംഘത്തിൽ സഹകരണ വിഭാഗം പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ബി.എസ്.എൻ.എൽ എഞ്ചിനീയേഴ്സ് സഹകരണ സംഘത്തിൽ ഭരണവിഭാഗവും ആഡിറ്റ് വിഭാഗവും പരിശോധന നടത്തിയിട്ടുണ്ട്. തിരുവനന്തപുരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽ നിന്നും നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ 44,28,21,950/- രൂപയുടെ സാമ്പത്തിക ക്രമക്കേടുകൾ നടന്നിട്ടുള്ളതായി സംശയിച്ച് സമർപ്പിച്ചിരുന്ന പ്രാഥമിക റിപ്പോർട്ട് വഞ്ചിയൂർ പോലീസ് സ്റ്റേഷനിലും തിരുവനന്തപുരം സിറ്റി പോലീസ് കമ്മിഷണർക്കും സമർപ്പിച്ചിട്ടുള്ളതും ആയതിൻപ്രകാരം ക്രൈം നമ്പർ 1266/22 നമ്പരായി ക്രൈം രജിസ്റ്റർ ചെയ്ത് പോലീസ് അന്വേഷണം നടത്തിവരികയുമാണ്. കൂടാതെ ടി കുറ്റകൃത്യത്തിന്റെ വ്യാപ്തി

വളരെ കൂടുതലായതിനാൽ പ്രത്യേക സാമ്പത്തിക കുറ്റാന്വേഷണ വിഭാഗത്തിലേയ്ക്ക് കേസ് കൈമാറുകയും പ്രത്യേക ടീം രൂപീകരിച്ച് അന്വേഷണം നടന്നുവരികയും ചെയ്യുന്നു. നിലവിൽ ക്രൈം നമ്പർ 81/CB/TVM/2023 U/S 408, 409, 420, 477A & 34 IPC വകുപ്പുകൾപ്രകാരം ക്രൈംബ്രാഞ്ചിന്റെ സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം അന്വേഷണം നടത്തിവരികയും ചെയ്യുന്നു. കൂടാതെ സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം നടത്തിവരികയാണ്. അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച ഇടക്കാല റിപ്പോർട്ടിൽ 146 കോടിയിലധികം രൂപയുടെ സാമ്പത്തികക്രമക്കേട് നടന്നിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത സംഘത്തിൽ തട്ടിപ്പ് നടത്തിയ പ്രതികൾ വാങ്ങിയ അനധികൃത സ്വത്തുക്കൾ കണ്ടുകെട്ടാൻ സഹകരണ വകുപ്പ് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ നടപടിയുടെ പുരോഗതി വിശദമാക്കാമോ?

തട്ടിപ്പ് നടത്തിയവർക്കെതിരെ ആർബിട്രേഷൻ കേസുകൾ ഫയൽ ചെയ്യുകയും ആയതിന്റെ ഭാഗമായി ടിയാളുകളുടെ വിവരങ്ങൾ ലഭ്യമായ വസ്തുക്കളിന്മേൽ ‘ Conditional Attachment' നടത്തിയിട്ടുണ്ട്. ടിയാളുകളുടേയും ബന്ധുക്കളുടേയും കൂടുതൽ വസ്തുവകകൾ കണ്ടെത്തുന്നതിന് രജിസ്ട്രേഷൻ വകുപ്പിന്റെയും റവന്യൂ വകുപ്പിന്റെയും സഹായം തേടിയിട്ടുണ്ട്.

(സി) തട്ടിപ്പിന്റെ ഭാഗമായി പണം നഷ്ടപ്പെട്ടവർക്ക് പണം തിരിച്ചുനൽകാൻ കാര്യക്ഷമമായ ഇടപെടൽ നടത്തുമോയെന്ന് വ്യക്തമാക്കാമോ?

ടി സംഘത്തിൽ സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണവും ക്രൈംബ്രാഞ്ച് അന്വേഷണവും നടന്നുവരുന്നു. ആയവ പൂർത്തിയാകുന്നമുറയ്ക്ക് നിക്ഷേപം തിരികെ നൽകുന്ന നടപടിക്രമങ്ങൾ സ്വീകരിക്കുന്നതാണ്.

## കാസർഗോഡ് ജില്ലയിൽ പ്രവർത്തനമാരംഭിച്ച സഹകരണ സംഘങ്ങൾ

307(2657) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-നുശേഷം നാളിതുവരെ കാസർഗോഡ് ജില്ലയിൽ പുതുതായി രജിസ്ട്രേഷൻ ലഭിച്ച് പ്രവർത്തനമാരംഭിച്ച സഹകരണ സംഘങ്ങളുടെ പേര്, മേൽവിലാസം, ചീഫ് പ്രൊമോട്ടറുടെ പേര് എന്നിവ വിശദമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ

308(2658) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സുതാര്യമാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സുതാര്യമാക്കുന്നതിനും താഴെപറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. സംഘങ്ങളുടെ കരുതൽധനവും, അഗ്രിക്കൾച്ചറൽ ക്രെഡിറ്റ്, സ്റ്റെബിലൈസേഷൻ ഫണ്ട്, ഗവൺമെന്റ് സഹായം എന്നിവ ഉപയോഗിച്ച് സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായി സഹകരണ നിക്ഷേപ പ്രോത്സാഹന പുനരുദ്ധാരണനിധി പദ്ധതി നടപ്പിലാക്കുന്നതാണ്.

2. സഹകരണ വകുപ്പിന്റെകീഴിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘങ്ങളിലും അവയുടെ ശാഖകളിലും ഏകീകൃത

സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു.

3. സഹകരണ സംഘങ്ങളിൽ/ ബാങ്കുകളിൽ പ്രതിമാസ നിക്ഷേപ പദ്ധതികൾക്ക് ഒരു ഏകീകൃത അക്കൗണ്ടിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

4. സഹകരണ സംഘങ്ങളുടെ ആഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിലേയ്ക്കായി ടീം ആഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

5. സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ മികവുറ്റതാക്കാനും സഹകരണ നിയമത്തിൽ സഹകരണ വിജിലൻസ്, സഹകരണ ആഡിറ്റ് എന്നീ വിഷയങ്ങളിൽ കൂടുതൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനും സഹകരണ രംഗത്ത് ഉയർന്നുവരുന്ന ആശാസ്യകരമല്ലാത്ത പ്രവണതകൾ അവസാനിപ്പിക്കുന്നതിനും സംഘങ്ങളുടെ വളർച്ചയ്ക്കനുയോജ്യമായ രീതിയിലും സമഗ്ര നിയമഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

6. കാർഷിക അനുബന്ധ മേഖലകളുടെ മത്സരക്ഷമതയും പ്രവർത്തനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും കർഷകരുടെ ക്ഷേമത്തിന് ഊന്നൽ നൽകുന്നതിനും 2022-2023 സാമ്പത്തികവർഷം മുതൽ ഒരു പുതിയ സംരംഭമായ " സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി" ആരംഭിച്ചിരിക്കുന്നു. ടി പദ്ധതിക്കായി 2,250/- ലക്ഷം രൂപ നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയിട്ടുണ്ട്. കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും അതിന്റെ ഉന്നമനത്തിനുമായി സഹകരണമേഖലയുടെ പിന്തുണയോടെ കാർഷികോല്പന്നങ്ങളുടെ ഉല്പാദനം, സമാഹരണം (വീട്ടു പടിക്കൽ ശേഖരണം), സംഭരണം, മൂല്യവർദ്ധിത ഉല്പന്നമാക്കൽ, ചില്ലറ വില്പന എന്നിവയെ പരിപോഷിപ്പിച്ച് അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിൽ കാർഷിക വികസന മുന്നേറ്റമുണ്ടാക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

7. കേരള ബാങ്കിലെ എല്ലാ ബ്രാഞ്ചുകളുടെയും പ്രവർത്തനത്തെ കോർത്തിണക്കി സമ്പൂർണ്ണ സി.ബി.എസ് സിസ്റ്റം നടപ്പിലാക്കി. എല്ലാ

സേവനങ്ങളും ഓൺലൈനായി ഇടപാടുകാർക്ക് ലഭ്യമാക്കുന്ന പദ്ധതി ആവിഷ്കരിച്ചുവരുന്നു.

8. സഹകരണ മേഖലയിലെ തെരഞ്ഞെടുത്ത ഗുണമേന്മയുള്ള ഉല്പന്നങ്ങൾ, ഒറ്റ ബ്രാൻഡിനുകീഴിലാക്കി പൊതുട്രേഡ് മാർക്കോടെ ഇ-കോമേഴ്സ് പ്ലാറ്റ്ഫോമിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചുവരുന്നു.

9. സഹകരണ സംഘങ്ങളുടെ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വില്പന നടത്തുന്നതിനും അവരുടെ ബിസിനസ് പ്രൊമോട്ട് ചെയ്യുന്നതിനുമുള്ള വേദിയൊരുക്കുന്നതിനായി സഹകരണ എക്സ്പോ എല്ലാവർഷവും ഏറ്റെടുത്തുനടത്തുന്നു.

10. സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിട്ട് വിവിധ പദ്ധതികളിലുൾപ്പെടുത്തി സംഘങ്ങൾക്ക് സഹായ ധനം അനുവദിച്ചുവരുന്നു.

11. ചെറുകിട വഴിയോര കച്ചവടക്കാർ, ചെറു സംരംഭകർ എന്നിവർക്കായി വായ്പ നൽകുന്ന പദ്ധതി ആവിഷ്കരിച്ചുവരുന്നു.

12. വ്യക്തികൾക്ക് സൗരോർജ്ജമുപയോഗിച്ച് വൈദ്യുതി നിലയങ്ങളാരംഭിക്കുന്നതിനായി വായ്പകൾ നൽകുന്ന പദ്ധതി ആവിഷ്കരിച്ചുവരുന്നു.

13. തൊഴിൽ അന്വേഷകർക്കും നൈപുണ്യ വികസനത്തിൽ പരിശീലനം തേടുന്ന വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും സ്കിൽ ലോൺ അനുവദിക്കുന്ന പദ്ധതി ആവിഷ്കരിച്ചുവരുന്നു.

**സഹകരണ സംഘം ജീവനക്കാർക്ക് ഇൻസന്റീവ്**

309(2659) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷേമപെൻഷനുകൾ വിതരണം ചെയ്ത വകയിൽ സഹകരണ സംഘം ജീവനക്കാർക്ക് എത്ര മാസത്തെ ഇൻസെന്റീവ് നൽകാൻ ബാക്കിയുണ്ടെന്നും ആയത് എപ്പോൾ നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ , മറ്റ് വായ്പാ സംഘങ്ങൾ എന്നിവ മുഖേന 2021 നവംബർ മാസം മുതൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്തയിനത്തിൽ നൽകേണ്ട ഇൻസെന്റീവ് കുടിശ്ശികയായിട്ടുണ്ട് .

(ബി) കോവിഡ്കാല ധനസഹായതുകയായ 1000/- രൂപ വീടുകളിലെത്തിച്ച് നൽകിയ സഹകരണ സംഘം ജീവനക്കാർക്ക് ഇൻസെന്റീവ് നൽകാൻ ബാക്കിയുണ്ടോയെന്നും ഈ ഇൻസെന്റീവുകൾ എപ്പോൾ നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ഉണ്ട് . പരിശോധിച്ചുവരുന്നു .

(സി) സഹകരണ സംഘങ്ങൾക്കും പെൻഷൻ കൈകാര്യം ചെയ്യുന്ന ജീവനക്കാർക്കും ധനസഹായം വീടുകളിലെത്തിക്കുന്ന ജീവനക്കാർക്കും നിലവിൽ നൽകിവരുന്ന ഇൻസന്റീവ് തുകയായ 50 രൂപയെന്നത് 30 രൂപയാക്കി കുറക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) എങ്കിൽ ആയതിനുള്ള കാരണമെന്താണെന്നും ആയത് എന്ന് മുതൽ പ്രാബല്യത്തിൽ വരുമെന്നും നൽകാൻ ബാക്കിയുള്ള തുക എത്രയാണെന്നും കുടിശ്ശിക ഇൻസെന്റീവ് നൽകുന്നതിന് ഈ തീരുമാനം ബാധകമാണോയെന്നും വ്യക്തമാക്കാമോ?

(സി&ഡി) 05-01-2023-ലെ സ.ഉ (കൈ) നം. 3/2023/ധന ഉത്തരവുപ്രകാരം 2021 നവംബർ മാസം മുതൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, മറ്റ് വായ്പാസംഘങ്ങൾ എന്നിവയിലെ ജീവനക്കാർ മുഖേന സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്യുന്നതിനുള്ള ഇൻസെന്റീവ് 30/-രൂപയായി പരിഷ്കരിച്ചിട്ടുണ്ട്. ഇതിൽ 25/-രൂപ ഏജന്റിനും 5/-രൂപ സംഘത്തിനും ലഭിക്കുന്നതാണ്. ബന്ധപ്പെട്ടവരുമായി ചർച്ച നടത്തിയതിനുശേഷമാണ് ഇൻസെന്റീവ് പരിഷ്കരിക്കാൻ തീരുമാനിച്ചത്.

**നീതി മെഡിക്കൽ സ്റ്റോർ**

310(2660) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിൽ സഹകരണ സംഘങ്ങളുടെ കീഴിൽ നീതി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ; എങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഉണ്ട്.

1. കോഡൂർ സർവ്വീസ് സഹകരണ ബാങ്കിനുകീഴിൽ നൂറാടി പാലത്തിനു സമീപം നീതി മെഡിക്കൽസും നീതി ലാബും പ്രവർത്തിച്ചുവരുന്നു.

2. മൊറയൂർ സർവ്വീസ് സഹകരണ ബാങ്കിനുകീഴിൽ മൊറയൂരിൽ നീതി മെഡിക്കൽസ് പ്രവർത്തിച്ചുവരുന്നു.

(ബി) പാവപ്പെട്ട രോഗികൾക്ക് ഏറെ ഉപകരിക്കുന്ന നീതി മെഡിക്കൽ സ്റ്റോറുകൾ പ്രസ്തുത നിയോജകമണ്ഡലത്തിലെ മലപ്പുറം മുനിസിപ്പാലിറ്റിയിലും എല്ലാ പഞ്ചായത്തടിസ്ഥാനത്തിലും ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

സംഘങ്ങളിൽനിന്നും അപേക്ഷ ലഭിക്കുന്നമുറക്ക് നിയമാനുസൃത തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## കുട്ടനാട്ടിൽ കേപ്പിന്റെ വിദ്യാഭ്യാസ സ്ഥാപനമാരംഭിക്കാൻ നടപടി

311(2661) ശ്രീ. തോമസ്. കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ-വികസന മേഖലകളിൽ പിന്നാക്കം നിൽക്കുന്ന കുട്ടനാട്ടിൽ കേപ്പിന്റെ വിദ്യാഭ്യാസ സ്ഥാപനമാരംഭിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കുട്ടനാട്ടിൽ കേപ്പിന്റെ കീഴിയിൽ പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഗണനയിലില്ല.

(ബി) കുട്ടനാട് പോലെയുള്ള പിന്നാക്ക മേഖലകളിൽ സഹകരണ പ്രസ്ഥാനത്തിന്റെ കൂട്ടതൽ സംരംഭങ്ങൾ തുടങ്ങാൻ എന്തൊക്കെ നടപടികളുണ്ടാകുമെന്ന് വ്യക്തമാക്കുമോ?

പുതിയ സംരംഭങ്ങളാരംഭിക്കുന്നത് സംബന്ധിച്ച് പഠനം നടത്തുന്നതാണ്.

**സ്വകാര്യ പട്ടയഭൂമിയുടെ ക്രയവിക്രയം**

312(2662) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വനാതിർത്തിയോട് ചേർന്ന സ്വകാര്യ പട്ടയഭൂമി ക്രയവിക്രയം ചെയ്യുന്നതിന് വനം വകുപ്പിന്റെ നിരാക്ഷേപ പത്രം ഒഴിവാക്കി ഉത്തരവ്

പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

വനാതിർത്തിയോട് ചേർന്ന സ്വകാര്യ പട്ടയഭൂമി ക്രയവിക്രയം ചെയ്യുന്നതിന് വനം വകുപ്പിന്റെ നിരാക്ഷേപ പത്രം ഒഴിവാക്കി രജിസ്ട്രേഷൻ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ഇക്കാര്യം പരിഗണനയിലില്ല.

വനാതിർത്തിയോട് ചേർന്നുകിടക്കുന്ന സ്വകാര്യസ്ഥലങ്ങൾക്ക് വനം വകുപ്പിൽനിന്നും എൻ.ഒ.സി നൽകിയതിനുശേഷം മാത്രമേ വില്ലേജ് ഓഫീസർമാർ കൈവശസർട്ടിഫിക്കറ്റ് നൽകാവൂയെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകണമെന്ന് വനം വന്യജീവി (എ) വകുപ്പ് രജിസ്ട്രേഷൻ വകുപ്പിനെ അറിയിച്ചിട്ടുള്ളതും ഇതിന്റെ അടിസ്ഥാനത്തിൽ 27-07-2010-ലെ വി.ഇ 4/2970/2009 എന്ന സർക്കുലർ നമ്പർ 10/2010 പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുകൂടാതെ 24-03-2017-ലെ സർക്കാർ കത്ത് നമ്പർ എ 1/17/2017/വനം പ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് 21-10-2017-ൽ 9/2017 നമ്പർ സർക്കുലറിലൂടെ മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. മേൽപ്രകാരമുള്ള നിരാക്ഷേപ

പത്രമൊഴിവാക്കുന്നത് വനം വന്യജീവി സംരക്ഷണത്തിനെ ഹാനികരമായി ബാധിക്കുന്നതിനാൽ പരിഗണനയിലില്ലാത്തതാണ്.

**രജിസ്ട്രേഷൻ നിയമങ്ങൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ**

313(2663) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്ട്രേഷൻ നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് കേന്ദ്രനിയമമായ 1908 -ലെ രജിസ്ട്രേഷൻ നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് സമഗ്രമായൊരു വിലയിരുത്തൽ നടത്തിയിട്ടില്ല. എന്നാൽ, പൊതുജനങ്ങളിൽനിന്നും വകുപ്പിൽ ലഭിക്കുന്ന പരാതികൾ പരിശോധിച്ചതിൽ ചതി, വഞ്ചന എന്നിവയിലൂടെയോ നിലവിലുള്ള ഏതെങ്കിലും നിയമത്തിനെതിരായോ കളവായി നിർമ്മിച്ചതോ ആയ ഒരു ആധാരം രജിസ്റ്റർ ചെയ്തതായി പിന്നീട് കണ്ടെത്തിയാൽ (ആൾമാറാട്ടമൊഴികെ) അവയുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് നിലവിലെ

നിയമത്തിൽ വ്യവസ്ഥയില്ലെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ആധാര രജിസ്ട്രേഷന് ഹാജരാകുന്ന കക്ഷികളുടെ അനന്യത തെളിയിക്കുന്നതിന് ആധാറധിഷ്ഠിത ബയോമെട്രിക് ആതന്റിക്കേഷൻ നടപ്പാക്കാൻ രജിസ്ട്രേഷൻ ചട്ടങ്ങളിൽ ഭേദഗതി ആവശ്യമുള്ളതായി വിലയിരുത്തിയിട്ടുണ്ട്.

(ബി) എങ്കിൽ ഇതുസംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

ചതി, വഞ്ചന എന്നിവയിലൂടെയോ നിലവിലുള്ള ഏതെങ്കിലും നിയമത്തിനെതിരായോ കളവായി നിർമ്മിച്ചതോ ആയ ഒരു ആധാരം രജിസ്റ്റർ ചെയ്തതായി പിന്നീട് കണ്ടെത്തിയാൽ അവയുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് 1908 -ലെ രജിസ്ട്രേഷൻ ആക്റ്റിൽ ഭേദഗതി വരുത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്. ആധാര രജിസ്ട്രേഷന് രജിസ്റ്ററിംഗ് ഉദ്യോഗസ്ഥന് മുമ്പാകെ ഹാജരാകുന്ന കക്ഷികളുടെ അനന്യത തെളിയിക്കുന്നതിന് ആധാറധിഷ്ഠിത ബയോമെട്രിക് ആതന്റിക്കേഷൻ നടപ്പാക്കാൻ രജിസ്ട്രേഷൻ (കേരള) ചട്ടങ്ങളിൽ ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഏതെല്ലാം നിയമങ്ങൾക്കാണ് ഭേദഗതി ആവശ്യമുള്ളതെന്ന് അറിയിക്കാമോ?

1908 -ലെ രജിസ്ട്രേഷൻ ആക്ട്, 1958-ലെ രജിസ്ട്രേഷൻ (കേരള) ചട്ടങ്ങൾ എന്നിവയിലാണ് ഭേദഗതി ആവശ്യമായിട്ടുള്ളത്.

(ഡി) നിയമപരിഷ്കരണ നടപടികൾക്കായി ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ?

ഇല്ല.

**പയ്യന്നൂർ സബ്ബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം**

314(2664) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പയ്യന്നൂർ സബ്‌രജിസ്ട്രാർ ഓഫീസിന് സ്ഥലം കണ്ടെത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഉണ്ട്. പയ്യന്നൂർ സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുവാൻ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം പൂർത്തീകരിക്കാൻ നടപടി

315(2665)ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ കുഴൽമന്ദം സബ്‌രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണം പൂർത്തീകരിക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കാമോ?

(എ&ബി) ആലത്തൂർ നിയോജകമണ്ഡലത്തിലെ കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മാണം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തുകയും 17-09-2019-ൽ പുതിയ കെട്ടിടനിർമ്മാണം കൺസ്ട്രക്ഷൻ കോർപ്പറേഷൻ ആരംഭിക്കുകയുമുണ്ടായി. എന്നാൽ പുതിയ കെട്ടിട നിർമ്മാണത്തിനെതിരെ ശ്രീ. കെ. വി. വിജയകുമാരൻ എന്നവർ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ട്രൈബ്യൂണലിൽ Apl/658/19 നമ്പരായി ഫയൽ ചെയ്ത ഹർജിയുടെ അടിസ്ഥാനത്തിൽ ട്രൈബ്യൂണലിൽ നിന്നുമുള്ള ഉത്തരവുപ്രകാരം 03-10-2019-മുതൽ കെട്ടിടനിർമ്മാണം കൺസ്ട്രക്ഷൻ കോർപ്പറേഷൻ താല്ക്കാലികമായി നിർത്തിവയ്ക്കുകയുമുണ്ടായി. പ്രസ്തുത കേസിൽ വിശദമായ സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതും ഗവൺമെന്റ് പ്ലീഡറുമായി ബന്ധപ്പെട്ട് നടപടികൾ ത്വരിതപ്പെടുത്തിവരികയും ചെയ്യുന്നു. കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കേസിന്റെ സ്റ്റേ നീക്കികിട്ടുന്നമുറയ്ക്ക് കെട്ടിടനിർമ്മാണം പുനരാരംഭിക്കുവാൻ കഴിയുന്നതാണ്.

## മൂർക്കനാട് സബ് രജിസ്റ്റാർ ഓഫീസിന് പുതിയ കെട്ടിടം

316(2666) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂർക്കനാട് സബ്രജിസ്റ്റാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) അവശേഷിക്കുന്ന പ്രവൃത്തികൾ ഫണ്ടിന്റെ അപര്യാപ്തതമൂലം പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി പ്രതീക്ഷിക്കുന്ന 23 ലക്ഷം രൂപ ഏതുരീതിയിൽ വകയിരുത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; അറിയിക്കുമോ;

(സി) പൊതുജനങ്ങളുടെ ദീർഘകാല ആവശ്യം പരിഗണിച്ച് പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ-സി) മൂർക്കനാട് സബ് രജിസ്ട്രാർ ഓഫീസിന്റെ പുതിയ കെട്ടിടത്തിനായി ശ്രീ. ടി. എ. അഹമ്മദ് കബീർ എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ച ഇരുപത്തിയഞ്ച് ലക്ഷം രൂപ വിനിയോഗിച്ച് കെട്ടിടത്തിന്റെ സ്ട്രക്ച്ർ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിക്കുവാൻ ഇരുപത്തിമൂന്ന് ലക്ഷം രൂപ കൂടി വേണ്ടിവരുമെന്ന് കണക്കാക്കപ്പെടുന്നു. പ്രസ്തുത കെട്ടിടം എം.എൽ.എ. ഫണ്ടിൽനിന്നും തുടങ്ങിയ നിർമ്മാണ പ്രവൃത്തിയായതിനാൽ മറ്റ് ഫണ്ടുകളുമായി ചേർത്ത് വിനിയോഗിക്കാൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ട്.

ആയതിനാൽ നിലവിലെ എം.എൽ.എ.-യുമായി ചർച്ച ചെയ്ത് അധിക തുക കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കാൻ രജിസ്ട്രേഷൻ ഐ.ജി.-ക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ വകുപ്പ് പ്രസ്തുത വിഷയത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണ്.

## കല്ല്യാശ്ശേരി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന് ഫണ്ട് അനുവദിക്കാൻ നടപടി

317(2667)<u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കല്ല്യാശ്ശേരി സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഫണ്ട് അനുവദിക്കുന്നതിനായി കെട്ടിടത്തിന് അനുയോജ്യമായ പ്ലാനും എസ്റ്റിമേറ്റും പൊതുമരാമത്ത് വകുപ്പിൽനിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കാസർഗോഡ് ജില്ലയിലെ സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനം

318(2668) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നിലവിൽ എത്ര സബ് രജിസ്ട്രാർ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഏതൊക്കെ താലൂക്കുകളിലാണ് ഇവ പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ നിലവിൽ മഞ്ചേശ്വരം, കാസർഗോഡ്, ബദിയടുക്ക, ഉദുമ, ഹോസ്ദുർഗ്ഗ്, രാജപുരം, ബളാൽ, നീലേശ്വരം, തൃക്കരിപ്പൂർ എന്നിങ്ങനെ ഒമ്പത് സബ് രജിസ്ട്രാർ ഓഫീസുകൾ പ്രവർത്തിക്കുന്നു. പ്രവർത്തനപരിധിയിലുള്ള താലൂക്കുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) 2022 ജനുവരി 1 മുതൽ ഡിസംബർ 31 വരെ കാസർഗോഡ് ജില്ലയിൽ വിവിധ സബ് രജിസ്ട്രാർ ഓഫീസുകളിലായി എത്ര രജിസ്ട്രേഷനുകൾ നടന്നിട്ടുണ്ടെന്ന് സ്ഥാപനം തിരിച്ച് വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2022 ജനുവരി 1 മുതൽ ഡിസംബർ 31 വരെ കാസർഗോഡ് ജില്ലയിൽ വിവിധ സബ് രജിസ്ട്രാർ ഓഫീസുകളിലായി നടന്ന ആധാര രജിസ്ട്രേഷനുകളുടെ എണ്ണം അനുബന്ധമായി ചേർത്തിരിക്കുന്നു.+

## പ്രമാണങ്ങളുടെ കൃത്രിമത്വം തടയാൻ നടപടി

319(2669) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രമാണങ്ങളുടെ കൃത്രിമത്വം തടയുന്നതിനും അസ്സൽ പ്രമാണങ്ങളും മുൻപ്രമാണങ്ങളും നഷ്ടപ്പെടുകയോ നശിച്ചുപോകുകയോ ചെയ്യുന്ന സാഹചര്യങ്ങളിലും രജിസ്ട്രേഷൻ വകുപ്പ് നൽകുന്ന സഹായങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

ആധാര രജിസ്ട്രേഷന് രജിസ്റ്ററിംഗ് ഓഫീസറുടെ മുമ്പാകെ ഹാജരാകുന്ന ആധാരസമ്മതകക്ഷികളെ ആളെ തിരിച്ചറിയിക്കുന്ന സാക്ഷികളുടെ (Identifying Witnesses) സഹായത്തോടെയായിരുന്നു തിരിച്ചറിഞ്ഞിരുന്നത്. പിന്നീട്, ആധാര കക്ഷികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് ഹാജരാക്കുന്നത് നിർബന്ധമാക്കി. കൂടാതെ ആധാര

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കക്ഷികളുടെ ഫോട്ടോയും വിരലടയാളവും ആധാരത്തിൽ പതിക്കുന്നത് നിയമപരമായി നിർബന്ധമാക്കി. ആൾമാറാട്ടത്തിലൂടെ രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങളും കളക്ടറുടെ എൻ.ഒ.സി. ഇല്ലാതെ രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങളും റദ്ദ് ചെയ്യുന്നതിന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് അധികാരമുണ്ട്. ആധാര രജിസ്ട്രേഷന് ഹാജരാകുന്ന കക്ഷികളുടെ അനന്യത തെളിയിക്കുന്നതിന് "ആധാർ അധിഷ്ഠിത ബയോമെട്രിക് ഐഡന്റിഫിക്കേഷൻ" ഏർപ്പെടുത്തുന്നതിനുള്ള ചട്ടഭേദഗതി കൊണ്ടുവരികയും അത് നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയുമാണ്. ആധാരം രജിസ്റ്റർ ചെയ്താൽ അത് സ്കാൻ ചെയ്ത രജിസ്ട്രേഷൻ വകുപ്പിന്റെ സെർവറിൽ സൂക്ഷിക്കുന്നു. അതിനാൽ ആധാരത്തിൽ കൃത്രിമം നടത്തിയാലും അത് എളുപ്പത്തിൽ കണ്ടുപിടിക്കാൻ കഴിയും. രജിസ്റ്റർ ചെയ്ത വിശദാംശങ്ങൾ, വസ്തുവിവരം എന്നിവ പൊതുജനങ്ങൾക്ക് സൗജന്യമായി രജിസ്ട്രേഷൻ വകുപ്പിന്റെ വെബ്സൈറ്റിലൂടെ മനസിലാക്കാൻ സംവിധാനമുണ്ട്. ഇതെല്ലാം തന്നെ ആധാരത്തിൽ കൃത്രിമത്വം തടയുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികളാണ്.

അസ്സൽ പ്രമാണങ്ങളും മുൻപ്രമാണങ്ങളും നഷ്ടപ്പെടുകയോ നശിച്ചു പോകുകയോ ചെയ്യുന്ന സാഹചര്യങ്ങളിൽ അവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സബ് രജിസ്ട്രാർ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. അതിനുപുറമെ വസ്തു കൈമാറ്റം ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് വസ്തുവിന്റെ ബാധ്യതാ സർട്ടിഫിക്കറ്റും രജിസ്ട്രേഷൻ വകുപ്പിൽ നിന്നും നൽകുന്നുണ്ട്.

( 2346, 2350, 2356, 2361, 2401, 2405, 2408, 2417 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരം ലഭ്യമായിട്ടില്ല)

**അനുബന്ധം II**

ശ്രദ്ധ ക്ഷണിക്കൽ

(1) പറമ്പിക്കുളം ഡാമിൽനിന്ന് സംസ്ഥാനത്തിന് അർഹമായ ജലം ലഭിക്കാത്തത് സംബന്ധിച്ച് ശ്രീ. കെ. ബാബു (നെന്മാറ)- എം.എൽ.എ.യുടെ ശ്രദ്ധക്ഷണിക്കലിന് മുഖ്യമന്ത്രി നൽകിയ മറുപടി

പറമ്പിക്കുളം, ആളിയാർ പദ്ധതി കരാറിന്റെ ഷെഡ്യൂൾ II ഖണ്ഡിക 4 (എ) പ്രകാരം കേരള സംസ്ഥാന അതിർത്തിയിൽ മണക്കടവ് വിയറിൽ ഒരു

ജലവർഷം 7.5 TMCft (Thousand Million Cubic Feet) ജലം ചിറ്റൂർ പ്രദേശത്തെ 20000 ഏക്കറിലെ കൃഷി ആവശ്യത്തിനായി കേരളത്തിന് അർഹതപ്പെട്ടതാണ്. പി.എ.പി. കരാറിന്റെ ഷെഡ്യൂൾ II ഖണ്ഡിക 2 പ്രകാരം ഷോളയാറിൽ ഒരു ജലവർഷം 12,300 MCft ജലത്തിനാണ് കേരളത്തിന് അർഹതയുള്ളത്. നീരാർ നദിയിൽ നിന്ന് അപ്പർ നീരാർ വിയറിൽ ഒക്ടോബർ 1-നും ജനുവരി 31-നും ഇടയിലുള്ള കാലയളവിൽ ലഭ്യമാകുന്ന എല്ലാജലവും കേരളത്തിന് അർഹതപ്പെട്ടതാണ്. ഇപ്രകാരം ജലം കേരളത്തിന് ലഭ്യമാകുന്നതിന് പി.എ.പി. കരാറിൽ വ്യവസ്ഥയുണ്ട്. ഇതുകൂടാതെ പറമ്പിക്കുളം ഗ്രൂപ്പ് ഡാമുകൾ, പറമ്പിക്കുളം തൂണക്കടവ്, പെരുവരിപ്പള്ളം എന്നീ ഡാമുകളിൽനിന്നും ലോവർ നീരാറിൽ നിന്നുമുള്ള മൊത്തം ജലലഭ്യത 16.5 TMCft-ൽ കൂടുതൽ വരുന്ന ജലവർഷങ്ങളിൽ 16.5 TMCft -യിൽ മുകളിലുള്ള ആദ്യത്തെ 2.50 TMCft ജലം കേരളത്തിലെ ചിറ്റൂർ താലൂക്കിലെ കൃഷിക്കായും അതിനുമുകളിൽ അധിക ജലം ലഭ്യമാണെങ്കിൽ ആ ജലം ചാലക്കുടി നദീതടത്തിലേയ്ക്ക്, പറമ്പിക്കുളം ഗ്രൂപ്പിലെ ഡാമുകളുടെ സ്പിൽവേ, ഔട്ട്ലെറ്റ് സംവിധാനങ്ങളിലൂടെയോ ലഭ്യമാക്കണമെന്നും കരാറിൽ വ്യവസ്ഥയുണ്ട്. ഇപ്രകാരം 2018-19, 2020-21, 2021-22 ജലവർഷങ്ങളിലായി 1505 MCft ജലം കേരളത്തിന്

ലഭിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥതലത്തിലും സർക്കാർ തലത്തിലുമുള്ള ശക്തമായ ഇടപെടലുകളെത്തുടർന്ന് കഴിഞ്ഞ വർഷങ്ങളിൽ പി.എ.പി. കരാർ പ്രകാരമുള്ള ജലം ഒട്ടുമിക്ക സ്റ്റേഷനുകളിലും ലഭ്യമാക്കാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. നടപ്പ് ജലവർഷത്തിൽ ഇതുവരെ കേരളത്തിന്റെ ആവശ്യപ്രകാരം മണക്കടവ് വിയറിൽ ചിറ്റൂർപുഴ പദ്ധതിയുടെ കാർഷിക ആവശ്യങ്ങൾക്ക് വേണ്ട ജലം ഏറെക്കുറെ ലഭിച്ചിട്ടുണ്ട്. ഈ ജലവർഷത്തിൽ ശേഷിക്കുന്ന കാലയളവിലും കേരളത്തിന്റെ ആവശ്യങ്ങൾ നിറവേറ്റാൻ ആവശ്യമായ ജലം ലഭിക്കുന്നതിന് ഉദ്യോഗസ്ഥതലത്തിലും സർക്കാർ തലത്തിലും ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## (2) വായ്പാ കുടിശ്ശികയുടെ പേരിൽ കർഷകർക്കെതിരെയുള്ള ജപ്തി നടപടികൾ നിർത്തിവയ്ക്കാൻ ബാങ്കുകൾക്കും ധനകാര്യ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച ശ്രീ. സജീവ് ജോസഫ് എം.എൽ.എ.യുടെ ശ്രദ്ധക്ഷണിക്കലിന് ധനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടി

ബാങ്കുകൾ സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിലല്ല പ്രവർത്തിക്കുന്നത്. സംസ്ഥാനത്തെ ബാങ്കുകളെല്ലാംതന്നെ ബാങ്കിംഗ് കോഡ്സ് ആന്റ് സ്റ്റാൻഡേർഡ്സ് ബോർഡ് ഓഫ് ഇന്ത്യയുടെ കോഡ്സ് ആൻഡ് സ്റ്റാൻഡേർഡ്സ് അനുസരിച്ചാണ് പ്രവർത്തിക്കുന്നത്. കൂടാതെ

ബാങ്കിംഗ് എന്ന വിഷയം ഇന്ത്യൻ ഭരണഘടനയുടെ യൂണിയൻ ലിസ്റ്റിൽ 45-ാം ഇനമായി ഉൾപ്പെട്ടിട്ടുള്ളതിനാൽ ഈ വിഷയത്തിലുള്ള നിയമനിർമ്മാണത്തിനുള്ള അധികാരം പാർലമെന്റിൽ നിക്ഷിപ്തമാണ്. ആയതിനാൽ പാർലമെന്റ് രൂപീകരിച്ചിട്ടുള്ള സർഫാസി നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ദേശസാൽകൃത ബാങ്കുകളും ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളും നിയമാനുസൃതം സ്വീകരിക്കുന്ന നടപടികളിൽ ഇടപെടുന്നതിന് സംസ്ഥാന സർക്കാരിന് പരിമിതികളേറെയുണ്ട്.

സർഫാസി നിയമം സംസ്ഥാനത്ത് നടപ്പാക്കി വരുന്നതിലൂടെയുള്ള പ്രയാസകരമായ സവിശേഷ സാഹചര്യം സംസ്ഥാന സർക്കാർ മനസ്സിലാക്കിയിട്ടുണ്ട്. അഞ്ച് സെന്റിൽ കവിയാതെയുള്ള ഭൂമിയും വീടും സെക്യൂരിറ്റിയായി നൽകുമ്പോൾ ഉണ്ടാകുന്ന ബാധ്യതയ്ക്ക് 2002-ലെ സർഫാസി നിയമം ബാധകമല്ല എന്ന് വ്യവസ്ഥ ചെയ്യുന്നതിലേയ്ക്കായി സർഫാസി ആക്ടിന്റെ 31-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചുകൊണ്ട് കേരള നിയമസഭ ഐകകണ്ഠേന പ്രമേയം പാസ്സാക്കുകയും പ്രസ്തുത പ്രമേയം കേന്ദ്ര സർക്കാരിന്റെ ധനമന്ത്രാലയത്തിന് അയച്ചുകൊടുക്കുകയും കേരളത്തിന്റെ ആവശ്യത്തിന്മേൽ അനുഭാവപൂർവ്വമായ സമീപനമുണ്ടാകണമെന്ന്

അഭ്യർത്ഥിക്കുകയുമുണ്ടായിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ നാളിതുവരെയായി അനുകൂല പ്രതികരണം കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചിട്ടില്ലാത്തതാണ്. കോവിഡ്-19 രണ്ടാംഘട്ട വ്യാപനം സൃഷ്ടിച്ച പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ വ്യക്തികളുടെയും സൂക്ഷ്മ-ഇടത്തരം സംരംഭങ്ങളുടെയും അർഹതപ്പെട്ട വായ്പകൾക്കായി വായ്പയുടെ അക്കൗണ്ട് സ്ഥിതി മാറ്റാതെ തന്നെ വായ്പാ റീ-ഷെഡ്യൂളിംഗ് അനുവദിച്ചും രണ്ടുവർഷം വരെ മൊറട്ടോറിയം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വായ്പക്കാരന് അനുവദിക്കാവുന്ന രീതിയിൽ മാർഗ്ഗനിർദ്ദേശങ്ങൾ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, ബാങ്ക് ഇതര ധനകാര്യ സ്ഥാപനങ്ങൾ എന്നിവയുൾപ്പെടെ എല്ലാ ധനകാര്യ സ്ഥാപനങ്ങൾക്കും റിസർവ് ബാങ്ക് നൽകിയിട്ടുള്ളതാണ്. ഇത് അർഹരായ വായ്പക്കാർക്ക് വായ്പകളുടെ റീസ്ട്രക്ചറിംഗ്, റീഷെഡ്യൂളിംഗ്, മൊറട്ടോറിയം എന്നീ സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നു. ടി മൊറട്ടോറിയം കാലയളവിലെ പലിശ, പിഴപ്പലിശ എന്നിവ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാർ റിസർവ് ബാങ്കിനോട് കത്ത് മുഖേന അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ, കോവിഡ്-19 രണ്ടാംഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ എല്ലാവിധ വായ്പാ തിരിച്ചടവുകൾക്കും 31-12-2021 വരെ മൊറട്ടോറിയം പ്രഖ്യാപിക്കണമെന്നും മൊറട്ടോറിയം കാലയളവിലെ

പലിശയും പിഴ പലിശയും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ നാളിതുവരെയും അനുകൂല പ്രതികരണം കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചിട്ടില്ലാത്തതാണ്.

**അനുബന്ധം III**

സബ്മിഷൻ

(1) വന്യമൃഗശല്യം രൂക്ഷമായ സ്ഥലങ്ങളിലുള്ളവർക്ക് തോക്ക് ലൈസൻസ് നൽകുന്നത് സംബന്ധിച്ച് ശ്രീ. ലിന്റോ ജോസഫ് എം.എൽ.എ.-യുടെ സബ്മിഷന് മുഖ്യമന്ത്രി നൽകിയ മറുപടി

2016-ലെ ആയുധ ചട്ടങ്ങൾ പ്രകാരം ആയുധ പരിശീലനം സംബന്ധിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാരിനാണ്. ഇക്കാര്യം പരിശോധിച്ചുവരുന്നതിനാൽ ഒരു ഇടക്കാല ക്രമീകരണം ഏർപ്പെടുത്താൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരുന്നു. ഇതേത്തുടർന്ന് സ്വകാര്യവ്യക്തികൾക്ക് പരിശീലനം നൽകുന്നതിനുള്ള നടപടിക്രമം സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ പരിശീലനവും ആരംഭിച്ചിരുന്നു. എന്നാൽ ഇതിനെതിരെ ഒരു കർഷക സംഘടന ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഹർജിയിലെ ഇടക്കാല ഉത്തരവിനെത്തുടർന്ന് പരിശീലനം

നിർത്തിവച്ചിരിക്കുകയാണ്. ചട്ടപ്രകാരം പരിശീലനം സംബന്ധിച്ച കാര്യങ്ങൾ തീരുമാനിക്കാനുള്ള അധികാരം കേന്ദ്രസർക്കാരിനാണെന്ന് ചൂണ്ടിക്കാട്ടിയാണ് ബഹുമാനപ്പെട്ട ഹൈക്കോടതി പരിശീലനം സ്റ്റേ ചെയ്തത്. മലയോര മേഖലയിൽ കാട്ടുപന്നി ശല്യം രൂക്ഷമായ സാഹചര്യത്തിൽ കർഷകർക്ക് ആയുധ ലൈസൻസ് അനുവദിക്കേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്ത് ആയുധ ലൈസൻസ് അനുവദിക്കുന്നത് സംബന്ധിച്ച് 06-02-2023-ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിരുന്നു. അക്രഡിറ്റഡ് ട്രെയ്നർ/മാസ്റ്റർ അക്രഡിറ്റഡ് ട്രെയ്നർ നൽകുന്ന സർട്ടിഫിക്കറ്റ് പരിഗണിച്ച് ആയുധ ലൈസൻസ് നൽകാമെന്ന സംസ്ഥാന നിലപാട് ബഹുമാനപ്പെട്ട ഹൈക്കോടതിയെ അറിയിച്ച്, സ്റ്റേ ഒഴിവാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. ചട്ടപ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതാണ്.

(2) <u>അയ്യപ്പൻകുടം ഡാമിന്റെ അറ്റകുറ്റപ്പണികൾ സംബന്ധിച്ച് ശ്രീ. പി. പി. സുമോദ് എം.എൽ.എ.-യുടെ സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി നൽകിയ മറുപടി</u>

പാലക്കാട് ജില്ലയിലെ തരൂർ നിയോജകമണ്ഡലത്തിലെ കാവശ്ശേരി ഗ്രാമപഞ്ചായത്തിൽ തെന്നിലാപുരത്ത് പതിനാലാം വാർഡിൽ ഒരു കുന്നിന്റെ

മുകളിലാണ് മണ്ണുകൊണ്ട് നിർമ്മിതമായ അയ്യപ്പൻകുടം ഡാം സ്ഥിതി ചെയ്യുന്നത്. കാലപ്പഴക്കം ചെന്ന ഈ അണക്കെട്ടിന് ഉദ്ദേശം 85 മീ. നീളവും 80000 ക്യൂബിക് മീറ്റർ ജലസംഭരണശേഷിയുമുണ്ട്. എന്നാൽ ശരിയായ അറ്റകുറ്റപ്പണികളുടെ അഭാവംമൂലം ഡാമിൽ ചോർച്ചയുള്ളതിനാൽ ജലം സംഭരിച്ച് നിർത്തി ജലസേചനത്തിന് ഉപയുക്തമാക്കാൻ സാധിക്കുന്നില്ല. ഈ അണക്കെട്ട് ഉദ്ദേശം 50 ഹെക്ടർ നെൽവയലുള്ള തെന്നിലാപുരത്തിനടുത്തുള്ള തെക്കേപ്പാടം പാടശേഖര സമിതിക്കുള്ള ജലസേചനത്തിന് ഏറെ പ്രയോജനകരമാണ്. മഴക്കാലത്ത് ഡാമിൽ ആവശ്യത്തിന് വെള്ളം ലഭിക്കുമെങ്കിലും അത് ഡിസംബർ വരെ നീണ്ടുനിൽക്കില്ല, അണക്കെട്ടിലൂടെയുള്ള ചോർച്ച തടയുകയാണെങ്കിൽ ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്. മാത്രമല്ല ഭൂഗർഭജല സ്രോതസ്സിന്റെ സംഭരണം വർദ്ധിക്കാനും സഹായിച്ചേക്കും. ചോർച്ച തടഞ്ഞ് പ്രദേശവാസികൾക്ക് ജലസേചനത്തിനും മറ്റ് ആവശ്യങ്ങൾക്കും ഉപയോഗപ്രദമാക്കാനാണ് ഈ പ്രവൃത്തികൊണ്ട് ഉദ്ദേശിക്കുന്നത്. മഴക്കാലത്ത് നടത്തിയ പരിശോധനയിൽ അണക്കെട്ടിന് മുകളിൽ നിൽക്കുന്ന മരങ്ങളുടെ വേരുകൾ വളർന്ന് ഔട്ട്‌ലെറ്റ് പൈപ്പിന് കേടുപാട് സംഭവിച്ചതാകാമെന്നാണ് പ്രാഥമിക നിഗമനം. അതിനാൽ അണക്കെട്ട്

അതിന്റെ പൂർണ്ണശേഷിയിലേയ്ക്ക് പുനഃസ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടിയായി, നടത്തിയ നിരീക്ഷണ പ്രകാരം ചോർച്ച തടയുകയും മഴക്കാലത്ത് അണക്കെട്ടിൽ വെള്ളം സംഭരിക്കപ്പെടുമ്പോൾ അണക്കെട്ട് നിരീക്ഷിക്കുകയും ചെയ്യുന്നതാണ്. ചോർച്ച തടയുന്നതിനായി നിലവിൽ പൊളിഞ്ഞുകിടക്കുന്ന സിമന്റ് കോൺക്രീറ്റ് ഔട്ട്ലെറ്റ് പൈപ്പ് എടുത്തുമാറ്റി, 300 mm വ്യാസമുള്ള പുതിയ കോൺക്രീറ്റ് പൈപ്പ് സ്ഥാപിക്കുക, അണക്കെട്ടിന്റെ മുകളിൽനിന്നും പൈപ്പിന്റെ താഴ്ഭാഗം വരെ ചോർച്ചയുള്ള ഭാഗങ്ങൾ പൊളിച്ച് പുനർനിർമ്മിക്കുക, പൈപ്പ് തുടങ്ങുന്ന u/s ഭാഗത്തുള്ള കിണറിന്റെ (outlet well) അടിയന്തര അറ്റകുറ്റപ്പണികൾ നടപ്പാക്കുക, u/s Riprap അടിയന്തര അറ്റകുറ്റപ്പണികൾ നടത്തി, 50 സെ.മീ. വീതിയിൽ സിമന്റ് ഉപയോഗിച്ച് കരിങ്കൽ കെട്ടി Apron നിർമ്മിച്ച് സിമന്റ് കോൺക്രീറ്റ് 1:1.5:3 -യിൽ 20 സെ.മീ. കനത്തിൽ ആവരണം ചെയ്ത് 150 മീ. ആഴത്തിൽ ഒരു കട്ടോഫ് വാൾ നിർമ്മിക്കുക എന്നീ പ്രവൃത്തികളാണ് മുഖ്യമായും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രവൃത്തി നടപ്പാക്കുന്നതോടുകൂടി ഡാമിൽനിന്നും ഔട്ട്ലെറ്റ് വഴിയുള്ള ചോർച്ച തടയുവാൻ കഴിയുമെന്നാണ് അനുമാനിക്കുന്നത്. ഇതിനായി (PRICE ID-IRR/IA/EST/5860/2022) 15 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് ചീഫ് എഞ്ചിനീയറുടെ

കാര്യാലയത്തിൽ ലഭിച്ചിട്ടുണ്ട്. ആയതിന് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അംഗീകാരം നൽകി പ്രവൃത്തി പ്രാവർത്തികമാക്കുന്നതാണ്.

(3) <u>കളക്ഷൻ ഏജന്റുമാരുടെ ഇൻസെന്റീവ് സംബന്ധിച്ച് ശ്രീ. കെ. പി. മോഹനൻ എം.എൽ.എ.-യുടെ സബ്മിഷന് ധനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടി</u>

സാമൂഹ്യ സുരക്ഷാ പെൻഷൻ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, മറ്റ് വായ്പാ സംഘങ്ങൾ എന്നിവ മുഖാന്തരം ഗുണഭോക്താവിന്റെ വീട്ടിലെത്തിക്കുന്ന പദ്ധതിക്ക് 15-08-2016-ലെ സ.ഉ.(എം.എസ്.)നം. 324/2016/ധന പ്രകാരം സർക്കാർ അംഗീകാരം നൽകുകയും 23-08-2016-ലെ സ.ഉ.(സാധാ)നം. 6950/2016/ധന പ്രകാരം ഒരു ഗുണഭോക്താവിന് പെൻഷൻ തുക വിതരണം ചെയ്യുന്നതിന് 50 രൂപ ഇൻസെന്റീവ് നിശ്ചയിച്ചുകൊണ്ടും ഉത്തരവായിരുന്നു. 30-08-2016-ലെ സ.ഉ.(സാധാ)നം. 7153/2016/ധന പ്രകാരം 40 രൂപ വിതരണ ഏജന്റുമാർക്കും 10 രൂപ സഹകരണ സംഘങ്ങൾക്കുമാണെന്ന് നിശ്ചയിക്കുകയുണ്ടായി. ഇൻസെന്റീവ് 50 രൂപ നിശ്ചയിക്കുന്ന സമയത്ത് ക്ഷേമപെൻഷനുകൾ വർഷത്തിൽ 3 പ്രാവശ്യമാണ് വിതരണം നടത്തി വന്നത്. ഓണം, ക്രിസ്തുമസ്, വിഷു എന്നീ ഉത്സവകാലയളവുകളിലാണ് പെൻഷൻ വിതരണം നടത്തിവന്നിരുന്നത്. അക്കാലയളവിൽ മൂന്നോ നാലോ

മാസത്തെ പെൻഷൻ തുക ഒന്നിച്ച് വിതരണം നടത്തണമായിരുന്നു. ഇക്കാലയളവിൽ ഇൻസെന്റീവിനത്തിൽ പ്രതിവർഷം പരമാവധി 30 കോടിയോളം രൂപ മാത്രമേ ചെലവ് വന്നിരുന്നുള്ളൂ. എന്നാൽ 2020 സെപ്റ്റംബർ മാസം മുതൽ പെൻഷൻ വിതരണം അതാത് മാസംതന്നെ നടത്താൻ തീരുമാനിക്കുകയും ആയതുപ്രകാരം പരമാവധി അതാത് മാസത്തെ പെൻഷൻ വിതരണം നടത്തിവരികയുമാണ്. ഇതുമൂലം ഒരു പെൻഷൻ വിതരണത്തിന് സഹകരണ സംഘങ്ങളും ഏജന്റുമാരും കൈകാര്യം ചെയ്യേണ്ട തുക 2020 സെപ്റ്റംബറിന് മുൻപുള്ളതിനെ അപേക്ഷിച്ച് കുറഞ്ഞിട്ടുണ്ട്. കൂടാതെ ഇൻസെന്റീവിനത്തിൽ ഒരു വർഷത്തെ ചെലവ് 130 കോടിയോളം രൂപയായി ഉയർന്നിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ ബന്ധപ്പെട്ട എല്ലാവരുമായി ധനകാര്യം, സഹകരണം എന്നീ വകുപ്പുമന്ത്രിമാർ 05-12-2022-ൽ ചർച്ച നടത്തുകയും പ്രസ്തുത യോഗത്തിൽ ഇൻസെന്റീവ് 30 രൂപയായി പരിഷ്കരിക്കാൻ തീരുമാനിക്കുകയും ചെയ്തു. പെൻഷൻ വിതരണ ആവൃത്തി വർദ്ധിച്ച സാഹചര്യത്തിൽ ഇൻസെന്റീവായി 30 രൂപ നിശ്ചയിച്ചത് സഹകരണ സംഘങ്ങൾക്കും പെൻഷൻ വിതരണ ഏജന്റുമാർക്കും ആദായകരമാണെന്ന് വിലയിരുത്തപ്പെടുകയും ചെയ്തു. 2021 ഒക്ടോബർ മാസം വരെയുള്ള

ഇൻസെന്റീവ് ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. പെൻഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ 'സേവന' പോർട്ടലിൽ യഥാസമയം സഹകരണ സംഘങ്ങൾ രേഖപ്പെടുത്താത്തതിനാലാണ് 2021 ഒക്ടോബറിന് ശേഷമുള്ള ഇൻസെന്റീവ് അനുവദിക്കാൻ കഴിയാത്തത്. ഈ സാഹചര്യങ്ങളിലാണ് 2021 നവംബർ മാസം മുതൽ വിതരണം ചെയ്ത പെൻഷന് നൽകേണ്ടുന്ന ഇൻസെന്റീവ് 30 രൂപയായി നിശ്ചയിച്ചുകൊണ്ട് 05-01-2023-ൽ സ.ഉ. (കൈ) നം. 03/2023/ധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ഈ ഉത്തരവ് സംബന്ധിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ രണ്ട് കേസുകൾ നിലനിൽക്കുന്നതിനാൽ ഇതുസംബന്ധിച്ച് മറിച്ചൊരു അഭിപ്രായം പറയാൻ ഇത്തരുണത്തിൽ കഴിയില്ല.

(4) വൈപ്പിൻ മുതൽ മുനമ്പം വരെയുള്ള തീരസംരക്ഷണം സംബന്ധിച്ച് ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ എം.എൽ.എ.-യുടെ സബ്മിഷന് ധനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടി

കടലാക്രമണവും കാലാവസ്ഥാ വ്യതിയാനവും വൈപ്പിൻകരക്കാരുടെ ജീവനും സ്വത്തിനും ഉയർത്തുന്ന ഭീഷണി കണക്കിലെടുത്ത് ചെല്ലാനം മാതൃകയിൽ മദ്രാസ് ഐ.ഐ.റ്റി. പഠന റിപ്പോർട്ട് പ്രകാരമുള്ള തീരസംരക്ഷണത്തിനാവശ്യമായ തുക 2023-2024 ബഡ്ജറ്റിൽ പ്രത്യേക പാക്കേജായി പ്രഖ്യാപിക്കണമെന്നാണ് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ

സബ്മിഷനിലെ ആവശ്യം. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മദ്രാസ് ഐ.ഐ.റ്റി മുഖേന നടത്തിയ പഠന റിപ്പോർട്ട് പ്രകാരം 250-300 കോടി രൂപയാണ് തീരസംരക്ഷണത്തിനായി അടങ്കൽ തുക കണക്കാക്കിയിട്ടുള്ളതെന്ന് സബ്മിഷനിൽ പറയുന്നു. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മദ്രാസ് ഐ.ഐ.റ്റി.-യെക്കൊണ്ട് വൈപ്പിൻ മുതൽ മുനമ്പം വരെയുള്ള തീരസംരക്ഷണത്തിനായി പഠനം നടത്തിയ റിപ്പോർട്ടും ഇതുമായി ബന്ധപ്പെട്ട ഭരണ വകുപ്പ് ശിപാർശയും ധനകാര്യ വകുപ്പിലേയ്ക്ക് നിലവിൽ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് വൈപ്പിൻകരയെ കടലാക്രമണ ഭീഷണിയിൽനിന്നും സംരക്ഷിക്കുന്നതിനുള്ള പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

## (5) മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം സംബന്ധിച്ച് ശ്രീ. വി. ശശി എം.എൽ.എ.-യുടെ സബ്മിഷന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടി

### 1. അടിസ്ഥാന സൗകര്യ വികസനം സംബന്ധിച്ച നടപടികൾ

മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ താഴമ്പള്ളി ഭാഗത്തും പെരുമാതുറ ഭാഗത്തും നടപ്പാക്കേണ്ട അടിസ്ഥാന സൗകര്യ വികസനത്തിനായി ബഹുമാനപ്പെട്ട നിയമസഭാംഗം, മുതലപ്പൊഴി ഹാർബർ

മാനേജ്മെന്റ് സൊസൈറ്റി, പ്രദേശത്തെ മറ്റ് ജനപ്രതിനിധികൾ എന്നിവരുമായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചർച്ച നടത്തിയിരുന്നു. ചർച്ചയിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് കരട് മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നു. കരട് മാസ്റ്റർ പ്ലാനിൽ നിലവിൽ ഉൾപ്പെടുത്തിയിട്ടുള്ള ഘടകങ്ങൾ ചുവടെ പറയുന്നതാണ്.

എ. <u>പെരുമാതുറ ഭാഗം</u>

പെരുമാതുറ ഭാഗത്ത് സ്ഥലസൗകര്യം കുറവായതിനാൽ ഒന്നാം ഘട്ടമായി, നിലവിലുള്ള 75 മീറ്റർ വാർഫിന് വടക്ക് ഭാഗത്തേയ്ക്ക് പുതുതായി 50 മീറ്റർ നീളത്തിൽ വാർഫ്, 10 കട മുറികൾ, റെസ്റ്റ് ഷെഡ്, ഒരു ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള സമ്പ് ടാങ്ക്, 50000 ലിറ്റർ ശേഷിയുള്ള ഓവർഹെഡ് ടാങ്ക്, ആന്തരിക റോഡ്, പാർക്കിംഗ് ഏരിയ, ഗേറ്റ് ഹൗസ്, ഓടയുടെ നവീകരണം, വൈദ്യുതീകരണം, ലാൻഡ്സ്കേപ്പിംഗ് എന്നീ അടിസ്ഥാന സൗകര്യവികസനങ്ങളാണ് കരട് മാസ്റ്റർ പ്ലാനിൽ നിലവിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അവിടെ ഒരേക്കർ ഭൂമി ഏറ്റെടുത്ത് രണ്ടാം ഘട്ടമായി കൂടുതൽ അടിസ്ഥാന സൗകര്യ വികസനം ഏർപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നുണ്ട്.

ബി. താഴമ്പള്ളി ഭാഗം

താഴമ്പള്ളി ഭാഗത്ത് നിലവിലുള്ള സൗകര്യങ്ങൾക്ക് പുറമേ 50 മീറ്റർ ലേല ഹാൾ, പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകം ശൗചാലയം, ഓടയുടെ നവീകരണം, 10 കട മുറികൾ, റെസ്റ്റ് ഷെഡ്, വൈദ്യുതീകരണം, എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്, ആന്തരിക റോഡ്, പാർക്കിംഗ് ഏരിയ എന്നീ അടിസ്ഥാന സൗകര്യ വികസനങ്ങളാണ് കരട് മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ടിട്ടുള്ളത്. കരട് മാസ്റ്റർ പ്ലാനിലെ നിർദ്ദേശങ്ങൾ സംബന്ധിച്ച് കൂടുതൽ ചർച്ചകൾ നടത്തി അന്തിമ അംഗീകാരം ലഭ്യമായതിനുശേഷം പദ്ധതി നടത്തിപ്പിന് ആവശ്യമായ തുക കണ്ടെത്തുന്നതിനുള്ള വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി തുടർ നടപടി സ്വീകരിക്കുന്നതാണ്.

2. മുതലപ്പൊഴി മത്സ്യബന്ധന തുറമുഖ ഭാഗത്ത് അപകട സാധ്യത ഒഴിവാക്കുന്നതിനുള്ള നടപടികൾ

മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ പുലിമുട്ടുകളുടെ പുനരുദ്ധാരണത്തിനുശേഷം ചാനലിൽ എത്തിപ്പെട്ട പാറക്കല്ലുകളിലും രൂപപ്പെട്ട മണൽത്തിട്ടകളിലും തട്ടി മത്സ്യതൊഴിലാളികളുടെ വള്ളങ്ങൾ പൊഴി ഭാഗത്ത് അപകടത്തിൽപ്പെട്ടിരുന്നു. 2018-ൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിയുടെ നേതൃത്വത്തിൽ പൊഴിയിൽ കിടന്ന വലിയ പാറക്കല്ലുകളും മണ്ണും പൂർണ്ണമായി നീക്കം ചെയ്തതിനുശേഷം അനുകൂല

കാലാവസ്ഥകളിൽ മത്സ്യബന്ധന യാനങ്ങൾക്ക് അപകടം കൂടാതെ മത്സ്യബന്ധനത്തിന് പോകുവാൻ കഴിയുന്നുണ്ട്. മഴക്കാലങ്ങളിൽ പൊഴിയിൽ മണ്ണ് അടിയുന്നത് ഇപ്പോഴും തുടരുന്നുണ്ട്. അദാനി പോർട്ടുമായി ഉണ്ടാക്കിയ ധാരണാ പത്രം പ്രകാരം മത്സ്യബന്ധന തുറമുഖത്തിന്റെ പ്രവേശന കവാടം, ചാനൽ എന്നിവിടങ്ങളിൽ അഞ്ച് മീറ്റർ താഴ്ചയിലും തുറമുഖ ബേസിനിൽ മൂന്ന് മീറ്റർ താഴ്ചയിലും ഡ്രഡ്ജ് ചെയ്ത് ആഴം ഉറപ്പാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതനുസരിച്ച് ഡ്രഡ്ജിംഗ് നടത്തി വരുന്നു. പ്രതികൂല കാലാവസ്ഥയും തിരയിളക്കവും കാരണം പൊഴി ഭാഗത്ത് മണ്ണ് അടിയുന്നത് കാരണം യാനങ്ങൾക്ക് സുഗമമായി തുറമുഖത്തേയ്ക്ക് പ്രവേശിക്കുവാൻ കഴിയാതെ അപകടം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ടി വിഷയം പരിശോധിച്ച് പരിഹാര നിർദ്ദേശം സമർപ്പിക്കാൻ സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷനെ (CWPRS)-നെ ചുമതലപ്പെടുത്തി 22-10-2022-ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനെത്തുടർന്ന് CWPRS ഉദ്യോഗസ്ഥർ 03-11-2022-ന് സ്ഥലപരിശോധന നടത്തിയിട്ടുണ്ട്. പഠനം നടത്തുന്നതിനുള്ള തുകയുടെ ആദ്യ ഗഡുവായി 12 ലക്ഷം രൂപ CWPRS-ന് നൽകിയിട്ടുണ്ട്. CWPRS-ൽനിന്നും 2023 ജൂലൈ മാസത്തിൽ റിപ്പോർട്ട്

ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് മത്സ്യത്തൊഴിലാളി മേഖലയിലുള്ളവരുമായി ചർച്ച നടത്തി പ്രവൃത്തി നടപ്പാക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കുന്നതാണ്. നിലവിൽ മത്സ്യബന്ധന തുറമുഖത്തിന്റെ ചാനലിൽ ചിതറി കിടക്കുന്നതായി കാണപ്പെട്ട കല്ലുകൾ അടിയന്തരമായി നീക്കം ചെയ്യുന്നതിന് അദാനി തുറമുഖ പ്രതിനിധികളും വിഴിഞ്ഞം അന്താരാഷ്ട്ര സമുദ്ര തുറമുഖ ലിമിറ്റഡ് പ്രതിനിധികളുമായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുദ്യോഗസ്ഥർ 01-02-2023-ന് ചർച്ച നടത്തിയിട്ടുണ്ട്. പ്രസ്തുത ഭാഗത്തെ സൗണ്ടിംഗ്, ഹൈഡ്രോഗ്രാഫിക്ക് സർവ്വേ വിഭാഗം മുഖേന എടുത്ത്, കല്ലുകൾ നീക്കം ചെയ്ത് ചാനൽ ഭാഗത്ത് അഞ്ച് മീറ്റർ ആഴം ഉറപ്പാക്കുന്നതിന് അടിയന്തര നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ താഴമ്പള്ളി ഭാഗത്തെ കടൽത്തീര സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി മുതലപ്പൊഴി ഫിഷിംഗ് ഹാർബറിന്റെ വടക്കേ പുലിമുട്ടിൽനിന്നും വടക്ക് ഭാഗത്തേയ്ക്ക് ഏകദേശം രണ്ട് കിലോമീറ്റർ ദൂരത്തിൽ 10 എണ്ണം റബിൾ ഗ്രോയിൻ നിർമ്മിക്കുന്നതിന് 24.096 കോടി രൂപയുടെ സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. കിഫ്ബി നിബന്ധനകൾ പ്രകാരമുള്ള ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് 07-01-2023-ന് കരാറുകാരനുമായി ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുണ്ട്. നിർമ്മാണം

ആരംഭിക്കുന്നതിന്റെ ഭാഗമായി weigh bridge erection, stacking yard preparation, soil investigation എന്നിവ ആരംഭിച്ചിട്ടുണ്ട്.

(6) <u>സാമൂഹ്യനീതി വകുപ്പിനുകീഴിലുള്ള കെട്ടിടങ്ങളുടെ തുടർസംരക്ഷണം സംബന്ധിച്ച് ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ എം.എൽ.എ.-യുടെ സബ്മിഷന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി നൽകിയ മറുപടി</u>

സമൂഹത്തിൽ അവശത അനുഭവിക്കുന്നവർക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും പുനരധിവാസവും സംരക്ഷണവും ഉറപ്പാക്കുകയെന്നതാണ് സാമൂഹ്യനീതി വകുപ്പിന്റെ ലക്ഷ്യം. വയോജനങ്ങൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെൻഡർ വ്യക്തികൾ, പ്രൊബേഷണർമാർ, അതിക്രമങ്ങൾക്ക് ഇരയായവർ, മറ്റ് ദുർബലജനവിഭാഗങ്ങൾ തുടങ്ങിയവർക്കുവേണ്ടി ക്ഷേമപദ്ധതികളും പ്രവർത്തനങ്ങളും വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. അതോടൊപ്പം വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്ന 32 ക്ഷേമസ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും പ്രസ്തുത സ്ഥാപനങ്ങൾ ഭിന്നശേഷി-വയോജന സൗഹൃദമാക്കുന്നതിനും ആവശ്യമായ നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു. സാമൂഹ്യനീതി വകുപ്പിന് കീഴിൽ കോഴിക്കോട് ജില്ലയിൽ ഭിന്നശേഷി

വ്യക്തികൾ, വയോജനങ്ങൾ എന്നിവർക്കായി പുണ്യഭവൻ (HMDC), ആശാഭവൻ (പുരുഷൻമാൻ), ഹോം ഫോർ ഫിസിക്കലി ഹാൻഡിക്യാപ്ഡ്, ആശാഭവൻ (സ്ത്രീകൾ), ഭിന്നശേഷി തൊഴിൽ പരിശീലന കേന്ദ്രം, ഗവൺമെന്റ് ഓൾഡേജ് ഹോം എന്നീ 6 ക്ഷേമസ്ഥാപനങ്ങളും, പ്രൊബേഷൻ ഓഫീസ്, ജില്ലാ സാമൂഹ്യനീതി ഓഫീസ് എന്നീ ഓഫീസുകളും ഉൾപ്പെടെ ആകെ 8 സ്ഥാപനങ്ങളാണ് പ്രവർത്തിച്ചുവരുന്നത്. വൃദ്ധസദനങ്ങൾ, ഭിന്നശേഷി സ്ഥാപനങ്ങൾ എന്നിവയെ ഘട്ടംഘട്ടമായി നവീകരിക്കുന്നതിന്റെ ആദ്യപടിയായി HMDC-യെ നവീകരിച്ച് മാതൃകാസ്ഥാപനമായി ഉയർത്തുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തുകയും കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി സ്ഥാപനത്തെ മാതൃകാ സ്ഥാപനമാക്കി 11-2-2021-ൽ പ്രഖ്യാപിക്കുകയും ചെയ്തു. സർക്കാർ രേഖകളിൽ സ്ഥാപനത്തിന്റെ പേര് 'പുണ്യ ഭവൻ 'എന്ന് പുനർനനാമകരണം ചെയ്തിട്ടുമുണ്ട്. ഇതിന്റെ തുടർച്ചയായി സ്ഥാപനത്തിൽ മൂന്നാംഘട്ട നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുമുണ്ട്. കോഴിക്കോട് ഭിന്നശേഷി തൊഴിൽ പരിശീലന കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും കോഴ്സ് പരിഷ്കരണത്തിനുമായി 73,39,298/- രൂപ

അനുവദിക്കുകയും കൂടാതെ സ്ഥാപനത്തിൽ പുതിയ കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് ഫണ്ട് അനുവദിക്കുകയും സ്ഥാപനത്തിൽ അറ്റകുറ്റപണികൾ നടത്തുന്നതിനായി പൊതുമരാമത്ത് വകുപ്പിന് 15 ലക്ഷം രൂപ കൈമാറുകയും ചെയ്തിട്ടുണ്ട്. വെള്ളിമാട്കുന്നിൽ സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വൃദ്ധസദനം മികച്ച അടിസ്ഥാന സൗകര്യങ്ങളുള്ള കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ സ്ഥാപനത്തിൽ നിലവിൽ 60 പേർക്ക് സംരക്ഷണം നൽകിവരുന്നു. കെട്ടിട നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ വകുപ്പ്, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് എന്നിവ വിനിയോഗിച്ച് നിർവ്വഹിച്ചുവരുന്നു. മുൻ വർഷങ്ങളിൽ വകുപ്പ് മുഖേന പ്രസ്തുത സ്ഥാപനങ്ങളുടെ കെട്ടിട നവീകരണ പ്രവർത്തനങ്ങൾക്കായി യഥാക്രമം 9,00,000/-, 1,21,30,000/-, 65,00,000/-, 49,30,00,000/-, 65,00,000/-, 1,03,50,000/- എന്നിങ്ങനെ തുക അനുവദിച്ചിട്ടുണ്ട്.

<u>ചുറ്റുമതിൽ നിർമ്മാണം</u>

കോഴിക്കോട് വെള്ളിമാട്കുന്നിൽ പ്രവർത്തിക്കുന്ന സാമൂഹ്യനീതി കോംപ്ലക്സിൽ സാമൂഹ്യനീതി വകുപ്പിന്റെയും വനിത-ശിശുവികസന വകുപ്പിന്റെയും ക്ഷേമസ്ഥാപനങ്ങളാണ് പ്രവർത്തിച്ചുവരുന്നത്. ഇതിൽ വൃദ്ധസദനം, ഗവൺമെന്റ് ആശാഭവൻ (മെൻ), പുണ്യ ഭവൻ എന്നീ

സ്ഥാപനങ്ങൾ സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നു. നിലവിൽ ഈ കോംപ്ലക്സിന്റെ എസ്റ്റേറ്റ് ഓഫീസറായി പ്രവർത്തിക്കുന്നത് ഗവൺമെന്റ് ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് സൂപ്രണ്ടാണ്. വകുപ്പ് വിഭജനശേഷം കോംപ്ലക്സിലെ ആസ്തികൾ മുഴുവനായും ഇരുവകുപ്പുകളിലുമായി വിഭജിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കോംപ്ലക്സ് മുഴുവനായി ഉൾക്കൊള്ളുന്ന ചുറ്റുമതിൽ കാലപ്പഴക്കംകൊണ്ടും കാലവർഷക്കെടുതിമൂലവും പല ഭാഗങ്ങളും തകർന്നുവീണ അവസ്ഥയിലാണുള്ളത്. ആയത് പുനർനിർമ്മിക്കുന്നതിന് PWD-യിൽനിന്നും എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ നിർദ്ദിഷ്ട കോംപ്ലക്സിന്റെ എസ്റ്റേറ്റ് ഓഫീസർ വനിത ശിശുവികസന വകുപ്പിൽ പ്രവർത്തിച്ചുവരുന്ന സാഹചര്യത്തിൽ ചുറ്റുമതിൽ നിർമ്മാണപ്രവർത്തനത്തിന് വനിത-ശിശുവികസന വകുപ്പ് മുഖേനയാണ് തുടർനടപടികൾ നടന്നുവരുന്നത്.

(7) <u>പുല്ലൂർ യു.പി. സ്കൂൾ, ഹൈസ്കൂളാക്കി ഉയർത്തുന്നതിനുള്ള നടപടി സംബന്ധിച്ച് ശ്രീ. യു. എ. ലത്തീഫ് എം.എൽ.എ. ഉന്നയിച്ച സബ്മിഷന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി നൽകിയ മറുപടി</u>

ഒരു ഹൈസ്കൂൾ തുടങ്ങുന്നതിന് കേരള എഡ്യൂക്കേഷൻ റൂൾ (കെ.ഇ.ആർ.) പ്രകാരം കുറഞ്ഞത് 2.96 ഏക്കർ സ്ഥലം നിർബന്ധമാണ്. എന്നാൽ ജി.യു.പി.എസ്. പുല്ലൂർ സ്കൂളിന് 2.21 ഏക്കർ സ്ഥലം മാത്രമാണ് സ്വന്തമായിട്ടുള്ളത്. കൂടാതെ ഈ സ്കൂളിന്റെ 5 കിലോ മീറ്റർ ചുറ്റളവിൽ ജി.ബി.എച്ച്.എസ്.എസ്. മഞ്ചേരി, ജി.ജി.എച്ച്.എസ്. മഞ്ചേരി എന്നീ സർക്കാർ ഹൈസ്കൂളുകളും എച്ച്.എം.വൈ.എച്ച്.എസ്. മഞ്ചേരി എന്ന എയ്ഡഡ് ഹൈസ്കൂളും ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ മഞ്ചേരിയും എൻ.എസ്.എസ്.ഇ.എം.എച്ച്.എസ്.മഞ്ചേരി എന്ന അൺ എയ്ഡഡ് സ്കൂളും പ്രവർത്തിക്കുന്നുണ്ട്. വിദ്യാഭ്യാസ അവകാശ നിയമത്തിലെ ഏതെങ്കിലും സെക്ഷൻ അടിസ്ഥാനമാക്കിമാത്രം നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാനോ പുതുതായി സ്കൂളുകൾ ആരംഭിക്കാനോ സാധിക്കില്ല. സാമ്പത്തികം, സാമൂഹികം, വിദ്യാഭ്യാസ പിന്നോക്കാവസ്ഥ, യാത്രാ സൗകര്യങ്ങളുടെ അപര്യാപ്തത, വിദ്യാർത്ഥികളുടെ എണ്ണം, അൺ ഇക്കണോമിക് സ്കൂൾസ് എന്നിവയൊക്കെ അടിസ്ഥാനപ്പെടുത്തി രൂപീകരിക്കുന്ന വിശാലപൊതുനയത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ സംസ്ഥാനത്ത് നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാനോ പുതുതായി സ്കൂളുകൾ ആരംഭിക്കാനോ സാധിക്കൂ. സംസ്ഥാനത്ത് കേരള നിലബസ്സിലുള്ള

ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകൾ മാത്രമല്ല പ്രവർത്തിക്കുന്നത്. കേരള സിലബസ്സിലുള്ള അൺഎയ്ഡഡ് സ്കൂളുകൾ, സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകൾ എന്നിവയെല്ലാം ധാരാളമായി പ്രവർത്തിക്കുന്നുണ്ട്. വിദ്യാർത്ഥികൾക്ക് അവർക്ക് ഇഷ്ടമുള്ള സ്കൂളുകളിൽ ചേർന്ന് പഠിക്കാവുന്ന തരത്തിലുള്ള യാത്രാ സൗകര്യങ്ങളും ലഭ്യമാണ്. ആയതിനാൽ തന്നെ സർക്കാർ എയ്ഡഡ് മേഖലയിൽ പുതുതായി സ്കൂളുകളോ നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതോ ആവശ്യമില്ലെന്ന പൊതുനയമാണ് സ്വീകരിച്ചിട്ടുള്ളത്.

സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുകയോ പുതുതായി ആരംഭിക്കുകയോ ചെയ്യുന്നതുകൊണ്ട് കൂടുതൽ അൺഇക്കണോമിക് സ്കൂളുകളുണ്ടാകാതെ ശ്രദ്ധിക്കേണ്ടതുണ്ട്. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യപ്പെടുമ്പോഴുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യതയും പരിഗണിക്കേണ്ടതുണ്ട്. ഒരു സ്കൂൾ അപഗ്രേഡ് ചെയ്യാൻ തീരുമാനിച്ചാൽ സമാന ആവശ്യവുമായി നിരവധി സ്കൂളുകൾ രംഗത്തെത്തും. സർക്കാരിന്റെ സാമ്പത്തിക ബാധ്യതകൂടി പരിഗണിച്ചുമാത്രമേ അത്തരം നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളാനാകൂ. ആയതിനാൽ മഞ്ചേരി പുല്ലൂർ യു.പി. സ്കൂൾ ഹൈസ്കൂളായി ഉയർത്തുന്ന കാര്യം പരിഗണിക്കാൻ നിർവ്വാഹമില്ല.

(8) ജനനി പദ്ധതിയുടെ ഭാഗമായുള്ള ഫ്ലാറ്റുകളുടെ ലഭ്യത സംബന്ധിച്ച് ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ എം.എൽ.എ. ഉന്നയിച്ച സബ്മിഷന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി നൽകിയ മറുപടി

അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും കുറഞ്ഞ വേതനമുള്ള തൊഴിലാളികൾക്കും താങ്ങാവുന്ന ചെലവിൽ പാർപ്പിടം പ്രദാനം ചെയ്യുന്നതിന് ഭവന ഫൗണ്ടേഷൻ കേരള മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് ജനനി. കമ്പനിയുടെ മൂലധനം ഉപയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. ഒരു പദ്ധതി പൂർത്തിയാക്കി അത് വിൽക്കുന്നതിൽ നിന്നുള്ള തുക വിനിയോഗിച്ചാണ് അടുത്ത പദ്ധതി നടപ്പിലാക്കുന്നത്. ജനനി പദ്ധതി നടപ്പിലാക്കുന്നതിനോ ലോൺ അനുവദിക്കുന്നതിനോ പ്രത്യേക തുക സർക്കാർ അനുവദിച്ചിട്ടില്ല. അതിനാൽ ലോണായി തുക അനുവദിക്കാമെന്ന് ജനനി പദ്ധതിയിൽ പറഞ്ഞിട്ടില്ല. എന്നാൽ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ലോൺ അനുവദിക്കുന്നതിനായി ഫെഡറൽ ബാങ്ക്, എച്ച്.ഡി.എഫ്.സി. ബാങ്ക് എന്നിവരുമായി ചർച്ച നടത്തുകയും കുറഞ്ഞ പലിശ നിരക്കിൽ പ്രധാൻ മന്ത്രി ആവാസ് യോജന സ്കീമിൽ യോഗ്യരായ ഗുണഭോക്താക്കൾക്ക് തുക അനുദിക്കാമെന്ന് ധാരണയിലെത്തുകയും

ചെയ്തിരുന്നു. അതിനാൽ, അപേക്ഷാ ഫോമിനൊപ്പം അപേക്ഷകന്റെ ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾകൂടി വയ്ക്കണമെന്ന് നിഷ്കർഷിച്ചിരുന്നു. 2021 ഫെബ്രുവരി 14-ന് ഫ്ലാറ്റുകൾ ആവശ്യമുള്ളവരിൽനിന്ന് അപേക്ഷ ക്ഷണിച്ചുകൊണ്ട് മുഖ്യധാരാ പത്രങ്ങളിൽ പരസ്യം നൽകുകയുണ്ടായി. എന്നാൽ ആകെ മൂന്ന് അപേക്ഷകൾ മാത്രമേ ലഭിച്ചുള്ളൂ. തുടർന്ന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പരിഷ്കരിച്ച് 2022 ജൂലൈ 10-ന് വീണ്ടും പരസ്യം പ്രസിദ്ധീകരിച്ചു. പൊതുജനങ്ങളിൽ നിന്ന് 350-ഓളം അന്വേഷണങ്ങൾ ലഭിച്ചു. എന്നാൽ, ആകെ 13 അപേക്ഷകൾ മാത്രമാണ് ലഭിച്ചത്.

(9) പാലിന്റെ ഗുണനിലവാരവും ഗുണമേന്മയും ഉറപ്പുവരുത്തുന്നതിനുള്ള നടപടി സംബന്ധിച്ച് ഡോ. മാത്യു കുഴൽനാടൻ എം.എൽ.എ. നൽകിയ സബ്മിഷന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി നൽകിയ മറുപടി

സംസ്ഥാനത്ത് വിവിധ പാൽ വിതരണ കമ്പനികൾ വിൽപ്പന നടത്തുന്ന പാലിന്റെ ഗുണനിലവാരവും ഗുണമേന്മയും ശാസ്ത്രീയമായി പരിശോധിച്ച് ഉറപ്പാക്കുന്നതിനായി ക്ഷീരവികസന വകുപ്പിന് കീഴിൽ വിപുലമായ പരിശോധനാ സംവിധാനങ്ങൾ നിലവിലുണ്ട്. ജില്ലകളിൽ

വിപണനം നടത്തുന്ന പാക്കറ്റ് പാലിന്റെ സാമ്പിൾ ശേഖരിച്ച് അതതു ജില്ലകളിലെ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ ജില്ലാതല ഗുണനിയന്ത്രണ ലാബുകളിൽ പരിശോധന നടത്തുന്നുണ്ട്. സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകളായ മീനാക്ഷിപുരം(പാലക്കാട്), ആര്യങ്കാവ് (കൊല്ലം), പാറശ്ശാല (തിരുവനന്തപുരം) എന്നിവിടങ്ങളിൽ പാൽ പരിശോധിക്കുന്നതിനുവേണ്ടി സ്ഥിരം സംവിധാനം ക്ഷീരവികസന വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഓണക്കാലത്ത് സംസ്ഥാനത്തിന് പുറത്തുനിന്നും വരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി കുമളിയിലും (ഇടുക്കി), വാളയാറിലും (പാലക്കാട്) ചെക്ക് പോസ്റ്റുകളിൽ താൽക്കാലിക ഗുണനിയന്ത്രണ ലാബുകൾ സ്ഥാപിച്ച് ഗുണനിലവാരം പരിശോധിച്ച് ഉറപ്പ് വരുത്താറുണ്ട്. കൂടാതെ കാസർഗോഡ്, പാലക്കാട്, കോട്ടയം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന റീജിയണൽ ലാബുകളിലും തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഡയറി ലാബിലും പാൽ പരിശോധന സംവിധാനങ്ങൾ നിലവിലുണ്ട്. ക്ഷീരവികസന വകുപ്പിന്റെ ചെക്ക്പോസ്റ്റുകളിൽ പരിശോധനയിൽ പാൽ ഗുണമേന്മ ഇല്ലാത്തതാണെന്ന് കണ്ടെത്തിയാൽ കുറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിന് ഭക്ഷ്യസുരക്ഷ വകുപ്പിന് കൈമാറുകയാണ് ചെയ്യുന്നത്. ഭക്ഷ്യസുരക്ഷ

നിയമപ്രകാരം ഗുണമേന്മ ഇല്ലാത്ത പാൽ കൊണ്ടുവരുന്നതിന്റെ പേരിൽ നിയമപരമായ തുടർനടപടികൾ സ്വീകരിക്കാൻ ഭക്ഷ്യസുരക്ഷാ വകുപ്പിനാണ് അധികാരമുള്ളത്. കേരള സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്തുപ്രവർത്തിക്കുന്ന പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങളിൽ പാലളക്കുന്ന കർഷകന് പാലിൽ അടങ്ങിയിട്ടുള്ള കൊഴുപ്പിന്റെയും (FAT) കൊഴുപ്പിതര ഖരപദാർത്ഥങ്ങളുടെയും (SNF) അടിസ്ഥാനത്തിലാണ് പാൽ വില നിശ്ചയിച്ചുനൽകുന്നത്. പാലിലെ മൊത്തം ഖരപദാർത്ഥങ്ങളുടെ വിലയുടെ അടിസ്ഥാനത്തിൽ മിൽമ തയ്യാറാക്കിയ ചാർട്ട് പ്രകാരമാണ് ക്ഷീരസഹകരണ സംഘങ്ങൾ വഴി മിൽമ സംഭരിക്കുന്ന പാലിന് വില നൽകുന്നത്. കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ പാലിന്റെ വിൽപ്പന വില ലിറ്ററിന് 6 രൂപ വച്ച് വർദ്ധിപ്പിച്ച് 2022 ഡിസംബർ 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. 3 ശതമാനം കൊഴുപ്പും 8.5 ശതമാനം SNF ഉം ഉള്ള ടോൺഡ് പാലിന്റെ വില 500 മില്ലി പാക്കറ്റിന് 25 രൂപയും 3 ശതമാനം കൊഴുപ്പും 8.5 ശതമാനം SNF ഉം ഉള്ള ഹോമോജിനൈസ് ചെയ്ത ടോൺഡ് പാലിന്റെ വില 500 മില്ലി പാക്കറ്റിന് 26 രൂപയുമാണ്. അതുപോലെ 4.5 ശതമാനം കൊഴുപ്പും 8.5 ശതമാനം SNF ഉം ഉള്ള ഹോമോജിനൈസ് ചെയ്യാത്ത

സ്റ്റാൻഡേർഡൈഡെസ്ഡ് പാലിന്റെ വില 500 മില്ലി പാക്കറ്റിന് 27 രൂപയും അതേ ഗുണനിലവാരമുള്ള ഹോമോജീനൈസ് ചെയ്യാത്ത സ്റ്റാൻഡേർഡൈഡെസ്ഡ് പാലിന് 500 മില്ലി പാക്കറ്റിന് 29 രൂപയുമാണ് വിൽപ്പന വില. പാൽ പാസ്ചറൈസ് ചെയ്യുമ്പോൾ ഹോമോജീനൈസേഷൻ എന്ന മൂല്യവർദ്ധന വരുത്തുന്നതിനാലാണ് ഒരേ ഗുണനിലവാരമുള്ള പാലിന് വ്യത്യസ്ത വിലകളുള്ളത്. സംസ്ഥാനത്ത് വിപണിയിൽ വിറ്റഴിക്കുന്ന പാലിന്റെ വില നിശ്ചയിക്കുന്നത് അതത് കമ്പനികളാണ്. പാൽ വിതരണ കമ്പനികൾ വ്യത്യസ്ത ഗുണനിലവാരത്തിലുള്ള പാലുകൾക്ക് ഏകീകൃത വില ഈടാക്കിക്കാണുന്നില്ല. എങ്കിലും മിൽമയുടെ വില നിർണ്ണയ സംവിധാനംമൂലം ഇതര സ്വകാര്യ പാൽ കമ്പനികളുടെ പാൽ വിലയും സമാനരീതിയിൽ നിയന്ത്രിച്ചുനിർത്തുന്നതിന് സഹായകരമാകുന്നുണ്ട്.